
ഉണ്ണുനീലി സന്ദേശം



ഉണ്ണുനീലീ സന്ദേശം

[സമഗ്രമായ അവതാരികയും സംശോധന ചെയ്തു
വ്യാഖ്യാനവും പദകോശവും കൂടിയ
സമ്പൂർണ്ണ പ്രസാധനം]



വ്യാഖ്യാതാ

ശൂരനാട്ടു കുഞ്ഞൻ പിള്ള





പ്രകാശകൻ

പി. ഗോവിന്ദപ്പിള്ള

വി. വി. ബുക്കഡിപ്പോ

ചാല, തിരുവനന്തപുരം

[വില രൂ. ൩

ഗ്രന്ഥകർത്താവിന്റെയും പ്രകാശകന്റെയും മുദ്രയില്ലാത്ത
പുസ്തകം വ്യാജനിർമ്മിതമാകുന്നു.

ഒന്നാം പതിപ്പ്

പ്രതി—1000

വി. വി. പ്രെസ്സ്

കൊല്ലം.

1955/1130



UNNUNILI SANDESAM

(A Middle Malayalam Sandesa Kavya of the Fourteenth Century A. D.)

CRITICAL EDITION
WITH
ELABORATE INTRODUCTION
AND
THE COMMENTARY UNNUNILI TILAKAM
BY

SURANAD KUNJAN PILLAI

PUBLISHER
P. GOVINDA PILLAI
V. V. BOOK DEPOT
CHALAI, TRIVANDRUM
1955 / 1130

ഉള്ളടക്കം

അവതാരികയുടെ ഉള്ളടക്കം

II

ആമുഖം

പ്രശസ്തപണ്ഡിതനും ഗവേഷണകുശലനുമായ ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഉണ്ണുനീലീസന്ദേശം പുതിയ പതിപ്പിന്റെ പുറപ്പാടിന് ഞാൻ ഒരു കൈവിളക്ക് കാണിക്കണമെന്നാവശ്യപ്പെട്ടതു് എന്നെ തെല്ലൊന്നമ്പരപ്പിച്ചു. ആറേഴു സംവത്സരങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ ലീലാതിലകം പ്രസാധനം വായിച്ച് അദ്ഭുതപരതന്ത്രനായ ഞാൻ, ആ രീതിയിൽത്തന്നെ ഉണ്ണുനീലീസന്ദേശം കൂടി പ്രസാധനം ചെയ്യുന്നതു് കൈരളിക്ക് ഒരു അനർഘസമ്പത്തായിരിക്കുമെന്നുള്ള എന്റെ അഭിപ്രായം അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. പാഠവ്യക്തതയ്ക്കു് ഒരു ആദർശഗ്രന്ഥം കൈവശം വരാതെ മുദ്രിതപാഠങ്ങളെത്തന്നെ അവലംബമാക്കിയുള്ള പുതിയ പ്രസാധനം കൊണ്ടു വലിയ പ്രയോജനം സിദ്ധിക്കാനില്ലെന്നുള്ള മറുപടിയാണ് അന്ന് അദ്ദേഹം എന്നോടു പറഞ്ഞതു്. ഏതിലും പ്രാചീനഗ്രന്ഥഗവേഷണം ജീവിതാദർശമായി ഗണിച്ചിട്ടുള്ള ഗവേഷകോത്തമനായി ആയ അദ്ദേഹം ഉണ്ണുനീലീസന്ദേശം സംബന്ധിച്ച് വിപുലവും നിരന്തരവുമായ പഠനങ്ങൾ മുറയ്ക്കു നടത്തുന്നുണ്ടായിരുന്നെന്ന് എനിക്ക് അടുത്തു് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ ഒരു ആദർശഗ്രന്ഥം കണ്ടുകിട്ടാൻ സാധിച്ചില്ലെങ്കിൽത്തന്നെയും ഇതുവരെ ഉണ്ടായിട്ടുള്ള മുദ്രിതപാഠങ്ങളിലെ വ്യാഖ്യാനദൂഷ്യങ്ങളും ചരിത്രപരമായ നിഗമനത്തെറ്റുകളും തിരുത്തിക്കൊണ്ടുള്ള ഒരു നൂതന പ്രസാധനത്തിന്റെ ആവശ്യം ഉണ്ടെന്ന് ആ പഠനങ്ങൾക്കു ശേഷം ബോദ്ധ്യപ്പെട്ടതായി ഏതാണ്ട് രണ്ടു വർഷത്തിനു മുമ്പ് അദ്ദേഹം എന്നോടു പറഞ്ഞതും ഓർക്കുന്നു. അങ്ങനെ ഇരിക്കെയാണ് താളിയോലഗ്രന്ഥങ്ങൾ തേടിയുള്ള അദ്ദേഹത്തിന്റെ നിരന്തരമായ അന്വേഷണങ്ങൾ തെല്ലൊരു ഫലപ്രാപ്തിയിൽ എത്തിയതായി ഞാൻ അറിഞ്ഞതു്. മഹാകവി ഉള്ളൂരിന്റെ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നതായി - എനിക്കറിയാമായിരുന്ന വളരെ പഴക്കമേറിയ ആ ഗ്രന്ഥം അദ്ദേഹത്തിന്റെ പുത്രനും നല്ല സഹൃദയനുമായ ശ്രീ. രാമനാഥൻ ഉചിതജ്ഞതയോടുകൂടി അർഹതയുള്ള ഹസ്തങ്ങളിൽത്തന്നെ ഏല്പിച്ചതായി അറിഞ്ഞപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. പിന്നീട് അദ്ദേഹത്തെ കാണുമ്പോൾ പുതിയ ഗ്രന്ഥത്തിന്റെ പരിശോധന മിക്കവാറും പൂർത്തിയായിരുന്നു. ചിരാഭിലഷിതമായ നൂതനപ്രസാധനം ഒരു പരിപൂർണ്ണ വിജയത്തിൽ കലാശിക്കുമെന്നുള്ള ആത്മവിശ്വാസത്തിന്റെ തെളിച്ചം അദ്ദേഹത്തിന്റെ മുഖത്തു് അപ്പോൾ കളിയാടുന്നതു് എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞു. കേരളചരിത്രത്തിലും ഭാഷാസാഹിത്യത്തിന്റെ എല്ലാ വിഭാഗങ്ങളിലും നിരന്തരം യത്നിച്ച് ഗണ്യമായ പല സംഭാവനകളും നൽകാൻ കഴിഞ്ഞിട്ടുള്ള ഈ പ്രഗല്ഭപണ്ഡിതന്റെ

പുതിയ സമാരംഭം കൈരളിക്ക് മറ്റൊരു അമൂല്യനിധി സംഭാവന ചെയ്യുമെന്നുള്ള ദൃഢവിശ്വാസം എനിക്ക് ഉണ്ടായിരുന്നു. ഇപ്പോൾ അതു് പൂർണ്ണമായ ഗ്രന്ഥരൂപത്തിൽ രണ്ടു് ആവൃത്തി മുഴുവൻ വായിച്ചുനോക്കിയപ്പോൾ എന്റെ പ്രതീക്ഷ സുദൃഢമാനവും ഫലിച്ചെന്നു പരിപൂർണ്ണബോദ്ധ്യവുമായി. മലയാളത്തിലെ ഗവേഷണസാഹിത്യത്തിനും പ്രസാധനകലയ്ക്കും മകുടഭൂഷാനീയമായ ഈ ഗ്രന്ഥത്തെ അഗാധമായ അഭിമാനത്തോടുകൂടിത്തന്നെ സഹൃദയസമക്ഷം അവതരിപ്പിക്കാൻ എനിക്കു കഴിയുന്നുണ്ടു്.

൧൦൯൨-ൽ ശ്രീ. ആറ്റൂർ കൃഷ്ണപിഷാരടി ഉണ്ണുനീലീസന്ദേശം പുസ്തകരൂപത്തിൽ പ്രസാധനംചെയ്തു അതിനുശേഷം മറ്റു ചില പണ്ഡിതന്മാർ ഈ അത്ഭുതകാവ്യത്തിന് ഏതാനും പതിപ്പുകൾകൂടി പ്രസിദ്ധീകരിച്ചെങ്കിലും അവ മിക്കവാറും ആറ്റൂർ സ്വീകരിച്ചിട്ടുള്ളതും ൧൦൭൮-ലെ രസികരഞ്ജിനിയിലൂടെ പ്രകാശിതമായതുമായ പാഠത്തെ അവലംബമാക്കിയുള്ളതായിരുന്നു. അതുകൊണ്ടുകൂടിയായിരിക്കാം ആദ്യത്തെ പ്രസാധകൻ ചാടിയ കുഴിയിലെല്ലാം അനന്തരഗവേഷകന്മാരും ചാടിയിരിക്കുന്നതു്. അവരിൽ ശ്രീ. ചെമ്പാട്ടു് ശങ്കരൻ നായർ ഒരു കൈയെഴുത്തുഗ്രന്ഥം പരിശോധിച്ചതായി അവകാശപ്പെടുന്നുണ്ടെങ്കിലും ആറ്റൂർ സ്വീകരിച്ച രസികരഞ്ജിനി പാഠത്തിലെ പിശകുകൾ മേനോന്റെ പാഠങ്ങളിലും കാണുന്നതിനാൽ പുതിയ ഗ്രന്ഥംകൊണ്ടു് പറയത്തക്ക ഫലമൊന്നും ഉണ്ടായതായി കാണുന്നില്ല. ശ്രീ. ഇളംകുളം കുഞ്ഞൻപിള്ളയ്ക്കു് ൩൩ കൊല്ലം മുമ്പു് മദ്രാസ് സർവ്വകലാശാലക്കാർ ഏതോ കൈയെഴുത്തു ഗ്രന്ഥത്തിൽനിന്നും പകർത്തി സൂക്ഷിക്കുന്ന ഒരു കടലാസ്സു് ഗ്രന്ഥം ഉപയോഗിക്കാൻ സാധിച്ചതായി പറയുന്നുണ്ടെങ്കിലും അപപാഠങ്ങളെയും തെറ്റായ വ്യാഖ്യാനങ്ങളെയും സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പതിപ്പും ആറ്റൂർ പതിപ്പിൽനിന്നു് അത്ര വളരെ വ്യത്യസ്തമല്ല. ശ്രീ. വേലുപ്പിള്ള ശാസ്ത്രി പുതിയ ഗ്രന്ഥമാതൃകകളൊന്നും കണ്ടതായി അവകാശപ്പെടുന്നുമില്ല.

മേല്പറഞ്ഞ സാഹചര്യങ്ങളിലാണു് ഈ പുതിയ പതിപ്പിന്റെ രംഗപ്രവേശം. തീർച്ചയായും വിശ്വസനീയമായ ഒരു ആദർശഗ്രന്ഥത്തെ അവലംബമാക്കിയുള്ള ഉണ്ണുനീലീസന്ദേശത്തിന്റെ ആദ്യത്തെ പ്രസാധനം ഇതാണെന്നു് ഉറപ്പിച്ചു പറയാം. അങ്ങനെയുള്ള ഒരു സവിശേഷതയുടെ ഗുണം പൂർണ്ണമായി തെളിഞ്ഞുകാണുന്നതു് ഈ പതിപ്പിന്റെ വ്യാഖ്യാനഭാഗത്താണു്. നൂറ്റി അമ്പതോളം പേജുകൾ വരുന്ന പ്രസ്തുത വ്യാഖ്യാനം അനുകരണയോഗ്യമായ ഒരു മാതൃക തന്നെ ആയിട്ടുണ്ടു്. തികച്ചും ശാസ്ത്രീയ രീതിക്കുള്ള ഒരു വിശദവ്യാഖ്യാനമാണതു്. തെറ്റായ പദങ്ങളെ മൂലപ്രചാരമായ പദങ്ങളെന്നു തെറ്റിദ്ധരിച്ചു് അർത്ഥകല്പന ചെയ്യാനും, അതിന്റെ അടിസ്ഥാനത്തിൽ ചരിത്രവസ്തുതകളെയും ഭൂനാമങ്ങളെയും, ചിലപ്പോൾ മനുഷ്യരെത്തന്നെയും മാറ്റി മറിക്കാനും

മടിച്ചിട്ടില്ലാത്തതിന്റെ ഉദാഹരണങ്ങൾ മററു വ്യാഖ്യാനങ്ങളിൽ എടുത്തു കാണിക്കാനുണ്ടു്. പത്തുനാല്പതു കൊല്ലങ്ങൾക്കു് മുമ്പുള്ള ആദ്യ പ്രസാധകന്റെ കാര്യത്തിൽ ഈ തെററുകൾ വിഗണിക്കാം. പക്ഷേ ഈ അടുത്ത കാലത്തെ പ്രസാധകന്മാരും അതേ തെററുകൾതന്നെ ആവർത്തിച്ചിട്ടുള്ളതു് വിഗണിക്കാമോ? ഇപ്പോഴത്തെ പതിപ്പിന്റെ പ്രസാധകന് കൈവശമായ ഗ്രന്ഥപാഠങ്ങളുടെ വെളിച്ചത്തിൽ ഇതുവരെ ഉള്ളവർ ആവർത്തിച്ചുവന്ന പിശകുകളെ ലഘുപ്രായമായ വിധം തിരുത്താൻ കഴിഞ്ഞിട്ടുള്ളതു് വലിയ ഒരു നേട്ടം തന്നെയാണു്. അനേകം ഉദാഹരണങ്ങൾ ഉദ്ധരിക്കാമെങ്കിലും മാതൃകയ്ക്കായി ഒന്നു രണ്ടെണ്ണം എടുത്തു കാണിക്കുന്നു:

മുന്നിൽ പൊരുതും പടയൊട്ടു കടന്നീടുകെൻ ചോററി പിന്നെ. (i. 91)

എന്ന വരി വ്യാഖ്യാനിച്ചുവരാതെ തന്നെ ശരിയായ പാഠം കണ്ടു പിടിക്കാൻ ശ്രമിക്കാഞ്ഞതുകൊണ്ടു് എത്ര പിശകായ അർത്ഥകല്പനകളാണു് ചെയ്തിട്ടുള്ളതെന്നു നോക്കുക. സന്ദേശവാഹകൻ പന്മന പ്രദേശം കഴിഞ്ഞു് കന്നേററി എന്ന സ്ഥലം കടക്കണമെന്നു പറയുന്നിടത്തെ താഴെ കാണുംവിധമുള്ള ഗ്രന്ഥപാഠം സാമാന്യം വിശദമാണു്.

"ചിറപ്പുറത്തിൻ കരയിൽ മുരശുംകാളവും കൊമ്പുമെല്ലാം
മുന്നിൽപ്പൊരുതും പടയൊട്ടു കടന്നീടുകന്നേററി തന്നെ."

എന്നാൽ അതിനു പകരം മുൻപാഠം സ്വീകരിച്ച പ്രസാധകന്മാർ പന്മന കഴിഞ്ഞു് ഒരു പടയോററ (സൈന്യസങ്കേതം) സങ്കല്പിച്ചു് അതിന്റെ മുമ്പിൽ കൊമ്പും കുഴലും കൈക്കു ഇണങ്ങിക്കിടക്കുന്നതായും മററും ഭാവന ചെയ്തിരിക്കുന്നു. തെററായ പാഠത്തെ സാധൂകരിക്കാൻ തെററായ നിഗമനങ്ങളെ ആശ്രയിക്കുന്നതിന്റെ ഒരു ഉദാഹരണമാണു് ഇതു്. അതു പോലെതന്നെയാണു് കണ്ടിയൂരിൽ ചെറുകര കുട്ടത്തിയെ പരാമർശിക്കുന്ന ശ്ലോകത്തെപ്പററിയുള്ള പൂർവ്വവ്യാഖ്യാനങ്ങളും.

"കോരോററൻ വെല്ലും മൊഴി ചെറുകരച്ചേന്ന കുട്ടത്തി നിന്നെ-
പ്പോററീ വൈകിച്ചുതു പിലനെക്കൊണ്ടു വല്ലായ്മ ചാലെ." (i. 101)

എന്നിങ്ങനെ ഗ്രന്ഥത്തിൽ വളരെ വിശദമായി എഴുതിയിട്ടുള്ള പാഠത്തെ

"കോരോററൻവെല്ലും മൊഴി ചെറുതുരച്ചേന്ന കുട്ടത്തി നിന്നെ
പോററി വൈകിച്ചുതല്ലി ലിനെക്കൊണ്ടു വല്ലായ്മ ചാല"

എന്ന പാഠപ്രകാരമാണു് മുൻ മുദ്രണങ്ങളിൽ വ്യാഖ്യാനിച്ചിട്ടുള്ളതു്. കവി ഉദ്ദേശിച്ച അർത്ഥമെവിടെ? വ്യാഖ്യാനങ്ങളിൽ കാണുന്ന പാഠം എവിടെ? "ചെറുകര ചേന്ന കുട്ടത്തിയെ" "ചെറുതുരച്ചേന്ന കുട്ടത്തിൽ"

ആക്കുകയാണല്ലോ ചെയ്തിട്ടുള്ളത്. ഇതിനെക്കാൾ കടന്ന അക്രമമാണ് പത്തില്ലത്തിൽ പോററിമാരോട് പ്രസാധകന്മാർ ചെയ്തിട്ടുള്ളത്:

"അപ്പോൾ നിന്നെത്തെളിവിവിളമൺ മിക്കമേച്ചേരി മററും
തസ്മിൻ മേവും പെരിയ മായോർ വന്നു താന്താൻ മുതിർന്നു"

എന്നതിനു പകരം (i. 123)

"അപ്പോൾ നിന്നെത്തെളിവിളമണ്ടിക്കരച്ചേരി മററും
തസ്മിൻ മേവും പെരിയ മടവാർ വന്നു താന്താൻ മുതിർന്നു"

എന്ന പാഠത്തിലൂടെ, പെരിയ മായോരെ പെരിയ മടവാരാക്കി മാററി പത്തില്ലത്തിൽ പോററിമാർക്ക് പരമപരിഹാസം തന്നെ വരുത്തിയിരിക്കുന്നു. ഇങ്ങനെ അനേകം ഉദാഹരണങ്ങൾ ഇനിയും ചൂണ്ടിക്കാണിക്കാൻ കഴിയും.

അർത്ഥബോധമില്ലാത്ത ഗ്രന്ഥം പകർത്തുകാർക്ക് ഓരോ അവസരങ്ങളിൽ പററിയിട്ടുള്ള അബദ്ധങ്ങളുടെ പരിണാമഫലമായിട്ടാണ് ഇത്തരം പാഠഭേദങ്ങൾ ഉണ്ടായിട്ടുള്ളത്. ശുദ്ധപാഠം കാണാൻ കഴിയാത്ത വ്യാഖ്യാതാവിനെ പഴിച്ചിട്ടൊരു ഫലമില്ല. ഈ പതിപ്പിൽ ഗ്രന്ഥപാഠത്തെ അടിസ്ഥാനമാക്കി ഇത്തരം അപപാഠങ്ങൾ മിക്കവയും പരിഹരിച്ചിട്ടുള്ളതിനാൽ, ഇതിലെ വ്യാഖ്യാനം കവി ഉദ്ദേശിച്ച ആശയങ്ങളുടെ യാഥാർത്ഥ്യത്തിൽ വായനക്കാരെ കൊണ്ടുചെന്നെത്തിക്കാൻ പര്യാപ്തമായിട്ടുണ്ട്. വ്യാഖ്യാനത്തിന്റെ പരമോദ്ദേശവും അതുതന്നെയാണല്ലോ.

പ്രാചീനപദങ്ങളെ ശാസ്ത്രീയദൃഷ്ടിയോടെ പരിശോധിച്ച് അവയുടെ ശരിയായ രൂപവും അർത്ഥവും മനസ്സിലാക്കി കവി അന്ന് അവയ്ക്ക് കല്പിച്ച ആശയം ആവിഷ്കരിക്കുകയെന്നുള്ളതാണ് പ്രാചീനഗ്രന്ഥവ്യാഖ്യാനത്തിന്റെ മാററു തെളിയിക്കുന്ന മററൊരു കൃത്യം. ദുർവ്യാഖ്യേയമായ പ്രയോഗങ്ങളിൽ പലതിനെയും കണ്ടില്ലെന്നു നടിക്കുകയോ, അശാസ്ത്രീയമായി വ്യാഖ്യാനിക്കുകയോ ചെയ്തിട്ടുള്ളതിന്റെ പല ഉദാഹരണങ്ങളും മററു വ്യാഖ്യാനങ്ങളിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. ഇപ്പോഴത്തെ പ്രസാധനത്തിലും വ്യക്തമാകാത്ത ഭാഗങ്ങൾ ഇല്ലെന്നു ഞാൻ പറയുന്നില്ല. എങ്കിലും വ്യാഖ്യാനിക്കാൻ പാടില്ലാത്തതിനെ അങ്ങനെയാണെന്ന് സമ്മതിക്കുകയല്ലാതെ, അശാസ്ത്രീയമായ രീതിയിൽ വ്യാഖ്യാനിച്ചു ഫലിപ്പിക്കാനുള്ള സാഹസം ഇതിൽ ചെയ്തിട്ടില്ല. പൊതുവെ ധീരമായ ഒരു സമീപനരീതിയാണ് വ്യാഖ്യാതാവ് സ്വീകരിച്ചിട്ടുള്ളത്. ശബ്ദവിജ്ഞാനത്തിലുള്ള അഗാധമായ പാണ്ഡിത്യവും നിരന്തരപരിശ്രമവും പരിശോധനയും തരംതിരിച്ചും ആന്തരമായ വിമർശവുംകൊണ്ടു മാത്രം സിദ്ധിക്കാവുന്ന കഴിവോടുകൂടിയാണ് അദ്ദേഹം ഇതിലെ ലുപ്തപ്രചാരമായ പദങ്ങളെയും പ്രയോഗങ്ങളെയും അർത്ഥനിഷ്പത്തി വരുത്തിയിട്ടുള്ളത്. കവിതയിലെ പ്രയോഗങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായ അർത്ഥം പ്രകൃതാർത്ഥം എന്നിങ്ങനെ രണ്ട് അംശങ്ങളുണ്ട്. രണ്ടും വീക്ഷിച്ചാൽ

മാത്രമേ വ്യാഖ്യാനത്തിന്റെ ശാസ്ത്രീയത പൂർണ്ണമാകൂ. സന്ദർഭത്തിനു യോജിച്ച വിധം വ്യാഖ്യാനിക്കുമ്പോൾ മിക്കപ്പോഴും പദങ്ങളുടെ സ്വാഭാവികമായ അർത്ഥം ദ്യോതിപ്പിക്കാൻ സാധിക്കാതെ വരാമെന്നുള്ളതുകൊണ്ട്, കൃതിയിൽ പ്രയുക്തമായിട്ടുള്ള പദങ്ങളുടെ അകാരാദിക്രമത്തിലുള്ള ഒരു ശബ്ദകോശംകൂടി ഒടുവിൽ കൊടുത്തിട്ടുള്ളതു് അത്യന്തം പ്രയോജനകരവും ഈ പ്രസാധനത്തിന്റെ ശാസ്ത്രീയ പദവിയെ ഉയർത്താൻ പര്യാപ്തവും ആയിട്ടുണ്ട്.

ഈ പുസ്തകം തുറക്കുന്ന ഒരാളിനെ ആദ്യമായി ആകർഷിക്കുന്നതു് സുദീർഘവും വ്യുൽപാദകവുമായ ഇതിന്റെ അവതാരികയാണ്. ഇരുപതോളം പേജുകൾ വരുന്ന ഈ പ്രബന്ധം പ്രത്യേകമെടുത്തു് പ്രസിദ്ധീകരിച്ചാൽ അതുതന്നെ നമ്മുടെ ഗവേഷണസാഹിത്യത്തിനു മികച്ച ഒരു സംഭാവനയായിരിക്കും. ഉണ്ണുനീലി സന്ദേശത്തിന്റെ കാലം, കവി, നായികാനായകന്മാർ, സന്ദേശഹരൻ, അദ്ദേഹം പോയ മാർഗ്ഗം, മാർഗ്ഗമദ്ധ്യേയുള്ള പ്രധാനസ്ഥലങ്ങൾ, അന്നത്തെ സാമൂഹ്യസ്ഥിതി, രാജ്യചരിത്രം എന്നിങ്ങനെ പ്രസക്തമായ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും പാണ്ഡിത്യോചിതമായ ഒരു ചർച്ചയാണ് അതിൽ അടങ്ങിയിട്ടുള്ളതു്. ഇവയിൽ പലതും വിവാദഗ്രസ്തമായ കാര്യങ്ങളാണ്. ഇവ ഓരോന്നും സംബന്ധിച്ച് ഇതുവരെ പുറപ്പെട്ട പ്രസാധകാഭിപ്രായങ്ങളെയെല്ലാം സമഗ്രമായി പരിശോധിക്കാനും, ഒന്നിൽ യോജിക്കാൻ നിവൃത്തിയില്ലാത്തവയെ യുക്തിയുക്തം ഖണ്ഡിച്ചു സ്വമതം സ്ഥാപിക്കാനും വ്യാഖ്യാതാവ് പ്രദർശിപ്പിച്ചിട്ടുള്ള പാടവം ശ്ലാഘ്യാർഹമാണ്. ഒരു താർക്കികന്റെ വിവാദപാടവത്തോടും സാമഗ്രീസമ്പന്നനായ ഒരു പണ്ഡിതന്റെ അനായാസതയോടും എതിരാളികളുടെ അയുക്തികളെ തകർക്കുന്ന കാഴ്ച വാസ്തവത്തിൽ കാണേണ്ടതുതന്നെയാണ്. എന്നാൽ അവിടെയെങ്ങും ഔദ്ധത്യത്തിന്റെ കണികപോലും സ്ഫുരിക്കുന്നില്ലെന്നുള്ളതാണ് വലുതായ മെച്ചം. അതാണ് വൈദഗ്ദ്ധ്യത്തിന്റെ ഒരു പ്രധാന ലക്ഷണവും.

ഉണ്ണുനീലിസന്ദേശത്തിന്റെ കാലനിർണ്ണയം പണ്ടേ വിവാദവിഷയമാണ്. സന്ദേശത്തിൽ പരാമൃഷ്ടനായ രവിവർമ്മയുടെയും അദ്ദേഹത്തിന്റെ അനുജനും സന്ദേശഹരനുമായ ആദിത്യവർമ്മയുടെയും കാലമേതെന്നും, പാണ്ഡ്യരാജ്യമാക്രമിച്ചു കീഴടക്കി വേഗവതീതീരത്തുവച്ചു മുടി ചൂടിയ സംഗ്രാമധീര രവിവർമ്മയും (കൊല്ലം—442-488) അദ്ദേഹത്തിന്റെ അനുജൻ ആദിത്യവർമ്മയും തന്നെയാണോ സന്ദേശത്തിൽ പ്രസ്തുതർ എന്നുമുള്ള പരിഗണനയെ അവലംബിച്ചാണ് വാദത്തിന്റെ പോക്ക്. ഈ പ്രസാധകന്റെ ലീലാതിലക പ്രസാധനത്തിൽ സംഗ്രാമധീരരവിവർമ്മയും അദ്ദേഹത്തിന്റെ സഹോദരൻ ആദിത്യവർമ്മയും തന്നെയാണ് ഉണ്ണുനീലി സന്ദേശത്തിലും പരാമൃഷ്ടരായിട്ടുള്ളതെന്നു സമർത്ഥിച്ചതിൽ നിന്നും വ്യതിചലിക്കേണ്ട ആവശ്യം അദ്ദേഹം ഇപ്പോഴും കാണുന്നില്ല. നേരേമറിച്ച്, അവർ വിഭിന്നവ്യക്തികളാണെന്നു മഹാകവി ഉള്ളൂർ ൧൧൨൪-ലെ ഭാഷാപോഷിണിലേഖനങ്ങളിലും പിന്നീട്

കേരളസാഹിത്യ ചരിത്രത്തിലും വാദിച്ചിട്ടുള്ളതിനോടു് സാരാംശത്തിൽ അനുകൂലിച്ചുകൊണ്ടു ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള അദ്ദേഹത്തിന്റെ 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിലൂടെ' എന്ന പ്രബന്ധസമാഹാരത്തിൽ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങളെ ഖണ്ഡിക്കാൻ പ്രസാധകന്മാർ ശ്രമിച്ചിട്ടുണ്ടു്. അന്നത്തെ കേരളത്തിന്റെ ചരിത്രവസ്തുതകളിൽ അഗാധമായ ജ്ഞാനവും, അവയുടെ വിവേചനത്തിൽ അസൂയാവഹമായ കൌശലവും, വാദത്തിൽ പതറാത്ത മനസ്സാന്നിദ്ധ്യവും അദ്ദേഹം ആ ലേഖനങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതു് ശ്രദ്ധേയമാണു്.

സന്ദേശകൃതിയുടെ ചരിത്രപരമായ പശ്ചാത്തലം വിവരിക്കുന്നതിനും വിശദീകരിക്കുന്നതിനും ഈ പ്രബന്ധത്തിൽ സമർത്ഥമായവിധം തന്നെ ശ്രമിച്ചിട്ടുണ്ടു്. ഒരു സാഹിത്യകൃതിയുടെ അവതാരികയിൽ ചരിത്രപരമായും സാമൂഹ്യസ്ഥിതിയെ പരാമർശിച്ചും ഇത്ര ദീർഘമായ പ്രതിപാദനം ആവശ്യം ഉണ്ടോ എന്നു് ഒരു സംശയം ജനിപ്പിക്കാവുന്നതാണു്. പക്ഷേ, ഉണ്ണുനീലിസന്ദേശത്തെ കേവലം ഒരു സാഹിത്യകൃതിയെന്ന നിലയിൽ കരുതുന്നപക്ഷം ആ സംശയം ഉണ്ടാകയുള്ളു. കവി [illegible] അതിനെ എത്ര വിധം ഉദ്ദേശിച്ചിരുന്നാലും, ഉണ്ണുനീലിസന്ദേശം എന്നു് ഒരു കാവ്യത്തിനോടൊപ്പം ഒരു ചരിത്രകൃതികൂടിയാണെന്നു് നിസ്സംശയം പറയാം. എന്നു മാത്രമല്ല അന്നത്തെ ചരിത്രത്തിന്റെയും സാമൂഹ്യ സാഹചര്യങ്ങളുടെയും വിശദബോധമില്ലാതെ അതിലെ കവിതയുടെ സ്വാരസ്യം ഗ്രഹിക്കാൻ തന്നെ സാദ്ധ്യമല്ലാത്തവിധം ചരിത്രപശ്ചാത്തലവുമായി അത്ര സാത്മ്യം പ്രാപിച്ചിട്ടാണു് ആ കവിതയുടെ പോക്കു്. കേരളത്തിന്റെ സമകാലികമായ സാമൂഹ്യനില ഇത്ര വിശദമായി പ്രകാശിക്കുന്ന മറ്റു കാവ്യങ്ങൾ മലയാളത്തിൽ ഇല്ലെന്നുതന്നെ പറയാം. വാസ്തവികമായ വസ്തുസ്ഥിതികളുടെയും സംഭവങ്ങളുടെയും കവിതാമയമായ ചിത്രീകരണങ്ങളും വർണ്ണനകളുമാണു് ഉണ്ണുനീലിസന്ദേശത്തിൽ അങ്ങോളമിങ്ങോളമുള്ളതു്. അതിനാൽ അറുനൂറു സംവത്സരങ്ങൾക്കു് മുമ്പു് ഉള്ള രാഷ്ട്രീയനിലയും, ദേശസ്ഥിതി, സാമൂഹ്യസാഹചര്യങ്ങൾ എന്നിവയും വിശദമാക്കാൻ അവതാരികയിൽ ചെയ്തിട്ടുള്ള യത്നം, കവിതയെയും കവിഹൃദയത്തെയും കൂടുതൽ ഗ്രഹിക്കാനും ആസ്വദിക്കാനും തികച്ചും സഹായകമായിട്ടുണ്ടു്. അതുമാത്രമോ? കേരളസാമൂഹ്യ ചരിത്രത്തിലെ അവ്യക്തങ്ങളായ എത്ര എത്ര ഉള്ളറകളിലാണു് അവ വെളിച്ചം വീശാൻ പര്യാപ്തമായിട്ടില്ലാത്തതു്? ഉണ്ണുനീലിസന്ദേശം ചരിത്ര വിദ്യാർത്ഥികൾക്കു് ഏറ്റവും പ്രയോജനകരമായ ഒരു പ്രാചീന കൃതിയാണു്. അതിനാൽ ചരിത്രപണ്ഡിതനായ വ്യാഖ്യാതാവു് ചരിത്രകാരന്റെ വീക്ഷണതലത്തിലൂടെ സന്ദേശഹരൻ കടന്നുപോകുന്ന സ്ഥലങ്ങളെയും കണ്ടുമുട്ടുന്ന വ്യക്തികളെയും പരാമർശിച്ചു് നടത്തിയിട്ടുള്ള വിജ്ഞേയങ്ങളായ ചർച്ചകളും വിശദീകരണങ്ങളും സമഞ്ജസമായിട്ടുണ്ടു്.

കാവ്യകർത്താവു്, നായികാനായകന്മാർ, സന്ദേശഹരൻ എന്നിവരും ഇവർ തമ്മിലുള്ള ബന്ധങ്ങളും സംബന്ധിച്ചു് പരസ്പര

വിരുദ്ധങ്ങളായ പല അഭിപ്രായങ്ങളും ഇതിനകം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ അഭിപ്രായങ്ങളെയും പരിശോധിച്ചതിനു ശേഷം കവിയും നായകനും ഒരേ ആൾ തന്നെയെന്നുള്ള പക്ഷത്തിൽ പ്രസാധകനു് യാതൊരു സംശയവുമില്ല. അവർ രണ്ടു പേരാണെന്നുള്ള ശ്രീ. ആറ്റൂരിന്റെയും, ബലപ്പെട്ടതു തുടർന്ന് ആ രീതിയിൽ അഭിപ്രായപ്പെട്ടവരുടെയും വാദങ്ങളെ അദ്ദേഹം സയുക്തികം ഖണ്ഡിച്ചിരിക്കുന്നു. കാവ്യത്തിലെ ആന്തരികമായ തെളിവുകളെ അടിസ്ഥാനപ്പെടുത്തി നോക്കിയാലും, കവിതയിൽ സ്ഫുരിക്കുന്ന വാസ്തവികതയുടെയും ആത്മാംശങ്ങളുടെയും അനുഭവസമ്പത്തിന്റെയും നിഴലുകൾ നിരൂപിച്ചു നോക്കിയാലും ഭാവസമ്പന്നനായ ഒരു കവിയുടെ ഹൃദയസ്പന്ദനങ്ങളും വികാരങ്ങളുമാണ്‌ ഉണ്ണുനീലി സന്ദേശത്തിൽ സ്ഫുരിക്കുന്നതെന്ന് സഹൃദയന്മാർക്കു കാണാൻ പ്രയാസമില്ല. എന്നിട്ടും ചില പണ്ഡിതന്മാർപോലും കവിയും നായകനും വിഭിന്ന വ്യക്തികളാണെന്നും, നായകൻ തന്റെ ആശ്രിതനായ ഏതോ കവിയെക്കൊണ്ടു കവിത എഴുതിച്ചതാണെന്നും സന്ദേശകാരനായ ആദിത്യവർമ്മയാണു കവിയെന്നും മറ്റുമുള്ള വാദങ്ങൾ പുറപ്പെടുവിച്ചുകാണുന്നു. ഈ പ്രസാധനത്തിലെ അവതാരിക, ഈ വക വാദങ്ങൾക്കെല്ലാം ഏറ്റവും പൂർണ്ണസമാധാനം നല്കിയിട്ടുണ്ടെന്നുതന്നെ പറയാം. കവിയും നായകനും കൂടിയായ യഥാർത്ഥ വ്യക്തി ആരെന്നു തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇരുവരും ഒരേ ആൾ തന്നെയെന്നുള്ളതിനെ തർക്കത്തിനു് അവകാശമില്ലാത്തവിധം സ്ഥാപിച്ചിട്ടുണ്ട്.

നായികാപ്രധാനമായ ഈ കാവ്യത്തിൽ കഥാനായികയുടെ യാഥാർത്ഥ്യം കേന്ദ്രസ്ഥാനീയമായ വിഷയമാണ്. ഉണ്ണുനീലി ആര്? അവൾ യഥാർത്ഥമായി ജീവിച്ചിരുന്നവളോ, കല്പിതകഥാപാത്രമോ? ജീവിച്ചിരുന്നവളാണെന്നുള്ളതിൽ സംശയത്തിനു് കൃതിയിൽ യാതൊരു അവകാശവും ഇല്ലാത്തതാണ്. എന്നിട്ടും ചില പ്രസാധകന്മാർ അതിനെ ഒരു വിവാദവിഷയമാക്കിയിരിക്കുന്നു. അതിനാൽ ആ വാദത്തിനും അവതാരികയിൽ സമാധാനം നൽകേണ്ട ആവശ്യം പ്രസാധകനു ഉണ്ടായി. നായിക കല്പിതകഥാപാത്രമാണെന്നുള്ള വാദം കേവലം ബാലിശമാണ്. അതനുസരിച്ച് രവിവർമ്മയും ആദിത്യവർമ്മയും സന്ദേശത്തിൽ പേരും വീടുപേരും പറഞ്ഞു വർണ്ണിക്കപ്പെട്ടിട്ടുള്ള അനേകം സുന്ദരിമാരും കവിയുടെ ഭാവനയിൽ നിന്നു ജന്മമെടുത്തവരാണെന്നു വല്ലവരും വാദിച്ചാൽ അതും സമ്മതിച്ചു കൊടുക്കേണ്ടിവരും. ഉണ്ണുനീലി സന്ദേശകർത്താവിനെപ്പോലെ ഭാവനാശക്തിയോടുകൂടിയ പൂർവ്വകവികൾ വേറെയധികം ഉണ്ടെന്നു തോന്നുന്നില്ല. നേരിട്ടു കണ്ടും പരിചയപ്പെട്ടും അനുഭവിച്ചും അറിഞ്ഞതാണ് അദ്ദേഹത്തിന്റെ കവിതാവിഷയം. സ്വന്തം ജീവിതകഥയുടെ ഒരദ്ധ്യായം അടർത്തി വയ്ക്കുകയാണ് അദ്ദേഹം ചെയ്തതു്. സന്ദേശത്തിനു സംഗതിയാക്കിയ യക്ഷീകഥാഭാഗം ഒഴികെ മറ്റൊന്നിലും കല്പിതസാഹചര്യങ്ങൾ അദ്ദേഹം സൃഷ്ടിച്ചിട്ടില്ല. മറ്റെല്ലാം കഥാപാത്രങ്ങളാകട്ടെ സംഭവങ്ങളാകട്ടെ—നേരിട്ടു കണ്ടതിന്റെ കലാപരമായ

ആവിഷ്കരണങ്ങളും ചിത്രീകരണങ്ങളും മാത്രമാണ്. അവയിൽ അകമേയും പുറമേയും, കവിയോട് ഏററവും അടുത്തു നിന്ന വ്യക്തി ഉണ്ണുനീലി തന്നെ. ഉണ്ണുനീലി ജീവിച്ചിരുന്നില്ലെങ്കിൽ ഈ കവിതയും ഉണ്ടാകുമായിരുന്നില്ലെന്നു നിസ്സംശയം പറയാം. അത്രമാത്രം കവിയുടെ ഹൃദയവുമായി ബന്ധപ്പെട്ടവളായിരുന്നു അവളെന്നുള്ളതിനു കൃതിയുടെ ഏതു ഭാഗവും സാക്ഷ്യം വഹിക്കും. വിശേഷിച്ച് നായികയുടെ വാസഗൃഹം വർണ്ണിക്കുമ്പോൾ കവി പ്രദർശിപ്പിക്കുന്ന യഥാർത്ഥമായ വസ്തുസ്ഥിതിബോധവും പരിചയരസവും പാരമാർത്ഥികതയും ആർക്കാണ് ബോദ്ധ്യപ്പെടാത്തത്? ഒരു കല്പിതഗൃഹത്തിന്റെ വർണ്ണനയാണോ അത്? "മുററത്തെൻകാൽക്കുമേൽ പരിപൂർണ്ണമണ്ണെൺവിരൽച്ചുററുകൊണ്ട്" എന്നു ശ്ലോകത്തിൽ വർണ്ണിച്ചിട്ടുള്ള തെക്കിനേത്തിനെക്കാൾ പതിനാറംഗുലംവീതം ഒന്നിനൊന്ന് അളവു കൂടുതലുള്ള പടിഞ്ഞാററിനി, വടക്കിനി, കിഴക്കിനി, എന്നിവ ഉൾപ്പെട്ട നാലുകെട്ടും, വെളിയിൽ പിലാവൊന്നിന് നന്നാലു വീതം രണ്ടും, ഈരണ്ട് തെങ്ങിനിടയ്ക്ക് മൂന്നു വീതം കമുകുകളും അവയ്ക്കിടയിൽ കദളിവാഴകളും ചിങ്ങൻവാഴകളും കരിമ്പും കാച്ചിലും വഴുതനയും മററും വളരുന്ന ആ പുരയിടവും, മീനത്തെ കോണിലെ കിണറും, അതിനോടടുത്ത് 'ദേവി' നട്ടോരു മുല്ലയും എല്ലാംകൂടി കാവ്യകാരന്റെ ഭാവനാസൃഷ്ടിയെക്കാൾ, ആ പരിസരങ്ങളോട് അഗാധമായ അനുഭാവവും, അവിടെയുള്ള സകല വസ്തുക്കളോടും അപാരമായ മമതാബന്ധവുമുള്ള ഒരു നിത്യപരിചയക്കാരന്റെ സ്ഥിതിവിവരവർണ്ണനയുടെ പ്രതീതിയെ അല്ലേ നമ്മിൽ ഉളവാക്കുന്നത്? വീരരാണിപ്പുരവനം ഒരു യഥാർത്ഥ മലയാള തറവാട് തന്നെയായിരുന്നെന്ന് കണ്ണുതുറന്നു സന്ദർശിക്കുന്നവർക്ക് ബോദ്ധ്യം വരത്തക്കവിധം വ്യാഖ്യാതാവ് അതിന്റെ സ്ഥാനം ഏതാണെന്നു നിർണ്ണയിച്ചിട്ടുണ്ട്. ഈ കാവ്യത്തിലെ വർണ്ണിത വസ്തുക്കളുടെ യാഥാർത്ഥ്യം സംശയാതീതമാണ്. നായികാനായകന്മാർ ജീവിച്ചിരുന്നവരാണോ എന്ന വാദത്തിന് യാതൊരു സാംഗത്യവുമില്ല താനും.

നായിക കല്പിതയാണെന്നു പറയുന്നതുപോലെ തന്നെ അയുക്തികമായ ഒരു നിലപാടാണ് അവൾ ഒരു വേശ്യ അഥവാ ചിലർ ഈയിടെ ഒരു പുതിയ തിയറിയെന്നോണം ഇറക്കിയിട്ടുള്ളതുപോലെ ഒരു 'കുത്തച്ചി' ആണെന്നുള്ള വാദത്തിൽ അന്തർഭവിച്ചിട്ടുള്ളത്. പഴയ മണിപ്രവാളകവിതകളിലെ നായികമാരായ സ്ത്രീകളെല്ലാം ദേവദാസികളായിരിക്കണമെന്ന് നിർബ്ബന്ധമുള്ളതുപോലെയാണ് ഈ വിമർശകന്മാരുടെ വാദഗതി. ഉണ്ണുനീലീസന്ദേശത്തിലെ നായികയെയും അതിൽ വർണ്ണിതകളായ ചാരുസുന്ദരികളെയും ഇതേ മാനദണ്ഡം വച്ചുതന്നെ അവർ വിലയിരുത്തുന്നു. അന്നത്തെ സാമൂഹ്യമര്യാദകൾ അനുസരിച്ച് ഒരു വിധത്തിലും അപലപനീയമല്ലാത്ത പെരുമാററങ്ങളും സദാചാരബദ്ധമല്ലാതെ അശ്ലീലതയുടെ ലാഞ്ഛനപോലും സ്ഫുരിക്കുന്ന യാതൊന്നും ഈ കാവ്യത്തിലെ നായികാനായകന്മാർ തമ്മിലോ ഇതര കഥാപാത്രങ്ങൾ

തങ്ങളിലോ ഇല്ലെന്നു നിസ്സംശയം പറയാം. ഉൽകൃഷ്ടകലാജാതയും സ്വഭർത്താവിൽ പ്രേമവതിയുമായ നായികയിൽ കളങ്കമാരോപിക്കത്തക്ക യാതൊരു സാഹചര്യവും കാവ്യത്തിലില്ല. സന്ദേശവാഹകൻ ഭദ്രം പറയുമ്പോൾ “ഭർത്താവാരെന്നു സമുചിതമിയന്നുണ്ണുനീലീമിഴിക്കോ-ണാരെ നിജകരതലേ കാന്തതൻ ഹസ്തമേന്തി” എന്നും കൂടി പറയേണ്ടതെന്നു പറഞ്ഞിട്ടുള്ളതിനെ, വിദഗ്ദ്ധനാം കവീന്ദ്രനായ ഒരു സന്ദേശവാഹകനെ സംബോധിപ്പിച്ചിട്ടേക്കാം. ഒരു പക്ഷേ അന്നത്തെ ആചാരമര്യാദയനുസരിച്ചു് അനാവശ്യമായ ഒരു ശ്ലേഷയായ കരിക്കണമായി വിചാരിക്കപ്പെട്ടതല്ലാതെ, നായികയുടെ ചാരിത്ര്യദോഷത്തിനു് ഒരു തെളിവായി ഉന്നയിക്കുന്നവരുടെ വാദം തീരെ സ്വീകാര്യമല്ല. അഥവാ അതു സാധ്യമാണെങ്കിൽ തന്നെ അത്തരം ഒരു സ്വാതന്ത്ര്യം പരപുരുഷനു് അനുവദിച്ചുകൊടുക്കുന്ന ഭർത്താവല്ലേ കൂടുതൽ നിന്ദ്യനായിട്ടുള്ളതു് എന്നുള്ളതിനു് ഈ വാദത്തിന്റെ പ്രയോക്താക്കൾ തന്നെയാണു സമാധാനം പറയേണ്ടതു്. കവിയാകട്ടെ തന്റെ നായകനെ സാമൂഹ്യനിലയിൽ ഏറ്റു സമുന്നതനായ ഒരു വ്യക്തി ആയിട്ടാണു് കരുതിയിട്ടുള്ളതെന്നു് എത്രയോ സ്പഷ്ടമാണു്. ആ കുലീനതയ്ക്കു് അനുരൂപയായാണു് ഉണ്ണുനീലിയെയും അവതരിപ്പിച്ചിട്ടുള്ളതു്. വ്യാഖ്യാതാവു് ആർക്കും ബോദ്ധ്യമാകത്തക്കരീതിയിൽ എതിർവാദമുഖങ്ങൾക്കു സമാധാനം നൽകിയിട്ടുണ്ടു്.

കാവ്യത്തിൽ വർണ്ണിതകളായ ഇതരസുന്ദരികളെയും ചേരാത്ത രീതിയിൽ അഴിഞ്ഞ സ്വഭാവക്കാരായി എണ്ണുന്നതിന്റെ അയുക്തികതയെയും അദ്ദേഹം തെളിയിച്ചിട്ടുണ്ടു്. അന്നത്തെ കേരളീയ ജനസമുദായത്തിലെ സാമൂഹ്യസംസ്കാരത്തിന്റെ മേൽ കരി തേയ്ക്കുവാൻ പോലും പര്യാപ്തമായ ചെല്ലി ‘കുത്തച്ചി’ വാദത്തെ സയുക്തികം അടിച്ചുടച്ചിട്ടുള്ള ഭാഗം ഏതൊരു കേരളീയനും അഭിമാനത്തോടു വായിക്കുമെന്നുള്ളതിൽ സംശയമില്ല. സൗന്ദര്യാരാധകനായ ഒരു കവിയുടെ പ്രകീർത്തനത്തിനു് വിഷയമായിപ്പോയി എന്ന അപരാധത്തിനു് അന്നത്തെ സുന്ദരികൾ—അവരോ ഉൽകൃഷ്ടകലാജാതകളും പ്രധാന രാജവംശാംശങ്ങളോടു ദാമ്പത്യബന്ധമുള്ളവരായിരുന്നവരുമായ വനിതാരത്നങ്ങൾ—എല്ലാം ദേവദാസികളായിരുന്നെന്നു നാം വിശ്വസിച്ചുകൊള്ളണമെന്ന വാദം ഇനി വിലപ്പോകുമെന്നു തോന്നുന്നില്ല. അതുപോലെതന്നെ ഉണ്ണുനീലീസന്ദേശവും, മണിപ്രവാളകാവ്യങ്ങൾ പൊതുവേയും, കേവലം ശൃംഗാരകവിതകളാണെന്നുള്ള ധാരണവച്ചുകൊണ്ടു് വിമർശിക്കുന്നവർക്കും അവതാരികയിൽ വേണ്ടതു സമാധാനം നൽകിയിട്ടുണ്ടു്. ശൃംഗാരത്തിനു് അതീതമായി, വ്യാഖ്യാതാവിന്റെ വാക്കുകളിൽ തന്നെ പറഞ്ഞാൽ, അന്നത്തെ “സാമാന്യജീവിതത്തിന്റെ ഓളം വെട്ടലുകളുടെ അസൽ പ്രതിബിംബം”ങ്ങളായ എന്തെല്ലാം വസ്തുതകളാണു് ഈ കാവ്യത്തിൽ സുലഭമല്ലാത്തതെന്നു് അവതാരികയിലെ വിശദീകരണത്തിനു ശേഷം ആർക്കും സംശയത്തിനു് അവകാശമില്ല. ഉണ്ണുനീലീസന്ദേശത്തിലെ കവിതയുടെ പരിധി ഇതുമൂലം കൂടുതൽ വിശാലമായി തോന്നുന്നു. അതുപോലെ തന്നെ കവിയുടെ സിദ്ധികളും പ്രതിഭാപ്രഭാവവും വർദ്ധിതമായി അനുഭവപ്പെടുകയും ചെയ്യുന്നു.

പ്രാചീനഗ്രന്ഥപ്രസാധകന്മാർ മിക്കവാറും കാണുന്ന ഒരു വലിയ കുറവു്, പ്രസാധകന്മാർ പുസ്തകബാഹ്യമായ വിവരങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തി അവരുടെ കൃത്യം നിർവ്വഹിക്കുന്നു എന്നുള്ളതാണു്. ഇപ്പോഴാകട്ടെ മേശയ്ക്കു് മുമ്പിലിരുന്നു പഠിച്ചതിനോടൊപ്പം തന്നെ സഞ്ചരിച്ചും, അന്വേഷിച്ചും, ആളുകളോടു സമ്പർക്കം പുലർത്തിയും, എഴുത്തുകുത്തു നടത്തിയും ലഭിച്ച സൂക്ഷ്മ വിവരങ്ങളെ സംബന്ധിച്ചും തരം തിരിച്ചും വിശകലനം ചെയ്തും വിദഗ്ദ്ധമായി പ്രയോജനപ്പെടുത്തിയിട്ടുള്ള ഒരു ഗവേഷകനെ നാം മുന്നിൽ കാണുന്നു. സന്ദേശഹരന്റെ മാർഗ്ഗത്തിലൂടെ തന്നെ അദ്ദേഹവും കടുത്തുരുത്തി വരെ യാത്രചെയ്തിട്ടുണ്ടു്. കടുത്തുരുത്തിയിൽ താമസിച്ചു് സന്ദേശത്തിൽ വർണ്ണിതമായ അന്നത്തെ പശ്ചാത്തലത്തിന്റെ യാഥാർത്ഥ്യത്തിലേക്കു് ഈ വിദൂരകാലത്തു എത്രമാത്രം കടക്കാമോ അതിന്റെ പരമാവധി പ്രവേശിച്ചിട്ടുമുണ്ടു്. ഉണ്ണുനീലിസന്ദേശം പോലെ യഥാർത്ഥവിവരങ്ങൾ കുറിക്കുന്ന ഒരു കാവ്യത്തിന്റെ അവലോകനം ഈ ഒരു രീതിയിൽ തന്നെയാണു് വേണ്ടതെന്നു് ആരും സമ്മതിക്കും. കാവ്യത്തിന്റെ സാരാംശത്തിലേക്കും കവിഹൃദയത്തിന്റെ അഗാധതയിലേക്കും അവഗാഹം സിദ്ധിക്കുന്നതിനു് ഇത്തരത്തിലുള്ള പശ്ചാത്തല വിശദീകരണം ഏറ്റവും പര്യാപ്തമാണു്. എത്ര ശ്രമാവഹമാണെങ്കിലും, പ്രാചീനകൃതികളുടെ പ്രസാധകന്മാർ അവശ്യം അനുസരിക്കേണ്ട ഒരു ഗവേഷണരീതിയാണു് ഇതു്.

ആകെപ്പാടെ തികച്ചും നവ്യമായ സംവിധാനഭംഗിയും ഭാവവൈശദ്യവും ആകാരപ്രൗഢിയും കൈക്കൊണ്ടാണു് ഇത്തവണ ഉണ്ണുനീലിസന്ദേശം കേരളസാഹിത്യ മണ്ഡലത്തിലേക്കു കാൽവച്ചിട്ടുള്ളതു്. ഉപരിപ്ലവമായ സാഹിത്യ സൃഷ്ടികളും വിമർശനങ്ങളും കൊണ്ടു് ഏതാണ്ടൊരു അസ്വസ്ഥത തോന്നുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ ഇത്തരം ശ്രമസാധ്യങ്ങളായ കനമുറ്റ ഗവേഷണകൃതികൾ പ്രത്യക്ഷപ്പെടുകയെന്നുള്ളതു് വാസ്തവത്തിൽ അനുഗ്രാഹകവും ആശ്വാസദായകവുമാണു്. ഈ പരിശ്രമത്തിൽ അന്തർഭവിച്ചിട്ടുള്ള ആത്മാർത്ഥതയും ക്ലേശസഹിഷ്ണുതയും തന്മാത്രപരമായ ഏകാഗ്രതയും അശിഥിലമായ ധ്യാനവും ആർക്കും ഝടിതി ബോദ്ധ്യപ്പെടും. പാണ്ഡിത്യത്തിന്റെയും നിരന്തരയത്നത്തിന്റെയും പരിണാമഫലമായ ഈ പ്രസാധനത്തെ കേരളീയ സഹൃദയലോകം അതിന്റെ മാഹാത്മ്യം അറിഞ്ഞു് സാദരം സ്വാഗതം ചെയ്യുമെന്നു് എനിക്കു് ഉറപ്പും ഉണ്ടു്. ഈ പ്രശസ്തകൃതിയെ ഭാവുകസമക്ഷം അവതരിപ്പിക്കാനുള്ള ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ കൃതാർത്ഥനാണു്. ഗ്രന്ഥത്തിനും വ്യാഖ്യാതാവിനും സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.


ദ്വാരകാമന്ദിരം, പൂജപ്പുര
16—2—1955.

പി. കെ. പരമേശ്വരൻ നായർ.

[illegible]

i

[illegible] 123-[illegible]



i

ii

[illegible]



ii

പ്രസ്താവന

മലയാളത്തിൻെറ മഹാനിധിയായ ഉണ്ണുനീലിസന്ദേശം എന്ന കാവ്യരത്നത്തിൻെറ പുതിയ ഒരു വ്യാഖ്യാനമാണ് സഹൃദയസമക്ഷം ഞാൻ സമർപ്പിക്കുന്നത്. ആറ്റൂർ ശ്രീ. കൃഷ്ണപ്പിഷാരൊടി അവർകളുടെയും അദ്ദേഹത്തെ തുടർന്നു മററു ചില പണ്ഡിതന്മാരുടെയും വ്യാഖ്യാനങ്ങൾ ഇതിനകം നമുക്കു കിട്ടിയിട്ടുണ്ട്. അതിനു പുറമേ, മഹാകവി ഉള്ളൂർ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള തുടങ്ങിയ പണ്ഡിതന്മാരുടെ പ്രൗഢലേഖനങ്ങളും ഉണ്ട്. ആ വ്യാഖ്യാനങ്ങളും വിമർശനങ്ങളും ഉണ്ണുനീലിസന്ദേശം പഠിക്കുന്നതിനും ആ വഴിക്കു മധ്യമലയാളസാഹിത്യം ആസ്വദിക്കുന്നതിനും പ്രയോജനപ്പെടുന്നു എന്നു കൃതജ്ഞതാപൂർവം സമ്മതിക്കുന്നു. എന്നാൽ ഉണ്ണുനീലിസന്ദേശത്തിൻെറ ശുദ്ധമായ പാഠങ്ങളും ശരിയായ അർത്ഥവും ചരിത്രകാര്യങ്ങളും ഇവയിൽനിന്നു മാത്രം മനസ്സിലാക്കാൻ സാധ്യമല്ല. ശ്രീ. പിഷാരൊടി അവർകൾ 30 വർഷത്തിനു മുൻപ് (1093-ാമാണ്ടിലാണ്) അന്ന് സാധ്യമാകാവുന്നിടത്തോളം ശോധന ചെയ്ത് പാണ്ഡിത്യശക്തികൊണ്ടു നല്ല ഒരു വ്യാഖ്യാനം നിർമ്മിച്ചു മലയാളത്തെ പ്രീണിപ്പിച്ചു. അദ്ദേഹത്തിന് ആധാരം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തിയ പാഠം മാത്രം ആയിരുന്നു. അതിലെ അപപാഠങ്ങളെ വച്ചുകൊണ്ട് അർത്ഥവിചാരം ചെയ്യേണ്ടിയിരുന്നതുകൊണ്ട് പല ഭാഗങ്ങളിലും ശരിയായ രൂപമോ, അർത്ഥമോ കൊടുക്കാൻ അദ്ദേഹത്തിനു വഴിയില്ലാതെ വന്നു. ചേരാത്ത കാര്യവും ഒട്ടേറെ പറയാനുണ്ട്. ആദി മലയാളത്തിനും മധ്യ മലയാളത്തിനും തമിഴിനോടുള്ള ബന്ധം വേണ്ടിടത്തോളം അന്നു പഠനവിഷയമായിരുന്നില്ല. ഉണ്ണുനീലിസന്ദേശത്തിലെ പല പ്രയോഗങ്ങളും തമിഴ്ഭാഷയിലുള്ള പരിചയം കൊണ്ടു മനസ്സിലാക്കേണ്ടതുമാണ്. അതിനാൽ ശ്രീ. പിഷാരൊടി ചെയ്ത യത്നം വിലയേറിയതാണെങ്കിലും അദ്ദേഹത്തിൻെറ വ്യാഖ്യാനത്തെ ഉപരിഗവേഷണംകൊണ്ടു പൂരിപ്പിക്കേണ്ടത് ആവശ്യമായി.

ഈ ബോധം സഹൃദയലോകത്തിൽ പൊതുവേ ഉണ്ടായതുകൊണ്ടാണ് ഉണ്ണുനീലിസന്ദേശത്തിന് മററു മൂന്നു വ്യാഖ്യാനങ്ങൾകൂടി ഇതിനകം അവതരിച്ചിട്ടുള്ളത്. അതിൽ ആദ്യത്തേത് ശ്രീ. എം. ആർ. വേലുപ്പിള്ളശാസ്ത്രിയുടെ പ്രസാധനം ആണ്. ശ്രീ. പിഷാരൊടിയുടെ വ്യാഖ്യാനത്തിൻെറ ഒരു പുതിയ പതിപ്പു മാത്രമാണ് അത്. ശ്രീ. ശാസ്ത്രിയുടെ ഒരു അവതാരികയും, ശ്രീ. പിഷാരൊടിയുടെ അവതാരികയും ചേർത്ത്, ശ്രീ. പിഷാരൊടിയുടെ വ്യാഖ്യാനത്തെ അവിടവിടെ അല്പാല്പം ഭേദഗതി ചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് അത്. ശ്രീ. പിഷാരൊടിയുടെ വ്യാഖ്യാനവും ശ്രീ. ശാസ്ത്രിയുടെ നവീകരിച്ച പ്രസാധനവും തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോ ആണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും. ശാസ്ത്രിയുടെ അവതാരിക പുതിയ ഒരു

സംഭാവനയാണ്. അടുത്ത വ്യാഖ്യാനം ശ്രീ. തേമ്പാട്ട് ശങ്കരൻനായർ എന്ന മാന്യൻ തൃശ്ശൂർ സരസ്വതീ പ്രസാധനശാലയിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ആ വ്യാഖ്യാനവും ശ്രീ. പിഷാരൊടി അവർകളുടെ വ്യാഖ്യാനത്തെ പൂർണ്ണമായി അവലംബിച്ചിട്ടുള്ളതു തന്നെ. പാഠത്തിലും അർത്ഥത്തിലും സാരമായ വ്യത്യാസമൊന്നും അതിലില്ല

ഈ പ്രസാധനങ്ങൾകൊണ്ട് സന്ദേശപഠനം പൂർത്തിയാകാത്തതിനാൽ പിന്നീടും പണ്ഡിതന്മാരുടെ ശ്രദ്ധ അതിൽ പതിഞ്ഞു. ഉണ്ണുനീലിസന്ദേശത്തെപ്പറ്റി കേരളീയ സഹൃദയന്മാരുടെ ഇടയിൽ പല വാദപ്രതിവാദങ്ങളും അവതരിച്ചു. സന്ദേശത്തിലെ ഭാഷാംശത്തെയും കാവ്യാംശത്തെയും ചരിത്രാംശത്തെയും മററും പററി പ്രത്യേകം പ്രത്യേകം ചിന്തകളും പ്രതിപാദനങ്ങളും അങ്ങനെ പുറപ്പെട്ടു. അവയിൽ അവസാനത്തേതാണ് എന്റെ മാന്യസുഹൃത്ത് ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രണ്ടു പ്രബന്ധങ്ങൾ. ആ രണ്ടു ഗ്രന്ഥങ്ങളും സന്ദേശസംബന്ധമായ പല വിഷയങ്ങളെയും ചർച്ചചെയ്ത് സ്വതന്ത്രമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവയാണ്. അവ ഈ വിഷയത്തിലുള്ള സംശയങ്ങളെ പരിഹരിക്കുന്നതിനു പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല.

ഈ വ്യാഖ്യാനങ്ങൾ എല്ലാം ഉള്ളപ്പോൾ എന്റെ ഈ എളിയ യത്നത്തെക്കൂടി ഞാൻ കേരളഭാഷാഭക്തന്മാരുടെ മുമ്പിൽ കാഴ്ചവയ്ക്കുന്നു. ഈ കാവ്യത്തിലെ ശ്ലോകങ്ങളുടെ ശരിയായ അർത്ഥവും, ഇതിന്റെ ചരിത്രപശ്ചാത്തലവും മനസ്സിലാക്കാൻ വളരെ അധികം ശ്രമം ആവശ്യമാണ് എന്ന ബോധത്തോടുകൂടിയാണ് ഈ കൃത്യത്തിനു ഞാൻ ഒരുമ്പെട്ടത്. പൂർവ്വവ്യാഖ്യാതാക്കന്മാരെ സമുചിതമായ വിധത്തിൽ ബഹുമാനിക്കയും അവരോടുള്ള കടപ്പാട് സ്മരിക്കയും ചെയ്തുകൊള്ളുന്നു.

വളരെക്കാലംകൊണ്ട് ഉണ്ടായിരുന്ന ഒരു ആഗ്രഹമാണ് ഇപ്പോൾ ഈ വ്യാഖ്യാനത്തിൽ രൂപം കൈക്കൊള്ളുന്നത്. ഏതാണ്ട് പത്തുകൊല്ലം മുമ്പ് (1121-ൽ) ലീലാതിലകം വ്യാഖ്യാനിച്ചു കഴിഞ്ഞതോടുകൂടി ഈ സന്ദേശത്തിലും കൈ വയ്ക്കണമെന്ന് മുമ്പേ തന്നെ ഉണ്ടായിരുന്ന എന്റെ ആഗ്രഹം കൂടിവന്നു. എന്നാൽ അതിനു വേണ്ട സാഹചര്യവും സൗകര്യവും ഇല്ലാഞ്ഞതുകൊണ്ട് അതിൽ പൂർണ്ണശ്രദ്ധയോടുകൂടി പ്രവർത്തിക്കുന്നതിനു വളരെക്കാലത്തേക്ക് കഴിവ് ഉണ്ടായില്ല. എങ്കിലും അതിലെ ശ്ലോകങ്ങളുടെ അർത്ഥത്തെപ്പററിയും ചരിത്രകാര്യങ്ങളെപ്പററിയും ചിന്തിക്കയും പണ്ഡിതന്മാരുമായി ചർച്ച നടത്തുകയും ചെയ്തുപോന്നു. അതിന്റെ എല്ലാം ഫലമായി സന്ദേശത്തിന് ഒരു പുതിയ വ്യാഖ്യാനം ഉണ്ടാക്കേണ്ട ആവശ്യകത എനിക്കു കൂടുതൽ കൂടുതൽ ബോദ്ധ്യമായി വന്നു. എന്നാൽ വ്യാഖ്യാനത്തിന് സന്ദേശത്തിന്റെ പാഠശോധനം കൂടിയേ തീരൂ. അതിന് മൂലമായ മാതൃക എവിടെ കിട്ടും? അതിനായി ഞാൻ കേരളത്തിലും പുറമെയും ഉള്ള പല സ്ഥാപനങ്ങളോടും പണ്ഡിതന്മാരോടും അന്വേഷണം നടത്തി. കോഴിക്കോട്ട് അമ്പലക്കാട്ട് കരുണാകര

മേനോന്റെ വക താളിയോലമാതൃകയിൽ നിന്നും 1917-18-ൽ ഉണ്ടാക്കിയ ഒരു കടലാസ്സുപകർപ്പ് മദ്രാസ് യൂണിവേഴ്സിററി മാനസ്ക്രിപ്ററ്സ് ലൈബ്രറിയിൽ നിന്നും എന്റെ മാന്യസുഹൃത്ത് ഡാക്ടർ എസ്. കെ. നായർ എനിക്കു സമ്പാദിച്ചു തരികയുണ്ടായി. ആ പകർപ്പ് അബദ്ധപൂർണ്ണമാണെങ്കിലും മുദ്രിതപുസ്തകങ്ങളിലെ ചില തെററുകൾ തിരുത്താൻ അതും പ്രയോജനപ്പെട്ടു. അതിലെ അബദ്ധങ്ങളുടെ മാതൃക മനസ്സിലാക്കാൻ ഒരു ഉദാഹരണം കാണിക്കാം. 'മലമകൾമുല ചൂണ്ടം ദൈവതം വെൽവുതാക' എന്ന വരി 'അമലമകട ചൂല ചൂണ്ടം ദൈവതം വെൽവുതാക' എന്നാണ് അതിൽ. ഈ ഗ്രന്ഥം എന്റെ കൈയ്യിൽ വന്നതിനുശേഷം ശ്രീ. ഇളംകുളത്തിനും കാണാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം അബദ്ധപൂർണ്ണമായ ആ കടലാസ്സുമാതൃകയെ വളരെ പ്രശംസിച്ചു് എഴുതിയിട്ടുണ്ടെങ്കിലും, ആ മാതൃകയെ വിശ്വസിച്ചു് ഒരു വ്യാഖ്യാനം തീർക്കാൻ സാദ്ധ്യമല്ല. അതു് എഴുതിയ അബദ്ധങ്ങളെ വിശ്വസിച്ചാൽ കൂടുതൽ അബദ്ധത്തിൽ ചാടാം എന്നല്ലാതെ ശ്രീ. പിഷാരൊടിയുടെ വ്യാഖ്യാനത്തിനു പ്രയോജനകരമായ പരിഷ്കാരം വരുത്താൻ സാധിക്കയില്ലല്ലോ.

കൂടുതൽ മാതൃകകൾ സമ്പാദിക്കാനുള്ള എന്റെ യത്നം പിന്നീടും തുടർന്നു. ശ്രീ. ആററൂർ കൃഷ്ണപ്പിഷാരൊടി അവർകളുടെ തന്നെ സഹായം ഞാൻ അപേക്ഷിച്ചു. അദ്ദേഹത്തിൽനിന്നു താഴെ പറയുന്ന വിവരങ്ങൾ എനിക്കു കിട്ടി. കോഴിക്കോട്ടു മാങ്കാവിൽ കോവിലകത്തുനിന്നും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരു ഗ്രന്ഥം കൊണ്ടുവന്നതിനെ ആസ്പദമാക്കിയാണ് രസികരഞ്ജിനിയിൽ ആദ്യമായി ഉണ്ണുനീലിസന്ദേശം പ്രസിദ്ധപ്പെടുത്തിയതു്. മററു പ്രസിദ്ധീകരണങ്ങളെല്ലാം അതിനെ തുടർന്നു് ഉണ്ടായിട്ടുള്ളതാണ്. ഉള്ളൂരിന്റെ കൈവശം ഒരു ഗ്രന്ഥം ഉണ്ടായിരുന്നു. കേരളവ്യാസൻ മാസികയിൽ പാഠഭേദം കാണിച്ചു് അദ്ദേഹം എഴുതിയതും ശ്രീ. പിഷാരൊടിക്കു് ഓർമ്മയുണ്ടു്. ആ ഗ്രന്ഥം അദ്ദേഹത്തിന്റെ അവകാശികളുടെ പക്കൽ ഉണ്ടോ എന്നു് അന്വേഷിക്കാവുന്നതാണെന്നും ശ്രീ. പിഷാരൊടി എന്നെ ദയാപൂർവ്വം അറിയിക്കയുണ്ടായി. ശ്രീ. പിഷാരൊടിയുടെ നിർദ്ദേശം അനുസരിച്ചു് മഹാകവി ഉള്ളൂരിന്റെ മഠത്തിൽ ഞാൻ തിരക്കിയപ്പോൾ, മഹാകവിയുടെ പുത്രൻ ശ്രീ. രാമനാഥൻ സന്ദേശകാവ്യം ഉൾക്കൊള്ളുന്ന പഴയ താളിയോലഗ്രന്ഥം എടുത്തു തരികയുണ്ടായി. വളരെ പഴക്കമുള്ള ഒരു ഗ്രന്ഥമാണ് അതു്. ആ ഗ്രന്ഥം കിട്ടിയതു് വിലമതിക്കാൻ പാടില്ലാത്ത സഹായമായിത്തീർന്നു. *

---

* ഇതേ ഗ്രന്ഥത്തിൽ ഉണ്ണുനീലി സന്ദേശത്തിനു പുറമേ വേറേ മൂന്നുനാലു കൃതികൾ കൂടിയുണ്ടു്. അവയിൽ ചിലതു പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്തതാണ്. അവയും യഥാവസരം പരിശോധിച്ചു പ്രസിദ്ധപ്പെടുത്താമെന്നു് ആഗ്രഹിക്കുന്നു.

സന്ദേശത്തിന്റെ വ്യാഖ്യാനത്തിനു് ഉതകുന്ന ഇത്തരം പ്രയത്നത്തിനു പുറമെ, സന്ദേശമാർഗ്ഗത്തിലുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതും ആവശ്യമായി തോന്നി. കഴിഞ്ഞയാണ്ടിൽ ചരിത്രരേഖകൾ അന്വേഷിച്ചു് സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും പോകാൻ ഇടവന്നപ്പോൾ ആ കാര്യം സാധിക്കാനും സൗകര്യം ലഭിച്ചു. † ഈ സഞ്ചാരങ്ങളുടെ ഫലമായി സന്ദേശത്തിലെ മാർഗ്ഗവിവരണത്തെപ്പറ്റിയുള്ള പല സംശയങ്ങളും ദൂരീകരിക്കുന്നതിനു കഴിഞ്ഞു.

ഇങ്ങനെ വളരെ നാളായി ആഗ്രഹിച്ച പ്രകാരം വ്യാഖ്യാനനിർമ്മാണത്തിനുള്ള കരുക്കൾ ഒരുക്കാൻ സാധിച്ചു. എന്നാൽ എന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനു മുൻപു് പണ്ഡിതസമക്ഷം അവതരിപ്പിച്ചു് അവയുടെ സ്വീകാര്യതയെ പരിശോധിക്കണമെന്നും എനിക്കു് ആഗ്രഹമുണ്ടായി. അതിലേക്കു തിരുവനന്തപുരം കാളേജു് മലയാളം ആണേഴ്സ് അസ്സോസിയേഷനും, തിരുവനന്തപുരത്തെ പണ്ഡിതസമിതിയായ 'കേരളകലാസംസത്തും' സൗകര്യങ്ങൾ ഉണ്ടാക്കി. മലയാളം ആണേഴ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ ഉണ്ണുനീലീസന്ദേശത്തെപ്പറ്റി ഒരു ചർച്ച നടത്തണമെന്നു് അസ്സോസിയേഷൻ ഭാരവാഹികൾ എന്നെ ക്ഷണിക്കയുണ്ടായി. 30-9-53-ൽ ആണേഴ്സ് സമാജത്തിൽ വച്ചു് സന്ദേശത്തിന്റെ ചരിത്ര സംബന്ധമായ പശ്ചാത്തലത്തെപ്പറ്റി ഞാൻ വിസ്തരിച്ചു പ്രതിപാദിച്ചു. ഈ വിഷയത്തിൽ പ്രത്യേക പാണ്ഡിത്യമുള്ള പല പ്രശസ്ത വ്യക്തികളും അന്നു സന്നിഹിതരായിരുന്നു. ചരിത്ര സംബന്ധമായി മഹാകവി ഉള്ളൂരും ശ്രീ. പിഷാരൊടിയും മറ്റും അവതരിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളെ പൂർണ്ണമായി ചർച്ചചെയ്തു. സന്ദേശത്തിൽ സ്മരിച്ചിട്ടുള്ള രവിവർമ്മയും ആദിത്യവർമ്മയും ആരെന്നുള്ള വിഷയത്തിലാണു് വലിയ അഭിപ്രായ വ്യത്യാസങ്ങൾ കാണുന്നതു്. സന്ദേശത്തിന്റെ കാലം ഏതെന്നു പരിഗണിക്കുന്നതിൽ പ്രാധാന്യമുള്ള സംഗതിയുമാണു് അതു്. രവിവർമ്മസംഗ്രാമധീരനെയാണു് ഈ സന്ദേശകൃതിയിൽ പുകഴ്ത്തിയിട്ടുള്ളതെന്നും, സംഗ്രാമധീരന്റെ പിൽക്കാലത്തുള്ള ഒരു രവിവർമ്മയാണു് ഇതിലെ രവിവർമ്മ എന്ന മതം സ്വീകാര്യമല്ലെന്നും മറ്റും ഞാൻ അന്നു സിദ്ധാന്തം പ്രദർശിപ്പിച്ചു. ചരിത്രമർമ്മജ്ഞനും പണ്ഡിതാഗ്രണിയും ആയ ശ്രീ. എൻ. ഗോപാലപിള്ള യുക്തിപ്രദർശനത്തോടെ എന്റെ അഭിപ്രായത്തെ സ്വീകരിച്ചതു് എനിക്കു ആത്മവിശ്വാസം നല്കി.

ചരിത്ര സംബന്ധമായ പഠനം പൂർത്തിയാക്കിയ ശേഷം, വ്യാഖ്യാനരചനയിലേയ്ക്കു കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. സന്ദേശത്തിലെ പല

---

† പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ള, ചരിത്രപ്രൊഫസർ ശ്രീ. പപ്പുപിള്ള, ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള എന്നിവരും ഉണ്ടായിരുന്നു.

പദ്യങ്ങളുടെയും ശരിയായ അൎത്ഥം നിലവിലുള്ള വ്യാഖ്യാനങ്ങളിൽ വ്യക്തമായിട്ടില്ല എന്നു് ആ വ്യാഖ്യാനങ്ങളുടെ പഠനം കൊണ്ടും സ്വതന്ത്രചിന്തകൊണ്ടും എനിക്കു മനസ്സിലായി. ഗാഢമായി ആലോചിച്ചപ്പോൾ ശ്ലോകങ്ങളുടെ മറഞ്ഞു കിടന്ന അൎത്ഥങ്ങൾ വളരെ വ്യക്തമായി തെളിഞ്ഞു വന്നു. പൂൎണ്ണമായ അൎത്ഥം അന്വേഷിച്ചും ആലോചിച്ചും കണ്ടുപിടിച്ചപ്പോൾ ഇതു ഉൽകൃഷ്ടമായ ഒരു പ്രാചീനകാവ്യം നമുക്കു് ഉണ്ടല്ലോ എന്നു് എനിക്കു കൃതാൎത്ഥത ഉളവായി.

ചരിത്ര സംബന്ധമായ എന്റെ അഭിപ്രായങ്ങളെ ശോധനചെയ്യാൻ കഴിഞ്ഞതുപോലെ എന്റെ വ്യാഖ്യാനങ്ങളെയും സഹൃദയസമക്ഷം അവതരിപ്പിച്ചു് പരിശോധിക്കാൻ എനിക്കു് ആയിടയ്ക്കു സൗകൎയ്യം ലഭിച്ചു. 'കേരളകലാസംസത്തു്' എന്ന പണ്ഡിതസമിതി എന്റെ വ്യാഖ്യാനങ്ങളെ അവതരിപ്പിച്ചു ചൎച്ചചെയ്യാൻ എന്നെ ക്ഷണിക്കയുണ്ടായി. 1954 ഫെബ്രുവരി 1-ാംനു- തിരുവനന്തപുരം സംസ്കൃതകാളേജിൽ വച്ചു ചൎച്ചായോഗം നടന്നു. സന്ദേശത്തിന്റെ അതുവരെയുള്ള വ്യാഖ്യാനങ്ങളെ * പരാമൎശിച്ചുകൊണ്ടു് പുതിയ വ്യാഖ്യാനത്തെ അവതരിപ്പിച്ചു. അന്നത്തെ സദസ്സിൽ തിരുവനന്തപുരത്തെ മികച്ച പല പണ്ഡിതന്മാരും സന്നിഹിതരായിരുന്നു. പൊതുവേ എന്റെ അഭിപ്രായങ്ങളെ അവർ സ്വീകരിച്ചുകണ്ടപ്പോൾ വ്യാഖ്യാനവിഷയത്തിൽ എനിക്കു വലുതായ ചാരിതാൎത്ഥ്യം ഉളവായി. അന്നു സാന്നിദ്ധ്യംകൊണ്ടും അഭിപ്രായ പ്രകടനം കൊണ്ടും എനിക്കു കൃതാൎത്ഥത നല്കിയ പണ്ഡിതന്മാരോടും സഹൃദയന്മാരോടും, അതുപോലെ തന്നെ കേരളകലാസംസത്തിനോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

നമ്മുടെ സാഹിത്യസമ്പത്തുകളിൽ അഗ്രിമസ്ഥാനത്തു ശോഭിക്കുന്ന ഈ കാവ്യരത്നത്തിന്റെ യഥാൎത്ഥമായ വില ക്ലിപ്തപ്പെടുത്തണമെന്നാണു് ഞാൻ ആഗ്രഹിച്ചതു്. ആ ആഗ്രഹത്തെ നിറവേററാൻ ശ്രമിച്ചപ്പോൾ അതിനെപ്പററിയുള്ള വൈഷമ്യങ്ങൾ ഓരോന്നായി അഭിമുഖീകരിക്കേണ്ടി വന്നു. ശ്രീ. പിഷാരൊടിയുടെ വ്യാഖ്യാനം പല പഴയ പദങ്ങളെയും പുനൎജ്ജീവിപ്പിച്ചു. എന്നാൽ അനേകം പദങ്ങളുടെ അൎത്ഥം പിന്നെയും

---

* ശ്രീ. പിഷാരൊടി, ശ്രീ. വേലുപ്പിള്ളശാസ്ത്രി, ശ്രീ. തെമ്പാട്ടു ശങ്കരൻനായർ എന്നിവരുടെ വ്യാഖ്യാനങ്ങളും ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള അവർകളുടെ 'ഉണ്ണുനീലീസന്ദേശം ചരിത്രദൃഷ്ടിയിൽ കൂടെ' എന്ന ഗ്രന്ഥത്തിന്റെ അനുബന്ധമായിച്ചേൎത്ത നോട്ടുകളും ആയിരുന്നു അന്നുവരെ പുറത്തു വന്നിരുന്ന വ്യാഖ്യാനങ്ങൾ. ശ്രീ. ഇളംകുളത്തിന്റെ ഉണ്ണുനീലീസന്ദേശം സവ്യാഖ്യാനം എന്ന കൃതി എന്റെ വ്യാഖ്യാനചൎച്ചയ്ക്കുശേഷം പുറത്തു വന്നിട്ടുള്ളതാണു്. അന്നത്തെ എന്റെ വ്യാഖ്യാനത്തെപ്പററിയുള്ള കുറിപ്പു് 1954 മാൎച്ചുമാസത്തെ ഗ്രന്ഥാലോകം മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

തെളിയാതെ കിടന്നു. പല പദങ്ങളുടെയും ശരിയായ രൂപം തന്നെ വെളിവായിരുന്നില്ല. പിന്നീടുള്ള വ്യാഖ്യാതാക്കൾ ശ്രീ. പിഷാരൊടിയുടെ സംഭാവനയെ ശരിയായി വിലയിരുത്തി എന്നു പറയാനില്ല. നേരെമറിച്ചു അനന്തരവ്യാഖ്യാനങ്ങളിൽ ചിലതു് കാവ്യഗൗരവത്തെ സാരമായി നിഹനിക്കുകൂടി ചെയ്തു എന്നു പറയേണ്ടിയിരിക്കുന്നു. ഈ സ്ഥിതിയിൽ സന്ദേശത്തിലെ പ്രാചീനപാഠങ്ങളെയും പ്രയോഗങ്ങളെയും ശാസ്ത്രീയ ദൃഷ്ടിയോടെ പരിശോധിച്ചുവന്നു. അവയുടെ സൂക്ഷ്മമായ അർത്ഥം മനസ്സിലാക്കുന്നതിനും, ഓരോ ശ്ലോകവും ഉൾക്കൊള്ളുന്ന കവിഭാവനയെ ശരിയായി ഗ്രഹിക്കുന്നതിനും കഴിവുള്ളതു ശ്രമിച്ചിട്ടുണ്ടു്. അതിൽ എത്ര വിജയം കിട്ടിയിട്ടുണ്ടു് എന്നു വിലയിരുത്തേണ്ടതു പണ്ഡിതന്മാരായ സഹൃദയന്മാരാണല്ലോ. വിദേശഭാഷയിൽ ചേർന്നിട്ടുള്ള ഒന്നുരണ്ടു പദ്യഭാഗങ്ങളും അപൂർവം ചില പദങ്ങളും പ്രയോഗങ്ങളും മനസ്സിലാകാതെ വിടേണ്ടിവന്നിട്ടുണ്ടു്. എങ്കിലും അവ്യക്തമായും അജ്ഞാതമായും കിടന്ന അനേകം ഭാഗങ്ങൾക്കു തെളിവുണ്ടാക്കാൻ കഴിവായി. ഗ്രന്ഥശോധന ചെയ്തു വളരെ അധികം അശുദ്ധപാഠങ്ങളെ ശരിപ്പെടുത്തുന്നതിനും, പ്രമാണംകൊണ്ടും യുക്തികൊണ്ടും പരിശോധിച്ചു് അബദ്ധവ്യാഖ്യാനങ്ങളെ തിരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടു്. എത്ര അബദ്ധമായ പാഠങ്ങളും, ശരിയായ പാഠങ്ങൾക്കുപോലും എത്ര തെററായ അർത്ഥങ്ങളുമാണു് പ്രചരിച്ചിരുന്നതെന്നു് ഓർത്താൽ പ്രാചീനഗ്രന്ഥപഠനത്തിൽ നമ്മുടെ നിലയെപ്പററി ഖേദം ഉണ്ടാകും. 'പടയൊട്ടു കടന്നീട്ടു കണ്ടേററി തന്നെ' എന്നതിനു 'പടയൊറ കടന്നീട്ടുകെൻപോററി പിന്നെ' എന്നും, 'ഇളമൺ മിക്ക മേച്ചേരി മാറ്റും തസ്സിൻ മേവും പെരിയ മാടവാർ വന്നു താൻതാൻ മുതിർന്ന'' എന്നതിനു് 'ഇളമക്കിക്കമേച്ചേരി മാറ്റും തസ്സിൻ മേവും പെരിയ മടവാർവന്നു താൻ താൻ മുതിർന്ന' എന്നും, 'മണ്ടൊട്ടായ് ഗളം'' എന്നതിനു് 'മണ്ടൊട്ടായ കണ്ടു' എന്നും ഉള്ള രീതിയിലാണു് അപപാഠങ്ങളുടെ പോക്കു്. ശബ്ദങ്ങളുടെ അർത്ഥമാണെങ്കിൽ സന്ദർഭത്തിനുചേർന്ന പ്രകാരം എങ്ങനെയെങ്കിലും യുക്തിയെ മുട്ടിച്ചു് അർത്ഥം പറയാനാണു് ഇതുവരെയുള്ള അധികമായ ശ്രമം. ഓരോ വാക്കിന്റെയും ശരിയായ അർത്ഥം മനസ്സിലാക്കാനാണു് ഈ വ്യാഖ്യാനത്തിൽ ശ്രമിച്ചിട്ടുള്ളതു്. പ്രകൃതാർത്ഥം വ്യാഖ്യാനഭാഗത്തു കൊടുത്തു വിരമിക്കാതെ പദകോശത്തിൽ പഴയ വാക്കുകളെ അകാരാദി ക്രമത്തിൽ കൊടുത്തിട്ടുള്ളതു് ഈ ഉദ്ദേശത്തോടെയാണു്. എന്റെ വ്യാഖ്യാനത്തിൽ നിന്നു് ഈ സംഗതികൾ സ്പഷ്ടമാകും എന്നുള്ളതുകൊണ്ടു് ഇവിടെ പ്രത്യേകം ഉദാഹരണങ്ങൾ കാണിക്കുന്നില്ല. അധികം പദ്യങ്ങളിലും എന്തെങ്കിലും തിരുത്തൽ ആവശ്യമായിട്ടുണ്ടു്. ഓരോ ശ്ലോകത്തിന്റെയും വ്യാഖ്യാനഭേദങ്ങളിൽ ശ്രദ്ധേയമായ ഭാഗങ്ങളെ ചൂണ്ടിക്കാണിച്ചിട്ടു് ഞാൻ അംഗീകരിക്കുന്ന പാഠവും അർത്ഥവും വ്യക്തമാക്കിയിട്ടുണ്ടു്. മററു പണ്ഡിതന്മാരുടെ മതങ്ങളെ ഉദ്ധരിക്കുന്നതു് വ്യാഖ്യാനപൂർത്തിക്കു വേണ്ടി മാത്രമാണു്. പലപ്പോഴും ഞാൻ അവരോടു വിയോജിക്കുന്നുവെങ്കിലും തികഞ്ഞ ബഹുമാനമേ അവരോടെല്ലാം എനിക്കു് ഉള്ളു. മററു വ്യാഖ്യാതാക്കൾ എനിക്കു മാർഗ്ഗദർശനം ചെയ്തുവെങ്കിലും, സമ്പൂർണ്ണമായി

എന്റെ ബുദ്ധിയിൽ പാകം വന്ന പ്രകാരത്തിലേ എന്റെ വ്യാഖ്യാനം അവതരിപ്പിച്ചിട്ടുള്ളു. പാകപ്പിഴകൊണ്ടും അനവധാനതകൊണ്ടും പ്രമാദങ്ങൾ പറ്റിയിരിക്കും. സഹൃദയലോകം അതു ക്ഷമിക്കട്ടെ. ഭാവിഗവേഷണം അവയെ തിരുത്തട്ടെ.

ശ്ലോകങ്ങളുടെ അർത്ഥബോധനത്തിൽ മാത്രമല്ല ഈ സന്ദേശകാവ്യത്തിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ച വൈഷമ്യം നിലകൊള്ളുന്നതു്. ഈ ഗ്രന്ഥത്തിന്റെ കാലം ഏതു്? ഇതിന്റെ കർത്താവു് ആര്? ഇതിലെ നായികാനായകന്മാർ സങ്കല്പപാത്രങ്ങളോ യഥാർത്ഥ വ്യക്തികളോ? ഇതിലെ സന്ദേശഹരനും, [illegible] ജ്യേഷ്ഠനായ രവിവർമ്മയും പരാമൃഷ്ടരായ ഇതര രാജാക്കന്മാരും ആര്? ഇതു വേശ്യാപ്രധാനമായ ഒരു കൃതിയാണോ? ഇതിൽ പ്രസ്തുതരായ സ്ത്രീകൾ കുലീനകളോ കുലടകളോ? ഈ സന്ദേശകാലത്തു് പ്രാചീന കേരളത്തിലെ രാജ്യസ്ഥിതിയും സമുദായജീവിതവും എന്തു്? എന്നു തുടങ്ങി അനേകം വിഷയങ്ങളെക്കുറിച്ചു വാദകോലാഹലങ്ങൾ പുറപ്പെട്ടിട്ടുണ്ടു്. സാമാന്യമായ പരിഗണനയിൽ ഓരോ പണ്ഡിതന്മാർക്കു് തോന്നിയ അഭിപ്രായങ്ങളാണു പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങളായി പ്രചരിക്കുന്നതു്. എന്നാൽ കഴിവുള്ള എല്ലാ ഉപാധികളെയും ഉപയോഗിച്ചു സമഗ്രമായി നോക്കി, നിഷ്പക്ഷമായ യുക്തിയുടെ വീക്ഷണത്തിൽ പ്രശ്നപരിഹാരത്തിനു യത്നിക്കയാണു് ഇവിടെ ചെയ്തിട്ടുള്ളതു്. ആവിർഭവിച്ചിട്ടുള്ള എല്ലാ മതങ്ങളെയും ഉദ്ധരിച്ചു ചർച്ചചെയ്യേണ്ടതായി വന്നിട്ടുണ്ടു്. പല പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളെ പരിശോധിച്ചു വിസ്തരിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും, ഈ കാവ്യത്തെ സംബന്ധിച്ചു് അവർ ചെയ്ത പരിശ്രമത്തെ ഓർത്തു് ബഹുമാനത്തോടുകൂടി മാത്രമേ അവയെ ചർച്ചചെയ്തിട്ടുള്ളു. ശാസ്ത്രീയമായ ഗവേഷണം വ്യക്തിപരിഗണനകൊണ്ടു മലിനമാകാതെ ഇരിക്കാൻ കഴിയുംമട്ടു് ശ്രദ്ധിച്ചിട്ടുണ്ടു്. എങ്കിലും പ്രസ്താവക്രമത്തിനു ഞാൻ ചെയ്തുപോയിട്ടുള്ള എന്തെങ്കിലും പരാമർശം ആർക്കെങ്കിലും അസുഖത്തിനു കാരണമാകുന്നുണ്ടു് എങ്കിൽ അവരുടെ ക്ഷമ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

സന്ദേശത്തിലെ നായികാനായകന്മാർ യഥാർത്ഥ ജീവികളായിരുന്നു എന്നാണു് എന്റെ മതം. അവർ ആരായിരുന്നു എന്നു് അറിയാൻ നിവൃത്തിയില്ല. പ്രഭുപദവി ഉള്ളവർ ആയിരുന്നു എന്നു നല്ലവണ്ണം തെളിയും. ഉണ്ണുനീലിയെ കൂത്തച്ചി എന്നും വേശ്യ എന്നും മറ്റും കല്പിക്കുന്നതു തീരെ സ്വീകാര്യമല്ല. ആദിത്യവർമ്മ സന്ദേശവുംകൊണ്ടു പോകത്തക്ക മഹിമയുള്ള ഒരു മഹതി ആയിരുന്നു ആ നായിക. ആ മഹതിയെ സ്തുതിക്കാനായി അവരുടെ ഭർത്താവായ കവി ഉണ്ടാക്കിയതു തന്നെ ആയിരിക്കണം ഈ കാവ്യം. അദ്ദേഹം ആരെന്നു് അറിയാൻ വഴിയില്ല. എങ്കിലും ആദിത്യവർമ്മയെ സന്ദേശവും കൊടുത്തു് അയയ്ക്കാൻ തക്ക സ്ഥാനമഹിമയുള്ള ആളായിരുന്നു അദ്ദേഹം. കേരളത്തിലെ രാജാക്കന്മാരോടും പ്രഭുക്കന്മാരോടും അദ്ദേഹത്തിനു് അടുത്ത പരിചയവും

സ്നേഹവും ഉണ്ടായിരുന്നു. നായികയെ പുകഴ്ത്തുന്നതുപോലെ ആദിത്യവർമ്മയെ പുകഴ്ത്താനും കാവ്യകാരന്നു് ഉദ്ദേശം ഉണ്ടായിരുന്നു എന്നു വ്യക്തമാണു്. സന്ദേശമാർഗ്ഗത്തിലുള്ള ചില സ്ത്രീകൾ ആദിത്യവർമ്മയെ കാണുന്നതു് അക്കാലത്തെ സമുദായസ്ഥിതിയുടെ ദുസ്സ്വാതന്ത്ര്യദ്യോതകമായി പലരും വ്യാഖ്യാനിച്ചിട്ടുള്ളതു ശരിയല്ല. ചില നിരൂപകന്മാർ വിചാരിക്കുന്നതുപോലെ, ആ സ്ത്രീകൾ അകുലീനകളോ കുലടകളോ കൂത്തച്ചികളോ അല്ല. അക്കാലത്തു് കൂത്തച്ചികളും മററും ഉണ്ടെന്നുള്ളതുകൊണ്ടു കണ്ടവരെയെല്ലാം ആ ഇനത്തിൽ ഉൾപ്പെടുത്തി വ്യവഹരിക്കുന്നതു് നല്ല നിരൂപണസമ്പ്രദായം അല്ല. അതു കാവ്യത്തിന്റെ ഗൗരവത്തിനും ആദിത്യവർമ്മയുടെ സ്വഭാവമഹിമയ്ക്കും കവിയുടെ കാവ്യശൈലിക്കും ചേർന്നതുമല്ല. അങ്ങനെ വ്യാഖ്യാനിക്കാൻ സന്ദേശം വക നൽകുന്നുമില്ല. കൂത്തച്ചികൾക്കു അക്കാലത്തു മാന്യമായ പദവി ഉണ്ടായിരുന്നു എന്ന സിദ്ധാന്തം വിശ്വസനീയമല്ല. ചരിത്രരേഖകളെ ഇഷ്ടംപോലെ ഇടിച്ചുപിഴിഞ്ഞു വ്യാഖ്യാനിച്ചു സിദ്ധാന്തങ്ങൾ അവതരിപ്പിച്ചാണു് അപ്രസക്തങ്ങളും അയുക്തങ്ങളും ആയ പല വാദങ്ങളും ഈ സന്ദേശകാവ്യത്തെപ്പററി ചിലർ കൊണ്ടുവന്നിട്ടുള്ളതു്. കവി, കാലം, നായികാനായകന്മാർ എന്നു തുടങ്ങിയുള്ള വിഷയങ്ങളെപ്പററി ഖണ്ഡിതമായി ഒന്നും പറയാൻ തെളിവു കിട്ടുന്നില്ലെങ്കിലും, ഇപ്പോഴുള്ള പല വാദങ്ങളും നിരസിക്കാൻ പ്രമാണങ്ങളും യുക്തികളും സുലഭമാണു്. ഈ വിഷയങ്ങളെപ്പററി കഴിയുന്നതും ഗാഢമായും വ്യക്തമായും ചിന്തിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. ഈ കാവ്യത്തെ സ്പർശിക്കുന്ന രാജ്യചരിത്രം, സമുദായചരിത്രം എന്നിവയെല്ലാം കഴിയുന്നതും പ്രാമാണികമായി ചർച്ചചെയ്യുവാനും യത്നിച്ചിട്ടുണ്ടു്.

ഒരു മദ്ധ്യമലയാളകാവ്യം എന്ന നിലയ്ക്കു മാത്രമല്ല ഈ കൃതി നമ്മുടെ ശ്രദ്ധ അർഹിക്കുന്നതു്. മലയാളത്തിൽ ഉണ്ടായിട്ടുള്ള ഏററവും മികച്ച ഒരു കൃതി, മദ്ധ്യകാലകേരള ജീവിതത്തെ പ്രതിബിംബിപ്പിക്കുന്ന ഒരു കാവ്യം, കാളിദാസന്റെ സന്ദേശമാതൃകയെ അനുകരിക്കുന്നെങ്കിലും ഏതാണ്ടു് സ്വതന്ത്രമെന്നു കല്പിക്കാവുന്ന രീതിയിലുള്ള ഒരു സന്ദേശകവിത, എന്നീ രീതികളിലെല്ലാം ഉണ്ണുനീലിസന്ദേശത്തെ ഞാൻ ആരാധിക്കുന്നുണ്ടു്. ഏതാണ്ടു് അറുനൂറു വർഷമായിരിക്കും ഈ കൃതി രചിച്ചിട്ടു്. ഇന്നു് ആഗോളമഹിമയോടെ ശോഭിക്കുന്ന ഇംഗ്ലീഷ് തുടങ്ങിയുള്ള പല പാശ്ചാത്യഭാഷകളിൽപ്പോലും ഇതുപോലെ ഉൽകൃഷ്ടങ്ങളായ കാവ്യങ്ങൾ അക്കാലത്തു ചുരുക്കമാണു്. അതുകൊണ്ടു് ചരിത്രസംബന്ധമായി പരിശോധിച്ചാലും, സാഹിത്യസംബന്ധമായി പരിഗണിച്ചാലും, കേരളസംസ്കാരത്തിന്റെ വീക്ഷണഗതിയിൽക്കൂടി നോക്കിയാലും അസാധാരണമാഹാത്മ്യം ഉള്ളതാണു് ഈ സന്ദേശകാവ്യം. ഇതു കേരളഭാഷയിൽ ഉണ്ടായിട്ടുള്ള ഏററവും ഉൽകൃഷ്ടമായ ഒരു കൃതി എന്ന നിലയ്ക്കു് മലയാളികളുടെ നിത്യാരാധനയ്ക്കു പാത്രമാകണം.

ഈ വ്യാഖ്യാനനിർമ്മിതിയിൽ പലരോടും എനിക്കു കടപ്പാടു് ഉണ്ടു്. ഒന്നാമതായി മാതൃകകൾ തന്നു സഹായിച്ചു ഉള്ളൂരിന്റെ പുത്രൻ ശ്രീ.

രാമനാഥയ്യർ അവർകളോടും, ഡാക്‌ടർ എസ്‌. കെ. നായർ അവർകളോടും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. എന്റെ അന്വേഷണങ്ങൾക്കു മറുപടി അയച്ചു സഹായിച്ച പല മാന്യ വ്യക്തികളെയും ഇവിടെ സ്മരിക്കണം. ശ്രീ. ആറ്റൂർ കൃഷ്ണപ്പിഷാരൊടി, കോഴിക്കോട്ട്‌ അമ്പലക്കാട്ട്‌ ശ്രീ. എ. കരുണാകരമേനോൻ, ശ്രീ. ഡി. പി. ഉണ്ണി എന്നിവർ പല വിവരങ്ങളും എഴുതി അയച്ച്‌ എന്നെ സഹായിച്ചിട്ടുണ്ട്‌. കടുത്തുരുത്തിയിലെ സ്ഥലവിവരങ്ങൾ നൽകിയും അവിടത്തെ റവന്യൂരേഖകളിൽനിന്ന്‌ അറിയാവുന്ന കാര്യങ്ങൾ തന്നും കടുത്തുരുത്തി വില്ലേജ്‌ ആഫീസർ ശ്രീ. എസ്സ്‌. ഗോപാലപിള്ള എന്നെ സഹായിച്ചിട്ടുള്ളതു പ്രത്യേകം ഞാൻ സ്മരിച്ചുകൊള്ളുന്നു. റവന്യൂഇലാഖയിലും സഹൃദയന്മാർ കുറവില്ല എന്നാണ്‌ ആ മാന്യവ്യക്തി തെളിയിച്ചിട്ടുള്ളത്‌. എന്റെ അഭിവന്ദ്യമിത്രവും പ്രതിഭാനിധിയും ആയ സംസ്‌കൃത കാളേജ്‌ പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ള അവർകളോടും, യൂനിവേഴ്‌സിറ്റി തമിഴ്‌ പ്രൊഫ്‌സർ വൈയാപുരിപ്പിള്ള അവർകളോടും ഞാൻ ഈ വ്യാഖ്യാനത്തെ സംബന്ധിച്ചു പല സംഗതികളും ചർച്ച ചെയ്തിട്ടുണ്ട്‌. അവരോടുള്ള എന്റെ കൃതജ്ഞതയും ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ വ്യാഖ്യാനപ്രബന്ധം ഞാൻ പറഞ്ഞുകൊടുത്തതു കേട്ട്‌ ക്ഷമയോടെ എഴുതിയത്‌ പാറപ്പുറം കേശവപിള്ളയാണ്‌. ഇതിനു പകർപ്പ്‌ ഉണ്ടാക്കിത്തരുന്ന വിഷയത്തിൽ എന്റെ സുഹൃത്ത്‌ ശ്രീ. മേക്കൊല്ല എൻ. പരമേശ്വരൻപിള്ള അവർകൾ സഹായിച്ചിട്ടുള്ളതും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇതിന്റെ പ്രൂഫ്‌ പരിശോധനയിലും മറ്റും എന്റെ സ്നേഹിതന്മാരും പ്രൗഢപണ്ഡിതന്മാരും ആയ ശ്രീ. പി. ദാമോദരൻപിള്ള, ശ്രീ. വി. ആർ. പരമേശ്വരൻപിള്ള, ശ്രീ. എം. ഗോവിന്ദൻ, ശ്രീ. കെ. എം. വർഗ്ഗീസ്‌, ഇങ്ങിനെ പലരും സഹായിച്ചിട്ടുണ്ട്‌.

വളരെ നാളായി ഉണ്ണുനീലിസന്ദേശ വ്യാഖ്യാനത്തിന്‌ എനിക്കു പ്രേരണ നല്കിയ സുഹൃത്തമനായ ശ്രീ പി കെ. പരമേശ്വരൻനായർ ഇതിനെ ഒരു ആമുഖം കൊണ്ടു സ്വാഗതം ചെയ്തതിൽ എനിക്കു വലുതായ ചാരിതാർത്ഥ്യം ഉണ്ട്‌. മലയാളഭാഷയെ അകമഴിഞ്ഞു സേവിക്കുന്ന മികച്ച ഒരു ഗവേഷകനും സാഹിത്യകാരനുമായ ശ്രീ. നായർ എന്റെ സാഹിത്യപരിശ്രമങ്ങളിൽ കാണിക്കുന്ന സൗമനസ്യത്തിനു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു.

ഇതിലെ അവതാരികയിൽ സന്ദേശ സംബന്ധമായ മുഖ്യ വിഷയങ്ങളെല്ലാം പ്രതിപാദിക്കാനുള്ള യത്നത്തിൽ ചരിത്രസംഗതികളും സാമാന്യം വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്‌. സാഹിത്യത്തിലെന്നപോലെ രാജ്യചരിത്രത്തിലും ഈ സന്ദേശകൃതിക്കുള്ള പ്രാധാന്യത്തെ പരിഗണിച്ചാണ്‌ അങ്ങനെ ചെയ്തിട്ടുള്ളത്‌. ചരിത്രത്തിൽ താത്‌പര്യം ഇല്ലാത്ത പണ്ഡിതന്മാർ ആ ഭാഗം വിടുന്നതുകൊണ്ടു തരക്കേടില്ല.

ലീലാതിലകത്തിന്റെ വ്യാഖ്യാനം കൊണ്ടു മദ്ധ്യമലയാള സാഹിത്യം പഠിക്കാൻ ഞാൻ ചെയ്ത ശ്രമത്തിന്റെ പൂരണമാണു് ഈ വ്യാഖ്യാനം കൊണ്ടു സാധിക്കുന്നതു്. ബുദ്ധികൊണ്ടും പ്രയത്നംകൊണ്ടും ആകാവുന്നിടത്തോളം എന്റെ എളിയ കഴിവുകൾ ഭാഷാസേവയ്ക്കായി ഇതിൽ അർപ്പിച്ചിട്ടുണ്ടു്. ഇതിലുള്ള വൈകല്യങ്ങൾ ഉദാരമതികളായ സഹൃദയന്മാർ ക്ഷമിക്കണം. എന്റെ ഈ പ്രയത്നം ഭാഷാദേവിയുടെ പ്രീതിക്കു വിഷയമാകണമെന്നു പ്രാർത്ഥിക്കുന്നു.

6—5—1954.
23—9—1129. } ശൂരനാട്ടു കുഞ്ഞൻപിള്ള
തിരുവനന്തപുരം



ഉണ്ണുനീലിസന്ദേശം

അവതാരിക.

കാലപരിഗണന

പ്രാരംഭം

മദ്ധ്യമലയാളസമ്പത്തുകളിൽ അമൂല്യമായ ഉണ്ണുനീലീസന്ദേശം കേരളത്തിലെ മികച്ച പണ്ഡിതന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുപോരുന്ന കൃതിയാണ്. ഭാഷാചരിത്രം, സാഹിത്യചരിത്രം, രാജ്യചരിത്രം ഇതിലെല്ലാം ഈ കൃതിക്കുള്ള സ്ഥാനം അദ്വിതീയമാണ്. ഇതിന്റെ പ്രാധാന്യമോർത്തു ഞാനും ഈ കാവ്യം ശ്രദ്ധിച്ചു പഠിക്കാൻ യത്നിച്ചിട്ടുണ്ട്. ഇതിനെപ്പററി 1111-ൽ തിരുവനന്തപുരം ആർട്ട്സ് കാളേജ് മലയാളം ഓണേഴ്സ് സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ചർച്ച അവതരിപ്പിച്ചതു് എന്റെ ഏതദ്വിഷയകമായ താത്പര്യം കൊണ്ടു ആയിരുന്നു. ആ കാവ്യത്തിനു ഭാഷയിലും സാഹിത്യത്തിലും ഉള്ള സ്ഥാനമാണ് അന്ന് മുഖ്യമായി എന്റെ ശ്രദ്ധയെ ആകർഷിച്ചതു്. ഞാൻ അന്നു ചെയ്ത പ്രഭാഷണം വിവൃതരൂപത്തിൽ 'തിരുമുൽക്കാഴ്ച' എന്ന പ്രബന്ധസമാഹാരത്തിൽ ഉൾപ്പെടുത്തി പ്രകാശിപ്പിച്ചിട്ടുണ്ട്. ഉണ്ണുനീലീസന്ദേശത്തിന്റെ കാലത്തെപ്പററി മററു പണ്ഡിതന്മാരുടെ അഭിപ്രായം ഉദ്ധരിച്ചു ഞാൻ വിമർശിക്കയാണ് അന്നു ചെയ്തതു്. പ്രാചീനസാഹിത്യകൃതികളുടെ കാലനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് ഉദാരമായ ഒരു മനോഗതിയാണ് ഞാൻ അവലംബിക്കാറുള്ളതു്. സ്പഷ്ടമായ തെളിവില്ലാതെ, ഒരു കൃതി ഇത്രാമാണ്ടു് ഇന്ന തീയതിയാണ് ഉണ്ടാക്കിയതെന്നു് ഞാൻ ഗണിക്കാൻ ബദ്ധപ്പെടാറില്ല. അതിനു ജ്യോതിഷപരിജ്ഞാനം എനിക്കു് ഇല്ല. ഭാഷാചരിത്രത്തിനും സാഹിത്യചരിത്രത്തിനും ആവശ്യമാകുന്നിടത്തോളം ഒരു കൃതി ഏതു കാലഘട്ടത്തിലാണ് ഉണ്ടായതെന്നു് അറിഞ്ഞാൽ എനിക്കു സാമാന്യം തൃപ്തിയായി. ഏതേതു നൂററാണ്ടുകളിൽ ഏതേതു കൃതികളെന്നു തിരിച്ചു് ചരിത്രം മനസ്സിലാക്കണമെന്നാണ് എന്റെ ഉന്നം.

അതുകൊണ്ടാണു് ഉണ്ണുനീലീസന്ദേശത്തിന്റെ കാലത്തെപ്പററി ഞാൻ ആദ്യം അത്ര ഗാഢമായി ശ്രദ്ധ പതിപ്പിക്കാഞ്ഞതു്.

ലീലാതിലകത്തിന്റെ അവതാരികയിൽ ആവിഷ്കരിച്ച മതം

എന്നാൽ ലീലാതിലകം പ്രസാധനം ചെയ്തപ്പോൾ ഉണ്ണുനീലീസന്ദേശത്തിന്റെ കാലം ഏതെന്നു് എനിക്കു പ്രത്യേകം പരിഗണിക്കേണ്ടി വന്നു. എന്തുകൊണ്ടെന്നാൽ ഉണ്ണുനീലീസന്ദേശത്തിലെ ഒരു പദ്യവും ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അതിനാൽ ലീലാതിലകത്തിന്റെ കാലം ഉണ്ണുനീലീസന്ദേശത്തിനു ശേഷമാകാനല്ലേ നിവൃത്തിയുള്ളു? ഇതിനും പുറമേ കാലസംബന്ധമായി ഉണ്ണുനീലീസന്ദേശത്തെക്കാൾ പ്രബലമായ ഒരു പരാമർശം ലീലാതിലകത്തിൽ കാണുന്നുമില്ല. അതിനാൽ ഉണ്ണുനീലീസന്ദേശത്തെ മുഖ്യമായി അവലംബിച്ചും, പിൽക്കാലത്തെ സാഹിത്യത്തിന്റെ ചരിത്രത്തെ ആസ്പദമാക്കിയും ആണു് ഞാൻ ലീലാതിലകത്തിന്റെ കാലഗണന നടത്തിയിട്ടുള്ളതു്. ഉണ്ണുനീലീസന്ദേശത്തിന്റെ കാലഗണന ആകട്ടെ, വേണാട്ടുരാജാവായ രവിവർമ്മയുടെയും അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മയുടെയും പരാമർശമുള്ളതുകൊണ്ടു് ആ കാര്യങ്ങളെ മുഖ്യമാക്കിയും സാധിക്കേണ്ടിയിരിക്കുന്നു. ലീലാതിലകപ്രവേശത്തിൽ ഈ നോട്ടം അനുസരിച്ചാണു് കാലം പരിഗണിച്ചിട്ടുള്ളതു്. സന്ദേശത്തിൽ സംസ്തുതനായ രവിവർമ്മ കാഞ്ചീപുരത്തുവച്ചു് ദക്ഷിണഭാരതചക്രവർത്തിയായി അഭിഷേകം സാധിച്ച സംഗ്രാമധീര രവിവർമ്മ ആണെന്നും, ഉണ്ണുനീലീസന്ദേശത്തിലെ തുരുഷ്കയുദ്ധപരാമർശം അക്കാലത്തു ഉണ്ടായ തുലുക്കൻപടയുമായി നടന്ന സംഘട്ടനങ്ങളെപ്പററി ആണെന്നും ഞാൻ സിദ്ധാന്തം പ്രദർശിപ്പിച്ചു കിട്ടിയിടത്തോളം ചരിത്രവസ്തുതകൾ പരിശോധിച്ചും കഴിവുള്ള യുക്തിയെ അവലംബിച്ചുമാണു് ആ പരിഗണന നടത്തിയിട്ടുള്ളതു്

ആ മതത്തിന്റെ പുനഃപരിശോധന

എന്റെ സിദ്ധാന്തം ഇപ്പോൾ ഗാഢമായ പുനഃപരിശോധനയ്ക്കു് വിഷയമായിരിക്കുന്നു 'ഉണ്ണുനീലീസന്ദേശം ചരിത്രദൃഷ്ടിയിൽ കൂടി' എന്ന നൂതനഗ്രന്ഥത്തിനു് പണ്ഡിതാഗ്രണിയായ സർദാർ കെ. എം. പണിക്കർ അവർകൾ നല്കിയിട്ടുള്ള

അഭിപ്രായത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു "ഒന്നാമതായി, ഉണ്ണുനീലിയിൽ 'കോദിതകേരളപ്പുടനിരവിദാഖ്യവേണാടർ കോനെ' എന്നു സ്തുതനായ ഇരവിവർമ്മനും വേഗവതീതീരത്തിൽ മുമ്മുടി ചൂടിയ സംഗ്രാമധീരൻ വീരരവിവർമ്മയും രണ്ടാളാണെന്നു് ഉള്ളതിനു് യാതൊരു തർക്കവും ഇല്ല. ചരിത്രദൃഷ്ട്യാ വേറെ ഒരു അഭിപ്രായം സാധുവല്ലെന്നാണു് എനിക്കു തോന്നുന്നതു്. ശൂരനാട്ടു കുഞ്ഞൻപിള്ള മുതലായ പണ്ഡിതന്മാർ ചരിത്രപരമായ സംഗതികൾ പൂർണ്ണമായി ഗണിക്കാതെയാണു് ഇങ്ങനെ ഒരു അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളതെന്നു തോന്നുന്നു". 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽക്കൂടി' എന്ന ഉത്തമപ്രബന്ധത്തിന്റെ സാരാംശത്തെ അംഗീകരിക്കുകയേ സർദാർ ഇവിടെ ചെയ്തിട്ടുള്ളൂ. സർദാറെപ്പോലെ ചരിത്രജ്ഞനായ ഒരു പണ്ഡിതന്റെ പിൻതാങ്ങു് ഉള്ള അഭിപ്രായം കണ്ടില്ലെന്നു ഭാവിക്കുന്നതു ശരി അല്ലല്ലോ. ഇതിനും പുറമെ ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിലും ഇതേ സിദ്ധാന്തംതന്നെ ഇപ്പോഴും പ്രദർശിപ്പിച്ചുകാണുന്നു. (കേ. സാ. ച [illegible]) ചരിത്രത്തോടും സാഹിത്യത്തോടും ഉള്ള ഭക്തികൊണ്ടു് എന്റെ സിദ്ധാന്തങ്ങളുടെ വിശദീകരണം ഇപ്പോൾ ആവശ്യമായിത്തീർന്നിരിക്കുന്നു.

സന്ദേശത്തിലെ രവിവർമ്മയും സംഗ്രാമധീരനും

സന്ദേശത്തിലെ രവിവർമ്മയും കാഞ്ചീപുരത്തു വച്ചു് സാമ്രാജ്യാഭിഷേകം സാധിച്ച രവിവർമ്മയും ഒരാളോ രണ്ടു പേരോ എന്നുള്ളതിലാണല്ലോ പ്രധാനമായ സംശയം. രണ്ടാളാണെന്നു് ഉള്ളതിനു യാതൊരു തർക്കവുമില്ല എന്നു് സർദാർ പ്രസ്താവിച്ചിരിക്കുന്നു. എനിക്കു് ആ വിഷയത്തിൽ അത്ര തീർച്ചയില്ല. ലീലാതിലകപ്രവേശത്തിൽ ഞാൻ പ്രദർശിപ്പിച്ച സിദ്ധാന്തം ഇപ്പോഴും ഉപേക്ഷിക്കേണ്ടതായി തോന്നുന്നില്ല. ചരിത്രദൃഷ്ട്യാ വേറൊരു അഭിപ്രായം സാധുവല്ലെന്നും, ചരിത്രപരമായ സംഗതികൾ പൂർണ്ണമായി ഗണിക്കാതെ ആണു് ഈ അഭിപ്രായം പുറപ്പെടുവിച്ചതെന്നും സർദാർ പറഞ്ഞിട്ടുള്ളതുകൊണ്ടു് ചരിത്രപരമായി എന്റെ ഉത്തരവാദിത്വത്തെ ഒന്നുകൂടെ പരിശോധിച്ചു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ചരിത്രപരമായ സംഗതികൾ പൂർണ്ണമായി ഗണിച്ചുകഴിഞ്ഞു എന്നു് ഞാൻ അഭിമാനിക്കുന്നില്ല. അനേകം നൂറ്റാണ്ടുകൾക്കു മുമ്പു നടന്ന സംഗതികളെപ്പറ്റി എങ്ങനെയാണു് പൂർണ്ണമായി പരിഗണിക്കുക? കിട്ടുന്ന രേഖകളും

പ്രമാണങ്ങളും എത്രയോ തുച്ഛം. അവയെ പൂൎണ്ണമായി ഗണിക്കണം എന്നാണു് വിവക്ഷയെങ്കിൽ അതു ഞാനും ചെയ്തിട്ടുണ്ടു്. എന്റെ യുക്തികൾ ഞാൻ ലീലാതിലക പ്രവേശത്തിൽ ആവിഷ്കരിച്ചിട്ടുമുണ്ടു്. എന്നാൽ ഇപ്പോൾ 'ചരിത്രദൃഷ്ടിയിൽ' പ്രദൎശിപ്പിക്കുന്ന വാദങ്ങളെ കൂടി പരിഗണിച്ചു് എന്റെ സിദ്ധാന്തത്തെ പുനഃപരിശോധന നടത്തേണ്ടതു കൊണ്ടു അതിനു തുടങ്ങുന്നു.

തുലുക്കൻപട, സൎവ്വാംഗനാഥൻ, സംഗ്രാമധീരൻ, ഉണ്ണുനീലിസന്ദേശത്തിന്റെ കാലം എന്നു് നാലു് ഉപന്യാസങ്ങളിലായി 'ചരിത്രദൃഷ്ടിയിൽ' പരിഗണന നടത്തുന്ന വിഷയങ്ങളെ പരിശോധിക്കാം *

തുലുക്കൻപട

തുലുക്കൻപടയെപ്പററിയുള്ള പരാമൎശം സന്ദേശത്തിലും ലീലാതിലകത്തിലും ഉണ്ടു്.

വ്യായാമംകൊണ്ടുഴകിലുമിതാതോമമുച്ചൈഃസ്തുവാചി-
ന്നായാസം ചെയ്യുമലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലുക്കൻപടക്കോപ്പിനെന്നും
ചൊൽവുണ്ടല്ലോ സുരപരിവൃഢാമപ്പൊടിച്ചാത്തു ചെന്റു്.

(ഉ. സ. I. 21.)

എന്നു സന്ദേശത്തിൽ പരാമൎശിക്കുന്നു. ലീലാതിലകത്തിൽ താഴെക്കാണുന്ന ശ്ലോകം ഉണ്ടു്:—

---

* മഹാകവി ഉള്ളൂരിനെ കൂടെക്കൂടെ എതിൎക്കുന്ന മട്ടു കാണിക്കുന്നുണ്ടെങ്കിലും 'ചരിത്രദൃഷ്ടി'യിലെ വാദവും സിദ്ധാന്തവും സാരാംശത്തിൽ കേരളസാഹിത്യ ചരിത്രത്തിൽ ഉള്ളൂർ കാണിക്കുന്നവയിൽനിന്നും ഭിന്നമല്ല. രണ്ടു പേരുടെ സിദ്ധാന്തമനുസരിച്ചും സംഗ്രാമധീര രവിവൎമ്മയെ അല്ല സന്ദേശത്തിൽ സൂചിപ്പിക്കുന്നതു്. കൊ. 550-നു ഇടയ്ക്കുള്ള രവിവൎമ്മയെയും അദ്ദേഹത്തിന്റെ അനുജൻ ആദിത്യവൎമ്മയെയും ആണു്. (കേ. സാ. ച. 363-369.)

പരമുടനേ പരപ്പതനാം
പാണ്ഡ്യയുവാ ഖണ്ഡയാം ചകാര ഗളേ
തുംഗാന്ത്രദാമസ്ഥപരയാ
തുരുത്തരെ മണ്ടി തുരുക്കരെല്ലാരും. (ലീ. 222)

ഏററം തികഞ്ഞു തിറമുററന്നിയും നൃപാൻ താൻ
കാററത്തു സംഹരിതതുലുഷ്കസമാൻ വിതതനേ
ചീററത്തിനാൽ മതി മററ മഹാന്തമാവാൻ
ഊററത്തിലും കൊടിയ വിക്രമപാണ്ഡ്യസിംഹഃ. (ലീ. 223)

ഈ ശ്ലോകങ്ങളിൽ പരാമർശിക്കുന്ന തുലുക്കൻപട ഏതെന്ന് ആണ് ചിന്തിക്കേണ്ടതു്. ആദ്യമായി തെക്കേ ഇൻഡ്യയിൽ തുലുക്കൻപട വന്നതു്, എല്ലാവരും സമ്മതിക്കുന്നതുപോലെ, മാലിക് കാഫറുടെ ആക്രമണത്തോടെയാണ്. ഇതു ക്രി. വ. 1310-ൽ ആയിരുന്നു (ഉ. ച. 2; ലീ. 4[illegible]). ഈ ആക്രമണത്തെത്തന്നെയാണ് മേൽ ഉദ്ധരിച്ചിരിക്കുന്ന ശ്ലോകങ്ങളിൽ പരാമർശിക്കുന്നതെന്നും, കാഞ്ചീപുരത്തു വച്ച് കിരീടധാരണം ചെയ്ത രവിവർമ്മസംഗ്രാമധീരനാം അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മയും ആണ് തുലുക്കൻയുദ്ധങ്ങളിൽ പങ്കെടുത്തതു് എന്നും ആണ് എന്റെ അഭിപ്രായം. എന്നാൽ രവിവർമ്മ കാഫറുമായി യുദ്ധം ചെയ്തിരിക്കാമെന്ന് ചിലർ സങ്കല്പിച്ചിരിക്കുന്നതു് സകല ചരിത്രരേഖകൾക്കും കടകവിരുദ്ധമാണ്; അസംഭാവ്യവുമാണ്" എന്നു 'ചരിത്രദൃഷ്ടിയിൽ കൂടി' അഭിപ്രായപ്പെടുന്നു. (പു. 38-39). വീരരവിവർമ്മ കാഫറുമായി യുദ്ധം ചെയ്തിരിക്കുമെന്നു ഞാൻ വാദിക്കുന്നില്ല. തുലുക്കന്മാരുമായി യുദ്ധം ചെയ്തിരിക്കാമെന്നേ എനിക്ക് അഭിപ്രായമുള്ളൂ. വീരരവിവർമ്മ ചക്രവർത്തിയുടെ കാലത്തു് തെക്കേഇൻഡ്യയിൽ മഹമ്മദീയാക്രമണം ഉണ്ടായെന്നും, അതിൽ വിക്രമപാണ്ഡ്യനും ആദിത്യവർമ്മയും പങ്കെടുത്തിരിക്കാമെന്നും, ആ നിലയ്ക്കു തുലുഷ്കയുദ്ധപരാമർശം കൊണ്ടു് ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ആ യുദ്ധത്തിനു് ശേഷവും—അതായതു് 4[illegible]-നു ശേഷവും, രവിവർമ്മയുടെ സ്വർഗ്ഗപ്രാപ്തിക്കു മുമ്പും—അതായതു് 488-നു മുമ്പും ആണെന്നു സിദ്ധിക്കും എന്നും ആണ് ലീലാതിലകപ്രവേശത്തിൽ എന്റെ അഭിപ്രായം. (ലീ. 40-41).

കാഫറുടെ ആക്രമണം

തുലുക്കപ്പടയോട് എതിരിട്ടു എന്നു പറയുന്നതുകൊണ്ട് മാലിക്കാഫറോടു നേരിട്ടു യുദ്ധം ചെയ്തു എന്ന് അർത്ഥമെടുക്കണം എന്നില്ല. എന്റെ അഭിപ്രായത്തെ സ്വീകരിക്കാതെയാണെങ്കിലും പണ്ഡിതോത്തംസമായ ശ്രീ: കെ. എം. പണിക്കർ അവർകൾ ഈ അംശത്തിൽ ചെയ്തിട്ടുള്ള പ്രസ്താവന സ്വീകാര്യമായി തോന്നുന്നു. 'തുലുക്കൻപടക്കോപ്പിനെന്നും' എന്നു പരാമർശിക്കുന്നതു ഒരു യുദ്ധത്തെപ്പറ്റിയല്ല, തോവാള അതിർത്തികളിൽ ഇടവിടാതെ അതിർത്തിപ്പടകളും തമ്മിൽ, നടന്നുകൊണ്ടിരുന്ന കൈയേറ്റങ്ങളെപ്പറ്റിയാണെന്നു സ്പഷ്ടം, എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട് (ഉ. ച. IV). മാലിക്കാഫർ 1310-ൽ (കൊ. വ. 486) തെക്കേ ഇൻഡ്യ ആക്രമിച്ചതായും, മധുര അധീനപ്പെടുത്തിയതായും, രാമേശ്വരം വരെയുള്ള ക്ഷേത്രങ്ങൾ കൊള്ളയിട്ടശേഷം 487 ആരംഭത്തിൽ മുഴുവൻസൈന്യത്തോടുകൂടി ഡെൽഹിയിലേക്ക് മടങ്ങിപ്പോയതായും 'ചരിത്രദൃഷ്ടിയിൽ കൂടി' സമ്മതിക്കുന്നു (ഉ. ച. 5). മാലിക്കാഫറുടെ ദക്ഷിണഭാരതാക്രമണത്തെപ്പറ്റി ശ്രീ. എസ്. കൃഷ്ണസ്വാമി അയ്യങ്കാരും ശ്രീ. കെ. എ. നീലകണ്ഠശാസ്ത്രിയും പ്രതിപാദിച്ചിട്ടുണ്ട്. അമീർഖുസ്രു, വാസഫ് എന്ന് രണ്ടു മുസ്ലീം ചരിത്രകാരന്മാരെ ആസ്പദമാക്കിയാണ് അന്നത്തെ ചരിത്രം ഈ പണ്ഡിതന്മാർ രചിക്കുന്നതു. അന്നത്തെ ഡെൽഹിസുൽത്താൻ അലാവുദ്ദീൻ കിൽജി ആയിരുന്നു. അലാവുദ്ദീന് ഇസ്ലാംമതം ലോകമെങ്ങും പ്രചരിപ്പിക്കണമെന്നു മോഹം ഉണ്ടായി. അലാവുദ്ദീന്റെ സേനാനായകനായ മാലിക് കാഫർക്ക് ദക്ഷിണദേശത്തെ ആനകളും പൊൻപണങ്ങളുമെല്ലാം ആയിരുന്നു മുഖ്യമായ ആകർഷണകാരണം.

അന്നു പാണ്ഡ്യരാജ്യത്തിന്റെ സ്ഥിതി

ദേവഗിരിയും വാറങ്ഗലും പിടിച്ചടക്കിയ ശേഷം ഹോയ്സാലന്മാരുടെ ദ്വാരസമുദ്രവും പാണ്ഡ്യരാജ്യവും കീഴടക്കണം എന്ന് കാഫർ കാംക്ഷിച്ചിരുന്നു. പാണ്ഡ്യരാജ്യത്തേക്ക വരാൻ അയാൾക്ക് പ്രത്യേകം ഒരു കാരണമുണ്ടായി എന്നും ചരിത്രകാരന്മാർ പറയുന്നു. അന്നു പാണ്ഡ്യരാജ്യം ജടാവർമ്മവീരപാണ്ഡ്യൻ എന്നും ജടാവർമ്മസുന്ദരപാണ്ഡ്യൻ എന്നും രണ്ട് അധികാരകാംക്ഷികളുടെ മത്സരം കൊണ്ടു ദുർബലമായിരുന്നു അവർ

രണ്ടു പേരും മാറവർമ്മകുലശേഖരൻ (ക്രി. വ. 1268–1310 കൊ. 443–485) എന്ന പാണ്ഡ്യരാജാവിന്റെ പുത്രന്മാർ ആയിരുന്നു. സുന്ദരപാണ്ഡ്യൻ അദ്ദേഹത്തിന്റെ പട്ടമഹിഷിയുടെ മകനും, വീരപാണ്ഡ്യൻ ഒരു ദാസിയിൽ അദ്ദേഹത്തിനു ജനിച്ച പുത്രനും ആയിരുന്നു. (Elliot and Dowson Vol iii 52-60-Pandyan Kingdom 201) മാറവർമ്മന് വീരപാണ്ഡ്യനോടു കൂടുതൽ പ്രതിപത്തി ഉണ്ടായിരുന്നതിനാൽ വീരപാണ്ഡ്യനെ അനന്തരഗാമിയായി നിശ്ചയിച്ചു. പട്ടമഹിഷിയുടെ പുത്രനെന്ന നിലകൊണ്ടും, വയസ്സിൽ മൂപ്പുകൊണ്ടും * സുന്ദരപാണ്ഡ്യനു പിതാവിന്റെ ഈ പക്ഷപാതകൃത്യം അസഹ്യമായിത്തോന്നി. സുന്ദരൻ അമർഷം സഹിക്കാതായപ്പോൾ പിതാവിനെ വധിച്ചു. (ക്രി. വ. 1310. കൊ. വ. 485). അതിനു ശേഷം വീരനും സുന്ദരനും തമ്മിൽ യുദ്ധമായി. വീരൻ സുന്ദരനെ തോല്പിച്ചു. സുന്ദരൻ അലാവുദീൻകിൽജിയെ അഭയം പ്രാപിച്ചു. മോങ്ങാൻ ഇരുന്ന നായുടെ തലയിൽ തേങ്ങാ വീണപോലെ ആയിരുന്നു ആ അപേക്ഷ അലാവുദീന്. സുൽത്താൻ മാലിക് കാഫറെ പാണ്ഡ്യരാജ്യം ജയിക്കാൻ നിയോഗിക്കയും ചെയ്തു.

കാഫർ പാണ്ഡ്യരാജ്യം കൊള്ള ചെയ്യുന്നത്

സുന്ദരൻ വിളിച്ചതുകൊണ്ടാകട്ടെ മററു കാരണങ്ങളാൽ ആകട്ടെ, കാഫർ ദക്ഷിണഭാരതത്തെ കൊള്ളയ്ക്കും കൊലയ്ക്കും ഇരയാക്കി. ഹോയ്സാലാ രാജധാനിയായ ദ്വാരസമുദ്രം ജയിച്ചിട്ടു കാഫർ പാണ്ടിയിലേക്കു തിരിച്ചു. അയാൾ മധുര പിടിച്ചു. ഈ യുദ്ധയാത്രയിൽ 612 ആനകളും 5000 കുതിരകളും 500 മണ്ണ് രത്നങ്ങളും അയാൾ പിടിച്ചെടുത്തു. അമീർഖുസ്രു എന്ന ചരിത്രകാരൻ (Tarikh-i-Alai) 'തരീഖ് ഇ അലൈ' എന്ന ചരിത്രകൃതിയിൽ മധുര വരെയുള്ള യുദ്ധയാത്രയെപ്പററിയേ വിവരിക്കുന്നുള്ളു. എന്നാൽ 'അഷീക്കാ' (Ashika) എന്ന ചരിത്രകൃതിയിൽ ഖുസ്രു കാഫറിന്റെ ഈ യുദ്ധയാത്ര തെക്കേകടൽത്തീരത്തുള്ള + പട്ടണംവരെ പ്രക്രമിച്ചതായി പറഞ്ഞിട്ടുണ്ട്. മാലിക് കാഫർ 1311 അവസാനത്തിലോ,

---

* മൂപ്പിനെപ്പററി അഭിപ്രായഭേദം ഉണ്ട്.

+ പട്ടണം രാമേശ്വരമോ അതിനടുത്ത കായൽപ്പട്ടണമോ ആയിരിക്കാം.

അടുത്തയാണ്ടു് ആദ്യമോ ഡെൽഹിയിലേക്കു തിരിച്ചു പോകയും ചെയ്തു.

പാണ്ടിദേശത്തു സ്ഥിരമായ ശക്തി സ്ഥാപിക്കാൻ കാഫർ യത്നിച്ചതായി തെളിവില്ല. എന്നാൽ മധുരയിൽ ഒരു നിലപ്പടയെ ഇട്ടിട്ടാണു് കാഫർ പോയതെന്നു് കൃഷ്ണസ്വാമി അയ്യങ്കാർ കരുതുന്നു. ഈ അംശത്തിൽ ശ്രീ. നീലകണ്ഠശാസ്ത്രി യോജിക്കുന്നില്ല. കാഫർ സുന്ദരപാണ്ഡ്യനെ സിംഹാസനത്തിൽ പുനഃസ്ഥാപിച്ചതിനോ മധുരയിൽ മുസ്ലീം നിലപ്പടയെ വിട്ടു എന്നതിനോ തെളിവില്ല എന്നാണു് ശ്രീ. ശാസ്ത്രി പറയുന്നതു് (Pandyan Kingdom 208). രണ്ടു പേരുടെയും അഭിപ്രായങ്ങൾക്കു താങ്ങായി തെളിവുകൾ പറഞ്ഞുകാണുന്നില്ല. സർ വുൾസ്‌ലി ഹെയ്ഗും (Sir Wolsely Haig) സ്മിത്തും (Smith) മധുരയിൽ നിലപ്പടയെ വിട്ടിട്ടാണു് കാഫർ പോയതെന്നു് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. (Oxford History of India, 233; Pandyan Kingdom, 203); ഹേഗിന്റെ മതമനുസരിച്ചു മാലിക്നായിബ്ബ് കേരളത്തിലെ രവിവർമ്മകുലശേഖരനോടു യുദ്ധം ചെയ്തതായിട്ടും കാണുന്നുണ്ടു്. ഈ വസ്തുതകൾ ഇരിക്കട്ടെ. മാലിക് കാഫർ മധുര വരെ വന്നുവെന്നും, അവിടെനിന്നും 1312-ൽ തിരിച്ചുപോയെന്നും ഉള്ളതിൽ ആർക്കും സംശയമില്ല. കൊള്ളയ്ക്കും കൊലയ്ക്കും വന്ന അയാളുടെ അനുചരന്മാർ പാണ്ടിനാട്ടിന്റെ എല്ലാ ഭാഗങ്ങളിലും പരന്നു കൊള്ള നടത്തിയിരിക്കും എന്നതു് വെറും സ്വാഭാവികമാണു്.

സംഗ്രാമധീരൻ പാണ്ഡ്യരാജ്യം ജയിക്കുന്നതു്

കാഫറുടെ ഈ ആക്രമണം കഴിഞ്ഞ ഉടൻ തന്നെ വേണാട്ടു രാജാവായ രവിവർമ്മസംഗ്രാമധീരൻ പാണ്ടിനാട്ടു് ആക്രമിച്ചു എന്നും, കാഞ്ചീപുരം വരെയുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്തി എന്നും ഉള്ളതിനു് കാഞ്ചീപുരത്തു് അരുളാളപ്പെരുമാൾ ക്ഷേത്രത്തിലെ രേഖ തന്നെ തെളിവാണു്. ഈ രേഖ പൂർണ്ണമായും ഞാൻ ലീലാതിലകപ്രവേശത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. (ലീ. 36). ആ സംസ്കൃതരേഖയിൽനിന്നു രവിവർമ്മയുടെ ചരിത്രത്തെപ്പറ്റി ലഭിക്കുന്ന വിവരങ്ങൾ ഈ ഘട്ടത്തിൽ പ്രസക്തമായതുകൊണ്ടു് ഇവിടെ സംഗ്രഹിക്കുന്നു.

'ചന്ദ്രവംശജനായി ജയസിംഹൻ എന്നൊരു രാജാവ് യദുരാജാക്കന്മാർക്കു നായകനായി കേരളത്തിൽ ഉണ്ടായി. അദ്ദേഹത്തിന് ഉമാദേവിയിൽ ഉണ്ടായ മകനാണ് രവിവർമ്മ. 'ദേഹവ്യാപ്യ' എന്ന ശകാബ്ദം 1188-ന് നേരായ കൊ. വ. 441-ൽ ആയിരുന്നു രവിവർമ്മയുടെ ജനനം. കലിയുഗത്തെ എന്നപോലെ ശത്രുക്കളെ ക്ഷയിപ്പിച്ചിട്ട് പാണ്ഡ്യരാജപുത്രിയെ ജയശ്രീയെപ്പോലെ സഹധർമ്മിണി ആക്കി. –ാമത്തെ വയസ്സിൽ കേരളപദത്തെ പ്രാപിച്ച് കൊല്ലം പട്ടണമെന്നപോലെ തന്റെ രാജ്യത്തെ രക്ഷിച്ചു. യുദ്ധത്തിൽ വീരപാണ്ഡ്യൻ എന്ന ശത്രുവിനെ ജയിച്ച്, പാണ്ഡ്യചോളന്മാരെ കേരളത്തിന് അധീനന്മാരാക്കി. 46-ാം വയസ്സിൽ വേഗവതിയുടെ തീരത്തിൽ വച്ച് കിരീടം ധരിച്ച് സിംഹാസനസ്ഥനായി വാണരുളി. പിന്നെ യുദ്ധത്തിൽ തോറ്റ് കൊങ്കണത്തിൽ അഭയംതേടിയ വീരപാണ്ഡ്യനെ വലിയ ഒരു സേനയൊത്ത് ആക്രമിച്ചു വടക്കുള്ള കാടുകളിലേക്ക് ഓടിച്ചശേഷം നാലാമത്തെ വർഷത്തിൽ കാഞ്ചീപുരത്ത് ശിലാരേഖ എഴുതിവച്ചു' ശേഷം ഭാഗം പ്രസക്തമല്ല.

ഈ രേഖ രവിവർമ്മയുടെ സ്വന്തരാജ്യമായ വേണാട്ടിലല്ല എഴുതിവച്ചിട്ടുള്ളത്. വേണാട്ടിൽനിന്ന് ഏതാണ്ട് 600-ഓളം മൈൽ ദൂരെയാണെന്നുള്ളത് ഇതിന്റെ ചരിത്രപ്രാധാന്യത്തെ പുഷ്ടിപ്പെടുത്തുന്നു. അന്നത്തെ ചരിത്രം അല്പമൊന്നു സങ്കല്പിക്കാം. സഹ്യാദ്രിക്കു കിഴക്ക് തെക്കേ ഇൻഡ്യയിൽ സകല രാജവംശങ്ങളും ക്ഷയിച്ചിരുന്നു. പരസ്പരമത്സരംകൊണ്ടും അവസാനമായി മുസ്ലീം ആക്രമണംകൊണ്ടും മാലിക് കാഫർ വിട്ടിട്ടുപോയ തെക്കേ ഇൻഡ്യ പരമദയനീയമായ ഒരു രംഗമായിരുന്നു.

കാഫറുടെ പടയുമായി രവിവർമ്മയ്ക്ക് ഏറ്റുമുട്ടേണ്ടിവന്നോ ഇല്ലയോ എന്നു ഖണ്ഡിച്ചുപറയാൻ യാതൊരു രേഖയും ഇല്ല. അങ്ങനെ ഒരു ഏറ്റുമുട്ടൽ ഉണ്ടായിട്ടില്ല എന്നുതന്നെ സങ്കല്പിക്കുക. എന്നാൽത്തന്നെയും കാഫറുടെ ആക്രമണം കഴിഞ്ഞ ഉടൻതന്നെ രവിവർമ്മ തെക്കേ ഇൻഡ്യ മുഴുവൻ ജയിക്കാനുള്ള സന്നാഹത്തോടുകൂടി സ്വരാജ്യത്തുനിന്നു പുറപ്പെട്ട് അറുനൂറോളം മൈൽ സഞ്ചരിച്ച് രാജ്യം വെട്ടിപ്പിടിച്ചു കീഴടക്കി എന്നതിനു യാതൊരു സംശയവുമില്ലല്ലോ. കാഫർ പോയതിനു ശേഷമേ രവിവർമ്മ പുറപ്പെട്ടുള്ളു എന്നു തന്നെ കല്പിക്കുക. എന്നാൽ ഇരു

ത്തോളം വലുതായ ഒരു സൈന്യസന്നാഹം ചെയ്യുന്നതിനു കുറച്ചു കാലം വേണം എന്നുള്ളതു് ആക്കും മനസ്സിലാകാവുന്നതാണു്. അല്ലെങ്കിൽ 'സർവ്വാഭിസാരസന്നാഹമായ' ഒരു സൈന്യസജ്ജീകരണം മുൻപേ തന്നെ രവിവർമ്മയ്ക്കു് ഉണ്ടായിരിക്കണം. ഏതായാലും കാഫറോടു ഏററുമുട്ടിയെങ്കിലും ഇല്ലെങ്കിലും അയാളോടു് എതിരിടത്തക്ക സൈന്യസജ്ജീകരണം സംഗ്രാമധീരനു് ഉണ്ടായിരിക്കണമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

കാഫറുടെ വൻപിനെപ്പററി വളരെ പൊലിപ്പിക്കുന്ന 'ചരിത്രദൃഷ്ടിയിൽ കൂടി' എന്ന ഗ്രന്ഥം രവിവർമ്മയെപ്പററി ചെയ്യുന്ന പരിഹാസപ്രസ്താവം കുറെ കടന്നുപോയി എന്നല്ലാതെ എന്തു പറയട്ടെ? ആ ഗ്രന്ഥത്തിൽ പറയുന്നു:—'വീരപാണ്ഡ്യൻ ചോരസമുദ്രത്തിലേക്കു് ഒരു സേനയെ അയച്ചതിന്റെ ഫലം മധുര, തൃശ്ശിനാപ്പള്ളി, വൃദ്ധാചലം, ചിദംബരം മുതലായ സ്ഥലങ്ങളിലെ ദേവന്മാരും ജനങ്ങളും അനുഭവിച്ചു. അതുപോലെ ഒരു അനുഭവം വേണാട്ടിൽ ഉണ്ടാകുവാൻ സംഗ്രാമധീരൻ ഒരുമ്പെട്ടില്ലെന്നുള്ളതിനു് കാഫറുടെ യുദ്ധത്തെ സംബന്ധിച്ച ദിവസംതോറുമുള്ള വിവരങ്ങൾ എഴുതിയിട്ടുള്ള അമീർ ഖുസ്രു സാക്ഷിയാണു്' (ഉ. ച. 39). തിരുവിതാംകൂറിന്റെ അന്നത്തെ സ്ഥിതി പാണ്ടിനാട്ടിനെപ്പോലെ ആണെന്നു് കരുതിയിട്ടായിരിക്കാം ഈ പ്രസ്താവന നടത്തിയിട്ടുള്ളതു്. ആ സ്ഥിതി അങ്ങനെയല്ല എന്നു് രവിവർമ്മയുടെ അനന്തരവിജയങ്ങൾ കൊണ്ടെങ്കിലും മനസ്സിലാക്കേണ്ടതു് ചരിത്രകാരന്റെ കർത്തവ്യമാണു്. തൃശ്ശിനാപ്പള്ളിയിലെയും വൃദ്ധാചലത്തിലെയും ജനങ്ങളെപ്പോലെ വേണാട്ടിലെ ജനങ്ങൾ അനുഭവിക്കുമായിരുന്നു എന്നു സൂചിപ്പിക്കുന്നതു് അക്കാലത്തെ കേരളീയ സൈന്യങ്ങളുടെ വീര്യത്തെപ്പററി വലിയ അറിവില്ലാത്തതുകൊണ്ടായിരിക്കുമോ? അക്കഥ ഇരിക്കട്ടെ.

രവിവർമ്മയുടെ
ദക്ഷിണഭാരതവിജയത്തിന്റെ ഉദ്ദേശം

രവിവർമ്മസംഗ്രാമധീരൻ എന്തിനു് ആയിരിക്കാം പാണ്ടിയിലേക്കു പുറപ്പെട്ടതു്? മാലിക്കാഫറെപ്പോലെ കൊള്ള നടത്തി കുറെ മുതലുണ്ടാക്കാൻ ആയിരിക്കുമോ? മാലിക്കാഫർ മധുര തുടങ്ങിയുള്ള ക്ഷേത്രങ്ങൾ ധ്വംസിച്ചപ്പോൾ രവിവർമ്മയും

ശൈവമുള്ള ക്ഷേത്രങ്ങളെ ധ്വംസിക്കാനായിട്ടാണോ യുദ്ധയാത്ര പോയതു്? അതിലേക്കാണോ കാഞ്ചീപുരം രേഖയും എഴുതി വച്ചതു്! രവിവർമ്മയെയും മാലിക് കാഫറെയും താരതമ്യപ്പെടുത്തുകയോ? സത്യസ്ഥിതി എന്തായിരിക്കണം! രവിവർമ്മ ഒരു വേള മാലിക് കാഫറെ കാത്തിരുന്നിരിക്കണം. അയാൾ തോവാള കടന്നു് വേണാട്ടിൽ കാലുവച്ചെങ്കിൽ അതിന്റെ ഫലം അനുഭവിക്കുമായിരുന്നു. കുറേ ശതാബ്ദങ്ങൾ കഴിഞ്ഞു് കാഫറെക്കാളും പരാക്രമശാലിയായ ടിപ്പു ആക്രമണത്തിനു് വന്നപ്പോഴും പ്രകടമായ തിരുവിതാംകൂർ സൈന്യത്തിന്റെ പൗരുഷം കാഫറിനും കാണാമായിരുന്നു. അങ്ങനെയൊരു സന്ദർഭം എന്തായാലും രവിവർമ്മയ്ക്കു് കിട്ടിയതായി തോന്നുന്നില്ല. അതുകൊണ്ടു തന്നെ ആയിരിക്കണം കാഫറുടെ കൊള്ളയും കൊലയുംകൊണ്ടു് വലഞ്ഞുകിടന്ന പാണ്ടിനാട്ടിനെ തന്റെ പൗരുഷചികിത്സകൊണ്ടു സമുദ്ധരിച്ചു് ധർമ്മത്തെ പുനഃസ്ഥാപിക്കാനും സമാധാനത്തെ പ്രതിഷ്ഠിക്കാനും അദ്ദേഹം പാണ്ടിനാട്ടിലോട്ടു കടന്നതു് കാഫറെയാകട്ടെ, അയാളുടെ സൈന്യത്തെ ആകട്ടെ അവിടെ വച്ചു കാണുകയില്ലെന്ന വിശ്വാസത്തോടെയാണോ രവിവർമ്മ വേണാട്ടിൽനിന്നും പുറപ്പെട്ടതു്? ഗേഹേശൂരനായി വേണാട്ടിലിരുന്നു വമ്പു പറയുകയല്ല രവിവർമ്മ ചെയ്തതു്. മാലിക് കാഫർ വന്ന നാട്ടിലേക്കു ചെല്ലുകയാണു്. അയാൾ നശിപ്പിച്ച സ്ഥലങ്ങളെയും ക്ഷേത്രങ്ങളെയും ഉദ്ധരിക്കാനായി തന്റെ കരുത്തു് ഉപയോഗിക്കാനായിരുന്നു ആ യാത്രയുടെ ഉന്നം.

സംഗ്രാമധീരന്റെ
സൈന്യം മുസ്ലീംപടയെ എതിരിട്ടിരിക്കും

മാലിക്കാഫർ ഒരു നിലപ്പടയെ മധുരയിൽ പാർപ്പിച്ചിരുന്നു എന്നു മുമ്പു് സൂചിപ്പിച്ചുവല്ലോ. നിലപ്പടയുണ്ടെന്നു് ശ്രീ. കൃഷ്ണസ്വാമി അയ്യങ്കാർ പറയുന്നതിനെ അംഗീകരിക്കാതിരിക്കാൻ ശ്രീ. നീലകണ്ഠശാസ്ത്രി യുക്തിയൊന്നും കാണിച്ചിട്ടില്ല. നിലപ്പട ഉണ്ടായിരുന്നു എങ്കിൽ ആ പടയെ രവിവർമ്മ നിശ്ചയമായും എതിരിട്ടു് തോല്പിച്ചിട്ടായിരിക്കുമല്ലോ പാണ്ടിനാടു ജയിച്ചതു്. അങ്ങനെ സംഗ്രാമധീരനു് തുലുക്കൻ പടയോടു് സംഘട്ടനത്തിനു വേണ്ട സന്ദർഭം ഉണ്ടായിരുന്നു. നിലപ്പട അവിടെ ഇല്ലായിരുന്നു എന്നു തന്നെ സങ്കല്പിക്കുക. എന്റെ പക്ഷത്തിനു് അതുകൊണ്ടും ശക്തിക്ഷയം നേരിടുന്നില്ല. മാലിക്കാഫറുടെ അനുചരന്മാരായി വന്ന തുലുക്കന്മാരിൽ പലരും പാണ്ടിനാട്ടിന്റെ നാനാഭാഗ

ങ്ങളിലും കൊള്ള നടത്താൻ സംഘംചേർന്ന് സഞ്ചരിച്ചിരുന്നിരിക്കണം. അവരെ വേണാട്ടിലെ സൈന്യം എതിർത്തിരിക്കയില്ലെന്ന് എന്താണിത്ര നിശ്ചയം? എതിർത്തിരിക്കണമെന്നതിന്നു തെളിവെന്തെന്നു ചോദിച്ചാൽ അതിന്ന് ഉത്തരം ഉണ്ട്. രാമേശ്വരം വരെ കാഫറുടെ സൈന്യത്തിന്റെ ഒരു ഭാഗം വന്നതായി രേഖയുള്ളത് സ്മരിച്ചിട്ടുണ്ടല്ലോ. ആ മുസ്ലീങ്ങളും എല്ലാവരും ഒന്നു വിടാതെ തെക്കെ ഇൻഡ്യയിൽ നിന്നു പോയതിനു ശേഷം മാത്രമാണ് സംഗ്രാമധീരൻ പാണ്ടിയിലേക്കു കടന്നതെന്ന് ശാഠ്യം പിടിച്ചാലല്ലാതെ രവിവർമ്മ തുലുക്കന്മാരോടു ഇടഞ്ഞിട്ടില്ലെന്നു സിദ്ധാന്തിക്കാൻ സാധിക്കയില്ല. അങ്ങനെ ഒരു ശാഠ്യം പിടിക്കാൻ വേണ്ട ന്യായമുണ്ടെന്നു ഞാൻ കരുതുന്നില്ല.

“രവിവർമ്മ കാഫറുമായി യുദ്ധം ചെയ്തിരിക്കാമെന്ന് ചിലർ സങ്കല്പിച്ചിട്ടുള്ളത് സകല ചരിത്രരേഖകൾക്കും കടക വിരുദ്ധമാണ്” എന്നുള്ള 'ചരിത്രദൃഷ്ടി'യിലെ പ്രസ്താവന മേൽ പറഞ്ഞ സംഗതികളെ സ്മരിച്ചുകൊണ്ടു വേണം പരിശോധിക്കേണ്ടത്. പ്രശസ്ത ചരിത്രകാരന്മാരായ സ്മിത്തും ഹേഗും ആണ് രവിവർമ്മയും കാഫറുമായി സംഘട്ടനമുണ്ടായെന്ന് സ്മരിക്കുന്നവർ. രവിവർമ്മയും കാഫറുമായി നേരിട്ട് സംഘട്ടനമുണ്ടായെന്ന് എനിക്ക് അഭിപ്രായമില്ല. രവിവർമ്മയുടെ സൈന്യത്തിന് തുലുക്കൻ പടയുമായി സംഘട്ടനമുണ്ടായാൽ മതി എന്റെ അഭിപ്രായത്തിൽ. തുലുക്കൻപടക്കോപ്പിനെപ്പറ്റിയുള്ള സൂചന ഒരു യുദ്ധത്തെപ്പറ്റിയുള്ളതല്ല, അതിർത്തിപ്പടയെപ്പറ്റി ആണെന്ന് സർദാർ പറയുന്നത് സാരാംശത്തിൽ ഞാനു അംഗീകരിക്കുന്നതു അതുകൊണ്ടാണ്. അതിർത്തിയിൽ വച്ച് ആയാലും ശരി, പാണ്ടിനാട്ടിൽ എവിടെ വച്ചായാലും ശരി തുലുക്കന്മാരുമായി രവിവർമ്മയുടെ സൈന്യങ്ങൾക്ക് സംഘട്ടനം ഉണ്ടാകാമായിരുന്നതേയുള്ളു എന്നാണ് എന്റെ നിശ്ചയമായ അഭിപ്രായം. കാഫർ വന്നിട്ട് തിരിച്ചു പോയ ഉടൻ തന്നെ രവിവർമ്മയുടെ സൈന്യം പാണ്ടിനാട്ടിൽ കടന്ന് കാഞ്ചീപുരം വരെ ചെന്നുകൊണ്ട് തുലുക്കൻ പടയുമായി അവർ ഏറ്റുമുട്ടി ഇരിക്കണം.

തുലുക്കൻപടയെപ്പറ്റി ലീലാതിലകത്തിൽ

രവിവർമ്മയും തുലുക്കൻ പടയുമായി ഏറ്റുമുട്ടുക അസംഭാവ്യമാണെന്നുള്ള വാദം മേൽപ്പറഞ്ഞ യുക്തികളാൽ നിരസിക്കാം.

ഇനി സംഗ്രാമധീര രവിവർമ്മയെ തുലുക്കൻ പടയുമായി സംബന്ധിപ്പിക്കുന്ന മററു പരാമർശങ്ങൾ ഉണ്ടോ എന്നു നോക്കാം. ലീലാതിലകത്തിലെ രണ്ടു പദ്യങ്ങളിൽ ഒരു പാണ്ഡ്യയുവാവു് തുരുഷ്കരെ തുരത്തിയതായും, ഒരു വിക്രമപാണ്ഡ്യൻ ശത്രുരാജാക്കന്മാരെ കാററതു പഞ്ഞിയെപ്പോലെ പറത്തിയതായും പറഞ്ഞിട്ടുണ്ടു് (ലീ-222-ം 223-ം ശ്ലോകങ്ങൾ നോക്കുക). പാണ്ഡ്യയുവാവെന്നു പരാമർശിക്കുന്നതു് വിക്രമപാണ്ഡ്യനെത്തന്നെയാണെന്നു് പറഞ്ഞിട്ടുണ്ടു് (ലീ-174). തുരുഷ്കരെ ഓടിച്ചതായി പറഞ്ഞിട്ടുള്ള ഈ വിക്രമപാണ്ഡ്യൻ സംഗ്രാമധീര രവിവർമ്മയുടെ കാലത്തുള്ള ഒരു വിക്രമപാണ്ഡ്യനെന്നാണു് എൻെറ മതം (ലീ. പ്ര 39-40). 'ചരിത്രദൃഷ്ടിയിൽ' കാണുന്ന വിക്രമപാണ്ഡ്യൻ ആറാം ശതകത്തിൻെറ അന്ത്യഘട്ടംവരെ ജീവിച്ചിരുന്ന ആളാണു് (ഉ. ച. 11). അതായതു് സംഗ്രാമധീര രവിവർമ്മയുടെ മരണം കഴിഞ്ഞു് ഏതാണ്ടു് ഒരു നൂററാണ്ടിനു് ഇപ്പുറത്തോളം ജീവിച്ച ഒരു വിക്രമപാണ്ഡ്യനെയാണു്. അതിനു് കാരണമായി പറയുന്നതു് 185-നും 500-നും ഇടയ്ക്കു് മറെറാരു വിക്രമ പാണ്ഡ്യൻ ജീവിച്ചിരുന്നതായി ഇന്നുവരെ ഒരു രേഖകൊണ്ടും തെളിഞ്ഞിട്ടില്ല എന്നതാണു് (ഉ. ച. 11). രവിവർമ്മയുടെ പാണ്ഡ്യപുത്രീപരിഗ്രഹത്തിലും ഈ സിദ്ധാന്തത്തിൻെറ അനന്തര ഫലമായി 'ചരിത്രദൃഷ്ടി'ക്കു വേറൊരു സിദ്ധാന്തവും കൂടി അംഗീകരിക്കേണ്ടിവരുന്നു. വേണാട്ടിലെ ഒരു രവിവർമ്മ വിക്രമപാണ്ഡ്യനെ പടയിൽ തോല്പിച്ചു പിടിച്ചു് പാണ്ഡ്യരാജാവിനു് കൊടുത്തിട്ടു് വിക്രമപാണ്ഡ്യൻെറ പുത്രിയെ വിവാഹംകഴിക്കുന്നതായി ലീലാതിലകത്തിൽ ഒരു ശ്ലോകം ഉണ്ടു്.

ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ കൃഷ്ണാപാല ബാലോ ബലീ
വേണാട്ടിന്നടയോരു വീരരവിവർമ്മാഖ്യോ യദൂനാംപതിഃ
പാണ്ഡ്യം വിക്രമപൂർവ്വകം പടയിൽ വച്ചാട്ടിപ്പിടിച്ചങ്ങനെ
പാണ്ഡ്യേശായ കൊടുത്തു തസ്യ തനയാം പത്മാനനാമഗ്രഹീൽ
(ലീ-220)

ഈ ശ്ലോകത്തിൽ പരാമർശിക്കുന്നതു് സംഗ്രാമധീര രവിവർമ്മയുടെ ബാല്യവിക്രമവും അതിൻെറ ഫലമായിട്ടുള്ള പാണ്ഡ്യതനയാപരിഗ്രഹണവും ആണെന്നു് അത്രെ എൻെറ അഭിപ്രായം (ലീ. പ്ര 18).

'ജയശ്രീവൽകൃതാ നിജ സഹചരീം പാണ്ഡ്യതനയാം' എന്നു് സംഗ്രാമധീര രവിവർമ്മയുടെ കാഞ്ചീപുരം ശാസനത്തിൽ

കാണുന്ന ഭാഗത്തിന്റെ ഒരു പരാവർത്തനമാണ് 'ദ്രോണായ രൂപകം' എന്ന മലയാളപദ്യത്തിൽ കാണുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ചരിത്രദൃഷ്ടിയിൽ 'ദ്രോണായ രൂപകം' എന്ന പദ്യത്തിൽ പരാമർശിക്കുന്ന രവിവർമ്മ ആറാം ശതകത്തിന്റെ അന്ത്യപാദത്തിൽ കവിവേലകളും യുദ്ധത്താൽ പ്രസിദ്ധനായിത്തീർന്ന രവിവർമ്മയാണെന്ന് അഭിപ്രായപ്പെടുന്നു. (ഉ. ച. 12). തുരുഷ്കന്മാരെ തുരത്തിയ വിക്രമപാണ്ഡ്യനും സംഗ്രാമധീരരവിവർമ്മയും തമ്മിൽ ബന്ധമുണ്ടെന്നു വന്നാൽ 'ചരിത്രദൃഷ്ടിക്ക്' ദോഷം സംഭവിക്കുമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ ഒരു നൂററാണ്ടു മുൻപോട്ടു സഞ്ചരിച്ച് ഒരു വിക്രമനെ കണ്ടുപിടിച്ചത്. എന്നാൽ ഈ കണ്ടുപിടിത്തത്തിന്റെ ഫലം എന്തെല്ലാമെന്നു നോക്കാം.

അന്നു ഏതു വിക്രമനെ പടയിൽ പിടിച്ച് ഏതു പാണ്ഡ്യരാജാവിനു കൊടുത്തിട്ടാണ് രവിവർമ്മ പാണ്ഡ്യരാജപുത്രിയെ പാണിഗ്രഹണം ചെയ്യുന്നത്? സംഗ്രാമധീര രവിവർമ്മ പാണ്ഡ്യതനയയെ പാണിഗ്രഹണം ചെയ്യുന്നുള്ള ചരിത്രവസ്തുത കാഞ്ചീപുരത്തെ ശാസനംകൊണ്ട് തെളിയുന്ന സ്ഥിതിക്ക് വേണാട്ടിലെ വേറൊരു രവിവർമ്മ വേറൊരു പാണ്ഡ്യനെ പിടിച്ചുകെട്ടി പിന്നെയും പാണ്ഡ്യപുത്രിയെ വിവാഹം കഴിച്ചെന്ന് പ്രത്യേകം തെളിവു കൂടാതെ എന്തിനു കല്പിക്കണം? രണ്ടു ശ്ലോകമനുസരിച്ചും വേണാട്ടിലെ രവിവർമ്മ. രണ്ടിലും രവിവർമ്മ പാണ്ഡ്യരാജപുത്രിയെ വിവാഹം കഴിക്കുന്നു. ഒന്നിൽ ജയശ്രീയെപ്പോലെ പാണ്ഡ്യരാജപുത്രിയെ തന്റെ സഹചരി ആക്കിയെന്നും, മററതിൽ വിക്രമപാണ്ഡ്യനെ പിടിച്ച് പാണ്ഡ്യരാജാവിനു കൊടുത്തിട്ട് അദ്ദേഹത്തിന്റെ പുത്രിയെ വിവാഹം കഴിച്ചു എന്നുമാണ് പ്രസ്താവം. ഇവയെ ബലാൽ രണ്ടെന്നു കല്പിച്ചാൽ തന്നെയും ആ കല്പനകൾ മററ് ഏതെല്ലാം കഥകളോടാണ് ഏററു മുട്ടുന്നത്? രവിവർമ്മ പടയിൽ ഒട്ടിപ്പിടിച്ച വിക്രമനും തുലുക്കൻപടയെ തോല്പിച്ച വിക്രമനും ഒന്നാണെന്നു ചരിത്രദൃഷ്ടിയിൽ സമ്മതിക്കുന്നുണ്ടല്ലോ (ഉ. ച. 11–12). ആറാം ശതകത്തിന്റെ അവസാനത്തിൽ ഏതു വിക്രമപാണ്ഡ്യനാണ് തുരുഷ്കന്മാരെ ഓടിക്കാൻ ശക്തനായി വന്നത്? മാലിക് കാഫറുടെ ആക്രമണത്തിനു ശേഷം പാണ്ഡ്യശക്തി മിക്കവാറും സമ്പൂർണ്ണമായിത്തന്നെ ക്ഷയിച്ച് കാലക്രമേണ നാമമാത്രമായിത്തീർന്നല്ലോ. 1403 തൊട്ട് 1422

വരെ കററാലത്തിനു് അടുത്ത പ്രദേശത്തു് അധികാരം വഹിച്ചിരുന്ന ജടാവർമ്മവിക്രമ പാണ്ഡ്യനെപ്പററി ആയിരിക്കാം 'ചരിത്രദൃഷ്ടിയിൽ കൂടി' കാണുന്നതു്. (Pandyan Kingdom P. 248). ആ വിക്രമപാണ്ഡ്യൻ ഏതു് തുരുഷ്കരോടാണു് യുദ്ധം ചെയ്തതു്? അതിനു് വേണ്ട ശക്തി അദ്ദേഹത്തിനു് എവിടെ? ആ വിക്രമപാണ്ഡ്യനെപ്പററി ഒരു മലയാളകവി എന്തിനുവേണ്ടി കവിതയെഴുതണം? പുസ്തകത്തിൽ ആറാം ശതകത്തിന്റെ അവസാനത്തോടുകൂടി ഒരു വിക്രമപാണ്ഡ്യനെ കണ്ടുപിടിക്കാം എന്നല്ലാതെ അദ്ദേഹത്തിനു് വേണാടുമായോ, തുലുക്കന്മാരുമായോ ആരുമായോ സംബന്ധമുണ്ടായി എന്നു കണ്ടുപിടിക്കാൻ പ്രയാസമാകും.

സംഗ്രാമധീരൻ തന്നെ 'പ്രദ്യുമ്നാഭ്യുദയത്തിലെ' രവിവർമ്മ

ജയശ്രീയെപ്പോലെ പാണ്ഡ്യതനയയെ പരിഗ്രഹിച്ചുവെന്നു് കാഞ്ചീപുരം ശാസനത്തിൽ പ്രസ്താവിക്കുന്ന രവിവർമ്മയ്ക്കു ബന്ധമുള്ള വിക്രമപാണ്ഡ്യനെ മുട്ടിക്കുന്നതും അദ്ദേഹത്തിന്റെ പുത്രിയെ പാണിഗ്രഹണം ചെയ്യുന്നതും മലയാള പദ്യത്തിൽ പരാമർശിക്കുന്നു. ഇവ രണ്ടും ഒന്നാണെന്നു് പ്രത്യക്ഷമായി തോന്നുന്ന സ്ഥിതിക്കു് ഒന്നാകാൻ പാടില്ലാത്ത യുക്തികൾ ഉണ്ടെങ്കിൽ മാത്രമേ മറിച്ചു് അഭിപ്രായം സ്വീകരിക്കേണ്ടതായിട്ടുള്ളു. കൊ. വ 475-ാം 600-ാം (ക്രി വ. 1300-ാം, 1425-ാം) ഇടയ്ക്കു മറെറാരു വിക്രമപാണ്ഡ്യൻ ജീവിച്ചിരുന്നതായി രേഖയില്ലെന്നാണു് ഇതിനു കാരണമായി 'ചരിത്രദൃഷ്ടി'യിൽ കാണുന്നതു്. കൊ. വ. 475 എന്നു് എന്തിനായിട്ടു് എടുത്തു എന്നു വ്യക്തമല്ല. രവിവർമ്മ പടയിൽവച്ചു് ആട്ടിപ്പിടിക്കുന്നതായും തുരുഷ്കന്മാരോടു യുദ്ധം ചെയ്യുന്നതായും ഉള്ള രണ്ടു ഘട്ടങ്ങളിലാണു് വിക്രമപാണ്ഡ്യനെ പരാമർശിക്കുന്നതു്. രവിവർമ്മയുടെ 33-ാമത്തെ വയസ്സിനു മുമ്പാണു് പാണ്ഡ്യരാജതനയയെ സഹചരിയാക്കി പരിഗ്രഹിക്കുന്നതു് എന്നുള്ളതുകൊണ്ടു് അതിനു മുൻപു് വിക്രമപാണ്ഡ്യൻ ഉണ്ടായിരുന്നെന്നു് കല്പിച്ചാലും മതി. അന്നു് മാറവർമ്മൻ വിക്രമപാണ്ഡ്യൻ ജീവിച്ചിരുന്നു. (Pandyan Kingdom, 189) ഭുവനൈകവീരനെന്നും കൊലൈക്കാവലനെന്നും അദ്ദേഹത്തിനു് ബിരുദങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു ശാസനത്തിൽ വേണാടു ജയിച്ചതായി പ്രസ്താവമുണ്ടെന്നു് ശ്രീ. നീലകണ്ഠ

ശാസ്ത്രി ചൂണ്ടി കാണിക്കുന്നു. (Pandyan Kingdom, 190). ഈ അവകാശവാദം ആത്മപ്രശംസ മാത്രമാണെന്നും ശാസ്ത്രികൾ സൂചിപ്പിക്കുന്നുണ്ടു്. വേണാട്ടു ജയിച്ചെന്നു പറയുന്നതുകൊണ്ടു വേണാടുമായി വിക്രമന് ഒരു സംഘട്ടനം ഉണ്ടായി എന്നു സൂചിപ്പിക്കുന്നതായി കരുതാം. വിക്രമൻ അധികാരത്തിൽ വന്നതു് ക്രി. വ. 1283 ഇടയ്ക്കു് ആയിരുന്നു എന്നു കാണുന്നു. അതായതു് കൊ. വ. 458-ാമാണ്ടു്. അന്നു് സംഗ്രാമധീര രവിവർമ്മയ്ക്കു് പതിനേഴു വയസ്സു കാണുന്നു. 'ദ്രോണായ രൂപദം' എന്ന പദ്യത്തിൽ ഞാൻ സ്വീകരിച്ചിട്ടുള്ള പാഠം അനുസരിച്ചു് 'ക്ഷ്മാപാലബാലോ - ബലീ വേണാട്ടിന്നുടയോരു വീരരവിവർമ്മാഖ്യോ യൂനാം പതിഃ' എന്നാണു്. വിക്രമനുമായി സംഘട്ടനം ഉണ്ടായപ്പോൾ രവിവർമ്മയ്ക്കു് 'ക്ഷ്മാപാലബാലൻ' എന്നു കരുതത്തക്ക പ്രായമേ ആയിട്ടുള്ളു. (ക്ഷ്മാപാലനാലാം എന്നാണു് മററു ചിലർ അംഗീകരിക്കുന്നതു്. ആ സംഗതി നിൽക്കട്ടെ.) വിക്രമൻ വേണാട്ട് ആക്രമിച്ചിരിക്കാം. ആ യുദ്ധത്തിൽ വിക്രമനെ ആട്ടിപ്പിടിച്ചു് അന്നത്തെ പാണ്ഡ്യ രാജാവിനു് കൊടുത്തിരിക്കാം എന്നു് ഈ പദ്യത്തിൽനിന്നു സിദ്ധിക്കുന്നു. അന്നു് പാണ്ടി പല രാജാക്കന്മാരുടെയും അധികാരത്തിൽ അമർന്നിരുന്നുവെന്നും, അവർക്കു് പരസ്പരം സംഘർഷം ഉണ്ടായിരുന്നു എന്നും തെളിവുണ്ടു്. (Pandyan Kingdom, 190) അതിനാൽ വിക്രമപാണ്ഡ്യനെ സംഗ്രാമധീരൻ യുദ്ധത്തിൽ പിടിച്ചു എന്നു പറയുന്നതിൽ തീരെ അസാംഗത്യം ഇല്ല.

വിക്രമപാണ്ഡ്യനും തുലുക്കപ്പടയും

ഇനി ഒന്നു് ആലോചിക്കാനുള്ളതു് വിക്രമപാണ്ഡ്യൻ തുലുക്കൻപടയെ തുരത്തി എന്നു പറയുന്നതിനെപ്പററിയാണു്. രവിവർമ്മ യുദ്ധത്തിൽ തടവുകാരനാക്കിയ വിക്രമപാണ്ഡ്യൻതന്നെ ആണോ ഇതു്. ആയിരിക്കണം എന്നാണു് എന്റെ പ്രബലമായ വിശ്വാസം. ഈ വിക്രമപാണ്ഡ്യനെപ്പററി അവസാനമായിട്ടു കാണുന്ന രേഖ അനുസരിച്ചു് അദ്ദേഹത്തിന്റെ ഭരണം ക്രി. വ. 1296-വരെ (കൊ. വ. 471-വരെ) എങ്കിലും ഉണ്ടായിരുന്നു എന്നു് ശ്രീ. നീലകണ്ഠശാസ്ത്രി ഊഹിക്കുന്നു (Pandyan Kingdom, p. 190) തുലുക്കൻപട വരുന്നതു് 1310 (485-ാമാണ്ടിൽ ആണു്) അതായതു് 14 വർഷംകൂടി കഴിഞ്ഞിട്ടാണു്. ശ്രീ. ശാസ്ത്രി

വിക്രമന്റെ മരണാന്ത്യത്തെപ്പററി സൂചിപ്പിക്കുന്നതു വളരെ കരുതലോടെയാണു്. 1296-വരെയെങ്കിലും വിക്രമന്റെ മരണം തുടൎന്നിരിക്കണം എന്നേ അദ്ദേഹം പറഞ്ഞിട്ടുള്ളു. വിക്രമന്റെ മരണാന്ത്യത്തെപ്പററി കൃത്യമായ തെളിവു് ഇല്ലാത്ത സ്ഥിതിക്കു് അദ്ദേഹത്തിന്റെ കാലം നാനൂററി എഴുപത്തിയൊന്നോടെ അവസാനിച്ചു എന്നു ഖണ്ഡിച്ചു പറഞ്ഞുകൊണ്ടു്. ലീലാതിലക പദ്യത്തിൽ തുരുഷ്കന്മാരുമായി യുദ്ധം ചെയ്തുവെന്നു പറയുന്ന വിക്രമനെ പിടിച്ചു രവിവൎമ്മ വേറൊരാളാണെന്നു വരുത്താനുള്ള യത്നം സാധൂകരിക്കാവുന്നതായി തോന്നുന്നില്ല. ഇനിയും അന്നു് വേറൊരു വിക്രമപാണ്ഡ്യൻ ഉണ്ടായിരുന്നുവെന്നു് എങ്ങനെ നിശ്ചയിച്ചു പറയാം? രേഖയിൽ പെടാത്തവരൊന്നും ഇല്ല എന്നു് സിദ്ധാന്തിക്കാമോ? ഇത്രയും പറഞ്ഞതിൽ നിന്നു്, സംഗ്രാമധീരന്റെ കാലത്തു് ഭുവനൈകവീരൻ വിക്രമപാണ്ഡ്യൻ ജീവിച്ചിരുന്നതായി യാതൊരു രേഖയും ഇല്ല എന്നു് 'ചരിത്രദൃഷ്ടിയിൽ കൂടി' പ്രസ്താവിച്ചിരിക്കുന്നതു് സ്വീകാൎയ്യമല്ല എന്നു കാണാവുന്നതാണല്ലോ.

471-വരെ മാത്രമേ വിക്രമൻ ജീവിച്ചിരുന്നുള്ളു എന്നു വിധിച്ചാൽ തന്നെയും രവിവൎമ്മയ്ക്കു് [illegible] വയസ്സാകുന്നതുവരെ വിക്രമൻ ജീവിച്ചിരുന്നതായി തെളിയും. അതുകൊണ്ടു് വിക്രമനെ തോല്പിക്കുന്നതിനു രവിവൎമ്മയ്ക്കു് അസാദ്ധ്യമാണെന്നുള്ള വാദം തീരെ നിരസിക്കേണ്ടിയിരിക്കുന്നു. സംഗ്രാമധീര രവിവൎമ്മയുടെ കാലത്തുള്ള വിക്രമനെയല്ല ലീലാതിലക പദ്യങ്ങളിൽ പരാമൎശിക്കുന്നതെന്നു കാണിക്കാൻ 'ചരിത്രദൃഷ്ടിയിൽ' തുടൎന്നു ചില പ്രസ്താവനകളും ഉണ്ടു്. സംഗ്രാമധീരന്റെ കാലത്തു് വിക്രമപാണ്ഡ്യനുമില്ല സുന്ദരപാണ്ഡ്യനുമില്ല എന്നാണു് ചുരുക്കത്തിൽ ആ വാദം ചെന്നു് അവസാനിക്കുന്നതു് (ദ. ച 14). ഇതു് സത്യത്തിൽനിന്നു കുറേക്കൂടി വ്യതിചലിച്ചുപോയി എന്നു പറയണം. സംഗ്രാമധീരന്റെ കാലം കൊ. വ. 441 തൊട്ടു് 433 വരെ (ക്രി. വ. 1266 തൊട്ടു് 1315 വരെ) ആയിരുന്നല്ലോ. അന്നു വിക്രമപാണ്ഡ്യനും സുന്ദരപാണ്ഡ്യനും ഇല്ലെന്നോ? വലിയ ഗവേഷണം കൂടാതെ കണ്ടുപിടിക്കാവുന്ന കാൎയ്യമാണു് ഇതു്. ജടാവൎമ്മ സുന്ദരപാണ്ഡ്യൻ 1276-ൽ അതായതു് രവിവൎമ്മയ്ക്കു് പത്തുവയസ്സുള്ളപ്പോഴും കുലശേഖരന്റെ കൂടെ ഉപരാജാവായിരുന്നു. (Pandyan Kingdom p.183) ക്രി. വ. 1293 വരെ എങ്കിലും അദ്ദേഹം ഭരിച്ചിരിക്കുന്നു.

1283 തൊട്ടു് അതായതു് രവിവർമ്മയ്ക്കു് 17 വയസ്സുള്ള കാലത്തു് മാറവർമ്മ വിക്രമപാണ്ഡ്യനും ഉപരാജാവായിത്തീർന്നു. പിന്നെ എങ്ങനെയാണു് മേല്പറഞ്ഞ പ്രസ്താവം അംഗീകരിക്കാവുന്നതു്? “വിക്രമപാണ്ഡ്യനെ പിടിച്ചു് സുന്ദരപാണ്ഡ്യനെ ഏല്പിച്ചു എന്ന കഥ നമ്മുടെ സാഹിത്യകാരന്മാർ എല്ലാംകൂടി കൂട്ടിക്കലത്തിയുണ്ടാക്കിയതാണു്” എന്ന ‘ചരിത്രദൃഷ്ടി’യിലെ പ്രസ്താവം (ഉ. പു. 15) ഇങ്ങനെ നിരാധാരമായിത്തീരുന്നു. ‘ചരിത്രദൃഷ്ടി’യിൽ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുന്ന പല ആണ്ടുകളും പാണ്ഡ്യചരിത്രം അനുസരിച്ചല്ല എന്നു് നീലകണ്ഠശാസ്ത്രികളുടെ ഗ്രന്ഥവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ മനസ്സിലാകുന്നതാണു്.

ഈ ചർച്ചയിൽ നിന്നു് ലീലാതിലകപദ്യങ്ങളിൽ പരാമർശിക്കുന്ന വിക്രമപാണ്ഡ്യൻ സംഗ്രാമധീരന്റെ സമകാലീനനെന്നു ഗണിക്കുന്നതിനു് അയുക്തിയില്ലെന്നു വ്യക്തമാകും. തുലുക്കൻപടയോടു രവിവർമ്മയും വിക്രമനും യുദ്ധം ചെയ്തിരിക്കാൻ ഇടയില്ലെന്നുള്ള വാദം സ്വീകാര്യമല്ലെന്നും തെളിയുന്നു.

സന്ദേശത്തിലെ രവിവർമ്മയും
തിരുവിടക്കോട്ടുശാസനത്തിലെ രവിവർമ്മയും

ഇനിയും ‘ചരിത്രദൃഷ്ടി’യിലെ അഭിപ്രായത്തെ ഒന്നുകൂടെ പരിശോധിക്കാം. അതനുസരിച്ചു് സന്ദേശത്തിൽ സംസ്തുതനായിരിക്കുന്ന രവിവർമ്മ 548 കന്നി 10-ാംനു- തിരുവിടക്കോട്ടു ശിലാരേഖയിൽ കീർത്തിക്കപ്പെടുന്ന രവിവർമ്മ എന്നാണല്ലോ വാദം. (ഉ. ച. 9). ഈ മതം മതിലകം രേഖകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ മഹാകവി ഉള്ളൂർ പരമേശ്വരയ്യർ അവർകൾ 550-ലെ ആദിത്യവർമ്മയെപ്പററി എഴുതിയ ഒരു നോട്ടിൽ പ്രദർശിപ്പിച്ച അഭിപ്രായത്തോടു സാമ്യമുള്ളതാണു്. സന്ദേശത്തിലെ ആദിത്യവർമ്മ കൊ. വ. 550-ലെ ആദിത്യവർമ്മ ആണെന്നത്രേ ഉള്ളൂർ ആവിഷ്കരിച്ചിട്ടുള്ള മതം. അതനുസരിച്ചു് 548-ലെ ഇരവിവർമ്മയും ആദിത്യവർമ്മയോടൊത്തു സമാഗതനാകുമല്ലോ. അപ്പോൾ വിക്രമനെ തോല്പിച്ചു് പാണ്ഡ്യരാജതനയയെ വിവാഹം കഴിച്ചു എന്നു പറയുന്ന രവിവർമ്മയെപ്പററിയും തുരുഷ്കരെ തോല്പിച്ച വിക്രമപാണ്ഡ്യനെപ്പററിയും ലീലാതിലകത്തിൽ പറയുന്ന ശ്ലോകങ്ങൾക്കു് സന്ദർഭങ്ങൾ കണ്ടുപിടി

കാണേണ്ടിവരും. 'ചരിത്രദൃഷ്ടി'യിൽ പ്രയാസപ്പെട്ട ചില സന്ദർഭങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. സംഗ്രാമധീര രവിവർമ്മ ജയശ്രീയെപ്പോലെ പാണ്ഡ്യതനയയെ പരിഗ്രഹിച്ചതായി കാഞ്ചീപുരം ശാസനം തെളിവു തന്നിട്ടുണ്ടല്ലോ. 'ദ്രോണായ ദ്രുപദം' എന്ന ലീലാതിലകപദ്യത്തിലെ പ്രസ്താവം മുഴുവൻ ആ വിവാഹകഥയുടെ ഒരു പരാവർത്തനം പോലെ ആണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ അതു രണ്ടും ഒന്നാണെന്നു സമ്മതിച്ചാൽ മററു പലതും സമ്മതിക്കണമെന്നുള്ളതുകൊണ്ട് ചരിത്രദൃഷ്ടിക്ക് അതു സമ്മതിക്കാൻ നിവൃത്തിയില്ല. പാണ്ഡ്യപുത്രിയെ ജയശ്രീയെപ്പോലെ പരിഗ്രഹിച്ചു എന്നതിനു പുതിയ ഒരു സംവാദം തന്നെ ചരിത്രദൃഷ്ടിയിൽ സൃഷ്ടിക്കുന്നു. സംഗ്രാമധീര രവിവർമ്മ പാണ്ടിയിൽ പോയിരിക്കാൻ ഇടയില്ലെന്നും, അദ്ദേഹം കേരളത്തിൽ തന്നെ നടത്തിയ ഏതോ യുദ്ധങ്ങളിൽ പ്രദർശിപ്പിച്ച ധൈര്യത്തെ അഭിനന്ദിച്ച് പാണ്ഡ്യരാജൻ അദ്ദേഹത്തിന്റെ മകളെ വിവാഹം കഴിച്ചു കൊടുത്തു എന്ന് അർത്ഥം കല്പിക്കവാനേ നിവൃത്തിയുള്ളൂ എന്നുമാണ് ചരിത്രദൃഷ്ടിയിലെ യുക്തി. ഏതോ ഒരു രാജാവ് എവിടെയോ യുദ്ധത്തിൽ ജയിച്ചതിനു, വേറെ എവിടെയോ ഉള്ള രാജാവു തന്റെ പുത്രിയെ കൊടുത്തു സമ്മാനിക്കുന്നു. അങ്ങനെ കിട്ടിയ രാജപുത്രിയെ 'ജയശ്രീയെ'പ്പോലെ പിടിച്ചെടുത്തതാണെന്നു സംസ്കൃതത്തിൽ എഴുതി വയ്ക്കുന്നു. ഈ വാദം സ്വീകരിക്കാൻ കുറേ വിഷമമാണ്. ഇനി ഒന്നുകൂടി. ഇതേ കഥയെത്തന്നെ മലയാള ശ്ലോകത്തിൽ പറയുന്നതു മറെറാരു രവിവർമ്മയെപ്പററി ആണെന്നു വരുത്തുകയും വേണം. അപ്പോൾ സത്യമായി വേണാട്ടിൽ ചരിത്രം ആവർത്തിക്കുന്നു. വേണാട്ടിൽ രണ്ടു രവിവർമ്മമാർ; രണ്ടു പേരും പാണ്ഡ്യരാജപുത്രിയെത്തന്നെ വിവാഹം കഴിക്കുന്നു. ഒരാൾ ജയശ്രീയെ സ്വാധീനമാക്കിയതുപോലെ. മറേറ ആൾ ഒരു പാണ്ഡ്യരാജാവിനെ ആട്ടിപ്പിടിച്ച് വേറൊരു പാണ്ഡ്യരാജാവിനു കൊടുത്തിട്ട്. ആ രണ്ടാമത്തെ രവിവർമ്മയോ? 590-ാമാണ്ടിടയ്ക്ക് ഉള്ള ആളെന്നും. അന്നു പാണ്ഡ്യന്മാരുടെ സ്ഥിതിയോ? മിക്കവാറും നാമാവശേഷമായിരുന്നു. ചുരുക്കത്തിൽ ഈ രണ്ടു പദ്യങ്ങളിലേയും രവിവർമ്മമാർ രണ്ടാണെന്നുള്ള അഭിപ്രായം തീരെ പരിവർജ്ജിക്കണമെന്നു തോന്നുന്നു. സംഗ്രാമധീരൻ ജയശ്രീയെപ്പോലെ പാണ്ഡ്യതനയയെ പരിഗ്രഹിച്ചു എന്ന് കാഞ്ചീപുരം ശാസനത്തിൽ ഉള്ളതുകൊണ്ട് 'ദ്രോണായ ദ്രുപദ'മെന്ന മലയാളപദ്യ

ത്തിലെ രവിവർമ്മ അദ്ദേഹം തന്നെ എന്നു കല്പിക്കുന്നതാണു് ഋജുവായ രീതി. അദ്ദേഹം വിക്രമപാണ്ഡ്യനെ തോല്പിച്ചു് പാണ്ഡ്യപുത്രിയെ പരിഗ്രഹിച്ചതുകൊണ്ടു തന്നെയാണു് 'ജയശ്രീവൽ ധൃതാ' എന്നു പറഞ്ഞിട്ടുള്ളതു്. ആ രവിവർമ്മയെ സംബന്ധിച്ച ഏതോ കാവ്യത്തിൽ ഉദ്ധൃത തന്നെ ആയിരിക്കണം വിക്രമപാണ്ഡ്യൻ തുലുക്കന്മാരെ തോല്പിച്ചതായി പറയുന്ന പദ്യങ്ങളും. അങ്ങനെ സംഗ്രാമധീരന്റെ കാലത്തു് തുലുക്കന്മാരുമായി സംഘട്ടനം ഉണ്ടായി എന്നു് ഈ വഴിക്കും നിശ്ചയിക്കാവുന്നതാണു്.

കൊ. വ. 548-ലെ രവിവർമ്മയാണു് തുലുക്കന്മാരുമായി ഏറ്റുമുട്ടിയതെന്ന അഭിപ്രായം ഏതൊരു രീതിക്കും പരിശോധിക്കാം. ഈ രവിവർമ്മ വെറും സാധാരണക്കാരനായ ഒരു രാജാവു് എന്നല്ലാതെ അദ്ദേഹത്തെപ്പറ്റി മെച്ചമൊന്നും പറയാനില്ല. 548 കന്നി 10-ാംനു-ലെ തിരുവിടക്കോട്ടു് ശിലാരേഖയിൽ കീർത്തിക്കപ്പെടുന്നതു് ഇദ്ദേഹത്തെപ്പറ്റിയാണെന്നു് എന്നു് ചരിത്രദൃഷ്ടിയിൽ പറയുന്നു. (ച. ദ. 50). 'കീർത്തിക്കപ്പെടുക' എന്നു് ചരിത്രദൃഷ്ടിയിൽ കരുതി പ്രയോഗിച്ചിട്ടുള്ളതാണെന്നു് തോന്നുന്നു എന്തെന്നാൽ ആ കീർത്തനമൊന്നും കൊണ്ടു് അദ്ദേഹത്തെപ്പറ്റി ഏതോ വലിയ കാര്യങ്ങൾ ഈ രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു് വിശ്വസിക്കണമെങ്കിൽ വിശ്വസിച്ചു കൊള്ളട്ടെ എന്നായിരിക്കണം ഉന്നം. കാഞ്ചീപുരം വരെ പിടിച്ചടക്കിയ സംഗ്രാമധീര രവിവർമ്മയ്ക്കുപോലും ചെയ്യാൻ കഴിഞ്ഞില്ലെന്നു് ചരിത്രദൃഷ്ടിയിൽ കല്പിക്കുന്ന തുരുഷ്കവിധ്വംസനം നടത്തിയ മഹാനായിട്ടാണല്ലോ ഈ രവിവർമ്മയെ അദ്ദേഹം അവതരിപ്പിക്കുന്നതു്. എന്നാൽ ഈ തിരുവിടക്കോട്ടു് ശിലാരേഖയിൽ എന്താണു് പറയുന്നതു്? തിരുവിതാംകൂർ പുരാതനവസ്തു സംരക്ഷണവകുപ്പിൽ നിന്നും V-ാം വാല്യമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകത്തിൽ ഈ രേഖ പ്രകാശിപ്പിച്ചിട്ടുണ്ടു്. കൊല്ലം 548-മതാണ്ടു് കന്നി 10-ാംനു വേണാടു വാണരുളുന്ന കീഴ്പേരൂർ ഇരവി ഇരവിവർമ്മൻ തിരുവടി തിരുവിടക്കോട്ടുക്ഷേത്രത്തിൽവച്ചു് വിശാഖം ആട്ടത്തിരുനാളിനു പന്ത്രണ്ടു ബ്രാഹ്മണർക്കു് സദ്യ കൊടുക്കുന്നതിനു് കുറച്ചു നിലം വിട്ടുകൊടുക്കുന്നതാണു് ഇതിന്റെ ഉള്ളടക്കം. (T. A. S. V 140, 142). ഇത്രയേ ഉള്ളൂ ആ രാജാവിന്റെ കീർത്തിയെ നിലനിർത്തുന്ന ആ രേഖ. പന്ത്രണ്ടു ബ്രാഹ്മണർക്കു് ആണ്ടിൽ

ഒരിക്കൽ ഒരു നേരം ഊണു കൊടുക്കുന്ന ഒരു മഹാ ദാതാവിനെ പററി പിന്നെ 'അത്ഥിശ്രേണിക്കഭിമതഫലം നൽകുവാൻ പാരിജാതം' എന്നു ഉണ്ണുനീലീസന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു് ചേരുകയില്ലേ?

തുലുക്കർപടയുടെ ഉപദ്രവം മൂർദ്ധന്യത്തിലെത്തിയ കാലത്തു് വേണാടു വാണിരുന്ന ഇരവിവർമ്മ ഈ പന്ത്രണ്ടു ബ്രാഹ്മണർക്കു് സത്ര ഏർപ്പെടുത്തിയ രാജാവായിരുന്നു എന്നുള്ളതാണു് തുലുക്കൻ പടയെ തോല്പിക്കാൻ അദ്ദേഹത്തിന്റെ അവകാശമായി കല്പിതമാണുള്ളതു് (ഉ. ച. 9). എന്നാൽ ഈ രവിവർമ്മ തുലുക്കന്മാരോടെന്നല്ല ആരോടും തന്നെ പടവെട്ടിയതായി ഇതിനുമുൻപു് ആരും പറഞ്ഞിട്ടില്ല. അതിനു തെളിവും ഇല്ല. തിരുവിടക്കോട്ടു രേഖയിൽനിന്നു് ഒരു വലിപ്പവും വ്യക്തമാകുന്നുമില്ല. തന്റെ പൂർവ്വഗാമിയും സംഗ്രാമധീരൻ എന്ന പേരിൽ വിഖ്യാതനുമായ രവിവർമ്മ കാഞ്ചീപുരം വരെ ജൈത്രയാത്ര ചെയ്തപ്പോഴും താനും പേരിനു വേണ്ടിയെങ്കിലും അങ്ങനെയൊരു സാഹസത്തിനു് ഇറങ്ങി പുറപ്പെട്ടുകളയാമെന്നു് തിരുവിടക്കോട്ടു രവിവർമ്മ കരുതിയില്ലെന്നേ ഞാൻ കരുതുന്നുള്ളൂ. സംഗ്രാമധീരൻ കാഞ്ചീപുരം വരെ പിടിച്ചെങ്കിൽ ഈ രവിവർമ്മ ആ സ്ഥലങ്ങളെ കൈവശം വച്ചുകൊണ്ടിരിക്കാൻ പോലും പ്രാപ്തനായിരുന്നില്ല. മാലിക്കാഫറുടെ ചുവട്ടടി പിൻതുടർന്നു സംഗ്രാമധീരൻ കാഞ്ചീപുരംവരെ പോയിരുന്നുവെന്നു് കാഞ്ചീപുരത്തു തന്നെ രേഖയുണ്ടു്. തിരുവിടക്കോട്ടു ശിലാശാസനകർത്താവായ രവിവർമ്മയുടെ കാലത്തു് മധുര ഡെൽഹിസുൽത്താനായ മഹമ്മദ് ബിൻ തുഗ്ലാക്കിന്റെയും പിന്നീടു് വിജയനഗരരാജാവായ കുമാരകമ്പണന്റെയും കീഴിൽ ആയിരുന്നു. സംഗ്രാമധീരൻ ജയിച്ചടക്കിയ ഭാഗങ്ങളെ കൈവശം വച്ചുകൊണ്ടിരിക്കാൻ വേണ്ടി അദ്ദേഹത്തിന്റെ അനന്തരഗാമികൾ ആരും ഒരക്ഷരം ഉരിയാടിയതായി പോലും ഇതുവരെ ആരും പറഞ്ഞുകേട്ടിട്ടില്ല. സംഗ്രാമധീരന്റെ കാലത്തിനുശേഷം തുലുക്കന്മാരോടു സംഘട്ടനത്തിനു പോകാതെ വേണാട്ടുരാജാക്കന്മാർ അടങ്ങിപ്പാർത്തുകൊണ്ടായിരിക്കണം പാണ്ടിനാടു് അവർക്കു നഷ്ടപ്പെട്ടതും വേണാട്ടിൽ മഹമ്മദീയാക്രമണം ഉണ്ടാകാത്തതും. ഈ സ്ഥിതിയിൽ തിരുവിടക്കോട്ടു രേഖാകർത്താവായ രവിവർമ്മയ്ക്കു് ഇതുപോലെ ഒരു സൂചനപോലുമില്ലാത്ത മഹാവിജയങ്ങളുടെ കർത്തൃത്വം പ്രയാസപ്പെട്ടു കണ്ടുപിടിച്ചുകൊടുക്കേണ്ട ആവശ്യമില്ല. ബ്രാഹ്മണർക്കു് ഊണു കല്പിച്ചതുകൊണ്ടു് അത്ഥിശ്രേണിക്കു്

അഭിമതഫലം നൽകുന്ന പാരിജാതമാണെന്ന് അദ്ദേഹത്തെ സ്തുതിച്ചുവെന്നു തന്നെ വയ്ക്കാം. എങ്കിലും വിദ്വൽപാദ്മാകര ദിനകരനെന്നും, വിശ്വലോകൈകദീപമെന്നും, മററിക്കൂട്ടം പെരിയ പരമശ്രേഷ്ഠ ചക്രായമാനൻ എന്നും ആ രവിവർമ്മയെ വിളിച്ചാൽ, അതു തന്റെ മാതുലനാം മഹാനാമായ സംഗ്രാമ ധീരനാമുള്ള അവകാശങ്ങളാണെന്ന് അദ്ദേഹം തന്നെ പറഞ്ഞു പോകുമായിരുന്നു ചുരുക്കത്തിൽ ഒരു രവിവർമ്മയും ഒരു ആദിത്യ വർമ്മയും ഈ കാലഘട്ടത്തിൽ (കൊ. വ. 540-ാമാണ്ടിടയ്ക്കു) ഉണ്ടെന്നുള്ള ഒരു സൗകര്യമല്ലാതെ വേറൊരു യുക്തിയും തിരുവിട ക്കോട്ടു രവിവർമ്മയാണ് സന്ദേശത്തിൽ സംസ്തുതനായ രവിവർമ്മ എന്ന കല്പനയിൽ ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു. *

ജ്യോതിഷഗണനയും ചരിത്രഗണനയും

ജ്യോതിഷസംബന്ധമായ പരിഗണന കൊണ്ട് സന്ദേശത്തിന്റെ കാലം 537 മേടം 6-ാംനു ആണെന്ന് ചരിത്രദൃഷ്ടിയിൽ ഖണ്ഡിച്ചു പറയുന്നു. (ഉ. ച. 71-ം 81-ം). ചരിത്രദൃഷ്ടിക്ക് എതിരേ നില്ക്കുന്ന ഉള്ളൂർ ജ്യോതിശ്ശാസ്ത്രത്തിന്റെ ബാലപാഠംപോലും ഗ്രഹിക്കാൻ ശ്രമിച്ചിട്ടില്ലെന്നും കയർക്കുന്നു. ജ്യോതിശ്ശാസ്ത്രത്തിൽ ഉള്ളൂരിനെക്കാളും എന്റെ മാന്യസ്നേഹിതനായ ചരിത്രദൃഷ്ടികാരനെക്കാളും കുറവായ ജ്ഞാനമേ എനിക്ക് ഉള്ളൂ. ജ്യോതിശ്ശാസ്ത്രസംബന്ധമായ ഗണന കൊണ്ട് ഉണ്ണുനീലിസന്ദേശത്തിന്റെ കാലം ഖണ്ഡിതമായി

---

* 539-ൽ കോട്ടാററു പുതിയിടത്തു കോയിക്കൽ താമസിച്ചിരുന്ന വേണാട്ടുരാജാവു് ഇരവി ഇരവിവർമ്മയും, 541-ൽ അമരാവതിയിൽ താമസിച്ചിരുന്നതു് ഇരവി ആദിച്ചവർമ്മയുമാണെന്ന് ചരിത്രദൃഷ്ടിയിൽ കാണുന്നു. (ഉ. ച. 10). ഈ രേഖകളിൽ ഏതായാലും രാജാക്കന്മാരുടെ നാമങ്ങളെ പററി സൂചനയില്ല (T. A. S. VI. P. 187). ഈ വിഷയത്തിൽ സ്റ്റേററു മാനുവൽ കർത്താവിനു് ചില തെററിദ്ധാരണകൾ ഉണ്ടായി എന്ന് ചരിത്രദൃഷ്ടിയിൽ പ്രസ്താവിക്കുന്നു. (ഉ. ച. 10). സ്റ്റേററു മാനുവൽകർത്താവിനു് തെററിദ്ധാരണകളൊന്നും ഉണ്ടായിട്ടില്ലെന്നും, അദ്ദേഹം കരുതലോടുകൂടി മാത്രമേ പ്രസ്താവനകൾ നടത്തിയിട്ടുള്ളുവെന്നും കാണാവുന്നതാണ്. (സമസ്യതിലക തിരു-സ്റ്റേററുമാനുവൽ Vol II. P. 124). ശ്രീവീര മാർത്താണ്ഡവർമ്മയെ ശാസനകർത്താവായിട്ടല്ല, ശാസനത്തിൽ സ്മരിക്കുന്ന പൂർവരാജാവായിട്ടു മാത്രമേ, സ്റ്റേററുമാനുവൽകാരൻ എടുക്കുന്നുള്ളു എന്നു വിചാരിക്കത്തക്കപ്രകാരത്തിലാണ് അദ്ദേഹത്തിന്റെ പ്രസ്താവന. (പുറം 124.) ഇതു് ചരിത്രദൃഷ്ടിക്കും സമ്മതമാണല്ലോ.

ക്ലിപ്തപ്പെടുത്തത്തക്ക വിവരങ്ങൾ ആ കാവ്യത്തിൽ ഇല്ലാത്തതു കൊണ്ടു ഞാൻ ആ വിഷയത്തിൽ ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരെ തിരക്കി പുറപ്പെടാൻ യത്നിക്കുന്നുമില്ല. എന്നുതന്നെയുമല്ല ആ വിഷയത്തെപ്പററി പണ്ഡിതോത്തംസമായ ശ്രീമാൻ എൻ. ഗോപാലപിള്ള അവർകൾ ചെയ്തിട്ടുള്ള പരാമർശങ്ങളെ ഞാൻ എങ്ങനെ അംഗീകരിക്കുന്നു എന്നുള്ള കാര്യം ലീലാതിലക പ്രവേശകത്തിൽ വ്യക്തമാക്കിയിട്ടുമുണ്ടു്. (ലീ. പ്ര. 41–42). ‘അഞ്ചാം പക്കം വരമിതു ഇഭോം’ എന്നു് ജ്യോതിഷപരാമർശമുള്ള സന്ദേശശ്ലോകത്തിനു് (ശ്ലോ. 35) വ്യാഖ്യാനമോ ക്ലിപ്തമല്ല. അതിൽ ആണ്ടു് സൂചിപ്പിക്കുന്നില്ല. ആ പരാമർശം കാവ്യം എഴുതിയ വർഷത്തെ സൂചിപ്പിക്കുന്നതായി തീർത്തു പറയാവതല്ല. സന്ദേശം അയയ്ക്കാനായി കല്പിക്കുന്ന ഏതോ ഒരു ശുഭമുഹൂർത്തം ആയിരിക്കണം അതു്. അല്ലെങ്കിൽ ഞാൻ ആ ചിന്ത തുടരുന്നില്ല. ഞാൻ ചരിത്രസംബന്ധമായി കാണുന്ന സൂചനകളെ മുഖ്യമായി പരിശോധിച്ചുകൊണ്ടു തുടരാം.

531 മേടം 6-ാംതീയതിയാണു് സന്ദേശത്തിന്റെ കാലമെന്നുള്ള ഗണന വാദത്തിനു വേണ്ടി അംഗീകരിക്കാം. അപ്പോൾ അന്നു് രവിവർമ്മ വേണാടർകോനായി കൊല്ലത്തു് ഉണ്ടായിരിക്കണം. അന്നത്തെ രാജാവു് ആരു്? കൊല്ലത്തെ സ്ഥിതി എന്തു് എന്നു ചുരുക്കത്തിൽ ഒന്നു പരിശോധിക്കണ്ടേ? ഉണ്ണുനീലിസന്ദേശത്തിൽ കീർത്തിക്കുന്നതു് 525-മുതൽ 555-വരെ വാണ രവിവർമ്മയെ ആയിരിക്കണമെന്നാണല്ലോ ചരിത്രദൃഷ്ടിയിൽ കാണുന്നതു്. (ഉ. ച. 53). ഈ കാലഘട്ടത്തിൽ വേണാടു വാണിരുന്ന രാജാക്കന്മാരെപ്പററിയും, അവരുടെ ഭരണം തുടങ്ങിയതും അവസാനിക്കുന്നതുമായ വർഷങ്ങളെപ്പററിയും നിശ്ചിതമായ വിവരം കിട്ടുന്നില്ല. (സദസ്യതിലക സ്റ്റേററുമാനുവൽ II. 123-126). 510-മാണ്ടു് ശ്രീ വീര രാമ ഉദയമാർത്താണ്ഡവർമ്മ വേണാട്ടു മൂപ്പനായിരുന്നു എന്നു് രേഖയുണ്ടു്. (സ്റ്റേ. മാ. Vol. II P. 285) അദ്ദേഹത്തെ അന്നു് ദേശിങ്ങനാട്ടു മൂത്ത തിരുവടി ആയിട്ടാണു് പറഞ്ഞിട്ടുള്ളതു്. താമസം കളക്കാട്ടു് ആയിരുന്നു എന്നു കാണുന്നതിൽ നിന്നു് സംഗ്രാമധീരൻ വെട്ടിപ്പിടിച്ച പാണ്ടിനാട്ടിന്റെ തെക്കേ അററത്തെ ചില ഭാഗങ്ങൾ അപ്പോഴും വേണാടിന്റെ കൈവശമിരുന്നു എന്നു മനസ്സിലാക്കാം. ആ മാർത്താണ്ഡവർമ്മ

* എത്ര കാലം നാടു വാണു എന്നു നിശ്ചയിക്കാൻ പ്രമാണം ഇല്ല. 550 വരെ ആയിരിക്കാം എന്നു് ശങ്കുണ്ണിമേനവൻ പറഞ്ഞ അഭിപ്രായത്തെ നാഗമയ്യായും സദസ്യതിലകനും നിരസിച്ചിട്ടുണ്ടു് (നാഗം. പു-264; സദസ്യ. Vol II. പു. 123). ആ മാർത്താണ്ഡവർമ്മയ്ക്കു ശേഷം കന്നമേൽ കേരളവർമ്മ മൂപ്പു് ഏറ്റതായും ഊഹിക്കുന്നു (സദസ്യ. Vol II. 123—285). കേരളവർമ്മ കഴിഞ്ഞിട്ടു മാർത്താണ്ഡവർമ്മ രാജാവായി എന്നു സദസ്യതിലകൻ കല്പിക്കുന്നതിനു വേണ്ടത്ര ശക്തിയുണ്ടെന്നു് അദ്ദേഹം തന്നെ വാദിക്കുന്നില്ല.

മാർത്താണ്ഡവർമ്മയെ പരാമർശിക്കുന്ന പ്രമാണം മുൻപുതന്നെ സൂചിപ്പിച്ചതാണു് (T. A. S. VI. 187). ശുചീന്ദ്രത്തിനടുത്തുള്ള പുത്തുഗ്രാമത്തിൽ അഴകിയ മണവാളപ്പെരുമാൾ ക്ഷേത്രത്തിലെ രണ്ടു രേഖകൾ ആണു് പ്രസ്തുതമായിട്ടുള്ളതു്. + കൊ. വ. 538-ഉം 541-ഉം ആണു് രേഖകളുടെ കാലം. ഈ രേഖകൾ ശ്രീ. എ. എസ്. രാമനാഥയ്യർ തിരുവിതാംകൂർ പുരാണവസ്തുസംരക്ഷണഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ ചെയ്തിട്ടുള്ള പ്രസ്താവനകൾ ശ്രദ്ധേയമാണു്. രണ്ടു രേഖകളിലും ദാന

---

* T. A. S. V. 142. It cannot be definitely stated when Martanda ceased to rule and in what year Ravi Ravi Varma commenced his reign or whether both of them were joint rulers of Venad before Kollam 550.

+ സൗകര്യത്തിനു് രണ്ടു രേഖകളും ഇവിടെ ഉദ്ധരിക്കാം:—സ്വസ്തി ശ്രീ. കൊല്ലം 538-മാണ്ടു തുലാ ഞായറു പതിമൂന്റു ചെന്റ പൂചത്തു നാൾ നാഞ്ചിനാട്ടു പുത്തുഗ്രാമമാന ഇരാജനാരായണ ചതുർവേദി മങ്കലത്തു ഉടൈയമാർത്താണ്ഡവിണ്ണകർ എമ്പെരുമാനുക്കു ചെലവുക്കു വിട്ടുക്കുടുത്ത നിലമാവതു. തെരാന അഴകിയ ചോഴനല്ലൂർ കുളത്തിൻകീഴ്ക്കുന്നടിയാർ കാലിൻമടൈപ്പോക്കു് കിഴക്കുക്കമിഴിയടി തടി ഒന്റു നിലം മുക്കാണിയും ഇതൻ കിഴക്കു ഉത്തമരാമൻ തടി ഒന്റു നിലം മാകാണിയും കൂട തടി ഇരണ്ടു നിലം ഇരണ്ടു മാവും നാം കോട്ടാറു പുതിയ ഇടത്തു വീടായിരുക്ക തിരുവിടൈയാട്ടമാക ഇറയിലിയാക വിട്ടമൈക്കു് നാൻകെല്ലൈയും തിരുവാഴിക്കല്ലും നാട്ടി കല്ലിലും ചെമ്പിലും വെട്ടിക്കൊള്ളുമാറു് കല്പിത്തമൈക്കു. [ശേഷം അടുത്ത പുറത്തു്].

കർത്താക്കന്മാരായ രാജാക്കന്മാരുടെ നാമം ഇല്ല. ആദ്യത്തെ ആറും കോട്ടാറവും, രണ്ടാമത്തെ ആറും അമരാവതിയിലും എഴുന്നള്ളി താമസിക്കവെയാണ് ദാനങ്ങൾ ചെയ്തതെന്നേ പറഞ്ഞിട്ടുള്ളൂ. 538-ലെ രേഖയിൽ ആ ക്ഷേത്രത്തിലെ ദേവന് രണ്ടു മാ നിലം വിട്ടുകൊടുത്തതായി പറഞ്ഞിരിക്കുന്നു. ദേവന്റെ പേർ ഉദയ മാർത്താണ്ഡവിണ്ണകർ എംബെരുമാൻ എന്നാണ്. ആദ്യത്തേതിൽ ഉള്ള ഉദയമാർത്താണ്ഡവിണ്ണകർ എംബെരുമാനുക്ക് എന്നതിന്റെ പകരം ഇന്നായിനാക്ക് എന്ന വാക്കു രണ്ടാമത്തെ രേഖയിൽ ഉള്ളൂ. ഈ വ്യത്യാസം ശ്രദ്ധേയമെന്നാണ് എനിക്കു തോന്നുന്നത്. രണ്ടാമത്തെ രേഖ കല്പിച്ചതു് ആദ്യത്തെ ശാസനകർത്താവിന്റെ അനുജനായിരിക്കണം. മൂന്നാം അണ്ണാവിനാളിൽ എന്ന് രണ്ടാമത്തെ രേഖയിലുള്ള ഭാഗം ഇതിനു തെളിവാണ്. ഒന്നാമത്തെ രേഖ ഏതു രാജാവിന്റേതായിരിക്കാം? ഉദയമാർത്താണ്ഡവിണ്ണകർ എംബെരുമാൻ എന്ന് പ്രത്യേകിച്ചു പറഞ്ഞിട്ടുള്ളതു് ശാസനകർത്താവിന്റെ നാമത്തെക്കൂടി നിർദ്ദേശിക്കാനായിട്ടല്ലേ? ഈ സംശയം ശ്രീ. രാമനാഥയ്യർക്കും ഇല്ലായിരുന്നു എന്നു പറയുന്നു; ഉദയമാർത്താണ്ഡ വർമ്മ എന്നൊരു രാജാവാണ് ആ അമ്പലം സ്ഥാപിച്ചതു് എന്ന് ഈ പേരുകൊണ്ടു് ഊഹിക്കാമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. (T. A. S. VI. 187). എന്നാൽ 538-ാമാണ്ടിടയ്ക്കു് ഒരു ഉദയമാർത്താണ്ഡവർമ്മയെപ്പറ്റി ശിലാരേഖകൾ കിട്ടിയിട്ടില്ല എന്നാണ് അദ്ദേഹത്തിന്റെ വൈഷമ്യം. രവിവർമ്മ സംഗ്രാമധീരന്റെ നേരെ അനന്തരഗാമിയായ വീരഉദയമാർത്താണ്ഡവർമ്മ

രണ്ടാമത്തെ രേഖ:—

സ്വസ്തിശ്രീ 541-മാണ്ടു ചിങ്ങഞായറു പതിനാലു ചെൻറ നാൾ തായിനാട്ടു പുള്ളുക്കിരാമമാന ഇരാജനാരായണ ചതുർവ്വേദിമംഗലത്തു ഇന്നായിനാക്കു ചെലവുക്കു മൂന്നാം അണ്ണാഴ്വിനാളിൽ തിരുവിടൈയാട്ടമാക വിട്ടുക്കുടുത്ത നിലമാവതു. തേർക്കുളത്തിൻ കിഴക്കു കന്നടിയാർ കാലിൽ മടൈപ്പ്രാക്കിൽ തടി ഇരണ്ടിനാൽ നിലം ഇരണ്ടു മാവു നികലാക ഇനിലുള്ളുക്കു കിഴക്കു കരുമ്പലൈ മടൈയാൽ നീർപായും വരുന്നതൈകെ വയക്കൽ തടി ഒൻറു കല്ലാൻറു നിലമൊരുമാവുംകൂട ഇന്നാൾമുതൽ കൈക്കൊണ്ടു, നാമെല്ലൈയും തിരുവാഴിക്കല്ലും നാട്ടി കല്ലിലും ചെമ്പിലും വെട്ടിക്കൊണ്ടു ചെല്ലവു നടത്തിപ്പോതുമാറു അമരാവതി നം വീടായിരുന്തു കല്പിത്തമൈക്കു.

വീരപാണ്ഡ്യദേവനെപ്പററിയോ, അതിനു മുൻപുള്ള ഉദയ മാർത്താണ്ഡവർമ്മമാരെപ്പററിയോ ആയിരിക്കണം പരാമർശം എന്നു് അദ്ദേഹം സൂചിപ്പിക്കുന്നു. ഈ വ്യാഖ്യാനമാണു് ചരിത്ര ദൃഷ്ടിയിൽ പ്രത്യേകം എടുത്തു കാണിക്കാതെയാണെങ്കിലും സ്വീകരിച്ചിട്ടുള്ളതു് (ഉ. ച. 10). ചരിത്രദൃഷ്ടിയിൽ ഒരടി കൂടി മുൻപോട്ടു് പോകുന്നുവെന്നേയുള്ളു. 638-ലെ ശാസനകർത്താവായ രാജാവു് ഇരവിവർമ്മൻ ആണെന്നും 541-ൽ അമരാവതിയിൽ താമസിക്കുന്നതു് ഇരവി ആതിച്ചവർമ്മയാണെന്നും തീർച്ച പ്പെടുത്താൻ അദ്ദേഹത്തിനു പ്രയാസമില്ല (ഉ. ച. 10). ആ ഇടയ്ക്കു് രാജാവായി ഒരു രവിവർമ്മയും വേണമല്ലോ. അതിനു് ഉദയമാർത്താണ്ഡവിണ്ണകർ എരെയുരുമാൻ എന്ന നാമത്തിൽ നിന്നു് അങ്ങനെ ഒരു രാജാവിനെ കല്പിച്ചു മാനുവൽ കർത്താക്കന്മാർ മാനശാസനത്തെ തെററിദ്ധരിച്ചെന്നു പറയാതെ പിന്നെ എന്താണു വഴി? എന്നാൽ ശ്രീ. രാമനാഥയ്യർ സൂചിപ്പിക്കാത്ത മററു മാർത്താണ്ഡവർമ്മമാർ ആ ഘട്ടത്തിലുണ്ടെന്നു് മേൽ സൂചിപ്പിച്ചല്ലോ.

മതിലകം ഗ്രന്ഥവരിയനുസരിച്ചു് 610-ൽ കളക്കാട്ടു വാഴുന്ന രാമ ഉദയ മാർത്താണ്ഡ വർമ്മ എത്രാമാണ്ടു വരെ ജീവിച്ചു എന്നുള്ളതിനു് വ്യക്തമായ യാതൊരു രേഖയും ഇല്ല. 550-വരെ അദ്ദേഹം ജീവിച്ചു എന്നതിനെ മാനുവൽ കർത്താക്കന്മാർ നിരസിക്കുന്നു എന്നു കാണിച്ചുവല്ലോ. രാമ മാർത്താണ്ഡ വർമ്മ 520-നു മുൻപു് മരിച്ചെന്നോ, അതോ അദ്ദേഹത്തോടു് ഒത്തു തന്നെ കുന്നമ്മേൽ കേരള വർമ്മ എന്നൊരു രാജാവു കൂടി ഉപരാജാവായി ചേർന്നു ഭരണം നടത്തിയെന്നോ വ്യക്ത മല്ലെന്നാണു് സാഹിത്യതിലകന്റെ അഭിപ്രായം. (സ്റ്റേ. മാ II. പു 123). അപ്പോൾ 538-ൽ ഒരു മാർത്താണ്ഡവർമ്മ ഉണ്ടെന്നു് ഉള്ളതിനു് യാതൊരു രേഖയുമില്ല എന്നു നിരസിക്കാൻ സാദ്ധ്യമല്ലെന്നു വരുന്നു. * പിന്നെ എങ്ങനെയാണു് സ്റ്റേററു്

---

* മാർത്താണ്ഡവർമ്മയുടെ ഭരണം എന്നു് അവസാനിച്ചു എന്നോ, രവിവർമ്മയുടെ ഭരണം എന്നു് തുടങ്ങിയെന്നോ, അതോ 550—നു മുൻപു് കുറേക്കാലം അവർ രണ്ടുപേരും ചേർന്നു വേണാട്ടു് ഭരിച്ചിരുന്നുവെന്നോ, ഒന്നും വ്യക്തമായി പറയാൻ നിവൃത്തിയില്ലെന്നാണു് തിരുവിതാംകോട്ടു ശാസനം പ്രകാശിപ്പിക്കുമ്പോൾ രാമനാഥയ്യർ പറയുന്നതു്.

മാനവർ കർത്താവു് തെററിദ്ധരിച്ചതാണെന്നു് ലഘുവായി പറഞ്ഞു കടന്നുപോകാവുന്നതു്? 538-ലെ രേഖ രവിവർമ്മയുടേ താണെന്നു് ക്ലിപ്തപ്പെടുത്താൻ പിന്നെ എന്താണു് ഉപായം?

തിരുവിടക്കോട്ടു ശാസനമനുസരിച്ചു 548-ൽ ഒരു രവിവർമ്മയുണ്ടു്. 537-ലും 538-ലും അദ്ദേഹം രാജാവായിരുന്നു എന്നതിനു് എന്താണു് തെളിവു്? ഈ വിഷയസംബന്ധിയിൽ കൊ. വ. 537-ൽ രവിവർമ്മ കൊല്ലത്തു ഭരിച്ചിരുന്നു എന്നു് തെളിയിക്കേണ്ടതായി അവശേഷിക്കുന്നതേ ഉള്ളൂ. ആ തെളിവുകൾ ലഭിക്കുന്നതുവരെ വീരമാർത്താണ്ഡവർമ്മ വിണ്ണകരെൻ പെരുമാൻ എന്നു് പറഞ്ഞിട്ടുള്ളതു് ശാസനകർത്താവിന്റെ നാമത്തെ സൂചിപ്പിക്കുന്നതാണെന്നും, അന്നത്തെ രാജാവു് ഉദയമാർത്താണ്ഡവർമ്മ തന്നെ ആയിരുന്നുവെന്നും എടുക്കുന്നതു് തെററാണെന്നു് എങ്ങനെ പറയാം? അതിനാൽ 537-ാമാണ്ടു് സന്ദേശഹരൻ കൊല്ലത്തു ചെന്നാൽ വേണാടർക്കോനായ രവിവർമ്മയെ കാണാൻ സാധിക്കുമെന്ന സിദ്ധാന്തം തെളിവില്ലാതെ ദുർബ്ബലമായി ഭവിക്കുന്നു.

മഹാകവി ഉള്ളൂരിന്റെ അഭിപ്രായം

സന്ദേശത്തിൽ പ്രസ്തുതനായ രവിവർമ്മ, സംഗ്രാമധീരനല്ല എന്ന അഭിപ്രായം മുൻപും പലരും പറഞ്ഞിട്ടുള്ളതാണു്. അവരിൽ പ്രധാനസ്ഥാനം വഹിക്കുന്നതു് മഹാകവി ഉള്ളൂരാണു്. മതിലകം രേഖകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ ആദിത്യവർമ്മ രാജാവിന്റെ കൊ. വ. 550-ലെ ഒരു രേഖയെപ്പററിയുള്ള കുറിപ്പിൽ അദ്ദേഹം അഭിപ്രായപ്പെട്ടതു് ആ ആദിത്യവർമ്മയാണു് ഉണ്ണുനീലി സന്ദേശത്തിലെ സന്ദേശഹരൻ എന്നത്രേ. (Huzur Central Records Series III. P. 2) കേരളസാഹിത്യചരിത്രം എന്ന ഉള്ളൂരിന്റെ മഹാഗ്രന്ഥത്തിൽ ഈ അഭിപ്രായത്തെ വിസ്തരിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. (1-ാം വാല്യം പു. 363-368). 549-ാമാണ്ടിടയ്ക്കാണു് സന്ദേശകാലമെന്നും ആയിടയ്ക്കുള്ള ഇരവിവർമ്മയും ആദിത്യവർമ്മയുമാണു് സന്ദേശത്തിൽ സംസ്തുതരായിരിക്കുന്നതെന്നും അദ്ദേഹം കരുതുന്നു. സംഗ്രാമധീരരവിവർമ്മന്റെ അപദാനങ്ങളെപ്പററി കവി ഒന്നും സൂചിപ്പിക്കുന്നില്ലെന്നും,

അദ്ദേഹത്തെ പണ്ഡിതനെന്നോ കവിയെന്നോ വർണ്ണിച്ചിട്ടില്ലെന്നും മററുമാണു് മഹാകവി കാരണമായി നിർദ്ദേശിക്കുന്നതു്.

ഒന്നാമതായി രവിവർമ്മയെപ്പററിയല്ല കാവ്യം എന്നു് ഓർമ്മിക്കണം. പിന്നെ രവിവർമ്മയെപ്പററി എന്തു പറഞ്ഞിട്ടുണ്ടു് എന്നല്ലാതെ എന്തു പറഞ്ഞിട്ടില്ല എന്നു പരിഗണിക്കുന്നതു യുക്തമല്ല. സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതു് 'വിദ്വൽപദ്മാകര ദിനകരൻ' എന്നും, 'വിശ്വലോകൈകദീപം' എന്നും, 'മുററിക്കുട്ടും പെരിയപരമൈശ്വര്യ ചക്രായമാനൻ' എന്നുമാണു്. ഈ പരാമർശങ്ങൾ സംഗ്രാമധീര ചക്രവർത്തിക്കു് പോരാത്തതാണെന്നു് എങ്ങനെ പറയാം? സാധാരണനായ ഒരു രവിവർമ്മയെപ്പററി ഇതൊക്കെ പറയാമോ എന്നും സംശയിക്കണം. കായംകുളത്തെ രവിവർമ്മയെപ്പററി പറയുന്നതിൽ നിന്നും പറയത്തക്ക വ്യത്യാസമൊന്നും കൊല്ലത്തെ രവിവർമ്മയെ കുറിച്ചുള്ള പ്രശസ്തിയിൽ കാണാനില്ലെന്ന പ്രസ്താവം ശരിയല്ല. (കേ. സാ. ച. I. P. 364). വ്യത്യാസം വളരെയുണ്ടെന്നു പരിശോധനയിൽ കാണാം. ആനനത്തിൽ കമലവനിതയെയും, വാക്കിൽ വാണീദേവിയെയും, വാളിൽ വീരശ്രീയെയും വഹിക്കുന്ന കീർത്തിശാലിയെന്നും, ശത്രുക്കൾക്കു് തൂണിൽ നിന്നും ഉണ്ടാകുന്ന നരസിംഹത്തിനു തുല്യനെന്നുമാണു് കായംകുളത്തെ രവിവർമ്മയെപ്പററി പറഞ്ഞിട്ടുള്ളതു്. (I. ശ്ലോ. 103.) വിശ്വലോകൈകദീപമെന്നു് പ്രകീർത്തിച്ച പരാമർശത്തിനും ഇതിനും തമ്മിൽ വ്യത്യാസമില്ലെന്നു കല്പിക്കാൻ എങ്ങനെ കഴിയും? ഏതു് രാജാവിനെപ്പററിയും എന്തും എഴുതിവിടാൻ പണ്ടത്തെ കവികൾക്കു് എന്നല്ല ഇന്നത്തെ ചില പണ്ഡിതന്മാർക്കും കഴിവുള്ളതു തന്നെ. എന്നാലും 'വിശ്വലോകൈകദീപം' എന്നു് എഴുതുന്ന ആൾക്കു് അല്പമെങ്കിലും വകതിരിവുണ്ടെന്നു കല്പിക്കാൻ നമുക്കും ദാക്ഷിണ്യം തോന്നേണ്ടതല്ലേ? അതിശയോക്തി കലർത്തി പറയുന്നതു് കവികളുടെ ശൈലിയാണു് എന്നു് സമ്മതിക്കുന്നതോടൊപ്പം പല രാജാക്കന്മാരെപ്പററി ചെയ്യുന്ന പ്രസ്താവനകളുടെ താരതമ്യംകൊണ്ടു് ആ അതിശയോക്തിയുടെ വലിപ്പച്ചെറുപ്പവും നമുക്കു പരിശോധിക്കാമല്ലോ. കായംകുളം രാജാവിനെപ്പററി ആകട്ടെ, പിന്നെ പരാമർശിക്കുന്ന രായിരക്ഷോണിപാലൻ (I. ശ്ലോ. 116) തെക്കുംകൂർ രാജാവായ രാമവർമ്മ (129), വടക്കുംകൂർ രാജാവായ മണികണ്ഠൻ (II. 23).

ഇവരെപ്പററിയാകട്ടെ, അത്ര അതിരു കടന്ന പ്രശംസ കവി ചൊരിയുന്നില്ല. അതിനാൽ രവിവർമ്മയെപ്പററി ചെയ്യുന്ന പ്രശംസ വേണ്ടവോളവുമായില്ല എന്ന വാദത്തിനു് ശക്തി യില്ലാതെ വരുന്നു.

പിന്നെ സംഗ്രാമധീരന്റെ പാണ്ഡ്യചോള വിജയങ്ങളെപ്പററി സൂചന ഇല്ലല്ലോ എന്നു് ഒരു വാദം ആകാം. ശരിതന്നെ. കവി കുറേക്കൂടി വിശദമായി ചരിത്രകാര്യങ്ങളും വിവരിച്ചിരുന്നെങ്കിൽ ചരിത്രവിദ്യാർത്ഥികൾക്കു സൗകര്യമാകുമായിരുന്നു. അതു ചെയ്യാഞ്ഞതു കഷ്ടമായിപ്പോയി എന്നു സമ്മതിക്കാം. എന്നാൽ ആ വാദംകൊണ്ടു് എന്താണു് പ്രയോജനം? സംഗ്രാമധീരന്റെ കാലത്തെ ചരിത്രകാര്യങ്ങളെപ്പററി പറഞ്ഞിട്ടില്ലെങ്കിൽ, സംഗ്രാമധീരനെപ്പററി മാത്രമല്ല, അടുത്ത രവിവർമ്മയെപ്പററിയും അതു തന്നെ ഗതി. രണ്ടാമത്തെ രവിവർമ്മയുടെ അനുജൻ ഇലകൻ പടയെ തോല്പിച്ചതായി വരുമെങ്കിൽ ആ കാര്യത്തിൽ ജ്യേഷ്ഠനായ താനുതന്നെ രവിവർമ്മയ്ക്കു യാതൊരു പങ്കും ഉണ്ടായിരുന്നില്ലെന്നോ? ഉണ്ടായിരുന്നെങ്കിൽ അതിനെപ്പററി എന്താണു് കവി മൂകനായിരിക്കുന്നതു? അതിനു് എതിർകക്ഷിക്കു പറയാനുള്ള സമാധാനമാണു് എന്റെ പക്ഷത്തു നിന്നു് എനിക്കു പറയാനുള്ളതും. സംഗ്രാമധീരരവിവർമ്മയുടെ പ്രശസ്തിയായി ഒരു ശിലാരേഖ രംഗനാഥക്ഷേത്രത്തിൽ ഉണ്ടു്. അതിൽ അലങ്കാരരൂപത്തിലുള്ള പ്രശസ്തിയല്ലാതെ രവിവർമ്മയുടെ പ്രത്യേകാപദാനങ്ങളൊന്നുമില്ല. അതുകൊണ്ടു് അതും സംഗ്രാമധീരനെപ്പററി അല്ല എന്നു വാദിക്കാമല്ലോ? (കേരളസാഹിത്യ ചരിത്രം പുറം 300-ൽ ആ രേഖയുടെ ഭാഗം ഉദ്ധരിച്ചിട്ടുണ്ടു്)

ഉള്ളൂരിന്റെ യുക്തികളെ പ്രത്യക്ഷമായി ചരിത്രദൃഷ്ടി അംഗീകരിക്കുന്നില്ല. എന്നാൽ ആന്തരമായി നോക്കുമ്പോൾ ഉണ്ണുനീലി സന്ദേശത്തിന്റെ കാലത്തെ സംബന്ധിച്ചിടത്തോളം ഉള്ളൂരിന്റെ അഭിപ്രായം തന്നെയാണു് ചരിത്രദൃഷ്ടികാരനും സ്വീകരിക്കുന്നതു്. രണ്ടു പേരും 530-നു ഇടയ്ക്കുള്ള രവിവർമ്മയെയും ആദിത്യവർമ്മയെയും സ്വീകരിക്കുന്നു. ചരിത്രദൃഷ്ടികാരൻ 537 എന്നു വർഷനിർണ്ണയം ചെയ്യുമ്പോൾ ഉള്ളൂർ 549 എന്നു കല്പിക്കുന്നു. 12 വർഷത്തെ വ്യത്യാസമേ ഉള്ളൂ അവർ തമ്മിൽ. എന്നാൽ സംഗ്രാമധീരരവിവർമ്മയ്ക്കു മാത്രം ഘടിക്കുന്ന പല പ്രാചീന പദ്യങ്ങളും രണ്ടാമത്തെ രവിവർമ്മയ്ക്കു

ഘടിക്കാതെ വരുമെന്നുള്ളതിന്നു് മുകളിൽ കാണിച്ചിട്ടുള്ള യുക്തികൾ ഇവിടെ ആവൎത്തിക്കണമെന്നില്ലല്ലോ.

ആദിത്യവൎമ്മയുടെ കാലനിൎണ്ണയം

ഇനിയും സന്ദേശഹരനായ ആദിത്യവൎമ്മയെപ്പററിയുള്ള പരാമൎശത്തെ ആധാരമാക്കിക്കൊണ്ടും സന്ദേശത്തിന്റെ കാലം ഗണിക്കേണ്ടിയിരിക്കുന്നു. ചരിത്രദൃഷ്ടിയിൽ കൂടി കാണുന്ന മുഖ്യമായ വൈഷമ്യം സംഗ്രാമധീരന്റെ കാലത്തോടു് അടുത്തൊന്നും ആദിത്യവൎമ്മ എന്നു പേരുള്ള ഒരു രാജാവു് ജീവിച്ചിരുന്നില്ല എന്നതാണു്. (ഉ. ച. 49) ഈ അംശത്തെപ്പററി ചരിത്രദൃഷ്ടിയിൽ 'വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്'. (പുറം 18–28) 505–ാമാണ്ടിടയ്ക്കു് ഒരു ആദിത്യവൎമ്മ ജീവിച്ചിരുന്നതായി വയ്ക്കം ഗ്രന്ഥവരിയിൽ കാണുന്നുവെന്നു് ശങ്കുണ്ണിമേനവൻ പ്രസ്താവിച്ചിട്ടുണ്ടു്. (ശങ്കുണ്ണി. തിരുവി. ചരിത്രം പു. 93). ഈ ആദിത്യവൎമ്മയാണു് കൊ. വ. അഞ്ചാം ശതകത്തിന്റെ അവസാനത്തിൽ കോലത്തു നാട്ടിൽനിന്നും രണ്ടു രാജകന്യകകളെ ദത്തെടുത്തു് ആററിങ്ങൽ കുടിവച്ചതെന്നും അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണാം. ഈ കാൎയ്യങ്ങൾ എത്രകണ്ടു വിശ്വസിക്കാമെന്നു തീൎത്തു പറയുക പ്രയാസമാണു്. എങ്കിലും വയ്ക്കം ദേവസ്വത്തിന്റെ മേൽക്കോയ്മ 505–ൽ ആദിത്യവൎമ്മ ഏറെറടുത്തതായി വയ്ക്കം ഗ്രന്ഥവരിയിൽ കാണുന്നുവെന്നാണു് അദ്ദേഹത്തിന്റെ പ്രസ്താവന. (As the accounts of the renowned pagoda at Vaikom show that in 5 '5—M. E. (1330 A. D.) that sovereign had assumed authority over the affairs of the Devaswam). ഈ പ്രസ്താവനയിൽ 'കണക്കിൽ കാണുന്നതുപോലെ' എന്ന ഭാഗം കാണാതെ എഴുതിയതാണു് എന്നു തീൎത്തു പറയാമോ? എന്നാൽ ഈ അംശത്തിൽ കെ. പി. പത്മനാഭമേനോനും മററും ചൂണ്ടി കാണിച്ചിട്ടുള്ള സംശയങ്ങളെ ചരിത്രദൃഷ്ടിയിൽ എടുത്തു കാണിച്ചിട്ടുണ്ടു്.

പത്മനാഭമേനോൻ തിരുത്തിയിട്ടുള്ളതു് അനുസരിച്ചു് ആദിത്യവൎമ്മ മേൽക്കോയ്മ ഏറെറടുത്തതു് 584–ൽ എന്നാണു് (ഉ. ച. 18. 20.) ഈ ഗ്രന്ഥവരി പൂൎണ്ണവിശ്വാസം അൎഹിക്കുന്ന ഒരു രേഖയായി സ്വീകരിക്കാമോ എന്നു് ചരിത്രദൃഷ്ടിയിൽ

സംശയിക്കുന്നു. അതിനെപ്പററി എങ്ങനെ വിധി കല്പിച്ചാലും 584 എന്ന ആണ്ട് സ്വീകാര്യമല്ല. 584-ാമാണ്ടിടയ്ക്ക് ഒരു ആദിത്യവർമ്മ ഉള്ളതായി കാണുന്നില്ല. വഞ്ഞം ഗ്രന്ഥവരിയെ ആശ്രയിച്ച് എഴുതിയ ശങ്കുണ്ണിമേനവനെ വിശ്വസിച്ചു കൊണ്ടാണ് നാഗമയ്യായും സദസ്യതിലകനും 505-ലെ ആദിത്യവർമ്മയെപ്പററി പ്രസ്താവിക്കുന്നത് എന്ന് ചരിത്രദൃഷ്ടിയിൽ സൂചിപ്പിക്കുന്നു (P. 21). ശ്രീ. രാമനാഥയ്യർ ആദിത്യവർമ്മയുടെ വട്ടെഴുത്തു രേഖ തിരുത്തിയതു കാണാതെ ആണ് സദസ്യതിലകൻ നാഗമയ്യായുടെ അഭിപ്രായത്തെ ഉപേക്ഷിച്ചിരിക്കാത്തതെന്നും ചരിത്രദൃഷ്ടിയിൽ സൂചനയുണ്ട്. രാമനാഥയ്യരുടെ തിരുത്തൽ സദസ്യതിലകൻ അംഗീകരിക്കുന്നുണ്ട് എന്നുള്ളതിനും എന്നാൽ വഞ്ഞം ഗ്രന്ഥവരിയെ ആധാരമാക്കിയാണ് 505-ലെ ആദിത്യവർമ്മയെ അദ്ദേഹം അംഗീകരിക്കുന്നത് എന്നുള്ളതിനും സ്വരൂപ മാനവലിലെ ഒരു അടിക്കുറിപ്പു പ്രമാണമാണ്. (സദസ്യ. സ്വരൂ-മാ. II.P.120) 480-ലാണ് ആദിത്യവർമ്മ മരിക്കുന്നത് എന്നു നാഗമയ്യാ ശങ്കുണ്ണിമേനവനെ പ്രമാണമാക്കി പറയുന്നുണ്ടെങ്കിലും, മരിച്ചതിന്റെ വർഷം 480 എന്ന് ക്ലിപ്തമായി പറയുന്നത് മേനവനല്ല, തിരുവിതാംകൂറിന്റെ ചരിത്രം ആദ്യം രചിച്ച പാച്ചുമൂത്തതാണ് എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഇതു സംബന്ധമായ എന്തെങ്കിലും രേഖ പാച്ചുമൂത്തതു കാണാതെ ഇങ്ങനെ ഒരു ആണ്ട് ക്ലിപ്തമായി കല്പിച്ചിരിക്കും എന്നു പറയാമോ? അതിനെപ്പററി ഏതായാലും തുടർന്ന് ചർച്ച ഇവിടെ ആവശ്യമില്ല.

കൊ. വ. 480-ൽ
ആദിത്യവർമ്മ ഉണ്ടായിരുന്നു എന്നു ഉള്ളൂർ

505-ലെ വഞ്ഞം രേഖയെപ്പററി പ്രത്യേകം പരിശോധന കൂടാതെ ആണ് നാഗമയ്യാ ശങ്കുണ്ണിമേനവന്റെ പ്രസ്താവത്തെ അനുവാദം ചെയ്യുന്നത് എന്ന് ഓർക്കണം. (നാഗ-സ്റ്റേ. മാ. I. P. 260). വഞ്ഞം ഗ്രന്ഥവരിയാണ് 505-ലെ ആദിത്യവർമ്മയുടെ ഏകാവലംബമായ തെളിവ് എന്ന് ഇങ്ങനെ വന്നുകൂടുന്നു. ആ രേഖ ശരിയല്ല എന്നും, ശരിയാണെങ്കിൽ തന്നെ 505 എന്ന അക്കം ശരിയല്ലെന്നും ആണ് ചരിത്രദൃഷ്ടിയിൽ ഉന്നയിച്ചിട്ടുള്ള വാദം. (ഉ. ച. 20. 21.) സന്ദേശത്തിലെ

ആദിത്യവർമ്മ 505-ലെ ആദിത്യവർമ്മയല്ല, 550-ലെ ആദിത്യവർമ്മയാണെന്നു ബലമായി വാദിക്കുന്ന മഹാകവി ഉള്ളൂർ ചരിത്രദൃഷ്ടികാരനെ അനുഗ്രഹിക്കുന്നുണ്ടെങ്കിലും 508-ലെ ആദിത്യവർമ്മയെപ്പറ്റി അദ്ദേഹം ഒരു അത്ഭുതാഗമം ചെയ്യുന്നുണ്ട്. കേരള സാഹിത്യ ചരിത്രത്തിൽ (പു-354) "1315-ാമാണ്ടിടയ്ക്കു (കൊ. വ. 490-ാമാണ്ട്) ഒരു ആദിത്യവർമ്മ ഉണ്ടായിരുന്നതായി ഞാൻ സങ്കല്പിക്കുന്നു. അദ്ദേഹത്തിനാണ് കൊല്ലം 505-ൽ വയ്ക്കം ക്ഷേത്രത്തിലെ വലിയകോയ്മസ്ഥാനം ലഭിച്ചതെന്നു ഞാൻ ആ ക്ഷേത്രത്തിലെ ഗ്രന്ഥവരി പരിശോധിച്ചതിൽ കാണുന്നു" എന്നു മഹാകവി പറഞ്ഞിട്ടുള്ളത് സർവ്വസംശയച്ഛേദകമായി കരുതാം. ശങ്കുണ്ണിമേനവന്റെയും നാഗമയ്യായുടെയും പത്മനാഭമേനോന്റെയും മറ്റും വിരുദ്ധങ്ങളായ പ്രസ്താവനകൾ കണ്ടുകൊണ്ടായിരിക്കുമല്ലോ വയ്ക്കം ഗ്രന്ഥവരി ശ്രീ. പരമേശ്വരയ്യർ പരിശോധിച്ചത്.* അദ്ദേഹം പരിശോധിച്ചു കണ്ട ഈ വസ്തുത അദ്ദേഹത്തിന്റെ മുഖ്യ സിദ്ധാന്തത്തിനു വിരുദ്ധമാണെന്നും ഓർക്കണം. അതുകൊണ്ട് അതിനെ അവിശ്വസിക്കാൻ എന്തെങ്കിലും വകയുണ്ടെങ്കിൽ 'ആദിത്യവർമ്മ ഉണ്ടായിരുന്നുവെന്നു ഞാൻ സമ്മതിക്കുന്നു' എന്നും, 'ഗ്രന്ഥവരി പരിശോധിച്ചതിൽ ഞാൻ കാണുന്നു' എന്നും ബലമായി പറക ഇല്ലല്ലോ. തന്റെ സിദ്ധാന്തത്തിന് അനുകൂലമായാലും പ്രതികൂലമായാലും കണ്ട സത്യം പറയണമെന്ന നിർബ്ബന്ധംകൊണ്ട് ആണല്ലോ മഹാകവി ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളത്. ഈ പ്രസ്താവന അനുസരിച്ച് സംഗ്രാമധീര രവിവർമ്മയുടെ കാലത്തു തന്നെ ഒരു ആദിത്യവർമ്മ ഉണ്ടെന്നു സിദ്ധിക്കുമല്ലോ.

സന്ദേശത്തിലെ രവിവർമ്മ സംഗ്രാമധീരരവിവർമ്മ ആണ് എങ്കിൽ മഹാകവി സമ്മതിക്കുന്ന ആദിത്യവർമ്മതന്നെ ആയിരിക്കണം സന്ദേശത്തിലെ ആദിത്യവർമ്മ. വയ്ക്കം ഗ്രന്ഥവരിയും അതിനെപ്പറ്റി മഹാകവി ചെയ്യുന്ന പ്രസ്താവനയും എതിർകക്ഷി വിശ്വസിക്കുന്നില്ല എന്നു വന്നാലോ? എന്നാലും സംഗ്രാമധീരരവിവർമ്മ തന്നെയായിരിക്കണം സന്ദേശത്തിലെ രവിവർമ്മ എന്നു യുക്തി കാണിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ

---

* മഹാകവി വയ്ക്കം ഗ്രന്ഥവരി പരിശോധിച്ച് എഴുതിയ കുറിപ്പ് ഉൾക്കൊള്ളുന്ന നോട്ടുപുസ്തകം മഹാകവിയുടെ പുത്രൻ ശ്രീ. രാമനാഥൻ എന്നെ കാണിക്കയുണ്ടായി.

അനന്തരജനായി ആദിത്യവർമ്മ ഉണ്ടായിരുന്നു എന്നതിനു സന്ദേശം തന്നെ തെളിവായി ഭവിക്കും. ആ ആദിത്യവർമ്മയെ പററി വല്ലതും ഗ്രന്ഥകാരി അംഗീകരിക്കുന്നില്ലെങ്കിൽ പിന്നെ വേറെ തെളിവില്ലല്ലോ. ഇന്നു രേഖകൾ ഇല്ലാത്തവരാരും അന്നു ജീവിച്ചിരുന്നില്ല എന്നു ആരെങ്കിലും ഒരു യുക്തി കൊണ്ടുവരാൻ ഒരുങ്ങുന്നെങ്കിൽ അവരോടു തോററു പിന്മാറാതെ തരമില്ല. അന്നു ജീവിച്ചിരുന്ന അപൂർവ്വം ചിലരെപ്പററി ചില ശാസനങ്ങളും ചെമ്പുതകിടുകളും കല്ലെഴുത്തുകളും കുറേ പദ്യശകലങ്ങളും നമുക്കു കിട്ടിയിട്ടുണ്ടു്. അവർ ഒഴികെ ആരും അന്നു ജീവിച്ചിട്ടില്ല എന്നാണു പറവാൻ ഭാവമെങ്കിൽ അവരോടു വാദിക്കാൻ ഞാൻ തയ്യാറില്ല. പ്രൊഫസർ സുന്ദരംപിള്ള അവർകൾ തിരുവിതാംകൂറിലെ ആദി രാജാക്കന്മാരെപ്പററിയുള്ള ശിലാരേഖകൾ പ്രസിദ്ധപ്പെടുത്തിയപ്പോൾ സംഗ്രാമധീരരവിവർമ്മയെപ്പററി ഒരു രേഖയും അദ്ദേഹത്തിനു കിട്ടിയില്ല. സംഗ്രാമധീരന്റെ അനന്തരഗാമിയായ ശ്രീ വീര ഉദയമാർത്താണ്ഡവർമ്മ വീരപാണ്ഡ്യദേവരുടെ 421-ലെ കേരളപുരം രേഖയെ പരാമർശിച്ചു അദ്ദേഹം ചെയ്തു വന്ന പ്രസ്താവന ഞാൻ ഇവിടെ പ്രദർശിപ്പിക്കുന്ന വാദത്തിൽ ശ്രദ്ധേയമാണു്. 427-ാമാണ്ടു കഴിഞ്ഞിട്ടു 491-ാമാണ്ടു വരെ രേഖകൾ കാണാത്തതിനാൽ അന്നു വേണാട്ടു അരാജകസ്ഥിതിയിൽ കഴിഞ്ഞിരുന്നു എന്നാണു സുന്ദരംപിള്ള ഊഹിച്ചതു് (Some Early Sovereigns of Travancore p. 73). ഇതിനിടയ്ക്കു ആണു വിഖ്യാതനായ രവിവർമ്മ ജീവിച്ചതു് എന്നു അറിയാഞ്ഞതുകൊണ്ടാണല്ലോ പ്രൊഫസർ ഇങ്ങനെ അഭിപ്രായം പറഞ്ഞതു്. രവിവർമ്മയെപ്പററിയുള്ള രേഖകൾ പിന്നീടു വെളിക്കു വന്നില്ലായിരുന്നുവെങ്കിൽ ഇന്നും പ്രൊഫസറുടെ അഭിപ്രായംതന്നെ സ്വീകരിച്ചുപോകുമായിരുന്നില്ലേ? ഇതേ സ്ഥിതി തന്നെയല്ലേ 480-ലെയും 508-ലെയും ആദിത്യവർമ്മയ്ക്കു ഇപ്പോഴും വന്നിരിക്കുന്നതു്?

സന്ദേശഹരനായ ആദിത്യവർമ്മ [illegible]0-നു ഇടയ്ക്കുള്ള സർവാംഗനാഥൻ ആദിത്യവർമ്മ എന്നാണല്ലോ കേരളസാഹിത്യചരിത്രത്തിലും ചരിത്രദൃഷ്ടിയിലും കാണുന്നതു്. (കേ. സാ. ച. I. 364–369). മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തിൽ 50[illegible]-ലെ ആദിത്യവർമ്മയ്ക്കു സർവാംഗനാഥബിരുദം ഉള്ളതിനു ലക്ഷ്യം ഇല്ല. എന്നാൽ സന്ദേശഹരനായ ആദിത്യവർമ്മയെ സർവാംഗ

നാഥനെന്ന് അഭിസംബോധനം ചെയ്യുന്നതുമുണ്ട്. അതിനാൽ സർവാംഗനാഥനെന്ന പേരുള്ള ആദിത്യവർമ്മയെ കണ്ടുപിടിക്കുക ആണ് അദ്ദേഹം ചെയ്യുന്നത്. അതിന് തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ രണ്ടു ശിലാരേഖകളും നാഗർകോവിലിൽ വടശ്ശേരി കൃഷ്ണൻ കോവിലിലുള്ള ശിലാരേഖയും അവലംബിച്ച് 550-ലെ ആദിത്യവർമ്മയെ സന്ദേശഹരനായി കല്പിക്കുന്നു. ഉള്ളൂർ കേരള സാഹിത്യ ചരിത്രത്തിൽ സ്വീകരിക്കുന്ന സിദ്ധാന്തങ്ങളും യുക്തികളും തന്നെയാണ് സാരാംശത്തിൽ ചരിത്രദൃഷ്ടിയിലും സ്വീകരിച്ചു കാണുന്നത്. (ഉ. ച. 9; കേ. സാ. ച. 366 നോക്കുക). ആദിത്യവർമ്മയുടെ സർവാംഗനാഥബിരുദമാണ് കേരളസാഹിത്യ ചരിത്രത്തിലേയും ചരിത്രദൃഷ്ടിയിലേയും മുഖ്യസിദ്ധാന്തത്തിന് അവലംബം. (കേ. സാ. ച. 364. ഉ. ച. 17-28). 505-ാം ആണ്ടത്തെ ആദിത്യവർമ്മയ്ക്കു് 'സർവാംഗനാഥൻ' എന്ന ബിരുദം ഉണ്ടായിരുന്നതിന് തെളിവൊന്നുമില്ല എന്നു പറഞ്ഞാണ് കേരളസാഹിത്യചരിത്രത്തിൽ ആ ബിരുദമുള്ള 550-ലെ ആദിത്യ വർമ്മയെ സന്ദേശഹരനായി ഉള്ളൂർ കല്പിക്കുന്നത്. 505-ൽ ആദിത്യവർമ്മ ഇല്ലെന്ന് സിദ്ധമായി എന്നു പറഞ്ഞുകൊണ്ട് 550-ലെ ആദിത്യവർമ്മയെത്തന്നെ ചരിത്രദൃഷ്ടിയിൽ കണ്ടെത്തുന്നു. രണ്ടും ഒരേ സിദ്ധാന്തം തന്നെ. 550-ലെ ആദിത്യ വർമ്മയ്ക്കു് സർവാംഗനാഥ ബിരുദത്തിന് അവകാശം സ്ഥാപിക്കുന്ന 'ശത്രുജേതാऽസി സ്യാദ്' എന്ന ശ്ലോകം രണ്ടു പേരും പരാമർശിക്കയുംചെയ്യുന്നു. ആദിത്യവർമ്മയുടെ ബിരുദത്തെപ്പററി അതിനാൽ തെല്ലും ചിന്ത ആവശ്യമായിത്തീരുന്നു.

ആദിത്യവർമ്മയുടെ സർവാംഗനാഥബിരുദം

സന്ദേശത്തിലെ ആദിത്യവർമ്മയെ 'സർവാംഗനാഥൻ' എന്നു സംബോധന ചെയ്യുന്നുണ്ടെന്നുള്ളതു സത്യം തന്നെ. (1 43-64) 43-ാം പദ്യത്തിൽ 'സർവാംഗനാഥം' എന്ന പാഠം വേദവ്യാസമുനിയുടെ വിശേഷണമായി എടുക്കാവുന്ന തരത്തിൽ ആണ് ശ്രീ. പിഷാരടിയുടെ ആദ്യത്തെ പ്രസാധനം. അങ്ങനെ ആയാൽ 68-ാം ശ്ലോകത്തിൽ മാത്രമേ 'സർവാംഗനാഥ' എന്ന സംബുദ്ധി കാണുന്നുള്ളൂ. ഇങ്ങനെ ഒന്നോ അല്ലെങ്കിൽ രണ്ടോ സംബുദ്ധിയിൽ ആദിത്യവർമ്മയ്ക്കു സർവാംഗനാഥ ബിരുദം ഉണ്ടെങ്കിൽ അതുപോലെ തന്നെ ഒന്നിൽ കൂടുതൽ പദ്യങ്ങളിൽ

'സംഗ്രാമധീരൻ' എന്നും അദ്ദേഹത്തെ വിശേഷിപ്പിച്ചു കാണുന്നു. (I. 18–89). 'തൃപ്പാപ്പൂർ മൂപ്പൻ' എന്നും, 'യദുകുലാധീശൻ' എന്നും, 'വേണാടർകോൻ' എന്നും മറ്റുമാണ് സന്ദേശഹരനെ സന്ദേശത്തിൽ പരാമർശിച്ചിരിക്കുന്നത്. സർവ്വാംഗനാഥശബ്ദം അദ്ദേഹത്തിന്റെ ഒരു പ്രത്യേക ബിരുദമായി സങ്കല്പിച്ച് പ്രയോഗിച്ചിട്ടുള്ളതാണെന്നു നിശ്ചയിച്ചു പറയത്തക്കവണ്ണം പ്രാബല്യമില്ലെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഒരു സർവ്വാംഗനാഥനും ഒരു സംഗ്രാമധീരനും ഒരു ധർമ്മരാജാവും മാത്രമേ വേണാട്ടിൽ ഉണ്ടായിട്ടുള്ളുവെന്നും, മറ്റു ചിലർ ആ നാമങ്ങൾ ഉപയോഗിച്ചിട്ടുള്ളതു കേവലം വിശേഷണങ്ങളായിട്ടാണെന്ന്' എന്നും ചരിത്രദൃഷ്ടിയിൽ (പു 29) തീർത്തു പറഞ്ഞിരിക്കുന്നതു് വളരെ ആലോചിച്ചിട്ടു വേണം സ്വീകരിക്കാൻ. പൂർവ്വോക്തങ്ങളായ നാമങ്ങൾ ഓരോ രാജാക്കന്മാർക്കു മാത്രം പ്രത്യേകം സിദ്ധിച്ചു എന്നും, മറ്റുള്ളവർ വിശേഷണങ്ങളായി ഉപയോഗിച്ചു എന്നും ആണല്ലോ സിദ്ധാന്തം. അതിനും ഈ ബിരുദങ്ങൾ വിശേഷിച്ചു പരാമർശം നടത്തി സമർത്ഥിച്ചതാണെന്ന് തെളിയിച്ചില്ല. സംഗ്രാമധീരൻ എന്ന കാഞ്ചീവിജയി ആയ രവിവർമ്മക്കു് ബിരുദം ഉണ്ടെങ്കിൽ സന്ദേശഹരനായ ആദിത്യവർമ്മയെയും അതേ ബിരുദംകൊണ്ടു തന്നെ സംബോധന ചെയ്യുന്നു. അതുകൊണ്ട് ഒന്നിൽ കൂടുതൽ സംഗ്രാമധീരന്മാർ ഇല്ല എന്നവാദം ദുർബലമായി പോകുന്നല്ലോ. അതേ പ്രകാരത്തിൽ തന്നെയാണ് സർവ്വാംഗനാഥബിരുദവും.

ഒരു കാര്യം പ്രത്യേകം സൂക്ഷിക്കാനുണ്ട്. സംഗ്രാമധീര, തൃപ്പാപ്പൂർതിലകമേ, എന്നൊക്കെ സർവ്വാംഗനാഥ എന്നും സംബോധന ചെയ്യുന്നതല്ലാതെ സന്ദേശഹരനെ സർവ്വാംഗനാഥനാണെന്ന് എടുത്തു പറഞ്ഞിട്ടില്ല. സാക്ഷാൽ സർവ്വാംഗനാഥൻ എന്ന് വടശ്ശേരിശാസനത്തിൽ ആത്മാഭിമാനം കൊള്ളുന്ന ആദിത്യവർമ്മ ആത്മപ്രശംസാപടുവായിരുന്നു എന്ന് അദ്ദേഹത്തിന്റെ ആ ശിലാരേഖ തന്നെ തെളിവു തരുന്നു.

ശബ്ദജ്ഞോഽസ്മ്യഥ ലക്ഷ്യലക്ഷണഗുരുസ്സാഹിത്യസംഗീതയോഃ
സ്മൃത്യർത്ഥാത്മപുരാണശാസ്ത്രനിഗമാൻ ജാനേ പ്രമാണാന്യപി
ഷട്ത്രിംശത്സ്വപി ഹേതിഷു ക്രമഗുണൈർന്നെല്ലോരജ കലാനാം
കലാ–
ന്യഭ്യാസേ യുധി ഭൂപതീംശ്ച വിജയേ സർവ്വാംഗനാഥോഽസ്മ്യതഃ.
(T. A. S. Vol. I. P. 172)

ഒരു ക്ഷേത്രത്തിന്റെ ഭിത്തിയിൽ ഇത്തരം ആത്മപ്രശസ്തി എഴുതി വച്ച ആദിത്യവർമ്മയാണോ സന്ദേശത്തിലെ ആദിത്യവർമ്മയെന്ന് ഒന്നു പരിശോധിക്കണം. സന്ദേശഹരൻ ഉണ്ണുനീലിയോടു തന്നെത്താനേ പരിചയപ്പെടുത്തുന്നുണ്ടല്ലോ. അതിൽ ഈ ഉദ്ധതവാദങ്ങളൊന്നും തീരെ കാണാനില്ല. വളരെ വിനയശാലി ആയ ഒരു ആദിത്യവർമ്മയാണ് അവിടെ പ്രത്യക്ഷപ്പെടുന്നതു്. *

നാരീമൗലേ! മമ മലർമകൾക്കഞ്ചിതിപ്പാന്തിരുപ്പാ-
പ്പൂരെൻറില്ലം വെളുമിളമാൻകണ്ണി! വേണാട്ടിലങ്ങ്
താരാനാഥപ്രതിമവദനേ! ചേരമാദിച്ചവർമ്മൻ
പാരേറീടും പുകളിരവി വർമ്മനു രണ്ടാമവൻ ഞാൻ.

(II-77)

ഒന്നാമത്തെ ആദിത്യവർമ്മ താൻ ഒരു ശബ്ദജ്ഞനാണെന്നും സംഗീത സാഹിത്യമർമ്മജ്ഞനാണെന്നും സ്മൃതിശാസ്ത്രാദി പാരംഗതനാണെന്നും യുദ്ധവീരനാണെന്നും പറഞ്ഞു തന്റെ സർവാംഗനാഥബിരുദത്തിനു കാരണം ഉദ്ഗീരണം ചെയ്യുന്നു. അത്ര ഒന്നും അവിടെ എഴുതിവയ്ക്കേണ്ട ആവശ്യമെന്തെന്നു നമുക്ക് അറിവില്ല. സന്ദേശത്തിലോ? തന്റെ വൻപു വേണമെങ്കിൽ ആ സ്ത്രീയോടു പറഞ്ഞുകേൾപ്പിക്കുവാൻ ദുരഭിമാനി ആയ ഒരു പുരുഷനു് അവകാശമുള്ളതാണ്. വിശേഷിച്ചും ഉണ്ണുനീലിക്ക് സംഗീതത്തിലും സാഹിത്യത്തിലും സംസ്കൃതത്തിലും പ്രാകൃതത്തിലും ജ്യോതിഷത്തിലും മറ്റും ജ്ഞാനം ഉണ്ടായിരുന്നുവെന്നു കാണുന്ന സ്ഥിതിക്ക് തന്റെ വൈദുഷ്യസിദ്ധികളെപ്പററി സർവാംഗനാഥൻ ആദിത്യവർമ്മ അവരെ അറിയിക്കാതെ വിടുമോ? എന്നാൽ താൻ ശബ്ദജ്ഞൻ ആണെന്നോ, സർവാംഗനാഥനാണെന്നോ, ഒരു വൻപൻ ആണെന്നോ ഒന്നും സന്ദേശഹരൻ ആ സ്ത്രീയോടു പറയുന്നില്ല. അദ്ദേഹത്തിന്റെ ഇല്ലം തൃപ്പാപ്പൂരാണെന്നും, ചേരആദിച്ചവർമ്മ

* ഇതു സന്ദേശകാരനായ കവിയുടെ വാക്കാണ്, ആദിത്യവർമ്മയെക്കൊണ്ടു പറയിച്ചിട്ടുള്ളതെന്നു വച്ച് ആദിത്യവർമ്മയുടെ വാക്ക് അല്ല എന്നു പറയാവുന്നതാണ്. ശരി തന്നെ. എങ്കിലും ആദിത്യവർമ്മയെ നല്ലവണ്ണം മനസ്സിലാക്കിയ കവി അദ്ദേഹത്തെ അവതരിപ്പിക്കുന്നതു് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അറിഞ്ഞുകൊണ്ടു ശരിയായ വിധത്തിൽ ആയിരിക്കുമല്ലോ.

എന്നാണെന്നും പറയുന്നു. പിന്നെ എന്തു പറഞ്ഞാണു തന്നെത്താനെ അഭിമാനം കൊള്ളുന്നതു്? 'പാരേറിടും പുകളിരവിവർമ്മനു രണ്ടാമവൻ ഞാൻ' എന്നു പറഞ്ഞാണു്. അങ്ങനെ ഒരു അഭിമാനം 'ശത്രുക്ഷോടസ്സി' എഴുതിവച്ച ആദിത്യവർമ്മയ്ക്കു് ഇല്ല. അദ്ദേഹത്തിനു് സർവ്വാംഗനാഥനായാൽ മതി. ഇരവിവർമ്മനു രണ്ടാമനാവാൻ താത്പര്യമില്ല. സഹോദരൻ നേരെമറിച്ചു തന്റെ വത്സനായ ജ്യേഷ്ഠന്റെ തണലിൽ നില്ക്കാൻ കാംക്ഷിക്കുന്ന ഒരു വിനയശാലി ആണല്ലോ. ആ ജ്യേഷ്ഠനെപ്പററി എങ്ങനെ സൂചിപ്പിക്കുന്നു? 'പാരേറിടും പുകളിരവിവർമ്മൻ' എന്നു്. ഇതു സോദരൻ സംഗ്രാമധീരരവിവർമ്മയെത്തന്നെ പരാമർശിക്കുന്നതാണെന്നു കരുതണം. 54?-ലെ തിരുവടികൾക്കു രവിവർമ്മയെപ്പററി അതിശയോക്തിപ്രിയനായ കവിപോലും തന്റെ സന്ദേശഹരന്റെ മാഹാത്മ്യത്തിന്റെ കേന്ദ്രബന്ധമായി എടുത്തു പറയും എന്നു തോന്നുന്നില്ല. അങ്ങനെ തന്റെ ജ്യേഷ്ഠനെപ്പററിയുള്ള അഭിമാനം 550-ലെ സർവ്വാംഗനാഥൻ ആദിത്യവർമ്മയ്ക്കു് ഇല്ലെന്നുള്ളതിനു തെളിവു് അദ്ദേഹത്തിന്റെ മൂന്നു ശിലാലേഖനങ്ങളും തന്നെ. അവയിലൊന്നിലും ജ്യേഷ്ഠനായ രവിവർമ്മയെപ്പററി പരാമർശമില്ലല്ലോ. ഇതൊരു മുഖ്യസിദ്ധാന്തം അല്ല; ആനുഷംഗികപ്രസ്താവം ആണു്.

ഇനി ആനുഷംഗികമായി ഒരു കാര്യം കൂടി ഇവിടെ പറയാൻ തോന്നുന്നു. തന്റെ സകല പ്രശസ്തികളും ഒന്നൊന്നായി ചൂണ്ടിക്കാണിക്കുന്ന ഈ 550-ലെ സർവ്വാംഗനാഥൻ തുലുക്കന്മാരെ തോല്പിച്ചെങ്കിൽ ആ കാര്യംകൂടി എടുത്തുപറയാതെ വിട്ടുമെന്നു കരുതാൻ യാതൊരു ന്യായവുമില്ല. 'തുലുക്കൻപടയെ തെക്കേ ഇൻഡ്യയിൽ ആദ്യമായി തോല്പിച്ച രണധീരൻ എന്ന കീർത്തി ഭാവിചരിത്രകാരന്മാർ സർവ്വാംഗനാഥനു നൽകിയേക്കാം' എന്നു ചരിത്രഭൂമിയിൽ ചെയ്യുന്ന പ്രസ്താവം (പു. 23) ആത്മപ്രശംസാകാഹളം മുഴക്കുന്ന സർവ്വാംഗനാഥൻ തന്നെത്താൻ പോലും അവകാശപ്പെടാത്ത ഒരു വാദമായി അങ്ങനെ അവശേഷിക്കുന്നു. ഈ സർവ്വാംഗനാഥൻ തുലുക്കൻപടയോടു് ഏററിരുന്നുവെങ്കിലോ, ഒരൊററ തുലുക്കനെയെങ്കിലും കൊന്നിരുന്നുവെങ്കിലോ താൻ മുസ്ലീംശക്തിയെ തുരത്തി ഹിന്ദുധർമ്മത്തെ പുനഃസ്ഥാപിച്ചു എന്നു് നാലഞ്ചു ക്ഷേത്രഭിത്തികളിലെങ്കിലും എഴുതിവയ്ക്കാതെ അടങ്ങുമായിരുന്നെന്നു തോന്നുന്നില്ല.

ഇവിടെ ഒരു കാര്യം പ്രതിപക്ഷികൾ ന്യായമായി ചൂണ്ടിക്കാണിക്കുന്നതാണ്. സന്ദേശഹരനായ ആദിത്യവർമ്മയും സംഗീതസാഹിത്യപാരംഗതനും സർവ്വവിദ്യാവിചക്ഷണനും മറ്റും ആയിരുന്നുവെന്നു സന്ദേശത്തിൽ നിന്നു കാണാം 'തണ്ടാർമാതും കവിവനിതയും തങ്ങളിലൻപോടു പുൽകുന്ന ആളാകുന്നു' (I.12). സംസ്കൃത പ്രാകൃതങ്ങളിലും നിപുണനായിരുന്നുവെന്നും, ആയുധവിദ്യകളിലും സംഗീതത്തിലും വിദഗ്ദ്ധനായിരുന്നുവെന്നും (18–19) മറ്റും സന്ദേശത്തിൽനിന്നു അറിയാം. കവി സന്ദേശഹരനിൽ അർപ്പിക്കുന്ന ഈ പ്രശംസകളെ 'ശയ്യ ജ്ഞൊടസ്തി'യോടു താരതമ്യപ്പെടുത്താമല്ലോ എന്നായിരിക്കും പ്രതിയോഗികളുടെ വാദം. അന്നത്തെ ചില രാജാക്കന്മാർക്കും ഈ വിദ്യകളെല്ലാം സ്വാധീനമായിരുന്നു എന്നാണ് അതിനു സമാധാനം. സാക്ഷാൽ സംഗ്രാമധീര രവിവർമ്മ തന്നെ ചതുഃഷഷ്ടികലാവല്ലഭനും, സംഗീതശാസ്ത്ര പാരദൃശ്വാവും, സാഹിത്യവിദ്യാവിചക്ഷണനും ആയിരുന്നല്ലോ. അദ്ദേഹത്തിന്റെ അനുജനെന്നു കല്പിക്കേണ്ട സന്ദേശഹരനായ ആദിത്യവർമ്മയ്ക്കും ജ്യേഷ്ഠനു തുല്യമായ സിദ്ധികൾ ഉണ്ടായിരുന്നിരിക്കാം. ഈ വിചാരംകൊണ്ടു സിദ്ധിക്കുന്നതു് 550-നു് ഇടയ്ക്കുള്ള ആദിത്യവർമ്മ സർവ്വാംഗനാഥനെ സന്ദേശഹരനായി കല്പിക്കുന്നതിനു തീരെ ശക്തി പോരാ എന്നാണ്. സന്ദേശത്തിൽ സ്മരിക്കുന്ന രവിവർമ്മ കാഞ്ചീപുരത്തു വച്ചു കിരീടധാരണം സാധിച്ച സംഗ്രാമധീരനായിരിക്കണം എന്നു കാണിച്ചിട്ടുള്ളതുകൊണ്ടു് സന്ദേശഹരൻ 'അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മ ആണെന്നും വന്നുകൂടുന്നു.

രവിവർമ്മയ്ക്കും ആദിത്യവർമ്മയ്ക്കും തമ്മിലുള്ള ബന്ധത്തെ പററി ഒരു കാര്യംകൂടെ ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. സംഗ്രാമധീരനു ശേഷം വേണാടു വാണതു് ഉദയമാർത്താണ്ഡവർമ്മ ആയിരുന്നതുകൊണ്ടു് സംഗ്രാമധീരന്റെ കാലത്തു് തൃപ്പാപ്പൂർ മൂപ്പനായിരുന്നതു് ഉദയമാർത്താണ്ഡവർമ്മ ആയിരിക്കാമെന്നും മററും ചരിത്രദൃഷ്ടിയിൽ പറഞ്ഞിട്ടുണ്ടു്. (ച. ദ. 40–41). സംഗ്രാമധീരന്റെ കാലത്തു് തൃപ്പാപ്പൂർ മൂപ്പൻ ആദിത്യവർമ്മ അല്ലെന്നു പറയാനാണല്ലോ ഈ പ്രസ്താവം പ്രയോജനപ്പെടുന്നതു്. എന്നാൽ ഉദയമാർത്താണ്ഡവർമ്മ തൃപ്പാപ്പൂർമൂപ്പു് എന്നെങ്കിലും വഹിച്ചിട്ടുണ്ടോ എന്നും, അദ്ദേഹത്തിനും രവിവർമ്മയ്ക്കും തമ്മിൽ എന്തായിരുന്നു ബന്ധം എന്നും ഒന്നും ഇതുവരെ അറിവില്ല. 491-ാമാണ്ടു് അദ്ദേഹം വേണാടു വാണിരുന്നു എന്നും ആ

ആണ്ട് നാലാമാണ്ട് ആയിരുന്നു എന്നും മാത്രമേ പ്രസിദ്ധപ്പെടുത്തിയ രേഖയിൽ നിന്നും അറിയാവൂ.

'കൊല്ലം 491-മതെതിരെ യാണ്ടു 4-വതു കുമ്പഞായറു വ.ഫ ചെൻറ നാൾ മെസ്ഥകാരിയമാവതു വേണാട്ടു വാഴ്ന്തരുളുകിൻറ ശ്രീ വീര ഉദൈയ മാർത്താണ്ഡവർമ്മ തിരുവടിയൻ വീരപാണ്ടിയ തേവർക്കു ആളൈമൊത അതികാരമ്പെറ്റുള്ള തെന്നാട്ടിൽ ചെങ്ങഴനീർ നാട്ട്" എന്നിത്യാദിയാണ് ശാസനത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. (T. A. S. IV. 89). പ്രസ്താവിച്ചിട്ടുള്ളതിൽ ക്രമതയൊന്നും ശങ്കിക്കാൻ ന്യായമില്ല.

രവിവർമ്മ കഴിഞ്ഞു് ഉദയമാർത്താണ്ഡവർമ്മ മൂപ്പേററതു കൊണ്ട് അതിനു മുമ്പ് അദ്ദേഹം തൃപ്പാപ്പൂർ മൂപ്പൻ ആയിരിക്കണമെന്ന നിയമം ഒന്നുമില്ല. * രാജാവോ രാജകുടുംബത്തിലെ ഏതെങ്കിലും ശാഖകളിൽ പെട്ട ഒരു അംഗമോ തൃപ്പാപ്പൂർ മൂപ്പു വഹിക്കുക അസാധാരണം അല്ലായിരുന്നു. ഉദാഹരണമായി കാണുക. 631-ലെ മതിലകം രേഖയിൽ രാമമാർത്താണ്ഡവർമ്മയെപ്പററി പരാമർശിക്കുന്നതു് "ചേരമാനാട്ടു കീഴ്പേരൂർ മിറി വീര രാമ മാർത്താണ്ഡ വർമ്മരായ തൃപ്പാപ്പൂർ മൂത്ത തിരുവടി" എന്നാണ് (സ്റ്റേ-മാ. Vol II അനുബന്ധം. T. A. S. III P. 12). 7[illegible]-ാമാണ്ടു് കളക്കാട്ടുവച്ചു നാടുനീങ്ങിയ രാമമാർത്താണ്ഡവർമ്മ അന്നു രാജാവായിരുന്നു.

---

* മാർത്താണ്ഡവർമ്മ തൃപ്പാപ്പൂർ മൂത്ത തിരുവടി, ശ്രീ വീര രവിവർമ്മ തൃപ്പാപ്പൂർ മൂത്തതിരുവടി ഇവരെയും അങ്ങനെ ആയിരുന്നു് നാഗമയ്യാ സ്മരിക്കുന്നു. (നാഗമയ്യാ. പു-266-267). മിക്കവാറും നാഗമയ്യായുടെ അഭിപ്രായത്തെ ഉദ്ധരിച്ചും അനാവശ്യഭാഗങ്ങൾ ചിലതിനെയുംകൊണ്ടു് സത്യവ്രതിലകനും ഇക്കാലത്തെ രാജാക്കന്മാരെപ്പററി പരിശോധിച്ചിരിക്കുന്നു. (സത്യ-സ്റ്റേ-മാനു-Vol II. P. 126-128) ആദിത്യവർമ്മ എന്നൊരു രാജാവു് ഈയിടയ്ക്കുള്ളതും തിരുവിതാംകൂറിലുള്ളതായി ഒരു രേഖ പോലും പറയുന്നില്ല. 584 എന്നു് വള്ളും ഗ്രന്ഥവരിയിലെ ആദിത്യവർമ്മയ്ക്കു് കൊടുക്കുന്ന വർഷസൂചന താങ്ങില്ലാത്തതായിത്തീരുന്നു. 505 എന്നു് ശങ്കുണ്ണിമേനോൻ ആദ്യം കല്പിച്ചതും മഹാകവി ഉള്ളൂർ അവസാനമായി അംഗീകരിച്ചിട്ടുള്ളതും മാറാൻ ഇനിയും തെളിവു കിട്ടിയിട്ടില്ല എന്നു് ഇങ്ങനെ സിദ്ധിക്കും.

വേണാട്ടു മൂപ്പേറുന്ന രാജാവു് ചിറവാമൂപ്പെന്ന സ്ഥാനം ഏൽക്കണമെന്നും, അതിൽ അടുത്ത ആൾ തൃപ്പാപ്പൂർ മൂപ്പേററു് ക്ഷേത്രകാര്യങ്ങൾ നോക്കണമെന്നും ഉള്ള അഭിപ്രായത്തിലാണ് ഈ പ്രസ്താവങ്ങൾ എന്നു തോന്നുന്നു. എന്നാൽ ഇതു് നിയതമായ രീതി ആയിരുന്നില്ല.

എന്നിട്ടും അദ്ദേഹം തൃപ്പാപ്പൂർ മൂത്ത തിരുവടിയുമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തെപ്പററിയുള്ള മതിലകം രേഖ നോക്കുക. “ചെല്ലമൊന്നാട്ടു സ്വരൂപത്തിൽ തിരുപ്പാപ്പൂർ കീഴ്പ്പേരൂർ ശ്രീ വീര ഉദയ മാർത്താണ്ഡവർമ്മരായ തൃപ്പാപ്പൂർ മൂത്ത തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിൽ കളക്കാട്ട് കോയിക്കൽ എഴുന്നരുളി ഇരുന്നരുളുകയിൽ 710-ാമാണ്ട് കർക്കടക ഞായറ്റിൽ ഇരുപത്താറു ചെന്നു... മുടിഞ്ഞരുളുകയിൽ” (സ്റ്റേ-മാ-Vol II. അനുബന്ധം 40). രാമമാർത്താണ്ഡവർമ്മ നാടുനീങ്ങിയപ്പോഴും ഉണ്ണികേരളവർമ്മയ്ക്കു ചിറവാ മൂപ്പു കിട്ടിയെന്നു രേഖയുള്ളതുകൊണ്ട് രാമമാർത്താണ്ഡവർമ്മ തൃപ്പാപ്പൂർ മൂപ്പും ചിറവാ മൂപ്പും ഒരുമിച്ചു വഹിച്ചിരുന്നു എന്നു വ്യക്തമാണല്ലോ. (സ്റ്റേ-മാ-Vol. II. അനു-41; M-Doc. XLIX). ഇതുപോലെ എത്രയോ ഉദാഹരണങ്ങൾ ഈ വിഷയത്തെ സംബന്ധിച്ചു രേഖകളിൽനിന്നു കാണാവുന്നതാണ്. അതുകൊണ്ടു രവിവർമ്മ കഴിഞ്ഞാൽ ഉദയ മാർത്താണ്ഡവർമ്മയാണ് വേണാട്ടു മൂപ്പേൽക്കേണ്ടതു് എന്നതിൽനിന്നു ഉദയമാർത്താണ്ഡ വർമ്മ രവിവർമ്മയുടെ കാലത്തു തൃപ്പാപ്പൂർ മൂപ്പൻ ആയിരുന്നെന്നു വരണമെന്നില്ല. അന്നു ആദിത്യവർമ്മ തൃപ്പാപ്പൂർ

എങ്കിലും ഇളയരാജാവായോ, വേണാട്ടു മൂപ്പൻ തന്നെയോ, തൃപ്പാപ്പൂർ മൂപ്പും അതു വഴിക്കു പത്മനാഭസ്വാമി ക്ഷേത്രഭരണവും നടത്തിയിരുന്നതായി അനേകം രേഖകൾ ഉണ്ടു്. 925-ാമാണ്ടു മാർത്താണ്ഡവർമ്മ മഹാരാജാവു താൻ പിടിച്ചടക്കിയ രാജ്യത്തെ പത്മനാഭനു സമർപ്പിച്ചപ്പോഴും തൃപ്പാപ്പൂർ മൂത്ത തിരുവടി എന്ന നിലയ്ക്കാണ് കരണം നിർമ്മിച്ചതു്. ‘ശ്രീപണ്ടാരക്കാര്യം ചെയ്യുവർകളായ ബാലമാർത്താണ്ഡ വർമ്മരായ തൃപ്പാപ്പൂർ മൂപ്പിൽ നിന്നും തങ്കൾക്കുള്ള തോവാള കൊല്ലത്തു പടിഞ്ഞാറു കന്യാകുമാരിക്കു കിഴക്കുള്ള രാജ്യത്തിനകത്തു് ഉള്ള ഇതുവരെ നമുക്കവകാശമായിട്ടനുഭവിച്ചു വരുന്ന വസ്തുക്കളും തറ മാനങ്ങളും മറ്റും എപ്പേർപ്പെട്ടതും പെരുമാറ്റം ശ്രീപണ്ടാരത്തിലേക്കു ചന്ദ്രപ്രാപ്തമാക്കി ആചന്ദ്രാർക്കമേ എഴുതിക്കൊടുത്തതാർ. ശ്രീപണ്ടാര കാര്യം ചെയ്യുവർകളായ ബാലമാർത്താണ്ഡവർമ്മരായ തൃപ്പാപ്പൂർ മൂപ്പിൽനിന്നും (സമസ്ത: സ്റ്റേ. Vol. II 136-137). അന്നു മാർത്താണ്ഡവർമ്മ ഇളയരാ അല്ലായിരുന്നു വേണാട്ടു മൂപ്പനായ മഹാരാജാവായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അന്നു ഇളയരത്തമ്പുരാൻ കാർത്തികതിരുനാൾ രാമവർമ്മ ആയിരുന്നു. അപ്പോഴും രാമവർമ്മയ്ക്കു ഇരുപത്താറു വയസ്സും കാണണം. ഒരാൾ തൃപ്പാപ്പൂർ മൂപ്പാണെന്നോ അല്ലെന്നോ വന്നതുകൊണ്ടു യാതൊരു സിദ്ധാന്തത്തിനും വക തരുന്നില്ലെന്നു മാത്രമേ ഇവിടെ നിർദ്ദേശിക്കുന്നുള്ളൂ.

മൂപ്പ് വഹിച്ചുകൂടാതെയുമില്ല. അന്ന് രാജകുടുംബത്തിൽ അംഗങ്ങളായി ആരെല്ലാം ഉണ്ടായിരുന്നു എന്നുള്ളതിന് തെളിവു കിട്ടുന്നില്ല. അതിനാൽ ആദിത്യവർമ്മ ഇല്ലെന്ന് പറയാൻ ഉദയ മാർത്താണ്ഡവർമ്മയെ കൂട്ടുപിടിച്ചതുകൊണ്ടു വഴിയില്ല.

ജ്യോതിഷഗണനം

സന്ദേശത്തിന്റെ കാലത്തെപ്പററിയുള്ള ചരിത്രസൂചന ഇങ്ങനെ നിൽക്കട്ടെ. ജ്യോതിസ്സൂചനകൊണ്ട് ഉണ്ണുനീലീ സന്ദേശത്തിന്റെ കാലം 531 മേടം 1-ാംനു ആണെന്ന് ഖണ്ഡിച്ചു പറഞ്ഞിരിക്കുന്നു. (ഉ. ച 11). ജ്യോതിഷഗണനം കൊണ്ട് മററു ചില അഭിപ്രായങ്ങളും ഇതര പണ്ഡിതന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രതിഭാശാലിയായ ശ്രീ എൻ. ഗോപാല പിള്ള അവർകളുടേതാണ് ഈ വിഷയത്തിൽ ഏററവും യുക്തി യുക്തവും ആദരണീയവുമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതു്. 1111-ാമാണ്ട് മലയാളം ഓണേഴ്സ് അസോസി യേഷന്റെ ആഭിമുഖ്യത്തിൽ ഉണ്ണുനീലീ സന്ദേശത്തെപ്പററി ഒരു ചർച്ച ഞാൻ ഉദ്ഘാടനം ചെയ്തു. ആ യോഗത്തിൽ അതിനെ തുടർന്നുണ്ടായ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് ശ്രീമാൻ ഗോപാലപിള്ള അവർകൾ ചെയ്ത പ്രസംഗം 'സഹൃദയ' ഒന്നാം പുസ്തകം രണ്ടാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. (പുറം 118-129). അതിൽ ജ്യോതിഷ സംബന്ധമായ യുക്തികളെ സമ്പൂർണ്ണമായി പ്രദർശിപ്പിച്ചും ചരിത്രയുക്തികളെ അനുസ്മരിച്ചും അദ്ദേഹം പ്രകാശിപ്പിച്ചിട്ടുള്ള സിദ്ധാന്തം അംഗീകാര്യമാണ്. ഉണ്ണുനീലീസന്ദേശത്തിന്റെ കാലം കൊല്ലം 466 മേടം 11-ാം തീയതിക്ക് ക്രി. വ. 1291 ഏപ്രിൽ 6-ാം തീയതി ആണെന്ന് നിസ്സംശയം പറയാം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ആ മതം ചരിത്രഗണനയിൽ എങ്ങനെ അംഗീകരിക്കാമെന്ന ഞാൻ എന്റെ ലീലാതിലകപ്രവേശകത്തിൽ വ്യക്തമാക്കി യിട്ടുണ്ട്. * (ലീ. പ്ര. 42)

---

* 'അംബാം പശ്യം വരശില ഇലോം' എന്ന ശ്ലോകത്തിലെ ജ്യോതിഷ ഗണനകൊണ്ട് സിദ്ധിക്കുന്ന 466 എന്ന സന്ദേശപ്രേഷണകാലം ചരിത്ര സംബന്ധമായ യുക്തികളാൽ സിദ്ധിക്കുന്ന 493 എന്ന ആണ്ടുമായി യോജിപ്പിക്കുന്നതിന് ഒരു വഴിയേ കാണുന്നുള്ളു. 466-ാമാണ്ട് മുൻ പറഞ്ഞ ശ്ലോകത്തിൽ വിവരിച്ചിട്ടുള്ള ഗ്രഹരാശിയിൽ സന്ദേശം അയയ്ക്കുന്ന തായി കല്പിച്ചിരിക്കാമെങ്കിലും യഥാർത്ഥത്തിൽ കാവ്യനിർമ്മിതി 485-ൽ മാത്രമായിരിക്കണമെന്നു വിചാരിച്ചാൽ ഈ വിരോധം തെളിയാം പരിഹരിക്കാം. (ലീലാ-പ്ര-42)

സന്ദേശത്തിന്റെ കാലം പരിഗണിക്കുന്നതിനു മുഖ്യമായ അവലംബം ചരിത്രവസ്തുതകൾ അല്ലെങ്കിലും സന്ദേശത്തിലുള്ള ജ്യോതിഷസൂചനകളും ഗണന അർഹിക്കുന്നുണ്ട്. യഥാശക്തി അവ പരിശോധിക്കാം. എന്തെല്ലാമാണ് ആ ജ്യോതിഷസൂചനകൾ? പുറപ്പെടാനുള്ള സമയം ഇന്നതെന്നു കവി നിർദ്ദേശിക്കുന്നു.

അഞ്ചാം പക്കം വരമിതു തുലാം വാരവും വീരമൗലേ!
നാളും നന്റേ നളിനവനിതസ്തിമ്പനേ! മുൻപിലേതു
മേടം വേണാടരിൽ മകുടമേ! രാശിയും വാഗധീശൻ
നാഥാമേടത്തുദയമുപഗതോ ശ്രുതികാമാഖ്യയോഗഃ. (I. 35.)

ഇനിയും സന്ദേശഹരൻ നായികയുടെ ഗൃഹത്തിൽ ചെല്ലുമ്പോൾ ഭർത്താവിന്റെ പുനരാഗമനം പ്രതീക്ഷിക്കുന്ന നായിക പ്രശ്നം വച്ചുകൊണ്ടിരിക്ക ആയിരിക്കും എന്നു കവി പറഞ്ഞിട്ടുണ്ട്. അപ്പോഴത്തെ ഗ്രഹസ്ഥിതിയും മറ്റും കവി സൂചിപ്പിച്ചിട്ടുണ്ട്.

യത് സത്യം തൽ ഭവതു പുണർതന്നാൾ പിറന്നാളും കാന്തൻ
വന്നിട്ടിന്റേ മമ മനസിജച്ചൂടൊഴിച്ചീടുമാകിൽ
തോഴീ! പൂരച്ചൊല്ലുഴവതിതു നൻറച്ചുമേ ശുക്രചന്ദ്രൗ
ഭാഗ്യേ ജീവഃ സഹയമൊരു ഭാഗാംശസന്തി സ്ഥിതാ വാ.

(II. 70)

അല്പാല്പമായ മറ്റു സൂചനകൾ ഉണ്ടെങ്കിലും മുഖ്യമായി ഈ രണ്ടു ശ്ലോകങ്ങളാണ് ഗണന അർഹിക്കുന്നത്. ഇവയിൽ നിന്ന് എന്തു മനസ്സിലാക്കാമെന്നു നോക്കാം. അഞ്ചാം പക്കം ആണ്. കൃഷ്ണപക്ഷമെന്നോ ശുക്ലപക്ഷമെന്നോ പിന്നീടു പരിഗണിക്കാം. വാരവും നാളും ഏതെന്നാണ് ഇനിയും നോക്കാനുള്ളത്. വാരവും നാളും മുൻപിലേതു എന്നേ പറഞ്ഞിട്ടുള്ളു. മുൻപിലേതു എന്നാൽ അശ്വതിയും ഞായറാഴ്ചയും എന്നായിരിക്കുമോ? അവ രണ്ടും ആണല്ലോ മുൻപിലത്തെ നാളും ആഴ്ചയും. അതോ, മുൻപിലേതു മുൻപിൽ പറഞ്ഞതു—ആദ്യത്തേതു, അഞ്ചാമത്തേതു, എന്നായിരിക്കുമോ? ഇതിൽ അശ്വതിയും ഞായറാഴ്ചയും എന്ന് മഹാകവി ഉള്ളൂരും (കേ. സാ. ച. 367) അദ്ദേഹത്തെ തുടർന്ന് മറ്റു ചിലരും അഭിപ്രായപ്പെട്ടു. ആഴ്ചയും നല്ലതാണ്. നാളു ‘നളിനവനിതസ്തിമ്പനേ മുമ്പിലേതു’’ ലക്ഷ്മീദേവിയുടെ പ്രിയനു തന്നെ

(വിഷ്ണുദേവതാകമായ തിരുവോണത്തിന്) മുൻപിലേത്-ഉത്രാടം എന്ന് സന്ദേശത്തിന്റെ ആദ്യവ്യാഖ്യാതാവായ ശ്രീ ആററൂർ കൃഷ്ണപ്പിഷാരടി എടുക്കുന്നു. 'നളിനവനിതല്പിമ്പനേ' എന്നതു സന്ദേശഹരനോടുള്ള സംബോധന ആണെന്ന് അംഗീകരിക്കാതെയാണ് ഇങ്ങനെ വ്യാഖ്യാനിച്ചത് എന്നു തോന്നുന്നു * ഈ തെററ് ശ്രീ. ഉള്ളൂരും ശ്രീ. ഗോപാലപിള്ള അവർകളും ചൂണ്ടികാണിച്ചിട്ടുണ്ട്. 'നളിനവനിതല്പിമ്പനേ' എന്നപോലെ 'കമലവനിതല്പിമ്പനേ' എന്നും മററുമുള്ള സംബോധന വേറെയും കാണുന്നുണ്ട്. (ശ്ലോകം 67 നോക്കുക). ശ്രീ. ഗോപാലപിള്ളയുടെ അഭിപ്രായം ഈ അംശത്തിൽ ചരിത്രദൃഷ്ടിയിൽ അംഗീകരിക്കുകയേ ചെയ്തിട്ടുള്ളു. (കേ. സാ. ച. 367; ഉ. ച. പു. 67 അവസാന ഖണ്ഡിക). എങ്കിലും വാരവും നാളും അനുമാനമത്രെ, അതായതു വ്യാഴാഴ്ചയും മകയിരവും എന്ന് ശ്രീ. ഗോപാലപിള്ള അവർകളുടെ മതത്തെ ഭാഗികമായി ഉള്ളൂർ അംഗീകരിക്കുന്നു. നാൾ അശ്വതി തന്നെ എന്നാണ് ഉള്ളൂർ എടുക്കുന്നത്. ആഴ്ച വ്യാഴം എന്നു തന്നെ അദ്ദേഹം സ്വീകരിക്കുന്നു. ഇങ്ങനെ നാളിനും ആഴ്ചയ്ക്കും ഭിന്നയുക്തികളെ സ്വീകരിക്കാൻ മതിയായ കാരണം ഇല്ല. എന്നാലും 549 കുംഭം 23-ാംനു വ്യാഴാഴ്ചയും അശ്വതി നക്ഷത്രവും ചേർന്ന ദിവസംതന്നെയാണ് സന്ദേശപ്രേഷണത്തിനു നിശ്ചയിച്ചിട്ടുള്ളതെന്നും, ആ അഭിപ്രായം ഭേദപ്പെടുത്തുന്നതിനു ഏതാവൽപര്യന്തം ഒരു കാരണവും കാണുന്നില്ല എന്നും കേരളസാഹിത്യചരിത്രത്തിൽ അദ്ദേഹം അവസാനമായി പ്രസ്താവിച്ചു. Vol I. 367-369). ചരിത്രദൃഷ്ടിയിൽ ശ്രീ എൻ. ഗോപാലപിള്ള അവർകളുടെ യുക്തിമാർഗ്ഗത്തെ അനുധാവനം ചെയ്തുകൊണ്ട് സിദ്ധാന്തത്തിൽ മാത്രം അല്പം മാററം വരുത്തിയിരിക്കുന്നു. വ്യാഴാഴ്ചയും മകയിരവും എന്നുതന്നെ ചരിത്രദൃഷ്ടിയും സ്വീകരിക്കുന്നു. (ഉ. ച. 64). എന്നാൽ 466 മേടം 11-ാംനു അല്ല 537 മേടം 6-ാംനു ആണ് സന്ദേശപ്രേഷണകാലമെന്നു ചരിത്രദൃഷ്ടിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ മാററത്തിനു പ്രധാനകാരണം 466-നു ചരിത്രപരമായി ഒരു പൊരുത്തവും ഇല്ലാത്തതു ആണെന്നും വ്യക്തമാക്കിയിട്ടുണ്ട് (ഉ. ച. 71).

---

* ആററൂരിന്റെ അവതാരികയിൽ 'നളിനവനിതല്പിമ്പനേ' എന്നു സംബോധന ആയി ചിലർ എടുത്തതു ശരിയല്ലെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. (ആററൂരിന്റെ പ്രസാധനം അവതാരിക പുറം XXIII)

ഇങ്ങനെ പരസ്പരഭിന്നങ്ങളായ അഭിപ്രായങ്ങളുടെ സംഘട്ടനത്തിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ നിസ്സന്ദേഹമായി സ്വീകരിക്കാമെന്നു പരിശോധിക്കണം. അഞ്ചാം പക്കമൊന്നല്ലോ. അതിൽ സംശയമില്ല. എന്നാൽ വെളുത്ത പക്ഷമോ, കറുത്ത പക്ഷമോ? കൃഷ്ണപഞ്ചമി അല്ലാതെ ശുക്ലപഞ്ചമി ഒരിക്കലും യോജിച്ചു വരുന്നതല്ല എന്നു ആറ്റൂർ പ്രസ്താവിച്ചിട്ടുണ്ട്. കൃഷ്ണപഞ്ചമി ആകാൻ നിവൃത്തിയില്ലെന്നു ശ്രീമാൻ എൻ. ഗോപാലപിള്ള ചൂണ്ടിക്കാണിക്കുന്നു. സന്ദേശഹരൻ കൊല്ലത്തു ചെല്ലുമ്പോൾ സന്ധ്യയാകും എന്നു നിർദ്ദേശിച്ചിട്ട് സന്ധ്യാകാലത്തെ വർണ്ണിക്കുന്ന ഒരു ശ്ലോകമുണ്ട്. 'അപ്പോളുദ്യൽകളുർമതിമുഖീ' എന്നാണ് ആ ശ്ലോകം തുടങ്ങുന്നതു (I. 37). കൃഷ്ണപഞ്ചമി ആയാൽ സന്ധ്യയ്ക്ക് ചന്ദ്രോദയം കാണുകയില്ല. അന്നു പത്തു നാഴിക ഇരുട്ടിയല്ലേ ചന്ദ്രോദയം കാണൂ? ഈ അഭിപ്രായം ചരിത്രകൃത്തും സ്വീകരിക്കുന്നു. (ഉ. ച. 66). ഈ അഭിപ്രായം സ്വീകാര്യമെന്ന് എനിക്കും തോന്നുന്നു. എങ്കിലും സന്ദേശത്തിലുള്ള മറ്റു സൂചനകൾ ഇതിന് അനുകൂലമല്ല എന്നു ചൂണ്ടിക്കാണിക്കണം.

കാവ്യാരംഭത്തിൽ പ്രഭാതവർണ്ണനയിൽ 'താളംപോലെ പുലരിവനിതയ്ക്കാഗതം ചന്ദ്രവൃത്തം' എന്നും (I–6) 'നീലക്കൽറിൻ മണിമകുടവൽ ദൃശ്യതേ ഭാനുബിംബം, ചാലെ താരാ കടലിലണിവെണ്മിങ്ങൾ നാലൊൻറു പോര' എന്നുമുള്ള പദ്യങ്ങൾ ചേർത്ത് ആലോചിക്കുക. കൃഷ്ണപഞ്ചമി ആണെങ്കിൽ ഈ വർണ്ണനകൾ എങ്ങനെ ശരിയാകും? അഥവാ ഈ വർണ്ണനകൾ ശരിയാണെങ്കിൽ 'അപ്പോളുദ്യൽകളുർമതിമുഖീ' എന്ന സന്ധ്യാവർണ്ണന എങ്ങനെ ശരിയാകും? അല്പം കുഴപ്പം തന്നെ. ഇത് കവികളുടെ സാധാരണ ശൈലിയിലുള്ള സമയവർണ്ണനമാണ് എന്നോർക്കണം. അപ്പോൾ കവിയുടെ ജ്യോതിഷത്തിനു അത്ര കണ്ട് ഇടിവു വരികയല്ലേ ചെയ്യുന്നതു? ആമെന്നു തന്നെ കരുതണം. അല്ലെങ്കിൽ സംപൂർണ്ണമായ ജ്യോതിഷസൂചന ചെയ്യുവാൻ അദ്ദേഹം മനസ്സു വച്ചില്ലെന്നും, അക്കാലത്തെ സാധാരണമായ രീതി അനുസരിച്ച് യാത്രയ്ക്കുള്ള ശുഭശകുനവും ഭാവിഫലപ്രശ്നവും മറ്റും അങ്ങനെ ചെയ്തിട്ടേ ഉള്ളൂ എന്നും, അവയെ മാത്രം ആസ്പദമാക്കി സംപൂർണ്ണമായ ഒരു സിദ്ധാന്തം സ്വീകരിക്കുന്നതു സൂക്ഷിച്ചുവേണമെന്നും ഇതുകൊണ്ടു തെളിയുന്നു.

ഇനി വാരവും നാളുമാണ്. ഇവ രണ്ടും ശ്രീമാൻ ഗോപാലപിള്ള അവർകളുടെ വ്യാഖ്യാനം അംഗീകരിക്കാതെ നിവൃത്തിയില്ലെന്ന സത്യം അറിയേണ്ടവർ സമ്മതിക്കും. 'നളിനവനിതസ്സ്ലിമ്പണേ' എന്നതു് സംബോധന ആണെന്ന് അറിഞ്ഞിട്ടും സമ്മതിക്കാതെയിരിക്കുന്നതു് വെറും വാശിയെന്നേ കരുതേണ്ടൂ. അതു് വ്യാഴമാണ് എന്നെടുത്താൽ നാളിനെ സംബന്ധിച്ച വേറൊരു യുക്തി അന്വേഷിച്ചു അശ്വതിയെന്ന കല്പിക്കുന്നതു് ദുർഗ്ഗതിയല്ലേ? എന്തായാലും പക്ഷം വരാതിരിക്കു ഇരവോം വാരവും നാളും നന്റോ മുൻപിലെത്തു' എന്ന മാത്രമേ സംബോധന ഒഴിച്ചു് ആ വാക്യം നിവൃത്തിയുള്ളൂ. കാലത്തെപ്പററി കവി ഇപ്രകാരം സംശയാസ്പദമായ ഒരു സൂചന നടത്തിയതു് നിർഭാഗ്യമായിപ്പോയില്ലേ എന്നു് പൂർവ്വപക്ഷമായി ചരിത്രദൃഷ്ടിയിൽ ചെയ്യുന്ന പ്രസ്താവന ആവർത്തനയോഗ്യമാണ്" (ഉ. ച. 65)

സ്പഷ്ടമായി കിട്ടുന്ന ജ്യോതിഷവസ്തുതകൾ എന്തെല്ലാമെന്ന നോക്കുക. അഞ്ചാം പക്കം, മേടം രാശി, വാരാധീശൻ (വ്യാഴം) നാലാമെടത്തു് (കർക്കടകത്തിൽ); ഇതുകൊണ്ടു ഗുരുകാരാഖ്യ യോഗമുണ്ട്. സന്ദേശഹരൻ യാത്ര പുറപ്പെട്ട മൂന്നാം ദിവസം സന്ധ്യയ്ക്കു് കടുത്തുരുത്തിയിൽ ചെല്ലുമ്പോൾ ഉള്ള ഗ്രഹസ്ഥിതി നോക്കുക. അസ്തമത്തിൽ ശുക്രചന്ദ്രന്മാരും ഭാഗ്യത്തിൽ ജീവനും (ഒൻപതാമെടത്തു് വ്യാഴവും) ആണ്. അന്നു് വ്യാഴം കർക്കടകത്തിലാണെന്നു് തെളിഞ്ഞതു കൊണ്ടു് ഏഴാമെടം മിഥുനമാണെന്നും, ആ രാശിയിലാണ് ശുക്രചന്ദ്രന്മാർ അന്ന നിന്നിരുന്നതെന്നും നിസ്സന്ദേഹമായി സിദ്ധിക്കും. ഇത്രയും ജ്യോതിഷവസ്തുതകൾ അഭിപ്രായഭേദത്തിന് ഇട കൊടുക്കാതെ വ്യക്തമായി കാവ്യത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. സൂര്യോദയ സമയത്താണ് സന്ദേശകർത്താവ് സന്ദേശഹരനെ കാണുന്നതു്. അതേ രാശിയെപ്പററിയാണ് മേടം എന്ന സൂചിപ്പിച്ചിട്ടുള്ളതു് എന്നാണല്ലോ കരുതേണ്ടതു്. അതിനാൽ മാസം മേടമാണെന്ന കരുതണം. വൃശ്ചികം രാശി (ലഗ്നമായതു് അഞ്ചു നാഴിക ഇരുട്ടിയിട്ടു് ആയിരിക്കണം) നായികയുടെ വീട്ടിൽ സന്ദേശഹരൻ ചെല്ലുന്നതു്. കർക്കടകം ഒൻപതാമെടം ആകണമെങ്കിൽ ലഗ്നം വൃശ്ചികം ആയിരിക്കണമല്ലോ. നായികയുടെ പ്രശംസയിൽ 'പുണർതം നാളിൽ പിറന്നവളാം കാന്തൻ വന്നിട്ടു്' എന്ന ഭാഗത്തിന് ആ നാളിൽ ജനിച്ച കാന്തൻ എന്നാണ് ശ്രീമാൻ പിഷാരടി അർത്ഥം കല്പിക്കുന്നതു്. അതേ അർത്ഥം തന്നെ ചരിത്ര

ദൃഷ്ടിയിലും സ്വീകരിക്കുന്നു. (ഉ. ഖ. 76). പ്രശ്നവിചാരം ചെയ്യുന്ന നാൾ പുണർതം ആണു് എന്നതിനോടാണു് ശ്രീമാൻ ഗോപാലപിള്ള അവർകൾ കൂടുതൽ അനുകൂലിക്കുന്നതു്. (സാഹിത്യ. വാ 1. ലക്കം 2. പു 127). ആ ദിവസം പുണർതം ആയിരുന്ന എന്നുള്ളതു് യാത്ര പുറപ്പെടുന്നതു് മകയിരത്തും നാളാണു് എന്ന ആദ്യ സിദ്ധാന്തത്തെയും അനുകൂലിക്കും. മകയിരത്തും നാൾ പുറപ്പെട്ടാൽ മൂന്നാം ദിവസമായ പുണർത്തും നാളായിരിക്കുമല്ലോ കടുത്തുരുത്തിയിൽ ചെല്ലുന്നതു്.

ഇത്രയും വ്യക്തമായ ജ്യോതിഷ സൂചനകളെ വച്ചുകൊണ്ടും ചരിത്രവസ്തുതകളെ അനുസരിച്ചും ആണു് വിശ്വാസജനകമായ രീതിയിൽ കൊല്ലവർഷം 466 ആയിരിക്കണം സന്ദേശപ്രേഷണ കാലമെന്നു് ശ്രീമാൻ ഗോപാലപിള്ള സിദ്ധാന്തിച്ചതു്. 490-മേടം 30-ാംനു- എന്നു് പിഷാരടി കല്പിച്ച കാലത്തിന്റെ യുക്തിഭംഗം അദ്ദേഹം പൂർണ്ണമാക്കാനിക്കയും ചെയ്യുന്നു അന്നു് 17 വിനാഴികയോളമേ മേടം രാശിയുള്ളു. അന്നു് ഉദയാൽപരം 4 നാഴിക 48 വിനാഴിക ചതുർത്ഥി ആണു്. 49 നാഴിക 12 വിനാഴിക പൂരാടം നക്ഷത്രം ആണു്. ആഴ്ച മാത്രം വ്യാഴാഴ്ച തന്നെ. അങ്ങനെ പിഷാരടി അവർകളുടെ ജ്യോതിഷ പ്രതിപ്പാദിതമായ കാലനിർണ്ണയം ജ്യോതിഷപരമായി ചിന്തിക്കുമ്പോൾ ശരി ആകയില്ല എന്നു സിദ്ധമാകുന്നു. (സാഹിത്യ I-2-121). ഉള്ളൂരിന്റെ അഭിപ്രായത്തിലുള്ള കുംഭമാസവും അതിനെ തുടർന്നുള്ള കാലനിർണ്ണയവും യോജിക്കയില്ലെന്നും കാണിച്ചിട്ടുണ്ടു്. "ശുക്രചന്ദ്രന്മാരുടെ സ്ഥിതി ചേരുന്നില്ല. അശ്വതി നാളു് ആയിരുന്നതുകൊണ്ടു് ചന്ദ്രൻ മേടത്തിലാണു്. അന്നു ശുക്രൻ മീനത്തിലുമാണു്. നാളും പക്കവുമെല്ലാം ഒന്നോ എന്നു് നോക്കുകയാണെങ്കിൽ അന്നു് വ്യാഴാഴ്ചയും അശ്വതിയും തന്നെ. പക്ഷെ തിഥി മാത്രം ചതുർത്ഥി ആണു്. ഇങ്ങനെ അക്കാലവും ചേരാതെ വന്നു് എന്നാണു്") ഉള്ളൂരിന്റെ കാലഗണനയുള്ള ദൗർബല്യം (സാഹിത്യ-I. 2-22) മേടമാസവും പഞ്ചമിയും മകയിരവും ഒത്തുവരണം, കർക്കടകത്തിൽ വ്യാഴം ഉണ്ടായിരിക്കണം. കൊല്ലം 367-മുതൽ 575-വരെയുള്ള രണ്ടു നൂറ്റാണ്ടുകളിൽ കർക്കടകത്തിൽ വ്യാഴവും മേടമാസവും മകയിരവും പഞ്ചമിയും വ്യാഴാഴ്ചയും ഒത്തുകിട്ടുന്നതു് കൊല്ലവർഷം 466 മേടം 11-ാംനു- ആണെന്നു് ശ്രീമാൻ ഗോപാലപിള്ള സമർത്ഥിച്ചു.

ഈ 466-ാമാണ്ടിനു് ജ്യോതിഃസംബന്ധമായ പ്രാകല്പ്യം ഒന്നും ചരിത്രദൃഷ്ടിയിൽ കാണുന്നില്ല. 575-വരെ ശ്രീമാൻ ഗോപാലപിള്ള പരിശോധിച്ചില്ലെന്നും 525 വരെ മാത്രമേ പരിശോധിച്ചുള്ളു എന്നും അദ്ദേഹം രണ്ടാമതു് ഒരു പരാമർശത്താലും ചരിത്രദൃഷ്ടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. (ഉ-ച-12) 466-എന്ന കാലം ചരിത്രദൃഷ്ടികാരന്റെ മുഖ്യ സിദ്ധാന്തമായ രണ്ടാം ശിവവർമ്മയുമായി പൊരുത്തപ്പെടാതെ വന്നപ്പോൾ ശ്രീമാൻ ഗോപാലപിള്ള എടുത്തു കാണിച്ച ജ്യോതിഃസൂചനകൾ ഘടിക്കുന്ന വേറൊരാണ്ടു കണ്ടുപിടിക്കാൻ ആരാഞ്ഞു തുടങ്ങി. അങ്ങനെ 537-ാമാണ്ടു് അദ്ദേഹത്തിനു് സംതൃപ്തിഗോചരമായി. ആ ആണ്ടു് മേടമാസം 6-ാംനു- വ്യാഴവും മകയിരവും ശുക്ലപഞ്ചമിയും ഒത്തുവരുന്ന 'ജീവൻ മാഗ്യത്തിലുമായി'. എന്നാൽ ഇതുകൊണ്ടു് എന്തു നിർണ്ണയം വന്നു? ജ്യോതിശ്ശാസ്ത്രമനുസരിച്ചു് 537 മേടം 6-ാംനു- എന്നതുപോലെ തന്നെ 466 മേടം 11-ാംനു-യും യോജിക്കുമെന്നു് ചരിത്ര ദൃഷ്ടികാരനു് സമ്മതമാണല്ലോ (ഉ-ച-72-74). അതുമല്ല ജ്യോതിഃസൂചനകൾ 466-ലും യോജിക്കുമെന്നും അദ്ദേഹം കാണിച്ചിട്ടുണ്ടു്. (ഉ-ച-74). അദ്ദേഹത്തിന്റെ സത്യപ്രസ്താവ സക്തി അങ്ങനെയും വിരമിക്കുന്നില്ല. ജ്യോതിഃസൂചന പൂർണ്ണമായി, ഈ രണ്ടു വർഷത്തിലും യോജിക്കയില്ലെന്ന പരമാർത്ഥം കൂടി അദ്ദേഹം പ്രകാശിപ്പിക്കുന്നു "അപ്ലുതേ ശുക്ര ചന്ദ്ര മാദ്ധ്യേ ജീവഃ" എന്നതിൽ നിന്നും ശുക്രൻ മിഥുനത്തിൽ നില്ക്കുന്നതായിട്ടാണല്ലോ മനസ്സിലാക്കേണ്ടതു്. ഇതു് 466-ാം 537-ാം 466-ാം യോജിച്ചു വരുന്നില്ല എന്നു പ്രസ്താവിച്ചിരിക്കുന്നു (ഉ-ച-പു-74). ഈ സ്ഥിതിക്കു് ജ്യോതിഃശാസ്ത്രത്തെപ്പറ്റി ഇത്ര വളരെ ക്ലേശിച്ചതുകൊണ്ടു് ചരിത്രദൃഷ്ടിയിൽ എന്താണു് തെളിഞ്ഞതു്? സന്ദേശത്തിൽ പറയുന്ന ജ്യോതിഃകാര്യങ്ങൾ മിക്കതും പല വർഷങ്ങൾക്കും ഒക്കുമെന്നും, മുഴുവനും ഒരു വർഷത്തിനും ഒക്കുകയില്ലെന്നും അല്ലേ? ഇതിൽ കൂടുതൽ വൈഷമ്യത്തിൽ എങ്ങനെയാണു് വാദഗതി ചെന്നുചേരുക? അതിനാൽ 466 എന്ന വർഷസൂചനയിൽ നിന്നു് 'ചരിത്രദൃഷ്ടി'യിൽ അധികം ആയി ചെയ്യുന്ന നിഗമനങ്ങൾ കൂടുതൽ കുഴപ്പത്തിലേക്കല്ലാതെ കൂടുതൽ സ്പഷ്ടതയിലേക്കു് വഴി തെളിക്കുന്നില്ല. 466 എന്ന ആണ്ടു് സ്വീകരിക്കാതെ ഇരിക്കാൻ കാരണം ചരിത്രദൃഷ്ടിയിൽ ഇങ്ങനെയാണു് പ്രസ്താവിച്ചിരിക്കുന്നതു്: "പക്ഷേ 466-ൽ വേണാട്ടിൽ ഇരവിവർമ്മ ഇല്ല, ആദിത്യവർമ്മയും ഇല്ല,

വടക്കേ അതിർത്തി പന്മനവരെ അല്ല. തെക്കേ അതിർത്തി തോവാള വരെ എത്തുകയുമില്ല (നാഞ്ചിനാട്ടു പ്രദേശം പാണ്ടിയുടെ കൈവശമായിരുന്നു, തുലുക്കൻ പട തെക്കേ ഇന്ത്യയിലെന്നല്ല വിന്ധ്യനു തെക്കുവശം കാലു കുത്തിയിട്ടില്ല, മററു ചരിത്രപരമായ കാര്യങ്ങളും ഒന്നും തന്നെ യോജിക്കുന്നില്ല) (ഉ-മ-13)

ജ്യോതിഷ ഗണനയും ചരിത്ര വസ്തുതകളും.

ഐതിഹ്യങ്ങൾ വൈരുദ്ധ്യങ്ങളും ഇല്ലെങ്കിൽ 466 സ്വീകരിക്കാൻ വിരോധമില്ലെന്നു സമ്മതിക്കണമല്ലോ. പരിശോധിക്കാം. ആദ്യത്തെ കാരണം 466-ൽ വേണാട്ടിൽ ഇരവിവർമ്മ ഇല്ലെന്ന് ആണല്ലോ. ആ ആണ്ടിൽ വേണാട്ടിൽ ഇരവിവർമ്മ ഉണ്ട്. അക്കാര്യം ചരിത്രദൃഷ്ടികാരന് അറിഞ്ഞുകൂടാത്തതുമല്ല. സംഗ്രാമധീരരവിവർമ്മ അന്നു വേണാട്ടിൽ ഉണ്ട്. അദ്ദേഹത്തിന് അന്ന് 24 വയസ്സോളം പ്രായം കാണും. 'ദേഹവ്യാപ്യ' എന്ന ശകവർഷത്തിൽ അതായതു് കൊല്ലം 441-ലോ 42-ലോ ആണ് രവിവർമ്മ ജനിച്ചതു് എന്ന് ചരിത്രദൃഷ്ടിയിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രവിവർമ്മ 483-വരെ രാജ്യഭാരം ചെയ്തു എന്നും ചരിത്രദൃഷ്ടികാരനു അറിയാം (ഉ-മ-പു-31). കൊ-വ-441-തൊട്ട് 483-വരെ രവിവർമ്മ ഉണ്ട് എന്ന് ചരിത്രരചന ചെയ്യുന്ന പണ്ഡിതൻ 466-ൽ രവിവർമ്മ ഇല്ലെന്നു പറയുന്നതിൻെറ അർത്ഥം മനസ്സിലാകുന്നില്ല. 466 എന്ന കാലഗണന ഞാൻ സ്വീകരിക്കുന്നതു് സോപാധികമായിട്ടാണെന്ന് മുകളിൽ വ്യക്തം ആക്കിയിട്ടുണ്ടല്ലോ. 483 ഇടയ്ക്കാണ് സന്ദേശം അയയ്ക്കുന്നതു് എന്നുള്ള അഭിപ്രായത്തിൽ കൊല്ലത്തു രവിവർമ്മ ഉണ്ടെന്ന് നിർവിവാദമായി സിദ്ധിക്കും. അതിന് പ്രത്യേകം യുക്തികൾ അന്വേഷിക്കേണ്ട കാര്യവും ഇല്ല. അടുത്തതു് ആദിത്യവർമ്മ ഇല്ലെന്നുള്ള കാര്യമാണ്. സംഗ്രാമധീര രവിവർമ്മയുടെ അനുജനായി ആദിത്യവർമ്മ എന്നൊരു തമ്പുരാൻ ഉണ്ടായിരുന്നു എന്നു വിചാരിക്കുന്നതിൽ യുക്തിഭംഗമില്ലെന്നു മുകളിൽ കാണിച്ചിട്ടുണ്ട്. വേണാടിൻെറ വടക്കേ അതിർത്തി പന്മനവരെ അല്ല എന്നതിന് എന്താണ് അർത്ഥമെന്നു വ്യക്തമാകുന്നില്ല. വേണാടിൻെറ വടക്കേ അതിർത്തി പന്മന ആണെന്ന് ഉണ്ണുനീലീസന്ദേശത്തിൽ പറഞ്ഞിട്ടില്ല. 'പന്മനത്തമ്പിരാനെ' തൊഴുതിട്ടു 'പടയോറ' കണ്ടുപോകണം എന്നേ പ്രസാധിത പുസ്തകത്തിൽ

കാരണമല്ല. (സ-1-96). പടയൊറ കൊല്ലം രാജ്യത്തിന്റെ അതിരായിരുന്നു എന്ന് ശ്രീ പിഷാരടി വ്യാഖ്യാനിച്ചിട്ടുള്ളതിൽ നിന്നാണ് ഈ പാഠത്തിന്റെ ഉത്ഭവമെന്ന് ഊഹിക്കാം. ശ്രീ പിഷാരടിയുടെ പാഠം സാധുവല്ലെന്നും, അതിനാൽ അദ്ദേഹം കല്പിക്കുന്ന അർത്ഥം നിഷ്ഫലമാണെന്നും എന്റെ പ്രസാധനത്തിൽനിന്നു തെളിയും. പടയൊറ കടന്നിട്ടകൻ പോററി ചികയെ' എന്നതിൽ നിന്നാണ് 'പടയൊറ' എന്നൊരു സ്ഥലമുണ്ടെന്നു കല്പിക്കേണ്ടിവന്നത്. 'പടയൊടു കടന്നിട്ട കന്നേററി തകയെ' എന്നാണ് സാധുവായ പാഠം. കന്നേററി കായംകുളം അന്നു അതിർത്തിസ്ഥാനം ആയിരുന്നു. അതു കന്നേററി അതിർത്തിയാണെന്ന് എന്നു സന്ദേശകാരൻ പ്രസ്താവിച്ചിട്ടുള്ള. (സ-1-97). ഓടനാട് അതിനു വളരെ മുമ്പുതന്നെ വേണാട്ടിൽ നിന്നു വ്യതിചലിതമായ ഒരു രാജ്യമാണെന്നു വിളങ്ങാത്തതായ കാര്യമാണല്ലോ. കൊല്ലവർഷം 398-ാമാണ്ടത്തെ കണ്ടിയൂർ ശിലാരേഖ നോക്കുക. ഓടനാട്ടു വാഴ്ചയുടെ ഉത്ഭവചിര മങ്ങളുള്ള. ശ്രീ വീരപ്പുത്തനെറ്റത്ത് ഇരാമന് കോതവർമ്മ തിരുവടിയെപ്പററി അതിൽ പ്രസ്താവമുണ്ട്. (T. A. S. Vol. I. P. 290).

പിന്നത്തെ വാദം ഒരേടത്തു അതിർത്തി തോവാളവരെ എത്തുകയില്ല എന്നാണ്. നാഞ്ചിനാട്ടു പ്രദേശം പാണ്ഡ്യരുടെ കൈവശമായിരുന്നതാണ് ഇതിനു കാരണമായി നിർദ്ദേശിക്കുന്നത്. നാഞ്ചിനാട്ട് എപ്പോഴൊക്കെ ആരുടെയെല്ലാം കൈവശമിരുന്നു എന്നതിന് യാതൊരു നിർണ്ണയവും ഇല്ല. ആ സ്ഥലം മാറി മാറി പാണ്ഡ്യന്റെയും ചോളന്റെയും ആയി വംശക്കാരുടെയും വേണാട്ടുവംശത്തിന്റെയും കൈവശം കിടന്നു കളിച്ചിട്ടുണ്ട്. അതിനാൽ ആ സ്ഥലത്തിന്റെ മേലുള്ള അധികാരം വച്ചുകൊണ്ട് കാലനിർണ്ണയം തീരെ സാധ്യമല്ല. തീരെ സാധുവുമല്ല.

അവസാനമായിട്ടുള്ള വാദം തുലുക്കൻപടയെപ്പററി ഉള്ളതാണ്. ഇതിനു സമാധാനം മുൻപു പറഞ്ഞുകഴിഞ്ഞു. ഈ വിചാരത്തിന്റെ ഫലമായി കിട്ടുന്നത് എന്തെന്നു നോക്കാം. കൊ. വ. 466 എന്ന കാലഗണനയ്ക്കു വിരുദ്ധമായി സാരമായ ഒരു യുക്തിയും ഇല്ലെന്നാണ്. എന്നാൽ ഞാൻ 466-നെത്തന്നെ സോപാധികമായിട്ടു മാത്രമേ അംഗീകരിക്കുന്നുള്ളു എന്നും വ്യക്തമാക്കിയിട്ടുണ്ടല്ലോ. തന്റെ കൃതി രചിച്ചവർഷം ഇന്നതെന്നു

അറിഞ്ഞുകൊള്ളട്ടെ എന്ന നിശ്ചയത്തോടെ കവി യാതൊരു സൂചനയും ചെയ്യുന്നില്ല. ചില ശുദ്ധസമയങ്ങളും പ്രശ്നവിചാരവും കാണുന്നതിനെ തൊക്കിപ്പിഴിഞ്ഞു് ആണു് കാലം കണ്ടുപിടിക്കുന്നതു്. ആ പരിഗണനയിൽ ആകാവുന്നിടത്തോളം യുക്തിമത്ത 466–എന്ന കാലഗണനയിൽ ഉണ്ടു്. അതു് ചരിത്രകാര്യങ്ങൾക്കു വിരുദ്ധമല്ലാത്തതുകൊണ്ടാണു്, 483–ാമാണ്ടിടയ്ക്കു് ആയിരിക്കണം ഈ സന്ദേശം എഴുതിത്തീർന്നതു് എന്നു് എന്റെ അഭിപ്രായത്തോടു് ആ ജ്യോതിഷപരിഗണനയെ ഞാൻ സ്വീകരിച്ചതു്. ഈ വിചാരം ഇങ്ങനെ നിൽക്കട്ടെ.

സന്ദേശത്തിന്റെ നാമകരണം—അതിന്റെ പ്രത്യേകത.

ഈ കൃതിയുടെ കാലം പോലെ തന്നെ ഇതിന്റെ കർത്താവും നായികാനായകന്മാരും മഹാപ്രശ്നങ്ങളാണു്. ഈ സന്ദേശത്തിന്റെ നാമകരണം തന്നെ വലിയ ഒരു പരിചിന്തനത്തിനു് കാരണമായിരിക്കുന്നതായും കാണുന്നു. (സന്ദേശത്തിന്റെ പരിഷ്കരിച്ച പുതിയ പതിപ്പിനു പണ്ഡിതനായ ശ്രീ: എം. ആർ. വേലുപ്പിള്ള ശാസ്ത്രി എഴുതിയിട്ടുള്ള അവതാരിക നോക്കുക. കൊ. വ. 1124) മേഘസന്ദേശത്തിന്റെ മാതൃക അനുകരിച്ചു് സന്ദേശഹരന്റെ നാമമാണു് സന്ദേശകാവ്യങ്ങൾക്കു കൊടുക്കാറുള്ളതു്. ശുകസന്ദേശം, കോകില സന്ദേശം, മയൂരസന്ദേശം എന്നെല്ലാം നാമകരണം ചെയ്തതു് ഈ രീതി അനുസരിച്ചാണല്ലോ. ഇങ്ങനെ നോക്കുമ്പോൾ ഉണ്ണുനീലിസന്ദേശം * എന്നല്ല ആദിത്യവർമ്മ സന്ദേശം എന്നു വേണം ഇതിനു പേരു കൊടുക്കേണ്ടിയിരുന്നതു് എന്നു ശ്രീ. ശാസ്ത്രി സൂചിപ്പിക്കുന്നു. ഇങ്ങനെ ഒരു വ്യതിയാനം വരുത്തുവാൻ കാരണം എന്തായിരിക്കുമെന്നു് ആരാഞ്ഞു് സന്ദേശ കർത്താവിനെപ്പററിയും മററും ചില പുതിയ ഊഹങ്ങളും

---

* ഉണ്ണുനീലിസന്ദേശം എന്നാണു് സാധാരണ അംഗീകരിച്ചിട്ടുള്ള രൂപം. 'ഉണ്ണി' എന്നാണു് 'ഉണ്ണു' എന്നല്ല ആദ്യ പദം. അതിനാൽ 'ഉണ്ണിനീലി സന്ദേശം' എന്നായിരിക്കണം ശുദ്ധമായ രൂപം. ഉണ്ണിയാടി, ഉണ്ണിയച്ചി, ഉണ്ണിച്ചിരുതേവി എന്ന നാമങ്ങളിൽ എല്ലാം ഈ 'ഉണ്ണി' രൂപം തന്നെ. മദ്രാസ് പകർപ്പിൽ ചില സ്ഥലങ്ങളിൽ ഉണ്ണിനീലിയെന്നും, മററു സ്ഥലങ്ങളിൽ ഉണ്ണുനീലിയെന്നും കാണുന്നു. ഗ്രന്ഥത്തിൽ ഉണ്ണുനീലിയെന്നു തന്നെ അധികവും. മുദ്രിത പുസ്തകങ്ങളിൽ എല്ലാം 'ഉണ്ണുനീലി' എന്ന രൂപം സ്വീകരിച്ചു കാണുന്നു.

സിദ്ധാന്തങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ടു്. ഈ യുക്തികളെ പരിശോധിക്കുന്നതിനു മുൻപു് ഒരു വസ്തുത എടുത്തു കാണിച്ചു കൊള്ളട്ടെ. എന്റെ കൈയ്യിൽ കിട്ടിയിട്ടുള്ള മാതൃകയിൽ ഉണ്ണുനീലിസന്ദേശം എന്നു് പേരു കാണുന്നില്ല. ആ ഗ്രന്ഥം ആരംഭിക്കുന്നതു് 'ഗണപതയേ നമഃ' എന്നു കഴിഞ്ഞു് 'അമൃതകരകരോടീ' എന്ന പദ്യത്തോടെ ആണു്. ഗ്രന്ഥാരംഭത്തിൽ ഗ്രന്ഥനാമം ഇല്ല. എന്നാൽ, ഗ്രന്ഥാവസാനത്തിൽ ഗ്രന്ഥത്തിന്റെ നാമം സൂചിപ്പിക്കുന്നുണ്ടു്. "മുണ്ടകരെ സന്ദേശം സമാപ്തം" എന്നാണു കാണുന്നതു്. ഉണ്ണുനീലിസന്ദേശം എന്ന നാമം രസിക രഞ്ജിനി മാതൃകയിൽ ഉണ്ടോ എന്നും, അഥവാ ആ നാമം ആദ്യപ്രസാധനം ചെയ്തവർ നല്കിയതാണോ എന്നും അറിയുന്നില്ല. ഏതായാലും എന്റെ ഗ്രന്ഥമാതൃക അനുസരിച്ചു് 'ആദിത്യവർമ്മ സന്ദേശം' എന്നല്ല പേരു് എന്നും വ്യക്തമാകുമല്ലോ. അതിനാൽ ശ്രീ: ശാസ്ത്രി ഉത്ഭാവനം ചെയ്യുന്ന പ്രശ്നങ്ങളും വിചാരണ അർഹിക്കുന്നു എന്നു നിശ്ചയമാണു്.

നാമകരണത്തെ മാത്രം ആദ്യം എടുക്കാം. സന്ദേശത്തിന്റെ പേരു നല്കിയതിനു് ഉത്തരവാദി കവി ആകട്ടെ, പ്രസാധകനാകട്ടെ, ആരായാലും ശരി, അവർ ഔചിത്യപൂർവ്വമായ ഒരു വ്യതിയാനം ചെയ്തതിനു് അനുമോദനം അർഹിക്കുന്നു. വിശ്വാതിശായിയായ ഭാവനാസമ്പത്തുകളെ പ്രദർശിപ്പിക്കാൻ കവിലോകശേഖരനായ കാളിദാസൻ തന്റെ സങ്കല്പമേഘത്തെ ഭാരതകാവ്യ വിഹായസ്സിൽ പറത്തി. അതിന്റെ ഫലമാണല്ലോ മേഘസന്ദേശം. യക്ഷീസന്ദേശമെന്നോ യക്ഷസന്ദേശമെന്നോ നായികയെയോ നായകനെയോ അനുസ്മരിച്ചു് ആ കാവ്യത്തിനു് പേരു കൊടുക്കാമായിരുന്നു. ഒരു കാവ്യത്തിൽ പ്രാധാന്യം നായകനോ നായികയ്ക്കോ ആണു്. ആ പരിഗണന വിട്ടു് മേഘത്തിനു് പ്രാധാന്യം കൊടുത്തതു് എന്തു് ഉദ്ദേശത്തിലാണു് എന്നു വ്യക്തമാകുന്നില്ല. ഒരാൾ വേറൊരാൾക്കു് എഴുത്തു് അയയ്ക്കുമ്പോൾ അതുകൊണ്ടു ചെന്നു കൊടുക്കുന്ന ആളാണോ മുഖ്യ പാത്രം. കാളിദാസൻ എന്തോ പ്രത്യേകം ഉദ്ദേശം വച്ചുകൊണ്ടു സന്ദേശം എഴുതിയിരിക്കാം.

'സ്വപ്നേ പൂർവ്വം മഹിതനൃപതേ വിക്രമാദിത്യനാമ്നഃ
പോക്താം ചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ'

എന്ന ശ്ലോകത്തിൽ അനുസ്മരിക്കുന്ന പ്രകാരത്തിൽ വല്ല പരമാർത്ഥവും ഉണ്ടോ, എന്തോ? * അങ്ങനെയായാൽ കാളിദാസനെയും വിക്രമാദിത്യസമ്രാട്ടിനെയും പ്രതിനിധീകരിക്കുന്ന സങ്കല്പപാത്രങ്ങളാകും യക്ഷിയും യക്ഷനും. അക്കഥ അക്കാലത്തുള്ളവർക്ക് മനസ്സിലായിരിക്കയും ചെയ്യും. ആ വസ്തുത മുഴപ്പിച്ചു കാണിക്കുന്നതു് അശാസ്യമായിരിക്കുമോ എന്നു സംശയിച്ചു് കാളിദാസൻ മേഘത്തിന്റെ പേരു് കാവ്യത്തിനു നൽകിയതായിരിക്കുമോ? ഇവിടെ ഞാൻ സിദ്ധാന്തങ്ങളൊന്നും പ്രദർശിപ്പിക്കുന്നില്ല. മേഘസന്ദേശത്തിന്റെ നാമകരണത്തെ സാധൂകരിക്കാൻ ഇതുകൊണ്ടു് അനേകം പേർ മുതിർന്നേക്കാം. അതിനു വേണ്ട യുക്തികളും ഉണ്ടായിരിക്കാം. എന്നാൽ അനുപരമ്പരയായി കാളിദാസനെ അനുകരിച്ച കവിപുംഗവന്മാർ കാളിദാസൻ പോയ വഴി വിട്ടു് ഒരടി വയ്ക്കാൻ ധൈര്യപ്പെട്ടില്ല. ജീവനില്ലാത്ത വസ്തുക്കളായാൽ പോരാ സന്ദേശഹരണത്തിനു് എന്നു കരുതി പക്ഷികളെയും അതുപോലുള്ള ജന്തുക്കളെയും തിരഞ്ഞു പിടിച്ചു എന്നാൽ പുറമേ മാത്രമേ കാളിദാസനെ അനുകരിച്ചവർ ചെയ്തുള്ളൂ. അവർക്കെല്ലാം നാമകരണത്തിനു മാതൃകയും കാളിദാസൻതന്നെ ആയി. മേഘത്തിന്റെ സ്ഥാനത്തു് ശുകമോ, കോകിലമോ, ചകോരമോ, മയൂരമോ, ഭൃംഗമോ, കപോതമോ ഒക്കെ വന്നു എന്നേ ഉള്ളൂ വ്യത്യാസം. അവർ വിഹായസ്സിൽ കൂടെ പറക്കുമ്പോഴും ഭൂമിയിലേക്കു കണ്ണോടിക്കും എന്നല്ലാതെ നായികയും നായകനും പിറന്നു വളർന്നു ജീവിക്കുന്ന ഈ ഭൂമിയിൽ കൂടെ അല്ല അവർ സഞ്ചരിക്കുന്നതു്. ഉണ്ണുനീലിസന്ദേശ കർത്താവിനു് മേഘസന്ദേശവും കാളിദാസന്റെ മഹനീയ കാവ്യ

---

* ശുകസന്ദേശത്തിന്റെ 'വിലാസിനി' എന്ന വ്യാഖ്യാനത്തിൽ ഇതിനെപ്പറ്റി ഒരു സൂചന കാണുന്നു. "കാളിദാസോऽപി മഹാകവിഃ പൂർവ്വം നൃപാദേശവശാത് പ്രോഷിതഃ സൻ നിജാമേവ നിസ്സഹവിരഹകലുഷിതാം പ്രിയാമുദ്ദിശ്യ യക്ഷവ്യപദേശേന സന്ദേശകാവ്യം അകരോത്. അത ഏവാത്ര ആദിവാക്യേ ചക്രേ, ദദൗ, ദ്യൌ, വ്യാജഹാര, യയാചേ ഇത്യേതാനി പഞ്ച പദാനി ഉത്തമപുരുഷതയാ ദ്യോത്യന്തേ, യത് ഭട്ടൈരപി വ്യാഖ്യാകൃത്ഭിഃ നാചരിതം ഏതദേവാർത്ഥം അഭിസന്ധായൈവ ഉക്തം അന്യേന "സപത്ന്യേ പൂർവ്വം മഹിത നൃപതേർ വിക്രമാദിത്യനാമ്നഃ' ഇത്യാദിശ്ലോകം അപ്രസ്തുത പ്രപഞ്ചനേന." (കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഭാഷാശുക സന്ദേശത്തിനു് വടക്കുംകൂർ രാജരാജവർമ്മയുടെ വ്യാഖ്യാനം. പു. 7.)

മാതൃകയും ഉത്തേജനം നൽകി. എങ്കിലും അദ്ദേഹം വെറും അനുകരണ വിചക്ഷണൻ മാത്രം അല്ലായിരുന്നു. കാളിദാസനോടു താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ കാവ്യ യശസ്സിനു് സമ്പൂർണ്ണ സാമ്യം സിദ്ധിക്കയില്ലെങ്കിലും അത്ഭുത സിദ്ധികളുള്ള ഒരു മഹാ കവീശ്വരനായിരുന്നു ഉണ്ണുനീലീസന്ദേശകർത്താവ്. കാളിദാസൻ കണ്ടുപിടിച്ച കാവ്യ മാതൃകയെ പരിഷ്കരിക്കാൻ അദ്ദേഹത്തിനു മാത്രമേ കഴിഞ്ഞുള്ളു. കാളിദാസന്റെ രീതി വിട്ട് നായികയെ അനുസരിച്ചു് തന്റെ സന്ദേശത്തിനു് നാമധേയം ചെയ്തതു് ഔചിത്യപൂർവ്വമായ ഒരു വ്യതിയാനം ആയിരുന്നു. തന്റെ കാവ്യവും ഒരു സന്ദേശകാവ്യമാണെങ്കിലും മേഘസന്ദേശത്തിന്റെ വെറും പ്രതിബിംബമല്ല എന്നുള്ളതിനു് പ്രഥമ സൂചനയാണു് ആ നാമകരണം.

* യക്ഷികഥയെപ്പററി

മേഘസന്ദേശത്തിലെ നായികാ നായകന്മാർ ഏതോ മനുഷ്യ ജീവികളായിരിക്കാമെങ്കിലും യക്ഷവർഗ്ഗത്തിൽ പെട്ടവരായിട്ട് അവരെ പ്രദർശിപ്പിക്കാൻ കാളിദാസനു ധൈര്യമുണ്ടായുള്ളു. ഉണ്ണുനീലി സന്ദേശകർത്താവിനും ഒരു യക്ഷി വേണം. എന്നാൽ കൃത്രിമമായ ഒരു വിനിയോഗം വരുത്താൻ വേണ്ടി മാത്രമേ അവളെ അദ്ദേഹം സമാശ്രയിക്കുന്നുള്ളു. കട്ടുത്തുമെത്തയിൽ കിടന്നുറങ്ങിയ നായകനെ എടുത്തുകൊണ്ടു് യക്ഷി തിരുവനന്തപുരത്തേക്കു പായുന്നതിനെപ്പററി പല നിരൂപണങ്ങളും കേൾക്കുന്നുണ്ടു്. ആ കഥയുടെ ഔചിത്യാനൗചിത്യങ്ങളെപ്പററി വളരെ പറയാമായിരിക്കാം. സാക്ഷാൽ യക്ഷി ഉണ്ടെന്നു് മേഘസന്ദേശത്തിൽ വകവയ്ക്കാമെങ്കിൽ കാമാതുരയായ ഒരു യക്ഷിയുടെ വിക്രിയകളെ ഉണ്ണുനീലീ

---

* യക്ഷികഥയ്ക്കു് ഒരു സാധാരണമായി അംഗീകാരം ഉണ്ടായിരുന്നു എന്നു് മനസ്സിലാക്കാൻ ഉതകുന്ന ഒരു സംഗതികൂടെയുണ്ടു്. ഭ്രമരസന്ദേശകാരനും സന്ദേശത്തിനു് ആവശ്യമായ വിരഹം നിർമ്മിക്കുന്നതു നായകനെ യക്ഷി എടുത്തു കൊണ്ടുപോകുന്നതായി പറഞ്ഞിട്ടാണ്.

തം നിദ്രാണം ശയനവിവരേ കാചിദാലക്ഷ്യ യക്ഷീ
ഹസ്തേ കൃത്വാ മലയശിഖരേ ഹന്ത! തസ്ഥൗ പ്രയാന്തീ
സ്യാനന്ദൂരേ നിജപരിഷദപായാന്തമാലോക്യ ഭീതാ
വിസൃജ്യൈനം വചനവിമതാന്യേന സാർദ്ധം പ്രയാതാ.

(വിജ്ഞാനദീപിക. I. 24.)

സന്ദേശത്തിലും വകവെച്ചു കൊടുക്കരുതോ? ചൂതകത്തിൽ ദേവതാ പ്രധാനമായിരുന്ന കഥകൾ പ്രചരിച്ചിരുന്ന അക്കാലത്തു് ഈ യക്ഷികഥയും വിലപ്പോകമായിരുന്നു. സപ്തർന്നാരായണങ്ങളുടെ സ്ഥാനത്തു കടലാസ്സുനാണയങ്ങൾ ഇക്കാലത്തു വിലപ്പോകുന്നതു പോലെ. എന്നാലും യക്ഷികഥയ്ക്കു് ഒരു ക്ഷമാപണം വേണമെന്നു കാവ്യകാരനു് നമ്മെപ്പോലെ തന്നെ അറിയാമായിരുന്നു. അതാണു് രണ്ടാമത്തെ ശ്ലോകത്തിൽ തന്നെ അദ്ദേഹം യക്ഷികഥയുടെ സ്വീകാര്യതയെ സൂചിപ്പിക്കുമാറു് 'ശൂർപ്പണഖാ ലക്ഷ്മണകഥ'യെ സ്മരിക്കുന്നതു്.

'വക്ഷോദേശേ സുരതകലഹവ്യാകുലാം താം വഹന്തം
യക്ഷീ കാചിൽ പുനരമുമുറങ്ങിന്റെ നേരം നിനായ
ദക്ഷാ പാലെച്ചുതിയിൽ മദനോന്മാദിനീ ലക്ഷിണ്ണാശാം
രക്ഷോരാജാനിളയ സഹജാ ലക്ഷ്മണം രാക്ഷസീവ.'

അഥവാ ഉണ്ണുനീലിക്കും ഭർത്താവിനും തമ്മിൽ പെട്ടെന്നു സംഭ്രമജനകമായ വിധത്തിൽ ഒരു വേർപാടു് ഉണ്ടാകണം എന്നേ കവിക്കു് ഉദ്ദേശം ഉണ്ടായിരുന്നിരിക്കൂ. അങ്ങനെ ആണെങ്കിലല്ലേ സന്ദേശത്തിനു വകയുള്ളു! കൃത്യപ്രമാദംകൊണ്ടു് ഒരു വർഷത്തേക്കു നാടു വിട്ടു താമസിക്കണമെന്നു വന്നതു കൊണ്ടാണു് കാളിദാസന്റെ യക്ഷനു് കാന്താവിരഹം അനുഭവിക്കേണ്ടി വന്നതു്. ഉണ്ണുനീലിയുടെ കാമുകനു് ആ വിധത്തിൽ ഒരു വിരഹം കല്പിക്കാൻ വഴിയില്ലായിരുന്നിരിക്കും. യക്ഷികഥ വെറും സങ്കല്പമോ, അഥവാ ഉണ്ണുനീലീകാന്തനെ ആകർഷിച്ച വല്ല സ്വപ്നാന്തര മനുഷ്യയക്ഷസമ്പർക്കത്തെപ്പറ്റിയുള്ള അനുസ്മരണമോ ആയിരിക്കാം. ഏതായാലും സന്ദേശത്തിനു വകയുണ്ടാക്കാൻ അവിചാരിതമായ ഒരു വിരഹം ഉണ്ടാകണം എന്നാണു് കവിയുടെ ഉന്നം. അതിനു് യക്ഷികഥ ഒരു കാര്യോപകരണം എന്ന നിലയിൽ ഫലിച്ചിട്ടില്ല എന്നു പറയാനില്ല. അന്നു യക്ഷന്മാരും ഗന്ധർവന്മാരും മനുഷ്യസംസർഗ്ഗം കാംക്ഷിച്ചു വരാറുണ്ടായിരുന്നു എന്നു പൊതുവേ വിശ്വസിച്ചിരുന്നു. ഉണ്ണിയാടീചരിതം തുടങ്ങിയുള്ള പ്രാചീന കൃതികളിൽ ഇതിനു് ഉദാഹരണം സുലഭമാണു്. അക്കഥ ഇരിക്കട്ടെ. പ്രണയ പരിരംഭണസുഖം അനുഭവിച്ചു് കാറ്റുമേറ്റു് മുറ്റത്തു കിടന്നു് ഉറങ്ങിയ ഭർത്താവിനെ കാണാതെ വന്നാൽ നായികയ്ക്കു് ദുസ്സഹമായ വേദന അനുഭവപ്പെടുമല്ലോ. ഇതായിരിക്കും കവിയുടെ യുക്തി.

ഈ കാവ്യരചനയിൽ കവിയുടെ ഉദ്ദേശം:—

പ്രസ്താവനയുടെ പ്രത്യേകത.

ഒരു സന്ദേശകാവ്യം രചിക്കണമെന്നാണു് കവിയുടെ മുഖ്യമായ ഉദ്ദേശം എന്നതു സ്പഷ്ടമായ സംഗതിയാണല്ലോ. വെറുമൊരു കാവ്യം രചിച്ചു എന്നു സംതൃപ്തിക്ക മാത്രമായിട്ടു് ആയിരുന്നോ ഈ യത്നം? മററു സന്ദേശങ്ങളുടെ കാര്യം എങ്ങനെ ഇരുന്നാലും ഈ സന്ദേശത്തെ സംബന്ധിച്ചിടത്തോളം നിശ്ചയമായും അങ്ങനെയല്ല. ഒരു പ്രത്യേകം ഉദ്ദേശ്യത്തെ പുരസ്കരിച്ചാണു് ഈ കാവ്യം രചിച്ചിട്ടുള്ളതെന്നു് സംശയത്തിനു് ഇട കൊടുക്കാത്ത മട്ടിൽ കവി വ്യക്തമാക്കിയിട്ടുണ്ടു്. മേഘസന്ദേശത്തിന്റെ രീതി വിട്ടു് സന്ദേശത്തിനു നാമകരണം ചെയ്തിരിക്കുന്നതിൽ തന്നെ ഈ വസ്തുത സൂചിപ്പിക്കുന്നുണ്ടു് എന്നു മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ.

അത്രയുംകൊണ്ടു കവി വിരമിക്കുന്നില്ല. മേഘസന്ദേശത്തിലും മററും ഇല്ലാത്ത പ്രകാരത്തിൽ ഒരു പ്രസ്താവന ഈ സന്ദേശത്തിന്റെ ആരംഭത്തിൽ കവി ചേർത്തിട്ടുണ്ടു്. ഈ സന്ദേശകാവ്യം പഠിക്കുന്ന ആരുടെയും ശ്രദ്ധയെ ഈ പ്രസ്താവന മുഖ്യമായി ആകർഷിക്കാതെ ഇരിക്കുകയില്ല. അഞ്ചു പദ്യങ്ങളുള്ള പ്രസ്താവനയിൽ ആദ്യത്തെ പദ്യം ശിവസ്തുതിയാണു്. രണ്ടാമത്തെ പദ്യത്തിൽ ഗണപതിയെ വന്ദിച്ചിട്ടു് മുണ്ടയ്ക്കലെ ഉണ്ണുനീലിയെപ്പററി സന്ദേശകുതൂഹലം രചിക്കാനാണു് താൻ തുടങ്ങുന്നതു് എന്നു പറയുന്നു. മൂന്നാമത്തെ ശ്ലോകത്തിൽ രണ്ടാമത്തേതിനെക്കാൾ കൂടുതൽ അർത്ഥമില്ല. 'മന്ദപ്രജ്ഞനാണെങ്കിലും മാരജ്വരപരവശനായിട്ടു് മുണ്ടയ്ക്കൽ ഉണ്ണുനീലിയെ വാഴ്ത്താൻ സരസ്വതിയെ അടിതൊഴുതുകൊണ്ടു തുടങ്ങുന്നു എന്നാണു് അതിന്റെ സാരം. രണ്ടാം പദ്യം ഗണപതിവന്ദനം ആണെങ്കിൽ മൂന്നാമത്തേതു സരസ്വതീസ്തുതിയാണു് എന്നു കരുതാം. മാരജ്വരപരവശനാണു് എന്നൊരു വസ്തുത കൂടുതലുണ്ടു്. ഈ അംശത്തെപ്പററിയുള്ള അഭിപ്രായവ്യത്യാസങ്ങൾ മുകളിൽ കാണിക്കാം. നാലാമത്തെ പദ്യത്തിൽ ഉണ്ണുനീലിയെപ്പററിയുള്ള പ്രശംസയാണു കാണുന്നതു്. 'ഉണ്ണുനീലി പൂമാതിൻ നയനാന്ത ഭൃംഗനളിനി ആണു്; ഭൂമിക്കു സുധാദീപികയാണു്; മണികണ്ഠനെന്ന വെൺപല രാജാവിനു പൂണാരം ആണു്; പൂവമ്പന്റെ കുലദേവതയാണു്; പുകളാന്ന മുണ്ടയ്ക്കൽ വാഴുന്ന ഉണ്ണുനീലി എന്ന സുന്ദരിയുടെ

തിരുനാവാം നീണാൾ വിളങ്ങട്ടെ' എന്ന പ്രാർത്ഥനയാണ് ഈ ശ്ലോകത്തിലെ വിഷയം. 'തിരുനാവാം' എന്നു പ്രയോഗിച്ചിട്ടുള്ളതു കൊണ്ട് ഉണ്ണുനീലിയുടെ ആഭിജാത്യസ്ഥിതിയെപ്പററി വ്യാഖ്യാതാക്കന്മാർ ഊഹിക്കുന്ന ഊഹങ്ങൾ മുകളിൽ പറയാം. അവസാനത്തെ പദ്യമാണ് പ്രസ്താവനയിലെ ശേഷ്യഭാഗം. ഈ പദ്യത്തിന്റെ വ്യാഖ്യാനത്തിലും നാനാമായ അഭിപ്രായഭേദമുണ്ട്.

വെള്ളിക്കുന്നിന്നധീശം വെളുവെളെ വിളയിപ്പിക്കുമക്കീർത്തി-
പാർമേ-
ലുള്ളിത്താർമാതിനൊക്കാണ്ടയി വിളിപനിചെയ്യിക്കുമാമ്നായ
പ്രതാപഃ
ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാമാകയാലുണ്ണുനീലി
ചൊല്ലുന്നേനെങ്കിൽ നീ കേട്ടരുളുക ദയിതേ! സൂക്തിരത്നം മദീയം

കവി തന്റെ ഭാര്യയെ അഭിസംബോധനം ചെയ്ത് തന്റെ കാവ്യം കേൾക്കുന്നതിന് ക്ഷണിക്കയാണ് ഈ പദ്യത്തിൽ ചെയ്യുന്നത്. ആററൂരിന്റെ അഭിപ്രായം ഉണ്ണുനീലിയുടെ ഒരു തോഴി പറഞ്ഞിട്ട് അവളുടെ ഭർത്താവാണ് ഉണ്ണുനീലിയെ പുകഴ്ത്തി ഈ കാവ്യം ഉണ്ടാക്കിയതു് എന്നാണ്. 'മാരജ്വരപരവശനായി' എന്ന മൂന്നാമത്തെ പദ്യത്തിലെ സൂചനയും ഈ അർത്ഥമാണ് അദ്ദേഹം കല്പിച്ചിട്ടുള്ളതു്. ഈ വ്യാഖ്യാനത്തെ തുടർന്നാണ് അവസാനത്തെ പദ്യം അദ്ദേഹം വ്യാഖ്യാനിക്കുന്നതു്. 'വെള്ളിക്കുന്നിന്' അധീശ്വം വിളയിപ്പിക്കുന്ന' ആ കീർത്തി ഉണ്ണുനീലിയുടെ ആ കീർത്തി എന്ന് അദ്ദേഹം എടുക്കുന്നു. അതു് ശ്രീ ഭഗവതിയെക്കൊണ്ടു് 'പാർമേൽ വിളിപനി'ചെയ്യിക്കും. ഉണ്ണുനീലി എന്നു പേർ പറയുമ്പോഴേക്കു തന്നെ അവിടെ ശ്രീ ഭഗവതി വിളയാടും എന്നു സാരം എന്നാണ് ആററൂരിന്റെ വ്യാഖ്യാനം. അദ്ദേഹം തുടരുന്നു. 'ആകയാൽ ഉണ്ണുനീലി, തേ—നിന്റെ (കവി സ്വഭാര്യയോടു പറയുന്നതാകയാൽ അവളുടെ എന്നു സാരം) ഇല്ലത്തിന്ന്—ഗൃഹത്തിന്ന്, ഉന്നതിം—അഭിവൃദ്ധിയെ, വിതരതു—നൽകട്ടെ. ഉണ്ണുനീലി നിന്റെ ഗൃഹത്തിലേക്ക് വേണ്ട അഭിവൃദ്ധി നല്കട്ടെ എന്നർത്ഥം. ഈ കാവ്യം ഉണ്ണുനീലിക്ക് കാഴ്ചവെക്കുമ്പോഴും അവൾ നിനക്കു ധാരാളം സമ്മാനം തരട്ടെ എന്നു സാരം. എങ്കിൽ ചൊല്ലുന്നേൻ ഹേ ദയിതേ! മദീയം സൂക്തിരത്നം—എന്റെ നല്ല കവിത, നീ കേട്ടരുളുക—കേട്ടുകൊണ്ടാലും.'

ഉണ്ണുനീലിയെ പുകഴ്ത്താൻ ഭർത്താവ് രചിച്ചതാണ് ഈ കാവ്യം.

ഈ വ്യാഖ്യാനം ഈ സന്ദേശകാവ്യത്തിന്റെ കർത്താവ്, കാവ്യോദ്ദേശം, എന്നു തുടങ്ങിയ പല മുഖ്യവിഷയങ്ങളെയും സ്പർശിക്കുന്നതാണ്. ശ്രീ. പിഷാരടിയുടെ വ്യാഖ്യാനം, അതുകൊണ്ട്, പല പണ്ഡിതന്മാരുടെയും ഗൗരവതരമായ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. 1111-ാമാണ്ട് ഞാൻ ഉണ്ണുനീലിസന്ദേശത്തെപ്പറ്റി മലയാളം [illegible] സമാജത്തിൽ [illegible] അവതരിപ്പിച്ചപ്പോൾ ഈ പദ്യത്തെപ്പറ്റി പ്രത്യേകമായി പരിശോധിക്കയുണ്ടായി. ശ്രീ. പിഷാരടിയുടെ അർത്ഥം ശരിയല്ല, ശ്രീ. കെ. ജി. കുമാരനുണ്ണിത്താൻ ചൂണ്ടിക്കാണിക്കുന്ന അർത്ഥമാണ് കൂടുതൽ സമഞ്ജസം എന്നു പ്രദർശിപ്പിക്കയുണ്ടായി. (സാഹിത്യ പരിഷത്ത് ത്രൈമാസികം 11-ാം ലക്കം നോക്കുക.) എന്റെ അഭിപ്രായം പ്രസ്താവനയിലെ അഞ്ചാം ശ്ലോകം തന്റെ ഭാര്യയായ ഉണ്ണുനീലിയെ പുകഴ്ത്തി താൻ രചിച്ച കാവ്യത്തിന്റെ പ്രയോജനം ആ നായികയെ [illegible] കവി എഴുതിയിട്ടുള്ളതെന്നാണ്. ഈ വ്യാഖ്യാനം അവലംബിച്ചു പരിശോധിച്ചാൽ കവിയുടെ ഉദ്ദേശം എന്തെന്നു താഴെ കാണിക്കാം. ഇങ്ങനെ ഒരു കാവ്യം രചിച്ചതുകൊണ്ട് നായികയ്ക്കെന്തു പ്രയോജനമാണു വരുന്നതെന്നു ചോദിക്കാം. അതിനു സമാധാനം ഉണ്ട്. * കൈലാസത്തിന്റെ അഭിഖ്യയെ വെളുവെളെ വിളയിപ്പിക്കുന്ന ആ കീർത്തി ലക്ഷ്മീദേവിയെക്കൊണ്ട് ദാസ്യം വഹിപ്പിക്കും. പൂമാതിന്നനന്യനാന്ത ഭൃംഗനളിനിയായി മുൻപദ്യത്തിൽ വർണ്ണിച്ചിരിക്കുന്ന നായികയുടെ ഐശ്വര്യത്തെപ്പറ്റി സംശയിക്കേണ്ട ആവശ്യമില്ലല്ലോ. അങ്ങനെയുള്ള നായികയ്ക്ക് പിന്നെ സമ്പത്തുകൊണ്ടും മറ്റും ഉത്കർഷം സിദ്ധിക്കാനില്ല. ഐശ്വര്യമദം ഉള്ളിലെങ്കിലും ഉണ്ടായിരിക്കയും ചെയ്യും. അക്കാര്യം നിഗൂഢമായി മനസ്സിലാക്കിയ കവി, തന്റെ സ്വകവിതാമുഖാന്തരം ഉണ്ണുനീലിക്കും മുണ്ടയ്ക്കലേക്കും എന്നെന്നേക്കും ഉണ്ടാകാവുന്ന കീർത്തിയെ ഇപ്പോഴുള്ള ഐശ്വര്യത്തോടു താരതമ്യപ്പെടുത്തി ഐശ്വര്യം കീർത്തിക്കു ദാസ്യം വഹിക്കുന്നതേയുള്ളൂ എന്നു സ്ഥാപിക്കുന്നു.

---

* ഈ പദ്യത്തിന്റെ അർത്ഥഭേദങ്ങൾ വ്യാഖ്യാനഭാഗത്തിൽനിന്നു മനസ്സിലാക്കാം.

'ആസ്ഥാം പ്രഭാപഃ' എന്നതുകൊണ്ട് കീർത്തിയുടെ മാഹാത്മ്യത്തെ പ്പററി അധികം പറയേണ്ട ആവശ്യമില്ലെന്നും കാണിക്കുന്നു. ഇപ്രകാരമുള്ള കീർത്തി, എന്റെ സുകൃതിത്വത്തിൽനിന്ന് ഉണ്ടാകുന്ന കീർത്തി, ഭാ-നിന്റെ, ഇല്ലത്തിന് നിതരാം-എന്നെന്നേക്കും ഉന്നതിയെ തരട്ടെ. നിന്റെ ഐശ്വര്യം കൊണ്ട് ഇപ്പോഴുള്ള ഉന്നതി നിലനില്ക്കയില്ല. എന്നാൽ എന്റെ കാര്യത്തിൽ നിന്ന് അല്ലയോ ഉണ്ണുനീലി, മയിലേ, നിനക്കും നിന്റെ വീട്ടിനും അനശ്വരമായ കീർത്തി ഉണ്ടാകട്ടെ. അതിനായി ഞാൻ ഈ കാവ്യം ചമച്ചു. നീ അതു കേട്ടാലും.' (തിരുമുൽക്കാഴ്ച, ഒരു മധ്യ മലയാളകാവ്യം പു. 96–97). അല്പം വ്യത്യാസപ്പെട്ട വേറൊരു പാഠവും വേറൊരു അർത്ഥവും ഉണ്ട്. സാരാംശത്തിൽ വ്യത്യാസം ഇല്ല. നേരെയുള്ള വഴിക്ക് ഈ അർത്ഥം കിട്ടുമെന്നിരിക്കെ ക്ലിഷ്ടവും വക്രവുമായ അർത്ഥം എന്തിന സ്വീകരിക്കുന്നു എന്നു വ്യക്തമല്ല. ഈ വ്യാഖ്യാനമാണ് ഇന്ന് മററു പണ്ഡിതന്മാരും അംഗീകരിക്കുന്നത്". (കേ. സാ. ച. 46; പ്രാചീന മണിപ്രവാളം) ഉണ്ണുനീലിയുടെ തോഴിയുടെ അപേക്ഷ പ്രകാരം അവളുടെ ഭർത്താവാണ് ഉണ്ണുനീലിയെ പുകഴ്ത്തി ഈ കാവ്യം എഴുതിയതെന്നും മററുമുള്ള വ്യാഖ്യാനം പാടേ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ആ സിദ്ധാന്തത്തെ അനുകൂലിക്കുന്ന ഒരു യുക്തിയും ഇല്ല. ഉണ്ണുനീലിയുടെ ഭർത്താവ് ഉണ്ണുനീലിയെ സ്തുതിക്കാനും ആ സുന്ദരിയുടെ കീർത്തിയെ ശാശ്വതമായി നില നിർത്താനും വേണ്ടി എഴുതിയ കൃതിയാണ് ഈ സന്ദേശമെന്നു പ്രസ്താവനാപദ്യങ്ങളിൽ നിന്നും ഇങ്ങനെ വ്യക്തമായി സിദ്ധിക്കും. ഈ വസ്തുത വേണ്ടപോലെ ആലോചിച്ചാൽ 'പ്രസ്താവനാ പദ്യങ്ങൾകൊണ്ട് വിശേഷിച്ച് യാതൊരു കാര്യവും കൂടുതലായി അറിയുവാൻ ഇട കിട്ടുന്നില്ല' എന്ന അഭിപ്രായം മാറുന്നതാണ്. സന്ദേശവാഹകനെപ്പററി പ്രസ്താവനയിൽ ഉണ്ടായിരുന്ന പദ്യങ്ങൾ അനന്തരകാലത്ത് വല്ലവരും മാററിയിരിക്കാമെന്നും, മററുമുള്ള ഊഹങ്ങൾ ഊഹങ്ങളുടെ പദവിയിൽ തന്നെ വിശ്രമിക്കാനേ നിവൃത്തിയുള്ളൂ. മൂലഗ്രന്ഥത്തിന്റെ വളരെ പഴയ ഒരു ആദർശഗ്രന്ഥമാണ് എന്റെ കൈയ്യിൽ ഉള്ളത്. ആ ആദർശം അനുസരിച്ചും പ്രസ്താവനാപദ്യങ്ങൾ അഞ്ചേയുള്ളൂ. ഈ അംശത്തിൽ വ്യത്യാസമില്ലാത്ത സ്ഥിതിക്ക് പ്രസ്താവനയിൽ കൂടുതൽ പദ്യങ്ങൾ ഉണ്ടായിരുന്നു എന്ന് ഊഹിച്ചിരിക്കുന്നതിനും പ്രത്യേകം ന്യായം കാണുന്നില്ല.

ആദിത്യവർമ്മയെയും മറ്റും പുകഴ്ത്താനും.

പ്രസ്താവനകൊണ്ടു് സാധിക്കുന്നതു് കാവ്യരചനയുടെ ഉദ്ദേശം വ്യക്തമാക്കുകയാണല്ലോ. അതായതു് തന്റെ ദയിതയെ പ്രകീർത്തിച്ചു് ഒരു കാവ്യമുണ്ടാക്കുക. എന്നാൽ ഇത്രമാത്രമേ ഉള്ളോ കവിയുടെ ഉദ്ദേശം? ഇതു കാവ്യത്തിനകത്തേക്കു് കടക്കാനുള്ള ഒരു [illegible]മാണു്. നായികയെ മാത്രം സ്തുതിച്ചാൽ മതിയാവുമായിരുന്നെങ്കിൽ അതു് ഏതാനും മുക്തകങ്ങൾകൊണ്ടു് സാധിക്കാമായിരുന്നു. അതു പോരാ, ഒരു പൂർണ്ണകാവ്യശില്പം തന്റെ ആ സ്വദേശിയുടെ കീർത്തിപ്രതിഷ്ഠയായി സ്ഥാപിക്കണമെന്നു കവി ആഗ്രഹിച്ചെങ്കിൽ തന്നെയും അതിനു് ഒരു [illegible]വിന്റെയോ മറ്റോ രൂപം കൊടുക്കാമായിരുന്നു. ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം തുടങ്ങിയ കൃതികളെല്ലാം ഈ അംശത്തിനു സാക്ഷ്യം വഹിക്കും. സന്ദേശകാവ്യരൂപം സ്വീകരിച്ചു് കൃതി രചിച്ചതിൽ വേറെ വല്ല ഉദ്ദേശവും പ്രകടമാകുന്നുണ്ടോ? ഉണ്ടു് എന്നാണു് നിശ്ചയമായി തോന്നുന്നതു്. ഉണ്ണുനീലിയെ സ്മരിക്കാനാണു് കാവ്യരചന ചെയ്യുന്നതെന്നു് പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങനെ പ്രത്യേകം എടുത്തു പറയാതെതന്നെ പല വിശിഷ്ടവ്യക്തികളെയും സ്ഥലങ്ങളെയും ഇതിൽ പുകഴ്ത്തിയിരിക്കുന്നു. സന്ദേശഹരനായ ആദിത്യവർമ്മ, അദ്ദേഹത്തിന്റെ ജ്യേഷ്ഠനും വേണാടർകോനുമായ രവിവർമ്മ, ഓടനാട്ടു്, ചിറവാ, തെക്കുംകൂർ, വടക്കുംകൂർ, ഇവിടങ്ങളിലെ രാജാക്കന്മാർ, തിരുവനന്തപുരം തൊട്ടു കടുത്തുരുത്തിവരെയുള്ള സ്ഥലങ്ങളിൽ അന്നു് ജീവിച്ചിരുന്ന അനേകം പ്രശസ്തനായികമാർ ഇവരെയെല്ലാം പറ്റി കവി അടുത്ത പരിചയവും അഭിനന്ദനവും നിറഞ്ഞ പ്രകാരത്തിൽ പുകഴ്ത്തിയിട്ടുണ്ടു്. അതുപോലെതന്നെ തിരുവനന്തപുരം തൊട്ടു് കടുത്തുരുത്തിവരെയുള്ള മുഖ്യക്ഷേത്രങ്ങൾ, വാണിജ്യസ്ഥാനങ്ങൾ എന്നിവയും കവിയുടെ പ്രത്യേകശ്രദ്ധയെ അർഹിച്ചിട്ടുണ്ടു്. തന്റെ പരിചയത്തിൽപ്പെട്ട പ്രശസ്ത വ്യക്തികളെയും സ്ഥാപനങ്ങളെയും സ്ഥലങ്ങളെയും സ്മരിക്കുന്ന ഒരു മനോഹരകാവ്യദർപ്പണം നിർമ്മിക്കാനായിരുന്നു കാവ്യകാരന്റെ ലക്ഷ്യമെന്നു് ഉദാസീനരായി ഈ കാവ്യം വായിക്കുന്നവർക്കു പോലും സ്പഷ്ടമാകും. *

---

* മിക്ക സന്ദേശകാവ്യങ്ങൾക്കും ഇങ്ങനെ ഒരു ഉദ്ദേശമുണ്ടെന്നു് പറയാം. എന്നാൽ ഇവിടെ ഇതു് എടുത്തു പറയുന്നതു് ഈ ഉദ്ദേശം ഇതിൽ അതിപ്രധാനമായി മുന്തിക്കാണുന്നതുകൊണ്ടാണു്.

ഈ ഉദ്ദേശങ്ങളെല്ലാം സാധിക്കുന്നതിന് ഏററവും പററിയ കാവ്യരൂപം സന്ദേശമാണെന്നുള്ളതുകൊണ്ടായിരിക്കും തന്റെ ഇഷ്ടനായികയെ പുകഴ്ത്താൻവേണ്ടി രചിച്ച ഈ കൃതിയെ ഒരു സന്ദേശകാവ്യമാക്കിയത്.

കാളിദാസനെ അനുകരിച്ച മററു സന്ദേശകാവ്യകാരന്മാർക്ക് ഇങ്ങനെ നിഷ്കൃഷ്ടമായ ഉദ്ദേശം ഉണ്ടായിരുന്നോ ഇല്ലയോ എന്നു നിശ്ചയമില്ല. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മയൂരസന്ദേശത്തിന് എന്നപോലെ നായികാനായകന്മാരുടെ വിരഹസ്ഥിതിയാണ് സന്ദേശം അയയ്ക്കാൻ പ്രത്യേകം കാരണം. ദൂരത്തിരിക്കുന്നതുകൊണ്ട് സന്ദേശമയയ്ക്കുന്നു എന്നാണ് ആ കാവ്യങ്ങളിലെ രീതി. സന്ദേശത്തിനു കാരണമുണ്ടാകാൻ വേണ്ടി നായകനെ കൃത്രിമകാരണംകൊണ്ട് ദൂരത്താക്കുകയാണ് ഉണ്ണുനീലിസന്ദേശത്തിൽ ചെയ്തിട്ടുള്ളത്. പെട്ടെന്നു വിയോഗം വരാൻ നിവൃത്തിയില്ലെങ്കിൽ യക്ഷിയെക്കൊണ്ട് എടുപ്പിച്ചാലും ശരി വിയോഗമുണ്ടാകണമെന്നാണ് നിർബ്ബന്ധം. എങ്കിൽ മാത്രമല്ലേ കവിയുടെ ഉദ്ദേശമനുസരിച്ചുള്ള പരിപാടികളെല്ലാം സാധിക്കൂ. പത്മനാഭസ്വാമിക്ഷേത്രത്തെ വർണ്ണിക്കണം, ആദിത്യവർമ്മയെ പുകഴ്ത്തണം, തിരുവനന്തപുരം തൊട്ടു വടക്കോട്ട് കടുത്തുരുത്തിവരെയുള്ള പ്രശസ്ത വ്യക്തികളെയും വിശിഷ്ട സ്ഥാപനങ്ങളെയും തന്റെ കാവ്യതൂലികാവിലാസം കൊണ്ട് ശാശ്വതചിത്രങ്ങളാക്കിത്തീർക്കണം. ഇതു് ആണല്ലോ അദ്ദേഹം സാധിച്ചിട്ടുള്ളതു്. ഈ ഉദ്ദേശം ഈ കാവ്യം ശ്രദ്ധിച്ചു പഠിക്കുന്നവർക്കു വളരെ വ്യക്തമാണ്.

ശുകസന്ദേശമെന്ന സംസ്കൃതകാവ്യത്തെ ഉണ്ണുനീലിസന്ദേശകാരൻ അനുകരിച്ചിട്ടുണ്ടെന്നു ചില സൂചനകൾ ഉണ്ട്. തിരുവനന്തപുരം തൊട്ടു കടുത്തുരുത്തിവരെയും, അതു കഴിഞ്ഞു തൃക്കണാമതിലകം വരെയും ശുകം സഞ്ചരിക്കുന്നു. എന്നാൽ മാർഗ്ഗകഥനത്തെ സംബന്ധിച്ചിടത്തോളം രണ്ടു സന്ദേശങ്ങൾക്കും എന്തൊരു അന്തരം! നാമനിർദ്ദേശം ചെയ്തു് ഒരു രാജാവിനെയും ശുകസന്ദേശകാരൻ വിശേഷിച്ചു സ്മരിക്കുന്നില്ല. ഒരു സ്ഥലത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ വർണ്ണനകൊണ്ടും നമുക്കു് വിശേഷിച്ച് ഒന്നും മനസ്സിലാകുന്നില്ല. അലങ്കാരങ്ങൾ പ്രയോഗിക്കാനും, രസം ആവിഷ്കരിക്കാനും വേണ്ടിയുള്ള ഉപായം എന്നല്ലാതെ, ചരിത്രകാര്യങ്ങളെ സ്മരിക്കാനും സമകാല

ജീവിതത്തെ പ്രതിബിംബിപ്പിക്കാനും വേണ്ടി സാധാരണ സന്ദേശകാരന്മാരാരും പ്രത്യേകിച്ചു യത്നിച്ചിട്ടില്ല. ആ സാധാരണ രീതിതന്നെയാണ് ശുകസന്ദേശത്തിലും കാണുന്നതു്. പ്രത്യേകം ഉദ്ദേശം ഇല്ലാതിരുന്നെങ്കിൽ ഉണ്ണുനീലിസന്ദേശകാരനും ഒരേ മാതൃക തന്നെ സ്വീകരിക്കുമായിരുന്നു. എന്നാൽ അതല്ലല്ലോ നാം ഉണ്ണുനീലിസന്ദേശത്തിൽ കാണുന്നതു്. ഇത്രത്തോളം സൂക്ഷ്മാവലോകനപാടവവും, ഇത്രത്തോളം സമകാലജീവിത രീതിയിലുള്ള പരിചയവും, ഇത്രത്തോളം സകല ജീവിത മണ്ഡലങ്ങളിലുമുള്ള പ്രവർത്തനങ്ങളോടു് ആഭിമുഖ്യവും തികഞ്ഞ ഒരു കവിയെ കാണാൻ വളരെ പ്രയാസമാണു. കുണ്ടൂരത്തിൽനിന്നു തിരുവനന്തപുരംവരെയും തിരുവനന്തപുരംതൊട്ടു കുണ്ടൂരത്തിവരെയും അനേകം തവണ സഞ്ചരിച്ചു് അവിടവിടെ ഉള്ള എല്ലാ ക്ഷേത്രങ്ങളിലും ഭജിച്ചു്, രാജഗൃഹങ്ങളിലും പ്രഭുഗൃഹങ്ങളിലും ചെന്നു് സൽക്കാരം സ്വീകരിച്ചു്, ഓരോ സ്ഥലത്തും ഉള്ള പ്രകൃതിവിലാസങ്ങളെ കണ്ടു പ്രത്യേകം ആസ്വദിച്ചു് ജീവിതത്തെ പരമധന്യമാക്കിത്തീർത്ത ആളായിരുന്നു ഇതിന്റെ കർത്താവു്. നിത്യപരിചയമുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും പുകഴ്ത്തുന്നതു് സ്വന്തം ഉചിതമായ ശാശ്വതകീർത്തിപാത്രമാക്കുന്നതുപോലെ ഒരു പുണ്യകൃത്യമായി അദ്ദേഹം കരുതിയിരിക്കണം. ഈ യുക്തികൊണ്ടല്ലാതെ സാധാരണ സന്ദേശങ്ങളുടെ രീതിയിൽനിന്നു് ഉണ്ണുനീലിസന്ദേശത്തിൽ കാണുന്ന വ്യത്യാസങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണു്.

ഇതു വേശ്യാ പ്രശംസാപരമായ കാവ്യമല്ല.

ഈ അംശം ഒന്നുകൂടി വിശദമായി പരിശോധിക്കാം. * പദ്യരത്നമെന്ന പ്രാചീനപദ്യസമാഹാരത്തിന്റെ ഉപോദ്ഘാതത്തിൽ പ്രാചീന മണിപ്രവാള കൃതികളെപ്പറ്റി പൊതുവേയും ഉണ്ണുനീലി സന്ദേശത്തെപ്പറ്റി പ്രത്യേകിച്ചും ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിട്ടുണ്ടു്. രാജാക്കന്മാരുടെ നിർദ്ദേശമനുസരിച്ചു് നായികമാരെ സ്തുതിക്കാൻ അക്കാലങ്ങളിൽ മണിപ്രവാള കവിതകൾ എഴുതിയിരുന്നെന്നും, വെൺപലക്കുറുപ്പെന്നന്റെ നിയോഗമനുസരിച്ചു് കുണ്ടോതര എന്നൊരു നായികയെ സ്തുതിച്ചു് ഒരു കവി കവിതയെഴുതിയിട്ടുണ്ടെന്നും, ദേവനാരായണ ഇരുകൃപയാൽ ഇളയച്ചിയെ സ്തുതിച്ചു് വേറൊരു കവി

---

* പദ്യരത്നം ഡാക്ടർ പി. കെ. നാരായണപിള്ള, യൂനിവേഴ്സിറ്റി മാനസ്ക്രിപ്റ്റ്സ് ലൈബ്രറിപ്രസിദ്ധീകരണം.

എഴുതിട്ടുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ വസ്തുതയിൽ നിന്ന് 'വെൺപലരാജാവായ മണികണ്ഠന്റെ നിയോഗപ്രകാരം അദ്ദേഹത്തിന്റെ ആശ്രിതനായ കവി ഉണ്ണുനീലിയെ കീർത്തിച്ച് നിർമ്മിച്ച ഒരു കാവ്യമാണ് ഉണ്ണുനീലി സന്ദേശം എന്നു വിചാരിക്കുന്നതിൽ പ്രമാദ ശങ്കയ്ക്ക് അവകാശമില്ല' എന്ന് സിദ്ധാന്തിച്ചിരിക്കുന്നു. തന്റെ ഉപകർത്താവായ ഒരു രാജാവിന്റെ അഭിലാഷമനുസരിച്ച് ഒരു കവി നായികാ വർണ്ണനത്തിനു കൃത്രിമമായി ഒരു സന്ദർഭം സങ്കല്പിച്ച് എഴുതിയ ഈ കാവ്യത്തിൽ നായകന് ഒരു സ്ഥാനവും ഇല്ല എന്നു ആണ് ഇദ്ദേഹത്തിനുള്ള അഭിപ്രായം പോഷിക്കുന്നതു്. അതുകൊണ്ട് ഈ കാവ്യത്തിലെ നായകനെ അന്വേഷിക്കേണ്ട വ്യഥാ ശ്രമത്തിൽ നിന്ന് നിരൂപകന്മാർ നിവർത്തിക്കുന്നതാണ് ഭേദം എന്നു പറഞ്ഞു ഉണ്ണുനീലീസന്ദേശത്തിലെ സകല പ്രശ്നങ്ങളെയും ഉപസംഹരിക്കുന്നു. കാര്യം എളുപ്പത്തിൽ കഴിഞ്ഞു. എങ്കിലും ഇതിനെപ്പററി ചില ചോദ്യങ്ങൾ ചോദിക്കാതെ വിരമിക്കാൻ തോന്നുന്നില്ല. കൗണോത്തമ ഇടങ്ങളി ചില നായികമാരെ പററി ചില രാജാക്കന്മാർ പറഞ്ഞിട്ട് കവിത ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ഉണ്ണുനീലീ സന്ദേശവും അതുപോലെ തന്നെ ഉണ്ടാക്കിയതായിരിക്കണം എന്ന് എന്തിനു കല്പിക്കണം? കൗണോത്തമരെയെ പററിയും മററും രാജനിയോഗം കൊണ്ടാണ് സ്തുതിക്കുന്നതെന്നു വ്യക്തമായി പ്രസ്താവം ഉള്ളപ്പോഴും അങ്ങനെ ഒരു സൂചന ഉണ്ണുനീലീ സന്ദേശത്തിൽ ഇല്ല എന്നുള്ളതു ശ്രദ്ധിക്കേണ്ട കാര്യമാണ്. അല്ലെങ്കിൽ വാദത്തിനുവേണ്ടി ഈ സിദ്ധാന്തത്തെ അംഗീകരിച്ചു കൊണ്ട് ഒന്നു കൂടി പരിശോധിക്കാം. വെൺപലനാട്ടു രാജാവിന്റെ 'പൂണാരമാണ്'' ഉണ്ണുനീലി എന്നു പറഞ്ഞിട്ടുള്ളതിനാൽ ആ സ്ത്രീ രാജാവിന് താത്പര്യമുള്ള ഒരു നായികയാണ് എന്നു വയ്ക്കാം. എന്നാൽ പ്രസ്താവനയിലെ അവസാന ശ്ലോകത്തിലെ "ആകയാൽ ഉണ്ണുനീലീ ചൊല്ലുന്നേനെങ്കിൽനീ കേട്ടരുളുക ദയിതേ! സുകൃതിരതാം മദീയം' എന്ന ഭാഗത്തെ എങ്ങനെ വ്യാഖ്യാനിക്കണം? ഉണ്ണുനീലിയുടെ ഭർത്താവുതന്നെ ആ സ്ത്രീയെ സംബോധന ചെയ്തുകൊണ്ട് കാവ്യം എഴുതുന്നതായിട്ടാണല്ലോ ഇതിൽനിന്നു സിദ്ധിക്കുന്നതു്. ഈ അംശത്തിൽ അഭിപ്രായം എന്തെന്നു സ്പഷ്ടമാകാത്ത നിലയിൽ ആണ് ഉപോദ്ഘാതത്തിലെ പ്രസ്താവന. ഉണ്ണുനീലിയെ കവി 'ദയിതേ' എന്നു സംബോധന ചെയ്താൽ അവിടെ മാത്ര

എന്നല്ലാതെ എന്താണ് മനസ്സിലാക്കേണ്ടതു്? വെൺപലനാട്ടു രാജാവിന്റെ ദയിത ആണെങ്കിൽ കവി ആ സ്ത്രീയെ ദയിതേ എന്നു സംബോധന ചെയ്യുമെന്നോ? അതും വെൺപലനാട്ടു രാജാവിന്റെ നിർദ്ദേശം അനുസരിച്ച് അവളെ സ്തുതിച്ച് കവിത എഴുതുമ്പോൾ? ദയിത എന്നു പറഞ്ഞാൽ ഭാര്യ എന്നു തന്നെയാണ് പ്രസിദ്ധമായ അർത്ഥം. 'ദയിതാ ജീവിതാ ലംബനാർത്ഥീ' എന്നു് മേഘസന്ദേശത്തിലെ പ്രയോഗംതന്നെ അനുസ്മരിക്കുക. ഇനിയും മുഖ്യമായ ഒരു കാര്യം കൂടി പദ്യരത്നത്തിന്റെ അവതാരികയിലെ അഭിപ്രായത്തെ സമാധാനിപ്പിക്കുന്നതോടും ചൂണ്ടിക്കാണിക്കാനുണ്ട്. മണികണ്ഠ രാജാവിന്റെ നിയോഗമനുസരിച്ച് കൃത്രിമം ആയ സന്ദർഭം സങ്കല്പിച്ച് എഴുതിയ കാവ്യമെന്നല്ലേ വരുന്നതു്? മണികണ്ഠൻ അങ്ങനെ ഒരു ആജ്ഞ ചെയ്തുവെന്നു എങ്കിൽ അദ്ദേഹത്തിന്റെ ആശ്രിതനായ കവിക്കു് ആ ആജ്ഞ അനുസരിക്കാതിരിക്കാൻ വഴി ഇല്ല തന്നെ. എന്നാൽ വേണാട്ടിലെ ഇളയ രാജാവിനെ സന്ദേശവും കൊണ്ടു് ഉണ്ണുനീലിയുടെ അടുക്കലേക്കു് അയയ്ക്കാൻ മണികണ്ഠൻ കല്പിച്ചിരിക്കുമോ? അങ്ങനെ ഒരു ധാർഷ്ട്യം ആ മണികണ്ഠാഖ്യ സാമന്തമൗലിക്കു് ഉണ്ടായി എന്നു വിചാരിക്കാൻ പ്രയാസമാണ്. എത്രു് ആചാരോപചാരങ്ങളോടുകൂടി ആണ് ആദിത്യവർമ്മയെ വടക്കുംകൂറിലെ മണികണ്ഠൻ തൊട്ടുള്ള തമ്പുരാക്കന്മാർ സ്വീകരിക്കുന്നതു്. അങ്ങനെയുള്ള മണികണ്ഠൻ തനിക്കു താത്പര്യമുള്ള ഒരു നായികയെ സ്തുതിക്കാൻ വേണ്ടി തന്റെ ആശ്രിതനായ ഒരു കവിയോടു പറഞ്ഞു് ആദിത്യവർമ്മയെ ഉണ്ണുനീലിയുടെ വീട്ടിൽ അയയ്ക്കുക എന്നുള്ള ഔചിത്യഭംഗം ഒരിക്കലും ചെയ്യുയില്ല. നായികയെ സ്തുതിക്കുന്നതിനു് അങ്ങനെ ഒരു കല്പനയുടെ ആവശ്യവും ഇല്ല. തന്റെ പ്രത്യേക സ്നേഹത്തിനു പാത്രമായ നായികയുടെ വീട്ടിൽ സന്ദേശവും കൊണ്ടു് ഒരു രാജാവു തന്നെ എഴുന്നള്ളട്ടെ എന്നൊരു ദുർമ്മോഹം ആ മണികണ്ഠനു് ഉണ്ടായിരിക്കാം എന്നു വാദിച്ചാലോ? ഉ. സന്ദേശം 25-ം 26-ം ശ്ലോകങ്ങൾ ഈ സംശയത്തിനു് ഉത്തരം നല്കും. വടക്കുംകൂറിലെ മണികണ്ഠനെ ആദിത്യവർമ്മ കാണുമ്പോൾ,

മുണ്ടക്കൽച്ചെന്റിനിയ വിരഹവ്യാകുലാമുണ്ണുനീലീം
കണ്ടിട്ടെന്റെ ദയിതഗദിതം ഞാനുണർത്തേണ്ടുവൊന്റു്

എന്നു് അറിയിക്കാനാണെന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോൾ മണികണ്ഠൻ പറയുന്നതിനെപ്പററി 26-ാം ശ്ലോകത്തിൽ

> എന്റീവണ്ണം മമ ചിന്തയിൽ നീ ചൊല്ലീനാൽ മികവേറവം
> കന്ദം കൻദം ചലതുമകലും ചേരമാൻകുന്നി തന്നെ
> ചൊൽക്കൊ കാൺക നന്ദനാരി നീയേ! ചൊല്ലുമപ്പോൾ

ആദിത്യവർമ്മ മണികണ്ഠനോടു പറയുന്നതു് ഉണ്ണുനീലിയെ കാണാൻ പോകുന്നതു് 'ദയിതഗദിതം' ഉറപ്പിക്കാൻവേണ്ടി എന്നാണു്. ദയിതഗദിതം എന്നതിനു് ഭർത്താവിന്റെ വാക്കു് എന്നാണല്ലോ അർത്ഥം. ഒരു ദയിതൻ തിരുവനന്തപുരത്തു് ഇരുന്നു് സന്ദേശമയയ്ക്കുന്ന ആളുമാണല്ലോ. അങ്ങനെ ഒരു ദയിതൻ ഉള്ള നായികയ്ക്കു് നായകനു് യാതൊരു സ്ഥാനവും ഇല്ല എന്നു പറയുന്നതു് ഔചിത്യമോർക്കാതെ ആലോചിച്ചിട്ടില്ല. ചുരുക്കത്തിൽ ഈ അഭിപ്രായം ഉണ്ണുനീലിസന്ദേശത്തിലെ നായകനെയോ, ആ കാവ്യരചനയുടെ മർമ്മത്തെയോ പററി മനസ്സിലാക്കുന്നതിനു് സഹായകമായി ഭവിക്കുന്നില്ല.

കാവ്യകർത്താവു് ആദിത്യവർമ്മയാണു് എന്ന മതം അംഗീകാര്യമല്ല.

നായികയെ സർവ്വപ്രധാനമാക്കി നായകനെയും മററും അപ്രധാനകോടിയിൽ തള്ളുന്നതാണല്ലോ മേൽ ഉദ്ധരിച്ച അഭിപ്രായം. നായികയെ അപ്രധാനമായി പരിഗണിച്ചു് സന്ദേശഹരനെ സർവ്വപ്രധാനമാക്കുന്ന വേറൊരു അഭിപ്രായമാണു് ഉണ്ണുനീലിസന്ദേശത്തിനു് പണ്ഡിതനായ ശ്രീമാൻ വേലുപ്പിള്ള ശാസ്ത്രി എഴുതിയ അവതാരികയിൽ പ്രദർശിപ്പിച്ചിട്ടുള്ളതു്. ഉണ്ണുനീലി ഒരു സങ്കല്പ വനിതാസൃഷ്ടി ആണു് എന്നു് വളരെ യുക്തിപ്രദർശനങ്ങളോടെ അദ്ദേഹം സംശയിക്കുന്നു. (അവതാ—പുറം. 61–69). ഈ അംശത്തെ പററി മേൽ വിശദമായി നമുക്കു പരിശോധിക്കാം. സന്ദേശഹരനാണു് പ്രാമാണ്യം എന്നുള്ള ആദ്യാംശത്തെപ്പററി ഇവിടെ പരിഗണിക്കാം. സന്ദേശത്തിന്റെ നാമം തൊട്ടു് പല സംഗതികളും ചേർത്തു് ആലോചിച്ചിട്ടു് ആദിത്യവർമ്മ എഴുതിയ ഒരു കൃതി ആയിരിക്കണം ഇതു് എന്നും മററും വിസ്തരിച്ചു ചർച്ചചെയ്തു് സ്വതന്ത്രമായ ഒരു മതം അദ്ദേഹം പ്രദർശിപ്പിക്കുന്നു. നോക്കാം. സന്ദേശകർത്താവിനു് ചില പ്രത്യേകതകൾ ഉണ്ടു്

എന്നു് അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിനു് സ്യാനന്ദൂരപുരത്തോടും പദ്മനാഭസ്വാമിക്ഷേത്രത്തോടും വലിയ പ്രതിപത്തി ഉണ്ടായിരുന്നു. തൃപ്പാപ്പൂർ കുടുംബത്തോടു പ്രത്യേകം ബഹുമാനമുണ്ടു്. വേണാടു തൊട്ടു വടക്കോട്ടു വരെയുള്ള സ്ഥലങ്ങളിൽ ധാരാളം പരിചയം ഉണ്ടു്. സംസ്കൃതത്തിലും മലയാളത്തിലും അസാധാരണമായ പാണ്ഡിത്യവും, മണിപ്രവാളരചനയിൽ വൈദഗ്ദ്ധ്യവും ഉണ്ടു്. ഈ യോഗ്യതകളും സിദ്ധികളും പരിചയവും ഉള്ള ഒരാളെ കണ്ടുപിടിക്കാനാണു് ശ്രീ. ശാസ്ത്രി ശ്രമിക്കുന്നതു്. വടശ്ശേരി കൃഷ്ണൻകോവിലിൽ ശിലാരേഖ നിർമ്മിച്ച ആദിത്യവർമ്മ—ഈ കാവ്യത്തിലെ സന്ദേശഹരനെന്നു കല്പിക്കുന്ന രാജാവു്—ഈ യോഗ്യതകൾ ഉള്ള ആളായിരുന്നു. *

അദ്ദേഹത്തിൻെറ 'ശബ്ദജ്ഞോടസ്മി' എന്നു തുടങ്ങുന്ന ശിലാരേഖയിലെ ശ്ലോകങ്ങളും മററുമാണു് അതിനു കാരണമായി ശ്രീ. ശാസ്ത്രി പറയുന്നതു്. എന്നാൽ ശാസനത്തിലോ സന്ദേശത്തിലോ, താൻ ഒരു കവിയാണെന്നു് അദ്ദേഹം സ്വയം അവകാശപ്പെടുന്നില്ല എന്നും ശ്രീ. ശാസ്ത്രി സ്മരിക്കാതെ ഇരിക്കുന്നില്ല. ആത്മവിശ്വാസക്കുറവുകൊണ്ടു് ആയിരിക്കണം അങ്ങനെ അവകാശപ്പെടാത്തതു് എന്നു് അദ്ദേഹം പറയുന്നു. (അവ. പു 29). ശബ്ദജ്ഞനെന്നും, സംഗീതസാഹിത്യങ്ങളിൽ ലക്ഷ്യലക്ഷണജ്ഞനെന്നും മററും സ്വയം അഭിമാനിക്കുന്ന ആൾക്കു് ആത്മവിശ്വാസത്തിനു കുറവുണ്ടു് എന്നു വന്നാൽ പിന്നെ ആർക്കാണു് ആത്മവിശ്വാസം ഉണ്ടാവുക! 'ആദിത്യവർമ്മസന്ദേശം' എന്നു പേരിടാത്തതു തന്നെ കവിതയിൽ അടങ്ങിയിരിക്കുന്ന സന്ദേശവാഹകപ്രശംസയ്ക്കു പുറമേ, നാമധേയം കൊണ്ടുകൂടെ കൂടുതലായ ഒരു പ്രശംസ ആവശ്യമില്ല എന്നു് ഗ്രന്ഥകർത്താവു് കരുതിയിട്ടായിരിക്കാം എന്നും ശ്രീ. ശാസ്ത്രി പ്രസ്താവിക്കുന്നു (അവ. പു. 20). ഇതിൻെറ അർത്ഥം എന്താണു ? ആദിത്യവർമ്മ സ്വയം പ്രശംസിച്ചു് ഒരു കാവ്യം രചിച്ചു. അതിൽ കൂടുതൽ പ്രശംസ ആവശ്യമില്ലാത്തതുകൊണ്ടു് കാവ്യത്തിനു

---

* ഈ രാജാവു് ആയിരിക്കയില്ല, അദ്ദേഹത്തിൻെറ കാലത്തിനു മുൻപുള്ള ഒരു ആദിത്യവർമ്മയാണു് എന്നു മുകളിൽ പ്രതിപാദിച്ചിട്ടുള്ളതു് നോക്കുക. വടശ്ശേരി ശാസനത്തിൻെറ കാലം 513 എന്നാണു് ശ്രീ. ശാസ്ത്രി കൊടുത്തിട്ടുള്ളതെങ്കിലും, ആ രേഖയുടെ ആണ്ടു് 548 ആണു് എന്നു തിരുത്തിയിട്ടുണ്ടല്ലോ.

ന്യായമായി ഇടേണ്ട പേരു് ഇടാതെ വേറൊരു പേരിട്ടു. താൻ തന്നെത്താനേ കവിതയിൽ വേറൊരാളാം പറയുന്ന മട്ടിൽ ആത്മപ്രശംസ മുഴക്കിയിട്ടു്, തന്റെ കർത്തൃത്വം പോലും വെളിപ്പെടുത്തേണ്ട എന്നു വിചാരിച്ചോ? ഉണ്ണുനീലിസന്ദേശം ഒന്നാംകിടയിലുള്ള ഒരു കൃതിയാണെന്നു സമ്മതിക്കണം. ആദിത്യവർമ്മയാണു് അതു് എഴുതിയതെങ്കിൽ അദ്ദേഹത്തിനു് അസാധാരണമായ ബുദ്ധിയും കഴിവുകളും ഉണ്ടായിരിക്കണം. തന്റെ മഹത്ത്വവും മററും അറിയിക്കാനാണു് കാവ്യത്തിന്റെ ഉദ്ദേശമെങ്കിൽ ഇങ്ങനെ ഒരു ആത്മപ്രശംസകൊണ്ടുമാത്രം തൃപ്തിപ്പെടേണ്ടതില്ല. ഈ കവിത അദ്ദേഹത്തിന്റെ പേരിൽ വെളിക്കൊട്ടു വിട്ടാൽ കേരളീയ സഹൃദയന്മാരെല്ലാം അദ്ദേഹത്തെ കൊണ്ടാടും. ആത്മപ്രശംസ ചെയ്യുന്നതിൽ മഹാവിരുതനും, ശ്രീ. ശാസ്ത്രിയുടെ പക്ഷത്തിൽ ആത്മപ്രശംസാപരമായി സന്ദേശംതന്നെ രചിച്ച ആളും ആയ ആദിത്യവർമ്മ, തനിക്കു ന്യായമായി സിദ്ധിക്കേണ്ട മഹാകവിയശസ്സു വേണ്ടെന്നു വയ്ക്കുന്ന ഒരു കീർത്തിവിമുഖനാണെന്നു വിചാരിക്കാൻ പ്രയാസമാണു്. എന്നു തന്നെയല്ല, തിരുവിതാംകൂർ രാജവംശത്തിൽപ്പെട്ട ഒരു തമ്പുരാൻ ഇങ്ങനെ ഒരു കവിത രചിച്ചാൽ, അദ്ദേഹം അറിഞ്ഞും അറിയാതെയും, അന്നു തന്നെ അനേകായിരം പേർ അതു കൊണ്ടാടിത്തുടങ്ങും. ആ കഥ പില്ക്കാലത്തു് വിസ്മരിക്കാൻ ഇടയില്ല. ഈ ആദിത്യവർമ്മയുടേതു് എന്നു കരുതുന്ന ഒന്നു രണ്ടു കീർത്തനങ്ങൾ ഇതിനകം കിട്ടിയിട്ടുണ്ടു്. ആ ലഘുകൃതികളിൽ പോലും സ്വന്തം പേരു പറയാതെ അദ്ദേഹം വിട്ടിട്ടില്ല • ആ

---

* T. A. S. Vol. VII. 124—133.

• ആദിശങ്കരസ്തവം അവതരണദശകം. എന്നീ സ്തോത്രങ്ങൾ വേണാട്ടു് ആദിത്യവർമ്മ രചിച്ചതാണെന്നു പറഞ്ഞിട്ടുണ്ടു്. സന്ദേശത്തിലെ ആദിത്യവർമ്മയാണോ പിൽക്കാലത്തുള്ള ആദിത്യവർമ്മമാരാണോ ഈ കവിതകൾ രചിച്ചിട്ടുള്ളതെന്നു് അറിയാൻ പ്രയാസം ഉണ്ടു്. അവതരണദശകത്തിൽ

'ചേണാർന്നീടിന വേണാടഴകൊടു പരിപാലിക്കുമാദിത്യവർമ്മ
ക്ഷോണീപാലനു വായ്പ്പൊററിതമൊടു മരുവും കേശവായ പ്രണാമം.
(T. A. S. VII. 126) എന്നും, ദശാവതാരചരിതത്തിൽ
'മാനമേറും ചിറവാതു് നരേന്ദ്രവരനാമാദിത്യവർമ്മേരിതം'

(T. A. S. VII. 131) എന്നും കാണുന്നു. ഏതു് ആദിത്യവർമ്മയാണെന്നു് പൂർണ്ണമായി നിശ്ചയിക്കാൻ വഴിയില്ലെങ്കിലും ൬൪൪-ലെ ആദിത്യവർമ്മതന്നെ ആയിരിക്കാമെന്നു് ശ്രീ. എ. എസ്. രാമനാഥയ്യർ സൂചിപ്പിക്കുന്നു. (T. A. S. VII 132)

സ്തോത്രങ്ങൾ അദ്ദേഹത്തിന്റേതാണു് എന്നു നിശ്ചയമില്ലാത്ത സ്ഥിതിക്കു് അതുമാത്രം പ്രമാണമാക്കി സിദ്ധാന്തംപുറപ്പെടുവിക്കുന്നതു് ശരിയായിരിക്കയില്ല എന്നു സമ്മതിക്കുന്നു. എന്നാൽ അവയുടെ കർത്താക്കന്മാർ ആരായിരുന്നാലും, അവരിൽ കുറഞ്ഞ യശഃകാംക്ഷയല്ല സന്ദേശകർത്താവു് ആദിത്യവർമ്മയാണെങ്കിൽ ആ ആദിത്യ വർമ്മയ്ക്കും ഉണ്ടായിരിക്കുന്നതു്. അല്ലെന്നു പറഞ്ഞാൽ, സ്വപ്രസ്തുതികൊണ്ടു് ആ സന്ദേശകാവ്യത്തെ മുഖരമാക്കുന്നതു് എന്തിനു്?

ഇനിയും പ്രധാനമായ ഒരു സംഗതിയും ഓർമ്മയിൽ വരുന്നു. തൃപ്പാപ്പൂര ആദിത്യവർമ്മയ്ക്കു് ഇങ്ങനെ ഒരു കൃതി ഉണ്ടാക്കേണ്ട ആവശ്യം എന്താണു്? കടുത്തുരുത്തിയിൽ മുണ്ടയ്ക്കൽ എന്നു പറയുന്ന ഒരു ഗൃഹത്തിലെ ഒരു സ്ത്രീയെ പുകഴ്ത്താനാണു് ഈ കാവ്യം എഴുതിയതെന്നു് സന്ദേശത്തിന്റെ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഉണ്ണുനീലി വെറും സങ്കല്പപാത്രമാണു് എന്നു് ശ്രീ. ശാസ്ത്രി പറയുമായിരിക്കാം. അങ്ങനെ അല്ലെന്നു് മേൽ കാണിക്കാം. വാദത്തിനു് ഉണ്ണുനീലി വെറും സങ്കല്പ പാത്രമാണെന്നു തന്നെ സങ്കല്പിച്ചുകൊണ്ടു തുടരാം. അങ്ങനെ ഒരു സാധാരണ ഗൃഹത്തിൽ ഒരു സ്ത്രീയെ സങ്കല്പിച്ചുണ്ടാക്കി, അവളുടെ ഭർത്താവിനെ യക്ഷിയെക്കൊണ്ടു് എടുപ്പിച്ചു് തിരുവനന്തപുരത്തു കൊണ്ടുവന്നിട്ടു്, അയാളുടെ ദൗത്യവും സ്വയം ഏറ്റു വഹിച്ചുകൊണ്ടു് കടുത്തുരുത്തി വരെ ഒരു സങ്കല്പാന്ദോളത്തിൽ കയറി 'ചെറുവാൾക്കണ്ണും തെളുതെളെ വിളിപ്പിച്ചുകൊ'ണ്ടെഴുന്നള്ളിയിട്ടു പോരണമെന്നു് തൃപ്പാപ്പൂർ മൂപ്പു വഹിക്കുന്ന ഒരു രാജസത്തമനു് എന്തിനു തോന്നണം? എങ്ങനെ തോന്നി? അദ്ദേഹം വടക്കോട്ടു് എഴുന്നള്ളുമ്പോൾ തന്റെ നിലയിൽ കുറഞ്ഞ എത്രയോ സാധാരണ ഗൃഹങ്ങളിലെ സ്ത്രീകളെ സ്മരിക്കുന്നു. ആ സ്ത്രീകളുമെല്ലാം സങ്കല്പപാത്രങ്ങൾ

ശ്രീ. ആർ. നാരായണപ്പണിക്കർ എട്ടാം ശതകത്തിലെ ആദ്യഖണ്ഡത്തിൽ വാണിരുന്ന ആദിത്യവർമ്മയ്ക്കാണു് ഇതിന്റെ കർത്തൃത്വം നൽകുന്നതു്. സന്ദേശഹരനായ ആദിത്യവർമ്മയുടെ കൃതികളായിട്ടാണു് മഹാകവി ഉള്ളൂർ ഈ സ്തോത്രങ്ങളെപ്പറ്റി എഴുതിയിരിക്കുന്നതു്. (കേ. സാ. ച. i. 396).

രണ്ടു സ്തോത്രങ്ങൾക്കും പറയത്തക്ക കവിതാഭംഗി ഇല്ല.

ആരെന്നു പറയാമോ? സന്ദേശത്തിൽ പറയുന്ന കവളാട്ടു തുടങ്ങിയുള്ള വീടുകൾ ഉന്നതകുലവയാണു്. ഉള്ള വീടുകളിൽ ഇല്ലാത്ത സ്ത്രീകളെ കല്പിച്ചിട്ടാണോ കാവ്യരചന ചെയ്തിരിക്കുന്നതു്? ഇത്രയും വീടുകളെപ്പററി ആദിത്യവർമ്മയ്ക്കു് നേരിട്ടു് അറിവു് ഉണ്ടായിരുന്നോ? ഏതെങ്കിലും പ്രകാരത്തിൽ അദ്ദേഹം ഇവരെപ്പററി തിരക്കി അറിഞ്ഞെങ്കിൽ തന്നെയും ഒരു രാജാവായ അദ്ദേഹം അവരെ സ്മരിച്ചു് കവിതയെഴുതുമെന്നോ?

സ്വപക്ഷത്തിനു താങ്ങായി രണ്ടുമൂന്നു യുക്തികൾ ശ്രീ. ശാസ്ത്രി കാണിക്കുന്നുണ്ടു്. സന്ദേശകാരൻ ഒരു വടക്കുംകൂർ ഇളമുറ രാജാവോ, സംഗ്രാമധീരരവിവർമ്മയെ ആശ്രയിച്ച കവികളിൽ ഒരാളോ മററോ ആയിരിക്കണം എന്നാണല്ലോ മററു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. ആ അഭിപ്രായത്തെപ്പററി ശ്രീ. ശാസ്ത്രി ഇങ്ങനെ ചോദിക്കുന്നു: 'സന്ദേശവാഹകനായി ആദിത്യവർമ്മയെ സങ്കല്പിക്കുവാൻ മേൽ പറയപ്പെട്ട ഏതൊരു കവിക്കാണു് അഥവാ പണ്ഡിതനാണു് സാധിക്കുമായിരുന്നതു്? വിശേഷിച്ചു്, മുണ്ടയ്ക്കൽ ഉണ്ണുനീലി എന്ന ഒരു സാധാരണ സ്ത്രീയ്ക്കു സന്ദേശവും കൊണ്ടു് എത്തുവാൻ? (അവ. പു. 34). ഈ ചോദ്യത്തിനു് ഉത്തരം പറയാൻ പ്രയാസമാണെന്നു മഹാഗ്രാഹിയായ ശ്രീ. ശാസ്ത്രിക്കു് അറിയാം. അതുകൊണ്ടാണു് നമ്മെ ബുദ്ധിമുട്ടിക്കാൻ അദ്ദേഹം ഇങ്ങനെ ഒരു ചോദ്യം എടുത്തിട്ടതു്. ആദിത്യ വർമ്മയെ സന്ദേശഹരനായി അയയ്ക്കാൻ അന്നു ധൈര്യമുണ്ടായിരുന്ന കവി ആരെന്നാണു് നമ്മൾ ആരായുന്നതു്. ആ ആളിനെ അറിഞ്ഞാലേ നമുക്കു് ഉത്തരം പറയാൻ സാദ്ധ്യമാവൂ. എന്നാൽ ഈ കല്പനയുടെ യുക്തിയെന്തെന്നു നോക്കാം. ആദിത്യവർമ്മയെ സന്ദേശഹരനായി അയയ്ക്കാൻ സാധാരണ ഒരു കവിക്കു സാധ്യമല്ല ശരി തന്നെ. ആദിത്യവർമ്മയോടു് അത്രകണ്ടു സ്വാതന്ത്ര്യവും സ്നേഹവും സ്ഥാനമഹിമയും ഉള്ള ഒരു കവിക്കേ അതു സാധിക്കൂ. അങ്ങനെ ഒരു കവി തന്നെയാണു് ഈ സന്ദേശം എഴുതിയതു് എന്നുള്ളതിനു വേണ്ട സൂചനകൾ ആ കവിതയിൽ തന്നെ ധാരാളം ഉണ്ടു്. ആദിത്യവർമ്മയെ കവി സംബോധനം ചെയ്യുന്നതു് തുല്യസ്ഥിതിയിലുള്ള ഒരു സ്നേഹിതനായിട്ടാണു്. വളരെ അടുപ്പവും സ്നേഹബന്ധവുമുള്ള ഒരാളായിത്തന്നെ ഞാൻ കരുതുന്നു. സഖേ (42-49-62-97-101-125), തോഴാ (66-109-115), പ്രിയസഖ (55-74), എടോ (124)

തുടങ്ങിയുള്ള സംബുദ്ധികളെല്ലാം നായകനും (കവിതന്നെ ആയിരിക്കാം) ആദിത്യവർമ്മയ്ക്കും തമ്മിലുള്ള ബന്ധത്തെ സ്പഷ്ടമാക്കും. അങ്ങനെ സ്വാതന്ത്ര്യവും സ്വാധീനവും ഉള്ള മഹാനായ ഒരു കാവ്യകാരൻ അന്നു് ഉണ്ടായിരുന്നു എന്നു് വിശ്വസിക്കാൻ ഇത്രയും മതിയായ തെളിവാണു്. അതല്ലാതെ ആദിത്യവർമ്മ തന്നെ കൃത്രിമമായി ഒരു നായകനെയും നായികയെയും സൃഷ്ടിച്ചു്, ആ നായകനു വേണ്ടി താൻതന്നെ സന്ദേശം കൊണ്ടുപോകാമെന്നു നിശ്ചയിച്ചു്, ആ സങ്കല്പ നായകനെക്കൊണ്ടു് രാജപദവിയുള്ള തന്നെ 'നീയെന്നും', 'എടോ' എന്നും വിളിപ്പിച്ചു് ചാരിതാർത്ഥ്യം അടയാൻ തുനിഞ്ഞു എന്നു വിചാരിക്കാൻ യുക്തി കാണുന്നില്ല.

ഒരു സാധാരണ സ്ത്രീയായ ഉണ്ണുനീലിയുടെ അടുക്കലേക്കു് ആദിത്യ വർമ്മയെ അയയ്ക്കാൻ ഏതു കവിക്കു് ധൈര്യം ഉണ്ടാകുമായിരുന്നു എന്നാണല്ലോ ഇവിടത്തെ പ്രശ്നം. ഈ പ്രശ്നത്തിന്റെ സാരം എന്തെന്നു് ആലോചിക്കാം. അങ്ങനെ ഒരു സന്ദേശഹരണകൃത്യത്തിനു് കല്പിച്ചാൽ ആദിത്യവർമ്മയുടെ കോപത്തിനു് ആ കവി പാത്രമായേക്കും എന്നല്ലേ? ആ കോപത്തിനു കാരണമെന്താണു? ആ കൃത്യം തന്റെ നിലയ്ക്കു പോരാത്തതെന്നു് ആയിരിക്കണമല്ലോ. വേറൊരാൾ വിളിച്ചാൽ തനിക്കു് പോരാത്തതു് എന്നു കരുതി കോപിക്കുന്ന ഒരു കാര്യം യാതൊരു പ്രേരണയും കൂടാതെ താൻ തന്നെ നടത്തിയേക്കുമെന്നോ? അങ്ങനെ ഒരു വാദം സ്വീകരിക്കാൻ വിഷമമുണ്ടു്.

പ്രസ്താവനയിൽ മാരജ്വരപരവശനായിട്ടാണു് ഉണ്ണുനീലിയെ സ്തുതിക്കാൻ തുടങ്ങുന്നതെന്നു് കവി പറഞ്ഞിട്ടുണ്ടു്. ഉണ്ണുനീലിയുടെ പേരിൽ ആദിത്യവർമ്മയ്ക്കു് എന്താണു മാരജ്വരപരവശത? ആ സ്ത്രീ വേറൊരാളിന്റെ ഭാര്യയാണെന്നു് സന്ദേശംകൊണ്ടുതന്നെ തെളിയുമല്ലോ. 'വെള്ളിക്കുന്റിന്നഭീഷ്ടം' എന്ന പ്രസ്താവനാശ്ലോകം കൊണ്ടു് കവിയുടെ ഉദ്ദേശം ഉണ്ണുനീലിയുടെ ഇല്ലത്തിനു ശാശ്വതമായ കീർത്തിയുണ്ടാകണം എന്നാണെന്നു് തെളിയുന്നല്ലോ. അതു് ശാസ്ത്രി സമ്മതിക്കുന്ന വ്യാഖ്യാനവുമാണു്. (അവ. പു-16). ഉണ്ണുനീലിയെപ്പോലെ തനിക്കു് യാതൊരു ബന്ധവുമില്ലാത്ത വില്ലമ്പഥിതയായ സ്ത്രീയുടെ ഗൃഹത്തിനു് ശാശ്വതകീർത്തി നേടാൻ ആദിത്യവർമ്മ

എന്തിനു കാവ്യം രചിക്കണം? ഈ വിചാരങ്ങളാൽ സന്ദേശഹരനായ ആദിത്യവർമ്മയാണു് ഈ കാവ്യത്തിന്റെ കർത്താവെന്ന ഊഹം സ്വീകാര്യമല്ലാതെ വരുന്നു.

കവിയും നായകനും രണ്ടു പേരാണോ?

സന്ദേശഹരനല്ല ഈ കാവ്യത്തിന്റെ കർത്താവു് എന്നു കണ്ടുവല്ലോ. എന്നാൽ ആരായിരിക്കാം ഈ കൃതിയുടെ കർത്താവു? ഈ വിഷയത്തെപ്പററി പല പണ്ഡിതന്മാരും ഗാഢമായി ആലോചിച്ചിട്ടുണ്ടു്. ശ്രീ: ആററൂർ കൃഷ്ണപ്പിഷാരടി സന്ദേശത്തിന്റെ അവതാരികയിൽ ഈ വിഷയത്തെപ്പററി പ്രതിപാദിച്ചിട്ടു് കാവ്യകർത്താവും സന്ദേശത്തിന്റെ നായകനും രണ്ടാളാണെന്നും, കാവ്യകർത്താവു് സംഗ്രാമധീര രവിവർമ്മയുടെ സദസ്സിൽ ഉണ്ടായിരുന്ന ഒരു വിദ്വാനായിരിക്കാമെന്നു സാമാന്യമായി കരുതുവാനേ തൽക്കാലം നിവൃത്തിയുള്ളുവെന്നും പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം ഈ അംശത്തിലുള്ള ഇതരമതങ്ങളെയും പരിശോധിച്ചിട്ടുണ്ടു്. 'കണ്ടോമല്ലോ തളിയിലിരവക്കൂത്തു്' എന്ന അടയാളവാക്യത്തിൽ നിന്നു് (ii–94) കവി ഒരു ചാക്യാരായിരിക്കണമെന്നു ചിലർ അഭിപ്രായപ്പെടുന്നു. ആദ്യം ഉണ്ണുനീലിയുടെ ഭർത്താവു് വടക്കുംകൂർ മണികണ്ഠരാജാവായിരുന്നു എന്നും, അതനുസരിച്ചാണു് പ്രസ്താവനയിൽ 'പൂർണ്ണാരം മണികണ്ഠ വെൺപലമഹീപാലൈക ചൂഡാമണേഃ' എന്നു് പറഞ്ഞിട്ടുള്ളതെന്നും, കാവ്യത്തിലെ നായകൻ ആ മണികണ്ഠൻ തന്നെ ആണെങ്കിലും അദ്ദേഹത്തിന്റെ അകാലനിര്യാണത്തിനു് ശേഷം ചാക്യാർ ഉണ്ണുനീലിയുടെ ഭർത്താവായെന്നും, അതിനു ശേഷം ഉണ്ണുനീലിയുടെ നിർബന്ധപ്രകാരം മണികണ്ഠനെ അവലംബിച്ചു് സന്ദേശം നിർമ്മിച്ചതാണെന്നും മററുമാണു ഈ വാദക്കാരുടെ യുക്തി. ഈ യുക്തി ശ്രീ പിഷാരടി നിരസിക്കുന്നു. ഭാഷാചരിത്രകാരൻ ശ്രീ: ആർ. നാരായണപ്പണിക്കരും പിഷാരടിയുടെ അഭിപ്രായത്തോടു യോജിക്കുന്നു. (കേ.ഭാ.സാ.ച. Vol i. P. 332). 'തപതിയാർ നങ്ങയാർ എന്നെ നോക്കി' എന്ന ശ്ലോകഭാഗത്തിനു് 'തപതിയുടെ വേഷംകെട്ടിയ നങ്ങയാർ സംവരണന്റെ വേഷം കെട്ടിയ ചാക്യാരെ നോക്കി' എന്നാണു് അർത്ഥമെന്നും, ആ അർത്ഥത്തിനു് 'എന്നെ നോക്കി' എന്നു് പറഞ്ഞിരിക്കുന്നതുകൊണ്ടു്, സന്ദേശനായകൻ ഒരു ചാക്യാർ ആണെന്നും അത്രേ ചാക്യാർപക്ഷക്കാരുടെ വാദം. ഈ അർത്ഥം

തീരെ യോജിക്കുന്നതല്ല എന്ന് ശ്രീ: പിഷാരടി കാണിച്ചിട്ടുണ്ട്. 'കണ്ടോമല്ലോ' എന്നതിന്റെ അർത്ഥം 'നമ്മൾ കണ്ടല്ലോ' എന്നാകയാൽ ഉണ്ണുനീലിയും നായകനും ചേർന്ന് ഇരുന്ന് കൂത്തു കണ്ടതാണ് എന്നു സ്പഷ്ടമത്രെ. ഉണ്ണുനീലിയുടെ ഭർത്താവ് അഭിനയിക്കാനല്ല അവിടെ പോയതെന്ന് വ്യക്തമാണ്. തപതിയുടെ ഭാഗം അഭിനയിച്ച നങ്ങയാർ രംഗസ്ഥിതനായ ഉണ്ണുനീലീകാന്തനെ നോക്കി എന്ന് വളരെ വ്യക്തമായി അർത്ഥമുള്ളപ്പോൾ തിരിച്ചൊരർത്ഥം എങ്ങനെ കൊണ്ടുവന്നു എന്നാണ് മനസ്സിലാകാൻ വിഷമമായിരിക്കുന്നത്. ഈ അഭിപ്രായം തന്നെ മഹാകവി ഉള്ളൂരും അംഗീകരിക്കുന്നു. (കേ. സാ. ച. I. 359.)

മണികണ്ഠന്റെ മരണശേഷമല്ല അദ്ദേഹം ജീവിച്ച് ഇരിക്കുമ്പോൾ തന്നെയാണ് സന്ദേശം എഴുതിയിട്ടുള്ളതെന്ന് ഉത്തരസന്ദേശത്തിൽ പറഞ്ഞിട്ടുള്ളത് ഈ സിദ്ധാന്തത്തിന്റെ വേര് തന്നെ തോണ്ടിക്കളയുന്നു. (ii. 23, 24, 26). വടക്കുംകൂറിൽ ചെന്നാൽ ആദിത്യവർമ്മ ആദ്യമായി കാണേണ്ടത് മണികണ്ഠാഖ്യ സാമന്തശേഖരനെ ആണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. (ii. 23.) നായകൻ തിരുവനന്തപുരത്ത് ഇരിക്കുമ്പോൾ മണികണ്ഠൻ കടുത്തുരുത്തിയിലാണ്. അവർ രണ്ടും ഒന്നല്ലെന്നുള്ളതിന് ഇതിൽ കൂടുതൽ എന്തു തെളിവാണ് വേണ്ടത്? എന്നു തന്നെയുമല്ല മുണ്ടയ്ക്കൽ ചെന്ന് വിരഹിണിയായ ഉണ്ണുനീലിയെ കണ്ട് അവളുടെ ദയിതന്റെ വാക്കുകൾ അറിയിക്കാനുണ്ട് എന്ന് മണികണ്ഠനോട് പറയണമെന്നാണ് സന്ദേശഹാരകൻ ആദിത്യ വർമ്മയോട് പറഞ്ഞിട്ടുള്ളത്. (ii. 26). അങ്ങനെ പറയുമ്പോൾ ഉണ്ണുനീലിയെ ചെന്നു കാണാൻ മണികണ്ഠൻ ആദിത്യവർമ്മയ്ക്കു വിടപറയുമെന്നും സൂചിപ്പിച്ചിരിക്കുന്നു (ശ്ലോ. 26). ഇത്ര വ്യക്തമായ കാര്യത്തിൽ [illegible] ശ്രദ്ധിച്ചു വായിക്കാത്തതുപോലെ ഒരു അനുപപന്നസിദ്ധാന്തം എന്തിനു കൊണ്ടുവരുന്നു എന്ന് മനസ്സിലാകാൻ വിഷമമാണ്. ഈ അംശത്തിലും ശ്രീ. പിഷാരടി കാണിച്ചിട്ടുള്ള യുക്തികൾ സ്വീകാര്യമാണ്. വെൺപലനാട്ടിലെ ഇളമുറത്തമ്പുരാക്കന്മാരിൽ ആരെങ്കിലും ആയിരിക്കാം നായകൻ എന്ന മതത്തെയും അദ്ദേഹം ഖണ്ഡിച്ചിട്ടുണ്ട്. കടുത്തുരുത്തിയിൽ ചെന്ന് ആദിത്യവർമ്മ മണികണ്ഠനെ കാണണമെന്നും, അവിടത്തെ മറ്റു പല തമ്പുരാക്കന്മാരും ആദിത്യവർമ്മയെ വന്നു കാണുമെന്നും

ഉത്തരസന്ദേശത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും നായകന്ന് ആ വംശത്തോട്ട് ഏതെങ്കിലും തരത്തിൽ ബന്ധമുണ്ടെന്ന് യാതൊരു സൂചനയും ഇല്ല എന്നാണ് ശ്രീ: പിഷാരടി ചൂണ്ടി കാണിച്ചിട്ടുള്ളതു. പിഷാരടിയുടെ യുക്തികളെ ശ്രീ. ആർ. നാരായണപ്പണിക്കർ അംഗീകരിച്ചിരിക്കുന്നു. (കേ. ഭാ സാ. ച. 1. 328–331).

വടക്കുംകൂർ ഇളമുറത്തമ്പുരാനാണോ നായകൻ?

എന്നാൽ മഹാകവി ഉള്ളൂർ വടക്കുംകൂർ ഇളമുറത്തമ്പുരാൻ ആണ് നായകൻ എന്ന സിദ്ധാന്തത്തെ ശക്തിയായി സ്ഥാപിക്കാനാണ് യത്നിച്ചിട്ടുള്ളതു്. സന്ദേശത്തിലെ നായകനും കവിയുമായ സമാസൻ വടക്കുംകൂറിലെ ഒരു ഇളമുറത്തമ്പുരാനാണെന്നാണ് ഉള്ളൂരിന്റെ അനുമാനം. (കേ. സാ. ച. i 361) അദ്ദേഹത്തിന്റെ യുക്തികൾ എന്തെന്നു നോക്കുക. വടക്കുംകൂറിലെ ഇളമുറത്തമ്പുരാന്റെ ദൗത്യം ഉപ്പാപ്പൂർ ഇളയ തമ്പുരാൻ വഹിക്കുന്നതു് സമുചിതമാണ്. ചാക്യാരുടെയോ നമ്പൂരിയുടെയോ മറ്റോ സന്ദേശവാഹിയായി ആദിത്യവർമ്മ പോകുന്നതു് സമഞ്ജസമല്ല. 'പൂരാടം മണികണ്ഠ വെൺപലമഹീപാലമൗലിക ചൂഡാമണേ!' എന്നതിന് മണികണ്ഠന്റെ പുത്രിയെന്നാണ് അർത്ഥം നായകൻ മണികണ്ഠന്റെ അനന്തരവൻ ആയിരിക്കണം. ആ ബന്ധത്തിനു വിപരീതമായി സന്ദേശത്തിൽ യാതൊരു പ്രസ്താവനയും ഇല്ല. നായകനും വടക്കുംകൂർ തമ്പുരാന്മാരുംതമ്മിലുള്ള ചാർച്ചയെപ്പററി സൂചിപ്പിക്കാത്തതു് അതിനു് ആവശ്യമില്ലാത്തതുകൊണ്ടാണ് എന്നു മഹാകവി സമാധാനപ്പെടുകയും ചെയ്യുന്നു. 'പുണർതംനാൾ പിറന്നെങ്ങൾ കാന്തൻ' എന്ന പദ്യത്തിൽ നിന്ന് (ii. 70) നായകന്റെ ജന്മനക്ഷത്രം പുണർതം ആണെന്നും, നായകനും കവിയും ഒരാളാണെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു മണികണ്ഠനെ ശ്രീരാമനായും (ii. 1) നായകനെ ലക്ഷ്മണനായും (i. 2) ഉല്ലേഖനം ചെയ്തിരിക്കുന്നതു് ശ്രദ്ധേയമാണെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഒരു അനുമാനം എന്ന നിലയ്ക്കു് മഹാകവി ഉള്ളൂരിന്റെ പ്രസ്താവന വളരെ ഗൗരവമായ ശ്രദ്ധ അർഹിക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ യുക്തിയെപ്പററി വീണ്ടുംവീണ്ടും ആലോചിച്ചതിനു ശേഷവും, നായകൻ വടക്കുംകൂറിലെ ഇളമുറത്തമ്പുരാൻ ആണോ എന്നു് പ്രബലമായ സംശയം അവശേഷിക്കുന്നതേയുള്ളൂ. ഒരു ഇളമുറരാജാവു് വേറൊരു ഇളമുറ

രാജാവിന്റെ ഔന്നത്യം വഹിക്കുന്നു എന്നു പറയുന്നതു് നല്ല കല്പന തന്നെ. എന്നാൽ അങ്ങനെ വേണമെന്നോ, അങ്ങനെ അല്ലാതെ വന്നുകൂടാ എന്നോ എന്താണു നിയമം? നായകൻ ഒരു രാജാവായാലേ ശരിയാകയുള്ളു. എങ്കിൽ, അതു് വടക്കംകൂർ ഇളയമുറത്തമ്പുരാൻ തന്നെ വേണമെന്നു് എങ്ങനെ കല്പിക്കുന്നു? അങ്ങനെ ഒരു സൂചന ഇല്ലല്ലോ. വടക്കങ്കൂർ രാജകുടുംബവും ആയിട്ടു് തനിക്കു് എന്തെങ്കിലും ബന്ധമുള്ളതായി വിസ്തരമായ സൂചന പോലും നായകന്റെ പ്രസ്താവനകളിൽ എങ്ങും കാണുന്നില്ല*. അതു സൂചിപ്പിക്കേണ്ട ആവശ്യം നായകനു് ഇല്ലാത്തതുകൊണ്ടാണു് അങ്ങനെ ചെയ്യാത്തതു് എന്നു സമാധാനം സ്വീകരിക്കാമോ? വടക്കങ്കൂറിനെപ്പറ്റി ഇത്രത്തോളം ശ്ലോകങ്ങൾ വർണ്ണനയായി രചിച്ചിട്ടുണ്ടു്. അതെല്ലാം ആവശ്യമാണെങ്കിൽ, ആ സ്ഥലം തന്റെ സ്വന്തം നാടാണു എന്നു പറയുന്നതു മാത്രമാണോ ആവശ്യമില്ലാത്തതു്? ആദിത്യവർമ്മയെ ശ്രീകണ്ഠൻ വന്നു് എതിരേല്ക്കുമെന്നും, ആദിത്യവർമ്മ പിരിഞ്ഞു് മണികണ്ഠനെ കാണുന്നമെന്നും, അതിനുശേഷം കോതവർമ്മനും ഇരവിമണി കണ്ഠനും രാമവർമ്മനും ആദിത്യവർമ്മയെ വന്നു് ഉപചരിക്കുമെന്നും പറഞ്ഞിട്ടുണ്ടു്. (II. 21-25). ഇത്രയും വിസ്തരിച്ചു പറഞ്ഞ സമിതിക്കു അവരോടു തനിക്കു് എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അതു് അറിഞ്ഞോ അറിയാതെയോ, ഒരു പദത്തിലെങ്കിലും ചോർന്നു വീഴുകയില്ലായിരുന്നോ? മഹാകവി കല്പിക്കുന്നതുപോലെ മണികണ്ഠന്റെ അനന്തരവൻ ആയിരുന്നു നായകൻ എങ്കിൽ അദ്ദേഹത്തോടു വിവരം അറിയിക്കാൻ പറയുന്നതിൽ എന്തെങ്കിലും വിനയപ്രദർശനം കാണിക്കാതെ ഇരിക്കുമോ? ആദിത്യവർമ്മയുടെ ജ്യേഷ്ഠനായ രവിവർമ്മയെ കൊല്ലത്തുവച്ചു കാണുമ്പോഴും നേരിട്ടു വിവരം അറിയിക്കാതെ മാമ്പള്ളിയെക്കൊണ്ടു് അറിയിക്കണം എന്നാണല്ലോ പറഞ്ഞിട്ടുള്ളതു്. (I. 78). അത്ര ഔചിത്യം ദീക്ഷിക്കുന്ന ആളാണു് കവി. ആ കവിയും നായകനും ഒന്നാണെന്നു കരുതുന്ന പക്ഷം തന്റെ ബന്ധത്തിനു് അനനുരൂപമായ ആദരപ്രകടനത്തോടു മാത്രമേ മണികണ്ഠനെ കാണാൻ അദ്ദേഹം പറകയുള്ളൂ. അതു് ചെയ്തില്ലെന്നു തന്നെ വയ്ക്കുക. നായകൻ വടക്കങ്കൂറിലെ ഇളയമുറ

---

* സ്വരൂപത്തിലെ ഇളയ രാജാക്കന്മാരിൽ ഒരുവനായിരുന്നു നായകൻ എങ്കിൽ മണികണ്ഠപ്രഭൃതികളോടു് അതിനെപ്പറ്റി വല്ലതും പറയാതിരിക്കുമോ' എന്നു് സാഹിത്യപഞ്ചാനനനും ചോദിക്കുന്നുണ്ടു്. (ഭാഷാപോഷിണി—1092-പുറം 260)

തമ്പുരാൻ ആരെന്നാകിൽ ആതിഥ്യമൎയ്യാദ അനുസരിച്ചെങ്കിലും തന്റെ കൊട്ടാരത്തിൽനിന്ന് ആദിത്യവൎമ്മ സൽക്കാരങ്ങൾ സ്വീകരിക്കണമെന്ന് പറയാതെ ഇരിക്കുമോ? ഇതിനൊന്നിനും ഒരു ഉത്തരവും കാണുന്നില്ല. വടക്കുംകൂർ തമ്പുരാക്കന്മാരാരും ഈ നായകനെ പററിയോ ആപത്തിനെപ്പററി ഒരു വിവരവും തിരക്കുന്നില്ല. ചുരുക്കത്തിൽ കൊല്ലത്തെ രവിവൎമ്മ, ഓണാട്ടുകര രവിവൎമ്മ തുടങ്ങിയുള്ള രാജാക്കന്മാരുമായി സന്ദേശനായകന് ഉള്ളതിൽ കവിഞ്ഞു് യാതൊരു ബന്ധവും വടക്കുംകൂർ രാജാക്കന്മാരുമായി അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്ന് കല്പിക്കുവാൻ സന്ദേശത്തിൽ ഒരു തെളിവും ഇല്ല. അല്പമായിട്ടെങ്കിലും അദ്ദേഹത്തോട്ടു കൂറ് ഉണ്ടെങ്കിൽ അതു പറയാതെ വിടുമെന്നും തോന്നുന്നില്ല. കൊല്ലത്തെ രവിവൎമ്മയ്ക്കു നായകനോട്ടു പക്ഷപാതം ഉണ്ടായിരുന്നുവെന്നുള്ളതു് അദ്ദേഹം സ്മരിക്കാതെ വിടുന്നില്ല.

മുന്നേ നമ്മിൽ മുററിവു കനമുണ്ടാകയാൽ പോകപോകെ-
ൻറന്നേ നിന്നോടവനവനിപാലൈകവീരഃ വിരഞ്ഞും

എന്നു് ആണ് രവിവൎമ്മയെപ്പററി പറയുന്നതു് (i. 78) നേരേ മറിച്ചു മണികണ്ഠനെ കാണുമ്പോഴോ ? ഉണ്ണുനീലിയെ കണ്ടു് ഭർതൃസന്ദേശം ഉരയ്ക്കാൻ പോകയാണെന്നു പറഞ്ഞാൽ 'മിക്കവാറും പോരമാൻകണ്ണിതന്നെ' ചെന്നു കാണാൻ മണികണ്ഠൻ ചൊല്ലും എന്നേ പറയാനിട്ടുള്ളൂ. എന്നുതന്നെയല്ല, അങ്ങനെ പറയാതിരിക്കയില്ല എന്നതിന് അദ്ദേഹം യുക്തി പറയുന്നതു് 'എൻറുമുള്ളടം നാവുമറിവാൻ ജ്യോതിഷം വല്ലവേൻ ഞാൻ'* എന്നാണ്. മണികണ്ഠനെ കണ്ടാൽ ആദിത്യവൎമ്മയെ മുണ്ടയ്ക്കൽ പോകാൻ തടയുമോ എന്ന സംശയം ഇല്ലെങ്കിൽ ഇങ്ങനെ ഒരു ജ്യോതിഷസഹായം ഈ ഘട്ടത്തിൽ കവി ആവശ്യപ്പെടുമോ? നായകൻ മണികണ്ഠന്റെ [illegible], ഉണ്ണുനീലി അദ്ദേഹത്തിന്റെ മകളും ആണെന്നാകിൽ 'മിക്കവാറും' ചെന്നു കാണാൻ സമ്മതിക്കയേ ഉള്ളോ? അങ്ങനെ സമ്മതിക്കുമെന്നറിയുന്നതിന് ജ്യോതിഷമറിയേണ്ട കാൎയ്യമുണ്ടോ? ഇതിൽ നിന്ന് എന്തെങ്കിലും

* പരാമൎശസൗകൎയ്യത്തിന് ശ്ലോകം ഇവിടെ ഉദ്ധരിക്കുന്നു:—
എൻറീവണ്ണം മമ നിനവു നീ ചൊല്ലിനാൽ മിക്കവാറും
കൻറും കൻറും കലയുമകലും പോരമാൻകണ്ണി തന്നെ
ചെൻറും കാണ്കെന്നവനയി സഖേ! ചൊല്ലുമപ്പോൾ അതോനീ.
എൻറുമുള്ളടം നാവുമറിവാൻ ജ്യോതിഷം വല്ലവേൻ ഞാൻ. i. 26.

തെളിയുന്നുണ്ടെങ്കിൽ അതു് നായകനും മണികണ്ഠനും തമ്മിലുള്ള അഭേദ സംബന്ധമല്ല; മണികണ്ഠനു് നായകന്റെ പേരിലുള്ള തികഞ്ഞ ആരാധനയാണു്.

മണികണ്ഠനെ ശ്രീരാമനായും നായകനെ ലക്ഷ്മണനായും ഉൽപ്രേക്ഷണം ചെയ്യുന്നതിലേക്കു് മഹാകവി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നുവല്ലോ. ഈ ഉൽപ്രേക്ഷണങ്ങൾ തമ്മിൽ പരസ്പരം ബന്ധം ഉള്ളതായി തോന്നുന്നില്ല. ഒന്നു് പൂർവ്വഭാഗത്തിലെ ഒന്നാം ശ്ലോകത്തിലും, മറ്റേതു് ഉത്തരഭാഗത്തിലെ ഒന്നാം ശ്ലോകത്തിലുമാണു്. ആദ്യത്തേതു് ഏകദേശമല്ലു് ഉദാഹരണമായിരുന്നില്ലാതെ വേറെ ഒന്നിനും അല്ലാതാനും. അതല്ല, ഉൽപ്രേക്ഷണങ്ങൾ യാദൃച്ഛികമാണെങ്കിലും അവ മണികണ്ഠനും നായകനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതായി കരുതാമോ എന്നു നോക്കാം. രാമന്റെ അനുജനാണു് ലക്ഷ്മണൻ, അനന്തരവനല്ല. മണികണ്ഠന്റെ അനുജനല്ല, അനന്തരവനാണു് നായകൻ എന്നല്ലേ വാദം? അഥവാ, അനന്തരവൻ എന്നതു തെറ്റിപ്പോയി, അനുജനാണു് എന്നു തിരുത്തിയേക്കാം എന്നു പറയുമോ? അതു് തീരെ അസാധ്യമാകും. ജ്യേഷ്ഠന്റെ മകളെ അനുജൻ കല്യാണം കഴിച്ചു എന്നു കല്പിക്കേണ്ടിവരും. അതിനാൽ ഈ ഉൽപ്രേക്ഷകളും പാടേ വിസ്മരിക്കേണ്ടതാണു്.

ഇങ്ങനെ വടക്കുംകൂർ ഇളമുറത്തമ്പുരാൻ ആയിരിക്കാം നായകൻ എന്ന അനുമാനത്തിനു് തീരെ താങ്ങില്ലാതെ ഇരിക്കുന്നു. മണികണ്ഠന്റെ 'പൂന്നാരം' ആണു് ഉണ്ണുനീലി എന്നുള്ള ഭാഗത്തിനു് എന്താണു് അർത്ഥമെന്നു നിർണ്ണയിച്ചു പറയാൻ പ്രയാസമാണു്. ആ രാജ്യത്തിലെ ഏററവും ഉത്തമമായ സ്ത്രീരത്നമാണു് എന്നും, അങ്ങനെ ഒരു സ്ത്രീരത്നം തന്റെ രാജ്യത്തു് ഉള്ളതു് രാജാവിനു പോലും അഭിമാനം ആണെന്നും മറ്റുമാണു് * ശ്രീ. പിഷാരടിയുടെ അഭിപ്രായം. നായികയെപ്പററി പറയുമ്പോൾ ഈ ചിന്ത ഉദിക്കുന്നതാണു്. ഇവിടെ ഇങ്ങനെ നില്ക്കട്ടെ.

---

* ഉണ്ണുനീലിസന്ദേശത്തെ അനുകരിക്കുന്ന സംസ്കൃത മയൂര സന്ദേശത്തിൽ നായികയെപ്പററി പറയുന്നതു് 'ശ്രീകണ്ഠാവനീപതി ബഹുമതം മാരചേമന്തികാഖ്യം' എന്നിങ്ങനെയാണു്. 'പൂന്നാരം' എന്നതിനു് പകരമാണു് ഇവിടെ 'ബഹുമതം' എന്ന പാഠം.

കവി ചെറിയതിന്റെ ഭർത്താവ് എന്ന മതവും സ്വീകാര്യമല്ല.

നായകനും കവിയും രണ്ടല്ല.

നായകനെപ്പററി ഇനിയുള്ള മുഖ്യമായ ഒരു അഭിപ്രായം ശ്രീ. പിഷാരടി ആവിഷ്കരിച്ചിട്ടുള്ളതാണ്. നായകനും കവിയും രണ്ടാണെന്നും, കവി സംഗ്രാമധീര രവിവർമ്മയുടെ സദസ്സിലെ ഒരു വശ്യവചസ്സായിരിക്കാം, ഒരു നമ്പൂരിയാണെന്നു വരാനാണ് അധികം എളുപ്പം എന്നുമാണ് ശ്രീ. പിഷാരടി അഭിപ്രായപ്പെട്ടിട്ടുള്ളത്. നായകൻ ആരെന്നുള്ള അംശത്തെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം വ്യക്തമാകുന്നില്ല. 'ഉണ്ണുനീലിയുടെ ഭർത്താവായ നായകൻ ഇന്ന ആളാണെന്ന് വ്യക്തമായി ഒരിടത്തും പ്രസ്താവിച്ചിട്ടില്ല' എന്ന് അവതാരികയിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട് (അവ. പു. [illegible]). മണികണ്ഠനോ ഒരു ചാക്യാരോ മററോ ആയിരിക്കാം കവിയും നായകനും എന്നുള്ള പക്ഷത്തെ അദ്ദേഹം എതിർക്കുന്നുണ്ടല്ലോ. പ്രസ്താവനയിലെ 'വെള്ളിക്കൻറിന്നഭീഷ്ടം' എന്നു തുടങ്ങുന്ന ശ്ലോകത്തിന് ശ്രീ. പിഷാരടി കല്പിക്കുന്ന അർത്ഥവും അതിന് മററുള്ളവർ കല്പിക്കുന്ന അർത്ഥവും രണ്ടാണെന്ന് മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ ശ്ലോകത്തിലെ 'ഉണ്ണുനീലീ' എന്ന പദം 'ഇല്ലത്തിന്നനതിദൂരേ വിതരതു' എന്നതിന്റെ ആഖ്യ ആയിട്ടാണ് എടുക്കേണ്ടതെന്ന് ശ്രീ. പിഷാരടി ശക്തിപൂർവ്വം വാദിക്കുന്നു*. 'ഉണ്ണുനീലീ ദയിതേ! നീ എന്റെ നൃചരിതത്തെ കേൾക്കുക' എന്ന തരത്തിലുള്ള വ്യാഖ്യാനം അറിഞ്ഞുകൊണ്ടു തന്നെയാണ് ശ്രീ. പിഷാരടി സ്വന്തമായ ഒരു വ്യാഖ്യാനം ഉണ്ടാക്കിയെടുക്കുന്നതു്. കവി തന്റെ ഭാര്യയുടെ നിർബന്ധപ്രകാരം 'മാരജ്വരപരവശനായിട്ടു്'—എന്നുവച്ചാൽ ഭാര്യ നിർബന്ധിക്കുന്നതിനെ ഉപേക്ഷിക്കാൻ ശക്തി ഇല്ലാത്തവനായിട്ടു,—ഉണ്ണുനീലിയെയും ആ സ്ത്രീയുടെ ഭർത്താവിനെയും നായികാനായകന്മാരായി കല്പിച്ചു് ഒരു സന്ദേശകാവ്യം സ്വഭാര്യയോടു പറയുന്ന നിലയിൽ നിർമ്മിക്കയാണ് ചെയ്തിട്ടുള്ളതെന്നാണ് പ്രസ്താവനാശ്ലോകങ്ങളുടെ താത്പര്യമെന്ന്

---

* ഈ വാദം തന്നെ സാഹിത്യപഞ്ചാനനനും കൈക്കൊള്ളുന്നു. ഉണ്ണുനീലീ എന്ന ശബ്ദം സംബോധനയാണെന്ന് ഭ്രമിക്കാൻ അവകാശം ഇല്ല; സംബുദ്ധിയാണെങ്കിൽ വിതരതു എന്ന ക്രിയാപദം നിരാലംബമാകും എന്ന് അദ്ദേഹം പറയുന്നു. ഭാഷാപോഷിണി-1092 പു. 2.

അദ്ദേഹം പറയുന്നു. (അവ. [illegible]). കവിയുടെ ഭാര്യ [illegible] ഉണ്ണുനീലിയുടെ തോഴിയായ ചെറിയത്തു തന്നെ ആയിരിക്കാം എന്നും അദ്ദേഹം ഊഹിക്കുന്നു. ശ്രീ. പിഷാരടിയുടെ വ്യാഖ്യാനം സ്വീകാര്യമല്ലെന്ന് പറയാം തെളിയിച്ചിട്ടുള്ള സ്ഥിതിക്ക് ആ അഭിപ്രായത്തെപ്പറ്റി ഇനിയുംകൂടുതൽ ആലോചിക്കാനൊന്നുമില്ല. ആ അഭിപ്രായത്തെ കേരള സാഹിത്യചരിത്രത്തിൽ മഹാകവി ഉള്ളൂർ പരിശോധിക്കുന്നുണ്ട്. (I. പു [illegible]). നായികാനായകന്മാർക്ക് മാത്രം അറിയാവുന്ന രഹസ്യങ്ങളും ആണല്ലോ അടയാളവാക്യങ്ങൾ. നായകനിൽ നിന്നു ഭിന്നനായ ഒരാൾക്ക് അതെങ്ങനെ അറിയാൻ സാധിക്കും? അതുകൊണ്ട് നായകനും കവിയും ഒരാൾ തന്നെയെന്നു മഹാകവി കരുതുന്നു.

ഇങ്ങനെ അടയാളവാക്യത്തിന്റെ ദൗർബല്യം മാത്രമേ ഈ കല്പനയ്ക്കു് ഉള്ളോ എന്നു ചിന്തിക്കാം. ശ്രീ. പിഷാരടിയുടെ വ്യാഖ്യാനം സ്വീകാര്യമല്ല എന്നുള്ളതോ ഇരിക്കട്ടെ. അതു് സ്വീകരിച്ചാൽ പിന്നെ എന്തെല്ലാംകൂടി സ്വീകരിക്കേണ്ടിവരും എന്നു നോക്കുക. ഉണ്ണുനീലിയെപ്പറ്റി ഒരു കവിതയെഴുതണം എന്ന് ആ നായികയുടെ തോഴി തന്റെ ഭർത്താവിനോട്ട് ഒരു അപേക്ഷ അറിയിക്കണം. ആ കവിത കൊണ്ടുചെന്നു കൊടുത്താൽ ഉണ്ണുനീലി വല്ലതും തോഴിക്കു കൊടുക്കണം— എന്നാണ് ഉദ്ദേശം. 'നിന്റെ—(അതായതു് ഉണ്ണുനീലിയുടെ തോഴിയായ തന്റെ ഭാര്യയുടെ), ഇല്ലത്തിന്ന് ഉണ്ണുനീലി ഉന്നതി വിതരണം ചെയ്യട്ടെ' എന്നാണല്ലോ ശ്രീ. പിഷാരടി എടുക്കുന്നതു്. ഇത്തരം ഒരു ആഗ്രഹത്തോടെ എഴുതുന്ന ഒരു കാവ്യം ഉണ്ണുനീലിക്കു് സ്വഭാവേ സമ്മോദകരമായിരിക്കണമല്ലോ. ആ നായികയെ സ്തുതിച്ചു് പത്തു നൂറു മണിപ്രവാള പദ്യങ്ങൾ എഴുതാൻ ചെറിയതിന്റെ ഭർത്താവിനു് കൂടുതൽ എളുപ്പവും ആയിരിക്കും. എന്നാൽ ആ വഴി വിട്ടു് ഉണ്ണുനീലിക്കു് വൈരസ്യം തോന്നത്തക്ക പ്രകാരത്തിൽ ആ നായികയുടെ ഭർത്താവിനെ യക്ഷിയെക്കൊണ്ടെടുപ്പിച്ചു് തിരുവനന്തപുരത്തു കൊണ്ടിട്ടു്, അവിടെനിന്നു് ഒരു ആദിത്യവർമ്മരാജാവിനെ വടക്കോട്ടു സന്ദേശവുംകൊണ്ടു് എഴുന്നള്ളിക്കാൻ ചെറിയതിന്റെ ഭർത്താവായ കവി എന്തിനു് ഉദ്ദേശിക്കുന്നു? അങ്ങനെ ഒരു കല്പന ഉണ്ണുനീലിക്കോ, ഉണ്ണുനീലിയുടെ ഭർത്താവിനോ സഹിക്കാവുന്നതായി തീരുമോ? അങ്ങനെ ഒരു കാവ്യവുംകൊണ്ടു ചെല്ലുന്ന തോഴിക്കു് ഉന്നതിയാണോ വേറേ വല്ലതുമാണോ സമ്മാനമായി

കൊടുക്കുന്നതെന്നും ആലോചിക്കണം*. ഇനിയും നോക്കുക ഈ കല്പനയുടെ യുക്തിഹീനത. ഉണ്ണുനീലിയെ സ്തുതിക്കാൻ പുറപ്പെട്ടിട്ടു തോഴിയുടെ ഭർത്താവായ കവി ഗൃഹസ്ഥനായി ഉണ്ണുനീലിയുടെ ഭർത്താവിനെ ഉപേക്ഷിച്ചിട്ട് വേറെ ഒരു പുരുഷനെ, വിശേഷിച്ചും ഒരു രാജാവിനെ ഉണ്ണുനീലിയുടെ വീട്ടിൽ അയയ്ക്കുകയോ? അത്ര വിചാരശൂന്യവും അപമാനിതവും ആയ പ്രസ്താവന ഒരു തോഴിയുടെ ഭർത്താവ് ഒരു സ്വാമിനിയെപ്പറ്റി ഒരിക്കലും ചെയ്യുകയില്ല. ഇനിയും ഒന്നുകൂടെ. ഉണ്ണുനീലിയുടെ ഒരു തോഴിയുടെ ഭർത്താവിനു് ആദിത്യവർമ്മയെ സന്ദേശഹരനാക്കാൻ ധൈര്യം തോന്നുകയോ? അതും ഇരിക്കട്ടെ. അങ്ങനെ ഒരു സാധാരണനായ ശ്ലോകമെഴുത്തുകാരൻ ആദിത്യവർമ്മയെ പറ്റി നമ്മെ, തോഴാ, നീ, എടോ, എന്നെല്ലാം ഓരോ ശ്ലോകത്തിലും എഴുതിപ്പിടിപ്പിക്കയോ? ഈ സംബോധനകൾ ഉണ്ണുനീലിയുടെ ഭർത്താവു പറയുന്ന രീതിയിലല്ലയോ എന്ന ചോദ്യമായിരിക്കും. എന്നാൽ ആ ഭർത്താവാര്? അതിനു് ഉത്തരമില്ല. തോഴിയുടെ ഭർത്താവായ കവിക്ക് ഒരു കവിതയെഴുതുന്നതിനു വേണ്ടി ഉണ്ണുനീലിയുടെ ഭർത്താവായ രാജാവു വീട്ടിൽനിന്നു മാറി താമസിച്ചുകൊടുക്കണം. രാജപുരുഷനെ വീട്ടിലേക്ക് സന്ദേശഹരനായി അയയ്ക്കുന്നതു സമ്മതിക്കണം. അതിന്റെ പുറമേയെല്ലാം കവിതയെഴുതുന്നതു് കേട്ടുകൊണ്ടിരിക്കണം. അതു് ഒന്നുംകൊണ്ടു പോരാ, ആ കവിക്കു് തന്റെ ഭാര്യ സമ്മാനം കൊടുക്കുന്നതു കണ്ടുകൊണ്ടും ഇരിക്കണം. സാധാരണന്മാർക്കു് ഇതൊക്കെ സഹിക്കാൻ വിഷമം തന്നെ. തോഴിയുടെ ഭർത്താവാണു് കവി എന്നുള്ള വാദം ഇങ്ങനെ യുക്തിസഹമല്ലാതായിത്തീരുന്നു.

---

* ധനപുഷ്ടിയും പ്രതാപവും ഐശ്വര്യവും ഉള്ള ഒരു ക്ഷേത്രകുടുംബത്തിലെ ഒരു നായികയാണു് ഉണ്ണുനീലിയെന്നു സമ്മതിക്കപ്പെട്ടും കാവ്യത്തിലെങ്ങും പല ഭാഗങ്ങൾകൊണ്ടും വ്യക്തമാക്കപ്പെട്ടും ഇരിക്കുന്ന സ്ഥിതിക്കു്, തന്റെ തോഴിയുടെ ഭർത്താവു് രചിച്ച തന്നെ പുകഴ്ത്തുന്ന പ്രസ്തുത കാവ്യംകൊണ്ടു സന്തോഷിക്കയോ തന്നിമിത്തം ആ തോഴിക്കു് സമ്മാനം കൊടുത്തു് അവളുടെ കുടുംബം ഉന്നതസ്ഥിതിയിൽ കൊണ്ടുവരികയോ ചെയ്തു എന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല, എന്നു് ശ്രീ. കെ. ജി. കുമാരൻ ഉണ്ണിത്താൻ പ്രസ്താവിക്കുന്നു. (സാഹിത്യപരിഷത്ത് ത്രൈമാസികം 1109 കർക്കടകം, പു. 27[illegible].)

കവിയും നായകനും രണ്ടാണെന്നതുള്ള * സൂചനയും മേൽ കാണിച്ച യുക്തികളാൽ തന്നെ നിരസിക്കാവുന്നതാണെങ്കിലും ആ വിഷയത്തെപ്പററി ചിലതുകൂടി പറയാനുണ്ടു്. നായകനും നായികയും സങ്കല്പപാത്രങ്ങളായാലും യഥാർത്ഥ വ്യക്തികളായാലും മതി എന്നു വയ്ക്കാം. എന്നാൽ കവി അങ്ങനെ അല്ലല്ലോ. അയാൾ സാക്ഷാൽ ജീവി ആയിരിക്കണം. അപ്പോൾ ഉണ്ണുനീലീസന്ദേശം എഴുതിയ കവി ആ കാവ്യത്തിലെ നായകനോ, ആ നായകനെ കല്പിച്ചുണ്ടാക്കിയ വേറൊരാളോ ആയിരിക്കണം. കവി നായകൻ തന്നെ എങ്കിൽ തുടർന്നു വേറെ ഒന്നും ആലോചിക്കാനില്ല. കവിയും നായകനും രണ്ടാണെങ്കിൽ നായികാനായകന്മാർ യഥാർത്ഥ ജീവികളോ, കല്പിതജീവികളോ? നായിക ഒരു സങ്കല്പപാത്രമാണെന്നു * ശ്രീ. വേലുപ്പിള്ളശാസ്ത്രി കരുതുന്നു. (അവ. പു 53) ഈ അംശത്തെപ്പററി കൂടുതൽ മുകളിൽ പറയേണ്ടി വരും. 'ഉണ്ണുനീലീസന്ദേശത്തിലെ നായകൻ പക്ഷേ വടമതുരയിലെ വല്ല പ്രഭുകുടുംബാംഗവും ആയിരിക്കാം' എന്നാണു് ശ്രീ. ശാസ്ത്രി പറയുന്നതു് (പു. 53). കല്പിതനായിക ആണെങ്കിൽ നായകനും സങ്കല്പപാത്രമായി കൂടാവാതു് എന്തുകൊണ്ടാണെന്നു പറയുന്നില്ല. 'ഒരു സന്ദേശകാവ്യം രചിക്കണം എന്നല്ലാതെ അതിലെ കഥാബന്ധത്തിനു് വല്ല വൈകല്യവും പററുന്നുണ്ടോ എന്നു് കവിക്കു തീരെ നോട്ടമില്ലാതിരുന്നു,' എന്നു പൊതുവേ പറഞ്ഞിട്ടാണു് ശ്രീ. ശാസ്ത്രി നായകവിഷയകമായി കവി കാണിക്കുന്ന 'അനൗചിത്യ'ങ്ങൾക്കെല്ലാം സമാധാനം കല്പിക്കുന്നതു്. (അവ പു. 55) കവി എന്തെല്ലാമാണു് സങ്കല്പിച്ചിട്ടുള്ളതു് എന്നും, അവയുടെ ആസ്പദം എന്താണെന്നും മനസ്സിലാകാതെ പൊതുവേ ഇങ്ങനെ ഒരു നിരൂപണം നടത്തുന്നതുകൊണ്ടു് കാവ്യത്തെപ്പററി കൂടുതൽ മനസ്സിലാക്കാൻ നമുക്കു സാധിക്കയില്ല. കഥാബന്ധത്തിന്റെ ആസ്പദം

---

* 1 തൊട്ടു് 14 വരെ ശ്ലോകങ്ങൾകൊണ്ടും 23-ാം ശ്ലോകം കൊണ്ടും കവി നായകനിൽനിന്നു ഭിന്നനാണെന്നു സാഹിത്യപഞ്ചാനനൻ കരുതുന്നു. 'കോപി കാമീ ജഗാമ' എന്നു് കവി കാന്തയോടു പറയുന്ന ഭാഗം കൊണ്ടു് ഉണ്ണുനീലി കവിയുടെ ഭാര്യ അല്ലെന്നു് സ്ഫടികം പോലെ സ്ഫുടമാകുന്നു എന്നു് അദ്ദേഹം പറയുന്നു. എന്നാൽ കവി തന്നെ നായകനായി ചമഞ്ഞു് കാവ്യം എഴുതിയാലും സന്ദേശകാവ്യരീതി അനുസരിച്ചു് ഇങ്ങനെ കാവ്യനിബന്ധനം ചെയ്യുന്നതു് വെറും സ്വാഭാവികമാണു്.

എന്തെന്ന് അറിയാതെ വൈകല്യം പററി എന്ന് എങ്ങനെ നിശ്ചയിക്കാം? നായകൻ ആരെന്ന് അറിഞ്ഞുകൂടാ. കവി ആരെന്ന് അറിഞ്ഞുകൂടാ. സന്ദേശത്തിന് ഇടയാക്കിയ സംഗതി എന്തെന്നറിഞ്ഞുകൂടാ പിന്നെ, കഥാബന്ധം മാത്രം ശരിയായില്ല എന്ന് എങ്ങനെ അറിയാം? ഇരിക്കട്ടെ. കവിയും നായകനും ഒന്നോ രണ്ടോ എന്നാണല്ലൊ ചിന്ത. ശ്രീ. പിഷാരടിയുടെ അഭിപ്രായത്തെ സമ്പൂർണ്ണമായി അംഗീകരിക്കുന്നില്ലെങ്കിലും ശ്രീ. വേലുപ്പിള്ള ശാസ്ത്രിയുടെ അഭിപ്രായവും നായകനും കവിയും രണ്ടെന്നാണല്ലോ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കവി ആദിത്യവർമ്മയും, നായകൻ പക്ഷേ വടക്കുരയിലെ വല്ല പ്രഭുകുമാരനോ ആരെന്ന് കാണാം (പു. 41, 49, 52). ഈ രണ്ട് അഭിപ്രായങ്ങൾക്കും തമ്മിലുള്ള വ്യത്യാസം മുഖ്യമായും കവിയെ സംബന്ധിച്ചാണ്. ശ്രീ. പിഷാരടി ചെറിയതിന്റെ ഭർത്താവോ മററാ ആയിരിക്കും കവി എന്നു കല്പിക്കുമ്പോൾ, ശ്രീ. ശാസ്ത്രി കാവ്യത്തിന്റെ കർത്തൃത്വം ആദിത്യവർമ്മയിൽ നിക്ഷേപിക്കുന്നു എന്നേ വ്യത്യാസമുള്ളു. ശ്രീ. പിഷാരടിയുടെ കല്പനയ്ക്കുള്ള പൊരുത്തക്കേട് പ്രതിപാദിച്ചു കഴിഞ്ഞുവല്ലോ. ആദിത്യവർമ്മ കവിയാണെന്നുള്ള അഭിപ്രായത്തെപ്പററിയും മുമ്പു പ്രതിപാദിച്ചു.

ഇനിയും കവി ആരെന്നുള്ള പ്രശ്നം നില്ക്കട്ടെ; എന്നാലും കവിയും നായകനും രണ്ടാകാമല്ലോ എന്ന് ഒരു ചോദ്യം ഉന്നയിക്കാമെന്നതേയുള്ളു *. ആ പ്രശ്നത്തെ എങ്ങനെ അഭിമുഖീകരിക്കാം എന്നു നോക്കാം. 'വെള്ളിക്കുന്റിന്നഭീഷ്ടം' എന്ന ശ്ലോകത്തിൽ നാം സ്വീകരിക്കുന്ന അർത്ഥം അനുസരിച്ച് "ഉണ്ണുനീലി! ചൊല്ലുന്നേനെങ്കിൽ നീ കേട്ടരുളുക മയിലേ! സുകൃതിത്തനം മദീയം" എന്നതുകൊണ്ട് ഉണ്ണുനീലിയെ സംബോധന ചെയ്ത് ആ സ്ത്രീരത്നത്തിന്റെ ഭർത്താവു തന്നെ കാവ്യരചന ചെയ്യുന്ന രൂപത്തിലാണല്ലോ കാണുന്നതു് അതിനാൽ യഥാസ്ഥിതമായ രൂപത്തിൽ ഉണ്ണുനീലിയുടെ ഭർത്താവുതന്നെ സന്ദേശകാവ്യം രചിക്കുന്നു എന്നേ മനസ്സിലാക്കാൻ നിവൃത്തിയുള്ളു. 'അല്ലയോ പ്രിയതമേ! മദീയം സുകൃതിത്തനം, എന്റെ ഈ കാവ്യം, ശ്രവിക്കുക.' ഉണ്ണുനീലിയെ 'മയിലേ' എന്നു വിളിച്ചിട്ട് 'മദീയം

* ഇതാണല്ലോ സാഹിത്യപഞ്ചാനനന്റെ മതം. കവിയും നായകനും രണ്ടു പേരാണെന്നും, നായകൻ ഒരു ബ്രാഹ്മണനാണെന്നുമത്രേ അദ്ദേഹത്തിന്റെ അഭിപ്രായം. ഭാഷാപോഷിണി 1092-പു. 258-ം 260-ം നോക്കുക. ഭാഷാപോഷിണി 1092-പു. 313-ം കാണുക.

സൂക്തിരത്നം' എന്നു് ഉറപ്പിച്ചു പറയുന്നതുകൊണ്ടു് ഉണ്ണുനീലിയുടെ ഭർത്താവു തന്നെയാണു് കാവ്യകാരനെന്നു് നിസ്സംശയമായി സിദ്ധിക്കുന്നു. 'ദയിതേ മദീയം സൂക്തിരത്നം'— അല്ലയോ കാന്തേ! എന്റെ കാവ്യം—എന്നു പറയുമ്പോൾ 'ദയിതാ'ശബ്ദത്താൽ തനിക്കും ഉണ്ണുനീലിക്കും തമ്മിലുള്ള സംബന്ധവും 'മദീയം' എന്ന പദത്താൽ തനിക്കും സൂക്തിരത്നത്തിനും തമ്മിലുള്ള സംബന്ധവും നിർവിവാദമായി വ്യക്തമാകുമല്ലോ.

ഇനിയും ഉണ്ണുനീലിയെ പുകഴ്ത്താനായി അവളുടെ ഭർത്താവു് തന്നെ നേരെ ഒരു കവിത എഴുതുന്ന പ്രകാരത്തിൽ വേറൊരു കവിയെക്കൊണ്ടു് ഇങ്ങനെ ഒരു കവിത എഴുതിച്ചു എന്നു വന്നുകൂടയോ? അത്ര വളഞ്ഞ വഴിയിലാണു് ഈ സന്ദേശം കൊണ്ടു പോകുന്നതു് എന്നു വിചാരിക്കാൻ പ്രയാസമാണു്. ഒരു പക്ഷത്തിൽ ഉണ്ണുനീലിയും അവളുടെ ഭർത്താവും വടക്കുംകൂറിലുള്ള ഒരു പ്രഭുകുടുംബത്തിലെ നായികാനായകന്മാർ എന്നു കല്പിക്കണം. ആ നായകനു് ഭാര്യയെ സ്തുതിച്ചു് ഒരു കാവ്യം ഉണ്ടാക്കണമെന്നു് കലശലായ മോഹമുണ്ടാകണം. അതിന്റെ ഫലമായി അദ്ദേഹം ഒരു കവിയെ ക്ഷണിച്ചുവരുത്തി തന്റെ ഭാര്യയെപ്പററി ഒരു കവിതയെഴുതുവാൻ ആവശ്യപ്പെടണം. കവിതയോ? എഴുതുന്നതു് കവിയാണെങ്കിലും അയാൾ ആ വസ്തുത ഗോപനം ചെയ്തിട്ടു്, ഉണ്ണുനീലിയുടെ ഭർത്താവു തന്നെ എഴുതിയതാണെന്നു മററുള്ളവർ ധരിക്കത്തക്ക പ്രകാരത്തിൽ കവിത രചിക്കണം. ഇതിത്രയും സമ്മതിക്കാമെന്നു പോകട്ടെ. ഇതിൽ കൂടുതൽ വൈചിത്ര്യങ്ങളും ആ കല്പനയിൽ കടന്നുകൂടും. കവിത സന്ദേശരൂപത്തിലാണു് വേണ്ടതെന്നും, തന്നെ യക്ഷി എടുത്തുകൊണ്ടു പോയി തിരുവനന്തപുരത്തു് ഇടണമെന്നും, അവിടന്നു് ആദിത്യവർമ്മയെ താൻ ഇങ്ങോട്ടു പറഞ്ഞയയ്ക്കുന്നതായി കല്പിക്കണമെന്നും ആ നായകൻ കവിയോടു പറയണം. തന്നെ ദൂരത്തിൽ ആക്കിയിട്ടു് വേറൊരു പുരുഷനെ തന്റെ ഭാര്യയുടെ സമീപത്തിലേക്കു് സന്ദേശവും കൊണ്ടു് അയയ്ക്കത്തക്കവണ്ണം ഒരു കാവ്യമെഴുതി തന്റെ ഭാര്യയെ സ്തുതിക്കാൻ ഒരു നായകൻ സമ്മതിച്ചതായി എങ്ങനെ കല്പിക്കാം? അതും കല്പിച്ചുവെന്നിരിക്കട്ടെ. ഈ കടുത്തുരുത്തിയിലെ നായകൻ ആദിത്യവർമ്മയെത്തന്നെ സന്ദേശഹരനായി കല്പിക്കണമെന്നു് എന്തിനു കാംക്ഷിച്ചു? ഇങ്ങനെ, ഉത്തരം പറയാൻ ക്ലേശിക്കുന്ന അനേകം പ്രശ്നങ്ങളാണു് കവിയും നായകനും രണ്ടെന്നുള്ള കല്പനയിൽ നമ്മെ തുറിച്ചുനോക്കുന്നതു്.

കവിയെയും നായകനെയും പററിയുള്ള സിദ്ധാന്ത പക്ഷം.

കവിയും നായകനും ഒന്നുതന്നെയെന്നും, അദ്ദേഹം തൻെറ ദയിതയായ ഉണ്ണുനീലിയുടെ കീർത്തി നിലനിർത്താൻവേണ്ടി കാവ്യം ചെയ്തതാണെന്നും, അദ്ദേഹത്തിന് ആദിത്യവർമ്മയോട് അത്ര കണ്ട് അടുത്ത വിശ്വാസഭദ്രമായ സ്നേഹബന്ധം ഉണ്ടായിരുന്നുവെന്നും സിദ്ധാന്തിക്കാം. തൻെറ ദയിതയുടെ യശഃസ്തംഭമായി കല്പിച്ച ഈ കാവ്യം തൻെറ പരിചയ പദവിയിൽ പെട്ട രാജ്യഭാഗങ്ങളുടെയും വിശിഷ്ടവ്യക്തികളുടെയും സ്മാരകമായും ഭവിക്കണമെന്ന് കവിക്ക് പ്രത്യേകം കാംക്ഷയുണ്ടായിരുന്നു എന്നതിന് ഈ സന്ദേശകാവ്യം സാക്ഷ്യം വഹിക്കുന്നു. ആ കവി ആരായിരിക്കാം? താൽക്കാലികമായ ഗവേഷണ സ്ഥിതിയിൽ അതിനെപ്പററി സമഞ്ജസമായ ഒരു അഭിപ്രായം പ്രകടിപ്പിക്കാനും സാദ്ധ്യമല്ല. നിരാധാരമായ ഊഹങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാതെയിരിക്കയാണല്ലോ മെച്ചം.

നായകനും നായികയും

നായകനെപ്പററി സാമാന്യമായി എന്തെങ്കിലും മനസ്സിലാക്കാമോ എന്ന് ഇവിടെ നോക്കാം. ഈ അംശത്തിൽ സാഹിത്യപാഞ്ചാനനൻ ചെയ്തിട്ടുള്ള ഒരു പ്രസ്താവന നിരൂപണാർഹമായി തോന്നുന്നു. "തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരെ വഴിമേൽ കുലസ്ത്രീ കുലത്തിൽ ഉൾപ്പെട്ടതാൻ സംശയിക്കേണ്ട അനേകം സ്ത്രീജനങ്ങളുമായി അനാശാസ്യമായി പരിചയപ്പെട്ട ഒരു മനുഷ്യനാണ് നായകൻ" എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം (ഭാഷാപോ-1092 പു 260). ഉപരിപ്ലവമായി സന്ദേശത്തെ പരിശോധിക്കുമ്പോൾ ഇങ്ങനെ ഒരു തോന്നൽ ഉണ്ടാകാമെന്നു സമ്മതിക്കണം. എന്തെന്നാൽ ഉണ്ണിയാടി—തിരുവനന്തപുരം (51), വെള്ളൂർ നാണി-കൊല്ലം (72), ചെറുകര കുട്ടത്തി (100), ചെറുകര ഉണ്ണിയാടി (101), മുത്തുററ് ഇളയച്ചി (102), കണ്ണിയൂർ കുറുങ്ങാട്ടു ഉണ്ണുനീലി (106), കുറുങ്ങാട്ടേ രണ്ടാം ഉണ്ണുനീലി (107), കുറുങ്ങാട്ട് ഉണ്ണിച്ചക്കി (109), കുറുങ്ങാട്ടു ചിത്രദേവി (110), കൈതക്കാട്ടെ കുവലയ ഭൃംഗകം (117), ചിറവാ കാണ്മാങ്കുളം സുന്ദരി (131) മുതലായി പല സ്ത്രീകളെയും പററി നായകൻ പരാമർശിക്കുന്നുണ്ടല്ലോ. ഇത്രയും സ്ത്രീകളെ പേരു പറഞ്ഞു പ്രശംസിച്ചിട്ടുള്ളത്

അവരോടു നായകനുള്ള പ്രത്യേക പക്ഷപാതം കൊണ്ടാണെന്നു് സാമാന്യമായി കല്പിക്കാമെന്നു പറയാം. എന്നാൽ ആ പക്ഷപാതം അസാധാരണമായ പരിചയത്തിന്റെ ഫലമായിരിക്കണമെന്നു് കല്പിക്കാൻ എന്താണു കാരണം? അതുപോലെ തന്നെ ഈ സ്ത്രീജനങ്ങളെ കുലസ്ത്രീജനത്തിൽ ഉൾപ്പെടുത്താൻ സംശയിക്കേണ്ടതാണെന്നു് എങ്ങനെ നിർണ്ണയിക്കുന്നു?

സന്ദേശത്തിൽ പരാമൃഷ്ടകളായ സ്ത്രീകൾ കുലീനകളാണു്—കുലടകളല്ല.

ഉന്നത തലത്തിൽപ്പെട്ട വ്യക്തികളെപ്പററിയാണു് സന്ദേശത്തിന്റെ മാർഗ്ഗവർണ്ണനയിൽ പരാമർശിക്കുന്നതു് – മുകളിൽ പറഞ്ഞ സ്ത്രീകളെപ്പററിയും, കൊല്ലം മുതൽ കടുത്തുരുത്തിവരെ ഉള്ള രാജാക്കന്മാരെപ്പററിയും. പേരു പറഞ്ഞു സ്മരിച്ചിട്ടുള്ള പുരുഷ വ്യക്തികളെല്ലാം രാജാക്കന്മാരെന്നിരിക്കെ അതുപോലെ ഉള്ള പരാമർശ ബഹുമാനത്തിനു് പാത്രമായിരിക്കുന്ന സ്ത്രീജനങ്ങൾ താദൃശസ്ഥാനം ഉള്ളവരെന്നല്ലേ വിചാരിക്കേണ്ടതു്? അങ്ങനെ നേരെയുള്ള മാർഗ്ഗത്തിലൂടെ സഞ്ചരിപ്പിക്കാതെ യുക്തിയെ വളഞ്ഞ വഴിയേ വിട്ടു് ഇവരെ കുലസ്ത്രീ കുലത്തിൽ നിന്നു് പുറന്തള്ളുന്നതു് എന്തിനാണു? ഒരു സ്ത്രീയെപ്പററിയുള്ള പരാമർശത്തിലും അവരുടെ സ്വഭാവത്തിനോ, കുലീനതയ്ക്കോ അപകർഷം വരുത്തുന്ന യാതൊരു സൂചനയും ഇല്ല. രാജാക്കന്മാരെ ആദിത്യവർമ്മ കൊട്ടാരത്തിൽ ചെന്നു കാണണമെന്നാണു് നിർദ്ദേശിച്ചിട്ടുള്ളതെങ്കിൽ, പ്രസ്തുത സുന്ദരിമാർ ആദിത്യവർമ്മയുടെ എഴുന്നള്ളത്തു കാണാൻ വഴിയിൽ വന്നു നിൽക്കുമെന്നോ, അദ്ദേഹത്തെ ചെന്നു കണ്ടു് ആദരിക്കുമെന്നോ ആണു് പറഞ്ഞിട്ടുള്ളതു് അവർ അങ്ങനെ ചെയ്യുന്നതു് വേണാട്ടിലെ ഇളയ തമ്പുരാനോടുള്ള ബഹുമാനം പ്രകടിപ്പിക്കാനാണു്. 'ഈ സുന്ദരിമാർ അന്തസ്സും അഭിമാനവും ഉള്ള ഭവനങ്ങളിലെ മികച്ച ഗൃഹനായികമാരായിരിക്കണം' എന്നു് ശ്രീ. വേലുപ്പിള്ളശാസ്ത്രി പ്രസ്താവിച്ചിട്ടുള്ളതു്—വേറൊരു കാര്യം സാധിക്കാനായിട്ടാണെങ്കിലും—സമഞ്ജസമാണു്. (അവ. പു-33). എന്നാൽ വേറൊരു ഘട്ടത്തിൽ ശ്രീ ശാസ്ത്രി സാഹിത്യപ്രമാണന്റെ അഭിപ്രായത്തെ അനുസ്മരിപ്പിക്കുന്ന വേറൊരു പ്രസ്താവന നടത്തുന്നതും ഈ ഘട്ടത്തിൽ സ്മരിക്കണം. "കണ്ടിയൂർ തമ്പിരാനെ സന്ദർശിച്ചു വന്ദിച്ച ശേഷം ഒരു നല്ല സെററു സുന്ദരിമാരെയും നായകൻ ഏററവും ആത്മാർത്ഥതയോടെ

വർണ്ണിക്കുന്നു. ചെറുകര ഉണ്ണിയാടി, മുത്തുറവ് ഇളയച്ചി എന്നിവർ ഇവരിൽ പ്രധാനികളാണ്. ഓണാട്ടുകര രാജാവായ ഇരവി വർമ്മന്റെ ആതിത്ഥ്യം സ്വീകരിച്ചേ മതിയാവൂ എന്ന് അഭ്യർത്ഥിക്കുന്ന ആ രാജധാനിപരിസരങ്ങളിലെ കുറുങ്ങാട്ട് ഉണ്ണുനീലി, കുറുങ്ങാട്ട് ഉണ്ണിച്ചക്കി, കുറുങ്ങാട്ട ചിരുതേവി എന്നിവരെ നായകൻ സന്ദേശവാഹകനു വേണ്ടി ഉഴിഞ്ഞു നിർത്തിയിട്ടുള്ളവരെപ്പോലെ ആണ് പരിചയപ്പെടുത്തുന്നത്. അവരുമായുള്ള പരിചയത്തിൽ അന്നത്തെ രാത്രി കഴിക്കുവാൻ പ്രത്യേകം ആവശ്യപ്പെട്ടില്ലെങ്കിലും ചിരുതേവിയെ കണ്ടശേഷം 'പിറേറന്നാൾ' എന്നു തുടങ്ങുന്നതിൽ നിന്ന് സുന്ദരിമാരോട്ട സന്ദേശവാഹകൻ പുലർത്തുന്ന നയത്തിന്റെ ഏകദേശസ്വഭാവം സ്പഷ്ടമാക്കിയിരിക്കയാണ്. (അവ. പു. 57-59)

ഈ നിരൂപണം, സന്ദേശം അയയ്ക്കുന്ന നായകനും നാമനിർദ്ദേശം ചെയ്തിട്ടുള്ള സ്ത്രീകൾക്കുമാണോ അധികം അപകർഷം ചേർക്കുന്നത്, അതോ സന്ദേശഹരനായ ആദിത്യവർമ്മയ്ക്കു തന്നെയാണോ എന്നു സംശയിക്കണം. എന്നാൽ ഇതൊന്നും ഉദ്ദേശിക്കുന്നില്ലെന്നു വേണം കരുതേണ്ടതു്; എന്തെന്നാൽ ഈ സുന്ദരിമാർ അന്തസ്സും അഭിമാനവും ഉള്ളവരെന്ന് ശ്രീ ശാസ്ത്രി സമ്മതിച്ചിട്ടുണ്ട്; ആദിത്യവർമ്മയാണെങ്കിൽ, അദ്ദേഹത്തിന്റെ പക്ഷത്തിൽ, ഈ കാവ്യത്തിന്റെ കർത്താവും അസാധാരണ പാണ്ഡിതനും ആണല്ലോ (അവ. പു 26). അദ്ദേഹത്തെ ഒരു വിടപ്പുരുഷനായി കവിതയിൽ ചിത്രണം ചെയ്തിരിക്കയാണെന്നു വിചാരിക്കാമോ? കാവ്യത്തിന്റെ കർത്താവെന്ന് ശാസ്ത്രി കരുതുന്ന ആദിത്യവർമ്മ തന്റെ 'യോഗ്യതയെ' ഇത്ര നഗ്നമായി പ്രദർശിപ്പിക്കുമെന്നോ?

ഈ സംശയങ്ങളെല്ലാം അസ്ഥാനത്തിലാകാനേ തരമുള്ളൂ. വർണ്ണിതകളായ സ്ത്രീകളിൽ ചിലരെപ്പററി ഇപ്പോഴും അറിയാമെന്നുള്ളതുകൊണ്ട് അവരെയും നായകനെയും സന്ദേശഹരനെയും പററി തോന്നുന്ന അനാശാസ്യമായ സംശയങ്ങളും മാറി മറയുന്നു. ചെറുകര കുട്ടത്തിയും ചെറുകര ഉണ്ണിയാടിയും സംസ്കൃതമാരായ സുന്ദരിമാരിൽ രണ്ടു പേരാണല്ലോ. അവരിൽ കുട്ടത്തി അന്നത്തെ ഓടനാട്ടിലെ ഇളമുറ കേരളവർമ്മന്റെ ഭാര്യയും, ഉണ്ണിയാടി അദ്ദേഹത്തിന്റെ പുത്രിയും ആയിരുന്നു. അവർ രണ്ടു പേരാണ് സാഹിത്യപഞ്ചാനനന്റെ മതം അനുസരിച്ചാൽ സന്ദേശനായകനോട്ട് അനാശാസ്യബന്ധം

ഉണ്ടായിരുന്ന രണ്ടു സ്ത്രീകൾ! 1. മററു സ്ത്രീകളുടെ കാൎയ്യവും ഏതാണ്ടു് ഇതുപോലെ തന്നെ ആയിരിക്കും. കഞ്ഞിയൂർ ചെറുകര എന്ന ഭവനം കേരളവൎമ്മയുടെ ഭാൎയ്യാഗൃഹമായിരുന്നതു പോലെ, കറുങ്ങാട്ടു്, മുണ്ടൂററു് എന്ന വീടുകൾ രവിവൎമ്മയുടെയോ മററു തമ്പുരാക്കന്മാരുടെയോ കുടുംബിനികളുടെ ഗൃഹം ആയിരിക്കണം. കുടുംബസ്ഥിതി അനുസരിച്ചു് ആദിത്യവൎമ്മയെ ചെന്നു് മുഖം കാണിച്ചു് ഉപചാരപ്രകടനം ചെയ്യേണ്ടതു് ആതിഥ്യമൎയ്യാദ ആയിരുന്നതുകൊണ്ടായിരിക്കണം ആ സ്ത്രീ രത്നങ്ങൾ അദ്ദേഹത്തെ കാണാനെന്നു് നായകൻ സൂചിപ്പിച്ചിട്ടു ഉള്ളതു് അല്ലാതെ നായകനു് അവരോടെല്ലാം അനാശാസ്യ പരിചയം ഉണ്ടായിട്ടാണെന്നു കല്പിക്കുന്നതു് അനുചിതം ആയിരിക്കും. കറുങ്ങാട്ടേ ഉണ്ണിച്ചക്കി തന്റെ പ്രിയയുടെ—ഉണ്ണുനീലിയുടെ—പ്രേമബന്ധു ആണെന്നു് നായകൻ പറഞ്ഞിട്ടുള്ളതു് ഈ അഭിപ്രായത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. (1. 169) 2

ഈ അംശത്തിൽ തന്നെ താഴെയായി രണ്ടു കാൎയ്യങ്ങൾകൂടെ ചൂണ്ടിക്കാണിക്കാനുണ്ടു്. ആദിത്യവൎമ്മയുടെ എഴുന്നള്ളത്തിൽ സ്ത്രീകൾ കാണാൻ വരുമെന്നോ, കാണാൻ വന്ന വഴിയിൽ നിന്നുമെന്നോ നാമനിർദ്ദേശം ചെയ്തിട്ടുള്ളതെല്ലാം രാജഗൃഹങ്ങൾ ഉള്ള സ്ഥലങ്ങളിൽ ആണെന്നു് പ്രത്യേകം ശ്രദ്ധിക്കാനുണ്ടു്. രാജാക്കന്മാരുടെ ഭാൎയ്യമാരോ പുത്രിമാരോ അവരോടു് ഏതെങ്കിലും പ്രകാരത്തിൽ ബന്ധമുള്ളവരോ ആയിരിക്കാം ഈ സ്ത്രീകൾ

---

1. ശിവവിലാസത്തെപ്പററി മഹാകവി ഉള്ളൂർ എഴുതിയിട്ടുള്ള ഉപന്യാസം കാണുക—വിജ്ഞാനദീപിക നാലാം ഭാഗം പു. 119-141. ഈ സ്ത്രീരത്നങ്ങളെ പ്രശംസിക്കുന്ന രണ്ടു് വിശിഷ്ടകൃതികളാണു് ദാമോദര ചാക്യാരുടെ ശിവവിലാസം എന്ന സംസ്കൃതകാവ്യവും ചാക്യാരുടെ തന്നെ ഉണ്ണിയാടീചരിതമെന്ന മലയാളചമ്പുവും. ശിവവിലാസത്തിലെ പ്രമേയം കേരളവൎമ്മയും ചെറുകര കുട്ടത്തിയും തമ്മിലുള്ള വിവാഹവും, ശിവപ്രീതികൊണ്ടു് അവൾക്കു് പുത്രിയായി ഉണ്ണിയാടിയുടെ ജനനവും, ഉണ്ണിയാടിയും കൊച്ചിയിലെ ഇളയരായ രാമവൎമ്മയും തമ്മിലുള്ള വിവാഹവും ആണു്. ഉണ്ണിയാടീചരിതം മലയാളചമ്പു ഉണ്ണിയാടിയെ പ്രശംസിക്കാൻ രചിച്ചിട്ടുള്ള ഒരു കൃതിയാണു് (കേ. സാ. ച. Vol. I. P. 387).

2. കറുങ്ങാട്ടു് ഉണ്ണിച്ചക്കിയെ നായകൻ വിവാഹം കഴിച്ചിരുന്നു എന്നു് ഒരു മാന്യൻ ഊഹിക്കുന്നതു് ഈ പദ്യത്തിന്റെ അൎത്ഥം തെററി ധരിച്ചിട്ടാണു്. (ഭാഷാ പോ. Vol 33-104 ലക്കം, പു. 105).

എന്നു് വിചാരിക്കാൻ ഈ വസ്തുതയും ഉപകരിക്കും. തിരുവനന്തപുരം (51), കൊല്ലം (72), കണ്ടിയൂർ (100-101-102), ഓടം(106), ചിറവാ, കൈതക്കാട്ട് (114) എന്നിവിടങ്ങളിലെ സ്ത്രീകളെപ്പറ്റി ആണല്ലോ സന്ദർശനപരാമർശം ഉള്ളതു്. ഇവിടമെല്ലാം രാജാക്കന്മാരുടെ വാസസ്ഥാനങ്ങളായിരുന്നു. രാജഗൃഹങ്ങളില്ലാത്ത സ്ഥലങ്ങളിലെ സ്ത്രീകളെ നാമനിർദ്ദേശം ചെയ്യുന്നില്ല. സാമാന്യമായി പരാമർശിക്കുന്നുണ്ടെങ്കിലും അതെല്ലാം വളരെ അവ്യക്തമാണു് (97-111-131-133). ക്ഷേത്രപരിസരങ്ങളിലെ ദേവദാസിമാരോ മറ്റോ ആയ സുന്ദരിമാരെപ്പറ്റിയാണെന്നു് പറയാവുന്നതായി പാൽക്കുളങ്ങര (56), തൃപ്പാപ്പൂർ (57), വർക്കല (61), വർക്കല കഴിഞ്ഞുള്ള കാളീക്ഷേത്രം (63), പന്മന (90), കായംകുളത്തിനു തെക്കുള്ള രണ്ടു വിഷ്ണുക്ഷേത്രങ്ങളും (91), നാമം ചൊല്ലപ്പെടാത്ത ക്ഷേത്രം (112), തൃക്കേട്ടി (113), പുന്തനാർകാവു് (114), തിരുവല്ലാ * (121), കരിയനാട്ടുകാവു് (126), തൃക്കൊടിത്താനം (128), ഏറ്റുമാനൂർ (132) ഈ ക്ഷേത്രങ്ങളെപ്പറ്റിയുള്ള പരാമർശങ്ങളിലൊന്നിൽ പോലും ദേവദാസിമാരെപ്പറ്റിയോ, ക്ഷേത്രപരിസരത്തിലുള്ള ഇതര സ്ത്രീകളെപ്പറ്റിയോ, യാതൊരു പരാമർശവും ഇല്ലെന്നുള്ളതു ശ്രദ്ധേയമാണു്. അവിടെങ്ങും അത്തരം സുന്ദരിമാരോ പ്രശസ്തകളോ ദേവദാസിമാരോ ഒന്നും ഇല്ലെന്നായിരിക്കയില്ലല്ലോ ഇതിന്റെ അർത്ഥം. അവരെ പരാമർശിക്കേണ്ട കാര്യം ഇല്ലാത്തതുകൊണ്ടും, അവർക്കു് ആദിത്യവർമ്മയെ കാണാൻ ആവശ്യവും അവകാശവും ഇല്ലാത്തതുകൊണ്ടും അങ്ങനെ വിസ്മരിച്ചിരിക്കുന്നതായേ കല്പിക്കേണ്ടതുള്ളൂ. ക്ഷേത്രത്തോടു സംബന്ധമുള്ളവരിൽ ആരെയെങ്കിലും പററി പരാമർശിക്കേണ്ടതു ആവശ്യമാണെങ്കിൽ അതിനുള്ള സന്ദർഭം പാഴാക്കാത്ത ഉചിതജ്ഞനാണു് കവി എന്നുള്ള സംഗതിയും ഈ അഭിപ്രായത്തെ പിൻതാങ്ങും. തൃപ്പാപ്പൂർ ചെല്ലുമ്പോഴും വൈതാളികന്മാർ ആദിത്യവർമ്മയെ സ്തുതിച്ചു് അമൃതേത്തിനു്

* തിരുവല്ലാക്ഷേത്രത്തിനടുത്തുള്ള ഇരമല്ലിക്കരച്ചേരിയിലെ പെരിയ ആഴ്വാർ എന്നു പറഞ്ഞിട്ടുള്ളതു പാഠഭ്രമമാണു്. 'പെരിയ മായോർ' എന്നാണു് എന്റെ കൈവശമുള്ള താളിയോല ഗ്രന്ഥത്തിലെ പാഠം. ആ ശ്ലോകം വായിച്ചാൽ ആ അർത്ഥമേ യോജിക്കൂ എന്നും സ്പഷ്ടമാണു്. വ്യാഖ്യാനം നോക്കുക. (ശ്ലോ. 122)

കാവലമായെന്ന് അറിയിക്കുമെന്നും (61), ആതിച്ചപുരത്ത് അപ്പനെ കൈവണങ്ങി നടക്കുമ്പോൾ പൂജ്യപാദരായ ഭട്ടാരകർ താനത്തിന്ന് അരുളിച്ചു വരുമെന്നും (75), മണികണ്ഠപുരത്ത് ചെല്ലുമ്പോൾ ആ അമ്പലത്തിന്റെ ഈശാനകോണിൽ (ഉത്ത പുരത്തിലായിരിക്കാം) പാരികനിവഹം നിന്ന് അഴല്ക്കുമെന്നും (127), ഏറുമാനൂർ അമ്പലത്തിൽ നിന്ന് ഊണും തേവാരവും കഴിക്കാമെന്നും (132) പറഞ്ഞിട്ടുള്ളത് ഇതിന്ന തെളിവാണ്.

സന്ദേശകർത്താവിന്ന എല്ലാ ജീവിതമണ്ഡലങ്ങളിലും താൽപര്യം ഉണ്ടായിരുന്നു.

ഇനിയും ഒരു പൊരുത്തം കൂടെ ഈ സുന്ദരിമാരുടെ പരാമർശത്തെപ്പററി ഉന്നയിക്കാൻ ഇടയുണ്ട്. ഇവർ കുലീനകളോ രാജകലാസമ്പർക്കം ഉള്ളവരോ ആണെന്നിരിക്കട്ടെ. ഏതായാലും സ്ത്രീകളോടു മാത്രം ഇങ്ങനെ ഒരു പ്രത്യേക മൈത്രി നായകനു വരാൻ കാരണമെന്തു? ഇതും ഉപരിപ്ലവമായ ചിന്താഗതിയിൽ നിന്ന് ഉത്ഭവിക്കുന്ന ഒരു വിചാരമാണ്. നായകന് — അദ്ദേഹം കവിതന്നെ എന്ന പക്ഷത്തിൽ കവിക്ക് — സകല ജീവിതമണ്ഡലങ്ങളിലും പരിചയവും താൽപര്യവും ഉള്ളതായിട്ട് ഈ കാവ്യത്തിൽനിന്ന് വ്യക്തമാകും. എന്നുമാത്രമല്ല ഇത്രത്തോളം താൽപര്യം എല്ലാകാര്യങ്ങളിലുമുള്ള വേറൊരു കവിയെപ്പററി ഓർമ്മിക്കാൻ പ്രയാസമായും തോന്നുന്നു. അദ്ദേഹത്തിന് കോവിലുകളും കൊട്ടാരങ്ങളും വളരെ പ്രിയപ്പെട്ട സ്ഥാനങ്ങളാണ്. അദ്ദേഹത്തിന് സാഹിത്യവും സംഗീതവും ജ്യോതിഷവും തച്ചുശാസ്ത്രവും നൃത്തവും അഭിനയവും എല്ലാം പ്രിയമാണ് (I–17,19,36; II–26,33,34,36,70). 'ജ്യോതിഷം വല്ലവേൻ ഞാൻ' എന്ന് വ്യക്തമായി തന്നെ പറയുന്നുമുണ്ട്. (II. 26) രാജാക്കന്മാരോടും പ്രഭുക്കന്മാരോടും അദ്ദേഹത്തിന് പ്രത്യേകം മൈത്രിയുണ്ടായിരുന്നു. (I. 69,76, 77,78, 103, 104, 105, 116, 113–II 21, 23. 24, 27, 28, 29). സാധാരണക്കാരെപ്പററിയും അവരുടെ ജീവിതഗതിയെപ്പററിയും അദ്ദേഹത്തിന്ന തുല്യമായ അറിവും അനുകമ്പയും ഉണ്ടായിരുന്നു. അതിന്ന് ഉദാഹരണങ്ങളാണ് കമ്പോളങ്ങളുടെയും മററും വർണ്ണനയും ആ സ്ഥലങ്ങളിൽ കൂടുന്ന ആളുകളുടെ സംഭാഷണങ്ങളും *.

---

* വിവിധ ജനസമുദായങ്ങൾ സമ്മേളിക്കുന്ന ചന്തകളെപ്പററിയുള്ള വർണ്ണനങ്ങളക്കാലത്തെ കവിതയുടെ സ്വഭാവമായിരുന്നെന്നും ഓർമ്മിക്കണം.

പുതിയിടം(62–67), കൊല്ലത്തു മുച്ചന്തികൾ (79–86), കായങ്കുളം (92–94), തട്ടാരമ്പലം കഴിഞ്ഞുള്ള അങ്ങാടി(98), കരിയനാട്ടു കാവ്(123,124)ഈ അങ്ങാടികളെപ്പററിയുള്ള പരാമർശങ്ങളും, അവിടെ വിവിധഭാഷകരം സംസാരിക്കുന്ന ആളുകളുടെ സംഭാഷണവും സാധാരണ ജീവിതത്തിൻെറ ഓളംവെട്ടലുകളുടെ അനശ്വരപ്രതിബിംബമാണ്. കൊല്ലത്തെയും കടുത്തുരുത്തിയിലേയും വിദേശവാണിജ്യം അദ്ദേഹത്തിൻെറ ഗാഢമായ ശ്രദ്ധയെ ആകർഷിച്ചിരുന്നു (I. 10–12. II. 4–5). അതു മാത്രമോ? താനത്തിനായ് വരുന്ന ഭട്ടരന്മാരെയും (65), തണ്ടേററി കാഴ്ചവച്ചുകൊണ്ട് ആദിത്യവർമ്മയെ മുഖം കാണിക്കാൻ വരുന്ന നാവികരെയും (79), വ്യാപാരികളായ വണിജന്മാരെയും (93), 'മുക്കഡിക്കിൻെറ' കായംകുളക്കാരെയും (94). പമ്പയാററിലെ മകരനിവഹത്തെയും (115), മീനച്ചിലാററിൻെറ തീരത്ത് തിരുവഞ്ചപ്പുഴയുള്ള അഭിജാതന്മാരായ വിപ്രേന്ദ്രരുടെ വാസസങ്കേതങ്ങളെയും (130), കോതനല്ലൂർ മാന്തണലിൽ ഇരുന്നു വിളനെല്ലു കാക്കുന്ന കന്യകമാരെയും തൃഷ്ണദൃഷ്ടിയോടെ വീക്ഷിക്കുന്ന ആളാണ് കവി എന്ന് കാവ്യത്തിൽനിന്ന് വളരെ വ്യക്തമാണ്. കായംകുളത്തുള്ള വാരാംഗനകളെയും അദ്ദേഹം എത്ര മനോഹരമായ വിധത്തിൽ സ്തുതിക്കുന്നു. (I. 95. പിന്നെ അദ്ദേഹം സ്ത്രീജനങ്ങളോടു പക്ഷപാതമുള്ള ആളാണെന്ന് അപവാദമായി പറയാൻ ന്യായമില്ലെന്നും, സാമാന്യ താൽപര്യം പ്രശസ്തകളായ സ്ത്രീജനങ്ങളെ സംബന്ധിച്ചും, മററു കാര്യങ്ങളോട് എന്നപോലെ, അദ്ദേഹത്തിന് ഉണ്ടായിരുന്നതേയുള്ളു വെന്നും സമർത്ഥിക്കേണ്ടിയിരിക്കുന്നു.

നായിക.

നായകനും കവിയും ഒന്നായിരിക്കാനേ തരമുള്ളു എന്നും, എന്നാൽ ആ നായകൻ ആരാണെന്ന് അറിയാൻ നിവൃത്തി ഇല്ലെന്നും ആണല്ലോ മേൽ സ്ഥാപിച്ചത്. ഇനിയും നായികയെപ്പററി നോക്കാം. ഈ അംശത്തെപ്പററിയും അനേകം അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ. നാരായണ പിള്ള ഉണ്ണുനീലി വാസ്തവത്തിൽ ജീവിച്ചിരുന്ന ഒരു സ്ത്രീരത്നമായിരുന്നുവെന്നു പ്രസ്താവിക്കുന്നു. (ഭാഷാപോ-1092 പു 31). ഉള്ളൂരിൻെറ അഭിപ്രായവും അതു തന്നെ. ഈ അംശത്തെപ്പററി അദ്ദേഹം വ്യക്തമായി

പ്രതിപാദിച്ചിട്ടുണ്ടു്". (കേ. സാ. ച. I. 357, 358). അദ്ദേഹം ആ ചിന്ത സമാപിപ്പിക്കുന്നതു ഇങ്ങനെ: 'ഉണ്ണുനീലി ഒരു നായർ യുവതി ആയിരുന്നു എന്നുള്ളതു നിസ്സംശയമാണു്'. നായികയുടെ തറവാട്ടിനെ പുരസ്കരിച്ചു പ്രസ്തുത കൃതിയെ മുണ്ടയ്ക്കൽ സന്ദേശമെന്നും പറയാറുണ്ടു്. ഉണ്ണുനീലിക്കു സംഗീതത്തിലും സാഹിത്യത്തിലും സംസ്കൃതത്തിലും പ്രാകൃതത്തിലും ജ്യോതിഷത്തിലും മററും ജ്ഞാനമുണ്ടായിരുന്നുവെന്നു് 'ആടിക്കൊണ്ടാൽക്കളേബലി വല്ലിയിൽ', 'തൽ സഖ്യം തവ ഭാതു' 'കണ്ണാമല്ലോ തളിയിൽ' ഇത്യാദി ശ്ലോകങ്ങളിൽനിന്നു വ്യക്തമാകുന്നു; ആ സ്ത്രീരത്നത്തിന്റെ വർണ്ണം [illegible] പോലെ ശ്യാമളമായിരുന്നുവെന്നും അദ്ദേഹം ഊഹിക്കുന്നു. (കേ. സാ. ച. Vol. I. 353)

നായിക സങ്കല്പപാത്രമോ?

ഈ അഭിപ്രായമല്ല ശ്രീ. വേലുപ്പിള്ള ശാസ്ത്രി അവതരിപ്പിക്കുന്നതു്. (അവ. പു. 61–[illegible]). ഉണ്ണുനീലി സങ്കല്പപാത്രം ആയിരിക്കണം എന്നുള്ളതിലേയ്ക്കു ശ്രീ. ശാസ്ത്രിയുടെ യുക്തികൾ എന്തെല്ലാമെന്നു പരാമർശിക്കാം. ഉണ്ണുനീലി യഥാർത്ഥത്തിൽ ജീവിച്ചിരുന്നുവെങ്കിൽ ആ സ്ത്രീരത്നത്തിന്റെ കുടുംബചരിത്രം കേവലം സങ്കല്പമായി വർണ്ണിക്കുമോ? 'കാമോന്മാദാൽ കണിവെച്ചു ചമഞ്ഞു'' എന്നുള്ള പാട്ടും അദ്ദേഹം ഉദ്ധരിക്കുന്നു. (I. 26). വിരഹകാതരനായ യക്ഷിക്കു ഒരു സങ്കല്പപാത്രത്തിനാണു് അധികം യോജിക്കുന്നതു്. മുററത്തു കിടന്നു് ഉറങ്ങവേയാണു് യക്ഷി കൊണ്ടുപോയതു് എന്ന പ്രസ്താവനയും സങ്കല്പപാത്രത്തിനാണു് അധികം യോജിക്കുന്നതു്. മുററത്തു ശയിക്കുക അസംഭവ്യമാണെന്നും അദ്ദേഹം വാദിക്കുന്നു. 'താരം തന്വീതിലകമവളും കൂടി വാഴാതെ കാന്ത്യാ കാമക്രീഡാ ചാപലവപുഷാ പോററാളി' അത്രേ. അങ്ങനെയുള്ളവൾ ഒരു യഥാർത്ഥ സ്ത്രീയായിരിക്കാൻ നിവൃത്തിയില്ല എന്നാണു് ശ്രീ ശാസ്ത്രി പറയുന്നതു്. ഉണ്ണുനീലിക്കു സഹോദരനോ സഹോദരിയോ കാരണവരോ ഉള്ളതായി സന്ദേശത്തിൽ കാണുന്നില്ല. ഭവനത്തിന്റെ വർണ്ണനയും സങ്കല്പപാത്രത്തിനേ യോജിക്കൂ എന്നു് ശ്രീ. ശാസ്ത്രി കരുതുന്നു. ഒരു യഥാർത്ഥ സ്ത്രീ ആയിരുന്നു എങ്കിൽ അവളുടെ ഭർത്താവിനെ കാണാതെ പോകുമ്പോൾ നാട്ടിൽ വലിയ ഇളക്കമുണ്ടാകുമായിരുന്നു എന്നും ചൂണ്ടി

ക്കാനിക്കുന്നു. ഇതിനെക്കാൾ കൂടുതൽ ശക്തിയുള്ള ഒരു കാരണവും പറയുന്നുണ്ട്. മണ്ണപ്പൂർ വീട്ടിന്റെയും മററും സ്ഥാപകന്മാരെ ശരിതായിരിക്കുന്ന എന്ന് സാഹിത്യപഞ്ചാനനൻ വാദിക്കുമ്പോൾ, കുട്ടിക്കാലത്തിലൂടെ വളർന്നു, കൗമാരസങ്കല്പത്തിൽ തത്തിക്കളിക്കുന്ന ഒരു സാധ്യതമാത്രമാണത്" എന്നു ശാസ്ത്രി യുക്തിവാദം ചെയ്യുന്നു.

ഈ യുക്തികളെ പരിശോധിക്കാം. ഉർവ്വശിയിൽനിന്നാണ് നായികയുടെ വംശം ഉണ്ടായതെന്ന് സന്ദേശത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് നായികയുടെ യാഥാർത്ഥ്യത്തിന് യാതൊരിടിവും തട്ടുന്നില്ല. പ്രധാനപ്പെട്ട എല്ലാ കുടുംബങ്ങൾക്കും മഹിമയ്ക്കു വേണ്ടി ഇത്തരത്തിൽ സങ്കല്പസമുൽപ്പത്തി കല്പിക്കുക അക്കാലത്തു പതിവായിരുന്നല്ലോ. കേരളത്തിലെ ഓരോ രാജകുടുംബവും സൂര്യനിൽനിന്നും ചന്ദ്രനിൽനിന്നും മററും ഉത്പത്തി അവകാശപ്പെടുന്നതു ഈ വസ്തുതയ്ക്കു ഉദാഹരണമാണല്ലോ. ശ്രീ. ശാസ്ത്രിയുടെ യുക്തി അംഗീകരിച്ചാൽ ഒരു കാലത്തു കേരളീയ രാജവംശങ്ങളെല്ലാം സങ്കല്പസൃഷ്ടങ്ങളായിരുന്നു എന്നു പറയണമല്ലോ? ഇതിലും കൂടുതലായി അക്കാലത്തു നായികാസ്തുതിപ്രധാനമായി രചിച്ചിട്ടുള്ള മററു കാവ്യങ്ങളിലും ഇപ്രകാരം ദിവ്യോത്പത്തി കല്പിച്ചിട്ടുള്ളതു ഈ അംശത്തിനു ഉദാഹരണമാണ്.

വിരഹകാരണമായ യക്ഷികഥ സങ്കല്പമാത്രത്തിനു യോജിക്കും എന്നാണല്ലോ രണ്ടാമത്തെ വാദം. ആ വാദംകൊണ്ട് കല്പനയ്ക്കുള്ള ഔചിത്യത്തെ ചോദ്യം ചെയ്യാമെന്നല്ലാതെ ഉണ്ണുനീലി യഥാർത്ഥമായി ജീവിച്ചിരുന്നില്ലെന്നു തെളിയിക്കാൻ സാധ്യമല്ല. സങ്കല്പമാത്രം ആണെങ്കിൽ തന്നെയും യക്ഷികഥയെക്കാൾ കൂടുതൽ സംഭാവ്യമായ ഒരു കല്പന നടത്തിക്കൂടെന്നില്ല. യക്ഷികഥയ്ക്കു സംഭാവ്യത പോരാ എന്നു വയ്ക്കാം. എന്നാൽ ഉണ്ണുനീലി യഥാർത്ഥത്തിൽ ജീവിച്ചിരുന്നെങ്കിൽ. ഈ കഥകൊണ്ടു മാത്രം അവളുടെ കഥ കഴികയില്ല. അല്ല എന്നു വാദിക്കുകയാണെങ്കിൽ, നമ്മെ ആരെയെങ്കിലുംപററി അസംഭാവ്യമായ ഒരു കഥ ആരെങ്കിലും കെട്ടിയുണ്ടാക്കിയാൽ നാം തന്നെ സങ്കല്പപാത്രങ്ങളായി മാറേണ്ടി വരും. മുററത്തു കിടന്നു് ഉറങ്ങി എന്നതു് കവിതയുടെ അയഥാർത്ഥതയെ വ്യക്തമാക്കുന്ന സംഗതിയായി സ്വീകരിക്കാൻ പ്രയാസമുണ്ട്. ഇതു് എടുത്തു പറയത്തക്കവണ്ണം ഗൗരവമുള്ള കാര്യമാണെന്നു കരുതേണ്ടതില്ല. അഥവാ, മുററത്തു കിടന്നു് ഉറങ്ങിയതു് അതു

വളരെ നിഷിദ്ധമാണെങ്കിൽ, അത്രയും നിന്ദിതകർമ്മം ചെയ്യുവരാണ് നായികാനായകന്മാരെന്നല്ലാതെ, അവർ ഇപ്രകാരമുള്ളവരായിരുന്നു എന്നു വാദിക്കാൻ വഴിയില്ല. മുണ്ടയ്ക്കലിനെപ്പററി വർണ്ണിക്കുമ്പോൾ അവിടെ മററു അംഗനമാരെപ്പററി വർണ്ണിച്ചിട്ടില്ലെന്നാണല്ലോ വേറൊരു ആക്ഷേപം. ബന്ധുക്കളെ വർണ്ണിച്ചിട്ടില്ലെങ്കിലും മററു ആളുകളെ വർണ്ണിച്ചിട്ടുണ്ട്. ബന്ധുക്കൾ ആ വീട്ടിലല്ലായിരിക്കും താമസിച്ചിരുന്നത്. കൂടെ ബന്ധുക്കൾ താമസിക്കാത്തവർ സങ്കല്പജീവികളാകുന്നു എന്നു വന്നാൽ എത്രയോ പേർ പതഞ്ജലിഭാക്കാം. ഉണ്ണുനീലിയും ഭർത്താവും മാത്രം താമസിച്ചിരുന്ന വീടായിരുന്നു മുണ്ടയ്ക്കൽ എന്നു കരുതാനേയുള്ളൂ. ഒരു യഥാർത്ഥ ജീവി ആയിരുന്നുവെങ്കിൽ അവളുടെ ഭർത്താവിന്റെ തിരോധാനത്തിൽ നാട്ടിൽ വലിയ ബഹളമുണ്ടായിരിക്കും എന്നാണല്ലോ മറെറാരു വാദം. ഉണ്ടാകാവുന്നിടത്തോളം ബഹളം ഉണ്ടായിരിക്കുമെന്നു തന്നെ സങ്കല്പിച്ചുകൊള്ളുക. ഇല്ലെന്ന് കവി പറഞ്ഞിട്ടില്ലല്ലോ. തന്റെ തിരോധാനത്തിൽ നാട്ടിൽ എന്തെല്ലാം പരിഭ്രമമുണ്ടായി എന്ന് സന്ദേശവാഹകനോടു പറയേണ്ട കാര്യമില്ല. നായികയ്ക്ക് ഉണ്ടാകുന്ന അവസ്ഥയാണ് അദ്ദേഹത്തിനു ചിന്താവിഷയം. അല്ലെങ്കിൽ തന്നെയും സന്ദേശം അയയ്ക്കുന്നു എന്നതുതന്നെ കല്പനയല്ലേ ഉള്ളൂ? അല്ലാതെ നായകനെ സാക്ഷാൽ യക്ഷി എടുത്തുകൊണ്ടുപോയി എന്ന് നാം വിശ്വസിക്കുന്നില്ലല്ലോ

നായികയുടെ ഗൃഹവും ആ സ്ഥലവും
അവയുടെ യാഥാർത്ഥ്യവും.

നായികയുടെ ഗൃഹത്തിന്റെയും മററും സ്ഥലവർണ്ണന യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നുവെന്ന് സാഹിത്യപഞ്ചാനനനും, എന്നാൽ, ഉത്തരസന്ദേശത്തിലെ കടുത്തുരുത്തിപ്പട്ടണം കവി സങ്കല്പത്തിൽ തത്തിക്കളിക്കുന്ന ഗന്ധർവ്വനഗരമായിട്ടാണ് വർണ്ണിച്ചിട്ടുള്ളത് എന്ന് ശാസ്ത്രിയും കരുതുന്നു. അലങ്കാരഭംഗിയിലുള്ള ചില ശ്ലോകങ്ങളാണ് ശ്രീ. ശാസ്ത്രിക്ക് ഇങ്ങനെ അഭിപ്രായം ഉണ്ടാക്കിയത് എന്നു വിചാരിക്കണം. എന്നാൽ ഇതിൽ അലങ്കാരമുഖ്യമായ ചില ശ്ലോകങ്ങളും എന്റെ കൈവശമുള്ള ആദർശത്തിൽ കാണുന്നില്ല. കവിസാധാരണമായ അലങ്കാരകല്പനകൾ ഈ കാവ്യത്തിലുണ്ട് എന്ന് ശ്രീ. ശാസ്ത്രിയോടൊപ്പം

സമ്മതിക്കാം. പക്ഷേ യഥാർത്ഥമായ ചരിത്രവസ്തുതയെ നല്ല-പോലെ പ്രതിഫലിപ്പിക്കുന്ന വർണ്ണനയാണ് സന്ദേശകാരൻ പൊതുവേ സാധിച്ചിട്ടുള്ളത്. കടുത്തുരുത്തിയെപ്പററിയുള്ള വർണ്ണനയും യാഥാർത്ഥ്യബോധത്തെ വിസ്മരിച്ചിട്ടുള്ളതല്ല. സാധാരണ കവികളെ ആകർഷിക്കുന്ന അലങ്കാരപദ്ധ്യങ്ങൾ നില്പ്പെട്ടെ. ആര്യവംശപ്രധാനന്മാർ വ്യാപാരം നടത്തുന്ന ആപണങ്ങളും (II. 5). ദ്വീപാന്തരങ്ങളിൽ നിന്ന് അടയ്ക്കായും, കുരുമുളകും വാങ്ങാൻ വരുന്ന ചെട്ടിയിൽ വ്യാപാരസാധനങ്ങൾ കൊണ്ടുചെന്ന കൊട്ടാരവളപ്പിൽ നിറച്ചിട്ടും (II. 7) എന്നിവ അന്നത്തെ മുഖ്യമായ ചരിത്രവസ്തുതകൾ ആയിരിക്കുന്നവല്ലോ. അതിനാൽ വെറും ഗന്ധർവനഗരത്തെപ്പോലെ ആണ് കടുത്തുരുത്തിയെ വർണ്ണിച്ചിട്ടുള്ളതെന്നു പറയുന്നതു ശരിയല്ല. അഥവാ, ആത്യപേക്ഷം ശരിയെന്നു വച്ചാലും കടുത്തുരുത്തിയെപ്പററിയുള്ള വർണ്ണന സങ്കല്പപ്രചുരമാണെന്നു തന്നെ സമ്മതിക്കാം; അതുകൊണ്ടു കടുത്തുരുത്തി സങ്കല്പനഗരമാണെന്ന് വാദിക്കാമോ? ഉണ്ണുനീലി യാഥാർത്ഥ്യത്തിൽ ജീവിച്ചിരുന്നെങ്കിലും ഇല്ലെങ്കിലും, കടുത്തുരുത്തിയുടെ വർണ്ണനയിൽ സങ്കല്പാംശം ധാരാളമുണ്ടെങ്കിലും. കടുത്തുരുത്തി അന്നും ഇന്നും ഉള്ളതാണെന്ന് ആരും സമ്മതിക്കുമല്ലോ?

സങ്കല്പപ്രധാനമാണ് സ്ഥലവർണ്ണന എന്ന് ഒരുവേള പറയാമെങ്കിലും ഉണ്ണുനീലിയുടെ ഗൃഹത്തെപ്പററിയുള്ള വർണ്ണന അക്ഷരംപ്രതി ശരിയാണ്. ആ സ്ഥലത്തിന്റെ കിടപ്പും, ആ പുരയിടത്തിന്റെ പേരും, ക്ഷേത്രങ്ങളുടെ സ്ഥിതിയും എല്ലാം അന്നുമിന്നും ശരി. നായികയുടെ നിവാസമായ മുണ്ടക്കലിനെ പററിയും വീരമാണിക്കത്തെപ്പററിയും സാഹിത്യപഞ്ചാനനൻ വ്യക്തമായ ചില കാര്യങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. (ഭാഷാ പോഷിണി, 1092-പു 3:1). ഏററുമാനൂർ നിന്ന് വൈക്കത്തേക്കുള്ള റോഡിൽ 9-ാമത്തെ മൈലിനടുത്താണ് കടുത്തുരുത്തി തളിയിൽക്ഷേത്രം സ്ഥിതിചെയ്യുന്നത്. റോഡ് താണ നിരപ്പിലാണ് റോഡിൽനിന്ന് കിഴക്കോട്ട് ഒരു നൂറ് അടി ചെന്നാൽ ക്ഷേത്രമായി. പടിഞ്ഞാറേ ഭാഗത്ത് പത്തിരുപതു കല്പട കയറിയാണ് ചെറിയ ഒരു കുന്നിൽ ഇരിക്കുന്ന അമ്പലത്തിൽ ചെല്ലാൻ. അമ്പലത്തിന്റെ കിഴക്കേ നടവാതിലിൽനിന്ന് നേരെകിഴക്കോട്ട് അരമൈലോളം ദൂരത്തിൽ ഒരു ഇടവഴിയാണ്. ഇടവഴി കിഴക്കു ചെന്നവസാനിക്കുന്നത്

കോതപുരം എന്ന ചെറിയ കൃഷ്ണക്ഷേത്രത്തിലാണു്. (II 20). ആ അമ്പലം ഇന്നുമുണ്ടു്. ആ ഇടവഴിയെത്തൊട്ടു തെക്കുവശത്തു കിടക്കുന്ന പറമ്പാണു് വീരമാണിക്കം. വീരമാണിക്കം ഉൾപ്പെടുന്ന ഒരു എല്ലുകനസ്ഥലമായിരുന്നിരിക്കണം മുണ്ടയ്ക്കൽ. ആ പറമ്പിനു് വീരമാണിക്കം എന്ന പേരു തന്നെ ഇന്നും അവിടത്തുകാർ പറയുന്നു. ഞാൻ ആ സ്ഥലം ചെന്നു കണ്ടു് വേണ്ട അന്വേഷണം നടത്തി വിവരം മനസ്സിലാക്കിയതാണു്. ഇടവഴിയുടെ തൊട്ടു വടക്കുവശത്തു കിടക്കുന്ന പറമ്പിലായിരുന്നു പണ്ടു കൊട്ടാരവുംമററും സ്ഥിതിചെയ്തതു്. ആ പുരയിടത്തിന്റെ പേരു് കോവിലകം എന്നാണു്. വടക്കുംകൂർ രാജാക്കന്മാരുടെ കൊട്ടാരമിരുന്നതുകൊണ്ടാണു് ഈ പേരു വന്നതു് എന്നു കരുതേണ്ടിയിരിക്കുന്നു. വീരമാണിക്കത്തിനു കിഴക്കേ പറമ്പിനു കൊച്ചേടത്തിൽ പറമ്പു് എന്നാണു് ഇപ്പോഴത്തെ പേരു. അവിടെ പണ്ടു് ഒരു കൊട്ടാരം ഉണ്ടായിരുന്നു എന്നു പറയുന്നു. തളിയിൽ ക്ഷേത്രത്തിനു കിഴക്കുവശമുള്ള വഴിക്കു് ഇരുപാടും 'കോട്ടയ്ക്കകം' എന്നും പേരുണ്ടു്. തളിയിൽക്ഷേത്രം തന്നെ കോട്ടയ്ക്കകത്താണു്. വഴിയുടെ വടക്കുവശം ക്ഷേത്രത്തിന്റെ വടക്കു കിഴക്കു മൂലതൊട്ടു് നീളത്തിൽ കിടക്കുന്ന ഭാഗത്തിനു് ഇപ്പോൾ പറയുന്ന 'കളരിക്കൽ' ആണു്. അതിനു കിഴക്കുവശം 'ഇളപ്പാറ്റേരി' ആണു്. അതിനു കിഴക്കുവശം മഠത്തിൽ പറമ്പു്; അതിനു കിഴക്കേതു വടക്കേടൻ (കിഴക്കേടം). അതിനു കിഴക്കുവശത്താണു് കോവിലകം എന്ന ഭാഗം. സന്ദേശത്തിലെ വർണ്ണന അനുസരിച്ചുള്ള പ്രകാരത്തിൽ അമ്പലം, കൊട്ടാരം, മുണ്ടയ്ക്കൽ, ഇവയുടെ സ്ഥാനങ്ങൾ എല്ലാം തെററുവരാതെ ഇങ്ങനെ ഇപ്പോഴും പ്രത്യക്ഷമാകുന്നു. മുണ്ടയ്ക്കൽ എന്നും വീരമാണിക്കം എന്നും നായികയുടെ ഗൃഹത്തിനു് പേരു കാണുന്നു. പ്രസ്താവന ശ്ലോകം 2-3-4; I. 25. 'മുണ്ടയ്ക്കലെടമ്മാരില്ലം; 32. 'മുണ്ടയ്ക്കൽക്കിന്റെറാമതിലകമാമുണ്ണുനീലി'; II. 16—മുണ്ടയ്ക്കൽ ചെന്നഖിലനയനാനന്ദമാമുണ്ണുനീലി, II. 25; മുണ്ടയ്ക്കൽ ചെന്നിനിയ വിരഹ വ്യാകുലാമുണ്ണുനീലീം, II. 30.) II. 32. മുണ്ടയ്ക്കൽ മേവും ചെറിയതു്; II. 56 മുണ്ടയ്ക്കൽ ചെന്നഴകു പൊഴിവോരുണ്ണുനീലി; 80. മുണ്ടയ്ക്കൽ ചെന്ന് ലാവണ്യജലധേ എന്ന പരാമർശങ്ങൾ കാണുക.

തളിയിൽ ക്ഷേത്രത്തിന്റെ കിഴക്കോട്ടുള്ള വഴിയുടെ തെക്കുവശമുള്ള ഭാഗത്തിനു് മുഴുവനുള്ള പേരാണു് മുണ്ടയ്ക്കലെന്നും, അതിൽ ഉണ്ണുനീലി താമസിച്ചിരുന്ന പ്രത്യേകം ഭാഗത്തിന്റെ

പേരാണ് വീരമാണിക്യമെന്നും അവിടെ തിരക്കിയപ്പോൾ ചിലർ പറഞ്ഞു. സന്ദേശത്തിലെ പ്രസക്തപദ്യങ്ങളെല്ലാം ഈ അഭിപ്രായത്തിന് അനുകൂലമാണ്. ‘മുണ്ടയ്യൂരെന്നൊരില്ലം’ (i-24) എന്ന പ്രയോഗത്തിൽ മാത്രമേ മുണ്ടയ്യൂർ എന്നതു് ഇല്ലമാണെന്നു പറഞ്ഞിട്ടുള്ളു. മററു സ്ഥലങ്ങളിലെല്ലാംമുണ്ടയ്യൂർ എന്ന സ്ഥലനാമമോ ഗൃഹനാമമോ ആയി കരുതാം. എന്നാൽ ഇല്ലമെന്ന പ്രയോഗംപോലും സ്ഥലമെന്നുള്ള അർത്ഥത്തിലല്ലേ പ്രയോഗിച്ചിട്ടുള്ളത് എന്നു് ആലോചിക്കണം. തിരുപ്പാപ്പൂർ എൻറില്ലം (i. 77) എന്ന പ്രയോഗത്തിൽ ഇല്ലമെന്നതു് സ്ഥലമെന്നാണ് അർത്ഥം. ഗൃഹമെന്നല്ല. മുണ്ടയ്യൂർ എന്നതു തറവാട്ടും, വീരമാണിക്യത്തുവീട്ട് നായികയുടെ ഭർത്താവു് പണിയിച്ചുകൊടുത്തതും ആയിരിക്കണം എന്നു് ഉള്ളൂർ ഊഹിക്കുന്നു. (കേ. സാ. ച. i. 358.)

എന്തായാലും ഉണ്ണുനീലിയുടെ യാഥാർത്ഥ്യത്തിനു് അവിടത്തെ സ്ഥലവർണ്ണനവും അതിനു് അനുരൂപമായി അവിടെ കാണുന്ന വസ്തുതകളും സാക്ഷ്യം വഹിക്കുന്നു. സാഹിത്യപഞ്ചാനനൻ ‘മുണ്ടയ്യൂർ’പറമ്പിനെ സംബന്ധിക്കുന്ന ഗ്രന്ഥവരി രേഖകളും പരിശോധിച്ച് അവയെപ്പററി രേഖപ്പെടുത്തിയിട്ടുണ്ട്. (ഭാഷാപോ. 1092 ഇടവം മിഥുനം ലക്കം, പു. 511). 1012-ാമാണ്ടത്തെ കണ്ടെഴുത്തിൽ (സ്വാതി തിരുനാൾ മഹാരാജാവിൻെറ കാലത്തെ കണ്ടെഴുത്താണ്) മുണ്ടയ്യൂർപ്പറമ്പു് 176-ാമതു് ലക്കമാണ്*. എന്നാൽ, 132-ാമതു ലക്കമായും ഒരു മുണ്ടയ്യൂർപ്പറമ്പും വീരമാണിക്കവും ഉണ്ടെന്ന് അദ്ദേഹം രേഖപ്പെടുത്തീട്ടുണ്ട്.

സ്ഥലനിർണ്ണയം സംബന്ധിച്ച് വേറെ ചില വസ്തുതകളും ശരിയായിരിക്കുന്നു. വീരമാണിക്കത്തു പുരയിടത്തിൽ ഇപ്പോൾ പഴയ വീട്ടിൻെറ അവശേഷം ഒന്നുമില്ലെങ്കിലും മീനത്തുള്ള കിണറു (II. 31) പകുതി നികന്നു് ഇപ്പോഴും ഉണ്ട്. ആ കിണററിനടുത്തു്, ഇരുന്നു കളിക്കാനാണെന്നു കരുതാവുന്ന

---

* ഈ രേഖ ഇവിടെ ഉദ്ധരിക്കാം:- ഇതിനു മേക്കു് 132-ൽ തളിയൽ ദേവസ്വം വക പാട്ടം മുണ്ടയ്യൂർ പറമ്പു് ൧-ക്കു എൽക. ഇടവഴിക്കും അഴകാട്ടിൽ പറമ്പിനും തെക്കു മുണ്ടക്കൽ പറമ്പു് ൧-ക്കു പാട്ടം പണം ൨-ം വലിയ വീട്ടിൽ ഇട്ട്യാൻ ഗോവിന്ദൻ പേരിൽനിന്നും ചെട്ടികാത്തിൽ കോന്തി അയ്യപ്പൻ പേരിൽ (ഹജ്ജൂർ റെക്കാർഡ് ആഫീസ് രേഖ.)

തളത്തിൽ കൊത്തിയെടുത്തിട്ടുള്ള വലിയ ഒരു പാറത്തളമിപ്പോഴും കാണാം. ഇതു് അവിടെ ഒരു പുരാതന പ്രഭുഗൃഹം നിന്നതിന്റെ സ്പഷ്ടമായ സൂചനയാണു് 'മുണ്ടയ്ക്കലിന്' അടുത്തു് 'കവൂഴിക്കൽ' എന്നൊരു ഗൃഹത്തെപ്പറ്റി സന്ദേശത്തിൽ സൂചന ഉണ്ടല്ലോ. (II. 38). ആ വീടു് ഇപ്പോഴുമുണ്ടു്. കവിക്കൽ എന്നാണു് അതിനു് ഇപ്പോഴത്തെ പേരു് എന്നു് അറിയുന്നു (കേ സാ ച I. 36). കവൂഴിക്കൽ എന്നു തന്നെയാണു് ആ വീട്ടുകാർ എഴുത്തുകുത്തുകളിൽ പേരു വയ്ക്കുന്നതെന്നു കടുത്തുരുത്തിയിൽ തിരക്കിയതിൽ അറിഞ്ഞു.

സ്ഥലവർണ്ണന വെറും സത്യമാണെന്നു് ഇങ്ങനെ മനസ്സിലാക്കാം. ഗൃഹത്തെപ്പറ്റിയുള്ള വർണ്ണനയും അന്നത്തെ യഥാർത്ഥമായ ഒരു പ്രഭുഗൃഹത്തെ ചിത്രീകരിക്കുന്നതാണു്. വഴിയിൽ നിന്നു് വീട്ടിലേക്കു കയറാനുള്ള സോപാനമാർഗ്ഗം (II. 33), മകരവദനാലംകൃതം ദ്വാരഗേഹം (II. 34), മുപ്പത്തെട്ടുകോലു് എട്ടു കണ്ണറയിലുള്ള തെക്കിനേത്തു് (II. 35), അതിനെ തൊട്ടുള്ള മറവു പൂന്ത കെട്ടകം, —പടിഞ്ഞാറ്റിനി, വടക്കിനി, കിഴക്കിനി എന്നിവയും (II. 36), മീനത്തിൽ കിണറു്, അതിനടുത്തു നട്ടിട്ടുള്ള മുല്ല (II. 37) അതിനടുത്തുള്ള ഈഴക്കമുകു്, കന്നിരാശിയിൽ നായകൻ നട്ടിട്ടുള്ള ചെമ്പകം, (II. 40), തേന്മാവുകളും പ്ലാവുകളും തെങ്ങും കമുകും, കദളി വാഴകളും ചിങ്ങൻവാഴകളും, കരിമ്പും വഴുതിനകളും അഴകായി വളർന്നുനിൽക്കുന്ന പറമ്പു് (II 41); അക്കാലത്തെ ഒരു കേരളീയ പ്രഭുഗൃഹത്തിന്റെ സാക്ഷാൽ ചിത്രമാണു് ഇതു്. ഇതിൽ സങ്കല്പാംശം അല്പം പോലും കലർത്തിയിട്ടില്ല. സങ്കല്പസമൃദ്ധി കൊണ്ടു് അനുവാചകരെ ആകർഷിക്കണമെന്നു് കവിക്കു് ആശയം ഉണ്ടായിരുന്നുവെങ്കിൽ, തന്റെ നായികയുടെ ഗൃഹത്തെ സ്വർഗ്ഗലോക സദൃശമാക്കി പ്രകടിപ്പിക്കാമായിരുന്നു. അങ്ങനെ ചെയ്തിട്ടില്ല; എന്നുമാത്രമല്ല, അന്നത്തെ ഒരു ഇടത്തരം പ്രഭു കുടുംബത്തിന്റെ രീതി സമ്പൂർണ്ണമായി ചിത്രണം ചെയ്യാനേ കവി ഉദ്ദേശിച്ചിട്ടുള്ളൂ. ചുരുക്കത്തിൽ നോക്കാം. വഴിയിൽനിന്നു് പുരയിടത്തിലേക്കു് കയറാൻ ഒരു കല്പടി ഉണ്ടെന്നും, കല്പടയിൽ കൂടി പടിപ്പുര കടന്നു് അകത്തു കയറാമെന്നും, നാലുകെട്ടാണു് വീടെന്നും, മുറ്റത്തു് മീനം രാശിയിൽ ഒരു കിണറുണ്ടെന്നും, കിണററുകര മുല്ലയും അടുത്തു് ഒരു ഈഴക്കമുകും കന്നിരാശിയിൽ ചെമ്പകവും പുരയിടം നിറയെ നമ്മുടെ നാട്ടിലുള്ള സാധാരണ-

ഫലവൃക്ഷങ്ങളും സസ്യങ്ങളും ഉണ്ടെന്നും മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇതിൽ കൂടുതൽ യഥാർത്ഥമായ ഒരു ഗൃഹവർണ്ണന ഭാഷയിൽ ഏതെങ്കിലും ഒരു കൃതിയിൽ ഉണ്ടോ എന്ന് സംശയിക്കുന്നു. അനുപ്രാസം മുതലായ ശബ്ദാലങ്കാരംപോലും കവി വിട്ടിട്ടില്ല. സോപാനം നിർമ്മിച്ചിട്ടുള്ളത് നീലരത്നങ്ങൾകൊണ്ടാണ് എന്നും കരിങ്കൽകൊണ്ടാണ് കല്പട എന്നതിന്റെ അലങ്കാര മനോഹരമായോ എടുത്തുകാണിച്ചിട്ടുള്ളൂ. (II. 32) ആ വീട്ടിൽ ഒരു [illegible] ഉണ്ടെന്നും (II. 43), ശ്ലോകങ്ങൾ ചൊല്ലുന്ന ഒരു പെൺകിളി ഉണ്ടെന്നും (II. 41) ഒരു മയിൽ ഉണ്ടെന്നും (II. 44) മാത്രം പറഞ്ഞിട്ടുള്ളതു് യാതൊരു അസാധാരണ സംഗതികളുമല്ല. ഈ സ്ഥിതിക്ക് ഉണ്ണുനീലി ഒരു സങ്കല്പ പാത്രമാണെന്നുള്ള വാദം യുക്തിസഹമായി തോന്നുന്നില്ല.

ഇനിയും നോക്കുക. ഉണ്ണുനീലി ഒരു സങ്കല്പപാത്രം ആണെന്ന് കല്പിച്ചാൽ അങ്ങനെ ഒരു സങ്കല്പപാത്രത്തെ എങ്ങനെ കല്പിക്കും? വീരമാനിക്കും യഥാർത്ഥത്തിൽ ഉണ്ടായിരുന്ന വീടാണെന്ന് കണ്ടുവല്ലോ. അവിടെ ഇല്ലാത്ത ഒരു സ്ത്രീയെ കല്പിച്ച് വേണാട്ടിൽ ഉള്ള ഒരു രാജാവിനെ ഒരു സന്ദേശവും കൊടുത്തു അങ്ങോട്ട് അയയ്ക്കുന്നതോ? ഇല്ലാത്ത നായിക ആണെങ്കിൽ അങ്ങനെ കല്പിക്കുന്നതിന്റെ ഉദ്ദേശം ആദിത്യവർമ്മയെ സന്ദേശഹരനാക്കി ഒരു കാവ്യമെഴുതുക മാത്രം ആയിരിക്കുമല്ലോ. അതിനു വേണ്ടി മാത്രം ആണെങ്കിൽ ആദിത്യവർമ്മയുടെ പദവിക്കു തക്ക പ്രകാരത്തിൽ മഹതിയായ ഒരു നായികയെ ഏതെങ്കിലും സ്ഥലത്തു കല്പിക്കരുതോ? നായിക കല്പിത പാത്രമാണെങ്കിൽ ആ നായികയെ സ്തുതിക്കാനായിട്ടാണ് ഈ കാവ്യം എഴുതുന്നതെന്ന് ഒരു പ്രസ്താവനയിൽ ചേർക്കുന്നതോ? നായിക കല്പിതപാത്രമാണെന്ന് പറഞ്ഞാൽ സന്ദേശത്തിലുള്ള മററു വ്യക്തികളോ?—കൊല്ലം, ഓടനാട്ട്, ചിറവാ, തെക്കുംകൂർ, വടക്കുംകൂർ ഇവിടങ്ങളിലെ രാജാക്കന്മാരും, വെള്ളൂർ, കരുമാട്ട്, മുത്തൂറ്റ്, ചെറുകരതുടങ്ങിയുള്ള ഗൃഹങ്ങളിലെ പ്രശസ്തവനിതകളും? കണ്ടിയൂർ മുത്തൂറ്റ്, മററത്തു കരുമാട്ട് തുടങ്ങിയുള്ള ഗൃഹങ്ങൾ ഇപ്പോഴുമുണ്ട്. സന്ദേശത്തിൽ വർണ്ണിച്ചിട്ടുള്ള ആ ഭവനങ്ങളിലെ സ്ത്രീകളും കല്പിത പാത്രങ്ങൾ തന്നെയോ? അവരെ എന്തിന് അങ്ങനെ കല്പിച്ചിരിക്കുന്നു? രസസ്ഫുരണത്തിന് മാത്രം വേണ്ടിയാണെന്ന് പറഞ്ഞാൽ ഉള്ള വീടുകളിൽ ഇല്ലാത്ത സ്ത്രീകളെ കല്പിച്ചും

അനുചിതമായ ഒരു പ്രതിപാദനത്തിനു കവി മുതിൎന്നതായി പറയേണ്ടി വരും. അവൎക്കു സന്ദേശഹരന്മാരായി യാതൊരു ചാൎച്ചയ്ക്കും അവസരമില്ലാത്തതുകൊണ്ടും, അതിനെപ്പററി സൂചനപോലും ഇല്ലാത്തതുകൊണ്ടും ഈ നായികമാരുടെ വൎണ്ണന രസോപയോഗത്തിനാണെന്നു പറയാനില്ല. ഇവരെപ്പററിയുള്ള വൎണ്ണനകൊണ്ടു് പ്രശസ്തകളായ യഥാൎത്ഥ കുലസ്ത്രീകളെ സ്മരിക്കാനായിട്ടുതന്നെ കരുതേണ്ടിയിരിക്കുന്നു.

നായികയുടെ നിറം

വളരെ ഗൗരവമായി പറയാനില്ലെങ്കിലും, നായികയുടെ നിറത്തെപ്പററിയുള്ള പരാമൎശവും നായികയുടെയാഥാൎത്ഥ്യത്തോടു് അനുബന്ധിച്ചു പരിഗണിക്കാവുന്നതാണു്. ഉണ്ണുനീലിയുടെ വൎണ്ണം കറുപ്പാണെന്നു കവി പ്രസ്താവിക്കുന്നുണ്ടു്.

എങ്കിൽ ക്കേട്ടാലമയുമിളമാൻകണ്ണി! നീയുണ്ണുനീലീ
നിങ്കൽ ച്ചാല ച്ചുകിതമതിലേ വാചകം മേചകാംഗീ!

എന്നു് ഉത്തരസന്ദേശം 84-ാം പദ്യത്തിൽ 'മേചകാംഗീ' എന്നു തന്നെ കവി ഉണ്ണുനീലിയെ സംബോധന ചെയ്തിട്ടുണ്ടു്. നായിക സങ്കല്പമാത്രമാണെങ്കിൽ അവളെ ചാമ്പേയഗൗരാംഗിയോ സുവൎണ്ണകമനീയാംഗിയോ ആക്കി വൎണ്ണിക്കാനല്ലാതെ മേചകാംഗിയാക്കി പറയാൻ പ്രത്യേകം കാരണം കാണുന്നില്ല. ശുകസന്ദേശത്തിലെ നായികയുടെ വൎണ്ണം 'സ്വൎണ്ണാംബുരുഹരജസാമപ്യവൎണ്ണം വിധത്തേ', പൊൻതാമരപ്പൂമ്പൊടിയെപ്പോലും നിഷ്പ്രഭമാക്കും എന്നാണു പറഞ്ഞിട്ടുള്ളതു്. (ശു. സ. ii. 30). വൎണ്ണത്തെപ്പററിയുള്ള പ്രസ്താവം കവി അറിയാതെ വന്നുപോയതല്ല എന്നു് അതിനെപ്പററി ആവൎത്തിച്ചുള്ള സൂചനകളിൽ നിന്നു മനസ്സിലാക്കാം. 'മരതകാദൎശലീലാകപോലാ' (ii. 54), 'നീലക്കല്ലാൽ വിലസിന മണിച്ചെപ്പുപോലേ വിളങ്ങും കോലപ്പോൎമ്മുല' (ii. 61), 'നീലസ്തംഭോരോഗം തുട' (ii. 74) എന്നും പറഞ്ഞിരിക്കുന്നതു് ഈ അംശത്തിൽ തെളിവാണു്. സൗന്ദൎയ്യസൎവ്വസ്വമായി താൻ പ്രകീൎത്തിക്കുന്ന നായികയ്ക്കു് കറുപ്പിനെക്കാൾ മനോഹരമായ ഒരു വൎണ്ണം കൊടുത്തു വൎണ്ണിക്കാനായിരിക്കണമല്ലോ സാധാരണ രീതിയിൽ കവിക്കു കൗതുകം ഉണ്ടാകാവുന്നതു്. എന്നാൽ സത്യാവസ്ഥയെ ഗോപനം ചെയ്യാനുള്ള വൈമുഖ്യംകൊണ്ടായിരിക്കണം നായികയുടെ നീലവൎണ്ണം കവി ഇങ്ങനെ സ്മരിക്കുന്നതു്.

പക്ഷെ, നിറത്തെ സംബന്ധിച്ച് ശ്രീ. ശാസ്ത്രി ഒരു നിഗമനം ചെയ്യുന്നുണ്ട്. നായികയ്ക്കു നീലനിറമാണെന്ന ചില സൂചന യുണ്ടെങ്കിലും അതു നായികയുടെ നിറം കറുപ്പായതുകൊണ്ടല്ല, വിരഹദുഃഖംകൊണ്ടു തട്ടിയ മാററം കാണിക്കാൻ മാത്രമാണ് എന്നു പറഞ്ഞിരിക്കുന്നു. (അവ.താ പു 68). ഈ മതത്തെ അദ്ദേഹം താങ്ങി നിറുത്തുന്നതു് 'താരാനാഥപ്രതിഭടമുഖീ', 'കർപ്പൂരാളീമിനിയ നായനങ്ങൾക്കു കാണ്മം നാരാണാം', 'മുററാ തൊമരൽഫല്ലർമതി പൊരും നെററി', 'മുററിൻറ തിങ്കൾക്കററാൽ ക്കററം വദതി വദനാംഭോരുഹം', 'തിരുവിരൽ പരം പങ്കജാനൻ മല്ലാനാം മിത്രം പാർത്താൽ' ഇത്യാദി പരാമർശസ്ഥലങ്ങളി ലാണ്. ഈ യുക്തികൾ ദുർബലങ്ങളാണ്. നിറം മേചകം ആണെന്നു വ്യക്തമായി പറഞ്ഞിരിക്കുമ്പോൾ മുഖം തുടങ്ങിയുള്ള അംഗങ്ങളുടെ സൗന്ദര്യത്തെ പൊതുവേ പ്രകാശിപ്പിക്കാൻ വേണ്ടി ചന്ദ്രനോടും മററും കല്പിക്കുന്ന ഔപമ്യത്തെ ആധാരമാക്കി ഇങ്ങനെ അഭിപ്രായം പുറപ്പെടുവിച്ചാൽ അതു സ്വീകരിക്കാൻ വിഷമമുണ്ട്. ഔപമ്യം ആകൃതിയോടാണ് കൂടുതൽ വിവക്ഷിച്ചി ട്ടുള്ളതെന്ന് കരുതിയാൽ മതി. സന്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ള മററു ചില നായികമാരെപ്പററി ചാമ്പേയഗൗരി (കവുങ്ങാട്ടു ഉണ്ണുനീലി–i. 107), ചാമ്പേയാംഗി (കവുങ്ങാട്ടേ ചിരുതേവി i-110) എന്നു പറഞ്ഞിട്ടുള്ളതു് ഈ അംശത്തെ പുഷ്ടിപ്പെടുത്തു ന്നേ ഉള്ളൂ. 'താരാനാഥ പ്രതിഭടമുഖീ' എന്നതിന് ചന്ദ്രനെ മത്സരിക്കുന്ന മുഖസൗന്ദര്യമുള്ളവൾ എന്നേ അർത്ഥം എടുക്കേണ്ടു ള്ളൂ. നിറത്തെപ്പററി അവിടെ വിവക്ഷയില്ല. ഇതുപോലെ മററു പ്രയോഗങ്ങളിലെല്ലാം ഓർത്തുകൊള്ളണം. 'ശ്യാമളനിറം പൂണ്ട ലോകാഭിരാമനായ' ശ്രീരാമനെപ്പററി 'സ്വർണ്ണദർപ്പണ സമഗണ്ഡമണ്ഡലങ്ങളും' എന്ന് എഴുത്തച്ഛൻ തന്നെ പ്രയോഗി ച്ചിട്ടുണ്ടല്ലോ. (അ. രാ. ബാല). എന്നു തന്നെയല്ല രാമൻെറ ഫാലത്തെപ്പററി 'ബാലനിശാകരഫാലതലമെന്നും' പറഞ്ഞി ട്ടുണ്ട്. (അ. രാ. ബാല).

നായികയെപ്പററി മററു വിവരങ്ങൾ.

ഇനി നായികയെപ്പററി സാമാന്യമായി എന്തെല്ലാം മനസ്സിലാക്കാം എന്നു പരിഗണിക്കാം. നായികയെപ്പററി ആദ്യമായി പരിഗണിക്കാനുള്ളതു് 'പൂണാരം മണികണ്ഠവെൺ പലമഹീപാലൈകചൂഡാമണേ:' എന്ന പരാമർശത്തെ ആസ്പദമാക്കിയാണ്. മണികണ്ഠൻെറ ഭാര്യ ആയിരിക്കാം

ഉണ്ണുനീലി എന്നു് ഇതിൽ നിന്നു് ചിലർ ഊഹിക്കുന്നു. ഈ ഊഹം ശരിയായിരിക്കാൻ നിവൃത്തിയില്ലെന്നു മുകളിൽ പ്രതിപാദിച്ചു കഴിഞ്ഞു. തിരുവനന്തപുരത്തുനിന്നു നായകന്റെ സന്ദേശവും കൊണ്ടു് ആദിത്യവർമ്മ കടുത്തുരുത്തിയിൽ ചെല്ലുമ്പോൾ കാണുന്ന മണികണ്ഠൻ നായകനല്ലെന്നു പറയാൻ വേറെ യുക്തി വേണമെന്നില്ലല്ലോ.

ഉണ്ണുനീലി മണികണ്ഠന്റെ മകളോ?

ഉണ്ണുനീലി മണികണ്ഠന്റെ മകളാണെന്ന ഊഹത്തിനും ശക്തിയുണ്ടെന്നു തോന്നുന്നില്ല. മണികണ്ഠന്റെ മകളാണെന്ന ബന്ധം കാവ്യത്തിൽ ഒരിടത്തും സൂചിപ്പിക്കുന്നില്ലെന്നു മാത്രമല്ല, മണികണ്ഠൻ ഉണ്ണുനീലിയെപ്പററി ആദിത്യവർമ്മയോടു് ഔൽസുക്യം പ്രകടിപ്പിക്കുന്നതായിപ്പോലും കാണുന്നില്ല. മണികണ്ഠന്റെ മകളെ കാണാനാണു് ആദിത്യവർമ്മ കൊട്ടാരത്തിൽ ചെല്ലുന്നതെങ്കിൽ ആ വിവരത്തിൽ അദ്ദേഹം വ്യക്തമായി പറയാതെയിരിക്കയില്ല. അഥവാ, അങ്ങനെ പറഞ്ഞില്ലെങ്കിലും മണികണ്ഠന്റെ വാക്കിൽ മകളാണെന്നു മനസ്സിലാക്കാൻ എന്തെങ്കിലും സൂചന വരാതിരിക്കാൻ നിവൃത്തിയില്ല. മകളെ കൊട്ടാരത്തിലേക്കു തന്നെ വരുത്തുകയോ, അല്ലെങ്കിൽ മകളെ കാണിക്കാൻ ആദിത്യവർമ്മയോടൊന്നു് ആളയയ്ക്കുയോ ചെയ്യുമായിരുന്നു. മകളാണെങ്കിൽ ആ വസ്തുത കവിക്കു തന്നെ ഒളിച്ചുവയ്ക്കേണ്ട കാര്യമുണ്ടെന്നും തോന്നുന്നില്ല. പൂണാരം എന്ന പദത്തിൽ അങ്ങനെ സൂചന ഉണ്ടല്ലോ എന്നു പറഞ്ഞാൽ അതു തീരെ സ്പഷ്ടമല്ല എന്നാണു് ഉത്തരം. ഒരു രാജാവായ ആദിത്യവർമ്മയെ സന്ദേശഹരനായി അയയ്ക്കുമ്പോൾ ഉണ്ണുനീലി രാജപുത്രിയാണെങ്കിൽ ഔചിത്യം ദീക്ഷിച്ചെങ്കിലും കവി ആ വസ്തുത വളരെ വ്യക്തമായി പറയുമായിരുന്നു. ഇതിൽനിന്നു സിദ്ധിക്കുന്നതു് അങ്ങനെ ഒരു ബന്ധം ഉണ്ടായിരുന്നതായി കല്പിക്കാൻ ന്യായമില്ലെന്നാണു്.

മണികണ്ഠന്റെ പുത്രിയല്ലെങ്കിൽ, സഹോദരിയോ അനന്തരവളോ ആകട്ടെ എന്നു വാദിച്ചാലോ? മേൽപ്പറഞ്ഞ യുക്തികൾ ഈ വാദത്തിനും എതിരാണു്. രാജകുടുംബത്തിലെ അംഗമാണെങ്കിൽ ആ പരമാർത്ഥം ആദിത്യവർമ്മയോടു നായകൻ ഒരിക്കലും ഒളിച്ചുവയ്ക്കേണ്ട കാര്യമില്ല. ആദിത്യവർമ്മയെ സന്ദേശഹരനായി കല്പിക്കാൻ പ്രത്യേകം യുക്തിയായിട്ടുതന്നെ

അദ്ദേഹം ആ വസ്തുത എടുത്തുകാണിക്കുമായിരുന്നു. രാജകുടുംബത്തിലെ അംഗമാണെങ്കിൽ കൊട്ടാരത്തിൽത്തന്നെ ആണല്ലോ താമസിക്കേണ്ടതു്. വീരമാണിക്കം കൊട്ടാരമാണെന്നു പറയാൻ നിവൃത്തിയില്ല.

ഉണ്ണുനീലി പ്രഭുസ്ത്രീയാണു്—ദേവദാസിയല്ല

എന്നാൽ സന്ദേശത്തിലെ പല സൂചനകളിൽനിന്നും ഉണ്ണുനീലിക്കു രാജകുടുംബത്തോടു് എന്തോ ബന്ധമുണ്ടായിരിക്കാമെന്നും, മുണ്ടയ്ക്കൽക്കുടുംബം ഒരു പ്രഭുകുടുംബമാണെന്നും, രാജകീയബഹുമതിക്കു് ആ നായിക പാത്രമാണെന്നും കാണാം. 'ഉണ്ണുനീലിതിരുനാൾ നീണാൾ വിളങ്ങീടുക' എന്ന പ്രസ്താവനയിൽ 'തിരുനാൾ' ശബ്ദം പ്രയോഗിച്ചതിലും, 'തിരുവിരൽ' (ii. 50) എന്നു തുടങ്ങിയുള്ള പ്രയോഗങ്ങളിലും നിന്നു് ഈ അംശം വ്യക്തമാകും. എന്നാൽ തിരുശബ്ദം ദേവദാസികളെ സംബന്ധിച്ചും പഴയ കാലത്തു് പ്രയോഗിച്ചിരുന്നു എന്നും, ദേവദാസികൾക്കു സമുദായത്തിൽ ഏററവും മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നുവെന്നും 'ചരിത്രദൃഷ്ടിയിൽ കൂടി' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. (ഉ. ച. പു. 109). ദേവദാസിമാരെപ്പററി അത്രകടന്ന അഭിമാനം ഒരുകാലത്തും ഉണ്ടായിരുന്നില്ല എങ്കിലും, അവരെപ്പററി പിൽക്കാലത്തു് ഉണ്ടായിടത്തോളം അവമാനം ആദ്യം ഉണ്ടായിരുന്നില്ല. എന്നാൽ ഉണ്ണുനീലിയെ സംബന്ധിച്ചാണു് ഇങ്ങനെ ഒരു സൂചന നടത്തുന്നതെങ്കിൽ അതു സ്വീകരിക്കാൻ തീരെ നിവൃത്തി കാണുന്നില്ല. അങ്ങനെ യാതൊരു സൂചനയും ഈ കാവ്യത്തിലില്ല. 'ശയ്യോപാന്തേ' എന്നു തുടങ്ങുന്ന ഉത്തരസന്ദേശം 79-ാംശ്ലോകം ഇങ്ങനെ ഒരു ഊഹത്തിനു കാരണമായി ചിലർ ഉന്നയിക്കുന്നുണ്ടു്. ഈ ഊഹത്തിനു് ആസ്പദം എന്തായിരിക്കാം? ഉൽകൃഷ്ടനിലയിലുള്ള നായികമാരോടു് അത്ര സ്വാതന്ത്ര്യമായ പെരുമാററം സാധിക്കുകയില്ലെന്നാണോ? അങ്ങനെയാണെങ്കിൽ, ദേവദാസികൾക്കു് ഉൽകൃഷ്ടപദവിയുണ്ടെന്നും, അവരോടും ഈ സ്വാതന്ത്ര്യം സാധിക്കയില്ലെന്നും വരുമല്ലോ. അല്ലെങ്കിൽ, ദേവദാസികൾ ആയാൽ ഈ സ്വാതന്ത്ര്യവുമുണ്ടു്, ഉൽകൃഷ്ടപദവിയുമുണ്ടു് എന്നു പറയേണ്ടി വരും. അങ്ങനെ സ്വാതന്ത്ര്യത്തോടു ചേർന്ന ഉൽകൃഷ്ടസ്ഥിതി ആരും അനുവദിക്കാറില്ല. എന്നാൽ ഉണ്ണുനീലീസന്ദേശത്തിൽ സന്ദേശഹരൻ 'ശയ്യോപാന്തത്തിൽ' ഇരിക്കണമെന്നും, ഉണ്ണുനീലിയുടെ കരം ഗ്രഹിച്ചുകൊണ്ടു്

സന്ദേശം അറിയിക്കണമെന്നും പറഞ്ഞിട്ടുള്ളതു് അന്നത്തെ സാമുദായികമായ സ്വാതന്ത്ര്യസംസ്കാരത്തിന്റെ ഉയർച്ചയെ ആണു് കാണിക്കുന്നതു്. അല്ലാതെ ഉണ്ണുനീലിയുടെ ദേവദാസീ പദവിയെ അല്ല. 'ശ്രേയാംപാന്ഥേ സലളിതമിയന്നുണ്ണുനീലീമി ത്തിക്കല്യാകാരേ നിജ കമതലേ കാന്തതൻ കയ്യുമേന്തി' എന്ന ഭാഗം ഉദ്ധരിച്ചിട്ടു്, 'ഇതിൽ ചാരിത്ര്യം ചോർന്നുപോകുന്നതിനുള്ള വിടവുകൾ ഒന്നുമില്ല' എന്നു മഹാകവി ഉള്ളൂർ കേരളസാഹിത്യ ചരിത്രത്തിൽ പറയുന്നതു സ്വീകാര്യമായി തോന്നുന്നു. (കേ. സാ. ച. I. 363).

ഈ അഭിപ്രായം സ്വീകാര്യമല്ലെന്നു പറഞ്ഞാൽ നായിക വേശവനിതയാണെന്നു പറയേണ്ടിവരും. ഈ അംശം കുറേക്കൂടി വ്യക്തമാക്കാം. സന്ദേശഹരൻ നായികയുടെ കരഗ്രഹണം ചെയ്യുന്നതു് അക്കാലത്തെ സംസ്കാരസ്ഥിതി അനുവദിക്കാത്തതു കൊണ്ടു് അപവാദനീയമാണെന്നും, അതുകൊണ്ടു് നായിക അഭിജാതയല്ലെന്നും ആണല്ലോ എതിർവാദം ചെയ്യാവുന്നതു്. ഈ വാദം ഉള്ളിൽ വച്ചുകൊണ്ടായിരിക്കും കൂത്തസ്ത്രീയാണെന്നും തേവനടിയാൾ ആണെന്നും മററും ചിലർ അഭിപ്രായപ്പെടുന്നതു്. എന്നാൽ കൂത്തസ്ത്രീ അന്നു് ഉൽകൃഷ്ടയോ അപകൃഷ്ടയോ? ഉൽകൃഷ്ടയെന്നാണല്ലോ ചില മണിപ്രവാള നിരൂപകന്മാർ സ്ഥാപിക്കുന്നതു്. അങ്ങനെ കൂത്തസ്ത്രീ ഉൽകൃഷ്ട ആണെങ്കിൽ അവളുടെ കരഗ്രഹണം ചെയ്യുന്നതിൽ ഉള്ള അനൗചിത്യം മററു് ഉത്തമസ്ത്രീകളുടെ കാര്യത്തിലെന്നപോലെ ഉണ്ടെന്നു വരും. അതിനാൽ ഉണ്ണുനീലി ദേവദാസിയാണെന്നു പറഞ്ഞു്, കരഗ്രഹണമാകുന്ന അനൗചിത്യത്തിൽ നിന്നു കരകേറാമെന്നു വച്ചാൽ, ദേവദാസികളെ അപകൃഷ്ടകളാക്കിക്കല്പിക്കണമെന്നുകൂടി വന്നുചേരും. പരമാർത്ഥത്തിൽ അക്കാലത്തു് അവർ അങ്ങനെ ആയിരുന്നുവെങ്കിലും നമ്മുടെ സ്നേഹിതന്മാർ അവരെ ഉൽകൃഷ്ടകളാക്കി സ്വീകരിക്കുന്നുണ്ടല്ലോ. ഇനിയും വാദം ജയിക്കാൻവേണ്ടി കൂത്തസ്ത്രീകൾ അപകൃഷ്ടകളാണെന്നും ഉണ്ണുനീലിയും അവരിൽ പെട്ടവൾ തന്നെയെന്നും വാദിച്ചാലോ? (പ്രാ. മണി ശ്രീ. പി. കെ. നാരായണപിള്ള, പു. 21-29). വെൺപലനാട്ടു രാജാവായ മണികണ്ഠന്റെ നിയോഗപ്രകാരം അദ്ദേഹത്തിന്റെ ആശ്രിതനായ കവി ഉണ്ണുനീലിയെ കീർത്തിച്ചു നിർമ്മിച്ച കാവ്യമാണു് ഉണ്ണുനീലിസന്ദേശമെന്നും, പ്രാചീനകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള നായികമാരിൽ

പലരിലും വേശ്യാധൎമ്മം ആരോപിച്ചുകാണുന്നവെന്നും പൊതുവേ കളമൊരുക്കിക്കൊണ്ടാണു് ഈ അഭിപ്രായം അവതരിപ്പിക്കുന്നതു്. 'ശസ്ത്രോപാന്തേ' എന്ന ശ്ലോകത്തെ ഉദ്ധരിച്ചു് ഉൎവ്വശിയുടെ കാലത്തിലെ ഉണ്ണുനീലി 'കാമുകാനാം നേത്രശ്രേണീമധുപനളിനി'യാണു് എന്നുപറഞ്ഞു് അവളും വേശ്യ ആയിരുന്നു എന്നു മനസ്സിലാക്കിക്കൊള്ളുവാൻ നമ്മെ നയിക്കുന്നു.

ഇതിനെപ്പററിയുള്ള ചില കാൎയ്യങ്ങൾ മുൻപേ തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. ഇവിടെ പ്രത്യേകം എടുത്തു പരിഗണിക്കേണ്ടതു് ഉണ്ണുനീലി കുലസ്ത്രീ ആയിരുന്നോ എന്നും അപകൃഷ്ട ആയിരുന്നോ എന്നും ആണു്. കുലസ്ത്രീയാണെന്നുള്ളതിനു വിരുദ്ധമായിട്ടുപോലും കാവ്യത്തിൽ സൂചന ഇല്ല എന്നു പറഞ്ഞു കഴിഞ്ഞു. 'കാമുകാനാം നേത്രശ്രേണീ മധുപനളിനി' എന്നു പതിവ്രതാചൂഡാരത്നങ്ങളായ നായികമാരെപ്പററിയും അന്നത്തെ കവികൾ പരാമൎശിക്കുക സാധാരണമാണു്. കൗസല്യയെ വൎണ്ണിക്കുമ്പോൾ പുനം നമ്പൂരി രാമായണം ചമ്പുവിൽ ഉപയോഗിക്കുന്ന വിശേഷണങ്ങൾ നോക്കുക. 'കനകനളിന സുന്ദരാംഗിക്കു, മാകന്ദബാണനക്ഷമപോലവൻപിന്നു, നാനാ ജനശ്രേണികാനേത്രഭൃംഗാളി നിത്യം കളിച്ചീടുമുദ്യാനഭൂമിക്കു്, ഇളംകൊമ്പുകാനനു പീയൂഷധാരാമതിപ്പിന്നു്-അക്കോസലേന്ദ്രാത്മജയ്ക്കു്' ഇത്യാദി. ഇതിൽനിന്നു് കൗസല്യയെപ്പററിയും ചില സിദ്ധാന്തങ്ങൾ കൊണ്ടുവരാമോ? കുലസ്ത്രീ അപകൃഷ്ടയല്ലെന്നു കല്പിച്ചാലും ഉണ്ണുനീലി കുലസ്ത്രീയാണെന്നു കല്പിക്കാൻ നിവൃത്തിയില്ല. അങ്ങനെ ഒരു സൂചനയും കാവ്യത്തിലില്ല; എന്നു തന്നെയല്ല, സന്ദേശത്തിലെ സകല പ്രസ്താവങ്ങളും നായിക ഒരു പ്രഭുസ്ത്രീയാണെന്നു കാണിക്കുന്ന വിധത്തിലുള്ളവയുമാണു്. കൂത്തുകാരിക്കു പ്രത്യേകം വശമായിരിക്കേണ്ട വിദ്യകളൊന്നും—നൃത്തവും മററും—ആ സ്ത്രീക്കു വശമുണ്ടായിരുന്നതായിട്ടുപോലും സൂചനയില്ല. 'ഉണ്ണുനീലിക്കു സംഗീതത്തിലും സാഹിത്യത്തിലും സംസ്കൃതത്തിലും പ്രാകൃതത്തിലും ജ്യോതിഷത്തിലും മററും ജ്ഞാനമുണ്ടായിരുന്നുവെന്നു് 'ആടിക്കാർ മൽക്കുഴലി വടിവിൽ' (ii. 43), 'യദ് സത്യം തത് മേച്ചു' (ii. 70), 'കണ്ടോമല്ലോ തളിയിൽ' (ii. 94) ഇത്യാദി ശ്ലോകങ്ങളിൽനിന്നു വ്യഞ്ജിക്കുന്നു' എന്നോ ഉണ്ണുനീലിയുടെ സിദ്ധികളെപ്പററി പറയുന്നല്ലോ. (കേ. സാ. ച. i-358). അവൾക്കു് ആട്ടമറിയാമെന്നോ കൂത്തു് അറിയാമെന്നോ പറഞ്ഞിട്ടില്ല. അത്തരം സിദ്ധികൾ ഉണ്ടെങ്കിൽ

അത്ര നിശ്ചയമായും പറയാതെ വിടുമെന്നു തോന്നുന്നില്ല. ചെറുകര ഉണ്ണിയാടിയെപ്പററി പറയുമ്പോഴും ആ ബാലിക—രാജപുത്രിയുമാണല്ലോ —അവൾക്കു സിദ്ധമായിരുന്ന സംഗീത നാട്യ നൈപുണ്യത്തെപ്പററി കവി എത്ര സ്പഷ്ടമായി വർണ്ണിക്കുന്നു എന്നു കാണുക. (i. 101). ആനുഷംഗികമായി പരാമർശിക്കുന്ന സ്ത്രീകളെപ്പററി പൂർണ്ണമായി പറയണമെന്നില്ല. നേരെ മറിച്ച് ഈ കാവ്യത്തിലെ നായികയെപ്പററി മുഖ്യമായി പറയേണ്ടു കാര്യങ്ങൾ പറയാതെ വിടുന്നതു് ഉചിതമായിരിക്കയില്ലല്ലോ. അതിനാൽ ഉണ്ണുനീലി ദേവദാസിയോ കുലസ്ത്രീയോ ആയിരുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണു്.

നായികാനായകന്മാർ പരസ്പരമുള്ള സ്നേഹാദരങ്ങൾ

ഈ കാവ്യം ശ്രദ്ധിച്ചു പഠിക്കുന്ന ഒരാൾക്കു് നായികാനായകന്മാരെ സംബന്ധിച്ചു് മുഖ്യമായി രണ്ടു കാര്യങ്ങൾ വ്യക്തമാകുമെന്നാണു് എന്റെ വിശ്വാസം. ഒന്നാമത്തു്, നായകനു് ഉണ്ണുനീലിയോടുള്ള സ്നേഹവും അവളുടെ സൗന്ദര്യത്തിലും സിദ്ധികളിലും പ്രണയത്തിലും ഉള്ള മതിപ്പും; രണ്ടാമത്തേതു് ഉണ്ണുനീലിക്കു ഭർത്താവിനോടുള്ള സ്നേഹവും ഭക്തിയും. ഈ കാര്യങ്ങളെപ്പററി ഇനി വിചാരിക്കാം. നായികയെ പുകഴ്ത്താനായിട്ടാണു് കാവ്യം എഴുതിയതെന്നും, തന്റെ കാവ്യം മുഖാന്തരം നായികയുടെ ഇല്ലത്തിനു ശാശ്വതമായ ഉന്നതി വരണം എന്നും പ്രസ്താവനയിൽ കവി പ്രകടമാക്കുന്നുണ്ടു്. സന്ദേശരൂപത്തിലുള്ള ഒരു കാവ്യം മുഖാന്തരം തന്റെ ദയിതയെ പ്രകീർത്തനം ചെയ്യണമെന്നും, അതിനു് ആദിത്യവർമ്മയെപ്പോലെയുള്ള ഒരു രാജസത്തമനെ സന്ദേശഹരനായി അയയ്ക്കണമെന്നും കല്പിച്ചതു് തന്റെ പ്രേയസിയോടുള്ള ബഹുമാനം സ്ഫുരിപ്പിക്കാനാണു്.

നായികയുടെ വംശം

തന്റെ പ്രണയിനിയുടെ വംശമാഹാത്മ്യം സ്ഥാപിക്കാൻ തന്നെ ആയിരിക്കണം ദിവ്യമായ ഉൽപത്തി അവളുടെ വംശത്തിനു കല്പിച്ചതു്. ഈ വിധം നോക്കുമ്പോഴും ഇതു് അപഹാസ കാവ്യമാണെന്നും മററുമുള്ള വാദം £ തീരെ

£ കേരള ഭാഷാസാഹിത്യചരിത്രം - ആർ. നാരായണപ്പണിക്കർ i. P. 352.

അംഗീകാൎയ്യമല്ല. ഉൎവ്വശി സ്വാവേശ്യയാണെന്ന പ്രകാരത്തിൽ വ്യാഖ്യാനിച്ചിട്ടു് അത്തരം ഒരു പാരമ്പൎയ്യം നായികയുടെ വംശത്തിനു കല്പിക്കാൻ തുടങ്ങുന്നതു സാഹസമായിരിക്കും. ശകുന്തളയെപ്പോലെ ഒരു അപ്സരസ്സിൽ നിന്നാണു് ഈ വംശത്തിന്റെ ഉത്പത്തി എന്നു കവി നായികയുടെ ഉൽകൎഷത്തെ സൂചിപ്പിക്കുന്നതായിട്ടു കരുതണം. ബഹുമാനത്തോടെയാണു് നായകൻ ഉണ്ണുനീലിയെ കരുതുന്നതു് എന്നുള്ളതിനു് വ്യക്തമായ ഒരു സൂചന കാവ്യത്തിൽനിന്നു കിട്ടുന്നുണ്ടു്. ഉണ്ണുനീലിയെ പീയൂഷമായിട്ടും വടക്കുംകൂർ മണികണ്ഠ രാജാവിനെ കല്പദ്രുമമായിട്ടും രൂപണം ചെയ്തു വൎണ്ണിച്ചിട്ടാണു കവി കടുത്തുരുത്തിയെ ദേവലോകത്തോട്ടു് ഉപമിക്കുന്നതു് (ii. 16) *. ഇവിടെ ഉപമ കല്പിച്ചിരിക്കുന്നതു് സാധാരണ ശൈലി അനുസരിച്ചല്ല എന്നു പ്രത്യേകം ശ്രദ്ധിക്കണം. സാധാരണ രീതിയിലായിരുന്നെങ്കിൽ മണികണ്ഠനെ ഇന്ദ്രനായും, ഉണ്ണുനീലിയെ ഉൎവ്വശിയോ തിലോത്തമയോ ആയും ഉപമിക്കുമായിരുന്നു. ആ ഉപമയുടെ ദൂഷ്യം കവി നല്ലവണ്ണം ആലോചിച്ചു മനസ്സിലാക്കിയിട്ടാണു്, ദുരൎത്ഥസൂചന വിദൂരമായിട്ടുപോലും വരാതിരിക്കത്തക്കവണ്ണം, മണികണ്ഠനെ ഇന്ദ്രനാക്കാതെ കല്പദ്രുമമാക്കിയതും ഉണ്ണുനീലിയെ പീയൂഷമാക്കിയതും എന്നുവേണം വിചാരിക്കാൻ. രാജാവിനു തുല്യമോ, അതിൽ കൂടുതലോ ആയ പ്രകാരത്തിലാണു് നായികയെ ഒന്നാമതും രാജാവിനെ രണ്ടാമതും പരാമൎശിക്കുന്നതു്. മണികണ്ഠൻ ജീവിച്ചിരിക്കുന്ന കാലത്തു് മണികണ്ഠന്റെ കൊട്ടാരത്തിന്റെ നേരെ തെക്കേ വീട്ടിൽ താമസിക്കുന്ന ഒരു സ്ത്രീയെപ്പറ്റി ഇങ്ങനെ എഴുതണമെങ്കിൽ ആ സ്ത്രീയുടെ പദവി എന്തെന്നും, എഴുതുന്ന ആൾക്കു് ആ സ്ത്രീയോടു് എത്ര സ്നേഹബഹുമാനങ്ങൾ ഉണ്ടായിരുന്നുവെന്നും സാമാന്യബുദ്ധിയുള്ളവൎക്കു വ്യക്തമായി മനസ്സിലാക്കാവുന്നതാണു്.

മണികണ്ഠന്റെ പുത്രി എന്നുള്ള ബന്ധം നായികയ്ക്കു് ഉണ്ടായിരുന്നു എന്ന വാദത്തെ മുൻപു തിരസ്കരിച്ചിട്ടുണ്ടല്ലോ.

---

* മുണ്ടേക്കൽ ച്ചേൎന്നഖില നയനാനന്ദമാമുണ്ണുനീലീ-
പീയൂഷത്തോടിനിയ മണികണ്ഠാഖ്യ കല്പദ്രുമേണ
ധന്യൈരന്യൈരപി സമമിദം ദേവലോകൈകദേശം
മന്യേ നിൎമ്മിച്ചിതു മനനാം ഗാധിസൂനൎമ്മുനീന്ദ്രഃ. [ii. 16.]

മണികണ്ഠന്റെ സഹോദരിയോ ഭാഗിനേയിയോ ആകാം നായിക എന്ന ഊഹത്തിനും ലക്ഷ്യമുണ്ടു്. അങ്ങനെയാണെങ്കിൽ ഉൎവ്വശിയുടെ ഭാഗത്തിൽ നിന്നാണു് ഉണ്ണുനീലിയുടെ വംശം ഉണ്ടായതു് എന്ന പരാമർശം യോജിക്കാതെ വരും. വടക്കുംകൂർ വംശം ഉൎവ്വശിയുടെ വംശമാണെന്നു അറിവില്ല. ഇങ്ങനെ നായികയ്ക്കു വടക്കുംകൂർ രാജവംശവുമായുള്ള സംബന്ധത്തിന്റെ സ്വഭാവം നിൎണ്ണയിക്കാൻ വഴിയില്ലാതെ വരുന്നു. എങ്കിലും മണികണ്ഠനോടു സമശീർഷകമായ രീതിയിൽ പുകഴ്ന്നിരിക്കുന്ന ആ സ്ത്രീരത്നത്തിനു പ്രഭുത്വമഹിമ ഉണ്ടായിരുന്നു എന്നു് ഊഹിക്കാൻ വേണ്ട തെളിവുകൾ ഈ കാവ്യത്തിൽ ഉണ്ടു്. പ്രസ്താവനാശ്ലോകങ്ങൾകൊണ്ടു്, നായികയുടെ ഗൃഹം ധനസമ്പന്നമായിരുന്നു എന്നും, എന്നാൽ കീൎത്തി ഐശ്വര്യത്തിലും മികച്ചതാണെന്നും, തന്റെ കാവ്യത്തിൽ നിന്നും അങ്ങനെ ശാശ്വതമായ കീൎത്തി നായികയുടെ ഗൃഹത്തിനു സിദ്ധിക്കട്ടെ എന്നുമാണല്ലോ വ്യക്തമാകുന്നതു്. ആ ഭവനത്തിന്റെ ഭാഗ്യദേവതയായ ഉണ്ണുനീലിയുടെ 'തിരുനാൾ' നീണാൾ വിളങ്ങീടുക എന്നാണു് കവി ആശംസിക്കുന്നതു് (പ്ര. ശ്ലോ. 4). തിരുനാൾശബ്ദം അത്ര അഗണ്യമായി തള്ളാവുന്നതല്ല. * ഈ തിരുശബ്ദം പിന്നെയും ആവൎത്തിക്കുന്നുണ്ടു്. 'മിത്രം പാൎത്താൽ തിരുവിരൽ പരം പങ്കജാന്തൎഗ്ഗളാനാം' (ii. 9) എന്നും, 'അന്യാകാരം വഹതി തിരുമെയ്യ് മിക്കവാറും മൃഗാക്ഷി'(ii. 88)എന്നും പറഞ്ഞിട്ടുള്ളതു നോക്കുക. ഇങ്ങനെ ആകെക്കൂടി ആലോചിക്കുമ്പോൾ പ്രഭുകുടുംബജാതയാണു നായിക എന്നു കരുതണം. ഉണ്ണുനീലി ഒരു

---

* തിരുവുള്ളം, തിരുമേനി ഇങ്ങനെ 'തിരു' ചേൎത്താണു് തേവിടിശ്ശികളെയുംപററി വ്യവഹരിച്ചിരുന്നതു് എന്നു് 'ചരിത്രച്ഛായയിൽ കൂടി' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു വളരെ പരിമിതിയോടുകൂടി മനസ്സിലാക്കേണ്ടതാണു്. (ഉ. ച. 109). തേവിടിശ്ശികൾ എന്ന പദപ്രയോഗത്തിലും അവരുടെ പ്രാമാണ്യത്തെപ്പററിയുള്ള അതിരു കടന്ന കല്പനയിലും വളരെ പരിഷ്കാരങ്ങൾ ചെയ്തു ധരിച്ചില്ലെങ്കിൽ അന്നത്തെ ചരിത്രത്തെപ്പററിയുള്ള ബോധം തകരാറിലാവുന്നതാണു്. വിസ്മൃതമായ ആ കാലത്തിന്റെ ചരിത്രം രചിക്കുന്നവർ അക്കാലത്തെ ആവരണം ചെയ്യുന്ന അന്ധകാരത്തെ വെല്ലുവിളിക്കാൻ അപൂർവമായി കിട്ടുന്ന ചില രേഖകളോ സാഹിത്യശകലങ്ങളോ ആയ മിന്നാമിനുങ്ങുകളെയും കയ്യിലാക്കിക്കൊണ്ടു സഞ്ചരിക്കയാണു്. ഈ മിന്നാമിനുങ്ങുകൾ വേണ്ടപോലെ വഴി കാണിക്കയില്ലെന്നും. സാമാന്യബുദ്ധിയുടെ സഹായം ഇല്ലെങ്കിൽ കുണ്ടിലും കുഴിയിലും കുടുങ്ങാൻ ഇടവരുമെന്നും മനസ്സിലാക്കേണ്ടതാണു്.

നായർ യുവതി ആയിരുന്നുവെന്നാണു മഹാകവി ഉള്ളൂരിന്റെ അഭിപ്രായം. (കേ. സാ. ച. I പു. 355). സാഹിത്യ പഞ്ചാനനന്റെ അഭിപ്രായവും ഇതു തന്നെ. (ഭാഷാപോഷിണി 1092 ഇടവം ലക്കം 311). ഈ അഭിപ്രായം സ്വീകരിച്ചാൽ വടക്കുംകൂർത്തമ്പുരാക്കന്മാരോട് ഏതോ തരത്തിൽ ബന്ധപ്പെട്ട ഒരു പ്രഭുകുടുംബമായിരിക്കാം വീരമാണിക്കം എന്നു കരുതാം. അത്തരം ഒരു കുടുംബത്തിലേ നായികയോടു തോന്നേണ്ട ബഹുമാനം കാവ്യത്തിൽ ആദ്യന്തം അലതല്ലുന്നുണ്ട്.

നായികയുടെ സിദ്ധികൾ

പ്രകൃതിസൗന്ദര്യത്തിലെന്നപോലെ സ്ത്രീസൗന്ദര്യത്തിലും നിതാന്തം അഭിരമിച്ച ഒരു രസികാഗ്രേസരൻ ആയിരുന്നു ഉണ്ണുനീലീസന്ദേശകാരൻ. സാധാരണ കവികളെല്ലാം അങ്ങനെ തന്നെ. സന്ദേശകാവ്യകർത്താക്കന്മാർ വിശേഷിച്ചും അത്തരക്കാരാണു്. ഉണ്ണുനീലീസന്ദേശകാരൻ നായികയുടെ അസാധാരണമായ സൗന്ദര്യത്തെ ആരാധിച്ചിരുന്നു എന്നുവേണം പറയാൻ. 'മൽപ്രേമത്തിൻവിളകഴനി'യെന്നു് അവതരിപ്പിക്കുന്ന ആ നായികയെ, 'പൂമാതിന്നു സഹചരി' ആയും, 'അംഗനാമൗലിമാല' ആയും, 'അമൃതസരസി' ആയും, 'പ്രേക്ഷകന്മാർക്കു കർപ്പൂരാളി' ആയും ആണു് പ്രകീർത്തിക്കുന്നതു് (ii. 47). പ്രത്യംഗം ആ സ്ത്രീയുടെ ലാവണ്യം കവി സ്മരിക്കുന്നുണ്ടു് (ii. 48, 49, 50, 51, 52, 53, 54). ഈ പദ്യങ്ങൾ കവിസാമാന്യമായ രീതിയിലാണെങ്കിലും നായികയുടെ വർണ്ണന അവസാനിപ്പിക്കുമ്പോൾ 'എനിക്കോ കോണം പോരാ കുടില മിഴിതൻ കോലമിവ്വണ്ണമെന്മാൻ' എന്നു പറഞ്ഞിരിക്കുന്നു. (ii. 57). ആ രൂപത്തെപ്പററി മനസ്സിൽ കുടികൊണ്ടമതിപ്പാണു് 'എനിക്കു് ആ രൂപം എപ്രകാരമാണെന്നു പറഞ്ഞറിയിക്കാൻ കഴിവില്ല' എന്ന പ്രകാരത്തിൽ ചോർന്നു വീഴുന്നതു്.

നായികയുടെ വൈദുഷ്യാദി സിദ്ധികളും നായകൻ സ്മരിക്കാതിരിക്കുന്നില്ല. ഭർത്താവു വരുമോ ഇല്ലയോ എന്നു ജ്യോതിഷവിചാരം ചെയ്യാൻ വേണ്ട പാണ്ഡിത്യം ആ സ്ത്രീക്കു് ഉണ്ടായിരുന്നുവെന്നും (ii. 70), തളിയിൽ ക്ഷേത്രത്തിൽ കൂത്തു കണ്ടുകൊണ്ടിരിക്കെ തപതിയാർ പറഞ്ഞ പ്രാകൃതം മനസ്സിലാക്കിയെന്നും (ii. 94)പ്രസ്താവിച്ചിട്ടുള്ളതു് ആ സ്ത്രീയുടെ വൈദുഷ്യസിദ്ധിയെ പ്രദർശിപ്പിക്കാൻ പര്യാപ്തമാണു്.

നായികയുടെ ഭർത്തൃസ്നേഹം

നായികയ്ക്കു ഭർത്താവിനോടുള്ള സ്നേഹബഹുമാനങ്ങൾ ആണ് ഇനി ഗണന അർഹിക്കുന്നത്. ഇതു നായികയെപ്പററി പൊതുവേ ശരിയായ ധാരണ ഉണ്ടാകാനും ആവശ്യമാണ്. 'നായികയായ ഉണ്ണുനീലിയെപ്പററി കുലസ്ത്രീജനവിരുദ്ധമായോ അവഹേളനയോഗ്യമായോ യാതൊരു ആക്ഷേപവും പുറപ്പെടുവിക്കാൻ കാണുന്നതല്ല'* ഈ അംശത്തെപ്പററി കൂടുതൽ വിചാരിക്കാം. വിരഹിണിയും പതിദേവതയും ആയ ഒരു നായികയ്ക്കു സ്വാഭാവികമായി ഉണ്ടാകുന്ന വികാരങ്ങളും അവസ്ഥാവിശേഷങ്ങളും ഉണ്ണുനീലിയിൽ പ്രത്യക്ഷപ്പെടുന്നതായി വർണ്ണിച്ചിരിക്കുന്നു. നായകനു നായികയെപ്പററിയുള്ള അഭിപ്രായങ്ങളിൽനിന്നും ഉടലെടുക്കുന്നതാണല്ലോ ഈ വികാരങ്ങൾ. നായികയ്ക്കു തന്നോടു വേണ്ടത്ര പ്രണയബഹുമാനങ്ങൾ ഇല്ലെങ്കിൽ സന്ദേശം അയയ്ക്കുന്നതിനു തന്നെ അർത്ഥമില്ലെന്നു വരും. അഥവാ കാവ്യം എഴുതാനായി അങ്ങനെ ഒരു സന്ദേശം സൃഷ്ടിച്ചാലും അതിൽ വിരഹിണിയുടെ അവസ്ഥ വർണ്ണിക്കുമ്പോൾ നായികാനായകന്മാർ തമ്മിലുള്ള മാനസികബന്ധം സ്പഷ്ടമാകാതെ തരമില്ലല്ലോ. ഈ അംശത്തെ സംബന്ധിച്ചു കാവ്യത്തിൽനിന്ന് എന്തു സൂചന കിട്ടുന്നു? 'പ്രഥമവിരഹവ്യാകുല' ആയ ഉണ്ണുനീലി 'ശിശിരമഥിത' ആയ താമരപ്പൊയ്കപോലെ ആയിരിക്കുമെന്നും, അവളുടെ തിരുമെയ്യ് അന്യാകാരമായി തീർന്നിരിക്കുമെന്നും പറയുന്നു (ii. 58). ഊണിന്നാസ്ഥ കുറഞ്ഞിരിക്കുമെന്നും കണ്ണീരൊലിപ്പിച്ചുകൊണ്ടിരിക്കുമെന്നും (ii. 59, 61, 64) മററും വർണ്ണിച്ചിരിക്കുന്നു. ഇതൊക്കെ സന്ദേശങ്ങളുടെ ശൈലിയാണെന്നു പറഞ്ഞാൽ പ്രേമവതികളെപ്പററിയാണ് സന്ദേശമയയ്ക്കുന്നത് എന്നാണു സമാധാനം. എന്നാൽ വിരഹവ്യാകുലതയെയും ഭർത്തൃഭക്തിയെയും സൂചിപ്പിക്കുന്ന ചില പ്രത്യേക സംഗതികളും ഈ കാവ്യത്തിലുണ്ട്.

നൽച്ചൊൽ കേൾക്കും, തദനു കൊടിവള്ളിക്കുമോക്കും നിമിത്താ-
ന്യത്യാവേശാൽ പ്പണവുമഴിയും നീക്കി നിത്യം തൊടീക്കും
ഇമ്പപ്പൂവാൽ വിരഹദിവസാനെണ്ണുമിവ്വണ്ണമെല്ലാ-
മല്ലോ മല്ലക്കുഴലികളുടേ വേല കാന്തൻ പിരിഞ്ഞാൽ (ii. 71)

---

* ശ്രീ. വേലുപ്പിള്ളശാസ്ത്രി—അവ. പുറം 79.

കാന്തൻ പിരിഞ്ഞ ഒരു സതി വിരഹാവസ്ഥയിൽ ചെയ്യുന്ന കാര്യങ്ങളാണു തന്റെ ഭാര്യയെപ്പററി നായകൻ വർണ്ണിക്കുന്നതു്. തന്റെ ഭാര്യയുടെ പ്രണയത്തെപ്പററി ദൃഢവിശ്വാസം നായകനു് ഉണ്ടായിരുന്നു എന്നു് ഈ പ്രസ്താവന ഉൽഘോഷണം ചെയ്യുന്നു*. ഉണ്ണുനീലി രാമായണകഥ നോക്കി അനുശോചിച്ചു നെടുവീർപ്പിട്ടുകൊണ്ടിരിക്കും എന്നു പറഞ്ഞിട്ടുള്ളതു് (ii. 69) പതിദേവതയായ ഒരു സതിയുടെ പ്രതീതി വരുത്താൻവേണ്ടി ആയിരിക്കണമല്ലോ.


സന്ദേശത്തിലെ മാർഗ്ഗവർണ്ണന

സന്ദേശകാലത്തെപ്പററിയും നായികാനായകന്മാരെപ്പററിയും ഉള്ള പ്രധാന പ്രശ്നങ്ങൾ മുകളിൽ വിചാരിച്ചുകഴിഞ്ഞു. സന്ദേശഹരൻ പോകുന്ന മാർഗ്ഗത്തെപ്പററി ഇനി പരിഗണിക്കാം. മാർഗ്ഗവർണ്ണന ദക്ഷിണകേരളത്തിലെ അക്കാലത്തെ രാജ്യസ്ഥിതിയും മററും വ്യക്തമാക്കുന്നതുകൊണ്ടു് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നുണ്ടു്. തെക്കേ അററത്തെ രാജ്യമായിരുന്ന വേണാട്ടിലെ പ്രധാന ദേവാലയമായ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽനിന്നു തിരിച്ചു്, വേണാടും ഓണാടും തെക്കുംകൂറും കടന്നു്, വടക്കുംകൂറിന്റെ അന്നത്തെ തലസ്ഥാനമായിരുന്ന കടുത്തുരുത്തിവരെ ആണു സഞ്ചരിക്കുന്നതു്. മാർഗ്ഗവിവരണത്തെപ്പററി വിശദമായി പരിശോധിക്കാം.

ശ്രീ പദ്മനാഭനെ തൊഴുതുകൊണ്ടു് തിരുവനന്തപുരത്തുനിന്നു പുറപ്പെടണം. പദ്മനാഭസ്വാമിക്ഷേത്രത്തിൽ തന്നെ നരസിംഹമൂർത്തിയെയും വേദവ്യാസനെയും വിഷ്വക്സേനനെയും രാമലക്ഷ്മണഹനുമാന്മാരെയും പിന്നെ കൃഷ്ണനെയും വന്ദിക്കണം. ഊയൽപ്പുരമെത്തയിൽ കിടക്കുന്ന ഉണ്ണിക്കൃഷ്ണപ്രതിഷ്ഠയെ താലോലിച്ചും തഴുകിയും നിന്നു് അധികസമയം കളയാതെ, അയ്യപ്പനെയും പ്രദക്ഷിണം ചെയ്തു തിരിക്കണം. പിന്നെ തിരുവാമ്പാടി കൃഷ്ണനെയും ക്ഷേത്രപാലനെയും തൊഴുതുകൊണ്ടു്, പടിഞ്ഞാറേ ഗോപുരത്തൂടേ എഴുന്നള്ളത്തു പുറപ്പെടണം. അപ്പോൾ ആദിത്യവർമ്മയെ കണ്ടു് അഭിവന്ദനം ചെയ്യാൻ പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തു്

* തിരുമുൽക്കാഴ്ച 108-109; കെ. സാ. ച. ഉള്ളൂർ I. p. 162).

സന്ദേശഹരന്റെമാൎഗ്ഗം



വഴിയുടെ ഇടത്തുഭാഗത്തായി ഉണ്ണിയാടി എന്ന സുന്ദരി വന്നു നില്ക്കും. പടിഞ്ഞാറേ ഗോപുരത്തിനു വെളിക്കുവന്നു മേനാവിൽ കയറി പരിവാരങ്ങളുടെ അകമ്പടിയോടുകൂടി യാത്രയാകണം. പൂന്നപ്പൂമണം പേറിക്കൊണ്ടു പറക്കുന്ന കുളിർകാറ്റിന്റെ ഉപചാരം സ്വീകരിച്ച് ആ നടക്കാവിലൂടെ നേരെ പാൽക്കുളങ്ങര ക്ഷേത്രത്തിലാണു ചെന്നുചേരേണ്ടതു് (i. 53). പത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്ന് ഏതാണ്ട് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണ് പാൽക്കുളങ്ങര ക്ഷേത്രം. അവിടത്തെ പ്രതിഷ്ഠ ദേവീവിഗ്രഹമാണ്. പിന്നെ അവിടന്നു നേരെ പടിഞ്ഞാറോട്ടു പോയാൽ കടൽപ്പുറമാണ്—ശംഖുമുഖം കടൽപ്പുറം. രസികതയുടെ കേളീരംഗമായ വെണ്മണൽപ്പരപ്പ്". പാൽക്കുളങ്ങരനിന്നു നേരെ തൃപ്പാപ്പൂരേക്കാണു പോകേണ്ടതു്. (ഉദയാതിച്ചപുരമെന്നു മഹാകവി ഉള്ളൂർ. കേ. സാ. ച. I. 368).

തൃപ്പാപ്പൂർ ക്ഷേത്രവും കൊട്ടാരവും സ്ഥിതിചെയ്യുന്നതു് തിരുവനന്തപുരത്തുനിന്ന് എട്ടു മൈൽ വടക്കുപടിഞ്ഞാറാണ്. കടൽപ്പുറത്തുനിന്നു രണ്ടു മൈൽ കിഴക്കു മാറി, ഇപ്പോഴത്തെ തിരുവനന്തപുരം—കൊല്ലം റോഡിൽനിന്ന് ഒരു മൈൽ പടിഞ്ഞാറുവശത്തായിട്ടാണു തൃപ്പാപ്പൂര്. തൃപ്പാദപുരം ആണ് തൃപ്പാപ്പൂര് ആയതെന്നു പറഞ്ഞുവരുന്നു. വിഷ്ണുവിന്റെ തൃപ്പാദങ്ങൾ അവിടെ പതിഞ്ഞിട്ടുണ്ടെന്നാണ് ഐതിഹ്യം. തൃപ്പാപ്പൂർ, തിരുവനന്തപുരം, തിരുവട്ടാർ ഇവയെ സംബന്ധിപ്പിക്കുന്നതായി ഒരു ഐതിഹ്യമുണ്ട്. തൃപ്പാപ്പൂരെ പ്രധാന പ്രതിഷ്ഠ ശിവനാണ്. 'തൃപ്പാപ്പൂർ മൂപ്പ്' എന്നൊരു സ്ഥാനം വേണാട്ടു രാജകുടുംബത്തിന് അനേകം നൂറ്റാണ്ടുകളായി ഉണ്ട്. തൃപ്പാപ്പൂർ മൂപ്പേൽക്കുന്ന തമ്പുരാനാണ് സാധാരണയായി പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഭരണകാര്യങ്ങൾക്കു മേൽനോട്ടം നടത്തിയിരുന്നതെന്നു തോന്നുന്നു. തൃപ്പാപ്പൂർ കൊട്ടാരം ഉണ്ടായതു് ഏതു കാലത്താണെന്നും, തൃപ്പാപ്പൂർ മൂപ്പെന്ന സ്ഥാനം എങ്ങനെ ഉണ്ടായി എന്നും വ്യക്തമായി അറിയാൻ മേലാ. ഏതാണ്ട് അറുനൂറു വർഷത്തിനു മുൻപു തന്നെ പ്രധാനപരിഗണന അർഹിച്ച ആ സ്ഥലം സാമാന്യം പുരാതനമാണ് എന്നതിൽ സംശയത്തിനു വകയില്ല. അവിടെ മധ്യാഹ്നപൂജ തൊഴുതിട്ട്, അമൃതേത്തും കഴിഞ്ഞു്, വിശ്രമിക്കാതെ തന്നെ, യാത്ര പുറപ്പെടണമെന്നാണു നിർദ്ദേശം. (i. 60). പിന്നെയും കടൽത്തീരത്തോട്ട് അടുത്താണു വഴി തുടരുന്നതെന്നു തോന്നുന്നു.

എന്തെന്നാൽ മുതലയുള്ള ഒരു പൊഴി കടന്നുപോകണം എന്നു പറഞ്ഞിട്ടുണ്ട്. ചിറയിൻകീഴ് താലൂക്കിൻെറ പടിഞ്ഞാറുള്ള ഒരു പൊഴിയാണ് ഇത്. അഞ്ചുതെങ്ങിൽ കായലിൻെറ തെക്കു പടിഞ്ഞാറേ ഭാഗത്താണ് മുതലപ്പൊഴി. ആ പൊഴി കടന്നിട്ട് 'നീലപ്പീലിത്തഴകൾനിഴലാം അന്നടക്കാവിലൂ'ടെ പോയി പുത്തിടത്തു ചെല്ലണം (62). പുത്തിടം അന്നൊരു വലിയ അങ്ങാടിസ്ഥലമായിരുന്നു. പല ഭാഷകൾ സംസാരിക്കുന്ന അനേകം പേർ—വ്യാപാരത്തിന്നായിരിക്കണം — അവിടെ ചെന്നിരുന്നു എന്നതിന് സൂചനയുണ്ട് (63–66). ഈ സ്ഥലം വർക്കലയ്ക്കടുത്താണെന്നു തോന്നുന്നു. പല സ്ഥലങ്ങളുടെയും പുരാതന മഹിമ വിസ്മൃതമായതുപോലെയാണ് പുത്തിടത്തിൻെറ കഥയും.

പുത്തിടത്തുനിന്നു വർക്കലയ്ക്കാണു പോകേണ്ടത് (66). വർക്കല പുരാതനവും പാവനവും ആയ ഒരു സ്ഥാനമാണ്. വർക്കല പ്രതിഷ്ഠ ശ്രീകൃഷ്ണനാണ്. ജനാർദ്ദനം എന്ന പേരിൽ ഭാരതം മുഴുവൻ പ്രശസ്തമായ ഈ സ്ഥാനം കവിയുടെ ഭാവനയെ ഉദ്ദീപിപ്പിച്ചു. വർക്കലത്തമ്പിരാനെ തൊഴുതു് യാത്ര തുടരാനാണ് അപേക്ഷ. പിന്നീട്ടു കൊല്ലത്തുവരെയുള്ള വഴി അത്ര വ്യക്തമല്ല. ഏതാണ്ടു കടൽത്തീരത്തുനിന്നും അധികം അകലെയല്ലാതെയാണു വഴി കിടന്നിരുന്നതെന്നു തോന്നുന്നു. 'താടസ്ഥ്യം ന ത്യജ' എന്നു ശുകസന്ദേശത്തിൽ പറഞ്ഞിട്ടുള്ളതും അനുസ്മരിക്കുക. ഒരു കാളീ-ക്ഷേത്രത്തിൽ തൊഴുതു് ഒരു പുഴയും കടന്ന് കൊല്ലത്തു ചെല്ലണം എന്നാണു പറഞ്ഞിട്ടുള്ളതു് (68). ഈ കാളീക്ഷേത്രം ഏതെന്നും പുഴ ഏതെന്നും തെളിയുന്നില്ല. പരവൂർ അടുത്തുള്ള ഏതോ ക്ഷേത്രത്തെ ആയിരിക്കും സ്മരിക്കുന്നതു്. പരവൂർ കായലിൻെറ പടിഞ്ഞാറേ കരയ്ക്കായി 'പൊഴിക്കര' എന്നു പുരാതനമായ ഒരു ദേവീക്ഷേത്രമുണ്ടു്. ആ ദേവിയെയും ഒരു വലിയ പുഴപോലെ കിടക്കുന്ന പരവൂർക്കായലിനെയുമാണ് കവി സ്മരിക്കുന്നതെന്നു തോന്നുന്നു (68). ഇപ്പോൾ കടൽത്തീരത്തിനടുത്തുകൂടെ വഴിയില്ലാത്തതുകൊണ്ടു് അന്നും ഉൾനാട്ടിലൂടെ ആയിരുന്നു വഴിയെന്നു ചിലർ കരുതുന്നു. എന്നാൽ അക്കാലത്തു കടൽത്തീരത്തുകൂടെ തന്നെ വഴി ഉണ്ടായിരുന്നുവെന്നും, കടലിൻെറ ആക്രമണം കൊണ്ടു തീരസ്ഥലങ്ങൾ വെള്ളത്തിൽ അടിഞ്ഞതാണു് അതു മറഞ്ഞുപോയതെന്നും അറിയാം. കൊല്ലത്തിൻെറ പടിഞ്ഞാറുവശം തന്നെ വളരെ ഏറെ സ്ഥലം കടലിൽ അടിഞ്ഞുപോയെന്നും,

അങ്ങനെയാണ് അവിടത്തെ പുരാതനമായ കൊട്ടാരവും മററും നശിച്ചതെന്നും പറഞ്ഞുവരുന്നു.

കൂപകാധീശ്വരന്മാരുടെ കുലപുരിയായ 'കോളംബപട്ടണം' ആണ് പിന്നെ വഴിയിലുള്ള പ്രധാന സ്ഥാനം (68—69). നൂററാണ്ടുകൾ കണക്കില്ല്യ സഹസ്രാബ്ദങ്ങളായി പ്രശസ്തിയാർന്ന ഒരു സ്ഥലമാണ് കൊല്ലം. വേണാട്ടിന്റെ രാജധാനിയായും വാണിജ്യകേന്ദ്രമായും നാവികസങ്കേതമായും പെരുമ പെററ സ്ഥലം; ചീനന്മാരെയും അറബികളെയും യൂറോപ്യന്മാരെയുംമാറി മാറി ആകർഷിച്ച വാണിജ്യലക്ഷ്മി അവിടെ മുടിചൂടിവാണരുളി. അനേകം ദേശസഞ്ചാരികളുടെയും കവികളുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു. 'കൊല്ലം കണ്ടാൽ ഇല്ലം വേണ്ട' എന്നു ലോകരെക്കൊണ്ടു സമ്മതിപ്പിച്ച പട്ടണമാണ് അതു്. സന്ദേശകാലത്തെ കഥയാണെങ്കിൽ അതായിരുന്നു വേണാട്ടിന്റെ രാജധാനി. വേണാടർകോനായ രവിവർമ്മ മഹാരാജാവിന്റെയും അദ്ദേഹത്തിന്റെ അനുജനായ ആദിത്യവർമ്മയുടെയും ഭരണനൈപുണ്യംകൊണ്ടു്, അവിടം നാളൊന്നുക്കു് സമുദയവതിയായി സമുല്ലസിച്ചു. ചീനന്മാരുടെയും മററും കപ്പൽ കൊല്ലത്തു ധാരാളമായി വ്യാപാരത്തിനു് അടുത്തിരുന്നു (70). 'കൊല്ലത്തിനു സമം കൊല്ലമേയുള്ളു' എന്നു പറയത്തക്ക പ്രകാരത്തിൽ അന്നു് അവിടം ഐശ്വര്യപുഷ്ടമായിരുന്നു (71). ആദിത്യവർമ്മ ചെല്ലുന്നതറിഞ്ഞു് നാവികനിവഹം രത്നവും സ്വർണ്ണവും കാഴ്ച വച്ചു കാണാൻ തിങ്ങിക്കൂടും (79). കൊല്ലത്തെ അങ്ങാടിയുടെ വലിപ്പം മുച്ചന്തിക്കൽ ചന്തയുടെ വർണ്ണനകൊണ്ടു മനസ്സിലാക്കാം (79—86). അനേകം തരത്തിലുള്ള ഗൃഹോപകരണങ്ങൾ ഒരിടത്തു്—തട്ടം, കട്ടിൽ, കയറു്, വല, കസ്സൂട്ടിൽ എന്നു തുടങ്ങിയവ; പല തരത്തിലുള്ള നെല്ലുകൾ. കോലാ, മൂങ്ങൻ, ചൊറുക്, കൊഴമീൻ, കൊഞ്ചു്, പാമ്പാട, പൂമീൻ തുടങ്ങി പല പല തരത്തിലുള്ള മീനുകൾ; അനേകം അങ്ങാടിമരുന്നുകൾ; ഈ സ്ഥലം പല ഭാഷകൾ സംസാരിക്കുന്ന ആളുകളുടെ തിക്കും തിരക്കും നിറഞ്ഞതായിരുന്നു. ആദിത്യവർമ്മ കൊല്ലത്തു ചെല്ലുമ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്യാൻ വെള്ളൂർ നാണി എന്ന സുന്ദരി വഴിയിൽ വന്നുനില്ക്കും. വെള്ളൂർ നാണി ആരായിരിക്കാം? രാജാവിനെ സൽക്കരിക്കത്തക്ക മഹിമയുള്ള ഏതോ ഒരു ഉൽകൃഷ്ടകുടുംബത്തിലെ നായിക ആയിരിക്കണം. രാജകുടുംബത്തോടു ബന്ധമുള്ള ഒരു സ്ത്രീ ആയിരിക്കാനാണ്

സാംഗത്യം. വഴിയിൽ കാണുന്ന 'ചെന്നങ്ങളെ' എല്ലാം വർണ്ണിക്കാനാണു് കവി മുതിരുന്നതെന്നു വിചാരിക്കുന്ന ഉത്താനബുദ്ധികളെ നോക്കി വെള്ളൂർ നാണിയും ആദിത്യവർമ്മയും അപഹാസമന്ദസ്മിതം പൊഴിക്കട്ടെ!

കൊല്ലത്തു ചെന്നാൽ ആദ്യമായി ആദിത്യവർമ്മ വിഘ്നേശ്വരനെ വന്ദിക്കുന്നു—'മുരിതവിട്ടപ്പു്' അഴകു പൊഴിയിപ്പിക്കുന്ന മാതംഗവക്ത്രനെ'. മുരതവിട്ട ഗണപതി ഏതെന്നു മനസ്സിലാകുന്നില്ല.

വിഘ്നേശ്വരനെ വന്ദിച്ചിട്ടു് 'പനങ്ങാവനത്തിൽ' ചെന്നു് ആദിത്യവർമ്മ കുലദേവതയായ കാളിയെ കൈതൊഴുന്നു. പനങ്ങാവനം പുരാതനമായ ഒരു രാജസങ്കേതമാണു്. കൊല്ലവർഷം 149-ാമാണ്ടത്തെ മാമ്പള്ളിശാസനത്തിൽ പനങ്കാവിൽ കോയിലിനെപ്പറ്റി പറയുന്നുണ്ടു്. [T. A. S. Vol. IV P. 1-16]. ചെങ്ങന്നൂർ ഗ്രാമപ്പതിന മഹാജനങ്ങളും കൂടിയിരിക്കെ കൊല്ലത്തു പനങ്ങാവിൽ കോവിലിലെ കൊട്ടിലിൽ വച്ചു് വേണാട്ടടികൾ ശ്രീവല്ലഭൻ കോത തിരുകലെയപ്പുറത്തു് ആതിച്ചനമയമ്മയ്ക്കു്, ഉമയമ്മ അയിരൂർ പ്രതിഷ്ഠിച്ച ഭട്ടാരകരെയും ഭട്ടാരകർക്കുള്ള സ്ഥലങ്ങളെയും നീരോടെ പൂവോടേ അട്ടിപ്പേർ കൊടുക്കുന്നതാണു് അതിലെ വിഷയം. പനങ്കാവു് അന്നു് മഹാരാജാവിന്റെ വാസത്തിനുള്ള കൊട്ടാരമായിരുന്നിരിക്കാം; അല്ലെങ്കിൽ വേണാട്ടു രാജകുടുംബത്തിന്റെ കുലദേവതയെ തിഷ്ഠിച്ച ക്ഷേത്രമാകാനും മതി.

ഇന്നു നടപ്പിലുള്ള മലയാളവർഷം ആരംഭിച്ചതു് കൊല്ലത്തു വച്ചാണല്ലോ. കൊല്ലത്തിനു് അന്നത്തെ പ്രാധാന്യത്തിനു് അതുതന്നെയാണു് മതിയായ തെളിവു്. 149-ൽ പനങ്കാവിൽ കോവിലിൽ ശ്രീവല്ലഭൻ കോത എഴുന്നള്ളിയിരുന്നു രാജ്യകാര്യങ്ങൾ വഹിക്കുന്നു. പിന്നെയും മൂന്നാലു നൂറ്റാണ്ടുകൾ കഴിഞ്ഞു; അതേ പനങ്കാവിൽ വേണാട്ടിലെ അന്നത്തെ ഇളമുറ ആയ ആദിത്യവർമ്മ എഴുന്നള്ളി ഭഗവതിയെ (കുലദേവതയെ) ഭജിക്കുന്നു. അങ്ങനെ അനേകം നൂറ്റാണ്ടുകളിൽ പ്രശസ്തമായിരുന്ന ആ പനങ്കാവനംകോയിൽ ഇന്നു് എവിടെ? തിരക്കിയിട്ടു് ഒരു തുമ്പും കിട്ടുന്നില്ല. ഭദ്രകാളിയാണു് പനങ്ങാവനത്തിൽ ആവാസം ചെയ്യുന്നതു്. അതുകൊണ്ടു് കാളീക്ഷേത്രം തിരഞ്ഞുപിടിച്ചുവേണം പനങ്ങാവനം ഏതെന്നു മനസ്സിലാക്കാൻ.

പനങ്ങാവനത്തിനെക്കാറം കുറവില്ലാത്ത വൈരാത്ത കുഴപ്പമാണ് ആതിച്ചപുരത്തപ്പൻ (75). ആതിച്ചനല്ലൂർ ക്ഷേത്രമാണ് ഇതു് എന്നാണു ശ്രീ. ആറ്റൂർ പറഞ്ഞിട്ടുള്ളതു്. ആ പ്രസ്താവം സ്വീകരിക്കാൻ മേലാ. കൊല്ലത്തെ വർണ്ണിച്ചിട്ട് മൂരിത്തിട്ട ഗണപതിയെയും പനങ്ങാവനം ഭഗവതിയെയും പററി പറഞ്ഞു കഴിഞ്ഞിട്ടാണ് ആതിച്ചപുരത്തപ്പനെ സ്മരിക്കുന്നതു്. ആതിച്ചപുരം ആതിച്ചനല്ലൂരാണെങ്കിൽ, ഈ പ്രസ്താവക്രമം സമുചിതമല്ല. കൊല്ലത്തിനു് ആറേഴ മൈൽ തെക്കുകിഴക്കാണ് ആതിച്ചനല്ലൂർ. കടൽത്തീരം അടുപ്പിച്ചായിരുന്നു വഴിയെങ്കിൽ, ആതിച്ചനല്ലൂരിനു കുറേ പടിഞ്ഞാറുകൂടി സന്ദേശഹരൻ കൊല്ലത്തു ചെല്ലും. അല്ല, കുറേ ഉള്ളിലോട്ടു കയറി കിഴക്കുകൂടിയായിരുന്നു വഴിയെങ്കിൽ, ആതിച്ചനല്ലൂർ കഴിഞ്ഞിട്ടാണ് കൊല്ലത്തു ചെല്ലുക. അക്കണക്കിനു് ആതിച്ചപുരത്തെ ആതിച്ചനല്ലൂരാക്കുന്നതു് കുറേ കുഴപ്പമാണ്. അങ്ങനെ വരുമ്പോൾ മൂരിത്തിട്ടയും പനങ്ങാവനവും പോലെ ആതിച്ചപുരവും അജ്ഞാതമായിച്ചമയുന്നു. ആതിച്ചപുരത്തിനടുത്തു് അന്നു പൂജ്യപാദരും ശാസ്ത്രപാരംഗതരുമായിരുന്ന അനേകം ഭട്ടന്മാർ ഉണ്ടായിരുന്നു. അവർ താനത്തിനു്–ദാനത്തിനോ ഭട്ടദാനം (പട്ടത്താനം) സമ്പാദിക്കാനോ ആയിരിക്കണം, ആദിത്യവർമ്മയെ ചെന്നു കണ്ടു്. (75).

പിന്നെ ആദിത്യവർമ്മ തന്റെ ജ്യേഷ്ഠഭ്രാതാവും വേണാടർകോനുമായ രവിവർമ്മയെ കാണണം. രവിവർമ്മ എഴുന്നള്ളി താമസിച്ചിരുന്ന കൊട്ടാരത്തിന്റെ പേർ പറഞ്ഞിട്ടില്ല. മാമ്പള്ളി മുഖാന്തരം ആദിത്യവർമ്മ യാത്രയുടെ ഉദ്ദേശം രവിവർമ്മയെ അറിയിപ്പിക്കണമെന്നാണ് നിർദ്ദേശം. മാമ്പള്ളി മന്ത്രിയോ പുരോഹിതനോ ആയിരുന്നിരിക്കാം. മാമ്പള്ളിപ്പണ്ടാരത്തിലേക്കു് * വേണാട്ടു രാജകുടുംബവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. സന്ധ്യയ്ക്കു മുച്ചന്തിക്കലെ വാണിജ്യം കാണാൻ പോകുന്ന കാര്യം മുൻപേ സൂചിപ്പിച്ചുവല്ലോ. കരിപ്പൂക്കുളത്താണ് ആദിത്യവർമ്മ അന്നു രാത്രി കഴിച്ചുകൂട്ടേണ്ടതു് (86). കരിപ്പൂക്കുളം ഏതെന്നു് അറിയുന്നില്ല. പടിഞ്ഞാറേ കൊല്ലത്തുള്ള ഒരു കൊട്ടാരം ആയിരുന്നിരിക്കാം അതു്. എന്നാൽ

---

* മാമ്പള്ളി കീഴാററിങ്ങലാണ്. ചിറയിൻകീഴ് താലൂക്കിൽ കീഴ്പ്പേരൂർ ആയിരുന്നു വേണാട്ടു രാജകുടുംബത്തിന്റെ ആദ്യസ്ഥാനം. അന്നു തൊട്ടായിരിക്കും മാമ്പള്ളിയുമായുള്ള ചാർച്ച.

കരിപ്പുക്കളം എന്നൊരു സ്ഥലത്തെയോ കൊട്ടാരത്തെയോ പററി അവിടെ അന്വേഷിച്ചതിൽ അറിവു കിട്ടുന്നില്ല. പദ്യത്തിലെ പുതിയ പൊഴിയെപ്പററി അടുത്തു പറയുന്നതുകൊണ്ട്, കരിപ്പുക്കളം നീണ്ടകര അഴിയുടെ തെക്കേക്കരയ്ക്ക് അടുത്ത് ആയിരിക്കാനാണ് ന്യായം. അവിടെ ശക്തികുളങ്ങര ക്ഷേത്രം പ്രസിദ്ധമാണ്. അതിനടുത്തായിരിക്കുമോ കരിപ്പുക്കളം? സന്ദേശഹരൻ അന്ന് അന്തിത്തേവാരവും അത്താഴമുഹൂർത്തവും കഴിച്ച് അവിടെ വിശ്രമിക്കുന്നു.

രണ്ടാം ദിവസം കരിപ്പുക്കളത്തുനിന്നാണ് യാത്ര പുറപ്പെടേണ്ടതു്. കുളിയും ആഹാരവും കഴിഞ്ഞ് ബ്രാഹ്മണർക്ക് ദാനം ചെയ്തിട്ട് മഹാഭാരത പാരായണം കേട്ട് അവിടെനിന്നു പുറപ്പെടണം. ആദ്യം കടക്കേണ്ടതു് അടുത്തുള്ള പൊഴിയാണ്, അതായതു് അഷ്ടമുടിക്കായലും കടലും ചേരുന്ന നീണ്ടകര അഴി. അന്ന് അവിടം പൊഴിയായി കിടന്നിരിക്കണം. പുതിയ പൊഴിയെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കാനുള്ളതാണ്. [പുതുതായിട്ടായിരിക്കുമോ അഴി പൊഴിയായി മാറിയതു്?]. പൊഴിയും പൂക്കൈതയും പിന്നിട്ടു പോകണം എന്ന് ആണ പറഞ്ഞിട്ടുള്ളതു്. നീണ്ടകര അഴി തൊട്ടു വടക്കോട്ടുള്ള വഴിയുടെ ഇരുപാടും പൂക്കൈത ധാരാളമുണ്ട്. പൂത്തുനില്ക്കുന്ന കൈതകളുടെ ഭംഗി കണ്ടും സൗരഭ്യംകൊണ്ടു സംപ്രീതി പൂണ്ടും ആദിത്യവർമ്മയ്ക്ക് എഴുന്നള്ളാം എന്നാണ് സന്ദേശകർത്താവിന്റെ നിർദ്ദേശം. നീണ്ടകരനിന്നുള്ള വഴിയിൽ പന്മനത്തമ്പിരാനെ തൊഴുതു് കന്നേററി കടന്നു പോകണം (90). 'പടയൊററ കടന്നീടുകെന്നോററി പിന്നെ' എന്ന അബദ്ധപാഠം വച്ചുകൊണ്ടാണ് ഇതുവരെയുള്ള വ്യാഖ്യാനങ്ങൾ. 'പടയൊടു കടന്നീടു കന്നേററി തന്നെ' എന്നാണ് സാധുപാഠം (90). നീണ്ടകര അഴിയിൽനിന്നു പന്മനയ്ക്കു നാലു മൈലോളം ദൂരമുണ്ട്. ചവറയ്ക്കു വടക്കാണ് പന്മന. പന്മന പ്രതിഷ്ഠ സുബ്രഹ്മണ്യനാണ്. പന്മന നിന്നു രണ്ടു മൂന്നു മൈൽ വടക്ക് ആണ് കന്നേററി. കന്നേററി ഓണാട്ടിന്റെ തെക്കേയററമാണ്. തോവാളതൊട്ടു കന്നേററിവരെയായിരുന്നു പഴയ വേണാട്ടിന്റെ-വ്യാപ്തി എന്നു രേഖയുണ്ട്. അവിടംതൊട്ടുള്ള വഴി ഓടനാട്ടിൽ കൂടെയാണ് (91). സമൃദ്ധിയായി കൃഷിചെയ്തിട്ടുള്ള നാളികേര വൃക്ഷങ്ങളെക്കൊണ്ടു മനോഹരവും സമ്പൽപൂർണ്ണവും ആയിരുന്നു അന്നും ഓടനാട്. അവിടെ ഇടയ്ക്കിടെ പരദേശബ്രാഹ്മണരുടെ

സങ്കേതങ്ങൾ ഉണ്ടായിരുന്നു. അവിടങ്ങളിൽക്കൂടി സഞ്ചരിച്ച് രണ്ടു വിഷ്ണുക്ഷേത്രങ്ങൾ കടന്ന് കായംകുളത്തു ചെല്ലാം. വഴിയിലുള്ള ഈ രണ്ടു വിഷ്ണുക്ഷേത്രങ്ങളിൽ ഒന്നു പുലിയൻ കുളങ്ങരയും മററതു കൃഷ്ണപുരവുമായിരിക്കണം. കായംകുളത്ത് അങ്ങാടിയെപ്പററി പരാമർശിക്കുന്നു എന്നല്ലാതെ അതിനെപ്പററി വർണ്ണിക്കുന്നില്ല. കായംകുളത്തു നിന്ന് അല്പം കിഴക്കോട്ടു തിരിഞ്ഞു വടക്കോട്ടാണ് പിന്നത്തെ വഴി. കായംകുളം കഴിഞ്ഞാൽ ഓട നാട്ടിന്റെ രാജധാനിയായിരുന്ന കണ്ടിയൂരാണ് ചെല്ലേണ്ടതു്. മാവേലിക്കരെയ്ക്കടുത്താണു കണ്ടിയൂര്. അതു് അച്ചൻകോവിൽ ആററിന്റെ തീരത്താണ്. കണ്ടിയൂരും അടുത്തുള്ള മററവും മററു സ്ഥലങ്ങളും സന്ദേശകർത്താവിന്റെ പ്രീതിക്കും പ്രശംസയ്ക്കും പ്രത്യേകം വിഷയമാണ് (96–101). തട്ടാരമ്പലത്തിന് അടുത്തുള്ള അങ്ങാടിയും പാലവും കടന്ന് വലത്തെ ഭാഗത്തായി നടന്നാൽ കണ്ടിയൂർ ചെല്ലാം (98) പാലം അവിടെ അടുത്തുള്ള തോട്ടിലേതാണെന്നു തോന്നുന്നു. കണ്ടിയൂർ അന്നു വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമായിരുന്നു. ഉണ്ണിയാടീ ചരിതം, ശിവവിലാസം തുടങ്ങിയുള്ള കൃതികൾ ഈ വിഷയത്തിൽ വേണ്ട തെളിവു തരുന്നു. (ഉള്ളൂരിന്റെ വിജ്ഞാനദീപിക നാലാം ഭാഗത്തിൽ ശിവവിലാസത്തെപ്പററിയുള്ള ഉപന്യാസം കാണുക). അന്ന് അവിടം കായംകുളം രാജാക്കന്മാരുടെ ആവാസസ്ഥാനമായി പ്രസിദ്ധി പെററിരുന്നു.

കൊല്ലവർഷം തുടങ്ങുന്നതിന് രണ്ടു വർഷം മുൻപേ സ്ഥാപിച്ചതാണ് ത ങ്കണ്ടിയൂർക്ഷേത്രം. ചെറുകര ഉണ്ണിയാടി, മുത്തുററ് ഇളയച്ചി ഈ സ്ത്രീരത്നങ്ങളെ, കണ്ടിയൂരിനെപ്പററി പരാമർശിക്കുമ്പോൾ, വർണ്ണിക്കുന്നു. (101, 102, 103). കണ്ടിയൂർ ചെന്നാൽ ആദ്യമേ അമ്പലത്തിലെത്തി ശിവനെ കുമ്പിടണം. അപ്പോൾ ചെറുകര കുട്ടത്തി ഉപചാരത്തിന് ആദിത്യവർമ്മയെ വന്നു കാണും (100). കുട്ടത്തി കായംകുളത്തെ ഒരു തമ്പുരാന്റെ ഭാര്യ ആയിരുന്നു. ചെറുകരവീട്ട് ഇപ്പോൾ ഇല്ലെന്നാണ് അന്വേഷണത്തിൽ നിന്നു മനസ്സിലാകുന്നതു്. [ആ വീട്ട് കായംകുളം രാജാക്കന്മാരുടെ ഭാര്യാഗൃഹമായിരുന്നു]. ദാമോദരച്ചാക്യാർ എഴുതിയ ശിവവിലാസമെന്ന സംസ്കൃത കാവ്യത്തിലെ വിഷയം ചെറുകര കുട്ടത്തിയുടെ മകൾ ഉണ്ണിയാടിയുടെ സ്വയംവരമാണ്. ഉണ്ണിയാടി കായംകുളത്തെ വീരകേരളവർമ്മയ്ക്ക് കുട്ടത്തിയിൽ ഉണ്ടായ മകളാണ്.

ചെറുകരയെ 'വത്സതീരം' എന്ന പേരിലാണ് ശിവവിലാസത്തിൽ പറഞ്ഞിട്ടുള്ളത്. ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്ത് ആയിരുന്നു 'നാട്ടിൽ ചൊല്ലേറിയ' ആ ഗൃഹം.

> അജനി ഗിരിശഗേഹാത്തസ്യ പാശ്ചാത്യഭാഗേ
> ത്രിജഗദനുസമജ്ഞൈ സംജ്ഞയാ വത്സതീരേ
> ധരണികമിതുരിഷ്ടാ നർത്തകീനാം വരിഷ്ഠാ
> കടിലദൃഗഥ ഉപ്പുസ്ത്രീതി നാമ്നാ പ്രസിദ്ധാ
>
> (ശിവവിലാസം)

'ഉപ്പുസ്ത്രീ' കുട്ടത്തിയുടെ സംസ്കൃത രൂപമായിരിക്കണം. ശിവവിലാസത്തിലെ കുട്ടത്തി വീരകേരളവർമ്മയുടെ ഭാര്യ ആയിരുന്നു. ഉണ്ണുനീലി സന്ദേശകാലത്ത് കായംകുളം രാജാവ് രവിവർമ്മ ആയിരുന്നതിനാൽ ഉണ്ണുനീലി സന്ദേശത്തിലെ കുട്ടത്തിയും ഉണ്ണിയാടിയും * അന്ന് ഇളമുറയായിരുന്ന വീരകേരളവർമ്മയുടെ ഭാര്യയും മകളും ആയിരുന്നെന്നു കരുതാം. ചെറുകരവീടു നിന്ന സ്ഥാനത്തെപ്പറ്റി ആണല്ലോ നമുക്ക് ഇവിടെ പറയാനുള്ളത്. കണ്ടിയൂർ അമ്പലത്തിനു പടിഞ്ഞാറു വശത്തായിരുന്നു ചെറുകര എന്ന് മേൽ ഉദ്ധരിച്ച ശ്ലോകത്തിൽ നിന്നു കാണാം. ചെറുകരവീട്ടിലെ ഉണ്ണിയാടിയെ ആദിത്യവർമ്മയ്ക്കു വീട്ടിൽ ചെല്ലാതെ തന്നെ കാണാൻ കഴിഞ്ഞതും എന്നു പറയുന്നു (102). കണ്ടിയൂർ ക്ഷേത്രത്തിൽ നാട്യപ്രയോഗത്തിനു ഉണ്ണിയാടി വരുമ്പോഴാം ആദിത്യവർമ്മയ്ക്കു കാണാം എന്നായിരിക്കും അഭിപ്രായം. ഉണ്ണിയാടിയുടെ വർണ്ണനയിൽ നിന്ന് അവർ നാട്യവിദ്യയിൽ അതിനിപുണയായിരുന്നു എന്നു മനസ്സിലാക്കാം (102). കണ്ടിയൂർ മുത്തുററ് ഇളയച്ചി എന്ന വേറൊരു സുന്ദരിയും ആദിത്യവർമ്മയെ കാണാൻ വഴിയിൽ വന്നു നില്ക്കും. മുത്തുററ് എന്ന ഗൃഹനാമം ഇപ്പോഴുമുണ്ട്. കണ്ടിയൂർ ക്ഷേത്രത്തിനു വെളിയെ വടക്കുപടിഞ്ഞാറെ മൂലയ്ക്കു തൊട്ടാണ് ആ വീട് സ്ഥിതിചെയ്യുന്നത്. അവിടെ ഇപ്പോൾ ഒരു പുതിയവീടാണു

---

* മുമ്പിലുള്ള പ്രസാധനങ്ങളിൽ ചെറുകര കുട്ടത്തി എന്നു കാണുന്നില്ല. 'ചെറുതുരച്ചെന്ന കുളത്തി' എന്നാണു കാണുന്നത്. ഈ പാഠം ശരിയല്ലെന്നും 'ചെറുകരച്ചേർന്ന കുട്ടത്തി'യാണ് ശരിയായ പാഠമെന്നും ഉള്ളൂർ വിജ്ഞാനദീപിക നാലാംഭാഗത്തിൽ എടുത്തു കാണിച്ചിട്ടുണ്ട്.

കാണുന്നതു്. കായംകുളം രാജാക്കന്മാർ വാണിരുന്ന കാലത്തു് മുട്ടുറവു വീട്ടു് പ്രാധാന്യം വഹിച്ചിരുന്നു എന്നു സ്ഥലത്തു പറഞ്ഞുപോരുന്നതായി അറിയുന്നു.

കണ്ടിയൂർ ചെന്നാൽ ആദിത്യവർമ്മ ഓടനാട്ടുരാജാവായ രവിവർമ്മയുടെ ആതിഥ്യസൽക്കാരം സ്വീകരിച്ചു് അദ്ദേഹത്തെ സംഭാവനം ചെയ്യണം. കറുങ്ങാട്ടു് ഉണ്ണുനീലി, കറുങ്ങാട്ടു് ഉണ്ണിച്ചുക്കി, കറുങ്ങാട്ടു ചിരുതേവി എന്നിവർ ആദിത്യവർമ്മയെ വന്നുകണ്ടു് ഉപചരിക്കും. കറുങ്ങാട്ടുവീട്ടു് ഇപ്പോഴുമുണ്ടു്. അതു മറ്റത്താണു്. കണ്ടിയൂർ ക്ഷേത്രത്തിൽ നിന്നു് ഏതാണ്ടു് മുക്കാൽ മൈൽ വരും. ക്ഷേത്രത്തിനു വടക്കേ പടിഞ്ഞാറേ ഏലാ കടന്നു പോകണം. കായംകുളം രാജാക്കന്മാരുടെ കുലദേവതയായ മറ്റത്തു നരസിംഹമൂർത്തിയുടെ ക്ഷേത്രത്തിൽ നിന്നു വളരെ അകലെയല്ലാതെയാണു് ആ വീടു്. അമ്പലത്തിനു തൊട്ടു് ആറിന്റെ തീരത്തായി കായംകുളം രാജാവിനു താമസിക്കാൻ ഒരു പഴയ കൊട്ടാരവും ഉണ്ടായിരുന്നതായി അറിയുന്നു. കറുങ്ങാട്ടുവീട്ടു് ഇപ്പോൾ വളരെ ക്ഷയിച്ചുപോയി. ഇപ്പോൾ ഒരു പഴയ പുര മാത്രമേ അവിടെ ഉള്ളൂ. ആ വീട്ടുകാർക്കു പാരമ്പര്യമായി സംഗീതവാസന സിദ്ധിച്ചിട്ടുണ്ടെന്നു് അറിയുന്നു. കണ്ടിയൂർ ചെല്ലുന്ന രാത്രി എവിടെയാണു് ആദിത്യവർമ്മ കഴിച്ചുകൂട്ടുന്നതെന്നു വ്യക്തമല്ല. ഓടനാട്ടുകോനായ രവിവർമ്മയുടെ ആതിഥ്യം സ്വീകരിക്കുന്നതുകൊണ്ടു് കൊട്ടാരത്തിൽ തന്നെ കഴിച്ചിരിക്കണം. മൂന്നാം ദിവസത്തെ യാത്ര മറ്റത്തുനിന്നു് ആരംഭിക്കുന്നു (112) 'മറ്റം പിന്നിട്ടിനിയ പുഴയും കണ്ടിയൂരേ വരേണ്ടും,' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് മറ്റത്തു നരസിംഹക്ഷേത്രത്തിനു് അടുത്തുള്ള കൊട്ടാരത്തിലായിരിക്കണം ആദിത്യവർമ്മ കഴിച്ചതു് എന്നു വിചാരിക്കാം. കണ്ടിയൂരും മറ്റവും അച്ചൻകോവിലാറിന്റെ ഒരേ കരയിൽ തന്നെയാണു്. അതിനാൽ, മറ്റവും പുഴയും പിന്നിട്ടു കണ്ടിയൂർ വരണമെന്നു പറഞ്ഞിട്ടുള്ളതു് മറ്റത്തിനും കണ്ടിയൂരിനും ഇടയ്ക്കു വയലിലുള്ള തോടിനെ പരാമർശിക്കുന്നതാണെന്നു മനസ്സിലാക്കാം.

മൂന്നാം ദിവസം രാവിലെ മറ്റത്തുനിന്നു കണ്ടിയൂർ വരുന്ന വഴി ആറിന്റെ മറുകര ചെന്നിത്തല കാണാം (112). ചെന്നിത്തലവഴി ആയിരിക്കണം യാത്ര തുടരുന്നതു്. അന്നത്തെ യാത്രയിൽ പിന്നെ ആദ്യം ചെല്ലുന്നതു് ഒരു ശിവക്ഷേത്രത്തിൽ

ആണു്" (113). 'അതിന്റെ നാമം ചൊല്ലാൻ അരുതു്".
ആ അമ്പലം ഏതെന്നു തെളിയുന്നില്ല. ഒരു പക്ഷേ ഇതു്
ഇരമത്തൂർ ശിവക്ഷേത്രമായിരിക്കാം. 'നാമം ചൊല്ലാനരുതു്'
എന്നു പറഞ്ഞിരിക്കുന്നതു് ആ സ്ഥലത്തിന്റെ പേരു പറയുന്നതു
ശുഭമല്ലെന്നു് ഒരു അന്ധവിശ്വാസം നാട്ടിലുള്ളതുകൊണ്ടാണു്. *
അവിടെനിന്നു തൃക്കരട്ടി വരെ വഴി അതിമനോഹരമായിരുന്നു.
തേൻ തുളുമ്പി പരിമളം പരത്തുന്ന പൂക്കളും അണിഞ്ഞ വല്ലികളും,
തളിരണിഞ്ഞ മരങ്ങളും, ഇതാണു് വഴിയുടെ ഇരുപാട്ടും കാണുന്ന
കാഴ്ചകൾ. പുരാതനവും പ്രസിദ്ധവുമായ ഒരു ശിവക്ഷേത്രമാണു്
കരട്ടി. മാന്നാർ എന്ന സ്ഥലത്തിന്റെ പ്രാന്തത്തിലാണു്
ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. അവിടന്നു പനയന്നാർ
കാവിൽ ക്ഷേത്രത്തിലേക്കു് അധികം ദൂരമില്ല. 'നേരേ നടന്നാൽ
ക്രുവീടപ്പാൽ പാഗി പനയന്നാർകാവു്" എന്നാണു് പറഞ്ഞിരി
ക്കുന്നതു്. ക്രുവിയാൽ കേൾക്കാവുന്ന ദൂരമേയുള്ളു എന്നർത്ഥം.
ക്രുവീടു് എന്നതു് ഒരു സ്ഥലമാണെന്നു് ചിലർ വ്യാഖ്യാനിച്ചിരി
ക്കുന്നതു ശരിയല്ല. കരട്ടിയിൽനിന്നു കുറച്ചു വടക്കു ചെന്നാൽ
പമ്പയാററിന്റെ ഒരു കൈവ്വഴി കടന്നുവേണം ഇപ്പോൾ
പനയന്നാർകാവു ക്ഷേത്രത്തിലേക്കു ചെല്ലാൻ. അവിടം പന്നായി
ക്കടവാണു്. വടക്കുനിന്നു വരുന്ന പമ്പയാററിൽ കിഴക്കുനിന്നു്
വേറൊരു കൈവ്വഴി വന്നുചേർന്നു് ഏതാണ്ടു തെക്കുപടിഞ്ഞാ-
റോട്ടു് ഒഴുകുന്നതായിട്ടാണു് ഇപ്പോൾ കാണുന്നതു്. എന്നാൽ
കിഴക്കുപടിഞ്ഞാറു കിടക്കുന്ന കൈവ്വഴി സന്ദേശകാലത്തു്
ഇല്ലായിരുന്നെന്നു വേണം കരുതാൻ. കരട്ടിയിൽ നിന്നു
പനയന്നാർകാവിലേക്കു പോകാൻ ആറു കടക്കണമെന്നു
പറയുന്നില്ല. പനയന്നാർകാവിൽ ഭദ്രകാളിയുടെ പ്രതിഷ്ഠയാണു്.
കാളിയെ തൊഴുതു്, അമ്പലത്തിന്റെ അടുത്തുകൂടി ഒഴുകുന്ന
പമ്പയാററിലെ പാലം കടന്നു പോകുമ്പോൾ ആററിൽ കിടക്കുന്ന

---

* അടുത്തുള്ള എണ്ണയ്ക്കാട്ടു്, പുലിയൂർ തുടങ്ങിയ സ്ഥലങ്ങളെ
പ്പററിയും ഇത്തരം അന്ധവിശ്വാസം ഉള്ളതായി കേൾക്കുന്നു. ചെന്നിത്തല
യ്ക്കടുത്തുള്ള ഉറുമ്പുണ്ണിത്തേവർ ക്ഷേത്രത്തിനെപ്പററിയും പരിഗണിക്കാം.
ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണു് ആ ക്ഷേത്രം. നാമം
ചൊല്ലാനരുതാത്ത ശിവക്ഷേത്രം 'പിഷവർമ്മേശ്ശരിക്കര'യാണെന്നു് ചിലർ
കരുതുന്നു. അതു് സുബ്രഹ്മണ്യക്ഷേത്രം എന്നു വേറെ ചിലർ പറഞ്ഞറി
യുന്നു. എന്നാൽ, 'ഇരമ്പം വലിഞ്ഞും' എന്ന ശ്ലോകത്തിൽ കാണുന്ന
സൂചന നേരേയല്ലെങ്കിലും 'ഇരമത്തൂർ' എന്ന സ്ഥലനാമത്തെക്കൂടി
അനുസ്മരിപ്പിക്കുന്നതായി വിചാരിക്കരുതോ?

മുതലകളെ കണ്ടു കൗതുകം നേടാം. ആറു കടന്നാൽ പടിഞ്ഞാറേക്കരയായ കടപ്രയായി (116). അടുത്തു് ഒരു ഭഗവതിക്ഷേത്രത്തിൽ ഭജിച്ചിട്ടു പോകാൻ പറയുന്നു. ഈ ക്ഷേത്രം മരുതൂർക്കാവു് അമ്പലം ആയിരിക്കുമോ? പിന്നെ രായരൻ എന്ന ചിറവാ രാജാവിനെയാണു് കാണേണ്ടതു് (117). ചിറവാരാജാവു് ആദിത്യവർമ്മയുടെ ഉടമ കരുതുന്ന ആളാണു്. വേണാടിനും ചിറവായ്ക്കും ദൃഢബന്ധം ഉണ്ടായിരുന്നു. വേണാട്ടു രാജാക്കന്മാർക്കു് ചിറവാമൂപ്പുസ്ഥാനം കിട്ടുന്നതു് ഇതിനു് ഒരു തെളിവാണല്ലോ. ചിറവാസ്വരൂപം ഇപ്പോഴത്തെ ഇലഞ്ഞി മൺതറ കോയിക്കലായിരിക്കുമോ? ആലന്തുരുത്തിനോടു സംബന്ധിച്ചു പറഞ്ഞിരിക്കുന്നതിനാൽ അതു് കുറേക്കൂടി വടക്കായിരിക്കാനും ഇടയുണ്ടു് (118). ഇടന്നുള്ള വഴിയിൽ കൈതക്കാട്ടേ സുന്ദരിമാരുടെ പാട്ടു കേട്ടു് ആദിത്യവർമ്മയ്ക്കു രസിക്കാം. കൈതക്കാടു് ഒരു പ്രഭുഗൃഹമായിരിക്കണം. ചിറവാ രാജാക്കന്മാരുടെ ഭാര്യാഗൃഹമായിരിക്കാം. അതു് ഏതെന്നു് അറിയാൻ കഴിഞ്ഞിട്ടില്ല.

കൈതക്കാട്ടു താമസിക്കുമെന്നുള്ളതുകൊണ്ടു നിരണത്തിൽ പോകണമെന്നില്ല. തൃക്കപാലേശ്വരം ക്ഷേത്രംകൊണ്ടു് ഈ സ്ഥലം പണ്ടേ പ്രസിദ്ധി പെററതാണു്. പിൽക്കാലത്തു കണ്ണശ്ശപ്പണിക്കരുടെയും മററും ജന്മസ്ഥാനമായുംനിരണം പ്രശസ്തിയാർന്നു. അടുത്തു വഴിയിൽ മാടമ്പിമാരുടെ മാളികയുണ്ടു് (119). ഏതു മാടമ്പിമാരെയാണു് പരാമർശിക്കുന്നതെന്നു മനസ്സിലാകുന്നില്ല. നിരണംപെട്ടിക്കയ്യുളന്മാരെപ്പററിയാണെന്നു തോന്നുന്നു. തൃക്കപാലേശ്വരം ക്ഷേത്രം അവരുടെ വകയാണു്. അവിടന്നു നേരെ പോയി നദി കടന്നു് പാടത്തിൽക്കൂടെ തിരുവല്ലായ്ക്കുപോകണം. 'അമൃതസലില'യായ ആ നദി മണിമലയാറാണു് (120–121). പമ്പയെന്നു ചില വ്യാഖ്യാനങ്ങളിൽ പറഞ്ഞിട്ടുള്ളതു ശരിയല്ല. പനയന്നാർ കാവിന്നു് അടുത്തുകൂടി ഒഴുകുന്ന പമ്പയ്ക്കും ആലന്തുരുത്തിയുടെ വടക്കുകൂടി പ്രവഹിക്കുന്ന മണിമലയ്ക്കും ഇടയ്ക്കു് രണ്ടുമൂന്നു മൈൽ ദൂരമേ കാണൂ.

പ്രാചീനമായ പ്രശസ്തി വേണ്ടുവോളം തികഞ്ഞ സ്ഥലം ആണു തിരുവല്ല. തിരുവല്ലാ മതിലകത്തു ചെന്നു് അവിടെ പള്ളികൊള്ളുന്ന അപ്പനെ ഭജിക്കണം. തിരുവല്ലാ അപ്പൻ വിഷ്ണു ആണു്. അപ്പോഴം ആദിത്യവർമ്മയെ ഇളമൺ, മേച്ചേരി,

ഇടങ്ങിയ പത്തില്ലത്തു പോററിമാർ വന്നുകണ്ടു് ഉപചാരപ്രകടനം ചെയ്യും (123).

[123-ാമത്തെ ശ്ലോകത്തിന്റെ മുദ്രിതപാഠം വളരെ അബദ്ധമാണു്. അതിൽനിന്നു കാവ്യത്തിന്റെ ഗൗരവംതന്നെ കെടുന്ന വ്യാഖ്യാനങ്ങളും ഉണ്ടായിരിക്കുന്നു. മുദ്രിതപാഠം,

അപ്പുറം നിന്നെത്തെളിവിലമഞ്ഞിക്കരെച്ചേരി മറവം
തസ്മിൻ മേവും പെരിയ മടവാർ വന്നു താന്താൻ മുതിന്നു്
ഉദ്യൽകോലാഹലമുപചരിക്കിന്റ സത്രം പൊതപ്പാൻ
അച്ചച്ചോ! കാണരുള വഴുതിക്കൊൾക നീ കൗശലേന.

ഇളമഞ്ഞിക്കരെച്ചേരി എന്ന ഗ്രാമത്തിലും മറവം മേവുന്ന പെരിയ മടവാർ, സാമാന്യം വയസ്സായ സ്ത്രീകൾ, വന്നു് ഉപചരിക്കും എന്നാണു് പൂർവ്വവ്യാഖ്യാനങ്ങൾ. ഈ സ്ത്രീകൾക്കു് ആദിത്യവർമ്മയെ ഉപചരിക്കാൻ എന്താണു് അവകാശം? ശരിയായ പാഠം ഗ്രന്ഥത്തിൽ സുവ്യക്തമായി കാണാം.

അപ്പോറം നിന്നെത്തെളിവിലിളമൺ മികമേച്ചേരി മറവം
തസ്മിൻ മേവും പെരിയ മറയോർ വന്നു താന്താൻ മുതിന്നു്
ഉദ്യൽക്കോലാഹലമുപചരിക്കിന്റ സത്രം പൊരുപ്പാൻ
അച്ചച്ചോ! ചൊല്ലരുള വഴുതിക്കൊൾക നീ കൗശലേന.

'ഇളമൺമിക മേച്ചേരി' എന്ന ഭാഗത്തെ 'ഇളമഞ്ഞിക്കരെച്ചേരി' എന്നു തെററി പകർത്തിയാണു് അപപാഠം ഉണ്ടായതു്. തിരുവല്ലായിലെ പത്തില്ലത്തിൽ പോററിമാരെപ്പററി അറിയാത്ത ലേഖകൻ പകർത്തി വരുത്തിയ അപപാഠമാണു് ഇതു്. ഇളമൺമഠം, മിക-മികച്ച-ഐശ്വര്യപൂർണ്ണമായ-മേച്ചേരിമഠം, മറവം-ഇടങ്ങിയുള്ള, മറയോർ-ബ്രാഹ്മണർ-പത്തില്ലത്തു പോററിമാർ, വന്നു-താന്താൻ മുതിന്നു് ആദിത്യവർമ്മയെ ഉപചരിക്കും എന്നു് അർത്ഥം. ഈ ശരിയായ പാഠവും അർത്ഥവും കാവ്യഗൗരവത്തെ വളരെ വർദ്ധിപ്പിക്കുന്നവെന്നുള്ളതു ശ്രദ്ധേയമാണു്. ബ്രാഹ്മണർ വന്നു് ഉപചരിക്കുന്നതുകൊണ്ടാണു് 'സത്രം' എന്നു പറഞ്ഞിട്ടുള്ളതെന്നും ശ്രദ്ധിക്കണം.

തിരുവല്ലാ പത്തില്ലത്തു പോററിമാരാണ് തിരുവല്ലാ ക്ഷേത്രത്തിലെ ഊരാണ്മക്കാർ. പോററിമാരിൽ പ്രധാനപ്പെട്ടവരാണ് മേച്ചേരിയും ഇളമൺമഠവും. പത്തു മഠക്കാരും പ്രബലന്മാർ ആയിരുന്നു. മൂവിടത്തു മേച്ചേരി, ഏറത്തു മേച്ചേരി, കറിച്ചി മേച്ചേരി, എളമൺമഠം, പെരിങ്ങലേടത്തു മഠം (പെരിങ്ങര ഇളയിടത്ത് ഇളമൺമഠം), ചോളമൺമഠം (ചോമാ ഇളമൺ മഠം), അഴിയിടത്തു വലിയകിഴിമംഗലം ഇവയാണു പ്രധാനം. മേച്ചേരിയുടെയും ഇളമണ്ണിന്റെയും ശാഖകളാണ് മററ് അധികവും എന്നു പേരിൽനിന്നു തന്നെ വ്യക്തമാണല്ലോ. ആദിത്യവർമ്മ തങ്ങളുടെ വകയായ ക്ഷേത്രത്തിൽ എഴുന്നള്ളുമ്പോൾ അദ്ദേഹത്തിന്റെയും തങ്ങളുടെയും സ്ഥാനമഹിമയ്ക്ക് അനുസരണമായി പൂർണ്ണകുംഭാദികൾ കൊടുത്ത് പത്തില്ലത്തു പോററിമാർ സ്വീകരിക്കുന്നതു സമുചിതമാണല്ലോ. ഇളമങ്ങിക്കരമേച്ചേരിയിലെ പെരിയ മടവാരുടെ കഥ മറന്നു കളയാവുന്നതാണ്.]

തിരുവല്ലാ ക്ഷേത്രത്തിൽ ഉന്നതമായ ഒരു സ്തംഭത്തിൽ ഗരുഡവിഗ്രഹം പ്രതിഷ്ഠിച്ചിട്ടുണ്ട്. ആ ഗരുഡനെ വന്ദിച്ചിട്ട് പിന്നെയും യാത്ര തുടരുന്നു (124). പിന്നെ കരിനാട്ടുകാവിലാണു ചെന്നുചേരുക. കരിനാട്ടുകാവ് എന്നാണ് ഈ സ്ഥലം ഇപ്പോഴും അറിയപ്പെടുന്നത്. തിരുവല്ലാ ക്ഷേത്രത്തിൽനിന്ന് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണ് ഇതിന്റെ സ്ഥാനം. കരിനാട്ടുകാവിൽ അടുത്തടുത്ത് രണ്ടു ക്ഷേത്രങ്ങൾ ഇപ്പോഴും ഉണ്ട്—കൃഷ്ണക്ഷേത്രവും ദേവീക്ഷേത്രവും. ദേവീക്ഷേത്രമാണു കൂടുതൽ പഴക്കമുള്ളത്. കരിനാട്ടുകാവ് അന്ന് അതിപ്രധാനമായ ഒരു ചന്തയായിരുന്നു. ഉച്ചവരെ അവിടെ നടക്കുന്ന കച്ചവടം കണ്ടാൽ കൊല്ലവും കോഴിക്കോട്ടും പോലും അതിനു തുല്യമല്ല (125). അന്ന് ആദിത്യവർമ്മ കണ്ട ആ ചന്ത ഇന്നു നമുക്ക് അവിടെയെങ്ങും കാണാനില്ല. കരിനാട്ടുകാവു കടന്ന് മുത്തൂർ എന്ന സ്ഥലത്തേക്കു പോകുന്നു. അവിടുന്നു വടക്കോട്ടു പോയി പുഴ കടന്നു നാലുകോടിയിലേക്കാണു ചെല്ലുന്നത്. ആ പുഴ ഇപ്പോഴത്തെ ഉപ്പാലം തോട്ടായിക്കടവു തോട് ആയിരിക്കണം. നാലുകോടി മുത്തൂർനിന്ന് ഒരു മൈൽ വടക്കുപടിഞ്ഞാറായിട്ടാണ്. തിരുവല്ലായിൽനിന്നും മുത്തൂരേക്കുള്ള യാത്ര ഇപ്പോഴത്തെ കൊല്ലം കോട്ടയം റോഡുവഴിയും

അവിടന്നു നാലുകോടിയിലേക്കുള്ളതു് അല്പം പടിഞ്ഞാറോട്ടു മാറിയും ആയിരിക്കണം.

നാവുകോടിയിൽനിന്നു വടക്കുകിഴക്കുള്ള തൃക്കൊടിത്താനത്തേയ്ക്കാണു് പിന്നെ സഞ്ചരിക്കേണ്ടതു്. തൃക്കൊടിത്താനം ചങ്ങനാശ്ശേരിക്കു കിഴക്കു മാറിയുള്ള ഒരു പുരാതന കൃഷ്ണക്ഷേത്രം ആണു്. ഉയർന്ന മതിൽക്കെട്ടും പുറത്തെ വിശാലമായ അങ്കണവും ശ്രീകോവിലിന്റെ അടിത്തറയിലുള്ള അനേകം വട്ടെഴുത്തു ശാസനങ്ങളും ആ ക്ഷേത്രത്തിന്റെ പുരാതന മഹിമയെ ഇന്നും ഉദ്ഘോഷണം ചെയ്യുന്നു. ഭാസ്കര രവിവർമ്മ തുടങ്ങിയ പ്രാചീന കേരള രാജാക്കന്മാരുടെ ശിലാശാസനങ്ങൾ അവിടെ ചെന്നു കാണേണ്ടതുതന്നെ. അവിടെനിന്നുള്ള വഴി തെക്കുംകൂറിൽ കൂടിയാണു്. ആ വഴി അന്നു് ഇരുവശവും കാട്ടു നിറഞ്ഞതായിരുന്നു. 'കാന്താരതരുപ്രതിഭടമാണു്' ആ സ്ഥലം എന്നു ശുകസന്ദേശത്തിലും പറഞ്ഞിരിക്കുന്നു. ഇന്നും അവിടെ എങ്ങും വളരെ കൂടുതൽ ആൾപ്പാർപ്പ് ആയിട്ടില്ല. കക്കാട്ടുവേലി, തെങ്ങണ, മാടപ്പള്ളി, വാകത്താനം തുടങ്ങിയ സ്ഥലങ്ങളിലൂടെ ആണു് തെക്കുംകൂറിന്റെ രാജധാനിയായ മണികണ്ഠപുരത്തേക്കു പോകേണ്ടതു്. മണികണ്ഠപുരത്തു മുരാരിയുടെ (വിഷ്ണുവിന്റെ) പ്രതിഷ്ഠയാണു് (128). [പുരാരി എന്ന പാഠം തെറ്റാണു്. വ്യാഖ്യാനം നോക്കുക]. അവിടെ അക്കാലത്തു് ആണ്ടിൽ നാലുമാസം ഊട്ടുനടത്തിവന്ന വലിയ ഒരു ഊട്ടുപുരയുണ്ടായിരുന്നു. (129). മണികണ്ഠപുരത്തു ചെന്നാൽ അന്നു് തെക്കുംകൂർ വാഴുന്ന 'വെൻറിക്കുൻറിനൊരു തിലക'മായ രാമവർമ്മ എന്ന തെക്കുംകൂർ രാജാവു് അവിടെയുണ്ടെങ്കിൽ കാണണം * (130). അവിടെ നിന്നുള്ള വഴി വിട്ടാണു് കാണ്മാൻകുളം എന്നുള്ളതിനാൽ അവിടത്തെ സുന്ദരിയെ കാണാൻ തരമില്ല. 'കാണ്മാംകുളം' ഇന്നത്തെ 'കണ്ണൻചിറ'യാണു് എന്നു തോന്നുന്നു. പേരൂർ ഭദ്രകാളീക്ഷേത്രത്തിനു പടിഞ്ഞാറു മാറിയാണു് ഈ സ്ഥലം. റോഡരികിലുള്ള ഇപ്പോഴത്തെ വയൽ പണ്ടൊരു വലിയ കുളം ആയിരുന്നു എന്നു് ആ സ്ഥലത്തു പ്രസിദ്ധിയുണ്ടു് (132).

---

* വെൻറിക്കുൻറു്–വെന്നിമല, മണികണ്ഠപുരത്തുനിന്നു നാലഞ്ചു മൈൽ വടക്കുകിഴക്കായിട്ടാണു്. അവിടെ ആയിരുന്നു തെക്കുംകൂർ രാജാക്കന്മാരുടെ ആദ്യസ്ഥാനം. അങ്ങനെയാണു് 'വെൻറിക്കുൻറിനു തിലകം' എന്ന വിശേഷണം തെക്കുംകൂർ രാജാവിനു ചേരുന്നതു്.

ഉച്ച തിരിഞ്ഞു് അഞ്ചുമണി ആകുമ്പോൾ ആദിത്യവർമ്മ ഏററുമാനൂർ ചെല്ലുന്നു (133). ഏററുമാനൂർ ശിവനെ ഭജിച്ചു് അവിടെ തേവാരവും ഊണും കഴിച്ചിട്ടു് നേരെ കടുത്തുരുത്തിയിലേക്കു പുറപ്പെടണമെന്നാണു് അപേക്ഷ. കോതനല്ലൂർവഴിയാണു പോകേണ്ടതു്. ഏററുമാനൂർ നിന്നു് ഒരു കാതത്തിൽ കുറവില്ല ദൂരം കോതനല്ലൂരേക്കു്. അവിടെ വിളനെല്ലു കാക്കാൻ തേന്മാവിന്റെ തണലിൽ ഇരിക്കുന്ന യുവതികളെയും, അവിടെങ്ങും തുള്ളിക്കളിച്ചു നടക്കുന്ന മാൻകുട്ടികളെയും കണ്ടുകൊണ്ടു് ആദിത്യവർമ്മയ്ക്കു യാത്രതുടരാം (134). കോതനല്ലൂർ നിന്നു കുറച്ചു ദൂരം വഴി തേർ പോകത്തക്കവണ്ണം വീതിയിൽ ഒരു വലിയ ചിറയിലേക്കു പോകാനായി നിർമ്മിച്ചിട്ടുള്ളതു കാണാം. അതിന്റെ ഇരുപാടും പൂക്കുലകൾ അണിഞ്ഞു നിൽക്കുന്ന മരങ്ങൾ ആദിത്യവർമ്മയ്ക്കു് കൗതുകം നൽകാതെയിരിക്കയില്ല. അതിനു വളരെ അടുത്താണു് 'വടമതുര' എന്ന പേരുള്ള കടുത്തുരുത്തി. മൂന്നാം ദിവസം സന്ധ്യയോടു് അവിടെ ചെന്നുചേരാം. അപ്പോൾ അരികലശം ചിന്തിപ്പോമാറു് ബിംബലീപാലരാജധാനിയിൽ നിന്നു് ഉച്ചത്തിൽ ഊതുന്ന വിജയകാഹളം കേൾക്കാറാകും (135).

ഏററുമാനൂർ നിന്നു് വടക്കുപടിഞ്ഞാറോട്ടു വൈക്കത്തേക്കു പോകുന്ന റോഡിൽ ഏതാണ്ടു പകുതി ദൂരത്തിൽ ഒൻപതാം മൈൽക്കുററിക്കടുത്താണു് കടുത്തുരുത്തി. അവിടെ പ്രാചീനമായ അമ്പലവും പഴക്കമുള്ള ഒരു ക്രിസ്ത്യൻപള്ളിയും പുരാതന മഹിമയ്ക്കു സാക്ഷ്യമായി കാണാവുന്നതാണു്. 'കടന്തേരി, വടമതുര, കടൽത്തുരുത്തി എന്നെല്ലാം ആ പട്ടണത്തിനു പേരു് ഉണ്ടായിരുന്നു. മണികണ്ഠൻ എന്ന വടക്കുംകൂർ രാജാവിന്റെ രാജധാനിയായി ആ പട്ടണം അന്നു പരിലസിച്ചിരുന്നു. ഇതിനു് കടൽത്തുരുത്തി എന്നു് എങ്ങനെ പേരു വന്നു എന്നു മനസ്സിലാകുന്നില്ല. അവിടത്തെ പ്രതിഷ്ഠയായ ശിവവിഗ്രഹത്തെ ഖരൻ കടിച്ചിരുത്തിയതുകൊണ്ടു് 'കടിച്ചിരുത്തി' എന്നു പേരു വന്നതായി ഐതിഹ്യം നമ്മെ അറിയിക്കുന്നു. 'കടിച്ചിരുത്തി' ആണുപോലും കടുത്തുരുത്തിയും, പിന്നെ കടൽത്തുരുത്തിയും ആയതു്. 'സിന്ധുദ്വീപം' കടൽത്തുരുത്തിയുടെ സംസ്കൃതരൂപം ആണു്.* ഏതോ ഒരു കാലത്തു് ഇവിടം ഒരു ദ്വീപായിരുന്നു

* സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം
സിന്ധുദ്വീപം ഭജ ഘനനിഭൈരാവൃതം സിന്ധുരേന്ദ്രൈഃ. (ശുക. സ.)

എന്നും പറയുന്നുണ്ടു്. എന്നാൽ ആ സ്ഥലം കാണുന്നവർക്കു് അങ്ങനെ വിശ്വസിക്കാൻ എളുപ്പമല്ല. അതിന്റെ പടിഞ്ഞാറു വശം വരെ കായലോ കടലോ ഒരു കാലത്തു വ്യാപിച്ചു കിടന്നിരിക്കാം. ഏതായാലും ആദിത്യവർമ്മ സന്ദർശിക്കുന്ന കാലത്തു് കടുത്തുരുത്തി വിദേശവാണിജ്യംകൊണ്ടു് ഐശ്വര്യ പൂർണ്ണമായ ഒരു സ്ഥലം ആയിരുന്നു. കടേശന്മാരായ ആഢ്യ വണിക്കുകൾ അവിടെ ഉണ്ടായിരുന്നു (ii. 5). ദ്വീപാന്തരങ്ങളിൽ നിന്നും ചോങ്കുകൾ എന്നു പറയുന്ന കപ്പലുകൾ കടലിൽ വരും. അടയ്ക്കായും കുരുമുളകും മററും കടുത്തുരുത്തിയിൽനിന്നു് തോണിയിൽ കയററി കപ്പലിൽ കൊടുക്കും; അങ്ങനെയായിരുന്നു അവിടെ വാണിജ്യം നടന്നുപോന്നതു്" (ii. 7). കടുത്തുരുത്തി അമ്പലത്തിനു പടിഞ്ഞാറു വശത്തുള്ള തോട്ടിൽക്കൂടി ഇന്നും വള്ളത്തിൽ സാമാനങ്ങൾ കൊണ്ടുപോകാൻ സൗകര്യമുണ്ടു്.*

ഏററുമാനൂർനിന്നു വൈക്കത്തേക്കുള്ള റോഡിന്റെ വലത്തു ഭാഗത്തു് കിഴക്കുള്ള ഒരു കുന്നിലായിട്ടാണു് കടുത്തുരുത്തിയിലെ തളിയൽ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. കുന്നിൽ ഇരിക്കുന്നതു കൊണ്ടു് പടിഞ്ഞാറുവശത്തെ റോഡിൽനിന്നു് പതിനഞ്ചു കല്പടികൾകയറി വേണം ക്ഷേത്രത്തിൽചെല്ലാൻ. അമ്പലത്തിന്റെ കിഴക്കേ നടയിൽനിന്നു നേരെ കിഴക്കോട്ടു് അര മൈൽ നീണ്ട വഴി കിടക്കുന്നു. അതു ചെന്നു ചേരുന്നതു് ഗോവിന്ദപുരം കൃഷ്ണക്ഷേത്രത്തിലാണു്. അതു ചെറിയ ഒരു അമ്പലമാണു്. ഗോവിന്ദപുരത്തെ ആയിരിക്കും കോതപുരം എന്നു സന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു് (ii. 20). ഗോവിന്ദപുരം കോന്തപുരമായും, പിന്നെ കോതപുരമായും പരിണമിച്ചതായിരിക്കാം. ആ ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്തു് നാലഞ്ചു് ഏക്കറോളം വിസ്താരമുള്ള ചെറിയ ഒരു വയൽ ഇപ്പോൾ ഉണ്ടു്. അതിന്റെ വടക്കേ അററം, കൃഷ്ണക്ഷേത്രത്തിനു നേരെ പടിഞ്ഞാറുഭാഗം മാത്രം കുളമാണു്. എന്നാൽ സന്ദേശ

---

* കൊല്ലവർഷം എട്ടാം ശതവർഷം തൊട്ടു് കടുത്തുരുത്തി ഒരു ക്രിസ്തീയകേന്ദ്രമായി പ്രാധാന്യം അർഹിച്ചുതായും ഇവിടെ സ്മരിക്കാം. കടുത്തുരുത്തിക്കു് അടുത്തുള്ള ഉദയംപേരൂർപള്ളി വളരെ പ്രാധാന്യമുള്ളതാണു്. എ. ഡി. 1599-ൽ (കൊ. വ. 774-ൽ) ആർച്ചുബിഷപ്പു് മെൻസിസ്സു് ഇവിടെ വച്ചു് ഒരു ക്രിസ്തീയസഭ വിളിച്ചുകൂട്ടിയതായും മററും കാണുന്നു.

കാലത്തു് ആ വയൽ മുഴുവൻ തന്നെ വലിയ ഒരു ചിറ ആയി രുന്നിരിക്കാം. കൃഷ്ണക്ഷേത്രത്തിന്റെ തെക്കുവശം ഒരു കുന്നാണു്. ആദിത്യവൎമ്മ കടൽത്തുരുത്തിയിലേക്കു ചെല്ലുന്നതു് ഈ കുന്നു കടന്നു് കോതപുരം കൃഷ്ണക്ഷേത്രത്തിൽ ഒഴിച്ചിട്ടായിരിക്കണം. അതിന്റെ പടിഞ്ഞാറുവശത്തുള്ള ചിറയുടെ വടക്കുവശത്തുടെ പടിഞ്ഞാറോട്ടു തളിയിൽക്ഷേത്രത്തിലേക്കുള്ള വഴിയേ ആയിരിക്കണം അദ്ദേഹം യാത്ര ചെയ്തതു്. 'ഉല്ലസദ്ദാരിപൂര'മായ 'മലിചിറ' ആദ്യമായി ആദിത്യവൎമ്മയെ ആകൎഷിക്കും (ii. 17). ആദിത്യവൎമ്മ ചെല്ലുന്നതറിഞ്ഞു് ശ്രീകണ്ഠൻ വന്നു് എതിരേല്ക്കും (ii. 21). പിന്നെ ആദിത്യവൎമ്മ വടകരക്കൂർ രാജാവായ മണികണ്ഠനെന്ന സാമന്തമൌലിയെ ചെന്നു കാണണം (ii. 23). കൊട്ടാരം ഗോവിന്ദപുരം ക്ഷേത്രത്തിൽനിന്നു തളിയിൽ ക്ഷേത്രത്തിലേക്കുള്ള വഴിയുടെ വടക്കുവശത്തായിരുന്നിരിക്കാം. ആ പറമ്പിന്നു് ഇന്നും കോവിലകമെന്നും കോട്ടയ്ക്കകമെന്നും പേരുള്ളതായി സ്ഥലത്തുള്ളവർ പറയുന്നു. തനിക്കു് ഉണ്ണുനീലിയുടെ ഗൃഹത്തിൽ പോകണമെന്നു പറഞ്ഞിട്ടു് മണികണ്ഠനോടു വേഗത്തിൽ വിട വാങ്ങണം. കൊട്ടാരത്തിൽ വച്ചു് 'വിദ്യാനദ്യാം നിയതി മുഴുകം' ബിംബലീബാലചന്ദ്രനായ കോതവൎമ്മയും, അലർമാതിന്നാവാസഭൂമിയായ ഇരവി മണികണ്ഠനും, മരുവലർകുലത്തിന്നു കല്പാന്തവഹ്നിയായ രാമവൎമ്മയും ആദിത്യവൎമ്മയെ കാണും. പിന്നീടു താമസിയാതെ ചെന്നു് ഉണ്ണുനീലിയെ കാണണം. കിഴക്കിൻചിറയ്ക്കു പടിഞ്ഞാറുവശത്തായിട്ടാണു് ഉണ്ണുനീലിയുടെ ഗൃഹം (ii. 30). കൊട്ടാരത്തിന്നു് എതിരേ വഴിയുടെ തെക്കുപുറത്തായിട്ടു് ആയിരുന്നു ആ വീടു്.

മുൻപു പറഞ്ഞ കൃഷ്ണക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുനിന്നും ഏതാണ്ടു് അര മൈൽ പടിഞ്ഞാറുള്ള തളിയിൽക്ഷേത്രം വരെയാണല്ലോ വഴി. കൃഷ്ണക്ഷേത്രത്തിന്റെ നേരേ പടിഞ്ഞാറുവശത്തായിരിക്കണം കിഴക്കിൻ ചിറ. അതിനെത്തന്നെ ആയിരിക്കും മലിചിറ എന്നു പറയുന്നതു് (ii. 17). മുണ്ടയ്ക്കലിന്റെ കിഴക്കുള്ള ചിറ ആയതുകൊണ്ടായിരിക്കും കിഴക്കിൻചിറയെന്നു പേരു വന്നതു്. ചിറയുടെ നേരെ പടിഞ്ഞാറു് വഴിയുടെ തെക്കേതായിട്ടാണു് വീരമാണിക്കമെന്ന ഭവനം (ii. 30). ഇന്നും ആ പുരയിടത്തിന്നു വീരമാണിക്കമെന്നു തന്നെ പേരു്. ആ സ്ഥലത്തു അതു പ്രസിദ്ധമാണു്. മുണ്ടയ്ക്കൽ എന്ന പേരു്

ഇപ്പോൾ തീരെ വിസ്മൃതമായും ഇരിക്കുന്നു. * കൊട്ടാരത്തിൽ നിന്നു നേരെ പടിഞ്ഞാറുള്ള തളിയിൽ അമ്പലത്തിൽ ചെന്നു് ദേവനെ ഭജിച്ചിട്ടു വന്നു് വീരമാണിക്കത്തെ കയറണം എന്നാണു് സന്ദേശകർത്താവു് ആദിത്യവർമ്മയോടു് അപേക്ഷിക്കുന്നതു്. (ii. 31). ആദിത്യവർമ്മ ചെല്ലുമ്പോൾ 'മുണ്ടയ്ക്കൽ ദേവും പൊരുപ്പുമാതാവും ചെറിയതു' അദ്ദേഹത്തെ എതിരേറ്റു് ഉപചരിക്കും (ii. 32). വീരമാണിക്കത്തിന്റെ മറ്റൊരു പേരു തന്നെയാണു് മുണ്ടയ്ക്കൽ എന്നു വിചാരിക്കാനേ വഴിയുള്ളു (ii. 30-32). ചെറിയതു് ഉണ്ണുനീലിയുടെ തോഴിയാണു്. (ആടിക്കാലേ റിശി ചെറിയതാം തോഴിയെന്നൊന്നെ മതപാ, എന്ന ii. 96-ാം ശ്ലോകം കാണുക).

അന്നത്തെ രീതിക്കു സാമാന്യം നല്ല ഒരു പ്രഭുഗൃഹമായിരുന്നു വീരമാണിക്കം. അതിന്റെ വർണ്ണന മലയാളനാട്ടിലെ അന്നത്തെ ഒരു പ്രഭുഗൃഹത്തിന്റെ സൂക്ഷ്മമായ ഒരു ചിത്രമാണു്. തേന്മാവും പ്ലാവും തെങ്ങും കമുകും കദളീയും ചിങ്ങൻ തുടങ്ങിയ വാഴകളും കരിമ്പും വഴുതിനകളും ധാരാളമായി വളർത്തിയിട്ടുള്ള പുരയിടം:

'തേൻമാവോളും പനസനികരം തെങ്ങൊരോന്നിന്നു നന്നാ-
ലന്നാലിന്നും കമുകിടയിടെപ്പാകി മുമ്മൂന്നു പിന്നെ
ഒൻറിനൊന്നാൻറും വളർകതളിയും ചിങ്ങനും നൽക്കരിമ്പും
കാ കൊണ്ടീടും വഴുതിനകളും മന്ദിരേ മൽപ്രിയായാഃ'(ii. 41)

വഴിയിൽനിന്നു് ഏതാനും കല്പടി കയറിയാണു വീട്ടിൽ ചെല്ലേണ്ടതു്. മകരമുഖം വച്ചു് അലങ്കരിച്ചതാണു് ദ്വാരഗേഹം. നാലുകെട്ടുരീതിയിലാണു വീടു്. (ii. 35, 36). 'വിമല സ്വച്ഛപാനീയപൂർണ്ണമായ' കിണറു മീനത്തിലുണ്ടായിരുന്നു. പകുതി നികന്ന ഒരു കിണറു് ഇപ്പോഴും കാണാനുണ്ടു്. കിണറ്റുകരയിൽ പൂവണിഞ്ഞ ഒരു മുല്ല; തെക്കുവശത്തു ചേമന്തി; അതിനടുത്തു് ഈഴക്കൈക്കു്; കന്നിരാശിയിൽ ഉണ്ണുനീലിയുടെ ഭർത്താവു നട്ട ചെമ്പകമൊന്നു. ഈ മരങ്ങളും ചെടികളും കൊണ്ടു മനോഹരമായ ആ ഗൃഹത്തിൽ ഉണ്ണുനീലിയുടെ ചില ഓമനജന്തുക്കളും കൂടെ ഉണ്ടു്. ഒരു വെരുകു്, പാട്ടുകയും ശ്ലോകം ചൊല്ലുകയും ചെയ്യുന്ന ഒരു കിളിപ്പെണ്ണു്,

---

* ആ പുരയിടം ഇന്നു ചന്ത്രത്തിൽ കുഞ്ഞുപ്പണിക്കരെന്ന മാന്യന്റെ വകയാണു്.

പീലികളുടെ ഭംഗി പരത്തുന്ന ഒരു മയിൽ എന്നിവ (ii 42-44). അങ്ങനെ സൗഭാഗ്യരംഗമാണ് അംഗനാമൗലിമാലയായ ഉണ്ണുനീലിയുടെ നിവാസസ്ഥാനം. ഉണ്ണുനീലിയുടെ സൗന്ദര്യത്തെയും വിലാസത്തെയും എത്ര വർണ്ണിച്ചിട്ടും സന്ദേശകർത്താവിനു മതിയാകുന്നില്ല. പ്രഥമവിരഹവ്യാകുലയായ ഉണ്ണുനീലി നഷ്ടശോഭ ആയിരിക്കും. നീലപ്പട്ടുറയിട്ടതും നീലപ്പാത്തിന്റെ ഇളം തൂവൽകൊണ്ടു നിറച്ചതും ആയ മെത്തയിൽ ആ മേചകാംഗി കിടന്നു വിലപിക്കും (ii. 65). ഭർത്തൃവിരഹംകൊണ്ട് നിദ്രാവിഹീനയായി അഴലുന്ന ആ സ്ത്രീരത്നത്തിനു ഭർത്താവിനെപ്പററിയുള്ള വാർത്തകൾ അറിയിച്ച് ആശ്വാസം നൽകുന്നതിനാണ് ആദിത്യവർമ്മയോട് അപേക്ഷിച്ചതു്. ആ അപേക്ഷ അദ്ദേഹം സ്വീകരിച്ചിരിക്കണമല്ലോ.

ചരിത്രവസ്തുതകൾ

സാഹിത്യത്തിലെന്നപോലെ ചരിത്രത്തിലും പ്രാധാന്യമുള്ള കൃതിയാണല്ലോ ഈ സന്ദേശം. അതിനാൽ ആ വിഷയത്തിലേക്കു കടക്കാം. ദക്ഷിണകേരളത്തിൽ കൊല്ലവർഷം അഞ്ചാം ശതവർഷത്തിൽ ഉണ്ടായിരുന്ന പ്രധാന രാജ്യങ്ങളായ വേണാട്, ഓടനാട്, തെക്കുംകൂർ, വടക്കുംകൂർ എന്നിവയെപ്പററി വ്യക്തമായി പരാമർശിക്കയും, അവിടത്തെ രാജാക്കന്മാരെപ്പററിയും മുഖ്യസ്ഥാപനങ്ങളെപ്പററിയും മററും ' നാമനിർദ്ദേശം ചെയ്തു പ്രശംസിക്കയും ചെയ്തിരിക്കുന്ന ഈ കൃതി സാഹിത്യവിദ്യാർത്ഥിയുടെ എന്നപോലെ ചരിത്രകാരന്റെയും അവഗാഢമായ പഠനം അർഹിക്കുന്നു.

തിരുവനന്തപുരം.

തിരുവനന്തപുരത്തു നിന്നാണല്ലോ സന്ദേശം അയയ്ക്കുന്നതു്. അതിനാൽ അവിടംതൊട്ടു തന്നെ തുടങ്ങാം. ഈ സ്ഥലത്തെ സ്യാനന്ദൂരപുരമെന്നും (i. 3, ii. 80) അനന്താപുരമെന്നും (ii. 76). പരാമർശിച്ചിരിക്കുന്നു. അനന്തപുരമെന്നും ആനന്ദപുരമെന്നും ഈ സ്ഥലത്തിനു പേരു് ഉണ്ടായിരുന്നിരിക്കാം. ശ്രീ ആനന്ദപുരമായിരിക്കണം സ്യാനന്ദൂരമായതു്. 'അനന്താപുരം' അനന്തപുരത്തിന്റെ വികൃതരൂപമാകാം. ഇന്നു തിരുവനന്തപുരം തിരുവിതാംകൂർ-കൊച്ചിയുടെ തലസ്ഥാനമാണല്ലോ. 919-ൽ ശ്രീ വീര മാർത്താണ്ഡവർമ്മ മഹാരാജാവ് ആണ്

തിരുവനന്തപുരത്തെ ആദ്യമായി തിരുവിതാംകൂറിന്റെ രാജധാനിയാക്കിത്തീൎത്തു്. എന്നാൽ സന്ദേശകാലത്തു് തിരുവനന്തപുരത്തിനു രാജധാനി എന്ന പദവി ഉണ്ടായിരുന്നില്ല. പത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി മാത്രമായിരുന്നു അന്നത്തെ പ്രാധാന്യം. സന്ദേശത്തിൽ പത്മനാഭസ്വാമി ക്ഷേത്രം ഒഴിച്ചു് തിരുവനന്തപുരത്തെ വേറൊന്നും വൎണ്ണിച്ചിട്ടില്ല. എന്നാൽ പത്മനാഭസ്വാമിക്ഷേത്രത്തിലെ പല പ്രതിഷ്ഠകളെക്കുറിച്ചും പറഞ്ഞിട്ടുള്ളതിനാൽ അന്നു് അമ്പലം ഒരു മഹാക്ഷേത്രമായിത്തീൎന്നിരുന്നതായി കരുതാം * ഈ കോവിൽ എപ്പോഴാണു് ആദ്യമായി പ്രതിഷ്ഠിച്ചതെന്നു പറയാൻ സാധ്യമല്ലെങ്കിലും വളരെ പുരാതനമാണെന്നു സംശയംകൂടാതെ അഭിപ്രായപ്പെടാം. ഉണ്ണുനീലിസന്ദേശത്തിനു മുൻപുള്ള ശുകസന്ദേശത്തിലും ഈ ക്ഷേത്രത്തെ സംബന്ധിച്ചു പ്രശസ്തമായി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ ക്ഷേത്രത്തെപ്പററി 'തരതലം താനളന്താ' എന്നു തുടങ്ങുന്ന ഒരു പഴയപാട്ടു ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നു. ഈ അമ്പലത്തിൽത്തന്നെ 384-ാമാണ്ടത്തെ ഒരു ശിലാരേഖയുള്ളതിൽനിന്നു് അന്നു് ഈ ക്ഷേത്രത്തിനും ക്ഷേത്രഭരണത്തിൽ ഏൎപ്പെട്ടിരുന്ന സഭയ്ക്കും സിദ്ധിച്ചിരുന്ന പ്രാധാന്യം വ്യക്തമാകുന്നു. (T. A. S. iv. 66 Also Some Early Sovereigns of Travancore by Prof. Sundaram Pillai- P. 46-47). ഇതിനും എത്രയോ മുൻപുതന്നെ ഈ ദേവാലയം പ്രസിദ്ധമായിരുന്നെന്നു തമിഴ്സാഹിത്യസൂചനകളും ശിലാരേഖകളും കിട്ടുന്നുണ്ടു്. ക്രി. വ. 12-ാംശതകത്തിന്റെ ആരംഭഘട്ടത്തിൽ ജീവിച്ചിരുന്ന പരാന്തകപാണ്ഡ്യൻ ഈ ക്ഷേത്രത്തിലേക്കു പത്തു സ്വൎണ്ണവിളക്കുകൾ കാണിക്ക വച്ചതായി രേഖയുണ്ടു്. (T. A. S. Vol. I. No. iii—P. 6)— [അനന്തപുരത്തു എമ്മാൎക്കു നിലവിയ പൊന്നനിവിളക്ക നിൻറരിയ പത്തുമൈത്തു] ഈ ദേവാലയംപോലെയോ ഇതിൽ കൂടുതലായോ പ്രാധാന്യമുണ്ടായിരുന്ന തിരുവനന്തപുരത്തെ കാന്തളൂർ ചാല മഹാദേവക്ഷേത്രത്തിനും ശ്രീരാനന്ദപുരത്തിനും. എങ്കിലും പ്രകൃതത്തിൽ അവയെ സ്മരിക്കേണ്ട ആവശ്യമില്ല.

---

* അക്കാലത്തുള്ളതെന്നു കരുതേണ്ട അനന്തപുരവൎണ്ണനം എന്ന കൃതി നമുക്കു ലഭിച്ചിട്ടുണ്ടു്. അതിൽനിന്നു തിരുവനന്തപുരത്തിനു് അന്നു് ഉണ്ടായിരുന്ന പ്രാധാന്യം പത്മനാഭക്ഷേത്രത്തെ ആസ്പദമാക്കി ആയിരുന്നുവെന്നു മനസ്സിലാക്കാം. ഈ കൃതി യൂണിവേഴ്സിററി ഹസ്തലിഖിതഗ്രന്ഥശാലയതിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ക്ഷേത്രഭരണത്തിന്നു സ്ഥാപിച്ചിരുന്ന എട്ടരയോഗം എന്ന സഭ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനമാണെന്നാകിലും ആ സഭയെപ്പറ്റി നമുക്ക് ഇവിടെ ചിന്തിക്കേണ്ടതില്ല. എന്നാൽ ക്ഷേത്രത്തിലെ മേൽക്കോയ്മയെപ്പറ്റി പറയേണ്ടിയിരിക്കുന്നു.

തൃപ്പാപ്പൂർ മൂപ്പ്

തൃപ്പാപ്പൂർമൂപ്പനായ ആദിത്യവർമ്മയാണല്ലോ സന്ദേശഹരൻ. തൃപ്പാപ്പൂർ മൂപ്പു വാഴുന്ന തമ്പുരാൻ ആയിരുന്നു സാധാരണയായി ക്ഷേത്രത്തിന്റെ മേൽക്കോയ്മ നടത്തിയിരുന്നതു്. തൃപ്പാപ്പൂർമൂപ്പ് എന്ന സ്ഥാനം എങ്ങനെയാണ് ഉണ്ടായതെന്നും, എന്നു തൊട്ടാണു് ഉണ്ടായതെന്നും വ്യക്തമായി അറിയാൻ നിവൃത്തിയില്ല. ആദിവേണാട്ടുരാജാക്കന്മാരെപ്പറ്റി കിട്ടുന്ന രേഖകളിൽ അധികവും 'വേണാട്ടു വാണരുളുകിന്റ' എന്ന വിശേഷണം ചേർത്താണു കാണുന്നതു് * തൃപ്പാപ്പൂർ എന്ന പേരു ചേർത്തുള്ള ആദിരേഖകൾ ചുരുക്കമാണു. കൊല്ലം 343-ാമാണ്ടിടയ്ക്കു് എഴുതിയ കിളിമാനൂർ രേഖയിലാണു് ഒരു രാജനാമത്തോടു ചേർത്തു് തൃപ്പാപ്പൂർ ശബ്ദം ആദ്യമായി എഴുതിക്കാണുന്നതു്. [തിർപ്പാപ്പൂർ മൂത്തവരൻ ആവണിയായ പിള്ളയാർ തിരുവടി—ഇത്യാദി (T. A. S. V. 67, 81)]. കൊല്ലം നാലാം ശതകത്തിൽ തൃപ്പാപ്പൂർ ഒരു ശാഖയുണ്ടായിരുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. കൊല്ലവർഷം 392-ാം ആണ്ടത്തെ കണ്ടിയൂർ രേഖയിൽ വേണാട്ടുരാജാവിനെപ്പറ്റി സൂചിപ്പിച്ചിട്ടുള്ളതു് 'വേണാട്ടടയ കീഴ്പ്പേരൂർ തിർപ്പാപ്പൂർ മൂപ്പു വാഴ്ന്തരുളുകിന്റ ഇരവികേരളവർമ്മൻ തിരുവടി' എന്നാണു്. (T. A. S. I. 2[illegible]) കൊല്ലം അഞ്ചാംശതകം ആയപ്പോഴേക്കും തൃപ്പാപ്പൂർമൂപ്പ് മികച്ച ഒരു സ്ഥാനമായിത്തീർന്നിരിക്കുന്നുവെന്ന് ഈ സന്ദേശം തെളിവു തരുന്നു. *

---

* വേണാട്ടു വാഴുകിന്റ അയ്യനടികൾ തിരുവടി (II-63, 67), വേണാട്ടടയ ശ്രീവല്ലഭൻ കോത (II-23, 24), വേണാട്ടടയ ഗോവർദ്ധന മാർത്താണ്ഡൻ (II-33), വേണാട്ടു വാഴ്ന്തരുളുകിന്റ ശ്രീ വീരകേരളവർമ്മ (കൊ. വ. 319), വേണാട്ടു വാണരുളുകിന്റ ശ്രീ വീര ഇരവിവർമ്മൻ തിരുവടി (കൊ. വ. 340) എന്നിത്യാദി നാമങ്ങൾ ഉദാഹരണങ്ങളാണു്.

കിളിമാനൂരിനടുത്തുള്ള കീഴ്പ്പേരൂരായിരുന്നു വേണാട്ടുകുടുംബത്തിന്റെ ആദ്യത്തെ സ്ഥാനം. കീഴ്പ്പേരൂർ എന്ന കുടുംബനാമം പിൽക്കാലത്തു് പല ആധാരങ്ങളിലും വേണാട്ടുരാജാക്കന്മാർ ഉപയോഗിച്ചുപോന്നു.

വേണാട്

വേണാടിനെപ്പററിയാണ് ഇനി നമുക്കു മുഖ്യമായി ആലോചിക്കേണ്ടതു്. സന്ദേശത്തിന്റെ കാലത്തു് അതു കേരളത്തിലെ പ്രധാനപ്പെട്ട ഒരു രാജ്യമായിരുന്നു. അന്നത്തെ രാജധാനി കൊല്ലമായിരുന്നുവെന്നു സന്ദേശത്തിൽനിന്നുതന്നെ വ്യക്തമാകും. [പൂർവ്വസന്ദേശം 68–69 തുടങ്ങിയുള്ള ശ്ലോകങ്ങൾ കാണുക]. കൊല്ലത്തെപ്പററിയുള്ള വിവരങ്ങൾ മേൽ പ്രതിപാദിക്കാം. കൊല്ലവർഷത്തിന്റെ ആരംഭം തൊട്ടാണ് വേണാടിനെപ്പററി രേഖകൾ കാണുന്നതു്. ചേരവംശത്തോടു സംബന്ധപ്പെട്ട ഒരു രാജകുടുംബമാണ് ഇതു്. എന്നാൽ ചേരവംശവുമായി ഏതു തരത്തിലുള്ള ബന്ധമാണ് ഉണ്ടായിരുന്നതെന്നും, എന്നാണു വേണാട് ചേരവംശത്തിൽനിന്നു പിരിഞ്ഞതെന്നും, ആദ്യം ഈ വംശത്തിന്റെ ആസ്ഥാനം ഏതായിരുന്നുവെന്നും മററും അറിയാൻ നിവൃത്തിയില്ല. [ഈ വിഷയങ്ങളെപ്പററി സാഹിത്യതിലക ടി. കെ. വേലുപ്പിള്ള അവർകളുടെ തിരുവിതാംകൂർ സ്റ്റേററ മാന്വൽ കാണുക. Vol. ii. P. 41-50]. ക്രി. വർഷത്തിന്റെ ആദിശതകങ്ങളിലും തമിഴ്സംഘകാലത്തും കേരളം മുഴുവൻ ചേരരാജാക്കന്മാരുടെ കീഴിലായിരുന്നുവെന്നും, പിൽക്കാലത്തു വേണാടായിത്തീർന്ന ഭാഗവും അന്നു ചേരരാജ്യത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും സംഘം കൃതികളിൽനിന്നു കാണാം. കൊല്ലവർഷം നാലാം ശതകത്തിന്റെ ആദ്യഘട്ടത്തിലുള്ള ഒരു രേഖയിൽ വേണാട്ടുരാജവംശത്തെ സൂചിപ്പിച്ച് 'ചേരതിരുവംശം വിളങ്ക' എന്ന് എഴുതിയിട്ടുണ്ട്. (സ്റ്റേററമാന്വൽ ii. 72). കൂപകസാർവ്വഭൗമനെന്നും വേണാട്ടുകോനെന്നും ബിരുദമുള്ള സംഗ്രാമധീര രവിവർമ്മൻ 'ചേരൻ' എന്ന് അഭിമാനിക്കുന്നുണ്ട്. (M. E. R No. 34 of 1911—സ്റ്റേററമാന്വൽ ii. P. 43).

ഈ വസ്തുത ഇരിക്കട്ടെ. വേണാടും ചേരവംശവുമായിട്ടുള്ള ബന്ധമല്ലല്ലോ നമ്മുടെ ചർച്ചാവിഷയം. കൊല്ലവർഷത്തിന്റെ ആദിശതകം തൊട്ടു കൊല്ലം പട്ടണത്തെ ആസ്ഥാനമാക്കി അധികാരപ്രതിഷ്ഠ സാധിച്ച ഈ രാജവംശത്തിനു സന്ദേശകാലത്തു് ഉണ്ടായിരുന്ന സ്ഥിതി മാത്രമേ നമുക്ക് ഇവിടെ ഗണനാവിഷയമാകുന്നുള്ളു. 'എണ്ണിക്കൊള്ളാം പടയിലെഴുന്നള്ളത്തു കൊല്ലത്തുനിന്നേറാ—കണ്ണിൽക്കൂടാതടയരുടൽ ക്രൂരാളി തോവാള നിന്നേറാ' (16) എന്ന സന്ദേശ ശ്ലോകത്തിൽ

തോവാളയും കൊല്ലവും മുഖ്യമായി പറഞ്ഞിരിക്കുന്നതിന്റെ അൎത്ഥവിചാരം ആവശ്യമാണല്ലോ. 'ചരിത്രദൃഷ്ടിയിൽ' കൊ. വ. 466-ൽ വേണാട്ട് പന്മനവരെയല്ല, തോവാളവരെ വ്യാപിച്ചിരുന്നില്ല എന്നു ബലമായ ഒരു വാദം ഉന്നയിച്ചിട്ടുള്ളതുകൊണ്ട് ഈ അംശം പ്രത്യേകിച്ചും പരിശോധിക്കേണ്ടിയിരിക്കുന്നു. *

വേണാടിന്റെ അതിൎത്തികൾ.

ഒരു കാവ്യം എന്ന നിലയ്ക്കു് സന്ദേശത്തെ ആസ്വദിക്കുന്നതിനു വേണാടിന്റെ പഴയ അതിൎത്തികളെപ്പററിയുള്ള സൂക്ഷ്മ ഗവേഷണത്തിനു് ആവശ്യമില്ലെങ്കിലും, ഈ കാവ്യത്തിന്റെ ചരിത്രസംബന്ധമായ പ്രാധാന്യം കൂടി പരിഗണിക്കുമ്പോൾ 'ചരിത്രദൃഷ്ടിയിൽ' ചെയ്തിരിക്കുന്ന പ്രസ്താവനയെ വിഗണിക്കുന്നതു ന്യായമല്ല.

അയ്യനടി തിരുവടികളുടെ കാലത്തു് കൊല്ലമായിരുന്നു തലസ്ഥാനം. അതേ സ്ഥലം തന്നെയാണു് 149-ാമാണ്ടു് ശ്രീവല്ലഭൻകോതയുടെ രാജധാനിയും. പിന്നീടു സന്ദേശകാലത്തു് രവിവൎമ്മയുടെ രാജധാനിയും കൊല്ലം തന്നെ. ഈ അംശത്തിൽ ആൎക്കും സംശയമുണ്ടാകാൻ വഴിയില്ല. വടക്കേ അതിൎത്തി ശ്രീവല്ലഭൻകോതയുടെ കാലത്തു് (കൊ. വ. 149) മൂഴിക്കുളംവരെ എങ്കിലും ഉണ്ടായിരുന്നിരിക്കണം എന്നു തെളിവുണ്ടു്. (T. A. S. IV. 10, 106). ശ്രീവല്ലഭൻകോത, ഗോവൎദ്ധനമാൎത്താണ്ഡൻ തുടങ്ങിയുള്ള രാജാക്കന്മാർ തിരുവൺവണ്ടൂർ, തൃക്കൊടിത്താനം, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ അധികാരം നടത്തിയിരുന്നതിനു രേഖകളുണ്ടു്. (T. A. S. II. 22; T.A.S II. 40; T.A.S. V. 176; T.A.S. VI. 65). കൊല്ലവൎഷത്തിന്റെ ആദിശതകങ്ങളിൽ വേണാട്ടു രാജാക്കന്മാരുടെ അധികാരം കൊല്ലത്തിനു വളരെ വടക്കോട്ടും വ്യാപിച്ചിരുന്നുവെങ്കിലും, വേണാടെന്ന പ്രത്യേക രാജ്യത്തിന്റെ വടക്കേ അതിൎത്തി പന്മനയ്ക്കു് അല്പം വടക്കുമാറി ഉള്ള കന്നേററി ആയിരുന്നു എന്നു വിചാരിക്കണം. പുതുപ്പട്ടണം

* 465-ൽ വടക്കേ അതിൎത്തി പന്മനവരെയല്ല, തെക്കേ അതിൎത്തി തോവാള വരെ എത്തുകയുമില്ല. നാഞ്ചിനാട്ടു പ്രദേശം പാണ്ഡ്യന്മാരുടെ കൈവശമായിരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. (ച. ദൃ. 73).

തൊട്ടു കന്നേററിവരെ ആയിരുന്നു പ്രാചീനകാലത്തെ കേരള ഖണ്ഡത്തിന്റെ എല്ലകകം (T. A. S. II. P. 106). സന്ദേശ കാലത്തു കന്നേററി ആയിരുന്നു വേണാടിന്റെ വടക്കേ അതിരെന്നും, അതു കഴിഞ്ഞാൽ 'ഓടനാടു' ആണു് എന്നും സന്ദേശത്തിൽ വ്യക്തമായ തെളിവുണ്ടു്. പന്മനത്തമ്പിരാനെ തൊഴുതിട്ടു് കന്നേററി കടന്നാൽ ഓടനാടെന്നു് 91-92 ശ്ലോകങ്ങളിൽ വ്യക്തമാണു്.*

കന്നേററി കടന്നാൽ ഉടൻ 'മുൻപിലേതു്' ഓടനാടാണു് (I. 92) എന്നു പറഞ്ഞിട്ടുള്ളതിൽ നിന്നു് കന്നേററികൊണ്ടു് അന്നത്തെ വേണാടു് അവസാനിച്ചുവെന്നും, നേരെ അടുത്തതു് ഓണനാടാണെന്നും നിർവ്വിവാദമായി സിദ്ധിക്കും. 466-ൽ വേണാടിന്റെ വടക്കേ അതിർത്തി പന്മനവരെയല്ല എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം പന്മനയ്ക്കു വടക്കുള്ള ഭാഗവും ഉണ്ടായിരുന്നു എന്നായിരിക്കുന്നുമല്ലോ. അതിനുള്ള യുക്തി മേൽക്കാണിച്ചിട്ടുള്ള രേഖകളിൽനിന്നാണു സിദ്ധിക്കുന്നതെന്നും വിചാരിക്കാം. എന്നാൽ തിരുവൺവണ്ടൂർ, ഉദയംപേരൂർ തുടങ്ങി വടക്കുള്ള സ്ഥലങ്ങളിൽ വേണാടിനു് അധികാരമുണ്ടായിരുന്ന ആദികാലങ്ങളിൽപ്പോലും വേണാടിനു വടക്കു് ഓടനാടു തുടങ്ങിയുള്ള പ്രത്യേക രാജ്യങ്ങൾകിടന്നിരുന്നു എന്നു വ്യക്തമായി മനസ്സിലാക്കാൻ രേഖകളുണ്ടു്. കൊല്ലവർഷം 392-ാമാണ്ടു് ഓടനാടു വാഴുന്നരുളുകിന്റ ഉദൈച്ചിറകേരളത്തു് ശ്രീ വീരപ്പെരുമാറത്തു് ഇരാമൻ കോതവർമ്മ തിരുവടി തിരുവുള്ളം ചെയ്തരുളു കണ്ടിയൂർക്ഷേത്രം പുതുക്കിപ്പണിയിച്ചതായി രേഖ ഉണ്ടല്ലോ. (T. A. S. I 290). അന്നു് ഒരുവേള ഓടനാടിന്റെ മേൽ വേണാട്ടിലേക്കു് ആധിപത്യം ഉണ്ടായിരുന്നുവെന്നു വിചാരിക്കാൻ പ്രമാണമായി ഈ രേഖ സ്വീകരിക്കുമോ എന്നും സംശയമുണ്ടു്. ഓടനാട്ടു രാജാവു തിരുവുള്ളംചെയ്തരുളി കണ്ടിയൂർ തേവടിച്ചി കരുകടി ഉണ്ണിക്കളത്തിരം ഇരിക്ക വേണാട്ടടയ ഇരവി കേരളവർമ്മൻതിരുവടി നിർവ്വ തിരുപ്പണി ചെയ്യിച്ചു് അരുളിയതായി രേഖയിൽ കാണുന്നതുകൊണ്ടു്,

---

* ശ്ലോ. 91. 'പടയൊര കടന്നിട്ടുകൺപോററി പിന്നെ' എന്ന മുദ്രിതപാഠം അബദ്ധമാണു്. പടയൊര എന്നൊരു സ്ഥലമില്ല. 'പടയൊട്ടു കടന്നിട്ടു കന്നേററി തന്നെ' എന്നു ഗ്രന്ഥത്തിൽ പാഠം വ്യക്തമാണു്. പന്മനയ്ക്കു രണ്ടുമൂന്നു മൈൽ വടക്കുള്ള കന്നേററിപ്പാലം കഴിഞ്ഞാണു് ഇന്നും ഓണാട്ടുകര തുടങ്ങുന്നതു്.

ഓടനാട്ടിനും വേണാട്ടിനും തമ്മിൽ അന്നു് ഏതോ തരത്തിലുള്ള അടുത്ത സംബന്ധമുണ്ടായിരുന്നുവെന്നു വ്യക്തമാകുമല്ലോ.*

സന്ദേശകാലത്തിനു വളരെ മുൻപു തന്നെ ഓടനാടു് ഒരു പ്രത്യേക രാജ്യമായിക്കഴിഞ്ഞുവെന്നും, കന്നേററിയായിരുന്നു വേണാടിന്റെ വടക്കേ അററമെന്നും ഇങ്ങനെ സിദ്ധാന്തിക്കാം.

ഇനി വേണാടിന്റെ തെക്കേ അതിർത്തിയെപ്പററി വിചാരിക്കാം. വേണാടിന്റെ തെക്കേ അററമുള്ള നാഞ്ചിനാടു് കൊല്ലവർഷത്തിന്റെ ആദ്യശതകങ്ങളിൽ മാറിമാറി പല അധികാരങ്ങൾക്കും വിധേയമായിരുന്നു. ചിലപ്പോൾ പാണ്ഡ്യരാജാക്കന്മാരുടെയും, മററു ചിലപ്പോൾ ചോളരാജാക്കന്മാരുടെയും, കൂടക്കൂടെ വേണാട്ടടികളുടെയും അധികാരത്തിൽ ആ ഭാഗങ്ങൾ ഈ ഘട്ടത്തിൽ അമർന്നിരുന്നതിനു തെളിവുകളുണ്ടു്. ആ ഭാഗങ്ങളെ പുറത്തായനാടു് എന്നു വിളിച്ചിട്ടു് അതിനെ രാജരാജ പാണ്ടിനാട്ടിൽ ഉത്തമചോളവളനാട്ടിൽ ഉൾപ്പെടുത്തി രേഖകളിൽ വർണ്ണിച്ചിരിക്കുന്നു. (T. A. S. I. II. 6). കന്യാകുമാരിക്കു ഗംഗൈകൊണ്ട ചോളപുരം എന്നു പേരു് ഉണ്ടായിരുന്നു (I. 164). കോട്ടാറിനു് മുമ്മുടിച്ചോളനല്ലൂർ എന്നു പേരും, ചോളകേരളപുരം എന്നു പേരും അക്കാലത്തെ രേഖകളിൽ കാണുന്നതും ശ്രദ്ധേയം.

---

* വേണാടും ഓടനാടും ആദിയിൽ ഒരേ കുടുംബമായിരുന്നു എന്നു ചില ചരിത്രകാരന്മാർ പറയുന്നുണ്ടു്. ഏതായാലും സന്ദേശകാലത്തിനു വളരെ മുൻപുതന്നെ വേണാടിനു വടക്കു് ഓടനാടു വന്നുകഴിഞ്ഞു എന്നു് ഇതിൽനിന്നു മനസ്സിലാക്കുമ്പോൾ 'ചരിത്രദൃഷ്ടിയിലെ' പ്രസ്താവം സ്വീകാര്യമല്ലെന്നു വന്നുകൂടും. ഇനി വേറെ ഒരു യുക്തി അവലംബിച്ചു നോക്കാം. കൊല്ലത്തിനു വടക്കു് കടലോരത്തോടു് അടുത്തു കിടക്കുന്ന ഓടനാടിന്റെ കഥ ഇരിക്കട്ടെ. കിഴക്കുനിന്നു വടക്കോട്ടു പോയാലുള്ള വടക്കുംകൂർ ഭാഗങ്ങൾ അന്നു വേണാട്ടിൽ ഉൾപ്പെട്ടിരുന്നു എന്നു വാദിച്ചാലോ? ആ കാലങ്ങളിൽ തെക്കുംകൂറും വടക്കുംകൂറും തന്നെ ഉണ്ടായിക്കഴിഞ്ഞു എന്നു ചൂണ്ടിക്കാണിക്കണം. 364–365-ാമാണ്ടിടയ്ക്കു ശ്രീ വല്ലഭപാണ്ഡ്യൻ എന്ന രാജാവു് കീഴ്‌വേമ്പനാടെന്നു പറഞ്ഞുപോന്ന തിരുനെൽവേലിയും, മേൽവേമ്പനാടു് എന്ന തെക്കുംകൂർ-വടക്കുംകൂർ ഭാഗങ്ങളും ഭരിച്ചിരുന്നതായും കാണുന്നു. (നാഗമയ്യാ സ്റ്റേ. മാ. I. 253). ഭാസ്കരരവിവർമ്മയുടെ കാലത്തെ കൊച്ചിതാമ്രശാസനങ്ങളിലും ആ രാജാവിന്റെതന്നെ കാലത്തേതു് എന്നു വിചാരിക്കപ്പെടുന്ന ഹജൂർ ആഫീസ് ശാസനങ്ങളിലും വെൺപലനാട്ടുരാജാക്കന്മാരെപ്പററി പറഞ്ഞു കാണുന്നതും ഈ അംശത്തിൽ നിർണ്ണായകങ്ങളായ തെളിവുകളാണു് (T. A. S. II. 141).

ആണു് (T. A. S. vi 2, 21, 22). കോട്ടാറു് ചോളന്മാരുടെ ഒരു നിലപ്പട ഉണ്ടായിരുന്നുവെന്നും കാണാം (T. A. S. vi. 3). എന്നാൽ ഈ സൂചനകളിൽനിന്നു വേണാടിനു അക്കാലത്തു് നാഞ്ചിനാട്ടേക്കു് എത്തിനോക്കാൻ കഴിഞ്ഞിരുന്നില്ല എന്നു പറഞ്ഞാൽ അതു മററു രേഖകളെ നിരസിച്ചുകൊണ്ടേ സാധിക്കൂ. കൊല്ലവർഷം നാലാം ശതകത്തിന്റെ ആരംഭംതൊട്ടേ വേണാട്ടുരാജാക്കന്മാർ നാഞ്ചിനാട്ടേക്കു് അധികാരം വ്യാപിപ്പിക്കാൻ ശ്രമിച്ചിരുന്നതായി രേഖകളുണ്ടു്. കൊ. വ, 302-ാമാണ്ടു് നാഗർകോവിലും അതിനടുത്തുള്ള സ്ഥലങ്ങളും വേണാടിന്റെ അധീനതയിലായിരുന്നു. ആ ആണ്ടിൽ വേണാട്ടു വാണരുളിയ ശ്രീ വീരകേരളവർമ്മയുടെ അധികാരികൾ വടശ്ശേരിയിൽ ചില നിലങ്ങളുടെ കരങ്ങൾ കോട്ടാർ രാജേന്ദ്രചോളേശ്വരമുടയ മഹാദേവക്ഷേത്രത്തിലേക്കു വിട്ടുകൊടുക്കയുണ്ടായി. (T. A. S. IV. 17). കൊ. വ. 320-ൽ കോതകേരളവർമ്മയുടെ ശുചീന്ദ്രം രേഖ വേണാടിന്റെ അധികാരത്തെ കുറെക്കൂടി തെക്കോട്ടു വ്യാപിപ്പിച്ചതായി തെളിയിക്കുന്നു. (T. A. S. IV. 18). 336-ാമാണ്ടു് വേണാട്ടു വീരരവിവർമ്മയുടെ അധികാരികൾ തോവാളയ്ക്കു് അടുത്തു താഴക്കുടിയിൽ കുറേ സ്ഥലം പുരവരിക്ഷേത്രത്തിനു വിട്ടുകൊടുത്തതായി കാണുന്നതിൽനിന്നു് അപ്പോഴേയ്ക്കു തോവാളവരെ വേണാട്ടു വ്യാപിച്ചിരുന്നു എന്നു നിശ്ചയമായി മനസ്സിലാക്കാം. (T. A. S. VII 7, 8). ഇങ്ങനെ നാഞ്ചിനാട്ടു സ്ഥാപിച്ച അധികാരം വേണാട്ടു് ആ നൂററാണ്ടു മുഴുവൻ നിലനിർത്തിപ്പോന്നു. കൊ. വ. 362-ാമാണ്ടു് വേണാട്ടടികളായ വീരരാമവർമ്മതിരുവടികളുടെ അധികാരികൾ കോട്ടാറുള്ള ചില നിലങ്ങളുടെ ആദായം ഋഗ്വേദവും യജുർവ്വേദവും പഠിപ്പിക്കാൻവേണ്ടി രണ്ടു് ഉപാദ്ധ്യായന്മാരുടെ ചെലവിനായി ഉപയോഗിച്ചു എന്നു കാണിക്കുന്ന ഒരു രേഖ കോട്ടാററു് ഉണ്ടു്. (T. A. S. VII. 13, 14). ഇതു മേൽപ്പറഞ്ഞതിനു തെളിവാണല്ലോ.

ഇങ്ങനെ സന്ദേശകാലത്തിനു വളരെ മുൻപു തന്നെ വേണാടിന്റെ അധികാരം തോവാളവരെ എത്തിയിരുന്നു എന്ന സ്ഥിതിക്കു്, തെക്കേ അതിർത്തി തോവാളവരെ എത്തുകില്ല എന്ന പ്രസ്താവം സ്വീകരിക്കാൻ സാദ്ധ്യമല്ല.

എന്നാൽ അഞ്ചാംശതകത്തിന്റെ ആരംഭത്തോടുകൂടി (കൊ-വ. 400-നു ശേഷം) നാഞ്ചിനാട്ടു വീണ്ടും അന്യാധീനപ്പെട്ടു എന്നു

പറഞ്ഞാലോ?. ഈ അംശവും പരിശോധിക്കാം. കൊ. വ. 4-ാംശതകത്തിന്റെ അന്ത്യഘട്ടം (കൊ-വ. 372-നുശേഷം) പാണ്ടിനാട്ട് കുലശേഖരനും പരാക്രമപാണ്ഡ്യനും തമ്മിലുള്ള അധികാരമത്സരംകൊണ്ടു വളരെ ദുർബ്ബലമായിത്തീൎന്നിരുന്നു. (The Pandyan Kingdom ശ്രീ. നീലകണ്ഠശാസ്ത്രി പു 130). സിലോൺകാരുടെ സഹായംകൊണ്ട് പരാക്രമൻ അധികാരത്തിൽ പ്രതിഷ്ഠിതനായി. അന്നു കുലശേഖരനെ രക്ഷിപ്പാൻ ചോളന്മാർ മുതിൎന്നതായും കാണുന്നു. അതിനുശേഷം വീരപാണ്ഡ്യൻ എന്ന പാണ്ഡ്യരാജാവ് തിരുവിതാംകൂറിൽ അഭയം പ്രാപിച്ചുവെന്നും കാണുന്നുണ്ട്. P. 135). കൊ. വ. അഞ്ചാം ശതവൎഷത്തിന്റെ ആദ്യമാണല്ലോ നമുക്കു മുഖ്യമായ ചിന്താവിഷയം. അന്നത്തെ പാണ്ഡ്യരാജാവ് മാറവൎമ്മ സുന്ദരപാണ്ഡ്യൻ ആയിരുന്നു. (A. D. 1216 The Pandyan Kingdom 148). സുന്ദരൻ ചോളന്മാരുമായി യുദ്ധത്തിൽ ഏർപ്പെട്ടിരുന്നു; എന്നല്ലാതെ വേണാട്ടിലേക്കു തിരിഞ്ഞതായി കാണുന്നില്ല (P. 148-149). പിന്നീട് പാണ്ഡ്യരും വേണാട്ടുമായുള്ള ബന്ധത്തെപ്പററി ശ്രീ നീലകണ്ഠശാസ്ത്രി പരാമർശിക്കുന്നതു് കൊ. വ. 426-മാണ്ടു് വേണാടു വാണിരുന്ന വീരരവി ഉദയമാർത്താണ്ഡവർമ്മയുടെ കാലത്തെ സംബന്ധിച്ചാണു്. സുന്ദരപാണ്ഡ്യൻ ചേരരാജ്യം ജയിച്ചിരിക്കണമെന്നും, അതിനു തെളിവ് തിരുനെൽവേലിക്കടുത്തുള്ള ഒരു ഗ്രാമത്തിനു 'രവി വെൻറ ചതുർവേദിമംഗലം' എന്നു പേരു കാണുന്നതാണു് എന്നും, അക്കാലത്തു് (A. D. 1251—കൊ വ 426) വീരരവി ഉദയമാർത്താണ്ഡവൎമ്മ തിരുവിതാംകൂർ വാണിരുന്നതുകൊണ്ടു് അദ്ദേഹത്തിനെ പാണ്ഡ്യൻ തോല്പിച്ചതിന്റെ സ്മാരകമായിട്ടാണു് ഈ പേരു കൊടുത്തിട്ടുള്ളതെന്നും പ്രസ്താവിച്ചിരിക്കുന്നു. (The Pandyan Kingdom. P. 163). ഇതു വിചിത്രമായ ഒരു വാദമാണെന്നു പറയാതെ തരമില്ല. പാണ്ഡ്യരാജാവിന്റെ ആസ്ഥാനമായ തിരുനെൽവേലിക്കടുത്തു് ഒരു ഗ്രാമത്തിനു് 'രവി വെൻറ' എന്നു പേരു വന്നാൽ രവി എന്ന രാജാവ് അവിടം പിടിച്ചടക്കി എന്നേ അർത്ഥം വരികയുള്ളു. ആ അർത്ഥം മനസ്സിലാക്കാൻ വലിയ ചരിത്രവിജ്ഞാനവും ആവശ്യമില്ല. വ്യക്തമായ ആ അർത്ഥത്തെ അമർത്തിക്കൊണ്ട് ചരിത്രപണ്ഡിതനായ ശ്രീ. ശാസ്ത്രി പാണ്ഡ്യരാജാവിനു പററിയ തോൽവിയെ വിജയമാക്കി മാററാനായി ചെയ്തിരിക്കുന്ന യത്നം അഭിനന്ദിക്കണം!

ഈ വ്യതിയാനം നില്ക്കട്ടെ. 400-ാമാണ്ടിനു ശേഷം സന്ദേശകാലംവരെയുള്ള ഘട്ടത്തെപ്പററിയാണല്ലോ ആലോചിക്കേണ്ടതു്. 410-ാമാണ്ടത്തെ വാരംവെച്ചകോട്ടം രേഖ ഈ വിഷയത്തിൽ ശ്രദ്ധ അർഹിക്കുന്നു. (T. A. S. VI. 170-171). ക്ഷേത്രം സ്ഥാപിച്ച ആളിനെയും ദേശത്തെയും വേണാട്ടടികളെയും രക്ഷിക്കാൻ പ്രാർത്ഥിക്കുന്ന രേഖയാണു് ആ ക്ഷേത്രഭിത്തിയിൽ എഴുതീട്ടുള്ളതു്. ആ രേഖ പ്രകാശിപ്പിച്ച ശ്രീ. എ. എസ്. രാമനാഥയ്യർ ആ രാജാവിൻെറ ഏതോ വിജയത്തെ അനുസരിച്ചാണു ക്ഷേത്രം സ്ഥാപിച്ചിട്ടുള്ളതെന്നു പ്രസ്താവിക്കുന്നു (170). പണ്ടു് ദ്രാവിഡരാജാക്കന്മാർ യുദ്ധവിജയം ആഘോഷിക്കാനായി ദുർഗ്ഗാവിഗ്രഹത്തിൽ വാരം വെച്ചു പൂജിക്ക പതിവായിരുന്നു. 'വാരംവെച്ച കോട്ടം' എന്ന പേരും 'വേണാട്ടടികളെ രക്ഷിക്ക' എന്ന പ്രാർത്ഥനയും ചേർത്തു് ആലോചിക്കുമ്പോൾ ശ്രീ. രാമനാഥയ്യരുടെ ഊഹം ശരിയായിരിക്കുമെന്നു തോന്നുന്നു. 400-ാമാണ്ടിനു ശേഷമുള്ള ചില രേഖകളിൽ കോട്ടാറേ-അമ്പലത്തെപ്പററി 'മുമുടി ചോളനല്ലൂർ' എന്നു് എഴുതിക്കാണുന്നതിനാൽ അക്കാലത്തു ചോളന്മാരുടെ കൈവശമായിരുന്നു ആ സ്ഥലങ്ങൾ എന്നു് ഊഹിക്കുന്നതു ശരിയെന്നു് അംഗീകരിക്കാൻ സാദ്ധ്യമല്ല (T. A. S. VI. 23). മുൻകാലത്തു് കോട്ടാററിനു കിട്ടിയ പേരു തുടർന്നുപോന്നു എന്നേ വിചാരിക്കാനുള്ളു. ഇന്നും പാണ്ടിനാട്ടിൽ ചേരമാദേവി എന്ന പേരു തുടരുന്നതും, തിരുവിതാംകൂറിൽ അഴകിയപാണ്ടിപുരം ഉള്ളതും നോക്കുക. അഞ്ചാം ശതകത്തിൻെറ ഉത്തരാർദ്ധം അതിപ്രതാപശാലിയായ രവിവർമ്മയുടെ കാലം ആയിരുന്നെങ്കിൽ പൂർവ്വാർദ്ധവും അശക്തകാലമല്ല. രവിവർമ്മയ്ക്കു മുൻപേ നാടുവാണവർ ഉദയമാർത്താണ്ഡവർമ്മയും (T. A. S. IV. 86), പിന്നീടു് രവിവർമ്മയുടെ ബാല്യദശയിൽ അദ്ദേഹത്തിനു വേണ്ടി പിതാവായ ജയസിംഹനും ആയിരുന്നുവല്ലോ. അവർ ദുർബലന്മാരല്ലായിരുന്നു. അവരുടെ കാലത്തു് വേണാടിൻെറ ചില ഭാഗങ്ങൾ മററാരെങ്കിലും അപഹരിച്ചെടുത്തിരിക്കുമെന്നു വിചാരിക്കാൻ

---

* ബ്രിട്ടീഷ് റെസിഡെൻറു് ഇവിടന്നു പോയിട്ടും ഇപ്പോഴും നാം വ്യവഹരിക്കുന്നതു് റെസിഡൻസി ബംഗ്ലാവെന്നാണല്ലോ. ഇത്തരം രേഖയെ ആസ്പദമാക്കി വളരെക്കാലം കഴിഞ്ഞു് ഒരു ഗവേഷകൻ റെസിഡൻറു് ഇപ്പോഴുണ്ടായിരുന്നെന്നു വാദിക്കുന്നതുപോലെ മാത്രമേ ഇതിനെ ഗണിക്കാവൂ.

തീരെ നിവൃത്തിയില്ല. അങ്ങനെ, വ്യക്തമായ രേഖ കിട്ടുന്നതു വരെ ആ വിഷയത്തെപ്പററി ആലോചനയും ആവശ്യമില്ല. *

ഇങ്ങനെ തെക്കേ അതിർത്തി അന്നു തോവാളയല്ലെന്നുള്ള വാദവും സ്വീകാര്യമല്ലാതെ വരുന്നു.

കൊല്ലം.

ഇനി വേണാട്ടിന്റെ അന്നത്തെ രാജധാനിയായ കൊല്ലത്തെപ്പററി വിചാരിക്കാം. സന്ദേശത്തിൽ കൊല്ലം പട്ടണത്തെ അവതരിപ്പിക്കുന്നതു് 'കോളംരമ്യം നിജകല പുരീം കൂപകാധീശ്വരാണാം' എന്ന തരത്തിലാണു് (68). 'കൂലേ മാരീമഠ കലാപുരീം കൂപകാധീശ്വരാണാം' എന്ന ശുക സന്ദേശപദ്യത്തെ ഇതു് അനുകരിക്കുന്നു. (ശുകസ. 54). കൂപകാധീശ്വരസംബന്ധത്തെപ്പററി മുകളിൽ പ്രസ്താവിക്കാം. 69-ാംശ്ലോകംകൊണ്ടു് 'വേണാടർക്കോനാണു്' ഈ പട്ടണത്തെ പാലിച്ചുവരുന്നതു് എന്നു പറഞ്ഞു് കൂപകവംശത്തിനും വേണാട്ടിനും തമ്മിലുള്ള ഐക്യത്തെ കവി സൂചിപ്പിക്കുന്നു. അടുത്ത ശ്ലോകങ്ങളിൽ കൊല്ലം പട്ടണത്തിലെ വാണിജ്യവിഭവങ്ങളെപ്പററിയാണു കവി വർണ്ണിക്കുന്നതു്. വാണിജ്യകാര്യങ്ങളെപ്പററി

---

* അക്കാലത്തു പാണ്ടിനാട്ടു വാണിരുന്ന ജടാവർമ്മ വീരപാണ്ഡ്യനും മാറവർമ്മ കുലശേഖരനും വേണാട്ടു് ആക്രമിക്കാൻ ആഗ്രഹിച്ചതിനുപോലും തെളിവില്ല. (The Pandyan Kingdom p. 174). മാറവർമ്മ കുലശേഖരൻ (ക്രി. വ. 1268) മലനാട്ടു ജയിച്ചു എന്നു് ഒരു അവകാശവാദം ചെയ്തുകാണുന്നു. (The Pandyan Kingdom 183). കൊല്ലം തന്നെ പിടിച്ചിരിക്കണമെന്നാണു് ശ്രീ നീലകണ്ഠ ശാസ്ത്രി ഊഹിക്കുന്നതു്. 'ചേരനൈ വെൻറു', 'കൊല്ലം കൊണ്ട' എന്ന ബിരുദങ്ങൾ പാണ്ടി രാജാവു് ഏറ്റുകാണുന്നു എന്നാണു് അദ്ദേഹത്തിന്റെ ഊഹത്തിനു് ഊന്നു കൊടുക്കുന്നതു് (p. 183). ഈ രേഖയ്ക്കു താങ്ങായിക്കല്പിക്കുന്ന വേറൊരു രേഖ അതിനു മുൻപത്തെ തലമുറയിലുള്ള ഒരു രാജാവിന്റെ രേഖയായിരിക്കാമെന്നു ചൂണ്ടിക്കാണിക്കുന്ന ശ്രീ. ശാസ്ത്രിയുടെ കൊല്ലവിജയസിദ്ധാന്തം തീരെ ദുർബലമായിത്തീരുന്നു (പുറം 183). എന്തായാലും കൊല്ലം ജയിച്ച വാദം തോവാള അതിരെന്നുള്ള വാദത്തിനു ബാധകമല്ലല്ലോ. അവനവന്റെ കൊട്ടാരത്തിലിരുന്നുകൊണ്ടു് എത്രയോ രാജാക്കന്മാർ് എന്തെല്ലാം അവകാശവാദങ്ങൾ പുറപ്പെടുവിച്ചുകൂടാ എന്നു മാത്രമേ ഇതിനു സമാധാനം പറയേണ്ടതുള്ളു. നാഞ്ചിനാട്ടു പിടിച്ചുവെന്നു് അവകാശവാദംപോലും ചെയ്യാത്തതു ശ്രദ്ധേയമാണു്. ഈ വിചാരത്തിൽ നിന്നു്, തോവാളവരെയുള്ള പ്രദേശങ്ങളെല്ലാം (456 വരെ തന്നെ) വേണാട്ടിന്റെ ഭാഗമായിരുന്നു എന്നു മനസ്സിലാക്കാം.

പറയുന്നതിനുമുമ്പ്, കൊല്ലത്തിന്റെ പ്രാചീനതയെപ്പററി അല്പം ചിലതു സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. മലയാളനാട്ടിൽ പ്രചാരത്തിലിരിക്കുന്ന വർഷം ഈ പട്ടണത്തെ അനുസ്മരിപ്പിക്കുന്നതുകൊണ്ട് ഇന്നേയ്ക്ക് ആയിരത്തി ഒരുനൂററിമുപ്പതു വർഷങ്ങൾക്കു മുമ്പ് ആ സ്ഥലത്തിന് ഉണ്ടായിരുന്ന പ്രാധാന്യം നിസ്സന്ദേഹം മനസ്സിലാക്കാം * കൊല്ലമായിരുന്നു ആദികാലത്തു വേണാടിന്റെ രാജധാനി. ശ്രീവല്ലഭൻകോത (കൊ. വ. 149), രാമർ തിരുവടി കോയിലധികാരികളാകിന ശ്രീകുലശേഖര ചക്രവർത്തികൾ (കൊ. വ. 218) എന്നു തുടങ്ങിയുള്ള രാജാക്കന്മാരെല്ലാം കൊല്ലത്തു താമസിച്ചായിരുന്നു ഭരണം നടത്തിയതു്. (T. A. S. II. 22-25; T. A. S. V. 40). കുരക്കേണി കൊല്ലത്തു പനങ്കാവിൽ കൊട്ടാരത്തിലായിരുന്നു രാജാക്കന്മാർ താമസിച്ചിരുന്നതു് (T. A. S. V. 44). ഈ പനങ്ങാവനത്തെ സന്ദേശത്തിലും പരാമർശിക്കുന്നു (I. 74). ഈ കൊട്ടാരം നിന്നതു് എവിടെയെന്നു മനസ്സിലാകുന്നില്ല.

വേണാട്ടരുടെ രാജധാനി, മലയാളാബ്ദം തുടങ്ങിയ സ്ഥലം, തരിസാപ്പള്ളിയുടെ സ്ഥാപനംകൊണ്ടു ക്രിസ്തുധർമ്മത്തിനു് ഇരിപ്പുറച്ച ദേശം എന്നീ നിലകളിലെല്ലാം കൊല്ലം പ്രശസ്തി നേടിയിരുന്നു. അവിടമാണു പിന്നീടു ജയസിംഹന്റെ വ്യക്തിപ്രഭാവംകൊണ്ടു് 'ജയസിംഹനാട്' (ദേശിംഗനാട്)' എന്നു് കൊല്ലവർഷം അഞ്ചാം നൂററാണ്ടിന്റെ പൂർവാർദ്ധത്തിൽ വിളിക്കൊണ്ടതു്.

---

* കലിവർഷം 3926 (ക്രി. വ. 825) ൽ ഉദയമാർത്താണ്ഡവർമ്മ കൊല്ലത്തു് എഴുന്നള്ളി താമസിക്കെ ഒരു പുതിയ അബ്ദം തുടങ്ങുന്നതിനു വേണ്ടി കേരളത്തിലെ ജ്യോതിഷപണ്ഡിതന്മാരെയെല്ലാം കൊല്ലത്തു വിളിച്ചു വരുത്തി ആയാണ്ടു ചിങ്ങമാസം 1-ാം തീയതിതൊട്ടു കൊല്ലവർഷം ആരംഭിച്ചു എന്നാണു്, ശങ്കുണ്ണിമേനവൻ തിരുവിതാംകൂർ ചരിത്രത്തിൽ പ്രസ്താവിക്കുന്നതു്. (History of Travancore 89). കൊല്ലം ഒന്നാമാണ്ടു ചിങ്ങം 5-ാംതീയതി രാജകുടുംബാംഗങ്ങൾ പരശുരാമസ്വാമി ക്ഷേത്രത്തിൽ വന്നു്, സ്വാമിയാത്രം ഒരുമായി ചെന്നിരുന്നു്, ക്ഷേത്രകാര്യങ്ങളെപ്പററി ചില നിയമങ്ങൾ ഉണ്ടാക്കിയതായും ക്ഷേത്രത്തിലെ രേഖകളെ ആസ്പദമാക്കി ശങ്കുണ്ണിമേനവൻ പ്രസ്താവിക്കുന്നു. ശ്രീ. ശങ്കുണ്ണിമേനവൻ പരാമർശിക്കുന്ന ഈ രേഖകൾ ഇപ്പോൾ കാണുന്നില്ല. കൊല്ലവർഷത്തിന്റെ ആരംഭം എങ്ങനെയിരുന്നാലും, അതു കൊല്ലം പട്ടണത്തിൽ വച്ചു തുടങ്ങിയതെന്നു വസ്തുതയാണു് ഇവിടെ ഉറപ്പിച്ചു പറയുന്നതു്.

അദ്ദേഹത്തിന്റെ പുത്രനായ രവിവർമ്മ സംഗ്രാമധീരന്റെ കാലമായപ്പോഴേക്കും അമ്മാവന്മാരുടെ കാലത്തുള്ളതിൽ നൂറു മടങ്ങു മഹിമ കൊല്ലത്തിനു് ഉണ്ടായി. കൊല്ലം വാണിജ്യകേന്ദ്രമായി എത്രകണ്ടു വിദേശികളെ ആകർഷിച്ചുവോ, അതിൽ വളരെക്കൂടുതൽ സംസ്കാരകേന്ദ്രമായും വിഖ്യാതി നേടി. പ്രദ്യുമ്നാഭ്യുദയത്തിന്റെ കർത്താവും 'വിദഗ്ദ്ധപത്മാകരദിനകര'നുമായ രവിവർമ്മയുടെ യശസ്സു് സമുദ്രബന്ധൻ, കവിഭൂഷണൻ തുടങ്ങിയ പ്രശസ്ത പണ്ഡിതന്മാരെ കൊല്ലത്തേക്കു് ആകർഷിച്ചു. സമസ്തഗുണസമ്പന്നനായിരുന്ന രവിവർമ്മ എന്നു് ആ പണ്ഡിതന്മാർ ഉദ്ഘോഷിക്കുന്നുണ്ടു്. അലങ്കാരസൂത്രത്തിനു സമുദ്രബന്ധൻ എഴുതിയ വ്യാഖ്യാനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക:

> കേരളേഷ്വസ്തി നഗരീ കോളംബ ഇതി വിശ്രുതാ
> വിഭൂഷയൻ പുരീമേനാം യദുവംശവിഭൂഷണം
> രവിവർമ്മേതി വിഖ്യാതോ രാജാ ശാസ്തി വസുന്ധരാം.
> യത്പ്രാകാരം ക്ഷമസി വിക്ഷിതും ഉന്നതമേ! ചേതസ്സമസ്താൻ ഗുണാൻ
> കോളംബാഖ്യമുപേഹി ദക്ഷിണദിശാസീമന്തരത്നം പുരം
> (T. A. S. II. 54).

രവിവർമ്മ കൊല്ലംപട്ടണത്തെ പല തരത്തിൽ പരിഷ്കരിച്ചു. 'കോളംബപുരവരാധീശ്വരൻ' എന്നും, 'കോളംബപുരപരിഷ്കാരക'നെന്നും മറ്റും അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു് ഇതിനു തെളിവാണു്. അദ്ദേഹത്തിന്റെ ഭരണത്തിൽ കൊല്ലം ദക്ഷിണദിശാവധൂടിയുടെ സീമന്തരത്നമായിത്തീർന്നു. ഈ ആശയംതന്നെ ആയിരിക്കണം 'ഏഷാ ഭൂഷാമണിരിവ ഭുവോ ഹന്ത! വേണാടർകോനാം' എന്നു തുടങ്ങുന്ന ശ്ലോകത്തിൽ (69) പ്രസ്താവിക്കുന്നതു്. കൊല്ലത്തിന്റെ മഹിമ ബഹുമുഖമായിരുന്നുവെങ്കിലും അവിടത്തെ വാണിജ്യപ്രവൃത്തിയുടെ വിലാസമായിരുന്നു വിദേശീയരെ അധികം ആകർഷിച്ചുകൊണ്ടിരുന്നതു്. ക്രിസ്തുവർഷം ഏഴാം ശതകത്തിൽ ചൈനയും കൊല്ലവുമായിട്ടുണ്ടായിരുന്ന കച്ചവടത്തെപ്പറ്റി ചീനരേഖകളിൽ കാണുന്നുണ്ടു്. കൊല്ലത്തെ രാജാവിനെ വേണാട്ടി (Benati) എന്നു പരാമർശിച്ചു കാണുന്നു. (നാഗമയ്യാ-സ്റ്റേ-മാനു-I. 244). കൊല്ലമായിരുന്നു അവരുടെ സങ്കേതം. മാൻസി (Manzi) എന്നു് ആ സ്ഥലത്തെ അവർ വിളിക്കുന്നു. 9-ാം നൂറ്റാണ്ടു തൊട്ടു് (കൊല്ലവർഷാരംഭംതൊട്ടു്)

അറബികൾ കൊല്ലത്തു പ്രവൃദ്ധമായ വാണിജ്യബന്ധം സ്ഥാപിച്ചു. പേർഷ്യാക്കാരനായ സുലൈമാൻ കൊല്ലം ഒന്നാം ശതവർഷത്തിൽ മലബാർ സന്ദർശിച്ചിട്ട് 'ചീനക്കപ്പലുകൾക്കുന്ന ഏക സ്ഥാനം കൊല്ലമാണ്'' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. (നാഗമയ്യ 245). ഇങ്ങനെ തുടങ്ങിയ വാണിജ്യം ഉച്ചകോടിയിൽ എത്തിയ ഘട്ടമായിരുന്നു ഈ സന്ദേശത്തിന്റെ കാലം. കൊല്ലത്തെ വാണിജ്യാഭിവൃദ്ധിയെപ്പററി സന്ദേശകർത്താവിനു വലിയ ബഹുമതി ഉണ്ടായിരുന്നുവെന്നു സന്ദേശം വളരെ വ്യക്തമാക്കുന്നു. 'ചൊങ്കം ചമ്പ്രാണിയുമുടനുടൻ വന്നു ചേർന്നാടലോടെകൊണ്ടു'' അഖില ജലധിയെയും ആക്രമിക്കുന്നവരും ആയിരുന്നു ആ നഗരിയെന്നു സന്ദേശകർത്താവു പ്രഖ്യാപിക്കുന്നു (I. 70). ചൊങ്ക് ചീനക്കപ്പലാണ്. ഇബിൻ ബത്തൂത്ത എന്ന ലോകസഞ്ചാരി ചീനന്മാരുടെ മൂന്നു തരം കപ്പലുകളെപ്പററി പ്രസ്താവിച്ചിട്ടുണ്ട്. ജങ്ക് (Junk), സാവോ (Zao), കാക്കം (Kakam). ഇവയിൽ ജങ്ക് ആണ് വലിയ കപ്പൽ. ജോണക്ക് (Jonuk) എന്നാണ് ആ പദത്തിന്റെ ആദിരൂപം. മലയാളത്തിൽ ചൊങ്ക് എന്ന രൂപത്തിൽ ആ വാക്ക് സ്വീകരിച്ചു. അക്കാലത്തെ ചീനക്കപ്പലുകളെപ്പററി ചീനത്തു വളരെ നാൾ താമസിച്ച മാർക്കോ പോളോ എന്ന വെനിഷ്യൻ സഞ്ചാരിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇരുന്നൂറോ മുന്നൂറോ സാംയാത്രികന്മാരെയും അയ്യായിരമോ ആറായിരമോ കട്ട നല്ലമുളകും കയററിക്കൊണ്ടു പോകുന്നതായിരുന്നു അവരുടെ വലിയ കപ്പലുകൾ. (Marco Polo—Edited by Col. Yule. II. p. 250). ചമ്പ്രാണി എന്നതു 'ചമ്പാനാ' എന്നു ബാർബോസാ പറയുന്ന ഒരുതരം കപ്പലാണ്. മലയാളഭാഷയിൽ ചമ്പാൻ എന്നു പറയുമെന്നും അദ്ദേഹം സൂചന നൽകുന്നു.*

മാർക്കോ പോളോ ക്രി. വ. 1293-ൽ (കൊ. വ. 468- സംഗ്രാമധീര രവിവർമ്മയുടെ കാലത്തു്) കൊല്ലം നഗരം സന്ദർശിച്ചു. കൊല്ലത്തിന്റെ അന്നത്തെ സ്ഥിതിയെപ്പററിയുള്ള പരാമർശങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു പശ്ചാത്തലം

---

* കൊല്ലം രാജാവിന്റെ വകയായ കൊല്ലക്കര (Quilacare) എന്ന സ്ഥലത്തെ വർണ്ണിക്കുമ്പോൾ ബാർബോസാ പറയുന്നതു് ഇങ്ങനെയാണ്:- They perform their voyages in small vessels which they call champana. [illegible] Comp. Malay Sampan എന്നും ചേർത്തിട്ടുണ്ട്. Barbosa I.

ആണ്‌ കൊല്ലത്തെപ്പററി അദ്ദേഹം പറയുന്ന ഭാഗം. അതിനാൽ അതു് ഇവിടെ അനുവാദം ചെയ്യാം. 'മാവർ (ചോഴമണ്ഡലം) വിട്ട് അഞ്ഞൂറ മൈൽ തെക്കുകിഴക്കോട്ടു സഞ്ചരിച്ചാൽ കൊല്ലംരാജ്യത്തു ചെല്ലും. അവിടത്തെ ആളുകൾ വിഗ്രഹാരാധകന്മാരാണ്. എന്നാൽ കുറേ ക്രിസ്ത്യാനികളും യഹൂദന്മാരുമുണ്ട്. നാട്ടുകാൎക്ക് ഒരു പ്രത്യേക ഭാഷയുണ്ട്. അവൎക്ക് ഒരു പ്രത്യേക രാജാവുമുണ്ട്. ആൎക്കും അവർ കപ്പം കൊടുക്കുന്നില്ല. ധാരാളം 'ബ്രസീൽ' ഇവിടെ കിട്ടും. (ഒരു തരം മരമായിരിക്കാം). കൊല്ലം ബ്രസീൽ എന്നാണ് ഇതിനു പേർ പറയുന്നതു്. അതിന്റെ ഗുണം മെച്ചമാണ്. നല്ല ഇഞ്ചിയും ഇവിടെ ഉണ്ടാകുന്നുണ്ട്. സ്ഥലത്തെ അനുസ്മരിച്ച് കോലമെന്നാണ് ഇതിനെയും വിളിക്കുന്നതു്.* ഈ രാജ്യത്തു് എല്ലായിടവും കുരുമുളകു വളരെ സമൃദ്ധിയായി ഉണ്ടാകുന്നു. എങ്ങനെയെന്നു ഞാൻ പറയാം. കുരുമുളകു വന്യമായിട്ടല്ല, കൃഷിചെയ്താണു വളരുന്നതു്. വേണ്ടപോലെ തൈ വച്ചു പിടിപ്പിച്ചു് വെള്ളമൊഴിച്ചു വളൎത്തുന്നു. മെ, ജൂൺ, ജൂലായ് ഈ മാസങ്ങളിൽ കുരുമുളകു പറിച്ചു ശേഖരിക്കുന്നു. നല്ല നീലവും ഇവിടെ ധാരാളം ഉണ്ട്. ഇതു് ഒരു ചെടിയിൽ നിന്നാണ് എടുക്കുന്നതും. വേരു കളഞ്ഞിട്ട് ഈ ചെടി വലിയ പാത്രങ്ങളിലിട്ടു വെള്ളമൊഴിച്ചു് അഴുകാനിടുന്നു. പിന്നീട്ട് ആ വെള്ളം എടുത്തു് ഇവിടത്തെ അത്യുഷ്ണമായ വെയിലിൽ വയ്ക്കുന്നു. ആ വെയിലത്തു ചൂടു പിടിച്ചു് കുറുകിയ രീതിയിലാണ് നാം അതു കാണുന്നതു്' f

ചൈനാ, അറേബ്യ തുടങ്ങിയ വിദൂരദേശങ്ങളും കൊല്ലവും തമ്മിലുണ്ടായിരുന്ന കച്ചവടത്തെപ്പററി മാൎക്കോ പോളോ തുടൎന്ന് ഇപ്രകാരം പറയുന്നു:

---

* കോലിക്കി എന്നായിരിക്കാം ഇവിടെ സൂചിപ്പിക്കുന്നതു്. ഇവിടത്തെ വാണിജ്യസാധനങ്ങളെപ്പററി മററു ചില വിവരങ്ങളും മാൎക്കോ പോളോയിൽനിന്നു കിട്ടുന്നുണ്ട്. ഈ രാജ്യത്തു ധാരാളം കുരുമുളകും ഇഞ്ചിയും ചിന്നാമക്കിയും പലതരം അണ്ടിപ്പരിപ്പുകളും മററും കിട്ടുന്നുണ്ട്. വളരെ നേൎത്തതും ഭംഗിയുള്ളതുമായ വസ്ത്രങ്ങളും അവർ അവിടെ ഉണ്ടാക്കുന്നു.

f. അമരിച്ചെടിയിൽനിന്നാണല്ലോ നീലമെടുക്കുന്നതു്. അതു് ആദ്യം ഇൻഡ്യയിൽ കണ്ടുപിടിച്ചതുകൊണ്ടാണ് നീലത്തിനു 'ഇൻഡിഗോ' എന്നു പേരു പറയുന്നതു്.

‘മാൻസി (ചൈന) യിൽ നിന്നും അറേബ്യയിൽ നിന്നും ലവൻറിൽനിന്നും കച്ചവടക്കാർ ഇവിടെ കപ്പലിൽ വരുന്നു.” കപ്പലിൽ സാമാനങ്ങൾ കൊണ്ടുവന്ന് ഇറക്കുമതികൊണ്ടും കയററുമതികൊണ്ടും വലിയ ആദായമുണ്ടാകുന്നു.’ (Marco Polo, Edited by Col. Yule. II. 389–390).]

അക്കാലത്തു കൊല്ലം സന്ദർശിച്ച പോളോവിൻെറ ഈ വിവരണം കൊല്ലത്തെ അന്നത്തെ സ്ഥിതി മനസ്സിലാക്കാനും സന്ദേശത്തിൽ അവിടത്തെ വാണിജ്യത്തെപ്പററി പറഞ്ഞിട്ടുള്ള വസ്തുതകൾ ഗ്രഹിപ്പാനും പ്രത്യേകം പ്രയോജനപ്പെടുമല്ലോ. കപ്പൽകച്ചവടത്തെപ്പററി 10-ാം ശ്ലോകത്തിൽ സൂചിപ്പിച്ചതിനു ശേഷം 7 ശ്ലോകങ്ങളിൽ കൊല്ലം മുച്ചന്തിക്കൽ കമ്പോളത്തെ വർണ്ണിച്ചിരിക്കുന്നു. (80, 86). നഗരങ്ങളെയും അങ്ങാടികളെയും വർണ്ണിക്കുന്നതു് അക്കാലത്തെ സാഹിത്യ ശൈലിയായിരുന്നു. [അനന്തപുരവർണ്ണനം, ഉണ്ണിയാടീചരിതം തുടങ്ങിയ കൃതികളും ഈ അംശത്തിൽ സാക്ഷ്യം വഹിക്കുന്നു]. ഇന്നും ഒരു അങ്ങാടി സ്ഥലത്തു കാണുന്ന പലതരം സാമാനങ്ങളാണ് ഈ പദ്യങ്ങളിൽ പറഞ്ഞിട്ടുള്ളതു്. പല തരം നെല്ലുകൾ, അനേകം ഇനത്തിൽ പെട്ട മീനുകൾ, സുഗന്ധ ദ്രവ്യങ്ങൾ എന്നു വിവിധ വിപണി ദ്രവ്യങ്ങളിലെല്ലാം കവിയുടെ ദൃഷ്ടി പതിഞ്ഞിരിക്കുന്നു. *

വേണാട്ടിൽതന്നെയുള്ള പുത്തിടത്തങ്ങാടിയും (62—66), കൊല്ലത്തെ അങ്ങാടിയും വർണ്ണിക്കുന്നതിൽ നിന്ന് പല ഭാഷ സംസാരിക്കുന്ന ആളുകളും അന്നു വേണാട്ടിൽ ഉണ്ടായിരുന്നുവെന്നു

---

* കൊല്ലത്തെ വസ്ത്രനിർമ്മിതിയെപ്പററി പിൽക്കാലത്തെ സൂചനകളും സാഹിത്യത്തിൽനിന്നു നമുക്കു കിട്ടുന്നുണ്ട്.

‘ലംബോദാസ്യം ദിവി കിമപി ലോലംബ! കോളംബദേശേ
രമ്യേ യസ്മിൻ വിലസതി സരോ മാനസം മാനവാനാം
നിത്യം തത്രൈവ നവരവികരോല്ലാസിതം രാജഹംസൈസ്സർ-
ജ്ജുഷ്ടാം പട്ടാംബരഘനകപടകോൽഹാളീം പ്രസൂതേ’.

‘പട്ടാംബരങ്ങളായ സ്വർണ്ണപടകോൽഹാരങ്ങളെ പ്രസവിക്കുന്നു എന്നതിന് വാസ്തവത്തിൽ കവിയുടെ ആശയം പുതുതായി രാജ്യം ഭരിക്കുന്ന രവിവർമ്മമഹാരാജാവു് നികുതി കുറച്ചതുനിമിത്തം സന്തുഷ്ടരായ പ്രജകൾ ആ ഉത്സവത്തിൽ രാജോചിതമായ പട്ടാംബരങ്ങൾ നെയ്യുന്നു് എന്നാണ്’ ‘കൊല്ലം അക്കാലത്തു്’ വസ്ത്രനിർമ്മിതിക്കു നേടിയിരുന്ന പ്രശസ്തിയാണ് ധ്വനിക്കുന്നതു്. മഹാകവി ഉള്ളൂർ വിജ്ഞാനദീപിക ഭാഗം IV. p. 25.

മനസ്സിലാക്കാം. 65-ാം ശ്ലോകത്തിലും 86-ാം ശ്ലോകത്തിലും ഈരണ്ടു വരി പദ്യഭാഷയിൽത്തന്നെ രചിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. 'വിപണിദ്രവ്യഭാഷാവിശേഷങ്ങളും' കവിയുടെ ശ്രദ്ധയെ സവിശേഷം വശീകരിച്ചു എന്നു വ്യക്തമാണു്.

വേണാട്ടു്—കൂപകം

കൊല്ലത്തെ വാണിജ്യത്തെപ്പററിയുള്ള പ്രതിപാദനം ഇങ്ങനെ നില്ക്കട്ടെ. 'വേണാടും' 'കൂപകവു'മായുള്ള സംബന്ധത്തെപ്പററി സന്ദേശത്തിൽ ചെയ്യുന്ന പരാമർശം (ശ്ലോ. 68) ചരിത്രസംബന്ധമായി പ്രാധാന്യം അർഹിക്കുന്നതായതുകൊണ്ടു് അതിനെക്കുറിച്ചു ചിലതു പ്രസ്താവിക്കാം.

കോളംബപട്ടണത്തെപ്പററി 'നിജകുലപുരീം കൂപകാധീശ്വരാണാം' എന്നാണല്ലോ പറഞ്ഞിട്ടുള്ളതു്. അടുത്ത ശ്ലോകത്തിൽ (69) വേണാടർകോനാണു് ആ പട്ടണത്തെ രക്ഷിക്കുന്നതെന്നു പ്രസ്താവിക്കുന്നതുകൊണ്ടു് കൂപകാധീശ്വരന്മാർ വേണാട്ടുരാജാക്കന്മാരാണെന്നു സ്പഷ്ടമാണു്. 'നിജകുലപുരീം' എന്നുള്ളിടത്തെ നിജശബ്ദം കരുതി പ്രയോഗിച്ചിരിക്കുന്നതു പോലെ കാണുന്നു. ഈ ശ്ലോകം രചിച്ചിട്ടുള്ളതു ശുകസന്ദേശത്തിലെ പദ്യത്തെ അനുസരിച്ചാണെങ്കിലും, കൂപകമെന്നും വേണാടെന്നും രണ്ടുതരത്തിൽ പ്രസിദ്ധമായ രാജ്യം ഒന്നെന്നു നല്ലപോലെ സൂചിപ്പിക്കുന്നു. കൂപകരാജ്യത്തെപ്പററി പഴയ രേഖകളിൽ പല പ്രസ്താവങ്ങളും ഉള്ളതു ചരിത്രകാരന്മാർ പല തരത്തിൽ വ്യാഖ്യാനിക്കുന്നതുകൊണ്ടു് അതിനെപ്പററി ചിലതു പറയാം. കൂപകം വേണാട്ടിൽനിന്നു ഭിന്നമാണെന്നു തന്നെ ചിലർ സംശയം പ്രദർശിപ്പിച്ചിട്ടുള്ളതുകൊണ്ടു് ഈ വിഷയം ഇവിടെ പ്രസക്തവുമാണു് (T. A. S. II. 54). മദ്ധ്യകാലഘട്ടങ്ങളിലും അതിനു പിന്നെയും മലനാട്ടു് എന്നു പറയുന്ന മലയാളദേശം പല ചെറിയ രാജ്യങ്ങളായിപ്പിരിഞ്ഞിരുന്നു. അവയിൽ പ്രധാനപ്പെട്ടതു കോലത്തിരിമാർ ഭരിച്ചിരുന്ന മൂഷികരാജ്യവും, കൂപകരാജാക്കന്മാർ ഭരിച്ച കൊല്ലവും, വേണാട്ടു രാജാക്കന്മാർ ഭരിച്ച തെക്കൻ തിരുവിതാംകൂറും ആയിരുന്നുവെന്നും, കൊല്ലത്തിനു വടക്കു കോയമ്പത്തൂർവരെ തൊട്ടുകിടക്കുന്ന സ്ഥലമാണു കേരളമെന്നും

ശ്രീ. ഗോപീനാഥ റാവു പ്രസ്താവിക്കുന്നു (T.A.S. II. 54, 55). രാജാധിരാജനെന്ന ചോളചക്രവർത്തി വേണാട്ടരശനെയും കൂപകരാജാവിനെയും ജയിച്ചതായും ചിലർ പറയുന്നു. (T. A. S. VI. 2). കൂപകത്തെയും വേണാട്ടിനെയുംപററി പൂർണ്ണമായി അറിയുന്നതിനാവശ്യമായ രേഖകൾ കിട്ടുന്നില്ലെങ്കിലും കൂപകം വേണാട് ആണെന്നു സന്ദേഹം കൂടാതെ അഭിപ്രായപ്പെടത്തക്കവണ്ണം വസ്തുതകൾ അറിയാറാണ്ട് *. പ്രപഞ്ചഹൃദയം എന്ന സംസ്കൃതഗ്രന്ഥം അനുസരിച്ച്, കൂപകദേശം കന്യാകുമാരിതൊട്ടു കന്നേററിവരെ ആണെന്നു വ്യക്തമായി മനസ്സിലാക്കാം. (സദസ്യതിലക. ശ്ലോ. മാല. II p. 292). Trivandrum Sanskrit Series No XLV. †

കേരളോത്പത്തിയുടെ ഏതോ ഒരു മാതൃകയെ ആസ്പദമാക്കി കൂപകം പെരുമ്പുഴതൊട്ടു പുതുപ്പട്ടണംവരെ ആയിരുന്നു എന്നും, കന്യാകുമാരി തൊട്ടു കന്നേററിവരെയുള്ള ഭാഗം മൂഷികരാജ്യം ആയിരുന്നു എന്നും ശ്രീ. ഗോപിനാഥറാവു പ്രസ്താവിക്കുന്നു. (T. A. S. II. 106). ഇങ്ങനെ തന്നെ നാഗമയ്യാ പറയുന്നതും (S. M. I. 216). ഇതു ശരിയല്ലെന്നു കേരളോത്പത്തിയുടെ തന്നെ മററു മാതൃക തെളിയിക്കുന്നു. മൂഷികരാജ്യം കോലത്തുനാടാണെന്ന് അതേ പ്രകാരത്തിൽ ഗോപിനാഥറാവു വ്യക്തമാക്കുന്നതുകൊണ്ട് തെററായ മാതൃകയാണ് അദ്ദേഹം സ്വീകരിച്ചതെന്നു സ്പഷ്ടമാണ്. ഏഴിമലച്ചുററ് അധികാരം സ്ഥാപിച്ച കോലരാജാക്കന്മാരെപ്പററിയാണല്ലോ മൂഷികവംശം പ്രതിപാദിക്കുന്നത്. ഏഴിമലയിലെ ഏഴിയെ എലി എന്ന് ആക്കിയിട്ട് അതിനെ സംസ്കൃതീകരിച്ചതായിരിക്കണം മൂഷികശബ്ദം.

ശുകസന്ദേശം പ്രപഞ്ചഹൃദയംപോലെ തന്നെ ഒരു തെളിവാണ്. കന്യാകുമാരി തൊട്ടു സഞ്ചരിക്കുന്ന ശുകം

---

* കേ. ഭാ. സാ. ചരിത്രം I. p. 95-96.

† സഹ്യപാദേ പരശുരാമഭൂമിഃ സാ സപ്തകൊങ്കണാഖ്യാ കൂപക-കേരള-മൂഷിക-ആലുവാ-പശുകൊങ്കണ-പരകൊങ്കണഭേദേന ദക്ഷിണോത്തരായാമേന ച വ്യവസ്ഥിതാ. തത്ര അനന്തപുരവിലപാദി ഗോകർണ്ണ സപ്തകോടീശപര്യന്തേന ക്ഷേത്രചതുഷ്ടയമപി ഭുക്തിമുക്തി ഫലപ്രദം, ഇത്യാദി പ്രപഞ്ചഹൃദയേ.

തിരുവനന്തപുരം കടന്ന് കൊല്ലത്തു ചെല്ലുന്നു. കൊല്ലം കൂപകാധീശ്വരന്മാരുടെ കുലപുരിയെന്നു പറഞ്ഞിട്ടുണ്ട് (54). കൊല്ലം വരെ ഒരു രാജധാനിയെപ്പററി പറയാതെ കൊല്ലത്തെപ്പററി ഈ വിധത്തിൽ പരാമർശിച്ചിട്ടുള്ളതു് അർത്ഥവത്താണല്ലോ. അക്കാലത്തു കൊല്ലത്തിനു തെക്ക് ഒരു രാജധാനി ഉണ്ടായിരുന്നെങ്കിൽ അതു വിട്ടിട്ട് കൊല്ലത്തെ മാത്രം ശുകസന്ദേശകർത്താവു വർണ്ണിച്ചു എന്നു വിചാരിക്കാൻ ന്യായമില്ല.

[കന്യാകുമാരിക്കും കൊല്ലത്തിനും ഇടയ്ക്കു പ്രാചീനകാലത്തു വേറൊരു രാജധാനിയുണ്ടായിരുന്നെങ്കിൽ അതു് ആയി രാജാക്കന്മാരുടേതായിരിക്കണം. എന്നാൽ അവരുടെ രാജധാനി എവിടെയെന്നുള്ളതിനെപ്പററി തീർച്ചയില്ല. ചെങ്കോട്ടയ്ക്കടുത്തുള്ള ആയിക്കുടി ആയിരുന്നെന്നു ശ്രീ സ്വാമിനാഥയ്യരും, അല്ല, പൊതിയിൽ മലയ്ക്കടുത്തു് ആയിരുന്നുവെന്നു മററു ചിലരും, കോട്ടാർ ആയിരുന്നു എന്നു വേറൊരു കൂട്ടരും പ്രസ്താവിക്കുന്നു (T. A. S. I. P. 188). ആയികളും വേണാട്ടടികളും (വേം നാട്ട് അടികൾ) തമ്മിൽ ബന്ധമുണ്ടായിരുന്നോ എന്നും വ്യക്തമല്ല. ആയിരാജാക്കന്മാരുടെ രേഖകൾ തിരുവിടെക്കോട്ടും തിരുനന്തിക്കരയും ഉള്ള പുരാതനക്ഷേത്രങ്ങളിൽ കാണുന്നതുകൊണ്ട് ആ സ്ഥലങ്ങൾ അവരുടെ ആസ്ഥാനങ്ങളായിരുന്നുവെന്നു വരുക്കൂടായ്കയില്ല (T. A. S. I-i-14 and I-ii-20).]


കൂപകരാജാക്കന്മാരെപ്പററിയുള്ള രേഖകൾ പരിശോധിച്ച് അവയിൽനിന്ന് എന്തു മനസ്സിലാക്കാമെന്നു നോക്കാം. വിഴിഞ്ഞമായിരുന്നു ചേരന്മാരുടെ തെക്കേ ആവാസസ്ഥാനമെന്നു പുരാതനരേഖകൾ ഉണ്ടല്ലോ. മാറഞ്ചടയന്റെ രേഖയിൽ "ചേരമാനാർപടൈ വിഴിഞത്തു പുറത്തു വിട്ടുഴക്ക കരൈക്കോട്ടൈ അഴിപ്പാൻവര" — (T. A. S. I. 163) എന്നു കാണുന്നതു് ഈ അംശത്തിനു തെളിവാണ്. പന്ത്രണ്ടാം ശതകത്തിലെ ഒരു പാണ്ഡ്യരാജാവായ പരാന്തകപാണ്ഡ്യന്റെ കന്യാകുമാരി രേഖയിൽ കൂപകരാജാവിന്റെ മകളെ വിവാഹം കഴിച്ചതായി സൂചനയുണ്ട് (T. A. S. I iii. 6) * 'ചേരലനെ

* കൊല്ലത്തിനു തെക്കു രാജധാനി എന്ന നിലയ്ക്ക് പുരാതനകാലത്തു പ്രശസ്തിയാർന്ന സ്ഥാനം വിഴിഞ്ഞമായിരുന്നു. അതു ചേരന്മാരുടെ — വേണാട്ടടികൾക്കു ചേരബന്ധമുള്ള നിലയ്ക്ക് വേണാടരുടെ — ആദ്യരാജധാനി ആയിരുന്നുവെന്നു കരുതാം. 'കവിഴിഞ്ഞം' എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്. ഈ രേഖയിൽനിന്നു മേൽ ഉദ്ധരിച്ച ഭാഗത്തിനു് ശ്രീ.

ചെരുവിൽ വെൻറു തിറൈകൊണ്ടു വാകൈ ചൂടി കൂപകർകോൻ മകൾപെറ്റു പ്പഴയവിഴിഞ്ഞം കൈക്കൊണ്ടു കന്നിപ്പോർചെയ്തരുളി കാന്തളൂർചാലൈ കലമറുത്തു മന്നു പുകഴ് മറയവർ തം ഗുണിയംപൊലത്തുളിനിതിരുന്തു—അനന്തപുരത്തെമ്മാൾക്കു നിലവിയ പൊൻമണിവിളക്ക നിരൈന്തരിയ പത്തമൈത്തു'. ഈ വിവാഹം ഏതു കൂപകരാജാവിൻെറ പുത്രിയെ ആണെന്നു തെളിയുന്നില്ല. എങ്കിലും പതിനഞ്ചാം നൂററാണ്ടിലെ വേണാടിൻെറ ചരിത്രം വച്ചു നോക്കിയാൽ നാഞ്ചിനാട്ടു തൊട്ടു് ഓടനാട്ടു വരെ വേണാട്ടു് അല്ലാതെ വേറെ രാജ്യം ഇല്ലായിരുന്നു എന്നു കാണാം. അന്നു വേണാടിൻെറ തലസ്ഥാനം കൊല്ലമായിരുന്നു താനും. വിഴിഞ്ഞം, കാന്തളൂർചാല, അനന്തപുരം എന്നീ സ്ഥലങ്ങളിൽ പരാന്തകൻ നടത്തിയ പരാക്രമങ്ങളെല്ലാം കൂപകരാജ്യമായ വേണാടിൻെറ തെക്കേ ഭാഗത്തു നടത്തിയതായി കരുതേണ്ടിയിരിക്കുന്നു. ഇതേ അഭിപ്രായത്തെ ദൃഢമാക്കുന്നതായി വീര പാണ്ഡ്യൻെറ ഒരു രേഖയുണ്ടു് (T. A. S. II. 15-21). തൃതീയ

ഗോപിനാഥറാവു കൊടുത്തിട്ടുള്ള തർജ്ജമ ശരിയാണോ എന്നു സംശയിക്കുന്നു. അദ്ദേഹത്തിൻെറ തർജ്ജമ കാണിക്കാം.

"Who vanquished the Chera in battle, and received tribu te from him; who wore the garland of vagai (flowers); who was offered by the the king of Kupakas his daughter (in marriage); who took the ancient Vilinjam where he fought his first battle (Kannippor); who destroyed the ships (?) at the port (Salai?) of Kandalur,.. who set up ten beautiful golden lamps of rare workmansh p for the God at Ananthapuram. ചേരലനെവെൻറു എന്നു തുടങ്ങിയുള്ള അപദാനങ്ങളെല്ലാം ചേരനാടായ വേണാട്ടിൽ നടത്തിയതായി വ്യാഖ്യാനിക്കത്തക്കവണ്ണമാണു ഭേദം. 'ചേരനെ വെന്നു കപ്പംകൊണ്ടു വാകപ്പൂ ചൂടി കൂപകരാജാ മകളെ കൊടുക്കെ കലവിഴിഞ്ഞം സ്വീകരിച്ചു, കന്നിപ്പോർചെയ്തു കാന്തളൂർ ചാലയിൽ കലമറുത്തു .....അനന്തപുരത്തു ദേവനു പത്തു പൊൻവിളക്കു കാഴ്ചവെച്ചു' ഇത്യാദി ആയിരിക്കണം അർത്ഥം. ചേരലനും കൂപകനും ആയുള്ള ബന്ധമല്ല ഇവിടെ സൂചിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു്. 'കലവിഴിഞ്ഞം' എന്നതിനു് ancient vilinjam എന്നു കൊടുത്തിരിക്കുന്ന തർജ്ജമ പോരാ. 'കലം' എന്നാൽ രാജഗൃഹം എന്നാണു് പ്രകൃതാർത്ഥം. (അരചരിൽ—അരചരുടെ ഇൽ എന്നാണു് തമിഴ് നിഘണ്ടുവിലെ അർത്ഥം). കലം ഈ അർത്ഥത്തിൽതന്നെ ശുകസന്ദേശത്തിലും ഉണ്ണുനീലീസന്ദേശത്തിലും ഉപയോഗിച്ചിരിക്കുന്നു. 'കലപുരീം കൂപകാധീശ്വരാണാം' എന്നാണല്ലോ കൊല്ലത്തെപ്പററി പറഞ്ഞിട്ടുള്ളതു്. 'കലപുരി'യെന്നാൽ രാജഗൃഹം സ്ഥിതിചെയ്യുന്ന പുരിയെന്നു് അർത്ഥം.



കലോത്തുംഗചോളന്റെ പ്രതിദ്വന്ദ്വിയായ [illegible] സമാനബന്ധുവായ ക്രൂപകരാജാവിന്റെ അടുക്കൽ [illegible] തെളി കൊല്ലത്തുപോയതായി ഗോപിനാഥറാവു പറഞ്ഞിട്ടുണ്ട് [illegible] S. I: p. 16). * കലോത്തുംഗന്റെ ഭരണാരംഭം ക്രി. [illegible] (കൊ. വ. 353-ൽ) ആണ്.]

ക്രൂപകവും വേണാടും ഒന്നായിരുന്നു എന്നു ഇതിനാൽ വ്യക്തമാകുമല്ലോ. ആ നാമം വേണാട്ടിന് എങ്ങനെ സിദ്ധിച്ചു എന്ന് അറിയാൻ മാർഗ്ഗമില്ല. പില്ക്കാലത്ത് തിരുവിതാംകൂർ, ശ്രീവാഴുംകോട്, വഞ്ചിനാട് എന്നൊക്കെ പേരുകൾ ഉണ്ടായതു പോലെ മുൻകാലത്തു വേണാടിനു ക്രൂപകമെന്നും പേര് ഉണ്ടായിരുന്നു എന്നു പറയാനേ നിവൃത്തിയുള്ളൂ. [ഈ വിഷയത്തെപ്പറ്റി സാഹിത്യതിലക ടി. കെ. വേലുപ്പിള്ളയുടെ സ്റ്റേറ്റുമാനുവൽ കാണുക. Vol. II. 289-294]. വേണാടർകോനായ രവിവർമ്മയ്ക്കു ക്രൂപകസാർവ്വഭൗമനെന്നു ബിരുദമുണ്ടായിരുന്നതും. 'ക്രൂപകഭൂപാലവംശമംഗലദേവത' എന്ന് ഒരു തിരുവിതാംകൂർ രാജ്ഞിയെ സ്മരിച്ചിരിക്കുന്നതും എല്ലാം ഈ അംശത്തെത്തന്നെ പ്രകടമാക്കുന്നു.

പുത്തിടം—വർക്കല

വേണാട്ടിനെപ്പറ്റിയുള്ള വിചാരം നിറുത്തുന്നതിനു മുമ്പ് സന്ദേശമനുസരിച്ചു വേണാട്ടിലെ മുഖ്യസ്ഥലങ്ങളായ പുത്തിടത്ത് അങ്ങാടി, വർക്കല എന്നീ സ്ഥലങ്ങളെപ്പറ്റിയുംകൂടെ സ്മരിക്കണം. (62, 67). പുത്തിടം അന്നു വലിയ ഒരു ചന്തസ്ഥലമായിരുന്നു എന്നു സന്ദേശത്തിൽനിന്നു മനസ്സിലാക്കാം. അങ്ങനെ ഒരു സ്ഥലത്തെപ്പറ്റി ഇപ്പോൾ അറിവില്ല. മുതലപ്പൊഴിക്കും വർക്കലയ്ക്കും ഇടയ്ക്കു കടൽത്തീരമടുപ്പിച്ചാണെന്നുമാത്രം സന്ദേശത്തിൽനിന്ന് അറിയാം. (61, 62, 67). പല ഭാഷകളും സംസാരിക്കുന്നവർ ആ ചന്തസ്ഥലത്തു വ്യാപാരത്തിനു ചെന്നിരുന്നുവെന്നു വ്യക്തമായ പ്രസ്താവം കാണുന്നു. (65). ഇനി വർക്കലയെപ്പറ്റിയാണ്. ആ സ്ഥലം വളരെക്കാലം കൊണ്ടേ ഒരു തീർത്ഥസ്ഥാനമായി കരുതിവരുന്നു. എന്നാൽ

* The Colas. K. A. Nilakanta Sastri, Vol. II. Part I. 120, 129. പശ്ചിമകേരളചരിത്രത്തെപ്പറ്റി [illegible] സ്റ്റേറ്റുമാനുവൽ പുറം 253-254 കാണുക.

എന്ന തൊട്ടാണ് ആ സ്ഥലത്തിന്റെ ചരിത്രം തുടങ്ങുന്നതെന്ന് അറിയുന്നില്ല. ഉണ്ണുനീലിസന്ദേശത്തിൽ വർക്കലത്തേവരെപ്പറ്റി പ്രസ്താവനയുണ്ടെങ്കിലും ശുകസന്ദേശത്തിൽ പരാമർശം ഇല്ല. തിരുവനന്തപുരത്തെയും കൊല്ലത്തെയുംകുറിച്ചു മുഖ്യമായി പറഞ്ഞിട്ട് ശുകസന്ദേശത്തിൽ വർക്കല വിട്ടിരിക്കുന്നതു ശ്രദ്ധിക്കാനുള്ളതാണ്. കടൽത്തീരത്തുകൂടെയാണ് ശുകത്തിന്റെ മാർഗ്ഗമെന്നുള്ളതും ഓർക്കണം. [ജലധിനാ പക്ഷപാതീ തപമല്ലേ താടസ്ഥ്യം ന ത്യജ നയജ്ഞപാദമേഷ പന്ഥാ നിഗൂഢഃ എന്ന ശ്ലോകം നോക്കുക 62] ശുകസന്ദേശകാലത്തു വർക്കല പ്രധാനസ്ഥാനം അർഹിക്കത്തക്കവണ്ണം പ്രശസ്തമായിരുന്നില്ലെന്നായിരിക്കുമോ? എന്നാൽ വർക്കലയ്ക്ക് ഏതോ പുരാതന പ്രശസ്തിയുള്ള തരത്തിൽ പെരിപ്ലസ് തുടങ്ങിയുള്ള പ്രാചീന രേഖകളിലെ Bacare എന്ന സംജ്ഞയെ വ്യാഖ്യാനിക്കുന്നുണ്ട്. *

ഉണ്ണുനീലിസന്ദേശത്തിന്റെ രചന കൊല്ലവർഷം അഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണെങ്കിൽ, ആ ശതകത്തിന്റെ രണ്ടാം പാദത്തിന്റെ ആരംഭത്തിലായിരുന്നു വർക്കല ക്ഷേത്രം അന്നത്തെ വേണാട്ടടികളായ പത്മനാഭ മാർത്താണ്ഡവർമ്മ പുതുക്കി പണി കഴിപ്പിച്ചത്. † വർക്കല ക്ഷേത്രം നില്ക്കുന്ന സ്ഥലത്തിന് അന്ന് ഉദയമാർത്താണ്ഡപുരമെന്ന പേര് ഉണ്ടായിരുന്നതായും രേഖയിൽ കാണുന്നു. ക്ഷേത്രം പുതുക്കിപ്പണികഴിപ്പിച്ച രാജാവിന്റെ പേരിനെ അനുസ്മരിച്ചാണ് ആ പേര വർക്കലയ്ക്കു കൊടുത്തതെന്നു വിചാരിക്കാനാണല്ലോ

---

* Bakarei is mentioned by Pliny as Becare and as Sakare by the author of the Periplus- (Mc. Crindle. Ancient India as described by Ptolemy P. 52-53) കനകസഭാപിള്ളയും വിൻസെന്റ് സ്മിത്തും Bakare-യെ വർക്കലയെന്ന പറയുന്നവരാണ്. See also Kerala Society Papers - P. 265. Roman trade centres in Malabar by Dr. P. J. Thomas) വർക്കലയെന്നുള്ള കല്പന സ്വീകരിച്ചാൽ ക്രി. വ. ഒന്നും രണ്ടും ശതകങ്ങളിലെപ്പോലും വർക്കല പ്രധാന സ്ഥലമായിത്തീർന്നിരിക്കണം. എന്നാൽ അക്കാലത്ത് ഏതു തരത്തിലുള്ള പ്രാധാന്യമാണ് വർക്കലയ്ക്ക് ഉണ്ടായിരുന്നത്?

† T. A. S. IV. 151. കൊല്ലവർഷം 427-ാമാണ്ടത്തെ (ക്രി. വ. 1252-ലെ) വേണാട്ടു പത്മനാഭമാർത്താണ്ഡവർമ്മയുടെ വർക്കല ശിലാരേഖ കാണുക.

ന്യായം. അങ്ങനെയായാൽ അതിനു മുൻപ് വർക്കലയ്ക്ക് അത്ര വലിയ പ്രാധാന്യം ഉണ്ടായിരുന്നതായി കല്പിക്കാമോ എന്നു സംശയമുണ്ട്. ഒരു വിദേശരാജാവ് ജയിച്ചടക്കിയതുകൊണ്ടു നൽകിയ നാമധേയമല്ല, നാട്ടുവാഴി ആ സ്ഥലത്തിനു പ്രാധാന്യം കല്പിക്കാൻ വേണ്ടി സ്വന്തം പേരു കൊടുത്തതാണെന്നു സ്മരിക്കണം. ആ വേണാട്ടടികൾ സന്ദേശഹരന്റെ പൂർവ്വഗാമിയും മാതുലനും ആയിരുന്നു. അതുകൊണ്ടായിരിക്കണം വർക്കലയെപ്പററി സന്ദേശത്തിൽ പ്രത്യേകം പറയുന്നതും.

ഓടനാട്

വേണാട്ടിനെപ്പററിയുള്ള വിചാരം ഇങ്ങനെ നില്ക്കട്ടെ. വേണാട്ടിനു വടക്കു കിടന്ന രാജ്യമാണ് ഓടനാട്. അതു് ആദികാലത്തു വേണാട്ടിന്റെ ഒരു ഭാഗമായിരുന്നെന്നു ചിലർ പറയുന്നു. (കെ. പി. പത്മനാഭമേനോൻ. കേരളചരിത്രം II. പുറം-43)*. വേണാടിനും ഓടനാടിനും തമ്മിലുണ്ടായിരുന്ന യഥാർത്ഥബന്ധം എന്തെന്ന് അറിയുന്നില്ല. എങ്കിലും രണ്ടു രാജ്യങ്ങൾക്കും തമ്മിൽ എന്തോ ബന്ധം ഉണ്ടായിരുന്നെന്ന് ഉണ്ണുനീലിസന്ദേശത്തിൽ നിന്നു വ്യക്തമാകും. (ശ്ലോ. 105). ആദിത്യവർമ്മയെ കാണുന്ന ഓടനാട്ടു രവിവർമ്മയ്ക്കു് കുണ്ണനെ

---

* ആർ. നാരായണപ്പണിക്കർ, കേ. ഭാ. സാ. ചരിത്രം 1. 99. ശുകസന്ദേശത്തിന്റെ കാലത്തു് ഓടനാട്ട് പ്രത്യേകം ഉണ്ടായിരുന്നില്ല എന്നും അതും കൂപകരാജ്യത്തിൽ പെട്ടിരുന്നെന്നും വിചാരിക്കാനാണ് ന്യായം. കന്യാകുമാരി തൊട്ടു വടക്കോട്ടു സഞ്ചരിക്കുന്ന ശുകം ആദ്യം കാണുന്ന രാജധാനി കൂപകകുലപുരിയായ കൊല്ലമാണ്. (54-55). അതു കഴിഞ്ഞു രണ്ടു സിന്ധുക്കളും ഒരു പുരിയുമുണ്ട് (57). സിന്ധുക്കളെന്നു പറഞ്ഞിരിക്കുന്നതു് അഷ്ടമുടിക്കായലും കായംകുളം കായലുമായിരിക്കണം. ഭ്രമരസന്ദേശത്തിൽ അഷ്ടമുടിയെ സിന്ധുവെന്നു പറയുന്നതു് ഈ അംശത്തെ ബലപ്പെടുത്തുന്നു. സിന്ധുദ്വയം കഴിഞ്ഞുള്ള പുരിയെപ്പററി 'അമീഷാം'-'ഇവരുടെ' എന്നു പ്രത്യേകം പറഞ്ഞിട്ടുള്ളതു് ശ്രദ്ധ അർഹിക്കുന്നു. പ്രകൃതംകൊണ്ടു് കൂപകരാജാക്കന്മാരുടെ എന്നു കിട്ടും. ആ പുരി കണ്ടിയൂരായിരിക്കണം. കേളീലാസ്യങ്ങളെ സ്മരിപ്പിക്കുന്ന കേകികളും സൽകവികളുടെ വ്യംഗ്യോത്തംസങ്ങളായ കാവ്യങ്ങളും ഉള്ളതാണ് ആ പുരി എന്നു പറഞ്ഞിട്ടുള്ളതു് മററു കവികൾ കണ്ടിയൂരിനെപ്പററി ചെയ്തിട്ടുള്ള പ്രശംസകളെ അനുസ്മരിപ്പിക്കുന്നു.

കണ്ട പാണ്ഡ്യവന്° എന്നപോലെ അനന്തരവകാശം ഉണ്ടാകുമെന്നു പറഞ്ഞിരിക്കുന്നു *.

ഓടനാടും കൊല്ലവർഷത്തിന്റെ ആദ്യശതാബ്ദങ്ങളിൽ പ്രാമുഖ്യം പ്രാപിച്ചിരുന്നു. വീരരാഘവപ്പട്ടയത്തിൽ ഓടനാട്ടിനെ സാക്ഷിസ്ഥാനത്തിൽ സ്മരിച്ചിട്ടുണ്ടു്. കൊല്ലവർഷം 393-ാമാണ്ടത്തെ കണ്ടിയൂർ രേഖയിൽ ഓടനാട്ടു വാണരുളുകിന്റ രാമൻ കോതവർമ്മയെപ്പററി പരാമർശമുള്ളതു് മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. (T. A. S. I. 290) അരിപ്പാട്ടമ്പലത്തിലെ രേഖകളിൽ ഓടനാട്ടു വാണരുളുകിന്റ രാമൻ ആതിച്ചവർമ്മ തിരുവടിയെപ്പററിയും ഇരവി കേരളവർമ്മ തിരുവടിയെപ്പററിയും പരാമർശം ഉണ്ടു് (T. A. S. VI. 9). കൊല്ലവർഷം നാലാം ശതകത്തിലോ അതിനു മുൻപോ ഓടനാട്ട് പ്രാബല്യമാർജ്ജിച്ചിരുന്നുവെന്നു് ഇതിൽ നിന്നു മനസ്സിലാക്കാം. ഓടനാട്ടിന്റെ വ്യാപ്തിയെപ്പററി പിൽക്കാലത്തുള്ള ചില രേഖകൾ നമുക്കു കിട്ടുന്നുണ്ടു്. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കായംകുളം, പാണാവള്ളി എന്ന പില്ക്കാലത്തെ നാലു രാജ്യങ്ങളും ആദ്യം ഓടനാട്ടിൽ ഉൾപ്പെട്ടിരുന്നുവെന്നു് ഗോളനീസ് എന്ന ഡച്ച് ഗവർണ്ണർ (17-ാം ശതകത്തിൽ) രേഖപ്പെടുത്തിയിട്ടുണ്ടു് (History of Kerala II. 33-34).

സന്ദേശത്തിന്റെ കാലത്തു് ഓടനാട്ടിന്റെ തെക്കേ അതിർത്തി കന്നേററിയും (91-92) വടക്കേ അതിർത്തി പനയനാർകാവും (116) ആണെന്നു തോന്നുന്നു †. ഓടനാട്ടിലെ കലാകോവിദകളായ സ്ത്രീകളും, കണ്ടിയൂർ തുടങ്ങിയുള്ള പരിപാവനങ്ങളായ ദേവാലയങ്ങളും കവിയുടെ ഭാവനയെ സ്പർശിച്ചിരുന്നു. അവിടത്തെ അന്നത്തെ കച്ചവടത്തെപ്പററിയും കവി നല്ലവണ്ണം സൂചിപ്പിക്കുന്നുണ്ടു് (93).

---

* ഒരുവേള സംഗ്രാമധീര രവിവർമ്മയുടെ പിതാവായ ജയസിംഹൻ ഓടനാട്ടെ രാജാവായിരുന്നിരിക്കുമോ? ഓടനാട്ടു രാജാക്കന്മാർ യാദവരായിരുന്നു. അങ്ങനെയാണെങ്കിൽ വേണാട്ടിലെ ആദിത്യവർമ്മയും ഓടനാട്ടിലെ ഇരവിവർമ്മയും തമ്മിലുണ്ടായിരുന്ന ബന്ധം മനസ്സിലാക്കാവുന്നതാണു്.

† തെക്കേ അതിർത്തിയെപ്പററിയുള്ള സൂചന വ്യക്തമാണു്. 'പടയോട്ടു കടന്നിട്ടു കന്നേററി തന്നെ' എന്നു കഴിഞ്ഞു് 'മുൻപിലെയോടനാട്ടു'' എന്നാണല്ലോ 91-ം 92-ം ശ്ലോകങ്ങളിൽ കാണുന്നതു്. വടക്കേ അതിർത്തി

കായംകുളത്തെ ഒരു അങ്ങാടിയായി വൎണ്ണിച്ചിട്ടുണ്ടെന്നല്ലാതെ അവിടെ രാജഗൃഹം ഉള്ളതായി സൂചനയില്ല (94).

കണ്ടിയൂർ, മററം ഈ പ്രദേശങ്ങളെയാണ് ഓടനാട്ടിലെ മുഖ്യസ്ഥലങ്ങളായും രാജസങ്കേതങ്ങളായും വൎണ്ണിച്ചിട്ടുള്ളതു്. * കണ്ടിയൂർ, മററം എന്നീ സ്ഥലങ്ങൾ ഈ സന്ദേശകാലത്തും അതിനടുത്തു മുമ്പിലും പിമ്പിലും കേരളത്തിലെ പ്രശസ്തിപെററ സ്ഥലങ്ങളായി പരിലസിച്ചിരുന്നു. കണ്ടിയൂർക്ഷേത്രം കൊല്ലവർഷം തുടങ്ങുന്നതിന് രണ്ടുവർഷം മുൻപേ സ്ഥാപിച്ചതാണെന്നു മുകളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. സന്ദേശകാലമായപ്പോഴേയ്ക്കും അതു് ഒരു മഹാക്ഷേത്രമായി വിഖ്യാതി നേടിയിരുന്നു. കണ്ടിയൂർ

വ്യക്തമായി പറഞ്ഞിട്ടില്ല. എന്നാൽ 11[illegible]-ഉം 117-ഉം ശ്ലോകങ്ങളിൽ വരുന്ന അതിൎത്തിയെപ്പററിയുള്ള സൂചനയാണു് കാണിച്ചിട്ടുള്ളതെന്നു തോന്നുന്നു. പന്നയാർ കാവു ദേവതിയെ തൊഴുതിട്ടു ചാലം ചിന്തി[illegible] അടുത്തു മുന്നിലുള്ള [illegible] തെക്കേ [illegible] ചിറവായ്‌വീരനെ കാണാനാണല്ലോ പറഞ്ഞിട്ടുള്ളതു്. പന്നയാർ കാവിന്റെ പടിഞ്ഞാറു വശത്തുകൂടി അല്പം തെക്കെചെന്നു പടിഞ്ഞാറോട്ടു ഒഴുകുന്ന പമ്പയായിരിക്കണം ഓടനാടിന്റെയും ചിറവായുടെയും അതിൎത്തി. അതോ ചിറവായും ഓടനാടിന്റെ ഭാഗമായിരുന്നോ? ഓടനാടിന്റെ രാജധാനി അന്നു് കണ്ടിയൂരായിരുന്നു. ഏതാണ്ടു് 25 ശ്ലോകങ്ങളിൽ കൂടുതൽ ഓടനാടിനെയും അവിടത്തെ രാജധാനിയെയും മററും പുകഴ്ത്തുന്ന പ്രകാരത്തിൽ സന്ദേശത്തിൽ കാണുന്നു. (95–116). കവിക്കു വേണാടിനോടും വടക്കുംകൂറിനോടും എന്നപോലെ ഓടനാടിനോടും വളരെ പക്ഷപാതം ഉണ്ടായിരുന്നുവെന്നു് ഇതിൽനിന്നു സ്പഷ്ടമാണു്. എവിടെയും തെങ്ങുംതോപ്പു നിറഞ്ഞ ഓടനാടു് അന്നു് ഐശ്വര്യസമൃദ്ധമായിരുന്നു.

> സ്ഥൂലസ്ഥൂലപ്രചുരഫലസംഭാരഭുഗ്നാഗ്രകാണ്ഡ—
> ത്വങ്ഗത്കേരക്ഷിതിരുഹനിരാച്ഛന്നസാന്ദ്രാന്ധകാരാഃ
> പൃഥ്വീകാന്താവിലകചഭരാസ്പഷ്ടിതിമാനം ദധാനാഃ
> പ്രീതിം ദദ്യുസ്തവ നയനയോരിംഗളീദ്രുവിഭാഗാഃ

എന്ന സംസ്കൃത മയൂരസന്ദേശം 57-ാം ശ്ലോകത്തെ ഉ. സന്ദേ. 92-ാം പദ്യവുമായി താരതമ്യപ്പെടുത്തുക.

* ഓടനാടിനെപ്പററി ഭാഷാപോഷിണി 33-ാം വാല്യത്തിൽ മാവേലിക്കര ശ്രീ. ജി. കുഞ്ഞുപിള്ള ഒരു ലേഖനം എഴുതിയിട്ടുണ്ടു്. ഭാഷാപോഷിണി വാല്യം 33. പുറം 52.

തമ്പിരാനെപ്പററി കവിയുടെ പരാമർശം നോക്കുക (100). ഓടനാടിനെപ്പററിയും ഈ ക്ഷേത്രത്തെപ്പററിയും മററും അക്കാലത്തു് മററനേകം പ്രശസ്തികളും ഉണ്ടായതായി ഇപ്പോൾ അറിയാം. ദാമോദരച്ചാക്യാർ എന്ന കവിയുടെ ശിവവിലാസം എന്ന സംസ്കൃത കാവ്യവും, അദ്ദേഹത്തിൻെറതന്നെ കൃതിയായ ഉണ്ണിയാടീചരിതം മലയാള ചമ്പുവും ഈ വിഷയത്തിൽ വേണ്ട തെളിവാണു്. *

ഉണ്ണുനീലിസന്ദേശത്തിൽ കണ്ടിയൂരെയും മററത്തെയും സുന്ദരിമാരുടെ സംഗീതലാസ്യവൈദഗ്ദ്ധ്യങ്ങളെപ്പററിയുള്ള പരാമർശങ്ങൾ ചാക്യാരുടെ പൂർവ്വോക്തകൃതികളിലെ പ്രസ്താവങ്ങളെ സമർത്ഥിക്കുന്നതുപോലെ സാദൃശ്യം വഹിക്കുന്നു.

നക്തം കോവിദനർത്തകീവിരചിതം നാട്യം രസൈകാഗ്ര്യതോ
ദ്രഷ്ടും നിർന്നിമിഷാഃ പ്രസന്നവദനാ നിസ്പന്ദതാമാഗതാഃ
തത്സംസ്കാരബലാത കൃതാ ഇവ ദിവാപ്യാദർന്തി ഭിത്ത്യാദികേ
യത്രാലേഖ്യഗതാശ്ച ദൈവതഗണാ നൃത്താലയേ നിത്യശഃ.

എന്ന ശിവവിലാസത്തിൽ കണ്ടിയൂരെ നൃത്താലേഖ്യ കലകളെപ്പററിയുള്ള വർണ്ണന ഹൃദയംഗമമാണല്ലോ. ഉണ്ണിയാടീചരിതത്തിൽ കണ്ടിയൂരെ സംഗീതാദികലകളെപ്പററി അനേകം പ്രസ്താവങ്ങൾ ഉണ്ടു്.

---

* മഹാകവി ഉള്ളൂർ, വിജ്ഞാനദീപിക നാലാംഭാഗം-ശിവവിലാസത്തെപ്പററിയുള്ള ഉപന്യാസം (118-141). ഉള്ളൂർ കേ. സാ. ച. രണ്ടാംഭാഗം 311-31 . ഭാഷാ ത്രൈമാസികം II ലക്കം 2, 3, 4: III ലക്കം 1, 2. ഇവയിൽ ഉണ്ണിയാടീചരിതം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കേ. സാ. ച. 387 മുതൽ 395 വരെ പുറങ്ങളിൽ ഉണ്ണിയാടീചരിതത്തെപ്പററി , പ്രതിപാദിച്ചിരിക്കുന്നു. ഉണ്ണിയാടീചരിതത്തിൽ ഓടനാടിനെ അവതരിപ്പിക്കുന്നതു് എങ്ങനെയെന്നു കാണുക. 'അവിടെപ്പുനരവനിമണ്ഡലമണ്ഡനായമാനഖണ്ഡലരാജ്യാദപി പ്രാജ്യതരമോടനാടെന്റൊരു മണ്ഡലപ്രവരം വിരാജതി.

അഖിലാസു കലാസു സക്തമാനാം
മധുരേ ഗീതവിധൗ വിചക്ഷണാനാം
ധനധാന്യവതാം മഹാജനാനാം
നിലയാ യത്ര നിരന്തരം വിഭാതി.

പാട്ടഞ്ചിതധ്വനി തദാ പതറാത താളം
വാടാത രാഗരുചിതശ്രുതി സ്വരകമാർന്നും
കേട്ടാൻ കലാപതിരസൗ പരിവർത്തമാന-
ചേഷ്ടാവിലാസമസകൃത് പുളകാകുലാംഗഃ

എന്നും,

അരുടകംകൊണ്ടു നിർമ്മിച്ചുഴകെഴുമരങ്ങത്തേറി
നാടകമാടി മേവും നടികളും പാതകമേടം

(ഉണ്ണിയാടീചരിതം)

എന്നും മററുമുള്ള പ്രശംസകൾ ആ പട്ടണത്തിന്റെ മേൽ ചൊരിഞ്ഞിട്ടുണ്ട്. ഓടനാട്ടിലെ രണ്ടു രാജധാനി ഉണ്ടായിരുന്നതായി ഉണ്ണിയാടീചരിതത്തിൽ നിന്നു മനസ്സിലാക്കാം—കീർത്തിപുരമെന്നും നരസിംഹമണ്ണൂരെന്നും. അവിടെ ശ്രീപാർവ്വതമെന്ന പേരിൽ വലിയൊരു അങ്ങാടി ഉണ്ടായിരുന്നതായും ആ ചമ്പുവിൽ ദീർഘമായി വർണ്ണിച്ചിരിക്കുന്നു. കററവാർകുഴലിമാരുടെ ചിന്തുപാട്ടുകൾ കേട്ടു മുററത്തിരുന്നു കിളികൾ പാരായണം ചെയ്യുന്ന മററത്തെപ്പററി ഉണ്ണിനീലിസന്ദേശത്തിലും വർണ്ണിച്ചിട്ടുണ്ട്. ഉണ്ണിയാടീചരിതത്തിൽ എങ്ങനെ പ്രശംസിച്ചിരിക്കുന്നു എന്നു നോക്കുക:

കററവാർകുഴലിമാർ തരുണരോടിട കല-
ർന്നതലിൻറിക്കളിച്ചുൻപൊഴച്ചേവ്വേടം
തററുട്ടത്തിളയ പെൺകൊടികൾ വട്ടത്തിൽ നി-
ൻറാത്തികൾ പാടിയാടിക്കളിക്കിന്റേടം
അററ സന്ത്രാസമഞ്ജരനൊടും മനസിജൻ
വെററി കൊൾവാൻ ചമഞ്ഞൊരുത്തു പോരിന്റേടം
ചിററിളം കിളികൾ മല്ലാരിയിൽച്ചേർത്തു ചേ-
ർത്തുററു ശിവനെന്ന നാമം ജപിക്കിന്റേടം
കററമററ വധൂഷാ കാമുകനായകനൊടും
വെററു കൊണ്ടഴകെഴും തരുണർ മേവിന്റേടം
ഉററ മലമങ്കസങ്കേതമായ് കൊണ്ടുടന-
(സ്തു?) ചാപലമജസ്രം നിനസ്സിന്റേടം
ചുററുമുദ്യാനവീഥീഷു ഭൃംഗമൈഗലം
ചുററമായ് പ്പോന്നു തെന്നൽ മേവിന്റേടം
മറെറങ്ങും ദുർല്ലഭം വിഭവമീടിന്റേടം
മററമെന്തുണ്ടമുഷ്ടിൻ പ്രദേശോത്തമം.

ഓടനാട്ടു രവിവൎമ്മ

ഓടനാടിനെപ്പററിയുള്ള വൎണ്ണനയിൽ ഓടനാട്ടു രാജാവായ ഇരവിവൎമ്മയെ കവി പ്രത്യേകം സ്മരിച്ചിരിക്കുന്നു (104-106). ഓടനാട്ടു രാജാക്കന്മാരുടെ കുലദൈവതം നരസിംഹമൂൎത്തി ആയിരുന്നു എന്ന സൂചനയും 104-ാം പദ്യത്തിൽ ഉണ്ടു്. രാജാവിന്റെ ഒരു കൊട്ടാരത്തിന്റെ പേരു തന്നെ നരസിംഹമണ്ണൂർ എന്നായിരുന്നല്ലോ.

വേണാട്ടുരാജാക്കന്മാരെപ്പോലെ ഓടനാട്ടുരാജാക്കന്മാൎക്കും യദുവംശവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. † ഈ രണ്ടു വംശങ്ങളും ആദ്യം ഒന്നായിരുന്നു എന്നു പറയുന്ന വാദത്തെ ഈ വസ്തുത ശക്തിപ്പെടുത്തുന്നു. വേണാട്ടു് യദുവംശത്തിൽ പെട്ടതാണെന്നുള്ളതിനു് രവിവൎമ്മ സംഗ്രാമധീരന്റെ ശിലാരേഖതന്നെ തെളിവാണു്. ചന്ദ്രകലാമംഗലപ്രദീപൻ, യാദവനാരായണൻ തുടങ്ങിയ അത്തരം ബിരുദങ്ങൾ വിഖ്യാതമാണു്. ഉണ്ണുനീലീസന്ദേശത്തിൽ വേണാട്ടു രാജാക്കന്മാരെ യദുവംശക്കാരെന്നു വ്യക്തമായി പറഞ്ഞിട്ടുള്ളതും ഈ അംശത്തിൽ തെളിവു തരുന്നു. സംയോജനംകൊണ്ടു് ഓടനാട്ടു രാജാവിനെ സംഭാവനം ചെയ്യണമെന്നു സന്ദേശകൎത്താവു് ആദിത്യവൎമ്മയോടു് അപേക്ഷിക്കുന്നതു് 'യദുകുലാധീശ' എന്നു സംബോധനം ചെയ്തുകൊണ്ടാണു്. ഇതു് അവരുടെ പരസ്പരബന്ധത്തെ സൂചിപ്പിക്കുന്നതായിട്ടു് അല്ലേ കരുതേണ്ടതു്? ഓടനാട്ടു രാജാക്കന്മാരുടെ യാദവബന്ധം ശിവവിലാസകാരൻ പരാമൎശിക്കുന്നു. *

'ഇതി വിവിധഗുണാളീ വിഭ്രമാരാമഭൂമൗ
വിരജസി പുരഭാജാമുത്സവേ സൎവ്വദൈവ
യദുജനപദനാഥേ പാലയത്യാത്മരാജ്യം
സമഹസി സകലേയം ഭൂസ്തദൈകാളികാഭൂൽ'

---

† യദുവംശക്കാരെന്നു പറയുന്ന ഓടനാട്ടു രാജാക്കന്മാൎക്കു് ശിവക്ഷേത്രമായ കണ്ടിയൂർ എങ്ങനെ പ്രധാന ദേവാലയമായി എന്നു തെളിയുന്നില്ല.

* കൊല്ലവൎഷം 123-ാമാണ്ടത്തെ കണ്ടിയൂർ രേഖയിൽ രാമജനായ ഒരു കോതവൎമ്മയെപ്പററി യദുകുലവൃഷഭൻ എന്നു പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹം ഓടനാട്ടു രാജാവാണെന്നു പ്രസ്താവമില്ലാത്തതുകൊണ്ടു് ആ രേഖ തെളിവായി എടുക്കാൻ നിവൃത്തിയില്ല. (T. A. S. I. 294).

'യദുജനപദനാഥൻ' എന്നതിൽ നിന്നും അവരുടെ യാദവബന്ധം വ്യക്തമാകുന്നുണ്ടല്ലോ. ഓടനാട്ടിന്റെ അന്നത്തെ ഐശ്വര്യപൂർണ്ണമായ സ്ഥിതിയും അവിടത്തെ കലാവിലാസങ്ങളും വിഭവസമൃദ്ധിയും ഉണ്ണുനീലിസന്ദേശത്തിൽ നല്ലവണ്ണം പ്രതിബിംബിക്കുന്നു എന്നു പറഞ്ഞു് ഈ അംശത്തെപ്പററിയുള്ള ചിന്ത സമാപിപ്പിക്കാം.

ചിറവാ

ഓടനാട്ടിന്റെ അതിർത്തി കഴിഞ്ഞു് രായിരക്ഷോണിപാലനായ ചിറവാ വീരനെ കണ്ടുപോകണമെന്നു പറഞ്ഞിരിക്കുന്നു. (116)*. ചിറവായും അന്നു് പ്രത്യേകം ഒരു രാജ്യം ആയിരുന്നു എന്നു തോന്നുന്നു. പനയനാർകാവു തൊട്ടു് ഏതാണ്ടു് തൃക്കൊടിത്താനംവരെ ആയിരുന്നു ചിറവാ എന്നു കരുതത്തക്കവണ്ണമാണു് സന്ദേശത്തിലെ സൂചന. (116-ഉം 127-ഉം ശ്ലോകങ്ങൾ നോക്കുക). തൃക്കൊടിത്താനത്തെ കാർവർണ്ണനെ കുപ്പി നേരെ നടന്നാൽ തെക്കുംകൂറു് എന്നാണല്ലോ പ്രസ്താവം (127). തൃക്കൊടിത്താനം ചിറവായുടെ വടക്കെ അററമാണെന്നും അതു കഴിഞ്ഞിട്ടാണു് തെക്കുംകൂർ തുടങ്ങുന്നതെന്നുമാണു് ഇതിൽനിന്നു മനസ്സിലാക്കേണ്ടതു്. അതോ മണിമലയാററിന്റെ വടക്കു തുടങ്ങി തിരുവല്ലാ ഉൾപ്പെട്ട ഭാഗങ്ങളും തെക്കുംകൂറിൽത്തന്നെ ഉൾപ്പെട്ടിരുന്നോ ?

ചിറവാ വീരനായ രായിരക്ഷോണിപാലനെപ്പററി 'എപ്പോഴും നിന്നുടെ കരുത്തും' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് വേണാട്ടിനും ചിറവായ്ക്കും തമ്മിലുള്ള ബന്ധം അതാണല്ലോ സ്പഷ്ടമാകുന്നതു്. ഏതു തരത്തിലുള്ള കുടുംബബന്ധമാണു് ചിറവായ്ക്കും വേണാട്ടിനും തമ്മിൽ ഉണ്ടായിരുന്നതു് എന്നു് അറിയാൻ നിവൃത്തിയില്ല. എന്നാൽ മദ്ധ്യകാലഘട്ടങ്ങളിൽ വേണാട്ടുരാജാക്കന്മാരുടെ ഏററവും പ്രധാനപ്പെട്ട ഒരു സ്ഥാനനാമമായിരുന്നു 'ചിറവാമൂപ്പു്' എന്നതു് ഈ സ്ഥാനം

---

* ഓടനാട്ടിൽനിന്നു പൃഥക്കായി ചിറവാ എന്നൊരു രാജ്യവും ഉണ്ടായിരുന്നു എന്നുവേണം വിചാരിക്കാൻ. 'ശ്രീകൃഷ്ണമാസസമരോത്സവം' (കണ്ടിയൂർ മററം) പടപ്പാട്ടിൽ ചിറവാ മൂപ്പുവാഴുന്ന മന്നനെപ്പററി പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ചിറവാ മൂപ്പെന്ന സ്ഥാനം തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു സിദ്ധിച്ചിരുന്നു എങ്കിലും, ചിറവാ എന്നൊരു രാജ്യവും അവിടെ ഒരു മൂപ്പും പ്രത്യേകിച്ചു് ഉണ്ടായിരുന്നിരിക്കണം. പടപ്പാട്ടിൽ പാ

എന്നു തൊട്ടാണു് തിരുവിതാംകൂർ മഹാരാജാക്കന്മാൎക്കു സിദ്ധിച്ചതെന്നും, എങ്ങനെയാണു സിദ്ധിച്ചതെന്നും ഉള്ളതിനു തെളിവു കിട്ടുന്നില്ല. സംഗ്രാമധീര രവിവൎമ്മയുടെ പിതാവായ ജയസിംഹൻ ചിറവാ രാജാവായിരുന്നുവെന്നും, അദ്ദേഹത്തിന്റെ വിവാഹബന്ധം വഴിയാണു് ചിറവാമൂപ്പു വേണാട്ടിലേക്കു വന്നതെന്നും ഒരു അഭിപ്രായഗതിയുണ്ടു്. അതു ശരിയെന്നു സ്വീകരിക്കാൻ നിവൃത്തിയില്ല. സംഗ്രാമധീര രവിവൎമ്മയുടെ മാതുലനായിരുന്ന വീരരവി ഉദയമാൎത്താണ്ഡവൎമ്മ വേണാട്ടടികൾക്കു 'ചിറവാ മൂത്തവർ' എന്ന സ്ഥാനപ്പേരു് ഉണ്ടായിരുന്നു. (T. A. S. IV. 86). അദ്ദേഹത്തിന്റെ പൂൎണ്ണമായ നാമം 'വേണാട്ടു വാണരുളുന്ന കീഴ്പ്പേരൂർ ശ്രീ വീര ഇരവി ഉദയമാൎത്താണ്ഡവൎമ്മ ചിറവാ മൂത്തവർ' എന്നു് ആയിരുന്നു. സംഗ്രാമധീരൻ ജനിക്കുന്നതിനു പതിനാറു വൎഷ

ത്തിനുമുമ്പു് 'ചിറവായിൽ നീതിയോടെ മൂപ്പുവാഴുന്ന മന്നനും' എന്നാണു് ഇതു്. ചിറവാ മൂപ്പെന്ന സ്ഥാനമല്ല, 'ചിറവായിൽ വാഴുന്ന രാജാവു്' എന്നാണല്ലോ അൎത്ഥം. എന്നുതന്നെയല്ല, 'ഓടനാട്ടിനു വന്നീടുന്ന മന്നരും— നാടാളുന്നവരും നേർനടുവാകവേ—വഞ്ചിയും വാണിരുന്നോരാകിയ മന്നവർ— രണ്ടിടത്തിലുമുള്ളോരു പടക്കോപ്പോടെ—ഭാരത്തിൻകീഴ് മൂപ്പുവാഴുന്നമന്നനും— ചിറവായിലും മൂപ്പുവാഴുന്ന മന്നനും,' എന്നു് ഓടനാട്ടിനെയും വഞ്ചിനാട്ടിനെ (വേണാട്ടിനെ)യും വൎണ്ണിച്ചതിനു ശേഷമാണു് ചിറവായിൽ മൂപ്പുവാഴുന്ന മന്നനെപ്പറ്റി പറഞ്ഞിട്ടുള്ളതു്. ഇതിനാൽ ചിറവാ എന്നൊരു പ്രത്യേക രാജ്യവും ഉണ്ടായിരുന്നു എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

എന്നാൽ ചിറവായില്ലം ഓടനാട്ടിൽപ്പെട്ട ഒരു ഭാഗം മാത്രം ആയിരുന്നുവെന്നു കരുതാനും തക്ക ചില പ്രാചീന പദ്യങ്ങൾ കാണുന്നുണ്ടു്.

> ഇത്ഥം പന്നോരയുമോടനാട്ടു ചിറവായില്ലത്തൊരത്തോടഷിയും-
> ങ്ങളിപ്പോളുള്ളതരചന്ദ്രിമ രാവിനി നിരാമാന്ദ്യം മലർച്ചൊരാ!

(പ്രാചീന മണിപ്ര-പു. 43). ചിറവായില്ലമെന്നു് ഉണ്ണുനീലിസന്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളതു് ഇതിനോടു സാമ്യം വഹിക്കുന്നു (113). ചിറവായില്ലം ആലപ്പുഴത്തിലെന്നാണല്ലോ സൂചന. എന്നാൽ ചിറവാ ഓടനാട്ടിൽപ്പെട്ട ഒരു ഭാഗമായിരുന്നു സന്ദേശകാലത്തു് (117) എന്നു വിചാരിക്കത്തക്കവണ്ണമല്ല സന്ദേശത്തിൽ ചിറവായെ അവതരിപ്പിച്ചിട്ടുള്ളതു്. ഓടനാട്ടിനെ വൎണ്ണിച്ചുകഴിഞ്ഞിട്ടു്,

> എപ്പോഴും നിന്നുടെ കരുത്തും രായിരക്ഷോണിപാലം
> കെല്പാൎന്നീടും മഹിതചിറവാവീരനെക്കണ്ടുചൊക

എന്ന പദ്യഭാഗം ഒരു പ്രത്യേക രാജ്യത്തെയും രാജാവിനെയും അവതരിപ്പിക്കുന്ന മട്ടിലാണല്ലോ.

ത്തിനു മുൻപുള്ള ഈ രേഖയനുസരിച്ച് വേണാട്ടു രാജാക്കന്മാൎക്ക് 'ചിറവാ മൂപ്പ്'' ഉണ്ടായിരുന്നു എന്നു കാണാമല്ലോ. ഇതിൽ നിന്നു ജയസിംഹൻവഴിയാണു വേണാട്ടിനു ചിറവാ മൂപ്പു കിട്ടിയതെന്ന വാദം സ്വീകാൎയ്യമല്ലാതെ വരുന്നു. എന്നാൽ വളരെക്കാലത്തേക്ക്—കുറഞ്ഞപക്ഷം അഞ്ചാം ശതവൎഷത്തിന്റെ ആദ്യംതൊട്ട് പതിനാറാം ശതകംവരെയെങ്കിലും, വേണാട്ടു രാജാക്കന്മാർ 'ചിറവാ മൂത്തവർ' എന്ന സ്ഥാനം വഹിച്ചിരുന്നതുകൊണ്ട് ചിറവായുമായി അടുത്ത ബന്ധം വേണാട്ടിന് ഉണ്ടായിരുന്നു എന്നു നിരാക്ഷേപമായി സിദ്ധിക്കും. f

വെൺപലനാട്—തെക്കുംകൂർ

സന്ദേശഹരന്റെ മാൎഗ്ഗത്തിൽ ചിറവായ്ക്കു വടക്കുള്ള തെക്കുംകൂർ-വടക്കുംകൂർ രാജ്യങ്ങളെപ്പററി ഇനി ആലോചിക്കാം.

തൃക്കൊടിത്താനം കഴിഞ്ഞതാണു തെക്കുംകൂർ തുടങ്ങുന്നതു് എന്ന് 127–ാം ശ്ലോകത്തിൽ നിന്ന് ഊഹിക്കാം. തിരുവല്ലാ പ്രദേശവും തെക്കുംകൂറിൽ തന്നെ ഉൾപ്പെട്ടിരുന്നിരിക്കുമോ? എന്നാൽ അതിന്റെ വടക്കെ അതിൎത്തി ഏതെന്നു സ്പഷ്ടമല്ല. തെക്കുംകൂറിനും വടക്കുംകൂറിനും പൊതുവായി ബിംബലിനാട് എന്നാണു സന്ദേശത്തിൽ പറയുന്നതു്. തെക്കുംകൂർ രാജാവിനെപ്പററി 'ബിംബലീശൻ' എന്നും 'വെൻറിക്കുൻറിന്നായ തിലകം' എന്നും പറഞ്ഞിരിക്കുന്നു. *വെൻറിക്കുന്ന് വെന്നിമലയാണ്. ഇതു കോട്ടയത്തുനിന്ന് ഏഴെട്ടു മൈൽ കിഴക്കുള്ള ഒരു ഉയൎന്ന മലയാണ്. അതിമനോഹരമായ ഒരു സ്ഥലമാണ് അതു്. വടക്കുംകൂർ രാജാക്കന്മാരെപ്പററി ബിംബലീപാലകന്മാരെന്നു പല പരാമൎശങ്ങളും ഉണ്ട്. (I. 25, 135; II. 22, 27, 29). വെമ്പലനാടെന്ന സംജ്ഞ തെക്കുംകൂറിനും വടക്കുംകൂറിനും പൊതുവേയുള്ളതാണെന്നു ഗോലനീസിന്റെ വിവരണത്തിലും കാണുന്നു. (A. Galleti–The Dutch in Malabar, P. 58) വെമ്പനാടെന്ന പേര് എങ്ങനെ വന്നതെന്നുള്ളതിനെപ്പററി പല

---

f ഈ വിഷയത്തെപ്പററി സദസ്യതിലക ടി. കെ. വേലുപ്പിള്ളയുടെ സ്റ്റേറ്റുമാനുവൽ കാണുക. (Vol. II. 296-297). ശ്രീ രാജരാജവൎമ്മ അവൎകളുടെ ലേഖനവും കാണുക. (Kerala Society Papers No. I p 2.)

* തെക്കുംകൂർ രാജാക്കന്മാരുടെ പ്രധാന സ്ഥലം ആയിരുന്നു വെന്നിമല.

അഭിപ്രായങ്ങളും ഉണ്ടു്. (കേ. ഭാ സാ. ച. I. 103). വെമ്പലനാടിന്റെ സംസ്കൃതരൂപമാണു് ബിംബലിനാട്ടു്. പഴയ രേഖകളിൽ വെൺപൊലിനാട്ടു്, വെൺപലനാട്ടു് എന്നൊക്കെ കാണുന്നു. (T. A. S. II. 141, 164, 172). വേമ്പനാട്ടു് എന്നാണല്ലോ സാധാരണ രൂപം. വേമ്പന്റെ (പാണ്ഡ്യന്റെ) നാടായതുകൊണ്ടാണു് ഈ പേരു വന്നതെന്നു ചിലർ കരുതുന്നു.*

ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തിൽ പാണ്ഡ്യരാജാക്കന്മാർ കുറേക്കാലത്തേക്കു് വടക്കുംകൂറും തെക്കുംകൂറും ഉൾപ്പെട്ട പ്രദേശങ്ങൾക്കു് ആധിപത്യം വഹിച്ചിരുന്നു എന്നും, വേമ്പനാട്ടു് എന്ന പേർ ആ ആധിപത്യത്തെ സൂചിപ്പിക്കുന്നു എന്നും മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണു്. (കേ. സാ. ച. I. 353). ഇതിനു വല്ല തെളിവുമുണ്ടോ എന്നു നോക്കാം. ക്രിസ്ത്വബ്ദത്തിന്റെ രണ്ടാം നൂറ്റാണ്ടിടയ്ക്കു നിർമ്മിച്ചതെന്നു കരുതേണ്ട പെരിപ്ലസ് എന്ന ഗ്രന്ഥത്തിൽ ഇന്നത്തെ കേരള ഭൂഭാഗത്തെ പാണ്ഡ്യരാജ്യമായിട്ടാണു പറഞ്ഞിട്ടുള്ളതു്. ആ ഗ്രന്ഥത്തെ ആംഗലഭാഷയിൽ പ്രസാധനം ചെയ്ത വില്യം വിൻസെന്റു് എന്ന പണ്ഡിതൻ ഈ അംശത്തെപ്പററി ചെയ്യുന്ന വ്യാഖ്യാനം ശ്രദ്ധിക്കേണ്ടതാണു്. അതിനെ ഭാഷാന്തരം ചെയ്തു് ഇവിടെ ചേർക്കാം. 'പെരിപ്ലസ്സിന്റെ കാലത്തു് പാണ്ഡ്യമണ്ഡലത്തിന്റെ അധീശനായ മധുരാധിപൻ ഉപദ്വീപത്തിന്റെ പൂർവ്വതീരത്തുനിന്നും പശ്ചിമതീരത്തേക്കു്

---

* വെമ്പലനാട്ടു് തെക്കുംകൂറിന്റെ മാത്രം പേരായിരുന്നു എന്നു് തെക്കുംകൂർ ഭരണിനാൾ രാജാവു് 1092 മിഥുനം ലക്കം രാഷ്ട്രപോഷിണിയിൽ എഴുതിയിട്ടുണ്ടു്. അതു ശരിയല്ലെന്നും, തെക്കുംകൂറിനും വടക്കുംകൂറിനും പൊതുവായ സംജ്ഞയായിരുന്നു അതു് എന്നും രാഷ്ട്രപോഷിണി 1096 ചിങ്ങം ഒന്നാംലക്കത്തിൽ ഡാക്ടർ പി. ജെ. തോമസ് സമർത്ഥിച്ചിട്ടുണ്ടു്. ശുകസന്ദേശകാലത്തു് തെക്കുംകൂറും വടക്കുംകൂറും പിരിഞ്ഞിരുന്നോ എന്നു സംശയമാണു്. തിരുവല്ലാ കഴിഞ്ഞു് ബിംബലിയെ പ്രാപിച്ചു് നഗരത്തിൽ ചെല്ലണമെന്നു അതിൽ പറഞ്ഞിട്ടുള്ള (60). ഈ നഗരം മണികണ്ഠപുരമായിരിക്കാമോ? അതോ വെന്നിമലയോ? അങ്ങനെയാണെങ്കിൽ അന്നു് പിരിയാത്ത ബിംബലീപാലവംശത്തിന്റെ സ്ഥാനമാണോ, പിരിഞ്ഞ തെക്കുംകൂറിന്റെ സ്ഥാനമാണോ അതു്? 'സ്കന്ധാവാരം പരമപി തതോ ബിംബലീപാലകാനാം സിന്ധുദ്വീപം (61)' എന്നു പറഞ്ഞിട്ടുള്ളതിൽ നിന്നു മുൻ പദ്യത്തിൽ പറഞ്ഞ ബിംബലിയിൽ നിന്നു് ഭിന്നമെന്നു പ്രതീതിയല്ല ഉണ്ടാകുന്നതു്.

അധികാരം വ്യാപിപ്പിക്കയും, ഈജിപ്റ്റിൽ നിന്നുള്ള കച്ചവടക്കപ്പലുകൾ മലബാർ ആദ്യം സന്ദർശിച്ചപ്പോൾ അവിടെ ആധിപത്യം വഹിച്ചിരിക്കയും ചെയ്തു.' എന്നാൽ പാണ്ഡ്യരാജാവിന്റെ വസതിയാകട്ടെ, അകലെയുള്ള മധുരയിൽ ആയിരുന്നു എന്നും പിന്നീട് പ്ലീനിയുടെ പ്രമാണത്തെ ഉദ്ധരിച്ചു പറയുന്നു. f

എന്നാൽ ടോളമിയുടെ കാലമായപ്പോഴേക്കും പാണ്ഡ്യശക്തിയെ മലനാട്ടിൽനിന്നും തുരത്തിയിരിക്കണമെന്നും, ടോളമി കന്യാകുമാരി കഴിഞ്ഞിട്ടു മാത്രമേ പാണ്ഡ്യശക്തിയെപ്പറ്റി പറയുന്നുള്ളു എന്നും ഡാ. വിൻസെന്റു കാണിച്ചിട്ടുണ്ട്. (401–439). ഇതിൽ നിന്നു വേമ്പനാടെന്ന പേരിനെ *വേമ്പനുമായി—പാണ്ഡ്യരാജാവുമായി ഘടിപ്പിക്കുന്നതു തീരെ തെറ്റാണെന്നു പറയാൻ നിവൃത്തിയില്ല എന്നു സിദ്ധിക്കുമല്ലോ. തിരുനെൽവേലിക്കു കീഴ്‌വേമ്പനാടെന്നു പേരുണ്ടായിരുന്നതും ഈ അംശത്തെ ശക്തിപ്പെടുത്തുന്ന ഒരു വസ്തുതയാണു്. ഈ രണ്ടു വേമ്പനാട്ടുകൾക്കും തമ്മിൽ ബന്ധമില്ലെന്നു് ശ്രീ. ഗോപിനാഥറാവു പറയുന്നു (T. A. S. II. 111). പന്ത്രണ്ടാം ശതകത്തിൽ പാണ്ഡ്യരാജ്യം ഭരിച്ചതായി കരുതുന്ന മാറവർമ്മ ത്രിഭുവനചക്രവർത്തി ശ്രീ വല്ലഭദേവൻ പുറവരി ചതുർവേദിമംഗലം ക്ഷേത്രത്തിനു ബ്രഹ്മദായമായി സ്ഥലം വിട്ടുകൊടുക്കുന്ന ഒരു രേഖയിൽ 'കീഴ് വേമ്പനാട്ടു തിരുനെൽവേലി കോയിലിൽ പള്ളിയറയിൽ ഇരുന്നരുളവേ' എന്നു കാണുന്നു. (T. A. S. VII. 2; The Pandyan Kingdom 126). തിരുനെൽവേലി കീഴ് വേമ്പനാടാണെങ്കിൽ തിരുവിതാംകൂറിലെ വേമ്പനാട്ട് മേൽവേമ്പനാടായി കരുതിയിരിക്കണം. ഈ ശബ്ദം ടോളമിയുടെ കാലം തൊട്ടേ ഉണ്ടായിരുന്നതായും

---

f. And in the age of Periplus a king of Madura (the sovereign of Pandimandalam, the Pandian of the ancients) had extended his power from the eastern to the western side of the Peninsula and was master of Malabar when the fleet from Egypt first visited the Court (Periplus of the Erythrean Sea by William Vincent D.D. Part II. P. 401) See also Caldwell Comp. gram of Dra. Lang. p. 264.

* വേമ്പൻ–പാണ്ടിയൻ. കതിർവേൽപിള്ളയുടെ തമിഴ്നിഘണ്ടു.

ഊഹിക്കാം. ടോളമി 'ബംബല' (Bam-Bala) എന്നു് ഒരു സ്ഥലത്തെപ്പറ്റി പറയുന്നുണ്ടു്. ആ സ്ഥലം എവിടെയാണെന്നു നിർണ്ണയിച്ചിട്ടില്ലെങ്കിലും * അതു് ബിംബല എന്ന ശബ്ദത്തോടു പ്രകടമായ സാദൃശ്യം വഹിക്കുന്നുണ്ടല്ലോ. ഒരുവേള ടോളമിയുടെ ബംബല (Bam-Bala) ബിംബലദേശംതന്നെയായിരിക്കയില്ലേ? ഈ വിഷയത്തെപ്പറ്റി വിരുദ്ധ യുക്തികളും ഉള്ളതുകൊണ്ടു് നിശ്ചയമായി ഒരു അഭിപ്രായവും പറയാവുന്നതല്ല.

മുകളിൽ കാണിച്ചതനുസരിച്ചു് അതിപുരാതന കാലത്തു് ഈ ദേശത്തിനു പാണ്ഡ്യന്മാരോടു് ഉണ്ടായിരുന്ന ബന്ധമാണല്ലോ സൂചിതമാകുന്നതു്. പിൽക്കാലത്തും ചില ഘട്ടങ്ങളിൽ ബിംബലനാടിനു പാണ്ഡ്യരാജാക്കന്മാരോടു ബന്ധമുണ്ടായിരുന്നതായും അറിയാം. പുറവരി ക്ഷേത്രത്തിനു് ദാനംചെയ്തതായി മുകളിൽ സ്മരിച്ച മാറവർമ്മ ശ്രീവല്ലഭനെന്ന പാണ്ഡ്യരാജാവു് കീഴ്‌വേമ്പനാട്ടും മേൽവേമ്പനാട്ടും (തിരുനെൽവേലിയും ഉത്തര തിരുവിതാംകൂർ പ്രദേശങ്ങളും) ഭരിച്ചിരുന്നതായി (ക്രി. വ. 1190 കൊ. വ. 364–365) നാഗമയ്യാ പ്രസ്താവിച്ചിട്ടുണ്ടു്. †† എന്നാൽ കൊല്ലവർഷത്തിന്റെ ആദിശതകങ്ങളിലുള്ള രേഖകളിൽ ഈ

---

* മലബാർഗസറ്റീയറിലും ബലിത്താ (Balitta) എന്നൊരു സ്ഥലത്തെപ്പറ്റി പെരിപ്ലസ്സിൽ പറയുന്നു, ചുവന്ന കുന്നുകൾ കഴിഞ്ഞിട്ടാണു് അതിന്റെ സ്ഥാനം. ടോളമി അതിനു് 'ബംബല' എന്നാണു പേരു നൽകുന്നതു്. ചുവന്ന കുന്നു് ഏഴിമലയെന്നു പറയുന്നവരുണ്ടു്. വർക്കലയെന്നു പറയുന്നവരുമുണ്ടു്. വർക്കലയ്ക്കു തെക്കു് 'ബലിതാ' വേണാടാണെന്നൊരു മതം. ബലിതായെ 'ബംബലം' എന്നാണു് ടോളമി വിളിക്കുന്നതെന്നു് വിൻസെന്റു് (പുറം 4[illegible]). ബംബലശബ്ദത്തിനു തുല്യമായി ബിംബലദേശമല്ലാതെ വേറൊരു ദേശനാമം ഓർമ്മയിൽ വരുന്നില്ല.

†† നാഗമയ്യാ—സ്റ്റേറ്റുമാനുവൽ, പുറം 253. ഈ രാജാവിന്റെ കാലത്തെപ്പറ്റി ശ്രീ. നാഗമയ്യായുടെയും ശ്രീ. നീലകണ്ഠശാസ്ത്രിയുടെയും ചരിത്രാംശങ്ങളിൽ അല്പം വ്യത്യാസം കാണുന്നുണ്ടു്. ഈ മാറവർമ്മൻ തിരുവിതാംകൂറിലെ വീരരവിവർമ്മയെ സാമന്തനാക്കിയിരുന്നു എന്നു നീലകണ്ഠശാസ്ത്രി പ്രസ്താവിക്കുന്നു. മാറവർമ്മൻ വേണാട്ടിലെ വീര ഉദയമാർത്താണ്ഡവർമ്മയുടെ മകളെ വിവാഹം കഴിച്ചിരുന്നു എന്നു നാഗമയ്യാ പറയുന്നു. അവരുടെ പുത്രനായ കുലശേഖരൻ പിൽക്കാലത്തു് ബന്ധുത്വം പ്രമാണിച്ചു കൊല്ലത്തു് അഭയം നേടിയ കാര്യവും മററും മുൻപു പ്രസ്താവിച്ചിട്ടുള്ളതാണല്ലോ.

രാജ്യത്തിന്റെ പേര് വേമ്പനാടെന്ന പ്രകാരത്തിലല്ല, വെൺപലനാട്, വെൺപൊലിനാട് എന്ന 'ല' ചേർത്ത പ്രകാരത്തിലാണു കാണുന്നത്. വേമ്പന്റെ നാടാണെങ്കിൽ ഈ 'ല' എങ്ങനെ വന്നിരിക്കാം? അതിനാൽ വെൺപലനാടിന്റെ ആഗമത്തെപ്പറ്റി പണ്ഡിതന്മാർ മറ്റു യുക്തികൾ ആരായുന്നുണ്ട്. സാഹിത്യപഞ്ചാനനൻ, ഡാക്ടർ പി. ജെ. തോമസ്, ശ്രീ. കെ. ജി. കരുണാകരനുണ്ണിത്താൻ എന്നിവർ വെമ്പലനാടിനെ വെൺമലനാട് എന്നതിൽ നിന്നോ മേന്മലനാട് എന്നതിൽ നിന്നോ വ്യുൽപാദിപ്പിക്കാമെന്നു കാണിക്കുന്നു. (ഭാഷാപോ. 1092 മിഥുനം ലക്കം പു. 83; 1096 മിഥുനം ലക്കം പു. 41; വെൺപലനാട് - പി. ജെ. തോമസ്, ഭാഷാപോ. 1101 മിഥുനം ലക്കം) വെണ്മലനാട് (വെൺമലനാട്) എന്നാൽ പടിഞ്ഞാറു വെള്ളവും കിഴക്കു മലയുമുള്ള നാടെന്നും, മേന്മലനാടെന്നാൽ മേലേ – പടിഞ്ഞാറേ – മലനാടെന്നും ശ്രീ. ഉണ്ണിത്താൻ വ്യുത്പാദിപ്പിക്കുന്നു. മേന്മലനാടെന്ന വ്യാഖ്യാനത്തെ സ്ഥാപിക്കാൻ 'വേമ്പനാടിന്റെ കിഴക്കുള്ള ഭാഗത്തിന് കീഴ്മലനാടെന്ന പേര് ഉണ്ടായിരുന്നതായും' ഡാക്ടർ പി. ജെ. തോമസ് ചൂണ്ടിക്കാണിക്കുന്നു. ഇപ്പോഴത്തെ ദേവികുളം, തൊടുപുഴ, മൂവാററുപുഴയിൽ ചില ഭാഗം എന്നീ സ്ഥലങ്ങൾ അടങ്ങിയ ഒരു രാജ്യമായിരുന്നു കീഴ്മലനാടെന്നും, അതിന്റെ തലസ്ഥാനം കരിക്കോടായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു f.

---

f കീഴ്മലനാടിനെപ്പററി ഗോളനെസ് എന്ന ഡച്ചുഗവർണ്ണർ (18-ാം ശതകം) മെമ്മോറിയലിന്റെ ഒരു ഭാഗമായി പറഞ്ഞിട്ടുണ്ട്. A Galletti - The Dutch in Malabar p. 59.

കീഴ്മലനാട്ടുടയ കേരളവർമ്മ കോയിലധികാരികൾ ആയിരുന്ന കൊ. വ. 427-ാമാണ്ട് കണ്ണൻദേവൻകല പുഞ്ഞാററിൽ തമ്പുരാന് എഴുതിക്കൊടുത്തത്. (സാഹിത്യതിലകം, ... 11. അനു ഭാ. 258).

കീഴ്മലനാട് എന്നൊരു രാജ്യം ഉണ്ടായിരുന്ന സ്ഥിതിക്ക് അതിന് പടിഞ്ഞാറു മേന്മലനാട് (മേല്മലനാട്) വരാവുന്നതേയുള്ളു എന്ന യുക്തി ശരിയാണ്. എന്നാൽ മേന്മലനാടെന്ന പേര് പഴയ രേഖകളിലോ കൃതികളിലോ കാണാതെ ഈ യുക്തി സ്വീകരിക്കാൻ നിവൃത്തിയില്ല.

പാണ്ഡ്യസംബന്ധത്തെ സൂചിപ്പിക്കുന്ന വേമ്പനാടെന്ന നാമത്തിൽ 'ല' ചേർന്നാണോ വേമ്പലനാട്ട് എന്ന രൂപമുണ്ടായിരിക്കുന്നതെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. വേമ്പന്റെ നാടെന്ന അർത്ഥത്തിലാണു വേമ്പനാട്ട് എന്നെടുത്താൽ വേമ്പു (വേപ്പ്) മരവുമായിട്ടുള്ള സംബന്ധം സ്ഫുരിക്കും. വേപ്പിന്റെ പൂവു ജയചിഹ്നമായി അണിയുന്നതുകൊണ്ടാണു് പാണ്ഡ്യരാജാക്കന്മാർക്കു 'വേമ്പൻ' എന്നു നാമം സിദ്ധിച്ചതു് എന്നു പറയുന്നു. അപ്പുറം വേമ്പർകോൻ നാട്ട് എന്നും വേമ്പലർനാട്ട് എന്നും ആദ്യം നാമമുണ്ടായിരിക്കാം. അതിലെ 'ർ' ലോപിച്ചാൽ വേമ്പലനാട്ട് എന്നു രൂപം സിദ്ധിക്കും. ഈ വ്യുത്പത്തി ഏതായാലും നിസ്സന്ദേഹമാണെന്നു പറവാവതല്ല.

ഇതൊന്നും സിദ്ധാന്തമായി പ്രദർശിപ്പിക്കുന്നതല്ല. ബിംബലനാടെന്നു സന്ദേശത്തിൽ കാണുന്ന രാജ്യനാമത്തിന്റെ പ്രാചീനരൂപമായ വേമ്പലനാട്ട് എന്നതിനും, അർവാചീനരൂപമായ വേമ്പനാട്ട് എന്നതിനും തമ്മിലുള്ള ബന്ധത്തെ വിവരിക്കണമെന്നേ ഇവിടെ ഉദ്ദേശമുള്ളൂ. ആ രൂപങ്ങൾക്കു പുറകിലുള്ള ചരിത്രവസ്തുതകളും അറിയേണ്ടതു് ആവശ്യമാണെന്നുള്ള വിചാരത്തിൽ അവ പ്രദർശിപ്പിക്കയേ ചെയ്തിട്ടുള്ളൂ. ബിംബലിദേശമെന്ന സംസ്കൃതരൂപം ശുകസന്ദേശത്തിൽ സ്വീകരിച്ചതിനെ അനുകരിച്ചാണു് ഉണ്ണുനീലിസന്ദേശം തുടങ്ങിയ സാഹിത്യകൃതികളിലും അതു സ്ഥാനം പിടിച്ചതെന്നു തോന്നുന്നു ff.

സന്ദേശകാലത്തു വേമ്പനാട്ട് തെക്കുംകൂറും വടക്കുംകൂറുമായി പിരിഞ്ഞിരുന്നു എന്നു വ്യക്തമാണു്. ഈ രണ്ടു രാജ്യങ്ങളും ആദ്യം ഒന്നായിരുന്നുവെന്നും, ഒരേ രാജവംശംതന്നെ ആയിരുന്നു ഭരിച്ചിരുന്നതെന്നും, പിൽക്കാലത്തു് ആ വംശം രണ്ടു കൂറായി പിരിഞ്ഞു് രണ്ടു രാജ്യങ്ങളായി തീർന്നതാണെന്നും പറഞ്ഞുവരുന്നു. [കൊച്ചി സ്റ്റേറ്റുമാന്വൽ. സി. അച്യുതമേനോൻ പു 82]. ഈ രണ്ടു രാജ്യങ്ങളിലേയും രാജാക്കന്മാരെ 'നായർ' എന്നാണു പറഞ്ഞു പോന്നതും.

---

ff. കാന്താരശ്യാമലപ്രതിമയമതിക്രമ്യ കഞ്ചിത് പ്രദേശം
ബിംബോകശ്രീഭരിതമഹിളാം ബിംബലീമേത്യ ഭൂയഃ

ശു. സ. 1. 60.

വടക്കുംകൂറും തെക്കുംകൂറും തമ്മിൽ മത്സരിച്ചാണു് തെക്കുംകൂർ തമ്പുരാൻ രാജ്യം തിരുവിതാംകൂറിലേക്കു് എഴുതി വച്ചതു് എന്ന രേഖയും ഇവർ തമ്മിലുള്ള കുലമത്സരത്തെയാണല്ലോ കാണിക്കുന്നതു്. (സദസ്യ. സ്റ്റേററ. II. അനു. 130). എന്നാൽ തെക്കുംകൂറും വടക്കുംകൂറും തമ്മിൽ ബന്ധം ഉണ്ടായിരുന്നില്ല എന്നു വാദിക്കുന്നവരും ഉണ്ടു്.

സന്ദേശകാലത്തു തെക്കുംകൂറിന്റെ രാജധാനി മണികണ്ഠപുരം ആയിരുന്നല്ലോ (i. 128.)

'അഗ്രേ കാണാം തദനു മണികണ്ഠാഖ്യപൂർവ്വം പുരം തേ
തെക്കിൻകൂററിന്നൊരു മണിവരം' ഇത്യാദി പദ്യം കാണുക.

ബിംബലീശൻ അവിടെയുണ്ടെങ്കിൽ എന്നു് 130-ാം ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതിനാൽ രാജാവിന്റെ വാസം അന്നു് അവിടെ ആയിരുന്നു എന്നും സൂചനയുണ്ടു്.

മണികണ്ഠപുരത്തെ മുരാരി—വിഷ്ണു—ആണു തെക്കുംകൂർ രാജാക്കന്മാരുടെ കുലദൈവം *.

---

* 128-ാം ശ്ലോകത്തിൽ 'തെക്കുംകൂററിന്നൊരു മണിവരം തത്രമേവും പുരാരിം' എന്ന മുദ്രിതപാഠം തെററാണു്. ഗ്രന്ഥപാഠം 'മുരാരിം' എന്നു തന്നെ. മണികണ്ഠപുരത്തെ പ്രതിഷ്ഠ വിഷ്ണു ആണെന്നുള്ളതിനു മയൂരസന്ദേശത്തിലെ പദ്യവും സാക്ഷ്യമാണു്.

വന്ദേഥാസ്ത്വം ഭ്രമര! പുരതഃ കമ്പിലാദബ്ജബാലം
ഭ്രൂഭംഗാല്ലോകാമന ഇവ മുഗ്ദ്ധർശോരസം ചോരയന്തം
അസ്യ ബ്രൂമഃ കഥമിവ പയോലുബ്ധതാം യോ വിരുദ്ധാം
മുക്തിം തേപാ വിഷകടുപയഃ പീതവാൻ പൂതനായാഃ.

(വിജ്ഞാനദീപിക IV. 27).

ഉണ്ണുനീലീ സന്ദേശത്തെ പല അംശങ്ങളിലും അനുസ്മരിപ്പിക്കുന്ന ഉദയവർമ്മയുടെ മയൂരസന്ദേശമെന്ന സംസ്കൃതകൃതിയും മണികണ്ഠപുരത്തെ പ്രതിഷ്ഠ വിഷ്ണുവിന്റേതാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടു്.

ഗച്ഛന്നേവ തദനു മധുവിദ്ധ്വംസിനഃ കണ്ഠകാനാം
പാത്രം ക്ഷേത്രം കിമപി മണികണ്ഠാഭിധാനം ഭജേഥാഃ
യത്ര പ്രീതിപ്രഹസിതമുഖീ പാർവ്വതീ ശൈലകന്യാ
ജാഗർത്തി സ്മ ഛവിലചരിതാരോമനോവിഭ്രാന്തതഭ്രീഃ. (i. 63).

മണികണ്ഠപുരത്തെപ്പററി പ്രത്യേകം ഒരു കാര്യം പറയാനുള്ളത് അവിടെ ഉണ്ടായിരുന്ന വലിയ ഊട്ടുപുരയെപ്പററിയാണ്. ആണ്ടിൽ നാലു മാസം അവിടെ ഊട്ടു ഉണ്ടായിരുന്നു എന്നാണ് അവിടുത്തുകാർ പറയുന്നത്. മയൂരസന്ദേശത്തിൽ നിന്നു മുകളിൽ ഉദ്ധരിച്ച ശ്ലോകത്തിന്റെ ഉത്തരാർദ്ധം ഈ അംശത്തെക്കൂടി സൂചിപ്പിക്കുന്നതായി വേണം കരുതാൻ. മണികണ്ഠപുരം ക്ഷേത്രത്തിൽ ബ്രാഹ്മണർക്ക് അന്നദാനം ചെയ്യുന്ന സംതൃപ്തികൊണ്ടു പാർവ്വതീദേവി സ്മിതപ്രഭാവർഷിണി ആയിരിക്കുമെന്നാണല്ലോ സാരം. ഈ അംശത്തെ ഉണ്ണുനീലിസന്ദേശത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. മണികണ്ഠപുരത്തു ചെന്ന് ഈശപാദഭജനം ചെയ്യുമ്പോൾ ഈശാനകോണിൽ വഴിപോക്കർ അഴയ്ക്കുന്നതു ആദിത്യവർമ്മസ്സൂ കേൾക്കാറാകുമെന്നു പറഞ്ഞിട്ടുണ്ട്. (I. 128).

വടക്കുംകൂർ

സന്ദേശഹരന്റെ ചെന്നെത്തേണ്ട സ്ഥാനം വടക്കുംകൂറിന്റെ അന്നത്തെ രാജധാനിയായിരുന്ന 'സിന്ധുദ്വീപത്തിൽ' ആണ്. അതിനാൽ വടക്കുംകൂർ പ്രത്യേക വർണ്ണന അർഹിച്ചു കാവ്യത്തിൽ പരിലസിക്കുന്നു. ഇപ്പോഴത്തെ വൈക്കം, ഏററുമാനൂർ, മീനച്ചിൽ, തൊടുപുഴ, മൂവാററുപുഴ എന്നീ താലൂക്കുകൾ ഉൾപ്പെട്ടതായിരുന്നു വടക്കുംകൂർ. വടക്കുംകൂറിൽ എട്ടു ഭരണവിഭാഗങ്ങൾ ഉണ്ടായിരുന്നുവെന്നും, അതിനും പുറമേ കീഴ്മലനാട്ടും അതിൽ ഉൾപ്പെട്ടിരുന്നു എന്നും പില്ക്കാലത്തെ ഡച്ചുരേഖയിലുണ്ട്. f

സന്ദേശകാലത്തു കേരളത്തിലെ രണ്ടാംകിട രാജ്യങ്ങളിൽ പെട്ടതായിരുന്നു വടക്കുംകൂർ. അന്നത്തെ വടക്കുംകൂർ രാജാവിനെ 'മണികണ്ഠാദ്യസാമന്തമൌലി' എന്നാണു പറഞ്ഞിട്ടുള്ളത് (ii. 23) വടക്കുംകൂറിനു സാമന്തപദവിയേ ഉണ്ടായിരുന്നുള്ളൂ എന്നും, എന്നാൽ സാമന്തരിൽ പ്രമുഖ സ്ഥാനം ആ രാജകുടുംബത്തിനു ഉണ്ടായിരുന്നുവെന്നും മനസ്സിലാക്കാം. രവിവർമ്മ സംഗ്രാമധീരൻ കേരള ചോളപാണ്ഡ്യരെ സ്വാധികാരത്തിൽ വരുത്തിയെന്ന് അദ്ദേഹത്തിന്റെ കാഞ്ചീപുരം ശാസനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ ശിലാരേഖയെ

---

f. A Galleti-The Dutch in Malabar p. 59

വിശ്വസിച്ചാൽ വടക്കുംകൂർ രാജ്യവും അന്നു വേണാടിനെ സംബന്ധിച്ചിടത്തോളം സാമന്ത രാജ്യമായിരുന്നു എന്നു തന്നെ സിദ്ധിക്കും. എന്നാൽ ഈയിടെ ചിലർ ഈ അഭിപ്രായത്തെ തിരസ്കരിച്ചു കാണുന്നു. കേരളത്തിലെ എല്ലാ രാജാക്കന്മാരും സംഗ്രാമധീരൻെറ കീഴിൽ ആയിരുന്നുവെന്നു [illegible] കല്പിക്കുന്നതു ചരിത്രസത്യങ്ങൾക്കു വിപരീതമാണ് എന്നാണ് അവർ പറയുന്നതു്. ഏതാണ് ആ ചരിത്രസത്യമെന്നു വ്യക്തമാക്കാത്തിടത്തോളം കാലം ഈ പ്രസ്താവന സ്വീകരിക്കാൻ നിവൃത്തിയില്ല. മററു ചില [illegible] ങ്ങളായ [illegible] സംഗ്രാമധീരൻെറ കേരളവിജയം അസാദ്ധ്യപ്രായമാക്കാൻ ഹേതുവായതു്. എന്തിനാണ് രവിവർമ്മയെ ഇങ്ങനെ തരം താഴ്ത്തുന്നതെന്നു മനസ്സിലാക്കാൻ വിഷമമാണ്. രവിവർമ്മ ചോളപാണ്ഡ്യരാജ്യങ്ങൾ ജയിച്ചു എന്നുള്ളതു വിശ്വസിക്കാതെ തരമില്ലല്ലോ? ആ സ്ഥിതിക്കു കേരളം മാത്രം ജയിക്കാനാണോ രവിവർമ്മയെക്കൊണ്ടു സാധിക്കാഞ്ഞതു് എന്നു ചെറുതായ ഒരു ചോദ്യമുണ്ടു്. കേരളം ജയിക്കാതെയാണോ പാണ്ഡിയും ചോള നാടും മററും ജയിക്കാനായി പോയതും ജയിച്ചതും. 'കൃത്വാ കേരളചോളപാണ്ഡ്യവിജയം' എന്നു പറഞ്ഞിട്ടുള്ളതിൽ ചോള പാണ്ഡ്യവിജയം മാത്രം സ്വീകരിച്ചിട്ടു കേരളം തള്ളാനുള്ള കാരണം വിശദമാകുന്നില്ല. കൊങ്കണത്തിൽ അഭയം നേടിയിരുന്ന വീരപാണ്ഡ്യനെ അവിടന്നും ഓടിച്ചു എന്നുപോലും കാഞ്ചീപുരം ശാസനത്തിൽ എടുത്തു പറഞ്ഞിട്ടുണ്ടല്ലോ. അതങ്ങനില്ക്കട്ടെ. എതിർവാദക്കാരും വടക്കുംകൂർ തുടങ്ങിയുള്ള രാജ്യങ്ങൾ വേണാടിൻെറ സാമന്തരാജ്യങ്ങളാണ് എന്നു സമ്മതിക്കുന്ന സ്ഥിതിക്കു മററു കാര്യങ്ങളെപ്പററിയുള്ള ചിന്ത ഇവിടെ തുടരുന്നില്ല. *

---

* സംഗ്രാമധീരൻെറ കാലത്തു്, അതിനു മുമ്പും പിമ്പും സ്ഥിതി എന്തായിരുന്നാലും, കേരളം അദ്ദേഹത്തിൻെറ ആധിപത്യത്തെ അംഗീകരിച്ചിരിക്കണം" എന്നേ അന്നത്തെ ചരിത്രരേഖകളിൽനിന്നു മനസ്സിലാക്കാൻ സാധിക്കയുള്ളു. എന്നാൽ ആ ആധിപത്യം മററുള്ളവരുടെ അധികാരത്തെ നിർമ്മാർജ്ജനം ചെയ്യുന്ന വിധത്തിലല്ലെന്നുള്ളതു് ആ കാലത്തെ രേഖകളുടെ സ്വഭാവം മാത്രമാണ്. ആ കാലഘട്ടത്തിൽ കേരളത്തിൻെറ മദ്ധ്യഭാഗത്തെ ചില സ്ഥലങ്ങൾ വേണാട്ടിനു കപ്പം കൊടുത്തിരുന്നുവെന്നു രേഖകൾ കിട്ടുന്നുണ്ടെന്ന വസ്തുതയും ഇവിടെ ചൂണ്ടിക്കാണിക്കാവുന്ന-

സന്ദേശകാലത്തു് വേണാട്ടും വടക്കുംകൂറുമായി ഉററ സൗഹാർദ്ദബന്ധം ഉണ്ടായിരുന്നുവെന്നു തീർച്ചപ്പെടുത്താം. ആദിത്യവർമ്മയെ കാണുമ്പോൾ പക്ഷപാതാതിരേകംകൊണ്ടു വടക്കുംകൂർ ഉണ്ണികണ്ടർ തന്നെപ്പോലും മറന്നു് എന്തു തന്നെ ചെയ്കയില്ല എന്നാണു സന്ദേശകർത്താവിന്റെ അഭിപ്രായം (ii 24). അതു പോലെതന്നെ വടക്കുംകൂർ ചെല്ലുമ്പോൾ അവിടത്തെ ഇളയ രാജാക്കന്മാർ ഓരോരുത്തരായി വന്നു് ആദിത്യവർമ്മയെ കാണുമെന്നും പറഞ്ഞിട്ടുണ്ടല്ലോ (ii. 21, 27, 28, 29). സാധാരണമായ ഒരു ഉപചാരം മാത്രമേ ആദിത്യവർമ്മയോടു പ്രകടിപ്പിക്കേണ്ടതായിരുന്നുള്ളുവെങ്കിൽ ഇങ്ങനെ ഓരോരുത്തരായി വന്നു് അദ്ദേഹത്തെ കാണുമെന്നു സന്ദേശകർത്താവു പറയുമായിരുന്നോ എന്നു സംശയമാണു്.

സിന്ധുദ്വീപം [കടുത്തുരുത്തി]

വടക്കുംകൂറിന്റെ അന്നത്തെ രാജധാനിയായിരുന്ന കടുത്തുരുത്തിയെപ്പററിയാണു മുഖ്യമായി ആലോചിക്കാനുള്ളതു്. ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളതു് സന്ദേശത്തിൽ കടുത്തുരുത്തിയെന്ന പേരു് ഉപയോഗിച്ചിട്ടില്ല എന്നാണു്. സിന്ധുദ്വീപം (i. 25,136), വടമതുര (i. 34, 137, ii. 11), കടന്തേരിതല(?) (i. 36), കടന്തേരി (ii 1) എന്ന പേരുകളാണു സന്ദേശത്തിൽ ഉപയോഗിച്ചിട്ടുള്ളതു്. സിന്ധുദ്വീപമെന്ന പേരു ശുകസന്ദേശത്തിൽ ഉപയോഗിച്ചിട്ടുള്ളതിനെ അനുകരിച്ചായിരിക്കാം

താണു്. ക്രി. വ. പതിന്നാലാം ശതകത്തിൽ കേരളം സന്ദർശിച്ച ഇബിൻ ബത്തൂത്തായുടെ വിവരണമനുസരിച്ചു് കഞ്ഞാർക്കര എന്ന സ്ഥലം ഭരിച്ചിരുന്ന യഹൂദാധിപതി കൊല്ലത്തേക്കു കപ്പം കൊടുത്തിരുന്നു.

I proceeded therefore to that place (Kaulam) by the river. It is situated at the distance of ten days from Kalikut. After five days I came to Kanyarkara, which stands on the top of a hill, inhabited by Jews, and governed by an Emir who pays tribute to the King of Kaulam. (Ibn Batuta—Edited by Rev: Samuel See 174.)

കോഴിക്കോട്ടിനും കൊല്ലത്തിനും ഇടയ്ക്കു് ഉയരത്തിലുള്ളതും യഹൂദന്മാരുടെ സങ്കേതവുമായ ഈ കഞ്ഞാർക്കര എവിടെയായിരിക്കാം?

ഉണ്ണുനീലീസന്ദേശത്തിലും എടുത്തിട്ടുള്ളതു്. 'സ്കന്ധാവാരം പരമാപി തതോ ബിംബലീപാലകാനാം സിന്ധുദ്വീപം വ്രജ ഘനനികൈരാവൃതം സിന്ധുരേന്ദ്രൈഃ' (ശുക സ. 61) എന്ന ശുകസന്ദേശപദ്യം മുൻപു് ഉദ്ധരിച്ചിട്ടുണ്ടല്ലോ. * സിന്ധുദ്വീപം എന്ന സംസ്കൃതനാമം ആരു് എന്നു് ഉണ്ടാക്കിയതാണെങ്കിലും അതു കടുത്തുരുത്തിയെ ആണു് സൂചിപ്പിക്കുന്നതെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ വസ്തുത ഉണ്ണുനീലീസന്ദേശത്തിൽ നിന്നും തെററിന്നു തീരെ പഴുതില്ലാതെ മനസ്സിലാക്കാവുന്നതും ആണു്. എററുമാനൂർ നിന്നു് ഉച്ചയ്ക്കു തേവാരവും ഊണും കഴിച്ചു പുറപ്പെടുന്ന ആദിത്യവർമ്മ (i. 133) ഒരു കാതം പോയാൽ കോതനല്ലൂർ ചെല്ലും (i. 134). അതിനു് ഒരു വിളിപ്പാടിനുള്ളിൽ ബിംബലീപാലകവിരചിതമായ ഒരു വഴി ഉണ്ടു്. (i. 135). അതിലേ നടന്നു നേരെ വടക്കുതുറയിൽ (സിന്ധുദ്വീപത്തിൽ) ചെല്ലണമെന്നാണു നിർദ്ദേശം. (i. 136). ആ വഴി നടന്നാൽ കടുത്തുരുത്തിയിലാണു ചെല്ലുന്നതു് അന്നും ഇന്നും. കടൽത്തുരുത്തു് എന്ന മലയാളത്തിന്റെ തർജ്ജമയായിട്ടു് 'സിന്ധുദ്വീപം' എന്നു പ്രയോഗിച്ചിരിക്കുകയാണു് എന്നു സംശയം കൂടാതെ മനസ്സിലാക്കാം.

ഇനിയും കടൽത്തുരുത്തു് എന്ന പേരിനെപ്പററി നോക്കാം. കടുത്തുരുത്തിയെന്നാണു് ഇന്നത്തെ രൂപം. ഈ രൂപത്തിന്റെ സംസ്കൃതതർജ്ജമയാണു് സിന്ധുദ്വീപം. അപ്പോൾ കടുത്തുരുത്തി എന്നതിനെ അർത്ഥമുള്ള രൂപമാക്കാൻവേണ്ടി കടൽത്തുരുത്തി ആക്കിയതോ, അതോ കടൽത്തുരുത്തി പ്രാകൃതസംഭാഷണത്തിൽ കടുത്തുരുത്തിയായതോ? അതോ യഥാർത്ഥനാമം ഇതു രണ്ടുമല്ലാതെ മൂന്നാമതൊന്നോ, എന്നാണു് ആലോചിക്കേണ്ടതു്. സംസ്കൃത രൂപങ്ങളിൽനിന്നു ദേശനാമങ്ങളുടെ യഥാർത്ഥരൂപം കണ്ടുപിടിക്കാനുള്ള ശ്രമം അപൂർവ്വമായേ ശരിയായിരിക്കൂ. മാവേലിക്കരയെ 'ചൂതപ്ലവികതീരം'വരെ ആക്കിയവരാണു സംസ്കൃതക്കാർ. സ്യാനന്ദൂരത്തിന്റെ (ശ്രീ അനന്തപുരം ആയിരിക്കാം) കഥതന്നെ മതിയല്ലോ. അതിനാൽ 'സിന്ധുദ്വീപ'ത്തെ അവലംബിച്ചുള്ള

---

* വെമ്പലനാടിനു് 'ബിംബലി' എന്നും കടുത്തുരുത്തിക്കു് 'സിന്ധുദ്വീപം' എന്നുമുള്ള സംസ്കൃതരൂപങ്ങൾ ശുകസന്ദേശത്തിനു മുൻപു് ഉണ്ടായിരുന്നോ എന്നു് അറിയുന്നില്ല.

നിരുക്തവിചാരം പ്രയോജനകരമാകയില്ല. കടുത്തുരുത്തി സിന്ധുവിലുള്ള ഒരു ദ്വീപല്ല. മിക്കവാറും ഉയൎന്ന കുന്നും പാറക്കെട്ടുകളും നിറഞ്ഞ സ്ഥലമാണു് അതു്. പടിഞ്ഞാറുവശം താണ വയലുകളാണു്. ഒരു കാലത്തു വേമ്പനാട്ടുകായലിന്റെ ഭാഗം അവിടംവരെ ഉൾപ്പെട്ടിരുന്നതായി വിചാരിക്കാം എന്നല്ലാതെ ഏതു കാലത്തെങ്കിലും ആ സ്ഥലത്തെ വെള്ളം ചുററിക്കിടന്ന എന്നു സമ്മതിക്കാൻ തീരെ സാദ്ധ്യമല്ല. ആ ഭാഗത്തിന്റെ ഭൂപ്രകൃതിയെപ്പററി ശ്രീ. കെ. ജി. കരുണാകരനുണ്ണിത്താൻ ഭാഷാപോഷിണിയിൽ എഴുതിയിട്ടുള്ള ഭാഗം ഉദ്ധരിക്കാം. 'കടുത്തുരുത്തിയിൽ പടിഞ്ഞാറും വടക്കും താഴ്ന്ന വയലും വെളിമ്പുകളും സ്ഥലങ്ങളും ഇടയ്ക്കിടെ കാണുന്നു. ഈ താഴ്ന്ന സ്ഥലങ്ങളിൽ ഇന്നും ഒരു തോടു് ഒഴുകുന്നുണ്ടു്. ആ തോട്ടിൽ കടുത്തുരുത്തിയിലെ ചാലാണു്. മുൻ പറഞ്ഞ താഴ്ന്നസ്ഥലം മുൻകാലങ്ങളിൽ വെള്ളത്താൽ കിടന്നിരുന്നുവെന്നു് ഊഹിക്കാം. ഇന്നും വെള്ളക്കെട്ടുള്ള എന്ന പേരു് ഉണ്ടു്. അങ്ങനെ വെള്ളമായി കിടന്ന സ്ഥലത്തു് അതിന്റെ വടക്കും പടിഞ്ഞാറും ഉള്ള കരപ്രദേശങ്ങളിൽ നിന്നു് 'കടത്തു്' കടക്കേണ്ടതാണെന്നും, അപ്രകാരം കടത്തിരുന്ന സ്ഥലം കടത്തിരുത്തി ആയതാണെന്നും സ്പഷ്ടമാണു്. കടത്തിരുത്തുന്ന (കടത്തു് ഇരുത്തുന്ന) സ്ഥലം കടത്തിരുത്തിയും കടുത്തുരുത്തിയും കടത്തേത്തലയും കടന്തേരിയും ആയി' (ഭാഷാപോ. XXIX ലക്കം 4 1101 വൃശ്ചികം, പുറം 14).

കടുത്തുരുത്തി തുരുത്തല്ലെന്നു തെളിയിക്കുന്നതോടുകൂടി ആ ശബ്ദത്തിന്റെ ആഗമത്തെപ്പററി സ്ഥലപ്രകൃതിക്കു് അനുരൂപവും ഭാഷാന്യായത്തിനു് അവിരുദ്ധവും ആയ അഭിപ്രായമാണു മുകളിൽ ആവിഷ്കരിച്ചിട്ടുള്ളതു്. 'കടത്തുരുത്തി' എന്നതിലെ ഉകാരത്തിനു പകരം ഇകാരം സ്വീകരിക്കുക എന്ന അല്പമാത്രമായ ഒരു ഭേദമേ ശ്രീ. ഉണ്ണിത്താൻ കൈക്കൊള്ളുന്നുള്ളു. ഈ മാററം മലയാളത്തിൽ അസാധാരണമല്ലെന്നും എടുത്തു കാണിക്കാം. 'കടന്തേരി' എന്നും 'കടത്തേത്തല' എന്നും ഉള്ള സംജ്ഞകൾക്കു പ്രത്യേകിച്ചു് അർത്ഥം കിട്ടുന്നു എന്നൊരു മെച്ചവും ഈ വ്യാഖ്യാനത്തിനു് ഉണ്ടു്. 'കടത്തേത്തല' എന്നാൽ കടത്തു കടക്കുന്ന സ്ഥലം എന്ന അർത്ഥം അസമഞ്ജസമല്ല. കടന്തേരി (കടത്തു് —ഏറി) എന്നായാലും, കടക്കുന്ന തേരി എന്നായാലും ശരിയാകുമെന്നു തോന്നുന്ന കടത്തേത്തല എന്നതിനു് ശ്രീ. പിഷാരടിയും മററും കൊടുക്കുന്ന അർത്ഥം

സ്വീകാര്യമെന്നു തോന്നുന്നില്ല. 'അക്കടത്തെത്തലാന്തം' എന്നതിനു് അവിടെയുള്ള സ്ഥലംവരെ (അക്കട- അവിടം) എന്നാണു് ശ്രീ. പിഷാരടിയുടെ അൎത്ഥം (ശ്ലോകം 36). ഇതിനെ അല്പം പരിഷ്കരിച്ചു് അക്കടത്തെത്തലാന്തം- അവിടത്തെ സ്ഥലം എന്നു് സ്വീകരിച്ചു പ്രസാധനത്തിൽ അൎത്ഥം കൊടുത്തിരിക്കുന്നു. വേറൊരു വ്യാഖ്യാനത്തിൽ അക്കടെത്തു - അവിടെ, എത്തൽ അന്തം - എത്തലാന്തം; എത്തുംവരെ, മിത്രത്തോടുകൂടെ പ്രവേശിക്കുക. [illegible] ശ്ലോകം [illegible] എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ഈ വ്യാഖ്യാനം ക്ലിഷ്ടമാണു്. എന്നാൽ അക്കടെത്തലാന്തം എന്ന വാക്കുതന്നെ [illegible] ഉള്ളു. [illegible] എന്ന [illegible] എന്ന പ്രസാധകന്റെ [illegible] എന്നിടത്തെങ്കിലും എഴുതിയതെങ്കിൽ അതു [illegible] വിചാരിക്കാനേ ഉള്ളു. [illegible] എന്നു് [illegible]-ാം ശ്ലോകത്തിന്റെ പാഠം തെററാണു് [illegible] എന്നാണു് കടുത്തുരുത്തിക്കു [illegible] സന്ദേശത്തിൽ ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു് [illegible]' എന്നതുപോലെ 'കടത്തേത്താലി'യും ആ സ്ഥലത്തിന്റെ നാമം ആണെന്നു വിചാരിക്കുന്നതാണു് കൂടുതൽ സ്വാഭാവികം. അതിനാലാണു് ശ്രീ ഉണ്ണിത്തിരിയുടെ അഭിപ്രായത്തെ ഇവിടെ സ്വീകരിച്ചിരിക്കുന്നതു്.

'വടമതുര' * എന്നതാണു് ചിരകാൎഹമായ മറെറാരു നാമം. (i 34, 137, ii 17). പൂൎവ്വസന്ദേശത്തിലെ രണ്ടു ശ്ലോകങ്ങളിലും 'വടമതുര' കടുത്തുരുത്തിയെക്കുറിക്കുന്നതായും, ഉത്തരസന്ദേശത്തിൽ 'വടമതുര' ഉത്തര മധുരാപുരിയെ വ്യക്തമാക്കുന്നതായുമാണു് പ്രയോഗിച്ചിട്ടുള്ളതു് വടമതുര എന്ന പേരും കടുത്തുരുത്തിക്കു് അക്കാലത്തു സാമാന്യ വ്യവഹാരത്തിൽ ഉണ്ടായിരുന്നിരിക്കുന്നു. ഗോവിന്ദപുരം ക്ഷേത്രത്തിന്റെ പരിസരമായതുകൊണ്ടു്, സാക്ഷാൽ ഗോവിന്ദന്റെ പത്തന

---

* ഈ അംശം [illegible] അഭിപ്രായത്തിനു് കേ. സാ. ച 1, [illegible]-ാം പുറം നോക്കുക. പാണ്ഡ്യന്മാരുടെ [illegible] ആ നാമം വന്നതെന്നും, കടന്തേരി—കടന്തേറി, അതുകഴിച്ചു പരിച്ഛേദമായ ദേശം ആയിരിക്കാം എന്നും അദ്ദേഹം സംശയിക്കുന്നു.

മായ വടമത്തുരയുടെ പേര് കടുത്തുരുത്തിക്ക നല്കിയതായിരിക്കാം. ഗോവിന്ദപുരം ക്ഷേത്രമിരിക്കുന്ന സ്ഥാനത്തിന ഗോവിന്ദപുരം എന്ന പേരും ഉണ്ടായിരുന്നെന്ന സൂചിപ്പിക്കുന്നതാണല്ലോ 'നേരെ കാണാം വഴിയിലരികേ കോതപൂർവ്വംപുരം തേ' എന്ന പ്രയോഗം (ii. 20). വടമത്തുര എന്ന പേരിന് ഒരു ഉപപത്തി കല്പിക്കാമെന്നും കൂടി കരുതിയായിരിക്കണം ഉത്തരസന്ദേശം 17-ാം ശ്ലോകം എഴുതിയിട്ടുള്ളത്.

> മുന്നിൽക്കാണാം തദനു യമുനാഖണ്ഡമെന്നും കണക്കേ
> സീരാകൃഷ്ടം വടമത്തുരയിൽപ്പണ്ടു സീരധ്വജേന
> നീലസ്വച്ഛം മലിചിറ നിറഞ്ഞുല്ലസദ്വാരിപൂരം
> പാരാവാരം പരിഹസതിവ പ്രൗഢ കല്ലോലജാലൈഃ.

സാക്ഷാൽ വടമത്തുരയിൽ സീരാകൃഷ്ടമായ യമുനാഖണ്ഡം ഉണ്ടെങ്കിൽ, ഇവിടെയും തത്സദൃശമായ 'മലി'ചിറയുണ്ടെന്നാണ കവിയുടെ സൂചന. ഉത്തര മഥുരയെപ്പോലെ ശ്രീകൃഷ്ണനുമായിട്ടുള്ള ബന്ധംകൊണ്ടാണ് കടുത്തുരുത്തിക്ക് ഈ പേര വന്നതെന്ന് ഇങ്ങനെ സ്പഷ്ടമാണ്.

മലിചിറയെന്നത് വലിചിറയെന്നതിൻെറ രൂപഭേദമായിരിക്കാം എന്ന ശ്രീ ഉണ്ണിത്താൻ ഊഹിക്കുന്നു (ഭാഷാപോ. 1104 ലക്കം 1 പുറം 14). ഈ ഊഹം അസാധുവാണെന്ന പറയാനില്ലെങ്കിലും മലിചിറയെന്നതിന തന്നെ സംഗതമായ അർത്ഥമുള്ളപ്പോൾ രൂപഭേദം കല്പിക്കേണ്ട ആവശ്യം വ്യക്തമല്ല. 'മലി' എന്നതിന് 'നിറഞ്ഞ', 'വഴിഞ്ഞൊഴുകുന്ന' എന്നൊക്കെ അർത്ഥമുള്ള സ്ഥിതിക്ക് * വെള്ളം നിറഞ്ഞു നില്ക്കുന്ന ചിറ എന്ന അർത്ഥത്തിലായിരിക്കാം ഈ പേര വന്നത്. 'നീലസ്വച്ഛം മലിചിറ നിറഞ്ഞുല്ലസദ്വാരിപൂരം' എന്നതിന് ഈ അർത്ഥം തന്നെ കൂടുതൽ സ്ഫുരിക്കയും ചെയ്യും.

കടുത്തുരുത്തിയുടെ അന്നത്തെ സ്ഥിതി സന്ദേശത്തിൽ നല്ലപോലെ വ്യക്തമാകുന്നു. ഈ സന്ദേശത്തിലും മററു സന്ദേശങ്ങളിലും നിന്ന കടുത്തുരുത്തിയെപ്പററി അറിയാവുന്ന ഏററവും പ്രധാനമായ സംഗതി അവിടെ ധാരാളം മദഗജങ്ങളും ഉണ്ടായി

---

* ഈ അർത്ഥത്തിൽ 'മലി' പ്രയോഗിച്ചിരിക്കുന്നത് II. 6 നോക്കുക. യമുനാഖണ്ഡം പോലെ തന്നെ ഇതും നീലജലം നിറഞ്ഞ് ഉല്ലസിക്കുന്നത് ആണെന്ന പറഞ്ഞിട്ടുണ്ട്.

ണരവെന്നാണ്—ബിംബലീപാലകന്മാരുടെ സ്കന്ധാവാരത്തിലെ സിന്ധൂരേന്ദ്രന്മാർ. ശുകസന്ദേശത്തിൽ ഇതിനെപ്പററിയുള്ള സൂചന മുൻപുതന്നെ പരാമർശിച്ചിട്ടുണ്ടല്ലോ. (ശു.സ. i 61). ഉണ്ണുനീലീസന്ദേശത്തിൽ അവിടത്തെ മന്ദമാതങ്ങളെ 'ദ്വിപമദപരിസ്യന്ദി'കളെന്ന വിശേഷിപ്പിക്കുന്നു (i. 136). ആ പട്ടണം മത്തമാതംഗശ്രീമമാണെന്നു പറഞ്ഞിരിക്കുന്നു (i. 13.). കടന്തേരി എന്ന ആ പട്ടണം ആററിനു തുല്യമായി കവിൾമദത്തെ ഒഴുക്കുന്നതാണെന്നാണ് ഉത്തരസന്ദേശം തുടങ്ങുന്നതു്. * മാതംഗങ്ങളുടെ വളർചെവികളായ ആലവട്ടം വീശിക്കൊണ്ടു് 'വീരത്തിരുവനിത' സേവിക്കുന്നിടമാണ് അവിടം എന്നതും അവിടത്തെ ഗജവീരന്മാരുടെ പ്രശസ്തിയാണ്. (ii 4). ഉണ്ണുനീലീസന്ദേശത്തെ അനുകരിക്കുന്ന സംസ്കൃത മയൂരസന്ദേശത്തിൽ കടുത്തുരുത്തിയെപ്പററി പറയുന്നതു് ഇപ്രകാരമാണ്:

'മന്ദ്രധ്വാനൈർ മദകരിവരൈർ മന്ദരക്ഷ്മാധരാഭൈഃ—
സ്കന്ധത്തേ യജ്ജലധരഘടാമന്ദുരവ്യോമശങ്കാം'.

വടക്കുംകൂർ രാജാക്കന്മാരുടെ സ്കന്ധാവാരമായ—പടവീടായ ആ സ്ഥലം മത്തഗജങ്ങളെക്കൊണ്ടെന്നപോലെ അശ്വരത്നങ്ങളെക്കൊണ്ടും വിശ്രുതമായിരുന്നു. 'സിന്ധുദ്വീപേ ജനിതകരിരക്ഷാബ്ധിയിൽ കിം ച ലോലം' ആണ് അവിടത്തെ വാജിവൃന്ദം (i. 130), വീരലക്ഷ്മിയുടെ വെഞ്ചാമരമാണ് അവിടത്തെ കുതിരകളുടെ വാലുകളെന്നും (ii. 4) ഉള്ള പ്രസ്താവങ്ങൾ കാണുക.

രാജധാനി, സേനാനിവേശം എന്നീ നിലകൾക്കു പുറമേ വലിയ ഒരു വാണിജ്യസങ്കേതമെന്ന പ്രകാരത്തിലും കടുത്തുരുത്തി അന്നു പരിശോഭിച്ചിരുന്നു. മൂന്നു ലോകവും വില്ക്കാൻ ചെന്നാൽ വിലയ്ക്കു കൊള്ളത്തക്കവണ്ണം ആർജ്ജിതാർത്ഥന്മാരായ ആര്യവംശവണിക്കുകളെക്കൊണ്ടും നാനാതരദ്രവ്യങ്ങളെക്കൊണ്ടും അവിടത്തെ ആപണങ്ങൾ പ്രശംസ ആർജ്ജിച്ചു. ആ വണിക്കുകൾ ചെട്ടികളായിരിക്കുമോ? കപ്പൽക്കച്ചവടത്തിനും കടുത്തുരുത്തി അന്നു പേരുകേട്ടിരുന്നുവെന്നു സന്ദേശം വ്യക്തമാക്കുന്നു (ii. 7). ദ്വീപാന്തരങ്ങളിൽനിന്നു കടലിന്റെ അരികിലോളം ചൊങ്കുകൾ വന്നുനില്ക്കുമെന്നും, അടയ്ക്കായും നല്ലമുളകും മററും തോണികളിൽ

* ആററിലേക്കു ഗജവീരന്മാർ മദജലം നീട്ടി ഒഴുക്കുന്നതാണ് എന്നു കല്പിക്കുന്ന അർത്ഥം തീരെ അസംഗതമാണ്.

നിറച്ചുകൊണ്ടുചെന്ന ചൊങ്കിൽ കൊടുക്കുമെന്നും പറഞ്ഞിട്ടുണ്ടല്ലോ. ഇതുകൊണ്ടു് കടുത്തുരുത്തിയിൽനിന്ന ദൂരത്താണ കടലെന്നും, കപ്പലിലെ സാമാനം കൊണ്ടുപോകുന്നതു തോണികളിൽ ആയിരുന്ന എന്നും സ്പഷ്ടമാണു്. മയിലാടുന്ന മലകളും, മനോഹരമായ പാട്ടിനെ അനുകരിച്ചു കയിൽപ്പെട പാടുന്ന സ്ഥലങ്ങളും, ഘനാകാരമായും ശുദ്ധവെണ്മയായും ഉപ്പരികളും തിക്കിത്തിരക്കുന്ന വീടുകളും വർണ്ണനാവിഷയമാകാതെ കവി വിടുന്നില്ല. തളിയിൽത്തേവരുടെ അമ്പലത്തെപ്പറ്റിയും സ്മരിക്കുന്നുണ്ടു്. ആ ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുകൂടി ഒഴുകുന്ന ചെറിയ ഒരു ആറു ഉണ്ടു്. അതിനെപ്പറ്റിയും കവി സ്മരിക്കുന്നു. (II. 6) *. [ഇതു മീനച്ചിലാറാണു് ഒരു വ്യാഖ്യാനത്തിലും, മൂവാറ്റുപുഴ ആറാണെന്നു് മറ്റൊരു വ്യാഖ്യാനത്തിലും കാണുന്നു. മീനച്ചിലാറു കടുത്തുരുത്തിയിൽ വളരെ തെക്കാണു്. തിരുവഞ്ചപ്പുഴ വഴി ആ നദി കടന്നാണു് സന്ദേശഹരൻ യാത്രചെയ്യുന്നതു്. മൂവാറ്റുപുഴയാറു് കടുത്തുരുത്തിയിൽ വളരെ വടക്കാണു്. കവി വർണ്ണിക്കുന്നതു് കടുത്തുരുത്തി ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുകൂടി ഒഴുകുന്ന ഒരു പുഴയെപ്പറ്റിയാണു്. വലിയതോടു് എന്നാണു് ഇതിന്റെ പേരെന്നു് അറിയുന്നു].

കടുത്തുരുത്തിയെ വർണ്ണിക്കുന്നതു നായികയുടെ ഗൃഹത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കാൻവേണ്ടി മാത്രമാണല്ലോ. അതിനാൽ പട്ടണത്തിന്റെ ഇതരഭാഗങ്ങളെപ്പറ്റി വിശദമായ വർണ്ണന അപ്രസക്തമാണു്. രാജ്യചരിത്രസംബന്ധമായ വിചാരം ഇങ്ങനെ നിറുത്താം.

സന്ദേശകാലത്തെ സമുദായസ്ഥിതി

അന്നത്തെ ജീവിതരീതിയെപ്പറ്റിയും സമുദായസ്ഥിതിയെപ്പറ്റിയും സന്ദേശത്തിൽ പുരുഷത്തിൽ ചില സൂചനകളുള്ളതും എടുത്തു കാണിക്കാം. ഐശ്വര്യപൂർണ്ണമായ കേരളമാണു് ഈ

---

* കടുത്തുരുത്തി കടന്നു് തൃക്കണാമതിലകത്തേക്ക പോകുന്ന ശുകം മൂവാറ്റുപുഴയാറു കടക്കുന്നുണ്ടു്. 'ചൊല്ലാ' എന്നാണു് അതിനെ വർണ്ണിച്ചിരിക്കുന്നതു്. 'തീരഗ്രാവസ്ഖലിതസലിലാം സിന്ധുമുല്ലംഘ്യ ചൊല്ലാം ഗ്രാമാൻ ഗത്വാ സ്യന്ദപദമഗ്രഹന്ഗ്രാമരാജാം മഹിതാനാം' എന്നു ശുകസ. I. 62. സംസ്കൃതമയൂരസന്ദേശത്തിലും കടുത്തുരുത്തി കഴിഞ്ഞു പോകുമ്പോൾ 'ചൊല്ലാം ചൊല്ലാംബുതരംഗസുഭഗാം ശ്രോതരഭ്യർത്ഥയേഥാഃ' എന്ന മൂവാറ്റുപുഴയാറിനെ ചൊല്ല എന്നുതന്നെ വർണ്ണിക്കുന്നു. (മയൂരസ. I. 71).

കൃതിയിൽ പ്രത്യക്ഷപ്പെടുന്നതു്. കൃഷികൊണ്ടും വാണിജ്യം കൊണ്ടും സമ്പൽപൂർണ്ണമായ സമിതി; ധാർമ്മികജീവിതത്തിനു പ്രതിഷ്ഠ കൊടുക്കുന്ന അനേകം ദേവാലയങ്ങൾ; സകല കലകൾക്കും വിദ്യകൾക്കും രക്ഷാദാനം ചെയ്യുന്ന രാജാക്കന്മാർ; ഇങ്ങനെ, കഴിഞ്ഞുപോയ മധുരസ്മരണകളെ തട്ടിയുണർത്തുന്നതാണു് ഈ കാവ്യം. മലയാളബ്രാഹ്മണരും പരദേശബ്രാഹ്മണരും ക്ഷത്രിയരും നമ്പിമാരും മററു പലരും ആളുകളും അന്നത്തെ സമുദായജീവിതത്തിലെ മുഖ്യഘടകങ്ങളായി ഇതിൽ സമുല്ലസിക്കുന്നു. രാജ്യഭരണത്തിലും കലാപോഷണത്തിലും മികച്ച ഒരു കാലമായിരുന്നു അതെന്നു വളരെ സ്പഷ്ടമാണു്. സംഗീത സാഹിത്യാദി സകലകലാവല്ലഭനായ ആദിത്യവർമ്മ തന്നെ ഇതിനു് ഉദാഹരണമാണല്ലോ. ആ കാലഘട്ടത്തിനടുത്തു കേരളം സന്ദർശിച്ച മാർക്കോ പോളോ കേരളത്തിൽ അന്നു നല്ല ജ്യോതിഷക്കാരും വൈദ്യന്മാരും ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്. അന്നത്തെ സംഗീതോപകരണങ്ങളെപ്പററിയുള്ള വലിയ പട്ടികതന്നെ കവി നമുക്കു നല്കിയിട്ടുണ്ടു്. (i. 19). സ്ത്രീജനങ്ങൾ സംഗീതാദികൾ അഭ്യസിച്ചിരുന്നു (i. 98, 10 , 115). പോർട്ടുഗീസുകാരുടെ വരവിനു മുൻപുള്ള കേരളത്തെയാണു വർണ്ണിക്കുന്നതെങ്കിലും, പല വിദേശികളും അന്നു വാണിജ്യത്തിനായും മററും വന്നിരുന്നു എന്നു സന്ദേശത്തിൽ നിന്നും മനസ്സിലാക്കാം. നാട്ടിൽ ഉണ്ടായിരുന്ന അനേകം അങ്ങാടികളെപ്പററിയുള്ള വർണ്ണനയിൽ നിന്നു് ഈ സംഗതി സ്പഷ്ടമാകും.

സമൃദ്ധമായ കാലമായിരുന്നുവെങ്കിലും ജീവിതരീതി ലളിതമായിരുന്നു. വേഷം രുചിരമായിരുന്നുവെങ്കിലും സാധാരണ സ്ത്രീകളും പുരുഷന്മാരും അരയിൽ ഒരു മുണ്ടു് മാത്രമേ ഉടുക്കുക പതിവു് ഉണ്ടായിരുന്നുള്ളു.* സ്ത്രീകളെപ്പററി വർണ്ണിക്കുമ്പോൾ മാറിൽ ചന്ദനമണിഞ്ഞിരിക്കുന്നതായി പറയുന്നതു് അന്നു മാറു മറയ്ക്കുന്ന ഏർപ്പാടില്ല എന്നു വ്യക്തമാക്കുമല്ലോ. ‘ചാന്താറ്റുള്ളും കുചഭരനാരം’ എന്ന പ്രയോഗം കാണുക (i. 111). ഗൃഹജീവിതം

---

* മാർക്കോ പോളോ രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക —

Man and woman, they are all black and go naked, all save a fine cloth worn about the middle. Marco Polo, Ed. by Yule II. p 376.

സ്പഷ്ടമായിരുന്നു എന്നാണു സന്ദേശത്തിൽ നിന്നു മനസ്സിലാക്കേണ്ടതു്. കയ്യാലയോ മതിലോ കൊണ്ടടച്ച വീടു്, നല്ല പടിപ്പുര, ഇരിക്കാനും കിടക്കാനും അതിഥികളെ പൂജിക്കാനും മററും വെച്ചിട്ടുള്ള സ്ഥാനങ്ങൾ, ഫലവൃക്ഷങ്ങളും സസ്യങ്ങളും കൃഷി ചെയ്തു മോടി പിടിപ്പിച്ച ഗൃഹോദ്യാനങ്ങൾ, നല്ല സുഖകരങ്ങളായ ശയ്യോപകരണങ്ങൾ, ഇവയെല്ലാം ആയിരുന്നു ഒരു പ്രഭുഗൃഹത്തിന്റെ മുദ്രകൾ. നാട്ടിൽ സഞ്ചാരത്തിനു നല്ല വഴികളും (i 52, 62, 91, 114), വഴിയിൽ അവിടവിടെ ആറു കടക്കാൻ പാലങ്ങളും ഉണ്ടായിരുന്നു (i. 99, 116). പ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും സഞ്ചാരം പല്ലക്കിൽ കയറി ആയിരുന്നു. യാത്രക്കാൎക്കു വഴിയിലെ കുളിക്കും ഊണിനുമെല്ലാം അമ്പലങ്ങളിൽ വേണ്ടുവോളം സൗകൎയ്യം ഏൎപ്പെടുത്തിയിരുന്നു. സന്ദേശഹരൻ മൂന്നാം ദിവസം ഉച്ചയ്ക്കു ഊണു കഴിക്കുന്നതു് ഏററുമാനൂർ അമ്പലത്തിൽ നിന്നാണല്ലോ (i. 13[illegible]). മററു വഴിപോക്കൎക്കും ധാരാളമായി മൃഷ്ടാന്നഭോജനം കൊടുത്തിരുന്നതിന്റെ സൂചനയാണു മണികണ്ഠപുരത്തെപ്പററിയുള്ള വൎണ്ണനയിൽ കാണുന്നതു്. (i. 127–128). അമ്പലങ്ങളിൽ മാവാരതപാരായണവും കൂത്തും സാധാരണമായിരുന്നു.

ഉണ്ണുനീലിസന്ദേശവും ഇതരസന്ദേശങ്ങളും

ഈ സന്ദേശകൃതിയെപ്പററിയുള്ള മുഖ്യ വിഷയങ്ങൾ പ്രതിപാദിച്ചു കഴിഞ്ഞു. ഇനിയും ഇതിനോടു ബന്ധമുള്ള ഒന്നു രണ്ടു ചില്ലറക്കാൎയ്യങ്ങൾകൂടെയുണ്ടു്. ഈ സന്ദേശവും മററു സന്ദേശങ്ങളുമായുള്ള ബന്ധമാണു് അവയിൽ പ്രധാനപ്പെട്ടതു.

മേഘസന്ദേശമാണല്ലോ ഇതര സന്ദേശകാവ്യങ്ങൾക്കു് എല്ലാം മാതൃക. അതിനാൽ മേഘസന്ദേശത്തിനോടു് ഈ സന്ദേശകവിക്കുള്ള ആധമൎണ്ണ്യം വ്യക്തമാണു് എന്നാൽ മററു പല സന്ദേശകൃതികളെയും പോലെ മേഘസന്ദേശത്തിന്റെ വെറും അനുകരണമല്ല ഇതു്. ഈ വിഷയത്തെപ്പററിയുള്ള ചില കാൎയ്യങ്ങൾ ഇതിന്റെ പേരിനെ സംബന്ധിച്ചുള്ള ചൎച്ചയിൽ മുമ്പു പറഞ്ഞു കഴിഞ്ഞു. ഇവിടെ പ്രത്യേകമായി ഒരു കാൎയ്യമേ എടുത്തു കാണിക്കാനുള്ളൂ. സമകാലികജീവിതത്തിൽ ഈ കാവ്യകാരന്റെ അസാമാന്യമായ താത്പൎയ്യമാണു് അതു്.

ഉണ്ണുനീലിസന്ദേശത്തെ അനുകരിച്ച് പിൽക്കാലത്തു് ഉണ്ടായ ചില സന്ദേശകൃതികളിലും ഏതാണ്ട് ഇത്തരമൊരു സമകാലിക ചരിത്രപ്രതിബിംബനം ഉണ്ടെങ്കിലും ഇത്രത്തോളം ചരിത്രാനുബന്ധം അവയ്ക്ക് ഒന്നിനുംതന്നെ ഇല്ല. ഈ സന്ദേശത്തിൽ കവിതാ ഭംഗിയെക്കാൾ ഒട്ടും കുറയാത്ത പ്രാധാന്യത്തോടുകൂടി സമകാല ചരിത്രം പൊന്തിനില്ക്കുന്നു.

മേഘസന്ദേശത്തിനോട് ഉള്ളതിലും കൂടുതലായ ആധമർണ്യമാണ് ശുകസന്ദേശത്തിനോട് ഈ കൃതിക്ക് ഉള്ളതു്. പെട്ടെന്നുള്ള വിരഹത്തെ സംബന്ധിച്ചിടത്തോളം ശുകസന്ദേശത്തിലെ കഥയെ വിപുലമാക്കിയാണ് ഉണ്ണുനീലീസന്ദേശത്തിൽ അനുകരിച്ചിട്ടുള്ളതു്. യക്ഷികഥകൂടി ചേർത്തു എന്നേ ഉള്ളു. സന്ദേശമാർഗ്ഗത്തെ സംബന്ധിച്ചും സാദൃശ്യമുണ്ട്. ശുകസന്ദേശം രാമേശ്വരത്തുനിന്നു തൃക്കണാമതിലകത്തേക്കാണ് അയയ്ക്കുന്നതു്. എങ്കിലും വഴിയിൽ തിരുവനന്തപുരവും കടുത്തുരുത്തിയും ശുകം കടന്നുപോകുന്നുണ്ട്. ഉണ്ണുനീലീസന്ദേശം തിരുവനന്തപുരത്തുനിന്നു കടുത്തുരുത്തിവരെ ആണല്ലോ. ഇതിനും പുറമേ, ശുകസന്ദേശത്തിലെ ആശയങ്ങളും പദസമൂഹങ്ങളും തന്നെയും ഉണ്ണുനീലീസന്ദേശകാരൻ എടുത്തിട്ടുണ്ട്. 'ആ ബാധാ ലോകേ വിപുലമനസാം' എന്നതു സ്പഷ്ടമായ ഉദാഹരണമാണ്. മററു സാമ്യങ്ങൾ വ്യാഖ്യാനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശുകസന്ദേശത്തോട് ഇങ്ങനെ കടപ്പാട് ഉണ്ണുനീലീസന്ദേശത്തിന് ഉണ്ടെങ്കിൽ, ഉണ്ണുനീലീസന്ദേശത്തോടു മയൂരസന്ദേശമെന്ന വേറൊരു സംസ്കൃതകാവ്യം ഇത്തരത്തിൽ ആധമർണ്യം വഹിക്കുന്നു. ഉണ്ണുനീലീസന്ദേശത്തിലെ പോലെ മയൂരസന്ദേശത്തിലും അവതാരികാശ്ലോകങ്ങൾ ഉണ്ട്. തിരുവനന്തപുരത്തു നിന്നു തന്നെയാണ് സന്ദേശം അയയ്ക്കുന്നതു്. മയൂരത്തിനു പ്രാപിക്കാനുള്ള സ്ഥലം കൊച്ചിയിൽ 'അനന്തകര' എന്ന ദിക്കാണെങ്കിലും തിരുവനന്തപുരംതൊട്ടു കടുത്തുരുത്തിവരെ ആദിത്യവർമ്മയ്ക്കും മയൂരത്തിനും വഴി ഒന്നുതന്നെ. പല സ്ഥലങ്ങളുടെയും വർണ്ണനയിൽ ഈ രണ്ടു സന്ദേശങ്ങൾക്കും തമ്മിൽ സാമ്യം കാണുന്നു.

ഉണ്ണുനീലീസന്ദേശവും ലീലാതിലകവും

ഉണ്ണുനീലീസന്ദേശത്തിന്റെ പഠനത്തിൽ അടുത്ത ബന്ധം ഇല്ലെങ്കിലും അതിന്റെ കർത്തൃത്വത്തെയും രചനയുടെ

ഉദ്ദേശത്തെയും സംബന്ധിക്കുന്ന ഒരു പ്രമേയത്തിലേക്കു കൂടെ ഒരു സാമാന്യാവലോകനം നടത്തേണ്ടിയിരിക്കുന്നു. ഉണ്ണുനീലി സന്ദേശവും ലീലാതിലകവും താരതമ്യപ്പെടുത്തി 'സന്ദേശം ലീലാതിലകത്തിലെ തത്വങ്ങൾക്കു ഒരു ദൃഷ്ടാന്തഗ്രന്ഥം പോലെയും. ലീലാതിലകം ഉണ്ണുനീലിസന്ദേശത്തെ ഭാഷാ പഠനത്തിനു സാധൂകരിക്കുന്ന ഒരു സിദ്ധാന്തഗ്രന്ഥമെന്നപോലെയും പൊതുവേ കാണപ്പെടുന്നു' എന്നു ഒരു പ്രസാധകൻ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ വാദങ്ങൾ ബുദ്ധിപരമായ ഒരു ചമൽക്കാരം നിലയ്ക്കു സമ്മാനാർഹമാകുന്നുണ്ട്. എന്നാൽ, ഉണ്ണുനീലിസന്ദേശത്തിനു ലീലാതിലകത്തോടു വേറെ ഏതൊരു നല്ല മണിപ്രവാളഗ്രന്ഥത്തിനും ഉള്ളതിൽ കൂടുതൽ ബന്ധം ഉണ്ടെന്നു തെളിയുന്നില്ല. അങ്ങനെ കരുതി നിർമ്മിച്ച ഒരു കൃതിയാണു ലീലാതിലകമെങ്കിൽ ആ കഥ വ്യക്തമായി അതിൽ പ്രസ്താവിക്കാമായിരുന്നു. അതു പോകട്ടെ; ലീലാതിലകത്തിലെ സിദ്ധാന്തങ്ങൾക്കു ഉണ്ണുനീലിസന്ദേശത്തിൽ നിന്നു ദൃഷ്ടാന്തങ്ങൾ പ്രത്യേകം പ്രത്യേകം എടുത്തു കാണിക്കാമായിരുന്നു. അങ്ങനെ ചെയ്തിട്ടില്ല. അത്രയും ഇല്ലെങ്കിലും കാവ്യഭംഗിയോ രസമോ ഗുണമോ ഉദാഹരിക്കുന്ന ഏതാനും പദ്യങ്ങളെങ്കിലും ഉദ്ധരിക്കാമായിരുന്നു. ഇതൊന്നും ചെയ്തിട്ടില്ല. എന്നു മാത്രമല്ല ആകെപ്പാടെ ഒരു ശ്ലോകം മാത്രം ഉദ്ധരിച്ചിട്ടുള്ളതു ദോഷത്തെ ഉദാഹരിക്കാനാണു (ലീലാതിലകം, നാലാം ശില്പം ശ്ലോ 41). ആ അവസരത്തിൽപ്പോലും ഉണ്ണുനീലിസന്ദേശത്തിന്റെ പേരുപറയാനും ലീലാതിലകകാരൻ മനസ്സുവച്ചില്ല. ഈ സ്ഥിതിക്കു ഈ രണ്ടു ഗ്രന്ഥങ്ങൾക്കും പ്രത്യേകമായ ബന്ധം കല്പിക്കേണ്ട ആവശ്യം കാണുന്നില്ല. പ്രത്യക്ഷത്തിൽ ലീലാതിലകം വിഭാവനം ചെയ്യുന്ന മണിപ്രവാളത്തിനു ഒരു ഉദാഹരണമാണു ഉണ്ണുനീലിസന്ദേശം എന്നതിൽക്കവിഞ്ഞു അവയ്ക്കു തമ്മിൽ ബന്ധം കല്പിക്കാൻ നിർവ്വാഹമില്ല.

സാഹിത്യഗുണം

ഒരു സാഹിത്യകൃതിയെന്ന നിലയ്ക്കു ഉണ്ണുനീലി സന്ദേശത്തിന്റെ സ്ഥാനം അദ്വിതീയമാണു. ശബ്ദാർത്ഥങ്ങളിൽ ഇതിൽ കൂടുതൽ നിഷ്കർഷയും ലാവണ്യവും ദീക്ഷിച്ചിട്ടുള്ള കവികൾ ചുരുക്കമത്രെ. ബാഹ്യപ്രകൃതിയും അന്തസ്സത്വവും അദ്ദേഹത്തിന്റെ ഭാവനയിൽ ഒരുപോലെ സാരസ്യം-

കൈകൊണ്ടു കാവ്യകാമിനിയുടെ ബാഹ്യാന്തഃസ്വരൂപങ്ങളെ മനോഹരമാക്കിച്ചെയ്യുന്നു. കേരളത്തിലെ പ്രകൃതിവിലാസങ്ങളും ഇവിടത്തെ ജീവിത രീതിയിലുള്ള സ്വാതന്ത്ര്യവും രസികതയും അദ്ദേഹത്തിന്റെ കാവ്യദർപ്പണത്തിൽ ചമൽക്കാരപൂർണ്ണമായി പ്രതിഫലിച്ചു പരിശോഭിക്കുന്നു. കവിക്കു സംസ്കൃതസാഹിത്യ വ്യാപാരമുള്ള ഗാഢമായ പരിചയമാണു് ഈ കാവ്യത്തിൽ മികച്ചു നില്ക്കുന്ന സ്വഭാവം. എന്നാലും കേരളത്തെ പ്രത്യേകം സ്നേഹിച്ചു ഒരു മഹാൻ—കൈരളിയെ ആകമഴിഞ്ഞു് അനുഗ്രഹിച്ചു ഒരു കവിമുഖ്യൻ—എന്നിങ്ങനെയുള്ള പ്രതീതികളാണു് ഈ കാവ്യം വായിച്ചുതീരുമ്പോൾ കവിയെപ്പറ്റി മനസ്സിൽ ഉദിക്കുന്നതു്. കേരളത്തിലെ പ്രകൃതിഭംഗികൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അമൃതവർഷം ചെയ്തിരുന്നു. ആ വൃഷ്ടിപാതത്താൽ ഉറന്നിളകിയ ചെറിയ അരുവികൾപോലെ ആണു് അദ്ദേഹത്തിന്റെ പദ്യങ്ങൾ പ്രവഹിക്കുന്നതു്. കേരളത്തിലെ സാധാരണ കാണുന്ന പൂക്കളുടെ സൗരഭ്യവും പക്ഷികളുടെ ഗാനങ്ങളും കവിതയിൽ അങ്ങിങ്ങു് അലഞ്ഞു പരക്കുന്നുണ്ടു്. മല്ലപ്പൂവിന്റെ സൗരഭം തളിർത്തു് (i. 1), പുന്നപ്പൂവിന്റെ പരിമളം പേറിയൊഴുകിത്തു് (62), പൂക്കൈത മലർവാടിയിലൂടു് (51). പൂങ്കോഴികളുടെ കൂവലുകളും (6) ഉപ്പന്റെ മംഗളധ്വനികളും കിളിയിന്റെ പാട്ടുകളും (66) കാവ്യത്തിൽ പ്രതിധ്വനിക്കുന്നു. കിഴക്കു് ഉദയസൂര്യനാകുന്ന മണിമകുടം ധരിച്ചുകൊണ്ടു നില്ക്കുന്ന നീലക്കുന്നും (7), പടിഞ്ഞാറു് അലയാഴിയുടെ ഉദാരമായ തിരയും (4), ഇങ്ങനെ കേരളത്തിന്റെ അതിരുകളായ മലയും കടലും കവിഹൃദയത്തിന്റെ ഭാവനാചക്രവാളത്തിലെ തെളിഞ്ഞു വിളങ്ങുന്നു. പവിത്രതയും നിറവുമുള്ള തെങ്ങോലകളും (9), തിങ്ങിവളരുന്ന നെൽപ്പാടങ്ങളും (12) ആ കവിശ്രേഷ്ഠനെ കൗതുകത്തോടെ ആകർഷിച്ചിരുന്നു. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ കാവ്യം ഒരു കൈരളീപൂജയെന്നതുപോലെ ഒരു കേരളപൂജയായും സങ്കല്പിച്ചിട്ടുള്ളതാണു്.

ഇവിടത്തെ പ്രധാന സ്ഥലങ്ങളും ഗ്രാമപ്രദേശങ്ങളും കായലുകളും ആറുകളും ക്ഷേത്രങ്ങളും രാജഗൃഹങ്ങളും എടുത്തെടുത്തു പറഞ്ഞു വർണ്ണിക്കാൻ കവിയുടെ താൽപര്യം എത്രയെന്നു പറയാവതല്ല. കാവ്യം മുഴുവൻ തന്നെ ഇതിന്നു് ഉദാഹരണമായതുകൊണ്ടു വിശേഷിച്ചു് ഉദാഹരണം എടുത്തു കാണിക്കേണ്ടതെന്നില്ലല്ലോ. എങ്കിലും,

വിപ്രേന്ദ്രാണാം നഗരിജനവതാം വാസസങ്കേതസീമാ-
മേനാം ജാലദ്വാരസമധുരസപക്ഷ്മനിരാട്ടിരാമാം

എന്ന ഗീതാച്ഛലാദിനെയും മറവം പററി പറയുമ്പോഴം കവിക്കുള്ള ലാളിനിവേശം നന്ദിലേക്കം പലാൽ സംക്രമിക്കുന്നു. എല്ലാ സന്ദേശകാരന്മാരും വഴിയിലുള്ള ജലാശയങ്ങളും ക്ഷേത്രങ്ങളും ഉദാസീനരീതിയിൽ വർണ്ണിക്കുന്നതുപോലെയല്ല ഉണ്ണുനീലീസന്ദേശകാരൻ ചെയ്തിട്ടുള്ളതു്. അതുകൊണ്ടാണു് ഈ അംശത്തെ മുഖ്യമായി ഇവിടെ ചൂണ്ടിക്കാണിക്കുന്നതു്.

കവിയുടെ അർത്ഥചമൽക്കാരത്തിനും ശബ്ദമാധുര്യത്തിനും കാവ്യം മുഴുവൻ ഉദാഹരണമാണു്. 'കോൽത്തേനൊലിക്കുന്നതോരോ പദനിരകൾ നറും പാലിൽ നീരെന്നപോലെ ചേർത്തീടേണം' എന്നു വളരെക്കാലത്തിനുശേഷം മഹാകവികുഞ്ചൻനമ്പ്യാർ എഴുതിയതു് ഉണ്ണുനീലീസന്ദേശകാരന്റെ കവിതയെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷരം ശരിയാണു്. ചിത്രോല്ലേഖനം ചെയ്യാനും മനോഭാവങ്ങളെ ബാഹ്യപ്രകൃതിയോടു താരതമ്യപ്പെടുത്തി പ്രദർശിപ്പിക്കാനും എത്ര പ്രാഗല്ഭ്യമാണു കവി പ്രദർശിപ്പിക്കുന്നതു്. പിൽക്കാലത്തെ മഹാകവികൾ സ്വതന്ത്രമായി ആവിഷ്കരിച്ചിട്ടുള്ള ചില ആശയങ്ങൾ അതേ പടിയിൽ ഉണ്ണുനീലീസന്ദേശകാരൻ പ്രദർശിപ്പിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. 'പാലിക്കാനായ് ഭുവനമഖിലം' എന്നു തുടങ്ങുന്ന മലയാളമയൂരസന്ദേശത്തിലെ പദ്യത്തെ 'കാലിക്കാവിൽത്തടവിന' ഇത്യാദി ശ്ലോകത്തോടും, 'അപ്പൊഴപ്പൊഴുതു തനിയേ വിടർന്നവർകൾ' ഇത്യാദി നളിനീപദ്യത്തെ 'നീത്താനിങ്ങുപലമിവ' എന്ന ശ്ലോകത്തോടും താരതമ്യപ്പെടുത്തുക. *

---

* പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്റെ ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വച്ചിടേണം
മൗലിക്കെട്ടിൽത്തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ.

മയൂരസന്ദേശം (മല).

അപ്പൊഴപ്പൊഴുതു തനിയേ വിടർന്നവർ-
ക്കൽപലഭ്യങ്ങളൊടിടഞ്ഞ കണ്ണുകൾ
ഉൾപ്പുഷ്പമോദമഥ വേലിയേററമാ-
ണ്ണുള്ളതാംഗിയുടെ ചന്ദ്രനോ യതി?

നളിനി.

വലിയ കോയിത്തമ്പുരാനും ആശാനും ഉണ്ണുനീലീസന്ദേശത്തിലെ ശ്ലോകങ്ങൾ കാണാതെ സ്വതന്ത്രമായിത്തന്നെയായിരിക്കണം ഈ

ഈ കാവ്യത്തിലെ ഏതു പദ്യവും ശബ്ദാർത്ഥചാരുതയ്ക്കു മാതൃകയായിരിക്കെ ഏതു പദ്യമാണു പ്രത്യേകം സൂചിപ്പിക്കേണ്ടതു് എന്നു നിർണ്ണയിക്കാൻ പ്രയാസമാണു്. എങ്കിലും 'തന്വിൻ വംശേ തദനന്തനന്ദനാങ്കൈ'' (27), 'കാലിക്കാലിൽ തടവിന ചൊടിച്ചൂപ്പാളുകൊണ്ടു്'' (47), 'മാതംഗാനാം കരപദികളുൽ സേപദ സംസ്കാരശീതേ' (60), 'വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തേൻനീർ' (87), 'കറുകാർമുകിൽക്കുഴലികളൊരോ രാഗഭേദം പുനത്തിട്ടു'' (98), 'കച്ചക്കെട്ടാകെച്ചതിനുനെമുറിച്ചു'' (115), 'മെത്തും മത്തഭ്രമരമുഖരാം' (12?) എന്നും മറ്റുമുള്ള പദ്യങ്ങൾ എത്രതവണ വായിച്ചാലും മതിവരാത്തവണ്ണം രസികത ആവഹിച്ചു വിലസുന്നു.

പാഠഭേദങ്ങളും വ്യാഖ്യാനങ്ങളും

ഇങ്ങനെ അനേകം കോടികളിൽനിന്നുള്ള പരിശോധനയിൽ അമൂല്യമെന്നു തെളിയുന്ന ഈ കാവ്യത്തിന്റെ അർത്ഥവിചാരം എത്രമാത്രം ഗൗരവത്തോടെ നിർവ്വഹിക്കേണ്ടതാണെന്നു പറയേണ്ടതില്ല. ഈ വിഷയത്തിൽ പ്രഥമ പരിശ്രമം ചെയ്തു മലയാളികളുടെ കൃതജ്ഞത സമ്പാദിച്ചതു് ശ്രീ. ആറ്റൂർ കൃഷ്ണപ്പിഷാരടി ആണു്. മുപ്പതു വർഷത്തിനു മുൻപു് (1098 മേടം 1-ാംനു-) പ്രസിദ്ധപ്പെടുത്തിയ ആ വ്യാഖ്യാനം അന്നത്തെ ഗവേഷണത്തിന്റെ സ്ഥിതിക്കു് സമ്പൂർണ്ണമായും ഒരു വിജയമായിരുന്നെന്നും, അതിന്റെ കർത്താവായ മാന്യൻ തികച്ചും ബഹുമാനം അർഹിക്കുന്നുവെന്നും രേഖപ്പെടുത്താൻ എനിക്കു് അത്യന്തം സന്തോഷമുണ്ടു്. അതിൽപ്പിന്നെ ഉണ്ടായിട്ടുള്ള ഗവേഷണങ്ങളും വ്യാഖ്യാനശ്രമങ്ങളും അതുപോലെ തന്നെ നമ്മുടെ ആദരവും അഭിമാനവും അവകാശപ്പെടുന്നുണ്ടു്. എന്നാലും, ശാസ്ത്രീയമായ തികവും മികവുമുള്ള ഒരു വ്യാഖ്യാനം ഈ കാവ്യത്തിന്റെ സമഗ്രമായ പഠനത്തിനും, അക്കാലത്തെ ഭാഷാസാഹിത്യങ്ങളുടെ ചരിത്രഗ്രഹണത്തിനും ആവശ്യമായി അവശേഷിക്കുന്നതേയുള്ളു. അങ്ങനെ ഒരു യത്നം ചെയ്യാൻ

ആശയങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതു്. എങ്കിലും ആശയത്തിലും പ്രതിപാദനത്തിലും കാണുന്ന സാമ്യം ശ്രദ്ധിച്ചാൽ ഈ മൂന്നു മഹാകവിശ്രേഷ്ഠന്മാരുടെയും കാവ്യശൈലി മനസ്സിലാക്കാൻ പറ്റുമെന്നുള്ളതുകൊണ്ടു് ഇവിടെ പ്രദർശിപ്പിച്ചു എന്നേയുള്ളു.

വേണ്ട കഴിവു പൂർണ്ണമായും ഈ വ്യാഖ്യാതാവിന് ഉണ്ടെന്ന ബോദ്ധ്യമില്ലെങ്കിലും ഭാഷാസാഹിത്യത്തിൽ സർവോന്നതമായ സ്ഥാനത്തു സമുല്ലസിക്കുന്ന ഈ കൃതിയെപ്പററി ആകാവുന്ന ശ്രമം ചെയ്തു ചാരിതാർത്ഥ്യം നേടാമെന്ന ആഗ്രഹത്തോടെയാണ് ഈ വ്യാഖ്യാനത്തിനു മുതിരുന്നതു്.

ഈ ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ പല വൈഷമ്യങ്ങളും അഭിമുഖീകരിക്കാനുണ്ട്. പ്രചാരലുപ്തങ്ങളായ പദങ്ങളുടെയും പ്രയോഗങ്ങളുടെയും അർത്ഥം കണ്ടുപിടിക്കേണ്ടതാണ് ഇതിൽ ഏററവും വലിയ പ്രയാസം. ഇതിലെ പ്രയോഗങ്ങളുടെ ശുദ്ധപാഠം ഏതെന്നറിയുന്നതു് അതുപോലെതന്നെ പ്രധാനപ്പെട്ട സംഗതിയാണ്. അപപാഠമനുസരിച്ചുള്ള പദങ്ങളെയും പ്രയോഗങ്ങളെയും പ്രാചീനപദങ്ങളായും പ്രയോഗങ്ങളായും തെററിധരിച്ചു അതിനെല്ലാം അർത്ഥമുണ്ടാക്കാനായി ശ്രമിക്കുന്നതു പരിഹാസകാരണമായ പ്രയത്നം മാത്രമാണ്. അതുകൊണ്ടു പ്രയോജനമില്ലെന്നു മാത്രമല്ല, ഭാഷാഗവേഷണത്തിൽ ഒരു കുമാർഗ്ഗം അതു സൃഷ്ടിക്കയും ചെയ്യും.

ഈ കാവ്യത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്നതിനു യഥാർത്ഥപാഠം കണ്ടുപിടിച്ചാലേ സാധിക്കൂ എന്നു ബോദ്ധ്യമായതോടുകൂടി ഇതിന്റെ താളിയോലമാതൃക ഞാൻ അന്വേഷിച്ചു തുടങ്ങി. രസികരഞ്ജിനിയിൽ ഈ കാവ്യം ആദ്യമായി അവതരിപ്പിച്ച അപ്പൻതമ്പുരാൻ മാത്രമേ ഇതിന്റെ താളിയോലഗ്രന്ഥം കണ്ടിട്ടുള്ളു എന്നാണ് അന്വേഷണത്തിൽ എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. വ്യാഖ്യാനത്തോടുകൂടി ഈ നാടകത്തെ പ്രസാധനം ചെയ്ത ശ്രീ. ആററൂർ കൃഷ്ണപ്പിഷാരടി രസികരഞ്ജിനിയെ ആസ്പദമാക്കിയാണ് പ്രസാധനം നടത്തിയതെന്നും, മററുള്ളവർ ആ പാഠത്തെ പകർത്തുകയേ ചെയ്തിട്ടുള്ളു എന്നും ഊഹിക്കാൻ സാധിച്ചു. ശ്രീ. ആററൂരിന്റെ പ്രസാധനത്തിൽ പല പാഠങ്ങളും പ്രഥമദൃഷ്ടിയിൽതന്നെ സ്വീകാര്യമല്ലാതെ തോന്നി. എന്നാൽ അവ തിരുത്തുന്നതിനു ഗ്രന്ഥമാതൃക വേണമല്ലോ. ഊഹത്തെ ആസ്പദമാക്കി ചെയ്യുന്ന പാഠഭേദങ്ങൾക്ക് എത്ര വിലയാണു കല്പിക്കാനുള്ളതു്? അനേകായിരം ഗ്രന്ഥങ്ങൾ സംഭരിച്ചിട്ടുള്ള തിരുവിതാംകൂർ സർവ്വകലാശാല വക മാനസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ ഇതിന്റെ ഒരു താളി

യോഗമാതൃക ഇല്ലാത്തതു് ദൗർഭാഗ്യമെന്നേ പറയേണ്ടൂ. ഒരു ഗ്രന്ഥമാതൃക അന്വേഷിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും മദ്രാസിലും അനേകം പണ്ഡിതന്മാരോടു് എഴുത്തുകുത്തു നടത്തി അറിയേണ്ടിവന്നെങ്കിലും ഗ്രന്ഥമാതൃക ലഭിക്കാൻ ഇടയായില്ല. ഏകദേശം ആശ ഉപേക്ഷിച്ചപ്പോഴാണു് മഹാകവി ഉള്ളൂരിന്റെ ഗ്രന്ഥശാലയിൽ അന്വേഷണം നടത്തിയതു്. ഭാഗ്യവശാൽ അദ്ദേഹം സ്വദേശത്തിന്റെ പ്രാചീന താളിയോല മാതൃക സമ്പാദിച്ചു സൂക്ഷിച്ചുവച്ചിരുന്നതിനെ അദ്ദേഹത്തിന്റെ പുത്രനും വിഖ്യാതപണ്ഡിതനുമായ ശ്രീ. രാമനാഥൻ എടുത്തുതന്നു് എന്റെ അന്വേഷണോദ്യമത്തിനു വിജയസാഫല്യം നല്കി. മഹാകവി ഈ മാതൃക സമ്പാദിച്ചു സൂക്ഷിച്ചിരുന്നതു് അദ്ദേഹം ഭാഷയ്ക്കു ചെയ്തുള്ള സേവനത്തോടും കിടപിടിക്കുന്ന ഒരു കൃത്യമാണു്. ഈ മാതൃകയുടെ ഉപലബ്ധി വ്യാഖ്യാനവിഷയകമായും മററും എത്രമാത്രം പ്രയോജനം നൽകുന്നുവെന്നു പറയാവതല്ല. ഗ്രന്ഥത്തെ ആസ്പദമാക്കി ഇതിലേ മുഖ്യമായ പാഠഭേദങ്ങളെ താഴെ കാണിക്കുന്നതിൽ നിന്നു് ഗ്രന്ഥത്തിന്റെ വില ഏതാണ്ടു മനസ്സിലാക്കാവുന്നതാണു്.*

---

* അപൂർണ്ണമാണെങ്കിലും മദ്രാസ് മാനസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള കടലാസ്സുപകർപ്പും പാഠസംസ്കരണ വിഷയത്തിൽ പ്രയോജനപ്പെട്ടു. അതു തന്നു സഹായിച്ച ലൈബ്രറി അധികാരികളെ, വിശേഷിച്ചും എന്റെ മാന്യമിത്രം ഡാക്ടർ എസ്. കെ. നായരെ ഞാൻ കൃതജ്ഞതയോടെ സ്മരിച്ചുകൊള്ളുന്നു. ഈ കടലാസ്സു പകർപ്പു് കോഴിക്കോട്ടു് അമ്പലക്കാട്ട കരുണാകരമേനോന്റെ വക താളിയോല മാതൃകയെ ആസ്പദമാക്കി 1917—18—ൽ ഉണ്ടാക്കിയിട്ടുള്ളതാണെന്നു് അതിൽത്തന്നെ അവസാനം ഒരു കുറിപ്പു കാണുന്നു. ശ്രീ. കരുണാകരമേനോനോടു് എഴുതിച്ചോദിച്ചതിൽ താളിയോല ഗ്രന്ഥം മദ്രാസ് മാനസ്ക്രിപ്റ്റ്സ് ലൈബ്രറിക്കാർക്കു കൊടുത്തിട്ടു തിരിച്ചുകിട്ടിയിട്ടില്ല എന്നു് അറിയിക്കുകയുണ്ടായി. രസികരഞ്ജിനിക്കു് ആധാരമായ താളിയോലഗ്രന്ഥം കോഴിക്കോട്ടു സാമൂതിരി കോവിലകത്തു് ഉണ്ടോ എന്നു് എനിക്കുവേണ്ടി ശ്രീ. എ. ഗോപാലമേനോൻ അന്വേഷിച്ചിട്ടു് അവിടെ ആ ഗ്രന്ഥം ഇപ്പോൾ ഇല്ലെന്നു് അറിയിക്കുകയുണ്ടായി. അതിനാൽ അറിവായിടത്തോളം ഉള്ളൂരിന്റെ ലൈബ്രറിയിൽ നിന്നു കണ്ടെടുക്കാൻ സാധിച്ച ഒരു താളിയോലമാതൃക മാത്രമേ ഇപ്പോൾ പ്രാമാണികമായി നമുക്കു് ഉള്ളൂ. സാമാന്യം ശുദ്ധമായ ഈ മാതൃക വ്യാഖ്യാനവിഷയത്തിൽ ഒരു അമൂല്യനിധിയെന്നു പറയാം. മുദ്രിതപുസ്തക

പൂർവസന്ദേശം 7-ാം ശ്ലോകത്തിന്റെ മൂന്നാമത്തെ വരി മുദ്രിതപാഠത്തിൽ 'കാലത്തെയ്യും വെയിലെഴുകയിൽപ്പെട്ടു പാടിൻറളും കേൾ' എന്നാണ്. ഈ പാഠത്തിന് അർത്ഥമുണ്ടാകണമെങ്കിൽ വളരെ ക്ലേശിച്ചും കൃത്രിമമായും അത്രേ. 'പാടിൻറളും' എന്നതിനു യഥാസ്ഥിതമായ രീതിയിൽ കർത്താവുമില്ല. ഈ പാഠം അതിനാൽ സ്വീകരിക്കാൻ വിഷമമാണ്. മാതൃകാഗ്രന്ഥം ഈ അംശത്തിൽ ശുദ്ധമായ പാഠം നൽകി ഗ്രന്ഥാനുഗ്രഹം ചെയ്യുന്നു. 'കാലത്തെ നീ ഇയിലെഴു കയിൽപ്പേട പാടിൻറളും കേൾ' എന്നാണ് ഗ്രന്ഥപാഠം. മദ്രാസ് പാഠവും മിക്കവാറും ഇതു തന്നെ. സുഗമമായ അർത്ഥം പ്രകൃതത്തെ പുഷ്ടിപ്പെടുത്തുന്നു. കാലത്തെ നീ ഇയിലെഴ-ഉറക്കം എഴുന്നേല്ക്കുക, കയിൽപ്പേട പാട്ടുറളും കേൾക്കുക, എന്നാണല്ലോ ഇതിന്നർത്ഥം. കയിൽപ്പേട പാട്ടുക എന്നതിനെപ്പററി ഒരു വാക്കു പറയുവാനുണ്ട്. 'പുംസ്കോകിലോ യന്മധുരം ചുകൂജ' എന്ന മട്ടിൽ പുംസ്കോകിലം, പൂങ്കുയിൽ, പാടുന്നു എന്നാണു സാധാരണ വ്യവഹാരമെങ്കിലും പെൺകുയിൽ പാടുന്നതായും വ്യവഹാരം ഇല്ലാതില്ല. 'കയിൽപ്പേട പാടീടുമേടം' എന്ന് ഉത്തരസന്ദേശം 9-ാം ശ്ലോകത്തിലുമുണ്ടല്ലോ. 'ഉപനിഷദ്ദ്വ്യാനകേളികളകണ്ഠീം' എന്നു സ്ത്രീലിംഗമായി സംസ്കൃതത്തിലും പ്രയോഗം കാണുന്നു. 'അന്തർവ്രീളാം ജനയതിതരാമന്യപുഷ്ടാംഗനാനാം' (വീണ വല്ലാതാവിദഗ്ദ്ധാംഗനാ ശനിയണിതൻ ചൊല്ലുടൻ പെൺകുയിൽക്കും നാദം നൽകുന്നു) എന്നു ശുകസന്ദേശത്തിലും കാണുന്നുണ്ട്. (ശു. സ. ii. 31).

10-ാമത്തെ പദ്യത്തിൽ 'വലംപാട്ടു പാട്ടും വിയാന്നും' എന്നതു 'വയാന്നും' എന്നതിന്റെ അപപാഠമാണ്. വയാൻ-കയിൽ പ്പക്ഷിതന്നെ. വയാൻ-കാരിപ്പിള്ള എന്ന് ഒരുതരം പറവയാണ്. കതിർവേൽപിള്ളയുടെ തമിഴ് നിഘണ്ടു കാണുക. കാരിപ്പിള്ള കരികുരുവിയാണെന്നു വിശ്വനാഥപിള്ളയുടെ തമിഴ് നിഘണ്ടുവിൽ പറഞ്ഞുകാണുന്നുണ്ട്. വിയാൻ എന്ന രൂപം ഇല്ലെന്നും ചൂണ്ടിക്കാണിക്കാം.

ത്തിലെ അനേകം അപാകതകൾ തിരുത്തുന്നതിനു ഇതു പ്രയോജനപ്പെട്ടു. മുദ്രിതപുസ്തകത്തിൽ ഇല്ലാത്ത മൂന്നു പദ്യങ്ങൾ കൂടുതലായി ഈ ഗ്രന്ഥത്തിൽ ഉണ്ട്. മുദ്രിതപുസ്തകത്തിൽ കളുത്തിനെ വർണ്ണിക്കുന്ന ഭാഗത്തു ഉള്ള [illegible]—പദ്യങ്ങൾ ഗ്രന്ഥത്തിൽ കാണുന്നില്ലെന്നും എടുത്തു പറയണം.

66-ാം ശ്ലോകം ഒന്നാം പാദം മുദ്രിതപാഠം അനുസരിച്ച് 'എൻറീവണ്ണം പഴികൾ പറയും ഭാഷാസംബന്ധങ്ങളെല്ലാം' എന്നാണ്. ഈ പാഠം വച്ചുകൊണ്ട് 'ഭാഷാസംബന്ധങ്ങൾ' പ്രയോഗം അന്നത്തെ ഭാഷയുടെ സ്വഭാവം കാണിക്കുന്നു എന്ന് ഒരഭിപ്രായം ചിലർ ഉന്നയിക്കുന്നു. ആ അഭിപ്രായം അപപാഠത്തെ ആസ്പദമാക്കിയുള്ളതാകയാൽ നിരാധാരമാണ്. ഗ്രന്ഥപാഠം 'എൻറീവണ്ണംപഴികൾപറയും പാഴ്സംബന്ധങ്ങളെല്ലാം' എന്നാണ്. പുത്തിടത്തങ്ങാടിയിൽ പല ആളുകളുടെയും പരസ്പരബന്ധമില്ലാത്ത വാക്യശകലങ്ങളെയാണ് മുൻപു മൂന്നു (63, 64, 65) ശ്ലോകങ്ങളിൽ വിവരിക്കുന്നത്. അതുകൊണ്ടാണ് പഴികൾ പറയുന്ന പാഴ്സംബന്ധങ്ങളെപ്പറ്റി ഈ ശ്ലോകത്തിൽ സൂചിപ്പിക്കുന്നത്. [പാഴ്-അർത്ഥശൂന്യങ്ങളായ, സംബന്ധങ്ങൾ-പരസ്പരബന്ധമില്ലാത്ത വാക്യങ്ങൾ എന്ന് എടുക്കാം. കേൾക്കുന്നവർക്ക് പാഴ്‌വാക്കുകളായും പരസ്പരബന്ധമില്ലാത്ത പ്രസ്താവങ്ങളായും ഉള്ള സംഭാഷണം എന്ന് അർത്ഥയോജന.]

71-ാം ശ്ലോകത്തിന്റെ അവസാനപാദം 'കൊല്ലും കൊല്ലും വെല്ലു നിതരാം' എന്നാണ് ഗ്രന്ഥപാഠം. അനുപ്രാസാലങ്കാരരീതിയിൽ അതു തന്നെ സമീചീനമായ പാഠവും. 'തൊല്ലും' എന്നൊരു പാഠം കല്പിച്ച് അതിന് അർത്ഥം കണ്ടുപിടിക്കേണ്ട കാര്യമില്ല.

77-ാം പദ്യത്തിൽ 'വേരിച്ചൊല്ലാർ മനസിജ കയൽക്കണ്ണനെ' എന്ന മുദ്രിത പാഠത്തിന്റെ സ്ഥാനത്ത് 'വേരിച്ചൊല്ലാർ മനസിജ! നിനക്കണ്ണനെ' എന്നാണ് ഗ്രന്ഥപാഠം. ഈ പാഠഭേദം മുൻപു ചിലർ ചൂണ്ടിക്കാണിച്ചിട്ടുള്ളതു തന്നെ. അർത്ഥത്തിനു സാരമായ വ്യത്യാസം വരുത്തുന്നില്ലെങ്കിലും ഈ പാഠം തന്നെ നല്ലത്.

പ്രധാനമായ ഒരു പാഠഭേദമാണ് 91-ാമത്തെ (മുൻ പ്രസാധനങ്ങളിൽ 90-ാമത്തെ) ശ്ലോകത്തിൽ ഉള്ളത്. അതിന്റെ ഉത്തരാർദ്ധം മുദ്രിതപാഠം,

ചിന്നച്ചാർത്തും കരലിൽ മുരളം കാളവും കൊമ്പുമെല്ലാം
മുന്നിൽത്തൊങ്ങും പടയൊറ കടന്നീടുകെൻപോററി പിന്നെ,

എന്നാണ്. ഗ്രന്ഥപാഠം:-

'ചിന്നച്ചാർത്തിൻ കരലിൽ മുരളം കാളവും കൊമ്പുമെല്ലാം
മുന്നിൽപ്പൊങ്ങും പടയൊടു കടന്നീടു കന്നോററി തന്നെ'

എന്നാണു്. മദ്രാസ് പാഠവും ഏതാണ്ടു് ഗ്രന്ഥപാഠം പോലെ തന്നെ. ആദ്യത്തെ പാഠത്തിനു് അൎത്ഥമില്ലെന്നു മാത്രമല്ല. അതിൽ കാണുന്നപ്രകാരം 'പടയോറ' എന്നൊരു സ്ഥലനാമമില്ല. ശ്രീ. പിഷാരടിയുടെ വ്യാഖ്യാനം 'പിന്നാച്ചാൎത്തും-മിന്നുന്ന ചാൎത്തുകളിലും. മാറിൽ മുത്തുന്ന-രത്നംകൊണ്ടു കൂടിയ [illegible], കാളവും-കാഹളവും, കൊമ്പുമെല്ലാം, മുന്നിൽ-മുൻഭാഗത്തു്, തൊഴും-ഉയൎത്തിയിട്ടുള്ള, പടയോറ-പടകളെ നിൎത്തിയിരിക്കുന്നതിനാൽ പടയോറ എന്നു പറഞ്ഞുവരുന്ന സ്ഥലം. എൻ പോററി-എന്റെ പ്രഭു, കടന്നീടുക,' എന്നാണു്. സ്ഥലപരിചയമില്ലാത്ത ലേഖകൻ പകൎത്തി എഴുതിയപ്പോഴോ സ്ഥലപരിചയമില്ലാത്ത പ്രസാധകൻ മുദ്രണം ചെയ്യിച്ചപ്പോഴോ വന്ന തെററാണു് ഈ പാഠത്തിൽ കാണുന്നതെന്നു തോന്നുന്നു. കടന്നീടു കന്നേററി എന്നതിനെ കടന്നീടുകെൻപോററി എന്നാക്കിയതാണു് ഏററവും വലിയ മാററം. പടയൊട്ടു എന്നതിനെ 'പടയോറ' എന്നു മാററി. കന്നേററി അന്നും ഇന്നും വളരെ പ്രധാനപ്പെട്ട സ്ഥലമല്ലെങ്കിലും പരക്കെ അറിയപ്പെട്ടിട്ടുള്ള സ്ഥലമാണു്. കരുനാഗപ്പള്ളിക്കു് അല്പം തെക്കാണു കന്നേററി. കൊല്ലം ആലപ്പുഴ റോഡു് കന്നേററി ആററിലെ പാലത്തിൽക്കൂടെയാണു കരുനാഗപ്പള്ളിക്കു ചെല്ലുന്നതു്. കന്നേററി ആയിരുന്നു അന്നു വേണാട്ടിന്റെ വടക്കേ അതിരും ഓടനാട്ടിന്റെ തെക്കേ അതിരും. കാളവും കൊമ്പുമെല്ലാം മുന്നിൽ തൊഴുന്ന പടയോറ എന്നു് അൎത്ഥം ക്ലേശിച്ചുണ്ടാക്കേണ്ട കാൎയ്യമില്ല. കാളവും കൊമ്പുമെല്ലാം മുന്നിൽ പൊങ്ങും പടയൊട്ടു കൂടെയാണല്ലോ ആദിത്യവൎമ്മയുടെ യാത്ര. അതുകൊണ്ടാണു് 'കാളവും കൊമ്പുമെല്ലാം മുന്നിൽപ്പൊങ്ങും പടയൊട്ടു്' എന്നു പറഞ്ഞിട്ടുള്ളതു്. ഇതേ അൎത്ഥം തന്നെ 123-ാം പദ്യത്തിൽ 'ചെറെറാൽക്കാളം തെളുതെളെ മുതിൎന്നമ്പരമ്മേൽ മുഴങ്ങെ വൻപുറനീടും കടത്തഴ ചുഴന്നങ്ങു നേരേ നടന്നാൽ'—എന്നു പ്രകാരത്തിൽ പറഞ്ഞിരിക്കുന്നതു കാണുക.

99-ാം പദ്യത്തിൽ 'തട്ടാൻപൂവം വഴിയിലഴലാന്നമ്പലം' എന്ന മുദ്രിതപാഠം പല ആക്ഷേപങ്ങൾക്കും കാരണമാക്കിയിട്ടുള്ളതാണു്. 'അഴലാന്ന' എന്ന പാഠത്തിലെ കൈക്ഷേപം വരുത്തിവച്ച വിനയാണു് അതു്. 'തട്ടാൻപൂവം വഴിയിലഴകാന്നമ്പലം' എന്നാണു ഗ്രന്ഥപാഠം. വഴിയിൽ, അഴകാന്ന-ഭംഗിയുള്ള, തട്ടാൻ പൂവം അമ്പലം എന്നാണു് അന്വയം. തട്ടാൻപൂവം

അമ്പലം—എന്നാൽ തട്ടാൻ എന്ന ശബ്ദം പൂർവം-മുൻപിൽ ഉള്ള അമ്പലം, തട്ടാരമ്പലം എന്നർത്ഥം. ഇങ്ങനെ പിരിച്ചു പറയുന്നതു സംസ്കൃതത്തിലെ സാധാരണ ശൈലിയാണ്. പൂർവസന്ദേശം 12?-ാം ശ്ലോകത്തിൽ 'കന്നികണ്റൂർപൂർവം പുരം' എന്നും, ഉത്തരസന്ദേശം 2?-ാം ശ്ലോകത്തിൽ കോതപുരം എന്നതിനു കോതപൂർവം പുരം എന്നും പ്രയോഗിച്ചിരിക്കുന്നതു കാണുക. കന്നികണ്റൂപുരമെന്നും കോതപുരമെന്നുമാണല്ലോ ഇവയ്ക്കു് അർത്ഥം.

101-ം 102-ം ശ്ലോകങ്ങളുടെ മുദ്രിതപാഠം വളരെ പ്രമാദജടിലമാണ്. 'കോൽത്തേനോലവും മൊഴി ചെറുതുരച്ചെന്ന കൂട്ടത്തി നിന്നെപ്പോററീ വൈകിച്ചുതളകിലെനിക്കൊട്ടു വല്ലായ്മ ചാവ' എന്ന മുദ്രിതപാഠം തികെ അസംബദ്ധമാണെന്നു മഹാകവി ഉള്ളൂർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഗ്രന്ഥത്തിലുള്ള സമീചീന പാഠമാണ് അദ്ദേഹം പകർത്തിക്കാണിക്കുന്നതു് 'കോൽത്തേൻ വെല്ലുംമൊഴി ചെറുകരച്ചേററ കൂട്ടത്തി നിന്നെപ്പോററീ വൈകിച്ചുതളകിലെനക്കൊണ്ടു വല്ലായ്മ ചാല' എന്നാണു ഗ്രന്ഥപാഠം.

ആട്ടം പല്ലം പരിചുമിഴിയും തൊറഗാളാഭരണിഷു്
പാട്ടം കോലാഹലമഴകെഴും കോലവും കിം പ്രലാപൈഃ

എന്ന 102-ാം പദ്യത്തിന്റെ മുദ്രിതപാഠവും ശരിയല്ലെന്നു മഹാകവി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. 'ആട്ടം വല്ലം പരിചുമിഴിയും' എന്നും 'പാട്ടും കോലാഹലം' ഇത്യാദിയുമാണു ഗ്രന്ഥപാഠം. അർത്ഥയോജനയ്ക്കു് ആ പാഠമാണു പററിയതു്. പദ്യത്തിലെ പ്രാസത്തിന്റെ സ്ഥിതിക്കും ആ പാഠം തന്നെ സമീചീനം.

103-ാം പദ്യത്തിൽ 'കാവിത്തുപ്പിൻകോണാം പോർമുലയിന്ന മറച്ചു്' എന്നാണു മു. പാ 'കോന്നാൽ പൂണാർമുല' എന്നാണു ഗ്രന്ഥപാഠം. ഗ്രന്ഥപാഠത്തിനേ അർത്ഥവും കിട്ടുകയുള്ളു.

123-ാം ശ്ലോകത്തിൽ മുദ്രിതപാഠമനുസരിച്ചു് തിരുവല്ലാ ക്ഷേത്രത്തിനടുത്തുള്ള ഇളമണ്ണിക്കരച്ചേരിയെപ്പററി പരാമർശമുണ്ടല്ലോ. 'തന്നിൽ മേവും പെരിയ മടവാർ വന്ന താന്താൻ മുതിന്ന്' എന്നാണു മുദ്രിതപാഠം. പെരിയ മടവാർ-വലിയസ്ത്രീകൾ-വന്നു്, താന്താൻ മുതിന്ന് ആതിഥ്യവൃത്തിയെ ഉപചരിക്കും

എന്ന പ്രകാരത്തിലാണു് ശ്രീ. പിഷാരടി അൎത്ഥമെടുത്തിട്ടുള്ളതു്. 'ഇളമൺ മികച്ച മേച്ചേരി മററും തന്ത്രിൻ മേവും പെരിയ മൊഴിയോടു വന്നു്'' എന്നാണു ഗ്രന്ഥപാഠം. 'ഉച്ചൽ കോലാഹലമുപചരിക്കുന്ന സത്രം പൊറുപ്പാൻ' എന്നു് അടുത്ത വരിയോടു ചേൎത്തു നോക്കുമ്പോൾ 'മറയോർ' എന്ന പാഠമേ യോജിക്കൂ എന്നു മനസ്സിലാകും. സ്ത്രീകളുടെ ഉപചാരമാണെങ്കിൽ അതിനെ 'സത്രം' എന്നു് ഏതു പ്രകാരത്തിൽ രൂപണം ചെയ്യാം? സത്രമെന്നാൽ യാഗമെന്നല്ലേ അൎത്ഥമുള്ളു? അതു മടവാരല്ല, മറയോരാണു ചെയ്യുന്നതു് എന്നതിൽ സംശയത്തിനു വകയില്ലല്ലോ. തിരുവല്ലാക്ഷേത്രം ഇളമൺ, മേച്ചേരി തുടങ്ങിയ പത്തില്ലത്തിൽ പോററിമാരുടെ ഊരാണ്മയിലിരുന്നു. ആ പോററിമാർ വന്നു് ആദിത്യവൎമ്മയെ പൂൎണ്ണകുംഭം വച്ചു് ഉപചരിക്കുമെന്നാണു പ്രകൃതാൎത്ഥം. ആദിത്യവൎമ്മയെ ഉപചരിക്കുന്ന സത്രം—അവരുടെ ഉപചാരരൂപത്തിലുള്ള യാഗം—പൊറുക്കാൻ പ്രയാസമായിവരും. അതുകൊണ്ടു് കൗശലത്തിൽ അവിടന്നു പൊയ്ക്കളയുന്നു എന്നാണു നിർദ്ദേശം. ഈ അൎത്ഥം അറിയാതെയാണു് ഇളമങ്ങിക്കുമേച്ചേരിയിലെ സ്ത്രീകളെപ്പററി ചില പ്രസ്താവനകൾ മററു വ്യാഖ്യാനങ്ങളിൽ നടത്തിപ്പോയതു്. ആ അൎത്ഥത്തിനു ഗൗരവമില്ലെന്നും ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

'മുക്കാലും ചെന്നിമയവർ തൊഴും' എന്നുതുടങ്ങുന്ന 127-ാം ശ്ലോകത്തിൽ ഗ്രന്ഥമനുസരിച്ചും പാഠഭേദം ഒന്നുമില്ലെങ്കിലും സാരമായ ഒരു പാഠഭേദം ചിലർ നിർദ്ദേശിക്കുന്നതുകൊണ്ടു് അതിനെപ്പററി അല്പം വിചാരിക്കാം. 'മുക്കാലും' എന്നുള്ളതിനു് അധികം പേരും എന്നു് ശ്രീ. പിഷാരടിയുടെ വ്യാഖ്യാനത്തിലും, മിക്കവാറും എന്നു വേറൊരു പ്രസാധനത്തിലും അൎത്ഥം കൊടുത്തിരിക്കുന്നു. അതു സ്വീകാൎയ്യമല്ലാത്തതുകൊണ്ടാണു് മറെറാരു വ്യാഖ്യാനത്തിൽ 'ദേവന്മാരിൽ മുക്കാൽ ഭാഗം പേർ മാത്രമേ വരികയുള്ളു. എങ്കിൽ കാൽ ഭാഗം ദേവന്മാർ സ്വൈരക്കേടു ചെയ്യുന്നതിനു കാരണംകൂടി പറയണമല്ലോ' എന്നു നിർദ്ദേശിച്ചിട്ടു്, 'മുക്കാലം' എന്ന പാഠഭേദം നിർദ്ദേശിക്കുന്നതു്. മുക്കാലം എന്നതിനു മൂന്നുകാലം, കാലത്തും ഉച്ചയ്ക്കും വൈകിട്ടും എന്നു് അൎത്ഥം സ്വീകരിക്കുന്നു. അൎത്ഥം ഇതുതന്നെയാണു നല്ലതു് എന്നതിൽ അഭിപ്രായഭേദം വരാൻ ന്യായമില്ല. എന്നാൽ പാഠഭേദം ആവശ്യമില്ല. ഗ്രന്ഥത്തിലെ പാഠവും 'മുക്കാലും' എന്നു തന്നെ. എങ്ങനെയാണു് ഇതിന്റെ യഥാൎത്ഥമായ വ്യാഖ്യാനം എന്നു നോക്കാം.

മുക്കാലും എന്ന ശബ്ദത്തിനു് അക്കാലത്തെ പ്രയോഗം അനുസരിച്ചു് മൂന്നു കാലവും എന്നാണു് അൎത്ഥം. മുക്കാൽ ഉം എന്നാണു പ്രകൃതി. തമിഴ് നിഘണ്ടുവിൽ 'മുക്കാൽ' എന്നതിനു മൂന്നുപ്രാവശ്യം എന്നൎത്ഥം വ്യക്തമായിക്കാണാവുന്നതും ആണു്. [ശ്രീ. കതിർവേൽപിള്ളയുടെ തമിഴ് നിഘണ്ടു]. മുക്കാൽ എന്നതിനു 'മൂൻറു കാൽ' എന്നും 'മൂൻറു മുറൈ' എന്നും അൎത്ഥം കൊടുത്തിട്ടുണ്ടു്. മദ്രാസ് യൂനിവേഴ്സിററിയിലെ തമിഴ് ലെക്സിക്കനിലും മുക്കാൽ എന്നതിനു് Three times എന്നൎത്ഥം കൊടുത്തിട്ടു്, 'മുക്കാലും ആരിയരൈ വലം വൈത്തു' എന്ന മൂന്നു പ്രാവശ്യം എന്ന അൎത്ഥത്തിൽ പ്രയോഗം കാണിച്ചിട്ടുണ്ടു്. മുക്കാൽ ഉം 'മുക്കാലും' എന്ന തന്നെയാണു ചൂണ്ടിക്കാണിച്ച പ്രയോഗത്തിലെ രൂപവും എന്നു കാണുക.

[ഭാഷാചരിത്രസംബന്ധമായി മറഞ്ഞുകിടക്കുന്ന ഒരു സംഗതിയാണു് ഇവിടെ പ്രത്യക്ഷപ്പെടുന്നതു്. നാലിലൊന്നു് എന്ന അൎത്ഥത്തിലുള്ള 'കാൽ' ചേൎന്ന മുക്കാൽ അല്ല ഇവിടെ; 'കാലം' എന്ന സംസ്കൃതശബ്ദം അന്തം ലോപിച്ചു് 'കാൽ' എന്നായിത്തീൎന്ന ശബ്ദമാണു കാണുന്നതു്. അന്തലോപം അക്കാലത്തു് ഉണ്ടായിരുന്നതായി ലീലാതിലകത്തിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. 'ആലം', 'നീലം' എന്ന ശബ്ദങ്ങൾക്കു് അന്തലോപം വരുമെന്നു ലീലാതിലകകാരൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഇക്കണക്കിനു് 'കാലം' കാൽ എന്ന രൂപം കൈക്കൊണ്ടു. നേരം ആയി എന്നതു ലോപിച്ചു് 'നേരായി' എന്നു ചിലർ പറയുന്നതും ഓൎക്കാം. മററു പ്രയോഗങ്ങളിൽ നിന്നും ഇതു വ്യക്തമായി മനസ്സിലാക്കാവുന്നതേയുള്ളു. മൂന്നു കാലം 'മുക്കാൽ' ആയതുപോലെ ഇരുകാലം 'ഇരുകാൽ' ആയും, ഒരു കാലം 'ഒരുകാൽ' ആയും അന്നു രൂപം കൈക്കൊണ്ടിരുന്നു.*

---

* രണ്ടു വട്ടവും എന്ന അൎത്ഥത്തിൽ 'ഇരുകാലും' എന്ന ശബ്ദം പ്രയോഗിച്ചിരിക്കുന്നതു നോക്കുക. 'സ്വസ്തിശ്രീ മഹാദേവൎക്കു ഇരുകാലും പൊലിശയാൽ ഇരുമൎത്തിട്ടവതാക ഓമായ നാട്ടു കിഴവനായിന ധികൻ കൺറപ്പോഴൻ ചവചൎക്കു കൊടുത്ത നെല് അറുകലം കലിയുഗം 1451191 (T. A. S. iv 142.)

മഹാദേവൎക്കു രണ്ടു കാലവും പലിശകൊണ്ടു് അളന്നു് ഇടുവതിനു് ഓമയനാട്ടു കിഴവനായ ചിങ്ങൻ കുന്റപ്പോഴൻ സഭക്കാൎക്കു കൊടുത്ത നെല്ലു് അറുകലം. കലിയുഗം 1451191.

[കരിക്കാൽ എന്ന പ്രയോഗവും പണ്ടു സാധാരണമായിരുന്നു. ആ രൂപം കാലക്രമത്തിൽ ലോപിച്ചതാണ് 'കരികൽ' എന്ന ഇപ്പോഴത്തെ രൂപം കിട്ടിയിട്ടുള്ളതെന്നു മനസ്സിലാക്കണം. (കരു കാൽ > കരിക്കാൽ > കരുകാൽ > കരുകൽ > കരികൽ. കരികലി ലെ 'കൽ' മലയാളത്തിലെ 'കല്ല്' അല്ല, സംസ്കൃതത്തിലെ കാല ശബ്ദമാണ്). 'കരികൽ' എന്നതിന് ഒരു പ്രാചീനത്വം ഉണ്ടെന്ന് അർത്ഥശാസ്ത്രത്തിൽ സംശയത്തിനു വകയില്ലല്ലോ. കരികലും എന്നാൽ ഒരു കാര്യം എന്ന് അർത്ഥം വരും].

123-ാം ശ്ലോകം മണികണ്ഠപുരത്തെയും അവിടത്തെ ക്ഷേത്രത്തെയും പററിയാണ്. 'തെക്കുംകൂററിന്നാരു മണിവരം തത്ര ദേവം പുരാരിം' എന്നാണു മുദ്രിതപാഠം. ഈ പാഠം പല വാദങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്. 'പുരാരി' അല്ല 'മുരാരി'യാണു (വിഷ്ണുവാണ്) അവിടത്തെ പ്രതിഷ്ഠ. 'മുരാരിം' എന്ന പാഠം ഗ്രന്ഥമാതൃകയെ ആസ്പദമാക്കി ഉള്ളൂർ ചൂണ്ടിക്കാണിച്ചിട്ടും ഉണ്ട് [വിജ്ഞാനദീപിക ഭാഗം iv. പുറം 27] ഗ്രന്ഥം ഞാൻ പരിശോധിച്ചതിൽ കാണുന്ന പാഠം മഹാകവി ചൂണ്ടിക്കാണിക്കുന്നതുപോലെ 'മുരാരിം' എന്നു തന്നെ. ഈ പാഠഭേദത്തെപ്പററി ഒരു വ്യാഖ്യാനത്തിൽ "പുരാരിം എന്നു തന്നെയാണ്; മുരാരിം എന്നു ഉള്ളൂർ ഊഹിക്കാൻ ഇടയായതു് ഇപ്പോൾ വിഷ്ണുക്ഷേത്രമായി അറിയുന്നതു കൊണ്ടാണ്; സന്ദേശകാലത്തു് ശിവൻ മാത്രമായിരുന്നു അവിടത്തെ പ്രതിഷ്ഠ; പഴയ ശിവക്ഷേത്രം ഇപ്പോഴും ഉണ്ടു്" എന്നു് ഒരു കുറിപ്പു കൊടുത്തിട്ടുണ്ടു്. ഈ കുറിപ്പു ശരിയല്ല. അവിടത്തെ പ്രധാന പ്രതിഷ്ഠ ഇപ്പോഴത്തെ പോലെ മുൻപും മുരാരി (വിഷ്ണു) തന്നെ. ഉണ്ണുനീലിസന്ദേശത്തെ അനുകരിച്ചു് അതിൽനിന്നു് അധികം വിദൂരമല്ലാത്ത കാലത്തു് എഴുതിയ സംസ്കൃത മയൂരസന്ദേശം കാവ്യത്തിൽ ഈ അംശത്തിനു സംശയച്ഛേദകമായ തെളിവു് ഉണ്ടു്. മണികണ്ഠപുരത്തെപ്പററിയുള്ള ആ സന്ദേശത്തിലെ പദ്യത്തിൽ മധുവിദ്ധ്വംസിയുടെ ക്ഷേത്രമെന്നു സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നതു നോക്കുക.

ഗച്ഛന്നേവ ത്വമഥ മധുവിദ്ധ്വംസിനഃ കൗതുകാനാം
പാത്രം ക്ഷേത്രം കിമപി മണികണ്ഠാഭിധാനം ഭജേഥാഃ

(മയൂര സ. ശ്ലോ. 62)

അക്കാലത്തും മധുവിധ്വംസിയുടെ ക്ഷേത്രമാണെന്നു കാണുന്ന സ്ഥിതിക്കു സംശയം അസ്ഥാനത്തിലാണല്ലോ. അക്കാലത്തു തന്നെ ക്ഷേത്രത്തിൽ ശിവന്റെ ഉപപ്രതിഷ്ഠ ഉണ്ടായിരുന്നിരിക്കണം. വിഷ്ണുക്ഷേത്രത്തിൽ ശിവന്റെ ഉപപ്രതിഷ്ഠയും, ശിവക്ഷേത്രത്തിൽ വിഷ്ണുവിന്റെ ഉപപ്രതിഷ്ഠയും അസാധാരണമല്ല.

ഇങ്ങനെ സന്ദേശത്തിൽ പ്രധാനപ്പെട്ട പാഠഭേദങ്ങൾ വളരെ [illegible]. പാഠഭേദങ്ങളെപ്പറ്റി ഇതിൽ കൂടുതൽ പ്രത്യേകം എടുത്തു [illegible]. അപ്രധാനങ്ങളായ അനേകം പാഠഭേദങ്ങൾ [illegible] വ്യാഖ്യാനത്തിൽ കാണിച്ചിരിക്കുന്നു. അവയും കവിതയെ [illegible] പ്രകാരത്തിലുള്ളവയാണെന്നു സാമാന്യമായി [illegible].

പാഠഭേദങ്ങളോടൊപ്പം പറയേണ്ട വേറൊരു സംഗതിയുണ്ട്. മുദ്രിതപുസ്തകവും താളിയോല മാതൃകയും തമ്മിൽ എണ്ണത്താലും ശ്ലോകങ്ങൾക്കു വ്യത്യാസമുണ്ട്. മുദ്രിതപുസ്തകത്തിൽ ([illegible]) ഇരുനൂറ്റി നാല്പത്തിരണ്ടു പദ്യങ്ങളുണ്ട്. താളിയോല മാതൃകയിൽ ആകെ ഇരുനൂറ്റിനാല്പത്തിമൂന്നു പദ്യങ്ങൾ എന്നു ഗ്രന്ഥാവസാനത്തിൽ പ്രത്യേകം എടുത്തെഴുതിയിട്ടുണ്ട്. അങ്ങനെ താളിയോല മാതൃകയിൽ മൊത്തം നോക്കുമ്പോൾ ഒരു പദ്യം കൂടുതലാണ്. എങ്കിലും പുസ്തകത്തിലെ ചില ശ്ലോകങ്ങൾ ഗ്രന്ഥത്തിൽ ഇല്ലാതെയും ഗ്രന്ഥത്തിലെ ചില ശ്ലോകങ്ങൾ പുസ്തകത്തിൽ ഇല്ലാതെയും കാണുന്നു. മുദ്രിതപുസ്തകത്തിലെ എൺപതാമത്തെ ശ്ലോകം 'തത്ര കേളീ കലയ' [illegible] ണ്ടായിട്ട് പകുതിയിട്ട് [illegible] ഇതിന്റെ പൂർവാർദ്ധത്തോടു രണ്ടു വരി ഉത്തരാർദ്ധമായിട്ടുള്ളതും, ഉത്തരാർദ്ധത്തോടു രണ്ടു വരി പൂർവാർദ്ധമായിട്ടുള്ളതും രണ്ടു ശ്ലോകം ഗ്രന്ഥത്തിലുണ്ട്. ഈ അംശം വ്യാഖ്യാനഭാഗത്തിൽ തെളിയും. മുദ്രിതപാഠത്തിലെ 119-ം (മെല്ലെമത്തഭ്രമരമുഖരാം) 120-ം (പിന്നപ്പിന്നിട്ടുലസലിലാം) ശ്ലോകങ്ങൾക്കിടയ്ക്കു താഴെ കാണിക്കുന്ന ശ്ലോകം കൂടി ഗ്രന്ഥത്തിലുണ്ട്.

> പ്രാതർബ്ബദ്ധകതാ പഴയ തുവയും കൂട്ടിയപ്പൽ കറപ്പി-
> ച്ചേറ്റം തസ്സിൻ തലമുടിയിലപ്പൂണനൂലും കളഞ്ഞു
> കെട്ടിച്ചുറ്റിത്തുടന മറയോതുന്ന വാളും വിറപ്പി-
> ച്ചെണ്ടന്മാരെസ്സുപടി ചിറമേൽക്കാണലാം പോതമാർ.

ഉത്തരസന്ദേശം 'ഗന്ധാഢ്യം മുകുവലരിയും' ഇത്യാദി 32-ാം ശ്ലോകത്തിനു ശേഷം താഴെക്കാണിക്കുന്ന ശ്ലോകം കൂടി ഗ്രന്ഥമാതൃകയിൽ ഉണ്ടു്.

ഉന്നമൽപ്പാടാണ്ഡവസാഗരനാം ചെന്തെരീവ്വമാനായ്
മണ്ടിച്ചാലത്തെളുതരിളമാൻകുന്നി പോവോരു നേരം
മുണ്ടെക്കൽദ്വേന്ദ്രീതരെഴുമിരണ്ടാമതാം തമ്പി നിന്നെ
കണ്ടിട്ടപ്പോൾ നയനയുഗളം ഹന്ത! ചന്തിക്കുമല്ലോ.

ഇങ്ങനെ മുദ്രിതപുസ്തകത്തിലില്ലാത്ത ചില പദ്യങ്ങൾ താളിയോലമാതൃകയിൽ കാണുന്നുവെങ്കിലും മുദ്രിതപുസ്തകത്തിലെ ആറു പദ്യങ്ങൾ ii. 4 തൊട്ടു 9 വരെ (മന്ദഭാനാം, വില്ലാൻ ചെപ്പിൽ, ശാലസ്ത്രീണാം, മധീപാൽ മധീപാൽ, ഇതികൂടി, പൊന്മാടത്തിൽ എന്നീ പദങ്ങൾ കൊണ്ടു തുടങ്ങുന്ന പദ്യങ്ങൾ) ഗ്രന്ഥത്തിൽ കാണ്മാനില്ല. ഇവ കടുത്തുരുത്തിയെപ്പററിയുള്ള വർണ്ണനകളാണു്. പുസ്തകത്തിലധികമുള്ള പദ്യങ്ങൾ കവി തന്നെ പുഴുതി ചേർത്തതായിരിക്കാമെന്നും, ഈ കാവ്യത്തിനു ഭിന്നമാതൃകകൾ ഉണ്ടായിരുന്നുവെന്നുമാണല്ലോ ഇതിൽ നിന്നു് അനുമാനിക്കേണ്ടതു്.

വ്യാഖ്യാനത്തെപ്പററിയും ചുരുക്കത്തിൽ ചില സംഗതികൾ പറയാനുണ്ടു്. ഇപ്പോഴുള്ള വ്യാഖ്യാനങ്ങൾക്കു പല പരിഷ്കാരങ്ങളും വേണ്ടതായി ഇതിനകം തെളിഞ്ഞിട്ടുണ്ടു്. എന്നാൽ ഈ വിഷയത്തിൽ ശ്രീ പിഷാരടിയും മററു പണ്ഡിതന്മാരും ചെയ്തിട്ടുള്ള ശ്രമങ്ങളെ മുക്തകണ്ഠം പുകഴ്ത്താനല്ലാതെ തീരെ പഴിക്കാൻ ഈ വ്യാഖ്യാതാവു് ഉദ്ദേശിക്കുന്നില്ല. പ്രാചീനഗ്രന്ഥങ്ങളുടെ അർത്ഥനിർണ്ണയവിഷയത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രയാസങ്ങളെപ്പററി അറിയാവുന്നവരാരും ഇത്തരം വ്യാഖ്യാനങ്ങളിൽ വരുന്ന കുറവുകളെ അവഹേളിക്കുകയില്ല. എന്നാൽ ഗവേഷണത്തിൻെറ പുരോഗതിയിൽ തെളിഞ്ഞുവരുന്ന കാര്യങ്ങളെ എടുത്തുകാട്ടി പോരായ്മകളെ ആകാവുന്നിടത്തോളം നികത്തേണ്ടതു് അത്യാവശ്യമാണല്ലോ. ആ വിധത്തിലാണു് ഈ കാവ്യത്തിനു് ഒരു വ്യാഖ്യാനം കൂടി രചിക്കാൻ ഇവിടെ യത്നിച്ചിരിക്കുന്നതു്. പൂർവ്വവ്യാഖ്യാതാക്കന്മാരോടുള്ള കടപ്പാടു് ഇവിടെ കൃതജ്ഞതയോടെ സ്മരിക്കുന്നു. സാരമായ അംശങ്ങളിൽ അവരോടു വിയോജിക്കുന്ന ഘട്ടങ്ങളിൽ ആ വ്യത്യാസങ്ങളെ

പ്രത്യക്ഷമായി ചൂണ്ടിക്കാണിക്കും. വ്യത്യാസം അത്ര ഗൗരവാവഹമല്ലെങ്കിൽ സമീചീനമെന്നു തോന്നുന്ന അർത്ഥം വിവരിക്കും. ആ ഘട്ടങ്ങളിൽ പൂർവവ്യാഖ്യാതാക്കന്മാരുടെ അഭിപ്രായത്തെ പരിഷ്കരിച്ചിരിക്കുന്നതായി മനസ്സിലാക്കേണ്ടതാണ്. വിശദമായ അർത്ഥം മനസ്സിലാകാത്ത ഘട്ടങ്ങളിൽ ആ വസ്തുത സ്പഷ്ടമാക്കി അനന്തരഗവേഷണത്തിനു വഴി നൽകുന്നതുമാണ്.

മദ്ധ്യമലയാള ഘട്ടത്തിലെ ഏറ്റവും വിലപിടിച്ച ഈ കാവ്യത്തിന്റെ വ്യാഖ്യാനം അക്കാലത്തെ ഭാഷയുടെ സ്വഭാവത്തെ മനസ്സിലാക്കാനും നമ്മുടെ സാഹിത്യത്തെപ്പറ്റി കൂടുതൽ അഭിമാനം ഉണ്ടാകാനും ഉതകുമെന്നു വിശ്വസിക്കുന്നു.

ശൂരനാട്ടു കുഞ്ഞൻ പിള്ള

22-3-1129. / 7-11-1953.



ഉണ്ണുനീലിസന്ദേശം

പ്രസ്താവന

അമൃതകര കരോടീ സധ്ര്യംനീ ബദ്ധചൂഡം
തിരളൊളി തിരുനീറാമംഗരാഗാഭിരാമം
കരകലിതകപാലം മംഗലം പിംഗലാക്ഷം
മലമകൾമുല പൂണും ദൈവതം വെൽവുതാക.

ഉണ്ണുനീലീതിലകം വ്യാഖ്യാനം

'അമൃത'ശബ്ദംകൊണ്ടു തുടങ്ങി 'മലമകൾമുല പൂണും ദൈവതത്തെ' വാഴ്ത്തി മംഗലാചരണം സാധിക്കുന്നു. അമൃതകരൻ-അമൃതരശ്മി ചൊരിയുന്ന ചന്ദ്രൻ, കരോടി – തലയോട്ട്, സധ്ര്യംനി-സധ്ര്യംഗ, (ഇവ) ബദ്ധചൂഡം - കെട്ടിയ തലമുടിയോടുകൂടിയവനും, തിരളുന്ന ഒളിയോടു കൂടിയ തിരുനീറാകുന്ന അംഗരാഗത്താൽ അഭിരാമനും, കരകലിത കപാലനും – കൈയ്യിൽ ധരിച്ച കപാലത്തോടുകൂടിയവനും, മംഗലനും – മംഗലസ്വരൂപനും, പിംഗലാക്ഷനും – അഗ്നിനേത്രനും, മലമകളുടെ – പാർവ്വതിയുടെ, മുല, പൂണാനവനും - പുണരുന്നവനും, ആയ ദൈവതം, വെൽവുതാക-ജയിക്കട്ടെ. തിരളുന്ന ഒളി–പുറപ്പെടുന്ന ശോഭ. തിരുനീറ്-ശ്രീകരമായ നീറ്, ഭസ്മം.

മാലിനീവൃത്തം. 'ന ന മ യ യുഗമെട്ടിൽ ഗമാലിനിയ്', വൃ. മം.

ഈ പദ്യം പ്രക്ഷിപ്തമാണെന്നു ചിലർ സംശയിക്കുന്നതു ശരിയല്ല. താളിയോലഗ്രന്ഥത്തിലും മദ്രാസ് ഗവർമ്മെന്റ് ഗ്രന്ഥത്തിലും ഈ പദ്യംകൊണ്ടു തന്നെ ആരംഭിക്കുന്നു.

ശ്രീകണ്ഠസ്യ പ്രണയമനായായ് കീർത്തിനിയായ്
കാന്ത്യാ മലർക്കനി താ–
നാബാലപ്രീണയേന പോററിയവരും
കാട്ടിൽക്കളികളിൻറ നാരം
ഉണ്ണാതെനോരു കഴിഞ്ഞു ചാതുവദനം
വന്ദിച്ചു ഞാൻ കോവിന്നേൻ
മുണ്ണെക്കൾത്തകമുണ്ണുനീലിവിഷയേ
സന്ദേശകണ്ണാമൃതം.

ശ്രീകണ്ഠൻ-ശിവൻ, സ്വയം ആനയായ്, മലമകളിതാൻ-പാർവതി, കാന്ത്യാ-ശോഭയോടെ, കരിണിയായ്-പിടിയാനയായി, ആലോലമായ-ചേർന്ന്, പ്രണയേന-പ്രണയത്തോടെ, ഇതംവരംചേർന്ന്, കാട്ടിൽ കളിക്കിന്റ നാൾ, [ശൈലേ കളിക്കുന്നനാൾ എന്നു മൂ. പാ. കാട്ടിൽ എന്നാണു ഗ്ര. പാ.] ഉണ്ടായ, കരീന്ദ്രചാരുവദനം-ഗജമുഖനെ-ഗണപതിയെ, വന്ദിച്ചുകൊണ്ട്, മുണ്ടക്കലെ ഉണ്ണുനീലിയെപ്പററി സന്ദേശരൂപത്തിലുള്ള കണ്ണാളൂരം ഞാൻ കോലിനോൻ - തുടങ്ങുന്നു.

ശിവനും പാർവതിയും ഗജരൂപം ധരിച്ച് ലീലാവിധികളിൽ ഏർപ്പെട്ടിരുന്നപ്പോൾ ജനിച്ച ഗജാനനനായ ഗണനായകനെ വന്ദിച്ചിട്ട് മുണ്ടയ്ക്കൽ വാഴുന്ന ഉണ്ണുനീലിയെപ്പററി സന്ദേശകാവ്യം ഉണ്ടാക്കുന്നു എന്നു സാരം.

വൃത്തം ശാർദ്ദൂലവിക്രീഡിതം. പന്ത്രണ്ടാൽ മസജംസതംതഗുരുവും ശാർദ്ദൂലവിക്രീഡിതം.

ഇന്ദുക്ഷീരാഭിരാമാമടി തൊഴുതു ഗിരാം
നായികാമായവണ്ണാം
മന്ദപ്രജ്ഞോഽപി മാരജ്വരപരവശനായ്
കോലിനോൻ ഞാനിദാനീം
കണ്ടികാർ കൂന്തൽ കാലിൽത്തടവിന മടവാർ-
നായികാം വാഴ്ത്തുവാനായ്
മുണ്ടെക്കൽക്കെൻറവമാക്കം കരുതിന മറിമാൻ-
കണ്ണിയാമുണ്ണുനീലീം. ൩

ഇന്ദുക്ഷീരാഭിരാമാം-ഇന്ദുവിനെ-ചന്ദ്രനെപ്പോലെയും, ക്ഷീരത്തെ-പാലിനെപ്പോലെയും, അഭിരാമയായ-മനോഹരയായ-ധവളവർണ്ണയായ, ഗിരാംനായികാം-വാഗ്ദേവതയെ, അടിതൊഴുതു്, മന്ദപ്രജ്ഞോഽപി-മന്ദബുദ്ധിയാണെങ്കിലും, ഞാൻ, ഇദാനീം-ഇപ്പോൾ, കണ്ടികാർ...... നായികാം മുണ്ടെക്കൽ......ഉണ്ണുനീലീം വാഴ്ത്തുവാനായ് കോലിനോൻ-കരിഞ്ചണ്ടിപോലുള്ള തലമുടി കാലിൽ തടവുന്ന മടവാർനായികാം-സുന്ദരിമാർക്കു നായികയും, മുണ്ടയ്ക്കൽ എന്ന വീട്ടിലേക്ക്, ആക്കം-ഐശ്വര്യം-മേന്മ, കരുതുന്ന മറിമാൻകണ്ണിയുമായ ഉണ്ണുനീലിയെ വാഴ്ത്തുന്നതിനായി മാരജ്വരപരവശനായ്, കോലിനോൻ-തുടങ്ങുന്നു. മറിമാൻ-കട്ടിമാൻ.

വാഗ്ദേവിയെ നമസ്കരിച്ചിട്ട് സ്ത്രീരത്നമായ മുണ്ടയ്ക്കൽ ഉണ്ണുനീലിയെപ്പററി വാഴ്ത്തുവാൻ വേണ്ടി ഈ കാവ്യം രചിക്കുന്നു.

ഒന്നാം പദ്യത്തിൽ ശിവനെയും, രണ്ടാം പദ്യത്തിൽ ഉമാമഹേശ്വരന്മാരുടെ സന്താനമായ ഗണപതിയെയും സ്മരിക്കുന്നതുപോലെ, ഈ പദ്യത്തിൽ വാഗ്ദേവതയെ വർണ്ണിച്ചിരിക്കുന്നു.

'മാരജ്വരപരവശനായ'' എന്നുള്ളതുകൊണ്ട് പ്രേമബാധിതനായിട്ടാണു കവി കാവ്യരചന ചെയ്യുന്നതു് എന്നു വ്യക്തമാണ്. ഈ അംശത്തെപ്പറ്റിയും മറ്റും അവതാരികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

വൃത്തം സ്രഗ്ദ്ധര. ഏഴേഴായ് മൂന്നു ഖണ്ഡം മ ര ഭ ന യ യ യം സ്രഗ്ദ്ധരാവൃത്തമാകും.

പൂമാതിൻ നയനാന്ത ഭൃംഗനളിനീ
ഭൂമേസ്സുധാദീപികാ
പൂണാരം മണികണ്ഠവെൺപല മഹീ-
പാലൈക ചൂഡാമണേഃ
പൂവമ്പൻ കുലദേവതാ പുകൾമികം
മുണ്ടെക്കലൻപൂരെഴും
പൂമാലക്കുഴലുണ്ണുനീലി തിരുനാൾ
നീണാൾ വിളങ്ങീടുക 4

പൂമാതിന്റെ - ലക്ഷ്മിയുടെ, നയനാന്തമാകുന്ന ഭൃംഗങ്ങൾക്കു നളിനിയും - ഭാഗ്യദേവതയുടെ കടാക്ഷമാകുന്ന വണ്ടുകൾ കളിക്കുന്ന താമരപ്പൊയ്കയും, ഭൂമേഃ ഭൂമിക്ക്, സുധാദീപികയും – അമൃതദീപികയും, മണികണ്ഠൻ എന്ന വെൺപലമഹീപാലൈക ചൂഡാമണിക്ക്, പൂണാരവും - ആഭരണവും, പൂവമ്പന് - കാമന്, കുലദേവതയും (ആയി), പുകൾമികം മുണ്ടെക്കൽ - പുകൾ മികച്ച മുണ്ടെയ്യൂർ, അൻപൂരെഴും - അൻപോടെ വസിക്കുന്ന, പൂമാലക്കുഴൽ - പൂമാല കുഴലിൽ ചൂടുന്നവളായ ഉണ്ണുനീലിയുടെ തിരുനാൾ, നീണാൾ - വളരെക്കാലം, വിളങ്ങട്ടെ. പൂമാലക്കുഴൽ എന്നതിനു് ഇരുട്ടുപോലുള്ള മുടിയുള്ളവൾ എന്നു ചിലർ അർത്ഥം പറഞ്ഞുകാണുന്നതു സ്വീകാര്യമല്ല.

'ഉണ്ണുനീലിതിരുനാൾ' എന്നു് ഉണ്ണുനീലിയുടെ തിരുനാൾ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കയാണ്. ഇതിൽനിന്നു നായികയുടെ പ്രഭുത്വം വ്യഞ്ജിക്കുന്നു. 'ആയില്യംതിരുനാൾ' എന്നപോലെയല്ല ഈ പ്രയോഗം. ഉണ്ണുനീലിതിരുനാൾ-മാന്യയായ ഉണ്ണുനീലി എന്നു വ്യാഖ്യാനിച്ചിരിക്കുന്നതു സ്വീകാര്യമല്ല.

മണികണ്ഠന്റെ പൂണാരമെന്നതിനെപ്പറ്റിയുള്ള വാദങ്ങൾ അവതാരികയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

വൃത്തം ശാർദ്ദൂലവിക്രീഡിതം, ലക്ഷണം രണ്ടാം ശ്ലോകം നോക്കുക.

വെല്ലിക്കുന്നിന്നഭീഷ്ടം വെളുവെളെ വിളയി-
പ്പിക്കുമക്കീർത്തി പാർമേ-
ല്ലല്ലിത്താർമാതിനെക്കൊണ്ടയി വിളിപണി ചെ-
യ്യിക്കുമാസ്യാം പ്രലാപഃ
ഇല്ലത്തിന്നുന്നതിം തേ വിതരതി നിതരാ-
മാകയാലുണ്ണുനീലീ
ചൊല്ലിന്നേറനെങ്കിൽ നീ കേട്ടരുളുക ദയിതേ!
സൂക്തിരത്നം മദീയം. 5

വെള്ളിക്കുന്നിന്ന് എന്നു മൂ. പാ. വെള്ളിമലയ്ക്ക്-കൈലാസത്തിന്, അഭീഷ്ടം-ഇഷ്ടമായതു്, വെളുപ്പ്, വെളുവെളെ വിളയിപ്പിക്കുന്ന അക്കീർത്തി, പാർമേൽ-ഭൂമിയിൽ, അല്ലിത്താർമാതിനെക്കൊണ്ടു്-പൂമകളെക്കൊണ്ടു് ലക്ഷ്മിയെക്കൊണ്ടു്, അയി-അല്ലയോ (സംബുദ്ധി), വിളിപണിചെയ്യിക്കും-ദാസ്യവൃത്തി ചെയ്യിക്കും. പ്രലാപഃ അസ്യാം-പ്രലാപം ഇരിക്കട്ടെ; അതിനെപ്പററി തർക്കം പറയേണ്ടല്ലോ എന്നർത്ഥം; ആകയാൽ ഉണ്ണുനീലീ! തേ-നിന്റെ, ഇല്ലത്തിന്ന്, ഉന്നതിം-ഉന്നതിയെ, നിതരാം-ഏററവും, വിതരതി-തരുന്നു. വിതരതു എന്നു മൂ. പാ. തരട്ടെ എന്ന് അതിന്ന് അർത്ഥം. ഹേ ദയിതേ-പ്രിയേ, എങ്കിൽ ചൊല്ലിന്നേറൻ-ഞാൻ പറയാം, നീ, മദീയം-എന്റെ, സൂക്തിരത്നം-വിശിഷ്ടകാവ്യം, കേട്ടരുളുക-കേട്ടാലും.

വെല്ലിക്കുന്നിന്നഭീഷ്ടം എന്ന ഗ്ര. പാ. സമീചീനം. അതിന്റെ അർത്ഥം:-മദീയം-എന്റെ, സൂക്തിരത്നം-കാവ്യം, നിൻ അഭീഷ്ടം, വെല്ലിക്കും-വിജയിപ്പിക്കും, സാധിക്കും. എന്റെ ഈ സൂക്തിരത്നംകൊണ്ടു് നിന്റെ അഭീഷ്ടം സാധിക്കും. വെല്ലുക എന്നതിന്റെ പ്രയോജക രൂപം വെല്ലിക്കും; അതുപോലെ അക്കീർത്തി വെളുവെളെ വിളയിപ്പിക്കും; പാർമേൽ-ഭൂമിയിൽ, അല്ലിത്താർമാതിനെക്കൊണ്ടു്-ലക്ഷ്മീദേവിയെക്കൊണ്ടു്, അയി-അല്ലയോ (എന്നു സംബുദ്ധി) വിളിപണി ചെയ്യിക്കും-ദാസ്യവൃത്തി ചെയ്യിക്കും; അസ്യാം പ്രലാപഃ-പ്രലാപം ഇരിക്കട്ടെ. (മുതലായതിൽ) തേ-നിന്റെ ഇല്ലത്തിന്നു, നിതരാം-ഏററവും, ഉന്നതിം-ഉയർച്ചയെ, വിതരതി-തരുന്നു, തരും എന്നു പരിണതാർത്ഥം. ആകയാൽ ഉണ്ണുനീലീ, ദയിതേ-പ്രിയേ, ചൊല്ലുന്നേൻ-ഞാൻ പറയുന്നു, നീ മദീയം സൂക്തിരത്നം കേട്ടരുളുക-കേട്ടാലും. 'അസ്യാം പ്രതാപം' എന്ന മദ്രാസ് പാഠം ശരിയല്ല. അസ്യാം പ്രലാപൈഃ എന്നു ഗ്ര. പാ. 'വിതരതു' എന്നാണു മൂ. പാ. വിതരതി എന്നു ഗ്ര. പാ.

ഈ ശ്ലോകത്തിൽ കാവ്യപ്രയോജനത്തെപ്പററി കവി സൂചിപ്പിക്കുന്നതായി എടുത്തിരിക്കുന്നു. നിന്റെ അഭീഷ്ടം വെല്ലിക്കും, കീർത്തി വിളയിക്കും, ലക്ഷ്മിയെക്കൊണ്ടു ദാസ്യം വഹിപ്പിക്കും, എന്തിന് ഏറെ

പറയുന്നു. ഈ സുകൃതിരത്നം നിന്റെ ഇല്ലത്തിന്നു് ഉന്നതിയെ തരും, അതിനാൽ ഉണ്ണുനീലി എന്റെ ഈ കാവ്യം നീ കേട്ടരുളിയാലും.

ഈ പദ്യത്തിന്റെ വ്യാഖ്യാനഭേദങ്ങളെപ്പററി അവതാരികയിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. ശ്രീ. പിഷാരടിയും മററും ഉണ്ണുനീലിയും മയിതയും രണ്ടു പേരെന്നു കല്പിക്കുന്നു. ഉണ്ണുനീലിയെ മയിതയെന്നു് അഭിസംബോധന ചെയ്തു് കവി തന്റെ കാവ്യം കേൾക്കാൻ ക്ഷണിക്കയാണു ചെയ്യുന്നതു്. ഐശ്വര്യംകൊണ്ടു് അനുഗൃഹീതയാണു നായിക; എങ്കിലും, അവളുടെ കുടുംബത്തിനു ശാശ്വതമായ കീർത്തികൊണ്ടു് ഉന്നതിയെ ദാനം ചെയ്യുന്ന തന്റെ കാവ്യരത്നം കേൾക്കണമെന്നാണു കവിയുടെ ആശയം എന്നു തോന്നുന്നു.

വൃത്തം സ്രഗ്ദ്ധര. ലക്ഷണം 3-ാം പദ്യം നോക്കുക.



പൂർവ്വഭാഗം

തണ്ടാർമാതാണ്ടഴകു പൊഴിയും മിക്ക മുണ്ടെക്കൽ മേവും
വണ്ടാർകോലക്കുഴലികൾശിഖാമുണ്ണുനീലീമുദാരാം
കൊണ്ടാടിപ്പൂണ്ടരുണമണിവാ കൊണ്ടുകൊണ്ടാത്തരാഗം
പണ്ടേപ്പോലേ പരമനുഭവം കോऽപി കാമീ ജഗാമ. 1

തണ്ടാർമാതു്–ലക്ഷ്മീദേവി, ആണ്ടു്–കുടികൊണ്ടു്, അഴകു പൊഴിയുന്ന, മിക്ക–മികവുള്ള–ഐശ്വര്യമുള്ള, മുണ്ടയ്ക്കൽ, മേവും–വസിക്കുന്ന, വണ്ടാർകോലക്കുഴലികളുടെ ശിഖയായ, വണ്ടുകൾ ആർന്ന്–പാറി, അഴകുള്ള തലമുടിയോടുകൂടിയവരുടെ–സുന്ദരിമാരുടെ, ശിഖയും–മുടിയും, (സുന്ദരീമൗലിയും), ഉദാരയുമായ ഉണ്ണുനീലിയെ കൊണ്ടാടിപ്പൂണ്ടുകൊണ്ടും, അരുണമണിവാ കൊണ്ടുകൊണ്ടും–ചുവന്ന മണിപോലെയുള്ള, വാ–ചുണ്ടു്–ചെമ്പവിഴംപോലെയുള്ള അധരം പാനംചെയ്തുകൊണ്ടും, ആത്തരാഗം–രാഗത്തോടുകൂടി, പണ്ടേപ്പോലെ, പരം അനുഭവം–പരമാനന്ദത്തെ, കോऽപി കാമീ ജഗാമ–ഒരു കാമി പ്രാപിച്ചു. ['കൊണ്ടാടിക്കൊണ്ടു്" എന്നു പാ.]

വൃത്തം മന്ദാക്രാന്ത. മന്ദാക്രാന്താ മ ഭ ന ത ത ഗം നാലുമാറേഴുമായ് ഗം. ഇനിയും ഈ കാവ്യത്തിലുള്ള ശ്ലോകങ്ങളെല്ലാം ഇതേ വൃത്തം തന്നെ.

വക്ഷോദേശേ സുരതകലഹവ്യാകുലാം താം വഹന്തം
യക്ഷീ കാചിത് പുനരമുമുറങ്ങിന്റ നേരം നിനായ
ദക്ഷാ ചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിളയ സഹജാ ലക്ഷ്മണം രാക്ഷസീവ. 2

വക്ഷോദേശത്തിൽ–മാറിടത്തിൽ, സുരതകലഹവ്യാകുലാം–കാമക്രീഡാഖിന്നയായ, താം–അവളെ, വഹന്തം–വഹിക്കുന്ന, അമും–ഇവനെ (നായകനെ), ഉറങ്ങുമ്പോൾ, കാമക്രീഡാഖിന്നയായ അവളെ മാറിടത്തിൽ വഹിച്ചുകൊണ്ടു് ഉറങ്ങുന്ന നായകനെ എന്നർത്ഥം, പുനഃ–പിന്നെ, ദക്ഷാ–സമർത്ഥയും, മദനോന്മാദിനിയും കാമോന്മത്തയും ആയ, കാചിത് യക്ഷി–ഒരു യക്ഷി, ലക്ഷ്മണം–ലക്ഷ്മണനെ, രക്ഷോരാജന്നിളയ സഹജാ–രാവണന്റെ ഇളയ സഹോദരിയായ, രാക്ഷസീ–ശൂർപ്പണഖ, ഇവ എന്നപോലെ, ചാലെ ചതിയിൽ, ദക്ഷിണാശാം–തെക്കേ ദിക്കിലേക്കു്, നിനായ–നയിച്ചു, തട്ടിക്കൊണ്ടുപോയി.

ശൂർപ്പണഖ ലക്ഷ്മണനെ എന്നപോലെ ഒരു യക്ഷി നായകനെ എടുത്തുകൊണ്ട് തെക്കേ ദിക്കിലേക്ക പോയി.

സ്യാനന്ദൂരേ ബത! പുരവരേ ചെൻറ നേരത്തുണ്ണന്ത-
നാനന്ദത്തൊടിഹ വിരഹിതോ വേറിതന്നുണ്ണുനീലീം
ശോകോന്മാദം മനസി കനമുണ്ടാകിലും മന്ത്രശക്ത്യാ
മുക്തോ ദൈവാൽ പുനരവളുടെ കൈയ്യിൽ നിന്റേഷ കാമീ.

സ്യാനന്ദൂരമെന്ന പുരവരത്തിൽ ചെന്നപ്പോൾ ഉണർന്നു. ആ കാമുകൻ ഉണർന്നു എന്നർത്ഥം; സ്യാനന്ദൂരം-തിരുവനന്തപുരം; ശ്രീ അനന്തപുരം എന്ന് വിഗ്രഹം ലോപിച്ചു സ്യാനന്ദൂരമായതു്. ആനന്ദൻ-വിഷ്ണു. തിരുവനന്തപുരത്തു പ്രതിഷ്ഠ പത്മനാഭൻ – വിഷ്ണു ആണല്ലോ. ('തിരുവനന്തപുരം തന്നെ ആനന്ദതേ' എന്ന പ്രയോഗം കാണുക. ലീലാ. 1. 29). അനന്തപുരമെന്നും ആനന്ദപുരമെന്നും തിരുവനന്തപുരത്തിനു പേരുണ്ട്. ഉണ്ണുനീലീം വേറിതന്ന് ഇഹ ആനന്ദത്തൊട്ട വിരഹിതഃ-ഉണ്ണുനീലിയെ വേർപെട്ട് ആനന്ദത്തോട്ട വിരഹിതനായി, ഏഷഃ കാമീ-ഈ കാമുകൻ, മനസ്സിൽ ഘനമായി ശോകംകൊണ്ടുള്ള ഉന്മാദമുണ്ടെങ്കിലും മന്ത്രശക്തികൊണ്ട്, ദൈവാൽ-ഭാഗ്യവശാൽ, അവളുടെ കൈയ്യിൽനിന്ന്, മുക്തഃ-മോചിക്കപ്പെട്ടവനായി.

തിരുവനന്തപുരത്തു ചെന്നപ്പോൾ നായകൻ ഉണർന്ന് യക്ഷിയുടെ പിടിയിൽ പെട്ടിരിക്കയാണെന്ന് അറിഞ്ഞ്, ശോകോന്മാദം പൂണ്ടു മന്ത്രം ജപിച്ച് അവളുടെ പിടിയിൽനിന്നു മോചനം നേടി, ഉണ്ണുനീലീ വിരഹംകൊണ്ട് ആനന്ദവിരഹിതനായി എന്നാണ് യഥാക്രമമായ ആശയം.

നരസിംഹമന്ത്രം ജപിച്ചാണ് യക്ഷിയുടെ കൈയ്യിൽനിന്നു മോചനം നേടുന്നതെന്ന് 29-ാം ശ്ലോകത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക. യക്ഷീ കഥകളിലും മററും വിശ്വാസമുണ്ടായിരുന്ന അക്കാലത്ത് ഇത്തരം കല്പനയിൽ അസ്വാരസ്യം ഉണ്ടായിരിക്കയില്ല.

അല്ലിത്താർമാതണയ മരുവും പത്മനാഭന്നുപാന്തേ
മെല്ലെത്താണ്ണവനവനിയിൽപ്പയ്യവേ ചെൻറിരുന്നാൻ
അല്ലൽപ്പെട്ടാൻ നിജ സഹചരീം വേറിതന്നേററമേററാൻ
മല്ലിപ്പൂവിൻ പരിമളമെഴും തെൻറൽ തീണ്ടുന്റപോലെ. 4

അവൻ-ആ കാമി, അല്ലിത്താർമാതു്-താർമകയായ ശ്രീഭഗവതി, അണയ-അടുക്കൽ, മരുവുന്ന പത്മനാഭന്റെ, ഉപാന്തേ-സമീപത്തു്, മെല്ലെ താണു്, അവനിയിൽ ഭൂമിയിൽ, പയ്യെ ചെന്ന് ഇരുന്നു. യക്ഷിയുടെ കൈയ്യിൽനിന്നു പിടിവിട്ട് ആകാശത്തുനിന്നും പതുക്കെ താണുവന്നു്

പത്മനാഭക്ഷേത്രത്തിന്റെ മുമ്പിൽ ഇരുന്നു എന്നു സാരം. പ്രിയസഹചരീം-പ്രിയസഹചരിയെ-ഭാര്യയെ, വേറിടുന്ന്, വേർപെട്ടതു കൊണ്ട്, ഏറ്റം അല്ലൽപ്പെട്ടോൻ-വളരെ ദുഃഖിച്ചു. മുല്ലപ്പൂവിന്റെ പരിമളമേഴുന്ന, തെന്നൽ-വായു, തീയെന്നപോലെ ഏറ്റോൻ.

[പൂക്കളുടെയും മറ്റും സൗരഭ്യത്തിൽ കവിക്കു പ്രത്യേകം പ്രീതി ഉണ്ടായിരുന്നു. സൗരഭ്യത്തെപ്പറ്റി പരാമർശം മേലും കാണും.]

അമ്മേ! ദേശം പുനരിവിടമേതെന്നു നാടേതുമെല്ലാം
ദിങ്മോഹാർത്തം പുനരവനഹോ ചിത്തമുന്മീലയന്ത്യഃ
നമസ്യായ് നീ നിഖിലജഗതാം പത്മനാഭാ! മുരാരേ!
ചിമ്മീടാതെ തിരുനയനമെന്നുദ്ഗതാ വന്ദിവാചഃ. 5

അമ്മേ! പുനഃ, ഇവിടം ഏതു ദേശമാണ്, നാടേതാണ് എന്നെല്ലാം അവന്റെ ദിങ്മോഹാർത്തമായ ചിത്തത്തെ-ദിക്ക് ഏതെന്ന് അറിയാത്തതുകൊണ്ട് അഴലുന്ന നായകന്റെ ചിത്തത്തെ, ഉന്മീലനം ചെയ്യുന്നതായി-വിടർത്തുന്നതായി, 'നമസ്യായ്...... തിരുനയനം ചിമ്മീടാതെ' എന്നിത്യാദി വന്ദിവാക്കുകൾ ഉദ്ഗമിച്ചു-ഉദ്ഗമിച്ചതു കേട്ടു എന്ന് ആശയം. 'ഉന്മീലയന്ത്യഃ' എന്നതു വന്ദിവാചഃ എന്നതിനോട് അന്വയിക്കുന്നു. വന്ദിവാക്കുകൾ നായകന്റെ ദിങ്മോഹത്തിനെ ഉന്മീലനം ചെയ്യുന്നതായിരുന്നു എന്നർത്ഥം. 'നിഖിലജഗത്തുക്കളുടെ നമസ്യനായി പത്മനാഭാ! മുരാരേ! നീ തിരുനയനം ചിമ്മീടാതെ എന്ന വന്ദിവാക്കുകൾ' എന്ന് അന്വയിക്കണം. 'ഉന്മൂലയന്ത്യഃ' എന്നു മൂ. പാ. ഉന്മീലയന്ത്യഃ എന്നായിരിക്കണം ശരി. ഉന്മീലയന്ത്യഃ എന്നേ ഗ്രന്ഥത്തിലുമുള്ളൂ. ദിങ്മോഹാർത്തമായ ചിത്തത്തെ ഉന്മൂലനം ചെയ്യുന്ന എന്നിടത്തു ഏകദേശാന്വയം അനുസരിച്ച് ദിങ്മോഹത്തിനെയാണ് ഉന്മൂലനം ചെയ്യുന്നത്, ചിത്തത്തെയല്ല.

ഏതു സ്ഥലമാണെന്നറിയാതെ കുഴങ്ങുന്ന നായകന്റെ ദിഗ്ഭ്രമത്തെ ദൂരീകരിക്കത്തക്കവണ്ണം ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ടുള്ള ഗീതങ്ങൾ കേട്ട്-വന്ദികൾ പത്മനാഭനെ സ്തുതിക്കുന്നതു കേട്ട്-തിരുവനന്തപുരമെന്നു മനസ്സിലാക്കി എന്നു സൂചന. വന്ദി-സ്തുതിപാഠകൻ.

കാളം പോലേ കുസുമധനുഷോ ഹന്ത! പൂങ്കോഴി കൂകീ
ചോളം പോലേ ചിതറിവിളറീ താരകാണാം നികായം
താളം പോലേ പുലരിവനിതസ്സ്വാഗതേ സൂര്യചന്ദ്രൗ
നാളം പോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ. 6

ഹന്ത, കുസുമധനുഷഃ-കാമദേവന്റെ, കാളംപോലെ-കാഹളം പോലെ, പൂങ്കോഴി കൂകി; താരകാണാം-നക്ഷത്രങ്ങളുടെ, നികായം-കൂട്ടം,

ചോളംപോലെ ചിതറിവിളറി. [ചെറുകി വിളറി-ഗ്ര. പാ.] പുലരിവനിതയ്ക്കു്-പ്രഭാതമാകുന്ന വനിതയ്ക്കു്, താളം പോലെ, സൂര്യചന്ദ്രൗ ആഗതൗ സൂര്യചന്ദ്രന്മാർ ആഗമിച്ചു സ്ഥിതിചെയ്തു. [ചന്ദ്രസൂര്യൗ എന്നു മൂ. പാ. സൂര്യചന്ദ്രൗ എന്നു ഗ്ര. പാ.]. നളിനകുഹരാൽ-താമരപ്പൂവിന്റെ ഉള്ളിൽനിന്നും, ഭൃംഗരാജി-വണ്ടിൻകൂട്ടം, നാളംപോലെ, ഉദ്ഗമിച്ചു-പൊങ്ങി, പറന്നു.

താമരയെയും വണ്ടിനെയും പറ്റി ഇതേ ആശയം പ്രകടിപ്പിക്കുന്ന ഒരു തമിഴ് കവിതാഭാഗം കാണുക.—

ചിറുമിയർ മുകം കമലമെന വായ് തിറന്തവയിലെല്ലാം
പെറുമ് മതുകരങ്കളും ചെന്തീയെഴു പുകയെന പറന്തി.

അഴകർകലമ്പകം-വെമ്പത്തൂർ.

യുവതികളുടെ മുഖം ചന്ദ്രനാണെന്നു ധരിച്ചു വികസിച്ച അംബുജത്തെയും, അതിൽനിന്നു പറന്ന വണ്ടിനെയും ചെന്തീയും പുകയും ആയി കണ്ടു പാറി.

പ്രഭാതകാലത്തിൽ അനുക്രമമായി വരുന്ന സംഭവങ്ങളെ സൂചിപ്പിച്ചിരിക്കുന്നു. ഗാനത്തിന്റെ താളംപോലെ പൂങ്കോഴിയുടെ കൂവൽ അന്ത്യയാമത്തിനു സ്വാഗതമരുളുന്നു; കുറേശ്ശെ വെളുത്തപ്പോൾ വിളറിയ താരാഗണം പ്രഭാതദേവതയെ ആദരിച്ചു് വിതറിയ ആചാരമലർപ്പൊരിപോലെ ആകാശത്തിൽ കാണായി. പിന്നീടു് സൂര്യോദയം ആയപ്പോഴേയ്ക്കും താഴെയും മേലുമായി ആകാശത്തിൽ കണ്ട സൂര്യചന്ദ്രന്മാർ പുലരിവനിതയുടെ കൈകളിലും വഹിച്ച താളത്തിനുള്ള കൈമണിപോലെ കാണാകുന്നു. അതും കഴിഞ്ഞു് സൂര്യോദയത്തിൽ പതുക്കെ വിടർന്നുവന്ന താമരയുടെ ഉള്ളിൽനിന്നു് രാത്രിയിൽ അവിടെ കുടുങ്ങിക്കിടന്ന വണ്ടു പറന്നതു് ആതിത്ഥ്യപൂജയ്ക്കു വച്ച നളിനദീപികയിൽ നിന്നു് ഉയർന്ന ധൂപനാളംപോലെ കാണായി.

അനേകം മധുരസ്മരണകളെ ഉണർത്തത്തക്ക ഈ ഉപമകൾ ശ്രദ്ധേയമാണു്.

'നാളംപോലെ' എന്ന ഭാഗത്തെ ദീപനാളംപോലെ എന്നു ചിലർ വ്യാഖ്യാനിക്കുന്നു. താമരനാളംപോലെ എന്നു മറ്റു ചിലർ. സാധാരണ നാളം പൂവിൽ നിന്നു കീഴോട്ടു കിടക്കുമ്പോൾ ഇവിടെ അതിനു വിപരീതമായി മേലോട്ടു നാളം വളരുന്നു എന്നു തോന്നത്തക്കവണ്ണം താമരപ്പൂവിൽ നിന്നു വണ്ടുകൾ പറന്നുപോയി എന്നു് അതിനു് അർത്ഥം കല്പിക്കുന്നു.

'താളംപോലെ പുലരിവനിതയ്ക്കു്' എന്നതിന്റെ ആശയം സ്പഷ്ടമാക്കുന്ന വേറൊരു പദ്യമുണ്ടു്.

മദനവിജയകീർത്തിം സൽകൃതേ പാടുവാനെ-
ന്നാഹിതകിരണചന്ദ്രൻ താളമാമാറു കൊണ്ടു്
അതിലളിതമവറാലൊൻറുയർത്താൻറു താൾത്തീ-
ട്ടുഹരിഹ ചെറിയശ്രീ നൂനമേഷ ധ്രുവോഷ്മ. (പദ്യരത്നം)

നീലകണ്ഠൻറിൻ മണിമകുടവത്' ദൃശ്യതേ ഭാനുബിംബം
ചാലത്താണൂ കടലിലണിവെൺതിങ്കൾ നാലൊൻറു പോരെ
കാലത്തേ നീ തുയിലെഴ കയിൽപ്പേട പാടിൻറതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുററമ്പുമെൻ തമ്പിരാനേ ൧

ഭാനുബിംബം - സൂര്യബിംബം, നീലകണ്ഠൻറിൻറ മണിമകുടംപോലെ, ദൃശ്യതേ - കാണപ്പെടുന്നു. പത്മനാഭസ്വാമിക്ഷേത്രത്തിൻറെ മുമ്പിൽനിന്നു കിഴക്കോട്ടു നോക്കിയാൽ കിഴക്കുള്ള മലകൾ ആകാശത്തെ താങ്ങുന്ന നീലകണ്ഠനെപ്പോലെ കാണാം. ഉദയസൂര്യൻ അതിൻറെ മണിമകുടംപോലെ തോന്നും. അണിവെൺതിങ്കൾ - അണി വെൺ തിങ്കൾ—മനോഹരമായ വെളുത്ത ചന്ദ്രൻ, നാലൊൻറു പോരെ - നാലൊന്നു പോരാത്തകവണ്ണം, [നാലൊൻറു പോരാ എന്നു മൂ. പാ. നാലൊൻറുപോരെ എന്നു ഗ്ര. പാ. നാലിലൊരു ഭാഗം ഒഴിച്ചു ബാക്കിയുള്ളതു് എന്നർത്ഥം]. ചാലത്താണൂ കടലിൽ—ചന്ദ്രബിംബം മുക്കാൽ ഭാഗവും കടലിൽ മുഴുകി. 'മൂന്നാമത്തെ വരി മൂ. പാ. 'കാലത്തെഴും വെയിലെറുകയിൽപ്പെട്ടു പാടിൻറതും കേൾ' എന്നാണു്. കാലത്തു്, എഴും - എഴുന്ന, വെയിൽ, എറുകയിൽ— നെറുകയിൽ, പെട്ടുകൊണ്ടു് പാടുന്നതും ഇത്യാദിയാണു് അതിനു് അർത്ഥം കൊടുത്തു കാണുന്നതു്. പാഠഭ്രമംകൊണ്ടു വന്നിട്ടുള്ള അനർത്ഥമാണു് ഇവിടെ. 'എറുകയിൽ' എന്നതിനു 'നെറുകയിൽ' എന്നു രൂപം ഉണ്ടാക്കിയെടുക്കുന്നതു ക്ലിഷ്ടമാണു്]. മുദ്രിതപാഠം അനുസരിച്ചാൽ 'പാടിൻറതു്' എന്നതിനു കർത്താവും ഇല്ല. 'കാലത്തേ നീ തുയിലെഴ കയിൽപ്പേട പാടിൻറതും കേൾ' എന്നുള്ള ഗ്ര. പാ. സ്വീകരിച്ചിരിക്കുന്നു. പത്മനാഭനെ സംബോധനചെയ്തുകൊണ്ടു് നിദ്ര ഉണർത്തുകയാണല്ലോ ചെയ്യുന്നതു്. കാലത്തേ നീ, തുയിൽ എഴ—ഉറക്കമെണീക്ക; കയിൽപ്പേട പാടിൻറതും കേൾക്കുക. വേലപ്പെണ്ണിൻറെ—കടൽമാതിൻറെ—ലക്ഷ്മിയുടെ, മുലയിൽ, ഇതമുററു്—ഹിതമായി, അമ്പുന്ന—വസിക്കുന്ന, എൻറെ തമ്പുരാനേ എന്നു സംബുദ്ധി.

കിഴക്കു നീലനിറത്തിൽ കാണുന്ന കുന്നിൻറെ കിരീടം പോലെ സൂര്യബിംബം കാണുന്നു. പടിഞ്ഞാറു കടലിൽ ചന്ദ്രൻ മുക്കാലും മുഴുകി കഴിഞ്ഞു. ലക്ഷ്മീകാമുകനായ തമ്പുരാനേ അവിടുന്നു കാലത്തു് ഉറക്കമെണീററു കയിൽപ്പേട പാടുന്നതു കേട്ടാലും എന്നു ഭാവം.

സൂര്യോദയത്തിലെ ചന്ദ്രാസ്തമയം വെളുത്ത വാവിനു മാത്രമുള്ളതാണു്.

സാധാരണ കാവ്യശൈലിയനുസരിച്ച് ഇങ്ങനെ ഇവിടെ വർണ്ണിച്ചിട്ടുള്ളതാണ്. 'യാത്യേകതോഽസ്തശിഖരം', എന്നതുടങ്ങുന്ന ശാകുന്തളശ്ലോകം കാണുക. എന്നാൽ 'അഞ്ചാം പക്ക'ത്തിനു ഈ വർണ്ണന ചേരുന്നതല്ല.

സൂര്യന്റെയും ചന്ദ്രന്റെയും സ്ഥിതിയനുസരിച്ചു ശുക്ലപക്ഷമോ കൃഷ്ണപക്ഷമോ എന്ന ഗണന അവതാരികയിൽനിന്നു മനസ്സിലാക്കുക.

എന്നെല്ലാം കേട്ടവനൊരു നെടുങ്ങാശ്വസിക്കുന്ന നേരം
കന്നിച്ചെങ്ങും കുയിൽനിനദവും കൂവുമക്കാവുതോറും
ഒന്നിച്ചച്യുതതനയനൊടൊത്തു വണ്ടിൻനിനാദൈ-
രുച്ചൈരാർത്തപ്പോളൊരു പട്ടുകൊലക്കാരി വന്നാൻ വസന്തഃ. 8

എന്നെല്ലാം കേട്ട് അവൻ ഒരു നെടുങ്ങ് ആശ്വസിക്കുമ്പോൾ, കൂവും അക്കാവുതോറും കുയിലുകൾ കൂവുന്ന ഓരോ കാവിൽനിന്നും, കുയിൽനിനദവും, എങ്ങും കന്നിച്ചു - എവിടെയും ഉയർന്നു; എന്നുമല്ല അത്രിഹാ, അച്യുതനന്ദനനോട് - കാമനോട്, ഒന്നിച്ച്, വണ്ടിൻനിനാദൈഃ- വണ്ടിന്റെ ശബ്ദങ്ങളാൽ ഉച്ചൈഃ-ഉറക്കെ, ആർത്ത്, പട്ടുകൊലക്കാരി വസന്തഃ വന്നാൻ - വലിയ കൊലയാളിയായ വസന്തം വന്നു.

പത്മനാഭനെ സ്തുതിക്കുന്നതു കേട്ട നായകൻ ആശ്വസിച്ചപ്പോൾ ആ ആശ്വാസത്തെ ഇല്ലാതാക്കുമാറു കൂവുന്ന കാവിൽനിന്നു കുയിൽനാദം കേട്ടു. അതിനും പുറമേ, ദാരുണനായ വസന്തം കാമദേവനോടു ചേർന്ന് വണ്ടിൻനാദം മുഴക്കിക്കൊണ്ടു വന്നു.

'കൊലക്കാരി' പുല്ലിംഗമായി പ്രയോഗിച്ചിരിക്കുന്നു. ഇതു സാധാരണ രീതിയല്ല. കൊലക്കാരൻ എന്നാണല്ലോ വരേണ്ടതു്. [പട്ടുകൊലയ്ക്കായി വന്നാൻ വസന്തഃ എന്നായിരിക്കുമോ ശരിയായ പാഠം? ഏതായാലും ഗ്രന്ഥത്തിലും 'കൊലക്കാരി' എന്നുതന്നെ.] 'വസന്തഃ' എന്ന ഗ്രന്ഥപാഠം സമീചീനം. 'വസന്തം' എന്ന മുദ്രിതപാഠം ശരിയല്ല. വന്നാൻ എന്ന പുല്ലിംഗരൂപം ഘടിക്കാതെ വരും. വസന്തൻ എന്നാണു മദ്രാസ് കടലാസ് മാതൃകയിലെ രൂപം.

തേന്മാവിന്മേൽപ്പരഭൃതകുലം, ഭൃംഗമാലാ പലാശേ,
മാരൻകുരമ്പുള ചുഴലവും ചെമ്പകക്കാവുതോറും,
തെന്റൽക്കന്റുണ്ടിനിയ ബകുളേ, കിംശുകേ കിംശുകാളീ,
നാളീകത്താർ നളിനിയിലവന്നെങ്ങു നോക്കാവുതന്റു"? 9

തേന്മാവിൽ, പരഭൃതകുലം-കുയിലിൻ കൂട്ടം; പിലാശുമരത്തിൽ ഭൃംഗമാല; ഭൃംഗം - വണ്ട്. മാലാ - സമൂഹം; ചെമ്പകക്കാവുതോറും, ചുഴലവും-ചുറ്റും, മാരന്റെ-കാമന്റെ, കുരമ്പ്, ഉള-ഉണ്ട്. 'ഉള' എന്നു

ബഹുവചനരൂപം. ഉൾ—ഉള്ള. ചെമ്പകപ്പൂക്കളെ രൂപകാതിശയോക്തി രീതിയിൽ മാരന്റെ ശരമ്പുകളാക്കി കല്പിച്ചിരിക്കുന്നു. ചെമ്പകക്കാവു തോറും എന്നു മൂ. പാ. ചെമ്പകക്കൊമ്പു് എന്നു ഗ്ര. പാ. സമീപിനം. നൂനിയ—നല്ല. ബകുളേ-ഇലഞ്ഞിയിൽ, തെന്നൽക്കന്നു് ഉണ്ടു്. തെന്നലിന്റെ കന്നു്-കന്നു്. കുട്ടി-ഇളങ്കാററു്. കിംശുകേ-മുരിക്കിൽ, കിംശുകാളീ-കിംശുകസമൂഹം, അവിടെ കിംശുകസമൂഹമായതുകൊണ്ടു് അവിടെയും നോക്കാൻ നിവൃത്തിയില്ലെന്നു സാരം. നളിനിയിൽ-താമരക്കുളത്തിൽ, നാളീകങ്ങൾ-താമരപ്പൂക്കൾ; പിന്നെ എവിടെയാണു്, അററു് - അന്നു്, ആ നായകൻ നോക്കുന്നതു്?

കിംശുകേ കിംശുകാളി എന്നതിനു് മുരിക്കിൽ മുരിക്കിൻ പൂ എന്നു് ആണു് സാധാരണമായ അർത്ഥം. മുരിക്കിൻ പൂ വിയോഗികളെ ഭഹിപ്പിക്കാൻ കാമൻ ചെയ്യുന്ന അഗ്നിജ്വാലമയനായിരിക്കാം കവിഭാവന. 'കിം കിംശുകൈർശുകമുഖച്ഛവിഭിർന്ന ദഗ്ദ്ധം' എന്ന ഋതുസംഹാരത്തിലെ പ്രയോഗം കാണുക.

'കിംശുകത്തിൽ—മുരിക്കിൽ, കിം എന്തു്? ശുകാളി, ശുകസമൂഹം' എന്ന രീതിയിലും വ്യാഖ്യാനിച്ചു കാണുന്നു.

നോക്കുന്നിടത്തെല്ലാം വിയോഗദുഃഖത്തെ വർദ്ധിപ്പിക്കുന്ന ചുററുപാടുകൾ തന്നെ കാണ്മു എന്നു സാരം.

കോകശ്രേണീവിരഹനിഹിതം തീനറുങ്ങെന്റ പോലെ
തുകിത്തുകിത്തുഹിനകണികാം തൂൺ പൂങ്കാവിലൂടെ
സ്ഫോരകോന്മീലനളിനതെളിതേൻ കാളകൂടാംബു കോരി-
ത്തേകിത്തേകി പ്പവനനവനെച്ചെന്റു കൊൻറാൻ തദാനീം. 10

കോകശ്രേണിയുടെ-ചക്രവാകസമൂഹത്തിന്റെ, വിരഹനിഹിതമായ-വിരഹംകൊണ്ടു വയ്ക്കപ്പെട്ട-ഉണ്ടായ, തീനറുങ്ങു്—തീക്കണ്ണം, എന്നപോലെ, തുഹിനകണികാം—ഹിമകണത്തെ—മഞ്ഞുനീർത്തുള്ളിയെ, തൂൺ പൂങ്കാവിലൂടെ-ഇടതൂർന്നു വൃക്ഷങ്ങൾ വളരുന്ന പൂങ്കാവിലൂടെ, തുകിത്തുകി—ധാരാളമായി തുകിക്കൊണ്ടും, സ്ഫോരകോന്മീലത്തായ-കുറച്ചു വിടർന്ന, നളിനത്തിന്റെ തെളിതേനാകുന്ന, കാളകൂടാംബു-വിഷജലം, കോരിത്തേകി, പവനൻ-കാററു്, തദാനീം-അപ്പോൾ, ചെന്നു് അവനെ കൊന്നാൻ-നിഗ്രഹിച്ചു.

തേകിത്തോകപ്പവനൻ എന്നു മൂ. പാ. തോകപ്പവനൻ-ഇളംകാററു്. തേകിത്തേകിപ്പവനൻ ഗ്ര. പാ. കോകശ്രേണീമനസി നിഹിതം എന്നു ഗ്ര. പാ. രാത്രിയിൽ പിരിഞ്ഞിരുന്ന ചക്രവാകങ്ങളുടെ വിരഹാഗ്നിയുടെ കണങ്ങളെന്നു തോന്നുന്ന മഞ്ഞുനീർത്തുള്ളികളെ പൂങ്കാവിലൂടെ തുകിക്കൊണ്ടും, പാതിയെ വിടർന്നുവരുന്ന താമരപ്പൂക്കളിലെ

തേനാകുന്ന കാളകൂടജലത്തെ കോരിത്തേകിക്കൊണ്ടും ബാലാനിലൻ വന്നു് ആ വിരഹാതുരനെ കൊന്നു.

തുഹിനകണികാം തുന്—മഞ്ഞുതുള്ളികൾ തുന് എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നതു ശരിയെന്നു തോന്നുന്നില്ല. 'തുഹിന കണികാം' എന്നതു് ഉൽകിരന്നകി എന്നതിന്റെ കർമ്മവും, 'തുന്' എന്നതു് പൃഷാവിന്റെ വിശേഷണവും ആണു്.

തുന് എന്നതിനു് പരിപൂർണ്ണമായ എന്നു ചിലർ കൊടുക്കുന്ന അർത്ഥത്തെക്കാൾ ഇടതൂർന്ന വൃക്ഷങ്ങളുള്ള എന്ന അർത്ഥമാണു യോജിക്കുന്നതു്.

സംഗമാദേശാദിഷു ചലദൃശാം മാരണേ വൈരിപുംസാം
ചിത്താന്മോഹാദിഷു ച വിദുഷാം പാർക്കിൽ നല്ലോരു മന്ത്രം
തൃപ്പാപ്പൂർ മൂപ്പുഴക പൊഴിയും വീരനാതിച്ചവർമ്മൻ
മൃത്യുഞ്ജയം വിതരു സഹസാ തസ്യ മൃത്യുഞ്ജയോƽഭൂത്. 11

ചലദൃശാം—ചലദൃക്കുകൾക്കു്—സുന്ദരിമാർക്കു്, സംഗമാദേശാദിഷു—സംഗമാദേശങ്ങളിലും—ഭോഗനിർദ്ദേശങ്ങളിലും, വൈരിപുംസാം—ശത്രുക്കൾക്കു്, മാരണത്തിലും—നാശത്തിലും, വിദുഷാം—വിദ്വാന്മാർക്കു്—ചിത്താന്മോഹാദികളിലും, പാർക്കിൽ—ഓർത്താൽ, നല്ലോരു മന്ത്രമായ, തൃപ്പാപ്പൂർ മൂപ്പനായ അഴക പൊഴിയും വീരനാതിച്ചവർമ്മൻ, മൃത്യു—ഗർവ്വിൽ, 'ഉണ്ട്' എന്നു വിതരു്, തസ്യ—അവനു്, മൃത്യുഞ്ജയനായി ഭവിച്ചു.

'സംഗമാവേശാദിഷു' എന്നു ഗ്ര. പാ. സംഗമമായ ആവേശങ്ങളിൽ—സംഗമമായ സമാഗമങ്ങളിൽ എന്നർത്ഥം. 'വൈരിപുംസാം' എന്നതിനു് 'വൈരിരാജ്ഞാം' എന്നു ഗ്ര. പാ. 'പാർക്കിൽ നല്ലോരു മന്ത്രം' എന്നതിനു് 'ചാല നല്ലോരു മന്ത്രം' എന്നും കാണുന്നു. ഈ പാഠഭേദങ്ങൾ ശ്രദ്ധാർഹമല്ല. ആവേശം, മാരണം, മൃത്യുഞ്ജയം എന്നിവയെല്ലാം മന്ത്രവാദത്തിനു ചേർന്ന ശബ്ദങ്ങളാണെന്നു ധരിക്കണം. ഇവ ശത്രുസംഹാരത്തിനു വേണ്ടി മാന്ത്രികന്മാർ ചെയ്യുന്ന കർമ്മങ്ങളാണു്.

സുന്ദരിമാരുടെ സമാഗമോത്സവത്തിനും, വൈരി രാജാക്കന്മാരുടെ മാരണക്രിയയ്ക്കും, വിദ്വാന്മാരുടെ ചിത്താനന്ദത്തിനും ഉതകുന്ന മന്ത്രംപോലെ പ്രഭാവശാലിയായ തൃപ്പാപ്പൂർ മൂപ്പനായ ആദിത്യവർമ്മ ആ വിയോഗിയുടെ മുമ്പിൽ മൃത്യുഞ്ജയനെപ്പോലെ ചെന്നു ചേർന്നു. പവനൻ വധിച്ച കാമിയെ പുനർജ്ജീവിപ്പിക്കാനായി മൃത്യുഞ്ജയൻ ആവിർഭവിച്ചു എന്നു യുക്തി.

കണ്ടാൻ കണ്ടിപ്പുരികഴലിമാർമാരനെപ്പിന്നെ മുന്നൽ
കൊണ്ടാടാവോ ചില ഗുണഗണം ചേർന്ന പുണ്യാംബുരാശിം
തണ്ടാർമാതും കവിവനിതയും തങ്ങിയൻറൻറു പുലർകം
ചണ്ടാർ വെൻറിക്കൊടിയെ വെടിയിൻേറാൾ കല്പാന്തവഹ്നിം. 12

കണ്ണിപ്പൂരികുഴലിമാർക്ക് മാരനും, കൊണ്ടാടാവോന്നായ അനേകം ഗുണങ്ങളുള്ള പുണ്യാംബുരാശിയും, തണ്ടാർമാതും കവിവനിതയും, തങ്ങി-അന്വേഷിച്ചു ചെന്ന്, അന്നന്നു പൂർക്കുന്ന ചണ്ടാർവെൻറി കൊടിയും വെടിയുന്നോർക്ക് കല്പാന്തവഹ്നിയും ആയ (ആദിത്യവർമ്മയെ) പിന്നെ മുന്നിൽ കണ്ടാൻ എന്ന് അർത്ഥയോജന.

പിന്നെ ആ വിയോഗി ആദിത്യവർമ്മയെ മുമ്പിൽ കണ്ടു എന്നു സാരം.

സംസ്കൃതരീതി അനുസരിച്ചു വിശേഷണവിശേഷ്യങ്ങളെ ഒരേ വിഭക്തിയിലാക്കി പ്രയോഗിച്ചിരിക്കുന്നു. മാരനെ പുണ്യാംബുരാശിം വെൻറിക്കൊടിയെ കല്പാന്തവഹ്നിം കണ്ടാൻ എന്നു വാക്യഘടന.

കണ്ണിപോലെ മനോഹരവും പുരിഞ്ഞതുമായ, കുഴൽ-തലമുടി, ഉള്ളവർക്ക്-സുന്ദരിമാർക്ക്, മാരനെ-കാമനായുള്ളവനെ; കൊണ്ടാടാവാ-കൊണ്ടാടാൻ നിവൃത്തിയില്ലാത്ത എന്നു ചിലർ എഴുതുന്നു. (ആവുക എന്നതിൻെറ നിഷേധരൂപം ആവാ. ആവോ എന്നാണ് ഇവിടെ രൂപം). പുണ്യാംബുരാശിം-പുണ്യസമുദ്രത്തെ, തണ്ടാർമാതു് പൂമാതു്-ലക്ഷ്മി. കവിവനിത-സരസ്വതി, അൻറന്റു്-അന്നന്ന്, പൂർക്കുന്ന, ചണ്ടാർ വെൻറിക്കൊടിയെ-ശത്രുക്കൾക്കു ജയക്കൊടിയെ-ശത്രുക്കളെ ജയിക്കുന്ന കൊടിയെ, വെടിയിനർക്ക്-ഉപേക്ഷിക്കുന്നവർക്ക്-പക്ഷത്തിൽനിന്നു മാറിപ്പോകുന്നവർക്ക്, കല്പാന്തവഹ്നിം-പ്രളയാഗ്നിയെ.

ഈ ഉല്ലേഖങ്ങളെക്കൊണ്ട് ആദിത്യവർമ്മയുടെ അപദാനങ്ങളെ കീർത്തിച്ചിരിക്കുന്നു.

തണ്ട് ഇയന്ന് ഒന്നു പൂർക്കും എന്നു പിരിച്ചും വ്യാഖ്യാനിച്ചു കാണുന്നു. അതു സുഗമമല്ല. മുന്നം എന്നു മൂ. പാ. മുന്നൽ എന്നു ഗ്ര. പാ.

നീർത്താനിന്ദൂപലമിവ തെളിഞ്ഞാമ്പൽപോലേ ചിരിച്ചാൻ
ആർത്താൻ വണ്ടിൻകുലമിവ, വളർന്നാൻ പയോരാശിപോലേ,
പീത്വാ രൂപാമൃതമിളകിനാനേഷ ചെമ്പോത്തുപോലേ
ക്രുദ്ധാൻ കാമീ മദനനിവ പോന്നാഗതേ വീരചന്ദ്രേ. 13

എന്ന കാമീ-ഈ കാമി, വീരചന്ദ്രേ പോന്നാഗതേ-വീരചന്ദ്രൻ വന്നപ്പോൾ, ഇന്ദൂപലം ഇവ നീർത്താൻ-ചന്ദ്രകാന്തക്കല്ലു് എന്നപോലെ, നീർത്തു-അലിഞ്ഞു എന്നോ വിയർത്തു എന്നോ അർത്ഥമാകാം. മാനസികമായിട്ടുള്ള അലിവോ, കായികമായി വന്ന സാത്വികസ്വേദമോ ഉദ്ദേശിച്ച് ആയിരിക്കാം നീർത്തു എന്നു പറഞ്ഞിരിക്കുന്നതു്. തെളിഞ്ഞു് ആമ്പൽ പോലെ ചിരിച്ചു; വണ്ടിൻകുലം എന്നപോലെ ആർത്തു (സന്തോഷം കൊണ്ട് ആർത്തു എന്നർത്ഥം). പയോരാശിപോലെ-സമുദ്രംപോലെ വളർന്നു, ചന്ദ്രോദയത്തിൽ സമുദ്രം വേലിയേറ്റം കൊള്ളുന്നപോലെ ആ കാമിയുടെ

ഹൃദയത്തിൽ ആനന്ദലഹരി ഉയൎന്നു, രൂപാമൃതം–അമൃതസദൃശമായ രൂപം – സൗന്ദൎയ്യം, പീത്വാ – നുകൎന്നിട്ടു്, ചെമ്പോത്തുപോലെ – ഉപ്പൻപക്ഷിപോലെ, കൂജ്ജാൻ – കൂത്താട്ടുകയും ചെയ്തു.

ആദിത്യവൎമ്മയെ ചന്ദ്രനാക്കി രൂപണം ചെയ്തിരിക്കുന്നു. ചന്ദ്രോദയത്തിൽ ചന്ദ്രകാന്തശില ഇളകിയുരുകുന്നവസ്തു് ഉണ്ടാകുന്ന വികാരങ്ങൾ ആദിത്യവൎമ്മയുടെ ദൎശനത്തിൽ ആ കാമുകന്നു് ഉണ്ടായി. കവിസങ്കേതം അനുസരിച്ചുള്ള വൎണ്ണനയാണു് ഇതു്. ചന്ദ്രോദയത്തിൽ സമുദ്രം വേലിയേററം കൊള്ളുന്നു എന്നും, ചന്ദ്രനിലുള്ള അമൃതത്തെ ചകോരങ്ങൾ ആസ്വദിക്കുന്നു എന്നും മററും കവിസങ്കേതങ്ങൾ. ['ചെമ്പ്രാത്തു്' മൂ. പാ. 'ചെമ്പോത്തു്' ഗ്ര. പാ. ചെമ്പോത്തു് എന്നതിന്റെ ഗ്രാമ്യരൂപം. 'ചെമ്പ്രാത്തു്' എന്ന രൂപം തെററാണെന്നു തോന്നുന്നു. വീരർ എന്നതു് പണ്ടു് ഇളമുറ രാജാവിന്റെ സ്ഥാനപ്പേരു് ആയിരുന്നു എന്നു് ഒരു വ്യാഖ്യാനത്തിൽ പറയുന്നു. അതിനു പ്രമാണം കാണുന്നില്ല. 'വീര' എന്നും 'ശ്രീവീര' എന്നും ചേൎത്തായിരുന്നു തിരുവിതാംകൂർരാജാക്കന്മാരുടെ പേരു് എഴുതി വന്നതു്. [സദസ്യതിലകന്റെ തിരുവിതാംകൂർ സ്റ്റേററുമാന്വൽ വാല്യം I. അനുബന്ധം പുറം 285–ൽ കൊടുത്തിട്ടുള്ള രാജാക്കന്മാരുടെ പേരുകൾ നോക്കുക.]

താന്താനേ വന്നുപഗതോ ദൈവയോഗാദിദാനീം
കാന്താചാന്താർമുലയിനു പിരിഞ്ഞുള്ള താപം വിഹന്തും
ആന്താനെന്റണ്ടവനണഞ്ഞെത്തിനാനാത്തരാഗം
ചെന്താർമാതിൻ കലനിലയമാം വീരവേണാടർകോനെ. 14

ദൈവയോഗാൽ–ഭാഗ്യയോഗം കൊണ്ടു്, ഇദാനീം–ഈ സമയത്തു്, കാന്തയുടെ ചന്താൎന്ന മുലയിണ പിരിഞ്ഞതിലുള്ള താപത്തെ, വിഹന്തും–ഇല്ലാതാക്കുന്നതിനു്, അയം–ഇദ്ദേഹം, താൻ താനേ, വന്നു് ഉപഗതഃ–വന്നുചേൎന്നു. ഞാൻ അന്വേഷിക്കാതെ ഭാഗ്യം കൊണ്ടു് തന്നെത്താനേ ഇദ്ദേഹം വന്നുചേൎന്നു. ആദിത്യവൎമ്മയെ കണ്ടപ്പോൾ ആ കാമിക്കു് ഉണ്ടായ ആശ്വാസവിചാരമാണു് ഇതു്. ഉടൻ–ആദിത്യവൎമ്മയെ കണ്ട ഉടനേ, അവൻ–ആ കാമി, ആന്താൻ എന്നു് ആത്തരാഗം ചെന്താർമാതിൻ കലനിലയമായ വേണാടർകോനെ അണഞ്ഞു്–അടുത്തുചെന്നു്, എത്തിനാൻ–പുക്കു്–വണങ്ങി. അണഞ്ഞു് എന്നു കഴിഞ്ഞു് എത്തിനാൻ എന്നതു പുനരുക്തമാണു്. എത്തിനാൻ എന്നാണു സാധുവായ രൂപം. ആന്താൻ–നാഥൻ, ഉടമസ്ഥൻ എന്നു് അൎത്ഥം. തന്റെ ആന്താനാണു്–നാഥനാണു് എന്നു് അവൻ ആദിത്യവൎമ്മയെ അണഞ്ഞു്, എത്തി–വണങ്ങി എന്നു് അന്വയയോജന. ['ആന്താനെന്റണ്ടു്' എന്നു ഗ്ര. പാ. ഞാൻ താനെന്റണ്ടു്—മൂ. പാ.] അതിനു ഞാൻ താൻ എന്നു പറഞ്ഞുകൊണ്ടു്, എന്നിപ്പടി അൎത്ഥം. 'ആന്താനും ഞാന്താനും' എന്നു ഗ്രാമ്യശൈലി. നാഥൻ എന്നൎത്ഥം. ആണ്

താൻ എന്നായിരിക്കാം വ്യുൽപത്തി. വേണാടർകോൻ എന്നതിന് വേണാട്ടു രാജാവ് എന്ന സാമാന്യമായ അർത്ഥമേ ഉള്ളൂ. വേണാട്ടുമൂപ്പൻ എന്ന അർത്ഥം ഉദ്ദേശ്യമായ കൃതത്തിൽ.

ആകല്പം വാഴ്ന്നതല്ലൊ പകയർന്നന്തകാ! ഹന്ത ഭൂമി-
ക്കാകല്പം നീ പവിഴമണിയേ, വാണിയും പൂവിൽമാതും
വീകിച്ചു വന്നഴകൊടു പുണർന്നിട്ടമർത്തിച്ചുവമ്മാ!
മേകത്തോടും കൊടയിലിടയിന്റോരു കാരുണ്യസിന്ധോ! 15

ആദിത്യവർമ്മയെ വിയോഗി അളിസംബോധനം ചെയ്തു പറയുന്നു.— പകയർക്ക് അന്തകാ - പക ചെയ്യുന്നവർക്ക് - എതിരാളികൾക്ക്, കാലനായുള്ളോവേ, ആകല്പം - കല്പാന്തം വരെ - ലോകാവസാനം വരെ, വാണതല്ലിയാലും. ഹന്ത, നീ ഭൂമിക്ക്, ആകല്പം ആഭരണമായ, പവിഴമണിയെ - പവിഴമണിയാണ്; [ആകല്പവേഷൗ നേപഥ്യം പ്രതികർമ്മ പ്രസാധനം എന്ന് അമരകോശം]. 'മൂവർമണിയേ' എന്ന മൂ. പാ. മൂന്നാമർ തികഞ്ഞവരിൽ രത്നമായവനേ എന്ന് അതിന് അർത്ഥം കൊടുത്തിരിക്കുന്നു. 'മൂഴ' എന്നതിൽനിന്ന് ഇങ്ങനെ രൂപം വരുന്നതാണോ എന്നു സംശയമാണ്. 'മഴവർമണിയേ' എന്നും പാഠം കാണുന്നുണ്ട്. അതിന്റെ അർത്ഥം വീരരത്നം, നാട്ടുവാഴികളിൽ രത്നം എന്നെല്ലാമാണ്. വാണിയും - സരസ്വതിയും, പൂവിൽമാതും - ലക്ഷ്മിയും, വീകിച്ചു വന്ന് അഴകൊടു പുണരുന്ന ആദിത്യവർമ്മ എന്നും മേകത്തോടുപോലും, കൊടയിൽ - ദാനത്തിൽ, ഇടയുന്ന കാരുണ്യസിന്ധോ എന്നും സംബോധനകൾ.

വീകിച്ചു എന്നതിന് 'മെല്ലെ മെല്ലെ ആയി' എന്നും, 'മത്സരത്തിൽ' എന്നും, 'ഗാഢമായിട്ടു' എന്നും മൂന്നു തരത്തിൽ മൂന്നു വ്യാഖ്യാനങ്ങളിൽ അർത്ഥം കൊടുത്തുകാണുന്നു. വീകിച്ചു എന്നതിന് വേഗത്തിൽ എന്നാണ് അർത്ഥം. വേഗത്തിന്റെ തദ്ഭവമാണ് വീകം. 'കൊടയിലിടയിന്റോരു' എന്നാണ് ഗ്ര. പാ. കൊടയിൽ എന്ന മുദ്രിത പാഠമാണ് സാധു. 'കല്യാണസിന്ധോ' എന്നതിന് 'കാരുണ്യസിന്ധോ' എന്ന ഗ്ര. പാ. മേഘത്തോടും എന്ന മൂ. പാഠത്തെക്കാൾ മേകത്തോടും എന്ന ഗ്ര. പാ. ആണ് സമീചീനം. അർത്ഥത്തിനു വ്യത്യാസമില്ലെങ്കിലും അതാണ് ഇവിടെ പ്രാസത്തിന് ഇണങ്ങുന്നത്.

എണ്ണിക്കൊള്ളാം പടയിലെഴുന്നള്ളത്തു കൊല്ലത്തുനിന്റോ
കണ്ണിൽക്കൂടാതടയരുടൽക്കൂറാളി! തോവാളനിന്റോ
വണ്ണിച്ചേറും ഭുജഗശയനം കണ്ടു കൈക്കൂപ്പുവാനെൻ
പുണ്യത്തിന്റെ പെരുമ നവരം നിൻ വരത്തെന്നു മന്യേ. 16

പടയിലെഴുന്നള്ളത്ത് - പടയോടുകൂടിയുള്ള - പരിവാരങ്ങളോടുകൂടിയുള്ള, എഴുന്നള്ളത്ത്, കൊല്ലുന്നതിന്നോ പരിപാലനത്തിന്നോ എന്ന്, എണ്ണിക്കൊള്ളാം - ഗണിച്ചുകൊള്ളാം. എണ്ണിക്കൂടാത്ത - ഗണിക്കപ്പെടാത്ത, അടയലർ - അടയലരുടെ ഉയർ - പ്രാണങ്ങളുടെ പരിഭവം. ഊരാളി - ഊരാളുന്നവനേ - വെട്ടിപ്പുകഴ്ന്നവനേ എന്ന സംബോധന. വഞ്ചിക്ഷ്മാ - ഏറാം വഞ്ചിക്ഷ്മ്, ഉണ്മയാണം - അനന്തശായിയെ - പത്മനാഭനെ, കൈകൂപ്പി പാദ - ... നിൻ വരവ് - തിരുവിടത്തെ വരവ് - എഴുന്നള്ളത്ത്, ... എൻ - എന്റെ, പുണ്യത്തിന്റെ ... എന്ന് ... ഞാൻ വിചാരിക്കുന്നു.

... എന്നതു് ... തൊഴാൻ വേണ്ടിയാണെന്ന് ... എന്നാണെന്ന ഞാൻ കരുതുന്നു.

'എണ്ണിക്കൊള്ളാം പടയിൽ' എന്നതിന് എണ്ണത്തക്കവണ്ണം കുറച്ചു മാത്രം പടയോടുകൂടി എന്ന ചിലർ അർത്ഥമെടുക്കുന്നു. അത്ര് ശുദ്ധരീതിയല്ല. എണ്ണിക്കൂടാത്ത - എണ്ണത്താത്ത - അസംഖ്യമായ.

['എണ്ണിക്കൊള്ളാം പടയും' എന്ന ഗ്ര. പാ. ഏഴത്തിൽ പിഴയാണ്].

ആറല്ലോ ചൊല്ലമരസരണൗ സംസ്കൃതപ്രാകൃതാഢ്യാം
മാറില്ലല്ലോ പുനരതിൽ നിനക്കിന്റു മംഗല്യകീർത്തേ!
ആറല്ലോ മൂന്റവനിവിഷയേ ചെന്ന ഭാഷാവിശേഷം
പോലല്ലേ നീ പറകിലവയിററിങ്കലും വീരമൗലേ! 17

അമരസരണൗ - അമരസരണിയിൽ - സംസ്കൃതത്തെ ദേവഭാഷയെന്ന പറയുന്നതുകൊണ്ട് ആര്യഭാഷാപദ്ധതിയിൽ എന്ന പ്രകൃതാർത്ഥം. സംസ്കൃതപ്രാകൃതാഢ്യാം - സംസ്കൃതം, പ്രാകൃതം എന്ന രണ്ടിനത്തിൽ നിന്ന്, ചൊല്ല് - ഭാഷ, ആറാണല്ലോ. സംസ്കൃതപ്രാകൃതാനാം എന്ന ഗ്ര. പാഠത്തിൽ സംസ്കൃതപ്രാകൃതങ്ങളുടെ എന്ന് അർത്ഥം. പ്രാകൃതാഢ്യാം എന്ന ഗ്ര. പാഠമാണ് സമീചീനം. [ഏതു് ആറു് ആര്യഭാഷകളെയാണു പരാമർശിക്കുന്നതെന്നു വ്യക്തമല്ല. മഹാരാഷ്ട്രി, പൈശാചി, മാഗധി, ശൗരസേനി, ചൂളികാപൈശാചി, അപഭ്രംശം എന്നിവ ആയിരിക്കണം. വരരുചിയും ഹേമചന്ദ്രനും ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്.] മംഗല്യകീർത്തേ, പുനരതിൽ നിനക്കിന്ന മാറ് ഇല്ലല്ലോ. മാറ് - ഒപ്പം - സാമ്യം എന്ന് അർത്ഥം. അവനിവിഷയേ ചെന്ന ഭാഷാവിശേഷം ആറല്ലോ മൂന്റ് - ഭൂമിയിലുള്ള ഭാഷാവിശേഷങ്ങൾ, ആറുമൂന്ന് - പതിനെട്ട്, ആണല്ലോ. അന്നത്തെ പതിനെട്ടു ഭാഷകൾ - ചിങ്ങളം, ജോനകം, ജാവകം, ചീനം, തുളുവം, കടകം, കൊങ്കണം, കന്നടം, കൊല്ലം, തെലുങ്ക്, കലിംഗം,

വംഗം, ഗംഗം, മഗധം, കടാരം, ഗൗഡം, കോസലം, തമിഴ്, ഇവയാണ് പതിനെൺമൊഴി എന്നു തമിഴിൽ വ്യവഹരിക്കുന്നതു്. സംസ്കൃതം ഒഴികെയുള്ളവയാണ് ഇവ. (തമിഴ്‌ലെക്സിക്കൻ). അവയിററിലും-അവററിലും, വീരമൗലേ നീ വേറല്ലേ-നീ പ്രത്യേകമല്ലേ? അങ്ങയുടെ സ്ഥാനം പ്രത്യേകമല്ലേ? 'അതിന്റെ നില ഒന്നു വേറെ' എന്നു ശൈലി ഉണ്ടല്ലോ. പതിനെട്ടു ഭാഷകളിലുമുള്ള ജ്ഞാനത്തെ സംബന്ധിച്ചായാലും ആദിത്യവർമ്മയുടെ നില ഒന്നു വേറെയാണ്-അസാധാരണമാണ് എന്നർത്ഥം. cf. 'കനകവല്ലി വനഭുവിൽ നില്പ്പിലും കനകമാണതിനു കാന്തി വേറെയാം.' (നളിനി).

[വേറല്ലേ എന്നതിന് വേറു് അല്ലേ?—ഇണക്കമില്ലാത്തവനല്ലതന്നെ എന്നും, അപരിചിതൻ അല്ല എന്നും ചിലർ അർത്ഥകല്പന ചെയ്തിരിക്കുന്നതു് ഋജുവല്ല

അക്കാലത്തെ പരിഗണനയിൽ ആര്യഭാഷാവർഗ്ഗത്തിൽ ആറും അവയൊഴിച്ച് വേറെ പതിനെട്ടും ഭാഷകൾ ഉണ്ടായിരുന്നു. അവയിൽ എല്ലാം ആദിത്യവർമ്മയ്ക്കു് എതിരില്ലാത്ത പാണ്ഡിത്യം സിദ്ധിച്ചിരുന്നു എന്നു ഭാവം.

രാജ്യാനാമണിനിയ പതിനെട്ടിന്നുമിൻറായുധാനാം
വിദ്യാനാഞ്ച ത്വമസി പെരുമാൾ വീരസംഗ്രാമധീര!
നാലിന്നാററുപതിന്നുമിൻകലാകൗശലാനാം
ഗ്രാമാണാഞ്ച ശ്രിയമനുദിനം വാഴ്ത്തുവോരാപ്തബന്ധോ! 18

വീരസംഗ്രാമധീര, ത്വം അവിടുന്നു്, ഇൻറു്-ഇന്നു്, ഇനിയ നല്ല, രാജ്യാനാം ആയുധാനാം വിദ്യാനാം പതിനെട്ടിന്നും-പതിനെട്ടു രാജ്യങ്ങൾക്കും പതിനെട്ട് ആയുധങ്ങൾക്കും പതിനെട്ടു വിദ്യകൾക്കും, പെരുമാൾ, അസി-ആണ്. ത്വമസി എന്നു ഗ്ര. പാ. സമീചീനം. ത്വമപി എന്നു മുദ്രിതപാഠത്തിന്, നീയും-അവിടുന്നും എന്നു് അർത്ഥം. വീരരവിവർമ്മയ്ക്കു് ആയിരുന്നു സംഗ്രാമധീരബിരുദം ഉണ്ടായിരുന്നതു്. ആ ബിരുദം അനുസ്മരിച്ചായിരിക്കും ആദിത്യവർമ്മയെയും ഇങ്ങനെ സംബോധന ചെയ്യുന്നതു്. ആപ്തബന്ധോ, അറുപത്തിനാലു കലാകൗശലങ്ങളുടെയും, ഗ്രാമാണാം ച-ഗ്രാമങ്ങളുടെയും, ശ്രിയം-ശ്രീയെ-ഐശ്വര്യത്തെ, അനുദിനം-ദിവസവും, വാഴ്ത്തുവോരു-വാഴ്ത്തുന്ന ഒരു, വർദ്ധിപ്പിക്കുന്ന, ആപ്തബന്ധോ എന്നു സംബോധനം. വാഴുക എന്നതിന്റെ പ്രയോജകരൂപമാണ് വാഴ്ത്തുക. വീഴുന്നു, വീഴ്ത്തുന്നു എന്നപോലെ വാഴുന്നു, വാഴ്ത്തുന്നു എന്നു രൂപസിദ്ധി. വാഴ്ത്തുവോരു് എന്നതിനു് പുകഴ്ത്തുക എന്നല്ല, വാഴിക്കുക, വർദ്ധിപ്പിക്കുക എന്നാണു് ഇവിടെ അർത്ഥം.

അറുപത്തിനാലു കലകളെന്നു പ്രസിദ്ധി. കേരളത്തിലെ നമ്പൂരിഗ്രാമങ്ങളും അറുപത്തിനാലു്. കലകളുടെ എന്നപോലെ ഗ്രാമങ്ങളുടെയും ഐശ്വര്യത്തിനു നിദാനമാണ് ആദിത്യവർമ്മ.

[മുദ്രിതമായ പ്രസാധനങ്ങളിൽ 'ഗ്രാമാണാം ച ശ്രിയം' എന്നു തന്നെ പാഠം കാണുന്നു. എന്നാൽ അതിനു ശ്രീയെ എന്നല്ല, ആശ്രയം എന്നാണു് അർത്ഥം കൊടുത്തുകാണുന്നതു്. കലകൾക്കും ഗ്രാമങ്ങൾക്കും അവിടന്നു് ആശ്രയമാണല്ലോ എന്നു് അർത്ഥം കൊടുക്കുന്നു. മു. പാ. വും ഗ്ര. പാ. വും സമീചീനപാഠവും 'ശ്രിയം' എന്നായിരിക്കുന്ന സ്ഥിതിക്കു ശ്രീയെ വാഴുന്ന-വർദ്ധിപ്പിക്കുന്ന എന്നു മു.കളിൽ കാണിച്ച അർത്ഥമേ യോജിക്കൂ.]

[പതിനെട്ടു രാജ്യമെന്നു പറഞ്ഞിരിക്കുന്നതു് രാജ്യത്തിന്റെ പതിനെട്ടു വിഭാഗങ്ങളെപ്പറ്റിയാണു്. വളഞ്ചിയം എന്നാണു് അന്നു പറഞ്ഞിരുന്നതു്. കൊല്ലം 371-ാമാണ്ടത്തെ വെള്ളായണി ശിലാരേഖയിൽ വേണാട്ടിലെ 18 രാജ്യങ്ങളിലുള്ള വളഞ്ചിയരെപ്പറ്റി പ്രസ്താവമുണ്ടു് നോക്കുക. 'മൂന്റു മുതൈ മുട്ടകിൽ അറുനൂറ്റുവരും പണി ചെയ്യിൽവരെയും പതിനെട്ടിരാച്ചിയത്തിൽ വളഞ്ചിയരും ആരാളു പണ്ണി ആചന്തിരതാരവൽ മുട്ടാതെ ചെലുത്തുവിതു.' 1. പതിനെട്ടു രാജ്യത്തിൽ എന്നുതന്നെ പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക. രാജ്യവിഭാഗമെന്നേ രാജ്യത്തിനു് അർത്ഥമുള്ളു. ഇവിടെ പതിനെട്ടു വിഭാഗങ്ങൾ ഏതൊക്കെ എന്നു കൃത്യമായി അറിയുന്നില്ല. പാണ്ടിയെപ്പറ്റിയും കൊങ്ങിയെപ്പറ്റിയുമുള്ള ശാസനങ്ങളിലും പതിനെട്ടുനാട്ടു് എന്നൊരു വിഭാഗം കാണുന്നുണ്ടു്. കൊച്ചിയിൽ തളിയിൽ ക്ഷേത്രത്തിന്റെ രേഖയിൽ പതിനെട്ടു നാട്ടാരും അധികാരിയും എന്നു കാണുന്നു. 2. പാണ്ടിയിൽ രാമനാട്ടിലെ ഒരു രേഖയിൽ പതിനെട്ടു വിഷയങ്ങളിലെ ആളുകൾ ചേർന്നു ചില കാര്യങ്ങൾ ചെയ്തതായി കാണാം. 3. രാജ്യങ്ങളെ അന്നു പതിനെട്ടായി ഭാഗിക്കുന്ന പതിവു് ഉണ്ടായിരുന്നിരിക്കാം.]

ശൗണ്ഡീ, വേണു, സ്ഥൂനി, ശാബരികാ, പങ്കിതം, രാവണകൈ,
സാരംഗം, നന്തുണി, നിറമെഴുന്തണ്ണി, വീണാ, പിനാകം
മററും വാദ്യോൽക്കരമെന്നരികിലിന്റെ ഗീതാമൃതം തേ
കേൾപ്പുണ്ടോ വന്നൊളിയിലമരാധീശഗന്ധർവ്വസംഘാഃ? 19

ശൗണ്ഡി തുടങ്ങിയുള്ള വാദ്യോൽക്കരം-വാദ്യസമൂഹങ്ങൾ, അനുസരിക്കുന്ന, തേ-നിന്റെ, ഗീതാമൃതം അമരാധീശനും ഗന്ധർവ്വസംഘങ്ങളും, ഒളിയിൽ-ഒളിവായി, വന്നു കേൾപ്പുണ്ടോ എന്നു ചോദ്യം. ശൗണ്ഡി-ഒരു തരം ചെണ്ട. വേണു-മുളങ്കുഴൽ-ഓടക്കുഴൽ. സ്ഥൂനി-ഒരു തരം ഭേരി, ശാബരിക-ചവുരി, പങ്കിതം-ഇടുമുട്ടി, രാവണകൈ-വീരാണം, സാരംഗം-ഒരുതരം വീണ, നന്തുണി, നിറമെഴും-ഭംഗിയുള്ള, തണ്ണി-ജലതരംഗം, വീണ, പിനാകം എന്നിവ അക്കാലത്തു നിലവിലിരുന്ന സംഗീതയന്ത്രങ്ങളാണു് എന്നു ശ്രീ. പിഷാരടി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അന്നു സംഗീതത്തിനു കേരളത്തിൽ സിദ്ധിച്ചിരുന്ന പ്രചാരവും പ്രാധാന്യവും ഇതിൽനിന്നു വ്യക്തമാണു്.

---

1. T. A. S. iii-36; 2. T. A. S. viii-44; 3. The Pandyan Kingdom, p. 170.

ഗീതാഗ്രന്ഥം എന്ന ഗ്രന്ഥപാഠമാണു സമീചീനം. 'വാളേറ്റാൽക്കര മന്നവരിക്കീടാ സംസ്കൃതം' എന്നു മൂ. പാ. അസംഗതമായ പുനരുക്തി യാണല്ലോ. 'കൈച്ചൂണ്ടോ വനിളയിൽ' എന്നു മൂ. പാഠത്തിന്റെ സ്ഥാനത്തു് 'കൈച്ചൂണ്ടോ വനന്നാളിയിൽ' എന്നാണു ഗ്ര. പാ.

വട്ടത്തിൽച്ചേർന്നടയലരുടലിൽച്ചേരുമച്ചോരിവെള്ളം
മുട്ടക്കോരിക്കഴുകരെഴുപാറും കടിക്കുംപ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾകൊണ്ടു കുറിട്ടു വേറി-
ട്ടൊട്ടൊട്ടേടം നരവര! പരന്നും വിരുന്നെന്തുണ്ടോ? 20

വട്ടത്തിൽ ചേർന്നു്-വളഞ്ഞുനില്ക്കുന്ന, അടയലരുടെ-വൈരികളുടെ, ഉടലിൽ ചേരുന്ന, ചോരിവെള്ളം-വെള്ളംപോലെ ഒഴുകുന്ന ചോര, മുട്ടക്കോരി കഴുകും എഴുപാറും കടിക്കുംവണ്ണം, പടയിൽവച്ചു് ഉടവാൾ കൊണ്ടു വെട്ടിക്കീറി, കുറിട്ടു് വേറിട്ടു്-പ്രത്യേകം പ്രത്യേകം പകുത്തു്, ഒട്ടൊട്ടേടം, നരവര-രാജാവേ, പരന്നും-പരുന്തും, വിരുന്നെന്തുണ്ടോ-വിരുന്നുണ്ണുന്നുണ്ടോ?

'ഉപ പാറവരിന്നും വിരുന്നെന്തുണ്ടോ' എന്നു മൂ. പാ. 'നരവര പരന്നും വിരുന്നുണ്ടൊരാണ്ടോ' എന്നു ഗ്ര. പാ. പാറവകൾ എന്നതിനു് 'പാറവർ' എന്നു പറയുന്നതു ശരിയായ രൂപമല്ല. ഗ്രന്ഥപാഠത്തിലെ 'പരന്നും' എന്നതു് 'പരുന്തും' എന്നതിന്റെ രൂപാന്തരം. 'വിരുന്നു്' 'വിരുന്ന്' ആകുന്നതുപോലെ 'പരുന്തു്' എന്നതു് 'പരന്ത്' എന്നും പിന്നെ 'പരന്ന്' എന്നും രൂപാന്തരം പ്രാപിക്കുന്നു.

മുട്ടക്കോരി-നിറയെ കോരിയെടുത്തു് [ശരിയായ പാഠം മുട്ടക്കവണ്ണം എന്നായിരിക്കാം.] 'എഴുപാട്ടും' എന്നാണു് ഗ്ര. പാ. ഇതിനു് എമ്പാടും, യാതൊരു എന്നു് അർത്ഥം പറഞ്ഞാൽ കഴുകും എന്നതിലെ സമുച്ചയത്തിനു പ്രയോജനമില്ലാതെ വരും. 'എഴുപാറും' എന്നതിനു മുട്ടക്കഴുകൻ എന്നു അർത്ഥം പറഞ്ഞിരിക്കുന്നു. പാറു്-കഴുകു്, പരുന്തു്. എഴുപാർ എന്നതിനു് എഴുന്ന പാർ, ഉയർന്നു പറക്കുന്ന പരുന്തു് എന്നായിരിക്കാം അർത്ഥം. കാൽ എഴുന്ന പക്ഷി എന്നു ചിലർ.

വ്യായാമംകൊണ്ടഴകിലുദിതാമോദമുച്ചൈശ്ശ്രവാവി-
ന്നായാസം ചെയ്തമലതുരഗം നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലികൻപടക്കോപ്പിനെന്നും
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചുള്ളു ചെൻറു്.

വ്യായാമംകൊണ്ടു് അഴകിൽ, ഉദിതാമോദം-ആമോദമുദിക്കുംവണ്ണം-സന്തോഷം തോന്നുമാറു പ്രകാരത്തിൽ, ഉച്ചൈശ്ശ്രവാവിനു്-ദേവേന്ദ്രന്റെ ഉച്ചൈശ്ശ്രവസ്സ് എന്ന അശ്വത്തിനു്, ആയാസംചെയ്തു,

അമലതുരഗം–നല്ല കുതിരയെ, നീ കരേറും സമയം–നീ കയറുമ്പോൾ, ഇന്ദ്രന്റെ അശ്വത്തെ അടിച്ചോട്ടുന്ന അവിടത്തെ കുതിരയുടെ പുറത്തു് അങ്ങു് ആരോഹണം ചെയ്യുമ്പോൾ, പ്രാണാപായം കരുതുന്ന തുരുഷ്കൻ പടക്കോപ്പിന്റെ എണ്ണത്തെ ആ പൊടിപ്പാറ്റു ചൊന്നു്–തുരുഷ്കൻപട യുടെ ഓട്ടത്തിൽ ഉയരുന്ന പൊടി ചൊന്നു്, സുരപരിഷദാം–ദേവപരിഷ ത്തിനോടു്, ചൊൽവുതല്ലോ–ചൊല്ലുന്നുണ്ടല്ലോ–അറിയിക്കുന്നുണ്ടല്ലോ.

പടക്കോപ്പിനെണ്ണം–'പടക്കോപ്പിനു്' എന്നതിനു് സൈന്യസാമഗ്രി കളുടെ എന്നു് അർത്ഥമെടുത്താലും സൈന്യസമൂഹത്തിന്റെ എന്ന അർത്ഥം തന്നെ വന്നുചേരും. തുരുഷ്കൻ പടക്കോപ്പു് എന്നു പറഞ്ഞതുകൊണ്ടു് ചത്ത തുരുഷ്കന്മാരുടെ ശേഷിച്ച പടക്കോപ്പു് എന്നു് അർത്ഥം എടുത്തുകാണുന്നു. 'പ്രാണാപായം കരുതിന' എന്നേ പറഞ്ഞിട്ടുള്ളു; മൃതരായവർ എന്നു പറ ഞ്ഞിട്ടില്ല. ആദിത്യവർമ്മ കുതിരപ്പുറത്തു കയറുമ്പോൾ തന്നെ തുരുഷ്കന്മാർ പേടിച്ചോടുമെന്നും, അവരുടെ ഓട്ടത്തിൽനിന്നു പൊങ്ങുന്ന പൊടിപ്പാറ്റു ഭീരുക്കളായ തുരുഷ്കന്മാരുടെ എണ്ണത്തെപ്പററി സുരപരിഷത്തുകളോടു നിവേദനം നടത്തുമെന്നും സാരം. 'പൊടിപ്പാറ്റു്' എന്നതു് ആദിത്യ വർമ്മയുടെ കുതിരയുടെ കുളമ്പിൽനിന്നു പൊങ്ങുന്നതല്ല, തുരുഷ്കന്മാരുടെ ഓട്ടത്തിൽ നിന്നു പൊങ്ങുന്നതാണു് എന്നു ഗമ്യമാണു്. 'പൊടിപ്പാറ്റു പോലെ' എന്ന ഗ്ര. പാഠത്തെക്കാൾ 'പൊടിപ്പാറ്റു ചൊൽവൂ' എന്ന മൂ. പാ. സമീചീനം.

മുററത്തല്ലോ നന്ദ സുരപതേർന്നില്പതു കല്പവൃക്ഷം
മുററിക്കേൾക്കും വരസുരഭിയും വാരുണീഹോമധേനു
വെററിക്കൂറില്ലറികിലളകേശന്നുമീശേ നിരാശേ
മുററും നീയേ വരുമിരവലർക്കിന്നു കല്യാണമേഘം. 22

സുരപതേഃ–സുരപതിയുടെ, മുററത്തല്ലോ കല്പവൃക്ഷം, നില്പതു–നില്ക്കു ന്നതു്, നന്ദ–പ്രസിദ്ധാർത്ഥം. മുററിക്കേൾക്കും–മുററി, ഗാഢമായി–പ്രശ സ്തമായി, കേൾക്കും–കേൾവിയുള്ള–പ്രസിദ്ധമായ, വരസുരഭിയും–ഉത്തമ യായ സുരഭി എന്ന കാമധേനുവും, വാരുണീഹോമധേനുവാണു്–വരുണ ന്റെ യാഗധേനുവാണു്. കല്പവൃക്ഷവും കാമധേനുവും ഭൂലോകത്തല്ല എന്നു ഭാവം. 'മററിക്കേൾക്കും' എന്ന ഗ്ര. പാ. വ്യക്തമല്ല. ഈശൻ നിരാശ നായിരിക്കുന്നതുകൊണ്ടു്, അളകേശനു്–കുബേരനു്, വെററിക്കൂറില്ല–വിജ യകാംക്ഷയില്ല–ദാനാസക്തിയില്ല. മുററും–പൂർണ്ണമായി, ഇരവലർക്കു്– യാചകർക്കു്, ഇന്നു കല്യാണമേഘം നീയേ വരു—നീ മാത്രമേ വരുന്നുള്ളു. 'നീയേവരിലുമിരവർക്കിന്റു' എന്ന മൂ. പാ. എല്ലാവരിലും ഇരവർക്കു കല്യാണമേഘം നീ തന്നെയാണു് എന്നാവിടെ അർത്ഥം. രണ്ടും മൂന്നും പാദങ്ങളുടെ അർത്ഥം നല്ലപോലെ വ്യക്തമല്ല. 'ചെററിക്കൂറില്ല' എന്നു മദ്രാസ് പകർപ്പിലെ പാഠം. കുബേരനു് അല്പവും കൂറില്ല എന്നു ഭാവം.

ഇത്ഥം നാനാ കുശലമവനോടാപ്തിപൂർവ്വം വിചാരി-
'ച്ചാസ്ഥാ ലോകേ വിപുലമനസാ'മെന്റുമൽപ്പെട്ടു കാട്ടി
പ്രാർത്ഥിച്ചാൻ തൻ കരുമമവനെ പ്രാർത്ഥനീയാനുഭാവം
സ്വാർത്ഥപ്രവൃത്തികളിലെവിടെക്കാമുകാനാം വിവേകം? 23

ഇത്ഥം—ഇപ്രകാരം, അവനോട്ട് നാനാകുശലം, ആപ്തിപൂർവ്വം—ആപ്തിയോടെ, വിശ്വാസത്തോടെ, വിചാരിച്ചിട്ട്—ഇങ്ങനെ പല കുശലപ്രശ്നങ്ങളും ചെയ്തിട്ട്, ആസ്ഥാ ലോകേ വിപുലമനസാം എന്നും മററും കാണിച്ചിട്ട്,

ഇതു സന്ദേശത്തിലെ ഒരു പദ്യത്തെയാണ് ഇവിടെ അനുസ്മരിക്കുന്നത്:-

ആസ്ഥാ ലോകേ വിപുലമനസാമന്യസാമാന്യമർത്ഥ്യ-
ത്യർത്ഥാനർത്ഥോപശമവിശദേകാർത്ഥിതാ ചാതുരാണാം
ദൃഷ്ടക്ഷേണാ നിജ ഇതരയാ ദൂരതോ വിരാജ
സന്ത്രസ്താന്നപി ച സദയം ബോധയേച്ചാപയഷ്ട്യ.

പ്രാർത്ഥനീയാനുഭാവം—പ്രാർത്ഥിക്കത്തക്ക മാഹാത്മ്യത്തോടുകൂടിയ അവനോട്ട്, തൻ കരുമം—തന്റെ കർമ്മത്തെ-തനിക്ക് ആവശ്യമായ കാര്യത്തെപ്പററി, പ്രാർത്ഥിച്ചു. സ്വാർത്ഥപ്രവൃത്തികളിൽ കാമുകന്മാർക്ക് വിവേകം എവിടെ? അർത്ഥികളിൽവെച്ചു കാമുകന്മാർക്ക്, സ്വാർത്ഥം പ്രതി-തൻകാര്യത്തെപ്പററി, വിവേകം—ഇന്നാരോട്ട് ഇന്നതേ പറയാവൂ എന്ന വകതിരിവ്. എവിടെ, എന്നു ചിലർ വ്യാഖ്യാനിക്കുന്നു. സ്വാർത്ഥപ്രവൃത്തികളിൽ എന്നതിന്റെ അർത്ഥം വ്യക്തമല്ല. സ്വാർത്ഥം മാത്രം പ്രാർത്ഥിക്കുന്നവരായ കാമുകന്മാർക്ക് എന്നായിരിക്കണം ആശയം.

'പ്രാർത്ഥം പ്രവൃത്തികളിലിവിടെ കാമുകാനാം വിവേകം' എന്നു ഗ്ര. പാ. ശരിയായിരിക്കണം. പ്രാർത്ഥനീയാനുഭാവം അവനെ പ്രാർത്ഥിച്ചാൻ എന്നു സംസ്കൃതരീതിക്കു പ്രയോഗം. 'എന്റു മുൽപെട്ടു കാട്ടി' എന്നതിനു 'എന്റു കമ്പിട്ടു കാമീ' എന്നു ഗ്ര. പാ.

ആർത്തത്രാണപ്രവണ കരുണാവാരിധേ! കാമുകാനാം
നേത്രശ്രേണീ മധുപനളിനീം വേറിരുന്നുണ്ണനീലീം
വാർത്തപ്പെട്ടേനിഹ വിരഹിണാം ഞാൻ തുലോമിൻവപാർമേൽ
കീർത്തിപ്പാനൊന്ററുതതു ശരച്ചന്ദ്രികാചാരുകീർത്തേ! 24

ആർത്തരെ-ദുഃഖിതരെ, ത്രാണംചെയ്യുന്നതിൽ—രക്ഷിക്കുന്നതിൽ, പ്രവണനായുള്ളവനേ, കരുണാവാരിധേ, കരുണാസമുദ്രമേ, കാമുകാനാം—കാമുകന്മാരുടെ, നേത്രശ്രേണിയായ മധുപങ്ങൾക്ക്—കണ്ണുകളായ വണ്ടുകൾക്ക്, നളിനീം—താമരപ്പൊയ്കയായ, ഉണ്ണനീലിം—ഉണ്ണുനീലിയെ, വേറിരുന്നു—വേർപിരിഞ്ഞ്, ഇഹ—ഇവിടെ, പാർമേൽ, വിരഹിണാം(മദ്ധ്യേ)ഞാൻ—വിരഹി

കളിൽവച്ചു്, ഞാൻ ഇലോം, വാർത്തപ്പെട്ടേൻ—വളരെ വാർത്താവിഷയമായി. ഹേ ശരച്ചന്ദ്രികപോലെ ചാരുവായ കീർത്തിയോടുകൂടിയോളേ! അതു കീർത്തിപ്പാൻ—പറയുക, ഒന്റു് അതു്—പ്രയാസമാണു്. [വാർത്തപ്പെട്ടേൻ—കീർത്തിക്കപ്പെട്ടവനായി എന്ന രീതിയിൽ കൊടുത്തു കാണുന്ന അർത്ഥത്തിനു വലിയ ചമത്കാരമില്ല കാലക്കേടിൽ അകപ്പെട്ടിരിക്കുന്ന എന്നും ഇതിനു് അർത്ഥം കല്പിച്ചു കാണുന്നു].

സിന്ധുദ്വീപെന്റൊരു പുരവരം ബിംബലീ പാലകാനാം
കേൾപ്പുണ്ടല്ലോ ജഗതി വിദിതം മേദിനീസൎഗ്ഗലബ്ധം
തസ്മിൻ മാരന്നിനിയ പടവീടുണ്ടു മുണ്ടെക്കലെന്നോ-
രില്ലം മല്ലക്കവലയദൃശാം പാരിലാത്തശ്രീകീർത്തേ! 25

ബിംബലീപാലകാനാം—ബിംബലിപാലകന്മാൎക്കു്—വെമ്പനാട്ടുരാജാക്കന്മാൎക്കു്, സിന്ധുദ്വീപു് എന്നു് ഒരു പുരവരം—കടുത്തുരുത്തി എന്ന വിശിഷ്ടമായ ഒരു പട്ടണം, കേൾപ്പുണ്ടല്ലോ—കേട്ടിട്ടുണ്ടല്ലോ, ജഗതി—ലോകത്തു്, സൎഗ്ഗലബ്ധമായി, വിദിതം—അറിയപ്പെട്ടതാണു്. അതു് എന്നു വേണ്ടുന്നു. ജഗതി വിദിതം മേദിനീസൎഗ്ഗലബ്ധം ബിംബലീപാലകാനാം സിന്ധുദ്വീപു് എന്നു് ഒരു പുരവരം കേൾപ്പുണ്ടല്ലോ എന്നു് ഒന്നായും എടുക്കാം. തസ്മിൻ—ആ പട്ടണത്തിൽ, മാരനു്—കാമനു്, ഇനിയ—നല്ല, പടവീടു് ഉണ്ടു്. അതു്, മല്ലക്കവലയദൃശാം—മല്ലക്കവലയ മിഴികളുടെ—സുന്ദരിമാരുടെ, മുണ്ടെക്കൽ എന്നോരു ഇല്ലം—മുണ്ടയ്ക്കൽ എന്ന ഒരു വീടു് ആണു്. പാരിലാത്തശ്രീകീർത്തേ എന്നു സംബോധന. മല്ലക്കവലയം—അഴകുള്ള കരിങ്കുവളപ്പൂവു്. മല്ലൽ—അഴകു്.

'പാരിലാത്തശ്രീകീർത്തി' എന്ന മൂ. പാഠത്തിൽ പാരിൽ സിദ്ധിച്ച കീർത്തിയോടു കൂടിയ മുണ്ടയ്ക്കൽ ഇല്ലം എന്നു് അർത്ഥം യോജിപ്പിക്കാം. ആത്തശ്രീകീർത്തേ എന്ന ഗ്ര. പാ. സമീചീനം. മുൻശ്ലോകത്തിന്റെ അവസാനത്തിലെ 'ചാരുകീർത്തേ' എന്ന സംബോധന നോക്കുക.

കാമോന്മാദാൽക്കനിവൊടു ചമഞ്ഞുൎവ്വശീ നിൎവ്വിശങ്കം
ഭൂമൗ ഭൂമീശ്വരനിൽ മരുവീടിന്റെ നാളം വിക്രമാഖ്യേ
ഉണ്ടായീപോലഴകിലവൾപോകുന്നു നിൻറാത്മദാരം
തണ്ടാർമാതിൻ കുലനിലയമാം വംശമേതൽ പ്രഥിവ്യാം. 26

മുണ്ടയ്ക്കൽ കുടുംബത്തിനു ദേവസംബന്ധമായ ഉൽപത്തി കല്പിക്കുന്നു.

കാമോന്മാദാൽ ഉൎവ്വശി, കനിവൊടു – സ്നേഹത്തോടു് – അനുരാഗത്തോടു്, ചമഞ്ഞു്—ഒരുങ്ങി, നിൎവ്വിശങ്കം—വിശങ്കകൂടാതെ, കൂസൽകൂടാതെ, ഭൂമൗ-ഭൂമിയിൽ, വിക്രമാഖ്യേ ഭൂമീശ്വരനിൽ—വിക്രമൻ എന്നു പേരായ രാജാവിൽ, മരുവീടുന്ന നാൾ-വിക്രമാദിത്യൻ എന്ന രാജാവിൽ പ്രണയ

ബാലയായി കഴിയുന്ന കാലത്തു്, അവൾ ചാകുന്നു നിന്നു്-അവളിൽനിന്നും, അദ്ഭുതാവഹം ഉത്കൃഷ്ടവും, തങ്ങൾക്കാതിൻ കുലനിലയവും-ലക്ഷ്മിയുടെ പ്രധാന വാസസ്ഥാനമായ, കള്ളിവ് വംശം-ഈ കൂട്ടരെ, പ്രസിദ്ധം-ഉയിരിൽ, അവരിൽ ഉണ്ടായിപ്പോൾ ഉണ്ടായതായി പറഞ്ഞുവരുന്നു.

[ഈ വംശങ്ങളെ കുറിച്ചുള്ള കഥ കല്പിതമാണെന്നും മറ്റും ചിലർ വാദിക്കുന്നു. ആ സംശയം അസ്ഥാനമാണ്. അന്ന പ്രധാന കൂട്ടങ്ങൾക്ക് ഇങ്ങനെ ചില വ്യുത്പത്തി കല്പിക്ക പതിവായിരുന്നു. രാജവംശങ്ങളുടെ ചരിത്രം തന്നെ ഉദാഹരണമാണല്ലോ.]

തസ്മിൻ വംശേ തരുണനയനങ്ങൾക്കു പീയൂഷധാരാ
താരുണ്യാനാം ജഗതി ജനനീ താർശരന്നസ്ത്രശാലാ
താരാർമാതിന്നടിമതസഖീ താളിബിംബാധരോഷ്ഠീ
താരാനാഥപ്രതിഭടമുഖീ തിണ്ണമെന്നുണ്ണുനീലി. 27

തസ്മിൻ വംശേ-ആ വംശത്തിൽ, തരുണനയനങ്ങൾക്കു പീയൂഷധാരയും-യുവാക്കന്മാരുടെ കണ്ണുകൾക്കു സുധാധാരയും, ജഗതി-ജഗത്തിൽ, താരുണ്യാനാം-താരുണ്യങ്ങൾക്ക്-താരുണ്യവിലാസങ്ങൾക്ക്, ജനനിയും-ഉത്പത്തിസ്ഥാനവും, താർശരന്ന്-പുഷ്പബാണനായ കാമന്, അസ്ത്രശാലയും-ആയുധശാലയും, താരാർമാതിന്ന്-ലക്ഷ്മീദേവിക്ക്, അടിമതയായ സഖിയും, താളിബിംബാധരോഷ്ഠിയും-ചുവന്ന ബിംബംപോലുള്ള-തൊണ്ടിപ്പഴംപോലെയുള്ള അധരോഷ്ഠത്തോടുകൂടിയവളും, താരാനാഥപ്രതിഭടമുഖിയും—ചന്ദ്രന് തുല്യമായ മുഖത്തോടുകൂടിയവളുമായ, എന്റെ, ഉണ്ണുനീലി, തിണ്ണം-ഭംഗിയായി [ശോഭിക്കുന്നു എന്നു ചേർത്തുകൊള്ളാം.]

'തത്സേവാർത്ഥം തരുണസഹിതാ' എന്ന ശുകസന്ദേശപദ്യത്തിലെ പ്രാസത്തെ ഇവിടെ അനുസരിപ്പിക്കുന്നു. പദങ്ങൾ എത്ര ഭംഗിയായി അടുക്കിച്ചേർത്തിരിക്കുന്നുവെന്നു പരിശോധിക്കുക.

'പീയൂഷധാരാം' എന്നു തുടങ്ങി ഗ്രന്ഥത്തിൽ ദ്വിതീയാന്തങ്ങളായി കാണുന്നു. പ്രഥമാന്തങ്ങളായ മുദ്രിതപാഠം സാധു.

ഞാനും തന്വീതിലകമവളും കൂടി വാടാത കാന്ത്യാ
കാമക്രീഡാചപലവപുഷൌ ചേർന്നുറങ്ങിന്റ നേരം
കല്യാണാംഗീം കഥമപി പിരിച്ചങ്ങനേ ഞാനറിഞ്ഞീ-
ലെന്നെക്കൈക്കൊണ്ടുപഗതവതീ കാപി യക്ഷീ നിശായാം. 28

ഞാനും തന്വീതിലകമായ അവളും കൂടി, വാടാത-വാട്ടമില്ലാത്ത, കാന്തിയോടെ, കാമക്രീഡാചപലവപുസ്സുകളായി ചേർന്ന് ഉറങ്ങുമ്പോൾ, ['ഉറങ്ങും ശയ്യാം' എന്നു മു. പാ. 'ഉറങ്ങിന്റ നേരം' എന്നു ഗ്ര. പാഠം.]

നിശായാം–നിശയിൽ, കാപി യക്ഷി–ഒരു യക്ഷി, ഖഗചരി–എന്ന നെയോ, കല്യാണാംഗിയെ, പിരിച്ചു്–വേർപെടുത്തി, ഏതുവനെയെന്നു് എനിക്കു് അറിഞ്ഞുകൂടാ, എന്നെ കൈകൊണ്ടു്–എടുത്തുകൊണ്ടു്, അപഗതവതീ–അപഗമിച്ചു–കടന്നുകളഞ്ഞു. 'കല്യാണാംഗീ' എന്ന ഗ്രന്ഥപാഠം ശരിയല്ല.

കാന്തത്തിന്മേലുപരി ഗഗനേ ചെന്റ നേരത്തുണർന്നി-
ന്നാതപ്തോ ഞാനിഹ ബഹുമതാം വേറിതന്നുണ്ണുനീലീം
പേടിച്ചേറ്റം വിരവിൽ നരസിംഹാഖ്യമന്ത്രം ജപിച്ചേ-
നോടിപ്പോയാളവൾ മുറയിട്ടൊരു കൈവിട്ടു നമ്മെ. 29

കാന്തത്തിന്മേൽ ഉപരി–കാന്തത്തിൽ കൂടുതൽ, ഗഗനേ–ഗഗനത്തിൽ, ചെന്റ നേരത്തു ഞാൻ ഉണർന്നു; ഞാൻ ഇഹ ബഹുമതാം–ബഹുമതയായ, ഉണ്ണുനീലിയെ, വേറിതന്നു്–വേർപെട്ടു്, ആതപ്തഃ–ചുട്ടുപിടിച്ചു്–മനസ്സു വെന്തു്, ഏറ്റം പേടിച്ചു്, വിരവിൽ–വേഗത്തിൽ. യക്ഷിയുടെ പിടിയിൽ അകപ്പെട്ട നാശം മനസ്സിലായ ക്ഷണത്തിൽ, ഞാൻ നരസിംഹമന്ത്രം ജപിച്ചു. മുറയിട്ടു്–കരഞ്ഞുകൊണ്ടു്, നമ്മെ താഴെ കൈവിട്ടു്–ഉപേക്ഷിച്ചിട്ടു്, അവൾ ഓടിപ്പോയാൾ.

'ഞാനിഹ വിരഹിതോ വേറിതന്നുണ്ണുനീലീം' എന്നു മൂ. പാ. 'വേറിതന്നു്' എന്നതു സ്ഥിതിക്കു് 'വിരഹിതഃ' എന്നതു പുനരുക്തമാണു്. ബഹുമതാം എന്ന ഗ്രന്ഥപാഠം സ്വീകരിച്ചിരിക്കുന്നു. 'ഓടിപ്പോനാളവൾ' എന്നു മൂ. പാ, 'പോയാളവൾ' എന്നു ഗ്ര. പാ. എടുത്തിരിക്കുന്നു.

താങ്ങിത്താങ്ങിത്തദനു മുഗ്ദ്ധനാ മാരുതേനാനുയാതോ
മന്ദം മന്ദം പുനരഹമിഹൈകത്ര ദൈവാനുകൂല്യാൽ
സമ്മൂഢം മാമിവിടമറിയിപ്പിച്ചിതംഭോജനാഭം
പാടിപ്പാടിപ്പുലരി പുകഴും ഗായകാനാം വചാംസി. 30

ദൈവാനുകൂല്യാൽ–ഭാഗ്യംകൊണ്ടു്, തദനു–പിന്നീടു്, മുഗ്ദ്ധനാ–മുഗ്ദ്ധമായ, മാരുതേന–കാറ്റിനാൽ, മന്ദം മന്ദം താങ്ങിത്താങ്ങി, അഹം–ഞാൻ, ഇഹ–ഇവിടെ, ഏകത്ര–ഒരിടത്തു്, അനുയാതഃ–അനുയാനം ചെയ്യപ്പെട്ടവനായി–അനുയാത്ര ചെയ്തുകൊണ്ടാക്കപ്പെട്ടവനായി. വായു മന്ദമായി താങ്ങി ഇവിടെ കൊണ്ടാക്കി. അംഭോജനാഭം–പദ്മനാഭനെ, പാടിപ്പാടി പുലരി പുകഴുന്ന ഗായകന്മാരുടെ വചസ്സുകൾ, സമ്മൂഢം മാം–സമ്മൂഢനായ എന്നെ, ഇവിടം അറിയിപ്പിച്ചു–ഈ സ്ഥലം ഏതെന്നു് അറിയിച്ചു. പദ്മനാഭനെ സ്തുതിച്ചു് ഉഷസ്സിൽ വന്ദികൾ പാടിയതു കേട്ടു് ഈ സ്ഥലം ഏതെന്നു മനസ്സിലായി എന്നർത്ഥം.

ദേവം നത്വാ ഭുജഗശയനം വാതില്‍മാടത്തില്‍ മേവി-
ത്താവും പെണ്മാന്‍മിഴിയൊടു പിരിഞ്ഞേററെ നീറീടുമെന്നെ
ഏവം പൂവില്ലവനുമുടനിക്കാലവും വെണ്ണിലാവും
കൂവും കോലക്കുയിലുമഴകില്‍ത്തെന്‍റലും കൊന്റുതല്ലോ. 31

ഭുജഗശയനം-അനന്തശായിയായ, ദേവം-ദേവനെ, നത്വാ-നമിച്ചിട്ട്, വാതില്‍മാടത്തില്‍ മേവിത്താവും-ഗോപുരത്തില്‍ മേവിത്താവുന്നവനും, പെണ്മാന്‍മിഴിയൊടു-പെണ്മാനിന്റേതുപോലെ മനോഹരങ്ങളായ കണ്ണുകളുള്ള ഉണ്ണുനീലിയോട്, പിരിഞ്ഞതുകൊണ്ട് ഏററെനീറുന്നവനുമായ എന്നെ [പെണ്മാന്‍മിഴി എന്നു ഗ്ര. പാ. പൊന്മാന്‍മിഴി എന്നും പാഠമുണ്ട്.] ഏവം-ഇപ്രകാരം, പൂവില്ലവനും-കാമനും, ഉടന്‍ ഇക്കാലവും വെണ്ണിലാവും, കൂവുന്ന കോലക്കുയിലും, തെന്‍റലും-ഇളംകാററും, അഴകില്‍ കൊന്റുതല്ലോ-കൊല്ലുന്നല്ലോ. ഈ സുന്ദരവസ്തുക്കള്‍ വിചിത്രവധം ചെയ്യുന്നതു ഹാ ഭയങ്കരമല്ലോ എന്നര്‍ത്ഥം. 'ഏവം പൂവില്ലവനും' എന്നു ഗ്ര. പാഠത്തിന്റെ സ്ഥാനത്തു് 'മേവും പൂവില്ലവനും' എന്നു മൂ. പാ. മേവും പൂവില്ലവന്‍ എന്നതിന് അധികാരം നടത്തുന്ന കാമന്‍ എന്നര്‍ത്ഥമെടുക്കാമായിരിക്കാം. 'മേവിത്താവും' എന്ന് ഇതേ ശ്ലോകത്തിലുള്ള സ്ഥിതിക്ക് 'മേവും' എന്നതിനെക്കാള്‍ ഏവം എന്ന ഗ്ര. പാ. സമീചീനം.

മുണ്ടെക്കല്‍ക്കൊരു തിലകമാമുണ്ണുനീലീവിയോഗം
കൊണ്ടിട്ടൂഷ്മന്മനസിജശരൈര്‍ജ്ജീവിതാപന്നമെന്നെ
കണ്ടപ്പോഴേ കനിവിനൊടുണര്‍ത്തിപ്പുണര്‍ത്തിന്റെ നിന്നെ
കണ്ടിട്ടിപ്പോള്‍ മമ ബത! മഹാനന്ദമദ്വൈതി ചേതഃ. 32

മുണ്ടെക്കല്‍ക്ക് ഒരു തിലകമായ ഉണ്ണുനീലിയുടെ വിയോഗംകൊണ്ട് ഊഷ്മന്നവനും-ഉഴലുന്നവനും, മനസിജശരൈഃ-കാമന്റെ ശരങ്ങളാല്‍, ജീവിതാപന്നനും-ജീവിതം ആപത്തില്‍ പെട്ടിരിക്കുന്നവനും, ആയ എന്നെ, കണ്ടപ്പോഴേ, കനിവിനൊട്-ദയയോടെ, ഉണര്‍ത്തിപ്പുണര്‍ത്തിന്റെ-ആശകളെ ഉണര്‍ത്തി പുണര്‍ത്തുന്ന, നിന്നെ കണ്ടിട്ട് ഇപ്പോള്‍, മമ ചേതഃ-എന്റെ മനസ്സ്, മഹാനന്ദം-വലുതായ ആനന്ദത്തെ, അദ്വൈതി-പ്രാപിക്കുന്നു.

മുണ്ടെക്കല്‍ക്കിന്റേറാള്‍ എന്നു മൂ. പാ.

'വിയോഗം കൊണ്ടിപ്പൂമന്മനസിജശരൈഃ' എന്നു മൂ. പാ. 'കൊണ്ടിട്ടൂഷ്മം' എന്നു ഗ്ര. പാ. വലിയ വ്യത്യാസമില്ലെങ്കിലും ഗ്ര. പാ. മെച്ചമെന്നു തോന്നുന്നു. പൂമന്മനസിജശരൈഃ-എന്നതിന് പൂക്കളെങ്കിലും, മല്‍-ശരങ്ങളായ, കാമശരങ്ങളാല്‍ എന്ന് അര്‍ത്ഥം. തിലകമാമുണ്ണുനീലീവിയോഗം എന്നിടത്തുള്ള സമാസം ഭംഗിയല്ല.

കാമാർത്താനാം ഝടിതി മൃതസഞ്ജീവനം പോന്നിനക്കെ-
ന്റോമൽപ്പെൺമാൻമിഴികൾ മദനാ! തേറിനോം ഞങ്ങ-
(ളെൻറാൽ
നീയേ വേണ്ടും നരവര! വിരഞ്ഞെങ്ങൾ വാർത്താമുണർത്തി-
ക്കാമാപന്നാം കളഭഗമനാം പോററി! പോററീട്ടവാനം. 33

കാമാർത്താനാം-കാമപീഡിതന്മാൎക്ക്, മൃതസഞ്ജീവനം പോംനിനക്ക്-നിനക്ക പോം-'തനിക്ക താൻ പോന്ന' എന്നതിൽ 'പോന്ന' എന്ന പ്രയോഗം നോക്കുക. നിനക്ക പോം-നിനക്ക കഴിവുള്ളതാണ്. എന്ന് ഓമൽ പെൺമാൻമിഴികൾ മദനാ—പേടമാൻമിഴികൾക്ക കാമനായുള്ളോവേ ഞങ്ങൾ തേറിനോം-നാം മനസ്സിലാക്കുന്നു. എൻറാൽ-എന്നിരിക്കുന്നതുകൊണ്ട്, ഹേ നരവര! പോററി! വിരഞ്ഞ്-വേഗത്തിൽ, എങ്ങൾ വാർത്താം-എന്റെ വാർത്തയെ, ഉണർത്തിച്ചരിപ്പിച്ചിട്ട്, കാമാപന്നാം കളഭഗമനാം പോററീട്ടവാനായ് നീയേ വേണ്ടും—കാമാതുരയായ കളഭഗമനയെ അങ്ങു തന്നെ രക്ഷിക്കണം. 'മൃതസഞ്ജീവനം പോന്നിരിക്കെൻറു' ഇത്യാദി മൂ. പാഠം. മൃതസഞ്ജീവനമായിട്ടുള്ളത് 'പോന്നിരക്ക' എന്ന്-ചെന്നു പ്രാൎത്ഥിക്കുക എന്നാണ് അൎത്ഥം കല്പിച്ചിട്ടുള്ളത്. ഗ്ര. പാഠവും മൊഴി കൃതിയിലെ പാഠവും 'പോന്നിനക്ക്' എന്നാണ്. രണ്ടു പാഠമായാലും അൎത്ഥം വേണ്ടപോലെ വ്യക്തമല്ല. പോന്നിരിക്കുന്നു എന്നായാലേ ശരിയായ പാഠം ആവൂ. കാമാൎത്തന്മാൎക്ക് മൃതസഞ്ജീവനമായ അവിടന്ന് പോന്നിരിക്കുന്നു-വന്നിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു എന്നൎത്ഥം.

'നീയ്യേ വേണം' എന്നു മൂ. പാ. നീയേ വേണ്ടും ഗ്ര. പാ. 'ഞങ്ങളെൻറാൽ' എന്നു മൂ. പാ. 'ഞാങ്ങളെൻറാൽ' എന്നു ഗ്ര. പാ.

കാമാർത്തന്മാൎക്കുള്ള മൃതസഞ്ജീവനം അങ്ങെയ്യു വശമാണെന്ന് എനിക്ക് അറിയാം. അതിനാൽ അവിടന്നു തന്നെ കാമാപന്നയെ രക്ഷിക്കണം എന്നു യുക്തി.

എൻറാൽ നീ പോയ് വടമതുരയിൽച്ചെന്റു കണ്ടുണ്ണുനീലി-
മൊന്നൊന്റേ മച്ചരിതമറിയിപ്പിച്ചു തേററീട്ടവാനായ്
നൻറും നൻറായ് വരുക തിരുവുള്ളം നിനക്കെന്നിലിന്നും
മൻറിൽക്കീൎത്തിം മതുമത വിതച്ചീട്ടമാതിച്ചവൎമ്മ. 34

എന്നാൽ നീ വടമതുരയിൽ-കടുത്തുരുത്തിയിൽ, പോയി-ചെന്ന്, ഉണ്ണുനീലിയെ കണ്ട് ഓരോന്നായി, മച്ചരിതം—എന്റെ ചരിതം—എന്റെ അവസ്ഥ, അറിയിപ്പിച്ച്, തേററീട്ടവാനം-ആശ്വസിപ്പിക്കാനും, നിനക്ക് എന്നിൽ എന്നും തിരുവുള്ളം നൻറും-ഏറാവും നന്നായ് വരിക. മൻറിൽ മതുമതകീൎത്തിയെ വിതയ്ക്കുന്ന ആദിത്യവൎമ്മ എന്നു സംബോധന. മതുമതംഗിയായി-പൂൎണ്ണമായി എന്ന അൎത്ഥത്തിലുള്ള ഒരു പ്രാചീന പ്രയോഗം.

'അറിയിപ്പിച്ചുതോറിട്ടവാറാം' എന്നു് മൂ. പാ. അറിയിപ്പിച്ചു് അല്ലു് എറ്റിട്ടവാറാം എന്നു ചിലർ അർത്ഥം കല്പിച്ചിരിക്കുന്നു. 'അറിയിപ്പിച്ചു തോറിട്ടവാറാം' എന്നു വ്യക്തമായി ഗ്രന്ഥത്തിലുണ്ട്. തെറ്റുക എന്നാൽ ഇരപ്പെടുക്കുക എന്നർത്ഥം. ഗ്രന്ഥപാഠം സമീചീനം. വടതിര എന്നു മൂ. പാ. വടക്കുര എന്നു ഗ്ര. പാ.

ആറാമതാം പക്കം വരശിത്തു ഉരോാം വാരവും വീരമൌലേ!
നാളും നൻറ നളിനവനിതയ്ക്കു ബന്ധനേ! മുമ്പിലേത്തു്
മേടം വേണാടരിമകടമേ! രാശിയും, വാഗധീശൻ
നാലാമത്തെത്തമുപഗതോ ശ്രുതികാമാഖ്യയോഗഃ. 35

വീരമൌലേ! ആറാം പക്കം - തിഥി ഷഷ്ഠിയാണ്. വാരം ഇതു് ഉരോം - ഇതു് വളരെ നല്ലതാണ്. നളിനവനിതയ്ക്കു് അമ്പനേ - ലക്ഷ്മീദേവിക്കു പ്രിയനായിട്ടുള്ളവനേ! വാരവും നാളും മുൻപിലേത്തു് - മുൻപിൽ പറഞ്ഞതു് - അഞ്ചാമത്തേതു്. വ്യാഴാഴ്ചയും മകയിരംനാളും എന്നു് എടുക്കാം. വേണാടരിമകുടമേ! രാശിയും മേടമാണ്. വാഗധീശൻ - വ്യാഴം, നാലാമേടത്താണ്. മേടത്തിൽനിന്നു നാലാമത്തെ രാശിയായ കർക്കടകത്തിൽ എന്നു ഗമ്യം. അയം ശ്രുതികാമാഖ്യയോഗഃ ഉപഗതഃ ശ്രുതികാമം എന്ന പേരോടു കൂടിയ യോഗം ഇതാ ഉപഗതമായിരിക്കയാണ് - സംപ്രാപ്തമായിരിക്കുന്നു.

[ഇതിലെ ജ്യോതിശ്ശാസ്ത്രവചനങ്ങളെ പല തരത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്. അതിനെപ്പറ്റി അവതാരികയിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ളതു കാണുക. നളിനവനിതയ്ക്കിമ്പനേ മുൻപിലേത്തു് - എന്നതിനു വിഷ്ണു ദേവതാകമായ തിരുവോണത്തിനു മുൻപിലത്തേതായ ഉത്രാടമെന്നുള്ള വ്യാഖ്യാനം സ്വീകാര്യമല്ല. 'നളിനവനിതയ്ക്കിമ്പനേ' എന്നു മൂ. പാ. ഇമ്പൻ - കണവൻ - പ്രിയൻ. 'നളിനവനിതയ്ക്കമ്പനേ' എന്നു ഗ്ര. പാ. അൻപൻ എന്നാലും കണവൻ എന്നു തന്നെ അർത്ഥം. അൻപു് - ദയ - സ്നേഹം. നാളും നൻറ നളിനവനിതയ്ക്കു് എന്ന മൂ. പാഠത്തിനു പകരം 'നാളും നൻറന്നളിനവനിതയ്ക്കു' ഇത്യാദി ഗ്ര. പാ.

ലഗ്നാദുപചയേ ചന്ദ്രഃ കേന്ദ്രസ്ഥശ്ച ബൃഹസ്പതിഃ

ശ്രുതികാമാഖ്യയോഗോഽയം യാത്രാരിഷ്ടഫലപ്രദഃ — എന്ന പ്രമാണപ്രകാരം ശ്രുതികാമയോഗം യാത്ര പുറപ്പെടാൻ ഉത്തമമാണ്; ഈ പ്രമാണം ശ്രീ. പുലിയൂർ പുരുഷോത്തമൻ നമ്പൂരി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

എൻറാൽ കേൾപ്പൂ വഴിയിവിടെനിൻറക്കടത്തേത്തലാന്തം
മെൻറാൽ മാലക്കഴലികൾമണിക്കിൻറുണത്തിൻറതും നീ
എല്ലാമേറാം നവരമറിയിൻറാക്കുമിൻറുള്ളവണ്ണം
കേട്ടാൽ വാട്ടം മനസി കറയും ചെയ്യുമത്ഥാനതാണി. 36

എന്നാൽ നീ-അങ്ങ്, ഇവിടെ നിന്ന് ആ കടത്തേത്തലോന്തം-കടത്തേത്തല വരെ, വഴി കേൾപ്പു-വഴി കേട്ടാലും; (അവിടെ) ചെന്നാൽ മാലക്കുഴലികൾ മണിക്ക്—പൂമാല തലയിൽചൂടുന്ന സുന്ദരികൾക്ക് മണി-രത്നം ആയ, അവൾക്ക്-അവളോട്-ഉണ്ണുനീലിയോട്, ഉണരത്തേണ്ടതും-ഉണർത്താനുള്ളതും, കേൾപ്പു. എല്ലാം ഏറാം, നാവരം—നിശ്ചയമായി, അറിയാവുന്നവർക്കും ഇന്ന് ഉള്ളവനും കേട്ടാൽ, മനസി—മനസ്സിൽ, വാട്ടം—സന്ദേഹം, കറയും; അർത്ഥാന്തരാണി—മാറ് അർത്ഥങ്ങളെയും ചെയ്യും. [നാളീയോല ഗ്രന്ഥത്തിൽ 'വഴിയിവിടെ നിന്നത്തേത്തലോന്തം' എന്ന പാഠം കാണുന്നുണ്ട്.]

അറിയുവർക്കു് അറിയുന്നവരാണല്ലോ വഴി; പിന്നെ എന്തിനാണ വാട്ടമില്ലാതനം എന്ന സംശയത്തെ പരിഹരിക്കുന്നതാണ് ഉത്തരാർദ്ധം. വല്ലവനും അറിയാവുന്ന കാര്യത്തെപ്പററിയായാലും വേറൊരാൾ പറഞ്ഞു കേട്ടാൽ സംശയം നിശ്ശേഷം നീങ്ങും; അതിൽനിന്നു മാറു പ്രയോജനവും ഉണ്ടാകും എന്നു യുക്തി.

അകടത്തേത്തലോന്തം എന്നതിന് അകടം അവിടം, അങ്ങെത്തു്, എത്തൽ അന്തം—എത്തുന്നതുവരെ എന്ന രീതിയിൽ നിഷ്പത്തി കല്പിച്ചു കാണുന്നതു ശരിയെന്നു തോന്നുന്നില്ല. എത്തൽ അന്തം എന്നു സമാസിക്കുന്നതു തീരെ അസംഗതിയാണ്. അഥവാ അങ്ങനെ സമാസിച്ചാലും 'എത്തലന്തം' എന്നേ വരികയുള്ളൂ, 'എത്തലോന്തം' എന്നു വരികയില്ല. അവതാരിക കാണുക.

നാഭീപദ്മം നിഖിലഭുവനം തോറുചെയ്യാത്മയോനിം
നാഗേന്ദ്രന്മേൽപ്പൂത! മരുമതപ്പള്ളികൊള്ളും പിരാനെ
നാഗാരാതിധ്വജനെ നവരം മുമ്പിൽ നീ കുമ്പിടേണ്ടും
നാൽവേദത്തിൻ പരമപൊരുളാം നമ്മുടെ തമ്പിരാനെ. 37

നാഭീപദ്മം ഇത്യാദിക്ക് ആരുടെ നാഭിയിലെ പദ്മമാണോ നിഖിലഭുവനത്തെയും തോറു ചെയ്തതു് അപ്രകാരമുള്ള ആത്മയോനിയെ എന്ന് അർത്ഥം എടുക്കാം. അല്ലെങ്കിൽ നാഭീപദ്മൻ എന്ന പദ്മനാഭന്റെ വിശേഷണമായി ദ്വിതീയാന്തമായുമെടുക്കാം, നാഭീപദ്മം ആത്മയോനിം പിരാനെ നാഗാരാതിധ്വജനെ നമ്മുടെ തമ്പുരാനെ നീ കുമ്പിടേണ്ടും എന്ന് അന്വയിക്കാം. നാഭിയിൽ പദ്മമുള്ളവൻ നാഭീപദ്മൻ. തോറു ചെയ്യ എന്ന ക്രി. പാ. 'തോറു ചെയ്യ' എന്നതിനു വിതറു വിതയ്ക്കുക എന്ന് അർത്ഥമുണ്ട്. (ഗുണ്ടർട്ട്). തോറു ചെയ്യ എന്ന ക്രി. പാ. തോറുചെയ്ത്-ഉണ്ടാക്കി. നിഖിലഭുവനത്തെയും ഉണ്ടാക്കിയവനും, എന്നാൽ സ്വയം ആത്മയോനിയും-തനിക്കു താൻ കാരണമായവനും, നാഗേന്ദ്രന്മേൽ-സർപ്പരാജാവായ അനന്തനിൽ പള്ളികൊള്ളുന്ന പുരാനും, നാഗാരാതി—സർപ്പശത്രു—ഗരുഡൻ, ധ്വജമായിട്ടുള്ളവനും-കൊടിയടയാളമായിട്ടുള്ളവനും, നാലു വേദത്തിനും പരംപൊരുളും ആയ നമ്മുടെ തമ്പുരാനെ നീ മുൻപിൽ കുമ്പിടേണ്ടും. ആദ്യമായി അനന്തശായിയായ പദ്മനാഭനെ തൊഴണം എന്നു നിർദ്ദേശം.

'നാഭീപദ്മേ' എന്നു ഗ്ര. പാ. 'പുരാനെ' എന്നു ഗ്ര. പാ. 'പിരാനെ' എന്നു മു. പാ.

വേലപ്പെണ്ണിൻ മുലയിലലിയും ചന്ദനാമോദരമ്യേ
ചാലച്ചീററം ചെതുകിയുതകീടിന്റ വിശ്വംഭരായാഃ
കോലക്കണ്ണിൻ മുന കനമകം പൂക നിൻ മാറിൽ മന്ദം
നീലക്കല്ലായ് വിലസിന മണീകൌസ്തുഭം വെൽവൂതാക. 38

വേലപ്പെണ്ണിന്റെ—സമുദ്രപുത്രിയുടെ—ലക്ഷ്മിയുടെ, മുലയിൽ, അലിയുന്ന-വഴിയുന്ന, ചന്ദനാമോദം-ചന്ദനത്തിന്റെ ആമോദം കൊണ്ട്-സൗരഭ്യംകൊണ്ട്, രമ്യ-രമ്യമായ, [നിന്മാറിൽ എന്നതിനോട് അന്വയിക്കുന്നു]. ചന്ദനത്തിന്റെ സൗരഭ്യമുള്ള നിന്റെ മാറിൽ, ചാല, ചീററം-കോപം, ചെതുകി ഉതകുന്ന, വിശ്വംഭരയുടെ-ഭൂമിദേവിയുടെ, കോലക്കണ്ണിന്റെ-മനോഹരമായ കണ്ണിന്റെ, മുന, കനം-ഘനമായി, അകംപുക്ക്, നീലക്കല്ലായ് വിലസിന കൌസ്തുഭരത്നം, വെൽവൂതാക—വിജയിക്കട്ടെ.

വിഷ്ണുവിന്റെ മാറിടത്തിൽ ശ്രീദേവിയുടെ വക്ഷസ്സിൽനിന്നു പററിയ ചന്ദനം കണ്ട് സപത്നിയായ ഭൂമിദേവി കോപിച്ചു. ഈർഷ്യാകുലയായ ആ ദേവി നോക്കിയപ്പോൾ കണ്ണിന്റെ കാളിമ തട്ടി ഭഗവാന്റെ വക്ഷസ്സിലെ ആഭരണമണിയായ കൌസ്തുഭം നീലരത്നമായി ശോഭിച്ചു എന്നു കവി ഉൽപ്രേക്ഷ ചെയ്തിരിക്കുന്നു. വിഷ്ണുവക്ഷസ്സിലുള്ള കൌസ്തുഭരത്നം അരുണവർണ്ണമെന്നു പ്രസിദ്ധം. 'ഉരസ്സപ്തകൌസ്തുഭശ്രീതതിമിതരുണിതം കോമളം കണ്ഠദേശം'-നാരായണീയം.

'മുലയിൽ മരുവും ചന്ദനാമോദരമ്യേ' എന്നു മു. പാ. മുലയിൽ അണിഞ്ഞിരിക്കുന്ന എന്ന് അർത്ഥം കൊടുത്തിരിക്കുന്നു. 'മുലയിലലിയും' എന്ന ഗ്ര. പാ. സമീചീനം. 'നീലക്കല്ലാൽ വിലസിന' എന്ന മു. പാ. ശരിയല്ല. 'നീലക്കല്ലായ് വിലസിന' എന്ന ഗ്ര. പാ. സ്വീകരിച്ചിരിക്കുന്നു. 'നീലക്കല്ലാൽ' എന്നാണു ശരിയായ രൂപം എന്ന് ഒരു വ്യാഖ്യാനത്തിൽ വാദിക്കുന്നതു സ്വീകാര്യമല്ല.

ക്ഷീരാംഭോധൗ ഭുജഗവരനാം മെത്തമേലത്യുദാരം
താരാർമാതിൻ കുളുർമുലയുഗം പൂണ്ട പൂർണ്ണാനുരാഗം
പാരേഴിനും തുയിർ കവരപ്പോകവാൻ പള്ളികൊള്ളും
കാരുണ്യാബ്ധേ! തവ പദയുഗം പദ്മനാഭാ! തൊഴിന്റേൻ.
39

ക്ഷീരാംഭോധൗ-ക്ഷീരാംഭോധിയിൽ-പാൽക്കടലിൽ, ഭുജഗവരനാകുന്ന—സർപ്പശ്രേഷ്ഠനാകുന്ന, മെത്തമേൽ, അത്യുദാരം-അത്യുദാരമാകുംവണ്ണം താരാർമാതിന്റെ കുളുർമുലയുഗം പൂർണ്ണാനുരാഗത്തോടെ പൂണ്ടുകൊണ്ട്,

ഏഴു പാരിന്നും-ഏഴു ലോകങ്ങൾക്കും, ത്തുയിർ-അഴൽ, കറ്റപ്പറ്റത്തക്കവണ്ണം പോക്കുവാൻ, പള്ളികൊള്ളുന്ന-കിടക്കുന്ന, കാരുണ്യാബ്ധേ-കരുണാസമുദ്രമേ! പദ്മനാഭാ, തവ-അവിടത്തെ, പദയുഗം-രണ്ടു പാദവും, ഞാൻ തൊഴുന്നു.

വിരഹാതുരനായ ആ കാമുകൻ ലക്ഷ്മിയുടെ ആലിംഗനസുഖം പൂണ്ടു് ഉറങ്ങുന്ന പദ്മനാഭനെ നമസ്കരിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന രസികത നോക്കുക. പൂർവ്വാർദ്ധത്തിൽ പദ്മനാഭനെപ്പററി പറഞ്ഞിട്ടുള്ള സ്ഥിതിയാണല്ലോ ആ കാമുകനും പ്രാർത്ഥിക്കുന്നതു്.

മീനായ് വേദാൻ, കമഠവപുഷാ മന്ദരം, പന്റിയായ് പ്പാർ
നാകാധീശം നരഹരിതയാ പോററിനാ മാണിയായും
ക്ഷത്രരക്ഷസ്സുരരിപുകുലം രാമനായ് കൃഷ്ണനായും
വെൻറാ, വെൽവാ കില ജഗദിദം കല്ക്കിയായും നമസ്തേ. 40

മീനായി വേദങ്ങളെയും, കമഠത്തിന്റെ-ആമയുടെ, വപുഷാ-ശരീരം കൊണ്ടു്, മന്ദരത്തെയും, പന്നിയായിട്ടു്, പാരിനെയും-ഭൂമിയെയും, (പോററിനാ നീ രക്ഷിച്ചു). നരഹരിതയാ-നരസിംഹരൂപം കൊണ്ടും, മാണിയായും-വാമനനായും-നാകാധീശനെയും, പോററിനാ-നീ രക്ഷിച്ചു. ക്ഷത്രങ്ങളുടെയും-രാജാക്കന്മാരുടെയും, രക്ഷസ്സുകളുടെയും-രാക്ഷസന്മാരുടെയും, സുരരിപുക്കളുടെയും-അസുരന്മാരുടെയും, കുലം-കൂട്ടത്തെ, രാമനായും കൃഷ്ണനായും, പരശുരാമനായും ശ്രീരാമനായും കൃഷ്ണനായും, വെൻറാ-നീ ജയിച്ചു. രാജാക്കന്മാരെ പരശുരാമാവതാരത്തിലും, രക്ഷസ്സുകളെ ശ്രീരാമാവതാരത്തിലും, മററു സുരരിപുക്കളെ കൃഷ്ണാവതാരത്തിലും ജയിച്ചു എന്നർത്ഥം. കല്ക്കിയായും ഇദം ജഗത്തു് വെൽവാ-നീ വെല്ലുമല്ലോ. അങ്ങേയ്ക്കു നമസ്കാരം.

'മാററിനാ മാണി' എന്നു മൂ. പാ. വീണ്ടെടുത്തു എന്നു് അർത്ഥം. 'പോററിനാ മാണി' എന്നു ഗ്ര. പാ. രണ്ടു രൂപങ്ങളും മദ്ധ്യമപുരുഷരൂപങ്ങളാണു്. മാററിനായ്, പോററിനായ് എന്നു പൂർണ്ണരൂപങ്ങൾ. വെൻറാ-വെൻറായ് എന്നു പൂർണ്ണരൂപം. വെൽവാ എന്നു ഗ്ര. പാ. വെൽവോൻ എന്നു മൂ. പാ.

നീലസ്നിഗ്ദ്ധം ഗഗനതലമാം മിക്ക മേൽക്കട്ടി തൻ കീഴ്
പാലാർവെള്ളത്തിരനര തരം ചേൻറ ഭോഗീന്ദ്രഭോഗേ
മാവിൽത്തങ്ങുമണിവരമഹാദീപികേ പൂവിൽമാതി-
ന്നോമൽപ്പൂൺപായ് തെളിവിൽ മരുവും ഭാഗ്യസീമൻ നമസ്തേ.

നീലസ്നിഗ്ദ്ധം-നീലവും സ്നിഗ്ദ്ധവുമായ, ഗഗനതലമാകുന്ന-ആകാശമാകുന്ന, മിക്ക-മികവുള്ള-മേന്മയുള്ള, മേല്ക്കട്ടിയുടെ കീഴിൽ

പാലാഴിയിലെ പെരുന്തിരമാലകൾക്ക്, സമം ചേർന്ന-തുല്യമായ, ഭോഗീന്ദ്ര ഭോഗാധിപൻ-ശേഷന്റെ പുറത്തിൽ, മാറിൽത്തങ്ങുന്ന മണിദാമം ജ്വലന്ന-ശുഭ്രവർണമായ-കർപ്പൂരത്തെക്കാൾ, മഹാദീപികയിൽ-വലിയ വിളക്കിന്റെ പ്രഭയിൽ, കൃപിൾക്കാരിന്റെ-ലക്ഷ്മിയുടെ, മന്ദസ്മേര പൂൺവായ്-മന്ദഹാസമാകുന്ന, തെളിവിൽ മരുവുന്ന-ശോഭിക്കുന്ന, അല്ലയോ പത്മനാഭ, ഒരു നമഃ അങ്ങേയ്ക്കു നമസ്കാരം. 'പാലാഴി വെള്ള' എന്ന മൂ. പാഠത്തിന്റെ സ്ഥാനത്തു 'പാൽവെ' എന്നു കഴിഞ്ഞ് ഒരക്ഷരം പൊട്ടിപ്പോയി 'ക്ഷീരാബ്ധി' എന്നു താളിയോലഗ്രന്ഥത്തിൽ കാണുന്നു. 'പാലാഴി' എന്ന പാഠം അതല്ലെന്ന സാരം.

വിഷ്ണുവിന്റെ ശയനം മനോഹരമായി ചിത്രണം ചെയ്തിരിക്കുന്നു. വിശാലമായ മേൽക്കട്ടി, പാലാഴിയിലെ വെൺനുരകളുടെ മദ്ധ്യത്തു വെളുത്ത ഭോഗീന്ദ്രനാകുന്ന മെത്ത, കർപ്പൂരത്തെക്കാൾ മഹാദീപിക, തലയിൽ പൂമാലയിട്ട പൂർണ്ണതയോടുകൂടിയ ശയനം. കവിയുടെ കല്പനാവൈഭവം ശ്രദ്ധേയമാണ്. പത്മനാഭന്റെ ആ സ്ഥിതിയിൽ വിരഹാതുരനായ കാമുകന് അസൂയ തോന്നിപ്പോകും. നീലം, വെള്ള, ചുവപ്പ് ഈ നിറങ്ങളുടെ സമ്മേളനവും ശ്രദ്ധിക്കുക.

പൂൺവായ് എന്നു മൂ. പാ. അതിന്നു ലക്ഷ്മിയുടെ പൂണ്ടന്ന വായുടെ തെളിവിൽ വിലസുന്ന എന്നിത്യാദി അർത്ഥവും കൊടുത്തിരിക്കുന്നു. ഇതു ക്ലിഷ്ടവും അസാധുവുമാണ്. 'പൂൺപായ്' എന്നു ഗ്ര. പാ. തെളിവിൽ വിലസും മൂ. പാ. തെളിവിൽ മരുവും ഗ്ര. പാ.

വജ്രക്രൂരൈർന്നഖരനികരൈർദ്ദാരിതേ ദൈത്യവീരൻ-
മാറ്റിൽത്തങ്ങും നെടിയ കുടരൈർച്ചാർത്തുമമ്മൂർത്തി തന്നെ
ഭക്തത്രാണപ്രവണചരണാംഭോരുഹം നാരസിംഹം
പിന്നെക്കമ്പിട്ടരുളുക സഖേ! തെക്കിനേത്തമ്പിരാനെ. 42

വജ്രക്രൂരങ്ങളായ നഖരനികരങ്ങളാൽ ദാരിതമായ ദൈത്യവീരന്റെ മാറിടത്തിൽ തങ്ങുന്ന നെടിയ കുടരാൽ, ചാർത്തുന്ന-അണിയുന്ന, ആ മൂർത്തിതന്നെ-നരസിംഹമൂർത്തിയെ, ഭക്തന്മാരെ, ത്രാണം ചെയ്യുന്നതിൽ-രക്ഷിക്കുന്നതിൽ, പ്രവണമായ ചരണാംഭോരുഹങ്ങളുള്ളവനും, നരസിംഹവും ആയ തെക്കിനേൽ തമ്പിരാനെ, സഖേ-തോഴ, പിന്നെ കമ്പിട്ടരുളുക. ദൈത്യവീരാൻ മാറ്റിൽ എന്നാണു ഗ്ര. പാ. അവിടെ ദീർഘം പ്രമാദമാണെന്നു തോന്നുന്നു.

ഈ പദ്യം മദ്രാസ് കൈയെഴുത്തു മാതൃകയിൽ കാണുന്നില്ല. താളിയോല മാതൃകയിൽ ഉണ്ട്. നഖരശിഖരൈഃ എന്നു മൂ. പാ. നഖരനികരൈഃ എന്നു ഗ്ര. പാ.

ഭേദാഭേദപ്രഗുണിതപുരാണേതിഹാസാഗമാനാം
കേദാരത്തെച്ചിരമടി തൊഴിന്നോർക്കു ചിന്താമണിം തം
വേദാന്നാലാക്കിന മുനിവരം വേദവേദാന്തബീജം
പാദാംഭോജേ തൊഴുക തരസാ വീണു സർവ്വാംഗനാഥം. 43

ഭേദമുള്ളവയും ഭേദമില്ലാത്തവയും എന്ന രീതിയിൽ പ്രഗുണിതമായ-വിസ്തൃതമായ, പുരാണങ്ങൾ, ഇതിഹാസങ്ങൾ, ആഗമങ്ങൾ, ഇവയുടെ കേദാരവും-വിളനിലവും, അടി തൊഴുന്നോർക്ക് ചിന്താമണിയും, വേദാൻ-വേദങ്ങളെ, നാലാക്കിയ മുനിവരനും, വേദവേദാന്തബീജം-വേദങ്ങൾക്കും വേദാന്തങ്ങൾക്കും കാരണവുമായ, തം സർവാംഗനാഥം-ആ സർവാംഗനാഥനെ, പാദാംഭോജത്തിൽ, തരസാ-വെട്ടെന്ന്, വീണു തൊഴുക-സാഷ്ടാംഗ നമസ്കാരം ചെയ്താലും.

ആഗമാനാം കേദാരത്തെ ചിന്താമണിം മുനിവരം വേദ വേദാന്ത ബീജം തം സർവാംഗനാഥം തൊഴുക എന്ന് അന്വയക്രമം.

വിശദവേദാന്തവേദ്യം എന്ന മൂ. പാ. വേദ വേദാന്തബീജം എന്ന ഗ്രന്ഥപാഠമാണ് നല്ലത്. വേദവ്യാസനെ 'വേദാന്തബീജം' എന്നല്ലാതെ 'വേദാന്തവേദ്യൻ' എന്നു പറയുന്നത് അനുചിതമാണല്ലോ. സർവാംഗനാഥം എന്ന് ഗ്ര. പാ. 'സർവാംഗനാഥ' എന്ന് മൂ. പാ. മൂലപാഠം അനുസരിച്ചാൽ 'സർവാംഗനാഥ' എന്ന് ആദിത്യവർമ്മയെ സംബോധന ചെയ്യുന്നതായി അർത്ഥമെടുക്കാം. 'വേദം നാലാക്കിയ' എന്നേ ഗ്രന്ഥപാഠം കാണുന്നുള്ളൂ. 'വേദാൻ' എന്ന മൂ. പാ. സ്വീകരിച്ചിരിക്കുന്നു.

വിഷ്വക്സേനം പ്രഥമമഥ നീ ദീപശാലാന്തരാളേ
രാമം രാമാനുജമപി ഹനൂമന്തമന്തേ വണങ്ങി
രത്നോദഞ്ചൽകനകവലഭീമണ്ഡിതേ മണ്ഡപേ ചെ-
ന്നത്യാമോദാൽ തൊഴുക നയനാനന്ദനം നന്ദസൂനും. 44

അഥ, പിന്നെ നീ-അവിടുന്ന്, പ്രഥമം-ആദ്യമായി, വിഷ്വക്സേനനെയും, ദീപശാലയ്ക്കുള്ളിൽ ശ്രീരാമനെയും രാമാനുജനെയും, ലക്ഷ്മണനെയും, ഹനുമാനെയും, അന്തേ-അടുത്തു(ചെന്ന്), വണങ്ങിയിട്ട് രത്നങ്ങൾകൊണ്ട്, ഉദഞ്ചത്തും-ഉജ്ജ്വലവും, കനകവലഭികൊണ്ട്-പൊൻകൂരകൊണ്ട്, മണ്ഡിതം-മനോഹരവും ആയ മണ്ഡപത്തിൽ ചെന്ന് അത്യാമോദത്തോടെ നയനാനന്ദനം-കണ്ണുകൾക്ക് ആനന്ദകരനായ, നന്ദസൂനുവിനെ തൊഴുക.

'വിനതാനന്ദനം' എന്ന മൂ. പാഠത്തിൽ വിനതയ്ക്ക് ആനന്ദനനായ നന്ദസൂനുവിനെ എന്നോ വിനതാനന്ദനനെയും-വിനതയുടെ നന്ദനനെയും, ഗരുഡനെയും, നന്ദസൂനുവിനെയും എന്നോ അർത്ഥമെടുക്കാം.

ഊയൽപ്പൂമെത്തയിൽ മരുവുമക്കണ്ണനാമുണ്ണി തന്നെ-
ത്താലോലിച്ചും തഴുകിയുമുടൻ നിൻറ വൈകാതവണ്ണം
ചൂഡാഗ്രംകൊണ്ടണിമതി തൊടും വാതിൽമാടം പുറപ്പെ-
ട്ടാർത്തും വീണ്ടും സ്വയമിവ വലത്തിട്ടു നീ കമ്പിടമ്പിൽ. 45

ഊയൽപ്പൂമെത്തയിൽ മരുവുന്ന ഉണ്ണിക്കണ്ണനെ താലോലിച്ചും തഴുകിയും നിന്ന് വൈകാതെ-താമസിയാതെ, ചൂഡാഗ്രം കൊണ്ട് അണിമതിയെ തൊടുന്ന വാതിൽമാടം-ഗോപുരം- ഗോപുരത്തിലൂടെ പുറപ്പെട്ട്, വീണ്ടും സ്വന്തം രൂപത്തിലിരിക്കുന്ന പോലെയുള്ള അത്തും-അത്തനെ, അച്ഛപ്പനെ,അൻപിൽ വലത്തിട്ട്-സന്തോഷത്തോടു വലത്തിട്ട്, വലംവച്ച്, കമ്പിട്ടാലും-തൊഴുതാലും.

മൻറിൽച്ചെൽവം പെരിയ തിരുവാമ്പാടിയിൽക്കൂടിയാടി-
ക്കൻറിൽക്കൂടിത്തെളിവൊടു കളിച്ചീടുമമ്മൂർത്തി തന്നെ
കൻറെകൊണ്ടടമഴ തടുത്താച്ചിമാർവീടുതോറും
ചെൻറപ്പാൽനെയ് പരുകിമരുവും കണ്ണനെ കൈതൊഴേണ്ടും.

മന്നിൽ ചെൽവം-ഭാഗ്യം- ഐശ്വര്യം, പെരിയ-പെരുകിയ തിരുവമ്പാടിയിൽ കൂടിയാടി-വസിച്ച്, നൃത്തംചെയ്ത്, കന്നുകളോടു ചേർന്ന് തെളിവൊടു-സന്തോഷത്തോടുകൂടി കളിക്കുന്നവനും, കന്നുകൊണ്ട് അടമഴ-വലിയ മഴ, തടുത്തവനും ആച്ചിമാരുടെ വീടുതോറും, ചെന്ന് പാലും നെയ്യും പരുകി-കുടിച്ച്, മരുവുന്നവനും ആയ കണ്ണനാകുന്ന എൻ മൂർത്തിതന്നെ കൈതൊഴണം.

'എൻ മൂർത്തിതന്നെ' എന്നതിനു പകരം 'എൻ തമ്പിരാനെ' എന്നാണ് മൂ. പാ. 'പാൽ നെയ് പരുകി' എന്ന മൂ. പാ. സാധുവാണ്. പെരുകി എന്നു ഗ്രന്ഥപാഠം പിശകാണ്. പരുകുക-കുടിക്കുക; അതിനു കവർന്ന്-മോഷ്ടിച്ച് എന്ന വ്യാഖ്യാനം ശരിയല്ല.

കാലിക്കാലിൽ തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽക്കലിതചികുരം പീതകൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലന്നീലന്തവ നിയതവും കോയിൽ കൊൾകെന്നുള്ളിൽ. 47

കാലികളുടെ കാലിൻ തടവിന പൊടിച്ചാർത്തുകൊണ്ട്-പൊടിപടലം ഏററ്, ആത്ത ശോഭം-ശോഭയുള്ളതും, (കാലികൾ നടക്കുമ്പോൾ കുളമ്പടികൊണ്ട് പൊങ്ങുന്ന പൊടി പററിശോഭയുള്ളതും) പീലിക്കണ്ണാൽ-മയിൽപ്പീലികളുടെ കണ്ണുകൊണ്ട്, കലിതമായ-അലങ്കൃതമായ, ചികുരത്തോടുകൂടിയതും (തലമുടിയിൽ മയിൽപ്പീലി ചൂടിയതും), പീതമായ-

മഞ്ഞ, കൗശേയവീതം-പട്ടു ധരിച്ചതും, കോലും-കമ്പും- കാലിയെ മേയ്ക്കാനുള്ള വടിയും, കോലക്കുഴലും-മനോഹരമായ കുഴലും- ഓടക്കുഴലും, ഇയലും-ഉള്ളതും, ബാലഗോപാലലീലം-ബാലഗോപാലന്റെ ലീലയുള്ളതും, ആയ, തവ-അങ്ങയുടെ, നീലം കോലം-നീലവർണ്ണമായ രൂപം, നിയതവും-നിത്യവും, എങ്ങൾ ഉള്ളിൽ കോയിൽ കൊൾക-കോയിൽകൊള്ളട്ടെ.

'കോയിൽകൊൾകെങ്ങൾ ചേതഃ' എന്നു് മൂ. പാ. എന്റെ ഹൃദയമാകുന്ന ക്ഷേത്രത്തിൽ വസിക്കട്ടെ എന്നു് അർത്ഥം.

ശബ്ദാർത്ഥങ്ങളുടെ സമ്മേളനം അത്യന്തം മനോഹരമായിരിക്കുന്നു.

തിരുമുടിയിൽ മയിൽപ്പീലി ചൂടി മഞ്ഞപ്പട്ടു് ഉടുത്തു് ഓടക്കുഴലും കാലിക്കോലും കൈകളിൽ പിടിച്ചു കന്നുകാലിയെ അടിച്ചുകൊണ്ടു പോകുന്ന ഉണ്ണിക്കൃഷ്ണന്റെ മോഹനസ്വരൂപം മുന്നിൽ വരുന്നു.

എന്റിവണ്ണം തൊഴുതു വിടയും കൊണ്ടെനിക്കും നിനക്കും
നന്റും നന്മയ്ക്കൂഴകൊടു മേവാനുണ്ണിനീലികളെല്ലാം
ഒന്റിനും നീ നരവര! വലത്തിട്ടുകൊണ്ടങ്ങു നേരേ
ചെന്റാൽ കമ്പിട്ടരുളു കരുണാപാത്രമാം ക്ഷേത്രപാലം. 48

എന്നു് ഇവണ്ണം തൊഴുതു്, വിടയുംകൊണ്ടു്-യാത്രാനുമതിയും വാങ്ങി, മേവാൻ, എനിക്കും നിനക്കും ഉണ്ണിനീലിക്കും എല്ലാം-എല്ലാവർക്കും, നന്റും നന്മയ്ക്കു്-നന്നായി നന്മയ്ക്കുവേണ്ടി, ഇന്നും-ഇനിയും, വീണ്ടും ഒന്നു വലത്തിട്ടുകൊണ്ടു്-വലംവച്ചുകൊണ്ടു്, നരവര രാജാവേ, നേരേ ചെന്നു് കരുണാപാത്രമായ ക്ഷേത്രപാലനെ കമ്പിട്ടരുളുക.

'ഉണ്ണിനീലിക്കുമേററം' എന്നു മൂ. പാ.; 'ഉണ്ണിനീലികളെല്ലാം' എന്നു ഗ്ര. പാ.

വൈകുണ്ഠം നീ വലിയ ബലിപീഠോപകണ്ഠത്തിൽ നിന്റേ
കമ്പിട്ടമ്പിൽപ്പുനരപി സഖേ! പ്രാർത്ഥയൻ വാഞ്ഛിതാർത്ഥാൻ
സമ്പൽപ്രാപ്ത്യൈ വിരവൊടു പുറപ്പെട്ടെഴുന്നള്ളിദാനീം
ചെമ്പോൽക്കുന്റിൻ പെരുമ കവരും ഗോപുരേണാപരേണ. 49

വലിയ ബലിപീഠത്തിന്റെ ഉപകണ്ഠത്തിൽ-സമീപത്തിൽനിന്നു്, നീ സഖേ, പുനരപി-വീണ്ടും, അമ്പിൽ കമ്പിട്ടു വൈകുണ്ഠം-വൈകുണ്ഠനോടു് പത്മനാഭസ്വാമിയോടു്, വാഞ്ഛിതാർത്ഥാൻ വാഞ്ഛിതങ്ങളായ അർത്ഥങ്ങളെ-ആഗ്രഹിക്കുന്ന കാര്യങ്ങളെ. പ്രാർത്ഥയൻ-അർത്ഥിക്കുന്നവനായി, വിരവൊടു-വേഗത്തിൽ, സമ്പൽപ്രാപ്ത്യൈ-സമ്പൽപ്രാപ്തിക്കായിട്ടു്-ഉദ്ദേശ്യ സാദ്ധ്യത്തിനായി, ഇദാനീം-ഇപ്പോൾ, ചെമ്പോൽക്കുന്നിന്റെ-സ്വർണ്ണപർവ്വതത്തിന്റെ-മേരുവിന്റെ, പെരുമ കവരുന്ന-വലിപ്പത്തെ അപഹരിക്കുന്ന, അപരേണ ഗോപുരേണ-പടിഞ്ഞാറേ ഗോപുരം വഴി, പുറപ്പെട്ടു് എഴുന്നള്ളുക.

അക്കാലത്തു തന്നെ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ കിഴക്കും പടിഞ്ഞാറും ഗോപുരങ്ങൾ ഉണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു. കിഴക്കേ ഗോപുരത്തെപ്പറ്റി 31-ാം പദ്യത്തിലും, പടിഞ്ഞാറേ ഗോപുരത്തെപ്പറ്റി ഈ ശ്ലോകത്തിലും പ്രസ്താവമുണ്ടല്ലോ. ഉണ്ണുനീലി സന്ദേശകാലത്തിനു അടുത്തു ഉണ്ടായ 'അനന്തപുരവർണ്ണനത്തിൽ' കിഴക്കേ ഗോപുരത്തെപ്പറ്റി പ്രത്യേകിച്ചു പരാമർശമുണ്ടു്. 'കിഴക്കിൻ ഗോപുരം നോക്കിത്തൊഴലാം വിശ്വമൂർത്തിയെ' (അനന്തപുരവർണ്ണനം).

> അപ്പോഴം മുൽപ്പാടണയ വഴിമേൽ കാണലാം തേ വലത്ത-
> ങ്ങുപ്പുപ്പെന്നും നിജ സഹചരീമുപ്പുനത്യേതി വാമാൽ;
> ഇപ്പാപ്പൂർ വാണ്ണുഴക ചൊഴിയും വീര! മംഗല്യശംസീ
> മുൽപ്പാടപ്പാൽക്കിമപി ച വലംപാട്ടു പാട്ടും വയാനും. 50

അപ്പോഴം, മുൽപ്പാട്ടു്-മുൻപിൽ, അണയ വഴിമേൽ-അടുത്തു വഴിയിൽ, വലത്തു ഭാഗത്തു്, ഉപ്പൻ-ഉപ്പൻപക്ഷി, ഉപ്പു ഉപ്പു എന്നു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു്, നിജ സഹചരീം-ഇണയായ പെൺ പക്ഷിയെ, വാമാൽ-ഇടത്തുവശത്തുനിന്നു്, അത്യേതി-അടുക്കുന്നതു്-അടുത്തുചെല്ലുന്നതു്, തേ കാണലാം-അങ്ങേയ്ക്കു കാണാം. ഇപ്പാപ്പൂർ വാണ്ണുഴക ചൊഴിയും വീര എന്നു സംബോധന. മംഗല്യശംസിയായ വയാനും-കയിലും, അപ്പാൻ മുല്പാട്ടു്-ആ സ്ഥലത്തിനു മുൻപിൽ, കിമപി ച വലംപാട്ടു്-വലത്തുവശത്തു്, പാട്ടും ച എന്നതിനു് പാട്ടുകയും ചെയ്യും. വലം പാട്ടു് എന്ന പാഠത്തിൽ വിജയഗാനമെന്നർത്ഥം. വലം-വിജയം. വയാൻ-കരികുരുവി. കയിൽ എന്ന അർത്ഥമേ പ്രകൃതത്തിൽ യോജിക്കൂ.

'അത്യേതി വാമാം' എന്ന മൂ. പാഠത്തിനു 'പ്രണയകലഹംകൊണ്ടു അനുകൂലയല്ലാത്ത പെൺ പക്ഷിയെ' എന്നു അർത്ഥം കല്പിച്ചു കാണുന്നു. അതു് അനുചിതം ആണു്. ഉപ്പൻ ശബ്ദിക്കുന്നതു് മംഗലശകുനമായി വിശ്വസിച്ചുവരുന്നു. 'ചാലേ വലത്താട്ടൊഴിഞ്ഞ ചകോരത്തെ തുക്കൺപാർത്തു മാനവേന്ദ്രനുമുവായി മാനസാഹ്ലാദം' എന്ന പ്രയോഗം കാണുക. പ്രണയ കലഹത്തോടുകൂടിയിരിക്കുന്നതു മംഗലശകുനമല്ലല്ലോ. വിശേഷിച്ചും ഭർത്താവിന്റെ മുട്ടു് ഭാര്യയോടു പറയാൻ പോകുന്ന യാത്രയിൽ.

'ഇപ്പാപ്പൂർ പ്പെഴക ചൊഴിയും' എന്നു് മൂ. പാ. ഇപ്പാപ്പൂർ വാണ്ണുഴക ചൊഴിയും' എന്നു് ഗ്ര. പാ. 'വിയാനും' എന്നു് മൂ. പാ. 'വയാനും' എന്ന ഗ്ര. പാ. ആണു് ശരിയായ രൂപം. വാമാൻ എന്നു ഗ്ര. പാ. വാമാം മൂ. പാ.

> വീണാവാണീം വടിവിനൊടിടത്തടുത്തുണ്ണിയച്ചീ-
> മേണാങ്കനും ചെറുതു കറവാക്കിന്റെ വക്ത്രാരവിന്ദാം
> ഓണം പോലേ വിരവിലെഴുനള്ളിന്റെ നിന്മേൽത്തരാനീം
> കാണാം തൂവെൺ മുറുവൽ മലരാൽത്തൂകി മേവിന്റവാറു്.

തദാനീം-അപ്പോൾ, ഇടത്തു് അങ്ങു് അടുത്തു്, വീണാവാണീം-വീണാവാണിയും, ഏണാങ്കനും ചെറുതു കറവാകുന്ന വക്ത്രാരവിന്ദത്തോടു കൂടിയവളും ആയ ഉണ്ണിയച്ചിയെ ഓണംപോലെ വിരവിൽ എഴുന്നള്ളുന്ന നിന്റെ മേൽ, ഇളവെൺ മുറുവലാകുന്ന-വെളുത്ത പുഞ്ചിരിയാകുന്ന, മലരാൽ തൂകി-പുഞ്ചിരിയാകുന്ന പൂക്കളെ വിതറിക്കൊണ്ടു്, മേവിന്റവാറു്, നില്ക്കുന്നതു്, കാണാം.

വഴിയിൽ അടുത്തു് ഇടത്തുഭാഗത്തായി ഉണ്ണിയച്ചി എന്ന സുന്ദരി മന്ദഹാസകുസുമം ചൊരിഞ്ഞുകൊണ്ടു നില്ക്കും.

ഏണാങ്കൻ-മാനിന്റെ മറുവുള്ളവൻ, ചന്ദ്രൻ; ചന്ദ്രനും കറവു് ഉണ്ടാകുന്ന മുഖാരവിന്ദത്തോടുകൂടിയവൾ എന്നർത്ഥം. ഓണത്തെ ആഘോഷത്തോടെ സ്വീകരിക്കുന്നതുപോലെയാണു് ആദിത്യവർമ്മയുടെ എഴുന്നള്ളത്തിനെ ഉണ്ണിയച്ചി സ്വീകരിക്കുന്നതു് എന്നു ഭാവം.

'ഉണ്ണിയച്ചീം' എന്നു് ഗ്ര. പാ. 'ഉണ്ണിയാടീം' എന്നാണു് മൂ. പാ. ഇളവെൺ മറുവൽ എന്ന മൂ. പാ. ശരിയല്ല. മറുവൽ എന്നാൽ കസ്തൂരിമൃഗം. മുറുവൽ എന്നു് ഗ്ര. പാ. മുറുവൽ എന്നാൽ പുഞ്ചിരി.

പിന്നെപ്പൊന്നിൻ മെതിയടി കഴിച്ചുണ്ടു തണ്ടിൽക്കരേറി
കന്നക്കണ്ണാർമനസിജ! മതിപ്പെട്ട സേനാജനേന
പുന്നപ്പൂവിൻ പരിമളഭൃതാ മാരുതേനാനയാതോ
മുന്നിൽക്കാണാമിതവിയ നടക്കാവു നീ പിന്നിടേഥാഃ 52

പിന്നെ, അങ്ങു്, പൊന്നിൻമെതിയടി കഴിച്ചു്-ഊരിയിട്ടു്, തണ്ടിൽ-മേനാവിൽ(പല്ലക്കിൽ), കയറി, കന്നക്കണ്ണാർ മനസിജ-സുന്ദരിമാർക്കു് കാമനായിട്ടുള്ളോവേ! മതിപ്പെട്ട സേനാജനേന—മതിയായ സേനാസമേതനായിട്ടു്, പുന്നപ്പൂവിന്റെ പരിമളത്തെ ഭരിക്കുന്ന-സുഗന്ധം വഹിക്കുന്ന, മാരുതനാൽ അനുയാതം ചെയ്യപ്പെട്ടവനായി, മുമ്പിൽ കാണുന്ന ഇതവിയ-ഹിതമായ, മനോഹരമായ, നടക്കാവു് നീ പിന്നീടേഥാഃ-അവിടന്നു് പിന്നിട്ടാലും. പിന്നിടേഥാഃ എന്നതു് മണിപ്രവാളമനുസരിച്ചുള്ള സംസ്കൃതീകൃതരൂപം. പുന്നയുടെ തണലും പുന്നപ്പൂവിന്റെ മണവും കൊണ്ടു് മോഹനമായ ആ നടക്കാവു് ആദിത്യവർമ്മയെ ഒരു ഉല്ലാസയാത്രയ്ക്കു് ക്ഷണിക്കുന്നപോലെ തോന്നും.

'കന്നക്കണ്ണാർ' എന്നാണു് ഗ്ര. പാ. കന്നം വരെ കണ്ണുള്ളവർ (നീണ്ട കണ്ണുള്ളവർ എന്നർത്ഥം). 'കന്നക്കണ്ണാർ' എന്നതിനു് 'കന്നൽക്കണ്ണാർ' എന്നു് അബദ്ധരൂപം പ്രയോഗത്തിൽ കടന്നുകൂടിയതായിരിക്കാം. 'കന്നൽമൊഴി' (കൽക്കണ്ടം പോലെ മധുരിക്കുന്ന വാക്കു് ഉള്ളവൾ) എന്നതിലെ 'കന്നൽ' ശബ്ദത്തിന്റെയും 'കന്നമിഴി' എന്നതിലെ 'കന്ന' (കണ്ണു) ശബ്ദത്തിന്റെയും അർത്ഥം മനസ്സിലാക്കാതെ 'കന്നമിഴി'യെ (കണ്ണും വരെ നീണ്ട മിഴിയുള്ളവളെ) 'കന്നൽമിഴി' എന്നും, പിന്നെ

'കന്നൽക്കണ്ണി'യെന്നും പ്രയോഗിച്ചു തുടങ്ങിയിരിക്കുന്നു. 'കന്നക്കണ്ണി' എന്നാൽ ആകൃഷ്ട വിശ്രാന്ത ലോചന എന്നു അർത്ഥം. 'കണ്ണതോളം നെടിയ കുടില കൺവിലാസങ്ങൾ' (109). 'കാതോളം നീണ്ടസിത നയനം' (133) എന്ന പ്രയോഗങ്ങളും കാൺക.

പാലും നെയ്യും പരഭൃതഗിരാം വീടുതോറും കവൎന്നോ-
രോമൽപ്പൈതൽക്കിളയളയി ഞാനെൻറ ചൊല്ലിൻറപോലേ
പാരേഴിന്നും പ്രഥമജനനീം പാൽക്കുളത്തിൽക്കളിക്കും
ദേവീം ദുൎഗ്ഗാം തൊഴുക ദിവിഷദ്വേഷിവിദ്വേഷിണീം താം. 53

പരഭൃതഗിരാം-പരഭൃതങ്ങളെപ്പോലെ മധുരമായ ശീലമുള്ളവരുടെ-കുയിൽ പോലെ മധുവാക്കുകൾ പൊഴിക്കുന്ന സുന്ദരിമാരുടെ, വീടുതോറും പാലും നെയ്യും കവൎന്ന ഓമൽപ്പൈതൽക്കു (ഗോപികളുടെ വീടുകളിൽനിന്നും പാലും നെയ്യും കവൎന്നു ഉണ്ണികൃഷ്ണനു) ഇളയവൾ-ഇളയവൾ-അനുജത്തി, അയി. സംബോധന, ഞാനെൻറ ചൊല്ലിൻറ പോലെ, പാരേഴിന്നും പ്രഥമജനനിയും പാൽക്കുളത്തിൽകളിക്കുന്നവളും ദിവിഷദ്വേഷിവിദ്വേഷിണിയും-സുരദ്വേഷികളെ ദ്വേഷിക്കുന്നവളും, ആയ, ദേവീം ദുൎഗ്ഗാം-ദുൎഗ്ഗാദേവിയെ, തൊഴുക-തൊഴുതാലും.

പാലും നെയ്യും കട്ടവൻറ അനുജത്തി പാൽക്കുളത്തിൽ കളിക്കുന്നതു യുക്തം തന്നെ എന്നു കവി സൂചിപ്പിക്കുന്നു.

'ഇളയളയി' എന്നു ഗ്ര. പാ, ഇളയൾ അയി എന്നു പദച്ഛേദം. 'ഇളയളിയി' എന്ന മൂ. പാ ക്ലിഷ്ടമാണു. അളിയി-അനുജത്തി എന്നു ചിലർ പറയുന്നു. 'ദേവീമേവം' എന്ന മൂ. പാഠത്തെക്കാൾ 'ദേവീം ദുൎഗ്ഗാം' എന്ന ഗ്ര. പാ. ആണു സമീചീനം.

മേതിൽച്ചൊല്ലുള്ളസുരനിവഹം പാരിൽനിന്നേററി മാററി-
പ്പാതിപ്പെട്ടോ, ചില ദിവിഷദാം മൈ വളൎത്തും മദനേ!
കാതിൽപ്പൂവും കനകരചിതം തോടയും ചേൎത്തു ചാൎത്തും
മാതങ്ഗീതദ്യുതികലയണിഞ്ഞംബികേ! കൈ തൊഴുന്നേൻ. 54

മേതിൽ-മേദിനിയിൽ ഭൂമിയിൽ, ചൊല്ലുള്ള-പ്രസിദ്ധി പെററ; അസുരനിവഹത്തെ പാരിൽനിന്നു-ലോകത്തിൽനിന്നു; മേതിൽച്ചൊല്ലുള്ള എന്നു ഗ്ര-പാ) 'മേതിച്ചൊല്ലുള്ള' എന്നു മൂ. പാ. മേതി-മഹിഷം എന്നു ചൊല്ലുള്ള എന്നു അവിടെ അൎത്ഥം എടു ക്കണം. ഏററിമാററി-അടിച്ചുകളഞ്ഞു; 'ഏററിമാററി' എന്ന മൂ. പാ. എടുത്തുകളഞ്ഞു, മുഴുവൻ കളഞ്ഞു എന്നുള്ള അൎത്ഥങ്ങൾ സമഞ്ജസമെന്നു തോന്നുന്നില്ല. ചില ദിവിഷദാം-ദിവിഷത്തുക്കളുടെ, ദേവന്മാരുടെ

മെയ് വളർത്തും മരുന്നേ എന്നു സംബോധന. അർദ്ധനാരീശ്വര വിഗ്രഹത്തിൽ ദേവിയുടെ ശരീരം പകുതിയായിപ്പോയതു് അസുര മർദ്ദനത്തിലുള്ള ശ്രമംകൊണ്ടാണോ എന്നു ചോദ്യം. ഉത്തരാർദ്ധത്തിൽ അർദ്ധനാരീശ്വരവിഗ്രഹത്തിന്റെ വർണ്ണനയും ഉണ്ടു്. പാതിപ്പെട്ടോ - പകുതി ആയിത്തീർന്നോ? കാതിൽ പാമ്പുകളും കനകനിർമ്മിതമായ തോടയും ചേർത്തു ചാർത്തുന്ന മാതഃ - അമ്മേ, ശീതദ്യുതികലയണിഞ്ഞ അംബികേ - ചന്ദ്രക്കലയണിഞ്ഞ അംബികേ, ഞാൻ കൈതൊഴുന്നു.

ഒരു കാതിൽ പാമ്പും മറു കാതിൽ തോടയും ചാർത്തുന്ന എന്നു പറഞ്ഞിരിക്കുന്നതിനാൽ അർദ്ധനാരീശ്വരവിഗ്രഹമാണെന്നു് മനസ്സിലാക്കാം.

നേരേ ചെൻറാൽ പ്രിയസഖ! വിരഞ്ഞംബുരാശേരുദാരം
തീരം കാണാം പുകഴ്പൊലിവെഴും വീരർകോനേ! തദാനീം
ഓരോന്റേറ നിൻറതുമിതുമുടൻ ചൊല്ലി വൈകിപ്പതെല്ലാം
പോരാതോ കാൺ നിഖിലമറിയും നിന്നൊടിന്നാട്ടിൽനിൻറു്.

വിരഞ്ഞു് - വേഗത്തിൽ, നേരേ ചെൻറാൽ - നേരേ പോയാൽ, അല്ലയോ പ്രിയസഖ! പുകൾപൊലിവെഴും വീരർകോനേ - പുകൾ പൊലിയുന്ന വീരന്മാർക്കു രാജാവായിട്ടുള്ളോവേ! തദാനീം - അപ്പോൾ, അംബുരാശേഃ - അംബുരാശിയുടെ കടലിന്റെ ഉദാരമായ തീരം കാണാം. പാൽക്കുളങ്ങരക്ഷേത്രത്തിൽ നിന്നു് നേരേ പടിഞ്ഞാറോട്ടു് ഒരു മൈൽ പോയാൽ തിരുവനന്തപുരം കടൽപ്പുറമായി. ഇന്നാട്ടിൽനിന്നു് - ഇവിടെ നിന്നുകൊണ്ടു്, നിഖിലമറിയും നിന്നൊടു് എല്ലാമറിയുന്ന നിന്നോടു് (ഈ സ്ഥലങ്ങൾ നല്ല പരിചയമുള്ള അങ്ങയോടു്), ഉടൻ നിൻറു് അതുമിതും ഓരോന്റേറ ചൊല്ലിവൈകിപ്പതു് - താമസിപ്പിക്കുന്നതു് എല്ലാം പോരാതോ - കാൺ പോരാത്തതല്ലേ, വിചാരിക്കുക.

ഇവിടെ ഗ്ര. പാ. ശുദ്ധമല്ല. 'ഓരോന്റേറ ചൊല്ലുനിൻറതുമിതുമുടൻ ചൊല്ലി വൈകിപ്പതെല്ലാം പോരാതോ ഞാൻ നിഖിലമറിയും നിന്നൊടിന്നാട്ടിൽ നിൻറു' എന്നാണു് ഗ്ര. പാ.; മു. പാ. സമീചീനം.

സത്ത്വം, ഗംഭീരത, വടിവിടമ്പാടു രത്നാകരത്വം,
മറ്റും പാർത്താൽ തവ ഗുണഗണം ചേരുന്നെഴും വാരിരാശി
തന്നിൽത്തങ്ങും തുരഗശിഖിനാ ഹന്ത! വെന്താറിടിൻേറാൻ
മന്യേ തന്നാൽപ്പെരികെയാത്മജീവിതമില്ലാക്കുമെൻറു്.

സത്ത്വം - ആകാരവിശേഷം (ജലജന്തുക്കൾ), ഗംഭീരത - ഗാംഭീര്യം (ആഴം), വടിവു് - രീതി (പ്രകൃതി), ഇടംപാടു് - മഹത്ത്വം (വിസ്താരം)

രത്നാകരത്വം-രത്നങ്ങൾക്കു് വിളനിലം എന്ന സ്ഥിതി (ഗുണരത്നങ്ങൾക്കു് വിളഭൂമി); സത്ത്വം തുടങ്ങിയുള്ളവ മുറ്റും പാർത്താൽ (മറ്റും പാർത്താൽ എന്നു് മൂ. പാ)-ഗാഢമായി ആലോചിച്ചാൽ, തവ-അങ്ങയുടെ, ഗുണഗണം ചേരുന്നു. വാരിരാശി കടൽ, തന്നാൽ തന്നെക്കൊണ്ടു്, ആർക്കും-ഒരുത്തർക്കും, പെരികെ ഉപജീവിതമില്ല; 'എന്നു് ഓർത്തിട്ടു'' എന്നു ചേർത്തുകൊള്ളണം. തന്നിൽ കടികൊള്ളുന്ന, തുരഗശിഖിനാ-ബഡവാഗ്നിയാൽ (സമുദ്രത്തിന്റെ അന്തർഭാഗത്തു ബഡവാഗ്നിയുണ്ടെന്നു കവിസങ്കേതം). ബഡവ-പെൺകുതിര, ഹന്ത-കഷ്ടമേ, വെന്തുറിടിന്റേറാൻ-വെന്തടിയുന്നവൻ എന്നു് മന്യേ-ഞാൻ വിചാരിക്കുന്നു.

സത്ത്വാദികളായ ഗുണങ്ങൾകൊണ്ടു് സമുദ്രത്തിനു് ആദിത്യവർമ്മയോടു സാമ്യമുണ്ടെങ്കിലും സമുദ്രത്തെക്കൊണ്ടു് ആദിത്യവർമ്മയെക്കൊണ്ടെന്നപോലെ പരന്മാർക്കു് ഉപകാരമില്ലാത്തതിനാൽ സമുദ്രം സന്തപിക്കുന്നു എന്നു് വ്യതിരേകം.

ഇവിടെ പ്രകൃതിസംഗിനിരീക്ഷണത്തെക്കാൾ അലങ്കാര കല്പനയിൽ ആണു് കവി കൂടുതൽ ശ്രദ്ധിച്ചിരിക്കുന്നതു്.

മണ്ടുംമാൻനേർമിഴികൾമലനാ! മന്മഥാരാതി തന്നെ
ത്തെക്കുംകൊല്ലത്തിന്നൊരു തിലകമേ! തിങ്കൾചൂഡം പിരാനെ,
കാണ്മൂ പിന്നെക്കമലവനിതവല്ലഭനേ! നിൻ വിയമ്പേ-
രാളും കാളീപിതരം എതിരില്ലാത്ത മംഗല്യകീർത്തേ! 57

മണ്ടും-ഓടുന്ന, മാൻനേർ-മാനിനു നേരായ-തുല്യമായ, മിഴികൾ ഉള്ളവർക്കു്-കണ്ണുള്ളവർക്കു്, ചഞ്ചലാക്ഷിമാർക്കു് മലനാ എന്നു്സംബോധന. തെക്കുംകൊല്ലത്തിന്നൊരു തിലകമേ-തെക്കൻ കൊല്ലത്തിനു പൊട്ടുപോലെ ഉള്ളോവേ! കമലവനിതവല്ലഭനേ-ലക്ഷ്മീദേവിക്കു പ്രിയനായിട്ടുള്ളോവേ! എതിരില്ലാത്ത-സാമ്യമില്ലാത്ത, മംഗല്യകീർത്തേ ഇതുവും സംബോധനകളാണു്. പിന്നെ മന്മഥാരാതിതന്നെ-കാമവൈരിയും, നിൻ വിയൻപേരാളുന്ന-അങ്ങയുടെ വിജയനാമം-സ്ഥാനനാമം, ഉള്ള കാളീപിതരം-കാളിയുടെ പിതാവും ആയ മന്മഥാരാതി തന്നെ-കാമവൈരിയായ ദേവനെ, കാണ്മൂ-കണ്ടാലും.

പാർക്കളങ്ങര ഭഗവതിയെ തൊഴുതിട്ടു പോയാൽ പിന്നെ ആദിത്യവർമ്മയുടെ വിയമ്പേരുള്ള ശിവനെ കണ്ടു തൊഴാം എന്നർത്ഥം. വിയമ്പേർ ഉള്ള ശിവൻ തൃപ്പാപ്പൂർ ആണെന്നു് ശ്രീ. പിഷാരടി. ഉളിയാലിച്ചപുരം എന്നു മഹാകവി ഉള്ളൂർ. (കേ സാ. ച. I. P. 368). 60-ം 61-ം ശ്ലോകങ്ങളിൽ മാതംഗങ്ങളെപ്പറ്റിയും വാജികളെപ്പറ്റിയും പരാമർശം ഉള്ളതുകൊണ്ടു് രാജസങ്കേതമായ തൃപ്പാപ്പൂരിനെപ്പറ്റിയാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. വിയംപേർ - വിയൻ - പെരുമ, (വിശ്വനാഥപിള്ള, തമിഴ് നിഘണ്ടു). തെക്കുംകൊല്ലത്തിന്നു് എന്നു മൂ-പാ. തെക്കുംകൊല്ലത്തി'ന്നു് എന്ന ഗ്ര. പാ. ആണു് മെച്ചം. വടക്കൻ

കൊല്ലം (പന്തലായിനിക്കൊല്ലം) തെക്കൻകൊല്ലം (കരക്കേണിക്കൊല്ലം) എന്നു രണ്ടുള്ളതിൽ തെക്കൻകൊല്ലമായിരുന്നു വേണാടിന്റെ ആദ്യ രാജധാനി; അതിന്നു തിലകമാണു് ആദിത്യവർമ്മ. 'കമലവനിതയ്ക്കിമ്പനേ' എന്നു മൂ. പാ. ഇമ്പൻ-പ്രിയൻ.

ആനത്തോലോ കൊടിയ വിഷമോ വെള്ളമോ വെള്ളെലിമ്പോ
മാനോ മീനധ്വജചൂടലയാം കണ്ണിലാകിന്റ തീയോ
നീറോ വേറേ പറകിൽ മലമാതിന്നു നിന്നെ കനക്ക-
ക്കൂറാവാനൊന്റിതവിയതു ചൊല്ലേതു ശീതാംശുമൗലേ? 58

ആനത്തോലോ, കൊടിയവിഷമോ, വെള്ളമോ, വെള്ളെലിമ്പോ-വെളുത്ത എല്ലുകളോ, മാനോ, മീനധ്വജന്റെ ചുടലയായ കണ്ണിൽ-മീനധ്വജനെ-കാമനെ ചുട്ടെരിച്ച കണ്ണിൽ, ആകിന്റ-ഉള്ള, തീയോ, നീറോ-ഭസ്മമോ, വേറേ പറകിൽ-പ്രത്യേകിച്ചു പറയുന്നപക്ഷം, ഇവയിൽ ഏതാണു് മലമാതിന്നു് പാർവ്വതിക്കു്, അല്ലയോ ശീതാംശുമൗലേ-ചന്ദ്രമൗലേ-നിന്നെ, കനക്കക്കൂറാവാൻ-നിന്നോടു വലിയ കൂറു്-പ്രണയം ഉണ്ടാകാൻ, ഒന്റു് ഇതവിയതു്-ഇതമായിത്തീർന്നതു്? അതു ചൊല്ലു-അതു ചൊല്ലിയാലും. (ഇതവിയ-ഹിതമായ-മനോഹരമായ-നല്ല,52-ാംപദ്യം)

ആനത്തോലു് തുടങ്ങിയവ ശിവന്റെ അലങ്കാരങ്ങളും ആഭരണങ്ങളും ആണു്. ഇവ ഒരോന്നും വിരസമായിരിക്കെ പാർവ്വതിക്കു് ഇവയിൽ ഏതു കൊണ്ടാണു് ശിവനോടു് അതുലമായ കൂറു് ഉണ്ടായതു് എന്നു ചോദ്യം.

കണ്ണിലാകിന്റ എന്നു് മൂ. പാ. കണ്ണിലാകിന്റ എന്നു് ഗ്ര. പാ. 'നിന്റെ കനക്കെ ക്കൂറാവാൻ' എന്നു് മൂ. പാ. അവിടെ നിന്റെ മെയ്യു്-ശരീരം,കൂറാവാൻ-ഭാഗമാക്കാൻ എന്നു് അർത്ഥമെടുക്കാം.'നിന്നെക്കനക്കെ' എന്നു ഗ്ര. പാ. 'ഒന്റിനിയതതു്'' എന്നു് മൂ. പാ. ഉപയുക്തമായതെന്നും മനോഹരമായതെന്നും അതിനു് അർത്ഥം കൊടുത്തിരിക്കുന്നു. ഇനിയതു്-നല്ലതു് എന്നാണർത്ഥം, 'ഇതവിയതു്'' എന്ന ഗ്ര. പാ. ആണു് നല്ലതു്.

'ശംഭോ! ഗംഗാധര! ഗിരിസുതാനാഥ! ശീതാംശുമൗലേ!
കാമാരാതേ! ഹര! ഹര! ജയേ'ത്യുച്ചകൈരുച്ചനേരം
പൂജാകാലം കഴിയുമളവമ്മൂർദ്ധ്നി ബദ്ധാഞ്ജലിസ്സൂപം
വാഴ്ത്തിക്കുമ്പിട്ടതളതിമുദാ തുമ്പചൂട്ടും പിരാനെ. 59

ഉച്ചനേരം പൂജാകാലം കഴിയുമളവു്-മദ്ധ്യാഹ്നപൂജ അവസാനിക്കുന്നതുവരെ, മൂർദ്ധ്നി-മൂർദ്ധാവിൽ-തലയിൽ, ബദ്ധാഞ്ജലിഃ-അഞ്ജലി ബന്ധത്തോടെ-തലയ്ക്കുമീതേ കൈ കൂപ്പിക്കൊണ്ടു്, രൂപം-അവിടന്നു് ശംഭോ, ഗംഗാധര, ഗിരിസുതാനാഥ, ശീതാംശുമൗലേ, കാമാരാതേ, ഹര, ഹര, ജയ-ജയിച്ചാലും, ഇതി, ഉച്ചൈഃ-ഉച്ചത്തിൽ, വാഴ്ത്തി-സ്തുതിച്ചുകൊണ്ടു്,തുമ്പചൂട്ടും പിരാനെ-ശിവനെ, അതിമുദാ-അധികമായ സന്തോഷത്തോടെ കുമ്പിട്ടതുക.

മാതംഗാനാം കരപരിഗളത്സ്വേദസംസിക്തശീതേ
മാകന്ദാനാം തണലിൽ മണലിൽക്കഞ്ചിലൈശ്ചഞ്ചലാഗ്രൈഃ
പിൻകാലേകം കടിലശിഥിലം പശ്ചവേ വച്ചിദാനീം
നിദ്രായന്തേ തവ വടിവെഴും വാജിനോ രാജസിംഹ! 60

സ്തുതിപാഠകന്മാർ ഭൂമിതൃവർമ്മയെ വാഴ്ത്തുന്നതാണ് ഈ ശ്ലോകം.

മാതംഗാനാം-മാതംഗങ്ങളുടെ-ആനകളുടെ, കരങ്ങളിൽ നിന്നു പരിഗളിക്കുന്ന-പുറപ്പെടുന്ന, സ്വേദംകൊണ്ട്-വിയർപ്പുകൊണ്ട് (വെള്ളം കൊണ്ട്), സംസിക്തമായി-നനഞ്ഞ്, ശീതേ-തണുത്ത, മാകന്ദാനാം തണലിൽ മണലിൽ-തേന്മാവുകളുടെ തണലിലുള്ള മണലിൽ, ചഞ്ചലാഗ്രൈഃ കഞ്ചിലൈഃ-ഇളകുന്ന അഗ്രങ്ങളോടുകൂടിയ കഞ്ചിരോമങ്ങൾകൊണ്ട് (കഞ്ചിരോമം-കഴുത്തിൽ വളരുന്ന രോമം. വാലിലെ കഞ്ചിരോമം എന്നു വ്യാഖ്യാനിച്ചു കാണുന്നതു തെറ്റ് ആണ്.) തവ-അവിടത്തെ, വടിവെഴും വാജിനഃ-ഭംഗിയുള്ള കുതിരകൾ, അല്ലയോ രാജസിംഹ, പിൻകാലേകം-ഏകം പിൻകാൽ, ഒരു പുറകാൽ, പശ്ചെ കടിലശിഥിലമായി വച്ചിട്ട് ഇദാനീം-ഇപ്പോൾ നിദ്രായന്തേ-ഉറക്കം തൂങ്ങുന്നു.

കഞ്ചി എന്ന സംസ്കൃതശബ്ദമല്ല ഇവിടെ. കഞ്ചിലൈഃ എന്നു മലയാള ശബ്ദത്തോടു സംസ്കൃതവിഭക്തിപ്രത്യയം ചേർത്തിരിക്കുന്നു.

കടിലശിഥിലം കടിലമായും ശിഥിലമായും - തെല്ലൊന്നു വളച്ച് അയഞ്ഞ മട്ടിലിട്ടുകൊണ്ട്.

'കരപരിഗളത് സ്വേദ' എന്നു മൂ. പാ. 'കരപരിമള' എന്നിത്യാദി ഗ്ര. പാ. അവിടെ തേന്മാവിൻതണലുകളിൽ ആനകളും കുതിരകളും നില്ക്കുന്നു എന്നു ശയ്യം. പശ്ചെ വച്ചിട്ടിദാനീം എന്നു മൂ. പാ. 'പശ്ചവെ വെച്ചിദാനീം' എന്നും ഗ്ര. പാ.

ഇത്ഥം വൈതാളികന്തതിഗിരാമന്തരാ യാമികന്മാ-
രപ്പോഴം വന്നിട്ടള്ളുതു പൊലിവാൻ കാലമാവേദയേയുഃ
തൃപ്പാപ്പൂർക്കിന്റെരാജ തിലകമേ! നീ കഴിച്ചുങ്ങതെല്ലാ-
മപ്പോഴേ പോയ് പൊഴി മുതലയാലങ്കിതം പിന്നിടേഥാഃ 61

ഇത്ഥം-ഈവിധം, വൈതാളികന്മാരുടെ-വന്ദികളുടെ, നുതിഗിരാം-സ്തുതിവാക്കുകളുടെ, അന്തരാ-ഇടയ്ക്ക് - ഇങ്ങനെ സ്തുതിപാഠകന്മാർ പറഞ്ഞുകൊണ്ടിരിക്കെ യാമികന്മാർ-പാറാവുകാർ, അപ്പോഴം വന്നിട്ട്, അള്ള പൊലിവാൻ-അളതെളള കഴിക്കുന്നതിലേക്കുള്ള, കാലം ആവേദയേയുഃ—കാലം അറിയിക്കും. 'കോലുമാവേദയേയുഃ' എന്ന ഗ്ര. പാ. ശരിയല്ല. തൃപ്പാപ്പൂക്ക് ഇന്നു തിലകമായിട്ടുള്ളോവേ! നീ അതെല്ലാം കഴിച്ച്-അളതെള്ളും മറ്റും കഴിച്ചിട്ട്, അപ്പോഴേ പോയ്

മുതലയാലങ്കിതം പൊഴി പിന്നിടേണം:-മുതലപ്പൊഴി പിന്നിടണം. പിന്നിടേണ്ടും എന്ന് മൂ. പാ.-അളളു് എന്നാണ് ഗ്ര. പാ. 'അമുളു' എന്നതിന്നർത്ഥമില്ല.

കോലം കോലും ചവരിനികരം വീയവീയത്തദാനീം
നീലപ്പീലിത്തഴകൾനിഴലാമന്നടക്കാവിലൂടെ
പാലും തേനും തൊഴുതമൊഴിമാർ മൗലിയാമുണ്ണുനീലീം
ചാലക്കാണ്മാനുഴറുക സഖേ! പൂത്തറം മുന്നിലേതു്. 62

തദാനീം—അപ്പോൾ, കോലംകോലും-അഴകുള്ള. ചവരിനികരം-ചമരിനികരം-വെൺചാമരക്കൂട്ടം, വീയവീയ-വീശിക്കൊണ്ടിരിക്കെ, നീലപ്പീലിത്തഴകളുടെ നിഴൽ ഉള്ള ആ നടക്കാവുവഴി, മധുരഭാഷിണി ആയ ഉണ്ണുനീലിയെ കാണ്മാൻ ചാല ഉഴറുക-നല്ലവണ്ണം (വേഗത്തിൽ) പോയാലും; മുന്നിൽ ഉള്ള സ്ഥലം പൂത്തറമാണ്. പൂത്തിടം മുന്നിലേതു് എന്ന് മൂ. പാ.

നീലപ്പീലിത്തഴ-നീലനിറത്തിലുള്ള മയിൽപ്പീലികൊണ്ടു് ഉണ്ടാക്കിയ വിശറി (ആലവട്ടം.). പാലും തേനും തൊഴുന്ന മൊഴിയോടുകൂടിയവർക്ക് മൗലി എന്ന് ഉണ്ണുനീലിക്ക വിശേഷണം. ചാമരം എന്നതിൽനിന്ന 'ചവരി' എന്ന് തദ്ഭവം. 'കോലുംകോലച്ചുവരിനികരം' എന്ന ഗ്ര. പാ.

മതിലകത്ത് സേനാസമേതനായി പുറപ്പെടുന്ന ആദിത്യവർമ്മയുടെ എഴുന്നള്ളത്തിൽ വെൺചാമരവും ആലവട്ടവും പിടിക്കുന്നവരുടെ അകമ്പടി ഉണ്ടല്ലോ. വെൺചാമരങ്ങൾ വീശവെ, മയിൽപ്പീലി കൊണ്ടുള്ള ആലവട്ടങ്ങളുടെ നിഴലിൽക്കൂടി എഴുന്നള്ളുന്നതെന്നുള്ള പൂർവ്വാർദ്ധംകൊണ്ടു് രാജകീയമായ ആഡംബരപ്രൗഢിയെ സൂചിപ്പിക്കുന്നു.

ചോണാട്ടല്ലോ മിളകു ചിരിയം, ചോഴിയക്കോട്ട ചത്താൻ,
വേണാട്ടിക്കിത്തിരമമഴിയും, വെച്ചിയൂർച്ചെൻറിതൊണ്ടോ?
ചാണാക്യം നീ പറവതു തികച്ചാത്തന്തുരൽക്കമൊരണ്ടോ?
ഞാണാക്കിന്നാം ചെറുമനെ മണൽക്കാട്ട പോകാസ്സിൽ നൻറു്. 63

63 തൊട്ട് 65 വരെ ശ്ലോകങ്ങൾ പൂത്തറം (പൂത്തിടം) അങ്ങാടിയിലെ സംഭാഷണങ്ങൾ ആണ്. പലരും സംസാരിക്കുന്ന വാചകങ്ങളുടെ ഖണ്ഡങ്ങൾ മാത്രമാണ് ചന്തയിൽ നിന്ന് കേൾക്കാവുന്ന പ്രകാരത്തിൽ നിബന്ധിച്ചിട്ടുള്ളതു്. ചോണാട്ടല്ലോ മിളകു ചിരിയം-ചോളനാട്ടിൽ ആണല്ലോ മുളക് ചിരിയം, മുളകിന്ന് പ്രിയം-വിലക്കൂടുതൽ; ചോഴിയക്കോട്ട്—ആ പേരുള്ള വീട്ടുകാരനോ നാട്ടുകാരനോ ആയ ആൾ, ചത്താൻ-ചത്തുപോയി; വേണാട്ടിക്ക് ഈ തിരമം അഴിയും-വേണാട്ടിൽ കൊണ്ടുപോയാൽ തിരമം എന്ന ഈ

നാണയം അഴിയും-ചെലവാകും; വെച്ചിയൂർ ചെന്റിരുണ്ടോ-വെച്ചിയൂർ പോയിട്ടുണ്ടോ? നീ പറവതു തികച്ചും-മുഴുവനും, ചാണാക്യം-കൗശലം-ചാണക്യതന്ത്രമെന്ന് പ്രസിദ്ധിയുണ്ടല്ലോ; ചാതന്നൂരല്ല്യൂരുണ്ടോ-ചാത്തന്നൂർ എന്ന സ്ഥലത്ത് അല്ല്യം ഉണ്ടോ. ഉൽക്കം ഉണ്ടോ എന്നായിരിക്കയോ ശരിയായ രൂപം? ഉൽക്കം-ശ്രീല്യം-ചൂതം; മാണാക്കിന്നാം-മണനാക്ക എന്ന സ്ഥലത്താണ്, ചുങ്കമുള്ളതെന്ന് ആയിരിക്കാം. മണനാക്ക് ആററിങ്ങലിനു വടക്കു പടിഞ്ഞാറുള്ള ഒരു സ്ഥലമാണ്. ചെറുമനെ മണക്കാട്ട് പോകാതിരുന്നാൽ നന്ന്.

> അച്ഛൻ ചെലശ്ശിയിഴയഴകിതൊട്ടച്ചിയാലച്ച തിൻറാഠം
> ഇച്ചീലം നീ പറവതു തനിക്കാട്ടിനൊണ്ടോ പ്രമേയം
> എച്ചിൽച്ചോറും വിറകുമടിയനൊട്ടു പോതും കിടങ്ങൂർ
> തച്ചൻകാടേ വഴിക തടിയൻ പോകിലൊല്ലാഞ്ഞുതില്ല. 64

അച്ചൻചെലശ്ശ്, ഇഴ അഴകിത്-അഴകുള്ള ഇഴയാണ്; അതു പോരുള്ള ഒരു ചേല ഉണ്ടായിരുന്നിരിക്കണം. അച്ചിയാഠം അച്ചു തിൻറാഠം—അച്ചു തിൻറാഠം എന്നതിനു് അച്ചു് എന്ന നാണയം വിഴുങ്ങി എന്നർത്ഥം. അടുത്ത വരി 'ഇച്ചീലം നീ പറവതു തനിക്കാട്ടിനുണ്ടോ പ്രമേയം' എന്നു മൂ. പാ. 'സുജ്ജീലം നീ പറവതു (ദ) സുളിഗ്ഗാഞ്ചി (പ്പി) നൊണ്ടോ പ്രമേയം' എന്നു ഗ്ര. പാ. ദുശ്ശീലമാണു് നീ പറയുന്നതു്. ശേഷം ഭാഗത്തിനു് അർത്ഥം തീരെ വ്യക്തമല്ല. എച്ചിൽച്ചോറും വിറകും അടിയനൊട്ടു പോതും-കുറച്ചു മതി; കിടങ്ങൂർ തച്ചൻകാടേ വഴിക-കാട്ടുവഴി വഴിക. തടിയൻ പോയാൽ ഒല്ലാഞ്ഞുതില്ല-പോരാ എന്നില്ല.

> ഇന്തപ്പൊന്നുക്കിനിയ കഴശല്ലപ്പുരേ! നായിനാരേ!
> ശന്തപ്പൻ പാടവഹളുഴകപ്പിള്ള ചൊണ്ണാകി കൊണ്ടാർ
> മായസ്സൊട്ടീഫിമലഹസകണക്കണ്ടു കോഴ്ക്കിട്ടകൈനേ?
> തുഫ്മസ്സംഘേല മൊദിരമഫദും കണ്ടിരേ സാക്കകാല. 65

ഇന്തപ്പൊന്നുക്കിനിയ കഴശല്ല-കഴശ് എന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അപ്പുരേ നായിനാരേ ശന്തപ്പൻ പാടവഹാം-പാടവകം, പാടവങ്ങൾ-പാടകങ്ങൾ-കാൽത്തണ്ടകൾ; അഴകപ്പിള്ള, ചൊണ്ണാകി-ചെറിയ മൺകലം, കൊണ്ടാൻ-വാങ്ങിച്ചു.

ഉത്തരാർദ്ധം തുളുവോ മററാ ആണ്. അർത്ഥം മനസ്സിലാകുന്നില്ല.

> എൻറീവ്വണ്ണം പഥികർ പറയും പാഴ്വാക്കുകളെല്ലാം
> മെൻറാണോ കേട്ടിതഫസിതം തോഴ! നേരേ നടന്നാൽ
> കൻറും കൻറും പിരിയുമിളമാൻ കണ്ണിമാർമാരനേ! നീ
> മൻറിൽ ചാലപ്പകർം പൊലിവെഴും വല്ലുലച്ചെൽക പിന്നെ.

എന്ന് ഇംവണ്ണം, പഥികർ-വഴിയാത്രക്കാർ, പറയുന്ന, പാഴബലങ്ങളെല്ലാം-പാഴായി - പരസ്പരബന്ധമില്ലാതെ, കേൾക്കുന്ന വാക്കുകൾ, എല്ലാം ഒന്നൊന്നായി കേട്ട്, ഉദിതഹസിതം-മന്ദഹാസം പൊഴിച്ചുകൊണ്ട്, നേരെ നടന്നാൽ, നീ മന്നിൽ-ഭൂമിയിൽ, ചാലനന്നായി, പൂകൾ പൊഴിയുന്ന വല്ലൂല ചെല്ലുക. കന്നം-കിടാവും, കന്നം-വാസഭേദമായ കന്നം, ഇവ രണ്ടും പിരിയുന്ന ഇളമാനെപ്പോലെയുള്ള കണ്ണുകളുള്ള സുന്ദരിമാർക്ക് മാരനേ - കാമദേവനായുള്ളോവേ, എന്ന സംബോധന.

'പഴികൾ പറയും ഭാഷാബന്ധങ്ങൾ' എന്ന മൂ. പാ. ശരിയല്ല. 'പഥികർ പറയും പാഴബലങ്ങൾ' എന്ന് ഗ്ര. പാ. ഭാഷാബന്ധം എന്ന വാക്ക് ത്രൈവർണ്ണികഭാഷയുടെ സ്വഭാവം ആണ് കാണിക്കുന്നത് എന്ന് ചിലർ പറഞ്ഞിരിക്കുന്നത് ഈ അബദ്ധപാഠം ആധാരമാക്കി ഉള്ളതാകയാൽ ഉപേക്ഷിക്കാം. ഭാഷാബന്ധം എന്നല്ലാതെ 'ഭാഷബന്ധം' എന്നത് സാധൂകരിക്കാൻ വിഷമം ആണ്.

കന്ദസ്മേരാനനമതിമുദാ രുഗ്മിണീകൊങ്കയിന്മേൽ
നന്ദിച്ചീടും നരകമഥനം നന്ദഗോപസ്യ സൂനും
മന്ദം മന്ദം മധുരമധുരം വേണുമാകൂജയന്തം
വന്ദിക്കേണ്ടും വരഗുണനിധേ! വൽക്കലെത്തമ്പിരാനെ. 61

കന്ദസ്മേരാനനം തുടങ്ങിയുള്ള പദങ്ങൾ തമ്പുരാനെ എന്നതിന്റെ വിശേഷണം. വരഗുണനിധേ വല്ലൂലത്തമ്പിരാനെ വന്ദിക്കേണ്ടും എന്ന് അന്വയം. കന്ദംപോലെ-കുരുക്കത്തിമുല്ല പോലെ, സ്മേരാനനം-പുഞ്ചിരിതൂകുന്ന ആനനത്തോടുകൂടിയവനും, അതിമുദാ-അതിമോദത്തോടെ, രുഗ്മിണിയുടെ കൊങ്കമേൽ, നന്ദിച്ചീടുന്ന-സന്തോഷിക്കുന്ന, നരകമഥനനായുള്ളവനും, മന്ദമന്ദം മധുരമധുരമായി വേണുവിനെ ആകൂജനം ചെയ്യുന്നവനും-കുഴൽ വിളിക്കുന്നവനും, നന്ദഗോപന്റെ സൂനുവുമായ വല്ലൂല തമ്പുരാനെ വന്ദിക്കേണം. ഹേ, വരഗുണനിധേ-വരഗുണങ്ങൾക്ക് ഇരിപ്പിടം ആയുള്ളോവേ! കൊങ്കയുഗ്മേ എന്ന ഗ്ര. പാ.

വല്ലൂല എന്നത് വർക്കല തന്നെ. കൊ. വ. 427-ാമാണ്ട് വർക്കല ക്ഷേത്രം പുതുക്കിപ്പണികഴിപ്പിച്ചതോടെ അതിന് പ്രാധാന്യം സിദ്ധിച്ചു. അതുകൊണ്ടാണ് ആദിത്യവർമ്മ വർക്കലയും പോകണമെന്നു പറയുന്നത്. ശുകസന്ദേശത്തിൽ വർക്കലയെപ്പറ്റി സൂചിപ്പിച്ചിട്ടില്ലാത്തതും, ഉണ്ണുനീലീ സന്ദേശത്തിൽ പരാമർശിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്.

വേഗേന ത്വം വടിവിൽ വിടകൊണ്ടങ്ങു മുല്ലൂരു മേവും
ദേവീം ദുർഗ്ഗാം തൊഴുതു പുഴയും പിന്നെ നീ പിന്നിലാക്കി
കോളംബാഖ്യാം നിജകുലപുരീം ക്ഷ്മാപകാധീശമൗലേ!
നാളെൻറുകേ സമുദയവതീം കാൺക സപ്താംഗനാഥ!

സ്വസ്ഥാംഗനാഥ, ത്വം - നീ - അവിടന്ന്, വേഗേന, വടിവിൽ - ഭംഗിയോടെ - സുഖമോടെ, വിടകൊണ്ട് - യാത്രചെയ്ത്, അങ്ങ് മുല്ലാട്ട് മേവുന്ന - വഴിയിൽ മുൻഭാഗത്തുള്ള, ദേവീം ദുർഗ്ഗാം - ദേവിയായ ദുർഗ്ഗയെ, തൊഴുത്, പുഴയും പിന്നെ നീ പിന്നിലാക്കി, ഹേ ക്ഷ്മാപകാധീശമൌലേ - ക്ഷ്മാപകരാജാക്കന്മാരിൽ മുഖ്യനായുള്ളോവേ! കോളംബാഖ്യാം - കൊല്ലം എന്ന് പേരോടുകൂടിയതും നാളൊന്നുക്കേ സമൃദ്ധിയേവതീം - നാൾക്കുനാൾ അഭിവൃദ്ധിയുള്ളതും ആയ നിജ കലാപുരീം - സ്വന്തം കുലപട്ടണത്തെ കാൺക.

'വിടകൊണ്ടത്ത്'' എന്ന ഗ്രന്ഥപാഠത്തിന്റെ സ്ഥാനത്ത് 'നടകൊണ്ടത്ത്'' എന്ന് മൂ. പാ. 'ദേവീം ദുർഗ്ഗാം' എന്ന് ഗ്ര. പാ. 'കാളീം ദേവീം' എന്ന് മൂ. പാ. 'ക്ഷ്മാപകാധീശപരാണാം' എന്ന് മൂ. പാഠത്തിന് 'ക്ഷ്മാപകാധീശമൌലേ' എന്ന ഗ്ര പാ.

കാളീദേവി പരവൂർ പൊഴിക്കര ഭഗവതി ആയിരിക്കാം. സമുദ്രതീരത്തു കൂടിയായിരുന്നു വഴി എന്നുവേണം മനസ്സിലാക്കാൻ. 'താടസ്ഥ്യം ന ത്യജ' (തീരത്തെ വിടരുത്) എന്ന് ശുകസന്ദേശത്തിലും സൂചന ഉണ്ട്. അക്കാലത്ത് സമുദ്രതീരമായികിടന്ന ഭാഗം കടൽ കയറിപ്പോയതുകൊണ്ട് ആയിരിക്കണം ഇപ്പോൾ വർക്കലയും മറ്റും സമുദ്രതീരം ഉയർന്ന കുന്നു പോലെ ചമഞ്ഞത്. കൊല്ലത്തിന്റെ പടിഞ്ഞാറേ ഭാഗംതന്നെ വളരെ അധികം ഭാഗം കടൽ കയറിപ്പോയെന്നും, അവിടെ ഉണ്ടായിരുന്ന പഴയ പള്ളിയും കൊട്ടാരവും കടലിലടിഞ്ഞുപോയെന്നും അറിയാം. കടൽപ്പുറത്തു കൂടെ വഴി ഉണ്ടായിരുന്നില്ലെന്ന് തെളിയിച്ചാൽ ശാർക്കര ക്ഷേത്രമാണ് ഈ ശ്ലോകത്തിൽ സൂചിപ്പിക്കുന്നത് എന്ന് പറയണം. എന്നാൽ ഈ ഘട്ടത്തിലുള്ള വഴിയെപ്പറ്റി വ്യക്തമായ സൂചനയില്ല. കടൽത്തീരത്തുകൂടെ വഴികിടന്നിരിക്കണമെന്നും അന്നത്തെ കൊല്ലം പട്ടണം കടൽക്കരെ ആയിരുന്നു എന്നുമാണ് കാണുന്നത്.

ഏഷാ ഭൂഷാമണിരിവ ഭുവോ ഹന്ത! വേണാടർകോനാം
നീയും പാലിച്ചപഗതഭയം വർദ്ധിതാ നാളിൽ നാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാമദ്യ മന്യേ
നാണിക്കിന്റാളമരനഗരീം നാമമാത്രാവശേഷാം 69

വേണാടർകോനാം, നീയും പാലിച്ച്, അപഗതഭയം - ഭയംകൂടാതെ വണ്ണം, നാളിൽ നാളിൽ വർദ്ധിതാ, ഭുവോ - ഭൂമിയുടെ, ഭൂഷാമണിഃ ഇവ - ഭൂഷാരത്നംപോലെയുള്ള, ഏഷാ - ഇവൾ ഈ പട്ടണം, അദ്യ - ഇന്ന്, ഇന്ദ്രനാലും, ഉപേന്ദ്രനാലും - ഇന്ദ്രന്റെ അനുജനായ വാമനനാലും, ക്ഷപിതമായ - ക്ഷയിപ്പിക്കപ്പെട്ട, ദിതിജോപദ്രവാം - ദൈത്യന്മാരുടെ ഉപദ്രവത്തോടുകൂടിയതും, നാമം മാത്രം അവശേഷിച്ചതും ആയ അമരനഗരിയെ, നാണിക്കിന്റാൾ - ലജ്ജിപ്പിക്കുന്നവൾ എന്ന്, മന്യേ ഞാൻ വിചാരിക്കുന്നു.

നാണക-നാണിക്കുക (നാണാതെ നാട്ടുനാർത്ത്യാം വിരവൊട്ട് കവി ചൊല്ലിന്റെനിക്കേ നമോസ്തു-ലീലാ). വേണാടർകോനും അവിടന്നും പാലിച്ച് നാൾക്കുനാൾ ഐശ്വര്യത്തിൽ മികച്ചുവരുന്ന ഈ നഗരം ഇന്ദ്രാമരേന്ദ്രന്മാർ ഭരിച്ച് ദൈത്യോപദ്രവത്തിൽ നിന്നു് മോചിച്ച അമരാവതിക്കും നാണം ചേർക്കുന്നു എന്നു് സാരം.

'നാമമാത്രാവശേഷാം' എന്നു മൂ. പാ. 'നാമമാത്രാഭിരാമാം' എന്നു് ഗ്ര. പാ. 'ചന്ദ്രോപേന്ദ്രക്ഷിതിജ ലിതിജോപഭോഗാം' എന്ന ഗ്ര. പാ. ശരിയെന്നു തോന്നുന്നില്ല.

ചൊങ്കം ചമ്പ്രാണിയുമുടനുടൻ വന്ന ചോണാടനും കൊ-
ണ്ടാക്രാമന്തീ ജലധിമഖിലം നിന്നുടേ കീർത്തിപോലെ,
പൊന്മാടാനാം മണിമകുടമാം നാവുകൊണ്ടെച്ചിലാക്കി
ക്രൂടക്രൂടെക്കടലിൽ മുഴകിച്ചംബുദാൻ ഖേദയന്തീ. 10

ചൊങ്കം ചമ്പ്രാണിയും, ഉടനുടൻ-കൂടെക്കൂടെ, വന്ന-വന്നുചേരുന്ന, ചോണാടനും കൊണ്ട്-കച്ചവടത്തിനായി വന്നുചേരുന്ന ചൊങ്ക്, ചമ്പ്രാണി, ചോണാടൻ എന്ന കപ്പലുകളെക്കൊണ്ട്, അങ്ങയുടെ കീർത്തി എന്നപോലെ. അഖിലജലധി-സമുദ്രത്തെയെല്ലാം ആക്രാമന്തീ-ആക്രമിക്കുന്നവളും, പൊന്മാടാനാം പൊന്മേടകളുടെ, മണിമകുടമാകുന്ന-രത്നകിരീടം പോലെയുള്ള, നാവുകൊണ്ട്- താഴികക്കുടങ്ങളെക്കൊണ്ട്, എച്ചിലാക്കി-നക്കി ഉച്ഛിഷ്ടമാക്കി, അംബുദാൻ-മേഘങ്ങളെ, കൂടെക്കൂടെ കടലിൽ മുഴകിച്ച്, ഖേദയന്തീ ഖേദിപ്പിക്കുന്നവളും (ആണ് ഈ നഗരി എന്നു് ചേർത്തുകൊള്ളണം). 'അംബുജാൻ' എന്ന മൂലത്തെ പാഠത്തിനു് അംബുജങ്ങളെ-ചന്ദ്രബിംബങ്ങളെ എന്നു് അർത്ഥം കല്പിച്ചിരിക്കുന്നു. പൊന്മേടാനാം എന്നു് മൂ. പാ. അർത്ഥം സമാനം.

കടലിൽ ചന്ദ്രൻ ചെന്നു് താഴുന്നതു് കടൽത്തീരത്തുള്ള പട്ടണത്തിലെ ഉന്നതങ്ങളായ മാളികകൾ താഴികക്കുടമാകുന്ന നാക്കുകൊണ്ടു നക്കി എച്ചിലാക്കുന്നതുകൊണ്ടാണെന്നു് കല്പന. അംബുദപക്ഷത്തിൽ മേഘങ്ങൾ കടലിൽ ചെന്നു താഴുന്നു എന്നു് എടുക്കണം.

അന്നു് കൊല്ലത്തു് ഉണ്ടായിരുന്ന നാവികവാണിജ്യത്തിനു് മതിയായ തെളിവാണ് ഈ പദ്യം. ചൊങ്ക് തുടങ്ങിയുള്ള കപ്പലുകളെപ്പററി അവതാരികയിൽ പറഞ്ഞിട്ടുണ്ട്. വിദേശനാവികവാണിജ്യം കൊണ്ട് ആദിത്യവർമ്മയുടെയും കൊല്ലം നഗരത്തിന്റെയും യശസ്സ് സമുദ്രങ്ങളെ തരണം ചെയ്തു് വിദൂരരാജ്യങ്ങളിൽ പ്രചരിച്ചു എന്നു് പൂർവ്വാർദ്ധത്തിൽ നിന്നു് മനസ്സിലാക്കാം.

രമ്യശ്രീമന്നയനസുഭഗങ്ങളോരോ പദാത്ഥാൻ
നാട്ടാർ വണ്ണിപ്പതു, പുനരിദം കേവലം കൊല്ലമെന്റു്,
എൻറാലീരേഴുലകിലുമിതിന്നൊപ്പമൊൻറില്ല ചൊൽവാൻ
കൊല്ലം കൊല്ലം ഭവതു നിതരാം, പിന്നെയും കൊല്ലമെന്റു്. 71

രമ്യവും-സന്തോഷകരവും, ശ്രീമത്തും-ഐശ്വര്യയുക്തവും, നയനസുഭഗവും-കണ്ണിനു് ഇമ്പം നൽകുന്നതും, ആയ ഓരോ പദാത്ഥങ്ങളെപ്പററി നാട്ടാർ വണ്ണിക്കുന്നു. പുനഃ ഇദം-പിന്നെ ഇതിനെയോ, വെറും കൊല്ലമെന്റു്-ഇതിനെ വെറും കൊല്ലമെന്നും; കൊല്ലമെന്ന പേരിൽ നിന്നു് അതിന്റെ മഹിമ വ്യക്തമല്ലെന്നു് ഗമ്യം. എന്നാൽ പതിനാലു ലോകത്തും ഇതിനൊപ്പമായി വേറൊന്നില്ല. കൊല്ലം കൊല്ലം ഭവതു നിതരാം-കൊല്ലം കൊല്ലമായിത്തന്നെ എന്നും ഇരുന്നുകൊള്ളട്ടെ. പിന്നെയും അതു കൊല്ലം തന്നെ. കൊല്ലത്തിനു തുല്യമായി ലോകത്തിൽ വേറൊരു സ്ഥലമില്ല. അതിനാൽ കൊല്ലം കൊല്ലമായി ത്തന്നെ അറിയപ്പെടട്ടെ. അതിനു് വേറൊരു പേരിടാൻ സാദ്ധ്യമല്ല. അതു് എപ്പോഴും കൊല്ലം തന്നെയെന്നു് അനന്യരീതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

'കൊല്ലം കൊല്ലം' എന്നു ഗ്ര. പാ. വ്യക്തമാണു്. 'തൊല്ലം കൊല്ലം' എന്നു് മൂ. പാ. പഴയ കൊല്ലം എന്നു് അതിനു് അത്ഥം കൊടുത്തിരിക്കുന്നു. 'തൊൽ' എന്നതിനു് 'പഴയ' എന്നു് അർത്ഥമുണ്ടു്. തൊൽകാപ്പിയം. 'തൊല്ലം' എന്നു് രൂപം കിട്ടുമോ എന്നു സംശയമാണു്.

വീണാവാണീം വിപുലജഘനാം ബിംബതാമ്രാധരോഷ്ഠീം
ക്ഷീണാം മദ്ധ്യേ കിസലയമൃദുസ്നിഗ്ദ്ധമുഗ്ദ്ധാംഗരേഖാം
പൂണാർകൊങ്കക്കലശനമിതാം മിക്ക വെള്ളൂർ വിളങ്ങും
നാണീം കാണാം വഴിയിലുടനേ വന്നു നിൽക്കിന്റ വാറു്. 72

ഉടനേ, വെള്ളൂർ വിളങ്ങും നാണിയെ വെള്ളൂർ നാണി എന്ന നായികയെ, വഴിയിൽ വന്നു നില്ക്കിന്റ വാറു്-പ്രകാരം കാണാം എന്നു് മുഖ്യവാക്യം. 'വീണാവാണീം' തുടങ്ങിയുള്ളവ 'നാണീം' എന്നതിന്റെ വിശേഷണം. വീണാവാണിയും, വിപുലജഘനയും-വിപുലമായ പൃഷ്ഠത്തോടു കൂടിയവളും, താമ്രമായ-ചുവന്ന, ബിംബംപോലെ-തൊണ്ടിപ്പഴം പോലെയുള്ള, അധരോഷ്ഠത്തോടു കൂടിയവളും, മദ്ധ്യേ-മദ്ധ്യത്തിൽ നടുവിൽ, ക്ഷീണയും-മെലിഞ്ഞ മദ്ധ്യഭാഗത്തോടുകൂടിയവളും, കിസലയം പോലെ-തളിർപോലെ, മൃദുവും സ്നിഗ്ദ്ധവും-മെഴുപ്പുള്ളതും, മുഗ്ദ്ധവും-മനോഹരവും, ആയ അംഗരേഖയോടുകൂടിയവളും; അംഗരേഖ എന്നതു കൊണ്ടു് മെലിഞ്ഞ ശരീരമെന്നു ധ്വനിക്കുന്നു, പൂണാർ-ആഭരണം അണിഞ്ഞ, കൊങ്കക്കലശത്താൽ നമിതയും-കലശതുല്യമായ കൊങ്കകളാൽ (ആഭരണം ചാർത്തിയ കൊങ്കകളുടെ ഭാരംകൊണ്ടെന്നു് അത്ഥം) നമിതാം-

കനിവുള്ളവളും, മിക്ക - മികച്ച ഐശ്വര്യമുള്ള, വെള്ളൂർ എന്ന ഗൃഹത്തിൽ വിളങ്ങുന്ന നാണിയെ, വഴിയിൽ വന്നു നില്ക്കുന്നതായി കാണാം.

പൂണാർ എന്നതിനു് 'പരസ്പരം ഇണങ്ങുന്ന' എന്നു് അർത്ഥം കല്പിച്ചു കാണുന്നതു ശരിയല്ല. പൂൺ-ആഭരണം, ആർ-ആർന്ന, വെള്ളൂർനാണിയെ തേവിടിച്ചി എന്നു് കല്പിക്കാൻ ശ്രമിച്ചിരിക്കുന്നതു് നിരാധാരമാണു്. മിക്ക വെള്ളൂർ വിളങ്ങും എന്ന സൂചനയിൽനിന്നു് ആ സ്ത്രീ ഉൽകൃഷ്ടകുലജാതയെന്നു മാത്രം മനസ്സിലാക്കാം.

വാരിപ്പൊക്കിപ്പഴവുമടയും ചക്കയും നൽക്കരിമ്പും
മേരുക്കുന്റിൻ പരിചു മരുവും ബാലകം ചന്ദ്രമൗലേഃ
മൂരിത്തിട്ടയ്ക്കുഴക പൊഴിയിക്കിന്റ മാതംഗവക്ത്രം
ചാരച്ചെന്റങ്ങടിമലരിൽ വീണ്ണഞ്ജസാ കൈതൊഴേണ്ടും.

വാരിപ്പൊക്കിവച്ചിട്ടുള്ള-നിവേദ്യമായി മുൻപിൽ അർപ്പിച്ചിട്ടുള്ള, പഴവും അടയും ചക്കപ്പഴവും നല്ല കരിമ്പും കൊണ്ടു്, മേരുക്കുന്നിൻ പരിചു്-മേരുപർവ്വതത്തിലെന്നപോലെ, പരിചോടു മരുവുന്ന ചന്ദ്രമൗലേഃ ബാലകം-ചന്ദ്രമൗലിയുടെ, ശിവന്റെ, ബാലനായ മൂരിത്തിട്ട, മാതംഗവക്ത്രനെ-ഗജമുഖനെ-ഗണപതിയെ ചാരച്ചെന്നു്-അടുത്തുചെന്നു്, അടിമലരിൽ വീണ്ണു്-പാദത്തിൽ വീണു് അഞ്ജസാ-വേഗത്തിൽ കൈ തൊഴേണ്ടും.

മൂരിത്തിട്ട ഗണപതിക്ഷേത്രം ഇപ്പോൾ ഇല്ല. അതിന്റെ സ്ഥാനം എവിടെ ആയിരുന്നെന്നും തെളിയുന്നില്ല.

മേരുക്കുന്നിനോടു് ഉപമിച്ചിരിക്കുന്നതു് ഗണപതിക്കു പൂജയ്ക്കു് അർപ്പിച്ചിട്ടുള്ള പഴവും അടയും മററുമാണു്. അവയെല്ലാം അത്ര ധാരാളമായി വച്ചിട്ടുണ്ടെന്നു ഗമ്യം. 'മേരുക്കുന്നിൻ പരിചുമരുവും' എന്നു മൂ. പാ. 'മേരുക്കുന്റിൻ പരിചഴകെഴും എന്നു് ഗ്ര. പാ.

നേരെ പിന്നെ പ്രിയസഖ! പനങ്ങാവനാന്തീയകം പു-
ക്കാരാവം കൊണ്ടഖിലജഗതാം ഭൈരവീം ഭൈരവീം താം
നീരാർന്നീടും കരിമുകിൽ നിറം കൊണ്ട നിൻ മൂലതാരയ്യ-
ക്കോരിച്ചോരിക്കുടൽ ചെതുക്കുമക്കാളിയെ കൈതൊഴേണ്ടും.

പിന്നെ പ്രിയസഖ! നേരെ പനങ്ങാവനാന്തീയകം പുക്കു്-പനങ്ങാവനത്തിൽ ചെന്നു്, ആരാവംകൊണ്ടു് ശബ്ദംകൊണ്ടു്, അഖിലജഗത്തുകൾക്കും, ഭൈരവിയും-ഭയം ഉളവാക്കുന്നവളും, താം ഭൈരവീം-താം ഭൈരവി എന്നു് പേരുള്ളവളും, കരിമുകിലിന്റെ നിറംകൊണ്ടു-

ഉ

മേഘശ്യാമളയും, നിർമ്മലതായും-നിന്റെ കുലദേവതയും, കോരിച്ചോരി കുടിലിൽ-രക്തസമുദ്രത്തിൽ, പൈതകം വാഴിക്കുന്നവളും ആയ, താം-ആ ഭൈരവീം-ഭൈരവി എന്നുപേരുള്ള കാളിയെ കൈതൊഴേണം. (പിന്നെ പനങ്ങാവനത്തിൽ പോയി കുലദേവതയായ കാളിയെ വന്ദിക്കണമെന്നു സാരം). ഭൈരവീം എന്നതിനു് വിശേഷണമായി ഭൈരവീം താം തായേ എന്നു് ദ്വിതീയാ വിഭക്തി പ്രയോഗിച്ചിരിക്കുന്നു. കാളിയുടെ ഭീകരത സ്പഷ്ടമാക്കുന്ന വർണ്ണന. പനങ്ങാവനത്തിന്റെ സ്ഥാനത്തെപ്പറ്റിയുള്ള ചർച്ച അവതാരികയിൽ ഉണ്ടു്.

'പനങ്ങാവനം നീയകംപൂക' എന്നു് ഗ്ര. പാ. 'പനങ്ങാവനത്തിന്നകം പൂക' എന്നു് മു. പാ.

അപ്പോഴാതിച്ചപുരമമരിന്റപ്പനെ കൈക വണങ്ങി
തൃപ്പാപ്പൂർക്കിന്റെ തിലകമേ! നീ നടപ്പോരു നേരം
ഠാനത്തിന്നായ് തരുന്ന ചുഴലെപ്പുക്ക സേവിച്ചു നിന്നെ
പ്പോരെ ഭട്ടാരണർ കില വിപക്ഷാസികാഃ പൂജ്യപാദാഃ. 75

തൃപ്പാപ്പൂർക്കിന്റെ തിലകമേ! നീ അവിടന്നു്, അപ്പോൾ ആതിച്ചപുരത്തപ്പനെ കൈകവണങ്ങി, നടപ്പോരു നേരം-പോകുമ്പോൾ, വിപക്ഷാസികാഃ-വിപക്ഷന്മാർക്കു് അസിപ്രായന്മാരും, പൂജ്യപാദാഃ-പൂജ്യപാദന്മാരും ആയ, ഭട്ടാരണർ-ഭട്ടബ്രാഹ്മണർ, തരുന്ന നിന്നെ ചുഴലപ്പുക്ക്-ചുറ്റും വന്നു്. ഠാനത്തിന്നു-ഠാനത്തിന്നു്, (അഥവാ സ്ഥാനത്തിന്നു്-ഭട്ടസ്ഥാനത്തിന്നു്) സേവിച്ചു. പോരെ കില, ഉപചരിച്ചു പോരും.

വിപക്ഷാസികൾ-വിപക്ഷന്മാർക്കു്, പ്രതിപക്ഷം പറഞ്ഞു വാദിക്കുന്നവർക്കു്, അസിപോലെയുള്ളവർ-വാളുപോലെയുള്ളവർ. ഠാനം എന്നതിനു് 'ഠാനം' എന്നും 'സ്ഥാനം' എന്നും ഉള്ള അർത്ഥഭേദം ഒരുപോലെ ചേരും, ഠാനത്തിനു വേണ്ടിയും ഭട്ടസ്ഥാനത്തിനു വേണ്ടിയും ഭട്ടന്മാർ രാജാക്കന്മാരെ കാണുക പതിവായിരുന്നു.

ആതിച്ചപുരം ക്ഷേത്രം ഏതെന്നു് തെളിയുന്നില്ല. ഇതു് ആതിച്ചനല്ലൂരാണെന്ന അഭിപ്രായം സ്വീകാര്യമല്ല. [നാലാം പാദം ഗ്രന്ഥപാഠം അശുദ്ധമായി കാണുന്നു. 'പോകട്ടാക്കാണിറി കിലവിപക്ഷാധികാ പൂജ്യപാദാഃ'. എന്നു ഗ്ര. പാ. മുദ്രിതപാഠം നന്നു്.

അർത്ഥിശ്രേണിസ്പൃഹിതഫലം നൽകുവാൻ പാരിജാതം,
വിദ്വൽപദ്മാകരദിനകരം വിശ്വലോകൈകദീപം,
മുറ്റിക്കൂട്ടും പെരിയ പരമശ്രേഷ്ഠ ചക്രായമാണം,
കറക്കാർ മൽപ്പുരികുഴലിമാർമാരനെക്കാണും പിന്നെ. 76

പിന്നെ രവിവർമ്മമഹാരാജാവിനെ ചെന്നു കാണണം എന്നു പറയുന്നു. അർത്ഥിശ്രേണിക്കു പാരിജാതം എന്നുള്ളതെല്ലാം വിശേഷണം. എല്ലാ വിശേഷണങ്ങളും സംസ്കൃതരീതിയനുസരിച്ച് ദ്വിതീയാ (പ്രതിഗ്രാഹികാ) വിഭക്തിയിൽ പ്രയോഗിച്ചിരിക്കുന്നു.

അർത്ഥിശ്രേണിക്ക് അഭിമതഫലം നല്കാൻ പാരിജാതവും-അപേക്ഷിക്കുന്നവർക്ക് കല്പവൃക്ഷംപോലെ അഭീഷ്ടങ്ങൾ നല്കുന്നവനും, വിദ്വത്പദ്മാകരത്തിന് ദിനകരനും, വിദ്വല്ലോകങ്ങൾക്കു ഏക ദീപവും, ഊറ്റിക്കൂടുന്ന-വർദ്ധിച്ചു വന്നുകൂടുന്ന, പെരിയ, പരചക്രേന്ദ്ര-ശത്രുസമൂഹങ്ങളിൽ, ചക്രായമാണനും-ചക്രായുധംപോലെ പെരുമാറുന്നവനും, ആയ കാറൊക്കാർ ചുരുൾക്കുഴലിനാർക്ക് മാരനെ പിന്നെ, കാൺക-കണ്ടാലും.

വിദ്വാന്മാരെ പദ്മാകരം-താമരപ്പൊയ്ക ആയും, രവിവർമ്മയെ അതിന്റെ സൂര്യനായും രൂപണം ചെയ്തിരിക്കുന്നു. കാറപോലെയുള്ളതും കാറിനോടു മല്ലിടുന്നതും, പുരിഞ്ഞതും-ചുരുണ്ടതും-ആയ കുഴൽ, തലമുടിയുള്ളവർ (സുന്ദരിമാർ) അവർക്ക് മാരൻ കാമദേവൻ. രവിവർമ്മയെപ്പറ്റി കവിക്ക് ഉണ്ടായിരുന്ന ബഹുമാനം ഈ ശബ്ദങ്ങളിൽ നല്ലപോലെ പ്രതിഫലിച്ചിട്ടുണ്ട്.

വേലപ്പെണ്ണിന്നഴക പൊഴിയും കണ്ണനെപ്പോരിൽ മാററാർ
മൂലത്തിന്നേ മുടിവിനൊരു മുക്കണ്ണനെ പ്പുണ്യകീർത്തേ!
വേരിച്ചൊല്ലാർ മനസിജ! നിനക്കണ്ണനെ ച്ചെന്റു നേരേ
കോരിക്കൈക്കുപ്പിടനിരവിവർമ്മാഖ്യവേണാടർകോനെ. 77

പുണ്യകീർത്തേ- അല്ലയോ മംഗലയശസ്സ് ആയുള്ളോവേ വേരിച്ചൊല്ലാർക്ക് മനസിജ-മധുരഭാഷിണികൾക്കു കാമനായുള്ളോവേ, വേലപ്പെണ്ണിന്നു കണ്ണനും, ശ്രീദേവിക്കു കൃഷ്ണനും, മാററാരുടെ മൂലത്തെ മുടിക്കുന്ന മുക്കണ്ണനും-ശത്രുക്കളെ മൂലച്ഛേദം ചെയ്യുന്ന ശിവനും, നിനക്ക് അണ്ണനും ആയ രവിവർമ്മ എന്ന പേരുള്ള, വേണാടർകോനെ-വേണാട്ടു രാജാവിനെ, നേരേ ചെന്നു(കണ്ട്)കോരി കൈക്കുപ്പ്-കണ്ട് വന്ദിക്കണം.

'വേരിച്ചൊല്ലാർമനസിജ കയൽക്കണ്ണനെ' എന്ന മുദ്രിതപാഠത്തെക്കാൾ 'വേരിച്ചൊല്ലാർ മനസിജ! നിനക്കണ്ണനെ' എന്ന ഗ്രന്ഥപാഠം നന്ന്. കയൽക്കണ്ണൻ എന്ന് രവിവർമ്മയെ വർണ്ണിക്കുന്നതു വിരസമാണല്ലോ. കയൽ-കെണ്ടമീൻ.

അസ്മദ്വാർത്താം മുഴുവനറിയിപ്പിച്ചു മാമ്പള്ളിയെക്കൊ—
ണ്ടല്പസ്മേരാനമിതവദനം വീര! നില്ലോരു നേരം
മുന്നേ നമ്മിൽക്കനിവു കനമുണ്ടാകയാൽ പോകപോകെ—
ന്നെന്നേ നിന്നോടവനവനിപാലൈകവീരോ വിരഞ്ഞും.

അനൂനവാർത്താം മുഴുവൻ-എന്റെ വാർത്തയെല്ലാം, മാമ്പള്ളിയെക്കൊണ്ട് അറിയിച്ചിട്ട്, അല്പനേരനായും നമിതവദനനായും. പുഞ്ചിരികൊണ്ടു മുഖം കനിച്ച് - ഹേ വീര! നീ നില്ക്കുമ്പോൾ, അവനിപാലമൌലീവീരൻ - വീരാഗ്രണി ആയ മഹാരാജാവ്, ഉന്നേ നമ്മിൽ, കനമായ-വലുതായ, കനിവ് ഉണ്ടാകയാൽ, പോക പോക-വേഗം പൊയ്ക്കൊള്ളുക. എന്നു വിരഞ്ഞും-വേഗത്തിൽ, പറയുമെന്നു ശേഷം.

'മാമ്പള്ളി' മാമ്പള്ളിപ്പണ്ടാരത്തിലാണ്. മഹാരാജാവിന്റെ മന്ത്രിയോ, സേവാകക്കാരനോ ആയിരിക്കാം. മാമ്പള്ളിപ്പണ്ടാരത്തിലേക്കും തിരുവിതാംകൂർ രാജവംശത്തിലേക്കും തമ്മിൽ അനേകം നൂറ്റാണ്ടുകളായി ബന്ധം ഉണ്ട്. കീഴാറ്റിങ്ങലാണ് മാമ്പള്ളിമഠം. ഇപ്പോൾ ആ മഠം വഞ്ചിപ്പുഴമഠത്തിൽ ലയിച്ചിരിക്കയാണ്. ജ്യേഷ്ഠനായ മഹാരാജാവിനോട് സന്ദേശവാർത്ത നേരേ അറിയിക്കാതെ മാമ്പള്ളിയെക്കൊണ്ട് അറിയിക്കാൻ പറഞ്ഞിരിക്കുന്നതിന്റെ ഔചിത്യം ശ്രദ്ധേയമാണ്.

രത്നശ്രേണീകനകനിചയം കാഴ്ചയും വച്ചു കാണ്മാൻ
തിക്കിക്കൂട്ടും പുനരറികിലോ നാവികാനാം നികായം
അപ്പോഴേ നീ നരവര! പുറപ്പെട്ടു മൂവന്തിനേരം
മുച്ചുന്തിക്കൽച്ചുഴല മരുവും വാണിയം കാണ്ക പിന്നെ. 79

നാവികാനാം-നാവികന്മാരുടെ, കപ്പൽക്കാരുടെ, നികായം-കൂട്ടം, അറികിലോ-അങ്ങയുടെ ആഗമനം അറിയുന്ന പക്ഷം, പുനഃ-പിന്നെ, രത്നശ്രേണിയും-രത്നങ്ങളും, കനകനിചയം-കനകക്കൂട്ടവും, കാഴ്ച വച്ച് കാണ്മാൻ തിക്കിക്കൂട്ടും. അന്നു കൊല്ലത്തു കപ്പൽക്കച്ചവടം സമൃദ്ധമായിരുന്നു. ആഗമിതൃവൽ ചെല്ലുന്നത് അറിഞ്ഞാൽ കപ്പൽക്കച്ചവടക്കാർ തിരുമുൽക്കാഴ്ച ആയി പൊന്നും രത്നങ്ങളും കൊണ്ടുവരും എന്ന് ആശയം. നരവര, രാജസത്തമ, പിന്നെ നീ അപ്പോഴേ പുറപ്പെട്ട്, മൂവന്തിനേരം മുച്ചുന്തിക്കൽ, ചുഴല-ചുറ്റും, മരുവും ഉള്ള, വാണിയം-വാണിജ്യം, കച്ചവടം, കാണ്ക-കണ്ടാലും.

മുച്ചുന്തിക്കലായിരുന്നു അക്കാലത്തു കൊല്ലത്തെ അങ്ങാടിസ്ഥലമെന്നു മനസ്സിലാക്കാം. അതിന്റെ സ്ഥാനം ഏതെന്ന് നിശ്ചയമില്ല.

കൊല്ലത്തെ രത്നസമൃദ്ധിയെപ്പറ്റി ഭ്രമരസന്ദേശത്തിലെയും സൂചന കാണുക.

പാരേ പാഥോനിധി കലപുരീ രൂപകല്പാപതീനാം
ലക്ഷ്യം ലക്ഷ്മീവിതരണകലാസമ്പദാം ഹേമകന്യാ
ഫേനക്ഷൗമാംബരനിചുമ്പിതാൻ യന്നികര്യാസ്യ ഏഷ്യാൻ
വീചീഹസ്തൈസ്സ്പൃശതി മണീൻ നിത്യമംഭോധിരേവ.

തട്ടം കട്ടിൽക്കയറു പലകക്കട്ടിൽ മഞ്ചട്ടി കൊട്ടം
മൊട്ടം മുട്ടിൽക്കരയുമരിയും പെട്ടിയും പട്ടങ്ങളും
പട്ടം ചൊട്ടക്കയറുമുറിയും കട്ടിലും കട്ടിയാവും
തട്ടം ചട്ടിക്കലവുമിലയും കൊട്ടയും കെട്ടനാരും 80

മിന്നും പൊന്നും തുവലുമവലും പാരയും പാരവാളും
പാലും തോലും വളയുമുളിയും പൂണിയും പൂണനൂലും
ആട്ടും ചാട്ടും കടയുമുടയും പാത്തിയും മുത്തവേരും
നൂറും ചോറും ചുറയുമുറയും കാരവും കാരിരിമ്പും 81

ക്രൂരൻ ചോഴൻ പഴവരി കരക്കൊങ്ങണൻവെണ്ണൽ കണ്ണൻ
മോടൻ കാടൻ കുറുവ കൊടിയൻ പങ്കി പൊങ്കാളി ചെന്നെൽ
ആനക്കോടൻ കിളിയിറകനങ്ങാരിയൻ വീരവിത്തൻ
കാണാം മററും പലവിധമുടൻ നെല്ലു കല്യാണകീർത്തേ! 82

കോലാ മുങ്ങൻ ചുറക കൊഴുമീൻ കൊഞ്ചു പാമ്പാട പൂമീൻ
ചേർമീൻ ആരോൻചുറക കരിമീൻ കെണ്ടമീനണ്ടികള്ളി
ക്രമീൻ ചേർമീൻ അയില തെരിമീൻ പൂളകൻ വാള നത്തൻ
മററും മീനിൻനികരമവിടെക്കാണലാം വില്ലുമാറ്. 83

ഏലം കോലം കടുക തകരം കന്തിരിക്കം തുരിക്കം
ചോനപ്പുല്ലും ചുകിലുമകിലും നാകണം തുണിയാകം
തീമ്പു കഞ്ചാപുലവു വിടയം മാഞ്ചി മഞ്ചട്ടി കൊട്ടം
ചാതിക്കായും പലവുമവിടെക്കാണലാം തേ മരുന്നും. 84

80-84. കൊല്ലത്തു് അങ്ങാടിയിൽ വില്ക്കാൻ വച്ചിട്ടുള്ള സാധനങ്ങൾ, അർത്ഥം സ്പഷ്ടം. അക്കാലത്തെ കാവ്യശൈലിയിൽ അങ്ങാടികളുടെ വിസ്തരിച്ചുള്ള വർണ്ണന സാധാരണമായിരുന്നു. അനന്തപുരവർണ്ണനം തുടങ്ങിയുള്ള കൃതികളിലും ഇത്തരം വർണ്ണന കാണാം.

നാകണം-ഒരു മരുന്നു്, തുണിയാകം-സുഗന്ധമുള്ള ഒരു കിഴങ്ങു്, 'സ്ഥൗണേയകം'

കസ്തൂരിക്കൊണ്ടിരുപത്തു പണം, കത്തികൊണ്ടുള്ളി താ നീ,
പുത്തൂരിക്കോ പുടവ? പുറമെന്തുണ്ടു നിൻകൈയിൽ മിച്ചം?
പത്തോ കൊണ്ടു പരിചു? പനിനീർ മററു മുന്നേതു നല്ലു,
കത്തോ കാമൊൻറതിന തിരമം ചൊല്ലു നീ കാരിത്തേവാ. 85

ചുക്കിന്നുണ്ടോ പെരിയ തുവ? ന്തുച്ചുക്കടിക്കെട്ടു കാച്ചു-
ണ്ടക്കോൽകൊണ്ടോ മിളക തരകിന്നക്കടോ നമ്പിയാതി
ചിക്കാണിദ്ദ്യൂതൃമന ചിതിയേ പാരിതായാരെയേയം
കക്കോ കഞ്ചീ കളിരി കനിയസ്സുവമി തുവേമ ഒണാഥം. 86

85—86. അങ്ങാടിയിലെ സംഭാഷണത്തിൽ നിന്ന് കേൾക്കാവുന്ന ധ്വനിവാചകങ്ങൾ. കസ്തൂരിക്ക് - കസ്തൂരിക്ക്, ഇതാപ്പളു പണമുണ്ട്. നീ കത്തി കൊണ്ട്—കത്തി വാങ്ങിക്കൊണ്ട്, ഉള്ളി താ - ഉള്ളി തന്നാലും. പുത്തുരിക്കോ - പുതിയ തുരിക്കോ, പുതിയതുരിക്കാണോ, പൂവേ? പുത്തുരി - പുതിയ തുരി. തുരി - ചിത്രമെഴുതുന്ന കോൽ - തുലിക. നിൻകൈയ്യിൽ പൂറം മിച്ചം എന്തുണ്ട് - പുറമേ ബാക്കി എന്തുണ്ട്? പരിച പത്താണോ കൊണ്ടതു് വാങ്ങിയതു്? പനിനീർ മുമ്പിലത്തേതാണ് നല്ലതു്. കാചൊൻറതിന നിരമം, സിന്ദൂരം കത്തോ—ഒരു കത്താണോ? നീ കാരിതോറ ചൊല്ലു. കത്തു് - ഒരു കത്തു വാങ്ങുന്നതോ മറ്റോ ആയിരിക്കാം. ഒരു കത്തു ഉണ്ട് എന്നറിയപ്പോലെ രെളവു് കുറിക്കുന്നതു് ആയിരിക്കാം. കാച്ചു് - ഒരു നാണയം.

ചുക്കിന്നു, പെരിയ, തുവ - ഉണ്ടോ? ഉണ്ടോ? തുവ - (പിണ്ണാക്ക്?). ന്തുൽ ചുക്കടിക്ക് എട്ടു കാച്ചുണ്ട്. ചുക്കടി എന്തെന്ന് മനസ്സിലാകുന്നില്ല. രണ്ടാംവരിയുടെ അർത്ഥം വ്യക്തമല്ല. അക്കടോ നമ്പിയാതി മുളകുതരകിന്ന് അക്കോൽകൊണ്ടോ.

മൂന്നും നാലും വരി വേറെ ഭാഷയാണ്. അർത്ഥം വ്യക്തമല്ല. ചിക്കാണി - ചെറിയനാണയം, സോ - സൗന്ദര്യ് (ശതം), കക്കോ - മാങ്ങാ, കഞ്ചീ - ചക്ക.

ഇത്ഥം വില്പും വിവിധവിപണിദ്രവ്യഭാഷാവിശേഷം
കണ്ടും കേട്ടും പഴകി മുഴുവൻ കൗതുകം കെട്ട നീ പോയ്
ചിന്തിച്ചേററം മമ സഹചരീം വേഗവാനാകിലും ചെ-
ന്നന്തിക്കാലം നരവര! കരിപ്പൂക്കളും പൂക പിന്നെ. 87

അവിടന്ന് ഇത്ഥം - ഇങ്ങനെ വില്ക്കുന്ന വിവിധങ്ങളായ വിപണിദ്രവ്യങ്ങളെയും ഭാഷാവിശേഷങ്ങളെയും കണ്ടും കേട്ടും - ക്രയവിക്രയസാധനങ്ങൾ കണ്ടും ഭാഷാവിശേഷങ്ങൾ കേട്ടും, പഴകി മുഴുവൻ കൗതുകം കെട്ട നീ - ഇതെല്ലാം കണ്ടും കേട്ടും കൗതുകമില്ലാതായിത്തീർന്ന നീ പോയി എന്റെ സഹചരിയെ, ഉണ്ണുനീലിയെ, ചിന്തിച്ച് ഏററവും വേഗവാനാകിലും അന്തിക്കാലത്ത് - സന്ധ്യയ്ക്കു, ചെന്ന് ഹേ നരവര! പിന്നെ കരിപ്പൂക്കളും പൂക. കരിപ്പൂക്കളും പ്രാപിച്ചാലും. 'വേഴവാനാകിലും' എന്ന ഗ്രന്ഥപാഠം പ്രമാദമാണ്.

'കൗതുകം വിട്ട' എന്ന മുദ്രിതപാഠത്തെക്കാൾ അൎത്ഥവ്യക്തിയും ഭംഗിയുമുള്ളതാണ് 'കൗതുകം കെട്ട' എന്ന ഗ്രന്ഥപാഠം. കൊല്ലത്തെ വിപണിദ്രവ്യങ്ങളും ഭാഷാവിശേഷങ്ങളും കൗതുകകരങ്ങൾ തന്നെ എങ്കിലും അവ കണ്ടും കേട്ടും പഴകിയതുകൊണ്ട് ആദിത്യവൎമ്മൎക്കു കൗതുകകരമല്ല എന്നു വ്യംഗ്യം.

കരിപ്പുകുളത്തിന്റെ സ്ഥാനം എവിടെയെന്ന് അറിയുന്നില്ല.

> അപ്പോഴുദ്യൽക്കളൎമ്മതിമുഖീ മേഘരാഗാധരോഷ്ഠീ
> ചൂഴെത്താഴും തിമിരചികുരാ ചാരുതാരാശ്രുമാംബുഃ
> കിഞ്ചിൽ കാണാം കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
> കാമക്രീഡാരസവിലുളിതാം തന്നെ നന്വേതി സന്ധ്യാ. 88

അപ്പോൾ ഉദ്യൽകളൎമ്മതിമുഖിയും, മേഘരാഗാധരോഷ്ഠിയും, തിമിരചികുരയും, ചാരുതാരാശ്രുമാംബുവും, കുമുദഹസിതയും ആയ സന്ധ്യ കാമക്രീഡാരസ വിലുളിത ആയ എന്റെ ഉണ്ണുനീലിയെ അന്വേതി അനുകരിക്കുന്നു. വിശേഷണങ്ങൾ സന്ധ്യയ്ക്കും ഉണ്ണുനീലിക്കും ശ്ലേഷരൂപത്തിൽ എടുക്കാം. ഉദിച്ചുവരുന്ന കളൎമ്മതിയാകുന്ന മുഖത്തോടു കൂടിയവൾ, സന്ധ്യ കളൎമ്മതിയെപ്പോലെയുള്ള മുഖത്തോടു കൂടിയവൾ ഉണ്ണുനീലി. ചുഴെത്താഴുന്ന തിമിരമാകുന്ന ചികുരം-ഇരുട്ടാകുന്ന മുടിയുള്ളവൾ സന്ധ്യ, തിമിരംപോലുള്ള ചികുരത്തോടുകൂടിയവൾ ഉണ്ണുനീലി, ചാരു തരങ്ങളാകുന്ന ശ്രമാംബു-ശ്രമംകൊണ്ടുള്ള വിയൎപ്പു സന്ധ്യയ്ക്കു; താരകളെപ്പോലുള്ള ശ്രമാംബുവോടു-വിയൎപ്പുതുള്ളികളോടു കൂടിയവൾ ഉണ്ണുനീലി; കുമുദംകൊണ്ട്-ആമ്പൽകൊണ്ടു ഹസിക്കുന്നവൾ സന്ധ്യ. കുമുദത്തെപ്പോലെ ഹസിക്കുന്നവൾ ഉണ്ണുനീലി; കാമക്രീഡയിലുള്ള രസംകൊണ്ടു വിലുളിത ആണ് ഉണ്ണുനീലി. വിലുളിത എന്നു ഉണ്ണുനീലിക്കു വിശേഷണം. വിലുളിത-തളൎന്നവൾ. തന്നെ അന്വേതി എന്നായിരിക്കണം ശരിയായ പാഠം. കിഞ്ചിൽക്കാണാം എന്നു വിശേഷണം.

> അന്തിത്തേവാരവുമയി സഖേ! ശാൎവ്വരഞ്ചാപി കൃത്വാ
> ബന്ധുസ്നേഹാദിദമപനയൻ നിദ്രയാ യാനഖേദം
> സിന്ധുദ്വീപം പ്രതി യദുപതേ! പോവതിന്നൊട്ടിരാവേ
> വന്ദിശ്രേണീമധുരവചനം കേട്ടെഴുന്നേല്ക്ക പിന്നെ. 89

യദുപതേ-യാദവ നായക, അയി സഖേ-തോഴാ-അന്തിത്തേവാരവും സന്ധ്യയ്ക്കു തേവാരവും, ശാൎവ്വരം-രാത്രിയിലെ അശനവും ഭക്ഷി-ഭക്ഷണവും—അത്തേഴ്ത്തും, കൃത്വാ-ചെയ്തിട്ട്, നിദ്രയാ-ഉറക്കംകൊണ്ട്, ഇദം യാനഖേദം—ഈ യാത്രാക്ലേശത്തെ, അപനയൻ-മാറ്റുന്നവനായി. (ഉറങ്ങി ക്ഷീണം തീൎത്തിട്ട്) ബന്ധുസ്നേഹാൽ-ബന്ധുസ്നേഹം

കൊണ്ടു് - എന്നോടുള്ള സ്നേഹംകൊണ്ടു്, സിന്ധുദ്വീപം പ്രതി-കടലുള്ളതതിയിലേക്കു്, പോകുന്നതിനു്, ഒട്ടു് ഇരാവേ, രാത്രിയിൽതന്നെ-വെളുക്കുന്നതിനു മുൻപുതന്നെ, വന്ദിശ്രേണികളുടെ മധുരവചനം കേട്ടു് പിന്നെ എഴുന്നേല്ക്കുക.

'ദേവാരവുമയി സഖേ' എന്നു ഗ്ര. പാ. 'ദേവാരവുമശനവും' എന്നു് ല. പാ. 'യദുപതേ' എന്ന സംബോധനകൊണ്ടു് ആദിത്യവർമ്മയുടെ യാദവബന്ധം സ്പഷ്ടമാകുന്നു.

കൂടെപ്പിന്നെ കളി വയറയിട്ടങ്ങു ദേവാരവും പു-
ക്കീടിക്കൂട്ടം ദ്വിജപരിഷദേ നിത്യദാനം വിധായ
കേടററീടും ഗുണഗണനിധേ! ചാരു മാഭാരതം കേ-
ട്ടോടിക്കൊണ്ടങ്ങഴകിലെഴുന്നള്ളീടു സംഗ്രാമധീര! 90

കേടററീടും ഗുണഗണനിധേ! കേടില്ലാത്ത ഗുണഗണങ്ങൾക്കു് ഇരിപ്പിടമായുള്ളോവേ! സംഗ്രാമധീര! പിന്നെ വയറയിട്ടങ്ങു്, കളികൂടെ-കളി കഴിഞ്ഞ ശേഷം, ദേവാരവും പുക്കു് - ദേവാരവും കഴിച്ചിട്ടു്, ഈടിക്കൂട്ടുന്ന - വർദ്ധിച്ചുകൂട്ടുന്ന ധാരാളമായിവരുന്നതുതന്നെ, ദ്വിജപരിഷദേ-ദ്വിജപരിഷത്തിനു് - ബ്രാഹ്മണ സമൂഹത്തിനു്, നിത്യദാനം - ദിവസവും കൊടുക്കാറുള്ള ദാനം, വിധായ - ചെയ്തിട്ടു്, ചാരു മാഭാരതം കേട്ടു് - മനോഹരമായ മഹാഭാരതം (വായിക്കുന്നതു) കേട്ടിട്ടു്, ഓടിക്കൊണ്ടു്, വേഗത്തിൽ, അങ്ങു് എഴുന്നള്ളിയാലും. സംഗ്രാമധീര എന്നു സംബോധന. രവിവർമ്മ സംഗ്രാമധീരനെ അനുസരിച്ചായിരിക്കും ആദിത്യവർമ്മയെ ഇങ്ങനെ സംബോധന ചെയ്യുന്നതു്. സംഗ്രാമത്തിൽ - യുദ്ധത്തിൽ ധീരൻ എന്നു വാക്കിനു് അർത്ഥം.

'വയറയിടുക' എന്നതു് അന്നു രാജാക്കന്മാരുടെ ദിനചര്യയിൽ പെട്ട ഒരു ചടങ്ങായിരുന്നു. വയറാട്ടം എന്നാൽ വയറ എന്ന ഒരു തരം വള്ളി കൊണ്ടു് ശരീരം തിരുമ്മുകയാണു്. വയറവള്ളിക്കു് വിശേഷപ്പെട്ട ഔഷധ ശക്തിയുണ്ടു്. കൊരിക്കന്നത്തു ശിവാങ്കം എന്നു് ഒരു സന്ന്യാസി ഈ വിദ്യ സാമൂതിരിപ്പാടിനു് ഉപദേശമായി കൊടുത്തു എന്നാണു് സാമൂതിരിമാരുടെ ചരിത്രത്തിൽ ശ്രീ കെ. വി. കൃഷ്ണയ്യർ രേഖപ്പെടുത്തി കാണുന്നതു്. ദിവസവും രാവിലെ വയറത്തളത്തിൽ ചെന്നു് വയറപ്പണിക്കരെക്കൊണ്ടു് വയറാട്ടം നടത്തുക ആയിരുന്നു പതിവു്. വയറാട്ടത്തിനു് ഉപയോഗിക്കുന്ന വള്ളി മുറെ കളയാതെ പാത്രക്കാർക്കു കൊടുത്തുപോന്നു. ഇതിനെപ്പററിയുള്ള ചില രേഖകളും കാണുക. (The Zamorins of Calicut K. V. Krishna Iyer P. 108, 120.

മാഭാരതം-മഹാഭാരതം. മഹാഭാരതം വായിച്ചു കേൾക്കുന്നതും അക്കാലത്തെ പതിവായിരുന്നു.

പിന്നെച്ചെമ്മേ പുതിയ പൊഴിയും തോഴ! പൂക്കൈതയും നീ
പിന്നിട്ടമ്പിൽ തൊഴുക വഴിമേൽ പന്മനത്തമ്പിരാനെ
ചിന്നച്ചാത്തിൻ കരലിൽ മുരളും കാളവും കൊമ്പുമെല്ലാം
മന്നിൽപ്പൊങ്ങും പടയൊട്ടു കടന്നീട്ടു കണ്ണേററി തന്നെ. 91

അല്ലയോ തോഴാ! പിന്നെ ചെമ്മേ-നന്നായി, പുതിയ പൊഴിയും പൂക്കൈതയും നീ പിന്നിട്ടു് വഴിമേൽ, അൻപിൽ-സന്തോഷത്തോടെ, പന്മനത്തമ്പുരാനെ പന്മന പ്രതിഷ്ഠയായ സുബ്രഹ്മണ്യനെ തൊഴുതു്, ചിന്നച്ചാത്തിൻ-ചിന്നമെന്ന സംഗീതോപകരണങ്ങളുടെ കരലിൽമുരളുന്ന-ഏററവും പതിഞ്ഞ സ്വരത്തിൽ ശബ്ദം പുറപ്പെടുവിക്കുന്ന കാളവും കൊമ്പുമെല്ലാം, മന്നിൽ പൊങ്ങുന്ന, പടയൊട്ടു-അകമ്പടിപ്പടയോടുകൂടി പിന്നെ കന്നേററി കടക്കുക. മൂന്നാം വരിയുടെ അർത്ഥം സ്പഷ്ടമല്ല.

'പിന്നെച്ചെമ്മേ' എന്നു ഗ്ര. പാ. 'പിന്നപ്പാർശ്വേ' എന്നാണു് മുദ്രിതപാഠം. നാലാം പാദത്തിലെ പാഠഭേദം ശ്രദ്ധേയമാണു്. 'മന്നിൽ തൊങ്ങും പടയൊറ കടന്നീട്ടുകന്നേററി പിന്നെ' എന്നാണു മുദ്രിതപാഠം. 'മന്നിൽ പൊങ്ങും പടയൊട്ടു കടന്നീട്ടു കണ്ണേററി തന്നെ' എന്നാണു് ഗ്രന്ഥപാഠം. 'പടയൊറ' എന്നൊരു സ്ഥലമില്ല. കന്നേററി എന്ന സ്ഥലനാമം മനസ്സിലാക്കാതെ വന്ന പ്രമാദമാണെന്നു തോന്നുന്നു മുദ്രിതപാഠം. ചിന്നം തുടങ്ങിയ സംഗീതോപകരണങ്ങൾ മുഴക്കിക്കൊണ്ടു് അകമ്പടിപ്പട ആഢ്യവർഗ്ഗത്തെ അനുഗമിക്കുന്നതിനെയാണു് 'കൊമ്പുമെല്ലാം മന്നിൽ പൊങ്ങും പടയൊട്ടു്' എന്നു വർണ്ണിച്ചിരിക്കുന്നതു്. 'ചെമ്പോൽക്കാളം തെളുതെളെ മുതിന്നംബരംമേൽ മുഴങ്ങെ വൻപുററീട്ടും കട, തഴ ചുഴൻറങ്ങു നേരെ നടന്നാൽ,' എന്നു് ഈ ആശയം 123-ാം പദ്യത്തിലും ഉണ്ടു്.

പുതിയ പൊഴിയെന്നു് പരാമർശിച്ചിട്ടുള്ളതു് നീണ്ടകരയെപ്പററി ആണു്. ഇതു് ഇപ്പോൾ ഒരു അഴിയാണു്. സന്ദേശകാലത്തു് പുതുതായി പൊഴി അവിടെ ഉണ്ടായിത്തുടങ്ങിയിരിക്കണം. നീണ്ടകര നിന്നും നാലു് അഞ്ചു് മൈൽ വടക്കാണു പന്മനക്ഷേത്രം. വഴിയിൽ ധാരാളം പൂക്കൈതകൾ അവിടെ ഇപ്പോഴുമുണ്ടു്. കന്നേററി പന്മനനിന്നു് രണ്ടു മൈൽ വടക്കാണു്. കന്നേററി ആയിരുന്നു അക്കാലത്തെ വേണാട്ടിന്റെ വടക്കെ അതിരു (T. A. S. VII-27-29)

'പൂക്കൈത' എന്നും 'പടയൊറ' എന്നും രണ്ടു സ്ഥലങ്ങൾ ഉണ്ടായിരുന്നു എന്നു് ഒരു വ്യാഖ്യാനത്തിൽ കല്പിച്ചുകാണുന്നതു സ്വീകാര്യമല്ല.

തേടിക്കൊണ്ടാൻറഴകിലലരിത്തയ്യൽ മയ്യാറ്റ കണ്ണി—
ട്ടോടച്ചാത്തിൽ ച്ചുഴല വിതരും മുത്തുകൊണ്ടത്യുദാരം
വേടക്കാട്ടിൻ പരിചഴകെഴപ്പൊങ്ങുമത്തെങ്ങു കൊണ്ടു—
ങ്ങീടിക്കൂട്ടും നിഖിലവിഭവം മുന്നിലേത്തോടനാട്ടു്. 92

ഓടനാടിനെ വർണ്ണിക്കുന്നു.

അതുകൊണ്ട് രംഗിയായി, അലരിത്തയ്യൽ – അലരിൻതയ്യൽ –പൂമകം ലക്ഷ്മി മയ്യാർന്ന കണ്ണിട്ട്-മഷിയണിഞ്ഞ കണ്ണുകൊണ്ട് നോക്കി, ഓടച്ചാർത്തിൽ-ഓടക്കൂട്ടങ്ങളിൽ - വള്ളങ്ങളിൽ, തേടിക്കൊണ്ടെററു-തേടി കൊണ്ടുവന്നു, ചൂഴല വിതറും-ചുററും വാരി വിതറുന്ന, മുത്തുകൊണ്ട്, ഏററവും ഉദാരവും-ധനസമൃദ്ധവും, വേടക്കാട്ടിൻ പരിചു-വേടക്കാടു പോലെ- വേഴക്കാട്ടിൻ പരിചു്-കരിമ്പിൻ കാടുപോലെ, അഴകെഴ മ്പൊങ്ങുന്ന-അഴകെഴുന്ന പ്രകാരത്തിൽ വളർന്നു പൊങ്ങുന്ന, ആ തെങ്ങുകൾ കൊണ്ട് ഈടിക്കൂടുന്ന-വർദ്ധിച്ചുകൂടുന്ന, നിഖില വിഭവത്തോടുകൂടിയതും ആണ് മുന്നിൽ ഉള്ള-വഴിയിൽ മുൻഭാഗത്തുള്ള- ഓടനാട് എന്ന സ്ഥലം. കായംകുളം രാജ്യത്തിൻെറ നാമാന്തരം. ഇന്നത്തെ രൂപം ഓണാട്ടുകര എന്നാണ്.

മുക്കുവന്മാർ മുത്തുച്ചിപ്പികൾ ഓടങ്ങളിൽ കൊണ്ടുവന്നു് തീരങ്ങളിൽ വാരിയിടുന്നതിനെ ഓടനാടിൻെറ ഐശ്വര്യാഭിവൃദ്ധിക്കു് ലക്ഷ്മീദേവി തന്നെ മയ്യാർന്ന കണ്ണിട്ട് മുത്തുകൾ തേടിക്കൊണ്ടുവന്നു് വാരി വിതറുന്നതായി കല്പിച്ചിരിക്കുന്നു. കടത്തുവള്ളങ്ങൾ ഇന്നും ഓടനാട്ടിൽ സാധാരണമാണ്. ഉത്തരാർദ്ധത്തിൽ അവിടെ വേടക്കാടുപോലെ വളർന്നു പൊങ്ങുന്ന തെങ്ങുകളെപ്പററിയാണു പറഞ്ഞിരിക്കുന്നതു്. വേഴം-കരിമ്പു്, പ്രാസരീതിക്കനുസരിച്ചു് 'ഴ' യെ 'ട' യാക്കി 'വേടം' എന്നു് രൂപം. മേഷം, മേഴം, മേടം എന്നു മാറുന്നതുപോലെ 'വേഴം' 'വേടം' എന്നു രൂപം കൈക്കൊള്ളുന്നു. വേടക്കാടു്-കരിമ്പിൻകാടു്. കരിമ്പും അന്നു് അവിടെ ധാരാളമായി കൃഷിചെയ്തിരുന്നിരിക്കാം. കരിമ്പിൻ കാടുപോലെ വളരുന്ന തെങ്ങെന്നു പറഞ്ഞിട്ടുള്ളതു് തെങ്ങുകൾ അവിടെ കരിമ്പുപോലെ തിങ്ങിവളരുന്നു എന്നു കാണിക്കാനും, കരിമ്പിനു തന്നെ തെങ്ങിനോടൊപ്പം പൊക്കമുണ്ടെന്നു സൂചിപ്പിക്കാനുമാണ്.

ലക്ഷ്മീഭഗവതി തന്നെ മഷിയണിഞ്ഞ കണ്ണുകൊണ്ട് നോക്കി കണ്ടുപിടിച്ചു് ഓടങ്ങളിൽ വാരിക്കൊണ്ടുവന്നു് വിതറുന്ന മുത്തുകൾ കൊണ്ട് ധനസമൃദ്ധവും. കരിമ്പിൻകാടിനു തുല്യം തിങ്ങി വളരുന്ന തെങ്ങു കൊണ്ട് വിഭവപൂർണ്ണവും ആണ് ഓടനാട് എന്നു സാരം.

അന്നു് അവിടെ മുത്തു വാരുന്ന പതിവു് ഉണ്ടായിരുന്നിരിക്കണം. ഒരു തരം കക്കായിൽ നിന്നാണല്ലോ മുത്തു് എടുക്കുന്നതു്.

ഈ ശ്ലോകത്തിൻെറ അർത്ഥം നിലവിലുള്ള വ്യാഖ്യാനങ്ങളിൽ തീരെ വ്യക്തമല്ല. 'ഓടച്ചാർത്തിൻ ചൂഴല' എന്നതിനു് ഓടകൾ നിറഞ്ഞു നില്ക്കുന്നതിൻെറ ചുററും എന്നും, 'പേടക്കാട്ടിൽ' മാൻപേടകൾ നിറഞ്ഞ കാട്ടിൽപോലും എന്നും മററുമാണ് ഒരു വ്യാഖ്യാനം. ഓടച്ചെടിയുടെ ചുററും വിതറുന്ന മുത്തുകൊണ്ട്-മുത്തുകൾപോലെയുള്ള പുഷ്പങ്ങൾകൊണ്ട്

എന്നും, ഓടപ്പെട്ടി എന്നായിരിക്കാം എന്നും മററുമാണ് വേറൊരു വ്യാഖ്യാനം. ഈ രണ്ടു വ്യാഖ്യാനവും ശ്ലോകത്തിന്റെ അർത്ഥത്തെ സ്ഫുടമാക്കുന്നില്ല. 'പേടകാട്ടിൽ പരിചഴകെഴപ്പെട്ടതും' എന്ന് ആയിരിക്കണം എന്ന് വേറൊരു വ്യാഖ്യാനത്തിൽ കാണുന്നു. അതും അർത്ഥബോധത്തിന് ഉതകുന്നില്ല.

ശുകസന്ദേശത്തിലെ രണ്ടു പദ്യങ്ങളുടെ ആശയത്തെ വിസ്തരമായി അനുകരിച്ചിരിക്കയാണ് ഈ ശ്ലോകത്തിൽ. ഓടപ്പാത്തിൽ മുത്തുകൾ കൊണ്ടുവന്ന് വിതറുന്നത് ശുകസന്ദേശം 66-ാം ശ്ലോകത്തിലെ ആശയത്തെയാണ് അവലംബിക്കുന്നത്. 'കംബൂന്നംബൂര കവാടതഃ' ഇത്യാദി ശ്ലോകമാണ് പ്രസക്തം. തർജ്ജമ നോക്കുക.

കാലൊന്നു ചെന്നിറങ്ങിത്തരമൊടു വല വീശീട്ടു ശംഖിന്റെ കൂട്ടം
ചാലെപ്പാൻ കണ്ണുലാക്കിട്ടുരയൊടു കരയിൽ കൊണ്ടിറക്കീട്ടു വീണ്ടും
ശീഘ്രം വെള്ളത്തിൽ മുങ്ങുന്നതിനടയകരിങ്കാർനിറം കൊണ്ട ക്രൂരൻ
വാലന്മാർ വഞ്ചി വെച്ചപ്പുഴയിൽ വളരെയൊടിപ്പുരങ്ങു കാണാം.

ശുകസന്ദേശത്തിലെ ശംഖിന്റെ സ്ഥാനത്ത് മുത്ത് ആണ് എന്നേ വ്യത്യാസമുള്ളൂ. ഓടപ്പാത്ത്-'നൌകാ നൗക' എന്ന് ശുകസന്ദേശം, വഞ്ചിയെന്നു തർജ്ജമ. അതിനെ ആണ് ഓടപ്പാത്തു-ഓടങ്ങളുടെ കൂട്ടം എന്ന് ഇവിടെ എടുത്തിട്ടുള്ളത്.

ഉത്തരാർദ്ധം ഇതുപോലെതന്നെ ശുകസന്ദേശത്തിലെ ഉത്തരസന്ദേശം 18-ാം ശ്ലോകത്തിന്റെ ഭംഗിയെ അനുസരിപ്പിക്കുന്നതാണ്. ആ ശ്ലോകത്തിന്റെ തർജ്ജമ നോക്കുക.

ഏറും പത്തും മൂട്ടും നെല്ലിനുമരിയ കരിമ്പിൻഗണം വാഴവർഗ്ഗം
ഊറും പിന്നെക്കവുങ്ങിൻനിരകളൊടു തിരളുന്ന തെങ്ങിന്റെ കൂട്ടം
തെറ്റൊന്നാലും പറഞ്ഞുള്ളവയുടനരികിൽ ചൊന്നവയ്ക്കൊപ്പമായി-
ത്തെറ്റെന്നു പൊക്കവും വണ്ണവുമുടയവ കണ്ണത്തിലുള്ള സ്ഥലത്തിൽ.

ശുകസന്ദേശത്തിലെ പദ്യത്തിൽ നെല്ലിന് കരിമ്പിനോളവും, കരിമ്പിന് വാഴയെപ്പോലെയും, വാഴയ്ക്ക് കമുകിനു തുല്യവും, കമുകിന് തെങ്ങിനോളവും വലിപ്പമുണ്ട് എന്നാണു വർണ്ണന. അവയിൽ കരിമ്പിനെയും തെങ്ങിനെയും മാത്രമെടുത്ത് പരസ്പരം താരതമ്യപ്പെടുത്തി മുതുക്കത്തിലുള്ള ഔപമ്യമാണ് ഇവിടെ ചെയ്തിട്ടുള്ളത്.

'പേടക്കാട്ടിൽ' എന്നും 'ചെത്തും' എന്നുമുള്ള പാഠങ്ങൾ ശരിയല്ല. 'വേടക്കാട്ടിൽ പരിചഴകെഴപ്പൊങ്ങുമത്തെങ്ങു' എന്നു വ്യക്തമായി ഗ്രന്ഥപാഠം ഉണ്ട്.

അർത്ഥപ്രാപ്ത്യൈ കനമടികളാൽ സോമവൽ പീഡിതാനാം
വേവച്ചുനിൽച്ചുളവു പിബതാം കേവലം വാവൽപോലെ
ബിഭ്രാണാനാം വിഴമുതിരവൽക്കത്തിമേകാം ദ്വിജാനാം
കാനാം മുൽപ്പാടിടയിലിടയിൽ തത്ര ദേശാന്തരാണി. 93

ഗ്രന്ഥപാഠവും മുദ്രിതപാഠവും തമ്മിൽ ഗണ്യമായ ഭേദം ഉണ്ട്. 'കനമടികളൾസോമവത്' എന്നും, 'വെച്ചും നീർവച്ചുളവു' എന്നും ആണ് മു. പാ. ഗ്രന്ഥപാഠമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. 'കനമടികളാൽ' എന്നും 'വേവച്ചുനിൽച്ചുളവു' എന്നും ഉള്ളതിന്റെ അർത്ഥം സ്പഷ്ടമല്ല. ഇപ്പോഴുള്ള വ്യാഖ്യാനങ്ങളിലെ അർത്ഥം മിക്കവാറും ശ്രീ. പിഷാരടി കല്പിച്ചതു തന്നെ—അർത്ഥപ്രാപ്തിക്ക വേണ്ടി—ആഢ്യം, കളൾസോമവത്—ചന്ദ്രനെപ്പോലെ പീഡിതന്മാർ, വെച്ചും നീർവച്ചും-വെച്ചിട്ട പിന്നെയും അതിൽ വെള്ളം വച്ചു വാവൽപോലെ കുടിക്കുന്നവരും എന്ന രീതിയിലാണ് ആ അർത്ഥം. ദ്വിജന്മാർക്കും സോമനും 'കനമടി' എങ്ങനെ സമാന പീഡാകാരണമാകുന്നു എന്ന് ഈ വ്യാഖ്യാനത്തിൽ വ്യക്തമല്ല. അടികളിൽ, അടികാലങ്ങളിൽ ശുക്ലപക്ഷമാലിയിൽ എന്ന് എടുത്തിരിക്കുന്നതു സംശയശൂന്യമല്ല.

കുറേക്കൂടെ നേരെയുള്ള ഒരു അർത്ഥം സ്ഫുരിക്കുന്നുണ്ട്. അർത്ഥപ്രാപ്തിക്ക വേണ്ടി ധനസമ്പാദനത്തിന്ന വേണ്ടി, കനമടികളാൽ-കനത്ത മടികളാൽ, (മടിയിൽ കനക്കെ പണം കെട്ടിവച്ചുകൊണ്ട്) സോമവത്-സോമലതപോലെ പീഡിതന്മാരാണ്. ദ്വിജന്മാർ മടിയിൽ പണം കെട്ടിവച്ചുകൊണ്ട പട്ടിണികിടന്ന പണം സമ്പാദിക്കുന്നവർ എന്ന് ആശയം. പരദേശത്തുനിന്ന വ്യാപാരത്തിന്ന വന്ന ബ്രാഹ്മണരെപ്പററി ഇങ്ങനെ ഒരു അപവാദം സാധാരണ പറയാറുള്ളതാണ്. പീഡിതർ എന്ന കർമ്മണിപ്രയോഗത്തിന്റെ കർത്തൃസ്ഥാനത്താണ് 'കനമടികളാൽ' എന്നതു്. സോമലതയുടെ പക്ഷത്തിൽ അർത്ഥപ്രാപ്തിക്കവേണ്ടി, സോമരസം ഉണ്ടാക്കുന്നതിന്ന വേണ്ടി, കനമടികളാൽ-ഘനത്ത അടികൾ കൊണ്ട് പീഡിതമാണ സോമലത എന്ന് അർത്ഥം. 'വേവച്ചുനിൻച്ചുളവു' എന്ന ഗ്ര. പാ. ആണോ 'വെച്ചും നീർവച്ചുളവു' എന്ന മുദ്രിതപാഠമാണോ ശരി എന്ന വ്യക്തമല്ല. രണ്ടായാലും വാവലിനോട്ട സാമ്യം എങ്ങനെ വരാം? വേവിച്ചും പിന്നെ നീരൊഴിച്ചു ചളിപ്പിച്ചും കുടിക്കുന്നവർ എന്ന ഗ്രന്ഥപാഠത്തിന്ന് അർത്ഥം എടുക്കാം. ഒരിക്കൽ തിന്ന പഴം പിന്നെയും വാവൽ തിന്നുന്നതുപോലെ ഒരിക്കൽ വച്ചു ഉണ്ടിച്ചു ചോറിന്റെ ഉച്ഛിഷ്ടത്തിൽ വെള്ളമൊഴിച്ചു വച്ചു ചളിപ്പിച്ചു പിന്നെയും ഭക്ഷിക്കുന്നതു് എന്നായിരിക്കാം ആശയം.

വിഴം ഉതിരവൽ-വിഴം ഉള്ള ഉതിരനെപ്പോലെ- വേന്തിരൻ എന്ന സർപ്പത്തെപ്പോലെ, ഏകാം കത്തിം-ഒരു കത്തിയെ ബിഭ്രാണാനാം-

ധരിക്കുന്നവരും ആയ ദ്വിജാനാം - ബ്രാഹ്മണരുടെ ക്ഷേത്രാണി - ക്ഷേത്രങ്ങളെ, കാണാം.

മണ്ഡലിയുടെയും മൂർഖന്റെയും സങ്കരമായി ഉണ്ടാകുന്ന പാമ്പാണ് വെന്തിരൻ. ഇതിന് വിഷാധിക്യം ഉണ്ട്. ഒരു വശത്തു മാത്രമേ പത്തിയുള്ളൂ എന്നു ചില വിഷവൈദ്യന്മാരിൽ നിന്നു മനസ്സിലാകുന്നു. പത്തിക്ക് "കത്തി' എന്ന് പേര് ഉണ്ട് എന്നും അറിയുന്നു. 'ഏകാംശ കത്തിം' എന്നതിന് സർപ്പത്തിന്റെ പക്ഷത്തിൽ ഒരു കത്തി, ഒരുവശത്തു മാത്രം പത്തി എന്നർത്ഥം. ഒരു വശത്തു മാത്രം വിരിയുന്ന പത്തിയോടുകൂടിയ പാമ്പിന്റെ രൂപം ഉണ്ടമുറിക്കാനുള്ള കത്തിയോട് ഉപമിച്ചിരിക്കുന്നു.

അർത്ഥപ്രാപ്തിക്ക വേണ്ടി സോമത്തെപ്പോലെ കുനുമടികളാൽ പീഡിതരും, വേവിച്ചും പിന്നെ അതു ചുളിപ്പിച്ചും വാവൽപോലെ ഭക്ഷിക്കുന്നവരും, ഒരു വശത്തുമാത്രം പത്തിയുള്ള ഉതിരപ്പാമ്പിനെപ്പോലെ ഉണ്ട മുറിക്കാനുള്ള ഒരു കത്തികൊണ്ടു നടക്കുന്നവരും ആയ പരദേശ ബ്രാഹ്മണരുടെ വാസസ്ഥലങ്ങളെ ഇടയ്ക്കിടയ്ക്കു കാണാം എന്നു ഭാവം.

ഉണ്ടകെട്ടി കൊണ്ടുനടന്നു കച്ചവടം ചെയ്യുന്ന പരദേശബ്രാഹ്മണർ ഈ സ്ഥലങ്ങളിൽ ധാരാളമായിട്ട് ഉണ്ടായിരുന്നു.

'കത്തിം' എന്നു മലയാളപദത്തിന് സംസ്കൃതപ്രത്യയം ചേർത്തിരിക്കുന്നു.

> തസ്മിൻ കായംകുളവരളവേ മുക്കരിക്കുന്റതാകിൽ
> പാണ്ടിക്കെട്ടോല്പഗതമിതെന്റാത്തകോപാകുലാക്ഷഃ
> വീരശ്രീമന്മുകുരമുടവാൾ നീയെടുപ്പാനടുക്ക-
> പ്പേടിക്കിന്റേൻ വഴിയിലതുകൊണ്ടൊട്ടു വൈകീടുമെന്റു്.

തസ്മിൻ - ആ ദേശത്തിൽ, കായംകുളവർ - കായംകുളത്തുള്ളവർ, അളവേ മുക്കരിക്കുന്റതാകിൽ - മുഷ്കരിക്കിന്റതാകിൽ - മുഷ്കരന്മാരെപ്പോലെ പെരുമാറുന്നതായാൽ, ഇത് പാണ്ടിക്കെട്ടാൽ - പാണ്ടിക്കെട്ടു കൊണ്ട് ഉപഗതമാണ് - വന്നതാണ്, എന്നോർത്തു കോപാകുലാക്ഷനായി - കോപം കൊണ്ടു പതറുന്ന കണ്ണുകളോടു കൂടിയവനായി, വീരശ്രീമന്മുകുരമായ - വീരലക്ഷ്മിയുടെ നല്ല മുകുരമായ - കണ്ണാടി ആയ, ഉടവാൾ, നീ - അവിടുന്ന്, എടുക്കാൻ അടുത്തേക്കും - എടുക്കാൻ തുടങ്ങിയേക്കും. അതുകൊണ്ട് വഴിയിൽ ഒട്ടു വൈകീടുമെന്ന് - താമസിക്കുമെന്ന്, പേടിക്കിന്റേൻ - ഞാൻ ഭയപ്പെടുന്നു.

'മുക്കരിക്കിന്റതാകിൽ' എന്ന് മൂ. പാ. 'മുക്കിരക്കിന്റ താകിൽ' എന്ന് ഗ്ര. പാ. മുഷ്കരിക്കുക എന്നതിൽ നിന്നുള്ള മുക്കരിക്കുക എന്ന രൂപമാണു നല്ലത്. 'ഇതെന്റാത്ത' എന്നതിനു പകരം 'ഇതെന്റോർത്തു' എന്നു ഗ്ര. പാ.

'ചാണ്ടിക്കെട്ട്'' എന്നെന്നു സ്പഷ്ടമല്ല. ചാണ്ടിയിൽനിന്നു കൊണ്ടു വരുന്ന ചരക്കുകെട്ട് എന്നു വേണം മനസ്സിലാക്കേണ്ടതു്. മുൻപദ്യത്തിൽ ചാക്കോരുന്മാരെപ്പററി പറഞ്ഞിട്ടുള്ളതുകൊണ്ടു് അവർ കൊണ്ടു നടക്കുന്ന ചരക്കിനെപ്പററിയാണ്, ഇതിൽ സൂചിപ്പിക്കുന്നതെന്നു വിചാരിക്കാം. ചാണ്ടിയിൽ നിന്നു് ആരോ കൊണ്ടുവന്ന ചരക്കുകെട്ട് അപഹരിക്കാൻ കായംകുളത്തുകാർ മുഷ്കുകാട്ടുന്നതും അതു തടുക്കാൻ അലിമ്പരാൻ വാളെടുക്കുന്നതുമാണു് പ്രതീതിഗോചരമാകുന്നതു്.

ഏണാക്ഷീണാം കുലതിലകമാമുണ്ണുനീലികവാണാൽ
നീണാളാവാൻ നിരുപമഗുണഗ്രാമ! വേഗേന പോമ്പോൾ
ബാണാരേസ്സൽ ഭവനയുഗളം പിന്നിലിട്ടങ്ങു ചെന്നാൽ
കാണാം കായംകുളമിതി കളിത്തീടുമങ്ങാടി തന്നെ. 95

നീ ഏണാക്ഷികളുടെ കുലത്തിനു തിലകമായ- സുന്ദരിമാർക്കു പൊട്ടുപോലെ വിളങ്ങുന്ന ഉണ്ണുനീലിക വാണാൽ- വാഴുന്നേടത്തോളം- ജീവിതകാലം, നീണാൾ ആവാൻ- ദീർഘകാലമായിത്തീരാൻ അല്ലയോ നിരുപമഗുണഗ്രാമ- തുല്യമില്ലാത്ത ഗുണസമൂഹത്തോടു കൂടിയവനേ! അവിടന്നു് വേഗത്തിൽ പോകുമ്പോൾ, ബാണാരിയുടെ- വിഷ്ണുവിന്റെ നൽ ഭവനയുഗളം- ആ രണ്ടു് അമ്പലങ്ങൾ, പിന്നിട്ടു ചെന്നാൽ കടന്നു പോയാൽ, കായംകുളമിതി- കായംകുളമെന്നു് കളിത്തീടും അങ്ങാടി കൺ കുളിർപ്പിക്കുന്ന അങ്ങാടിയും അങ്ങേക്കു കാണാം. കളിക്കുക എന്നതിന് ഒലി, ശബ്ദം എന്നും അർത്ഥമുണ്ടു്. ഇരമ്പുന്ന അങ്ങാടി എന്നും അർത്ഥം എടുക്കാം. (കതിർ—തമിഴ് അകാരാദി).

രണ്ടു ക്ഷേത്രങ്ങൾ ഏതെന്നുള്ളതിനെപ്പററി അവതാരിക നോക്കുക.

പൂന്തോത്തെന്നും കുളിർമുല ചുമന്നോമൽവക്ത്രം വണങ്ങി
കിഞ്ചിൽ ചഞ്ചന്മധുപവചനംകൊണ്ടു കൊണ്ടാടി മന്ദം
മാർഗ്ഗോപാന്തേ മലർനിര ചൊരിഞ്ഞന്നടക്കാവിലെങ്ങും
വല്ലീവാലത്തരുണികളുടൻ കാണലാം നില്ക്കുമാറു്. 96

മാർഗ്ഗോപാന്തേ—മാർഗ്ഗത്തിന്റെ ഉപാന്തത്തിൽ- വഴിയരികിൽ, പൂന്തോത്തെന്നും- പൂന്തൊത്തു് ആകുന്ന, കുളിർമുല ചുമന്നു്, ഓമലായ വക്ത്രം- മുഖം- തലപ്പു് വണങ്ങി- കുമ്പിട്ടു്, കിഞ്ചിൽ- അല്പമായി, ചഞ്ചന്മധുപവചനംകൊണ്ടു്- ചഞ്ചത്തായ- ചുററിത്തിരിയുന്ന, മധുപങ്ങളുടെ വചനംകൊണ്ടു് ശബ്ദത്താൽ മന്ദം, കൊണ്ടാടി- അങ്ങയെ വാഴ്ത്തി, മലർനിര- പൂക്കൾ, തരുണീപക്ഷത്തിൽ പൊരിമലർ, ചൊരിഞ്ഞു്, ആ നടക്കാവിൽ എല്ലായിടവും വല്ലികളാകുന്ന ബാലതരുണികൾ- ഇളയ തരുണിമാർ, അല്ലെങ്കിൽ വല്ലികളെപ്പോലുള്ള ബാലസ്ത്രീകൾ, നില്ക്കുന്നതു കാണലാം- കാണാം. ബാലതരുണികൾ

എന്നാൽ വാലസ്ത്രീകൾ—അരയസ്ത്രീകൾ എന്നു് അൎത്ഥം. കായംകുളത്തു വാലന്മാർ ധാരാളം ഉണ്ടല്ലോ.

ആദിത്യവൎമ്മയുടെ എഴുന്നള്ളത്തു കാണാൻ വഴിയുടെ രണ്ടു പാട്ടും വല്ലീവാലതരുണിമാർ പൂങ്കുലയാകുന്ന കുളൎമുല കാട്ടി; തല കുനിച്ചു വണങ്ങി മധുപമധുരവചനംകൊണ്ടു് വാഴ്ത്തി, ലതകൾ തുകിനിൽക്കുമെന്നു് അൎത്ഥം. വഴിയുടെ ഇരുപാട്ടുമുള്ള ലതകളെയും അവിടത്തെ വാലതരുണിമാരെയും ഒരുപോലെ പരാമൎശിക്കുന്നു.

'ബാലതരുണികൾ' എന്നു് മുദ്രിതപാഠം. 'വാലതരുണികൾ' എന്ന ഗ്രന്ഥപാഠം മെച്ചം. ബാലതരുണി എന്ന പ്രയോഗം ഭംഗിയുള്ളതല്ല. ബാലകളായ തരുണികൾ എന്നു് അതിനു് അൎത്ഥം. ബാലതരുണികൾ എന്നു തന്നെ സ്വീകരിച്ചാലും അൎത്ഥത്തിനു വ്യത്യാസമില്ല.

ശുകസന്ദേശത്തിലെ ൨൩-ാം പദ്യത്തോടു താരതമ്യപ്പെടുത്തുക.

തത്രാമസ്യ സ്ഫടികമുകുരഃ സ്വച്ഛബിംബൻ മരന്ദാൻ
ഗന്ധാന്ധാനുകൂലാ സഹമനഗമദ്ധ്യാളിരാകാളി രാമാഃ
അഭ്രാന്തേന പ്രസന്നസൂനാശോഭിതാ ചോളിതാനാം
ലാസ്യശ്രീഃ മന്ദമാരുതേ ലതാലാസികാബാലികാനാം.

ശുകസന്ദേശത്തിലെ 'ലതാലാസികബാലിക'കളെ ഇവിടെ വല്ലീവാലതരുണികളാക്കിയിരിക്കുന്നു.

വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തേൻറാൽ പീത്വാ മയങ്ങി
തെങ്ങിൽത്തങ്ങിത്തരുണികൾ മുലത്തൊത്തിലുച്ചൈരുറങ്ങി
തിങ്ങിത്തിങ്ങിച്ചുഴലവരിവണ്ടിണ്ടയാംകണ്ടിയൂരിൽ
പങ്ങിപ്പങ്ങിപ്പരിമളമെഴും വായു വീയും തദാനീം. ൯൭

തദാനീം—അപ്പോൾ, വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തേൻറാൽ,-പൂന്തേൻ, പീത്വാ- കുടിച്ചിട്ടു്, മയങ്ങി, തെങ്ങിൽ തങ്ങി-തെങ്ങുകളിൽ തട്ടി വിശ്രമിച്ചു് തരുണികളുടെ-യുവതിമാരുടെ, ഉച്ചൈഃ-ഉയൎന്ന, മുലത്തൊത്തിൽ-പൂങ്കുലപോലുള്ള മുലയിൽ, ഉച്ചൈഃ ഉറങ്ങി-സുഖമായി ഉറങ്ങി തിങ്ങിത്തിങ്ങി-എവിടെയും നിറഞ്ഞു, ചുഴല-ചുററുന്ന പ്രകാരത്തിൽ വരിവണ്ടിണ്ടയാം-വരിവണ്ടുകൾ നിറഞ്ഞ കണ്ടിയൂരിൽ, പങ്ങിപ്പങ്ങി-മന്ദം മന്ദമായി,പരിമളമെഴും വായു-സുഗന്ധി ആയ കാററു്, വീയും-വീശും.

'വരിവണ്ടിണ്ടയാം കണ്ടിയൂരിൽ' ഇത്യാദി ഭാഗത്തിനു് വരിവണ്ടിൻകൂട്ടം നിറഞ്ഞ കണ്ടിയൂരിൽ പങ്ങിപ്പങ്ങിപരിമളം എഴുന്ന

ഇളംകാററ് അപ്പോൾ വീശും എന്ന രീതിയിൽ ശ്രീ പിഷാരൊടിയും മററും വ്യാഖ്യാനിക്കുന്നു. ഒരു വ്യാഖ്യാനത്തിൽ മാത്രം 'വരിവണ്ടിണയാം തെന്നൽ' എന്നു രൂപണം ചെയ്തിരിക്കുന്നതായി കല്പിച്ചു വ്യാഖ്യാനിച്ചിരിക്കുന്നു. വരിവണ്ടിണയെ തെന്നലിനോട് രൂപണം ചെയ്യുന്നതിന്റെ ഔചിത്യം വ്യക്തമല്ല. 'വണ്ടിൻകൂട്ടമാകുന്ന കാററ്' എന്നു പറഞ്ഞാൽ എന്താണ് അർത്ഥം,? വീശും എന്നതു് ആഖ്യാതവും തെന്നൽ (വായു) എന്നതു് ആഖ്യയുമാണ്. ശേഷമെല്ലാം വിശേഷണം. 'മലർത്തേൻ കുടിച്ചു മയങ്ങി, തെങ്ങിൽ വിശ്രമിച്ചു', യുവതികളുടെ മാറിടത്തിൽ കിടന്നുറങ്ങി, തിങ്ങിച്ചുഴലുന്ന വരിവണ്ടുകൾ ഉള്ള കണ്ടിയൂരിൽ പറ്റങ്ങി സഞ്ചരിച്ചു പരിമളം പൂണ്ട വായു അപ്പോൾ വീശും എന്നാണ് വ്യക്തമായ അർത്ഥം. അതിനാൽ വണ്ടിണയാം തെന്നൽ എന്ന രൂപകകല്പന യുക്തമല്ല.

കായംകുളം കഴിഞ്ഞു സഞ്ചരിക്കുമ്പോൾ കണ്ടിയൂർനിന്ന് വീശുന്ന സുരഭിലമായ ഇളംകാററ് ആദിത്യവർമ്മയെ സ്വാഗതം ചെയ്യുമെന്നു പരിണതാർത്ഥം. വിശേഷണങ്ങളുടെ ശക്തികൊണ്ടു കവ്യ മർമ്മനായ ഒരു വിടന്റെ കഥകളുടെ സമാസോക്തിഭംഗിയിൽ സ്ഫുരിക്കുന്നു.

മലർത്തെന്നൽ എന്നു് മുദ്രിതപാഠവും ഗ്രന്ഥപാഠവും. എകാരത്തിനു് ഹ്രസ്വദീർഘഭേദം ലിപിയിൽ അന്നു് ഇല്ലാത്തതുകൊണ്ടു് 'തെന്നൽ' എന്നും വായിക്കാം. എന്നാൽ ശരിയായ രൂപം 'തേറൽ' എന്നാണ്. തേറൽ-മധു-(തേൻ) ആതിമാധുര്യാർത്ഥമായി നാഗമം ചേർന്ന തേൻറൽ എന്ന രൂപം. തെന്നൽ എന്നതിനു് തെക്കൻകാററ് എന്നാണ് അർത്ഥം. മധു എന്നല്ല.

മടങ്ങി എന്നു് മു. പാ. മയങ്ങി എന്നു ഗ്ര. പാ. തങ്ങിത്തങ്ങി എന്നു് മു. പാ. തെങ്ങിൽ തങ്ങി എന്നു ഗ്ര. പാ. സമീചീനമായതിനാൽ സ്വീകരിച്ചിരിക്കുന്നു. മുലക്കുന്നിൽ എന്നു് മു. പാ, അരിവണ്ടിണ എന്ന ഗ്രന്ഥപാഠത്തിനു് അരിയ വണ്ടിണ. വായു വീശും എന്ന ഗ്ര. പാ. തെന്നൽ വീശും എന്നു് മു. പാ.

അന്നത്തെ കണ്ടിയൂരിനെപ്പററിയുള്ള പ്രശംസകൾ ഉണ്ണിയാടീ ചരിതം ശിവവിലാസം തുടങ്ങിയ കൃതികളിൽ ഉണ്ട്.

ആഖണ്ഡലപുരീഗർവഖണ്ഡനാൽ കണ്ടിയൂരിതി
പത്തിലും വിശ്രുതം ശിക്ഷു പത്തനം തത്ര ശോഭതേ (ഉണ്ണിയാടീ ചരിതം.)

കററക്കാർ മൽക്കുഴലികളൊരോ രാഗഭേദം പുണർത്തി-
ട്ടീററിററോലും മധുരസമയം ചിന്നു പാട്ടും ദശായാം
മുററം തോറും കിളികളതിനെക്കേട്ടിരുന്നക്കണക്കേ
മുററും പാടിൻറിടമയി സഖേ! മററമഞ്ഞേതു പിന്നെ.

കണ്ടിയൂരിന് അടുത്തുള്ള മററത്തെപ്പററി പറയുന്നു.

കററക്കാർ മൽക്കുഴലികൾ—സുന്ദരിമാർ, ഒരോ രാഗഭേദം, പൂണ്ടിട്ട്—സമ്മേളിപ്പിച്ചിട്ട്, ഉററിററാലുന്ന മധുരസമയമായ—മാധുര്യം നിറഞ്ഞ, ചിന്തുപാട്ട് പാടുമ്പോൾ, അതു കേട്ടുകൊണ്ട്, കിളികൾ അക്കണക്കെ—ആ പ്രകാരത്തിൽ, മുററംതോറും ഇരുന്ന്, മുററും—നന്നായി, പാട്ടുന്നേടം—പാടുന്ന സ്ഥലമായ മററം പിന്നെ അതേതു്—അടുത്താണ്, സഖേ—തോഴാ എന്നു സംബോധന. 'കററക്കാർമൽക്കുഴലി' 76-ാം പദ്യം നോക്കുക.

മനോഹരമായി സ്ത്രീകൾ ചിന്തു പാടുമ്പോൾ മുററത്തു് ഇരുന്നു കിളികൾ ഏററു പാടുന്നിടമാണ് മററം എന്നു സാരം.

അന്നു് അവിടെ സംഗീതത്തിന് സിദ്ധിച്ചിരുന്ന ഉയർച്ച ഇതിൽനിന്നു മനസ്സിലാക്കാം. മധുരസമയമായ 'ചിന്തുപാട്ടിനെ'പ്പററിയുള്ള ഈ പദ്യവും മധുരമായിരിക്കുന്നു. മററത്തിന്റെ ആ പഴയ പ്രശസ്തി എവിടെ മാറിമറഞ്ഞു! കണ്ടിയൂർ നിന്നാൽ അങ്ങേതാണ് എന്നു പറയത്തക്ക വിധത്തിൽ അടുത്താണ് മററം. വീതി കുറഞ്ഞ ഒരു വയൽ മാത്രമേ ഇടയ്ക്കു് ഉള്ളു. 'മററം' എന്ന വാക്കിനു് ആററിൻതീരത്തുള്ള ചരിഞ്ഞ സ്ഥലം എന്നാണ് അർത്ഥം (തമിഴ്‌നിഘണ്ടു നോക്കുക). അച്ചൻ കോവിൽ ആററിന്റെ തീരത്താണ് മററം.

തട്ടാൻ പൂർവ്വം വഴിയിലഴകാർന്നമ്പലം മുമ്പിലുണ്ടൊ–
ന്നൊട്ടേ വൈകീടിലുമവിടെനിന്നൻപിലങ്ങാടിയൂടെ
തീർപ്പാ പാലം നൃപവര! വലത്തേ നടന്നിണ്ടൽ തീരെ-
ക്കണ്ടേ തണ്ടാർമകൾ മരുവുമക്കണ്ടിയൂരാം പ്രദേശം. 99

വഴിയിൽ, അഴകാർന്ന—ശോഭയുള്ള, തട്ടാൻ പൂർവ്വം അമ്പലം—തട്ടാൻ എന്നു ശബ്ദം മുൻപിലുള്ള അമ്പലം—തട്ടാരമ്പലം, അതു മുൻപിൽ ഉണ്ട്—മുൻഭാഗത്തായി ഉണ്ട്; ഒട്ട് വൈകീടിലും—കുറേത്താമസിക്കുമെങ്കിലും, അവിടെ നിന്ന്, അൻപിൽ—സന്തോഷത്തോടെ അങ്ങാടിയിലൂടെ (പോയി) പാലം തീർപ്പാ—പാലം കടന്നിട്ട്, അല്ലയോ നൃപവര! വലത്തേ നടന്ന്—വലത്തുകൂടെ നടന്ന്, ഇണ്ടൽ തീരെ, തണ്ടാർമകൾ മരുവുന്ന—ലക്ഷ്മീദേവി വിളയാടുന്ന, കണ്ടിയൂരെന്ന ആ പ്രദേശം, കണ്ടേ—കണ്ടാലും.

'തീർപ്പാ പാലം' എന്നു ഗ്ര. പാ. 'തണ്ടാർമാതും മരുവുമവിടം കണ്ടിയൂരാം പ്രദേശം' എന്നു മൂ. പാ. 'കണ്ടേ തണ്ടാർമകൾ മരുവുമക്കണ്ടിയൂരാം പ്രദേശം' എന്ന ഗ്രന്ഥപാഠം സമീചീനമാണ്. മധ്യമപുരുഷനിൽ 'കണ്ടേ' 'കണ്ടാലും' എന്ന രൂപം വരുന്നു. 'വന്നാലും' എന്നർത്ഥത്തിൽ 'വന്നേ' എന്ന പ്രയോഗം സംഭാഷണശൈലിയിൽ സാധാരണമാണല്ലോ.

'തട്ടാൻ പുറം വഴിയിലുഴലാൻ' എന്ന ഏ. പാ. അബദ്ധമാണെന്ന് മുൻപു തന്നെ പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. താളിയോലഗ്രന്ഥം അനുസരിച്ച് 'വഴിയിലുഴകാന്നമ്പലം' എന്നു വ്യക്തമായിട്ടുണ്ട്. തട്ടാനെപ്പറ്റിയുള്ള ചില വ്യാഖ്യാനത്തിനുവേണ്ടി ഉണ്ടാക്കിയതാണെന്നു തോന്നുന്നു. അങ്ങാടി തട്ടാരമ്പലത്തിന് അടുത്ത് ഉണ്ടായിരുന്ന 'ശ്രീപർവ്വതം' എന്ന ചന്ത ആയിരുന്നു. ഉണ്ണിയാടീചരിതമെന്ന ചമ്പുവിൽ ഇതിനെപ്പറ്റി വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. 'നിഖിലജനാനാമഖിലതസമ്പാദനേ ശ്രീപർവ്വതമെന്നപോട്ടു യത്ര വിചിത്രം വിരാജതേ ഭാരാപണം' (ഉണ്ണിയാടീചരിതം, തിരുവനന്തപുരം മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി പ്രസിദ്ധീകരണം).

പാലം തട്ടാരമ്പലത്തിന്റെ കിഴക്കുവശത്തു തോട്ടിലുള്ള ചെറിയ പാലമാണ്. കണ്ടിയൂരടുത്തുള്ള അച്ചൻകോവിൽ ആറ്റിൽ നിന്ന് കൃഷിക്ക് ഉപയോഗത്തിനു വെട്ടിവച്ചിട്ടുള്ള തോടാണ്.

കണ്ഠം വണ്ടിൻനിറമുടയനെക്കൈകനീരോട്ടു തിങ്കൾ-
ത്തുണ്ടും ചാർത്തും പരനെ മലമാതിന്നു മെയ് പാതിയോനെ
മണ്ടും മാനേൽക്കരനെയരനെക്കമ്പി പാമ്പാക്കുവോനെ-
ക്കണ്ടേ പോവാൻ തരമവിടെ നീ കണ്ടിയൂർത്തമ്പിരാനെ. 100

കണ്ഠം വണ്ടിൻനിറമുടയനെ-വണ്ടിന്റെ നിറമുള്ള കണ്ഠത്തോടു കൂടിയവനെ, കൈകനീരോട്ട്-ഗംഗയിലെ നീരോട്ട് ഒപ്പം, തിങ്കൾത്തുണ്ടും-ചന്ദ്രകല, ചാർത്തും-ചാർത്തുന്ന, പരനെ-പരംപുരുഷനെ, മലമാതിന്ന്-പാർവ്വതിക്ക്, മെയ് പാതിയോനെ-ശരീരം പകുത്തുകൊടുത്തവനെ, മണ്ടും മാനേൽക്കരനെ-മണ്ടുന്ന മാൻ ഏല്ക്കുന്ന-ഉള്ള, കരത്തോടുകൂടിയവനെ, അരനെ-ഹരനെ, കമ്പികളുകളായി പാമ്പ് ഉള്ളവനെ ആയ കണ്ടിയൂർ തമ്പിരാനെ-കണ്ടിയൂർ ശിവനെ, അവിടെ കണ്ടേ പോവാൻ തരമാകൂ-കണ്ടുപോകണം.

കണ്ടിയൂർ ചെന്നാൽ ക്ഷേത്രദർശനം കഴിക്കാതെ പോകാൻ തരമാകയില്ലല്ലോ എന്നു സാരം.

സംസ്കൃതശൈലി അനുസരിച്ച് വിശേഷണ വിശേഷ്യങ്ങളെ ഒരേ വിഭക്തിയിൽ പ്രയോഗിച്ചിരിക്കുന്നു. 'മലമാതിന്നു' എന്ന മൂ. പാ. 'വരമാതിന്നു' എന്ന ഏ. പാ. അർത്ഥവ്യത്യാസമില്ല. വര-പർവ്വതം, താഴ്‌വര എന്ന പ്രയോഗം കാണുക.

മാറേറവും നൽക്കനകകലശം വെൻറ പോർകൊങ്ക താങ്ങി-
ക്കാറേറാടാട്ടം നടവു കലയപ്പോൻറ നിൻമുമ്പിൽ വന്ത്
കോറേറൻവെല്ലുംമൊഴി ചെറുകരച്ചേന്ന് കുട്ടത്തി നിന്നെ-
പ്പോററീ! വൈകിച്ചതുകിലെനക്കൊണ്ടു വല്ലായ്മ ചാലെ. 101

പോററീ-രക്ഷിതാവേ, കോറേറൻ വെല്ലുംമൊഴി-കോൽത്തേനിനെ ജയിക്കുന്ന മൊഴിയോടുകൂടിയ, ചെറുകരച്ചേന്ന് കുട്ടത്തി-ചെറുകരവീട്ടിലെ കുട്ടത്തി എന്ന നായിക, മാറേറവും നൽക്കനകകലശം വെൻറ-ക്കൂട്ടതൽ മാററുള്ള നല്ല സ്വർണ്ണംകൊണ്ടുള്ള കലശത്തെ ജയിക്കുന്ന, പോർമുലകൾ താങ്ങിക്കൊണ്ട്, കാറേറാടാട്ടം-കാററിനോടൊത്ത് ആടുന്ന, നടവു്-മധ്യഭാഗം, കലയ-വശമാക്കിക്കൊണ്ടും വണ്ണം, പോന്ന് നിൻ മുമ്പിൽ വന്ന്, നിന്നെ വൈകിച്ചതുകിൽ-അങ്ങയെ താമസിപ്പിച്ചുവാൽ, എനിക്കു ചാലെ വല്ലായ്മ ഉണ്ട്-എനിക്കു വലുതായ വല്ലായ്മ ഉണ്ടാകും.

'കാറേറാടാട്ടം നളിനമിഴിയാൾ' എന്നു മൂ. പാ. 'ചെറുകരച്ചേന്ന് കുട്ടത്തി'ക്കു പകരം 'ചെറുമുരച്ചേന്നുകൂട്ടത്തി' എന്നു മൂ. പാ. ഭ്രമാദമാണ്. ശരിയായ ഗ്രന്ഥം കാണാതെയും യുക്തിവിചാരം ചെയ്യാതെയും ചില വ്യാഖ്യാതാക്കന്മാർ ഈ പാഠത്തെപ്പററി പലതും പറഞ്ഞിട്ടുള്ളതു് ശരിയായ പാഠം കിട്ടിയതോടെ ഉപേക്ഷിക്കാവുന്നതാണ്.

ആട്ടം വല്ലും പരിചുമിഴിയും തോററമാളാമണിക്കീഴ്-
പ്പാട്ടും കോലാഹലമഴകെഴും കോലവും കിം പ്രലാപൈഃ
നാട്ടിൽ ച്ചൊല്ലേറിന ചെറുകരത്തങ്ങിനോരുണ്ണിയാടീം
വീട്ടിൽച്ചെല്ലായ്കിലുമയി സഖേ! കണ്ടു കിട്ടിൻറതൊണ്ടോം. 102

മുൻപദ്യത്തിൻറ എന്നു പോലെ ഈ പദ്യത്തിൻറയും മൂ. പാ. അശുദ്ധമാണ്. ഗ്ര. പാ. ശുദ്ധം. പൂർവ്വാർദ്ധത്തിൻറ അർത്ഥം വ്യക്തമല്ല.

ആട്ടം വല്ലും-ആട്ടം വല്ലുന്ന-(നൃത്തത്തിൽ സാമർത്ഥ്യം ഉള്ള) പരിചു്,-സുന്ദരമായ മിഴിയും-കണ്ണും, തോററം-ചൊടിപൊടിപ്പും, ആളാമണിക്കീഴ്പ്പാട്ടും-ആളാമണിയിലുള്ള കീഴ്പ്പാട്ടും, ആളാമണി-ഒരു തരം വീണ, അതിലുള്ള കീഴ്പ്പാട്ടും- പിൻപാട്ട് എന്ന അർത്ഥമായിരിക്കാം; കോലാഹലം-കോലാഹലവും, അഴകെഴും കോലവും-സുന്ദരമായ രൂപവും, കിം പ്രലാപൈഃ-പ്രലാപങ്ങൾകൊണ്ട് എന്തു്? അധികം പറയണമോ എന്നു സാരം. [തോററം തുടങ്ങിയുള്ള പദങ്ങൾ സമുച്ചയിക്കേണ്ടതാണ്. തോററം കോലാഹലം ഇവ രണ്ടിനും സമുച്ചയം വിട്ടിരിക്കുന്നു. തോററവും, ആളാമണിക്കീഴ്പ്പാട്ടും, കോലാഹലവും, അഴകെഴുംകോലവും എന്നു പൂർണ്ണരൂപം. 'പരിചു മിയലും' എന്നു ഗ്ര. പാ.

നൃത്തവിലാസം പരിചയിച്ച ഭംഗിയുള്ള മിഴിയും, തോററത്തിനു-തോററംപാട്ടിനായിരിക്കും-വേണ്ടിയുള്ള ആളാമണിയോടൊത്ത കീഴ്പ്പാട്ടും, കോലാഹലമായ അഴകെഴുന്ന കോലവും, ഇതിനെപ്പററിയെല്ലാം കിം ബ്രൂമഃ-എന്തിനു പറയുന്നു എന്നു വ്യാഖ്യാനിക്കാം. നാട്ടിൽ ചൊല്ലേറുന്ന-പ്രസിദ്ധിയുള്ള, ചെറുകര തങ്ങിനോത-തങ്ങുന്ന-ചെറുകര എന്ന വീട്ടിൽ താമസിക്കുന്ന, ഉണ്ണിയാടിയെ, ഹേ സഖേ-അല്ലയോ തോഴാ, വീട്ടിൽ പോയില്ലെങ്കിലും കണ്ടുകൊൾവാൻ ഇടയുണ്ട്.

ഈ ശ്ലോകത്തിന്റെ പാഠങ്ങളും അതിനു കൊടുത്തിട്ടുള്ള പല വ്യാഖ്യാനങ്ങളും തീരെ തൃപ്തികരമല്ല. ഗ്രന്ഥപാഠംകൊണ്ടും അർത്ഥം സുഗ്രഹമല്ല.

'ആട്ടും പല്ലും പരിചു മിഴിയും തെററുമാളാമണിക്കീഴ്പ്പാട്ടും'—ഇത്യാദി ആണ് മൂ. പാ. ആട്ടും പല്ലും പരിചു്-ആടിക്കൊണ്ടിരിക്കുന്ന പല്ലക്കുകളുടെ-പല്ലിന്റെ അകത്തിരിയിലുള്ള അവുക്കുകളുടെ, എന്നും മററുമുള്ള അർത്ഥം തീരെ യോജിക്കുന്നില്ല. 'ചെറുകരച്ചേരുമെന്നുണ്ണിയാടീം' എന്നു മൂ. പാ. 'തങ്ങിനോതുണ്ണിയാടീം' എന്നു ഗ്ര. പാ. 'എന്നുണ്ണിയാടി' എന്നില്ല ഗ്രന്ഥത്തിൽ. 'എന്നുണ്ണിയാടീം' എന്നു പറഞ്ഞതുകൊണ്ടു് കവിക്കു പ്രത്യേകം താത്പര്യമുള്ള ഉണ്ണിയാടി എന്നു് അർത്ഥമെടുക്കണമെന്നും തോന്നുന്നില്ല. ആളാമണിയെപ്പററി ഉണ്ണിയാടീചരിതത്തിലും പരാമർശം കാണുന്നു.

> ആളാമണിയുമായ് ശാരീചൂളാമണി ഗുണങ്ങളെ
> ആളൊപ്പം ചെയ്തു വാഴ്ത്തീടും ബാലസ്ത്രീജനമണ്ഡിതേ
>
> (ഉണ്ണിയാടീചരിതം)

കീഴ്പ്പാട്ടിനെപ്പററിയും ഉണ്ണിയാടീചരിതത്തിൽ പരാമർശമുണ്ട്.

> വീണാവാണീം വടിവിനൊടുടുത്തൊത്ത കാവിത്തുടുപ്പിൻ
> കോണാൽ പൂണാർ മുലയിണ മറച്ചങ്ങനേ താൻ ചമഞ്ഞു്
> വേണീഭാരേ കവരിയുമണിഞ്ഞങ്ങു മാർഗ്ഗോപകണ്ഠേ
> കാണാം മുത്തൂററമതിലിളയച്ചിക്കയൽക്കണ്ണി തന്നെ. 103

വടിവിനൊടു്-ഭംഗിയായി, ഉടുത്ത കാവിത്തുടുപ്പിൻ-കാവിച്ചേലയുടെ, കോണാൽ-തുമ്പുകൊണ്ടു്, പൂണാർമുലയിണ-ആഭരണങ്ങൾ അണിഞ്ഞ മുലകൾ രണ്ടും, മറച്ചു്, അങ്ങനെ താൻ ചമഞ്ഞു്, വേണീഭാരത്തിൽ-തലമുടിക്കെട്ടിൽ, കവരിയുമണിഞ്ഞു്-തിരുപ്പനമണിഞ്ഞു്, അങ്ങു്, മാർഗ്ഗോപകണ്ഠേ - മാർഗ്ഗത്തിന്റെ ഉപകണ്ഠത്തിൽ- വഴിയരികിൽ, മുത്തൂററമതിൽ-മുത്തൂററു താമസിക്കുന്ന, വീണാവാണീം-വീണാവാണിയായ, ഇളയച്ചിയെന്ന കയൽക്കണ്ണിതന്നെ-സുന്ദരിയെ, കാണാം.

കവരി - തിരുപ്പൻ. കൃഷ്ണമൃഗത്തിന്റെ പുച്ഛരോമമായിരുന്നു സ്ത്രീകൾ സാധാരണ തിരുപ്പനായി വച്ചു കെട്ടാറുള്ളതു്. കതിർമാൻ മുടി

എന്നു മാത്രം. കവരി-ചാമരം (കതിർവേലു പിള്ള). കവരിക്കു 'വൃത്തിയോടുകൂടിയ കെട്ടുകൾ' എന്നും മററും അർത്ഥം പറഞ്ഞിട്ടുള്ളതു ശരിയല്ല.

'കാവിത്തട്ടപ്പു'' എന്നതിന്റെ ശരിയായ അർത്ഥം എന്തെന്നു വ്യക്തമാകുന്നില്ല. 'ഉടുക്കാനുള്ള വസ്ത്രമാണ്' അതു' എന്നു സ്പഷ്ടമാണ്. കാവിനിറത്തിലുള്ള തട്ടപ്പു' എന്നായിരിക്കണം. തട്ടുക്കുന്നതു്-മറയ്ക്കുന്നതു്-വസ്ത്രം, ചേല എന്നു് അർത്ഥമെടുക്കണം.

'വടിവിനൊടട്ടത്തോരു' എന്ന മുദ്രിതപാഠം തെററാണ്. 'വടിവിനൊട്ടൊത്തോരു' എന്ന ഗ്രന്ഥപാഠം സാധു. 'കാവിത്തട്ടപ്പിൻകോണാം പോർമ്മുലയിന്നൊറ്റപ്പരനേ താൻ ചമഞ്ഞു'' എന്ന മു. പാ. അശുദ്ധമാണ്. 'കാവിത്തട്ടപ്പിൻ കോണാൻ പൂണാർ മുലയിണ മറച്ചരനേ താൻ ചമഞ്ഞു' എന്ന ഗ്ര. പാ. സാധു. 'കവരികളണിഞ്ഞതു'' എന്ന മു. പാഠത്തെക്കാൾ 'കവരിയുമണിഞ്ഞതു'' എന്ന ഗ്ര. പാ. കൊള്ളാം. 'മണ്ണുറാമതം' മു. പാ. അസാധു. 'മുണ്ണുറാമതം' എന്ന ഗ്ര. പാ. മുണ്ണുററു' എന്ന വചനം ഇന്നുമുണ്ടെന്നു് സ്ഥലത്തു തിരക്കിയതിൽ മനസ്സിലാകുന്നു.

> കാണ്മൂ പിന്നെക്കമലവനിതാമാനനേ വാചി വാണീം
> വാണ്മേൽ വീരശ്രീയമപി വഹിക്കിന്റ വിഖ്യാതകീർത്തിം
> തൂണ്മേലുണ്മാം നരഹരിനിഭം ചെന്റെതിർപ്പോർക്കു നിത്യം
> കാണ്മോർ കണ്ണിന്നമൃതകരനാമോടനാടാന്റ കോനെ. 104

പിന്നെ, ആനനേ-മുഖത്തു്, കമലവനിതാം-ശ്രീയെയും, വാചി-വാക്കിൽ, വാണീം-വാഗ്ദേവതയെയും, വാണ്മേൽ-വാളിൽ, വീരശ്രീയം വീരശ്രീയെയും, വഹിക്കിന്റ-വഹിക്കുന്ന, വിഖ്യാതകീർത്തിം-വിശ്രുതയശസ്വിയും, ചെന്നു് എതിർപ്പോർക്കു്-ചെന്നു മത്സരിക്കുന്നവർക്കു്, തൂൺമേലുണ്മാം നരഹരിനിഭം-തൂണിൽനിന്നു് ഉണ്ടായ നരസിംഹത്തിനു തുല്യനും, നിത്യം കാണ്മോരുടെ കണ്ണിനു്, അമൃതകരനം-ചന്ദ്രനും, ആയ ഓടനാടാന്റ കോനെ-ഓടനാട്ടു ഭരിക്കുന്ന രാജാവിനെ, കാണ്മൂ-കണ്ടാലും.

ഹിരണ്യകശിപുവിൽനിന്നു പ്രഹ്ളാദനെ രക്ഷിക്കാൻ വേണ്ടിത്തൂൺ പിളർന്നാണ് നരസിംഹം ഉണ്ടായതു്. ആ കഥയെ സൂചിപ്പിക്കുന്നു. കായംകുളം രാജാക്കന്മാരുടെ ഉപാസനാദേവത മാററത്തു' നരസിംഹമൂർത്തി ആണ്. മാററത്തു് ആറുവക്ഷേത്രമാണ് ഈ ക്ഷേത്രം.

'കാണാം പിന്നെ' എന്ന മു. പാഠത്തെക്കാൾ 'കാണ്മൂ പിന്നെ' എന്ന ഗ്ര. പാ. കൊള്ളാം. പ്രാസത്തിനു് അതേ യോജിക്കൂ. 'ഓടനാടാന്റ കോനെ' എന്നു് ഗ്ര. പാ. 'ഓടവന്നാടർകോനെ' എന്ന മു. പാ. ഓടവൻനാട്ടു' ഓട എന്ന വലിയ നാട്ടു് എന്നു് അർത്ഥം.

എല്ലാ നാളും നിജസമുദയം ചൊല്ലി നിദ്രാവിഹീനം
ദൃഷ്ട്വാ ദേവം മുരവിജയിനം പാണ്ഡവന്നെന്റെ പോലെ
നിന്നെക്കാണുമ്പൊഴുതിരവിവർമ്മൻ മന്യേ തദാനീ-
മെന്തോ! വന്നോരനവസരം തന്നെയും മേൽവഴിഞ്ഞു്. 105

എല്ലാ നാളും-എന്നും, നിജ സമുദയം-തന്റെ ഉയർച്ച-മേന്മ, ചൊല്ലി-പറഞ്ഞു്-വിചാരിച്ചു്, നിദ്രാവിഹീനം-ഉറക്കമില്ലാതിരിക്കുന്ന-അത്രത്തോളം താൽപ്പര്യത്തോടുകൂടിയിരിക്കുന്ന, മുരവിജയിനം-മുരവിജയി ആയ ദേവനെ, കൃഷ്ണനെ, ദൃഷ്ട്വാ-കണ്ടു്, പാണ്ഡവന്‌-ധർമ്മപുത്രന്‌, എന്ന പോലെ, നിന്നെക്കാണുമ്പൊഴു്-അങ്ങയെ കാണുമ്പോൾ, ഇരവിവർമ്മന്‌, തദാനീം-അപ്പോൾ, എന്തോ-ആശ്ചര്യം, വന്നോരനവസരം-ഉണ്ടാകുന്ന അനവസരം, തന്നെയും മേൽവഴിഞ്ഞു്-തന്നിൽ ഉൾക്കൊള്ളാതെ കവിഞ്ഞു വഴിയും എന്നു്, മന്യേ-ഞാൻ വിചാരിക്കുന്നു.

'തന്നെയും മേൽവഴിഞ്ഞു്' എന്നുള്ളതിനു് തന്നിൽ ഉൾക്കൊള്ളാതെ കവിഞ്ഞൊഴുകുന്നു്' എന്നാണു് അർത്ഥം.

തന്വാ മമൗ ന തു കൈടഭദ്വേഷ-
സ്തപോധനാഭ്യാഗമസംഭവാ മുദഃ.

(തപോധനന്റെ അഭ്യാഗമനം കൊണ്ടു സംഭവിച്ച മോദം കൈടഭദ്വേഷിയുടെ-കൃഷ്ണന്റെ തനുവിൽ ഉൾക്കൊണ്ടില്ല. വഴിഞ്ഞൊഴുകി എന്ന മാഘന്റെ പ്രയോഗം കാൺക.)

ഇവിടെ ആദിത്യവർമ്മയെ കൃഷ്ണനോടും ഓടനാട്ടു രവിവർമ്മയെ പാണ്ഡവനോടും സാധർമ്മ്യപ്പെടുത്തിയിരിക്കുന്നു. സ്നേഹബന്ധത്തെ എന്നപോലെ കുടുംബബന്ധത്തെയും ഈ സാമ്യകഥനം സൂചിപ്പിക്കുന്നുണ്ടായിരിക്കണം. പാണ്ഡവനെ ധർമ്മപുത്രനായി എടുക്കുന്നതിൽ കൂടുതൽ ഔചിത്യം അർജ്ജുനനാക്കി പറയുന്നതല്ലേ? ആദിത്യവർമ്മയ്ക്കു് ഓടനാട്ടിന്റെ രക്ഷിതാവെന്ന പദവി ഉണ്ടായിരുന്നതായും വ്യഞ്ജിക്കുന്നു.

'തന്നെയും മേൽ വഴിഞ്ഞു' എന്നു ഗ്ര. പാ. 'മേൽവഴിഞ്ഞു്' എന്നു മൂ. പാഠം.

അന്നാദ്യാന്മേ മുഴുകിയൊഴുകിപ്പൊങ്ങിനീന്തിത്തുടങ്ങി-
ന്റെന്നാം സംഭാവയ യദുകുലാധീശ! സംഭോജനാദ്യൈഃ
പല്ലില്ലാത്തല്ലഴകു പൊഴിയും പ്രേമവേഗം മുഴപ്പാൻ
കൊള്ളുന്നൂ പോർത്തനൻ മണിവായ്ത്തമ്പലം വല്ലഭായാഃ
106

യദുകുലാധീശ-യദുവംശനായക, ആനന്ദാബ്ധൗ-ആനന്ദാബ്ധിയിൽ, മുഴുകിയൊഴുകിപ്പൊങ്ങി നീന്തുന്ന, ഏനം ഇവനെ-രവിവർമ്മയെ, സംഭോജനാമൈത്ര്യ-സംഭോജനം തുടങ്ങിയവയാൽ - സംഭോജനം കൊണ്ടും മററും, സംഭാവയ-സംഭാവനം ചെയ്താലും. അല്ലെങ്കിൽ ബഹുമാനിക്കാൻ സഹഭോജനം ചെയ്യണം എന്നർത്ഥം. തരുണർ-യുവാക്കന്മാർ, വല്ലഭായാഃ-വല്ലഭയുടെ, മണിവായ്ത്തമ്പലം-മണിവായയിൽനിന്നു ചവച്ച താംബൂലം, പല്ലില്ലാഞ്ഞല്ല-(തന്നെത്താനെ ചവയ്ക്കാൻ) പല്ലില്ലാത്തതുകൊണ്ടല്ല, അഴകു പൊഴിയും പ്രേമവേഗം മുഴുപ്പാൻ-പ്രേമാധിക്യത്തിനു വേണ്ടിയാണ്, കൊള്ളുന്നു പോൽ-കൊള്ളുന്നതു എന്നു പ്രസിദ്ധം.

യുവാക്കന്മാർ പ്രിയമാരുടെ വായിൽനിന്നു താംബൂലം പകർന്നു വായിൽ കൊള്ളുന്നതു തന്നെത്താനെ വെററില ചവയ്ക്കാൻ പല്ലില്ലാഞ്ഞല്ല, പ്രേമവേഗം മുഴുക്കാനാണ് എന്നു പ്രസിദ്ധി. അതുപോലെ രവിവർമ്മയുമായി സഹഭോജനം ചെയ്യുന്നതു രവിവർമ്മയെ ബഹുമാനിക്കാൻ വേണ്ടി മാത്രമാണെന്നു സ്ഥാപിക്കുന്നു.

'ആനന്ദാബ്ധൗ മുഴുകിമുഴുകി' എന്നു ശ്ര. പാ. 'മുഴുകിയൊഴുകി' എന്നു ഗ്ര. പാ. വ്യത്യാസം സാരമില്ല. ഉത്തരാർദ്ധത്തിലെ പാഠഭേദം ശ്രദ്ധേയമാണ്. 'പല്ലില്ലാഞ്ഞഴകു പൊഴിയും' എന്ന ശ്ര. പാ. തെററാണ്.

'പല്ലില്ലാഞ്ഞല്ലഴകു പൊഴിയും പ്രേമവേഗം മുഴുപ്പാൻ
കൊള്ളുന്നൂ പോൽ തരുണർ മണിവായ്ത്തമ്പലം വല്ലഭായാഃ'

എന്ന ഗ്ര. പാ. സ്വീകരിച്ചിരിക്കുന്നു. ശ്ര. പാ. ആധാരമാക്കിക്കൊണ്ടു 'അക്കാലത്തു' രവിവർമ്മയ്ക്കു പല്ലില്ലാതാകത്തക്കവണ്ണം വാർദ്ധക്യം സംഭവിച്ചിരുന്നു' എന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ല. (വിജ്ഞാനദീപിക IV-ാം ഭാഗം പു. 141).

'കൊള്ളുന്നൂ താനതരുണമണിവായ്ത്തമ്പലം വല്ലഭായാഃ' എന്ന ശ്ര. പാഠത്തിൽ 'കൊള്ളുന്നൂ' എന്ന ക്രിയയ്ക്കു കർത്താവു ഇല്ല. 'കൊള്ളുന്നൂ പോൽ തരുണർ മണിവായ്ത്തമ്പലം വല്ലഭായാഃ' എന്ന ഗ്ര. പാ. സമീചീനം. തരുണർ കൊള്ളുന്നുപോൽ എന്നു വാക്യയോജന. മദ്രാസ് മാതൃകയിലും താളിയോലഗ്രന്ഥത്തിലും പാഠം സമാനം തന്നെ. മ. മാതൃകയിൽ 'പല്ലില്ലാഞ്ഞഴകു' എന്നു 'ഞ്ഞ' കഴിഞ്ഞുള്ള 'ല്ല' എന്ന ഒരു അക്ഷരം വിട്ടിട്ടുണ്ട്.

മന്ദം മന്ദസ്മിതനികരമാം ചാരു കർപ്പൂരരാശിം
നോക്കാം നീലക്കുവളമലരും കാഴ്ച വെച്ചെന്റെ പോലെ
കാണാം നിന്നെത്തരള കമനീയാംഗി വന്റെ റാമസ്യ-
റോണാക്ഷീന്നാം മുടിമണി കുറുങ്ങാട്ടു വാഴ്ന്നരുളുന്നീലി. 101

മന്ദം മന്ദസ്മിതനികരമാകുന്ന-പുഞ്ചിരി ആകുന്ന, ചാരു കർപ്പൂരരാശിയും,(കർപ്പൂരംപോലെ കുളുത്തപുഞ്ചിരിയും) നോക്കാം-നോട്ടമാകുന്ന, നീലക്കുവളദളം-കരിംകൂവളദളം, കാഴ്ച വച്ചുകൊണ്ടെന്നപോലെ, തദാ-അപ്പോൾ, ഏണാക്ഷീണാം-സുന്ദരിമാരുടെ, മുടിമണി-ചൂഡാരത്നവും, കമനീയാംഗിയുമായ കുറുങ്ങാട്ടു വാഴുന്ന ഉണ്ണുനീലി എന്ന നായിക ഏററം അൻപുററു് നിന്നു വന്നു കാണും.

രാജദർശനത്തിൽ കർപ്പൂരവും പൂക്കളും മററും കാഴ്ച വസ്തുക്കളായിവരണമല്ലോ. മന്ദസ്മിതമാകുന്ന കർപ്പൂരവും, കടാക്ഷങ്ങളാകുന്ന നീലോല്പലകുസുമങ്ങളും കാഴ്ചവച്ചുകൊണ്ടു് കുറുങ്ങാട്ടു് ഉണ്ണുനീലി അങ്ങയെ വന്നു കാണും. പുഞ്ചിരി പൊഴിച്ചു് കണ്ണുകൾ കടാക്ഷിച്ചുകൊണ്ടു് വരും എന്നു് അർത്ഥം. മററത്തു് അമ്പലത്തിനു് അടുത്തു തെക്കുള്ള ഒരു വീടാണു് കുറുങ്ങാട്ടു്.

'കുലമണി' എന്നു മൂ. പാ. 'മുടിമണി' എന്നു ഗ്രൃ. പാ.

മിന്നും മിന്നൽക്കൊടിലിവ ചിരസ്ഥായിനീ കാർമുകിൽക്കീഴ്
ചെന്റപ്പൂവാർകുഴൽ നിഴലെഴച്ചേർന്ന ചാമ്പേയഗൗരീ
നിന്നേപ്പൂല്കം നയനനിഴൽകൊണ്ടുകുറുങ്ങാട്ടെ രണ്ടാം
കുന്നക്കണ്ണാറം തരുന കനിവോടുണ്ണുനീലീ സലീലം. 108

ഈ ശ്ലോകം താളിയോല മാതൃകയിൽ ഇല്ല. മുദ്രിതപുസ്തകങ്ങളിലും മദ്രാസ് ലൈബ്രറിയിലെ കടലാസ് മാതൃകയിലും ഉണ്ടു്.

കാർമുകിൽക്കീഴ് ചിരസ്ഥായിനീ മിന്നും മിന്നൽക്കൊടി ഇവ-മേഘത്തിന്റെ അടിക്കു്, ചിരസ്ഥായിനിയായി-അധികകാലം സ്ഥിതി ചെയ്യുന്ന, മിന്നൽക്കൊടി, ഇവ- എന്നപോലെ, പൂവാർകുഴലിന്റെ നിഴൽ ചേർന്ന, ചാമ്പേയഗൗരി-ചെമ്പകപ്പൂവിന്റെ നിറമുള്ളവളും (സ്വർണ്ണവർണ്ണമുള്ളവളും), കുറുങ്ങാട്ടേ രണ്ടാം കുന്നക്കണ്ണാളുമായ ഉണ്ണുനീലി, സലീലം, തദനു-അപ്പോൾ നിന്നെ നയനനിഴൽകൊണ്ടു പുൽകും.

കറുത്ത കൂന്തൽക്കെട്ടിനു് അടിക്കു് സ്വർണ്ണവർണ്ണമായ ശരീരത്തെ കാർമുകിലിന്റെ കീഴിൽ മാറാതെ നില്ക്കുന്ന മിന്നൽക്കൊടി ആയി ഭാവനം ചെയ്തിരിക്കുന്നു.

'കുന്നൽക്കണ്ണാൾ' എന്ന മൂ. പാ. ശരിയല്ല. കുന്നക്കണ്ണാൾ എന്നു ഗ്രൃ. പാ.

'കൊടിലിവ' എന്നതിനെക്കാൾ 'കൊടിയിവ' എന്നാണു നല്ലതു്. കൊടി എന്നാൽ ലത. ആ അർത്ഥത്തിൽ കൊടിൽ വേണ്ട. 'കുഴൽ നിഴലെഴ' എന്നല്ല് 'കുഴലഴകെഴ' എന്നായിരിക്കുമോ? നയനനിഴൽ എന്നു് 'നിഴൽ' ശബ്ദം അല്ലെങ്കിൽ അടുത്ത വരിയിൽ ആവർത്തിക്കുന്നതായി കരുതണം.

പൂവാർകുഴൽ-പൂക്കൾ ആർന്ന കുഴൽ-തലമുടി; പൂ+ആർ+കുഴൽ. പൂ+വാർ എന്നെടുത്താൽ 'വാർ' ശബ്ദത്തിനു് നീണ്ട എന്നു് അർത്ഥം.

നമ്മിൽച്ചാലെക്കനിവു കനമുണ്ടെങ്കിലും വീരമൗലേ!
നിമ്മിൽക്കാണുംപൊഴുതിരവി വർമ്മനു മറ്റൊന്റു ചേതഃ
എൻറാലന്യൽ പ്രിയമിതവനെക്കൊണ്ടു ചൊല്ലിച്ചുകൊൾവാൻ
നന്റേടം ഞാൻ കഥമപി വഴങ്ങിൻറിതാശ്രുധകീർത്തേ! 109

അല്ലയോ വീരമൗലേ, നമ്മിൽ-എന്നോടു്, ചാലെ, കനം-വർദ്ധിച്ച, കനിവു് ഉണ്ടാകിലും-അൻപു് ഉണ്ടെങ്കിലും-സ്നേഹമുണ്ടെങ്കിലും, നിമ്മിൽ കാണുംപൊഴുതു്-നിങ്ങൾ തമ്മിൽ കാണുമ്പോൾ, ഇരവിവർമ്മനു്, ചേതഃ-മനസ്സു്, മറ്റൊൻറു്-മറ്റൊന്നു് ആയിത്തീരും. എന്നോടുള്ള സ്നേഹം മാറും് അങ്ങയുമൊത്തു വളരെ നേരം കഴിയണമെന്നു് അദ്ദേഹത്തിനു തോന്നിപ്പോകും എന്നു സാരം. എന്നാൽ അവനെക്കൊണ്ടു്-രവിവർമ്മയെക്കൊണ്ടു്, അന്യൽ പ്രിയം-എന്റെ ഹിതം, ചൊല്ലിച്ചുകൊൾവാൻ, ഹേ ആശ്രുധകീർത്തേ, നന്റേടം-നല്ലപോലെ, കഥമപി, വഴങ്ങുന്ന-ഏതു പ്രകാരമെങ്കിലും എന്റെ ഹിതം അദ്ദേഹത്തെക്കൊണ്ടു് സമ്മതിപ്പിക്കുന്നതിനു ഞാൻ നിർബന്ധിച്ചു് അപേക്ഷിക്കുന്നു.

'കനമുണ്ടാകിലും' മൂ. പാ. 'കനമുണ്ടെങ്കിലും' ഗ്ര. പാ. 'അവനെക്കൊണ്ടു ചൊൽകിച്ചു്' മൂ. പാ. 'കൊണ്ടു ചൊല്ലിച്ചു്' എന്ന ഗ്ര. പാ. കൂടുതൽ മെച്ചം. നല്ലേടം എന്ന മുദ്രിതപാഠത്തെക്കാൾ നന്റേടം എന്ന ഗ്ര. പാ. പ്രാസത്തിനു കൂടുതൽ ഇണങ്ങും. 'നിമ്മിൽ' എന്നു ഗ്ര. പാ. 'തമ്മിൽ' എന്നു മൂ. പാ.

എണ്ണുന്നീടും ഗുണസമുദയം ചേർന്നിണങ്ങും കുരുങ്ങാ-
ട്ടുണ്ണിച്ചുക്കിക്കടൽവനിതയാം മൽപ്രിയാപ്രേമസിന്ധോഃ
കണ്ണുന്തോളം നെടിയ കുടില ഭ്രൂവിലാസങ്ങൾ നിന്മേൽ
പുണ്യത്താൽ വന്നിടപെടുകിലും ഹാഴ! വൈകാതെവേണ്ടും 110

എണ്ണപ്പെടുന്ന ഗുണസമുദയം-അനവധി സദ്ഗുണങ്ങൾ, ചേർന്നു് ഇണങ്ങുന്ന കുറുങ്ങാട്ടു് ഉണ്ണിച്ചുക്കി എന്ന കടൽവനിതയായ-ശ്രീ ഭഗവതിയായ, മൽപ്രിയാപ്രേമസിന്ധോഃ-എന്റെ പ്രിയയുടെ (ഉണ്ണുനീലിയുടെ) പ്രേമസിന്ധുവിന്റെ, കണ്ണുന്തോളം നെടിയ-കാതോളം നീണ്ട, കണ്ണുകളുടെ കുടിലങ്ങളായ-വക്രങ്ങളായ, വിലാസങ്ങൾ, നിന്റെ മേൽ പുണ്യംകൊണ്ടു് വന്നു് ഇടപെടുകിലും-വന്നു പതിച്ചാലും, അല്ലയോ തോഴാ, വൈകാതെ വേണ്ടും-താമസിയാതെ - (പോക) വേണ്ടും പോകണം.

'ഉണ്ണിച്ചുക്കിക്കടൽവനിതയാം മൽപ്രിയാപ്രേമസിന്ധോഃ' എന്നു് ഭാഷാസമാസം. അടുത്ത പദ്യത്തിലെ സമാസങ്ങളും താരതമ്യപ്പെടുത്തുക.

തൽപ്രിയാപ്രേമസിന്ധുവായ ഉണ്ണിച്ചുക്കി എന്ന കടൽവനിതയുടെ എന്നു് അർത്ഥം. എന്റെ പ്രിയയുടെ പ്രേമനദി ചെന്നുചേരുന്ന സിന്ധു-സമുദ്രം എന്നു ഗ്രാഹകം. 'പ്രേമബന്ധോഃ' എന്നു മൂ. പാ. 'പ്രേമബന്ധോ' എന്നു് സംബോധനയായി എടുക്കാമെന്നുള്ള അഭിപ്രായം സ്വീകാര്യം അല്ല. കവിനായകൻവിലാസമാർഗം തുടരേണ്ടതിന്നു ഘടിക്കാത്ത വാക്യം.

കറുകയാട്ടു് ഉണ്ണിച്ചുക്കിയുടെ സൗന്ദര്യവും ആഭിജാത്യവും നല്ലപോലെ മനസ്സിലാക്കാവുന്ന തരത്തിലാണു് ഈ വർണ്ണന.

ചാന്താർന്നേറ്റം കുചഭരനതാം ചാമ്പി മാഴ്കിന്റ നോക്കാം
പൂന്തേനോലും മധുരവചനാം പൂർണ്ണലീലാഭിരാമാം
പോന്നോരാമ്പൽപ്രിയതമമുഖീമാകറുകാട്ടു മേവും
ചാമ്പേയാംഗീം മഹിതചിരുതേവീമുടൻ കാണലാം തേ. 111

'ചിറോനാൾ' എന്നു തുടങ്ങുന്ന അടുത്ത ശ്ലോകം കഴിഞ്ഞിട്ടാണു് താളിയോലഗ്രന്ഥത്തിൽ 'ചാന്താർന്നേറ്റം' എന്ന ഈ പദ്യം.

ചാന്താർന്നേറ്റം - ചന്ദനം അണിഞ്ഞതും, ഏറ്റം - ഉയർന്നു നില്ക്കുന്നതും ആയ, കുചഭരംകൊണ്ടു്, നതയും - കുനിഞ്ഞവളും, ചാമ്പി - അടഞ്ഞു്, മാഴ്കുന്ന - മയങ്ങിയപോലെയുള്ള, നോക്കുള്ളവളും, പൂന്തേൻ ഓലുന്ന മധുരവചനയും, പൂർണ്ണമായ ലീലാവിലാസങ്ങളാൽ അഭിരാമയും, ആമ്പൽപ്രിയതമമുഖിയും - ചന്ദ്രനെപ്പോലെ മുഖമുള്ളവളും, ചാമ്പേയാംഗിയും - സുവർണ്ണാംഗിയും ആയ, ആ കറുകാട്ടു്, മേവുന്ന - വസിക്കുന്ന, മഹിതയായ ചിരുതേവിയെ, തേ - അങ്ങേയ്ക്കു്, പോമ്പോൾ - ചെല്ലുമ്പോൾ, ഉടൻ കാണലാം - കാണാം.

ചാമ്പി മാഴ്കുന്ന എന്നതിനു് അടഞ്ഞു ദുഃഖം സ്ഫുരിക്കുന്നപോലെയുള്ള, (പകുതിയടഞ്ഞു താഴെ നോക്കുന്നപോലെയുള്ള) കണ്ണോടു കൂടിയവൾ എന്നു് അർത്ഥം. 'പൂന്തേൻ വെല്ലും' എന്നു ഗ്ര. പാ. ഇതിലെ ശബ്ദങ്ങളുടെ ഭംഗി ശ്രദ്ധേയമാണു്.

ചിറോനാളൊട്ടെതിരെ മറിമാൻകണ്ണിമാർമാരനേ! നീ
മററം പിന്നിട്ടിനിയ പുഴയും കണ്ടിയൂരേ വരേണം;
കററക്കാർമൽക്കുഴലികൾ ചുഴൻവല്ലസിക്കും പ്രദേശം
മുററുമെന്നിത്തല മറുകരത്തമ്പിലാലോകയേഥാഃ. 112

മറിമാൻ കണ്ണിമാർക്കു് മാരനായുള്ളവനേ, ചിറോനാൾ ഒട്ടു് എതിരെ-കുറേ വെളുപ്പിനു തന്നെ, നീ-അവിടന്നു്, മററവും, ഇനിയ പുഴയും-നല്ല തോടും, പിന്നിട്ടു്-കടന്നു്, കണ്ടിയൂർത്തന്നെ വരണം; മററത്തിനും കണ്ടിയൂരിനും ഇടയ്ക്കു് പാടവും പാടങ്ങളുക്കൂടെ ഒഴുകുന്ന ഒരു ചെറിയതോടും

ഉണ്ടു്. അവ കടന്നു് വീണ്ടും കണ്ടിയൂർ വന്നിട്ടു് യാത്ര തുടരണമെന്നു നിർദ്ദേശം. ഇനിയ പുഴ മാറത്തിന്റെ അരികിൽ കൂടെ ഒഴുകുന്ന അച്ചൻകോവിലാറു് അല്ല. ആ ആറു് കടക്കാതെ തന്നെയാണു് മാറത്തു നിന്നു് കണ്ടിയൂർ വരുന്നതു്. കറാക്കാർമൽക്കുഴലികൾ-സുന്ദരിമാർ, ചുഴന്റു്-ചുററും-എവിടെയും, ഉല്ലസിക്കുന്ന പ്രദേശമായ ചെന്നിത്തല, മുററും-നന്നായി, മറുകരത്തു്, അമ്പിൽ-സുഖമായി, ആലോകയേഥാഃ-കണ്ടാലും.

മറിമാൻ-മാൻകുട്ടി. കറാക്കാർമൽക്കുഴലി-76-ാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക.

കണ്ടിയൂർ നിന്നാൽ ആററിനു മറുകരയായി (വടക്കേക്കരയായി) ചെന്നിത്തല കാണാം. ചെന്നിത്തല പോകുന്നതെന്നു് വ്യക്തമായി പറയുന്നില്ല. എന്നാൽ ചെന്നിത്തലയിലൂടെയാണു് കുട്ടിക്കു പോകുന്നതു്.

മറുകരത്തമ്പിൽ എന്നതു് മറുകരത്തു് + അമ്പിൽ എന്നു പിരിക്കുമ്പോൾ 'മറുകരത്തു്' എന്നു രൂപം കിട്ടും. മറുകരയ്ക്കു് എന്നു് സാധാരണ രൂപം. 'കണ്ടിയൂരെ വിരഞ്ഞും' എന്ന ഗ്ര. പാ. ലേഖകപ്രമാദമായിരിക്കണം. 'മറുകരത്തമ്പിനാലോകയേഥാഃ' എന്നു ഗ്ര. പാ.

ചോമന്നുണ്ണം ചടയിലണിയും തമ്പിരാനോട്ടു വേറേ
കാമൻതന്നോടിനി മതി വഴക്കെൻറിരന്നും വലിഞ്ഞും
ക്രൂമ്പാച്ചൻ മധുരവചസാ പോർ പൊരുതീടുമേടം
നാമം ചൊൽവാനരുതവിടവും കണ്ടു കുമ്പിട്ടു പോക. 113

ചോമന്നുണ്ണം-ചന്ദ്രകല, ചടയിലണിയുന്ന-ജടയിൽ ധരിക്കുന്ന, തമ്പിരാനോട്ടു്-പരമേശ്വരനോട്ടു്, വേറേ, കാമൻ തന്നോട്ടു്-(തന്റെ സാമാധിഭംഗം ചെയ്ത കോപകാരണമായി തീക്കണ്ണിലെ ജ്വാലയിൽ മരിച്ച) കാമനോട്ടു്, ഇനി, വഴക്കു്-കലഹം-വൈരം, മതി-മതിയാക്കാം - നിറുത്താം, എന്നു് ഇരന്നും വലിഞ്ഞും (വലിഞ്ഞു് ഇരന്നും-ലഘുവായി യാചിച്ചും), ക്രൂമ്പാച്ചൻ-കുമരൻ (?), മധുരവചസാ-മധുരവാക്കാൽ-മധുരസ്വരത്തിൽ, പോർ പൊരുതീടുന്ന-യുദ്ധത്തിനു സന്ധി ഉണ്ടാക്കുന്ന, ഏടം-സ്ഥലം, ആണു് മുമ്പിലുള്ളതു് എന്നു് എടുത്തുകൊള്ളണം. ആ സ്ഥലത്തിന്റെ നാമം-പേർ, ചൊല്ലാനരുതു്-പറയാൻ പാടില്ല. അവിടവും കണ്ടു് കുമ്പിട്ടു പോവുക. ആ ക്ഷേത്രത്തിലും തൊഴുതു പോവുക. ഈ ക്ഷേത്രം ഏതെന്നുള്ള വിചാരം അവതാരികയിൽ കാണിച്ചിട്ടുണ്ടു്. ഇരമത്തൂർ ശിവക്ഷേത്രമാണെന്നു തോന്നുന്നു.

'ചോമൻ കുണ്ടം' എന്നു മൂ. പാ. 'ചോമൻ ഉണ്ടം' എന്ന ഗ്ര. പാ. സമീചീനം. 'തിങ്കൾത്തുണ്ടം' എന്ന 100-ാം പദ്യത്തിലെ പ്രയോഗം കാൺക. 'ചടയിൽ' എന്നു ഗ്ര. പാ. 'ചിടയിൽ' എന്നു മൂ. പാ.

വേറേ എന്നതിനു വിശേഷിച്ച് അർത്ഥം കാണുന്നില്ല. വലിഞ്ഞു-വേലമായി എന്ന് അർത്ഥം എടുക്കാം. 'വലിഞ്ഞു കയറിയവർ' എന്ന ശൈലിയുണ്ടല്ലോ. 'ക്രമൻപാച്ചുൻ' എന്ന പദം തീരെ അപ്രസിദ്ധമാണ്. പ്രകൃതമനുസരിച്ച് കയിൽ എന്ന അർത്ഥം ശ്രീ. പി.ഞാറടി സ്വീകരിച്ചു. അതു ശരിയാണെന്നു തോന്നുന്നു. കയിലിൻെറ പാട്ട് കാമനു വേണ്ടി ശിവനോടുള്ള അപേക്ഷയായി പഴയ കവികൾ ഭാവനം ചെയ്യുതിനു ഉദാഹരണം ഉണ്ട്.

> പാമ്പണിഞ്ഞപ്പനോടുള്ള വൈരം പരം
> മീഴ്‌വിനെൻ്റിട്ടൊതമ്പെട്ട പൂ-
> വമ്പനോടേ വസന്തം വരുമ്പോഴ്
> വമ്പാട്ടു പാടേന്നു
> മിമ്പക്കയിൽപ്പാട്ടിനാലാകലേ. (ഉണ്ണിയച്ചീചരിതം)

'ചോമന്നുണ്ടും' എന്ന ശ്ലോകത്തിലെ ആശയം തന്നെയാണല്ലോ ഇതു്. ഇവിടെ കയിൽ എന്ന് എടുത്തു പറഞ്ഞിട്ടുമുണ്ട്. അതിനാൽ 'ക്രമൻപാച്ചുൻ' എന്നതിൻെറ അർത്ഥം കയിൽ എന്നു സ്വീകരിക്കാം. 'പോർ പൊരുതുക' എന്നതിനു യുദ്ധത്തിനു പൊരുത്തൽ-സന്ധി. ഉണ്ടാക്കുക എന്നു് അർത്ഥം.

> ക്രൂവിൽ(?)പൂവിൻ പരിമളഭരം നമ്പുതോലും നടപ്പാൻ
> മേവും കാവും കഴിയുഴറി നീ തൃക്കരട്ടിക്കു ചെൻറു്
> ദേവം തസ്സിൻ തൊഴുതു വഴിമേൽനിൻറു നേരേ നടന്നാൽ
> ക്രൂവീടപ്പാൽപ്പഥി പനയനാർകാവു മംഗല്യകീർത്തേ! 114

'തുവും പൂന്തേൻ പരിമളഭരം നമ്പുതോലും നടപ്പാൻ, മേവും കാവും പഥിയുഴറി നീ തിക്കരങ്ങിക്കു ചെൻറു്' എന്നാണ് ഉ. പാ. മിക്കവാറും മൂന്നു് മാതൃകയും ഇതു തന്നെ. മേവും എന്നതിനു 'മാവും' എന്നാണ് ക. മാതൃകയിൽ. പൂർവ്വാർദ്ധത്തിൻെറ അർത്ഥം വ്യക്തമല്ല. തുവുന്ന പൂന്തേനും നല്ല പരിമളവും ഇളയ ചില്ലികളും, നടക്കാൻ ആഗ്രഹം തോന്നിക്കുന്ന തളിരുവും പഥി-വഴിയിൽ കടന്നു്, തൃക്കരങ്ങിയിൽ ചെല്ലുന്നമെന്നാണ് പൂർവ്വവ്യാഖ്യാനങ്ങളിലെ അർത്ഥം. വാക്കുകളുടെ അർത്ഥവും വാചകഘടനയും തൃപ്തികരമായി വ്യാഖ്യാനിച്ചു എന്നു പറയാവതല്ല. ഗ്രന്ഥപാഠം അനുസരിച്ചും വ്യാഖ്യാനത്തിനു് ഈ വൈഷമ്യങ്ങൾ എല്ലാം ഉണ്ട്.

ക്രൂവിൽ പൂവിൻപരിമളഭരം-ക്രൂവിൽ പൂവിൻെറ സുഗന്ധവും, നമ്പു തോലും-നല്ല പച്ചിലയും-പച്ചിലത്തണലും, ഉള്ള നടപ്പാൻ മേവും

ഗമവും-നടക്കാവും, കഴിയുഴറി -കഴിഞ്ഞ് വേഗത്തിൽ, നീ, ഇക്കരെട്ടിയ്യു ചെൻറു്, തസ്മിൻ-അവിടെ, വഴിമേൽ നിൻറു ദേവം തൊഴുതു്-വഴിയിൽ നിന്നു തന്നെ ദേവനെ ഭജിച്ചിട്ടു്, നേരേ നടന്നാൽ, കൂവീട്ടു് അപ്പാൽ-വിളിപ്പാടു ദൂരം അപ്പുറം, പഥി-വഴിയിൽ, പനയനാർ കാവു് ആണു്. അല്ലയോ മംഗല്യകീർത്തേ!

പൂക്കളുടെ മണവും പച്ചിലച്ചാർത്തിൻെറ തണലും ഉള്ള ആ വഴി സ്മരണയിൽത്തങ്ങുന്ന മനോഹരമായിരിക്കുന്നു. കൂവിൽപ്പൂവു് എന്താണെന്നു് വ്യക്തമാകുന്നില്ല. ചെങ്ങഴിനീരിൻെറ പൂവായിരിക്കുമോ? കൂവിൽ-ഭൂമിയിൽ എന്നും അർത്ഥം എടുക്കാം. പഥിയുഴറി എന്ന മൂ. പാ. തെറ്റായിരിക്കും. അല്ലാത്ത പക്ഷം 'കൂവീടപ്പാൽ പഥി' എന്നു് ആ ശബ്ദം പിന്നെയും ആവർത്തിക്കുന്നതായി കല്പിക്കണം. ഇക്കരെട്ടിക്ക് എന്ന ഗ്ര. പാ. ആണു് ശരി. ഇന്നും അങ്ങനെ തന്നെ പേരു്. കാരെ എന്നല്ല. കുറ്റിച്ചെടി ധാരാളം ഉണ്ടായിരുന്നു എന്ന അർത്ഥത്തിൽ വന്നതായിരിക്കാം.

കൂവീട്ടു്-കൂവീട്ടു് എന്ന പദത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു് തെറ്റാണു്. ഈ തെറ്റു് ചില പൂർവ്വവ്യാഖ്യാതാക്കന്മാരും ചൂണ്ടി കാണിച്ചിട്ടുണ്ടു്. ലീലാവതി ഗണിതത്തിൻെറ മലയാളവ്യാഖ്യാനത്തിൽ 'കൂവീട്' എന്തെന്നു വ്യക്തമാക്കിയിട്ടുണ്ടു്. 'ഹസ്തം എന്നതു മുഴക്കോൽ, ഹസ്തം നാലു കൂടിയതു് ദണ്ഡം, ദണ്ഡം രണ്ടായിരം കൂടിയതു ക്രോശം, ക്രോശമെന്നു് കൂവീട്' (സാഹിത്യപരിഷത്ത്, ത്രൈമാസികം 1109 മേടം പു. 27(1)'. കൗടലീയം അർത്ഥശാസ്ത്രത്തിൽ ദേശകാലങ്ങളുടെ അളവിനെപ്പററി പറഞ്ഞുകൊണ്ടു് ഇങ്ങനെ വ്യാഖ്യാനിക്കുന്നു. 'ദേശം അളവിടുമാറായിതു്-കാതം, അരൈക്കാതം, കൂവീടു, എൻറാങ്ങനെ കോൽകൊണ്ടു അളവിടുമാറു്'. (കൗടലീയഭാഷാവ്യാഖ്യാനം-തിരുവനന്തപുരം മാനസ്ക്രിപ്റ്റ്സ് ലൈബ്രറി, ഭാഗം I. പു. 11)

കച്ചയ്യോക്കെക്കതിനനെ മുറിച്ചുച്ചകൈർദ്ദിഗ്ഗജേന്ദ്രാ-
നച്ചച്ചച്ചോ! ശിവശിവ! മഹാഘോരമോരോ യുഗാന്തേ
പച്ചച്ചോരിക്കളി വെരുവെതക്കോരിയാര കടിച്ചോ-
രെച്ചിൽക്കിണ്ണം തവ വിയദിദം ദേവി! തുഭ്യം നമോസ്തു. 115

അല്ലയോ ദേവീ! ഉച്ചകൈഃ-ഉച്ചങ്ങളായ, ദിഗ്ഗജേന്ദ്രാൻ-ദിഗ്ഗജങ്ങളെ, കച്ചയ്യോക്കെ-കച്ചയ്യ് ഒപ്പിച്ചു് (കഴുത്തിൽ കച്ചക്കയറു് ഇടുന്ന സ്ഥലത്തു്), കതിനനെ, മുറിച്ചു്-കോപത്തോടുകൂടെ-ഉഗ്രതയോടെ, മുറിച്ചു്, അച്ചച്ചച്ചോ ശിവശിവ! മഹാഘോരം-അതിഭയങ്കരമായ പ്രകാരത്തിൽ, ഓരോ യുഗാന്തേ-യുഗത്തിൻെറ അവസാനത്തിലും, പച്ചച്ചോരിക്കളി-പച്ചച്ചോരക്കുഴമ്പു്, വെരുവെതെ-ചൂടോടെ, ആര-ആർത്തിയോടെ-

പ്രീതിയോടെ, കവിക്കു വല ഏതുപ്പിക്കലിന്നും-അവിടത്തെ എഴുന്നള്ളത്തും ഉണ്ട്. ഏകം വിയത്തു്-ഈ ആകാശം; ഏകം നാമ അന്യ-അവിടത്തെക്ക് നാമധേയം നല്കിയതു. 'ഗൃഹമുഖങ്ങൾ' എന്നതിന്നു് മുഖ്യ ഗൃഹങ്ങൾപോലെ എന്ന വ്യാഖ്യാനം സ്വീകാര്യമല്ല. പൂർവ്വോത്തര എന്ന ഗ്ര. വ. ശോര എന്നും ദോഷി എന്നും രണ്ടു രൂപങ്ങൾ മുമ്പു് ഉണ്ടായിരുന്നു. പുരാതനകാലത്തെ അലൗകിക കലയുടെ ആകാരത്തെയാണു് ഇവിടെ വർണ്ണിക്കുന്നതു്. കാളിയുടെ രൂപം അത്യന്തം ഭയങ്കരമായ വിധത്തിൽ ഇവിടെ പ്രതിഫലിപ്പിച്ചിരിക്കുന്നു. ശബ്ദവും അർത്ഥവും ഒരുപോലെ സമ്മർദ്ദപൂർണ്ണമായിരിക്കുന്നു.

ഇത്ഥം വാഴ്ത്തിത്തൊഴുതെരികനൽക്കണ്ണർകണ്ണിൽത്തനൂജാം
മത്തേഭേന്ദ്രാൻ തല പൊരുതുടൻ കാതിലിട്ടമ്മ തന്നെ
ഉൾത്തിങ്ങുന്നോരളം മകരനിവഹം തോഴ! നിൽക്കിന്റതും ക-
ണ്ടത്യാമോദാൽ പുനരയി സഖേ! പാലവും പിന്നിടേഥാഃ. 116

ഹേ തോഴാ! എരികനൽക്കണ്ണരുടെ-പരമേശ്വരന്റെ, കണ്ണിൽ തനൂജാം-കണ്ണിൽനിന്നു് ഉണ്ടായ പുത്രിയെ, മത്തേഭേന്ദ്രാൻ-മദഗജങ്ങളെ, തല പൊരുതു്-തല വെട്ടി, കാതിലിട്ടമ്മ തന്നെ-കാതിലിട്ടവളുമായ അമ്മയെ, ഇത്ഥം വാഴ്ത്തി തൊഴുതു്-ഇങ്ങനെ പുകഴ്ത്തി തൊഴുതിട്ടു്, മകരനിവഹം-മുതലക്കൂട്ടം, ഉൾത്തിങ്ങുന്നോരും നിൽക്കുന്നതും കണ്ടു്-വെള്ളത്തിൽ ധാരാളമായി ഏറ്റവും നില്ക്കുന്നതും കണ്ടു്, പുനഃ-പിന്നീട്ടു്, അയി സഖേ-അല്ലയോ തോഴാ, അത്യാമോദാൽ-ഏറ്റവും സന്തോഷത്തോടെ, പാലവും പിന്നിടേഥാഃ-പാലം കടക്കുകയും വേണം.

പനയന്നാർകാവു് ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തു തെക്കോട്ടു് ഒഴുകുന്നതു് പമ്പാനദിയാണു്. അമ്പലത്തിന്റെ പടിഞ്ഞാറുവശത്തു് ആറു കടന്നു് കടപ്രാത്തു് പോകാൻ അക്കാലത്തു് പാലം ഉണ്ടായിരുന്നു. ആ ആറിൽ ധാരാളമുള്ള മുതലകളിലും കവിയുടെ ദൃഷ്ടി പതിഞ്ഞിരിക്കുന്നതു നോക്കുക.

മുൽപ്പാടസ്സിൻ മരുവുമചലപ്പെണ്ണിനെ കൈവണങ്ങി-
ത്തൃപ്പാപ്പൂർമൂപ്പുടയ മടവാർമാരനേ! നീ വിരഞ്ഞു്
എപ്പോഴും നിന്നുടെ പൈതൃകം രായരക്ഷോണിപാലം
കെല്പാർന്നീടും മഹിതചിറവാവീരനെക്കണ്ടു പോക. 117

തൃപ്പാപ്പൂർ മൂപ്പുടയ—തൃപ്പാപ്പൂർ മൂപ്പനായ, മടവാർ മാരനേ-സുന്ദരിമാർക്കു കാമനായുള്ളോവേ! നീ, അസ്സിൻ-ഈ സ്ഥലത്തു്, മുൽപ്പാടു് മരുവുന്ന അചലപ്പെണ്ണിനെ- മലമകളെ - പാർവ്വതിയെ, കൈവണങ്ങി,

വിരഞ്ഞു-വേഗത്തിൽ, എപ്പൊഴും നിന്നുടെ വൈരകം-നിന്നോടു വൈരിയ ബന്ധുതയുള്ള, കെല്പാർന്നീടും മഹിത ചിറവാവീരനെ-ചിറവാ നായകനായ, രായരക്ഷോണിപാലം-രായരൻ എന്ന രാജാവിനെ, കണ്ടുപോക. 'രായിര' എന്നു മുദ്രിതപാഠരൂപം. 'നിന്നുടെ കലതം രായിര ക്ഷോണിപാലം' എന്നു മു. പാ. 'നിന്നുടെ വൈരകം' എന്നു ഗ്ര. പാ. ചിറവാ വീരനെ എന്നു് മു. പാ. ചിറവാ മൈന്തനെ എന്നു് ഗ്ര. പാ. മൈന്തൻ-മകൻ.

കൈതക്കാട്ടേക്ഷവലയദൃശാം പാട്ടു കേട്ടങ്ങിരുന്നാൽ
കാലം വൈകും ചെറികെ നിരണത്തിന്നു പോകാൻ വഴങ്ങേൻ;
എന്റാൽ പ്പാരിൽ പ്രഥിതചിറവാസ്വസ്തില്ലമാലന്തുരുത്തി—
ക്കൂടെക്കൂടെക്കഴിക പഴവാറെന്റു ചൊല്ലും ചടങ്ങും. 118

കൈതക്കാട്ടെ കുവലയദൃക്കുകളുടെ-സുന്ദരിമാരുടെ, പാട്ടു കേട്ടങ്ങിരുന്നാൽ. കാലം വൈകും-അധികം താമസിക്കും; അതിനാൽ നിരണത്തിന്നു പോകാൻ വഴങ്ങേൻ-ഞാൻ അപേക്ഷിക്കുന്നില്ല. വഴങ്ങേൻ നിഷേധരൂപം. എന്റാൽ-എന്നാൽ, പാരിൽ പ്രഥിതമായ ചിറവാസ്വ് ഇല്ലമായ-ചിറവാ സ്വരൂപക്കാരുടെ ഗൃഹമായ - ആസ്ഥാനമായ ആലന്തുരുത്തിൽ കൂടെ കൂടെ-ഇടക്കു; പഴവാറെന്നു ചൊല്ലും ചടങ്ങും കഴിക. പഴവാറെന്നു് പറയുന്ന ചടങ്ങും കഴിക്കണം.

പഴവാറു് എന്ന ചടങ്ങു് എന്തെന്നു് വ്യക്തമല്ല. 'പഴയ തറവാട്ടിൽ പോക' എന്നു് ശ്രീ. പിഷാരടി പറയുന്നു. 'പഴവാറു് ചടങ്ങും കഴിക' എന്നതിനു് പഴയ ആചാരപ്രകാരമുള്ള ആറു ചടങ്ങു് എന്നായിരിക്കണം അർത്ഥം. പഴ ആറു്-പഴവാറു്; ചടങ്ങു് എന്നതിനു് ഉപചാരക്രിയകൾ, പതിവനുസരിച്ചുള്ള ക്രിയകൾ, എന്നൊക്കെയാണു് പരിഭാഷാർത്ഥം. എങ്കിലും ഷഡംഗം-ആറു് അംഗങ്ങളുള്ളതു് എന്നാണു് വ്യുൽപത്തി. അതിഥി പൂജയ്ക്കു പല ഉപചാരക്രിയകളും പറയുന്നുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ടവ സ്വാഗതം, പാദപ്രക്ഷാളനം, ആസനദാനം, ഭോജനം, കരപ്രക്ഷാളനം, അനുഗമനം എന്നീ ആറും ആണു്. 'ആചാരക്കോവൈ' എന്ന തമിഴ് ഗ്രന്ഥം അനുസരിച്ച് ആറു് ഉപചാരക്രിയകൾ 'മുറുവൽ, ഇനിയുരൈ, കാൽനീർ, മണൈപ്പായ്, കിടക്കൈയോടിവൈയുത്തും എൻപ തലൈച്ചെന്റാർക്ക് ഊണൊടു ചെയ്യും ചിറപ്പു്'. മുറുവൽ-പുഞ്ചിരി, ഇനിയുരൈ-മധുരാലാപം, കാൽനീർ-കാൽ കഴുകാൻ വെള്ളം, മണൈപ്പായ്-ഇരിക്കാൻ പായ്, കിടക്ക-ശയനോപകരണം, ഊണു് ഇവ ആറു്.

ഇവ ആയിരിക്കാം ആറു ചടങ്ങുകളായി പറഞ്ഞതു്. പഴ ആറു്-പഴവാറു്. പഴ അങ്ങാടി - പഴവങ്ങാടി, പഴയങ്ങാടി എന്നല്ല. ആറിനു് ആറെണ്ണമെന്നോ, പാരമ്പര്യമായി വന്നിട്ടുള്ളതെന്നോ അർത്ഥമെടുക്കാം. പഴവാറു്-പഴയ ആറു ചടങ്ങുകൾ—അല്ലെങ്കിൽ പഴയ

പതിവായസരിച്ചു വന്നുചേന്നു്. c. f. വരലാറു്—വന്ന ചേന്നു്. ചരിത്രം എന്നർത്ഥം.

> അതിഥിം തത്ര സംപ്രാപ്തം പൂജയേത് സ്വാഗതാദിനാ
> തഥാസനപ്രദാനേന പാദപ്രക്ഷാളനേന ച
> ശ്രദ്ധയാ ചാന്നദാനേന പ്രിയപ്രശ്നോത്തരേണ ച
> ഗച്ഛതശ്ചാനുയാനേന പ്രീതിമുത്പാദയേത് ഗൃഹീ.
>
> പരാശരസ്മൃതി—സ്മൃതിമുക്താഫലം.

കൈതപ്പാട്ട് ഒരു വീടെന്നു് ശ്രീ: പിഷാരടി; ദേശമെന്നു മറ്റുചിലർ. രണ്ടാകുന്നതിനും വിരോധമില്ല. നിരണത്തടുത്തു കൈതക്കാട്ട് എന്നൊരു വീട്ട് ഉണ്ടെന്നും, അതു് ഇപ്പോൾ മാറമ്പടീയുടെ കൈവശമാണെന്നും ചിലർ പറഞ്ഞു കേട്ടു. ചിറവാ രാജാക്കന്മാരുടെ രാജ്യാഗ്രഹമായിരുന്നിരിക്കാം കൈതക്കാട്ട്.

വഴക്കേൻ എന്നതു് നിഷേധക്രിയാരൂപം. 'ഒട്ടും പൂട്ടേൻ മുകവുമണയേൻ' ഇത്യാദി എന്റെ ലീലാതിലകവ്യാഖ്യാനം 42-ാം ശ്ലോകം നോക്കുക. 'തെക്കുന്നതിന്നു്' എന്നാണു് ഗ്രന്ഥത്തിൽ. 'മുല്ലമാന്തൻ തുരുത്തിൽ' എന്നു മൂ. പാ. തെൻതുരുത്തി എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ആതൻതുരുത്തിയെന്നു് ആയിരിക്കണമെന്നു വേറെ ചിലർ. ആതെൻതുരുത്തിയിൽ എന്നു് രേഖകൾ ഉണ്ടെന്നും ആലൻതുരുത്തിയെന്ന രൂപം പിൽക്കാലത്തേതാണെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. 'ആതൻതുരുത്തി' എന്നു് 'ത' ചേന്ന രൂപമാണു് T. A. S. II പു 152-199. 'ചിറവായ്ക്കുല്ലമാലൻതുരുത്തി' എന്നു് 'ല' ചേന്ന പാഠം തന്നെ ആണു് താളിയോല ഗ്രന്ഥത്തിൽ. ആലം-വെള്ളം, ചുറ്റുമുള്ള സ്ഥലം തുരുത്തു് എന്നതായിരിക്കാം വ്യുൽപത്തി. ആൽവൃക്ഷമുള്ള തുരുത്തു് എന്നും ചിലർ വ്യാഖ്യാനിക്കുന്നു. ആതൻതുരുത്തിയെന്ന രൂപത്തിനു് ആതന്റെ-ആർഹതന്റെ, ബുദ്ധന്റെ, തുരുത്തു് എന്നു മറ്റുചിലർ 'K. S. Papers P. 62, 63, 66 കാണുക.) ആലൻതുരുത്തിക്കു് വള്ളക്കാവട്ടം എന്നും പേരു ഉണ്ടു്. (K. S. Papers 66.) വിളക്കിലി മംഗലം എന്നൊരു ജന്മിനമ്പൂരി ഉണ്ടാ[illegible]ന്നു ഈ സ്ഥലത്തു്. ചിറവാസ്വരൂപവും വേണാട്ടും തമ്മിൽ അടുത്ത ബന്ധം ഉണ്ടായിരുന്നു. എന്നാൽ ആ ബന്ധത്തിന്റെ ആഗമവും സ്വഭാവവും വ്യക്തമല്ല. (സാഹിത്യതിലക ടി. കെ. വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേറ്റുമാന്വൽ രണ്ടാം വാല്യം നോക്കുക. പു. 296-297). ഇപ്പോഴത്തെ ഇലഞ്ഞിമന്ത്രക്കോയിക്കലാണു് ചിറവായെന്നു പറയുന്നു.

ചിറവാ ചെന്നു അതിഥിപൂജ സ്വീകരിക്കണമെന്നു പരിണതാർത്ഥം.

> **വീട്ടുണ്ടല്ലോ തരുണ ഭവതോ മുമ്പിലായാണി പാർമേൽ**
> **മാടമ്പീനാമവിടെ വസതാം ധന്യമാകും നിവാസം**
> **മാടം ചെൻറങ്ങുഢ്യപതികലാം ചൂടി മാതേവരാവാൻ**
> **തേടിന്റേടം പുനരവിടയും ചെൽക പോതംമശായം.119**

തരുന്നു-അറ്റു കഴിഞ്ഞു്, വേരും-വേവാന്റെ, മുൻപിലായിട്ടു്, പാർമേൽ, ആണിയായി-പ്രധാനമായി, അവിടെ വസന്താം—അവിടെ താമസിക്കുന്ന, മാടമ്പീനാം മാടമ്പിമാരുടെ, ധന്യമാകും നിവാസം-ധന്യവാസസ്ഥാനമായ, വീടു് ഉണ്ടല്ലോ. മാടം-മാളിക, ചെന്നു്-വളൻ ചെന്നു്, ഉഡുപതികലയെ-ചന്ദ്രക്കലയെ, ചൂടി, മാതേവരാവാൻ-ശിവൻ ആവാൻ, തേടിന്റേടം-ഭ്രമിക്കുന്നിടമാണു്, അവിടം എന്നു് അർത്ഥസിദ്ധം. പുനഃ-പിന്നെ, പോരും കാലേ-തിരിച്ചുപോരുമ്പോഴും, അവിടെയും ചെല്ലുക.

ഇവിടെ സംസ്കൃതനായ മാടമ്പി നിരണം പെട്ടിക്കയ്മൾ ആണെന്നു് തോന്നുന്നു. (K. S. Papers I. P. 65. Foot Note).

വെണ്മാടം വളൻ ചന്ദ്രക്കല അണിഞ്ഞു് ശിവനെപ്പോലെ ആകാൻ ഭ്രമിക്കുന്നു എന്ന പ്രസ്താവനയിൽ നിരണം പെട്ടിക്കയ്മളുമാരുടെ കുലദേവനായ തൃക്കപാലീശ്വരത്തെ ശിവനെ അനുസ്മരിക്കുന്നതായി തോന്നുന്നു. 'പാർമേൽ ആണി' എന്നു പറഞ്ഞിരിക്കുന്നതു് ആണി അടിച്ചതുപോലെ സ്ഥിരവും ദൃഢവും എന്നു വ്യഞ്ജിപ്പിക്കാൻ ആയിരിക്കണം. 'ആണി' എന്നതിനു് മുഖ്യം എന്ന അർത്ഥത്തിൽ ഉദാഹരണം കാണുക: 'ഇവനൊരാണിയാണറിക നൂറുപേർക്കു്' കണ്ണശ്ശപറ്റും-എഴുത്തച്ഛൻ.

'പോരും കാലേ' എന്നാണു ഗ്രന്ഥപാഠം. 'പോകും കാലേ' എന്നു പാഠം കല്പിക്കുന്നതു് നിർമ്മൂലമാണു്. 'ആണി വാമേൽ' എന്നേ ഗ്രന്ഥത്തിൽ കാണുന്നുള്ളു. 'ആണി പാർമേൽ' എന്ന മൂ. പാ. സമീചീനം.

മെത്തും മത്തേഭമരുവരാം മത്തകാർപോർമുലത്തൊ-
ട്ടൊത്തിന്റോമൽക്കളികളിയിൽ പ്പൊങ്ങുമംഗോത്ഥഗന്ധ്യാം
തത്തിരത്തിച്ചെറുതിരകളിൽച്ചേർന്ന മുക്താകലാപാം
കൊത്തിക്കൊത്തിക്കുരുക ചെറികൾ ചേർന്ന തീരാളിരാമാം. 120

'മെത്തും മത്തേഭമരുവരാം' എന്നു തുടങ്ങുന്ന പദ്യവും 'പിന്നെ പ്പിന്നിട്ടപസലിലാം' എന്ന പദ്യവും ഏകവാക്യമാണു്. എന്നാൽ ഗ്രന്ഥമനുസരിച്ചു് ഈ രണ്ടു ശ്ലോകങ്ങളുടെയും നടുവിൽ 'പ്രാതർ മുക്താ' എന്നു തുടങ്ങുന്ന ഒരു ശ്ലോകം കൂടി കാണുന്നു. ആ ശ്ലോകം പൂർവ്വോത്തര ശ്ലോകങ്ങളോടു ബന്ധമില്ലാത്തതാണു്. അതിനാൽ അതു് പ്രത്യേകമായി താഴെ കൊടുക്കുന്നതേയുള്ളു. (അടുത്ത പുറത്തു്).

മുഖരാം അംഗരാഗഗന്ധ്യാം മുക്താകലാപാം തീരാളിരാമാം ഇടങ്ങിയ ദ്വിതീയാന്തശബ്ദങ്ങളെല്ലാം നദിയെ വിശേഷിപ്പിക്കുന്നു. മെത്തും-വർദ്ധിക്കുന്ന, മത്തേഭമരങ്ങളെക്കൊണ്ടു്-മദിച്ചുവണ്ടുകളെക്കൊണ്ടു്, മുഖരയും-ശബ്ദപൂർണ്ണവും, മത്തകാമരുടെ-മദിച്ച സ്ത്രീകളുടെ, പോർ മുലത്തൊട്ടു്-പോർമുലപ്പുതല-ത്തിന്റെ-ഒന്നിച്ചും ശ്രേഷ്ഠമായതും,ഓമൽ കളമേ ആകുന്ന കളിയിൽ—സുന്ദരിമാരുടെ മുലയിൽനിന്നു് ഇഴുകി വെള്ളത്തിൽ ചേർന്ന കളഭംകൊണ്ടു് ഉണ്ടായ, കളിയിൽ-ചേറിൽ-

അല്ലെങ്കിൽ, ഓമലായ കളഭങ്ങളുടെ-കുട്ടിയാനകളുടെ, കളിയിൽ-ലീലയിൽ, പൊങ്ങുന്നതുമായ, അംഭോരുഹാഢ്യാം-അംഭോരുഹങ്ങളാൽ ഉൽകൃഷ്ടാം, ഭക്തി തങ്ങിച്ചെറുതിരകളിൽ ചേൎന്ന മുക്താകലാപത്തോടു് കൂടിയവളും-മുത്തുമാല പോലെ തരയണിഞ്ഞ ഓളങ്ങൾകൊണ്ടു് ശോഭിക്കുന്നവളും, കരികകൾ-അന്നങ്ങൾ [താറാവുകൾ ആയിരിക്കാം], കൊത്തിക്കൊത്തി-തീററി കൊത്തിത്തിന്നുകൊണ്ടു്, പെരികെച്ചേൎന്ന-ധാരാളമായുള്ള, തീരംകൊണ്ടു്, അഭിരാമയും-മനോഹരിണിയും.

120-ാം ശ്ലോകം രണ്ടാം വരിയുടെ അൎത്ഥം ഒന്നിൽക്കൂടുതൽ പ്രകാരത്തിൽ ഘടിപ്പിക്കാവുന്നതാണു്.

'കരികിൽ പതകച്ചേൎന്ന തീരാഭിരാമാം' എന്നു മൂ. പാ. 'കരികിൽ പക്ഷികൾ തിന്നുപെരുമാറുന്ന' എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. 'കരക പെരികെച്ചേൎന്ന' എന്ന ഗ്രന്ഥപാഠം സമീചീനം. കരക്-അരയന്നം, കൊക്കു് എന്നൎത്ഥം. രണ്ടു വകയും മണിമലയാററിൻെറ തീരത്തു് ധാരാളം ഉണ്ടല്ലോ. ആ പ്രദേശങ്ങളിൽ ധാരാളമായി കാണുന്നതാണു് ഹംസവൎഗ്ഗത്തിൽ പെട്ട താറാവുകൾ.

പിന്നെപ്പിന്നിട്ടമലസലിലാം താം നദീം പാടമേ പോയ്
കന്നക്കണ്ണാർ കസുമശര! നീ വല്ലവാഴ്ക്കഞ്ഞു ചെൻറു്
ഉന്നിദ്രാണപ്രസവവിസരൽ കേസരോദ്യാനവാതൈ-
രന്നിഷ്ടാമം മതിലകമകം പൂക ഭൂപാലമൗലേ! 121

അമലസലിലാം-നിൎമ്മല ജലത്തോടു കൂടിയ, താം നദീം-ആ നദിയെ-മണിമലയാററിനെ [പമ്പയെന്നു വ്യാഖ്യാനിച്ചിരിക്കുന്നതു തെററാണു്], പിന്നെ പിന്നിട്ടു്-കടന്നു്, പാടമേ പോയ്-പാടങ്ങളുടെ പോയി, കന്നക്കണ്ണാർകസുമശരനേ-സുന്ദരിമാൎക്കു പൂവമ്പനായവനേ!

120-ഉം 121-ഉം ശ്ലോകങ്ങൾക്കു് ഇടയ്ക്കു് ഗ്രന്ഥത്തിൽ കാണുന്ന ഒരു ശ്ലോകം.

പ്രാതർഭുക്താ പഴയ തുവയും കൂട്ടിയപ്പൽ കറുപ്പി-
ച്ചേററം തസ്മിൻ തലമുടിയിലപ്പൂണനൂലും കളഞ്ഞു്
കെട്ടിച്ചുററി തദനു മറയോരൂക്കു വാളും വിറപ്പി-
ച്ചേണ്ഡന്മാരെത്തരുണിചിറമേൽ കാണിലാം പോരുമാറു്.

തദനു-അതിനു ശേഷം, തസ്മിൻ-ആ സ്ഥലത്തു്, പഴയ, തുവയും-പുളിങ്കറിയും, കൂട്ടി, പ്രാതർഭുക്താ-കാലത്തു് (പഴഞ്ചോറു്) ഉണ്ടിട്ടു്, പൽ കറുപ്പിച്ചു്-പല്ലു തേക്കാതെ, തലമുടിയിൽ പൂണനൂലും കളഞ്ഞു്, കെട്ടിച്ചുററി, മറയോർ-ബ്രാഹ്മണർ, ഊക്കെ-ഊക്കുകഴികെ-കളിച്ചുകൂത്തു കഴികെ, വാളും വിറപ്പിച്ചു്, തരുണി ചിറമേൽ-തരുണികളുടെ പിറകേ എണ്ഡന്മാരെ-മുട്ടാളന്മാരെ, പോരുമാറു കാണാം-അങ്ങേയ്ക്കു കാണാം. 'ചണ്ഡന്മാർ' എന്ന ശബ്ദവികാരം പ്രാപിച്ചു് എണ്ഡന്മാർ എന്നു രൂപം

കൈകൊണ്ടതായിരിക്കാമോ! ഏന്തോപ്പ്' എന്ന തമിഴിൽ പദം ഉണ്ട്. 'തരുണി ചിറാമൻ' എന്നും വായിക്കാവുന്ന രീതിയിലാണ് ഗ്രന്ഥത്തിലെ എഴുത്ത്. 'തരുണിചിറാ' എന്ന സ്ഥലനാമമായിരിക്കുമോ?

അത്ര വല്ലവായ്ക്കു-തിരുവല്ലായ്ക്കു്, ചെന്നു്, ഉന്നിദ്രാണങ്ങളായ-വിടർന്ന, പ്രസവങ്ങളിൽനിന്നു്-പൂക്കളിൽനിന്നു്, വിസരത്തുകളായ-പാറിപ്പറക്കുന്ന, കേസരങ്ങളോടുകൂടിയ-അല്ലികളോടുകൂടിയ, ഉദ്യാനവാതങ്ങൾ-പൂങ്കാവിലെ കാറ്റുകളാൽ ഉന്നി, കാറ്റുകൾ വീശുന്നതുകൊണ്ടു് നല്ലപോലെ ലക്ഷ്യം മനസ്സിലാക്കി, ഭൂപാലമൗലേ! മതിലകകം പൂകം. മതിലകം-അമ്പലത്തെ തുണ്ട് സൂചിപ്പിക്കുന്നതു്.

'കുന്നൽക്കള്ളാർകുസുമശര നീ' എന്നു മു. പാ. 'കുന്നക്കള്ളാർ കുസുമശരനേ' എന്നു ഗ്ര. പാ. ഇവിടെ ഗ്രന്ഥത്തിൽ കുന്നക്കള്ളാർ എന്നു് 'ല' കാരം കൂടാതെ എഴുതിയിട്ടുള്ളതു ശ്രദ്ധേയമാണു്. അതാണല്ലോ ശരിയായ പാഠം. പദകോശം നോക്കുക. 'നല്ലവായ്ക്കു്' എന്നു മുദ്രിത പാഠം. 'വല്ലവായ്ക്കു്' എന്ന ഗ്രന്ഥപാഠം സമീചീനം.

പൊൽപ്പൂമാതിൻ കളിയിളമുലത്തടത്തിൽ മെത്തിന്റ കോലം
കർപ്പൂരാപൂരിത മലയജം ചാർത്തുമാനന്ദമൂർത്തിം
ഊപ്പാപ്പൂർവാണമൃതകരനേ! വല്ലവായ്ക്കോയിൽകൊള്ളി—
ന്നപ്പൻതന്നെത്തൊഴുക മഴ കൊലിന്റ നീലാംബുദാഭം. 122

ഊപ്പാപ്പൂർ വാണ അമൃതകരനേ-ഊപ്പാപ്പൂർ വാഴുന്ന ചന്ദ്രനായുള്ളോവേ, പൊൽപ്പൂമാതിന്റെ ശ്രീഭഗവതിയുടെ-ലക്ഷ്മിയുടെ കളിയിളമുലയാകുന്ന തടത്തിൽ-പൂമലയിൽ, മെത്തുന്ന-നിറഞ്ഞ, കോലം-അലങ്കാരവും, കർപ്പൂരംകൊണ്ടു് ആപൂരിതമായ മലയജം-ചന്ദനം, ചാർത്തുന്ന ആനന്ദസ്വരൂപനും, മഴ കൊലിന്റ നീലാംബുദാഭം-മഴ പൊഴിക്കുന്ന കാർമേഘത്തിനു തുല്യമായ ശോഭയോടുകൂടിയവനും, ആയ, വല്ലവായ്ക്കോയിൽകൊള്ളുന്ന അപ്പൻ തന്നെ-തിരുവല്ലാ അപ്പനെ, തൊഴുക-തൊഴുതാലും.

'തടത്തിലെത്തിന്റ കോലം' എന്നു മു. പാ. 'തടത്തിൽ മെത്തിന്റ കോലം' എന്ന ഗ്രന്ഥപാഠം സമീചീനം. 'നല്ലവായ്' എന്നു മു. പാ. 'വല്ലവായ്' എന്ന ഗ്ര. പാ. സാധു.

അപ്പോഴ് നിന്നെത്തെളിവിവിളമൺ മിക്ക മേച്ചേരി മറ്റും
തമ്പിൻ മേവും പെരിയ മറയോർ വന്നു താന്താൻ മുതിന്റ്
ഉൾപ്പൂൽ കോലാഹലമുപചരിക്കിന്റ സത്രം പൊറപ്പാ—
നല്ലച്ചോ, ചൊല്ലുതു വഴുതിക്കൊൾക നീ കൗശലേന. 123

അപ്പോൾ-തിരുവല്ലാ അമ്പലത്തിൽ തൊഴുതു കഴിയുമ്പോൾ, നിന്നെ-അങ്ങയെ, തെളിവിൽ-സന്തോഷത്തോടെ, തമ്പിൻ-അവിടെ, മേവും-വസിക്കുന്ന, ഇളമൺ മിക്ക മേച്ചേരി മറ്റും-ഇളമൺമഠം, മികച്ച മേച്ചേരി, മറ്റും-തുടങ്ങിയ, പെരിയ-വലിയ, മറയോർ-ബ്രാഹ്മണർ,

[പത്തില്ലത്തു പോററിമാർ] താൻ താൻ മുതിന്ന്. ഉദ്യൽ കോലാഹലം-ശബ്ദബാഹുല്യത്തോടെ, ഉപചരിക്കിൻ (അവരെ)ഉപചരിക്കുന്ന, സത്രം-യാഗം [ദിവ്യാതിഥി പൂജാരൂപമായ യാഗം എന്നർത്ഥം , പൊറുപ്പാൻ-സഹിക്കുവാൻ, അച്ചുച്ചോ, ചൊല്ലുതു്-പറയാൻ പ്രയാസമാണു്; നീ, കൗതുകാൽ-ഉത്സാഹത്തിൽ, വഴിനിക്കാർകൾ-കണ്ടുകൊള്ളണം.

മുദ്രിതപാഠത്തിൽ പല തെററുകളും ഉണ്ടു്. 'ഇളമങ്ങിക്കരച്ചേരി മാറും തമ്പിർ ചേവും പെരിയ മേവാർ' എന്നാണു് മുദ്രിതപാഠം. ഇളമങ്ങിക്കരച്ചേരിയിലും മാറുകളുള്ള വലിയ സുന്ദരിമാർ എന്നു് അർത്ഥം കൊടുത്തിരിക്കുന്നു. ഇതു വളരെ ദുഷിച്ച പാഠവും തെററായ അർത്ഥവും ആണു്. ഗ്രന്ഥമനുസരിച്ചുള്ള പാഠം സ്വീകരിച്ചിരിക്കുന്നു. 'സത്രം' എന്നു് അടുത്ത പാദത്തിലുള്ളതുകൊണ്ടു് 'മായോർ' ആണു് ശരി എന്നു മനസ്സിലാക്കാം. ബ്രാഹ്മണർ വലിയ ഒരു യാഗത്തിന്റെ ചടങ്ങുകളോടെ ഉപചരിക്കാൻ മന്ത്രോച്ചാരണകോലാഹലത്തോടെ അവരെ സമീപിക്കുമെന്നും, അതു് സഹിക്കാൻ സാധ്യമല്ലെന്നും, കൗതുകത്തിൽ കണ്ടുകൊള്ളണം എന്നുമാണു് സാരം.

['ഇളമൺ മിക്ക മേച്ചേരി മാറും' എന്ന ഗ്രന്ഥപാഠം സാധു. 'ഇളമങ്ങിക്കരച്ചേരി' എന്നു തെററി വായിച്ചതുകൊണ്ടാണു് മു. പാ. ഇതുദ്ധരിച്ചതു്. ഇളമൺ, മിക്ക-മികച്ച, മേച്ചേരി തുടങ്ങിയുള്ള എന്നു് അർത്ഥം എടുക്കാം. തിരുവല്ലാഗ്രാമത്തിന്റെ അധിപന്മാരായ പത്തില്ലത്തിൽ പോററിമാരിൽ പ്രധാനപ്പെട്ടവരാണു് ഇളമൺമഠവും മേച്ചേരിമഠവും. പത്തില്ലത്തു പോററിമാർ, മൂവിടത്തുമേച്ചേരി, എന്തുമേച്ചേരി (എരുത്ത മേച്ചേരി), കറിച്ചി മേച്ചേരി, ഇളമൺമഠം, കയിനിക്കരമഠം, പെരിങ്ങരയടത്തുമഠം, മാതിലെയ്യൂറ്റുമഠം, ചോഴമൺമഠം (ചോഴ ഇളമൺ), ഇളയിടത്തുമഠം, അഴിയിടത്തു വിലക്കിലിമംഗലം എന്നു് പത്തു മഠക്കാരാണു്. ഇവരിൽ മൂവിടത്തുമേച്ചേരി പ്രധാനപ്പെട്ടതുകൊണ്ടായിരിക്കാം മിക്ക [മികച്ച] മേച്ചേരി എന്നു പറഞ്ഞതു്. മൂവിടത്തു മേച്ചേരിമഠത്തിൽനിന്നു് കലിവർഷം 3000-ാമാണ്ടിടയ്ക്കു് തിരുവല്ലാ ക്ഷേത്രം സ്ഥാപിച്ചതായി ദേവസ്വം രേഖകൾ ഉണ്ടെന്നു് പറയുന്നു. ആദിത്യവർമ്മ തിരുവല്ലാക്ഷേത്രത്തിൽ എഴുന്നള്ളുമ്പോൾ ഇളമൺമഠം, മേച്ചേരിമഠം തുടങ്ങിയുള്ള പത്തു പോററിമാരും ഉപചാരത്തിനു വന്നു കണ്ടു് കൗശലപ്രശ്നാദികൾകൊണ്ടു് താമസിപ്പിക്കുമെന്നു സാരം.]

'പൊതപ്പാൻ അച്ചുച്ചോ കാണതു്'' എന്ന മുദ്രിതപാഠത്തെക്കാൾ 'പൊറുപ്പാൻ അച്ചുച്ചോ ചൊല്ലുതു്'' എന്ന ഗ്രന്ഥപാഠം കൊള്ളാം. 'പൊതപ്പാൻ' എന്നു സാധാരണ രൂപം ഇല്ല. പൊറുപ്പാൻ എന്നതു് സാധാരണമായ രൂപമാണു്.

'ഇളമങ്ങിക്കരച്ചേരിമേവും പെരിയമേവാർ' എന്ന തെററായ പാഠത്തെ ആസ്പദമാക്കി തേവടിച്ചികൾ ആദിത്യവർമ്മയെ വന്നു് ഉപചരിക്കുമെന്നു ചിലർ വ്യാഖ്യാനിക്കുന്നതു കാവ്യഗൗരവത്തെത്തന്നെ ഹനിക്കുന്നതാണു്.

കമ്പിട്ടൻപിൽ തദനു വിനതാനന്ദനം തണ്ടിലേറി-
ച്ചെമ്പൊൽക്കാളം തെളുതെളെ മുതിർന്നംബരത്തേൽ മുഴങ്ങ
വമ്പുററീട്ടം കട തഴ ചുഴൻറങ്ങു നേരേ നടന്നാൽ
മുൻപിൽക്കാണാം പഥി കരിയനാട്ടെന്നു പേരായ കാവ്. 124

തദനു-പിന്നീട്, അൻപിൽ, വിനതാനന്ദനം-ഗരുഡനെ, കമ്പിട്ട്, തണ്ടിലേറി-പല്ലക്കിൽ കയറി, ചെമ്പൊൽക്കാളം-നല്ല പൊൻകാഹളം, തെളുതെളെ മുതിർന്ന്, അംബരത്തേൽ ആകാശത്തിൽ, മുഴങ്ങ-മുഴങ്ങുന്ന പ്രകാരത്തിൽ-കാഹളം മുഴക്കിച്ചുകൊണ്ട് എന്നർത്ഥം, വൻപുററീട്ടുന്ന കടകളും തഴകളും ചുഴലെപ്പിടിപ്പിച്ച് അങ്ങു നേരെ നടന്നാൽ, പഥി-വഴിയിൽ (മുൻപിലായി), കരിയനാട്ടെന്നു പേരായ കാവ്-കരിയനാട്ടുകാവ്, കാണാം.

തിരുവല്ലാ ക്ഷേത്രത്തിൻെറ മണ്ഡപത്തിനു മുൻപിൽ വലിയ ശിലാസ്തംഭത്തിൻെറ മുകളിലുള്ള ഗരുഡപ്രതിഷ്ഠയെ ആണ് വിനതാനന്ദനൻ എന്നു പരാമർശിക്കുന്നത്. അൻപതടിയോളം പൊക്കവും രണ്ടടി വണ്ണവും ഉള്ള വലിയ ഒരു ശിലാസ്തംഭത്തിൻെറ പുറത്താണ് ഗരുഡനെ പ്രതിഷ്ഠിച്ചിട്ടുള്ളത്. മണ്ണിനടിയിൽ വെള്ളം നില്പുവരെ ആ കല്ത്തൂൺ ആഴത്തിൽ പോയിട്ടുണ്ടെന്നു പറയുന്നു. ഇത്ര വലിയ ഒരു ശിലാസ്തംഭം ദൂരെയുള്ള മലകളിൽനിന്ന് ഇവിടെ കൊണ്ടുവന്നതു് അത്ഭുതമാണ്. ശിലാസ്തംഭത്തിൻെറ മുകളിലുള്ള ഗരുഡപ്രതിഷ്ഠ പഞ്ചലോഹനിർമ്മിതമാണ്. ചിറകും ചുണ്ടും ഉള്ള മനുഷ്യപക്ഷി ആയിട്ടാണ് അതിൻെറ രൂപം. ഇരിക്കുന്ന മട്ടിൽ നിർമ്മിച്ചിട്ടുള്ള ആ പ്രതിഷ്ഠയ്ക്കു മൂന്നടിയോളം പൊക്കം വരും. ഈ ശിലാസ്തംഭത്തിൻെറ മുകളറ്റമുള്ള മൂന്നു മൂന്നര അടി വിട്ടിട്ടു ശേഷം ഭാഗം മുഴുവൻ മറയത്തക്കവണ്ണം അതിനെ ചുററി മൂന്നുനിലയിൽ ഒരു ചെറുമാളിക കെട്ടിയിട്ടുണ്ട്. (K. S. Papers I. P. 62).

കരിയനാട്ടുകാവ് തിരുവല്ലാ അമ്പലത്തിൽ നിന്ന് ഒരു മൈൽ വടക്കു പടിഞ്ഞാറ് ആണ്. അവിടെ ഒരു കൃഷ്ണക്ഷേത്രവും ഒരു ദേവീക്ഷേത്രവും ഉണ്ട്. ദേവീക്ഷേത്രം വളരെ പുരാതനം ആണ്. എന്നാൽ കരിയനാട്ടു കാവെന്ന പേര് കൃഷ്ണപ്രതിഷ്ഠയിൽ നിന്നു വന്നതായി വിചാരിക്കാനാണ് സാംഗത്യം. കരിയൻ എന്നാൽ വിഷ്ണു കൃഷ്ണൻ എന്ന് അർത്ഥം.

ചൂഴം വില്ലും വിവിധവിഭവം നോക്കിനാലുച്ചയോളം
കോഴിക്കോട്ടം പുനരതിനെഹോ! കൊല്ലവും തുല്യമല്ല
ആഴിപ്പെണ്ണും നിഖിലജനവും വൈകിനാൽ വാങ്ങുമസ്സിൻ
കോഴിക്കൂട്ടം ചെറിയ കരമാർ പോലുമില്ലങ്ങു പിന്നെ. 125

ഉച്ചയോളം-ഉച്ചവരെ, ചൂഴം-ചുററും, വില്ലുന്ന, വിവിധ വിഭവം-വിഭവങ്ങൾ-ചരക്കുകൾ, നോക്കിയാൽ കോഴിക്കോട്ടും, പുനഃ-പിന്നീട്,

കൊല്ലവും, അതിനു തുല്യമല്ല. എടോ-സംബോധന, വൈകിനാൽ-നേരം വൈകിയാൽ, അമ്പിൻ-ഇവിടെ, ആഴിപ്പൂണ്ണും നിഖിലജനവും-ലക്ഷ്മിയും എല്ലാ അളകളും, പിൻവാങ്ങിപ്പോകും, പിന്നെ അങ്ങു്-ആ കരിയനാട്ടുകാവിൽ, കോഴിക്കൂട്ടം ചെറിയ കുറുമാർപോലും-കറിയ മാർ-ഇറച്ചി-ചുടു്, പോലും ഇല്ല.

'കൃശം വള്ളും പെരിയ വിഭവം' എന്നു മുദ്രിതപാഠം. 'കൃശം വില്ലും വിവിധ വിഭവം' എന്നു ഗ്രന്ഥപാഠം. അന്ത്യപാദത്തിന്റെ അർത്ഥം പല പ്രകാരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു. 'കുറുമാർ-ചിന്തൽശീല' എന്നും 'ചെറിയ കുട്ടികൾ' എന്നും ആണു് മുഖ്യമായ വ്യാഖ്യാനങ്ങൾ. 'കുറുമാർ' എന്നതിനു് 'ചിന്തൽ ശീല' എന്നു് അർത്ഥം കാണുന്നില്ല. ക്ഷമാൽ എന്നൊരു പാഠം 'ഉറുമാൽ' ആയിട്ടുണ്ടെന്നല്ലാതെ, 'കുറുമാർ' ആയിട്ടില്ല. 'കുറുമാർ' എന്നാൽ കുട്ടികൾ എന്നർത്ഥമുണ്ടു്. എന്നാൽ കോഴിക്കൂട്ടം കുട്ടികളും ഇല്ലെന്നു പറയുന്നതിനു് സ്വാഭാവികതയില്ല. കോഴിക്കൊട്ടം കുറുമാർ-കോഴികൾ വേണ്ടിവരുന്ന കുറുമാർ-കുട്ടികൾ എന്നായാലും ചമൽക്കാരമില്ല. കുറുമാർ-കറിയ മാർ-ചുടു്; കറിയിറച്ചി. കോഴിക്കൂട്ടം കറിയിറച്ചിയും പോലും ഉപ്പേരിഞ്ഞാൽ കരിയനാട്ടു കാവിൽ കാണുകില്ല എന്നാണു് അർത്ഥം.

കരിയനാട്ടുകാവു് അന്നു് ഒരു വലിയ ചന്തസ്ഥലം ആയിരുന്നു. ഇന്നു് അവിടെ അതിന്റെ സൂചന പോലും ഇല്ല.

മുത്തൂറാം ചേന്നണിമുല പിരിഞ്ഞുള്ള മാരാതിരേകം
മുത്തൂറ്റിൻറൂ മമ പുനരതങ്ങുണ്ണുനീലിക്കു ചൊൽവാൻ
മുത്തൂറ്റിൽ ചെന്നിനിയ ചിറയും പിന്നിലിട്ടേച്ചു ഗംഗാ-
മുത്തീർയ്യ തപം വിരവൊടു സഖേ! നാലുകോടിക്കു ചെല്ലൂ. 126

മുത്തു്-മുത്തുകൾ, ഊറാം-ധാരാളമായി, ചേന്നു്, അണിയുള്ള-ആഭരണം ഉള്ള, മുല [ധാരാളം മുത്തുപതിച്ച ആഭരണം ഉള്ള മുല], പിരിഞ്ഞുകൊണ്ടുള്ള മാരാതിരേകം-മാരപീഡയുടെ, അതിരേകം-കൂടുതൽ, മമ-എനിക്കു്, മുത്തു് ഊറ്റിൻറൂ-മോദത്തെ ഊറി എടുക്കുന്നു. പുനഃ അങ്ങു് അങ്ങു് ഉണ്ണുനീലിക്കു ചൊൽവാൻ-അക്കാര്യം പിന്നെ ഉണ്ണുനീലിയോടു പറയാൻ. മുത്തൂറ്റിൽ-മുത്തൂറ്റു് എന്ന സ്ഥലത്തു്, ചെന്നു്, ഇനിയ-നല്ല, ചിറയും പിന്നിലിട്ടു്—ചിറയും കടന്നു്, ഗംഗാം ഉത്തീർയ്യ-ഗംഗയെ കടന്നിട്ടു്—ഗംഗയെന്നു പറയുന്ന പുഴയെ കടന്നിട്ടു്, തപം-അങ്ങു്, ഹേ സഖേ! വിരവൊടു-വേഗത്തിൽ, നാലുകോടിക്കു ചെൽക.

'മുൽത്തൂറാം' 'മുൽത്തൂറ്റിൻറൂ' എന്ന മുദ്രിതപാഠം തെറ്റാണു്. 'മുത്തൂറാം,' 'മുത്തൂൽറിനു' എന്നു ഗ്രന്ഥപാഠം.

'പുഴയും പിന്നിലിട്ടേച്ചു്' എന്നു മുദ്രിതപാഠം. 'ചിറയും എന്നു ഗ്രന്ഥപാഠം. 'പിന്നിലിട്ടെണ്ട ഗംഗാം' എന്നു ഗ്രന്ഥത്തിൽ കാണുന്നു. 'എണ്ട' എന്നതു 'വീര' എന്ന അർത്ഥത്തിൽ സംബോധന ആയിരിക്കുമോ?

മുക്കാലും ചെൻറിമയവർ തൊഴും തൃക്കൊടിത്താനമപ്പി-
ൻറക്കാർവർണ്ണൻ ചരണയുഗളം കൂപ്പി നേരേ നടന്നാൽ
തെക്കിൻകൂറങ്ങതു കഴിവോളം കാട്ടിടത്തും വലത്തും
മിക്കേടത്തും പുനരവിടമോ ഞാനറിഞ്ഞതിൻറിതില്ല. 127

ഇമയവർ-ദേവന്മാർ, മുക്കാലും-മുക്കാലവും-കാലത്തും ഉച്ചയ്ക്കും വൈകിട്ടും എന്നർത്ഥം, ചെന്നു്, തൊഴും-തൊഴുന്ന-ഭജിക്കുന്ന, തൃക്കൊടിത്താനം എന്ന സ്ഥലത്തു്, അപ്പിൻറ-അമ്പുന്ന-ശോഭിക്കുന്ന, [വാസം കൊണ്ടു് അനുഗ്രഹിക്കുന്ന] അക്കാർവർണ്ണൻെറ കൃഷ്ണൻെറ, ചരണയുഗളം-രണ്ടു കാലുകളും, കൂപ്പി-തൊഴുതിട്ടു്, നേരേ നടന്നാൽ, അങ്ങു്-അവിടം, തെക്കുംകൂറാണു്. അതു കഴിവോളം-തെക്കുംകൂറു കഴിയുന്നതു വരെ, ഇടത്തും വലത്തും മിക്കേടത്തും കാടാണു്. പുനഃ-എന്നാൽ, അവിടം ഞാൻ ഉണർത്തുന്നില്ല.

[* മുക്കാലും എന്നതിൻെറ അർത്ഥത്തെയും രൂപസിദ്ധിയെയും പറ്റി അവതാരികയിൽ പ്രതിപാദിച്ചിട്ടുള്ളതു നോക്കുക. 'കാലം' എന്ന ശബ്ദം അന്ത്യാനുസ്വാരം ലോപിച്ചു് 'കാൽ' എന്നു് ആകുന്നു. മുക്കാലം-മുക്കാൽ. 'മുക്കാലവും' എന്ന അർത്ഥത്തിൽ മുക്കാലും എന്നു രൂപം. 'മുക്കാലം' എന്നു മ. മാതൃക. തൃക്കൊടിത്താനം അമ്പിൻറ എന്നു മൂലപാഠം. അമ്പുന്ന-അനുഗ്രഹിക്കുന്ന, വാസംകൊണ്ടു് അനുഗ്രഹിക്കുന്ന എന്നു് അർത്ഥമെടുക്കാം. അപ്പിൻറ എന്നു ഗ്രന്ഥപാഠം. തൃക്കൊടിത്താനം ചങ്ങനാശ്ശേരിയിൽനിന്നു് മൂന്നനാലു മൈൽ കിഴക്കുള്ള പുരാതനമായ ഒരു വിഷ്ണുക്ഷേത്രം ആണു്. അനേകം പുരാതന വട്ടെഴുത്തുരേഖകൾ അവിടെയുണ്ടു്. ശ്രീകോവിലിൽ മൂന്നു പ്രധാന പ്രതിഷ്ഠകൾ ഉണ്ടു്. കിഴക്കോട്ടു കൃഷ്ണൻ, പടിഞ്ഞാറോട്ടു നരസിംഹമൂർത്തി, തെക്കോട്ടു ദക്ഷിണാമൂർത്തി. ഈ ക്ഷേത്രത്തിൻെറ പ്രാധാന്യം ഇപ്പോൾ വളരെ കുറഞ്ഞിരിക്കയാണു്.]

ശുകസന്ദേശത്തിലെ 60-ാം ശ്ലോകവും, ഭ്രമരസന്ദേശത്തിലെ 'ശാലാകാരം വിചിനമതിലംഘ്യ' എന്നു തുടങ്ങുന്ന ശ്ലോകവും താരതമ്യപ്പെടുത്തുക.

അഗ്രേ കാണാം തദനു മണികണ്ഠാഖ്യപൂർവം പുരം തെ
തെക്കിൻകൂററിനൊരു മണിവരം തത്ര മേവും മുരാരിം
ഭക്ത്യാ നീ ചെൻറുകൊട്ടു തൊഴുന്നേരമീശാനകോണെ
നിൽക്കിൽ കേൾക്കാം പഥികനിവഹം നിൻറക്കിൻറ
വാദ്യ. 128

തദനു-പിന്നീട്ടു്, തെക്കിൻകൂററിനൊരു മണിവരം-തെക്കുംകൂറിനു ശ്രേഷ്ഠമായ ഒരു രത്നംപോലെയുള്ള, മണികണ്ഠാഖ്യപൂർവം പുരം-മണി

* cf. തെകാലം, തെക്കാൽ, മെിക്കൽ, 'മെിക്കാൽ' എന്ന രൂപം II. 94-ാം പദ്യത്തിൽ കാണുക.

കണ്ഠപുരം, തേ അങ്ങേക്ക്, അഗ്രേ-മുൻപിൽ, കാണാം. തത്ര-അവിടെ, മേവുന്ന പുരാരിയെ-വിഷ്ണുവിനെ, നീ, ചെൻറു്-ചെന്ന്, കൈവ്യാ-ക്കേളിയോടും അഴകോടും തൊഴുമ്പോൾ, ഈശാനകോണത്തിൽ-വടക്കു കിഴക്കേ മൂലയിൽ. നില്ക്കിൽ. പഥികനിവഹം-വഴിപോക്കരുടെ കൂട്ടം, നിൻറു് അഴയ്ക്കുന്ന വാറു്-നിന്ന് ബഹളമുണ്ടാക്കുന്ന വിധം, കേൾക്കാം. മണികണ്ഠപുരത്തു് അമ്പലത്തിൽ ഉണ്ണാൻ വരുന്ന വഴിപോക്കരുടെ ബഹളമാണ് ഇവിടെ പരാമർശിക്കുന്നതു്.

മണികണ്ഠപുരം തെക്കുംകൂറിന്റെ രാജധാനി ആയിരുന്നു. കൂടുതൽ വിവരങ്ങൾ അവതാരികയിൽനിന്നു ഗ്രഹിക്കുക.

'മുരാരിം' എന്നു ഗ്രന്ഥപാഠം. 'പുരാരിം' എന്ന മുദ്രിതപാഠം തെറ്റെന്ന് അവതാരികയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'ഈശാനകോണേ തിഷ്ഠൻ കേൾക്കാം' എന്നു മുദ്രിതപാഠം. 'നിൽക്കിൽ കേൾക്കാം' എന്നു ഗ്രന്ഥപാഠം.

'ചള്ളിച്ചാലും ചരണമതെനിക്കുണ്ടതില്ലെൻറുമന്യേ-
ന്നിട്ടേടം ചൊല്ലവിടമതുതെൻറമ്മയെക്കേട്ടുകൊൾക
ഇട്ടുണ്മെൻ ഞാൻ തുളുവനൊരുവൻ പേർ പകറ്റേടമെങ്ങു
സാധ്യക്കാരൻ പറയനവിധാ കാലെടുക്കട്ടെ പാഴാ. 129

ഊട്ടുപുരയിൽ കൂടിയ വഴിപോക്കരുടെ സംഭാഷണത്തിൽനിന്ന് കേൾക്കാവുന്ന മുറിവാക്യങ്ങളാണ് ഇവ.

ചള്ളിച്ചാലും-ചത്തുചെത്താലും, ചരണം അതു് എനിക്കു് ഉണ്ടു്, എന്ന് ഒരുവൻ; അതു് ഇല്ല എന്നു വേറൊരാൾ; ഊട്ടുപുരയുടെ പരിപ്പു കാരനായിരിക്കാം; അന്യേന്-ഇതിൽ, ഇട്ടേടം ചൊല്ല-പറയുക; അവിടം അതുതു്-അതു പ്രയാസമാണ്. എന്റെ അമ്മയെ കേട്ടുകൊൾക-എന്റെ അമ്മയോടു ചോദിക്കുക; ചോദിക്കുക എന്ന അർത്ഥത്തിൽ കേൾക്കുക എന്ന പ്രയോഗം തമിഴ്‌രീതി അനുസരിച്ചാണ്. ഇന്നും തെക്കൻതിരുവിതാംകൂറിൽ ഗ്രാമ്യപ്രയോഗമായി ഈ അർത്ഥത്തിൽ ഈ വാക്കു് ഉപയോഗിക്കുന്നുണ്ടു്. ഇട്ടുണ്മെൻ ഞാൻ-ഞാൻ ഇട്ടു് ഉണ്ടുകൊള്ളാം. ശേഷം ഭാഗം വ്യക്തമല്ല.

എന്റെല്ലാം കേട്ടവിടെയുളനാമാകിൽ നീ ബിംബലീശം
വെൻറിക്കൻറിന്നൊരു തിലകമാം വീട്ടുവമ്മാളിധാനം
കണ്ടിട്ടേറാം വിരവിൽ മരുവാർകാലനേ! വൈകിയാതേ
ചെമ്മേ പോയ് മഥിതതിരുവഞ്ചപ്പുഴയ്ക്കു ചെൽക. 130

അല്ലയോ മരുവാർകാലനേ-ശത്രുക്കൾക്കു കാലനായുള്ളോവേ! എന്റെല്ലാം കേട്ടു്-ഇത്തരം സംഭാഷണങ്ങൾ കേട്ട്, അവിടെ ഉളനാം

ആകിൽ-അവിടെ ഉള്ള പക്ഷം, നീ-അവിടന്ന്, വെൻറിക്കുൻറിന്നൊരു തിലകമായ വീഴ്വവൻ എന്ന പേരോടു കൂടിയ, ബിംബലീശനെ-തെക്കുംകൂർരാജാവിനെ, [രാമവർമ്മ എന്നാണ് മൂ. പാ.] കണ്ടിട്ട്. വൈകിയാതെ-താമസിക്കാതെ, ഏററം വിരവിൽ - അതിവേഗത്തിൽ, ചെഞ്ചമ്മേ-ഭംഗിയായിട്ട്, പോയി, അത്ര മഹിതമായ തിരുവഞ്ചപ്പുഴയ്ക്കു ചെൽക.

മീനച്ചൽ ആററിൽ ഏററുമാനൂരിനു തെക്ക് പേരൂർക്കടവിന് കിഴക്കുഭാഗമാണ് തിരുവഞ്ചപ്പുഴ. തിരുവാഞ്ചപ്പുഴ എന്ന മുദ്രിതപാഠം തെററാണ്. 'ഉണ്ടാകിൻറ നീ ബിംബലീശം' എന്ന ഗ്ര. പാ. 'അവിടെ ഉണ്ടാമാകിൽ നീ ബിംബലീശം' എന്ന മുദ്രിതപാഠം സമീചീനം. തെക്കുംകൂർ രാജാവു് അവിടെ ഉണ്ടെങ്കിൽ കാണണം എന്ന് അർത്ഥം. വെൻറിക്കുൻറിന്ന് എന്ന മുദ്രിതപാഠം, 'വെൻറക്കുൻറിന്ന്' എന്ന ഗ്രന്ഥപാഠം. മുദ്രിതപാഠം ആണു നല്ലതെന്നു തോന്നുന്നു, വെന്നിമലയ്ക്കു തിലകമാണ് തെക്കുംകൂർ രാജാവു്.

[വെന്നിമല കോട്ടയത്തിനു കിഴക്കാണ്. ആ കാലത്ത് അതു് തെക്കുംകൂറിൻെറ ആവാസസ്ഥാനം ആയിരുന്നു. വെന്നിമല വളരെ ഉയർന്ന മനോഹരമായ ഒരു കുന്ന് ആണ്. അതിൽ ഒരു പഴയ അമ്പലവും കൊട്ടാരവും ഉണ്ട്. കുന്നിൻെറ പുറത്തു നിന്നാൽ ദൂരെ പടിഞ്ഞാറ് വേമ്പനാട്ടുകായൽ കിടക്കുന്നതു കാണാം. ചുററുമുള്ള പ്രകൃതിവിലാസം കാണേണ്ടതു തന്നെ.]

വിപ്രേന്ദ്രാണാമഖിലജനവതാം വാസസങ്കേതസീമാം
ഏനാം ജാനുദഘ്നയസമധുര സ്വച്ഛ നീരാഭിരാമാം
ക്ഷത്രശ്രേണീവിരചിതനടപ്പന്തലൂടേ കടന്നേ
തത്രത്യാനാം വിവിധമവിധാനാദവും കേട്ടുകേട്ട്. 131

അഖിലജനവതാം - അഖിലജ്ഞന്മാരായ, വിപ്രേന്ദ്രാണാം - ബ്രാഹ്മണോത്തമന്മാരുടെ, വാസസങ്കേതസീമാം - വാസസ്ഥലങ്ങൾ തീരത്തുള്ളതും, [വാസസ്ഥാനമായ സീമകളോടുകൂടിയതും - കരയ്ക്കു നമ്പൂതിരിമാർ താമസിക്കുന്നതും എന്നർത്ഥം]; ജാനുദഘ്നയസം മുട്ടോളം, മധുരവും സ്വച്ഛവും ആയ നീരംകൊണ്ട് അഭിരാമയും ആയ, ഏനാം - ഇവളെ - മീനച്ചൽ നദിയെ, ക്ഷത്രശ്രേണീ വിരചിതമായ നടപ്പന്തലിൽ കൂടെ കടന്നേ—കടന്നാലും. തത്രത്യാനാം—അവിടുത്തുകാരുടെ വിവിധമായ അവിധാനാദവും - അവിധാശബ്ദവും, കേട്ടുകേട്ട്.

പല്ലക്കിൽ ആണല്ലോ ആദിത്യവർമ്മ എഴുന്നള്ളുന്നതു്. തിരുവഞ്ചപ്പുഴെ പാലം ഇല്ലാത്തതുകൊണ്ട് അവിടം കടക്കുന്നതു് നടന്നുവേണം എന്നാണ് ഈ ശ്ലോകത്തിൻെറ സാരം. മുട്ടോളം തന്നെ വെള്ളമില്ല എന്ന് എടുത്തുപറഞ്ഞിരിക്കുന്നതു് ആററിൽ നടന്നുകേറാനുള്ള സൗകര്യത്തെ

കാണിക്കാനായിട്ടാണ്. 'മധുര സപക്ഷ്മ നീരാളിരാമാം' എന്നു നദിയെ വർണ്ണിച്ചിരിക്കുന്നതു് അതിൽ ഇറങ്ങി നടക്കാനുള്ള സുഖത്തെ സൂചിപ്പിക്കുന്നു. മേടമാസത്തോടുകൂടി വിശാലമായ മണൽപ്പുറം തെളിഞ്ഞ് ആറിന്റെ ഒരു അരികിൽക്കൂടി മുട്ടോളം ആഴമില്ലാതെ വെള്ളം ഒഴുകുന്ന നിളാപേയപ്പുഴയുടെ സുഖം അനുഭവിച്ചുതന്നെ അറിയേണ്ടതാണ്. 'ഛന്ദശ്ശ്രേണീ വിരചിതനടപ്പന്തലൂടെ' എന്നതിൽനിന്നു് ആടിര്യവർ ആറു കടക്കുമ്പോൾ അനേകം കുടകൾ നിരത്തിപ്പിടിക്കുന്നതു് നടപ്പന്തൽ പോലെ തോന്നിക്കും എന്നു സൂചിപ്പിക്കുന്നു. 'പന്തലൂടെ നടമന്' എന്നു മുദ്രിതപാഠം. 'കടമന്' എന്നു ഗ്രന്ഥപാഠം സമീചീനം. ആറു കടക്കുക എന്നാണല്ലോ ശൈലി. അവിടത്തുകാർ ആവിധാനാദം പുറപ്പെടുവിക്കുന്നതു് എന്തിനാണെന്നു വ്യക്തമല്ല. ഒരുവേള ആടിര്യവർകളുടെ അകമ്പടിക്കൂട്ടം കണ്ടു് പട പുറപ്പാടു് ഉണ്ടെന്നു പേടിച്ചായിരിക്കണം.

ചോരിച്ചെവ്വാമലരിൽ മധുരാം ചോലയിൽച്ചേർന്ന പൂന്തേൻ-
കോരിത്തൂവും വചസി ലളിതാം കോമളാം മംഗലാംഗീം
പാരിൽക്കാണാംകുളമിതമമന്നോമലെക്കണ്ടു പോവാൻ
ചാരത്തല്ലാത്തതു ചരതമായ് ഞാനന്നുണർത്താഞ്ഞതത്രേ. 132

ചോരിച്ചെവ്വാമലരിൽ-ചോരിപോലെ ചെമ്മുടയ-ഭംഗിയുള്ള-ചുവന്ന, വായാകുന്ന മലരിൽ-ചോര തുടിക്കുന്ന ഭംഗിയുള്ള ചുണ്ടാകുന്ന പൂവിൽ, മധുരാം-മാധുര്യമുള്ളതും, ചോലയിൽ ചേർന്ന-മരക്കൂട്ടത്തിൽ-പച്ചിലത്തണലിൽ, നിൽക്കുന്ന പൂവിലെ തേൻ, വചസി വാക്കിൽ, കോരിത്തൂകുന്ന, ലളിതാം ലളിതയും, കോമളയും, മംഗലാംഗിയും, കാണാംകുളമിതമന്-കാണാംകുളത്തിൽ ഹിതമായി വസിക്കുന്നവളും ആയ, ഓമലെ-സുന്ദരിയെ, കണ്ടുപോകുന്നതിന് ചാരത്തല്ലാത്തതു്-അടുത്തല്ലാത്തതുകൊണ്ടാണ്, ചരതമായ്, അന്നു ഞാൻ ഉണർത്താത്തതു്.

കാണാംകുളത്തെ നായികയുടെ വാസം, വഴി വിട്ടായതുകൊണ്ട് ചെന്നു കാണണമെന്ന് പറഞ്ഞില്ല എന്നു സാരം.

[പാരിൽ കാണാംകുളം—പാരിൽ-ഭൂമിയിൽ എന്നാണെങ്കിൽ വിശേഷിച്ച് അർത്ഥം ഇല്ല]

[ചോരിച്ചൊവ്വാ എന്നു മുദ്രിതപാഠം. ചോരിച്ചെവ്വാ എന്നു ഗ്രന്ഥപാഠം. ചെമ്മുള്ള വാ 'ചെവ്വാ' എന്നു വ്യുൽപത്തി. ചെവ്വായെന്നാണ് ശരിയായ രൂപം.

ചാലയിൽ എന്ന മുദ്രിതപാഠം ശരിയല്ല. 'ചോലയിൽ' എന്ന ഗ്രന്ഥപാഠം. വചസി തെളിതേൻ എന്ന ഗ്രന്ഥപാഠത്തെക്കാൾ വചസി ലളിതാം എന്ന മുദ്രിതപാഠം കൊള്ളാം.

ചരതം—സരസം എന്നതിന്റെ തദ്ഭവമാണ്. സത്യം എന്നാണ് തമിഴിൽ ഈ ശബ്ദത്തിന് അർത്ഥം.]

കല്യാണാബ്ധേ! തരസാ ച തിരിഞ്ഞുച്ചിക്കേറ്റുമാന്തർ
ചെല്ലാം, ചെൻറാലവിടെ മരുവും മാരവൈരിം വണങ്ങി
ഊണും തേവാരവുമവിടെനിന്നൊട്ടു വേഗേന കൃത്വാ
വാണംപോലേ വടിവിൽ നടകൊൾകങ്ങുവേണാടർകോനേ 133

അല്ലയോ കല്യാണാബ്ധേ- മംഗല്യസമുദ്രമേ! തരസാ-അതിവേഗം, തിരിഞ്ഞുച്ചിക്ക്-ഉച്ചതിരിഞ്ഞ് അഞ്ചടി നിഴലുള്ളപ്പോൾ, ഏറ്റുമാന്തർ ചെല്ലാം. ചെന്നാൽ അവിടെ മരുവുന്ന മാരവൈരിം-കാമൻെറ ശത്രുവിനെ-ശിവനെ, വണങ്ങിയിട്ട്, അവിടെനിന്ന്, ഒട്ട് വേഗേന-കുറേ വേഗത്തിൽ, തേവാരവും ഊണും, കൃത്വാ-കഴിച്ച്, അല്ലയോ വേണാടർകോനേ! വാണംപോലെ-അമ്പുപോലെ-വേഗത്തിൽ, വടിവിൽ-ഭംഗിയായി, അങ്ങ് നടന്നുകൊൾക, 'മാരവൈരിം വണങ്ങി' എന്നു ഗ്ര. പാ. 'ചന്ദ്രമൗലിം' എന്നു മൂ. പാ. അർത്ഥവ്യത്യാസം ഇല്ല.

കാതം പോരും വഴി കുറകയില്ലേതുമക്കോതനല്ലൂർ
ചൂതം തോറും തണലിൽ വിളനെൽ കാക്കമകന്യകാനാം
കാതോളം നീണ്ടസിതനയനം കണ്ടു മാനെൻറു മത്വാ
പേതപ്പെണ്മാൻ നികരമരികേ ചെൻറു മേവീടുമേടം. 134

ആ കോതനല്ലൂരേക്ക് കാതം പോരും വഴി. ഏറ്റുമാന്തർ നിന്നു കോതനല്ലൂരേക്ക് ഒരു കാതം ദൂരമേ ഉള്ളൂ. ഏതും കുറകയില്ല-ഒട്ടും കുറവല്ല താനും. അവിടെ ചൂതംതോറും തണലിൽ-ഓരോ മാവിൻെറ തണലിലും, വിളനെൽകാക്കമകന്യകാനാം—വിളനെൽ കാത്തുകൊണ്ടിരിക്കുന്ന കന്യകമാരുടെ, കാതോളം നീണ്ട അസിതനയനം-കാതുവരെ നീണ്ടതും കറുത്തതും ആയ കണ്ണു കണ്ട്, മാനെൻറു മത്വാ-മാനാണെന്ന് വിചാരിച്ച്, പേതപ്പെണ്മാൻനികരം-ബുദ്ധിയില്ലാത്ത പെണ്മാൻകൂട്ടം, അരികെച്ചെന്നു മേവുന്ന ഇടം-സ്ഥലം; ആണ് കോതനല്ലൂർ എന്നു ഭാവം.

മാന്തണലിൽ നെല്ല് കാത്തുകൊണ്ടിരിക്കുന്ന കന്യകമാരുടെ നീണ്ട കണ്ണു കണ്ട് അവർ മാനാണെന്ന് തെറ്റിദ്ധരിച്ച് മുഗ്ദ്ധകളായ [അറിവില്ലാത്ത] പെണ്മാൻകുട്ടികൾ അടുത്തു ചെന്നു നിൽക്കുന്നിടമാണ് കോതനല്ലൂർ. ആൾപ്പാർപ്പുകൊണ്ട് കൃഷിയും, വനസ്ഥലങ്ങളുള്ളതുകൊണ്ട് വന്യജന്തുക്കളുടെ വാസവും അന്നു കോതനല്ലൂർ ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കാം.

'പോതപ്പെണ്മാൻ' എന്നു മൂ. പാ. കുട്ടിപ്പെണ്മാൻ എന്ന് അർത്ഥം കൊടുത്തിരിക്കുന്നു. പേതപ്പെണ്മാൻ എന്ന ഗ്രന്ഥപാഠം സമീചീനം. പേത എന്നാൽ അറിവില്ലാത്ത ആൾ-എന്നും അറിവില്ലാത്ത കുട്ടി.

ക്രൂവീടിന്മേലെളുതു വഴിയിൻറങ്ങു പണ്ടേതിനെക്കാൾ—
പ്പൂവീടിൻേറാ ചില തരുകലോല്ലാസിപാർശ്വാഭിരാമം
തേർ പോംവോളേം വടിവിലിടമുണ്ടങ്ങടുത്തത്യുദാരം
വാപീതീരംപ്രതി വിരചിതം ബിംബലീപാലകേന. 135

ക്രൂവീടിന്മേൽ-ക്രൂവീടിൽ കൂടെ, എളുതു്-കുറഞ്ഞതാണു്, ഇന്നു്-ഇപ്പോൾ, പണ്ടേതിനെക്കാൾ-മുന്നേതിലും, വഴി. പൂവീടിൻേറാ-പൂവു കൂടുതലായിരിക്കുന്ന, ചില തരുകലംകൊണ്ടു്-മരക്കൂട്ടംകൊണ്ടു്, ഉല്ലാസി ആയ പാർശ്വങ്ങളാൽ, അഭിരാമം-മനോഹരം ആണു്. വടിവിൽ-ഭംഗിയിൽ, തേർ പോംവോളം-തേർ പോകത്തക്കവണ്ണം, അങ്ങു് അടുത്തു് അത്യുദാരമാകുംവണ്ണം, ബിംബലീപാലകനാൽ-വടക്കുംകൂർ രാജാവിനാൽ, വാപീതീരം പ്രതി-കുളക്കരയിലേക്കു്, വിരചിതം-ഉണ്ടാക്കപ്പെട്ട, ഇടം-സ്ഥലം-വഴി, ഉണ്ടു്.

പോംവോളം എന്നു മൂ. പാ. പോംവോളേം എന്നു ഗ്ര. പാ. ഇടമിട്ടങ്ങിടത്തു് എന്നു മൂ. പാ. ഇടമുണ്ടങ്ങടുത്തു് എന്നു ഗ്ര. പാ.

വടക്കുംകൂർരാജാവു പുതുതായി തേർ പോകത്തക്കവണ്ണം വെട്ടിച്ചു് ഇരു പാട്ടും പൂമരങ്ങൾ വളർത്തിയിട്ടുള്ള രാജപാതയെപ്പററിയാണു് പ്രസ്താവം. ആ വഴി പഴയ വഴിയെക്കാൾ ഒരു ക്രൂവീടു് എളുപ്പമുള്ളതാണു് എന്നു് അർത്ഥം.

ചിന്തിപ്പോമാറരികുലബലം ബിംബലീപാലകാനാം
അന്തിക്കൂളും മിതത വിതതൈർന്നിന്നൊടാവേദയേയുഃ
സിന്ധുദ്വീപേ ജനിതകതിരക്കഞ്ചിയിൽക്കിംച ലോലാഃ
സിന്ധുദ്വീപം ദീപമദപരിസ്പന്ദിനോ മന്ദവാതാഃ 136

സിന്ധുദ്വീപത്തിൽ-സിന്ധുദേശത്തിൽ, ജനിതമായ കതിരുകളുടെ കഞ്ചിരോമങ്ങളിൽ, കിം ച ലോലാഃ—(തട്ടി)ഇളകിവരുന്നതും, ദീപമദത്തെ പരിസ്പന്ദിപ്പിക്കുന്നവയും-അതിൻെറ ഗന്ധത്തെ പ്രസരിപ്പിക്കുന്നവയും, ആയ മന്ദവാതാഃ-ഇളങ്കാററുകൾ, ബിംബലീപാലകന്മാരുടെ-വടക്കുംകൂർ രാജാക്കന്മാരുടെ, അരികുലബലം-ശത്രുസമൂഹത്തിൻെറ സൈന്യം, ചിന്തിപ്പോമാറു്, ചിന്നിച്ചിതറിപ്പോകത്തക്കവണ്ണം, അന്തിക്കൂളും-സന്ധ്യയ്ക്കു് ഉയരുന്ന-മുഴക്കുന്ന, മിതതവിതതൈഃ-മിതതവിതതങ്ങളെക്കൊണ്ടു്-മൃദംകാഹളങ്ങളെക്കൊണ്ടു്, നിന്നോടു്-അങ്ങയോടു്, സിന്ധുദ്വീപം-കടുത്തുരുത്തിയെ, ആവേദയേയുഃ-ആവേദനം ചെയ്യും-അറിയിക്കും.

ചിന്തിപ്പോമ്മാറു് എന്നു മൂ. പാ. ചിന്തിപ്പോമാറു് എന്നു ഗ്ര. പാ. 'വിതത വിതതം' എന്ന മൂലപാഠം അർത്ഥത്തിനു് വിഷമം ഉണ്ടാക്കുന്നതാണു്. മിതത മിതൈഃ എന്ന ഗ്രന്ഥപാഠം സമീചീനം.

വിതതവിതതം എന്നതിനു സ്ഥാനമഹിമയെ കാണിക്കുന്ന ശബ്ദം എന്നും വിതതശബ്ദം എന്നും അർത്ഥം കൊടുത്തിരിക്കുന്നു. മിതതവിതതം—മിതതം യുദ്ധം (തമിഴ്) വിതതം-ശബ്ദം (സംസ്കൃതം). യുദ്ധകാഹളം എന്ന് അർത്ഥം. അല്ലെങ്കിൽ വിജതിന്റെ—വിജയത്തിന്റെ, വിതതം-ശബ്ദം-വിജയകാഹളം എന്നും ആകാം.

സിന്ധുദേശത്തുനിന്നു കൊണ്ടുവന്ന കുതിരകളുടെ കുഞ്ചിയിൽ തട്ടി വരുന്നതും, ആനകളുടെ മദഗന്ധത്തെ പരത്തുന്നതും ആയ ഇളങ്കാറ്റുകൾ വടക്കുംകൂർ രാജാക്കന്മാരുടെ ശത്രുസമൂഹത്തെ അമ്പരപ്പിക്കുംവണ്ണം സന്ധ്യാകാലത്തു മുഴക്കുന്ന യുദ്ധകാഹളങ്ങളെക്കൊണ്ട് കടുത്തുരുത്തി ഏതെന്ന് അങ്ങയെ മനസ്സിലാക്കും എന്നു സാരം.

വിസ്താരാഢ്യേ ഭുവനവിദിതേ മത്തമാതംഗഭീമേ
താരാർമാതിൻ കുലനിലയനേ ദിവ്യരത്നാഭിരാമേ
അംഭോരാശൗ തദനു പകലോനെന്നപോലേ സഖേ! നീ
മംഗല്യാബ്ധേ! വടമതുരയിൽ ച്ചെന്നകം പൂക പിന്നെ. 137

ഹേ മംഗല്യാബ്ധേ സഖേ- കല്യാണസമുദ്രമായ തോഴ, തദനു-പിന്നീട്, അംഭോരാശൗ-കടലിൽ, പകലോൻ എന്നപോലെ, നീ പിന്നെ വടമതുരയിൽ ചെന്ന്, അകം പൂക-പ്രവേശിക്കുക. വിസ്താരാഢ്യേ തുടങ്ങിയുള്ള വിശേഷണങ്ങൾ എല്ലാം അംഭോരാശിക്കും വടമതുരയ്ക്കും ഒരുപോലെ ചേരുന്നതാണ്. വിസ്താരാഢ്യേ-വിസ്തൃതവും, ഭുവനവിദിതേ-ഭുവനം കൊണ്ട്-ജലം കൊണ്ട്-ജലസമൃദ്ധികൊണ്ട്, വിദിതം-വിഖ്യാതവും എന്നു സമുദ്രപക്ഷത്തിൽ; ഭുവനത്തിൽ-ലോകത്തിൽ, വിദിതം-വിഖ്യാതം എന്നു വടമതുരയുടെ പക്ഷത്തിൽ. മത്തമാതംഗഭീമേ-മത്തമാതംഗങ്ങളാൽ-കടലാനകളാൽ, ഭീമം-ഭയങ്കരം എന്നും, മത്തമാതംഗങ്ങളാൽ മദഗജങ്ങളാൽ ഭയങ്കരം എന്നും; താരാർമാതിൻ കുലനിലയനേ ലക്ഷ്മീദേവിയുടെ കുലനിലയനത്തിൽ വംശഗേഹത്തിൽ എന്നും, ലക്ഷ്മിക്ക് കുലനിലയനംപോലെ ഉള്ളതിൽ എന്നും. ലക്ഷ്മി കടലിൽ പിറന്നവൾ എന്നു പ്രസിദ്ധി. വടമതുരയിൽ ലക്ഷ്മി തറവാട്ടിൽ എന്നപോലെ വസിക്കുന്നു എന്നു കല്പന.

ആദിത്യൻ സിന്ധുവിൽ എന്നതുപോലെ ആദിത്യവർമ്മ സന്ധ്യാകാലത്ത് സിന്ധുദ്വീപത്തിൽ ചെന്നുചേരണം എന്ന ശ്ലേഷകല്പന ഉചിതമായിട്ടുണ്ട്.

'മതിരയിൽ' എന്നു മൂ. പാ. 'മതുരയിൽ' എന്ന് ഗ്ര. പാ.

ഉത്തരഭാഗം

ലഭ്യമായ ഗ്രന്ഥത്തിൽ ഉത്തരസന്ദേശം പ്രത്യേകം തുടങ്ങുന്നില്ല. പൂർവസന്ദേശത്തിന്റെ തുടർച്ചയായി ശ്ലോകങ്ങൾക്കു സംഖ്യ കൊടുത്തിരിക്കയാണ്.

ആററിൻ നേരായ് കരിവരമദം നീടൊഴുകും വടക്കിൻ-
കൂററിന്നിൻറഴക പൊഴിയിക്കിൻറ പുണ്യാംബുരാശേഃ
മാററാർ കൂപ്പും മഹിതമണികണ്ഠനയോദ്ധ്യേവ രാമ-
ന്നേററം വശ്യാ ജയതി നഗരീ സാ കടന്തേരി നാമ്നാ. ।

ആററിൻ നേരായ്-ആററിനു തുല്യമായി, കരിവരമദം-ആനശ്രേഷ്ഠന്മാരുടെ മദജലം, നീടൊഴുകും-നീളത്തിൽ ഒഴുകുന്ന, വടക്കിൻകൂററിന്-വടക്കുംകൂർ രാജ്യത്തിന്, അഴക പൊഴിയിക്കുന്ന പുണ്യസമുദ്രവും, മാററാർ കൂപ്പുന്നവനും-ശത്രുക്കൾ നമസ്കരിക്കുന്നവനും ആയ, മഹിതമണികണ്ഠന്-മണികണ്ഠനെന്ന മഹിതന്-മഹാന്, രാമന് അയോദ്ധ്യാ ഇവ-ശ്രീരാമന് അയോദ്ധ്യ എന്നതു പോലെ, ഏററം വശ്യയായി-വളരെ സ്വാധീനപ്പെട്ടതായി, കടന്തേരി നാമ്നാ-കടന്തേരി എന്ന പേരോടുകൂടി, സാ നഗരീ ജയതി-ആ പട്ടണം ജയിക്കുന്നു.

'ആററിൻ നേരായ്' എന്നതിന് ആററിലേക്കു കരിവരന്മാരുടെ മദജലം ഒഴുകുന്ന വടക്കിൻകൂററിന് എന്ന വ്യാഖ്യാനം ശരിയല്ല. ആദ്യത്തെ രണ്ടുവരിയും ആദിത്യവർമ്മയുടെ സംബോധന ആയിട്ട് എടുക്കാമെന്നുള്ള ചിലരുടെ അഭിപ്രായത്തിനും ശക്തി പോരാ. പുണ്യാംബുരാശേഃ എന്ന് സ്പഷ്ടമാണ്. കൂററിന്നൻറാഴക പൊഴിയിക്കുന്ന പുണ്യാംബുരാശേ എന്ന് ഗ്ര. പാ.

'കടന്തേരി നാമ്നാ' എന്ന മൂ. പാഠത്തിന്റെ സ്ഥാനത്തു 'കടന്തേതി നാമ്നാ' എന്ന് ഗ്ര. പാ; ഗ്ര. പാ. സ്വീകരിച്ചാൽ കടന്താ + ഇതി-കടന്തേതി-കടന്ത എന്ന പേരുള്ള എന്നർത്ഥം കിട്ടും. അപ്പോൾ പട്ടണത്തിന്റെ പേര് കടന്തേരി അല്ല, 'കടന്ത' ആണ് എന്നു വന്നുകൂടും.

വടക്കിൻകൂററിന്റെ പ്രധാനമായ പ്രശസ്തി കരിവരന്മാരെക്കൊണ്ട് ആയിരുന്നു എന്നു മനസ്സിലാക്കാം.

[മണികണ്ഠൻ എന്നതു വടക്കുംകൂർ രാജാവിന്റെ പേരല്ല, സ്ഥാനപ്പേരാണ് എന്ന് ഒരു വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നു. ഇതിനു തെളിവില്ല. പേരാണെന്നു കരുതത്തക്കവണ്ണമാണ് ഈ കാവ്യത്തിലെ പരാമർശങ്ങൾ. 'മണികണ്ഠാഖ്യസാമന്തമൗലി' എന്നു 23-ാം പദ്യത്തിൽ സംശയച്ഛേദകമായ രീതിയിലാണു പ്രസ്താവിച്ചി

ട്ടുള്ളതു്. വടക്കുംകൂറിലെ അന്നത്തെ എല്ലാ തമ്പുരാക്കന്മാരുടെയും പേരു തന്നെ പറഞ്ഞിട്ടുണ്ടെന്നുള്ളതും ഓർമ്മിക്കേണ്ടതാണു്. ചിരികണ്ഠാഖ്യൻ (21), മണികണ്ഠാഖ്യൻ (23), കോതവർമ്മൻ (27), ഇരവിമണികണ്ഠാഖ്യൻ (28), രാമവർമ്മൻ (29) എന്നു പേരു തന്നെ പറഞ്ഞാണു് അവരെ സ്മരിച്ചിട്ടുള്ളതു്. മണികണ്ഠൻ എന്നതുപോലെ ഇരവിമണികണ്ഠൻ എന്നും ഒരു തമ്പുരാനു് പേരു് ഉണ്ടായിരുന്നതും കാണുക.

വടക്കുംകൂർ മൂപ്പിന്റെ പേരു് 'രായിരൻ' ആണെന്നു് വേറെ ഒരു അഭിപ്രായവും ആവിഷ്കരിച്ചിട്ടുണ്ടു്.

> 'നിന്നെക്കാണുംപൊഴുതു നിരവില്ലാത ലോകപ്രദീപം
> കന്നക്കള്ളർ കടമ്മരരാനാം രായിരക്ഷോണിപാലം'

എന്ന 24-ാം പദ്യത്തെ ആസ്പദമാക്കിക്കൊണ്ടാണു് ഈ സിദ്ധാന്തം പ്രകടിപ്പിച്ചിട്ടുള്ളതു്. 'രായിരക്ഷോണിപാലം' എന്നതിനെ 'രായിരക്ഷോണിപാലൻ' എന്നു നിസ്സങ്കോചമായി തിരുത്തിയിട്ടാണു് ഈ വ്യാഖ്യാനം കൊണ്ടുവന്നിട്ടുള്ളതു്. അധികം പ്രസാധനങ്ങളിലും 'രായിരക്ഷോണിപാലം' എന്നു ദ്വിതീയാന്തമായിട്ടാണു പാഠം. രായിരക്ഷോണിപാലനായ നിന്നെ—ആദിത്യവർമ്മയെ, കാണുമ്പോൾ എന്ന തരത്തിലാണു് ആ പ്രസാധനങ്ങളിലെ വ്യാഖ്യാനവും. മദ്രാസ് മാതൃകയിലെ പാഠവും മുദ്രിതപാഠം പോലെ തന്നെ. ഈ സ്ഥിതിക്കു് 'രായിരക്ഷോണിപാലൻ' എന്നു് എങ്ങനെ തിരുത്തും? എന്റെ കൈവശമുള്ള ഗ്രന്ഥത്തിലെ പാഠം 'വെമ്പലക്ഷോണിപാലം' എന്നാണു്. അതിനു് വെമ്പലരാജ്യാധിപതി എന്നു സാമാന്യാർത്ഥമാണല്ലോ. 'രായിരൻ' എന്നു് ആയിരുന്നു രാജാവിന്റെ പേരെന്നും, മണികണ്ഠൻ എന്നതു് പേരല്ലായിരുന്നു എന്നും ഉള്ള അഭിപ്രായം ഇങ്ങനെ സ്വീകാര്യമല്ലാതെ വരുന്നു.]

> ഓരോ പെണ്മാൻമിഴികൾ ഭവനംതോറുമൻപോടു ചെന്റ-
> ങ്ങാരാഞ്ഞെല്ലാപ്പൊഴുതുമിടമാടമ്പു വാരാത വാറു്
> വീരന്മാർ മേൽപ്പുലര മലരമ്പെയ്തുതാൻ വീരനാവാൻ
> മാരന്നൂണും കളിയുമവിടെച്ചാല വൈകിന്റതല്ലോ. 2

ഓരോ പെണ്മാൻമിഴികളുടെ-സുന്ദരിമാരുടെ, ഭവനംതോറും-വീടുതോറും, അൻപോടു ചെന്നു്, ആരാഞ്ഞു്-അന്വേഷിച്ചു്, എല്ലാപ്പൊഴുതും-എപ്പോഴും, ഇടമാടമ്പു്-ഇടയുന്ന മാടമ്പു്-അധികാരമത്സരം, വാരാത വാറു് [എതിരില്ലാതെ] വീരന്മാർ മേൽ-വീരന്മാരിൽ കവിഞ്ഞു്, താൻ വീരനാവാൻ, പുലര-പുലരത്തക്കവണ്ണം, മലരമ്പു് എയ്തു്-എയ്യുന്നതുകൊണ്ടു്, മാരനു്-കാമനു്, ഊണും കളിയും ചാലെ വൈകുന്നു.

'ഒല്ലൂട്ട ചെൻറങ്ങ്'. (ഗ്ര. പാ.'അൻപോട്ട ചെൻറങ്ങ്'' എന്ന ഗ്ര. പാ. ഭേദവും. 'ഇട്ടമാറ്റ്'' ഗ്ര. പാ. അസാധു. ഇഷ്ടപ്രദം എന്ന് ഒരു വ്യാഖ്യാനത്തിൽ കൊടുത്തിട്ടുള്ള അർത്ഥം തീരെ യോജിക്കുന്നില്ല. ഇട്ടമാട്ട് അൻപു വാരാതവണ്ണം എന്ന് പിരിച്ചിട്ട് അൻപ്-കനിവ് വരാത്ത വിധം ഇട്ടമാട്-ഇടുന്ന മാതിരിയിൽ [കെട്ടിക്കൊണ്ടുകിടക്കുന്ന മാതിരിയിൽ ഓരോ ഭവനത്തിലും വീരന്മാരെ ഇടാൻതക്ക വിധത്തിൽ] എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. ഇത് ഋജുവായില്ല. പാഠവും അർത്ഥവും ശരിയല്ല. പരിശോധനം കാണുക.

ചേടീവക്ത്രം പുനരൊരു കരംകൊണ്ടുടൻ പൊത്തയിത്വാ
മാടോപാന്തേ വളർമതിയുടേ മാർവിൽ മാൻപേട കണ്ട്
ഊടേ കാട്ടിച്ചിലമരതകക്കല്ല് പൈംപുല്ല് പോലേ
വാടാമാലക്കുഴലികൾ ചതിച്ചണച്ചീട്ടമേടം. ൩

മാടോപാന്തേ-മാളികയുടെ അടുത്ത്, വളർമതിയുടെ-മംഗിനുള്ള ചന്ദ്രന്റെ, മാർവിൽ മാൻപേട കണ്ട്-ആകാശചുംബിയായ മാളികയുടെ ശിരോഭാഗത്തിനടുത്ത ചന്ദ്രന്റെ മാർവിൽ മാൻ നില്ക്കുന്നതു കണ്ട്, [വളർമതിയുടെ കൈയ്യിൽ എന്ന ഗ്ര. പാ]. ചേടിയുടെ വക്ത്രം-വായ്, ഒരു കൈയ്‌കൊണ്ട് ഉടൻ, പൊത്തയിത്വാ-പൊത്തിയിട്ട് (സംസ്കൃതീകൃതരൂപം); ശബ്ദമുണ്ടാക്കിയാൽ മാൻ ഓടിപ്പോകുമെന്നു ശങ്കിച്ച് ശബ്ദം ഉണ്ടാക്കാതെയിരിക്കാൻ തോഴിയുടെ വാ പൊത്തിക്കൊണ്ട് എന്നു ഗമ്യം. ചില മരതകക്കല്ല് പൈംപുല്ല് പോലെ ഊടേ കാട്ടി-പച്ചനിറത്തിലുള്ള മരതകം പച്ചപ്പുല്ലാണെന്ന വ്യാജത്തിൽ, ഊടേ-നേരെ (?), കാട്ടി വാടാമാലക്കുഴലികൾ-വാടാത്ത പൂമാല തലമുടിയിൽ അണിഞ്ഞ സുന്ദരിമാർ, ചതിച്ചു-ചതിവായി, അണച്ചീട്ടമേടം-(ചന്ദ്രനിലെ മാനിനെ) അണയ്ക്കുന്ന സ്ഥലമാണ് അവിടം എന്ന് അർത്ഥം.

രാത്രിയിൽ മാളികയിൽ ഒരു നായികയും തോഴിയുമായി നില്ക്കേ അടുത്തുവന്ന ചന്ദ്രനിൽ മാനിനെക്കണ്ട് അതിനെ പിടിക്കാൻ നായിക ആഗ്രഹിച്ചു. ശബ്ദമുണ്ടാക്കിയാൽ മാൻ ഓടിക്കളയുമെന്നുഭയപ്പെട്ട് തോഴിയുടെ വാ പൊത്തിയിട്ട് മാനിന്റെ നേരെ പച്ചപ്പുല്ലുപോലെ മരതകക്കല്ല് കാണിച്ച് ആ മാനിനെ ചതിച്ച് അടുത്തുവരുത്തുന്നിടമാണ് ആ പട്ടണം എന്നു സാരം. മാളികയുടെ പൊക്കം കാണിക്കാനുള്ള അലങ്കാരകല്പന.

നിലവിലുള്ള പ്രസാധനങ്ങളിൽ ഈ ശ്ലോകത്തിന്റെ പാഠവും അർത്ഥവും തീരെ വികലമായിട്ടാണ് കാണുന്നത്.

'വളർമതി' എന്നതിന് മാളികയുടെ വളരിന്മേലുള്ള കൃത്രിമ ചന്ദ്രനെന്നു ചിലർ വ്യാഖ്യാനിക്കുന്നു. "വൻപുല്ല് പാട്ടേ വാടാ

യെൻറായ് മുലയിണ ചതിച്ചങ്ങണച്ചീടുമേടം'' എന്നു മൂ. പാ. 'പൈം പുല്ലുപോലെ വാടാമാലക്കുഴലികൾ ചതിച്ചു'' ഇത്യാദി ഗ്ര. പാ. സമീചീനം, പൈം പുല്ലുപോലെ മരതക്കല്ല് കാട്ടി എന്ന് അർത്ഥം. പാടേ-പാടത്തൂടെ, വാടാ-വന്നാലും എന്നു ഭാരതത്തോടു പറയുന്നതായ കഥ ചില വ്യാഖ്യാതാക്കളുടെ കല്പനയാണ്. 'ഊടേ കാട്ടിൽ' എന്ന ഗ്രന്ഥപാഠത്തെക്കാൾ 'ഊടേ കാട്ടി' എന്ന മൂ. പാ. കൊള്ളാം, ഊടേ എന്നതിനു 'നേരെ' എന്ന അർത്ഥമാണു ചേരുന്നതു്.

മത്തേഭാനാം വളർ ചെവികളാമാലവട്ടങ്ങൾകൊണ്ടും
നെച്ചേറ്റീടും മുറ്റു കതിരവാലായ വെഞ്ചാമരൈശ്ച
കെല്പാർന്നീടും പടയിൽ നടുവേ സാദരം വീജ്യമാനാ
നിത്യം വീരത്തിരുവനിതയും തത്ര മേവീടുമേടം. 4

['മത്തേഭാനാം' എന്നു തുടങ്ങുന്ന നാലാം ശ്ലോകം തൊട്ട് 'ചോലാവാടത്തിൻ നിഴലെ' എന്ന 9-ാം ശ്ലോകംവരെ ആറു പദ്യങ്ങൾ താളിയോല ഗ്രന്ഥത്തിലില്ല. മദ്രാസ് മാതൃകയിൽ ഉണ്ട്.]

മത്തേഭങ്ങളുടെ-മദിച്ച ആനകളുടെ, വളർ-വളർന്ന (വലിയ), ചെവികളായ ആലവട്ടങ്ങൾകൊണ്ടും, നെച്ച് ഏറ്റീടും മുറ്റുകതിരവാലായ വെഞ്ചാമരങ്ങളെക്കൊണ്ടും, കെല്പാർന്നീടും-ശക്തിയുള്ള, പടയുടെ നടുവിൽ, സാദരം-ആദരവോടെ, വീജ്യമാനാ-വീശപ്പെടുന്ന, വീരത്തിരുവനിത-വീരലക്ഷ്മി, വസിക്കുന്നിടമാണ്, അവിടമെന്ന് ശേഷം. പാഠശോധന ചെയ്യാൻ നിവൃത്തിയില്ല. നെച്ച്-ഭംഗി, നെച്ച്-ഇളക്കം (?).

വില്പാൻ ചെൽകിൽ ത്രിഭുവനമിദം കൊള്ളുമാറാർജ്ജി-
താർത്ഥൈ-
രാഢ്യപ്രായൈരിനിയ വചസാമാഢ്യവംശപ്രധാനൈഃ
നാനാ രത്നദ്രവിണമണിയിൻറാപണശ്രേണി തോറും
നാണിപ്പോമാറളക നളിനപ്പെൺ കളിച്ചീടുമേടം. 5

ഇദം ത്രിഭുവനം - ഈ മൂന്നു ലോകവും (തന്നെ), വില്പാൻ ചെൽകിൽ കൊള്ളുമാറ്-വാങ്ങത്തക്കവണ്ണം, ആർജ്ജിതാർത്ഥൈഃ-ആർജ്ജിതാർത്ഥന്മാരും-ധനം സമ്പാദിച്ചിട്ടുള്ളവരും, ഇനിയ വചസാം-നല്ലവാക്കുകൾക്ക്-നല്ലവാക്ക് പറയാൻ, ആഢ്യപ്രായൈഃ-ആഢ്യതുല്യന്മാരും, ആഢ്യവംശപ്രധാനൈഃ-ആഢ്യവംശത്തിൽ പ്രധാനന്മാരെക്കൊണ്ട്, നാനാ രത്നങ്ങളും, ദ്രവിണങ്ങളും-പണങ്ങളും, അണിയുന്ന, ആപണശ്രേണി-കടത്തെരുവുകൾ, തോറും, അളക നാണിപ്പോമാറ്-അളകാപുരി നാണിക്കത്തക്കവണ്ണം, നളിനപ്പെൺ-ലക്ഷ്മീദേവി, കളിച്ചീടുന്ന സ്ഥലമാണ്, അത് എന്നു ശേഷം.

ആഢ്യവംശപ്രധാനന്മാരായ കച്ചവടക്കാർ ബ്രാഹ്മണരോ ചെട്ടികളോ ആയിരിക്കാം.

ബാലസ്ത്രീണാം മുലയിൽ മലിയും കുങ്കുമച്ചാറു ചേരായ്-
ച്ചാലപ്പൂണ്ണും കമലകലിതാ ശ്രീമതീ ശൈലകന്യാ
മാലക്കാലത്തളികം തെളിവുറ്റുമ്പിനോരാമ്പൽ വണ്ടു-
റോലും കോലപ്പവനമൊടുടൻ ചേർന്നു മേവീടുമേടം. 6

ബാലസ്ത്രീകളുടെ മുലയിൽ, മലിയുന്ന - നിറഞ്ഞു വഴിയുന്ന, കുങ്കുമച്ചാറു ചേരായിൽനിന്ന്, ചാലെ - ഭംഗിയായി, പൂണ്ണും - ഉണ്ടാകുന്ന, കമലങ്ങളാൽ കലിതയും - താമരപ്പൂക്കൾകൊണ്ടു മനോഹരയും, ശ്രീമതിയും - ശോഭാവതിയും ആയ, ശൈലകന്യാ - കന്നിർമകൾ (ആറ്), മാലക്കാലത്ത് സന്ധ്യാകാലത്ത്, അളികം - വണ്ടുകൾ, തെളിവുറ്റ് - സന്തോഷത്തോടെ, ഉമ്പിന - നുകരുന്ന, (തെളിവായ് ചുംബിനോരാമ്പൽ എന്നു പ. പാ.) ആമ്പൽ വണ്ടുറ്റ് ഓലുന്ന കോലപ്പവനനൊടു - നല്ല കാറ്റിനൊടു, ചേർന്ന് മേവീടുന്ന സ്ഥലമാണ്, അത് എന്നു ശേഷം. 'കമലകലികാ ശ്രീമതി' എന്ന പാഠത്തിൽ 'കമലകലികകൊണ്ടു ശ്രീമതിയായ' എന്ന് അർത്ഥം.

യുവതിമാർ കുളിക്കുമ്പോൾ അവരുടെ മുലയിൽനിന്ന് ഇഴിയുന്ന കുങ്കുമച്ചാറു കലർന്നു കിടക്കുന്ന ചേറിൽനിന്നു വളരുന്ന താമരമൊട്ടുകൾ കൊണ്ട് അഴകാർന്ന ആറ്. സന്ധ്യാകാലത്ത് വിരിഞ്ഞുവരുമ്പോൾ വണ്ടുകൾ തേൻ നുകരുന്ന ആമ്പലുകളെ തഴുകുന്ന മന്ദമാരുതനോടുകൂടി മേവുന്ന സ്ഥലം എന്നു താത്പര്യം.

ഇത് മീനച്ചിലാറെന്നും മൂവാറ്റുപുഴ ആറെന്നും വ്യാഖ്യാനങ്ങളിൽ പറഞ്ഞിട്ടുള്ളതു ശരിയല്ല. കടുത്തുരുത്തിയിൽ തളിയിൽ ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശത്തുകൂടെ ഒഴുകുന്ന വലിയ തോടാണ്. അവതാരിക നോക്കുക. 'ശൈലകന്യാ' എന്ന പ്രയോഗം കൊണ്ടു തളിയിൽക്ഷേത്രത്തിലെ പാർവതിയെപ്പറ്റിയും സൂചനയുണ്ടെന്നു തോന്നുന്നു.

കമലകലിതയായ ആ നദീനായിക ആമ്പൽപ്പൂംപട്ടുടയണിഞ്ഞ മാതൃത്വത്തൊടു ശോഭിക്കുന്നു എന്നു സാരം.

ദ്വീപാൽ ദ്വീപാൽക്കടലരികൊളും ചോങ്കിൽ വന്നർത്ഥജാലം
കൂടക്കൂടെ ക്രമുകമരിചം കൊണ്ടുചെന്റങ്ങു നൽകി
തോണിക്കൂട്ടം മുഴുകമുഴുകക്കൊണ്ടുചെന്റാന്റിനോടൊ-
ന്റൊന്റിത്തിങ്ങത്തനലിലണയത്താഴ മേവീടുമേടം.

ദ്വീപാൽ ദ്വീപാൽ - പല ദ്വീപുകളിലും നിന്ന്, കടലരികൊളും - കടലിന്റെ തീരം വരെ, ചോങ്കിൽ വന്ന - ചീനക്കപ്പലിൽ കൊണ്ടുവന്ന,

അൎത്ഥജാലത്തെ-പദാൎത്ഥങ്ങളെ-കച്ചവടസാമാനങ്ങളെ, ക്രമുകമരിചം-ക്രമുകം-പാക്കും, മരിചം-കുരുമുളകും, അവ കൊണ്ടുചെന്നു നല്കി-കടലിൽ കൊണ്ടുചെന്ന കപ്പൽക്കാൎക്കു കൊടുത്തിട്ട്, തോണിക്കൂട്ടം-വള്ളങ്ങൾ, മുഴുക മുഴുക-നിറയെ, കൊണ്ടു-വാങ്ങിച്ചുവന്ന്, മന്നിനോടൊന്ന് എത്തി, തണലിൽ (ആററിൽ) തങ്ങലുള്ളിട്ടു്, ആനയൊഴെ അടുത്തു താഴ്ന്നു്, മരുവുന്ന സ്ഥലമാണ് അവിടം.

അന്നു കുട്ടനാട്ടിൽ ഉണ്ടായിരുന്ന വിദേശവാണിജ്യത്തെ ഈ പദ്യം വിശദമാക്കുന്നു. കടലിൽ കപ്പലുകൾ വന്നുനില്ക്കുമെന്നും തോണികളിൽക്കൂടെ കച്ചവടസാമാനങ്ങൾ കയററുകയും ഇറക്കുകയും ചെയ്യുമെന്നും പറഞ്ഞിരിക്കുന്നു.

> ഇരടിക്കൂടിക്കനമളികലം ചേൎന്ന പൂങ്കാവു തോറും
> കൂടക്കൂടത്തുതുട മലർതെന്റൽ പെയ്യോരു-നേരം
> ആടിക്കൊണ്ടൽപ്പെരുമഴയിതെന്റിങ്ങനെ കല്പയിത്വാ
> വേനക്കാലത്തഴകൊടു മയിൽക്കൂട്ടമാടീടുമേടം. 8

ഇരടിക്കൂടി-വഴിച്ചുകൂടി, കനം-വളരെ, അളികലം-വണ്ടിൻകൂട്ടം, ചേൎന്ന പൂങ്കാവുതോറും കൂടെക്കൂടെ മലർതെന്റൽ പെയ്യോരു നേരം-നല്ലവണ്ണം വിടൎന്നിട്ടുള്ള പൂക്കളിലെ തേൻ-തേൻ, പെയ്യുമ്പോൾ-പൂങ്കാവിൽ തുടരെ വിടൎന്നിട്ടുള്ള പൂക്കളിൽ കാററു തട്ടി തേൻ പൊഴിയുമ്പോൾ എന്ന് അഭിപ്രായം. ഇതു്-തേൻ പെയ്യുന്നതു്, ആടിക്കൊണ്ടൽപ്പെരുമഴ-ആടിമാസത്തെ മേഘത്തിൽനിന്നുള്ള പെരുമഴ-കൎക്കടകമാസത്തിലെ വലിയ മഴ [ആടിക്കൊണ്ടപ്പെരുമഴ എന്നു മ. മാതൃക] എന്ന് ഇങ്ങനെ, കല്പയിത്വാ-കല്പിച്ചിട്ട് വേനക്കാലത്തു്-വേനൽക്കാലത്തു്, മയിൽക്കൂട്ടം അഴകൊടു് ആടുന്നിടമാണ് അവിടം.

മഴക്കാലത്തു മാത്രമല്ല, വേനൽക്കാലത്തു പോലും അവിടെ മയിൽ ആടുന്നു എന്നു സാരം. മയിൽ ആടുന്നതു് മേഘവും മഴയും ഉള്ളപ്പോൾ ആണല്ലോ. വേനൽക്കാലത്തും പൂന്തേൻമഴ പൊഴിയുന്നതുകൊണ്ടു് അവിടെ മയിൽ ആടുന്നു എന്ന് കവിയുടെ യുക്തി.

'മലർതെന്റൽപെയ്യ' എന്നെടുത്തു് 'തെന്റൽ-കാററു്'-മലർപെയ്യ-പൂക്കളെ പൊഴിച്ചു് എന്ന് അൎത്ഥം കല്പിച്ചുകാണുന്നതു് യുക്തമല്ല. തേൻറൽ-തേൻ എന്ന അൎത്ഥത്തിൽ I. 96-ാം ശ്ലോകത്തിലും ഉണ്ടല്ലോ. അന്നു കുട്ടനാട്ടിൽ ധാരാളം മയിലുകൾ ഉണ്ടായിരുന്നിരിക്കണം.

> പൊന്മാടത്തിൻ നിഴലിലെ വെയിലെന്റാലും പെയ്യിന്റ വെള്ളം
> ചേമാവിന്റെ മധുരസമിതെന്റൻപിനോടുമ്പി നിന്റു്
> മേന്മേലൊരോ ചരിചയിൽ മടവാർ പാടുമപ്പഞ്ചമത്തിൽ
> തങ്ങൾപാലൻ തെളിവൊടു കയിർപ്പേട പാടീടുമേടം. 9

പൊന്മാടനിരകൾ-പൊൻമാളികകളുടെ. നിഴലിനെ-ശോഭയെ, വെയിലാണെന്ന് വിചാരിച്ചിട്ട്, പെയ്യിൻറ വെള്ളം-പെയ്യുന്ന വെള്ളം, തേന്മാവിൻെറ മധുരസം ആണെന്ന്, അൻപിൽ സന്തോഷത്തോടെ, ഉമ്പിനിന്ന്-നുകർന്നിട്ട്-[അമ്പിലൊത്താസ്വദിച്ചു് എന്നു മൂ. പാ.], മേലേ മേലേ ഓരോ പരിചയിൽ-ഭംഗിയിൽ, മെയ്വാൻ-സുന്ദരിമാർ, പാടുന്ന പഞ്ചമത്തിൽ, താൻ മേലാവാൻ-താൻ ജയിച്ചുനില്ക്കാൻ-കയിൽപ്പെട പാടുന്നിടമാണ്, അവിടം എന്നു ശേഷം.

മുൻപദ്യത്തിൽ വേനൽക്കാലത്തും അവിടെ മയിൽ ആടുന്നു എന്നു പറഞ്ഞതുപോലെ, ഈ ശ്ലോകത്തിൽ വസന്തത്തിൽ എന്നപോലെ മഴക്കാലത്തും അവിടെ കുയിൽ പാടുന്നു എന്നു വർണ്ണിക്കുന്നു. വേനക്കാലം എന്ന് മുൻപദ്യത്തിൽ എടുത്തു പറഞ്ഞിട്ടുണ്ടെങ്കിലും, ഈ പദ്യത്തിൽ മഴക്കാലം എന്ന് എടുത്തു പറഞ്ഞിട്ടില്ല. 'പെയ്യിൻറ വെള്ളം' എന്നതു കൊണ്ട് ആ അംശം സ്പഷ്ടമാണ്.

മഴക്കാലത്തും അവിടത്തെ കുയിലുകൾ പൊൻമേടകളുടെ പ്രകാശം വെയിലായും, പെയ്യുന്ന വെള്ളം തേൻമാവിൻെറ മധുരസം ആയും തെറ്റിദ്ധരിക്കുന്നതുകൊണ്ടു ആ പൊൻമേടകളിൽ ഇരുന്ന് പാടുന്ന സുന്ദരിമാരുടെ പാട്ടിനെ പഞ്ചമസ്വരാലാപം കൊണ്ട് ജയിപ്പാൻ ശ്രമിക്കുന്നു എന്നു കല്പന.

വാഴ്ംവണ്ണം കുമുദഹസിതം വെള്ളിമാടങ്ങൾ തോറും
മൂഴ്ം കാണാം നിഴൽ മുഴുനിലാവെൻറമാവാസി നാളും
വീഴപ്പാർത്തിട്ടമൃതസലിലം വക്ത്രരന്ധ്രം പിളർത്തി-
ത്താഴത്തെങ്ങും പരിചൊടു ചകോരങ്ങൾ മേവീടുമേടം. 10

കുമുദഹസിതം-ആമ്പൽപ്പൂവിൻെറ ഹസിതം-ഹാസം-ചിരി-ശോഭ, വാഴ്ംവണ്ണം-പുലരുന്ന പ്രകാരത്തിൽ, വെള്ളിമാടങ്ങൾതോറും-വെൺമാളികകൾതോറും, മൂഴ്ം-മുഴുവും, അമാവാസിനാളും-കറുത്തവാവിനുപോലും, നിഴൽ-ശോഭ, മുഴുനിലാവെൻറ്-മുഴുവൻനിലാവു് എന്നപോലെ, കാണാം. വെൺകളിച്ചാന്തിട്ട വെൺമാടങ്ങളുടെ ശോഭകൊണ്ട് കറുത്തവാവിൻെറ രാത്രിയിലും ആ പട്ടണത്തിൽ വെളുത്ത വാവു് എന്നു ഭ്രാന്തിയുണ്ടാകുന്നു എന്നു കല്പന. അമൃതസലിലം-അമൃതജലം, വീഴപ്പാർത്തിട്ട്-വീഴുന്നതു കണ്ടിട്ട്; മാളികയിൽനിന്ന് പുറപ്പെടുന്ന ധവളശോഭ ചന്ദ്രൻെറ അമൃതകിരണം ആണ് എന്നു ധരിച്ചിട്ട് എന്നു രൂപകാതിശയോക്തി; വക്ത്രരന്ധ്രം പിളർത്തി-വാ പിളർത്തിക്കൊണ്ട്, ചകോരങ്ങൾ-ഉപ്പൻ പക്ഷികൾ, താഴത്തു് ഇരിക്കുന്നിടമാണ്, അവിടം എന്നു സാരം.

ചന്ദ്രിക ചകോരത്തിനു പാരണയാണെന്ന് കവിസങ്കേതം. കറുത്ത വാവുന്നാൾ രാത്രിയിലും വെൺമാടങ്ങളുടെ ശോഭകൊണ്ട് ആ പട്ടണത്തിൽ വെളുത്തവാവിൻെറ ഭ്രാന്തിയുണ്ടാകുന്നു. വീഴ്ംവണ്ണം എന്നു മൂ. പാ. വാഴ്ം

വർണ്ണം എന്ന ഗ്ര. പാ. തെറ്റും. മ. പാഠമനുസരിച്ചാൽ പുനരുക്തിദോഷം വരും. ചൂഴത്താഴും നിഴൽ എന്ന് ഗ്ര. പാ. 'ചൂഴെംകാണാം നിഴൽ' എന്ന് മൂ. പാ. 'വക്ത്രമാവൃത്യ പോലെ' എന്ന് ഗ്ര. പാ. വക്ത്രരന്ധ്രം പിളർത്തി എന്ന് മൂ. പാ. 'ആവൃത്യപോലെ' എന്നതിന് പിളർത്തിയ പോലെ എന്ന് അർത്ഥം.

[അമൃതസലിലമായ-കോതിവെള്ളം നിറഞ്ഞ, വക്ത്രരന്ധ്രം പിളർത്തിക്കൊണ്ട് ചകോരങ്ങൾ മേവുന്നിടം എന്ന് ഒരു വ്യാഖ്യാനത്തിൽ കാണുന്നതു ശരിയല്ല.]

മാടിൽച്ചാടിത്തുള്ളുമിളമാൻകണ്ണിമാർ കൈ തൊഴുമ്പോൾ
പേടിച്ചുള്ളൊരചലതനയാം നോക്കി നോക്കാത പോലെ
ഓടിപ്പോമാറഖിലദുരിതം ബിംബലീപാലകാനാം
കേടറ്റീടും തളിയിലുടനേ തമ്പുരാനമ്പുമേടം. 11

മാടിൽ-മേടയിൽ, ചാടിത്തുള്ളുന്ന ഇളമാനിനെപ്പോലെ കണ്ണുകളോടു കൂടിയവർ-തരളാക്ഷിമാർ, കൈതൊഴുമ്പോൾ, അചലതനയാം-പാർവ്വതിയെ, ഉള്ളിൽ പേടിച്ച്-അധികം ഭയപ്പെട്ട്, നോക്കി നോക്കാത പോലെ-സ്ത്രീകളെ നോക്കിയാൽ പാർവ്വതി കോപിക്കുമെന്ന് ഭയപ്പെട്ട് അവരെ നോക്കി നോക്കിയില്ല എന്ന പ്രകാരത്തിൽ, ബിംബലീപാലകാനാം വടക്കുംകൂർ രാജാക്കന്മാരുടെ അഖിലദുരിതം-ദുരിതം മുഴുവൻ, ഓടിപ്പോമാറ്-ഓടിപ്പോകുന്ന വിധത്തിൽ, കേടറ്റീടും-ദോഷരഹിതമായ തളിയിൽ ക്ഷേത്രത്തിൽ തമ്പുരാൻ മേവുന്നിടമാണ് അവിടം. സ്ത്രീകൾ വന്ന് കൈതൊഴുമ്പോൾ അവരെ അനുഗ്രഹിച്ചാൽ പാർവ്വതിക്ക് കോപമാകുമോ എന്നു ഭയപ്പെട്ട്, അവരെ നോക്കിയെന്നും നോക്കിയില്ലെന്നും ഉള്ള പ്രകാരത്തിൽ ഇരിക്കുന്ന ശിവൻ—എന്നു ശിവനെ വർണ്ണിക്കുന്നു. ബിംബലീപാലകന്മാരുടെ ദുരിതം എന്നു എടുക്കാതെ, തൊഴുന്ന സ്ത്രീകളുടെ ദുരിതം എന്നോ, രണ്ടുപേരുടെയും ദുരിതം എന്നോ എടുക്കുന്നതിലും തെറ്റില്ല. അപ്പോൾ ബിംബലീപാലകന്മാരുടെ തളിയിൽ തമ്പുരാൻ അമ്പുമേടം എന്നു വ്യാഖ്യാനിക്കാം.

ഷൾക്കർമ്മത്തിന്നൊരു മൃതസഞ്ജീവനം വല്ലവോർക്കും
ദിക്കില്ലല്ലോ മതങ്ങുളികായന്ത്രമെന്നോളമിൻറ്
മൈക്കണ്ണാരെത്തരുന്നരുണവാൻ മൈ തരാം തന്ത്രമെന്ന-
ന്റകം പോയും ക്ഷപണകജനം വീടരായ് മേവുമേടം. 12

അവിടെ ക്ഷപണകന്മാർ ധാരാളം ഉണ്ടായിരുന്നു എന്നു വർണ്ണിക്കുന്നു. ബുദ്ധമതത്തിലോ ജൈനമതത്തിലോ പെട്ട ഭോടസന്മാരാണ് അവർ. ഗുളിവെച്ചുനടക്കം മന്ത്രവാദികളുമായി ഒരു കാലത്തു ചമഞ്ഞിരുന്ന അത്തരക്കാരെ പരിഹസിക്കുകയാണ് കവി ഇവിടെ ചെയ്യുന്നത്.

ഷട്കർമ്മത്തിന്ന് എളുതാണ്. ഇതു് അഭിചാരപ്രയോഗമോ വൈദ്യപ്രയോഗമോ മറ്റോ ആയിരിക്കണം. യാഗയജനാദികൾ എന്നു ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. മൃതസഞ്ജീവനം വല്ലവോർക്കും-മൃതസഞ്ജീവനവിദ്യ സാധിച്ചവർക്കും, മന്ത്രഗുളികായന്ത്രം-മന്ത്രഗുളിക എന്ന യന്ത്രം, എന്നോളം-എന്നെപ്പോലെ, ഇന്നു ഒക്കില്ലല്ലോ-അറിഞ്ഞുകൂടല്ലോ. 'ഒക്കില്ലല്ലോ' എന്നു് മൂ. പാ. മൈക്കണ്ണാരെ-സുന്ദരിമാരെ, തങ്ങൾതങ്ങൾ-യുവാക്കന്മാർ സമീപിക്കുന്നതിന്, മൈ-മഷി, താം-തന്റേതു് എന്നു്, എന്നുറ അംഗന്, അക്കം ചേർന്നു-വിലചേർന്നു, ക്ഷപണകജനം-ക്ഷപണകന്മാർ, വീടരായ് മേവുന്ന സ്ഥലമാണ് അവിടം. അവിടെ അവർ വീടു കെട്ടി താമസിക്കുന്നു എന്നു സാരം. വീടരായ് എന്നതിന് വേശ്യാഗൃഹത്തിൽ കുടിപാർക്കുന്ന എന്ന വ്യാഖ്യാനം സ്വീകാര്യമല്ല. 'മന്ത്രഗുണികായന്ത്രം' എന്നും പാഠമുണ്ട്.

ആർക്കാവേക്കാറം നവരമയിരുർ നൻറു്, നമ്മോടു കേട്ടി-
ട്ടാലത്തൂർക്കും ചില കുറിമതന്നുണ്ടു കൈപ്പുണ്യമില്ല;
മാരപ്പൂതും മനസിജമലയ്യോട്ടു മൂന്നിട്ടൊഴിച്ചെ-
ന്നിത്ഥം തസ്യാം ചെറുതുടനഴകിന്റെ ദുർവൈദ്യവൃന്ദം. 13

ആർക്കാവേക്കാറം അയിരുർ, നവരം-നിശ്ചയമായും, നൻറു്-നന്നാണ്; ആർക്കാവെന്ന വൈദ്യന്മാരൊക്കാറം അയിരുർ വൈദ്യൻ നിശ്ചയമായും മെച്ചം ആണ് എന്നു സാരം. നവരം എന്നു് സംസ്കൃതമായി പിരിച്ചെടുക്കേണ്ടതില്ല. നമ്മോടു കേട്ടിട്ട്-എന്നോടു ചോദിച്ചറിഞ്ഞിട്ട്, ആലത്തൂർക്കും-ആലത്തൂർ നമ്പികളും, ചില കുറിമതന്ന വാദമുണ്ടു്; എങ്കിലും കൈപ്പുണ്യമില്ല. മനസിജമലയ്യു്-ആ ചേരിയിലുള്ള സ്ത്രീകൾ, മാരപ്പൂതും-ദുർവ്യാധിം എന്നെ, ഒട്ടു് മൂന്നിട്ടൊഴിച്ചു്-കുറിച്ചുകളഞ്ഞു; എന്നു്, ഇത്ഥം-ഇപ്രകാരം, ചെറുതു് ഉടൻ, അഴകിന്റെ-ജല്പിക്കുന്ന, ദുർവൈദ്യവൃന്ദം-ദുർവൈദ്യന്മാർ, തസ്യാം-ആ പുരിയിൽ, അവിടെ ഉണ്ടെന്നർത്ഥം.

'എന്നെ നീരഷിട്ടു മൂന്ന്' എന്നു മൂ. പാ 'എന്നെ നീരഷിട്ടുമൂന്ന്' എന്നു മാതൃക. ഒട്ടു മൂന്നിട്ടൊഴിച്ചെന്നു് ഗ്ര. പാ. 'മൂരുക' എന്നാൽ കുറിക്കുക എന്നു് അർത്ഥം. ഈ അർത്ഥത്തിൽ ഈ ശബ്ദം വടക്കേ മലയാളത്തു് ഇപ്പോഴും സാധാരണമാണ്. 'ചെറുതുടവഴകിന്റെ' മൂ. പാ. 'ചെറുതുടനഴകിന്റെ' എന്നു് ഗ്ര. പാ. കൊള്ളാം.

കേട്ടീലല്ലീ കിരണമലമേൽ പ്പഞ്ചകം ഞാൻ ചമച്ചോ-
ൻറാട്ടം ചൊൻറാൽപ്പടവ തരുവൂണ്ടമ്മയൂർത്തേവിയമ്മൻ
ആട്ടം ചെയ്യുക്കവിത ചുവയില്ലെൻറാരോ മാതർവീട്ടിൽ
പാട്ടും ചൊല്ലിക്കഴച്ചന കവിക്കാരർ മേവീട്ടമേതം. 14

കിരണമലമേൽ-കിരണമല എന്ന നായികയെപ്പററി, ഞാൻ ചമച്ചൊൻറു്-ഉണ്ടാക്കിയ, പാബകം-അമ്മു ശ്ലോകം, കേട്ടീലല്ലീ-നിങ്ങൾ കേട്ടില്ലേ? ആട്ടം എന്നതിന് ഉളക്കിത്തീർക്കും എന്ന അർത്ഥം പിഷാരടി നല്കുന്നു. ഒൻറാട്ടം-ഒരു പ്രാചക്യം എന്ന് വേറൊരു വ്യാഖ്യാനത്തിൽ. നിങ്ങൾ കേട്ടാൽ ഒന്ന് ആട്ടം-താററും. അർത്ഥം സ്പഷ്ടമല്ല. നിങ്ങൾ അതു കേട്ടാൽ ആട്ടം താററും-പുച്ഛിക്കും, എന്ന് ആയിരിക്കാം. എന്നാൽ അമ്മനൂർ തേവിയമ്മൻ എന്ന ഒരർത്ഥം കൂടെ തരാവുണ്ട്. കവിതയ്ക്കു സമ്മാനമായി എന്നു ശേഷം. ഒട്ടും ചെല്ലൂർ കവിത ചൂവയില്ല മാട്ടും ചെല്ലൂരിന്റെ കവിതയ്ക്കു സ്വാദില്ല എന്നായിരിക്കും അർത്ഥം. ചെല്ലൂർകവിത എന്ന മൂ. പാ എൻറു് ഒരോ മാതർ വീട്ടിൽ-എന്നു ഓരോ സ്ത്രീകളുടെ വീട്ടിൽ, പാട്ടും ചൊല്ലിക്കൊണ്ടു്, കറങ്ങി-ചിലെടത്തു്, കവികാരർ-ദുർവ്വിവികൾ, ചെയ്യുന്ന സ്ഥലം ആണ് അവിടം.

ചിററപ്പന്റെ പകുതിയകതിക്കാക്കവാൻ നോക്കിടാനീം
മറെറൻ കൂറോ മുഴുവനവൾക്കുപോരാക്കി നീർവീഴ്ത്തിനേൻ ഞാൻ
കററം ചൊൽവോ മമ നിയതവും പെററ മുത്തച്ചിയാരെ-
ന്നിത്ഥം തന്ന്യാം ചില ജളരൊരോ പാടഴച്ചിട്ടമേടം. 15

ചിററപ്പന്റെ പകുതി-പകുതി സ്വത്തു്, അകതിക്കാക്കവാനാണ് ഇപ്പോഴത്തെ നോക്ക്-നോട്ടം; അകതിക്ക്-സ്വാധീനത്തിൽ എന്ന് ശ്രീ. പിഷാരടി. അകതി എന്നതിന്റെ തത്സമമാകാം ഈ ശബ്ദം. അഗതിയായ തന്റെ മേൽക്കു് എന്നായിരിക്കും വിവക്ഷ എന്നു തോന്നുന്നു. മറെറൻ കൂറോ എന്റെ ഒരോ ഓഹരിയോ, അതു മുഴുവൻ അവൾക്കു പോരാക്കി ഞാൻ നീർവീഴ്ത്തി-ദാനം ചെയ്തു. 'മറെറാക്കൂറോ മുഴുവനവർ പോരാക്കി' എന്ന മൂ. പാഠത്തെക്കാൾ ഗ്ര. പാ. സമീചീനം. നിയതവും-നിത്യവും, പെററ മുത്തച്ചിയാരു്-എന്നെ പെററ വൃദ്ധയായ മാതാവു്, മമ കററം ചൊൽവോ-ചൊല്ലുന്നവളു്. 'കററം നമ്മെച്ചൊറുതു പറയും പെററ മുത്തമ്മയാരു്' എന്നു മൂ. പാ. എന്നു്-ഇപ്രകാരം, ചില ജളർ, ഒരോ പാടു്-ഓരോ സ്ഥലത്തു്, അഴച്ചിട്ടമേടം-വിളിക്കുന്നു-ഉല്ലിക്കുന്ന-സ്ഥലമാണ് അവിടം. ഉഴച്ചിട്ടും എന്ന മൂ. പാഠത്തെക്കാൾ അഴച്ചിട്ടും എന്ന ഗ്ര. പാ. സമീചീനം.

[കട്ടുത്തുരുത്തിയുടെ സാമാന്യവർണ്ണനയിൽ അവിടത്തെ കച്ചവടത്തെയും വേശ്യാവൃത്തിയെയും പററി പറഞ്ഞു കഴിഞ്ഞതിൽ അവിടത്തെ കിടപ്പണക്കാരെയും ധനിവൈദ്യന്മാരെയും ദുഷ്കവികളെയും ദുരാഗ്രഹികളെയുമാണ് കവി എടുത്തു പറയുന്നതു് എന്നു് ഓർക്കുക.]

മുണ്ടെക്കൽച്ചേന്നഖിലനയനാനന്ദമാമുണ്ണുനീലീ
പീയൂഷത്തോടിനിയ മണികണ്ഠാഖ്യകല്ലൂർമേണ
ധന്യൈരന്യൈരപി സമമിദം ദേവലോകൈകദേശം
മന്യേ നിർമ്മിച്ചതു മദനനാം ഗാഥിസൂനുർമുനീന്ദ്രഃ 16

മുഞ്ഞുഷ്ഠൂർ ചെന്ന് അഖിലനയനാനന്ദമായ - എല്ലാവരുടെയും കണ്ണിന് ആനന്ദമായ, ഉണ്ണനീലിയാകുന്ന പീയൂഷത്തോട് - അമൃതത്തോടും, ഇനിയ - നല്ല, മണിഗ്രീവാഖ്യകല്പദ്രുമേണ - മണിഗ്രീവൻ എന്ന പേരുള്ള കല്പവൃക്ഷത്തോടും, ധന്യൈഃ അന്യൈഃ അപി - ധന്യന്മാരായ മറ്റു ചിലരോടും, സമം - ചേർന്ന്, ഇദം - ഇത്, ദേവലോകൈകദേശം - ദേവലോകത്തിന്റെ ഒരു ഭാഗം, മന്നനാം ഗാധിസൂനുഃ മുനീന്ദ്രഃ - മന്നനായ ഗാധിപുത്രമഹർഷി - വിശ്വാമിത്രൻ, നിർമ്മിച്ചതു് ആണെന്ന്, മന്യേ - ഞാൻ വിചാരിക്കുന്നു.

മുന്നിൽക്കാണാം തദനു യമുനാഖണ്ഡമെന്നും കണക്കേ
സീരാകൃഷ്ടം വടമഥുരയിൽ പ്പണ്ടു സീരധ്വജേന
നീലസ്വച്ഛം മലിചിറ നിറന്നുല്ലസദ്വാരിപൂരം
പാരാവാരം പരിഹസദിവ പ്രൗഢകല്ലോലജാലൈഃ. 17

തദനു - പിന്നെ, സീരധ്വജേന - കലപ്പ കൊടിയടയാളമായിട്ടുള്ളവനാൽ, ബലരാമനാൽ, പണ്ട് വടമഥുരയിൽ - വടക്കുള്ള മധുരാപട്ടണത്തിൽ, സീരാകൃഷ്ടം - കലപ്പയാൽ വലിച്ചുകൊണ്ടുപോകപ്പെട്ട, യമുനാഖണ്ഡം എന്നും കണക്കേ - യമുനയുടെ ഖണ്ഡം എന്നപോലെ, നീലസ്വച്ഛം - നീലവും സ്വച്ഛവുമായ, വാരിപൂരം - ജലസമൂഹം, നിറഞ്ഞുല്ലസത് - നിറഞ്ഞുല്ലസിക്കുന്നതും, പ്രൗഢകല്ലോലജാലൈഃ - ഉയർന്ന കല്ലോലജാലങ്ങളാൽ, പാരാവാരം - സമുദ്രത്തെ, പരിഹസദ് ഇവ - പരിഹസിക്കുന്നോ എന്നു തോന്നുന്നതും, ആയ മലിചിറ മുന്നിൽ കാണാം. 'നിറന്നുല്ലസദ്' എന്ന മൂ. പാഠത്തെക്കാൾ 'നിറഞ്ഞുല്ലസദ്' എന്ന ഗ്ര. പാ. കൊള്ളാം.

നീരാടിൻറോ ചില ചലദൃശാം പൂർണ്ണചന്ദ്രാഭിരാമം
വക്ത്രം മുക്കും പൊഴുതു മുഴുവൻ കൂമ്പുമാമ്പൽപ്രസൂനം
കൂടെപ്പിന്നെത്തെളിവിനൊടെഴക്കണ്ടു വിഞ്ജിച്ചിരിച്ചി-
ട്ടംഭോജാനാം പകലപി നിറക്കേടണച്ചീടുമോർത്താൽ. 18

മലിചിറയെ വർണ്ണിക്കുന്നു.

നീരാടിൻറോ - കുളിക്കുന്നവരായ, ചില ചലദൃശാം - ചില ചഞ്ചലാക്ഷിമാരുടെ - സുന്ദരിമാരുടെ, പൂർണ്ണചന്ദ്രാഭിരാമം ആയ, വക്ത്രം - മുഖം, മുക്കും പൊഴുതു് - മുക്കുമ്പോൾ, ആമ്പൽ പ്രസൂനം - മുഴുവൻ കൂമ്പും. ആമ്പൽപ്പൂവ് എല്ലാം കൂമ്പും. പിന്നെ - അതിനുശേഷം, തെളിവിനൊട് - സന്തോഷത്തോടെ, എഴക്കണ്ട് - എഴുന്നതു കണ്ട് - വെള്ളത്തിൽ നിന്ന് മുഖം പൊങ്ങുന്നതു കണ്ട്, വിഞ്ജിച്ചിരിച്ചിട്ട് - ഹാസം ചൊരിഞ്ഞ് വികസിച്ചിട്ട്, പകലപി - പകൽ പോലും, അംഭോജാനാം - താമരകൾക്ക്, നിറക്കേടണച്ചീടുമോർത്താൽ - നിറക്കേടണയ്ക്കുന്നതാണ് - വൈവർണ്ണ്യമുണ്ടാക്കുന്നതാണ്, അവിടം.

‘തെളിവിനൊടെലൊക്കണ്ടു്’’ എന്ന മൂ. പാ. അസാധുവാണു്. ‘എലാക്കിനു’’ എഴുന്നെല്ലുമ്പോൾ എന്നും, ഈ ലാക്കിൽ എന്നും, അല്ലം എന്നും വ്യാഖ്യാനിച്ചിരിക്കുന്നതു് ഇല്ലാത്ത വാക്കിനു് അർത്ഥം കല്പിക്കാനുള്ള യത്നത്തിലാണു്. ‘എതെഴക്കണ്ടു്’’ എന്ന ഗ്ര. പാ. ശരി. എഴുന്നതു കണ്ടു് എന്നു് അർത്ഥം.

മതിമുഖിമാർ കളിക്കാൻ മുതിരുമ്പോൾ ചന്ദ്രൻ അസ്തമിക്കുമോ എന്നവണ്ണം ആമ്പൽ കൂമ്പുകയും, അവരുടെ മുഖം വെള്ളത്തിൽനിന്നു പൊന്തുമ്പോൾ വീണ്ടും വിരിയുകയും ചെയ്യുമെന്നും, അങ്ങനെ പകൽ പോലും ആ ചിറയിലെ താമരകൾക്കു നിറകേടു് ഉണ്ടാകും എന്നും കവി സങ്കല്പം.

കണ്ടിക്കാർ മൽക്കുഴൽനിഴലിടകളെങ്ങു് കൈമുക്കുറ്റിരണ്ടും
കണ്ടിപ്പായികിടയിൽ വിലസും കെണ്ടമീനെൻറ്റാങ്ങു്
തണ്ടിൽച്ചൊല്ലാർ കളിറ വളരും പോർമുലക്കൻറിരണ്ടും
മണ്ടട്ടായ്ക്കൊണ്ടഴിനില മറന്നവരെപ്പൂൽകവൊൻറ്. 19

കണ്ടിക്കാരോടു മത്സരിക്കുന്ന കുഴലിന്റെ (തലമുടിയുടെ) നിഴലിന്റെ ഇടയിൽ, മയ്യുണ്ണു് ഇരണ്ടും-രണ്ടും, കണ്ടു്, കണ്ടിപ്പായികിടയിൽ-കണ്ടിപ്പായലിനു് ഇടയിൽ, വിലസും-ശോഭിക്കുന്ന, കെണ്ടമീനെന്റു് - (രണ്ടു) കെണ്ടമീനാണു് എന്നു്, ഓർത്തു് - സന്ദേഹിച്ചു് തണ്ടിൽ ചൊല്ലാർ- വീണാവാദനികൾ, കളിറ വളരും - കൂട്ടത്തിൽ വളരുന്ന, പോർമുലക്കൻറിരണ്ടും - രണ്ടു പോർമുലകളും, മണ്ടട്ടായ്ക്കൊണ്ടു് - മൺകുടങ്ങളായി കരുതി, അഴിനില മറന്നു് - അഴിഞ്ഞ നില വിസ്മരിച്ചിട്ടു് - നന്നേ വിസ്മരിച്ചു്, അവരെ-കാമുകന്മാരെ, പൂൽകവൊൻറ് - പുൽകുന്നു. മണ്ടട്ടു-മണ്ണു കൊണ്ടുള്ള തട്ടു്; ‘മണ്ടട്ടു’’ എന്ന സമാസരൂപം കാണ്ക. ‘കണ്ടാട്ടായ് കൊണ്ടു’’ എന്ന മൂ. പാ. അസാധു. തമിഴിൽ ഉരക്കുന്ന വിധത്തിൽ ചെയ്തു കൊണ്ടു് എന്നു് ഒരു വ്യാഖ്യാനത്തിൽ അർത്ഥം കൊടുത്തിരിക്കുന്നു. ഇതു സ്വീകാര്യമായി തോന്നുന്നില്ല. മണ്ടട്ടായ്‌കൊണ്ടു് എന്നാണു് ഗ്ര. പാ.

വെള്ളത്തിൽ പ്രതിഫലിച്ച തലമുടി കരിംപായലായും, കണ്ണു് കെണ്ടമീനായും, മുലകൾ മൺകുടങ്ങളായും ഭ്രമിച്ചു് സ്ത്രീകൾ (അടുത്തുനിന്നു കളിക്കുന്ന) കാമുകന്മാരെ പുൽകുന്നു എന്നു സാരം.

കണ്ടിപ്പാകികിടയിൽ മൂ. പാ. കണ്ടിപ്പായികിടയിൽ എന്ന ഗ്ര. പാ. ശരി. കണ്ടമീൻ മൂ. പാ. കെണ്ടമീൻ ശരിയായ രൂപം.

തണ്ടിൽച്ചൊല്ലാർ തെൻമൊഴിമാരെന്നു് ഒരു വ്യാഖ്യാനത്തിൽ ഉദ്ധരിക്കുന്നതു ശരിയല്ല. തണ്ടു്=വീണ. തണ്ടിൽച്ചൊല്ലാർ വീണാവാദിനിമാർ എന്നു് അർത്ഥം.

നേരെ കാണാം വഴിയിലരികേ കോതപൂർവ്വം പൂരം തേ
പാരേ തസ്യിൻ ഭുവനജയിനാം വീര! ഭൂപാലമൗലേ!
ദേവാധീശാനിളയ പരനെത്തത്ര കൗന്തേയമിത്രം
ദേവം ഗോപീജനകുചതടീലമ്പടം കുമ്പിടമ്പിൽ. 20

ഭുവനജയിനാംവീര ലോകജേതാക്കളിൽ വീരനായുള്ളോവേ! ഭൂപാലമൗലേ! തസ്യിൻ പാരേ—ആ കരയിൽ—ആ തീരത്തിൽ, നേരെ വഴിയരികിലായി, തേ—അങ്ങയ്ക്ക്, കോതപൂർവ്വം പുരം—കോതപുരം കാണാം. മലിച്ചിറയുടെ കിഴക്കേക്കരയിലുള്ള ഗോവിന്ദപുരം കൃഷ്ണക്ഷേത്രം. തത്ര ദേവാധീശനിളയ പരനെ—ദേവേന്ദ്രന്ന് ഇളയപ്പനായ പരംപുരുഷനാം, കൗന്തേയമിത്രം—കുന്തീപുത്രനായ അർജ്ജുനന്റെ മിത്രവും— അല്ലെങ്കിൽ കുന്തീപുത്രന്മാരുടെ മിത്രവും, ഗോപീജനകുചതടീലമ്പടം—ഗോപീജനങ്ങളുടെ കുചതടങ്ങളിൽ ലമ്പടനാം, ആയ, ദേവം—ദേവനെ—കൃഷ്ണനെ, അൻപിൽ കുമ്പിട്ട് സന്തോഷത്തോടെ കുമ്പിട്ടാലും.

നേരെ കാണാം മൂ. പാ. നേരെ ചെന്നാൽ ഗ്ര. പാ.

മാവിൽപ്പിന്നപ്പരിചിനൊടണിഞ്ഞുണ്ണിനീനേത്രമെന്നും
നീലക്കോലക്കുവളമലർകൊണ്ടുള്ള മാലാബലേന
നീ പോന്നേരം നിരുപമഗുണോ വന്നു കാണും തദാനീം
പോരായ് വീരാൻ പൊരുത ചിരികണ്ഠാഖ്യവിഖ്യാതകീർത്തിഃ. 21

തദാനീം—അപ്പോൾ, പിന്നെ, ഉണ്ണിനീനേത്രമെന്നും—ഉണ്ണിനിയുടെ കടാക്ഷങ്ങളാകുന്ന, നീലക്കോലക്കുവളമലർകൊണ്ടുള്ള—നീലനിറത്തിൽ ഭംഗിയുള്ള കരിങ്കുവളപ്പൂക്കൾകൊണ്ടുള്ള, മാലാബലംകൊണ്ട്—മാലയുടെ ആരംകൊണ്ട്, മാറിൽ, പരിചിനൊട്ട്—ഭംഗിയായി, അണിഞ്ഞ്, നീ പോന്നേരം അവിടന്നു പോകുമ്പോൾ. നിരുപമഗുണഃ—നിസ്തുലഗുണശാലിയും, പോരായ് വീരാൻ പൊരുത—യുദ്ധമായിത്തന്നെ വീരന്മാരെ എതിരിട്ട്, ചിരികണ്ഠാഖ്യവിഖ്യാതകീർത്തി:—ശ്രീകണ്ഠൻ എന്നു പേരുള്ള മഹായശസ്വി, വന്നു കാണും. ഉപചരിക്കാനായി കാണാൻ വരും എന്ന് അർത്ഥം. മണികണ്ഠാഖ്യവിഖ്യാതകീർത്തി എന്നാണ് ഗ്ര. പാ.

[ഉണ്ണിനീനേത്രം എന്നു തുടങ്ങുന്ന പൂർവ്വാർദ്ധഭാഗത്തിന് ഉണ്ണിനിയെന്ന തരുണിയുടെ കടാക്ഷം വന്നു പതിക്കുന്ന മാറിടത്തോടുകൂടിയവൻ എന്നാണ് ശ്രീ. പിഷാരടിയുടെയും മറ്റും വ്യാഖ്യാനം. ഉണ്ണിനിയെന്ന സുന്ദരിയുടെ കടാക്ഷമാകുന്ന നീലോല്പലമാല അണിഞ്ഞുകൊണ്ട് നീ പോകുമ്പോൾ എന്നു വ്യാഖ്യാനിച്ചു കാണുന്നു. ഉണ്ണിനി അദ്ദേഹത്തിന്റെ ഭാര്യ ആയിരുന്നോ എന്നും മറ്റും അറിയാൻ നിവൃത്തിയില്ല. ഉണ്ണിനിയുടെ നേത്രം മാറിൽ പതിക്കുന്നത് ആദിത്യവർമ്മാവാണോ ചിരികണ്ഠനാണോ എന്നും വ്യക്തമല്ല.

'ഉമ്മിണി' 'രുക്മിണി'യുടെ തദ്ഭവമാണെന്നു തോന്നുന്നു. രുക്മിണിയുടെ-ലക്ഷ്മിയുടെ, കടാക്ഷമാകുന്ന നീലോല്പലമാലയണിഞ്ഞു് ആദിത്യവർമ്മ പോകുമ്പോൾ എന്നായിരിക്കാം അർത്ഥം. മുൻപദ്യത്തിൽ, കോതപുരം ക്ഷേത്രത്തിൽ ചെന്നു് ഗോപീജനകുചതടീലമ്പടനായ കൃഷ്ണനെ തൊഴുതിട്ടാണു് ആദിത്യവർമ്മ യാത്ര തുടരുന്നതു്. 'മാറ്റിൽ പിന്നെ' എന്നിടത്തു് 'പിന്നെ' എന്നതു ശ്രദ്ധേയമാണു്. കൃഷ്ണക്ഷേത്രത്തിൽ ഭജിച്ചപ്പോൾ അവിടെനിന്നു പ്രസാദമായി ആദിത്യവർമ്മയ്ക്കു കൊടുത്ത കരിങ്കുവളമലർമാല അദ്ദേഹം മാറ്റിൽ അണിയുന്നതിനെ ആയിരിക്കണം 'രുക്മിണീനേത്രമെന്നും നീലക്കോലക്കുവളമലർ' എന്നു കല്പിച്ചിരിക്കുന്നതു്. അല്ലെങ്കിൽ വെറും അലങ്കാരഭാഷയിൽ തന്നെ എടുത്താലും കൃഷ്ണനെ ഭജിച്ചതുകൊണ്ടു സിദ്ധിച്ച രുക്മിണീകടാക്ഷമാകുന്ന മാല മാറിൽ അണിഞ്ഞുകൊണ്ടു് ആദിത്യവർമ്മ പോകുമ്പോൾ എന്നു് അർത്ഥം എടുക്കാം. ഉമ്മിണി-രുക്മിണി (ലക്ഷ്മി). ആദിരേഫം പോകുന്നതിനു് ഉദാഹരണം;-രുധിരം ഉതിരം. cf. വിഴുതിരവതു്- I. 93. രുക്മമായിരിക്കാം 'ഉമ്മം' ആയിത്തീരുന്നതു്.

ഈ വ്യുത്പത്തി സ്വീകരിക്കാൻ വിഷമമുണ്ടെങ്കിൽ ഉമ്മിണി എന്ന സുന്ദരി എന്നു സാധാരണാർത്ഥം എടുക്കാം. എന്നാൽ ഉമ്മിണി ആരെന്നും മറ്റും അറിയാൻ മാർഗ്ഗമില്ല.

'പോരും വീരാൻ പൊരുതു' എന്നു മൂ. പാ. പോരാവീരാൻ എന്നു മ. മാതൃകയിലെ പാഠവും ശുദ്ധമല്ല. 'പോരായ് വീരാൻ പൊരുതു' എന്നു ന്യൂ. പാ. സമീചീനം.

തീരേ തസ്യ ത്രിഭുവനഗതിശ്രാന്തകീർത്തേഃ പ്രതീപ-
പ്രാകാരം കൊണ്ടഴകെഴുമിടം ബിംബലീപാലമൗലേഃ
ശൃംഗാഗ്രം കൊണ്ടണിമതി തൊടും ഗോപുരത്തിന്നുപാന്തേ
ഭൂപാലാനാം മഹിതകനകത്തണ്ടു തങ്ങീടുമേടം. 22

തസ്യ തീരേ-അതിന്റെ തീരത്തിൽ-ആ ചിറയുടെ കരയ്ക്കു്, പ്രതീപപ്രാകാരംകൊണ്ടു്-കറുകെയുള്ള മതിൽക്കെട്ടുകൊണ്ടു്, അഴകെഴും-ശോഭിക്കുന്ന, ഇടം, ത്രിഭുവനഗതിശ്രാന്തകീർത്തേഃ-ത്രിലോകങ്ങളിലും സഞ്ചരിച്ചു് ശ്രാന്തമായ കീർത്തിയോടുകൂടിയ, ബിംബലീപാലമൗലേഃ-വേണാട്ടുരാജാവിന്റേതു് ആണു്. ശൃംഗാഗ്രംകൊണ്ടു്, അണിമതി തൊടും-ചന്ദ്രനെ തൊടുന്ന, ഗോപുരത്തിന്റെ ഉപാന്തേ-സമീപത്തിൽ, ഭൂപാലാനാം-രാജാക്കന്മാരുടെ, കനകത്തണ്ടു്-സ്വർണ്ണപ്പല്ലക്കു്, തങ്ങീടുമേടം-സൂക്ഷിക്കുന്ന സ്ഥലമാണു്, അവിടം-കീർത്തേ എന്നു ആദിത്യവർമ്മയുടെ സംബോധനയായും എടുക്കാം.

പ്രതീപപ്രാകാരം എന്നു മൂ. പാ. വിളക്കെടുത്തുള്ള മതിൽ എന്ന് അതിൻ്റെ അർത്ഥം. പ്രതീചിപ്രാകാരം എന്ന് ഗ്ര. പാ. പ്രതീചി—പടിഞ്ഞാറ്. തിണ്ടിട്ടമേടം എന്ന് മൂ. പാ. തണ്ടിട്ടമേടം എന്നു ഗ്ര. പാ. മെച്ചം.

> മാറാടിക്കീഴ്മരുവലർപിന്നംകൊണ്ടു നാട്ടും നരിക്കും
> ചോറാടിക്കും മനുജവരനെക്കാൺക നീ ചെന്റു പിന്നെ
> ക്കൂറാളിൻറോർക്കുടലുമുയിരും നീടൊടുക്കും വടക്കിൻ-
> ക്കൂറാളിൻറോരിനിയ മണികണ്ഠാഖ്യ സാമന്തമൗലിം. 25

പിന്നീട് വടക്കുംകൂർ രാജാവായ മണികണ്ഠനെ കാണാൻ പറയുന്നു. മാറാടി-പോരാടി, കീഴ്മരുവലർ-കീഴ്പ്പെട്ടുത്തിയ മരുവലരുടെ—ശത്രുക്കളുടെ, പിന്നംകൊണ്ട്-ഉത്തമരീരംകൊണ്ട്, നാട്ടും നരിക്കും, ചോറാടിക്കും സദ്യ കൊടുക്കുന്ന, മനുജവരനെ-രാജാവിനെ, സാമന്തമൗലിം എന്നതിനോടു ചേരുന്നു. കൂറാളിൻറോർക്ക്-ശത്രുക്കാണിക്കുന്നവർക്ക്, ഉയിരും ഉടലും, നീടൊടുക്കും- നീളെ കൊടുക്കുന്ന—എന്നേക്കും കൊടുക്കുന്ന, വടക്കുംകൂറ്, ആളുന്ന-വാഴുന്ന, ഇനിയ-നല്ല, മണികണ്ഠാഖ്യസാമന്തമൗലിം-മണികണ്ഠൻ എന്ന പേരോടുകൂടിയ സാമന്തപ്രധാനനെ ചെന്റു കാൺക, ചെന്നു കണ്ടാലും.

ശത്രുക്കളെ വെട്ടിക്കഴിച്ചു നാട്ടും നരിക്കും കൊടുക്കുന്നവനും ഒപ്പമറിക്കുന്നവർക്ക് ഉടലും ഉയിരും പോലും ദാനം ചെയ്യുന്നവനും ആയ വടക്കുംകൂറിലെ മണികണ്ഠനായ സാമന്തമൗലിയെ കാണണമെന്നു സാരം.

മണികണ്ഠാഖ്യൻ എന്നതിനു മണികണ്ഠൻ എന്നു ഖ്യാതിയുള്ള എന്ന വ്യാഖ്യാനം സ്വീകാര്യമല്ല. ഉൺപത്യത്തിലെ ചിരികണ്ഠാഖ്യ വിഖ്യാത കീർത്തി എന്നതും കാൺക. പേരാണു പറയുന്നതു്, ഖ്യാതിയല്ല. കൂറാടിൻറോർക്ക് എന്നു മൂ. പാ. കൂറാളിൻറോർക്ക് എന്ന ഗ്ര. പാ. സമീചീനം. ഉയിരും ഉടലും മൂ. പാ. ഉടലും ഉയിരും ഗ്ര. പാ.

> നിന്നെക്കാണുംപൊഴുതു നിഴലില്ലാത ലോകപ്രദീപം
> കന്നക്കണ്ണാർ കുസുമശരനാം വെൺപലക്ഷോണിപാലഃ
> എന്നപ്പോ! പോയ് മുകംമൂടിയുമപ്പക്ഷപാതാതിരേകാൽ
> തന്നെപ്പോലും കുറവറ മറന്നെന്തു ചെയ്യാതതൊന്റു? 24

നിഴലില്ലാത്ത ലോകപ്രദീപമായ നിന്നെ കാണുമ്പോൾ, കന്നക്കണ്ണാർക്ക്-സുന്ദരിമാർക്ക്, കുസുമശരനായ-കാമനായ, വെൺപലക്ഷോണിപാലൻ-വടക്കുംകൂർരാജാവ്, എന്നപ്പോ പോയ് മുകംമൂടിയുന്ന-ഉച്ചത്തിൽ എത്തുന്ന, പക്ഷപാതാതിരേകംകൊണ്ട്, തന്നെപ്പോലും കുറവറ മറന്ന്-തന്നെത്താൻ കുറവില്ലാതെ-സമ്പൂർണ്ണമായി മറന്ന്, ചെയ്യാതതൊന്റ് എന്ത്?—എന്തു തന്നെ ചെയ്യുകയില്ല?

'കന്നൽക്കണ്ണാർ' എന്ന മൂ. പാ. 'കനക്കണ്ണാർ' എന്നു ഗ്ര. പാം പാഠഭേദം കാണുക. 'രായിരക്ഷോണിപാലം' എന്നു മൂ. പാഠത്തിനു 'രായിരക്ഷോണിപാലനായ നിന്നെ' എന്നു അർത്ഥം. ഗ്ര. പാ. സമീചീനം. 'വെന്റുലക്ഷോണിപാലൻ' വാക്യത്തിന്റെ കർത്താവാണു. 'രായിരക്ഷോണിപാലൻ' എന്നു ഒരു വ്യാഖ്യാനത്തിൽ തിരുത്തിയിട്ടുള്ളതു സാധുവല്ല. മറ്റുള്ള മുദ്രിത പാഠങ്ങൾ എല്ലാം 'രായിരക്ഷോണിപാലം' എന്നു ദ്വിതീയാന്തമായിട്ടാണു. 'വെൺപലക്ഷോണിപാലൻ' എന്ന ഗ്ര. പാ. ഉത്തമം. ആദിത്യവർമ്മയെ രായിരക്ഷോണിപാലനായി കല്പിച്ചതു ചിറവാ മഹാകുലത്തിന്റെ മുലകുടുംബമായതുകൊണ്ടു് ആണെന്നു ശ്രീ. പിഷാരടി കരുതുന്നു.

മുണ്ടെക്കൽച്ചെന്റിനിയ വിരഹവ്യാകുലാമുണ്ണുനീലീം
കണ്ടിട്ടിന്റെ ദയിതചരിതം ഞാനുണർത്തേണ്ടതോർവ്വ്
മണ്ടിക്കൂട്ടം കുസുമശരനോടൊട്ടിണങ്ങിത്തടുപ്പോ-
ർവ്വുണ്ടെൻ കൈക്കൽ കിമപി മൃതസഞ്ജീവനം മന്ത്രബീജം. 25

മുണ്ടയ്ക്കൽ ചെന്നു് വിരഹവ്യാകുലയായ, ഇനിയ-നല്ല, ഉണ്ണുനീലിയെ കണ്ടിട്ടു്, ഇന്റെ-ഇപ്പോൾ തന്നെ, ദയിതചരിതം ഭർത്തൃസന്ദേശം-അവളുടെ ഭർത്താവു പറഞ്ഞയച്ച കാര്യം, ഞാൻ ഉണർത്തേണ്ടതോർവ്വ്-ഞാൻ അറിയിക്കേണ്ടതായിട്ടുണ്ടു്. മണ്ടിക്കൂട്ടം-പാഞ്ഞടുക്കുന്ന, കുസുമശരനോടു്-കാമദേവനോടു്, ഒട്ടു് ഇണങ്ങി തടുപ്പാൻ്റു്-എതിരിട്ടു തടയുന്ന, കിമപി-ഒരു, മൃതസഞ്ജീവനമായ മന്ത്രബീജം എന്റെ കൈക്കൽ ഉണ്ടു്.

എൻ്റീവണ്ണം മമ നിനവു നീ ചൊല്ലിനാൽ മിക്കവാറും
കന്റും കന്റും കലയുമകലും പേതമാൻകണ്ണിതന്നെ
ചെന്റു കാൺകെന്റവനയി സഖേ! ചൊല്ലുമപ്പോഴുമാനീ-
മെന്റുമെള്ളൂടം നയമറിവാൻ ജ്യോതിഷം വല്ലവൻ ഞാൻ. 26

എന്നീവണ്ണം, മമ-എന്റെ, നിനവു്-വിചാരം നീ ചൊല്ലിയാൽ, മിക്കവാറും, അയി സഖേ-അല്ലയോ തോഴാ, അവൻ-മണികണ്ഠൻ, കന്റും കന്റും കലയുമകലും പേതമാൻകണ്ണി തന്നെ-കുട്ടിയെയും കന്നിനെയും കലമാനെയും വിട്ടു് അകലെയായ പേടമാനിന്റെ കണ്ണോടുകൂടിയ, ആ ഉണ്ണുനീലിയെ എന്നു താല്പര്യം; ചെന്റും കാൺക-പോയി കാണുക, എന്നു്, അപ്പോൾ ചൊല്ലും-പറയും. എന്റെ നിനവു പറഞ്ഞാൽ മണികണ്ഠൻ ഉടൻ തന്നെ ഉണ്ണുനീലിയെ ചെന്നു കാണാൻ മിക്കവാറും അങ്ങയോടു പറയും. എൻ്റുമെള്ളൂടം-എന്ന കാര്യം, നയം-നിശ്ചയമായി, അറിവാൻ, ഞാൻ ജ്യോതിഷം വല്ലവൻ-അറിയുന്നവനുണ്ടു്.

മിക്കവാറും എന്നതു് 'ചൊല്ലും' എന്നതിനോടാണു് അന്വയിക്കുന്നതു്. ഈ അംശം ശ്രദ്ധേയമാണു്. വല്ലുവൻ, ചൊല്ലുവൻ എന്നപോലെ. 'വൽ' എന്നതിൽനിന്നു 'വല്ലുവൻ' എന്ന രൂപം; ഞാൻ വല്ലുന്നു എന്നു് അർത്ഥം. ചില വ്യാഖ്യാതാക്കന്മാർ 'വല്ലുവൻ' എന്നതിനു 'വേണമെങ്കിലിട്ടുണ്ടു്' എന്നു് അർത്ഥം കൊടുക്കുന്നു. ഒന്നിൽ 'വല്ലുവോൻ' എന്നെടുത്തു് 'പാടിക്കേണ്ട' എന്നു് അർത്ഥം കൊടുക്കുന്നു. നിഷേധാർത്ഥത്തിൽ നമ്മുടെ പിൻ വല്ലവോൻ, എന്നല്ല 'വല്ലേൻ' എന്നാണു് രൂപം. cf. മറ്റും പൂക്കേൻ ഇത്യാദി. പൂക്കുവൻ എന്നതു് നിഷേധരൂപം. 'വല്ലേൻ' എന്ന രൂപം ഈ സന്ദേശത്തിൽ തന്നെ ഉണ്ടു്. 'ചൊല്ല വല്ലേൻ' II. 51 കാണുക.

മിക്കവാറും അംശവും എന്നു് വ്യാഖ്യാനിച്ചിരിക്കുന്നതു സ്വീകാര്യമല്ല. ചേടമാർ എന്നു് മൂ. പാ. ചേതമാർ എന്നു് ഗ്ര. പാ. ചേതം- അറിവില്ലാത്ത.

ഉദ്യാനം ചെൻറവഴിവനിതക്കൾവിലെല്ലാം കളിപ്പാൻ
ഖദ്യോതാനാം ദിനമണിരിവ പ്രേക്ഷണീയോ രിപൂണാം
സദ്യോ നിന്നെക്കനിവൊടു സഖേ! കാണുമക്കോതവർമ്മൻ
വിദ്യാനദ്യാം നിയതി മുഴുകും ബിംബലീബാലചന്ദ്രഃ 27

അലരിവനിതയ്ക്കു് അലരിൽ മനിതയ്ക്കു്– പൂവിൽമാതിനു്, അമ്പിൽ-സന്തോഷത്തോടെ, എന്നും ചെന്നു് ചെന്നു്, കളിക്കാൻ ഉദ്യാനവും-പൂന്തോട്ടമായുള്ളവനും, ദിനമണി-സൂര്യൻ, ഖദ്യോതങ്ങൾക്കു്-മിന്നാമിനുങ്ങുകൾക്കു്, ഇവ-എന്നപോലെ, രിപൂണാം-ശത്രുക്കൾക്കു്, പ്രേക്ഷണീയനും-കാണത്തക്കവനും, വിദ്യാനദ്യാം-വിദ്യാനദിയിൽ, നിയതി-നിത്യവും, മുഴുകുന്നവനും, ബിംബലീബാലചന്ദ്രനമായ ആ കോതവർമ്മൻ, സഖേ-തോഴാ, സദ്യഃ-വേഗത്തിൽ (ചെന്നു്), കനിവോടു കാണും-വന്നുകണ്ടു് ഉപചരിക്കും എന്നു ഭാവം. ബാലചന്ദ്രൻ എന്നു പറഞ്ഞിട്ടുള്ളതിനാൽ കോതവർമ്മ അന്നു ബാലനായിരുന്നുവെന്നു സ്ഫുരിക്കുന്നു. ബിംബലീബാലചന്ദ്രഃ ഗ്ര. പാ. ബിംബലീപാലചന്ദ്രഃ എന്നു മൂ. പാ. 'പ്രേക്ഷ്യതേ യോ രിപൂണാം' എന്നു ഗ്ര. പാ.

കന്നക്കണ്ണാലെൻറാൽ മനസിജൻ പോർക്കുപ്പോൾ കാലൻ
തന്നെത്തന്നേ പറകിലലർമാതിന്നൊരാവാസഭൂമി
നിന്നെക്കാണ്മാൻ ചെറിയ കൊതികോലം കൊണ്ടുടൻ
വൻറതപ്പോൾ
മുന്നിൽക്കാണാമിരവിമണികണ്ഠാവ്യദ്രുപാരിജാതം. 28

കന്യകണ്ണാൾക്ക് - സുന്ദരിമാർക്ക്. മനസിജനം - കാമനും, ഭോഗ് - യുദ്ധത്തിന്, അട്ടപ്പോൾക്ക് കാലനും, അലർമാതിന്ന് - ലക്ഷ്മിക്ക്, ആവാസഭൂമിയും - വാസസ്ഥാനവും, ആയ ഇരവിമണികണ്ഠൻ എന്ന പേരുള്ള, ഭൂപാരിജാതം — ഭൂമിയിലെ കല്പവൃക്ഷം, നിന്നെക്കാണ്മാൻ പെരികെ - വലിയ, കൌതുകത്തോടുകൂടെ വന്ന്, അപ്പോൾ മുന്നിൽ കാണാം.

കന്നൽക്കണ്ണാൾക്ക് എന്നു മൂ. പാ. പാഠഭേദം കാൺക.

പൊൽപ്പൂമാതിന്നൊരു നിലയനം കേവലം വീരമൌലേ!
കെല്പോന്നീടും മരുവലർകലത്തിന്നു കല്പാന്തവഹ്നിഃ
അപ്പോൾ കാണാൻ വരുമയി സഖേ! രാമവർമ്മൻ വിശേഷി-
ച്ചിപ്പാരിൽപ്പേർന്നരുളുമളകാധീശനാം സിംഹളീശഃ. 29

വീരമൌലേ, ഹേ സഖേ! അപ്പോൾ പൊല്പൂമാതിന്ന് ഒരു നിലയനവും, മരുവലർകലത്തിന്ന് - ശത്രുസമൂഹത്തിന്, കല്പാന്തവഹ്നിയും - പ്രളയാഗ്നിയും, ഇപ്പാരിൽ പേർന്ന് അരുളുന്ന, അളകാധീശനും - കുബേരനും, ആയ രാമവർമ്മൻ എന്ന സിംഹളാധീശൻ, വിശേഷിച്ചു കാണ്മാൻ വരും.

നേരേ കാണാം നൃപവര! കിഴക്കിൻചിറയ്ക്കുള്ള പശ്ചാൽ
താമാർമാതോടിട പിരിയാതെ മന്ദിരം മൽപ്രിയായാഃ
മാരന്നുണ്മാം ജനനഭവനം വീരമാണിക്യമെന്നോ-
രാരേ പാർത്താലവിടെയറിയായിൻതതിപ്പാരിലിന്ന് ? 30

നൃപവര - രാജസത്തമ, കിഴക്കിൻചിറയ്ക്കു, പശ്ചാൽ - പിറപിറകിലായി, - 'കിഴക്കിൻപുറത്തു' എന്നു മൂ. പാ. താമാർമാതോട് - ശ്രീഭഗവതിയോട്, ഇട പിരിയാതെ, മൽപ്രിയായാഃ മന്ദിരം - എന്റെ പ്രിയയുടെ ഭവനം, നേരേ കാണാം. ഗൃഹത്തിലെ ഐശ്വര്യം കണ്ടാൽ സാക്ഷാൽ ശ്രീദേവിയാണോ അവിടെ ഉടമസ്ഥ എന്നു ശങ്കിക്കുമെന്നു ഭാവം. മാരന്ന് - കാമന്, ഉണ്മാം, ജനനഭവനം - ജന്മഗൃഹം, തന്നെ ആണ്. വീരമാണിക്യമെന്നാൽ, പാർത്താൽ, ഇപ്പാരിൽ - ഈ ഭൂമിയിൽ, അവിടം അറിയായിൻതതു - അറിയാത്തതു, ആരേ - ആരാണ്? വീരമാണിക്യത്തെപ്പറ്റി കേട്ടിട്ടില്ലാത്തവർ ഭൂമിയിൽ ചുരുക്കം ആണെന്നു സാരം.

ഇമ്പത്തിന്നായ്ത്തരമൊടു തളിയിൽച്ചെന്നുടൻ തമ്പുരാനെ-
ക്കമ്പിട്ടസ്സിന്ധുരി വഴിമേൽ നിന്നു വേണാടർകോനേ!
സമ്പൽപ്രാപ്ത്യൈ നൃപവര! പദം നീ വലത്തേതു നേരേ
മുമ്പിട്ടേറം പ്രവിശ ദയിതാമന്ദിരം മംഗളായ. 31

വേണാടർക്കോനേ-വേണാട്ടുരാജാവേ, നരവര. തരുണ.നൃപതിന്റെ ഭരമാം, ഉദയവർമ്മിനായ്-അനുഗ്രഹമായതിനുവേണ്ടി, വഴിയിൽ ചെല്ലുന്ന എന്റെ സന്ദേശമെന്ന, അവയിൽ-സുഖത്തോടെ, വഴിമേൽനിന്നു്. വഴിയിൽ നിന്നുകൊണ്ടു തന്നെ, കണ്ടിട്ടു്, അന്വിൽ-ഈ സ്ഥലത്തു്, ഉഴറി-വേഗമായി, സന്ദേശപ്പുകൾക്കു-നയ വർണ്ണനതിനായി, നീ വലത്തെ പ്പുറം കണ്ടിട്ടു്, മുൻപേ വലത്തുഭാഗത്ത് വച്ചു്, ഏറ്റവും മംഗളമായ-ഏറ്റവും മംഗളം വരാൻ വേണ്ടി, ദയിതാശേഷം-(എന്റെ) ദയിതയുടെ ഗൃഹം, പ്രവിശ-പ്രവേശിച്ചാലും.

ഗണ്ഡാഭർശം മുറുവലരിയും കൊങ്കയാം ചെപ്പുമൊപ്പം
കൈക്കൊണ്ടുങ്കുമതിലകമാം നൽ വിളക്കും ദധാനാ
അപ്പോളംഗൽപ്പാടഥ പടിയോളം വന്ന മുണ്ടെക്കൽ മേവും
പൊർപ്പൂമാതാം ചെറിയതെതിരേറ്റീടുമഭ്യോട്ടു നിന്നെ. 32

അപ്പോൾ ചെറിയതു് എന്ന സ്ത്രീ ചെന്നു് ആതിഥ്യവിധിയെ ഉപചാരപൂർവ്വം സ്വീകരിക്കുമെന്നു പറയുന്നു.

ഗണ്ഡാഭർശം-ഗണ്ഡങ്ങളാകുന്ന ആദർശവും കവിൾത്തടങ്ങളാകുന്ന കണ്ണാടിയും, മുറുവലരിയും-പുഞ്ചിരിയാകുന്ന അരിയും, കൊങ്കയാം-മുലയാകുന്ന, ചെപ്പും-(സിന്ദൂരമിടുന്ന) ചെപ്പും, ഒപ്പം-ഒന്നിച്ചു്, കൈക്കൊണ്ടു്, കുങ്കുമതിലകമാകുന്ന-കുങ്കുമപ്പൊട്ടാകുന്ന, വിളക്കും, ദധാനാ-ധരിച്ചു്, അപ്പോൾ ഉല്ലാസ്സു്, അഥ-പിന്നീടു്, മുണ്ടെക്കൽ മേവുന്ന-വസിക്കുന്ന, പൊർപ്പൂമാതായ ചെറിയതു് പടിയോളം വന്നു്, നിന്നെ-ഭവാനെ, എതിരേറ്റീടും.

ദീപത്തിൽ അരിയും കണ്ണാടിയും ചെപ്പും എടുത്തു് വിളക്കും ഏന്തി വിശിഷ്ടാതിഥികളെ സ്വീകരിക്ക പതിവുണ്ടു്.

ചെറിയതു് മുണ്ടെക്കൽ താമസിക്കുന്ന തോഴിയാണു്. (ആടിക്കാലേ നിശി ചെറിയതാം തോഴി—II 97 നോക്കുക.)

അടുത്തതായി താളിയോല ഗ്രന്ഥത്തിൽ കാണുന്ന ശ്ലോകം മുദ്രിത പാഠത്തിലും മദ്രാസ് മാതൃകയിലും ഇല്ല.

ഇങ്ങൾപ്പാടാണ്ടലസഗമനാം ചെൻറു തേറ്റീടുവാനായ്
മങ്ങിച്ചാലു തെളുതമിളമാർ കണ്ണി പോവോരു നേരം
മുണ്ടെക്കൽ ച്ചേർന്നിതമെഴുമിരണ്ടാമതാം തമ്പി നിന്നെ
കണ്ടിട്ടപ്പോളം നയനയുഗളം ഹന്ത! പന്തിക്കുമല്ലോ. 33

ഇങ്ങൾപ്പാട്ടു് ആങ്ങ-അഴലിൽ പെട്ട, അലസഗമനയെ-(ഉണ്ണുനീലിയെ), ചെന്നു തേറ്റീടുവാനായ്-ആശ്വസിപ്പിക്കാനായി, മങ്ങിച്ചാലെ

തളരുന്ന ഇളമാൻകണ്ണി - അപ്രകാരമുള്ള ഇളമാൻ കണ്ണിയായ ചെറിയമ്മ്, പോരുവോരു നേരം-പോരുമ്പോൾ, മുണ്ടയ്ക്കലെ രണ്ടാമത്തെ തമ്പിയെ കണ്ടിട്ട് നയനയുഗളം-(അമ്മയുടെ) കണ്ണു രണ്ടും, പന്തിക്കമല്ലോ-ബന്ധിക്കമല്ലോ-തമ്മിൽ ഇടയുമല്ലോ.

[തമ്പി കഴിഞ്ഞുള്ള അക്ഷരം 'തി' എന്നതിന്റെ അടിക്ക 'ന' എഴുതിയിരിക്കുന്നതായിട്ടാണ് ഗ്രന്ഥത്തിൽ; 'തമ്പി തിന്നെ' എന്നെഴുതാൻ ഉദ്ദേശിച്ച് തെററി 'തമ്പി തിന്നെ' എന്നെഴുതിയിട്ട് 'തി'ക്കു പകരം താഴെ 'ന' എഴുതിയതാണോ എന്നു സംശയിക്കാം. 'തമ്പി തിന്നെ' എന്നാണ് ശരിയായ പാഠമെങ്കിൽ 'മുണ്ടക്കലേ രണ്ടാമത്തെ തമ്പി അമ്മയെ കണ്ടു നയനയുഗളം പന്തിക്കം' എന്നു അർത്ഥം പറയണം.]

മൽപ്രേയസ്യാ ലളിതഗതയേ കൈവിരൽക്കൈവിരച്ചെ-
ത്തുത്സേധം കൊണ്ടുപവിരചിതം നീലരത്നങ്ങൾകൊണ്ട്
ചാണാൽ മുച്ചാണിട പടിയകം പൂമട്ടത്തഗ്രഭാഗേ
കാണാം ചെല്ലമ്പൊഴുതുടനിടത്തുണ്ട് സോപാനമാർഗ്ഗം. 34

മൽപ്രേയസ്യാഃ-എന്റെ പ്രിയയ്ക്ക്, ലളിതഗതയേ-സുഖഗമനത്തിനു വേണ്ടി, കൈവിരൽക്ക് നെറുവിരൽ ചെയ്ത്-അഞ്ചു വിരലിട വീതം, ഉത്സേധം കൊണ്ട്-ഉയരം വച്ച്, നീലരത്നങ്ങൾ കൊണ്ട്-പതിച്ച്, ഉപവിരചിതം, ചാണാൽ മുച്ചാണിടയിൽ പടികെട്ടി, സോപാനമാർഗ്ഗം-കല്പടികൾ, ഇരുന്നുണ്ട്; ചെല്ലമ്പൊഴുതു കാണാം. അഞ്ചു വിരൽ പൊക്കവും മുച്ചാൺ വീതിയുമുള്ള പടികൾ ചേർന്നതും, നീലക്കല്ലു പതിച്ചിട്ടുള്ളതുമായ സോപാനം ഉണ്ട്. ഗ്രന്ഥത്തിൽ 'കൈവിരൽക്കൈവിരൽച്ചെയ്ത്' എന്നതിന്റെ രണ്ടാമത്തെ 'കൈവിരൽ' വിട്ടിരിക്കുന്നതു ലേഖകപ്രമാദമായിരിക്കണം. 'പടിയകം പൂകമട്ടഗ്രഭാഗേ' എന്നു ഗ്ര. പാ. 'പടിയകം പൂമട്ട ഗ്രഭാഗേ' എന്നു ശു. പാ. പൂമട്ടത്തു പൂകുന്നിടത്തു.

മുക്കോൽച്ചെയ്തുണ്ടിരു പുറമൊരിക്കോൽപ്പതിന്നാൽ വിരൽക്കീ-
വിസ്താരാഢ്യം നടനടുവിലുണ്ടുല്ലസിക്കും കവാടം (ഴ്
മത്താവാരേ മകരവദനാലംകൃതം ദ്വാരഗേഹം
തത്രാലക്ഷ്യം തദനു മകരേ മന്ദിരം മൽ പ്രിയായാഃ. 35

ഇരു പുറം മുക്കോൽ ചെയ്തുണ്ട്, ഒരു കോൽ പതിന്നാലു വിരലിൻ കീഴ്-കുറവായ, വിസ്താരാഢ്യം-വിസ്താരത്തോടുകൂടി, ഉല്ലസിക്കും, കവാടം-വാതിൽ, നടനടുവിൽ ഉണ്ട്-നടയുടെ നടുവിൽ ഉണ്ട്. മത്താവാരേ-മത്താവാരത്തിൽ- മതിൽക്കെട്ടിൽ, മകരവദനാലംകൃതമായ-മകരമത്സ്യത്തിന്റെ വദനത്താൽ അലംകൃതമായ, ദ്വാരഗേഹം-പടിപ്പുര, ഉണ്ട്.

തമ്മേ തത്ര, മകരേ മകരം രാശിയിൽ, മൽപ്രിയായാഃ - എന്റെ പ്രിയയുടെ, മന്ദിരം - വീട്ട്, അലക്ഷ്യം - കാണാവുന്നതാണ്.

'മത്തവാരേ' എന്നതിനു മേല്പടിയുടെ മേൽഭാഗത്തു പണി ചെയ്യപ്പെട്ടുകാണുന്ന ഭാഗമെന്നു ചിലർ പറഞ്ഞിരിക്കുന്നു. മത്താണമെന്നും വളർ എന്നും മറ്റു ചിലർ. മത്തവാരത്തിലാണ് ഭാരഗേഹമെന്നു വ്യക്തമാണ്. 'മത്തവാരം' എന്നാൽ ചുറ്റുമുള്ള മതിൽക്കെട്ട് എന്ന് അർത്ഥം. മന്ദാലംബം എന്നും മത്തവാരമെന്നും മതിലിനു പേര് ഉണ്ട്.

ശില്പാകല്പം പുര പരിമിതം തെക്കിനോളുണ്ട് രമ്യം
മുപ്പത്തെൺകോൽക്കുപരി പുറമയെൺവിരൽ ചുറ്റുകൊണ്ട്
അഗ്രം തസ്യിൻ തളമപി പടിഞ്ഞായറഗ്രം കിഴക്കേ-
ത്തന്യൽക്കാന്തയ്ക്കറമുറി കിടപ്പാൻ ചമച്ചീടിനൊന്റു. 36

ശില്പാകല്പം-ശില്പമാകുന്ന ആകല്പത്തോടുകൂടിയ - അലങ്കാരത്തോടു കൂടിയ - കൊത്തുപണിയാൽ അലംകൃതമായ, പുര - വീട്ട്, പരിമിതം - ആവശ്യത്തിനു മാത്രമുള്ളത് ആണ്. 'കണക്കളവൊത്തതു' എന്ന 'അർത്ഥ മാണ്' മറ്റുള്ളവർ സ്വീകരിക്കുന്നതു. വലിയ കെട്ടിടങ്ങൾ അവിടെ ഇല്ലെന്നുള്ളതുകൊണ്ട് പരിമിതം എന്നതിനു ചുരുങ്ങിയ തോതിലുള്ളതു എന്ന സാമാന്യമായ അർത്ഥമാണ് ചേരുന്നതു.

രമ്യം തെക്കിനോത്തു ഉണ്ട് - മനോഹരമായ തെക്കിനി ഉണ്ട്. അതിന്റെ അളവ് മുപ്പത്തെട്ടു കോൽ എട്ടാണ്. തസ്യിൻ - അതിൽ, പടിഞ്ഞായർ അഗ്രം - പടിഞ്ഞാറേ പകുതി, തളം അപി - തളവും, കിഴക്കേത്തു - കിഴക്കേ പകുതി, അന്യൽ കാന്തയ്ക്ക് - എന്റെ പ്രിയയ്ക്ക്, കിടപ്പാൻ - കിടക്കുന്നതിന്, ചമച്ചീടിനൊന്റു - ചമച്ചിട്ടുള്ള മുറിയുമാണ്.

'അന്യത് കാന്തയ്ക്ക് കിടപ്പാൻ ചമച്ച അറമുറി' എന്നു വ്യക്തമായി പറഞ്ഞിട്ടുള്ളതുകൊണ്ട് പുതിയ വീടാണെന്നും, ഉണ്ണുനീലിക്കു വേണ്ടി പ്രത്യേകം വയ്പിച്ചിട്ടുള്ളതാണെന്നും വ്യഞ്ജിക്കുന്നു.

മറ്റേ മൂന്റും പതിനറു വിരൽച്ചെയ്തു മുറ്റൊന്റിൽനിന്റൊ-
ന്റേറ്റിക്കൊണ്ടിട്ടുപവിരചിതം പശ്ചിമാദിക്രമേണ
പ്രാച്യാം ചെൽവോക്കശനശയനാദ്യർത്ഥമൂണിന്നുദീച്യാം
കാച്ചും പൊന്നും പണവുമിട്ടുവാൻ പശ്ചിമം മൽപ്രിയായാഃ 37

മറ്റേ മൂന്റും - ശേഷം മൂന്നു കെട്ടുകളും - വടക്കിനി, കിഴക്കിനി, പടിഞ്ഞാറിനി ഇവ മൂന്നും, പതിനറു വിരൽ ചെയ്തു - പതിനാറ് അംഗുലം വീതം, ഒന്നിനൊന്നു, ഏറ്റിക്കൊണ്ട് - കൂട്ടിക്കൊണ്ട്,

പശ്ചിമാദിക്രമേണ-പടിഞ്ഞാറിനിന്നു തുടങ്ങിയുള്ള ക്രമത്തിൽ, ഉപവിരചിതം-ഉണ്ടാക്കിയിട്ടുള്ളതാണ്. തെക്കിനിയെക്കാൾ പതിനാറു വിരൽ കൂടുതൽ ചുററളവ് പടിഞ്ഞാറിനിക്കം, അതിൽ പതിനാറു വിരൽ വടക്കിനിക്കം, അതിലും പതിനാറു വിരൽപ്പാട് കിഴക്കിനിക്കം ചുററള വിട്ട് നിർമ്മിച്ചിട്ടുള്ള നാലുകെട്ടാണ് ആ പുര. പ്രാച്യാം-കിഴക്കിനിയിലാണ്, ചെൽവോക്ക്-വിത്തന്മാർക്ക്, അന്നാശയനാദ്യർത്ഥം-ഊണിനും കിടപ്പിനും മററുമുള്ളതു്; ഉദീച്യാം-വടക്കിനിയിലാണ്, ഊണിന്. ചെല്ലുന്നവക്ക് ഊണും മററും കിഴക്കിനിയിലും, വീട്ടിലുള്ളവക്ക് ഊണ് വടക്കിനിയിലും എന്നു ഗ്രഹിക്കണം. മൽപ്രിയായാഃ-എന്റെ പ്രിയയ്ക്കു്, കാശ്ശും ചൊന്നും പണവും ഇട്ടുവാൻ-വച്ചുസൂക്ഷിക്കാൻ, പശ്ചിമം പടിഞ്ഞാറിനിയുമാണ്. കാശ്ശു് അന്നത്തെ ഒരു നാണയം. പതിനാറു വിരൽ ചൈത്തു്-പതിനാറു വിരൽ വീതം. 'ശഃ' എന്ന സംസ്കൃതപ്രത്യയം ദുഷിച്ച് ഉണ്ടായതായിരിക്കാം 'ചൈത്തു്' എന്ന ഈ രൂപം. കരോശ-കരേച്ചു എന്ന രൂപങ്ങളും കാൺക.

മീനശ്രേണീമുഖരമരികെച്ചന്ദ്രകാന്താദിബദ്ധം
മീനത്തിന്മേൽക്കിണറു വിമലസ്വച്ഛപാനീയപൂർണ്ണം
വേനൽക്കാലം പുനരറിവതിന്നുണ്ടു തസ്യോപകണ്ഠേ
തേനിറ്റോലും കുസുമനികരം തേവി നട്ടോരു മുല്ല. 38

അരികെ, മീനത്തിന്മേൽ വടക്കുകിഴക്കായി, മീനശ്രേണീമുഖരവും-മീൻകൂട്ടത്താൽ ശബ്ദപൂർണ്ണവും, ചന്ദ്രകാന്താദിബദ്ധവും ചന്ദ്രകാന്തക്കല്ലു കെട്ടിയിട്ടുള്ളതും, വിമലസ്വച്ഛപാനീയപൂർണ്ണവും ആയ കിണർ ഉണ്ട്. തസ്യ-അതിന്റെ, ഉപകണ്ഠേ അടുക്കലായി, വേനൽക്കാലം അറിവതിന്ന്, തേവി-ഉണ്ണുനീലി, നട്ട, തേനിററു് ഒലും കുസുമനികരമുള്ള ഒരു മുല്ലയുണ്ട്. ആ മുല്ലയുടെ പൂക്കാലം കണ്ടാണ് വേനല്ക്കാലം അറിയുന്നതു്. കിണററിൽ വേനല്ക്കാലത്തും വെള്ളം നിറഞ്ഞു കിടക്കുന്നതുകൊണ്ട് വേനല്ക്കാലം മുല്ല പൂക്കുന്നതു കണ്ടു വേണം അറിയാൻ എന്നു താല്പര്യം. തേവി എന്ന പദപ്രയോഗത്തിൽ നിന്ന് ഉണ്ണുനീലിയുടെ പ്രഭുത്വം വ്യഞ്ജിക്കുന്നു.

മുക്കിക്കോരിച്ചെറിയ കനകക്കിണ്ടികൊണ്ടെത്തു ചൊൽവ്വൂ
മിക്കപ്പോഴും പുനരതു നനയ്ക്കൊന്റി മററില്ല വേല
തെക്കിൻപാകത്തിനിയ കറുവൂഴികൾ കൈക്കണ്ണിയുണ്ണി-
ച്ചക്കിപ്പെണ്ണിൻ കളിയതു കണ്ടേത്തോരു ചേമന്തിയുണ്ട്. 39

ചെറിയ കനകക്കിണ്ടികൊണ്ടു മുക്കിക്കോരി മിക്കപ്പോഴും ആ മുല്ല, നനയ്ക്കൊന്റി-നനയ്ക്കുകയല്ലാതെ, മററു വേലയില്ല. തെക്കിൻപാകത്തു്, ഇനിയ-നല്ല, കറുവുഴികൾ, കൈക്കണ്ണിയായ-സുന്ദരിയായ, ഉണ്ണിച്ചക്കി

പ്പെണ്ണിന്റെ കളിയാണ് അതു്. കൂടാതെ ഒരു ചേമന്തിയുമുണ്ടു്. അടുത്തു് എന്നു ചേർക്കണം.

കുറുമ്പഴികൾ എന്നതിന്റെ ഇപ്പോഴത്തെ രൂപം കുരീക്കൽ എന്നാണു്. പൂർവ്വാർദ്ധത്തിന്റെ അർത്ഥം പ്രത്യേകമായോ ഉത്തരാർദ്ധത്തോടു ചേർത്തോ എടുക്കാമെന്നു തോന്നുന്നു. കനകക്കിണ്ടികൊണ്ടു് വെള്ളം മുക്കിക്കോരി മുല്ല നനയ്ക്കുകയല്ലാതെ വേറെ വേലയില്ല ഉണ്ണുനീലിക്കു് എന്നു് എടുക്കാം. അല്ലെങ്കിൽ അതാനെ മുല്ല നനയ്ക്കുന്നതു് ഉണ്ണിച്ചക്കിപ്പെണ്ണു് ആണെന്നും എടുക്കാം. തെക്കുപാകത്തു്-മുല്ലയ്ക്കു തെക്കുള്ള കുറുമ്പഴികൾ എന്നോ, കിണറിനു തെക്കുവശത്തു് എന്നോ എടുക്കാം. കുറുമ്പഴികൾ ഉണ്ണിച്ചക്കിപ്പെണ്ണിന്റെ കളിയായ-അവൾ തോഴിയെപ്പോലെ കളിച്ചു വളർത്തുന്ന, ഒരു ചേമന്തിയും ഉണ്ടു്.

പുഷ്ടാമോദം ദലസമുദയൈർ ധന്യമെന്നോമൽ താനേ
നട്ടോരീഴക്കമുകതിനടുത്തുണ്ടു ചാൺമാത്രദീർഘം
വട്ടം കോലും തുടയൊടു തരം പോരുവാൻ താൻ വളർന്നാ-
ലൊട്ടേതെന്നും പെരുതു നിനവുണ്ടതു പാർത്താലതിന്നു്. 40

ദലസമുദയൈഃ-ഇലക്കൂട്ടംകൊണ്ടു്, പുഷ്ടാമോദം-വർദ്ധിച്ച ശോഭ ഉള്ളതും, എന്റെ ഓമൽ-ഉണ്ണുനീലി, താനേ നട്ടതുകൊണ്ടു് ധന്യവും-സുകൃതമുള്ളതുമായ, ഒരു ഈഴക്കമുക്, അതിനു്-ചേമന്തിക്കു്, അടുത്തുണ്ടു്. ചാൺമാത്രദീർഘം-ഒരു ചാൺ മാത്രമേ അതിനു പൊക്കമുള്ളൂ. താൻ വളർന്നാൽ-അതു വളർന്നുവന്നാൽ, വട്ടംകൊള്ളുന്ന, തുടയോടു്-ഉണ്ണുനീലിയുടെ തുടയോടു്, തരംപോരുവാൻ-സാമ്യം സമ്പാദിക്കാൻ, ഒട്ടു് ഏതാനും-കുറേ, നിനവുണ്ടു്-വിചാരമുണ്ടു്, അതിനു്-ആ ഈഴക്കമുകിനു്, പാർത്താൽ, വളർന്നു വന്നാൽ ഉണ്ണുനീലിയുടെ തുടയ്ക്കു തുല്യത നേടണമെന്നു് ആ ഈഴക്കമുകിനു വിചാരമുണ്ടെന്നു തോന്നും. ഈഴക്കമുക്-ഒരു തരം കമുക്. ഈഴച്ചെമ്പു്, ഈഴച്ചെമ്പകം എന്നപോലെ. ഈഴത്തുനിന്നു കൊണ്ടുവന്നതായിരിക്കാം.

ഒട്ടേതെന്നും ഗ്ര. പാ. ഒട്ടൊട്ടെന്നും മൂ. പാ.

ഇന്നാളുള്ളോന്റഴകിലതു ഞാൻ നട്ടതോരാണ്ടു പോരും
കന്ന്യാരാശൗ കളിര വളരും ചെമ്പകപ്പൈതലുണ്ടു്
തന്വീരത്നം പകലുമിരവും ചെന്നുനോക്കും നനയ്ക്കും
മൂന്നാളിപ്പാൽ മുകുളമുളവാവാൻ കണക്കെണ്ണതിന്മേൽ. 41

ഇന്നാൾ ഉള്ളോന്റു്-ഈയിടെ ഉള്ളതാണു്, അഴകിൽ അതു്-ആ ചെമ്പകം, ഞാൻ നട്ടിട്ടു് ഒരാണ്ടിൽ കൂടുതലാകയില്ല. കന്ന്യാരാശൗ-കന്നിരാശിയിൽ, കളിര വളരുന്ന, ചെമ്പകപ്പൈതൽ-ചെമ്പകത്തൈ ഉണ്ടു്. തന്വീരത്നം (ഉണ്ണുനീലി), പകലും രാവും ആ ചെമ്പകം ചെന്നു

നോക്കുകയും നമസ്കരിക്കയും ചെയ്യാറുണ്ട്. മുന്നാളിപ്പുറം-മൂന്നു നാളിന് ഇപ്പുറം [നായകൻ പിരിഞ്ഞിട്ട് മൂന്നാം ദിവസമാണ് സന്ദേശവുംകൊണ്ട് ആദിത്യവർമ്മ ഉണ്ണുനീലിയുടെ ഗൃഹത്തിൽ ചെല്ലുന്നത്]. അതിന്മേൽ-ചെമ്പകത്തിൽ, മുകുളം-മൊട്ട്, ഉളവാകാൻ-ഉണ്ടാകാൻ, കണക്കുണ്ട്-ഇടയുണ്ട്.

> തേന്മാവോളം പനസനികരം തെങ്ങൊരോന്റിന്നു നന്നാ-
> ലുന്നാലിന്നും കമുകിടയിടെപ്പാകി മുമ്മൂന്റു നീളെ
> ഒന്റിന്നൊന്റും വളർകതളിയും ചിങ്ങനം നൽക്കരിമ്പും
> കാ കൊണ്ടീടും വഴുതിനകളും മന്ദിരേ മൽപ്രിയായാഃ. 42

മൽപ്രിയായാഃ-എന്റെ പ്രിയയുടെ, മന്ദിരേ-ഗൃഹത്തിൽ, തേന്മാവോളം, പനസനികരം-പിലാവിന്റെ കൂട്ടം, ഉണ്ട്. ഓരോ പിലാവിന് നാലുതെങ്ങുവീതവും, തെങ്ങിന്റെ ഇടയിൽ മുമ്മൂന്നു കമുകും പാകിയിട്ടുണ്ട്-നട്ടിട്ടുണ്ട്, ഒന്നിന്-ഒരു കമുകിന്, ഒന്നുവീതം, വളർകതളിയും-നല്ല കദളിവാഴയും, ചിങ്ങനം-ഏത്തൻവാഴയും, നല്ല കരിമ്പും, കായ്കൊണ്ടീടും വഴുതിനകളും ഉണ്ട്.

കേരളത്തിലെ നല്ല ഒരു ഗൃഹോദ്യാനത്തിന്റെ സ്വാഭാവസരസമായ ചിത്രം. ശുകസന്ദേശം ഉത്തരഭാഗം 18-ാം പദ്യത്തോടു താരതമ്യപ്പെടുത്തുക.

ഉണ്ണുനീലിയുടെ വീട്ടിലെ ഓരോ ചെടിയെയും വൃക്ഷത്തെയും അവിടത്തെ ഓരോ അംഗങ്ങളെന്ന നിലയിൽ എത്ര വാത്സല്യത്തോടെ കവി സ്മരിക്കുന്നു എന്നു നോക്കുക. സസ്യലോകത്തോട് ഇതിൽ കൂടുതൽ മമത എങ്ങനെയാണ് കാണിക്കുക? ഓരോ ചെടിയും ആരാരു നട്ടു എന്നും, അതിന്റെ തത്കാലസ്ഥിതി എന്തെന്നും കൂടെ കവി വിവരിക്കുന്നുണ്ടല്ലോ.

> ആലം കോലും മഴമിഴിയാൾ താൻ വളർത്തന്തിയോളം
> നീലം തോയും കുഴലൊടണയും നൈമണം കേട്ടു ചെന്റു
> വാലും താഴ്ത്തി മിനാമിന്നത്തങ്ങനേ കാണലാം തേ
> പാലും ചാലപ്പതുകി വെരികങ്ങളു വായവ്യകോണേ. 43

നീലം തോയുന്ന-കലരുന്ന, കുഴലൊട് അണയും-തലമുടിയിൽ ഉള്ള, നൈമണം-നെയ്യുടെ മണം, കേട്ട്-മണം പിടിച്ച്, ചെല്ലുന്ന (ഒതുക് എന്നതിനോട് അന്വയം); നീലക്കാർ മൽക്കുഴലിലുഴലും എന്നു മു. പാ. ആലം കോലും മഴമിഴിയാൾ-വിസ്താരമുള്ളവയും അലസങ്ങളും ആയ മിഴികളോടു കൂടിയവൾ. [ആലം-വിസ്താരം, കതിർവേലുപിള്ള], താൻ അന്തിയോളം-സന്ധ്യവരെ. പകൽ മുഴുവൻ വളർത്തുന്നതും എന്ന് അർത്ഥം. വാലും മിനാമിന്നുത്ത് പാലും ചാല, പതുകി-കുടിച്ച്, അങ്ങനെ

കിടക്കുന്നതുമായ വെരുക്", [വാലും താനം എന്നതിൽ 'താനം' എന്നതിന് പ്രത്യേകം അർത്ഥം ഇല്ല. വാലുപോലും എന്നു വേണമെങ്കിൽ എടുക്കാം]. അതു് വായവ്യകോണു-വടക്കുപടിഞ്ഞാറേ കോണിൽ, തേ കാണലാം-അതേയുള്ളൂ കാണാം.

[മഴലമിഴി എന്ന പ്രയോഗം സൂക്ഷിക്കുക. 'മഴലമൊഴി'-കൊഞ്ചിപ്പറയുന്നവൾ, എന്ന് ആദിയിൽ രൂപം ഉണ്ടായിരിക്കാം. മഴല എന്നാൽ കൊഞ്ചിപ്പറയുക എന്നു് അർത്ഥം. കാലക്രമേണ ഈ അർത്ഥം വികസിച്ചു് 'നല്ല' എന്ന സാമാന്യാർത്ഥം ഈ പദത്തിനു് ഉണ്ടായി. അതിൽ നിന്നു 'മഴലമിഴി' എന്ന രൂപം തെറ്റായി വന്നിരിക്കാം.]

നീലക്കാർമൽക്കുഴലിലുഴലും നെയ്മണം എന്നു മൂ. പാ. 'നീലംതോയും കുഴലൊടണയും നെയ്മണം കേട്ട ചെന്റു്' എന്നു് ഗ്ര. പാ. നീലം തോയും-നീലം കലരുന്ന, നീലനിറമുള്ള. നെയ് മണം എന്നാണു് നല്ല പാഠം. താളിയോല ഗ്രന്ഥത്തിലും മറ്റൊരു പകർപ്പിലും അതാണു് പാഠം. തലയിൽ തേക്കുന്ന നെയ്യുടെ മണം കേട്ടു് വെരുക് അടുത്തു ചെല്ലുന്നു നെയ്യുടെ മണം പിടിച്ചു് ഉണ്ണുനീലിയെ തിരിച്ചു് അറിയുന്നു എന്നർത്ഥം. നെയ്മണം എന്ന മൂ. പാ. ശരിയല്ല.

ഉണ്ണുനീലി പകൽ മുഴുവൻ കളിക്കുന്നതും, അവളുടെ തലയിലെ നെയ്മണം കേട്ടു് അടുത്തു ചെല്ലുന്നതും, [illegible] വാലുള്ളതുമായ ഒരു വെരുക് ആ വീട്ടിന്റെ വടക്കുപടിഞ്ഞാറു വശത്തു് പാൽ കുടിച്ചുകൊണ്ടു കിടക്കുന്നതായി കാണാം.

ആടിക്കാർമൽക്കുഴലി വടിവിൽത്താൻ ചമയ്ക്കും നിറത്തിൽ
പാടും കൂടപ്പല പരിചിലും നൽച്ശ്ലോകങ്ങൾ ചൊല്ലും
ഈടിക്കൂട്ടും മരതകരുചിം തൊണ്ടിനേർച്ചുണ്ടുമേന്തി-
ക്കൂടക്കാണാമുടനൊരു കിളിപ്പെൺ കളിക്കിന്റെ കൂട്ട്. 44

ആടിക്കാർ മൽക്കുഴലി-ആടിമാസത്തിലെ കാറിനോടു് മല്ലിടുന്ന തലമുടിയോടുകൂടിയവൾ-ഉണ്ണുനീലി, വടിവിൽ ഭംഗിയായി താൻ ചമയ്ക്കുന്ന, നിറത്തിൽ-തരത്തിൽ, പാടുകയും, കൂടെ-ഒരുമിച്ചു്, പല പരിചിലും-പല ഭംഗിയിലും, നല്ല ശ്ലോകങ്ങൾ ചൊല്ലുകയും ചെയ്യുന്നതും, ഈടിക്കൂടുന്ന-വർദ്ധിക്കുന്ന, മരതകരുചിയും-മരതക കാന്തിയും-പച്ച നിറവും, തൊണ്ടിനേർച്ചുണ്ടും-തൊണ്ടിപ്പഴത്തിനു തുല്യമായ ചുണ്ടും-നല്ല ചുവന്ന ചുണ്ടും, ഏന്തി-ഉള്ളതും, ആയ ഒരു കിളിപ്പെണ്ണു് കളിക്കുന്ന കൂട്ടി കൂടെ കാണാം.

നായികയുടെ കാർകുഴലിന്റെ കറുപ്പും, ശാരികയുടെ ശരീരത്തിന്റെ മരതകശോഭയും, അതിന്റെ ചുണ്ടിന്റെ ചുവപ്പും കവിതയ്ക്കു വർണ്ണഭംഗി കൊടുക്കുന്നപോലെ, ഉണ്ണുനീലിയുടെ രാഗാലാപവും ശാരികയുടെ അനുഗാനവും ഇതിനു സംഗീതഭംഗിയും കലർത്തുന്നു.

കളിക്കിന്റെ വാറ്റു് എന്നു മൂ. പാ. കളിക്കിന്റെ കൂട്ട് എന്നു ഗ്ര. പാ.

മാഴക്കണ്ണാർകളൊരു മയിലുമുണ്ടങ്ങു പിൻകാലൊളം പോയ്-
ത്താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നില്പ്പോരു നേരം
ഊഴത്തങ്കൊണ്ടിരുൾമുകിലിതെൻറഞ്ചിതം പീലിജാലം
ചൂഴച്ചിന്തിച്ചുവരയൊടുടനേ പാടിയാടീടുവോൻറ്. 45

മാഴക്കണ്ണാർകൾ്-സുന്ദരാക്ഷികൾ്, [മാഴ-വടുമാങ്ങാ. മുറിച്ച പിഞ്ചു മാങ്ങാ പോലുള്ള മിഴിയുള്ളവർ. മാഴ എന്നതിന് അഴക്, അറിവില്ലായ്മ, മാവു് എന്നെല്ലാം അർത്ഥം ഉണ്ടു്. ശ. നിഘണ്ടു.] ഒരു മയിലും അങ്ങു് ഉണ്ടു്. ഓമൽ-പ്രിയ, പിൻകാലൊളം പോയ് താഴെ ചെല്ലുന്ന-പാദംവരെ നീണ്ടുകിടക്കുന്ന, പുരികുഴലഴിച്ചു് ഇട്ടുകൊണ്ടു നിൽക്കുമ്പോൾ, ഇരുൾമുകിലിതെൻറു്-ഇരുണ്ട മേഘമാണു് ഈ തലമുടി എന്നു്, ഊഴത്തംകൊണ്ടു്-വിചാരിച്ചു്. അഞ്ചിതം പീലിജാലം-മനോഹരമായ പീലിക്കൂട്ടം, ചൂഴെച്ചിന്തി-വിടർത്തിപ്പരത്തി, ചുവരയൊടുടനേ-ചുവരയോടുകൂടെ-മാധുര്യത്തോടുകൂടി, പാടി ആടീടുവൊൻറു്-പാടി ആടുന്ന ഒന്നാണു് അതു്.

[38 മുതൽ 41 വരെ പദ്യങ്ങളിൽ ചെടികളെയും മരങ്ങളെയും എന്ന വണ്ണം, 43 മുതൽ 45 വരെ ശ്ലോകങ്ങളിൽ നായികയുടെ ഗൃഹത്തിലെ വളർത്തുജന്തുക്കളെയും സൂചിപ്പിച്ചിരിക്കുന്നു.]

ചൊപ്പുക്കൊള്ളോ വള ചെറിയതിന്നാരിയപ്പട്ടർ പോയി
ക്കോപ്പാട്ടിക്കോ തിരുവടി കറിപ്പൊൻറു താരാൻ പുരാട്ടി,
മാപ്പാട്ടികൾക്കുളുവനിളയച്ചികൾ മേനോക്കിയാർ പോ-
ലാപ്പിൽപ്പോയാർ മലയി ചിരുതേവികൾ ചീക്കേട്ടു ചീലം. 46

ദാസിമാരുടെ സംഭാഷണം—ചൊപ്പുള്ളതാണോ വള? ചെറിയതിന്നു്-ചെറിയതു് എന്നു പേരുള്ളവളുടേതാണു്, എന്നു് ഉത്തരം. ആരിയപ്പട്ടർ പോയി-ആര്യപ്പട്ടർ ചെറിയതിൻെറ ഭർത്താവായിരിക്കാം. കോപ്പാട്ടി എന്നവൾക്കാണോ തിരുവടി? ബാന്ധവം തുടങ്ങിയതെന്നു ശേഷം. പുരാട്ടി കറിപ്പൊൻറു താരാൻ-തരികയില്ല. [കറികളുള്ള പൊന്നു്-നെററിക്കു് പൊട്ടിടാൻ അതിലോലമായി ചെറിയ പൊട്ടുപോലെ പൊന്നുതകിടുകൊണ്ടു് ഉണ്ടാക്കാറുണ്ടു്. നെററിക്കു് ചാന്തു് ഇട്ടു് അതിൻെറ പുറത്തു് ആ പൊന്നിൻപൊട്ടു് പതിക്കും. അതിനായിരിക്കാം കറിപ്പൊന്നു് എന്നു പറയുന്നതു്. ഇതിൻെറ അർത്ഥം പല തരത്തിൽ പറഞ്ഞുകാണുന്നു. കറുപ്പു് ഒന്നും തരികയില്ല പുരാട്ടി എന്നും എടുക്കാം.] മാപ്പാട്ടികൾ്-മാപ്പാട്ടി എന്ന സ്ത്രീകൾ്, ഇന്നു് ആ ഉളുവൻ ആണു് ബന്ധം. ഇളയച്ചികൾ മേനോക്കിയാർ ആണു പോൽ. മലയി ആപ്പിൽ എന്ന സ്ഥലത്തു പോയി. ചിരുതേവികൾ്, ചീക്കേട്ടു്-ചീത്തക്കേട്ടു്-സുഖക്കേടു്, ചീലം-പതിവായിത്തീർന്നിരിക്കയാണു്.

'ചിത്രദേവിക്ക് ഉമിക്കോട്ട ചീലം' എന്ന് എടുത്തു്, 'ഉമിക്കോട്ട്' എന്ന ആറാം സംബന്ധം എന്ന് ശ്രീ. പിഷാരടി വ്യാഖ്യാനിക്കുന്നു. 'ചീക്കോട്ട ചീലം' എന്നു താളിയോല ഗ്രന്ഥത്തിലും മദ്രാസ് പകർപ്പിലും പാഠം കാണുന്നു.

> ആടീ കൊണ്ടോ ചവടി, കളമം കൊണ്ടുചെൻറാ കളത്തി,
> കോടീ കോടിപ്പുടവയെട്ട നീ, കോതയോ ചൂതു താരാം,
> പക്കത്തെങ്ങും നഖപുടമണിഞ്ഞങ്ങനേ കാണകത്തും
> പക്കത്തും ചേൻറഴകിനൊടിളഞ്ചേടിമാർ പോരുമാറു്". 47

ആടീ-അല്ലയോ ആടീ, ചവടി-ചവടി എന്ന ആഭരണം, കൊണ്ടാം-കൊണ്ടുവന്നാലും; അല്ലയോ കളത്തീ, കളമം കൊണ്ടുചെന്നാ-കൊണ്ടു ചെന്നോ? 'കളത്തീ'എന്നതിനു കളത്തിൽ എന്നു മൂ. പാ. കോടീ നീ, കോടിപ്പുടവ എടുക്കുക. കോതയോ-ഒരുത്തിയെ കണ്ടിട്ടു് കോതയാണോ എന്നു ചോദിക്കുന്നു. ചൂതു താരാം-അവൾ ചൂതു തരികയില്ല. പക്കത്തു്-പക്ഷങ്ങളിൽ-വശങ്ങളിൽ, എങ്ങും, നഖപുടമണിഞ്ഞു്-നഖംകൊണ്ടുള്ള പാടുകൾ അണിഞ്ഞുകൊണ്ടു്, അകത്തും-വീട്ടിനകത്തും, പക്കത്തും-സമീപത്തും, അഴകിനൊടു്, ഇളംചേടിമാർ-ചെറുപ്പക്കാരികളായ ദാസികൾ, പോരുമാറു്-സഞ്ചരിക്കുന്നതു്, കാൺ-കണ്ടാലും.

പക്കത്തും ചേൻ്റ എന്നു മൂ. പാ. ഗ്രന്ഥത്തിലും മദ്രാസ് പകർപ്പിലും പക്കത്തു് എന്നു തന്നെ.

[ഉണ്ണുനീലിയുടെ ഗൃഹത്തിലെ ചേടികളെയും ജന്തുക്കളെയും സൂരിച്ചിട്ടു് അവിടത്തെ ദാസിമാരെ അവതരിപ്പിച്ചിരിക്കുന്നു. അവരുടെ സംഭാഷണം സ്വാഭാവികതയ്ക്കു് ഉദാഹരണമാണെങ്കിലും, നായികയുടെ വിരഹാവസ്ഥയെപ്പററി ഒന്നും പറയാത്തതു ശരിയായോ എന്നു സംശയിക്കണം. എന്നു തന്നെയല്ല, അവരുടെ സംഭാഷണത്തിൽ വ്യഞ്ജിക്കുന്ന ഉത്സാഹാധിക്യം പ്രകൃതത്തിനു യോജിച്ചതും അല്ല.]

> അപ്പൂമാതിന്നൊരു സഹചരീമംഗനാമൌലിമാലാ-
> മിപ്പാർമേലുള്ളമൃതസരസീമിക്ഷുചാപസ്യ കീർത്തിം
> കർപ്പൂരാളീമിനിയ നയനങ്ങൾക്കു കാണും നരാണാം
> മൽപ്രേമത്തിൻ വിളകഴനിയാം മാനിനീം കാൺക പിന്നെ. 48

ആ പൂമാതിന്നു് ഒരു സഹചരിയും-ലക്ഷ്മീദേവിക്കു് കൂട്ടുകാരിയും, അംഗനാമൌലിമാലയും-സ്ത്രീകൾ മൌലിയിൽ അണിയുന്ന മാലയെ പോലെയുള്ളവളും, ഇപ്പാർമേലുള്ളമൃതസരസീം-ഈ ലോകത്തുള്ള അമൃതതടാകവും, ഇക്ഷുചാപസ്യ-കാമൻ്റെ, കീർത്തിയും, കാണും നരാണാം-കാണുന്ന മനുഷ്യർക്കു്, നയനങ്ങൾക്കു്-കണ്ണുകൾക്കു്, ഇനിയ

കർപ്പൂരാളിയും-നല്ല കർപ്പൂരക്കൂട്ടവും, മൽ പ്രേമത്തിൻ-എന്റെ പ്രേമത്തിന്ന്, വിളക്കുനിയും-വിളനിലവും, ആയ, മാനിനീം-മാനിനിയെ, പിന്നെ, കാൺക-കണ്ടാലും. ഇനിയ എന്നതു നയനങ്ങൾക്ക് എന്നതിനോടു ചേർത്തും എടുക്കാം.

ശബ്ദഭംഗി ശ്രദ്ധേയമാണ്.

ചൊല്ലും താനേ പുരികുഴലി താന്തന്നെ ബാലേന്ദ്രനീലം
വെല്ലും കാന്ത്യാ വെരളമിളമാൻ തോല്ക്കുമന്നോക്കകൊണ്ടും
കല്യാണാനാം നിജ നിലയനം മിക്ക മുണ്ടെങ്കൽ മേവും
നല്ലാരെന്നും നവ കമലിനീവെണ്ണിലാവുണ്ണുനീലീം. 49

ബാലേന്ദ്രനീലം-ബാലേന്ദ്രനീലരത്നത്തെ—അല്പനീലമായ ഇന്ദ്രനീലരത്നത്തെ, വെല്ലുന്ന-ജയിക്കുന്ന, കാന്ത്യാ-ശോഭകൊണ്ടും, വെരളമിളമാൻ തോൽക്കുമന്നോക്കകൊണ്ടും-വെരളെ നില്ക്കുന്ന കുട്ടിമാനിനെ ജയിക്കുന്ന നോക്കുകൊണ്ടും, കല്യാണാനാം നിജനിലയനം-മംഗലങ്ങൾക്ക് ഇരിപ്പിടവും, മികച്ച മുണ്ടെങ്കൽ മേവുന്നവളും, നല്ലാരെന്നും—സുന്ദരിമാർ എന്ന, നവ കമലിനികൾക്ക്-പുതിയ താമരപ്പൊയ്കകൾക്ക്, വെണ്ണിലാവും-വെണ്ണിലാവ് താമരകളെ എന്നപോലെ ഈ സുന്ദരിമാരെ മുഖം കൂമ്പിപ്പിക്കുന്നവളുമായ—നാണിപ്പിക്കുന്നവളുമായ, ഉണ്ണുനീലീം-ഉണ്ണുനീലിയെ, പുരികുഴലി-ചുരുണ്ട തലമുടിയുള്ള ആ സുന്ദരി, താനേ താൻതന്നെ ചൊല്ലും-തന്നെത്താനെ അറിയിക്കും.

ഇന്ദ്രനീലത്തെ ജയിക്കുന്ന നിറംകൊണ്ടും, ഇളമാൻ തോല്ക്കുന്ന നോക്കുകൊണ്ടും മററു സുന്ദരിമാരെ അധഃകരിക്കുന്ന ഉണ്ണുനീലിയെ അവൾ തന്നെത്താനെ അറിയിക്കും —അവളെ കണ്ടാൽ ഈ ലക്ഷണം കൊണ്ടു മനസ്സിലാക്കാം എന്നു സാരം.

'തോൽക്കുമക്കണ്ണുകൊണ്ടു' എന്നു മൂ. പാ. 'തോല്ക്കുമന്നോക്കകൊണ്ടും' എന്നു ഗ്ര. പാ. ഗ്രന്ഥപാഠം മെച്ചം.

ഉണ്ണുനീലിയുടെ നിറം നീലമാണെന്നു വ്യഞ്ജിക്കുന്നു.

അന്നപ്പേടയ്ക്കു തിരുവടി പദന്യാസവൈദഗ്ദ്ധ്യലീലാം
തന്നെത്താനേ നവമറിയിപ്പോർക്കു യാത്രാവിലാസം
ഉന്നിദ്രാണം തരുണ കമലം വെല്ലുമച്ചേവടിത്താ–
രന്യസ്ത്രീണാമരിയ കബരീഭൂഷണം മൽ പ്രിയായാഃ. 50

അന്നപ്പേടയ്ക്ക് അതിരൂഢമായ പദന്യാസത്തിൽ-കാൽവയ്പിൽ, ഉള്ള വൈദഗ്ദ്ധ്യലീലയെ-ലീലാചാതുര്യത്തെ, തന്നെത്താനേ, നവം-നിശ്ചയ

മായും, അറിയിപ്പാൻറു് - അറിയിക്കുന്നതാണ്, യാത്രാവിലാസം - സഞ്ചാരഭംഗി. എന്റെ പ്രേയസിയുടെ യാത്രാവിലാസം അന്നപ്പേടകളെ പരിഹാസം അഭ്യസിപ്പിക്കുന്നതാണ്. ഉന്നിദ്രാണം - വിരിഞ്ഞുവരുന്ന, തരുണകമലത്തെ - ഇളംതാമരപ്പൂവിനെ, വെല്ലുന്ന - ജയിക്കുന്ന, മൽപ്രിയായാഃ - എന്റെ പ്രിയയുടെ, ആ ചേവടിത്താർ - ഭംഗിയുള്ള കാൽത്താർ, അന്യസ്ത്രീകൾക്കു്, അരിയ - അമൂല്യമായ, കബരീഭൂഷണം - മുടിയിൽ അണിയുന്ന ആഭരണം ആണ്.

'തന്നെത്താനേ മുഴുവനറിയിപ്പാൻറു്' എന്നു മൂ. പാ. 'അന്യസ്ത്രീണാം കരിയ കബരീഭൂഷണം' എന്നു ഗ്രന്ഥത്തിൽ കാണുന്നതു പിശകാണെന്നു തോന്നുന്നു.

മിത്രം പാൎത്താൽ തിരുവിരൽ പരം പങ്കജാന്തർദ്ദളാനാം
മുക്താജാലദ്യുതി മുഴുവനേ കൎക്ക വല്ലും നഖാളി
ഗുൽഫേ ഗൂഢം പുറവടി വെടിഞ്ഞീടുമക്കൂൎമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതി കണക്കാൽക്ക മായൂരകണ്ഠം 51

മൽപ്രേയസ്യാഃ - എന്റെ പ്രിയയുടെ, തിരുവിരൽ, പങ്കജാന്തർദ്ദളാനാം - താമരയുടെ ഉള്ളിലുള്ള ഇതളുകൾക്കു്, പരം മിത്രം - ഉറ്റ ബന്ധുവാണ്. മുക്താജാലദ്യുതി - മുത്തുകളുടെ ശോഭയെ, മുഴുവനേ - ആകെക്കൂടി, കൎക്ക വല്ലും - കക്കുന്നതിനു് സാമൎത്ഥ്യമുള്ളതു് (ആണ്) നഖാളി - നഖങ്ങൾ. കൎക്ക എന്നു പ്രാചീന രൂപം. പലേടത്തും കാണുക. ഗുൽഫേ - ഗുൽഫത്തിൽ - നെരിയാണിയിൽ, ഗൂഢം - ഗൂഢമായതു്. ഗുൽഫത്തിൽ ഗൂഢമായ പുറവടി എന്നു് എടുത്താൽ ഭംഗിയില്ല. പുറവടി ആ കൂൎമ്മശോഭാം - ആമപ്പുറത്തിന്റെ ഭംഗിയെ, വെടിഞ്ഞീടും - തിരസ്കരിക്കും. കണക്കാൽക്കു് - കണങ്കാലിനു്, മായൂരകണ്ഠം - മയിലിന്റെ കഴുത്തു്. പ്രണമതി - നമിക്കുന്നു. കുമ്പിടുന്നു.

തിരുവിരൽ എന്നതുകൊണ്ടു് നായികയുടെ പൂജ്യത്വം വ്യഞ്ജിക്കുന്നു. 'തേവടിച്ചി' എന്നുള്ള അഭിപ്രായം സ്വീകാൎയ്യമല്ല.

'കൎക്ക വെല്ലും' എന്നു മൂ. പാ. തെറ്റാണ്. 'കൎക്ക വല്ലും' എന്നു ഗ്ര. പാ.

ഒപ്പം നില്ലാ മനസിജമണിച്ചെപ്പു ജാനുദ്വയത്തോ-
ടപ്പാലാക്കും കരികരരുചിം കളമൂരുപ്രകാണ്ഡം
അപ്പൂബാണന്നനുപമ മഹാരാജ്യമാമോമലംഗം
മൽപുണ്യാനാം പരിണതിപദം ചൊല്ലവല്ലേൻ പ്രിയായാഃ 52

ജാനുദ്വയത്തോടു് - രണ്ടു കാൽമുട്ടുകളോടും, മനസിജമണിച്ചെപ്പു് - കാമന്റെ മണിച്ചെപ്പു്, ഒപ്പം നില്ലാ - തുല്യമല്ല. കളം - മനോഹരമായ,

ഊരുപ്രകാണ്ഡം-ശ്രേഷ്ഠമായ തുട, കരികരരുചിം-ആനയുടെ തുമ്പിക്കൈക്കുള്ള രുചിയെ-ശോഭയെ, അപ്പാലാക്കും-അപ്പുറത്തു് ആക്കും-പുറന്തള്ളും. അപ്പൂമ്പാണന്റെ-ആ കാമദേവന്റെ, അനുപമ മഹാരാജ്യമായ-തുല്യമില്ലാത്ത മഹാരാജ്യമായ, പ്രിയായാഃ കോമളാംഗം-പ്രിയയുടെ മനോഹരമായ ശരീരം, മത് പുണ്യാനാം-എന്റെ പുണ്യങ്ങളുടെ, പരിണതിപദം-പരിണാമസ്ഥാനമാണ്; ചൊല്ലുവല്ലേൻ-ചൊല്ലാൻ എനിക്കു സാമർത്ഥ്യമില്ല-അതു വർണ്ണിക്കാൻ എനിക്കു കഴിവില്ല.

ചൊല്ലുവല്ലേൻ പ്രിയായാഃ എന്ന പ്ര. പാ. ശരിയല്ല. 'വൽ'-വല്ലുക എന്നതിന്റെ ഉത്തമ പുരുഷനിലുള്ള നിഷേധരൂപമാണ് 'വല്ലേൻ'.

ക്ലാന്തം മദ്ധ്യം, ബകുള കുസുമശ്രീഭരം നാഭിദേശം,
കാന്തം വേണീമറുനിഴലിവ പ്രേക്ഷ്യതേ രോമരാജി;
കല്യാണാംഗ്യാ നിജ മധുരിമാപൂർണ്ണലാവണ്യഗംഗാ-
കല്ലോലാളീ വലികളുദരം കയ്ത്തലം ചിത്തയോനേഃ. 53

ക്ലാന്തം-ക്ഷീണിച്ചതാണ്, മദ്ധ്യം-മദ്ധ്യപ്രദേശം. സുന്ദരിമാരുടെ കടിപ്രദേശം ഒതുങ്ങിയിരിക്കും. ബകുളകുസുമശ്രീഭരം ആണ് നാഭിദേശം-ബകുളകുസുമത്തിന്റെ-ഇലഞ്ഞിപ്പൂവിന്റെ ശോഭയുള്ളതു് ആണ്, നാഭി-പൊക്കിൾ. കാന്തം-മനോഹരമായ, വേണീമറുനിഴൽ-തലമുടിയുടെ എതിർ വരുന്നുള്ള നിഴൽ, ഇവ-എന്നപോലെ, രോമരാജി-രോമാളി ഉദരത്തിന്മേലുള്ള രോമരേഖ, പ്രേക്ഷ്യതേ-കാണപ്പെടുന്നു. കല്യാണാംഗ്യാ-(ആ) സുന്ദരിയുടെ, വലികൾ-വയറ്റത്തുള്ള ചുളിവുകൾ, നിജ-തന്റെ, മധുരിമാപൂർണ്ണമായ ലാവണ്യഗംഗയിലെ-സൗന്ദര്യമാകുന്ന ഗംഗാനദിയിലെ, കല്ലോലാളികളാണ്-തിരമാലയാണ്. ¦മനോഹരമായ ആവന¦. ഉദരം-വയറു്. ചിത്തയോനേഃ—കാമന്റെ, കൈത്തലമാണ്.

നമ്രം തുമല്ലിടയൊടിയുമാറുന്നതം കൊങ്കയുഗ്മം
രമ്യാകാരേ കരകിസലയേ കദളീ കന്ദളാഭേ
കംബുശ്രീമൽ ഗളമിദമഹോ കഴക്കറ ചീർത്താളുമേററം
ബിംബാകാരം തളമണിവാ ചന്ദ്രബിംബാനനായാഃ. 54

ചന്ദ്രബിംബാനനായാഃ-ചന്ദ്രബിംബമുഖിയുടെ, നമ്രം-കുനിഞ്ഞ, തുമല്ലിട-മനോഹരമായ മദ്ധ്യപ്രദേശം, ഒടിയുമാറു്-ഒടിയത്തക്കവണ്ണം, ഉന്നതമാണ്, കൊങ്കയുഗ്മം-രണ്ടു മുലകളും. രമ്യാകാരേ-മനോഹരം ആയ ആകാരമുള്ളവയും, കദളീകന്ദളാഭേ-കദളിവാഴയുടെ, തളിരിലയുടെ ശോഭയുള്ളവയും, ആണ്, കരകിസലയേ-രണ്ടു കൈകളും, കംബുശ്രീമത്-ശംഖിന്റെ ശോഭയുള്ളതാണ്, ഗളം, ഏററം ചീർത്തു് ആളും-വളരെ വളർ

ചിക്കുന്നു. ഇതൾ—ഇതളാണ്, കുഴൽകാറ്—കാറുപോലുള്ള തലമുടിക്കെട്ട്, ബിംബാകാരം—തൊണ്ടിപ്പഴത്തിന്റെ ആകൃതിയുള്ളതാണ്, തരളമണിവാ—മനോഹരമായ പവിഴമണിപോലുള്ള വാ—ചുണ്ട്.

ബിംബാകാരാ എന്ന മൂലപാഠം തെറ്റാണ്. ബിംബാകാരം എന്ന ഗ്ര. പാ.

പൂന്തേൻ വെല്ലും മധുരവചനം, ചന്ദ്രികാ മന്ദഹാസം,
കാന്താ ദന്താവലി, മരതകാദർശലീലൗ കപോലൗ,
കണ്ണാന്തം നീണ്ടിളയ മറിമാൻ നോക്കു വെൽ-
വൊന്റു നേത്രം
കർണ്ണൗ പൂമാതഴകൊട്ടു കളിപ്പാൻ പൊന്നൂയലല്ലോ. ൫൫

പൂന്തേൻ വെല്ലും—പൂന്തേനിനെ ജയിക്കുന്നതാണ്, മധുരവചനം. ചന്ദ്രികാ—നിലാവു തന്നെ, മന്ദഹാസം—പുഞ്ചിരി. കാന്താ—മനോഹരം ആണ്, ദന്താവലി—പല്ലുകൾ; മരതകാദർശലീലൗ—മരതകക്കല്ലുകൊണ്ടുള്ള കണ്ണാടികളുടെ വിലാസമുള്ളവ ആണ് അവളുടെ രണ്ടു ഗണ്ഡസ്ഥലങ്ങളും. നിറം നീലമാണെന്ന് ഇവിടെയും വ്യഞ്ജിക്കുന്നു. കണ്ണാന്തം—കാതുവരെ, നീണ്ടതും, ഇളയ മറിമാനിന്റെ—മാൻകുട്ടിയുടെ നോക്ക്, വെൽവൊന്റു്—ജയിക്കുന്നതും, ആണ്, നേത്രം കണ്ണുകൾ. കർണ്ണൗ—ചെവികൾ, പൂമാതു്—ലക്ഷ്മീദേവി, അഴകൊട്ടു കളിക്കുന്ന പൊന്നൂയൽ ആണല്ലോ. തോട ഇടാനായി കാതു കുത്തി വളർത്തുന്നതു പതിവായിരുന്നു. അതിനാലാണ് കർണ്ണത്തെ പൊന്നൂയലായി വർണ്ണിച്ചിരിക്കുന്നതു്.

ഇനിയ മറിമാൻ എന്ന മൂ. പാ. 'ഇളയ' എന്ന ഗ്ര. പാ.

എൾപ്പൂ കർപ്പാൻ കരുതുമഴകാർന്നഞ്ചിതം നാസികാഗ്രം,
വിൽപോലേ നീണ്ടുദിതനെറിയൽ പ്രൗഢിചില്ലീതരംഗം
മുററാതോമൽക്കുളുർമതി പൊരും നെററി,മുററിന്റ തിങ്കൾ-
ക്കററാൽ കുററം വദതി വദനാംഭോരുഹം മൽ പ്രിയായാഃ. ൫൬

അഴകാർന്നഞ്ചിതം നാസികാഗ്രം—മൂക്കിന്റെ അറ്റം, എൾപ്പൂ കർപ്പാൻ കരുതും—എൾപ്പൂവിന്റെ ഭംഗി കവരുന്നതിനു കരുതും. ചില്ലീതരംഗം—തിരപോലെയുള്ള പുരികം, വിൽപോലെ നീണ്ടതും ഉദിതമായ, നെറിയൽപ്രൗഢി—വിലാസപ്രൗഢിയോടു കൂടിയതുമാണ്. മുററാത—വളരാത്ത, ഓമൽ കുളുർമതിയെ—ബാലചന്ദ്രനെ, പൊരും—യുദ്ധം ചെയ്യുന്നതാണ്, നെററി. ഉററാൽ—ഉററുനോക്കിയാൽ, മുററിന്റ തിങ്കൾക്ക്—പൂർണ്ണചന്ദ്രന്, മൽ പ്രിയായാഃ വദനാംഭോരുഹം—എന്റെ ഭാര്യയുടെ മുഖമാകുന്ന താമര, കുററം വദതി—കുറവു പറയുന്നു.

കർപ്പൂരാൻ എന്ന ഗ്രന്ഥപാഠം ആണ് സാധു. കപ്പാൻ എന്നത്തു ലുപ്തരൂപം. പദകോശം നോക്കുക. 'പരിചൊടഴകാന്നണിതം' എന്നു ഗ്ര. പാ.

മുണ്ടെക്കൽ ച്ചേർന്നഴകു പൊഴിവോരുണ്ണുനീലിതി പേരാം
മണ്ടിച്ചാലത്തളരുമിളമാൻ വെൻറ മുഗ്ദ്ധേക്ഷണായാഃ
കൊണ്ടൽക്കോലക്കരിമുകിലുടേ കാന്തിനീർകൊണ്ടിരുണ്ടു-
കണ്ടിക്കാർമൽക്കുഴൽ കഴൽ തൊട്ടും കാന്തിസൗജന്യസിന്ധോ! 57

ചാലെ-ഭംഗിയിൽ, തളരുന്ന ഇളമാനിനെ വെൻറ-ജയിച്ച, മുഗ്ദ്ധേക്ഷണായാഃ-മനോഹരങ്ങളായ ലോചനങ്ങളുള്ളവളും, മു ണ്ടെക്കൽ ചേർന്നഴകു പൊഴിവോരു-സൗന്ദര്യം വഴിയുന്ന, ഉണ്ണുനീലി ഇതി പേരാം-ഉണ്ണുനീലി എന്നു പേരുള്ളവളും ആയ, കാന്തി സൗജന്യസിന്ധോഃ—കാന്തിക്കും സൗജന്യത്തിനും സിന്ധുവായുള്ള അവളുടെ, കുഴൽ-തലമുടി, കഴൽ തൊട്ടും-പാദത്തിൽ തൊട്ടും—പാദംവരെ നീണ്ടു കിടക്കുന്നതാണ് അവളുടെ തലമുടി എന്നു സാരം. കൊണ്ടൽക്കോല ഇത്യാദി കുഴലിൻെറ വിശേഷണം. കൊണ്ടൽ-കിഴക്കൻകാററുകാലത്തുള്ളതും, കോല മനോഹരവും, ആയ കരിമുകിലിൻെറ-കാർമേഘത്തിൻെറ, കാന്തിയുള്ളതും നീർ കൊണ്ട് ഇരുണ്ടതും, കണ്ടിയുടെ-കരിഞ്ചണ്ടിയുടെ കാറിനോട്-കറുപ്പിനോട്, മല്ലിടുന്നതും ആയ, കുഴൽ-തലമുടി എന്നു യോജന.

കഴൽ തൊട്ടും എന്നാണ് ഗ്ര. പാ. ആ പാഠം അനുസരിച്ചാണ് മുകളിലത്തെ വ്യാഖ്യാനം. കഴൽ തൊഴും എന്നു മു. പാ. അതിനും ഇതേ അർത്ഥം തന്നെ കൊടുക്കാവുന്നതാണ്- ആ പാഠത്തിനു് നീർകൊണ്ടിരുണ്ട കരിമുകിലിൻെറ കാന്തി തലമുടിയുടെ കഴലിനെ- കാലിനെ, വന്ദിക്കും എന്നു ചിലർ അർത്ഥം കല്പിച്ചിരിക്കുന്നു. തലമുടിയുടെ കഴൽ എന്നു് പറയുന്നതിനു സ്വാരസ്യം ഇല്ല. കാന്തിസൗജന്യസിന്ധോ എന്നു് സന്ദേശഹരനെ സംബോധന ചെയ്യുന്നതായും ചില വ്യാഖ്യാതാക്കന്മാർ എടുക്കുന്നു. 'കാന്തി' എന്ന പദം ആവർത്തിച്ചിരിക്കുന്നു.

ചാണിന്മേൽ നീണ്ടസിതനയനം, ചാപലം ചേർന്ന മാററം,
കാണുന്തോറും നയനസുഭഗം കാമിനാം പുണ്യപൂരം,
ഓണം മാരന്നഭയമവനം പൂവിൽമാതിന്നനേകാ
കോണം പോരാ കടില മിഴിതൻ കോലമിവ്വണ്ണമെന്മാൻ. 58

ഒരു ചാണിൽ കൂടുതൽ നീളമുള്ള, അസിതനയനം-കറുത്ത കണ്ണ്; ചാപലം ചേർന്ന മാററം-സംഭാഷണം-മറുപടി. ചെരുമാററം എന്നും

വിലാസമെന്നും മറ്റും അർത്ഥം കൊടുത്തിരിക്കുന്നതു ശരിയല്ല. കാമിനാം -കാമികൾക്ക്, കാണും തോറും നയനസുഭഗമായ പുണ്യപൂരമാണ് ഉണ്ണുനീലി, അവൾ മാരന് ഓണം; പൂവിൽ മാതിന്–ലക്ഷ്മിക്ക്, ഉദയ ഭവനം. എന്നെക്കോ–എന്നെ സംബന്ധിച്ചാണെങ്കിൽ, കുടിലമിഴിതൻ കോലം-കുടിലമിഴിയുടെ സൗന്ദര്യം, ഇപ്പൊഴുള്ളതെന്താൻ-ഇന്നപ്രകാരമാണെന്നു പറയുന്നതിന്, കൊണ്ണം പോരാ–തിക്ക് ഇല്ല.

കാണം പോരാ എന്ന മുദ്രിതപാഠം, കാണം-ഒരു സ്വർണ്ണനാണയം. പണ്ടു കാണം ഒരു കഴഞ്ച് (T.A.S.II.P. 146).

ഗ്രന്ഥത്തിലും മദ്രാസ് മാതൃകയിലും കോണ്ണം എന്നു തന്നെ. ശ്ലോകത്തിന്റെ പ്രാസസ്ഥിതിക്കും കോണ്ണം എന്നതന്നെ യോജിക്കും. കോണ്ണം എന്നതിന്റെയും അർത്ഥം സ്പഷ്ടമല്ല. ടിക്ക്-ലക്ക്, അറിവ്, സാമർത്ഥ്യം എന്നൊക്കെ ഊഹാർത്ഥമായി എടുക്കാം.

ഇനിക്കോ എന്ന് മുദ്രിതപാഠം. എന്നെക്കോ എന്ന് ഗ്രന്ഥപാഠം.

എന്നോടുണ്ടാം പ്രഥമവിരഹവ്യാകുലാ നൂനമിന്നോ
തന്വീമാലാ ശിശിരമഥിതാ താമരപ്പൊയ്കപോലെ
അന്യാകാരം വഹതി തിരുമെയ് മിക്കവാറും മൃഗാക്ഷി
മുന്നേലക്ഷ്മീം കിമു കുമുദിനീ യാതി ശീതാംശുഹീനാ? 59

സൗന്ദര്യ സർവസ്വമായി താൻ വർണ്ണിച്ച ഉണ്ണുനീലി ഇന്ന് നഷ്ടശോഭ ആയിരിക്കും എന്നു കവി തുടർന്നു പറയുന്നു.

ഇന്നോ–ഇപ്പോഴത്തെ കഥ ആണെങ്കിൽ, എന്നോടുണ്ടാം പ്രഥമ വിരഹവ്യാകുലാ–എന്നോട് ഉണ്ടായിട്ടുള്ള ആദ്യത്തെ വിരഹംകൊണ്ട് വ്യാകുലയായ, തന്വീമാലാ–യുവതികൾ തലയിൽ അണിയുന്ന മാലയായി ആ മൃഗാക്ഷി–ഉണ്ണുനീലി, ശിശിരമഥിത ആയ–മഞ്ഞുകാലം കൊണ്ടു നശിപ്പിക്കപ്പെട്ട, താമരപ്പൊയ്ക പോലെ, തിരുമെയ് മിക്കവാറും അന്യാകാരം വഹതി, അന്യാകാരമായ മറ്റൊരു രൂപത്തിലുള്ള, തിരുമെയ്യിനെ വഹിക്കുന്നു. നൂനം–നിശ്ചയം. ശീതാംശുഹീനാ–ചന്ദ്രനില്ലാത്ത, കുമുദിനീ–ആമ്പൽപ്പൊയ്ക, മുന്നേ ലക്ഷ്മീം–ആദ്യമുള്ള ശോഭയെ, യാതി കിമു–പ്രാപിക്കുന്നുണ്ടോ?

ആദ്യം ശിശിര മഥിതയായ താമരപ്പൊയ്കപോലെയും, രണ്ടാമതു ശീതാംശുഹീനയായ കുമുദിനിയെപ്പോലെയും സ്മരിച്ചിരിക്കുന്നു.

തിരുമെയ് എന്ന പ്രയോഗം കൊണ്ടും നായികയുടെ പ്രഭുത്വം വ്യഞ്ജിക്കുന്നു. ക്ഷത്രസ്ത്രീയോ രാജകുമാരിയോ എന്ന് സൂചിപ്പിക്കുന്നു എന്ന് ഒരു വ്യാഖ്യാനത്തിൽ വികല്പമായി കാണുന്ന പ്രസ്താവം സ്വീകാര്യമല്ല.

'തപം ക്ഷത്രസ്ത്രീ വട്ടരതിജന്മേളാ ഭൂഷ്ണവിശ്ചാരം' എന്ന പ്രാചീന ശ്ലോകത്തിൽനിന്ന് ക്ഷത്രസ്ത്രീ പണ്ടും ബഹുമാന്യ ആയിരുന്നില്ല എന്ന സ്പഷ്ടമാണ്.

കണ്ടിക്കാർ മൽക്കുഴലിട കലർന്നങ്ങു ചികിളുവത്താ-
ത്തുണ്ടെപ്പാനാമുടനുടനെഴും ദീർഘനിശ്വാസഖിന്നാ
തൊണ്ടിച്ചെവ്വാ നയനശഫരീനീലതാം നീലനേത്രം
തൊണ്ടിച്ചെവ്വാ വടിവുമിയലാമശ്രുപാതാതിരേകാൽ. 60

കണ്ടിക്കാർ മൽക്കുഴൽ—കണ്ടിയുടെ കറുപ്പിനോടു മല്ലിടുന്ന കുഴൽ—തലമുടി, ചികിളുവത്താണ്ടു് ഇടകലർന്ന് ഉണ്ടെപ്പാനാം-ഉണ്ടായിരിക്കാം. എണ്ണകവേണീധര ആയിരിക്കാമെന്ന ഭാവം.

ഈ പാഠം ശുദ്ധമാണോ എന്ന് സംശയം ഉണ്ട്. ഗ്രന്ഥത്തിലെ പാഠമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ഉണ്ടെപ്പാനാം—ഉണ്ടായിരിക്കാം എന്നായിരിക്കും അർത്ഥം. ഉണ്ടെപ്പാനായുടൻ എന്ന് എഴുത്തു് ഉണ്ടെക്കാനായി എന്ന് ശ്രീ പിഷാരടി അർത്ഥം കല്പിക്കുന്നു. ഇതു യോജിക്കയില്ല. 166-ാം പദ്യം നോക്കുക. കളിക്കാനും കറിയിടാനും തോഴിമാർ പറയുമ്പോഴും കേൾക്കാത്ത പോലെ കിടക്കുന്നതേ ഉള്ളൂ അവ നായിക. അതിനാൽ ഉണ്ടെക്കാൻ എഴുന്നേല്ക്കുമെന്ന സൂചന പ്രകൃതത്തിൽ വരിക പ്രയാസമാണ്. [ഉണ്ട എല്ലാൻ ആയി, എന്ന് എഴുത്തു് ഉണ്ട എല്ലാനായി, തലമുടി ഉണ്ട പിടിക്കാറായിരിക്കും എന്ന് ഒരു വ്യാഖ്യാനത്തിൽ കാണുന്നതും സ്വീകാര്യമെന്ന തോന്നുന്നില്ല.

ഉടനുടനെഴും ദീർഘനിശ്വാസഖിന്ന—ദീർഘശ്വാസം കൊണ്ട് ഖേദിതയായിട്ട് ഉടനുടൻ എഴും—എഴുന്നേല്ക്കും. അശ്രുപാതാതിരേകാൽ—അധികമായി കണ്ണീരൊഴുകിയതുകൊണ്ട്, തൊണ്ടിച്ചെവ്വാ—തൊണ്ടിപ്പഴംപോലെ ചുവന്ന ചുണ്ട്, നയനശഫരിയുടെ—ശഫരിമീൻ പോലെയുള്ള കണ്ണിന്റെ, നീലതയെയും—നീലനിറവും, നീലനേത്രം—നീലനിറമുള്ള കണ്ണ്, തൊണ്ടിച്ചെവ്വായുടെ—ചുവന്ന ചുണ്ടിന്റെ, വടിവും—ഭംഗിയും, ഇയലാം—ധരിക്കാം. ചെവ്വാ എന്ന ഗ്രന്ഥപാഠം ശെവ്വാ. ചെവന്ന വായ് എന്ന് വ്യുൽപത്തി. 'ചെവ്വാ' ഇപ്പോഴത്തെ രൂപം.

ചുവന്ന ചുണ്ടിൽ കണ്ണീര വീണതുകൊണ്ട് നീലനയനം പ്രതിഫലിച്ചു നീലരാഗം. നീലനയനത്തിൽ ചെഞ്ചുണ്ടു പ്രതിഫലിച്ച് ചുവപ്പുനിറം. പരസ്പരം ഗുണം പകർന്ന ഗുണനാം എന്ന ഭാവം. കരഞ്ഞു കണ്ണീർ പൊഴിക്കുന്നതാൽ കണ്ണു ചുവക്കുന്നതും, മഷി കലർന്ന കണ്ണീർ വീണ് ചുണ്ടു കറുക്കുന്നതും സ്വാഭാവികം ആണല്ലോ.

ചില്ലീവല്ലീ നെറിയലെ മനോംബുജേ തേൻ മുടിനെതാൽ
മെല്ലെപ്പെ കൊണ്ടളികലമുറങ്ങിൻറതായ് തോന്റമാകാം;
കല്യാണാംഗ്യാ ദിവസദശമീ ചന്ദ്രശോഭാമിന്നങ്ങാ-
മെല്ലാമെല്ലാഴും കരതല പരിഷ്വംഗ ഖിന്നാ കപോലം. 61

ചില്ലീവല്ലീ–പുരികക്കൊടി, നെറിയലെ–വിലാസത്തെ, മാന്ത് (ശാന്തമായി), അംഘ്രികേ–താമരയിൽ, ഞാൻ ഭൂമിതാവൽ–ഏന്തൽ വീന്ത് പോയാൽ, ചെല്ല ചെപ്പുകൊണ്ട്–വിരിപ്പാൻ. അളികലം–വണ്ടിൻകൂട്ടം, ഉറങ്ങിൻറാൽ ഭാവൻറുമാകാം–ഉറങ്ങുന്നതായി തോന്നാം. ഉണ്ണുനീലിയുടെ മുഖത്തെ താമരയോടും, വിരഹവേദനകൊണ്ട് നിശ്ചലമായ പുരികക്കൊടിയെ ഞാൻ നിന്നുകൊണ്ട് വിരപ്പോടെ ഒരു ചെമരപ്പൂവിൽ കിടന്ന് ഉറങ്ങുന്ന വണ്ടിൻകൂട്ടത്തോടും ഉൽപ്രേക്ഷിച്ചിരിക്കുന്നു.

കല്യാണാംഗിയുടെ കപോലങ്ങൾ–അഴകു കവിൾത്തടങ്ങളും, എല്ലായ്പ്പോഴും, കരാള പരിതാപംശമിനങ്ങളായി, ദിവസശശീ ചന്ദ്രശോഭയെ–പകൽ സമയത്തുള്ള ശശി ചന്ദ്രന്റെ ശോഭയെ, ഇണങ്ങാം–സാമ്യം വഹിക്കാം. ആകൃതികൊണ്ടും വൈവർണ്യംകൊണ്ടും കവിൾത്തടങ്ങൾക്ക് ദിവസ ശശി ചന്ദ്രനോട് സാമ്യം കല്പിച്ചിരിക്കുന്നു.

ചില്ലീ വല്ലീം എന്നു മുദ്രിത പാഠം. ചില്ലീ വല്ലീ എന്നു ഗ്ര. പാ. സമീചീനം.

നീലക്കല്ലാൽ വിരചിത മണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർമ്മുല കുവലയം വെൻറ മുഗ്ദ്ധേക്ഷണായാഃ
ബാലസ്നിഗ്ദ്ധം നഖപദമണിഞ്ഞശ്രുപാതാതിരേകാൽ
ചാലത്തോൻറും ചുനയൊഴുകുമച്ചൂതപാകങ്ങളെൻറു്.

കുവലയം വെൻറ മുഗ്ദ്ധേക്ഷണായാഃ–കരിങ്കൂവളപ്പൂവിനെ ജയിച്ച കണ്ണോടുകൂടിയ ഒരു സുന്ദരിയുടെ, നീലക്കല്ലാൽ വിരചിതമായ–നീലരത്നംകൊണ്ട് ഉണ്ടാക്കിയ, മണിച്ചെപ്പുപോലെ, വിളങ്ങും–ശോഭിക്കുന്ന, കോലപ്പോർമ്മുല–മനോഹരവും പോരിനായി മല്ലിടുന്നതുമായ മുലകൾ, ബാലസ്നിഗ്ദ്ധമായ നഖപദം അണിഞ്ഞ്, അശ്രുപാതാതിരേകാൽ–അശ്രുപാതാതിരേകംകൊണ്ട്–ധാരാളം കണ്ണീർവീണ് ചുന ഒഴുകുന്ന ചൂതപാകങ്ങളെൻറു്, ചാലേ തോൻറും–ഭംഗിയായി തോന്നും.

'നീലക്കല്ലാൽ വിലസിത' എന്നു മു. പാ. നീലക്കല്ലാൽ വിരചിത എന്നു ഗ്ര. പാ. സമീചീനം. ഇവിടെയും ഉണ്ണുനീലിയുടെ നിറം നീലം എന്നു സ്പഷ്ടം. അശ്രുപാതാന്തരേഷു എന്നു മു. പാ. അതിരേകാൽ എന്നു ഗ്ര. പാ. ചുണ എന്നു മു. പാ. ശരിയല്ല. ചുന എന്നു ഗ്ര. പാ. ആണ് ശരി. മാങ്ങാഞെട്ടിൽ നിന്ന് ഒഴുകുന്ന കറയാണ് ചുന.

അശ്രുരേഖകളണിഞ്ഞ മുലകളെ ചുനയൊഴുകുന്ന ചൂതപാകങ്ങളായി കല്പിച്ചിരിക്കുന്നതു് സുന്ദരമാണ്. എന്നാലും നീലനിറമെന്നു വർണ്ണിച്ചിട്ടുള്ള കുചങ്ങൾക്കു ചൂതപാകങ്ങളുമായി വർണ്ണസാദൃശ്യമില്ലെന്നു സ്മരിക്കണം.

ബിന്ദുസ്യന്ദിന്നം മൃദുനഖപദോല്ലാസി കാന്തായിതാന്തേ
മന്ദം മന്ദം മമ കരതലംകൊണ്ടു സംവാഹനീയം
സന്തപ്തായാ മദനശിഖിനാ സാരമാമൂരുയുഗ്മം
മന്തത്തണ്ടിൻ പരിചു വിളറിപ്പോയിതാകാം പ്രിയായാഃ. 63

മദനശിഖിനാ - കാമ(വികാരമാകുന്ന) അഗ്നിയാൽ, സന്തപ്തായാഃ - സന്തപ്തയായ, പ്രിയായാഃ - പ്രിയയുടെ, ബിന്ദുസ്യന്ദിന്നം - ബിന്ദുക്കളുള്ളവണ്ണം സ്രവിക്കുന്നത് - വിയർപ്പുതുള്ളി പൊടിഞ്ഞുനിൽക്കുന്നതും, മൃദുനഖപദോല്ലാസിയും - മൃദുവായ നഖക്ഷതംകൊണ്ട് ഉല്ലസിക്കുന്നതും, കാന്തായിതാന്തേ - പുരുഷായിതലീലയുടെ അവസാനത്തിൽ, മമ - എന്റെ, കരതലംകൊണ്ട് - കൈകൊണ്ട്, മന്ദം മന്ദം സംവാഹനീയം, തലോടത്തക്കതും സാരമാമൂരുയുഗ്മം - ശ്രേഷ്ഠമായ രണ്ടു തുടയും, മന്തത്തണ്ട പോലെ വിളറിപ്പോയിരിക്കാം.

ശൃംഗാരപുഷ്ടിക്കുവേണ്ടിയാണ് കാന്തായിതകഥനമെങ്കിലും, ഭർത്താവ് സന്ദേശഹരനോടു പറയുന്നതാണെന്ന് ഓർക്കുമ്പോൾ ഇത് അനുചിതമല്ലയോ എന്നു സംശയിക്കണം.

ഇതു ശ്ലോകം ഉത്ത. മേ. 43-ാം പദ്യത്തിന്റെ ഛായയാണ്. ആ ശ്ലോകത്തിന് കുഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജിമ താഴെ കാണിക്കാം.

സൈ്വരം ഞാൻ പോയ് തലോടായിടുമിഹ രസമായ് ക്ലാന്തിയെന്തി - (ക്കഴലിൽ
ച്ചൂതം നൽപ്പൂക്കളെപ്പോലഴയിൽ വിളറിയവാർകൊള്ളും ചാരൂരുയുഗ്മം
മാരക്രീഡാജയാനിക്കഴകൊഴുകും വെള്ളിക്കൊണ്ടുള്ള തൂണിൽ
ച്ചാർത്തി ചേർന്നിരിക്കും നഖപദമണിമാലാളി കൂടാതെ കണ്ടും.

'വീരായിതാന്തേ' എന്നു മൂ. പാ. കാന്തായിതാന്തേ എന്നാണ് ഗ്രം. പാഠവും മദ്രാസ് പ്രതിയിലെ പാഠവും. അർത്ഥം ഒന്നു തന്നെ.

വെണ്ണത്ത്രീമന്ദമധുരവചനാം വീരമൗലേ! സഖീം തേ
കാന്തപ്പെട്ടൊഴുതറിയലാമെങ്കിലും പങ്കജാക്ഷീം
ക്ഷീണക്ഷീണാം വിരഹദഹനാദ്ദ്വിതീയാചന്ദ്രരേഖാം
കാണുന്നേരത്തു കരുതിനോമന്യഥാ മന്നിലാർപോൽ? 64

വീരമൗലേ! ഏതിലും - എന്റെ വിരഹംകൊണ്ട് രൂപാന്തരം പ്രാപിച്ചിട്ടുണ്ടെങ്കിലും, വെണ്ണത്ത്രീമന്ദമധുരവചനയും - വെണ്ണത്ത്രിയോടു മല്ലിടുന്ന മാധുര്യമുള്ള വാക്കോടുകൂടിയവളും, പങ്കജാക്ഷിയും ആയ, തേ സഖീം - നിന്റെ സഖിയായ, (എന്റെ ഭാര്യയെ), കാണുംപൊഴുത് -

കാണുമ്പോൾ, അറിയലാം-തിരിച്ചറിയാം എന്നർത്ഥം. അറിയൽ+ആം=
അറിയലാം—തമിഴ്‌രൂപം.

അതിനു യുക്തി പറയുന്നു. ക്ഷീണക്ഷീണയും-വളരെ ക്ഷീണിച്ചവളും, വിഗതഹരിണയും-(അടയാളമായ) മാൻ ഇല്ലാത്തവളുമായ, ഇന്ദ്രദിക്ചന്ദ്രരേഖാം-ഇന്ദ്രദിക്കിലെ-കിഴക്കത്തെ, ചന്ദ്രരേഖയെ, കാണുന്നോരുണ്ട്, അന്യഥാ കലിതനോർ-മറ്റൊന്നാണെന്നു വിചാരിക്കുന്നവർ, മന്നിലാർ പോൽ—ലോകത്തിൽ ആരുതന്നെ ഉണ്ട്?

ക്ഷീണിച്ചാലും ചന്ദ്രനെ മനസ്സിലാക്കാവുന്നതുപോലെ വിരഹാവസ്ഥയിലും സുന്ദരിയായ ഉണ്ണുനീലിയെ തിരിച്ചറിയാൻ പ്രയാസമില്ലെന്നു സാരം.

ക്ഷീണക്ഷീണയായി ഇന്ദ്രദിക്കിൽ കാണുന്ന ചന്ദ്രരേഖ കറുത്ത പക്ഷത്തിൽ വെളുപ്പാൻകാലത്തു കിഴക്ക് ഉദിക്കുന്ന ചന്ദ്രനാണ്.

മററും ചൊല്ലാം കശൽ മനസിജക്ലേശിനീം ക്രൂററൂപ്പാൻ
ചൂററും മേവും നിജ സഹചരീവർഗ്ഗമെൻ വാർത്തകൊണ്ടും
മൂററും മാദ്ധ്വീം ചെവി നിറയുമാറങ്ങു തൂവും ദശായാ-
മിററിറേറാലും നയനസലിലം വീക്ഷതേ പ്രാണനാഥാ. 66

മററും ചൊല്ലാം കശൽ-വേറെയും ഒരു ഉപായം പറയാം, ഉണ്ണുനീലിയെ കണ്ടുപിടിക്കാൻ വേറേ ഒരു ഉപായവും പറയാം എന്നു സാരം. മനസിജക്ലേശിനീം—കാമദുഃഖം അനുഭവിക്കുന്ന അവളെ, ക്രൂററൂപ്പാൻ-മരണത്തിൽനിന്നു രക്ഷിക്കാൻ, ചൂററും മേവുന്ന തന്റെ, സഹചരീവർഗ്ഗം-തോഴിമാർ, എന്റെ വാർത്തകൊണ്ടും-എന്നെപ്പററിയുള്ള കഥകൾകൊണ്ടും, മൂററും—ധാരാളമായി-പൂർണ്ണമായി, ചെവിനിറയുമാറ്, മാദ്ധ്വീം-തേൻ, തൂവും ദശായാം-തൂവുമ്പോൾ, ഇററിററ് വീഴുന്ന കണ്ണുനീരോടുകൂടുംവണ്ണം, പ്രാണനാഥാ വീക്ഷതേ-എന്റെ പ്രാണനാഥ, നോക്കുന്നു-നോക്കിക്കൊണ്ട് ഇരിക്കയാകാം. (അങ്ങനെ അവളെ കാണാം എന്നർത്ഥം.) പ്രാണനാഥാ വീക്ഷ്യതേ എന്ന ഗ്രന്ഥപാഠത്തിനു പ്രാണനാഥ കാണപ്പെടുന്നു എന്ന് അർത്ഥം എടുക്കണം.

പാഠഭേദംകൊണ്ട് ഈ പദ്യത്തിന്റെ അർത്ഥം നേരായവിധത്തിലല്ല മററു വ്യാഖ്യാനങ്ങളിൽ. 'കൂററൂപ്പാൻ' എന്നും 'കാററൂപ്പാൻ' എന്നും എടുത്തിട്ടു സംശയം തീർക്കാൻ എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ക്രൂററൂപ്പാൻ എന്ന ഗ്രം. പാ. മെച്ചം. ക്രൂററ് എന്നാൽ യമൻ, മരണം എന്നൊക്കെ അർത്ഥം. മനസിജക്ലേശിനിക്ക് ക്രൂററൂപ്പാൻ-മരണമില്ലാതാക്കാൻ, തോഴിമാർ എന്റെ വാർത്തകൾകൊണ്ട് അവളുടെ ചെവിയിൽ തേൻ

തുകമ്പോൾ അവർ അശ്രുക്കൾ പൊഴിക്കുന്നതായിക്കാണാം എന്നർത്ഥം. വികഷതേ എന്നു മു. പാ. വീക്ഷ്യതേ എന്നു ഗ്ര. പാ.

നീലക്ഷൗമം പുറവുറയുമിട്ടുത്തമേ മെത്തമേലെ-
പ്പാലന്നത്തിൻ പതമെഴുമിളം തൂവലാം തൂലരാജി
ചാലത്താപാലുടനുടനരണ്ടസ്ഥിരസ്ഥാനശയ്യാ
തോഴിത്താഴത്തവശപതിതാ രോദിതി പ്രാണനാഥാ. ൬൬

നീലക്ഷൗമം-നീലപ്പട്ട്, പുറവുറയുമിട്ട്-പുറമേ ഉറ ഇട്ടതും, പാലന്നത്തിൻ-വെളുത്ത അന്നത്തിന്റെ, പതമെഴുന്ന-മൃദുവായ, ഇളം തൂവലാം തൂലരാജി-ഇളം തൂവലാകുന്ന പഞ്ഞിയോടുകൂടിയതുമായ, ഉത്തമേ മെത്തമേൽ ഉത്തമമായ മെത്തയുടെ പുറത്തു്, (നീലപ്പട്ടുകൊണ്ട് ഉറയിട്ട ഹംസതൂലികാശയ്യയിൽ) ചാല-ഭംഗിയായി, താപാൽ-ദുഃഖംകൊണ്ട്, ഉടനുടനരണ്ട്, അസ്ഥിരസ്ഥാനശയ്യയായി—ശയ്യയിൽ ഒരിടത്തു കിടക്കാത്തതുകൊണ്ട്, തോഴിത്താഴത്ത്—തോഴിയുടെ—തൃക്കമലത്തിന്റെ അടിക്ക്, അവശമായി നിലത്തു പതിച്ചവളായി, പ്രാണനാഥാ, രോദിതി -കരയുന്നു. (കരയുന്നവളായി കാണാം എന്നർത്ഥം)

'പുറവുറയും' എന്ന മുദ്രിതപാഠം ശരിയാണ്. പുറവുറയും എന്നു ഗ്ര. പാ. രണ്ടാം വരി 'നീലപ്പാന്തിൻ പരിചെഴും' എന്നുതുടങ്ങി മു. പാ. 'പാലന്നത്തിൻ പതമെഴും' എന്നു ഗ്ര. പാ. നീലപ്പാന്തിൻ എന്നതിനു നീലനിറത്തിലുള്ള പാന്തയുടെ എന്നർത്ഥമെടുക്കാം. 'ഇളംതുയലാം' എന്നു മു. പാ. ശരിയല്ല. 'ഇളം തികളാം' എന്നു ഗ്ര. പാഠവും ശരിയല്ലെന്നു തോന്നുന്നു. 'ഇളം തൂവലാം' എന്നു മദ്രാസ് പകർപ്പിലെ പാഠം. ചാലത്താലുറവു എന്ന മുദ്രിതപാഠം അസാധു. ചാലത്താപാലുടനുടൻ എന്നു ഗ്ര. പാ.

ശയ്യാവിവരണവും ഉണ്ണുനീലിയുടെ പ്രൗഢതയെ സൂചിപ്പിക്കുന്നു.

പണ്ടേപ്പോലെ തെളിവിനൊടുണർന്നോമലെഴുന്നിറ്റിരിന്നോ,
വണ്ടാർകോലക്കുഴലഴി, കിളിത്താൻറ നോക്കീട്ടു മന്ദം,
കേഴാതേ നീ കിളി കറിയിടെന്റിങ്ങനേ ചൂഴ നിന്റും
തോഴീവർഗ്ഗേ വദതി ശയിതാ വാഥ കേളാത പോലെ. 67

അഥവാ-അല്ലെങ്കിൽ അല്ലാത്തപക്ഷം, പണ്ടേപ്പോലെ, തെളിവിനൊട്-സന്തോഷത്തോടെ, ഉണർന്ന് എഴുന്നേറ്റിരിന്നോ-ഇരുന്നാലും, ഇങ്ങനെ എന്ന് [illegible], സംബോധനയൊലി; വണ്ടാർകോലക്കുഴൽ [illegible] മനോഹരമായ തലമുടി, അഴി അഴിച്ചാലും കിളിത്താൻ [illegible] നോക്കീട്ട്-കിളിക്ക് മന്ദമായിട്ട് ഒന്നു നോക്കിയാലും,

കേഴാതെ-കരയാതെ; നീ കളി-കളിച്ചാലും; കറിയിട്ട-കറിയിട്ടാലും; എന്നിങ്ങനെ ചൂഴ നിന്റു്-ചുറ്റും നിന്നു്, തോഴീവൎഗ്ഗേ വദതി-തോഴീവൎഗ്ഗം വദിക്കുമ്പോൾ (സതി സപ്തമി), ഹേളാത പോലെ-ഹേളാമാത്രവൎണ്ണം, ശയിതാ വാ അഥ-ശയിക്കുന്നവളോ, ആയി കാണപ്പെട്ടാമെന്ന ഭാവം.

നോക്കീട്ട മന്ദം എന്ന മൂ. പാ. ശരിയല്ല. നോക്കീട്ടു മന്ദം എന്ന ഗ്ര. പാ.

തോഴിമാരെപ്പറ്റിയുള്ള വൎണ്ണനകൊണ്ടും ഉണ്ണുനീലിയുടെ പ്രഭുത്വം വ്യഞ്ജിക്കുന്നു.

ദേവീം നിദ്രാമഭിമതഫലപ്രാപണേ കല്പവല്ലീ-
മാവാഹിപ്പാൻ വദനകമലേ പീഠപൂജാം വിധായ
സേവാഭിന്നം നിജ പരിജനം പോയ്ക്കിടക്കെന്റുണർത്തി-
പ്പൂവാർകോലക്കുഴലി വെറുതേ മീലയന്തീ ദൃശൌ വാ. 68

വാ—അല്ലാത്ത പക്ഷം, അഭിമതഫലപ്രാപണേ—ഇഷ്ടപ്രാപ്തിയിൽ, (അഭിജനഫല എന്ന ഗ്ര. പാ. ശരിയല്ലെന്നു തോന്നുന്നു). കല്പവല്ലീം-കല്പലതയായ, ദേവീം നിദ്രാം-നിദ്രാദേവിയെ, ആവാഹിപ്പാൻ-ആകൎഷിച്ചു കൊണ്ടുവരാൻ. വദനകമലത്തിൽ, പീഠപൂജാംവിധായ-പീഠപൂജയെ ചെയ്തിട്ടു്, സേവാഭിന്നം—പരിചരണംകൊണ്ടു തളൎന്ന, നിജ പരിജനം-തന്റെ ഭൃത്യരോടു്, പോയ്ക്കിടക്ക-പോയിക്കിടന്നുകൊള്ളുക, എന്നു്, ഉണൎത്തി-പറഞ്ഞിട്ടു്, പൂവാർകോലക്കുഴലി-പൂവാന്ന മനോഹരമായ കുഴൽ-തലമുടിയോടു കൂടിയവൾ, ദൃശൌ-കണ്ണുകളെ, വെറുതേ, മീലയന്തീ-അടയ്ക്കുന്നവളായിട്ടോ, നിനക്കു കാണാം എന്നൎത്ഥം. ഉറങ്ങാനുള്ള യത്നത്തിൽ ഭൃത്യജനങ്ങളോടു പൊയ്ക്കൊള്ളാൻ പറഞ്ഞിട്ടു് ഉറക്കം വരാതെതന്നെ കണ്ണു് അടച്ചുകിടക്കുന്നവളെന്നും വരാം.

'സേവാഭിന്നം നിജ പരിജനം' എന്നതുകൊണ്ടും ഉണ്ണുനീലിയുടെ പ്രഭുത്വം വ്യഞ്ജിക്കുന്നു.

ദൈവാന്നിദ്രാമുപഗതവതീ ചാല നാൾ വേറിരിന്നോ-
രെന്നെക്കണ്ടിട്ടുപനതമഹാനന്ദസംഭ്രാന്തിവേഗാത്
ആശ്ലേഷേ സരഭസമുണർന്നാകുലാ ശോകസിന്ധൌ
പണ്ടേതിൽക്കാൾ മുഴുകി മുറയിട്ടങ്ങനേ സംസ്ഥിതാ വാ. 69

ദൈവാൽ-ഭാഗ്യം കൊണ്ടു്, നിദ്രാം ഉപഗതവതീ-നിദ്രയെ പ്രാപിച്ചവളായ അവൾ, ചാലനാൾ-കുറേദിവസം, വേറിരിന്നോരെന്നെ കണ്ടിട്ടു്—വേർപെട്ടിരുന്ന എന്നെ കണ്ടിട്ടു്—(സ്വപ്നത്തിൽ എന്നു ഭാവം),

ഉപഗതമായ - സംപ്രാപ്തമായ, മഹാനന്ദസംക്രാന്തിവേഗം ബഹുവായിട്ട് - വലുതായ ആനന്ദസംഭ്രമം കൊണ്ട്, അദ്ധ്യാശ്ലേഷത്തിൽ - പ്രകൃതി ആലിംഗനം ചെയ്തിട്ട്, സരഭസം - പെട്ടെന്ന്, ഉണർന്ന്, ശോകസിന്ധൗ - ശോകസമുദ്രത്തിൽ, പണ്ടേതിൽക്കാൾ - മുൻപിലത്തേക്കാളും, മുഴുകി - ആകുലയായിട്ട്, കുറയിട്ട് - കരഞ്ഞുകൊണ്ട്, അങ്ങനെ സംസ്ഥിതയായിട്ട് - സ്ഥിതിചെയ്യുന്നവളായിട്ടോ, നിനക്കു കാണാം.

ദൈവാന്നിദ്രാമുപഗതവതീ - ഗ്ര. പാ. ദേവീം നിദ്രാം ഇത്യാദി മു. പാ.

മഹാനന്ദസംക്രാന്തിവേഗാൽ - ഗ്ര. പാ. മഹാനന്ദസന്ദോഹവേഗാൽ എന്നു മു. പാ. സ്വപ്നത്തിൽ ഭർതൃസമാഗമം ഉണ്ടായി ആശ്ലേഷത്തിനു മുതിരുകെ ഉണർന്ന് പെട്ടെന്ന് ദുഃഖത്തിൽ മുഴുകുന്നവളായോ കാണേണ്ടിവരാം എന്നു സാരം.

> നിദ്രാ നീലക്ഷതരന്ധിരകളിൽത്താണ്ണുത്തെപ്പുന്നാകുലാത്മ്യാം
> ബാഷ്പോദ്രേകാൽ കഥമപിഹിതാന്നിന്ന നേത്രാംബുജാത്മ്യാം
> വീക്ഷന്തീ വാ രഘുപതികഥാം വിസ്മൃവിത്താന്തരാളേ
> ദുഃഖേ ദുഃഖപ്രചുരചരിതാന്യേവ സിദ്ധൗഷധാനി. 70

ഈ പദ്യത്തിന്റെ മുദ്രിതപാഠവും ഗ്രന്ഥപാഠവും തമ്മിൽ സാരമായ വ്യത്യാസമുണ്ട്. മദ്രാസ് പ്രതിയിൽ മൂന്നാമത്തെ വരി ഇല്ലാതെയാണു കാണുന്നത്. ഗ്രന്ഥപാഠം ആണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അർത്ഥം ആദ്യം കുറിക്കാം.

നിദ്രാനാശിനിയായിരിക്കുന്ന കുന്തിരകളിൽ താണ്ണുത്തെപ്പ് ആകുലയായി, ബാഷ്പോദ്രേകംകൊണ്ട് - ബാഷ്പാധിക്യംകൊണ്ട്, കഥമപിഹിതം - എങ്ങനെയോ പിഹിതമായി - കണ്ണീരു നിറഞ്ഞിട്ടും തീരെ കാണാൻ വയ്യാതെ ആകാതെ, നിന്ന നേത്രാംബുജങ്ങളായി, രഘുപതികഥാം - രാമായണകഥയെ, വീക്ഷന്തീ - നോക്കുന്നവളായി - നോക്കി വായിക്കുന്നവളായി, അന്തരാളേ - ഇടയ്ക്കിടയ്ക്ക്, ദീർഘശ്വാസം വിട്ടുകൊണ്ട് ഇരിക്കുന്നവളായോ, കാണാം എന്നു യോജന. ദുഃഖത്തിൽ, ദുഃഖപ്രചുരചരിതാനി ഏറ്റവും ദുഃഖമുള്ള ചരിത്രങ്ങൾ തന്നെയാണ്, സിദ്ധൗഷധങ്ങൾ.

കുന്തിരകളിൽ താണ്ണുത്തെപ്പ് എന്ന ഭാഗം ശരിയാണെന്നു തോന്നുന്നില്ല. ഇതുപോലെതന്നെ കഥമപിഹിതം നിന്ന എന്ന ഭാഗവും, 'വീക്ഷന്തീ' എന്ന പ്രയോഗവും.

മുദ്രിതപാഠത്തിൽ രണ്ടും മൂന്നും വരികൾ സ്ഥാനം മാറിക്കിടക്കുകയാണ്. മു. പാ. താഴെ കുറിക്കാം —

> നിദ്രാം നീലക്ഷതരന്ധിരകളിൽത്താണതാണ്ണാകുലാത്മ്യാം
> പശ്യന്തീ സാ രഘുപതികഥാം വിസ്മൃവിത്താന്തരാളേ
> ബാഷ്പാർദ്രാത്മ്യാമണികളിലാശ്വസന്തീ ക്ഷണം വാ
> ദുഃഖേ ദുഃഖപ്രചുരചരിതാന്യേവ സിദ്ധൗഷധാനി.

രണ്ടു പാഠാന്തരങ്ങളും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. അർത്ഥത്തിന്ന വലിയ വ്യത്യാസം കാണുന്നില്ല.

'[illegible]' എന്നതിന് [illegible] നോക്കുന്നവളായി എന്നു പാഠത്തിന് അർത്ഥം. വായിക്കുന്നവളായി എന്നാണ സമഞ്ജസമായ ശബ്ദാർത്ഥം. '[illegible] ചാര്യന്തി' എന്നതുകൊണ്ട് [illegible] പരീക്ഷതി എന്ന ഗ്രന്ഥപാഠത്തിലും ഈ അർത്ഥം സ്പഷ്ടമാണ്. രാമായണ കഥയെപ്പറ്റി സ്മരിക്കുക മാത്രമാണ ചെയ്യുന്നത് എന്ന അഭിപ്രായം പോര. രാമായണം ഗ്രന്ഥത്തെ നോക്കുന്നവളായിട്ട് എന്നു ശ്രീ. ചിലരെല്ലി കൊടുക്കുന്ന അർത്ഥം സ്വീകാര്യമാണ്. ആ പാഠത്തിലാണെങ്കിൽ രാമായണകഥ വായിച്ചുകൊണ്ടിരിക്കയാണെന്നും പാഠം എന്നാണല്ലോ സാരം. [അന്ന പ്രചാരത്തിലിരുന്ന വല്ല രാമകഥയോ തമിഴ് രാമായണമോ, സംസ്കൃത രാമായണമോ ആണോ ഇവിടെ വിവക്ഷിക്കുന്നത് എന്ന് അറിയാൻ പാടില്ല. രാമചരിതം എന്ന പ്രാചീന മലയാള കൃതി ആയിക്കൂടെന്നില്ല. അങ്ങനെങ്കിൽ രാമചരിതം നോക്കിക്കൊണ്ടിരിക്കുന്നവൾ എന്ന അർത്ഥവും ആകാം.]

യത് സത്യം തദ് ഭവതു പുണർതന്നാൾ പിറന്നങ്ങൾകാന്തൻ
വന്നിട്ടിന്റെ മമ മനസിജച്ചൂട്ടു തീർന്നതാകിൽ
തോഴീ! പൂച്ചൊല്ലെഴുവതിതു നന്നഷ്ടമേ ശുക്രചന്ദ്രൗ
ഭാഗ്യേ ജീവസ്സ്വയമിതി ത്വമാശംസതീ സ്ഥിതാ വാ. 71

യത്സത്യം-യാതൊന്നാണോ സത്യം, തദ് ഭവതു-അതു ഭവിക്കട്ടെ; പുണർതംനാൾ പിറന്നങ്ങൾകാന്തൻ-പുണർതം നാളിൽ ജനിച്ച എന്റെ ഭർത്താവ്, വന്നിട്ട്, ഇന്റെ-ഇന്നു തന്നെ, മമ-എന്റെ, മനസിജച്ചൂട്-കാമവേദന, തീർന്നതാകിൽ-തീർന്നു എങ്കിൽ, [പോരാതെ അർത്ഥവും ആകാം എന്നു തോന്നുന്നു. പുണർതംനാൾ പിറന്ന ഇന്റെ ഇന്നുതന്നെ, എങ്ങൾകാന്തൻ വന്ന് എന്റെ കാമവേദന ഒഴിക്കുമെങ്കിൽ എന്ന്. മകയിരത്തിന്നാളാണ സന്ദേശഹരൻ യാത്ര പുറപ്പെടുന്നതെന്നും, മൂന്നാം നാളായ പുണർതത്തിന്നാൾ കടുത്തുരുത്തിയിൽ ചെല്ലുന്നു എന്നും അവതാരികയിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ളതു നോക്കുക] തോഴീ, ഈ പൂച്ചൊല്ല് എഴുവതു നല്ലതാണ്. എഴുവതു എന്നതിന് എഴുപതു എന്ന സംഖ്യയാണോ, എഴുന്നതു—ഉള്ളതു എന്ന സ്ഥിതിയാണോ അർത്ഥം വിവക്ഷിക്കുന്നതു എന്നു വ്യക്തമല്ല. അഷ്ടമേ ശുക്രചന്ദ്രൗ എട്ടാം രാശിയിൽ ശുക്രനും ചന്ദ്രനും ഉണ്ട്. ഭാഗ്യേ-ഭാഗ്യത്തിൽ ഒൻപതാമെടത്തു ജീവഃ-വ്യാഴവും, നില്പൂ; സ്വയമിതി-എന്നിപ്രകാരം തന്നെത്താനേ, ത്വം ആശംസതീ വാ-അല്ലെങ്കിൽ ആശംസിക്കുന്നവളായോ, സ്ഥിതയാകാം. അങ്ങനെ ജ്യോതിഷവിചാരം കൊണ്ട് ഭർത്താവിന്റെ പുനരാഗമനത്തെപ്പറ്റി ഉണ്ണുനീലി ആലോചിച്ചു കൊണ്ടിരിക്കാനും ഇടയുണ്ട്.

അഷ്ടമത്തിൽ ചന്ദ്രൻ വളരെ ചീത്തയാണെന്നും അതുകൊണ്ട് അഷ്ടമേ ശുക്രചന്ദ്രൗ എന്ന പാഠം ലേഖകപ്രമാദവിലസിതമാകാനേ

വഴിയുള്ളുവെന്നും ശ്രീ. പിഷാരടി നിർദ്ദേശിക്കുന്നു. അഷ്ടമേ ശുക്രചാന്ദ്രീ എന്ന് അദ്ദേഹം തിരുത്തുകയും ചെയ്യുന്നു. ഈ തിരുത്തു സ്വീകാര്യമല്ല. ഗ്രന്ഥപാഠവും മദ്രാസ് പ്രതിയിലെ പാഠവും ശുക്രചന്ദ്രാ എന്നുതന്നെ. ലീലാതിലകത്തിലെ പാഠവും ഇതു തന്നെ എന്നു ശ്രദ്ധേയമാണ്.

ഈ പദ്യത്തെയും, പൂർവ്വസന്ദേശം 'അഞ്ചാം പക്കം' എന്നു തുടങ്ങുന്ന 35-ാം പദ്യത്തെയും അടിസ്ഥാനമാക്കിയാണ് ഈ സന്ദേശകാവ്യത്തിന്റെ കാലം ജ്യോതിഷപരമായി വിചാരണ ചെയ്യുന്നത്.

ഈ പദ്യത്തിൽനിന്ന് ഉണ്ണുനീലിക്കു ജ്യോതിഷം സ്വാധീനം ആയിരുന്നുവെന്നു വ്യക്തമാകുന്നു.

ഈ പദ്യം ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ളതാണ്. ആശാപസന്തി എന്ന പ്രയോഗം തെറ്റാണെന്നും, ആശാപസതി എന്നു മതി എന്നും ലീലാതിലകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. [എന്റെ ലീ. തി. വ്യാഖ്യാനം 44-ാം പദ്യം കാണുക.]

'മനസിജച്ചൂടൊഴിച്ചീടുമാകിൽ'—മ. പാ. 'മനസിജച്ചൂട്ട തീർന്നതാകിൽ'—ഗ്ര. പാ.

നൽച്ചൊല്ലാർ കേൾക്കും തദനുകൊടിവെപ്പിക്കുമോർക്കും നിമിത്താ-
ന്യത്യാവേശാൽ പ്പണവുമരിയും നേർന്നു നിത്യം തൊടീക്കും
തുമ്പപ്പൂവാൽ വിരഹദിവസാനെണ്ണുമീവണ്ണമെല്ലാ-
മല്ലോ മല്ലക്കുഴലികളുടെ വേല കാന്തൻ പിരിഞ്ഞാൽ. 12

നൽച്ചൊല്ലാർ കേൾക്കും-ശുഭമായ വാക്കുകൾ (കാന്തനെപ്പറ്റി) കേൾക്കും. (നച്ചൊല്ലാണ് അകാലത്തെ രൂപമെന്ന് ഒരു വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുള്ളതു ശരിയല്ല. നൽച്ചൊല്ലെന്നു തന്നെ ഗ്രന്ഥത്തിൽ). തദനു-പിന്നീട്, കൊടി വയ്പിക്കും—കൊടിനാട്ടി അതിന്റെ ഗതി അനുസരിച്ചു ലക്ഷണം നോക്കും. (ഏതു തരത്തിലുള്ള ജ്യോതിഷക്രിയയാണ് ഇതെന്നു വ്യക്തമല്ല). നിമിത്താനി-നിമിത്തങ്ങളെ, ഓർക്കും-വിചാരിക്കും (ശുഭശകുനമാണോ അല്ലയോ എന്നു പരിഗണിക്കും). അത്യാവേശാൽ-വളരെ ആവേശത്തോടെ, പണവും അരിയും നേർന്നു നിത്യം തൊടീക്കും. തുമ്പപ്പൂവാൽ വിരഹദിവസങ്ങളെ എണ്ണും. വിരഹദിവസങ്ങളെ എണ്ണാൻ ഓരോ നാളിന് ഓരോ പൂവു വയ്ക്കും എന്നു സാരം. ഇങ്ങനെയൊക്കെയാണല്ലോ കാന്തൻ പിരിഞ്ഞാൽ മല്ലക്കുഴലികളുടെ-സുന്ദരിമാരുടെ, വേല.

മല്ലക്കുഴലി-മല്ലൽക്കുഴലി, അഴകുള്ള തലമുടിയോടു കൂടിയവൾ. 'പണവും അരിയും നേർന്നു' എന്ന് ഗ്ര. പാ. 'പണവുമരിയും നീക്കി' എന്നു മ. പാ. ഈ പദ്യത്തിൽ ഉണ്ണുനീലിയുടെ സതീത്വം നല്ലപോലെ സ്ഫുരിക്കുന്നു.

മാരോന്മാദജ്വരപരവശാം മദ്വിയോഗാഗ്നിദഗ്ദ്ധാം
മുഗ്ദ്ധാം മുറ്റും കുളുർമുലയുഗേ സ്വസ്തികാബദ്ധബാഹ്വാം
കല്യാപാംഗീം പ്രിയസഖ! ഭവാൻ കാണ്മതിന്നൊട്ടു മുന്നേ
തന്വീമൗലിക്കഴകിയ നിമിത്തങ്ങളുണ്ടാം തദാനീം. 73

മാരോന്മാദജ്വരം കൊണ്ട് - കാമോന്മാദമാകുന്ന ജ്വരം കൊണ്ട് പരവശയും, മദ്വിയോഗമാകുന്ന - എന്റെ വിരഹമാകുന്ന, അഗ്നിയാൽ ദഹിക്കപ്പെട്ടവളും, മുറ്റും മുഗ്ദ്ധാം - വളരെ മോഹിച്ചവളും, കുളുർമുലയുഗേ - കുളുർമുലയിണയിൽ, സ്വസ്തികാബന്ധത്തോടെ കൈകൾ വച്ചിട്ടുള്ളവളും, ആയ, കല്യാപാംഗീം - മനോഹരമായ കടക്കണ്ണോടുകൂടിയവളെ, ഹേ പ്രിയസഖ - അല്ലയോ തോഴ! ഭവാൻ, കാണ്മതിന്ന് ഒട്ടുമുന്നേ, തന്വീമൗലിക്ക്, അഴകിയ - നല്ല, നിമിത്തങ്ങൾ - ശുഭസൂചനകൾ, തദാനീം - അപ്പോൾ, ഉണ്ടാകും.

കുളുർമുലയുഗേ എന്നതിന്, 'മുകിൽമുലയുടെ' എന്നാണ് ഗ്ര. പാ. അതു തെറ്റായിരിക്കണം.

'തന്വീമൗലിക്ക് അഴകിയ നിമിത്തങ്ങൾ' എന്ന ഗ്രന്ഥപാഠം സ്വീകരിച്ചിരിക്കുന്നു. 'ഇതവിയ നിമിത്തങ്ങൾ' എന്നു മൂ. പാ. ഇതവിയ - ഹിതമായ.

എന്നോട്ടുണ്ടാം വിരഹപരുഷം ഭീനചില്ലീവിലാസം
നിദ്രാഭാവാൽ കലുഷമവലീനാഞ്ജനം ബാഷ്പപൂരൈഃ
മൽപ്രേയസ്യാഃ വടിവിലിളകും വാമനേത്രം തദാനീ-
മപ്പോൾ വിള്ളും കമലമലരിൽച്ചെന്റു കാറ്റെന്റ പോലെ. 74

എന്നോട്ടുണ്ടാം - എന്നിൽനിന്ന് ഉണ്ടായ, വിരഹത്താൽ പരുഷവും, ഭീനമായ ചില്ലീവിലാസത്തോടുകൂടിയതും - ചില്ലീവിലാസം കുറഞ്ഞതും, നിദ്രാഭാവാൽ - ഉറക്കം ഇല്ലാത്തതിനാൽ, കലുഷവും - കലങ്ങിയതും, ബാഷ്പപൂരൈഃ - കണ്ണുനീരൊഴുക്കാൽ, അവലീനാഞ്ജനം - അഞ്ജനം മാഞ്ഞുപോയതും, ആയ, മൽപ്രേയസ്യാഃ - എന്റെ പ്രിയയുടെ, വാമനേത്രം - ഇടത്തുകണ്ണ്, തദാനീം - അന്നേരം, അപ്പോൾ വിള്ളും കമലമലരിൽ - ഉടൻ വിരിയുന്ന താമരപ്പൂവിൽ, കാറ്റു ചെന്റു് - കാറ്റുചെന്നിട്ട് - കൊണ്ടിട്ട്, എന്നപോലെ, വടിവിൽ - ഭംഗിയായി, ഇളകും. ഇടത്തു കണ്ണു തുടിക്കുമെന്നർത്ഥം. ഇടത്തുഭാഗം തുടിക്കുന്നതു് സ്ത്രീകൾക്കു ശുഭസൂചകമാണ്.

വാമഭാഗം തു നാരീണാം, നരാണാം ദക്ഷഭാഗകം
യദി സ്ഫുരതി ഭാഗ്യായ, മോക്ഷാർത്ഥം തദ്വിപര്യയം.

സംഭോഗാന്തേ സരസപുളകസ്വേദി, കോലിന്റെ നീല-
സ്തംഭാഭോഗം മമ കരതലംകൊണ്ടു സംവാഹനീയം
അംഭോജാക്ഷ്യാ ലളിതമിളകം മന്ദമന്ദം തദാനീം
രംഭാരമ്യം തുട വടിവെഴുംകാന്തി വാമം തദീയം. 75

ഇടത്തെ തുടയും തുടിക്കുമെന്നു പറയുന്നു. തദാനീം-അപ്പോൾ, സംഭോഗാന്തേ സരസപുളകസ്വേദി-സംഭോഗാവസാനത്തിൽ സരസമായ പുളകവും സ്വേദവും ഉള്ളതും, എന്റെ കരതലംകൊണ്ടു സംവാഹനീയം-തടവത്തക്കതും-സംഭോഗാവസാനത്തിൽ ഞാൻ തലോടുന്നതും എന്നു ഭാവം; നീലസ്തംഭാഭോഗവും-നീലത്തൂണിന്റെ ഭംഗിയുള്ളതും, രംഭാരമ്യം-രംഭപോലെ മനോഹരവും, വടിവെഴും-വടിവു് എഴുന്നതും-കാന്തി ഉള്ളതും, ആയ തദീയം അംഭോജാക്ഷ്യാഃ വാമം തുട-ആ അംഭോജാക്ഷിയുടെ ഇടത്തെത്തുട, മന്ദമന്ദം ലളിതം ഇളകം-പതുക്കെ ചെറുതായിത്തുടിക്കും.

നീലസ്തംഭാഭോഗം തുട എന്നതുകൊണ്ടും നായികയുടെ വർണ്ണം സൂചിപ്പിക്കുന്നു. 'ഇതുകൊണ്ടു് നായികയുടെ നിറം കറുപ്പാണെന്നു പറയാമെന്നു തോന്നുന്നില്ല' എന്നു് ഒരു വ്യാഖ്യാനത്തിൽ കാണുന്ന അഭിപ്രായം ശരിയല്ല. നായികയുടെ നിറം കറുപ്പെന്നുള്ളതിനു വ്യക്തമായ അനേകം പ്രസ്താവനകൾ കാവ്യത്തിൽ ഉണ്ടു്.

അപ്പോൾ നീ ചെന്നാധിമഗ്നാമല്പസംബാധമദ്ധ്യാം
ഇപ്പാപ്പൂർ വാഴുന്നവനിമഘവാ! തീവ്രശോകാഭിഷംഗാം
കോപ്പാറ്റീടുംകചഭരനതാം ചേൽപ്പോരുങ്കണ്ണിയെക്ക-
ണ്ടപ്പൂമാതോടഴകിലരുളിച്ചെയ്‌വതിവ്വണ്ണമെല്ലാം. 76

ഇപ്പാപ്പൂർ വാഴും അവനിമഘവൻ! നീ അവിടന്നു്, അപ്പോൾ ചെന്നു്, ആധിമഗ്നയും, അല്പസംബാധമദ്ധ്യയും-അല്പസംബാധമായ മദ്ധ്യത്തോടു്-നടുവോടു കൂടിയവളും തീവ്രശോകാഭിഷംഗയും-കടുത്ത ദുഃഖത്തോടുകൂടിയവളും, കോപ്പാറ്റീടുന്ന-ആഭരണമണിയാത, കചഭരംകൊണ്ടു്, നതയും-കുനിഞ്ഞവളും, ആയ, ആ അഴകാന്ന ചേൽപ്പോരുങ്കണ്ണിയെ-ചേലിനോടു്-കയൽമീനോടു്, പൊരുന്ന-മത്സരിക്കുന്ന, കണ്ണോടു കൂടിയവളെ, കണ്ടു്, അപ്പൂമാതോടു്-ആ ലക്ഷ്മീസദൃശയായ നായികയോടു് എന്നു് അർത്ഥം. ഇവ്വണ്ണമെല്ലാം അഴകിൽ, അരുളിച്ചെയ്‌വൂതു്-അരുളിച്ചെയ്യാവൂ.

ചേൽ-കയൽമീൻ-കെണ്ടമീൻ, കെണ്ടമീനിനോടു പൊരുതുന്ന കണ്ണോടുകൂടിയവൾ എന്നു് അർത്ഥം. ചേലു പൊരുന്ന-ഭംഗിയെയും വെല്ലുന്ന കണ്ണുള്ളവൾ എന്നു് ഒരു വ്യാഖ്യാനത്തിൽ കൊടുത്തിരിക്കുന്ന അർത്ഥം ശരിയല്ല.

'ചെറുപ്പിച്ചീടും' എന്നതിന്റെ പാഠം 'ചെറുപ്പനീടും' എന്നു ഗ്ര. പാ. ചെറുപ്പ്-ചെറുപ്പക്കാരൻ ആയുള്ളോർ ചെറുപ്പനീടും എന്ന പാഠമാണു സ്വാരസ്യം ഉണ്ടെന്നു തോന്നുന്നു.

'മടമൊഴിമാരുടെയുള്ളിൽ മുതിരുമുള്ളതെല്ലാം' എന്നു ഗ്രന്ഥപാഠം. മടവാരിയർക്കുള്ളിലുള്ള എന്നു ഗ്ര. പാ.

കല്യാണാനാം നിജ നിലയമാമുണ്ണുനീലീ! കണ്ടാ നി-
ന്നല്ലാർപ്പോർമന്മുലയിണ പിരിഞ്ഞാളുമോ ജീവിതേശഃ
ചൊല്ലീതെന്നോടയവയർമണേ! കാന്താപുരേ നി-
ന്റെല്ലാവുംകൊണ്ടുദിതകരുണം വല്ലഭാം ജീവയേതി. 77

കല്യാണാനാം നിജനിലയമാം-മംഗളങ്ങൾക്കു സ്വന്തം പാർപ്പിടമായ, അല്ലയോ ഉണ്ണുനീലി! കണ്ടാ-കണ്ടാലും, നിന്റെ മല്ലാർപ്പൂമന്മുലയിണ-പരാഗം മല്ല് ആയതും, പൂവിനോടു കലർന്നതും ആയ മുലയിണ [മല്ലാർപ്പോർമന്മുലയിണ എന്നു ഗ്ര. പാ. മല്ലരെപ്പോലെ പോരിടുന്നതും, മൻ-അഴക് ഉള്ളതുമായ മുലയിണ] പിരിഞ്ഞ് ആതുരനായ-ദുഃഖിതനായ, ജീവിതേശൻ-പ്രാണനാഥൻ, എന്നോടു ചൊല്ലീതു-എന്നോടു പറഞ്ഞു, ഹേ അയവയർമണേ! കാണ്, കാന്താപുരത്തിന്ന്-തിരുവനന്തപുരത്തു നിന്ന്, എല്ലാവും കൊണ്ട്-എല്ലാത്തരത്തിലും, ഉദിതകരുണം-കാരുണ്യത്തോടെ, വല്ലഭാം-വല്ലഭയെ, ജീവയ-ജീവിപ്പിച്ചാലും, ഇതി-എന്നു.

'വല്ലഭന്തീ മയന്തീ' എന്നു ഗ്ര. പാ. പ്രമാദമെന്നു തോന്നുന്നു.

നാരീമൌലേ! മമ മലർമകൾക്കങ്ങിരിപ്പാന്തിരിപ്പാ-
പ്പൂരെന്റില്ലം വെരുളുമിളമാൻകണ്ണി! വേണാട്ടിലങ്ങ്
താരാനാഥപ്രതിമവദനേ! പേരുമാതിച്ചവർമൻ
പാരേറീടും പുകഴിരവിവർമ്മന്നു രണ്ടാമവൻ ഞാൻ. 78

അല്ലയോ നാരീമൌലേ, വെരുളുമിളമാൻ കണ്ണി! മമ-എന്റെ, ഇല്ലം അങ്ങു വേണാട്ടിൽ, മലർമകൾക്ക് ഇരിപ്പാം-ലക്ഷ്മീദേവിക്ക് ആവാസസ്ഥാനമായ, തിരുപ്പാപ്പൂരെന്റ്-തൃപ്പാപ്പൂർ എന്നതു, ആണ്. താരാനാഥപ്രതിമവദനേ-ചന്ദ്രനു തുല്യമായ മുഖത്തോടുകൂടിയവളേ! എന്റെ പേര് ആതിച്ചവർമ എന്നാണ്. ഞാൻ പാരേറീടും പുകഴ് ഉള്ള, ഇരവിവർമന്ന്-രവിവർമ്മയ്ക്കു, രണ്ടാമവൻ-ഇളയവൻ ആണ്.

ശബ്ദരംഗി ശ്രദ്ധിക്കുക. രണ്ട് എന്ന രൂപം സാധുവല്ലെന്നു ലീലാതിലകകാരൻ പറയുന്നെങ്കിലും അക്കാലത്തിനു മുമ്പുതന്നെ 'ഇരണ്ടു' മാറി "രണ്ടു" എന്ന രൂപം വന്നു എന്ന് ഈ പദ്യത്തിൽനിന്നും മനസ്സിലാക്കാം.

രവിവർമ്മയുടെ വിശേഷണം ശ്ലേഷയമാണ്.

ഇത്ഥം ചൊൽവോരളവിലുദിതസ്മേരമദുക്തിമാത്രേ
മുഗ്ദ്ധാപാംഗീ വിരവിലെഴുനീറ്റോമൽ കൈമെയ് മറന്ന്
സദ്യസ്സംഭാവയതി മധുരാലാപഗർഭൈർഭവന്തം
ലജ്ജാമോദപ്രണയബഹുമാനാകുലൈർദൃഷ്ടിപാതൈഃ 79

ഇത്ഥം—ഇപ്രകാരം, ചൊല്ലുന്ന അളവിൽ-ചൊല്ലുമ്പോൾ, ഉദിതസ്മേരം-ഉദിതമായ സ്മേരത്തോടെ—പുഞ്ചിരിയോടെ മദുക്തിമാത്രേ-ഉക്തി പറയുമ്പോൾ തന്നെ, മുഗ്ദ്ധാപാംഗീ-മനോഹരമായ കടക്കണ്ണോടുകൂടിയവളായ, ഓമൽ, വിരവിൽ-വേഗത്തിൽ, എഴുന്നേറ്റ്, കൈയ്മെയ് മറന്ന്-സർവ്വവും വിസ്മരിച്ച്, സദ്യഃ-പെട്ടെന്ന്, മധുരാലാപഗർഭൈഃ-മധുരസംഭാഷണം ഉൾക്കൊള്ളുന്നവയും, ലജ്ജ, ആമോദം, പ്രണയം, ബഹുമാനം ഇവയാൽ ആകുലവും ആയ ദൃഷ്ടിപാതങ്ങളാൽ, ഭവന്തം-ഭവാനെ, സംഭാവയതി-സംഭാവനം ചെയ്യും—സൽക്കാരവീക്ഷണം ചെയ്യും.

ശുകസന്ദേശം ഉത്തരഭാഗം 57-ാം പദ്യത്തോടു താരതമ്യപ്പെടുത്തുക. ഉണ്ണുനീലിയുടെ നോട്ടത്തെ മനോധർമ്മസാരസ്യം കലർത്തി കവി വർണ്ണിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്ക.

ശയ്യോപാന്തേ സലളിതമിരുന്നുണ്ണുനീലീമിരുത്തി—
കല്യാകാരേ നിജകരതലേ കാന്തതൻ കൈയ്യുമേന്തി
അത്യാമോദാൽ പുളകമിളമൽക്കൊങ്കമേൽപ്പൊങ്ങുമാറ—
ന്നസ്മദ്വാർത്താമവളൊടറിയിപ്പിക്ക നീ പിന്നെ മുന്നിൽ. 80

പിന്നെ, മുന്നിൽ-ആദ്യം തന്നെ നീ-അവിടുന്ന്, ശയ്യോപാന്തേ-കട്ടിലിനടുത്ത്, സലളിതം-ലളിതമായ വിധത്തിൽ, ഇരുന്ന്, ഉണ്ണുനീലിയെയും ഇരുത്തി, കല്യാകാരേ-മനോഹരാകാരമായ, നിജകരതലേ-തന്റെ കൈയ്യിൽ, കാന്തതൻ കൈയ്യും ഏന്തി-കാന്തയുടെ-ഉണ്ണുനീലിയുടെ, കൈയ്യും പിടിച്ച്. ഇളമൽ കൊങ്കമേൽ, അത്യാമോദാൽ-വലുതായ സന്തോഷം കൊണ്ട്, പുളകം-രോമാഞ്ചം, പൊങ്ങുമാറ്-ഉണ്ടാകുന്ന വിധത്തിൽ, അസ്മദ്വാർത്താം-എന്റെ വാർത്തയെ അവളോട് അറിയിപ്പിക്ക.

നായികയുടെ കരഗ്രഹണം ഉചിതമല്ലെന്നും അത് ഉണ്ണുനീലി കുലസ്ത്രീയാണെന്നു സൂചിപ്പിക്കുന്നുവെന്നും ചിലർ കരുതുന്നു. ആ വാദം സ്വീകാര്യമല്ലെന്ന് അവതാരികയിൽ കാണിച്ചിട്ടുണ്ട്.

'ഇളകിക്കൊങ്കമേൽ' എന്നു മൂ. പാ. 'ഇളമൽക്കൊങ്കമേൽ' എന്നു ഭേ. പാ.

മുണ്ടെക്കൽച്ചേർന്നുരുജഘനേ! മൂന്റു നാളുണ്ടു ചെമ്മേ
കണ്ടു കണ്ടിക്കുഴലികളിൽ മണേ! നിന്നുടേ വല്ലഭം ഞാൻ
സ്യാനന്ദൂരേ മുരരിപുപുരേ പോലുമാനന്ദഹീനം
ദീനം മീനധ്വജപരവശം പുക്കിരിക്കിന്റ വാറു്. 81

മുണ്ടെക്കൽ ചേർന്ന, ഉരുജഘനേ-ഉരുനിതംബമതോടു കൂടിയ സുന്ദരി!, കണ്ടിക്കുഴലികളിൽ മണേ, നിന്നുടെ വല്ലഭം നിന്റെ ഭർത്താവിനെ, മുരരിപുപുരമായ-ശ്രീപദ്മനാഭന്റെ പുരമായ, സ്യാനന്ദൂരേ-തിരുവനന്തപുരത്തു പോലും, ആനന്ദഹീനനായും, ദീനനായും, മീനധ്വജപരവശനായും-കാമപീഡിതനായും, പുക്കു് ഇരിക്കുന്ന വാറു്, ചെമ്മേ-നന്നായി, ഞാൻ, മൂന്റു നാളുണ്ടു-ഞാൻ മൂന്നു നാളിനു്, മുൻപു കണ്ടു. ഇരിക്കിന്റ വാറു്-ഇരിക്കുന്ന പ്രകാരം. ആറു് സന്ധിയിൽ വാറു് എന്നായിത്തീരുന്നു.

ശ്രീ അനന്തപുരത്തു (സ്യാനന്ദൂരേ) പോലും ആനന്ദമില്ലാത്തവനായി എന്നു വിരോധാഭാസം.

കല്ലോലിന്യാം പുലരി മലരും താമരപ്പൂവിൽ മേവി-
ത്തല്ലിത്തല്ലുമളിപടലികാ പക്ഷമന്ദാനിലേന
മെല്ലെക്കൈക്കൊണ്ടിളയ ബകുളാമോദമാബദ്ധഖേദം
മല്ലൽത്തെന്റൽച്ചെറിയതു വരക്കണ്ടു മോഹം ഗതോസൗ. 82

കല്ലോലിന്യാം-കല്ലോലിനിയിൽ-പൊയ്കയിൽ, പുലരി-രാവിലെ, മലരും-വിരിയുന്ന, താമരപ്പൂവിൽ, മേവി-വിശ്രമിച്ചു്, അളിപടലികാ-അളിപടലികളുടെ-വണ്ടിൻകൂട്ടങ്ങളുടെ [ആ താമരമലരിൽ ഉള്ള വണ്ടിൻ കൂട്ടങ്ങളുടെ] പക്ഷമന്ദാനിലേന-ചിറകടികൊണ്ടുള്ള ഇളം കാറ്റാൽ, [പക്ഷചലനത്താൽ] തെല്ലുതെല്ലു തല്ലി-അല്പം ചേർന്നു്, ഇളയബകുളാമോദം-ഇലഞ്ഞിപ്പൂവിന്റെ ചെറിയ സൗരഭ്യം, മെല്ലെക്കൈക്കൊണ്ടു്-സ്വീകരിച്ചും, ഉള്ള, മല്ലൽത്തെന്റൽ-മല്ലൽത്തെന്റൽ-അഴകുള്ള കാറ്റു്, ചെറിയതു വരക്കണ്ടു്-മന്ദമായി വീശുന്നതു് ഏറ്റു്. അസൗ-ഇവൻ, ആബദ്ധഖേദം മോഹം-ഖേദപൂർണ്ണമായ മോഹാലസ്യം, ഗതഃ-പ്രാപിച്ചു.

മെല്ലെക്കോൾകൊണ്ടു എന്ന മൂ. പാ. തെറ്റാണു്. മെല്ലെ കൈക്കൊണ്ടു എന്നു ഗ്ര. പാ. മല്ലത്തേർ മേൽ എന്നു മൂ. പാ. കാമന്റെ തേരിൽ എന്നു് ശ്രീ. പിഷാരടി അർത്ഥം കൊടുക്കുന്നു. മല്ലത്തേർ എന്നാൽ കാമന്റെ തേർ എന്നർത്ഥമില്ല. മല്ലത്തെന്റൽ എന്നു ഗ്ര. പാ. മല്ലൽ-അഴകുള്ള, തെന്റൽ-കാറ്റു് എന്നർത്ഥം. ആബദ്ധഖേദം എന്നതിനു പകരം ആവദ്ധകേടം എന്നു ഗ്രന്ഥത്തിൽ കാണുന്നതു പ്രമാദമായിരിക്കണം.

ഞാൻ ചെല്ലിൻറാരളവിലുടനേ ദൈവയോഗാലുണർന്നാ-
നെന്നെക്കണ്ടിട്ടുളിതകരുണം മെല്ലെഴുന്നേററിരുന്നാൻ
നിന്നെക്കാണാഞ്ഞുടനുടനെഴും മാരതാപങ്ങളം ചൊന്നാ-
നസ്മൽകാന്തസ്ഥിതിനെയറിയിക്കെൻറുമെന്നോടിരന്നാൻ. 83

ഞാൻ ചെല്ലിൻറാരളവിൽ—ചെന്നപ്പോൾ, **ഉടനേ**, ദൈവയോഗാൽ—ഭാഗ്യയോഗം കൊണ്ട്, ഉണർന്നാൻ—അദ്ദേഹം ഉണർന്നു. എന്നെക്കണ്ടിട്ട്, **ഉളിതകരുണം**—ഉളിച്ചു കരുണയോടെ [ദീനതയോടെ എന്നർത്ഥം] മെല്ലെ എഴുന്നേററിരുന്നാൻ. നിന്നെ കാണാഞ്ഞിട്ട്, ഉടനുടൻ എഴുന്ന—കൂടിക്കൂടി വരുന്ന, മാരതാപങ്ങളം—കാമവേദനകളം, ചൊന്നാൻ—പറഞ്ഞു. **അസ്മൽ കാന്തസ്ഥ**—എൻറെ ഭാര്യ, ഇതിനെ **അറിയിക്കേണം** എന്നോട്, ഇരന്നാൻ—'അദ്ദേഹം' **അപേക്ഷിച്ചു.** **'അളവിലുടനേ'** എന്നു മൂ. പാ. **അളവിലളവേ** എന്നു ഗ്ര. പാ.

[ഗ്രന്ഥത്തിൽ രണ്ടാം വരിയുടെ അവസാനഭാഗവും മൂന്നാംവരിയുടെ **ആദ്യ**ഭാഗവും വിട്ടിട്ടാണ് എഴുതിയിട്ടുള്ളത്. മദ്രാസ് പ്രതിയിലെ പാഠം മൂലപാഠത്തോടു ശരിയായിരിക്കുന്നു.]

ആർത്തത്രാണാൽപ്പരമൊരു ധുരം പാരമസ്മൽകുലത്തി-
നോർത്താലില്ലെൻറലഘുജഘനേ! തേറി വൈകാതെ വാറ്
വാർത്താമാത്രം തവ സുവദനേ! ചൊല്ലുവാനാഗതോ ഞാൻ
ചീർത്തോരാപൽപ്രണയസുഭഗം ചാർത്തുമുണ്ടെങ്ങളാം കൈയ്യിൽ. 84

അലഘുജഘനേ!—പീനശ്രോണി [വലുതായ ജഘനത്തോടുകൂടിയവളേ എന്നർത്ഥം] സുവദനേ! പാരം **അസ്മൽ കുലത്തിന്**—ഞങ്ങളുടെ വംശത്തിന്, ഓർത്താൽ—വിചാരിച്ചാൽ, **ആർത്തത്രാണാൽ പരം**—ആർത്തരെ-ദുഃഖിതരെ, ത്രാണനം ചെയ്യുന്നതിനെക്കാൾ വലുതായ, ഒരു ധുരം—ഒരുകൃത്യം—[ധുരം] ഇല്ല. എൻറ്—എന്ന്, തേറി—ധരിച്ച്, വൈകാതെ വാറ്—താമസിക്കാത്ത മട്ടിൽ, തവ വാർത്താമാത്രം—വിവരം ചൊല്ലുവാൻ മാത്രം, **ഞാൻ ആഗതഃ**-ഞാൻ വന്നവനാണ്, **ചീർത്തോരു**—നല്ലോരു, **ആപൽപ്രണയ** സുഭഗമായ ആപത്തിൽപ്പെട്ടിരിക്കുന്ന നിൻെറ ഭർത്താവിനോടുള്ള സ്നേഹം കൊണ്ട്, സുഭഗം—നല്ലതായ, ഒരു ചാർത്തും—സന്ദേശവും എൻെറ കൈയ്യിലും ഉണ്ട്.

'എങ്ങളാം വായിൽ' എന്നു മൂ. പാഠം. 'എങ്ങളാം കൈയ്യിൽ' എന്ന് ഗ്ര. പാഠം.

പൂർവ്വാർദ്ധം തിരുവിതാംകൂർ രാജവംശത്തിൻെറ മുദ്രാവാക്യമായ 'ധർമ്മോസ്മൽ കുലദൈവതം' എന്നതിനെ ഓർമ്മിപ്പിക്കുന്നു.

അങ്കം വേറിട്ടമലഗഗനേ രോഹിണീ പൌർണ്ണമാസ്യാം
തിങ്കൾക്കൊക്കും വദനകമലം തന്നെയങ്ങുന്നമയ്യ
എങ്കിൽക്കേട്ടാലമയുമിളമാൻകണ്ണി! നീയുണ്ണുനീലീ!
നിങ്കൽച്ചാലച്ചകിതമതിലേ വാചകം മേചകാംഗി! 85

ഹേ ഇളമാൻകണ്ണി, മേചകാംഗി-കറുത്ത അംഗങ്ങളോടുകൂടിയവളേ, ഉണ്ണുനീലി! അമലഗഗനേ-നിർമ്മലമായ ആകാശത്തിൽ-മേഘമൊഴിഞ്ഞു തെളിഞ്ഞ മാനത്തു്, രോഹിണീപൌർണ്ണമാസ്യാം-രോഹിണിനക്ഷത്രത്തോടു ചേർന്ന വെളുത്തവാവുനാളത്തെ, [രോഹിണിയും പൌർണ്ണമാസിയും ചേർന്നു വരുന്നതു ശരൽക്കാലത്താണു്. അന്നു് ആകാശത്തിനു തെളിവും ചന്ദ്രനു പ്രകാശവും കൂടും], അങ്കം വേറിട്ട-അടയാളമില്ലാത്ത, തിങ്കൾക്കൊക്കും-ചന്ദ്രനു തുല്യമായ, വദനകമലം തന്നെ-മുഖത്തെ, അങ്ങു്, ഉന്നമയ്യ-ഉയർത്തിയിട്ടു്, എങ്കിൽ, നിങ്കൽ-നിന്നിൽ, ചാലെ-നല്ലവണ്ണം, ചകിതം-പരവശമായ-നിന്റെ സ്ഥിതിയെ സംബന്ധിച്ചു് ഭയം കൊള്ളുന്ന, അതിലേ വാചകം-ആ ചാത്തിലേ വാചകം, കേട്ടാലമയും-കേട്ടാലും.

‘മേചകാംഗി’ എന്നതിൽ നിന്നു് ഉണ്ണുനീലിയുടെ നിറം കറുപ്പാണെന്നുള്ള വസ്തുത വ്യക്തമായി സിദ്ധിക്കുന്നു.

കററക്കാർമൽക്കുഴലി! സുരതവ്യാകുലൌ കാററുമേററ-
മുററത്താമാറുപചിതരസം നാമുറങ്ങിന്റ നേരം
മുററിന്നോമൽക്കുളുർമുല പിരിഞ്ഞങ്ങൊരാകാശമാർഗ്ഗേ
മുററും ഞാനേ നിശി പരവശസ്സംഭ്രമത്തോടുണർന്നേൻ. 86

കററക്കാർമൽക്കുഴലി!-കററപോലെയുള്ളതും കാറിനോടു മല്ലിടുന്നതും ആയ തലമുടിയോടുകൂടിയവളേ, സുരതവ്യാകുലൌ-സുരതവ്യാകുലരായ, നാം-നമ്മൾ രണ്ടു പേരും, കാററുമേററു് മുററത്തു്, ആമാറു് ഉപചിതരസം-ആകംവണ്ണം വർദ്ധിച്ച രസത്തോടെ, ഉറങ്ങുന്ന നേരം, മുററുന്ന-വളർന്ന, ഓമൽക്കുളുർമുല പിരിഞ്ഞു് അങ്ങു്, ആകാശമാർഗ്ഗേ-ആകാശമാർഗ്ഗത്തിൽ, ഞാനേ-ഞാൻ മാത്രമായി, മുററും പരവശനായി-ഏററവും പരാധീനനായി, നിശി-രാത്രിയിൽ. സംഭ്രമത്തോടെ ഉണർന്നു, ആമ്മാറു് എന്നു് മൂ. പാ. ആമാറു എന്നു ദ്വി. പാ. ആംമ്മാറു്-ആമാറു് എന്നു രൂപസിദ്ധി. ആമ്മാറു് എന്നു് അനന്തരകാലത്തെ രൂപം.

കണ്ടേനെന്നെത്തദനു മദനവ്യാകുലാ കാപി പാപാ
മണ്ടിക്കൊണ്ടങ്ങിനിയ ഗഗനേ കൊണ്ടുപോകിന്റ വാറു്;
പേടിച്ചപ്പോളം നരഹരിപദം ചിന്തയന്തം നിതാന്തം
ഭീതാ യാതാ കമപി തരസാ മാഞ്ച വിക്ഷിപ്യ ഭൂമൗ. 87

തദനു-പിന്നീട്, എന്നെ മദനവ്യാകുലാ-കാമപീഡിതയായ, കാപി-ഒരു, പാപാ, ഇനിയ, ഗഗനേ-ആകാശത്തിൽ, മണ്ടിക്കൊണ്ടു പോകിന്റവാറ്-ഓടിപ്പോകുന്ന പ്രകാരം, കണ്ടേൻ-ഞാൻ കണ്ടു. അപ്പോൾ പേടിച്ച് നരഹരിപദം-നരസിംഹത്തിന്റെ പാദം, നിതാന്തം ചിന്തയന്തം-നല്ലപോലെ ചിന്തിക്കുന്നവനായ, മാം-എന്നെയും, തരസാ-പെട്ടെന്ന്, ഭൂമൌ-ഭൂമിയിൽ വിക്ഷിപ്യ-എറിഞ്ഞിട്ട്, ഭീതാ-ഭീതയായിട്ട്, യാതാ പോയവളായി-അവൾ പോയി.

അപ്പോൾ എന്നെ കാമപരവശയും പാപയുമായ ഒരുത്തി ആകാശത്തിൽക്കൂടി എടുത്തുകൊണ്ടു പോകുന്നതായി തോന്നി, ഞാൻ പേടിച്ച് നരസിംഹത്തിന്റെ പാദം ധ്യാനിച്ചു. അവൾ ഭയപ്പെട്ട് എന്നെ ഭൂമിയിൽ ഇട്ടിട്ടു പോയി.

തെല്ലെച്ചെന്നങ്ങഹമഹിവരേ പള്ളികൊള്ളും മുരാരേ-
രില്ലത്താമാറഥ നിപതിതോ ഹന്ത! ദൈവാനുഗ്രഹാൽ
എല്ലിന്നേതും പെരികൊരൊടിവുണ്ടായതില്ലെങ്കിലും മേ
മെല്ലപ്പോരാവിതു പുനരധീരാക്ഷി! പക്ഷം കഴിഞ്ഞേ. 88

അഥ-പിന്നെ, ദൈവാനുഗ്രഹാൽ-ഈശ്വരാനുഗ്രഹത്താൽ, അഹം-ഞാൻ, തെല്ലെച്ചെന്ന്, അഹിവരേ-സർപ്പരാജാവിൽ-അനന്തനിൽ, പള്ളികൊള്ളുന്ന, മുരാരേ-ശ്രീപത്മനാഭന്റെ, ഇല്ലത്താമാറ്-ക്ഷേത്രത്തിന്റെ അന്തകവാട്ടം-അതിന് അടുക്കൽ എന്ന ഭാവം, നിപതിതഃ-വീണു. ഹന്ത-ആശ്ചര്യം, മേ-എനിക്ക്, എല്ലിന്ന് ഏതും-അല്പവും, പെരികെ ഒരൊടിവ് ഉണ്ടായതില്ലെങ്കിലും, ഹേ അധീരാക്ഷി-കാതരലോചനേ, പക്ഷം കഴിഞ്ഞേ-ഒരു പക്ഷം കഴിഞ്ഞേ-പതിനഞ്ചുദിവസം കഴിഞ്ഞേ, മെല്ലപ്പോരാവിതു-സാവധാനമായി പോരാൻ സാധിക്കുകയുള്ളു.

എല്ലൊടിഞ്ഞില്ലെങ്കിലും വീഴ്ചയിൽ പറ്റിയ ഉലച്ചിൽകൊണ്ട് ഒരു പക്ഷകാലത്തേയ്ക്ക് സഞ്ചാരം സാധ്യമല്ലെന്നു യുക്തി.

പെരികെഴിവ് എന്നു മൂ. പാ. പെരികൊടിവ് എന്നു വ്യക്തമായി ഗ്രന്ഥത്തിൽ ഉണ്ട്. മദ്രാസ് പ്രതിയിലും 'ഒടിവ്' എന്നു തന്നെ കാണുന്നു. അതിനാൽ ഒഴിവ് എന്ന മൂ. പാഠത്തെ വച്ച് ഒടിവ് ഒഴിവായതാണെന്ന് ഒരു വ്യാഖ്യാനത്തിൽ ഊഹിച്ചിരിക്കുന്നത് ആവശ്യമില്ലാത്തതാണ്.

ഇല്ലത്താമാറ് എന്നു മൂ. പാ. ഉല്ലത്താമാറ് എന്നാണു ഗ്ര. പാഠവും. ശരിയായ പാഠവും. ആം ആറ്-ആമാറ് എന്നാണു വ്യുൽപത്തി.

മാരപ്ലുഷ്ടാംഗലെരിവനുടനേ, കണ്ണുനീരാൽക്കുളിപ്പേൻ
താപോദ്രേകാത്പ്പുകവനഴൽവൻ ചന്ദ്രികാചന്ദനേന,
ഭൃംഗശ്രേണീപരഭൃതകുലം കൂവിനാൽ നോവനുള്ളിൽ–
ത്തെൻറൽക്കാറേററുഴകുവനഹം നിൻവിയോഗാദിദാനീം. 89

നിൻവിയോഗാൽ–നിന്നെ പിരിഞ്ഞതുകൊണ്ട്, ഇദാനീം ഇപ്പോൾ, അഹം-ഞാൻ, മാരപ്ലുഷ്ടാംഗാൾ, എരിവെൻ-എരിയുന്നു; ഉടനേ കണ്ണുനീരാൽ കുളിപ്പേൻ-ഞാൻ കുളിക്കുന്നു; താപോദ്രേകാൽ-ചൂടിന്റെ കൂടുതൽകൊണ്ട് പുകവൻ-ഞാൻ പുകയുന്നു. ചന്ദ്രികാചന്ദനേന-ചന്ദ്രികയാകുന്ന ചന്ദനത്താൽ, അഴൽവൻ-ഞാൻ അഴലുന്നു; ഭൃംഗശ്രേണി-വണ്ടിൻകൂട്ടവും, പരഭൃതകുലവും-കുയിലുകളും, കൂവിനാൽ-കൂവുമ്പോൾ, ഉള്ളിൽ നോവൻ-വേദന അനുഭവിക്കുന്നു; തെൻറൽക്കാററ്-തെക്കൻകാററ്, ഏററ്, ഉഴകുവൻ-ഞാൻ ഉഴകുന്നു.

[എരിവേൻ, കുളിപ്പേൻ, പുകവേൻ, എന്ന ഉത്തമപുരുഷ-ഏകവചനരൂപങ്ങൾ കുറുകി എരിവൻ, കുളിപ്പൻ തുടങ്ങി രൂപങ്ങൾ. പുകയുന്ന എന്നതിന്റെ ഉ. പു. ഏ. വ. രൂപമാണ് പുകവേൻ. അതിൽനിന്ന് പുകവെൻ, പുകവൻ എന്ന രൂപം. പുകയ്വൻ എന്ന മൂ. പാ. തെററാണ്.]

വാണീ വീണാമധുരനിനദേ, ചില്ലിവല്ലീവിലാസം
വീചീഭംഗേ, കുളിർമതിയിൽ നിന്നാനനാംഭോജശോഭാ,
നീലാപാംഗം ചലകുവലയേ, തന്വി! നിൻ മംഗലാംഗം
കൂടിക്കാണ്മാൻ കഥചന ന മേ പുണ്യമെന്നുണ്ണുനീലി! 90

ഹേ തന്വി! ഉണ്ണുനീലി! വീണാമധുരനിനദത്തിൽ-വീണയുടെ മധുരമായ ശബ്ദത്തിൽ, വാണി-വാക്ക് [ഉണ്ട്—നിന്റെ വാക്ക് എന്നു പൂർത്തിയാക്കാം]; വീചീഭംഗത്തിൽ-തിരമാലച്ചുളിവുകളിൽ [തിരമാലയുടെ ഇളക്കത്തിൽ] ചില്ലിവല്ലിയുടെ വിലാസം; കുളിർമതിയിൽ-കുളുത്ത ചന്ദ്രനിൽ, നിന്റെ ആനനാംഭോജത്തിന്റെ—മുഖപത്മത്തിന്റെ ശോഭ; ചലകുവലയേ-ഇളകുന്ന കരിങ്കൂവളപ്പൂവിൽ, നീലാപാംഗം—നീലമായ കടക്കണ്ണ്, ഉണ്ട് എന്നു ശേഷം. നിന്റെ മംഗലമായ അംഗം, കൂടി കാണ്മാൻ-ഒന്നിച്ചുചേർന്നിരിക്കുന്നതായി കാണ്മാൻ, കഥചന—ഒരിടത്തും, മേ-എനിക്ക്, പുണ്യമില്ല.

വീണാനാദത്തിൽ നിന്റെ വാണീമാധുര്യമുണ്ട്. വീചീഭംഗത്തിൽ ചില്ലിവല്ലിയുടെ വിലാസം കാണാം. ചന്ദ്രനിൽ നിന്റെ മുഖകാന്തി തെളിയുന്നു. ഇളകുന്ന കരിങ്കൂവളപ്പൂവിൽ നിന്റെ കടാക്ഷശോഭയുമുണ്ട്. ഇങ്ങനെ പ്രത്യേകം പ്രത്യേകം നിന്റെ സൗന്ദര്യത്തിന്റെ അംശങ്ങൾ പലതിലും കാണാമെങ്കിലും ഒരിടത്തും നിന്റെ അംഗശോഭ പൂർണ്ണമായി

കാണുന്നില്ല. 'വാണീം' എന്നു തുടങ്ങി ദ്വിതീയാവിഭക്തികളായി ഒരു വ്യാഖ്യാനത്തിൽ തിരുത്തിയിരിക്കുന്നു. സന്ദേശകൃതികളിൽ ഈ ആശയം സാധാരണമാണ്.

കൂടക്കൂടെച്ചപലശിഥിലാ തൂലികാ കൈ വിയർത്തി-
ട്ടോരോ രേഖാംപ്രതി പരവശം കണ്ണുകൾക്കണ്ണുനീരാൽ
നിന്മെയ് ചെമ്മേ മുഴുവനറിയും ചിത്തവും മാരതാപ്പും
ചിത്രേ കാണ്മാനപി ച ഭവതീമല്പപുണ്യോ ജനോയം. 91

നായികയുടെ പടം വരച്ച് അതു കണ്ട് സമാധാനിക്കാനും നായകനു സാധിക്കില്ല എന്നു പറയുന്നു. കൈ വിയർത്തിട്ട്-ഉണ്ണുനീലിയുടെ ചിത്രം വരയ്ക്കാൻ ശ്രമിക്കുമ്പോൾ വികാരാധിക്യത്താൽ കൈ വിയർത്തിട്ട്, തൂലിക കൂടക്കൂടെ ചപലവും ശിഥിലവും ആയിത്തീരുന്നു, വിറച്ചു തെറിച്ചുപോകുന്നു എന്നർഥം. ഓരോ രേഖാംപ്രതി-ഓരോ രേഖ വരയ്ക്കുമ്പോഴും, കണ്ണുകൾ കണ്ണുനീരാൽ പരവശമായിത്തീരുന്നു. നിന്റെ മെയ്യ്, ചെമ്മേ-ശരിയായി, മുഴുവൻ അറിയുന്ന എന്റെ, ചിത്തവും-മനസ്സും, മാരതാപ്പും-കാമവേദനകൊണ്ടു കൂട്ടുപിടിച്ചതായിരിക്കുന്നു. (ഈ കാരണങ്ങളാൽ) ഭവതീം-ഭവതിയെ, ചിത്രേ അപി-ചിത്രത്തിൽ പോലും, കാണ്മാൻ, അയം ജനഃ-ഈ ആൾ [ഞാൻ] അല്പപുണ്യഃ-അഭാഗ്യൻ-ഭാഗ്യഹീനനാണ്.

സങ്കല്പാലിംഗനമയമഹാനന്ദമെയ്തീടുവാനോ
വല്ലാ ചിത്തം മധുരവചനേ! ഹന്ത! സന്താപഖിന്നം
കോലച്ചെപ്പായ് മലർ കൊതികെടക്കൊണ്ടുകൊൾവാൻ-
കിടപ്പാൻ
വാരാ നിദ്രാ വരഗുണനിധേ! പിന്നെയല്ലോ കിനാവോ? 92

നായികയുമായി സങ്കല്പസമാഗമം പോലും നായകനു സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു എന്നു പറയുന്നു. ഹന്ത! മധുരവചനേ, സങ്കല്പത്തിലുള്ള ആലിംഗനമയം ആയ-ആശ്ലേഷസ്വരൂപമായ മഹാനന്ദം, എയ്തീടുവാനോ-പ്രാപിക്കുന്നതിനോ, സന്താപഖിന്നം ചിത്തം, വല്ലാ-വല്ലുന്നില്ല-ശക്തമായി ഭവിക്കുന്നില്ല. കോലച്ചെപ്പായ് മലർ-മനോഹരമായ ചുവന്ന ചുണ്ട് ആകുന്ന മലർ-പൂവ്, [പൂപോലെ മൃദുവും മനോഹരവും ആയ ചുവന്ന ചുണ്ട്] കൊതികെട-കൊതി കെടത്തക്കവണ്ണം, കൊണ്ടുകൊൾവാൻ-നുകരുന്നതിനുവേണ്ടി, കിടപ്പാൻ-കിടക്കുന്നതിനാണെങ്കിൽ, (കിടപ്പൻ-ഞാൻ കിടക്കും എന്നായിരിക്കുമോ ശരിയായ പാഠം) വാരാ നിദ്രാ-ഉറക്കം വരുന്നില്ല, വരഗുണനിധേ! ശ്രേഷ്ഠഗുണങ്ങൾക്ക് ഇരിപ്പിടം ആയവളേ! പിന്നെയല്ലോ കിനാവോ-സ്വപ്നത്തിന്റെ കാര്യം പിന്നെ

പറയാനുണ്ടോ? കിടന്നാൽ ഉറക്കമില്ല. പിന്നെ സ്വപ്നത്തിന്റെ കാര്യം പറവാനുണ്ടോ? സ്വപ്നം ഇല്ലാത്തപ്പോൾ—സ്വപ്നാശ്ലേഷസുഖം പോലും ഇല്ലെന്നു സാരം. ചൊവ്വാ എന്ന മൂ. പാ. പിൽക്കാലത്തെ രൂപം അനുസരിച്ചുള്ളതാണ്. ചെവ്വാ എന്ന ഗ്ര. പാ. ശരിയായ രൂപം.

> വാഴ്ച്ചേറീട്ടം വടമതുരയിൽച്ചേന്റ ചേമന്തികാനാം
> തോപ്പൂടെ പോന്നിതമൊട്ട വരും മാരുതപ്പൈതൽ തന്നെ
> കോൾപ്പാടാന്തതാന്തവ തടമുലത്തൊത്തിലെത്തീടിലാമെ-
> ന്റേൽപ്പാൻ കോലും പൊഴുതെതിരവേ പോന്ന
> പോതും പ്രമോഹഃ. 93

വാഴ്ച്ചേറീടുന്ന—അഭിവൃദ്ധിയുള്ള, വടമതുരയിൽ കട്ടുത്തുറയിൽ, ചേന്റ ചേമന്തികാനാം—ചേമന്തികളുടെ തോപ്പൂടെ—തോപ്പിലൂടെ, പോന്ന് ഇതമൊട്ട്—ഹിതമോടെ—സന്തോഷകരമായ വിധത്തിൽ വരും—വരുന്ന, മാരുതപ്പൈതൽതന്നെ—ഇളങ്കാറ്റിനെ, കോൾപ്പാടായ്—അനുസരിക്കുന്നവനായി [അതിനെ അനുസരിച്ചു സഞ്ചരിച്ച്] തവ—നിന്റെ, തടമുലത്തൊത്തിൽ—തടം പോലെയുള്ള—കുന്നുപോലുള്ള, മുലത്തൊത്തിൽ—കുന്നുപോലെ ഉയർന്നതും പൂങ്കുലപോലെ ചെറിയതുമായ മുലയിൽ എന്നർത്ഥം (കുന്നോടൊക്കും കുളുർമുലയിണത്തൊത്ത്. ശ്ലോ. 94.) എത്തീടിലാം—എത്തിയേക്കാം. വടമതുരയിൽ നിന്നു വീശിവരുന്ന കാറ്റിനെ അനുസരിച്ചാൽ നിന്റെ മാറിടത്തിൽ എത്തിച്ചേരുവാൻ എനിക്ക് ഇടയുണ്ടായേക്കാം എന്നോർത്തിട്ട് എന്നർത്ഥം. എതിരവേ ഏൽക്കാൻ കോലും പൊഴുത്—എതിരെ ഏൽക്കുന്നതിനു തുടങ്ങുമ്പോൾ, പ്രമോഹഃ—മോഹാലസ്യം, പോന്നുപോതും—വന്നുകൂട്ടും.

[ഈ ശ്ലോകത്തിന്റെ മുദ്രിതപാഠത്തിൽ പല പിശകുകളും ഉണ്ട്. വടമതിരയിൽ ചേന്ന് എന്ന മൂ. പാ. വടമതുരയിൽ ചേന്റ എന്ന ഗ്ര. പാ. സമീചീനം.

മൂന്നാംവരിയുടെ ആദ്യപദമാണു വളരെ തെറ്റായി കൊടുത്തിട്ടുള്ളതും വ്യാഖ്യാനിച്ചിട്ടുള്ളതും. തോൾപോടായ് എന്നു മൂ. പാ. ശ്രീ. പിഷാരടി ആ വാക്കിനു് അർത്ഥം കൊടുക്കുന്നില്ല. ഒരു വ്യാഖ്യാനത്തിൽ തോൾപോടാൻ—ശരീരത്തിലേൽക്കുവാൻ എന്നു കൊടുത്തിരിക്കുന്നു. കാറ്റിനെ സംബന്ധിച്ച് ഇതു തീരെ സ്വീകാര്യമല്ലല്ലോ. വേറൊന്നിൽ 'തോപ്പോടായ്' എന്നു് പാഠം കല്പിച്ചു 'തോപ്പോടുതോപ്പായ്' എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. ശരിയായ പാഠം 'കോൾപ്പാടായ് താൻ' എന്നാണ്. കോൾപ്പാടായ്—എന്നതിനു 'അനുസരിച്ചു്' എന്നർത്ഥം (കതിർവേലു പിള്ളയുടെ തമിഴ് അകരാദി).

'എത്തീടുമാമെന്റു്' എന്നു മൂ. പാ. എത്തീടിലാമെന്റു് എന്നു ഗ്ര. പാ. സമീചീനം. ഏല്പാൻകോലും തൊഴുതെതിരവെ പ്പോന്നുപോതും

പ്രമോഹഃ എന്ന നാലാംപാദം മൂ. പാ. തീരെ ശരിയല്ല. 'എല്ലാൻകൊല്ലും പൊഴുതെതിരവേ' എന്ന ഗ്ര. പാ. സമീചീനം]

കന്റോരൊടൊക്കും കളൂർമുലയിണയൊത്തു വേറിട്ട നാൾതൊ-
ട്ടെന്റല്ലൊൻറ്റികലുമിതമെനിക്കില്ല കല്യാണശീലേ!
എന്റാലും തേ വിരവിലൊരു നാൾ തൊണ്ടിവാ കൊണ്ടു
കൊള്ളാ-
മെൻറുള്ളാശാരസനിഗളിതഃ പ്രാണശേഷം വഹാമി. 94

ഹേ കല്യാണശീലേ! കന്നോരൊടൊക്കും-കന്നിനു തുല്യമായ, കളൂർമുലയിണയൊത്തു്-പൂങ്കലപോലെയുള്ള കളൂർമുലയിണ, വേറിട്ടനാൾതൊട്ടു്-പിരിഞ്ഞ ദിവസം തൊട്ടു്, ഒന്റികലും-ഒന്നിലെങ്കിലും, എനിക്കു്, ഇതമില്ല-സന്തോഷമില്ല. എന്നാലും ഒരുനാൾ, വിരവിൽ ശീഘ്രമായിട്ടു, തേ-നിന്റെ, തൊണ്ടിവാ-തൊണ്ടിപ്പഴംപോലെ ചുവന്ന ചുണ്ടു്, കൊണ്ടുകൊള്ളാം-ന്നുകർന്നുകൊള്ളാം, എന്നുള്ള ആശാരസംകൊണ്ടു്, നിഗളിതനായി-കെട്ടപ്പെട്ടവനായി, പ്രാണശേഷം-ജീവിതത്തിന്റെ ശേഷം ഭാഗത്തെ, ഞാൻ വഹിക്കുന്നു.

കന്റോൻറ്റും നിൻ-എന്നു മൂ. പാ. കന്റോരൊടൊക്കും കളൂർമുല എന്നു ഗ്ര. പാ.

കണ്ടോമല്ലോ തളിയിലിരുവോം കൂത്തു നാമന്റൊരിക്കാൽ
ദൈവം കൊട്ടാളൊരു തപതിയാർ നങ്ങിയാരെന്നെ നോക്കി
അന്യാ സംഗാൽ കിമപി കലുഷാ പ്രാകൃതംകൊണ്ടു പാടീ
പിന്നെക്കണ്ടീലണയ വിവശം വീണ്ടു മണ്ടിൻറ നിന്നെ. 95

ഇനി അടയാളവാക്യങ്ങൾ പറയുന്നു.

തളിയിൽ-കൊടുങ്ങല്ലൂരിലെ തളിയിൽ കോവിലിൽ, അന്നു് ഒരിക്കാൽ-ഒരിക്കൽ, നാം ഇരുവോം-ഇരുവരും-രണ്ടാളും, കൂത്തു കണ്ടോമല്ലോ-കണ്ടല്ലോ. [കണ്ടോം എന്നു് ഉത്തമപൂരുഷബഹുവചനരൂപം. ഇരുവംകൂത്തു് എന്ന പാഠവും അതിനെ അനുസ്ദമാക്കി 'രണ്ടുപേർ ചേർന്നുള്ള കൂത്തു്' എന്ന അർത്ഥവും ശരിയല്ല. ഒരിക്കാൽ-ഒരിക്കൽ. ഒരു കാലം എന്ന ശബ്ദം 'ഒരുകാലം' എന്നും, അന്ത്യലോപംകൊണ്ടു് 'ഒരുക്കാൽ' എന്നും, പിന്നെ സംഭാഷണത്തിൽ വികാരം പ്രാപിച്ചു് 'ഒരിക്കാൽ' എന്നും 'ഒരിക്കൽ' എന്നും പരിണമിക്കുന്നു.] ദൈവം കൊട്ടാൾ-ദൈവം കൊട്ടുന്ന, ചാക്യാർ കൂത്തു പറയുമ്പോൾ നങ്ങിയാരാണു് താളത്തിനൊത്തു കൊട്ടുന്നതു്. അതായിരിക്കുമോ ദൈവം കൊട്ടു്? 'ദൈവം കൊട്ടാളൊരു തപതിയാർ' എന്നു് ഗ്രന്ഥത്തിൽ വ്യക്തമായി ഉണ്ടു്. ദൈവം കെട്ടാളൊരു എന്നാണു് മൂ. പാ. അതിനു ഭാഗ്യംകെട്ട എന്നു് അർത്ഥം കല്പിക്കുന്നു.

ദൈവം കൊട്ടികൊണ്ടിരുന്ന ഒരു തപതിയാർ-നങ്ങിയാർ എന്നെ നോക്കി (തപതിയുടെ, ഭാഗം അഭിനയിച്ച ഒരു നങ്ങിയാർ എന്നായിരിക്കാം. തപതീസംവരണം നാടകത്തിലെ ഭാഗമാണ് അന്ന് അഭിനയിച്ചതെന്ന് ശ്രീ. പിഷാരടി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തപതി എന്ന പേരുള്ള ഒരു നങ്ങിയാർ എന്ന് എടുത്താൽ പോരേ?). അന്യാസംഗാൽ-പരസ്ത്രീസംഗം കൊണ്ട്, കിമപി-കാരണത്താൽ, കലുഷാ-കുപിതയായിക്കൊണ്ട്, പ്രാകൃതംകൊണ്ടു പാടി. പ്രാകൃത ഭാഷയിൽ പറഞ്ഞു എന്നർത്ഥം. 'പ്രാകൃതംകൊണ്ടുപാടീക്' എന്നു ഗ്ര. പാ. 'തപതിയുടെ വേഷം ധരിച്ച നങ്ങിയാർ സംവരണത്തിലുണ്ടായ അനുരാഗത്താൽ പറഞ്ഞ വാക്കിനെ അന്യസ്ത്രീയെ ഉദ്ദേശിച്ചായിരിക്കും എന്ന് തെറ്റിദ്ധരിച്ച് തപതിയുടെ നിലയിൽ പറയേണ്ടതായ 'മഹ അഹോ ര ള അജ്ജഉറോ രൊ' ഇത്യാദി പ്രാകൃതവാക്യത്തെ രംഗത്തിൽവച്ചു പറഞ്ഞു' യദൃച്ഛയാ എന്നെ നോക്കിക്കൊണ്ടായിരുന്നു എന്നു തപതീസംവരണത്തെ ആസ്പദമാക്കി ഒരു കഥ ശ്രീ. പിഷാരടി വ്യാഖ്യാനത്തിൽ കൊടുക്കുന്നു. 'പിന്നെ വിവശരായ് വീഴ്ന്തു ഞങ്ങൾ നിന്നെ കണ്ടീല' എന്നും ശേഷം ഭാഗത്തിന്ന് അർത്ഥം കല്പിക്കുന്നു.

വേറെ ഒരർത്ഥം കൂടുതൽ ശക്തിയായി സ്ഫുരിക്കുന്നു. നാമിരുവോം-നാം രണ്ടുപേരും, അണ്ണാരിക്കൽ, തളിയിൽ ക്ഷേത്രത്തിൽ കൂത്ത് കണ്ടുവല്ലോ. ദൈവംകൊട്ടുകാരിയായ തപതിയാർ നങ്ങയാർ-തപതി എന്ന പേരുള്ളവളോ തപതിയുടെ വേഷം കെട്ടിയവളോ,ആയ നങ്ങിയാർ എന്നെ നോക്കി. (യാദൃച്ഛികമായി എന്റെ നേരെ നോക്കി എന്നർത്ഥം.) അന്യസ്ത്രീസംഗാൽ-ഇവളുടെ സംഗംകൊണ്ട്-നങ്ങിയാർ നോക്കിയതു കൊണ്ട്, കിമപി കലുഷാ-വല്ലതെ കോപിച്ച്, പ്രാകൃതംകൊണ്ടു പാടി-പറഞ്ഞു. പാടിയതു ഉണ്ണുനീലി ആയിരിക്കണം. തപതിയാർ ഉണ്ണുനീലിയുടെ ഭർത്താവിനെ നോക്കുന്നതു കണ്ട് ഉണ്ണുനീലി കോപിച്ച് അടുത്തു ഇരിക്കുന്നവർ മനസ്സിലാകാത്തവിധം പ്രാകൃതത്തിൽ ചിലതു പറഞ്ഞു എന്നർത്ഥം. അണ്യ വിവശം വീഴ്ന്തു.ഞങ്ങിന്റ-കടന്നുഴന്ന നിന്നെ പിന്നെ കണ്ടില്ല.

ഇരുവംകൂത്തു്-മൂ. പാ, ഇരുവോം കൂത്തു്-ഗ്ര. പാ. നങ്ങയാർ-മൂ. പാ. നങ്ങിയാർ-ഗ്ര. പാ. കൊണ്ടുവാടീക്-മൂ. പാ. കൊണ്ടുപാടീ-ഗ്ര. പാ. ഞങ്ങിന്റ-മൂ. പാ. ഞങ്ങിന്റ-ഗ്ര. പാ.

പന്തൽത്തേനന്തണലിലൊരുനാൾ കാറവുമേറാങ്ങു തോഴേ-
ലന്തിപ്രായേ നിശി വിവശരായ് നാമുറങ്ങിന്റ നേരം,
പന്തൊത്തീടും തവ മുലയിലമ്മാന്തളിരെത്താത്തു വീണ്ണി-
ട്ടെന്നല്ലോ! വന്നഴലള്ളികലാപാംഗി! പാമ്പെന്റു ചൊല്ലി. 96

ഞെനാർം, നിശി അന്തിപ്രായേ - രാത്രി സന്ധ്യയോടടുപ്പിച്ച്, പന്തൽ തേന്മാൻ തണലിൽ–പന്തൽത്തേന്മാവിന്റെ ചുവട്ടിൽ [പന്തലിച്ച തേന്മാവിനെ ആയിരിക്കാം പന്തൽത്തേന്മാൻ എന്നു പറയുന്നതു്] കാററുമേററ് അങ്ങ്– അവിടെ, തോണ്മേൽ–തോൾമേൽ–തോൾമേൽത്തലവച്ചുകൊണ്ട്–കണ്ഠാശ്ലേഷം ചെയ്തുകൊണ്ട്, തോന്മേൽ എന്നു മൂ. പാഠം. തോലിന്റെ പുറത്തു്–ഇലകളിന്മേൽ എന്നു ശ്രീ. പിഷാരൊടി. നാം വിവശരായ്–കാമപരവശരായി, കാററുമേററ് ഉറങ്ങുന്ന നേരം–മയങ്ങുമ്പോൾ, പണ്ടൊരിക്കൽ തവ മുലയിൽ ആ മാന്തളിരൊത്താറ്റു്–മാന്തളിർക്കുല, വീണിട്ട്, ഹേ അളികുലാപാംഗി-വണ്ടിൻകൂട്ടംപോലെ കടാക്ഷം ചൊരിയുന്നവളെ, പാമ്പെന്നു ചൊല്ലി–മാവിൽനിന്നു വീണതു് പാമ്പാണെന്നു വിചാരിച്ച്, വന്ന അഴൽ എന്തച്ചോ–എന്തു പറയാം? അച്ചോ എന്നു് അത്ഭുതദ്യോതകമായ ശബ്ദം.

വളരെ സ്വാഭാവികവും രസകരവുമായ ഒരു രംഗം. സന്ധ്യാകാലത്തു മുററത്തുള്ള മാവിന്റെ ചുവട്ടിൽ കിടന്ന് വിശ്രമിക്കുന്നതും, അപ്പോൾ മാന്തളിർക്കുല വീണ് പാമ്പാണെന്നു തെററിദ്ധരിച്ചു പരിഭ്രമിക്കുന്നതും കേരളീയജീവിതത്തിൽ സ്വാഭാവികമാണല്ലോ.

'തോണ്മേൽ' എന്നു ഗ്ര. പാ. 'തോന്മേൽ' എന്നു മൂ. പാ. 'തടമുല' മൂ. പാ. 'തവ മുല' ഗ്ര. പാ.

ആടിക്കാലേ നിശി ചൊറിയതാം തോഴിയെന്നന്നെ മത്വാ
നൈതൽപ്പൂവിൻ മുളുമുതരൈരങ്കരിക്കം നഖാഗ്രൈഃ
പാർശ്വേ മന്ദം മമ വിലിഖിതേ ഖീലയാ പീഡിതം തേ
മൂന്നംമൂന്നം മുകുളിതമിളംകൊങ്ക നിസ്സങ്കമെന്നാൽ. 97

ആടിക്കാലേ – കർക്കടക മാസക്കാലത്തു്, നിശി – രാത്രിയിൽ, (കർക്കടകത്തിൽ രാത്രിയിൽ മഴകൊണ്ട് ഇരുട്ട് വളരെ കൂടുതലാണല്ലോ. ആടിമാസത്തിന്റെ വർണ്ണന 99-ാം പദ്യത്തിൽ കാണുക.) എന്നെ ചൊറിയതാം തോഴി എന്നു, മത്വാ–വിചാരിച്ചിട്ട്, നൈതൽപ്പൂവിന്റെ–ആമ്പൽപ്പൂവിന്റെ, മുളുപോലെ, മുതരൈ–വളരെ മുള്ളുകളായ, നഖാഗ്രൈഃ–നഖാഗ്രങ്ങളാൽ, മമ പാർശ്വേ വിലിഖിതേ സതി–എന്റെ പാർശ്വം വിലിഖിതമായപ്പോൾ,–നീ എന്റെ പാർശ്വത്തിൽ മന്ദമായി നഖങ്ങൾകൊണ്ട് സ്പർശിച്ചപ്പോൾ, തേ–നിന്റെ, മൂന്നം മൂന്നം മുകുളിതം–മൊട്ടുപോലെ ആയിരുന്ന, ഇളംകൊങ്ക, ഖീലയാ–കളിയായിട്ട്, എന്നാൽ, പീഡിതം–പീഡിപ്പിക്കപ്പെട്ടതായി.

തേററത്തിന്നായ് നവമടയാളങ്ങൾ ഞാൻ ചൊന്നതെല്ലാ-
മേററം കൈക്കൊണ്ടായി കശലിനം നീ കുറിക്കൊൾവുതന്നേ
കോറേറൻ വെല്ലും മൊഴി! വിരവിൽ ഞാനങ്ങു വന്നീടുവോളം
തോററം വെൺറം പുലര മലരമ്പന്നു വേണ്ടിൻറവണ്ണം. 98

അയി-സംബോധന (അല്ലയോ പ്രിയെ), തോററതിനായ്-വിശ്വാസത്തിനായി, വരം-നിശ്ചയമായ അടയാളത്തെ, ഞാൻ പറഞ്ഞുകൂടെ, ഏതാം കൊണ്ടുകൊണ്ട്-നല്ലവണ്ണം സ്വീകരിച്ചു, നീ എന്നെ, കളങ്കം-ദുഃഖമായിരിക്കനവനെന്ന്, കരികൊൾവിതു-കറികൊണ്ടാലും-കഷ്ടപ്പെടുത്തിയാലും. കോമളൻ വെള്ളംമൊഴി-കോമളത്തെ നിന്റെ വെള്ളത്ത മൊഴിയോടുകൂടിയവളേ!, വിരവിൽ ഞാൻ അണ്ടു വന്നീടുവോളം-വേഗം ഞാൻ അവിടെ വരുന്നതു വരെ, മലരമ്പന്-കാമദേവന്, തോററും ജയിച്ചും, വേലയിൽ വെണ്ണം പുലര-വേണ്ടവണ്ണം പുലർന്നാലും, അനങ്ങയായി വേലക്കാരെ കഴിച്ചുകൂട്ടിയാലും. മലരമ്പനു തോററും വെൻറും എന്നതിന് കാമനോടു തോററും ജയിച്ചും എന്നർത്ഥം.

മിന്നിക്കാർകൊണ്ടിടിയലറി നിൻറമ്പരേ തിങ്ങിയെങ്ങും
മന്നിൽപ്പെയ്യും ജലദപടലം കൊല്ലമാടീനിശാന്ത
പിന്നെത്തന്വീതിലകരചനേ! നാമിലേ കണ്ടുകൊണ്ടാ-
ലെന്നല്ലാ! പൊൽച്ചില പരിചിനെക്കണ്ടുകൊള്ളുന്നതുണ്ട്. 99

തന്വീതിലകരചനേ-യുവതികൾക്കു തിലകരചന ആയിട്ടുള്ളവളേ-പൊട്ടായിട്ടുള്ളവളേ!, മിന്നിയും കാർകൊണ്ട് ഇടിയലറിയും നിന്ന അംബരേ എങ്ങും തിങ്ങി, മന്നിൽ പെയ്യും-ഭൂമിയിൽ ജലവർഷം പെയ്യുന്ന, ജലദപടലം-മേഘക്കൂട്ടം, കൊല്ലും-ചെയ്യുന്ന, ഉള്ള, ആടീനിശാന്ത-ആടീനിശകളിൽ, കർക്കടമാസത്തിലെ രാത്രികളിൽ, പിന്നെ നാമിലേ കണ്ടുകൊണ്ടാൽ-വിയോഗം കഴിഞ്ഞു നാം തമ്മിൽ കണ്ടിട്ട പിന്നീടുള്ള ആടീനിശകളിൽ എന്നർത്ഥം. എന്നല്ലാ!-എന്നൊരാശ്ചര്യം! ചില പരിചിനെ-ചില രീതികളെ-ചില രസങ്ങളെ, കണ്ടുകൊള്ളുന്നതുണ്ട്-കൈക്കൊള്ളുന്നതാണ്.

കേരളത്തിലെ കർക്കടകമാസത്തിലെ മഴയുടെ ഭയങ്കരഭാവം ഭംഗിയായി പ്രകടമാകുന്നു.

ആടിക്കാർമൽക്കുഴലികൾശിഖാമണി! മുണ്ടെക്കൽ മേവും
പേടക്കോലക്കുയിൽമൊഴി! തെളിഞ്ഞൊന്നു കേള്ളുന്നീലീ!
പേടിക്കേണ്ടാ വിരഹചപലം പ്രേമമെൻറാമലേ! നീ
കൂടക്കൂടെക്കിലുഴിവില്ലാഞ്ഞു കൻറിക്കമല്ലോ. 100

ആടിക്കാറിനോട്-കർക്കടകമാസത്തിലെ മേഘത്തോടു മല്ലിടുന്ന, കുഴലോടുകൂടിയവർക്ക് സുന്ദരിമാർക്ക്, ശിഖാമണിയായുള്ളവളേ!, മുണ്ടെക്കൽ മേവുന്ന പേടക്കോലക്കുയിൽമൊഴി-മനോഹരമായ കുയിൽപ്പേടയുടെ മൊഴിയോടുകൂടിയവളേ, അല്ലയോ ഉണ്ണുനീലി! തെളിഞ്ഞൊന്നകേൾ-

സന്തോഷത്തോടെ കേട്ടാലും, ഓമലേ! നീ പ്രേമം—സ്നേഹം, വിരഹചപലം എന്ന്—പിരിഞ്ഞതാൽ ചപലമാണെന്ന്, പേടിക്കേണ്ട, അഴിവില്ലാത്ത്—നാശമില്ലാത്തതായതുകൊണ്ട്, അഴകിൽ—ഭംഗിയായി, കൂടെ കൂടെ അങ്ങ്, കൻറിക്കുമല്ലോ—വർദ്ധിക്കുമല്ലോ, മേഘസന്ദേശത്തിലെ ആശയമാണ് ഇത്.

'പേടക്കോല കയിൽകൊഴി' എന്ന് മൂ. പാ. കോറപ്പെട എന്ന ഗ്ര. പാ. പ്രാസത്തിന ചേർന്നല്ല.

എൻറീവണ്ണം മമ സഹചരീമന്തികേ വാക്കുകൊണ്ടും
നൻറും നല്ലാർമനസിജ! സഖേ! മിത്ര നിൻ വാക്കുകൊണ്ടും
എൻറല്ലാവോളവുമളികലാപാംഗി തന്നൻപു നമ്മിൽ-
ക്കൻറുംവണ്ണം കളുർമയിലുണർത്തിട്ടു കല്യാണകീർത്തേ! 101

നല്ലാർ മനസിജ—സുന്ദരികൾക്ക് കാമനായുള്ളോവ, സഖേ—തോഴ! ഹേ കല്യാണകീർത്തേ—മംഗളമായ യശസ്സുള്ളോവേ!, എൻറീവണ്ണം—എന്ന് ഇപ്രകാരം—മേൽ പറഞ്ഞപ്രകാരം, മമ—എന്റെ, സഹചരീം—സഹചരിയെ, അന്തികേ—അരികെച്ചെന്നും— എന്നാൽ എന്ന മൂ. പാ. ഗ്ര. പാ. മെച്ചം. അല്ലെങ്കിൽ അൻപു ആവർത്തിക്കപ്പെടും എന്റെ വാക്കുകൊണ്ടും, നൻറും—നന്നായ്, മിത്ര—മിത്രമേ (മേഘമേ) നിന്റെ വാക്കുകൊണ്ടും, എന്നല്ല, അതുവോളവും—ആവുംപ്രകാരത്തിൽ, അളികലാപാംഗി തൻ—വണ്ടിൻകൂട്ടംപോലെയുള്ള കടാക്ഷങ്ങളോടുകൂടിയവളുടെ, അൻപ്—സ്നേഹം, നമ്മിൽ—എന്നിൽ, കൻറുംവണ്ണം—വർദ്ധിക്കത്തക്കപോലെ, കളുർമയിൽ—കുളുർമയോടെ മനസ്സു തണുക്കത്തക്കവണ്ണം, ഉണർത്തീട്ടു—ഉണർത്തിയാലും.

കാരുണ്യംകൊണ്ടഴകിയ മദനാപത്തു തീർത്തെങ്ങൾ വാഞ്ഛമാ-
മിത്ഥം പൂരിച്ചിവർ കരത്തും മികച്ച ദ്രുകല്പകം നീ
പണ്ടേപ്പോലെ വിഹര സുചിരം നമ്മിലേ മൈത്രു വന്നി-
ട്ടെണ്ടാകേണ്ടും വിരവൊടു പുനർദ്ദർശനാനന്ദലക്ഷ്മീ: 102

കാരുണ്യംകൊണ്ട്, അഴകിൽ—ഭംഗിയായി, മദനാപത്ത്—കാമവിപത്ത്—വിരഹദുഃഖം, തീർത്ത്, എങ്ങൾ വാഞ്ഛമാം—എന്റെ ആഗ്രഹത്തെ, ഇത്ഥം—ഇപ്രകാരം, പൂരിച്ച്—സാധിപ്പിച്ച്, ഇരവർ—യാചകർ, ഭജിക്കുന്ന, മികച്ച—മികച്ചു, ദ്രുകല്പകവും—ഭൂമിയിലെ കല്പവൃക്ഷമാകുന്ന അവിടുന്ന്, പണ്ടേപ്പോലെ സുചിരം—വളരെ നാളും, വിഹര—വിഹരിച്ചാലും—സുഖിച്ചാലും. നമ്മിലെ—എന്നോട്, മൈത്രു വന്നിട്ട്—സ്നേഹം വന്നിട്ട്, വിരവൊടു—വേഗത്തിൽ, പുനർദ്ദർശം—വീണ്ടുമുള്ള ദർശനം, ആകുന്ന

ആനന്ദലക്ഷ്മി ഉണ്ടാകേണമേ—ഉണ്ടാകണം, എന്നു പ്രാർത്ഥന. വിരഹപൂരിതം എന്നു മൂ. പാ. വിരഹസൂചിതം എന്നു ഭ. പാ. പൊരുത്തം.

പുനർത്ഥ്ശാനന്ദലക്ഷ്മീഃ എന്നു മൂ. പാ. അവസാനിക്കുന്നു. പുനർശ്ശ് മാരിത്യവശാ എന്നു് ആദിത്യ പത്മയുടെ പേരോടുകൂടി താളിയോലഗ്രന്ഥം അവസാനിക്കുന്നു.

'ആകെ ഇരുന്നൂറ്റിനാല്പത്തൊന്നു്'—ഉണ്ണുനീലിസന്ദേശം സമാപ്തം. ഹരി വിഷ്ണവേ നമഃ ശിവമസ്തു' എന്നു താളിയോലമാതൃകയുടെ ഒടുവിൽ. വ്യക്തിക്കാണുന്നു. മൂ. പാഠത്തിലെ ചില പദ്യങ്ങളും താളിയോലമാതൃകയിൽ ഇല്ല. മുദ്രിതപാഠത്തിലില്ലാത്ത ചില ശ്ലോകങ്ങളും കൂടുതലായി താളിയോലമാതൃകയിൽ കാണുന്നുണ്ടു്. ഈ പ്രസാധനത്തിലാകട്ടെ ഇരുനൂറ്റിനാല്പത്തെട്ടു ശ്ലോകങ്ങളും ഉണ്ടു്. പ്രസ്താവന കാണുക. പൂ. സം. 137, ഉ. സം. 102, ക്രമസംഖ്യയിൽ ഉൾപ്പെടുത്താതെ പൂ. സം. 120 A എന്നു് ഒരു പദ്യം ഇങ്ങനെ.

'ഉണ്ണുനീലിസന്ദേശം സമാപ്തം' എന്നു താളിയോലമാതൃക അവസാനിക്കുന്നു. മദ്രാസ് പ്രതിയിലും അവസാനത്തിൽ ഉണ്ണുനീലിസന്ദേശം സമാപ്തം എന്നുണ്ടു്.

ഇപ്രകാരം 'ഉണ്ണുനീലീതിലകം' വ്യാഖ്യാനം

സമാപ്തം.

പദകോശം

അകതി-ii 16 അഗതി (?)-അകതി' എന്ന രൂപത്തിന്' ആ സ്ത്രീ എന്ന അർത്ഥമില്ല. അതിൽനിന്നും അകതി എന്ന വരാം.

അടമഴ-i 46 ഇടമുറിയായി പെയ്യുന്ന മഴ,

അടയർ-i 16, 20 അടയാർ, അടയർ. ശത്രുക്കൾ.

അണയ-i 4 അടുത്തു്. അണയുക, അടുക്കുക എന്നതിന്റെ വിനയെച്ചരൂപം.

അണ്ണൻ-i 77 ജ്യേഷ്ഠൻ.

അൻപർ-ii 19 കാമുകന്മാർ, ഭർത്താക്കന്മാർ. അൻപുള്ളവർ, മിത്രർ എന്നർത്ഥം.

അമ്പാടി-i 46 ആയ്പാടി എന്നതിന്റെ രൂപാന്തരം ആയക്കാരുടെ- കന്നുകാലികളുടെ പാടി (ഗോകുലം).

അൻപുക-i 7, ii 11 അനുഗ്രഹിക്ക. വാത്സല്യംകൊണ്ടനുഗ്രഹിക്കുക എന്നർത്ഥം.

അപ്പൻ-i 76, 122 ജനകൻ.

അപ്പാൽ-i 50, 114, ii 52 അപ്പുറം. പാൽ-സ്ഥലം.

അല്ലൽപൊലിയുക-i 61 അല്ലൽതീരുക, ദോഷകരമായവ ഒഴിഞ്ഞുപോക.

അരിവയർ-ii 77 സുന്ദരി. അരിവൈ + അർ. അരിവൈ സുന്ദരി

അലരിത്തയ്യൽ-i 92, ii 27 അലരിൽ തയ്യൽ, പൂവിലിരിപ്പോളു്, ലക്ഷ്മി അലർ-പൂവ്, അതിന്റെ ആധാരികാരൂപം അലരിൽ. ചില്ലു ലോപിച്ചു് അലരിത്തയ്യൽ എന്ന രൂപം. അലരി എന്നും പൂവിന്റെ പേരുണ്ടെന്നു് ദിവാകരം എന്ന തമിഴ് നിഘണ്ടുവിൽ കാണുന്നു. അലർ, താർ, അലരി ഇത്യാദി. അതിൽ അക്ഷരവിപര്യാസംകൊണ്ടു് അലരി എന്ന രൂപം ഒക്കെ യുള്ളതാവുന്നതത്രേ. cf. പൂവിൽമാതു്.

അല്ലിത്താർ-i 4, താമരപ്പൂവ്. അല്ലിയുള്ള താർ, അല്ലി-അകഇതൾ.

അല്ലിത്താർമാതു്-i 4, ലക്ഷ്മി.

അല്ലൽ-i 63 ദുഃഖം മനോവ്യഥ.

അഴകിന്റാവര-i 128, ii 13 അഴൈപ്പിന്റെ പ്രകാരം അഴൈപ്പുക, വിളിക്കുക

അളിയി-i 53 വാത്സല്യഭാജനം.

അളി-സ്നേഹം, വാത്സല്യം.

ആകം-i 3 ശ്രേയസ്സ്, ലാഭം, ഐശ്വര്യം. ആകുന്നതു് ആകം. വർദ്ധിക്കുന്നതു് എന്നർത്ഥം.

ആച്ചി-i 46 ആയർസ്ത്രീ, ആയത്തി, ആച്ചി, ഇടയസ്ത്രീ, ഗോപി.

ആണി-i 119 പ്രധാനപ്പെട്ടതു്, ലക്ഷ്യസ്ഥാനം, cf. 'ഉലകനായകാണി യങ്ങനെയിക സൂനുപോൽ' (ഭാരതം കർണ്ണപർവം എഴുത്തച്ഛൻ) ആണിയാമുകിലവർണ്ണാ: (കമ്പരാമായണം.)

ആർ-i 14 ചാർത്തൻ-ചാർത്തു് ആർന്ന നിറഞ്ഞ, ആരുക-നിറയുക. (കിളിപ്പാട്ടിലും തമിഴ്ക്കവിതയിൽ) ആർന്ന എന്ന മറ്റൊരു രൂപമാണു്. ആരുക എന്നാണെങ്കിൽ ശബ്ദം പുറപ്പെടുവിക്ക എന്നർത്ഥം.

ആർ-i 115 നിറയെ.

ആഴം-ii 43 വിസ്താരം (കടൽ). അകലം, വിസ്താരം, ആഴം ഇങ്ങനെ മറ്റു് അർത്ഥങ്ങളും ഇതു കാണിക്കുന്നു.

ആളമാണി-i 102 വീണപോലെയുള്ള ഒരു സംഗീതോപകരണം (?)

ഇടമാട്ടു്-ii 2. ഇടയുന്ന-എതിരിടുന്ന, മാട്ടു്-അധികാരം, Rival authority. എതിര് എന്ന സാരം.

രോമൻ അക്കമായ i-പൂർവഭാഗം എന്നും, ii-ഉത്തരഭാഗം എന്നും സൂചിപ്പിക്കുന്നു. ആ സൂചനയില്ലാത്തതു് പ്രസ്തുതഭാഗമെന്നു് അറിയണം. അറബി അക്കം ശ്ലോകസംഖ്യയെ കുറിക്കുന്നു.

ഉണ്ടാപ്പ്-i 51 [illegible] [illegible] [illegible] [illegible] [illegible] (ഉ[illegible] [illegible] എന്ന [illegible].

ഉണങ്ങുക-എന്ന ഭാവം ശിഥിലം, ശുഷ്യ [illegible].

ഉണ്ട-i 96 [illegible] [illegible] എന്നർത്ഥം [illegible] എന്ന [illegible] [illegible] [illegible] എന്ന [illegible] എന്ന [illegible] (കൃഷ്ണഗാഥ).

ഉണ്ണ-i 7 [illegible] എന്നതിന്റെ തമിഴ് രൂപം.

ഉണ്ണിയ-i 52 58 [illegible], [illegible] [illegible], [illegible].

ഉതപ്പുക-ii 41 ഉതപ്പുക.

ഉതയം-i 126 [illegible], ഉതയ[illegible] [illegible]. cf. [illegible].

ഉതവർ-i 22 ഉദയമന്ത്രർ, [illegible] കൾ.

ഉദയം-i 53. ഉദയനം, ഉദയനം, ഉദയം.

ഉന്നിയ-i 9, 18, 25 [illegible], നല്ല, [illegible] എന്നായിരിക്കും അർത്ഥം [illegible] [illegible]. ഉന്നിയ് എന്ന് [illegible] [illegible].

ഉന്നിയ-i 112 ii 16, 34.

ഉന്ത് [illegible] ii 8, 41, [illegible].

ഉമ്പിനാ-i 135 [illegible].

ഉമ്പാണം-i 20 ഉമയിൽ കെട്ടുന്ന [illegible]. [illegible] ഉടുപ്പ് (എ[illegible] എന്നർത്ഥം.) അരയിൽ കെട്ടുന്ന [illegible] എന്ന് [illegible].

ഉയിരൻ-i 93 [illegible] [illegible] [illegible] [illegible] എന്ന [illegible].

ഉരുക-i 63 [illegible], [illegible], [illegible].

ഉഴുന്ന്-i 51 ഉഴുന്ന് എന്നും രൂപം ഉണ്ട്. [illegible], [illegible] എന്ന പറയപ്പെടുന്ന [illegible].

ഉള്ളി-ii 21 [illegible] [illegible] [illegible]. [illegible] [illegible] cf ഉതിരം, [illegible].

ഉഴറി-ii 31 (വേഗത്തിൽ) നടന്ന്.

ഉഴറുക-i 62 വേഗത്തിൽ നടക്കുക.

ഊക്കം-ii 3 [illegible] (ഊക്ക്).

ഊരാൾ-i 45 ഊരന്മാർ. ഊരാൾ (തമിഴ്).

ഊഴം-i 52 [illegible] ഉണ്ടാകുന്ന, [illegible] ഉണ്ടാകുന്ന.

ഊഴഞ്ഞം-ii 15 [illegible], ഉഴവുകൾ. ([illegible] എന്ന [illegible].)

ഊറാം-i 75 [illegible] ഊറാം [illegible], [illegible] [illegible], [illegible].

എണ്പത്-അനുകരണം (?) എന്നും [illegible]-[illegible] ([illegible] [illegible]).

എടം-i 108 ഇടം, സ്ഥലം (ഉപായം)

എന്നം-i 63 'എന്നും' എന്ന രൂപം 'ഇനിയ' എന്ന അർത്ഥത്തിൽ മലയാളകൃതികളിൽ സാധാരണമാണ്.

എന്നെ-i 105 [illegible] [illegible]. cf എന്നി [illegible]. എന്നി [illegible] [illegible].

എയാൻ-ii 57 എയ്‌ എന്ന ധാതു എന്ന [illegible].

എരുമ-i 25 എന്ന് [illegible]. [illegible].

എഴുന്നവൻ-ii 92 എഴുക, [illegible] [illegible]. [illegible] എന്നും അർത്ഥം ഉണ്ട്.

എഴുപറ്-i 20 [illegible] [illegible].

എറി-i 54 എറുക എന്നതിന്റെ [illegible] എറിയുക, അടിക്കുക, [illegible] എന്നെല്ലാം അർത്ഥം.

എൻറി-ii 39 എന്നിയെ, അല്ലാതെ, ഒഴിച്ച്.

ഏൽ-i 10 ഏല്ലുന്ന, ഇയലുന്ന.

ഏന്തിനാൻ-i 14 [illegible], [illegible]

ഏന്തുക-ഏന്തിക്കുക, [illegible].

ഏറ്റം-i 111 എഴുന്ന്, ഉയർന്ന നില്ക്കുന്ന. ഏറ്റൽ എന്നതിന് ഉയർച്ച എന്നർത്ഥം. ([illegible] [illegible]).

ഒന്റിച്ച്-i 8 ഒന്നിച്ച്, ഒന്നായിട്ട്.

ഓടം-i 92 വള്ളം, [illegible]-വള്ളം.

ഓടനാട്-i 92 കായംകുളം. [illegible] [illegible] [illegible] പണ്ട് ഉണ്ടായിരുന്ന

ഭരണ്യം (കായംകുളം). കയനാട്ടപ്പ ള്ളിയും, മാവേലിക്കര, കാർത്തിക പ്പള്ളി അമ്പലപ്പുഴ മുതലായതും. ഓടനാട്ടുടെ നാട്-വഞ്ചികളുടെ-വള്ളങ്ങളുടെ നാട് എന്നായിരിക്ക ണം വ്യുല്പത്തി cf. വഞ്ചിദേശം.

കയ്യ-i 115 ആനക്കഴുത്തിൽ കെട്ടുന്ന കയർ.

കണി-3, ii 57 കിറ എന്നാണ് തമിഴിൽ ഇതിന്റെ അർത്ഥം. (കതിർവാൾ). കറുത്ത വാവൽ എന്ന അർത്ഥത്തിലാണ് മലയാള ത്തിൽ പ്രയോഗം.

കന്നിമാർ ii 19 കന്നിയുടെ കാർ-ഷണിയുടെ കാപ്പ്.

കന്നിപ്പായി-ii 19 കന്നിയായ പായി. പായി-പാദൽ (പാദപി-[illegible]) പാദപി-പായി, പായിൽ, പായൽ എന്ന രൂപപ്പെട്ടിരിക്കാം.

കതിനനം-i 115 [illegible], കത നമായ പ്രകാരത്തിൽ ([illegible]) [illegible] — [illegible]. [illegible] എന്നതിന്റെ [illegible] എന്നും അർത്ഥം (കതി[illegible])

കയി-i 100 [illegible], cf. കയി [illegible].

കയൽ i 77, 103 കണ്ണമീൻ (കയ്ക്).

കയൽക്കണ്ണി-i 103 കയൽപോലെ യുള്ള കണ്ണുള്ളവൾ.

കരടി-i 113 [illegible], [illegible] [illegible]

[illegible]-i 67 [illegible] [illegible] [illegible]

കരടം-i 21 [illegible] എന്നതിന്റെ [illegible].

[illegible]-ii 51 [illegible] എന്ന ധാതുവിൽ [illegible] [illegible] എന്നും [illegible], [illegible], കളും, കട്ട എന്ന [illegible] ചില്ലറ [illegible].

കരിപ്പാൻ-ii 58 കക്കനാഴിക.

കളി-i 116, 120 ചളി, കഴമ്പ്. ഒരു ത്തു തവരകളി (തെവരക്കഴ മ്പ്) പൂശുക എന്നു പറയുമല്ലോ.

കഴനി-ii 48 വിളനിലം (ഖേത്, തരിശുനിലം, വയൽ എന്നർത്ഥങ്ങളും ഉണ്ട്.)

കഴിച്ചു-i 53 നീക്കി. കഴിത്തൽ നീ ക്കൽ എന്നാണ് തമിഴിൽ അർത്ഥം.

കറ-i 76 തലമുടി, രോമം ഇവയുടെ സമൂഹം (കേശം) [illegible] കൂട്ടായി കെട്ടുന്നതിനാണ് കറ എന്നു പറയുന്നത്.

കനകത്തണ്ട്-i 22 സ്വർണ്ണപുഷ്പം.

കനാവ്-ii 92 സ്വപ്നം. കനാ, കന വ് എന്നു തമിഴ് രൂപങ്ങൾ.

കനം-i 78 ഘനം. cf. കനത്തു, [illegible]. കനം-i 103 [illegible]

കന്നക്കൂത്തർ-i 80, 108, 121 [illegible] [illegible] കന്ന ക്കൂത്തർ എന്ന [illegible] [illegible] കൂത്തുകൂടിയവർ. കന്നക്കൂത്തർ എന്ന രൂപം ശരി യെന്നു തോന്നുന്നില്ല. കന്നൽ-എന്നാൽ കരിമ്പ്. കന്നൽക്കൂത്തർ എന്ന് അർത്ഥം [illegible]. കന്നൽമൊഴി എന്ന വാക്കായിരി ക്കം കന്നൽമൊഴി എന്ന രൂപം [illegible]. കന്നൽ മൊഴി-കരിമ്പുപോലെ മധുരി ക്കുന്ന മൊഴിയോടു കൂടിയവൾ, കന്നമ്പി-കന്നംപോലെ മിഴിയുള്ള വൾ. ഇതിലെ കന്നത്തെ കന്നൽ [illegible]-കന്നൽ ആയി [illegible] [illegible] ഉണ്ടാ യി [illegible] [illegible] [illegible] [illegible] [illegible] [illegible] എന്ന് അർത്ഥം.

cf. [illegible] [illegible] കടിലകൾ [illegible] i-110.

[illegible] [illegible] എന്നാ [illegible] [illegible] കന്നൽ എന്ന [illegible] [illegible] കവി [illegible] കാണുന്നു.

കൻറ്-i 9 കടി എന്നെ ഉടഞ്ഞിയ ഉറ അഞ്ചുനട കട്ടികളെയാണ് സംസ്കാര ന്റെ ... വ ... എന്ന് വാഴക്കെ എന്നും കാണുക.

കാവ്-ii 37 കാവ് ഒരു നാണയം.

കാണലാം i 50, 96 കാണൽ + ആം, കാണൽ ആകാം; കാണാം.

കാതം-i 29, 131 നാലു നാഴികദൂരം.

കാവിണ്ടപ്പ്-i 103 കാവിട്ടുലർ തട്ടു, നെയ്ത പായ്, വസ്ത്രം എന്നും അർത്ഥം ഉണ്ടായിരിക്കണം. തെട്ടക്കട്ടു എന്ന തേവാരം. cf. ഉടുക്ക്, ഉടുപ്പ്.

കാളം-i 6, 91, 121 കാഹളം. കാഹളം എന്നതിന്റെ ഗ്രാമ്യരൂപം കാളം.

കിഞ്ചി-i 60, 136 കതിർക്കുഴയിന്റെ മുകൾഭാഗം കിഞ്ചിരോമം. കിഞ്ചി എന്നതിന് വൃക്ഷത്തിന്റെ തലമുടി എന്നാണ് തമിഴിൽ അർത്ഥം.

കിടക്കൽ-i 59, തല കനിച്ചുവണങ്ങുക.

കിവളം-ii 21, കരിംകുവളം. cf. കുവലയം

കിരൽ-i 91 കണ്ഠം-കരണം. വീണയിൽനിന്നും പുറപ്പെടുന്ന ഏറ്റവും പതിഞ്ഞ സ്വരം.

കുരുക്-i 120 അന്നം, കൊക്ക്, കോഴി

കുമ്മേനിറ-ii 70 കരുനിറ. കുമ്മ എന്നതിന്റെ ചേർന്ന രൂപം. അത് കറുകിയാണ് കറ എന്ന രൂപം വന്നിരിക്കുന്നത്. കുമ്മ എന്നാൽ സ്ത്രീകളുടെ നെറ്റിയിൽ തൂങ്ങി കിടക്കുന്ന മുടിയുടെ തലമുടി.

കുരൽ-ii 65 കറകം അന്ത്യലോപം കൊണ്ടുള്ള രൂപം.

കുഴൽ-i 47 ഓടക്കുഴൽ കൊമ്പുകുഴൽ-മിതാദ്യമായ ഓടക്കുഴൽ.

കുഴൽ- 4 തലമുടി

കുഴലി-i 1 തലമുടിയുള്ളവൾ.

കുറിച്ചുണ്ട്-ii 46 കുറിയിടാൻതക്ക ചെറിയ പൊൻപെട്ടി (?)

കുറുമാൻ-i 125 കറിയമാവ്-കറിവേപ്പ്.

കുറിപ്പ്-i 8, കന്നപ്പോലെയായി വലുതായി)

കൂരൻ-i 113 ക്രൂരൻ. 'ക്രൂരൻ' എന്ന സംസ്കൃതം.

കൂരൻപാട്ടുൻ-i 113 കയിൽ (?). മരം പായിക്കുന്നവൻ എന്നായിരിക്കണമോ?

കൂവിട്ട്-i 114, 135 വിളിച്ചിട്ട്. കൂവുക എന്നത്. വ്യാഖ്യാനം നോക്കുക.

കൂവ്-i 111 കൂവിള്ള്. ഒരുതരം സുഗന്ധിയായ പുഷ്പം. (?)

കൂക്കൻ-i 13 കുരങ്ങി. കൂക്കു എന്ന് 'ഴ' കാരത്തോടുകൂടിയ ... ആദിരൂപം.

കൂളി-i 16 കൂറ് ഇല്ലാത്തവൻ. കൂറ്-പക്ക്, ഭാഗം, സ്നേഹം. കൂളി എന്നതിൽ പക്ഷി എന്നപോലെ പ്രയോഗിച്ചു.

കൂറിട്ട്-i 20, പകിട്ട്.

കൂറ്-ii 63 കാലൻ. മരണം.

കെരു-i 100 ...

കെണ്ട-ii 19 കെണ്ടെ, (തമിഴ്) ചേൽമീൻ (കയൽമീൻ).

കെട്ടുകമ്മം-ii, 85 കെട്ടുമ്മം.

കെട്ടുകാരിക-i, 129 ചോലിപ്പെകോടിക തമിഴ്ക്കെലി തെക്കൻ തിരുവിതാംകൂറിൽ സംഭാഷണത്തിലുള്ള തന്നെ

കോട i, 15 കെട്ടുകളുള്ള (ദേശം).

കോമരൻ-ii, 87 ... കാറ്റ്, മഴക്കാലത്തെ കാറ്റ്, മേഘം.

കോയു-i, 91 ഒരു സംഗീതോപകരണം

കോണം-ii, 58 കോൺ; ദിക്ക്, ഭാഗം, അറിവ്, സാമർത്ഥ്യം എന്നൊക്കെ ഗ്രന്ഥത്തിൽ എടുക്കാം.

കോപ്പ്-ii, 76 അഴക്, ആഭരണം.

കോമരൻ-i, 101 കോവിലിൽ ഉള്ള ദേവൻ, മരക്കാവിൽ ഉള്ള ദേവൻ. (കോവിൽ ഉള്ള ദേവൻ-തമിഴ് ലെക്സിക്കൻ). കോൽ-കോയ്-കോല, cf. കോലരക്ക്

കോല-കോലം i 62 അഴക്. കോലം-കിളരം എന്ന ശബ്ദത്തിൽനിന്ന് ആയിരിക്കണം അഴകെന്ന അർത്ഥം

•

ഉണ്ടാകുന്നു് ii, 6, കോലപ്പുവ
നൻ–നല്ലവൻ.

കോലക്കയിൽ–i, 31 മനോഹരമായ കയിൽ.

കോലക്കുഴൽ–i, 47 മനോഹരമായ കുഴൽ.

കോലുമിടുന്നേൻ–2, 8 ഞാൻ കോലുന്നു; ഇടങ്ങുന്നു.

കോലുന്ന–i, 122 ഇടങ്ങുന്ന കോൽ എന്നതു് അമ്പു്, ഉലക്ക്, കമ്പു് ഇതിലുള്ള അര്‍ത്ഥത്തിലുള്ള ധാതു ആണു്. "കോലുതൽ" എന്നതിനു് "കൊല്ലുതൽ" എന്ന തമിഴിൽ അര്‍ത്ഥം കിട്ടും.

കോലും–i, 47, 62 കോലുന്ന, ഉള്ള

കോലം–i, 122 വേഷം, ആകാരം.

കോലപ്പുറ്റ്–ii, 93 അലങ്കരിക്കൽ.

കോവലൻ–ii, 47 കോവലൻ. കോവിലിലുള്ള ഭാൻ.

ചമരാർ–i, 12 ചെറുക്കാർ. ചമ, യുദ്ധം.

ചടങ്ങ് i, 118 പതിവനുസരിച്ചു നടത്തേണ്ട ക്രിയ അനുഷ്ഠാനം, ആ ക്രിയകൾ പതിവനുസരിച്ചു നടത്തണം എന്ന നിയമത്തിനെ കുറിക്കുന്നു.

ചട–i 112 ജട

ചന്ത്രാണി i 70 ഒരു തരം കപ്പൽ.

ചതം–i 131 ശതം എന്ന സംസ്കൃത ശബ്ദത്തിന്റെ തത്ഭവമായിരിക്കണം ഇതു്. cf. ചിത സം–ചിതം cf. ശയനം–ചയനം. അതിൽ നിന്നു് സത്യം എന്ന അര്‍ത്ഥത്തിൽ തമിഴ് പ്രയോഗം. അച്ചൊല്ലു ശപ്രത്യയത്തോടുകൂടി ആണു് ഈ ശബ്ദം പ്രയോഗിക്കാറുള്ളു. ഈ ശബ്ദം സംസ്കൃതമല്ലെന്നു് വാദിച്ചു ചിലർ തമിഴ് പ്രയോഗപ്പെടുത്തുന്നതു ശരിയല്ല.

ചവരി–i 62 ചാമരം (കവരി)

ചാത്തു്–i 21, 9, ഒട്ടും cf. ചെപ്പടി ച്ചാത്തു്.

ചാത്തു്–ii 81 കറിപ്പു് (സന്താനം)

ചാത്തു–i 54 ചാർത്തുന്ന, ധരിക്കുന്ന.

ചാന്തർ–i 14 ചാന്തു് + ആർ. ചാന്തർ ചാന്തോർ.

ചാന്തു്–i 111 ചന്ദനാദികളും കലർന്നതാം. ചന്ദനം പൂശിയ.

ചാന്തു്–i 14 ചന്ദനം. ശരീരത്തിൽ പൂശാനായി അരച്ചു കൂട്ടിയ ചന്ദനം.

ചാതി–i 111 ചാടുക, തുള്ളുക, ഓടുക.

ചാലെ–i 2 വളരെ. മികതി എന്ന അർത്ഥം കുറിക്കുന്നു.

ചിന്തു്–i 98 പള്ളുവിയും അതപള്ളുവിയും ചാരണന്മാരും പാടുന്ന ഒരുതരം പാട്ടു് (വിശ്വനാഥപിള്ള, തമിഴ്–ഇംഗ്ലീഷ് ഡിക്ഷ്ണറി).

ചിന്നുക–i 186 തകർന്നുപോകുക, ചിതറുക.

ചിമ്മുക–i 6 കണ്ണടയ്ക്കുക.

ചിറ–ii 17 വരമ്പുകെട്ടു്, അണ, കൊച്ചി അന്നാട്ടു്–(വെള്ളത്തെ തടുക്കുന്നതു് എന്നായിരിക്കാം അർത്ഥം.) ചിറകെട്ടി കൃഷിയിടങ്ങളുണ്ടാകുന്നതു് ചിറ എന്നതിനു് കൃഷി എന്നു് അർത്ഥം കിട്ടുന്നു.

ചിന്നം–i 91 ചെറിയതു്–ഒരുതരം ചെറിയ കാഹളം.

ചിന്നപ്പാട്ടു്–i 91 ചിന്നങ്ങളുടെ പാട്ടു്, ഒച്ച.

ചിക്കെട്ടു്–ii 46 ചീർക്കെട്ടു്–ഒരു കെട്ടു്.

ചീറം–i 38 കോപം–ചീറുക എന്നതിന്റെ നാമരൂപം.

ചുഴലവും–i 9 ചുറ്റും, നാലുപാടും. ചുഴലുക ചുറ്റുക

ചുഴന്റ–i 121 ചുഴന്നു്, ചുറ്റത്തിനു്.

ചൂഴ–i 88 ചുറ്റും. ചൂഴുക എന്ന ക്രിയാരൂപം.

ചെപ്പു്–ii 52 ചിമിഴ്.

ചെമ്മ–ii 102 ശരി, നന്മ. ശ്രേഷ്ഠം.

ചെൽവം–i 46 ഐശ്വര്യം, അഴക്.

ചെമ്മു–i 182, ii 60, 92 ചെമ്മയുടെ വാക്കിലുള്ള വാ. ചെമ്മു എന്ന രൂപം 'മ' കാരത്തിന്റെ സ്വരനിരപേക്ഷകൊണ്ടു് പിൽക്കാലത്തു് ഉണ്ടായതാണു്.

ചേവടി–ii 53 ചെം+അടി, ചുവന്ന–നിറമുള്ള അടി, കാൽ.

ചോൽ-ii 76 കൊഞ്ചമീൻ, ചോൽ ചുറ്റുംകണ്ണി

ചോങ്-i 70, ii 7 ചീനക്കപ്പൽ (Junk).

ചൊല്ല്-i 17 മൊഴി, ഭാഷ എന്ന് പ്രകൃതത്തിൽ അർത്ഥം. cf. വട ചൊല്ല്, വടമൊഴി, സംസ്കൃതഭാഷ (കനിർ)

ചോണോടൻ-i 70 ഒരുതരം കപ്പൽ (ചോളനാടൻ)

ചോണാട്-i 63 ചോളനാട്.

ചോമൻകുണം-i 118 സോമന്റെ ഗുണം, ചന്ദ്രക്കല.

ചോരി-i 20, 137 ചോര, രക്തം.

ചോല-i 132 മരക്കൂട്ടം തിങ്ങിയ തണലുള്ള സ്ഥലം, പൂങ്കാവ്.

ഞാങ്ങൾ-i 83 ഞങ്ങൾ എന്നതിന്റെ പൂർവ്വരൂപം.

ഞാറുകൊപ്പ്-i, 97 ഉണക്കമീൻ. (ഉണക്ക്) ഞായർ-സൂര്യൻ.

തകം-2 ചേർന്നു തക് എന്നതിനോട് ഉം ചേർന്ന രൂപമായി. തകുന്ന എന്നർത്ഥം. തക്ക എന്ന വേറെ രൂപം.

തടം-ii 93, കണ്ട്; തടവു—കണ്ടം പോലെയുള്ള മുറ.

തണാർ-i 1 താമര; തൺ + താർ-തണാർ. തൺ-നീര്; നീരിൽ നില്ക്കുന്ന പൂവ്. (കതിർവേല്) തണാർമാതു ലക്ഷ്മി.

തണാർമകൾ-i, 99 ലക്ഷ്മി, തണാറിന്റെ-താമരയുടെ മകൾ എന്നർത്ഥം.

തണി-i 12 തണക്ക, തിരുക്ക, cf തണത്തകംതൻ

തണിത്തൊല്ലാർ-ii, 19 തണിത്തമ്മ പോലെ മധുരമായ ചൊല്ലുകളുടയവർ. തണ്-വീണ

തണ്ടിലമേ-ii 22 വള്ളിയുള്ള സ്ഥലം.

തണ്-വീണ, തണിത്തൊല്ലാർ ii 19.

തണ്ട്-i 52, 121 പല്ലക്ക്.

തമ്പലം-i 106 ചവച്ച വെററില. താംബൂലം എന്നതിൽനിന്ന് തത്ഭവം.

തയ്യൽ-i 92 സുന്ദരി, സ്ത്രീ.

തരം-i 100 തക്കം, സൗകര്യം.

തളി-ii 11 തളി എന്ന പേരുള്ള കട ന്നുതന്നിരുന്ന ക്ഷേത്രം. K. S. Papers 205-ാം പുറം നോക്കുക. കേരളത്തിൽ 18 തളി ഉണ്ടായിരുന്നതായി പ്രസിദ്ധി. "സ്ഥലി" എന്നതിൽ നിന്നായിരിക്കാം വ്യുൽപത്തി.

തഴ-i 61, 121 പീലിക്കെട്ട്-മയിൽപ്പീലികൊണ്ടുള്ള വിശറി, ആലവട്ടം.

താവുക-i 31 വിളങ്ങുക. cf. താവളം. താവുന്ന ഇടം.

താനം-i 78, മാനം, സ്ഥാനം.

തിട്ടം-i 97, സത്യം, നിശ്ചയം, കൗശലം, എന്നെല്ലാം അർത്ഥം. പ്രകൃതത്തിൽ നിശ്ചയാർത്ഥത്തോടു ചേരുന്ന അർത്ഥമാണ് യോജിക്കുന്നത്.

തിരമം-i 63 ഒരു നാണയം. drachma T. A. S. Vii P 8. 6

തിരമം-i 81, ചായില്യം vermillion സിന്ദൂരം (Viswanatha Pillai's Tamil English Dictionary).

തിരം-1 ഉറപ്പ് എന്നാണ് അർത്ഥം. നിത്യത്വവും ഉണ്ട്. പുരപ്പെടുക എന്ന പാട്ടത്തിൽ.

തുയിൽ-i 7 ഉറക്കം.

തുയിർ i 39 (തുയർ)-ദുഃഖം

തുവ-i 86, 127 ഒരു പലകറി ഇറച്ചി, പലഹാരം, പിണ്ണാക്ക്, എന്നും അർത്ഥങ്ങൾ ഉണ്ട് തമിഴ് ഇംഗ്ലീഷ് നിഘണ്ടു (വിശ്വനാഥപിള്ള)

തുരം ii 81 ധുരം എന്ന പദത്തിന്റെ തദ്ഭവം. ഭാരം എന്നർത്ഥം. അതിൽ നിന്നും കൃത്യഭാരമെന്നും കൃത്യമെന്നും അർത്ഥം വരുന്നു. തുരക്കാർ—കാര്യധുരന്ധരന്മാർ (ഉദ്യോഗസ്ഥന്മാർ)

തുറി-i 83 പൂണ്ടിരിക്കുക.

തെൻകാറ്-i 1, 9, 81 ii 89 കാററ്, തെക്കൻകാററ്

തേവാരം-i 89, 133 ദേവകാര്യം എന്നതിൽ നിന്നായിരിക്കാം ഉത്ഭവം. ദേവപൂജ.

[illegible]-i 97, ii 8 ([illegible]) [illegible].
[illegible]-i 97 കള്ള്, [illegible] എന്നതിന് [illegible] എന്ന് [illegible] [illegible] എന്ന [illegible].
[illegible]-i 33 [illegible] [illegible].
[illegible]-i 51 [illegible] എന്ന [illegible].
[illegible]-ii, 33, [illegible].
[illegible]-ii 98 നിശ്ചയം, വിശ്വസി പ്പിക്കൽ എന്നെല്ലാം അർത്ഥം. [illegible].
[illegible]-ii 93 [illegible] ([illegible]).
[illegible]-i 96 [illegible].
[illegible]-i 54, cf. [illegible], [illegible], [illegible].
[illegible]-i 114 [illegible] എന്ന [illegible].
[illegible] ii [illegible] ([illegible]).
[illegible]-i 102 [illegible], [illegible] എന്നെല്ലാം [illegible] ([illegible]) [illegible] എന്ന [illegible].
[illegible]-i 52, 93 [illegible] പിടിപ്പി ച്ചിട്ടുള്ള വഴി
[illegible]-i 114 [illegible], [illegible], എന്ന [illegible].
നയം-i 15, 31, 37. ii, 13 24, 93. നിശ്ചയം.
[illegible]-i 109 [illegible] + [illegible] എന്നൊക്കെ അർത്ഥം. [illegible], [illegible].
[illegible]-i 109 [illegible] [illegible], [illegible] എന്നപോലെ രൂപം.
[illegible]-i 47 നിത്യവും.

[illegible]-ii 44 [illegible].
[illegible]-ii, 9, 10 [illegible].
[illegible]-ii 23 [illegible]; [illegible].
[illegible]-i, 13 [illegible] എന്നർത്ഥം.
[illegible]-i 107 [illegible], [illegible]. cf. [illegible], [illegible] എന്നതിനു [illegible] എന്ന [illegible]. [illegible] [illegible].
[illegible]-i [illegible], [illegible], [illegible] എന്ന [illegible].
[illegible]-i 10 [illegible]-[illegible].
[illegible]-ii 4 [illegible] എന്ന [illegible].
[illegible]-ii 18 [illegible]. cf. [illegible].
[illegible]-ii 56, 61 [illegible], [illegible]. [illegible].
[illegible]-i 15 [illegible], [illegible].
[illegible]-i 25 [illegible] [illegible].
[illegible]-ii 33 [illegible].
[illegible]-i 103 [illegible], [illegible] [illegible]. ([illegible]) [illegible] എന്ന [illegible].
[illegible] i 20 [illegible] > [illegible] > > [illegible].
[illegible]-i 45 [illegible], [illegible], [illegible] എന്നർത്ഥം. ii 13 [illegible].
[illegible]-i 37 [illegible], [illegible] ([illegible])
[illegible]-i 118 [illegible] + [illegible] = [illegible]. ([illegible])-[illegible].
[illegible]-i 26 [illegible], [illegible] > [illegible].

പാടൽ-ii 41, 52 സ്ഥലം, പുറം, വശം (കലിത്) cf. അപ്പുറം-ഇപ്പുറം.

പാലലർ കനാളം i 41 പാൽ, ആർ-ആറ്, വെള്ളം

പായി-ii 19 പാഴി എന്ന തമിഴ് പായി എന്ന മലയാളത്തിൽ വന്നിട്ട് അന്ത്യത്തിൽ ചില്ലുവന്ന പോയില്‍' എന്നും, പിന്നെ പോയല്‍' എന്നും രൂപം വന്നു. ആദി ദ്രാവിഡരൂപം 'പോയൽ' ആയിരിക്കുന്നു, അന്ത്യത്തിലെ ചില്ലു ലോപിച്ച് 'പായി' ആയതാണെന്നും ഒരു മതം ഉണ്ട്.

പാവ്-i 20 പതുങ്ങ്. കഴുക്. എഴു പാവ്-എഴുന്ന കഴുക്, പൊങ്ങുന്ന കഴുകൻ എന്നായിരിക്കും അർത്ഥം. (കലിത്തൊകൈ). പാവുന്നു, പാവുന്നു' പാവ്' എന്ന വ്യത്പത്തി.

പിരമൻ-i 37 പുരാൻ എന്നതിന്റെ പ്രാകൃതരൂപം. പ്രഭു, ദൈവം എന്നൊക്കെ അർത്ഥം. cf തമ്പിരാൻ-തമ്പുരാൻ.

പുണരുന്ന-i 32 പുണരുക, ആലിംഗനം ചെയ്യുക പുല്കുക എന്നും അർത്ഥം ഉണ്ട്. ആ അർത്ഥമാണ് പ്രകൃതത്തിൽ.

പുണരുക-i 98 പുണരുക എന്നതിന്റെ പര്യായപദം

പുത്തരി-i 85 പുതിയ അരി, പുതിയ ഏടുക്കലു, ഇളവിക.

പുരികുഴലിമാർ-i 12 ii 48 പുരികുഴൽ ചുരുണ്ടതലമുടിയുള്ളവർ, പുരിഞ്ഞ തലമുടിയുള്ളവർ എന്ന് അർത്ഥം. പുരി എന്നതു പിൽക്കാലത്തു 'പിരി' എന്നു രൂപാന്തരപ്പെട്ടിട്ടുണ്ട്.

പുരികുഴൽ-ii 45 പുരിഞ്ഞ-ചുരുണ്ട തലമുടി.

പുലരി-i 6. 50 പ്രഭാതം.

പൂകയ്യു്-ii 71 പൂമ്പുറം (?)

പൂൺ-i 72 ആഭരണം (കലിത്തൊകൈ) പൂണുന്നതു്, അണിയുന്നതു് പൂൺ എന്നു വ്യത്പത്തി. പൂണാർ-ആഭരണം, ആർന്ന-നിറഞ്ഞ, മുല.

പൂണാരം-4 പൂൺ + ആരം (ഹാരം), പൂണുന്ന-ധരിക്കുന്ന, ഹാരം-മുത്തുമാല.

പൂണാർമുല-i 103 പൂൺ-ആഭരണം, ആർന്ന-അണിഞ്ഞ, മുല

പൂണുക-i പുണരുക, ധരിക്കുക, അണിയുക എന്നെല്ലാം അർത്ഥം. പൂണ്ട, പൂണ്ടു തുടങ്ങിയുള്ള രൂപങ്ങൾ കാണുക

പൂന്താന്തു്-i 96 പൂമ്പൊടി-പൂമ്പൊടി.

പൂമ്പുള്ള്-i. കുരുവി-പൂവിൽ ഉറങ്ങുന്ന വണ്ട്, സ്ത്രീ. cf. മധു.

പേരാറാം-i 18 പേരും + ആറും=പേരാറാം, വലിയ ആറും, നദികൾ. മഹാനദി, രാജാവു്, ഈശ്വരൻ.

പേത-i 134 പെറ്റു് എഴുവയസ്സിൽ കവിയാത്ത ബാലിക, ഒന്നും അറിവില്ലാത്ത ആൾ.

പൈമ-ii 61 വിശപ്പു് (പശി).

പൈപ്പയ്യു്-ii 3 പൈപ്പു് (പൈമ)

പൊരുപ്പൻ-i 123 (തമിഴ്) പൊരുപ്പൻ എന്ന തെറിയായ രൂപം.

പൊരുത്തിടുക-i 113 പൊരുതമുണ്ടാക്കുക, സന്ധിയുണ്ടാക്കുക.

പൊലിവു്-i 55വർദ്ധന. പൊലിയുന്നതു പൊലിവ്, വർദ്ധിക്കുന്നതുകൊണ്ടു് പലിശയ്ക്കു് ആ പേർ വന്നു.

പോലവ്-ii 11 പോലെ ആവ്-പോലുള്ള പ്രകാരത്തിൽ. പോലാവ് എന്ന രൂപം പിൽക്കാലത്തെ ഉപകല്പനയാണ്.

പോർപൊരുത്തിടുമിടം-i 113 യുദ്ധത്തിന് സന്ധിയുണ്ടാക്കുന്നിടം.

പോർകൊമ്പ്-i 101 പോരിന്-യുദ്ധത്തിന് മുതിർന്നപോലെ നില്ക്കുന്ന കൊമ്പ്.

മടവാർമൗലേ-i 117 സുന്ദരിമാർക്ക് മകുടമായുള്ളവളേ! സംസ്കൃതത്തിലെ മൗലി എന്ന പദത്തിന്റെ സമാനമായിട്ടായിരിക്കും തമിഴിലെ മടവാർ. സുന്ദരി. അല്ലെങ്കിൽ മടത്തിലെ ആൾ-സ്ത്രീ. എന്നും അർത്ഥം.

മതി-i 93 ഒരുപുറം മാത്രം കാണുന്ന ചന്ദ്രനു്. എന്തെങ്കിലും സങ്കല്പിച്ചു ചെയ്യുന്നതിനെ മതിക്കുക എന്നു പറയും.

മണിവാ-i 106 മണിപോലെ മനോഹരമായ വാ. പവിഴ വാ.

മതിലകം-i 131 ശ്രീകൃഷ്ണ, മതിൽ കെട്ടിനകത്ത് എന്ന വ്യുൽപത്തി. [illegible] മതില കം [illegible] മതിലകം [illegible]

മതിപ്പൂ-i 52 മതിയായ, [illegible] മഞ്ഞിക്കൊള്ളും.

മഞ്ഞക-i 34, 37 [illegible], പൂത്ത മായി.

മല്ലു്-ii 12 [illegible] കാട്ടുപൂ [illegible]

മല്ല്-i 94 മണി.

മന്ദപകർ-ii 23, 29 കൊഞ്ചം.

മതാവർ-കൊഞ്ചം, [illegible], [illegible] എന്നാണ്.

[illegible] i 74. ii 77, 86 മല്ല്-[illegible], [illegible]

മൽ-ii [illegible]

[illegible]

മല്ലൽ i 25 [illegible] മല്ലൽ-[illegible], [illegible] ചില്ല പോലിരിക്കുന്ന

മല്ലൽ+മിഴി-ii 72 [illegible] തിക്കാം. മല്ലൽ-[illegible], മല്ലൽ എന്നതിന് ചില്ല പോലിരിക്കുന്ന രൂപം മല്ല് എന്നതിന് അവളിയോടു ചേരുന്ന അർത്ഥമില്ല മല്ലാക്ഷി എന്നതുള്ള് [illegible] പ്രയോഗമാണെന്ന് സംശയിക്കണം. മല്ലൽമിഴി-[illegible] കണ്ണുകളുള്ളവൾ എന്ന് പ്രയോഗം ഉണ്ടായിരിക്കണം. അതിനെ ചില്ല പോലിച്ച് മല്ലമിഴി എന്ന വന്നിരിക്കും. മിഴിക്ക് അക്ഷി എന്ന പര്യായംവെച്ച് മല്ലാക്ഷി എന്ന രൂപം ഉണ്ടാക്കിയിരിക്കാം.

മലിചിറ-ii 17 മലിയുന്ന ചിറ, മലിഞ്ഞ നിറഞ്ഞു കവിഞ്ഞൊഴുകുന്ന ചിറ, കുളം.

മലിയും-ii 6, വഴിഞ്ഞൊഴുകുന്ന.

മൽവ്-i 84 [illegible], [illegible]

മഴ-ii 43 [illegible]

മഴവർണി-i 15 മഴവിലിൽ മണി. മഴവൻ എന്നതിന് [illegible], [illegible] കാപ്പവൻ, നാട്ടു [illegible] എന്നെല്ലാം അർത്ഥമുണ്ട്.

മറയോർ-i 123 ബ്രാഹ്മണർ, മറ-വേദം.

മറിമാൻ-i 112 കുട്ടിമാൻ.

മറിമാൻ-3 മറി എന്നാൽ ആടിന്, ആട്ട്, മാൻ ഇവയുടെ കുട്ടി എന്നർത്ഥം. മറിമാൻ-കുട്ടിമാൻ.

മറിമാൻ കണ്ണി- കുട്ടിമാനിനെപ്പോലെയുള്ള കണ്ണുകളുള്ളവൾ.

മറാം-i 98 [illegible] മറാം എന്ന [illegible] തമിഴിൽ [illegible] എന്ന [illegible]

[illegible]-i 119 [illegible], മാളിക, [illegible]. [illegible] cf. [illegible] ii, 2, മാടം [illegible] എന്നാക്കാം.

മാടമ്പ്-ii, 2 പ്രഭുത്വം, അധികാരം മാടമ്പ് [illegible]. മാടം [illegible] എന്നായിരിക്കാം [illegible]

[illegible]-ii 11 [illegible] [illegible] [illegible]

മാടം-i 119-ii 3. മാളിക, ഉന്നതമായ കെട്ടിടം എന്ന്.

മാതർ-ii 14 സ്ത്രീകൾ.

മാവ്-i 42 മാവ്, [illegible]

മാഴ്കിന-i 111-മയങ്ങിയിരിക്കുന്ന.

മാഴ-ii 44 [illegible].

മാഴക്കണ്ണാൾ-[illegible] [illegible] കണ്ണ് ഉള്ളവൾ.

മാറ്-i 124 മാറ്, (കതിർ) കറുമാറ് [illegible]

മാറ്-i 17 [illegible] cf. അതിനാറ് [illegible] (കതിർ) [illegible].

മരാളം-ii 58 സന്താനക്കണം. മരമഴി (കതിർ).

മരവ്-i 131 ശങ്കരിന്റെ മറവ് ഉണ്ടാകും. വല്ല ശങ്കരിന് പോലെ മറവ്.

മരാളൻ-i 77 വല്ലുകൻ.

മിക്കം-i വലിപ്പം, മിക്കവാറും മിക്ക എന്ന വിശേഷണത്തിൽ നിന്നു എന്നർത്ഥം. മിക്കതു മിക്കതിലുള്ള ഒരു തരം രൂപം മാത്രമേ മിക്കവാറും ചുറ്റിലുണ്ടായതിൽ- എന്ന വ്യുൽപത്തി

മിക്ക-i 72 മിക്കവു-കുറവില്ലാത്ത.

മിടുക്കു്-i, 127 മിടുക്കുള്ള.

മിഴക്കം-i 136 ശബ്ദം

മിളക്-i 63 മുളക്. മിളക് എന്നതു് പ്രാചീനരൂപം.

മുക്കാലും-i 127 മൂന്നു കാലിലും; കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും.

മുക്കാൽചെമ്പ്-ii, 85 മുക്കാൽവീതം ചെമ്പ്

മുച്ചന്തികൾ-i 79 മുക്കവല എന്ന അർത്ഥമായിരിക്കണം. മുച്ചന്തി-മൂ-ചന്തി-മൂന്നുവഴി സന്ധിക്കുന്നിടം

മുടിവു-i 77 നാശം, അവസാനം.

മുതിർന്ന-i 123, ഉയർന്ന-

മുരളം-i 91 ശബ്ദം-മുഴങ്ങുന്ന,

മുറയിടുക-i 29, ii 69 മുറയായി-ഇടവിട്ടായി, മുറവിളി-ഇടവിട്ടുള്ള വിളി. തനിക്ക നേരിടുന്ന ആപത്തു നീക്കുന്നതിനു 'ഇതു മുറയാണോ' എന്ന് ഉച്ചത്തിൽ വിളിച്ചുകൂവുന്നതിനാണ് മുറയിടുക എന്ന പ്രയോഗം. അലറുക, കരയുക എന്ന് അതിൽ നിന്നുണ്ടായ സാമാന്യ അർത്ഥം.

മുറിച്ചുകൂടം-i 76 വലിച്ചുകെട്ടുന്ന. മുറുക, പൂർത്തിയാവുക, അവസാനിക്കുക, വലിക്കുക എന്നർത്ഥം.

മുവൽ-ii 32, പുഞ്ചിരി.

മൂവന്തി-i 79 സായംസന്ധ്യ, മൂന്നാമത്തെ സന്ധ്യ എന്ന് അവയവാർത്ഥം. പ്രഭാതം, മദ്ധ്യാഹ്നം, സായാഹ്നം എന്ന മൂന്നു സന്ധ്യകളിൽ മൂന്നാമത്തെ സന്ധ്യ.

മെത്തുക-i 122 നിറഞ്ഞിരിക്കുക.

മെത്തും-i 120 നിറയുന്ന, വഴിയുന്ന എന്ന ധാത്വർത്ഥം.

മെല്ലെ-i 4 പതുക്കെ.

മേനി-i 54 പുറം.

മേൽവഴിത്തു്-i 105 കഴിഞ്ഞ വഴി ഓർത്തുകൊ.

മേവുക-i 3 വസിക്കുക.

മൊട്ടുസ്സ്-ii 19 മഞ്ഞിലയുഴകിലെ മൊട്ട്.

രമണൻ-i 116 മകൻ.

വടിവ്-i 56 ഭംഗി, രൂപം (കതിർ)

വണങ്ങിടുക-i 90 ശരണമുള്ളതാക്കുന്ന ശേഷിക്കു തിരുത്തു. (ഗ്രന്ഥഭേദം മനോജ്ഞം.)

വയാൻ-i 10 കരിപ്പിടിക്കുള്ള (കതിർ) കയിൽ വിഴാൻ എന്നുള്ളതും ശരിയല്ല. വയാൻ എന്നാണു ശരിയായ രൂപം. ഗ്രന്ഥപാഠവും അതുതന്നെ.

വരിവണ്ട്-i 97 വരയുള്ള വണ്ട്, ഉടലിൽ വരയുള്ള വണ്ട് എന്നർത്ഥം. വരി എന്ന ശബ്ദത്തിനുതന്നെ വണ്ടെന്നു അർത്ഥമുണ്ട്.

വലംപെട്ട്-i 60 വിജയശാലി, വെററി, വലം, വിജയം, (കതിർ)

വലിയതു്-i 113 ബലമായി.

വല്ലവാഴ്-i 121 തിരുവല്ല.

വല്ലാ-ii 92 വല്ലുകയില്ല, ശക്തിയില്ല.

വല്ലുവൻ-ii 26 വല്ലും+എൻ-വല്ലുവൻ-വല്ലുവൻ, ഞാൻ വല്ലുന്നു.

വല്ലവാഴ്-i 122 തിരുവല്ല, വല്ലവാഴ്പ്പൻ, തിരുവല്ലവാഴപ്പൻ എന്ന പൂർവ്വരൂപം.

വല്ലവർ-ii 12 വല്ലുന്നവർ, സാമർത്ഥ്യമുള്ളവർ. വൽ എന്നതിൽ നിന്നു 'വലം' ആയിരിക്കണം. ബലം എന്ന സംസ്കൃതശബ്ദത്തിന്റെ മൂലരൂപം.

വല്ലും-i 102 വല്ലുക എന്നതിന്റെ ഭാവിരൂപം. ശീലാർത്ഥത്തിൽ കവിപ്രയോഗം.

വളർ-ii 8 വളരുന്ന, ഭംഗിയുള്ള. കേളികളോടുകൂടെ വളര്.

വഴങ്ങിന്ന-i 109 അപേക്ഷിക്കുന്ന.

വഴുതിക്കളക-i 123 മലത്തിൽ കടക്കുക.

വാങ്ങും-i 126 പിൻമാറും.

വാട്ടം-i 36 വാട്ടുക എന്നതിന്റെ നാമരൂപം. വല്ലായ്മ എന്ന സാധാരണ അർത്ഥം. സംശയം എന്ന പ്രകൃതത്തിൽ.

വാണാൾ-i 95 വാഴ്‌നാൾ, വാഴുന്ന കാലം, ജീവിതകാലം.

വാതിൽമാടം-i 31, 45 വാതിലിന്റെ സമീപത്തുള്ള മാടം, മാളിക, ഗോപുരം എന്നു് അർത്ഥം.

വാരാ-ii 93 വരികയില്ല (നിഷേധരൂപം).

വാറ്-i 72 'ആറ്' സന്ധിയിൽ വാറ് എന്നായി തീർന്നതായിരിക്കാം. നില്ക്കുന്ന ആറ്-നില്ക്കുന്ന വാറ്. പ്രകാരം, രീതി,

വിട-i 48 അനുമതി, വിടപറയുക യാത്രാനുമതി ചോദിക്കുക എന്നതുമായി, cf. വിട-വിടുതി.

വിയൻ-i 57 പെരുമ, മാഹാത്മ്യം. (വിശേഷണം-തമിഴ് ഇംഗ്ലീഷ് ഡിക്‌ഷ്ണറി) ആധിക്യം എന്ന (കതിർവേൽ) വിജയം എന്നതിന്റെ തത്ഭവം ആയിരിക്കാം. വിയം-വിയംപോര്, വിജയസൂചകമായ പോര് (നാമം).

വിയാൻ-i 50 വയാൻ. നോക്കുക.

വിരയെ-i 33 55, 78 വിരവിൽ, തിടുക്കത്തിൽ, വേഗത്തിൽ.

വിറല്-i 135 വിജയം. മിടുക്ക്, അടയാളം, കൊടി, വിജയലക്ഷണം എന്ന അർത്ഥങ്ങളും തമിഴിൽ ഉണ്ടു് കതിർവേൽപിള്ളയുടെ നിഘണ്ടു നോക്കുക. വിറലിനെ സംസ്കൃതീകരിച്ചതായിരിക്കാം വീരം.

വിളങ്ങുക-ii 74 വികസിക്കുക.

വീകിയ-i 16 വേഗത്തിൽ വീകം, വേഗം, ദ്രുതാതി എന്നർത്ഥം. (തമിഴ് ലക്സിക്കൺ)

വീകിയ്ക്കു വന്ന-i 16. വേഗത്തിൽവന്നു്.

വെണ്തിങ്കൾ-i 7 വെൺ+തിങ്കൾ, വെളുത്ത ചന്ദ്രൻ.

വെല്ലുവെന്ത-i 113 ചുട്ടവുടെ. വെവുക എന്ന ധാതുവിൽനിന്നു്.

വെരുളും-ii 49 വെരുളുന്ന, പരിഭ്രമിക്കുന്ന. മിരളുക, വിരളുക, വെരളുക എന്നെല്ലാം രൂപഭേദം. (വേദമാം തമിഴ്).

വെറ്റപ്പെടുക- 1 വെറ്റ്+അപ്പ്+ഉക. വെറ്റപ്പെടുക, വെറ്റുക എന്ന രൂപസിദ്ധി ഊഹിക്കുക.

വെള്ളിമാടം-ii 10 വെള്ളികൊണ്ടുള്ള മാടം (മാളിക). വെൺകളി പൂശിയ മാളിക എന്ന പ്രകൃതാർത്ഥം.

വെൺടി-i 12 വിജയം.

വെടം-i 92 വേഴം, കരിമ്പ്. വേഴക്കാട്, കരിമ്പിൻകാട് (കാട്ടുപോലെ വളരുന്ന കരിമ്പ് എന്നർത്ഥം).

വേനക്കാലം-ii 8 മഞ്ഞുകാലം, വേനല്ക്കാലം, വേനൽ-ചൂട്.

വേരി-i 77 തേൻ, വേരിച്ചൊല്ലാർ-തേൻമൊഴിമാർ. കള്ള്, ഗന്ധകം എന്നെല്ലാമാണ് 'വേരി' എന്നതിന് അർത്ഥം.

വേലപ്പെണ്ണ്-i 38, 77 വേലയുടെ, സമുദ്രത്തിന്റെ പെണ്ണ് (ലക്ഷ്മി) വേലപ്പെണ്ണ് കടൽക്കര എന്നും കടൽ എന്നും അർത്ഥമുണ്ട്.

വേറിടണ-i 24 വേർപെട്ട്, വേർപിരിഞ്ഞ് എന്നർത്ഥം.

വേറ്-i 17 വേർപിരിഞ്ഞുള്ള, പ്രത്യേകമായുള്ള, സാധാരണയിൽനിന്ന വ്യത്യാസപ്പെട്ടുള്ള എന്ന അർത്ഥം.

വേറെ-i 113 വേറ് ആയി എന്നതിൽനിന്ന രൂപസിദ്ധി.

അലങ്കാരസൂചി

പ്രസ്താവന

1. അത്ഭുതകം — പര്യായോക്തത്തിന്റെ ഭംഗിയാണ്.

   പര്യായോക്തം ഗമ്യമുച്ചരിച്ചീടിൽ
   വാച്യംതാൻ വ്യംഗ്യഭംഗിയിൽ.
   ഭാ. ഭൂ.

4. പ്രമദയിൻ ജന്മാന്തരീ. ഉല്ലേഖം.

   ഉല്ലേഖമൊന്നിനെത്തന്നെ
   പലതായി നിനയ്ക്കുകിൽ.—ഭാ. ഭൂ.

   നായികയെ ലക്ഷ്മീദേവിയുടെ ജന്മാന്തരമായ വന്ദീകരണ അമരപ്രൗഢയായും ഗ്രാമിണ അത്ഭുതദീപികയായും മറ്റും പറഞ്ഞിരിക്കുന്നു. നായയായാഭൂഗം എന്നു രൂപകം.

പൂർവ്വഭാഗം.

2. വഷത്തോടെതാ ജന്മാന്തി നാമം വരിയിൽ ഉപമയുടെയും ചമത്കാരമില്ല.

4. അപ്ലിതാർകാതു—നാഥാ വരിയിൽ രൂപവും വിരോധാഭാസവും. കളിപ്പൂകാറ്റു സാധനം സ്വരസ്വർണ്ണകയുൽതിപോലെ ഏററു എന്നു വിരോധപ്രതീതി ഉളവാക്കുന്നു. കാറ്റുകന്റെ വിഹാവസ്ഥയാണ് ഏററു എന്ന വിരോധപരിഹാരം.

   വിരോധം തോന്നുമാറുക്തി
   വിരോധാഭാസമായിടും—ഭാ. ഭൂ.

6. കാളുംപോയ—ഉത്പ്രേക്ഷ. പൂക്കോഴിയുടെ ക്രുവക് കാമന്റെ കാഹളമാണെന്നും മറ്റും ഉത്പ്രേക്ഷിച്ചിരിക്കുന്നു.

   മറെറാന്നിൻ ധർമ്മയോഗത്താൽ
   അതു താനല്ലയോ ഇതു്

എന്നു വർണ്ണ്യത്തിലൂഹനം
ഉത്പ്രേക്ഷാഖ്യയലംകൃതി.
ഭാ. ഭൂ.

7. വിലക്കറ്റിൻ—ഉത്പ്രേക്ഷ. ഉദിക്കുന്ന സൂര്യനെ ദിക്കുന്ദരിയുടെ മണിമകുടമായി ഉത്പ്രേക്ഷിച്ചിരിക്കുന്നു.

8. എന്റെപ്പോ കേട്ടു—വണ്ടിന്റെയിനാദമല്ലാതെ വസന്തം വരുകയാണോ എന്നുള്ള കല്പനയിൽ ഉത്പ്രേക്ഷ. കുയിലിനോടൊപ്പം വസന്തം വന്നു എന്നിങ്ങനെ സഹോക്തിയുടെ ഭംഗി.

   ഒന്നോടു കൂടി മറെറാന്നു
   ക്രിയചെയ്താൽ സഹോക്തിയാം.
   ഭാ. ഭൂ.

9. മന്ദാരവിരുന്നിൽ—ചെമ്പകമൊട്ടിൽ മാരൻകൂവേണ്ടു എന്നുള്ളിടത്തു രൂപകാതിശയോക്തി.

   നിഗീര്യാധ്യവസാനം താൻ
   രൂപകാതിശയോക്തിയാം—ഭാ. ഭൂ.

   ചെമ്പകമൊട്ടുകളെ മാരന്റെ കൂമ്പുകളാണ് നിഗീര്യാധ്യവസായം ചെയ്തിരിക്കുന്നു.

   'ഞാവലിന്നുതിരാക്കമുക്കുമന്റെ'
   എന്നതിന്റെ കാരണമാണല്ലോ മന്ദാരവിലെ പാട്ടുകളും മറ്റും. അങ്ങനെ കാവ്യലിംഗവും ഉണ്ട്.

   ഹേതു വാക്യപദാർത്ഥങ്ങൾ
   ആവുകിൽ കാവ്യലിംഗമാം. ഭാ.ഭൂ.

10. കോകശ്രേണി— ഉദ്യാനഭൂമിക്കു ചക്രവാകത്തിന്റെ വിരഹാഗ്നികളായി കല്പിച്ചിരിക്കുന്നതു് ഉൽപ്രേക്ഷ.

    തളിരാംപുലികൾ കാളക്കൂട്ടം
    എന്നു രൂപകം.

---

f ഭാ. ഭൂ.= ഭാഷാഭൂഷണം, ഏ. ആർ. രാജരാജവർമ്മ.

11. സാപാസമ്മദമാഴി — പൂർവാർദ്ധത്തിൽ ദീപകത്തിന്റെ ഛായ ഉണ്ടു്.

അനേകമേകധർമ്മത്തിൽ
അന്വയിച്ചുള്ള ദീപകം.—ഭാ. ഭൂ.

12. കണ്ടാൽ കണ്ണിപ്പൂവിലവഴിമാർ— മാലയോ—ഉൽപ്രേക്ഷ.

13. ശീതാംശു സദൃശപക്ഷമിവ—ഉപമ; വിധുചന്ദ്രൻ എന്നിടത്തു രൂപകം. സദൃശപദാദികളിലെ ശ്ലേഷപ്രകൃതി കൊണ്ടുള്ള വിധുചന്ദ്രൻ എന്ന രൂപകം തന്നെ. അതായതു കാവ്യലിംഗത്തിന്റെ ഛായയും ഉണ്ടു്.

15. അളകപ്പം വാനു് — ദാമാദപാദത്തിൽ 'മേഘത്തോളമെത്തിയിട്ടു് ഉയരുന്ന' എന്നിടത്തു് ഉപമ.

17. അരാഷ്ട്ര ചൊല്ലു് —ഭേദകാതിശയോക്തി.

ഭിന്നത്വമഭിന്നത്തിൽ
ഭേദകാതിശയോക്തിയാം.—ഭാ. ഭൂ.

19. ഗന്ധിവചന—അവന്തനം ഗന്ധർവ്വന്മാരം മധ്യേ വന്ന സംഗീതം കേൾക്കാവുന്നു എന്നിടത്തു സംബന്ധാതിശയോക്തി.

അയോഗത്തിങ്കലേ യോഗം
സംബന്ധാതിശയോക്തിയാം.
ഭാ. ഭൂ.

20. വളത്തിലെ ചെന്നി — ഉദാത്തം. വിഭൂതയോഗി.

പൂർവ്വവൃത്താപദേശത്താൽ
ഉദാത്തം ശ്ലാഘ്യമായിതും—ഭാ. ഭൂ.

21. വ്യായാമംകൊണ്ടു് — ഉരച്ച പ്രവാഹിന്നു് അഭ്യാസംകൊണ്ടുകലയുന്നു എന്നതു് ഉപമ. പിന്നു് കാരണം ചെപാദം ഉത്തരാർദ്ധം ഉൽപ്രേക്ഷ.

22. കുറഞ്ഞല്ലോ—വ്യതിരേകം, കാവ്യലിംഗം ഇവയുടെ ഛായ കലർന്നിരിക്കുന്നു.

വിശേഷം വ്യതിരേകാഖ്യം
വർണ്ണ്യാവർണ്ണ്യങ്ങളിൽ തങ്ങളിൽ.
ഭാ. ഭൂ.

ദാനശീലത്തിൽ കല്പവൃക്ഷാദികളെക്കാൾ ആധിക്യവർണ്ണനയാൽ സാദൃശ്യമുണ്ടെങ്കിലും, ആധിക്യവർണ്ണനയിൽ വിശേഷമാത്രമേ വാചകശബ്ദമുള്ളൂ എന്ന വിശേഷം. കല്പവൃക്ഷത്തെ പാദങ്ങളുടെയും അർത്ഥം, 'നീ മാത്രമാണ കല്യാണമേഘം', എന്നതിനു ഹേതുവാക്യമാൽ കാവ്യലിംഗവുമുണ്ടു്.

23. ഇന്ദ്രം സാധാരണമേ — അർത്ഥാന്തരന്യാസം. അപ്രസ്തുതത്തിലെ സാമാന്യത്തെക്കൊണ്ടു സമർത്ഥിക്കുന്നതിനാൽ.

24. ആർത്തത്രാണ—കാമുകന്മാരുടെ മേഘപഥങ്ങളെ ഉള്ളതായിയി തളിയിടുന്ന പാദത്തിലിരിക്കുന്നതു രൂപകം.

25. സന്ധ്യാരാഗിവന്റു് — സന്ധ്യാരാഗത്തെ മെതിയടിയായി വർണ്ണനം എന്ന രൂപണം ചെയ്തിരിക്കുന്നു.

27. തസ്മിൻ വംശേ—ഉൽപ്രേക്ഷ. പ്രാസവും ശ്രദ്ധിക്ക.

31. മേയം യതഃ—ഉത്തരാർദ്ധത്തിൽ ദീപകത്തിന്റെ ഛായ.

36. എന്തൊരു് കേരളപ്പു — അർത്ഥാന്തരന്യാസം.

38. വെയിലേറ്റുള്ളിൽ— ഗ്രഹിക്കയില്ലെന്ന കടാക്ഷത്തിന്റെ കാളിമകൊണ്ടു കസ്തൂരം തിലകമായി എന്നിടത്തു് തൽഗുണം.

തൽഗുണം സ്വഗുണം വിട്ടു
മറ്റൊന്നിൻ ഗുണമേൽക്കുക. ഭാ. ഭൂ.

39. കീർത്തിംരോഗ — ഗുണഗണമാം മേഖല എന്നിടത്തു രൂപകം. (ശൃംഗാരരസം ശംഗിയായി സ്ഫുരിക്കുന്നു)

41. ശിവസ്ഥിതം—രൂപകവും ഉപമയും. (ശൃംഗാരത്തിന്റെ സ്ഫുരണമുണ്ട്).

45. ഉദയൽപ്പൂമെത്തയിൽ — പൂർവാദ്രിം കട്ടിലാക്കിയതി നാലും, വാതിൽമാത്രം എന്നിങ്ങനെ സംബന്ധാതിശയോക്തി.

46. മന്ദിരച്ചുമരിലും — തിമിരവാചകമായി എന്നിങ്ങനെ ശ്ലേഷം.

ഒരേ ശബ്ദത്തിനർത്ഥം ര-
ണ്ടുവരുന്നാൽ ശ്ലേഷമായതു്

ഭാ. ഭൂ.

49. തൈലകുണ്ഡം ദീ—സമയം പാദത്തിൽ അതിശയോക്തി.

51. വീണാവാണി—ആദ്യത്തെ മൂന്നു പാദങ്ങളിൽ ഉപമ. മുഖവല്ക്കലങ്ങൾ എന്നതു രൂപകം. മുഖവല്ക്കലത്താൽ മുഖത്തിന്റെ വാവു് എന്നതു് ഉൽപ്രേക്ഷ.

56. സന്താപം, സംശീത—സന്താപ സംശീത മായയിൽ വൈപരീത്യം ... സാമ്യമുണ്ടെങ്കിലും വ്യത്യാസവും ഉള്ളതിനാൽ വ്യതിരേകം. ഉത്തരാർദ്ധത്തിൽ ഉൽപ്രേക്ഷയും ഉണ്ടു്.

59. തിരുതൊട്ടാലെ — വിരോധാഭാസത്തിന്റെയും വിഭാവനയുടെയും ഛായയുണ്ടു്.

വ്യാജസ്തുതിസ്തവം നിന്ദ
നിന്ദാസ്തുതികളാൽ ക്രമാൽ

ഭാ. ഭൂ.

60. മന്ദംഗമനം— സ്വഭാവോക്തി. വട്ടികളെ ഓഅപിൻകാല്യ കണ്ടിലെ നിലമാക്കി ഉറക്കം ഉണ്ടാക്കിത്തം സ്വഭാവോക്തമാ.

69. ഏഷാ ശ്രീമതി — അതിശയോക്തി.

70. ചെമ്പരത്തം ചന്ദ്രന്നിയും—പൂർവ്വാർദ്ധത്തിൽ സഹോദരിയുടെ ഛായ.

മന്ദിരകമഞ്ചത്തിൽ വാവു് എന്നിങ്ങനെ രൂപകം. ഉത്തരാർദ്ധത്തിൽ അതിശയോക്തിയും ഉൽപ്രേക്ഷയും കലർന്നിരിക്കുന്നു.

71. പൃഥ്വീശം—അപഹ്നവം. കോളുത്തിരു ബ്രഹ്മം കോട്ടും തന്നെ എന്നു പറഞ്ഞിരിക്കുന്നു.

തന്നോട്ടു സമമായ് വൻ താൻ
എന്നു ചൊല്ലുന്നതനന്വയം.

ഭാ. ഭൂ.

76. അർച്ചിത്ര്യന്തിക്കു്—77. വൈഖരിയ്ക്കുന്നിന്നു്—ഉല്ലേഖം.

88. അലർപ്പാംഗന്യതു്— ശ്ലേഷാനുഗത മായ ഉപമ. സന്ധ്യയും ഉണ്ടിരിക്കും തമ്മിൽ ശ്ലേഷരൂപമായി ഔപമ്യം സാധിച്ചിരിക്കുന്നു.

92. മതിമുകരങ്ങളെന്നു—പൂർവ്വപാദത്തിൽ ഉൽപ്രേക്ഷ—ഛായ. മൂന്നാം പാദത്തിൽ ഉപമ. ശ്രീ സമുച്ചയമായതുകൊണ്ടു് ഉദാത്താലങ്കാരത്തിന്റെ ഛായയും ഉണ്ടു്.

93. അർദ്ധന്യാസപ്പു — ശ്ലേഷം. വാവലർപോലെ, വിഴുതിയാൽ എന്നിങ്ങനെ ഉപമ.

94. ഭസ്മീർ കാമകളഭർ. — ഉദ്ധവാളിയെ വിദ്രുതിയുടെ മുകരമെന്ന രൂപണം ചെയ്തിരിക്കുന്നു.

96. പൂർണ്ണോദയത്താൽ — സാവയവ രൂപകം.

97. വിഷമിപ്പിച്ചിരിയ— സമാസോക്തി. വായുവിൽ കാമുകവൃത്താന്തപ്രതീതി.

വിശേഷണത്തിൽ സാമ്യത്താൽ
വർണ്ണ്യപ്രസ്തുത ധീയിൽ
അവർണ്ണ്യവൃത്താന്തതോന്നൽ
സമാസോക്തിയതായ്വരും.

ഭാ. ഭൂ.

100. കണ്ഠംവരെയിൽ— പത്മരാഗ[illegible] ത്തിന്റെ ശംഖിന്റേതു്.

104. [illegible] — [illegible] ന്റെയും [illegible] മൂന്നാം പാദത്തിൽ [illegible]

105. എല്ലാനാളം [illegible] കാലത്തിന്റെ [illegible].

106. അനന്താദ്ദ്യ ഗുണകി [illegible] ഉണ്ടാകുന്നതിനെ ബീജ— പ്രതിബിംബങ്ങളാകകിൽ.

ഭാ. ഭൂ.

107. മന്ദം മന്ദസ്മിത—മന്ദസ്മിതമായ കർപ്പൂരമെന്നും, [illegible] അവളമൊന്നുതന്നെ [illegible] പൂർവ്വാർദ്ധത്തിൽ ഉൽപ്രേക്ഷ.

108. മിന്നും മിന്നൽ [illegible]— പൂർവ്വാർദ്ധത്തിൽ ഉൽപ്രേക്ഷ. [illegible] [illegible] എന്നു് [illegible] ിക്കുന്നു.

113. [illegible]— ശക്യോൽപ്രേക്ഷ. [illegible] [illegible] ഉൽപ്രേക്ഷ [illegible].

115. കല്പവൃക്ഷ[illegible] [illegible] ഉല്ലേഖം [illegible] കല്പവൃക്ഷത്തിന്റെ [illegible] ശ്രദ്ധിക്കുക.

119. വിളങ്ങല്ലോ [illegible]— ഉത്തരാർദ്ധത്തിൽ സംബന്ധാതിശയോക്തി.

120. നേത്രം മന്ദസ്മിത—മന്ദഹാസങ്ങളെ ചോർത്തുകളഞ്ഞതിന് ഒരു അംശമാണെന്നു് ഉപമ. കവിയുടെ പ്രകൃതിനിരീക്ഷണം ശ്ലാഘ്യമാണ്. പ്രാസഭംഗിയും ദൃശ്യമായിരിക്കുന്നു.

134. കാനനപോതംവഴി—ഭ്രാന്തിമാൻ. വഴിയിൽ കാണുന്ന കന്യകമാരുടെ നീണ്ടകണ്ണുകണ്ടു മാനാണെന്നു പെൺമാൻ ഭ്രമിക്കുന്നു.

സാദൃശ്യത്താൽ സ്മൃതി ഭ്രാന്തി—
സന്ദേഹങ്ങളും തോന്നുകിൽ
സ്മൃതിമാൻ, ഭ്രാന്തിമാൻ പിന്നെ
സസന്ദേഹവുമായിടും. ഭാ. ഭൂ.

137. വിസ്താരവൈപുല്യ— [illegible] ഉപമ. വിശേഷണങ്ങളും ശ്ലേഷരൂപത്തിൽ [illegible] [illegible] ഉപമ.

ഉത്തരഭാഗം

1. [illegible]— [illegible] എന്നു് [illegible] ഉപമ. ഉത്തരാർദ്ധത്തിൽ [illegible] ഉപമിച്ചിരിക്കുന്നു. [illegible]

2. [illegible]— സംബന്ധാതിശയോക്തി.

3. [illegible]— [illegible] സംബന്ധാതി ശയോക്തി. [illegible] എന്നതു് ഉപമ. [illegible] എന്നിടത്തു്

ഭ്രാന്തിമാൻ. മാളികയാണെ പൊ-
ക്കം വ്യംഗ്യം.

4. കണ്ണോടൊന്നാം വളർമൊഴി- ഭ-
ടങ്ങളെന്നു [illegible]
ന്നുപമേയമാണ്, [illegible]
മെയ്യായതാണെന്നും രൂപകം.

5. വല്ലാത്ത ചെമ്പകിൽ-ഉദാത്തം. ശബ്ദശക്തി വ്യംഗ്യം. ഭാവി-
കമാലങ്കാരമാകതി.

8. ഇന്ദുക്കളിലെത്താം- മുഖത്തെ പൊഴിയുന്ന മന്ദഹാസത്തെ
മഴയെന്നു ഭ്രമിച്ച് ആടുന്ന
മയിൽ ഭ്രാന്തിമാൻ. നാലാംപാദ-
ത്തിൽ വിഭാവനാലങ്കാരം.

9. പൊന്നാടത്തിൻ വടിവു-പൂർവ്വാ-
ർദ്ധത്തിൽ ഭ്രാന്തിമാൻ. ഉത്തരാ-
ർദ്ധത്തിൽ മലയാളത്തെ [illegible]
പത്തിനും കവിയിന്റെ പാട്ടി-
നും തമ്മിൽ ഔപമ്യം [illegible].

10. [illegible]
ന്തിമാൻ. കരുണ [illegible]
[illegible] ദേഹത്തിന്റെ
[illegible] തുടയ്ക്കു പൊടി
പിടിക്കുന്ന എന്നും, [illegible]
ഭാരമാം ചന്ദ്രന്റെ [illegible]
ന്നു ഭ്രമിച്ചു ചകോരങ്ങളും വാ-
പിളർക്കുന്ന എന്നും ഭ്രാന്തിമാൻ.
അതുതാമലിവ [illegible]
അതുതാമലിയം എന്നു കല്പിച്ചിരി-
ക്കുന്നു രൂപകാതിശയോക്തി.

11. മാടിൽ ചൂടി- രണ്ടാംപാദത്തിൽ
ഉപമ. [ഹാസ്യവും ശൃംഗാരവും
ഭക്തിയും സ്ഫുരിക്കുന്നു.]

16. മുക്കണ്ണുള്ളപ്പന്റെ- ഇവ്വണ്ണം
മിഴിപ്രൂഷമെന്നും കണ്ണിന്റെയുള്ള
ഭിക്ഷമെന്നും രൂപകം. ഉത്തരാർദ്ധ-
ത്തിൽ ഉൽപ്രേക്ഷ.

17. മുണ്ടിലൊന്നാം- പൂർവ്വാർദ്ധ-
ത്തിൽ ഉപമ. നാലാംപാദത്തിൽ
ഉൽപ്രേക്ഷ.

18. നീലമേഘത്തിന്റെ ചില-ഭ്രാന്തിമാൻ.
ചുളിഞ്ഞ സ്തനങ്ങളെ മുല-
യെന്ന ചന്ദ്രനെന്നു ഭ്രമിച്ച് അവർ
[illegible] തുമ്പിക്കൈ-
മുമ്പുകയും, പിന്നെ പൊങ്ങു-
ന്നതും വികസിക്കുകയും ചെയ്യുന്നു
എന്നു ഭ്രാന്തിമാൻ. നാലാംപാദ-
ത്തിൽ സംബന്ധാതിശയോക്തി.

19. കണ്ടിരാർമണ്ണ- ഭ്രാന്തി-
മാൻ. (ഹാസ്യവും ശൃംഗാര-
വും സ്ഫുരിക്കുന്നു).

21. മദ്ധ്യത്തിൽ പിന്നെ- ഇവിടെയൊരു
മേനിയും കവളമെന്ന് രൂപകം.

22. കിടാ- തന്വി-ഉത്തരാർദ്ധത്തിൽ
സംബന്ധാതിശയോക്തി.

23. മാതാപിതാക്കൾ - (പൂർവ്വാർദ്ധത്തിൽ
[illegible] ഉത്തരാർദ്ധത്തിൽ
[illegible] സ്ഫുരിക്കുന്നു.)

24. [illegible] -സംബ-
ന്ധാതിശയോക്തിയും ഭക്തി,
[illegible] ഉല്ലേഖം എന്നിവയു-
മെല്ലാം ഭക്തിസ്ഫുരിക്കുന്നത്.

27. ഇന്ദ്രനാം പെൺമണിമാരിലൊട്ട്-
ഉല്ലേഖം.

28. കാന്തക്കുഴലാളെ-ഉല്ലേഖം.

29. പൊൽപ്പൂമാതിന്നാര-ഉല്ലേഖം.

32. ഗോപാലസ്ത്രീവൃന്ദം-പരമ്പരിത
രൂപകം.

40. പച്ചക്കടലോ- ഉത്തരാർദ്ധ-
ത്തിൽ ഉൽപ്രേക്ഷ.

45. മാറിടത്തെക്കണ്ട-ഭ്രാന്തിമാൻ

48. തൃപ്പാദത്തിന്നാര-ഉല്ലേഖം.

49. പൊല്ലാത്തോരോ - നാലാംപാദ
രൂപകം.

50. ഞാനൊപ്പിച്ച് - പൂർവ്വാർദ്ധം
ഗമ്യോൽപ്രേക്ഷ; ഉത്തരാർദ്ധം
ഉപമ.

51. മിത്രം പോലൊരു-നാലു പാദങ്ങ-
ളിലും ഉപമ.

52. മിന്നും മിന്നൽ-ഉപമ.

53. ക്ലാന്തം മദ്ധ്യം–തൃതീയപാദം ഉൽ പ്രേക്ഷ. ഉത്തരാർദ്ധത്തിൽ സൌന്ദര്യഗംഗയിലെ കല്ലോലങ്ങളാണ വലികൾ എന്ന രൂപകം.

54. ധൂമ്രസ്തൂപ്പിട–ഉപമ. രൂപകം.

55. പ്രേന്തർവല്ലി–ഉപമ, രൂപകം.

56. ഏറ്റൂപ്പുകരംബിന്ദ്–ഉപമ.

57. ശൃംഗങ്ങൾക്കൂന്ദ്രശകേ–ഉപമ.

58. ചാരന്ദ്രേയൻ–ഉല്ലേഖം.

59. ഏതാന്ദ്രുണ്ണം–ഉദാത്തം.

60. കണ്ണിക്കാർകൺക്കടവിന്ദ– ഉത്തരാർദ്ധം തദ്ഗുണം.

61. ചില്ലീവല്ലീതരളിതമല– പൂർവ്വാർദ്ധം ഉൽപ്രേക്ഷ. ഉത്തരാർദ്ധം ഉപമ.

62. വീചക്കുന്നൽ വിരചിത–പൂർവ്വാർദ്ധത്തിലും ഉത്തരാർദ്ധത്തിലും ഉൽപ്രേക്ഷ.

63. ശിരസാപിന്നം – കാമാഗ്നിയുടെ പുകയായ ഉയരുന്ന തലമുടി ചോലയിൽ വിളങ്ങീടിരിക്കുന്ന ഉപമ.

64. ശൈന്ദൃതീദക്ഷിണവേലാന്തം– ഉദാത്തം.

65. (കരുണാന്ദപ്രാന്തിമതിയ വിപ്രലംഭശൃംഗാരം സ്ഫുരിക്കുന്നു.)

67. (കരുണം അംഗമായിട്ടുള്ള വിപ്രലംഭശൃംഗാരത്തെ പോഷിപ്പിക്കുന്നു.)

70. വിരഹൈകതാനത്തികളിൽ_നൽകാവ്യാനുപ്രാസം. കരുണശൃംഗാരങ്ങൾ സ്ഫുരിക്കുന്നു,

72. തത്പ്പുരുഷകല്പം– അർത്ഥാന്തരന്യാസം.

74. ഏതാനാളങ്ങൾ വിദ്രവപതം– തൃതീയപാദത്തിൽ ഉപമ.

82. കല്പ്യവൈചിത്ര്യം പുലരി–വിരോധാഭാസം.

83. വാരൂറ്റീം വലമട്ടയിൽ – വിഷമം.

ബാഹ്യസ്ഥിതിക്ക ഒക്കിച്ചി–
ന്നത്ഭിപ്രാപ്തിയു. ശകാ. ഓ. ഉ.

——:*:——

ശ്ലോകസൂചി.

ഗ്രന്ഥകർത്താവിന്റെ കൃതികൾ

അംബോപദേശം ... (ആഖ്യായിക)

കല്യാണസൗധം ... (ടി)

ശ്മശാനദീപം ... (ഗാനകാവ്യം)

സാഹിത്യഭൂഷണം ... (പ്രബന്ധസമാഹാരം)

സാഹിത്യപ്രവേശിക ... (സാഹിത്യശാസ്ത്രഗ്രന്ഥം)

തിരുമുല്ക്കാഴ്ച ... (പ്രബന്ധസമാഹാരം)

പ്രാചീന കേരളം ... (കേരളോല്പത്തിയുടെ പ്രസാധനം)

ലീലാതിലകം ... (സമ്പൂർണ്ണ പ്രസാധനം—കൈരളീതിലകം വ്യാഖ്യാനത്തോടുകൂടിയതു്)

പുഷ്പാഞ്ജലി ... (മുത്തുക്കുട്ട ഗദ്യപ്രബന്ധങ്ങൾ)

സഞ്ജർ ... (ഒരു പാരസീക കഥ)

തിരുവിതാംകൂറിലെ ഗ്രന്ഥകാരന്മാർ

ജ്ഞാനസാമ്രാജ്യം ... (ഒരു അറബിക്കഥ)

പഞ്ചതന്ത്ര കഥാമണികൾ

കൈവല്യവൃത്തം ... (വ്യാഖ്യാനം)

നിവാതകവചകാലകേയവധം കഥകളി ... (വ്യാഖ്യാനം)

മാതൃപൂജ ... (പ്രബന്ധസമാഹാരം)

വീരരാഘവശാസനം

സ്വാതിതിരുനാൾ - ജീവചരിത്രം

ഉണ്ണുനീലിസന്ദേശം

(വിസ്തൃതമായ അവതാരികയും സമ്പൂർണ്ണമായ വ്യാഖ്യാനവും ചേർന്നതു്. പുതുതായി കണ്ടുപിടിച്ച പ്രാചീന താളിയോല ഗ്രന്ഥമാതൃകയെ ആസ്പദമാക്കിയുള്ള പ്രാമാണിക പ്രസാധനം)

അപേക്ഷിക്കേണ്ടതു്:—

പി. ഗോവിന്ദപ്പിള്ള
വി. വി. ബുക്ക്ഡിപ്പോ,
ചാല, തിരുവനന്തപുരം

കേരള സാഹിത്യ
അക്കാദമി